# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 ഏപ്രിൽ 3, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 21

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 ഏപ്രിൽ 3, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

695/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 76

**II തിരുത്തിയ ഉത്തരം**

22-3-2018-ലെ നക്ഷത്രചിഹ്നമിട്ട 453-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം .. 414

**III അനുമോദനം**

സന്തോഷ് ട്രോഫി ജേതാക്കൾക്ക് അനുമോദനം .. 414

**IV അടിയന്തരപ്രമേയം**

സർക്കാർ ഭൂമി പതിച്ചുനൽകാനുള്ള ശ്രമം

- ശ്രീ. വി. ഡി. സതീശൻ

(അവതരണാനുമതി നിഷേധിച്ചു) .. 417

**V ശ്രദ്ധ ക്ഷണിക്കൽ**

1. വിഭവ കൈമാറ്റത്തിന് സെൻസസ് അടിസ്ഥാനമാക്കാതിരിക്കൽ

- ശ്രീ. കെ. സുരേഷ് കുറുപ്പ് … 439

2. സ്പെഷ്യൽ റൂളുകളുടെ പരിഷ്കരണം

- ഡോ. എൻ. ജയരാജ് … 441

**VI സബ്മിഷൻ**

1. വിരമിക്കുന്ന പ്രിൻസിപ്പലിനെ അപമാനിച്ച സംഭവം

- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. 445

2. ജസ്ന മേരി ജയിംസിന്റെ തിരോധാനം

- ശ്രീ. രാജു എബ്രഹാം .. 447

3. ഫോട്ടോ വീഡിയോ മോർഫിംഗ്

- ശ്രീ. സി. കെ. നാണു .. 448

*പേജ്*

4. മൂവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

- ശ്രീ. എം. രാജഗോപാലൻ .. 449

5. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ നിയമം

- ശ്രീ. എ. പി. അനിൽ കുമാർ .. 450

6. നടപ്പാലം നിർമ്മാണം

- ശ്രീ. പി. കെ. ബഷീർ .. 456

7. ഐക്കോൺസിലെ ഭരണ നടത്തിപ്പ്

- ശ്രീ. പി. കെ. ശശി .. 457

8. തസ്തിക സൃഷ്ടിക്കൽ

- ശ്രീ. മോൻസ് ജോസഫ് .. 461

9. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രയിംവർക്ക്

- ശ്രീ. സി. ദിവാകരൻ .. 463

10. കൃഷിഭൂമി വനഭൂമിയാക്കി മാറ്റൽ

- ശ്രീ. കെ. സി. ജോസഫ് .. 464

11. മലയോര ഹൈവേ

- ശ്രീ. പി. വി. അൻവർ .. 467

**VII മേശപ്പുറത്ത് വച്ച കടലാസുകൾ**

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് .. 470

**VIII റിപ്പോർട്ട് സമർപ്പണം**

1. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ .. 470

2. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് .. 471

പേജ്

**IX റിപ്പോർട്ട് പരിഗണന**

പ്രിവില്ലേജ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ

ഒന്നാമത് റിപ്പോർട്ട് .. 471

**X നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന

ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര

ഘട്ടങ്ങളും .. 472

(i) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ .. 472

(ii) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ .. 472

**XI അനുബന്ധം**

1. 22-3-2018-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 453-ന് നൽകിയ തിരുത്തിയ ഉത്തരം .. 636

2. 2-4-2018 -ലെ ചോദ്യോത്തരങ്ങൾ .. 640

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 ഏപ്രിൽ 3, ചൊവ്വ*


| വാല്യം 171] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 21 |
|---|---|---|


നിയമസഭ 2018 ഏപ്രിൽ മാസം 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ......ഓർഡർ.......... ചോദ്യം നമ്പർ *631

### പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം

1 (*631) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികമായതിന്റെ ഇരട്ടിത്തുക വകയിരുത്തിയ സർക്കാർ ഈ തുക ദുർവ്യയം ചെയ്യപ്പെടുന്നില്ലെന്നും നിശ്ചിത വികസന കാര്യങ്ങൾക്കായി യഥാസമയം വിനിയോഗിക്കുന്നുണ്ടെന്നും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) വീടില്ലാത്തവരായി ഇരുപത്തിയേഴായിരത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾ ഇനിയുമുണ്ടെന്നതിനാൽ ഇവരുടെ ഭവനനിർമ്മാണത്തിന് മുൻഗണന നൽകി വീട് അനുവദിക്കാനും പണി പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനും ആവശ്യമായ നടപടിയെടുക്കുമോ;

(സി) പൂർത്തീകരിക്കാതെ കിടക്കുന്ന വീടുകൾ എത്രയെന്നും ഇതിനിടയാക്കിയ സാഹചര്യവും അതു പരിഹരിക്കാനായി സ്വീകരിച്ച നടപടിയും അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) കേരള ജനസംഖ്യയുടെ 1.45 ശതമാനം വരുന്ന പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി 2017-18-ൽ 2.83 ശതമാനം ഉപപദ്ധതി വിഹിതം സർക്കാർ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസനത്തിനായി സർക്കാർ വകയിരുത്തുന്ന തുക നിശ്ചിത വികസന കാര്യങ്ങൾക്കായി യഥാസമയം വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

വിദ്യാഭ്യാസം, ഭവനനിർമ്മാണം, കൃഷി ഭൂമി നൽകൽ, തൊഴിൽ എന്നീ മേഖലകളിലാണ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പ്രധാനമായി ചെലവഴിക്കപ്പെടുന്നത്. 77215 വിദ്യാർത്ഥികൾ സ്കൂൾ തലത്തിലും 16939 പേർ പോസ്റ്റ്മെട്രിക് തലത്തിലും വിദ്യാഭ്യാസം നടത്തിവരികയാണ്. ഇവരുടെ വിദ്യാഭ്യാസത്തിനാവശ്യമായ മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുകയാണ്. ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, യാത്രാസൗകര്യം, പഠനസഹായികൾ, വിവിധ സ്കോളർഷിപ്പുകൾ എന്നിവ യഥാസമയം നൽകി ഇവരുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നുണ്ട്. ഒന്നാംതരത്തിൽ ചേരുന്ന കുട്ടികൾ അനുഭവിച്ചിരുന്ന ഭാഷാ പ്രശ്നം പരിഹരിക്കുവാൻ ഗോത്രബന്ധു പദ്ധതിയിലൂടെ മെന്റർ ടീച്ചർമാരെ ഏർപ്പെടുത്തി.

106 പ്രീമെട്രിക് ഹോസ്റ്റലുകൾ, 4 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 20 എം.ആർ.എസ്.-കൾ എന്നിവയും നടത്തിവരുന്നു. ഇവിടങ്ങളിലെല്ലാംകൂടി 12709 കുട്ടികൾ താമസിച്ചു പഠിച്ചുവരികയാണ്. ഇവരുടെ മുഴുവൻ ചെലവും സർക്കാർ വഹിക്കുകയാണ്. വകുപ്പിന്റെ പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്ന് ഭാഗവും വിദ്യാഭ്യാസ മേഖലയിലാണ് ചെലവഴിക്കുന്നത്.

ഭവനനിർമ്മാണമാണ് മറ്റൊരു പ്രധാനപ്പെട്ട മേഖല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12277 വീടുകളുടെ നിർമ്മാണം പട്ടികവർഗ്ഗ വകുപ്പ് പൂർത്തിയാക്കി. അതിൽ 5454 വീടുകൾ ലൈഫ് പദ്ധതിയിൽ പൂർത്തീകരിച്ചതാണ്.

പട്ടികവർഗ്ഗക്കാർക്കുള്ള സങ്കേതതല പദ്ധതികളും വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യമിടുന്ന പദ്ധതികളും ഊരുകൂട്ടങ്ങളിൽ വച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്താണ് നിർവ്വഹണം നടത്തുന്നത്. ഊരുകൂട്ടം നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച ശേഷമാണ് നടപ്പിലാക്കുന്നത്.

പട്ടികവർഗ്ഗ വിഭാഗത്തിന്റെ പൊതുവായ സാമ്പത്തിക, സാമൂഹിക, ആരോഗ്യ, പശ്ചാത്തല മേഖലാ വികസനത്തിനായി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിൽ പദ്ധതികൾ രൂപീകരിക്കുകയും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി ഡയറക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തിയുള്ള പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ടറേറ്റിലെ നിയന്ത്രണോദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുമുണ്ട്.

പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്. പട്ടികവർഗ്ഗ വികസന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും പദ്ധതി അവലോകനം നടത്തുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ട് ലാപ്സാകാതിരിക്കാൻ ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽ സ്വന്തമായി ഭൂമിയുള്ളവരിൽ ഭവനരഹിതരായ 15176 കുടുംബങ്ങളും ഭൂരഹിതരും ഭവനരഹിതരുമായ 11594 കുടുംബങ്ങളും ഉൾപ്പെടെ ആകെ 26770 ഭവനരഹിതരുണ്ട്.

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ പദ്ധതികളിൽപ്പെടുത്തി വീട് അനുവദിച്ചതിൽ 31-3-2016-ന് മുമ്പ് പണി പൂർത്തീകരിക്കാത്ത മുഴുവൻ വീടുകളും ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൂർത്തീകരിച്ചുവരുന്നു.

കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 സാമ്പത്തികവർഷം അനുവദിച്ച 6709 വീടുകളുടെ നിർമ്മാണവും നടന്നു വരികയാണ്.

(സി) 2011-12 മുതൽ 2016-17 വരെ വകുപ്പ് മുഖേന അനുവദിച്ച 24314 വീടുകളിൽ നാളിതുവരെ 6823 വീടുകൾ പൂർത്തീകരിച്ചു. 17491 വീടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചുവരികയാണ്. ഇതിൽ 31-3-2016 വരെ അനുവദിച്ചതും പൂർത്തിയാക്കാത്തതുമായ 12851 വീടുകൾ ലൈഫ് മിഷനിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ആയതിൽ 5454 വീടുകൾ ലൈഫ് മിഷൻ മാനദണ്ഡപ്രകാരമാണ് പൂർത്തിയാക്കിയത്. ശേഷിക്കുന്നവ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്.

വീട്ടുപണിക്കുള്ള സാധനസാമഗ്രികൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട്, ജലക്ഷാമം, നിശ്ചിത തറ വിസ്തീർണ്ണത്തിൽ കൂടുതലുള്ള വീട് നിർമ്മിക്കുന്നത് തുടങ്ങിയ കാര്യങ്ങളാണ് പൂർത്തീകരണത്തിന് തടസ്സമാകുന്നത്. ഭവനനിർമ്മാണത്തിനുള്ള ധനസഹായം ഗഡുക്കളായി ലഭിക്കുമ്പോൾ ചില ഗുണഭോക്താക്കൾ അത്യാവശ്യ കാര്യങ്ങൾക്ക്, അടിയന്തര സാഹചര്യങ്ങളിൽ ധനസഹായമായി ലഭിച്ച തുക വകമാറ്റി ചെലവഴിക്കുന്ന സാഹചര്യമുണ്ട്.

പൂർത്തീകരിക്കാത്ത വീടുകൾക്ക് പരമാവധി ആറ് ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് അംഗീകാരം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ഭവനനിർമ്മാണ പുരോഗതിയെ ബാധിച്ചു.

പണി പൂർത്തീകരിക്കാത്ത മുഴുവൻ വീടുകളും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് പരമാവധി ആറ് ലക്ഷം രൂപ നൽകി പൂർത്തീകരിച്ചുവരികയാണ്. കൂടാതെ 2016-17-ൽ അനുവദിച്ച വീടുകൾ ലൈഫ് മിഷന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി വർഷം അനുവദിച്ച വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിൽ വർദ്ധിപ്പിച്ച ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, മൂന്ന് വർഷത്തിനകം എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഭൂമിയും വീടും നൽകുന്നതിന് അങ്ങയുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ആദിവാസികളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനുള്ള ശക്തമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ചില സ്ഥലങ്ങളിൽ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു. പലപ്പോഴും നൽകാൻ കഴിയാത്ത ഭൂമി എന്ന് കരുതിയിരുന്ന സ്ഥലങ്ങളിലൊക്കെ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. പന്തപ്പാറ കോളനിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും ചേർന്ന് നടത്തിയ പദ്ധതി അതിന്റെ ഭാഗമായുള്ളതാണ്. 10-12 വർഷം പഴക്കമുള്ള പദ്ധതിയാണ്. ആ രൂപത്തിൽ ഓരോ സ്ഥലത്തെയും പ്രശ്നങ്ങൾ പരമാവധി പരിഹരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 11594 പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ഇനി ഭൂമി ലഭ്യമാക്കേണ്ടത്. അത് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഈ സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് ആദിവാസികളുടെ ശേഷിക്കുന്ന ഭൂപ്രശ്നം പരിഹരിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ലൈഫ് പദ്ധതി പ്രകാരം വിവിധ ഏജൻസികളും വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരമാണ് ഭവനനിർമ്മാണ പദ്ധതി നടപ്പാക്കുന്നത്. ഇത് ഏകോപിപ്പിക്കുന്നതിന് വലിയ ബുദ്ധിമുട്ട് അവർ നേരിടുകയാണ്. ഇത് ലഘൂകരിക്കാൻ വകുപ്പുകളുടെ പണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള നടപടി സ്വീകരിക്കുമോ; ഭവന നിർമ്മാണ സാമഗ്രികളായ ഹോളോ ബ്രിക്സ്, ജനാല, കട്ടിള എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച് സൗജന്യമായി ഗുണഭോക്താക്കൾക്ക് നൽകുന്ന പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, പട്ടികജാതി/പട്ടികവർഗ്ഗ ഫണ്ടിന്റെ ഒരു ഭാഗം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. പട്ടികജാതിയുടേത് ഏതാണ്ട് 40 ശതമാനത്തോളവും പട്ടികവർഗ്ഗത്തിന്റെ 23 ശതമാനവും ഗ്രാന്റ്-ഇൻ-എയ്ഡ് ആണ്. അങ്ങനെ നൽകുന്ന പണം തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിൽ വരുന്ന പദ്ധതികളിലുൾപ്പെടുത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതാണ്. അതുപോലെ, ഡിപ്പാർട്ട്മെന്റ് തലത്തിലും വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. തുകയിൽ വന്നിട്ടുള്ള വ്യത്യാസം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകീകരിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളും പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പും യോജിച്ചുള്ള പ്രവർത്തനവുമാണ് നടത്തുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ ഗ്രാന്റ്-ഇൻ-എയ്ഡായി നൽകുന്ന തുകയിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് സാധാരണ നിലയിൽ റിവ്യൂ നടത്താറില്ല. എന്നാലും മന്ത്രിതലത്തിൽ അത്തരം കാര്യങ്ങളെ സംബന്ധിച്ച് സജീവമായി ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ച് ഏതെങ്കിലും രൂപത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും യോജിക്കാത്ത സ്ഥിതി ഇപ്പോഴില്ല. ഉദാഹരണത്തിന്, ഇന്ദിരാ ആവാസ് യോജന പദ്ധതിയുമായി ബന്ധപ്പെട്ട് അവർക്ക് നൽകേണ്ട കുടിശ്ശിക തുകയെല്ലാം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുത്തുകഴിഞ്ഞു. ഇത് ഇപ്പോൾ നല്ല നിലയിലാണ് പോകുന്നത്. ഏകീകരണത്തിന് യാതൊരു പ്രശ്നവും ഇപ്പോഴില്ല.

ശ്രീ. ജോർജ് എം. തോമസ്: സർ, കണ്ണൂർ ജില്ലയിലെ ആറളം ഫാം പ്രദേശത്ത് പട്ടികവർഗ്ഗകാർക്കുവേണ്ടി കുറേയധികം കാര്യങ്ങൾ സർക്കാർ ഇതിനോടകം ചെയ്തിട്ടുണ്ട്. അത് പൂർണ്ണതയിൽ എത്തിക്കഴിഞ്ഞിട്ടില്ല. ആറളം ഫാമിലും വയനാട് സുഗന്ധഗിരിയിലും ഇനി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്; എത്രകാലംകൊണ്ട് അവ പൂർത്തീകരിക്കാൻ കഴിയും? വീട് നിർമ്മിക്കുന്ന സമയത്ത്, ആദിവാസികളുടെ പരമ്പരാഗതമായ സംസ്കാരവും ആവാസ വ്യവസ്ഥയും കണക്കിലെടുത്ത് വീടുകളുടെ മോഡൽ തയ്യാറാക്കാൻ

സർക്കാർ തീരുമാനമെടുക്കുമോ? നമ്മൾ നിർമ്മിച്ചുകൊടുക്കുന്ന പല വീടുകളിലും അവർ താമസിക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നത് വസ്തുതയാണ്. അവരുടെ സാംസ്കാരികത്തനിമ ഉയർത്തിപ്പിടിക്കുന്ന തരത്തിലുള്ള വീട് നിർമ്മാണത്തിന് സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ആറളം സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് 42 കോടി 67 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ അംഗീകരിച്ചു കഴിഞ്ഞു. അവ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കാൻ പോകുകയാണ്. ഈ പദ്ധതിയിൽ രണ്ട് പാലങ്ങൾ, റോഡുകൾ, ഹയർ സെക്കണ്ടറി സ്കൂൾ, എൽ.പി.സ്കൂൾ, പ്ലേ ഗ്രൗണ്ട്, ബോയ്സ് സ്കൂൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ആയുർവേദിക് ആശുപത്രി, അങ്കണവാടി, കമ്മ്യൂണിറ്റി ഹാൾ, സോളിഡ് വാട്ടർ മാനേജ്മെന്റ് സിസ്റ്റം, കൃഷി ഭവൻ, വെറ്ററിനറി ഡിസ്പെൻസറി, മിൽക്ക് കളക്ഷൻ യൂണിറ്റ് എന്നിവ ഉൾപ്പെടും. ഇതോടൊപ്പം വകുപ്പിന്റേതായി മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. ഇതിന് 35 കോടി 49 ലക്ഷം രൂപ നബാർഡിന്റെയും ബാക്കി 7 കോടി 18 ലക്ഷം രൂപ സംസ്ഥാനത്തിന്റെയും വിഹിതമാണ്. സുഗന്ധഗിരി പ്രോജക്ടിൽ 1580 ഹെക്ടർ സ്ഥലത്ത് പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസത്തിന് 35 കോടി രൂപയുടെ സമഗ്ര വികസന പദ്ധതി ആസൂത്രണം ചെയ്തുകഴിഞ്ഞു. അതിന്റെ ഭാഗമായി കഴിഞ്ഞ ആഴ്ച പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനും വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും ചേർന്ന് ആലോചനായോഗം നടത്തുകയും ഇതിന്റെ പ്രോജക്ട് തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക കർമ്മസമിതി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധർ, പട്ടികവർഗ്ഗ വികസന വകുപ്പിലെയും വനം വകുപ്പിലെയും ഉദ്യോഗസ്ഥർ തുടങ്ങിയവർ സമിതി അംഗങ്ങളാണ്. സുഗന്ധഗിരി, ആറളം ഫാം എന്നിവ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. അട്ടപ്പാടിയിൽ ജപ്പാൻ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വീട് നിർമ്മാണം ഏറ്റവും നല്ലതാണ്. ആ ഡിസൈൻ പൊതുവിൽ ആദിവാസികൾ അംഗീകരിക്കുന്നതാണ്. ആ രീതിയിലാണ് വീടുമായി ബന്ധപ്പെട്ട ഡിസൈന് രൂപം നൽകുന്നത്.

ശ്രീ. ബി. സത്യൻ: സർ, കണക്കുപ്രകാരം ഭവനരഹിതരായിട്ടുള്ള 15176 പേരും ഭൂരഹിതരും ഭവനരഹിതരുമായി 11594 പേരുമുൾപ്പെടെ 26770 പേരാണ് വീടില്ലാത്തവരായി അവശേഷിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ, വരുന്ന മൂന്ന് വർഷംകൊണ്ട് പൂർണ്ണമായും അവർക്ക് ഭവനം നിർമ്മിച്ചു നൽകുക എന്ന ബൃഹത്തായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളായതിനാൽ, ഭവനനിർമ്മാണം ആരംഭിച്ചതു മുതൽ പൂർത്തീകരണം വരെയുള്ള മോണിറ്ററിംഗിലും ഇത്

പൂർത്തീകരിക്കുന്നതിനുവേണ്ടി മറ്റ് സാങ്കേതിക സഹായങ്ങൾ നൽകുക എന്ന വിഷയത്തിലുമാണ് പ്രയാസം നേരിടുന്നത്. പൂർത്തീകരിക്കപ്പെടാത്ത വീടുകൾ കാണുമ്പോൾ അക്കാര്യങ്ങൾ വ്യക്തമാണ്. ഈ മൂന്ന് വർഷംകൊണ്ട് സമഗ്രമായി ഘടകങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ മാറ്റം വരുത്തി, ഭവനനിർമ്മാണമെന്ന പൂർണ്ണ ലക്ഷ്യം കൈവരിക്കാൻ കഴിയുന്ന നിലയിൽ ഒരു പ്രത്യേക പദ്ധതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി അങ്ങ് ആവിഷ്കരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരായിട്ടുള്ള 11594 പേരുടെ പ്രശ്നം പരിഹരിക്കുന്നതിന് നമ്മുടെ മുമ്പിൽ ഫലപ്രദമായ വഴികളുണ്ട്. ഇപ്പോൾ RoR-നുള്ള 2933 അപേക്ഷ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭ്യമായി. അത് പ്രോസസ് ചെയ്തു കൊണ്ടിരിക്കുകയാണ്. 6907 അപേക്ഷകളിന്മേൽ RoR നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 8000 പേർക്ക് ഭൂമി നൽകാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. അതുമാത്രമല്ല, കേന്ദ്ര സർക്കാർ തീരുമാനപ്രകാരം സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഏകദേശം 4000 ഏക്കർ ഭൂമി ലഭിക്കും. ഇതോടെ ഭൂപ്രശ്നം പരിഹരിക്കാൻ കഴിയും. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രണ്ട് യോഗങ്ങൾ കഴിഞ്ഞു. ഇനി ഒരു യോഗം കൂടി വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഭൂമിയുടെ കാര്യത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലൊരു പ്രശ്നമില്ല. ആകെ 26170 കുടുംബങ്ങൾക്കാണ് വീട് നൽകേണ്ടി വരുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പും ലൈഫ് മിഷനും ചേർന്നാൽ ഇത് യാഥാർത്ഥ്യമാക്കാൻ സാധിക്കും.

<u>ശ്രീ. കെ. ജെ. മാക്സി :</u> സർ, 2017-18 വർഷത്തെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെ പദ്ധതി ചെലവ് എത്രയായിരുന്നു; ഈ പദ്ധതിയിലേയ്ക്ക് എന്തെങ്കിലും തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഇപ്പോൾ ചെലവഴിക്കാത്ത തുക ഡെപ്പോസിറ്റ് ചെയ്യുന്ന പരിപാടിയില്ല. ടി.എസ്.പി. അക്കൗണ്ടിൽ എന്തെങ്കിലും തുകയുണ്ടെങ്കിൽ അത് തിരിച്ച് പിടിക്കുകയാണ്. അടുത്ത വർഷം മുതൽ ആ പ്രയോഗം ഉണ്ടാകില്ല. ഈ വർഷവും അതില്ല. പൂർത്തീകരിക്കാത്ത പണിക്ക് ഡെപ്പോസിറ്റ് ചെയ്ത്, ആ ഡെപ്പോസിറ്റ് ചെയ്ത തുക ചെലവഴിച്ചതായി കണക്കാക്കുന്ന സ്ഥിതി മുമ്പുണ്ടായിരുന്നു. അത് ഇനി കഴിയില്ല. ഇപ്പോൾ ചെലവഴിച്ച തുക എസ്.സി. 92.76 ശതമാനവും എസ്.ടി. 89.71 ശതമാനവും ഒ.ബി.സി. 96 ശതമാനവും ആണ്. എസ്.ടി.യുടെ ബില്ല് തയ്യാറായിട്ടുള്ളത് 20 കോടിക്ക് മുകളിലാണ്. ഇതുകൂടി ക്ലിയർ ചെയ്ത് കഴിഞ്ഞാൽ 95 ശതമാനത്തിലേയ്ക്ക് എത്തും. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയും പുരോഗതിയുണ്ടായത് എന്നുള്ളതുകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇതിൽ പത്തു കാശ് ചെലവഴിക്കാതെ ഇപ്പോൾ ഡെപ്പോസിറ്റ് ഇല്ല. ഇത് ചെലവഴിച്ച കാശാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, പട്ടികവർഗ്ഗക്കാർക്കുവേണ്ടി എല്ലാ സാമ്പത്തിക വർഷവും ഏത് സർക്കാരായാലും അവരുടെ പദ്ധതിക്ക് ആവശ്യമായ ഫണ്ടുകൾമാറ്റിവയ്ക്കുന്നുണ്ട്. പക്ഷേ മാർച്ച് 31-നകം ചെലവഴിക്കേണ്ട തുക യഥാർത്ഥത്തിൽ ഗുണഭോക്താക്കളുടെ കൈകളിലേയ്ക്ക് എത്തുന്നില്ല. വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്ത്, എക്സ്പെൻഡിച്ചർ കാണിക്കുകയാണ്. വിദ്യാഭ്യാസം, ഭവനനിർമ്മാണം, ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടങ്ങിയവയെല്ലാം ഒരുപാട് കാലമായി ഇവിടെ ചർച്ച ചെയ്യപ്പെടുകയാണ്. വിദ്യാഭ്യാസ മേഖലയിൽ നീർവാരത്ത് നാല് കുട്ടികളെ എസ്.എസ്.എൽ.സി പരീക്ഷ എഴുതാൻ അനുവദിക്കാതെ സ്കൂളിൽ നിന്നും പറഞ്ഞുവിട്ടിരിക്കുകയാണ്. ആ കോളനിയിലെ കുട്ടികളുടെ വീട് സന്ദർശിച്ചപ്പോൾ, അവരുടെ അവസ്ഥ വളരെ മോശമാണ്. സബ് പ്ലാൻ എന്ന നിലയ്ക്ക് ടി പദ്ധതി ഇംപ്ലിമെന്റ് ചെയ്യാനും മെഷർമെന്റ് നടത്താനും മോണിറ്റർ ചെയ്യാനും ഒരു സി.ഇ., എസ്.ഇ., എ.ഇ., ഓവർസിയർ എന്നിവരുൾപ്പെടെയുള്ള എഞ്ചിനീയറിംഗ് വിംഗ് സംവിധാനം സർക്കാർ ഏർപ്പെടുത്താമോ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, മാർച്ച് 31-ന് മുമ്പ് ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ ഗുണം എത്തുന്നില്ലായെന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ല. ഏത് സർക്കാരിന്റെ കാലഘട്ടത്തിലായാലും പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട് സാധാരണനിലയിലുണ്ടാകുന്ന ചില പ്രശ്നങ്ങളുണ്ട്. പക്ഷേ അത് കണ്ടറിഞ്ഞ് പരിഹരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് പൊതുവിൽ ആ രൂപത്തിലുള്ള ഒരു പരാതി വന്നിട്ടില്ല. എസ്.എസ്.എൽ.സി. പരീക്ഷയെഴുതാൻ സാധിക്കാത്ത കാര്യത്തെ സംബന്ധിച്ച് സർക്കാർ പരിശോധിക്കാം. ശ്രീ. ഐ. സി. ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഫലപ്രദമായിട്ടുള്ള ഒരു ശിപാർശയാണ് എഞ്ചിനീയറിംഗ് വിംഗ്. പദ്ധതികളുടെ പൂർത്തീകരണത്തിന് ഏകീകരിച്ച സംവിധാനം ആവശ്യമാണ്. അതിന് പൊതുമരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. ബി. ഡി. ദേവസ്സി:</u> സർ, ആദിവാസികളുടെ വീടുകൾക്ക് 400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. കുറച്ചുകൂടി വിസ്തീർണ്ണവും സൗകര്യവുമുള്ള വീട് വേണമെന്ന് ആദിവാസികൾ പൊതുവെ താൽപ്പര്യം പ്രകടിപ്പിക്കുന്നു. അതുപോലെ ആദിവാസികളുടെ വീടിന് തുക നിശ്ചയിക്കുമ്പോൾ, വനാന്തരങ്ങളിലുള്ള വീടുകൾ നിർമ്മിക്കാൻ സാധനങ്ങൾ തലച്ചുമടായി കൊണ്ടുപോകുമ്പോൾ ചെലവേറും. പലപ്പോഴും പണി പൂർത്തീകരിക്കാൻ കഴിയില്ല. അപ്പോൾ യഥാർത്ഥ ചെലവ് കണക്കാക്കി ആ വീടുകൾക്ക് കൂടുതൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; അതുപോലെ അതിരപ്പിള്ളി പഞ്ചായത്തിലെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മാണ പദ്ധതി ആവിഷ്കരിച്ചിരുന്നു. അതിന്റെ സെക്ടർ ഓഫീസ് പാലക്കാടാണ്. അതിപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. കുറച്ച് വീടുകൾ പൂർത്തീകരിക്കാതെ കിടക്കുന്നു. ആ വീടുകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ .കെ. ബാലൻ</u>: സർ, 400 സ്ക്വയർ ഫീറ്റാണ് മിനിമം പറയുന്നത്. അതിനേക്കാളും കൂടുതൽ ഗുണഭോക്തൃവിഹിതം ഉണ്ടെങ്കിൽ ബുദ്ധിമുട്ടില്ല. ആറ് ലക്ഷം രൂപയാണ് ലൈഫ് മിഷന് ഇപ്പോൾ നൽകാനുദ്ദേശിക്കുന്നത്. നിലവിൽ അത് നാല് ലക്ഷം രൂപയാണ്. ആദിവാസികൾ തിങ്ങിത്താമസ്സിക്കുന്ന ഊരുകൾക്കാണ് ഈ തുക നൽകുന്നത്. സ്കാറ്റേർഡായി താമസിക്കുന്ന ഒറ്റപ്പെട്ട വീടുകൾക്ക് സാധാരണ നിലയിലുള്ള നാല് ലക്ഷം രൂപയാണ് ഉദ്ദേശിക്കുന്നത്. വനാന്തരങ്ങളിലേയ്ക്ക് സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ടുണ്ട്. അത് മനസ്സിലാക്കിയാണ് നാല് ലക്ഷം എന്നത് ആറ് ലക്ഷം രൂപയാക്കിയത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രാക്തന വിഭാഗത്തിന്റെ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാന്യനായ വകുപ്പുമന്ത്രി വളച്ചുകെട്ടി ഉത്തരം പറഞ്ഞ് ഭവനനിർമ്മാണ രംഗത്തുണ്ടായ പരാജയം മറച്ചുവയ്ക്കാൻ ശ്രമിച്ചു. ലൈഫ് മിഷൻ ആരംഭിച്ചശേഷം ഈ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഒരു വീട് പോലും പുതുതായി കൊടുത്തിട്ടില്ല. എസ്.സി./എസ്.ടി വകുപ്പിന് പ്രത്യേകമായ സംവിധാനമുണ്ട്. അവർക്ക് വീട് സെലക്ട് ചെയ്യാനുള്ള സംവിധാനവുമുണ്ട്. അങ്ങ് പറഞ്ഞതുപോലെ 15176 പേർക്ക് സ്വന്തമായി സ്ഥലമുണ്ട്; പക്ഷെ വീടില്ല. അവരെ കണ്ടുപിടിച്ച് നൽകുന്നതിനുപകരം ഈ പദ്ധതി ലൈഫ് മിഷനിൽ മെർജ് ചെയ്തതുകൊണ്ട് ഒരു വലിയ പരാജയമായി. ഒരു കൊല്ലക്കാലമായി ഒരു വീടുപോലും നൽകാൻ സാധിച്ചിട്ടില്ല. ദയവായി ആ പദ്ധതി പുനഃപരിശോധിക്കുമോ; ലൈഫ് മിഷനുമായി ചേർന്നപ്പോഴുണ്ടായ പരാജയം വിലയിരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നേരെ മറുപടി പറയുകയെന്നല്ലാതെ വളച്ചുകെട്ടി പറയുന്ന സ്വഭാവം എനിക്കില്ല. ഞാൻ കൃത്യമായി മറുപടി പറയാറുമുണ്ട്. ശ്രീ. കെ. സി. ജോസഫിന്റെ കാലഘട്ടത്തിൽ ഇന്ദിര ആവാസ് യോജനയുമായി ബന്ധപ്പെട്ട ചോദ്യം ഞാൻ നിയമസഭയിൽ കൊണ്ടുവന്നതാണ്. ആ വിഷമം മനസ്സിൽ വച്ചു കൊണ്ടായിരിക്കും അദ്ദേഹം ഇത് സൂചിപ്പിച്ചതെന്നാണ് എനിക്ക് തോന്നുന്നത്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പുതിയ വീടുകൾ സ്പിൽ ഓവർ വർക്കിൽ എടുത്തിട്ടില്ലെന്നുള്ളത് ശരിയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലുള്ള സ്പിൽ ഓവർ വർക്കുകൾ പൂർത്തീകരിക്കുക എന്നുള്ളതാണ് ആദ്യത്തെ ലക്ഷ്യം. അത് പൂർത്തീകരിക്കാതെ പുതിയ വീടുകളെടുത്തിട്ട് എന്താണ് കാര്യം? അന്നത്തെ സ്പിൽ ഓവർ വർക്കുകളിൽ 61000 വീടുകളെടുത്തു. ആ വീടുകളുടെ പണി രണ്ട് മാസംകൊണ്ട് പൂർത്തീകരിക്കും. പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സ്പിൽ ഓവർ വർക്കുകളിൽ 12851 വീടുകളാണ് ലൈഫ് പദ്ധതിയിലേയ്ക്ക് കൊടുത്തത്.

ശ്രീ. കെ. സി. ജോസഫിന്റെ ചോദ്യമുണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ കണക്ക് കൃത്യമായി കൊണ്ടുവന്നത്. സ്പിൽ ഓവർ വർക്കിലുള്ള 12851 വീടുകൾ ലൈഫ് പദ്ധതിയിൽ അപ്‌ലോഡ് ചെയ്തു. അതിൽ 5454 വീടുകൾ പൂർത്തീകരിച്ചു. ലൈഫ് പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് ഡിപ്പാർട്ട്മെന്റ് വഴി സർക്കാർ 6823 വീടുകൾ പൂർത്തീകരിച്ചു. ലൈഫ് പദ്ധതി വരുന്നതിനുമുമ്പ് ഡിപ്പാർട്ട്മെന്റ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. അതിന്റെ ഭാഗമായി 2016-17 കാലഘട്ടത്തിൽ 6709 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ വർക്ക് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. പട്ടികജാതിയിലെ സ്പിൽ ഓവർ വർക്കിൽ 9550 വീടുകളാണുള്ളത്. അതിൽ 1700 വീടുകളാണ് പൂർത്തീകരിച്ചത്. അതിനുമുമ്പ് ഡിപ്പാർട്ടുമെന്റ് 5953 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു.

ശ്രീ. കെ. സി. ജോസഫ്: സർ, ഇത് എല്ലാക്കാലത്തും സംഭവിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, അതെ. അങ്ങ് ഉന്നയിച്ച ചോദ്യത്തിനല്ലേ ഞാൻ ഉത്തരം പറയുന്നത്. ഇപ്പോഴുള്ള കണക്കാണ് ഞാൻ പറയുന്നത്. ഇങ്ങനെയുള്ള കേസുകൾ എല്ലാക്കാലത്തുമുണ്ട്. അതുകൊണ്ടാണ് സ്പിൽ ഓവർ വർക്കിന് പ്രാധാന്യം നൽകി 2016-17 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഏറ്റെടുത്ത വീടിന്റെ കണക്ക് ഞാൻ പറയുന്നത്. ലൈഫ് പദ്ധതി വരുന്നതിനുമുമ്പുതന്നെ 2016-17-ൽ 14946 വീടുകളും 2017-18-ൽ 7000 വീടുകളും ഉൾപ്പെടെ ആകെ 21946 വീടുകൾ ഡിപ്പാർട്ടുമെന്റ് എടുത്തിട്ടുണ്ട്. അതിൽ 7000 വീടുകൾ പൂർത്തീകരിച്ചു. ലൈഫ് പദ്ധതിയിൽ മാത്രമല്ല സ്വതന്ത്രമായിതന്നെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് വീടുകളെടുത്തിട്ടുണ്ട്. ഇനി അതെല്ലാം ലൈഫ് പദ്ധതിയിലേയ്ക്ക് പോകുകയാണ്. ലൈഫ് പദ്ധതി വന്നതിന്റെ ഭാഗമായി സ്പിൽ ഓവർ വർക്കിനാണ് പ്രാധാന്യം നൽകിയത്. സ്പിൽ ഓവർ വർക്കുകൾ പൂർത്തീകരിച്ചാൽ പുതിയ വീടുകളുടെ നിർമ്മാണത്തിലേയ്ക്ക് കടക്കും. അല്ലാതെ ദുഷ്ടലാക്കോടുകൂടിയല്ല ഇതിനെ കാണേണ്ടത്.

ശ്രീ. കെ. സി. ജോസഫ്: സർ, രണ്ട് വർഷമായി ഈ സ്പിൽ ഓവർ വർക്കുകൾ നിലനിൽക്കുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ആദിവാസി വിഭാഗങ്ങളുടെ വീടുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് അവരുടെ ആവാസ വ്യവസ്ഥയ്ക്കും ജീവിത ശൈലിക്കും ഇണങ്ങുന്ന നിർമ്മാണ ശൈലി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജോർജ് എം. തോമസ് അങ്ങയോട് ഒരു ഉപചോദ്യം ചോദിച്ചിരുന്നു. ആട്ടിൻകൂട്ടിൽ ആനയെ കെട്ടുന്ന അവസ്ഥയാണ് ഇപ്പോൾ ആദിവാസികളുടേത്. ആദിവാസികളുടെ വീടിന്റെ വലിപ്പത്തെക്കാളുപരി അവരുടെ അഭിരുചിക്കും മാനസികോല്ലാസത്തിനും ഉതകുന്ന രീതിയിൽ അവർക്ക് പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ കഴിയുന്ന തരത്തിൽ മണ്ണ്, മുള തുടങ്ങിയ പ്രകൃതി വിഭവങ്ങൾകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് വീട് നിർമ്മിക്കാനാവശ്യമായ ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട നിർമ്മാണ രീതി തന്നെയാണ് ഇപ്പോൾ സ്വീകരിക്കുന്നത്. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് ജപ്പാൻ പദ്ധതിയുമായി ബന്ധപ്പെട്ട് അട്ടപ്പാടിയിൽ അഹാഡ്സ് (Attappady Hills Area Development Society) പണിതിട്ടുള്ള മനോഹരമായ വീടുകൾ. ആദിവാസികൾ പൊതുവിൽ ഇഷ്ടപ്പെടുന്നതാണത്. ഗുണഭോക്താക്കളെ വച്ച് ഈ പ്ലാൻ അവർക്ക് കാണിച്ചുകൊടുത്ത് അവരുടെ അംഗീകാരം വാങ്ങിയതിനുശേഷമാണ് ആ വീടുകളുടെ പണി പൂർത്തീകരിക്കുന്നത്. അതുകൊണ്ട് ആവാസ വ്യവസ്ഥയ്ക്കെതിരായി വീടുകൾ പണിതു എന്നുള്ളതുകൊണ്ട് ആദിവാസികൾ താമസിക്കാത്ത ഒരു സ്ഥിതിയും ഇപ്പോഴില്ല. അവർ അതുമായി ഇണങ്ങിച്ചേരുകയാണ്. മുളയും ചെളിയും ഉപയോഗിച്ച് വീട് വച്ചുകൊടുത്താൽ രണ്ട് വർഷം കഴിയുമ്പോൾ ആ മുള ദ്രവിച്ച് പോകും. പിന്നീട് അവിടെ വീടുണ്ടാകില്ല.

മി. സ്പീക്കർ: ആ സമയത്ത് ഗദ്ദിക ഒരു മോഡൽ പ്രചരിപ്പിച്ചിരുന്നല്ലോ?

ശ്രീ. എ. കെ. ബാലൻ: സർ, അത് നല്ല മോഡലാണെങ്കിലും അധികകാലം നിലനിൽക്കുന്നതല്ല. ഒന്നര വർഷത്തോളം കാണാൻ നല്ല ഭംഗിയുണ്ടാകും. മുളയുടെ മുകളിൽ ചെളി വച്ച് ഭിത്തി കെട്ടിയാൽ അധികനാൾ നിലനിൽക്കുകയില്ല. ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതോടൊപ്പം അധികകാലം നിലനിൽക്കുന്ന രൂപത്തിലുള്ള വാസ്തുശിൽപ്പ ശൈലിയാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സ്പിൽ ഓവർ വർക്ക് ഏത് സർക്കാരിന്റെ കാലഘട്ടത്തിലും ഉള്ളതാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ആയിരക്കണക്കിന് വീടുകളാണ് സ്പിൽ ഓവർ വർക്കിലുണ്ടായിരുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് അതുമുഴുവൻ തീർക്കുകയും ചെയ്തു. ഏത് സർക്കാർ അധികാരത്തിൽ വന്നാലും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് നൽകുന്ന പദ്ധതി ഏറ്റവും നല്ല രീതിയിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷെ ലൈഫ് പദ്ധതിയുമായി ഇത് ബന്ധപ്പെടുത്തിയതോടുകൂടി ഇതിന്റെ വേഗതയും മറ്റു കാര്യങ്ങളും ഇല്ലാതായി. ഏത് രീതിയിലാണ് ഇത് ലൈഫ് പദ്ധതിയിലേയ്ക്ക് നൽകുന്നത്? ലൈഫ് പദ്ധതിയിലേയ്ക്ക് നൽകുകയെന്ന് പറയുമ്പോൾ പഞ്ചായത്തിലേയ്ക്ക് നൽകുക എന്നുള്ളതാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഏതാണ്ട് 40 ശതമാനത്തോളം ഫണ്ട് പഞ്ചായത്തുകൾക്ക് നൽകിയ ഏക വകുപ്പാണ് പട്ടികജാതി വകുപ്പ്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട പണം കൂടി പഞ്ചായത്തിന് നൽകിക്കൊണ്ട് പഞ്ചായത്തുവഴി ഈ പദ്ധതി നടപ്പിലാക്കാനാണോ ഉദ്ദേശിക്കുന്നത്? അതോ നിലവിലുള്ള സംവിധാനം വച്ചുകൊണ്ട് ബ്ലോക്ക് എസ്.സി. ഡെവലപ്മെന്റ് ഓഫീസിലൂടെ നൽകുന്ന പദ്ധതി മാറ്റുമെന്നാണോ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, നിലവിലുള്ള വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനും വീടില്ലാത്തവർക്ക് വീട് ലഭ്യമാക്കുന്നതിനും വിവിധ വകുപ്പുകൾവഴി മാത്രം സാധിക്കുകയില്ല. അതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2,000 കോടി രൂപ ഇതിനുവേണ്ടി മാത്രം ബഡ്ജറ്ററി സപ്പോർട്ട് കൊടുത്തിരിക്കുന്നത്. സ്വാഭാവികമായും ഇത് ഇംപ്ലിമെന്റ് ചെയ്യുന്നത് വിവിധ വകുപ്പുകളാണ്. ലൈഫ് പദ്ധതിയിലേയ്ക്ക് വീടുകൾ നൽകുമ്പോൾ അത് ഇംപ്ലിമെന്റ് ചെയ്യുന്ന ഏജൻസി പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് തന്നെയാണ്. അതിൽ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഫണ്ട് പഞ്ചായത്തുകൾവഴി ട്രാൻസ്ഫർ ചെയ്യുകയാണോ?

ശ്രീ. എ. കെ. ബാലൻ: സർ, അല്ല. ഇതിപ്പോൾ ഡിപ്പാർട്ടുമെന്റാണ് നടത്തുന്നത്. ഗ്രാന്റ്-ഇൻ-എയ്ഡായി നൽകുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. അതുവച്ച് അവർ ആ വർക്ക് ചെയ്യും. പക്ഷേ വീടുകൾ മുഴുവൻ ലൈഫ് പദ്ധതിയിലേയ്ക്ക് അപ്‌ലോഡ് ചെയ്യും. ലൈഫ് പദ്ധതിയുണ്ടെന്നുള്ളതുകൊണ്ട് വീട് നൽകുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിലുണ്ടായിരുന്നു. അതുകൊണ്ട് വകുപ്പിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ഇനി അത് ലൈഫ് പദ്ധതിയിലേയ്ക്ക് ഹാൻഡ് ഓവർ ചെയ്യും.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 632-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 654-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പാറക്കൽ അബ്ദുല്ല നോട്ടീസ് നൽകിയിട്ടുണ്ട്. അത് രണ്ടും വ്യത്യസ്ത ചോദ്യങ്ങളായതിനാൽ ക്ലബ്ബ് ചെയ്യാൻ നിർവ്വാഹമില്ല.

**വനം വകുപ്പിന്റെ നൂതന പദ്ധതികൾ**

2 (*632) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വനമേഖലയ്ക്ക് പുറത്തുള്ള പ്രദേശങ്ങളിൽ വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വന ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിപണനവും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത്; വ്യക്തമാക്കാമോ;

(ഡി) കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവുംമൂലമുള്ള ദൂഷ്യഫലങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഭൂമിക്ക് ഹരിത കവചമൊരുക്കുന്നതിനായി സാമൂഹ്യ വനവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കാനും ത്വരിതപ്പെടുത്താനും നടപടി സ്വീകരിക്കുമോ ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) ജൈവവൈവിദ്ധ്യം പരിപോഷിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും മുൻകാലങ്ങളിൽ നട്ടുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ, യൂക്കാലി തുടങ്ങിയ വിദേശീയ ഇനം വൃക്ഷങ്ങൾ ഘട്ടംഘട്ടമായി മുറിച്ചുമാറ്റി അവയ്ക്കുപകരം തദ്ദേശീയ ഇനങ്ങളിലുള്ള തടി ലഭിക്കുന്ന വൃക്ഷങ്ങളും ഫല വൃക്ഷങ്ങളും ഔഷധ വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ട്. തീരപ്രദേശങ്ങളിൽ ശോഷിച്ചുവരുന്ന കണ്ടൽ വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പാക്കുന്ന വെറ്റ്ലാൻഡ് കൺസർവേഷൻ പ്രോജക്ടിന്റെ ഭാഗമായി വിവിധയിനം കണ്ടൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കണ്ടൽ വൃക്ഷങ്ങൾക്കുപുറമെ മൽസ്യത്തൊഴിലാളികൾക്കും മറ്റ് തീരദേശവാസികൾക്കും സാമ്പത്തികമായും പാരിസ്ഥിതികമായും ഉപകാരപ്പെടുന്ന ഫല, ഔഷധ വൃക്ഷങ്ങൾ, തടി ലഭിക്കുന്ന വൃക്ഷങ്ങൾ തുടങ്ങിയവയുടെ തൈകളും നട്ടുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കണ്ടൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അർഹരായവർക്ക് കുടിവെള്ളം, പാചകവാതക കണക്ഷൻ, മീൻകുഞ്ഞുങ്ങളുടെ വിതരണം തുടങ്ങിയ ആനുകൂല്യങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ ജില്ലകളിലും സോഷ്യൽ ഫോറസ്ട്രി വന വികാസ ഏജൻസി രൂപീകരിച്ച് പൊതുജനങ്ങളുടെ കൂട്ടായ്മയായ ഹരിത സമിതി മുഖാന്തരം പാതയോര വനവൽക്കരണം, തീരദേശ വനവൽക്കരണം, ജലാശയങ്ങളുടെ നവീകരണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിവിധ ജനോപകാരപ്രദമായ സംരംഭങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ "ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി" എന്ന പദ്ധതിയിൻകീഴിൽ തേക്ക്, ഈട്ടി, ചന്ദനം എന്നിവയുടെ ഒരു വർഷം പ്രായമുള്ള തൈകൾ വലിയ കൂടകളിൽ നട്ടുവളർത്തി വിതരണം നടത്തുന്നതിനുള്ള നൂതന പദ്ധതിയുടെ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ലോകപരിസ്ഥിതി ദിനമായ ജൂൺ 5-നോടനുബന്ധിച്ച് വിവിധയിനം വൃക്ഷത്തൈകൾ വിദ്യാർത്ഥികൾക്കും വിവിധ സംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ എന്നിവയുടെ സഹായ സഹകരണത്തോടെ സാമൂഹ്യ വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. വഴിയോരത്തണൽ, തീരവനം, കുട്ടിവനം, നേച്ചർ അപ്രീസിയേഷൻ സെന്റർ, നക്ഷത്ര വനം, ഔഷധത്തോട്ടം തുടങ്ങിയ പദ്ധതികൾ വനവൽക്കരണം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്നവയാണ്. സ്വകാര്യ ഭൂമിയിൽ വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും തടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി 10 ഇനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു. വനവൽക്കരണ പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും/സംഘടനകൾക്കും ജില്ലാടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നു. കൂടാതെ കാവ്, കണ്ടൽ വനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ചുപോരുന്ന വ്യക്തി/ സംഘടനകൾക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നുണ്ട്. വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ, സെമിനാർ എന്നിവ വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കുമായി സംഘടിപ്പിക്കാറുണ്ട്. റേഡിയോ പ്രഭാഷണം, ലഘു ലേഖകൾ, ബോർഡുകൾ സ്ഥാപിക്കുക എന്നിവയും ഇതിന്റെ ഭാഗമായി നടത്തിവരുന്നു. ഹരിത കേരളം പദ്ധതി, വഴിയോരത്തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, സ്വകാര്യ സ്ഥലങ്ങളിലെ വൃക്ഷവൽക്കരണം, കാവുകൾക്ക് ധനസഹായം, നീർത്തടങ്ങൾ ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ, ജൈവവൈവിദ്ധ്യ പ്രവർത്തനങ്ങൾക്ക് വനമിത്ര, പ്രകൃതി മിത്ര അവാർഡുകൾ നൽകൽ, ഫോറസ്ട്രി ക്ലബ്ബുകൾക്ക് ധനസഹായം നൽകൽ, വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിത സമിതി രൂപീകരണം, തണ്ണീർത്തട സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി സ്റ്റേക്ക് ഹോൾഡേഴ്സിന് ബയോ ഗ്യാസ് പ്ലാന്റ്, ഗ്യാസ് കണക്ഷൻ, കുടിവെള്ള സംഭരണി, വനവാസികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനുള്ള നടപടി, കുരുവിക്കൊരുകൂട്, കണ്ടൽക്കാട് സംരക്ഷണം, നാട്ടാന പരിപാലനം എന്നീ പദ്ധതികൾ വനമേഖലയ്ക്ക് പുറത്തുള്ള പ്രദേശങ്ങളിൽ വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിവരുന്നു.

(സി) വനത്തിൽനിന്നും ലഭ്യമായ വന വിഭവങ്ങൾ ആദിവാസികൾ ശേഖരിച്ച് പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങൾ വഴിയും വനശ്രീ പദ്ധതി വഴിയും വിൽപ്പന നടത്തിവരുന്നു. ഇത് ആദിവാസികളുടെ തൊഴിൽ വർദ്ധനവിനും അതിലൂടെ ജീവിതോപാധി നേടുന്നതിനും കാര്യമായ സംഭാവനകൾ ചെയ്യുന്നുണ്ട്. ആദിവാസികൾ വനവിഭവങ്ങൾ ശേഖരിക്കുന്നത് തങ്ങളുടെ തനത് അറിവിന്റെ വെളിച്ചത്തിലാണ്. എന്നാൽ ശാസ്ത്രീയമായ രീതിയിൽ വനവിഭവങ്ങൾ ശേഖരിക്കുന്നത് ടി വിഭവങ്ങളുടെ പരമാവധി ലഭ്യത ഉറപ്പുവരുത്തുന്നതിനും ടി വിഭവങ്ങൾ അന്യം നിന്നുപോകാതിരിക്കുന്നതിനും ഉതകുമെന്നതിനാൽ വനവിഭവ ശേഖരണത്തിൽ ഏർപ്പെട്ടിട്ടുള്ള ആദിവാസികൾക്ക് ശാസ്ത്രീയ ശേഖരണം, സംസ്കരണം, വിപണനം എന്നിവയിൽ പരിശീലന പരിപാടികൾ വനം വകുപ്പ് നടത്തിവരുന്നുണ്ട്. കൂടാതെ തങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് ഉയർന്ന അടിസ്ഥാന വില നിർണ്ണയിക്കുന്നതിനും കൂടുതൽ വിപണി ലഭിക്കുന്നതിനുമായി ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ (TRIFED) എന്ന കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിൻ കീഴിൽ ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനവുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വർദ്ധിച്ചുവരുന്ന അന്തരീക്ഷ താപനില നിയന്ത്രിക്കുന്നതിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം കൂടുതൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക എന്നതാണ്. വൃക്ഷങ്ങൾ ഗ്രീൻഹൗസ് വാതകമായ കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്യുന്നതുമൂലം ചൂട് വർദ്ധിക്കാതിരിക്കാൻ സഹായിക്കുന്നതായി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കും മറ്റ് വ്യവസായിക ആവശ്യങ്ങൾക്കുമായി മരങ്ങൾ മുറിക്കുമ്പോൾ പകരം പത്തിരട്ടി മരം നട്ടുപിടിപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. എല്ലാ സർക്കാർ വകുപ്പുകളും ഇക്കാര്യത്തിൽ വേണ്ട താൽപ്പര്യം പുലർത്തേണ്ടതുണ്ട്. ഏറ്റവും കൂടുതൽ അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നത് നഗരങ്ങളിലാണ്. ഇവിടെ വനവൽക്കരണ പ്രവർത്തനങ്ങൾക്ക് സ്ഥലലഭ്യത ഒരു പ്രധാന പ്രശ്നമാണ്. എല്ലാ നഗരങ്ങളിലും സ്ഥലലഭ്യതയ്ക്ക് അനുസൃതമായി പച്ചത്തുരുത്തുകൾ നിർമ്മിക്കുക എന്നത് പരിഗണിക്കാവുന്നതാണ്. കൂടാതെ വലിയ കുടകളിലായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്; ചെറിയ തോതിൽ നടപ്പാക്കിവരുന്നുണ്ട്. ചൂട് കുറയ്ക്കുന്നതിനായി വലിയ ഫ്ലാറ്റുകളിൽ വെർട്ടിക്കൽ ഗ്രീനിംഗ് രീതിയും നിഷ്കർഷിക്കാവുന്നതാണ്. തീരപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന പട്ടണങ്ങളിൽ കടൽ, കായൽ കരകളിൽ ഹരിതകവചം സൃഷ്ടിക്കുന്നതും വളരെ പ്രയോജനപ്രദമാണ്. വ്യവസായ സ്ഥാപനങ്ങൾ, സ്റ്റേഡിയം തുടങ്ങിയവയുടെ ചുറ്റിനും മറ്റ് ലഭ്യമായ സ്ഥലങ്ങളിലും അനുയോജ്യമായ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് ആഗോളതാപനത്തിനെതിരെ ഹരിതകവചം

സൃഷ്ടിക്കുന്ന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. വനേതര പ്രദേശങ്ങളിൽ വനവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കാനും ത്വരിതപ്പെടുത്താനുമുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്വീകരിച്ചുവരുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, വനവൽക്കരണത്തിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം നല്ലതാണ്. വനം സംരക്ഷിക്കുന്നതിനുവേണ്ടി വനം വകുപ്പുദ്യോഗസ്ഥരെ മാത്രം ഏൽപ്പിക്കുന്നതിനുപകരം ത്രിതല പഞ്ചായത്തുകളിലേത് അടക്കമുള്ള ജനപ്രതിനിധികളെയും മറ്റുള്ളവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് അവ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ? കാട്ടുമൃഗങ്ങൾക്ക് വനത്തിൽനിന്നും തീറ്റ ലഭിക്കാത്തതിന്റെ ഫലമായി നാട്ടിലിറങ്ങി കൃഷിയും മറ്റും നശിപ്പിക്കുകയാണ്. അതുകൊണ്ട് കാട്ടുമൃഗങ്ങളെ സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: കാട്ടുമൃഗങ്ങളുടെ സംരക്ഷണത്തെക്കുറിച്ച് വളരെ വിപുലമായി പലതവണ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വനസംരക്ഷണം എന്നുപറയുന്നത് വനംവകുപ്പിലെ ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ വിജയകരമായി നടത്താവുന്ന ഒരു സംഗതിയല്ല. ബഹുജന പങ്കാളിത്തത്തോടുകൂടി വനസംരക്ഷണം എന്നുള്ളതാണ് സർക്കാരിന്റെ നയം. അതിന്റെ ഭാഗമായി വനാശ്രിത സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ട് ഇ.ഡി.സി.-കൾ, വി.എസ്.എസ്. ഇവ രൂപീകരിച്ച് അവരെയും വനസംരക്ഷണ പ്രവർത്തനത്തിൽ പങ്കാളികളാക്കി വരുന്നുണ്ട്. ഇതു കൂടാതെ വനസംരക്ഷണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നതിനുവേണ്ടി ജനജാഗ്രതാ സമിതികൾ നമ്മുടെ സംസ്ഥാനത്ത് വനാതിർത്തികൾ പങ്കുവയ്ക്കുന്ന പഞ്ചായത്തുകളിൽ ഇതിനോടകംതന്നെ രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 204 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു. ജനജാഗ്രതാ സമിതിയുടെയെല്ലാം അദ്ധ്യക്ഷന്മാർ പഞ്ചായത്ത് പ്രസിഡന്റുമാരാണ്. വനത്തോട് ചേർന്നുവരുന്ന വാർഡുകളിലെ മെമ്പർമാർ ജനജാഗ്രതാ സമിതിയിലെ അംഗങ്ങളാണ്. വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്നതിനും വന്യജീവികൾ പല ആവശ്യങ്ങൾക്കായി വനത്തിന് പുറത്തുവന്നാൽ അവയെ തിരികെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനും പരിചയ സമ്പന്നരായ ആദിവാസി വിഭാഗങ്ങളടക്കമുള്ള വനാശ്രിത സമൂഹത്തെ ആശ്രയിക്കുന്നുണ്ട്. വന്യജീവികൾ പ്രത്യേകിച്ച് ആനയും മറ്റുമൊക്കെ വനത്തിൽ നിന്ന് പുറത്തേയ്ക്ക് വരുന്നത് സർവ്വസാധാരണമായിരിക്കുകയാണ്. അവ വന്നുകഴിഞ്ഞാൽ കിലോമീറ്ററുകളോളം മനുഷ്യവാസമുള്ള സ്ഥലത്തേയ്ക്ക് പോകുന്നുണ്ട്. അവയെ കാട്ടിനുള്ളിലേയ്ക്ക് തിരിച്ചുവിടുന്നത് ശ്രമകരമാണ്. ഇതിന് വനം വകുപ്പിലെ

ഉദ്യോഗസ്ഥരുടെയും പരിചയ സമ്പന്നരായ ആ മേഖലയിലെ ആദിവാസികളടക്ക മുള്ളവരുടെയും രണ്ടും മൂന്നും ദിവസത്തെ പരിശ്രമം വേണ്ടിവരുന്നുണ്ട്. പലപ്പോഴും പ്രതിബന്ധമായി വരുന്നത്, ആൾവാസമുള്ള കേന്ദ്രത്തിലേയ്ക്ക് ആന ഇറങ്ങിക്കഴിഞ്ഞാൽ ജനങ്ങളും ചാനലുകാരും ചുറ്റും കൂടുകയാണ്, അതിനാൽ ചില പ്രദേശങ്ങളിൽനിന്നും അവയ്ക്ക് തിരിച്ചു പോകാൻ കഴിയാത്ത ഒരു സ്ഥിതിയുമുണ്ട്. പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി മാത്രമേ വനസംരക്ഷണവും വന്യജീവി സംരക്ഷണവും പ്രാവർത്തികമാക്കാൻ കഴിയൂ എന്നുള്ളതാണ് യാഥാർത്ഥ്യം. സാധാരണഗതിയിൽ കാട്ടുമൃഗങ്ങളുടെ ആക്രമണം ജനങ്ങളുടെ മേൽ വരുന്നുവെന്നതാണ് സഭാ വേദിയിൽ ഉയർന്നുവരുന്ന പരാതി. അതിൽ നിന്ന് വ്യത്യസ്തമായി കാട്ടുജീവികളെ സംരക്ഷിക്കാൻ ശക്തമായ നടപടിയെടുക്കണമെന്ന് അങ്ങ് ആവശ്യപ്പെട്ടത് ഏറ്റവും നല്ല ഒരു കാര്യമായി എനിക്ക് തോന്നുകയാണ്. അങ്ങയുടെ സഹകരണം കൂടിയുണ്ടെങ്കിൽ അങ്ങയുടെ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട മേഖലയിലെ കാട്ടുമൃഗങ്ങളെയെല്ലാം നമുക്ക് സുരക്ഷിതമായി സംരക്ഷിക്കാൻ കഴിയും. പ്രകൃതിയിൽ കാണുന്ന വിഭവങ്ങളെല്ലാം മനുഷ്യർക്കും മൃഗങ്ങൾക്കും കൂടിയുള്ളതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഫോറസ്റ്റിനെപ്പോലെ തന്നെ നമ്മുടെ നാട്ടിൽ ഒരു സോഷ്യൽ ഫോറസ്ട്രി എന്ന രീതി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവർ ലക്ഷക്കണക്കിന് രൂപയാണ് ഒരു വർഷം ചെലവഴിക്കുന്നത്. റോഡ് സൈഡിൽ മരം വച്ചുപിടിപ്പിക്കലാണ് അവരുടെ പ്രധാന ജോലി. ജില്ലയിലോ സംസ്ഥാനത്തോ പരിശോധിച്ചുനോക്കിയാൽ സോഷ്യൽ ഫോറസ്ട്രി വൃക്ഷത്തൈ വച്ചുപിടിപ്പിക്കുന്നതല്ലാതെ ഒറ്റ മരവും സംരക്ഷിക്കുന്നില്ല. എനിക്കൊരു നിർദ്ദേശമുള്ളത്, അതിനുവേണ്ടി നൽകുന്ന തുക മുഴുവൻ പഞ്ചായത്തിന് നൽകണം. റോഡിൽ മരം വച്ചുപിടിപ്പിക്കുന്നതിനെക്കാളും ഓരോ പഞ്ചായത്തിലും 2 ഏക്കറോ 3 ഏക്കറോ ഭൂമി വാങ്ങി ഒരു ഫോറസ്റ്റാക്കണം എന്നുള്ള നിർദ്ദേശവും അതിനുള്ള തുകയും നൽകിയാൽ തീർച്ചയായും നമ്മുടെ സംസ്ഥാനമാകെ നല്ല ഫോറസ്റ്റാകും, നല്ല മരമുണ്ടാകും. ഞാൻ എത്രയോ സ്ഥലം കാണിച്ചു തരാം. പടിഞ്ഞാറൻ കോസ്റ്റൽ ഏരിയയെ വേണമെങ്കിൽ ഒഴിവാക്കി ബാക്കി മുഴുവൻ പഞ്ചായത്തിനകത്തും രണ്ടോ മൂന്നോ ഏക്കർ സ്ഥലത്ത് മരം വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കണം. സോഷ്യൽ ഫോറസ്ട്രിയിൽ ചെലവഴിക്കുന്ന തുക അതിനുവേണ്ടി നൽകാൻ തയ്യാറാകുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്?

ശ്രീ. കെ. രാജു: സർ, 'ആഗോളതാപനം - മരമാണ് മറുപടി'. ഇതിനെ ലക്ഷ്യമാക്കിക്കൊണ്ട് വിവിധ വനവൽക്കരണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. അതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സാമൂഹ്യ വനവൽക്കരണം, വനത്തിനുപുറത്തുള്ള പൊതുസ്ഥലങ്ങളിലും മറ്റും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക, അതുപോലെതന്നെ ലഭ്യമാകുന്ന സ്ഥലത്ത് മരങ്ങളുടെ ചെറിയ

തുരുത്തുകൾ വച്ചുപിടിപ്പിക്കുക എന്നിങ്ങനെയുള്ള പദ്ധതികളുണ്ട്. അതിനെല്ലാംകൂടി വനത്തിന് പുറത്ത് ഇത്തരം വനവൽക്കരണ പരിപാടി അല്ലെങ്കിൽ വൃക്ഷ ആവരണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി നടപ്പിലാക്കുകയെന്നുള്ളതാണ് സോഷ്യൽ ഫോറസ്ട്രി കൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്. സോഷ്യൽ ഫോറസ്ട്രി വനം വകുപ്പിന്റെ ഒരു ഭാഗം മാത്രമാണ്. അവരുടെ ജോലി വനത്തിന് വെളിയിൽ സാമൂഹ്യവനവൽക്കരണ പരിപാടി നടപ്പിലാക്കുകയെന്നതാണ്. ഇദ്ദേഹം പറയുന്നതുപോലെ പരിസ്ഥിതി ദിനത്തിലെല്ലാം ലക്ഷക്കണക്കിന് വൃക്ഷത്തൈകൾ നമ്മൾ വച്ചുപിടിപ്പിക്കുന്നുണ്ട്. അവയ്ക്ക് വേണ്ടത്ര സംരക്ഷണം ലഭ്യമാകുന്നില്ലെന്നുള്ളത് ശരിയാണ്. എന്നാൽ കഴിഞ്ഞ വർഷം മുതൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്വംകൂടി നൽകിക്കൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. എല്ലാ ഭാഗത്തും ജനങ്ങളുടെ ബോധവൽക്കരണം ഇക്കാര്യത്തിൽ ആവശ്യമുണ്ട്. അങ്ങനെയെങ്കിൽ നമ്മുടെ പച്ചപ്പ് ഇതര പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയുണ്ട്. അതിൽ സ്വകാര്യ കണ്ടൽക്കാടുകളുമുണ്ട്. അവ വിട്ടുതരാൻ സ്വകാര്യ കണ്ടൽക്കാടിന്റെ ഉടമസ്ഥർ തയ്യാറായാൽ അത് ഏറ്റെടുക്കാൻ വനം വകുപ്പ് തയ്യാറാണ്. സ്വകാര്യ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ഹെക്ടറിന് 4,000 രൂപ സ്വകാര്യ വ്യക്തികൾക്ക് നൽകാനും തയ്യാറാണ്. അങ്ങനെയൊരു പദ്ധതി ഇപ്പോൾ നിലവിലുണ്ട്.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 1952-ലെ വനനയത്തിൽ പ്രത്യക്ഷ ആവശ്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. 1958-ലെ വനനയം പരിസ്ഥിതി സംരക്ഷണത്തിനും സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനും നിലനിർത്തുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 1971-ലെ രേഖകൾ അനുസരിച്ച് ഇന്ത്യയിലെ ആളോഹരി വനവിസ്തൃതി 0.14 ഹെക്ടറായിരുന്നു. 1981-ൽ അത് 0.11 ഹെക്ടറായി. 2001-ൽ 0.074 ആയി താഴ്ന്നു. കേരളത്തിലെ ആളോഹരി വനവിസ്തൃതി കണക്കാക്കിയിട്ടുണ്ടോ; കേരളത്തിന്റെ വനവിസ്തൃതി വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു: സർ, കേരളത്തിൽ ജനസംഖ്യയും ജനസാന്ദ്രതയും കൂടുതലാണ്. അതുകൊണ്ട് ആളോഹരി വനത്തിന്റെ അളവ് ഇതര സംസ്ഥാനങ്ങളിൽ നിന്നും കുറവാണ്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വിസ്തൃതിയും വനവിസ്തൃതിയും കൂടി തട്ടിച്ച് നോക്കിയാൽ കിട്ടുന്ന റേഷ്യോ പ്രകാരം ഇന്ത്യയിൽ ഏറ്റവുമധികം വനം സംരക്ഷിക്കപ്പെടുന്ന സംസ്ഥാനം കേരളമാണെന്ന് മനസ്സിലാകും. നമ്മുടെ സംസ്ഥാനത്തിന്റെ 29.1 ശതമാനം ഭൂപ്രദേശം വനമാണ്. ഭൂരിപക്ഷം വനപ്രദേശങ്ങളും thick forest ആണ്. വനവിസ്തൃതി തന്നെ നമുക്ക് കുറയുകയല്ല, കൂടിക്കൊണ്ടിരിക്കുകയാണ്. ജനസാന്ദ്രത വളരെ കൂടുതലുള്ള ഒരു സംസ്ഥാനം എന്നുള്ള നിലയിൽ, വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയെന്നുള്ളത് പ്രയാസമാണ്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ

ശതമാനം നോക്കിയാൽ ജനസംഖ്യാനുപാതികമായി നമ്മൾ പിന്നിലാണെങ്കിലും വനസംരക്ഷണത്തിന്റെ കാര്യത്തിൽ മുന്നിലാണ്. നമുക്ക് അതിനുള്ള പ്രത്യേക അവാർഡും പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. മുകേഷ്: സർ, സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ വനവിസ്തൃതിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വനം വകുപ്പ് നടത്തിവരുന്ന വിവിധ പദ്ധതികൾ ഇതിന് സഹായകരമായിട്ടുണ്ട്. ആ പദ്ധതികളെക്കുറിച്ച് അങ്ങ് ഇവിടെ പറയുകയുണ്ടായി. മിക്ക ജില്ലകളിലും വനവിസ്തൃതിയിൽ വർദ്ധനവുണ്ടായി എന്നാൽ വയനാട്, ഇടുക്കി കൂടാതെ നമ്മുടെ രണ്ടുപേരുടെയും സ്വന്തം ജില്ലയായ കൊല്ലത്തും വനവിസ്തൃതിയിൽ കുറവാണുണ്ടായിരിക്കുന്നത്. അതിന് പല കാരണങ്ങളും ഇപ്പോൾ അങ്ങ് പറഞ്ഞു. എന്നാൽ ഇതിന്റെ കാരണം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഇതിന് എങ്ങനെ പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. രാജു: സർ, ഞാൻ അത് നേരത്തെ തന്നെ സൂചിപ്പിച്ചതാണ്. ഇവിടത്തെ ജനസാന്ദ്രത, മൊത്തത്തിലുള്ള ഭൂമിയുടെ കുറവ് എന്നിവ കണക്കിലെടുക്കുമ്പോൾ വനവിസ്തൃതി വർദ്ധിപ്പിക്കുക എന്നുപറയുന്നത് അസാദ്ധ്യമാണ്. എന്നുമാത്രമല്ല, പുതിയ കേന്ദ്ര വനനിയമവും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടുവരുന്ന എക്കോ സോണുകളുടെ പ്രഖ്യാപനവുമൊക്കെ വരുമ്പോൾ സ്വാഭാവികമായും വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയെന്നത് പ്രയാസമായിവരും. നിലവിലുള്ള വനങ്ങൾ സംരക്ഷിക്കുകയെന്നുള്ളതാണ് ഏറ്റവും അഭികാമ്യം. കൊല്ലം അടക്കമുള്ള ജില്ലകളിൽ വനത്തിന് വെളിയിലുള്ള പ്രദേശങ്ങൾ, ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലം കൊല്ലം കോർപ്പറേഷനിൽ വരുന്ന പ്രദേശമാണ്, അവിടെയും വനത്തിന്റെ തുരുത്തുകൾ നമുക്ക് സംഘടിപ്പിക്കാൻ കഴിയും. അതുപോലെ തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ വനവൽക്കരണത്തിന് വേണ്ടിയുള്ള ഒരു പദ്ധതി സർക്കാർ ആലോചിക്കുന്നുണ്ട്. കൊല്ലം അടക്കമുള്ള നഗരങ്ങളിൽ അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജിനുവേണ്ടി ശ്രീ. ഐ. ബി. സതീഷ്: സർ, വനമേഖലയ്ക്ക് പുറത്ത് ഫലപ്രദമായി വനവൽക്കരണം നടപ്പാക്കുന്നതിന് ഗ്രീൻ ഇന്ത്യ മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ നിർദ്ദേശം നൽകുമോ?

ശ്രീ. കെ. രാജു: സർ, കാലാവസ്ഥാ വ്യതിയാനം രാജ്യത്തെ വനം ഉൾപ്പടെയുള്ള പ്രകൃതി സമ്പത്തിന് കാതലായ വ്യതിയാനം വരുത്തുമെന്നും സർവ്വോപരി ജനജീവിതത്തെയും ജീവന്റെ നിലനിൽപ്പിനെയും സാരമായി ബാധിക്കുമെന്നുമുള്ള തിരിച്ചറിവാണ് 'ഗ്രീൻ ഇന്ത്യ മിഷൻ' എന്ന പദ്ധതിയുടെ ആവിർഭാവത്തിനു കാരണം. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി

സംരക്ഷിക്കുക, വനങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, ഫോറസ്ട്രി, ആഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർതടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, കാവുകൾ സംരക്ഷിക്കുക, ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുപയോഗക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. നീർത്തടാധിഷ്ഠിത പദ്ധതിയായ മേൽപ്പറഞ്ഞ പരിപാടിയിൻകീഴിൽ ദീർഘകാലാടിസ്ഥാനത്തിൽ നീർമറി പ്രദേശങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തി വരൾച്ച പ്രതിരോധിക്കാനും ശുദ്ധജലക്ഷാമം പരിഹരിക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുവേണ്ടി ഗ്രീൻ ഇന്ത്യ മിഷൻ 5 ദൗത്യങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. (1) ക്ഷീണിക്കപ്പെട്ട വനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുക, (2) തുറസ്സായ സ്ഥലങ്ങളിൽ വന ആവരണം വർദ്ധിപ്പിക്കുക, (3) നഗര-ഉപനഗര പ്രദേശങ്ങളിൽ ഹരിത ആവരണം വർദ്ധിപ്പിക്കുക, (4) കാർഷിക മേഖലയിലെ വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും നടപ്പിലാക്കുക, (5) ശോഷിത തണ്ണീർത്തടങ്ങളുടെ പുനരുജ്ജീവനം. അതുകൊണ്ടുതന്നെ ഗ്രീൻ ഇന്ത്യ മിഷനിലുൾപ്പെടുത്തി കാവുകൾ, അതിനോടനുബന്ധിച്ചുള്ള കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേരളമൊട്ടാകെ അത്തരം പദ്ധതി നടപ്പാക്കുന്നതിന്, ജില്ലകളിൽതന്നെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, അഞ്ച് കാവുകൾ, കുളങ്ങൾ എന്നുള്ള നിലയിൽ പരിമിതപ്പെടുത്തി അപേക്ഷ സ്വീകരിക്കും. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നടത്തുന്നതുപോലെ വലിയ കെട്ടുകളോ, നിർമ്മാണ പ്രവർത്തനങ്ങളോ അല്ല, മറിച്ച് കുളങ്ങളിലെ ചെളിയും എക്കലും കോരിമാറ്റി അതിനകത്തുള്ള വെള്ളം സംരക്ഷിച്ച് നിർത്തുന്നതിനുള്ള പദ്ധതിയാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ഈ കാവുകളെല്ലാം ചെറിയ ഫോറസ്റ്റുകളാണ്.

ശ്രീ. കെ. രാജു : സർ, കാവു സംരക്ഷണം വനം വകുപ്പിന്റെ ഒരു പദ്ധതിയാണ്. ഗ്രീൻ ഇന്ത്യ മിഷനിൽ അതിനുവേണ്ടി പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തുക അതിനുവേണ്ടി മാറ്റി വച്ചിട്ടുണ്ട്. സ്വകാര്യ കാവുകൾ ഉൾപ്പെടെ, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, അവ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, മരം മുറിക്കാതെ സംരക്ഷിച്ച് കൃഷി നടത്തി കൃഷി ഭൂമി നഷ്ടപ്പെട്ട കർഷകനാണ് ഞാൻ. ഏലം കൃഷി നടത്തുന്നതിന് ഒരു മരവും മുറിക്കാതെ സംരക്ഷിച്ച് നിർത്തി. എന്നാൽ അപ്പുറത്തും ഇപ്പുറത്തുമൊക്കെ മരം ഇഷ്ടംപോലെ മുറിച്ച് കൊണ്ടുപോകുന്നുണ്ട്. പക്ഷെ ഇടതൂർന്ന് മരം നിൽക്കുന്നതുകൊണ്ട് ഇത് ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച് 2008-ൽ ഭൂമി നഷ്ടപ്പെട്ടതാണ്. എന്നാൽ

ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ചതിനുശേഷം, 10 വർഷം കഴിഞ്ഞു, അത് സംരക്ഷിക്കാതെ കാടു കയറി നശിച്ചിരിക്കുകയാണ്. ഇതുപോലെ അനേകം സ്ഥലങ്ങളുണ്ട്. കർഷകരെ സംബന്ധിച്ചിടത്തോളം വനം തിങ്ങിനിറഞ്ഞ് വളരുന്നിടത്തു മാത്രമേ ഏലം കൃഷി ചെയ്യാൻ സാധിക്കൂ. ഇത് കണ്ടിട്ട് ഇ.എഫ്.എൽ. ആണെന്ന് പ്രഖ്യാപിച്ച് കൃഷിയിടം നഷ്ടപ്പെട്ട ധാരാളം കർഷകരുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ടുകൊണ്ട് എനിക്ക് എട്ട് ഏക്കർ തിരിച്ചുകിട്ടി. ബാക്കി 50 ഏക്കർ സംബന്ധിച്ച് കേസ് നടക്കുകയാണ്. ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച് കൃഷിഭൂമി ഏറ്റെടുത്തിട്ട് മരങ്ങളും മറ്റും സംരക്ഷിക്കാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുന്ന സ്ഥലം സംരക്ഷിക്കാനും കർഷകർ ചെയ്തുകൊണ്ടിരിക്കുന്ന കൃഷി സംരക്ഷിച്ച് മുന്നോട്ട് പോകുന്നതിന് അവർക്ക് പ്രോത്സാഹനം നൽകാനും ജനങ്ങൾക്ക് അതിന്റെ പ്രത്യേകതകൾ കാണിച്ചുകൊടുക്കാനുമുള്ള സംവിധാനം ഏർപ്പെടുത്താൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ഇ.എഫ്.എൽ. (ഇക്കോളജിക്കലി ഫ്രൈജയിൽ ലാൻഡ്) ഏറ്റെടുക്കുന്നത് നിലവിലുള്ള നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. തീർച്ചയായും താങ്കൾക്ക് ട്രിബ്യൂണലിൽ അത് ചോദ്യം ചെയ്യാവുന്നതാണ്. ട്രിബ്യൂണൽ വിധി എതിരായാൽ താങ്കൾക്ക് ഹൈക്കോടതിയിൽ ചോദ്യം ചെയ്യാവുന്നതാണ്. പിന്നീട് അദ്ദേഹം പറഞ്ഞത് ഏറ്റെടുത്ത ഭൂമി കാട് മൂടി കിടക്കുന്നു എന്നാണ്. കാടു മൂടുന്നതിനു വേണ്ടിയാണല്ലോ ഏറ്റെടുക്കുന്നത്. വനമായി സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ് ഇത് ഏറ്റെടുക്കുന്നത്. വനത്തോട് ചേർന്നു കിടക്കുന്ന ഭൂമിയായിരിക്കും എന്നതാണ് ഒന്നാമത്തെ കാര്യം. സ്വകാര്യ ഭൂമിയായതു കൊണ്ടാണ് ഈ ആക്ട് അനുസരിച്ച് ഏറ്റെടുക്കേണ്ടിവരുന്നത്. പക്ഷെ ആ ഭൂമി വനത്തോട് ചേർന്ന് കിടക്കുന്ന പ്രദേശമായിരിക്കും, കണ്ടാൽ വനമാണെന്നുതന്നെ തോന്നും. ബാക്കിയുള്ള വനം സംരക്ഷിക്കുന്നതിന് ഈ ഭൂമിയുടെ ഏറ്റെടുക്കൽ കൂടി ആവശ്യമാണ്. ഈ നിലയിൽ വരുമ്പോഴാണ് ഏറ്റെടുക്കേണ്ടി വരുന്നത്. ഏതായാലും അങ്ങയുടെ ഭൂമി ഏറ്റെടുത്ത് കഴിഞ്ഞല്ലോ. അങ്ങ് പറഞ്ഞ പരാതി, കാടുമൂടി കിടക്കുന്നു എന്നാണ്. യഥാർത്ഥത്തിൽ കാടുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, കാടുകൾ സമൃദ്ധമായി വളർത്തുക എന്നതാണ്. ഈ കാട് ഭംഗിയായി വളർത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുത്ത് കാട് സമ്പന്നമാക്കണമെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. സ്വകാര്യ വ്യക്തികൾ അവരുടെ സ്വന്തം ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിച്ചാൽ അതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് ധനസഹായം നൽകുന്നുണ്ട്. 50 തൈകൾ മുതൽ 200 തൈകൾ വരെ വച്ചു

പിടിക്കുന്നവർക്ക് തൈ ഒന്നിന് 50 രൂപ നിരക്കിലും 201 മുതൽ 400 തൈകൾ വരെ വച്ചു പിടിപ്പിക്കുന്നവർക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും 401 മുതൽ 625 തൈകൾവരെ ഒന്നിന് 30 രൂപ നിരക്കിലും ധനസഹായം നൽകുന്നുണ്ട്. സ്വകാര്യ വ്യക്തികൾക്ക് പലർക്കും ഇങ്ങനെയൊരു ധനസഹായം ലഭ്യമാണെന്നുള്ളത് അറിയാത്ത സ്ഥിതിയുണ്ട്. നമ്മുടെ ജനപ്രതിനിധികളും സർക്കാരും ഉൾപ്പെടെ എല്ലാവരും ശ്രമിച്ചാൽ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഈ സാമ്പത്തിക സഹായം അവരിൽ എത്തിക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, വനമേഖലയ്ക്ക് പുറത്തുള്ള വനവൽക്കരണം വളരെ നന്നായി നടക്കുന്നുണ്ട്. സോഷ്യൽ ഫോറസ്ട്രിയുടെ നേതൃത്വത്തിൽ തീരദേശ സംരക്ഷണത്തിന് കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. തീരദേശ സംരക്ഷണത്തിന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വഴി കടൽഭിത്തി നിർമ്മിക്കുന്നതിന് ഒരു കിലോമീറ്ററിന് ഏകദേശം മൂന്ന് കോടിയോളം രൂപയാണ് ചെലവഴിക്കുന്നത്. പ്രകൃതിതന്നെ കടലാക്രമണം ചെറുക്കുന്നതിന് സ്വയമേവ കണ്ടൽക്കാടുകൾ സൃഷ്ടിക്കുന്ന അനുഭവം നമുക്കുണ്ടല്ലോ. അതുപോലെ സുനാമി തിരകൾക്കുപോലും ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ആക്രമണം നടത്താൻ കഴിയാത്ത ഒരനുഭവം നമുക്കുണ്ടായിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ഇത് വളരെ വിജയകരമായി പൂർത്തിയാക്കുന്ന സംഗതിയാണ്. സാമൂഹ്യ വനവൽക്കരണ പദ്ധതിക്ക് ഫണ്ടിന്റെ ലഭ്യതക്കുറവുണ്ടെങ്കിൽ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് അത്തരം ഫലപ്രദമായ പദ്ധതികൾ രൂപീകരിക്കുന്നതിന് വനം വകുപ്പ് നേതൃത്വം നൽകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, സംസ്ഥാനത്ത് തീരദേശ മേഖലയിൽ കാലാവസ്ഥാ വ്യതിയാനം കാരണം കടലാക്രമണ സാദ്ധ്യത പരിഗണിച്ച് ഭാവിയിൽ ഉണ്ടാകാനിടയുള്ള കടലാക്രമണങ്ങൾ പ്രതിരോധിക്കുന്നതിന്, കടൽത്തീരങ്ങളിൽ നിലവിലുള്ള കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിനും അനുയോജ്യമായ തീരപ്രദേശങ്ങളിൽ കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിനും തീരപ്രദേശങ്ങളിൽ വളരുന്നതായ മറ്റിനം തൈകൾ നട്ട് സംരക്ഷിക്കുന്നതിനും വനം വകുപ്പ് ലക്ഷ്യമിട്ടിട്ടുണ്ട്. കണ്ടൽ കാടുകളെ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രോത്സാഹന ധനസഹായ പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതാണ്. കടലാക്രമണത്തിന്റെ ആഘാതങ്ങൾ ചെറുക്കുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടി കടൽത്തീരങ്ങളുടെ സമീപമുള്ള തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഇറിഗേഷൻ വകുപ്പുമായി ചേർന്ന് ഇപ്പോൾ വനം വകുപ്പ് നടപ്പിലാക്കിവരുന്ന ഇത്തരം പദ്ധതികൾക്ക് പ്രത്യേക തടസ്സങ്ങളൊന്നുമില്ല. സംയുക്തമായി ആലോചിച്ച് ആ കാര്യത്തിൽ പ്രായോഗികമായി ഏതു നിലയിൽ നടപ്പിലാക്കാം എന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിൽ 29% വനമുണ്ട്. ഇന്ത്യയിൽ കേരളത്തിലല്ലാതെ മറ്റൊരു സംസ്ഥാനത്തും അത്രയും വനമില്ല. വനം മനുഷ്യന്റെ ഒരു വികാരമാണ്. മൃഗങ്ങൾ വർദ്ധിക്കുമ്പോൾ വെടിവെച്ച് കൊല്ലണമെന്ന് അഭിപ്രായം പറഞ്ഞയാളാണ് ഞാൻ. മറ്റു രാജ്യങ്ങളിലെല്ലാം അങ്ങനെതന്നെയാണ്. വനഭൂമിയോട് ചേർന്ന് വേറെയും വനഭൂമി കിടക്കുകയാണ്. എരുമേലി പഞ്ചായത്തിൽ ഒമ്പതര ഹെക്ടർ ഒരുമിച്ച് കിടക്കുകയാണ്. എരുമേലി പഞ്ചായത്തിലെ കൃഷിക്കാരുടെ മര്യാദകൊണ്ടാണ് അവിടെ ഇപ്പോഴും വനമായി നിൽക്കുന്നത്. ഇന്റേണൽ ടൂറിസം വർദ്ധിപ്പിക്കാൻ കഴിയുന്ന നിലയിൽ അവിടെയൊരു 'ശലഭപാർക്ക്' സ്ഥാപിക്കുക. അതിന്റെ എതിർവശത്ത് മെയിൻ റോഡിന്റെ ഇടതുവശത്തും വലതുവശത്തും വനമാണ്. ഇടതുവശത്ത് ഒരു ഡിയർ പാർക്ക് സ്ഥാപിക്കുക. അവിടെ ശലഭപാർക്ക് വന്നാൽ ഇന്ത്യയിലെതന്നെ എത്രയോ ആളുകൾ കാണാൻ വരും. അതിനുചുറ്റും ഒരു റോഡുകൂടി നിർമ്മിച്ച് അവിടെ ലഘുഭക്ഷണം നൽകുന്ന സംവിധാനം ഏർപ്പെടുത്തിയാൽ വനം വകുപ്പിനും വലിയൊരു വരുമാനമാകും. അങ്ങ് ഇക്കാര്യം ചർച്ച ചെയ്യുമോ?

ശ്രീ. കെ. രാജു: സർ, ഒരു പ്രത്യേക അളവിൽ കിടക്കുന്ന ഈ ഒമ്പതര ഹെക്ടർ സ്ഥലം ടൂറിസം ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഒരു കത്ത് നൽകിയിട്ടുണ്ട്. അത് പരിഗണനയിലാണ്. അതുമാത്രമല്ല, അദ്ദേഹത്തെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗവും ഇതിനോടകം തന്നെ നടത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നത് ചിത്രശലഭ പാർക്ക്, ഡിയർ പാർക്ക് എന്നിവയാണ്. പക്ഷെ ഇതെല്ലാംകൂടി നടക്കില്ല. ചിത്രശലഭ പാർക്കിനെക്കുറിച്ച് ആലോചിക്കാം. അതുമാത്രമേ പ്രായോഗികമാകുകയുള്ളൂ. അങ്ങ് ഉന്നയിച്ച വിഷയം പരിഗണിക്കാവുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങേയ്ക്ക് ഓർമ്മയുണ്ടാകും, അഞ്ചാറ് മാസങ്ങൾക്കുമുമ്പ് പാലക്കാട് ജില്ലയിൽ ആന ഇറങ്ങി വളരെയധികം ഭീതി പരത്തി; അവിടെ ഈയടുത്ത സമയത്തും ആന ഇറങ്ങിയിട്ടുണ്ട്. അന്ന് ബഹുമാന്യനായ വനം വകുപ്പുമന്ത്രികൂടി അറിഞ്ഞുകൊണ്ടാണെന്നാണ് എന്റെ അറിവ്; കോന്നി ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് കോന്നിയിൽ വർഷങ്ങളായി പരിപാലിച്ചുകൊണ്ടിരുന്ന ഒരു ആനയെ അവിടെനിന്നും കടത്തിക്കൊണ്ടുപോയി. ഈ ആനയെ ഉപയോഗിച്ച് നാട്ടിൽ ഇറങ്ങിയിരിക്കുന്ന ആനയെ കാട്ടിലേയ്ക്ക് തിരിച്ചയച്ചതിനുശേഷം തിരികെ കൊണ്ടുവരാമെന്ന് നാട്ടുകാരോട് ഏറ്റുപറഞ്ഞുകൊണ്ടാണ് അവിടെ നിന്നും ആനയെ കൊണ്ടുപോയത്. ആ ആനയെ തിരിച്ചുകൊണ്ടുവരുന്നതിനാവശ്യമായ നിർദ്ദേശം അങ്ങ് നൽകുമോയെന്നതാണ് എന്റെ ചോദ്യം?

ശ്രീ. കെ. രാജു: സർ, അദ്ദേഹത്തിന്റെ മണ്ഡലമായ കോന്നിയിൽ ഒരു ആന പരിപാലന കേന്ദ്രമുണ്ട്. ആനയെ കാണാൻ താൽപ്പര്യമുള്ളവർ വന്നാൽ കാണത്തക്കവണ്ണം കുട്ടിയാനകളടക്കമുള്ള ചെറുതും വലുതുമായ ആനകൾ അവിടെയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറയുന്ന ആന, അത് മറ്റ് ആനകളെ മെരുക്കാൻ പരിശീലനം നേടിയ ആനയാണ്. നേരത്തെ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്, അതിനെ കുങ്കിയാനയെന്നാണ് പറയുന്നത്. വനം വകുപ്പിന്റെ ആന പരിപാലന കേന്ദ്രത്തിൽ പരിപാലിച്ചിരിക്കുന്ന ഈ ആന വനം വകുപ്പിന്റെ പൊതുവായിട്ടുള്ള ആനയാണ്. അത് നമ്മുടെ സംസ്ഥാനത്താകെ ഉപയോഗിക്കേണ്ടിവന്നാൽ ഉപയോഗിക്കാവുന്ന ആനയാണ്. കോന്നി മണ്ഡലത്തിൽ മാത്രം പതിച്ചുതന്നിട്ടുള്ളൊരു ആനയാണ് അതെന്ന് എനിക്ക് തോന്നിയിട്ടില്ല.

മി. സ്പീക്കർ: കേരളത്തിന്റെ മൊത്തം ആനയാണ് കുങ്കി ആന.

ശ്രീ. അടൂർ പ്രകാശ്: സർ, അത് വർഷങ്ങൾക്കുമുമ്പ് അവിടെയുണ്ടായിരുന്ന ആനയാണ്. അവിടെ നിന്നും കടത്തിക്കൊണ്ടുപോയതാണ്.

ശ്രീ. കെ. രാജു: സർ, ആ വാക്ക് തന്നെ തെറ്റാണ്. കടത്തിക്കൊണ്ടു പോകേണ്ട കാര്യമില്ല. വനം വകുപ്പിന്റെ ആന പരിപാലന കേന്ദ്രത്തിൽ നിന്നും മറ്റ് ആനകളെ മെരുക്കുന്നതിന് പറ്റിയ ഈ ആനയെ മറ്റുഭാഗങ്ങളിൽ ഉപയോഗിക്കുന്ന തിനുവേണ്ടി കൊണ്ടുപോയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ കടത്തിക്കൊണ്ടു പോയെന്ന് പറയുന്നത് ശരിയല്ല. ഇതിനെക്കാൾ മെച്ചപ്പെട്ട ആനയെ ആനപരിപാലന കേന്ദ്രത്തിൽ ഇനിയും ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്, അതിനെ കൊണ്ടുവരുന്ന തിനെക്കുറിച്ച് ആലോചിക്കാം. ഇപ്പോൾ ഇവിടെ സൂചിപ്പിച്ച ആന എവിടെ നിൽക്കുന്നുവെന്നത് സംബന്ധിച്ച് പരിശോധിക്കാം.

## പട്ടികവർഗ്ഗക്കാർക്ക് സൗജന്യ നിയമസഹായം

3 (*633) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമം തടയുന്നതിനും അവരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇവർക്ക് ആവശ്യമായ സൗജന്യ നിയമസഹായം നൽകുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആശ്വാസവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) സംസ്ഥാനത്ത് അധിവസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം (1989) ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ ഇല്ലാതാക്കാൻ കർശന നിയമ നടപടികൾ സ്വീകരിക്കുക, അതിക്രമങ്ങൾക്ക് വിധേയമാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, അർഹമായ കേസുകളിൽ ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ നിയമ പ്രകാരം ഉറപ്പുവരുത്തുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ എല്ലാ മാസവും ചേരുന്നുണ്ട്. കൂടാതെ ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേർന്ന് നടപടികൾ മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. ഇതിനു പുറമെ ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യ പ്രവർത്തകർ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു.

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലകളിൽ കളക്ടർമാരെ നോഡൽ ഓഫീസർമാരായും സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നോഡൽ ഓഫീസറായി സംസ്ഥാനതലത്തിലും പ്രവർത്തിച്ചുവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ അതിക്രമത്തിന് ഇരയായിട്ടുള്ളവർക്ക് അർഹമായ

നഷ്ടപരിഹാരം ജില്ലാ കളക്ടർ നൽകിവരുന്നുണ്ട്. കൂടാതെ വിചാരണ സമയത്ത് എത്തിച്ചേരുന്ന കക്ഷികൾക്കും അവരെ അനുഗമിക്കുന്ന സഹായിക്കും അന്വേഷ ണത്തിന്റെ ഘട്ടത്തിലും വിചാരണ ദിവസങ്ങളിലും യാത്രാച്ചെലവ്, ഉപജീവനച്ചെലവ്, ഭക്ഷണച്ചെലവ് എന്നിവ നൽകിവരുന്നുണ്ട്.

അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം, നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്ടും നാല് സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചു വരുന്നു.

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും ചൂഷണവും തടയുന്നതിന് വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനത്തിലൂടെ ശാക്തീകരിക്കുന്നതിനും നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഗോത്ര ജീവിക പോലുള്ള പദ്ധതിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരെ ചൂഷണത്തിൽ നിന്നും തടയുക എന്നതാണ് ലക്ഷ്യം.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം, പൗരാവകാശ സംരക്ഷണ നിയമം എന്നിവ പ്രകാരം എടുക്കുന്ന കേസുകളിൽ ഗവൺമെന്റ് പ്ലീഡർമാരാണ് പരാതിക്കാർക്കുവേണ്ടി കേസുകൾ വാദിക്കുന്നത്. സ്പെഷ്യൽ കോടതികളിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരും നിലവിലുണ്ട്.

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും തടയുന്നതിന് അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും തദ്ദേശീയരായ അഭിഭാ ഷകരുടെയും പൊതു പ്രവർത്തകരുടെയും സഹകരണത്തോടുകൂടിയും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി മനുഷ്യാവകാശ കമ്മീഷനും വനിതാ കമ്മീഷനും പട്ടികജാതി/ പട്ടികവർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാതലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ ഭാഗമായി ഊരുമൂപ്പന്മാർ, പ്രൊമോട്ടർമാർ

തുടങ്ങിയവരെ ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാക്തീകരണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക, നഷ്ടപരിഹാരം നൽകുക, സൗജന്യ നിയമ സഹായം നൽകുക, അർഹമായ കേസുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി ഉറപ്പുവരുത്തുക, ആശ്രിതർക്ക് ധനസഹായം നൽകുക, കേസുകളിൽ സാക്ഷി പറയുന്നവർക്ക് ധനസഹായം അനുവദിക്കുക തുടങ്ങിയ പരിരക്ഷകൾ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ഉറപ്പുവരുത്തുന്നുണ്ട്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലം, വീട് എന്നിവ അനുവദിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. നഷ്ടപരിഹാരത്തുക ഉപയോഗിച്ച് അതിക്രമത്തിന് ഇരായാകുന്നവരെ പുനരധിവസിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. വകുപ്പ് നിരവധി നൈപുണ്യ വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുകയും അതിലൂടെ ചൂഷണത്തിൽ നിന്നും തടയുക എന്നതുമാണ് ലക്ഷ്യം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, എസ്.സി./എസ്.ടി. ജനവിഭാഗങ്ങൾക്ക് നേരെ അതിക്രമങ്ങൾ നടന്നാൽ പ്രാഥമികാന്വേഷണം നടത്താതെ അറസ്റ്റോ മറ്റ് പ്രോസിക്യൂഷൻ നടപടികളോ പാടില്ലെന്നും അവർക്ക് മുൻകൂർ ജാമ്യം ലഭിക്കാവുന്ന നിലയിൽ സുപ്രീംകോടതി എസ്.സി./എസ്.ടി അട്രോസിറ്റീസ് ആക്ടുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു വിധി പുറപ്പെടുവിച്ചിരിക്കുന്നു. ഈ സുപ്രധാന വിധിയുണ്ടായ വിചാരണ വേളയിൽ സുപ്രീംകോടതിയിൽ കേന്ദ്ര സർക്കാർ അഭിഭാഷകർ എതിർത്തില്ലെന്ന വാർത്തകളാണ് പുറത്തുവരുന്നത്. ആർ.എസ്.എസ്./ സംഘ്പരിവാർ നേതൃത്വത്തിൽ രാജ്യവ്യാപകമായി ദളിത് ന്യൂനപക്ഷവേട്ട നടക്കുമ്പോൾ ഈ സുപ്രധാന വിധി അക്രമികളെ സംരക്ഷിക്കാനാണ് ഉപകരിക്കുക. ഈ സാഹചര്യത്തിൽ ഈ വിധിക്കെതിരെ സംസ്ഥാന സർക്കാർ എന്ന നിലയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. എ. പി. അനിൽകുമാർ ഒരു സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ആ സമയത്ത് വിശദമായി കാര്യങ്ങൾ സൂചിപ്പിക്കാം. ഇത് വളരെ ശരിയാണ്. 1989-ലെ പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് ഇന്ത്യയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ചിടത്തോളം വലിയൊരു ആശ്വാസമായിരുന്നു. അതിന്റെ ഇന്റൻഷൻ

തന്നെ ഇല്ലാതാക്കുന്ന രൂപത്തിലുള്ള ഒരു വിധിയാണ് നിർഭാഗ്യവശാൽ ഇക്കഴിഞ്ഞ 20-ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ളത്. ശ്രീ. കെ. വി. വിജയദാസ് പറഞ്ഞത് ശരിയാണ്. കേന്ദ്ര സർക്കാരിനുവേണ്ടി ഈ കേസുമായി ബന്ധപ്പെട്ട് സർക്കാരിന്റെ വാദങ്ങളും നിയമത്തിന്റെ ഉദ്ദേശ്യവും കോടതിയെ ഫലപ്രദമായി ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ രൂപത്തിലുള്ള ഒരു ഉത്തരവ് വരില്ലായിരുന്നു. ഇതിന്റെ ഫലമായി നമ്മുടെ രാജ്യത്ത് ശക്തമായിട്ടുള്ള ജനരോഷം ആളിക്കത്തുകയാണ്. അതിന്റെ ഏറ്റവും ദുരന്തമായ ചിത്രമാണ് ഇന്നലെ നമ്മൾ കണ്ടത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ കത്തയച്ചിട്ടുണ്ട്. വിധി വന്ന രണ്ട് ദിവസത്തിനുള്ളിൽ തന്നെ റിവ്യൂ പെറ്റീഷൻ നൽകണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു കാര്യങ്ങളെ സംബന്ധിച്ച് എന്താണ് ചെയ്യാൻ സാധിക്കുകയെന്നത് സർക്കാർ ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം വർദ്ധിച്ചു വരികയാണോ; അതോടൊപ്പംതന്നെ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സേവനം പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, മുൻകാലങ്ങളിലേക്കാൾ കൺവിക്ഷൻ റേറ്റ് ഇപ്പോൾ കൂടി വരുന്നുണ്ട്. സാധാരണ നിലയിൽ കോടതിയിൽ എത്തിക്കഴിഞ്ഞാൽ പല കാരണങ്ങളാൽ കേസ് തള്ളിപോകാറാണുള്ളത്. ഇപ്പോൾ അതല്ല കാണുന്നത്. 2015-ൽ 7.34 ശതമാനം കൺവിക്ഷനുണ്ടായിരുന്നത് 2016-ൽ 7.94 ശതമാനവും 2017-ൽ 7.85 ശതമാനവും ആയിട്ടുണ്ട്. കൺവിക്ഷൻ റേറ്റ് കൂടുകയാണ്. പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് പ്രകാരം ഇതുവരെ 2228 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയുടെ കീഴിൽ 14 ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റികളും 62 താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റികളും നിലവിലുണ്ട്. ഈ സ്ഥാപനങ്ങൾവഴി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വരുമാന പരിധി പരിഗണിക്കാതെ സൗജന്യ നിയമസഹായം നൽകിവരുന്നുണ്ട്. ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സേവനം സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത് മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അതായത് മൂന്ന് ലക്ഷം രൂപ വരുമാന പരിധിക്കുള്ളിലുള്ളവർക്കു മാത്രമേ സൗജന്യമായി ലീഗൽ സർവ്വീസ് അനുവദിക്കാറുള്ളൂ. എസ്.സി./എസ്.ടി. വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം പരിധിയില്ല.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, മാനന്തവാടി, വൈത്തിരി ജയിലുകളിലായി 17 ആദിവാസികളെ പോക്സോ നിയമമനുസരിച്ച് തടവിലാക്കിയിരിക്കുകയാണ്. യഥാർത്ഥത്തിൽ അത് ആദിവാസികൾക്കിടയിലുള്ള ആചാരപ്രകാരമുള്ള ബാല വിവാഹമാണ്. ബാല വിവാഹ നിരോധന നിയമപ്രകാരം കേസെടുക്കുന്നതിന് പകരം പോക്സോ നിയമമനുസരിച്ച് കേസെടുക്കുന്നതിന്റെ ഫലമായും ആധാരം ഇല്ലാത്തതുകൊണ്ടും ജാമ്യം ലഭിക്കാതിരിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സേവനം പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുന്നതിനും ഈ നിയമം തെറ്റായ രീതിയിൽ ഉപയോഗിക്കുന്നത് തടയാനും കഴിയുമോ; ഇവർക്ക് കോമ്പൻസേഷൻ നൽകുന്ന കാര്യവും വിശദമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: ഇക്കാര്യം പരിശോധിച്ച് പറയാം.

ശ്രീ. പി. ടി. എ. റഹീം: സർ, മലപ്പുറം ജില്ലയിലെ മഞ്ചേരി, വയനാട് ജില്ലയിലെ മാനന്തവാടി, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് എന്നീ നാല് സ്ഥലങ്ങളിൽ മാത്രമാണ് സ്പെഷ്യൽ കോടതികളുള്ളത്. ഇത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതുമായി ബന്ധപ്പെട്ട് നാല് ജില്ലകളിൽ നാല് സ്പെഷ്യൽ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു ജില്ലകളിലെ കേസുകളുടെ എണ്ണം നോക്കി സർക്കാർ പരിശോധിക്കുന്നതായിരിക്കും. മറ്റേതെങ്കിലും സ്ഥലത്ത് ആവശ്യമുണ്ടെന്ന് തോന്നിയാൽ അവിടെ നമുക്ക് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. യു. ആർ. പ്രദീപ്: സർ, നിലവിൽ പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കേസുകൾ വർദ്ധിച്ചു വരികയാണോ; എങ്കിൽ കണക്ക് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇപ്പോൾ പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. ചില കേസുകൾ പോലീസ് സ്റ്റേഷനിൽ എത്തുന്നതിനെക്കാൾ മുമ്പുതന്നെ പല സമ്മർദ്ദങ്ങളാൽ ഒത്തുതീർപ്പാകുന്നുണ്ട്. കേസുകൾ കോടതിയിൽ എത്തിക്കഴിഞ്ഞാൽ തന്നെ തള്ളിപ്പോകാറാണ് പതിവ്. അതുകൊണ്ടാണ് കൺവിക്ഷൻ റേറ്റ് നമ്മൾ ഉദ്ദേശിക്കുന്ന രൂപത്തിൽ വർദ്ധിക്കാത്തത്. എന്നാലും ഇപ്പോൾ ഗണനീയമായി വർദ്ധിക്കുന്നുണ്ട്. പല കേസുകളും കോടതിയിൽ എത്തുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം നിയന്ത്രിക്കൽ

4 (*634) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി മരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ടോ;

(ബി) സ്കൂളുകൾക്ക് സമീപമുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന മാനസിക രോഗത്തിനുള്ള മരുന്നുകളും കഫ് സിറപ്പും വേദന സംഹാരികളും കുട്ടികൾ ലഹരിക്കായി ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ഇത്തരം മെഡിക്കൽ സ്റ്റോറുകൾ അതാത് ജില്ലകളിലെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്കൂളുകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി സ്കൂൾ കുട്ടികളെ ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി മരുന്ന് ഉപയോഗ റിപ്പോർട്ടുകൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ അംഗീകൃത ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ യാതൊരുവിധ മരുന്നുകളും വിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തു ന്നതിനായി ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തിവരുന്നു. വിദ്യാലയങ്ങളുടെ സമീപത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽ ഇപ്രകാരമുള്ള തെറ്റായ പ്രവണതകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ അംഗങ്ങളുടെയടക്കം

സഹകരണത്തോടെ നിരന്തര നിരീക്ഷണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തിയുടെ" പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി വിവിധ തലത്തിലുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിയായി ഉപയോഗിക്കാവുന്നതരം മരുന്നുകൾ അനധികൃതമായി വിൽപ്പന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും നിയമലംഘനം നടത്തുന്നവർക്കുമെതിരെ കർശന നടപടി യെടുക്കുന്നതിനും ഇക്കാര്യത്തിൽ പ്രതിമാസ അവലോകനയോഗം നടത്തുന്നിനും എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തിയുടെ" ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിലെ പ്രഗത്ഭരായ ഡോക്ടർമാരെയും സൈക്കോളജിസ്റ്റുമാരെയും പങ്കെടുപ്പിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. സ്കൂൾ കുട്ടികളെ ലഹരിയുടെ വഴിയിൽനിന്നും മോചിപ്പിക്കുന്നതിന് ഏറെ ജാഗ്രതയോടുകൂടിയ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

**മൃഗശാല വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ**

5 (*635) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗശാല വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) മൃഗങ്ങളുടെ തനത് ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് സന്ദർശകർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) മൃഗശാലയിലേക്ക് പുതുതായി മൃഗങ്ങളെ കൊണ്ടുവരുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ;

(ഡി) മറ്റു മൃഗശാലകളിൽ നിന്നുള്ള മൃഗങ്ങളേയും പക്ഷികളേയും എത്തിച്ചതിന്റെ വിവരങ്ങൾ അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർപ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജലപക്ഷികൾക്കുവേണ്ടിയുള്ള വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരമായ വിശ്രമ മുറി ചേർന്ന ടോയ്‌ലെറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ചിട്ടുണ്ട്. അക്വാറിയത്തിന്റെ നവീകരണം, ഇന്ത്യൻ കാട്ടുപോത്തുകൾക്കു വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം എന്നിവയും തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്കുവേണ്ടിയുള്ള പരിബന്ധനം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം, ഇന്ത്യൻ കാട്ടുപോത്തിനെ പാർപ്പിക്കുന്നതിന് നിലവിലുള്ള കൂടിനെ സജ്ജമാക്കൽ എന്നീ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും തൃശ്ശൂർ മൃഗശാലയിൽ ആധുനിക രീതിയിലുള്ള അക്വാറിയം നിർമ്മാണം നടത്തുന്നതിന് ഗവൺമെന്റ് അക്രെഡിറ്റേഷൻ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീ-ഫാബ് ലിമിറ്റഡിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിൽ ചിത്രശലഭങ്ങൾക്കുവേണ്ടിയുള്ള പാർക്കിന്റെ നിർമ്മാണം 2018-19 സാമ്പത്തിക വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മൃഗങ്ങളുടെ തനത് ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് സന്ദർശകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ സ്ത്രീ സൗഹാർദ്ദപരമായ ടോയ്‌ലെറ്റ്, വിശ്രമ മുറി, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് 2017-18 സാമ്പത്തികവർഷത്തെ ഗ്രീൻ ബുക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്റർപ്രട്ടേഷൻ സെന്റർ, മൃഗശാലയിൽ കുടിവെള്ള യൂണിറ്റുകൾ എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) മൃഗശാലകൾ തമ്മിൽ മൃഗങ്ങളെ കൈമാറുന്നതിനുള്ള സമ്മതപ്രകാരം കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങുകയും വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ വാങ്ങിയുമാണ് ഇന്ത്യയിലെ മറ്റ് മൃഗശാലകളിൽനിന്ന് മൃഗങ്ങളെ കൊണ്ടു വരുന്നത്. കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം, വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിന്റെ അനുമതി, കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, CITES-ന്റെ അനുമതി എന്നീ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാണ് വിദേശത്തുനിന്നും മൃഗങ്ങളെ കൊണ്ടുവരുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാഗാലാന്റ് മൃഗശാല യിൽനിന്നും ഒരു ജോഡി ഏഷ്യാറ്റിക് കരടികൾ, വണ്ടല്ലൂർ മൃഗശാലയിൽനിന്നും രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൺ, 2 ജോഡി വെള്ള മയിലുകൾ, കാൺപൂർ മൃഗശാലയിൽനിന്നും ഒരു ജോഡി കഴുതപ്പുലി എന്നിവയാണ് തിരുവനന്തപുരം മൃഗശാലയിലെത്തിച്ചിട്ടുള്ളത്.

## മെന്റർ ടീച്ചർ പദ്ധതി

6 (*636) ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആരംഭിച്ച മെന്റർ ടീച്ചർ പദ്ധതി ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ഡയറ്റുകളിലെ അദ്ധ്യാപകരുടെ കുറവ് മെന്റർ ടീച്ചർ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തടസ്സമായിട്ടുണ്ടോ; എങ്കിൽ അദ്ധ്യാപകരുടെ കുറവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഏതെല്ലാം വിധത്തിൽ സഹായിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ ബി.എഡ്./ ഡി.എഡ് പാസ്സായ അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്നതാണ് "ഗോത്രബന്ധു പദ്ധതി." പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഗോത്രബന്ധു പദ്ധതിപ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ മറ്റ് ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനായി പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4-ാം ക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ, പട്ടികവർഗ്ഗ വിഭാഗത്തിൽ ടി.ടി.സി./ബി.എഡ്/ഡി.എഡ്. പാസ്സായവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

2017-18 അദ്ധ്യയന വർഷം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുകയും വയനാട് ജില്ലാ സർവ്വശിക്ഷാ അഭിയാൻ മുഖേന ടി അദ്ധ്യാപകർക്ക് 3 ദിവസത്തെ റസിഡൻഷ്യൽ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുകയും ചെയ്തു. 2018-19 വർഷവും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയ ഹാജർ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് പ്രതിമാസ ഓണറേറിയം അനുവദിച്ചുനൽകുന്നു.

(ബി) വയനാട് ജില്ലയിലാണ് ഗോത്രബന്ധു പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്. അവിടെ അദ്ധ്യാപകരുടെ കുറവ് ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അദ്ധ്യാപകരുടെ നിയമനം നടത്തുന്നത് വിദ്യാഭ്യാസ വകുപ്പാണ്.

(സി) ഗോത്രബന്ധു പദ്ധതിപ്രകാരം നിയമിതരായിട്ടുള്ള മെന്റർ ടീച്ചർമാർ ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിൽ എത്തിക്കുകയും കൊഴിഞ്ഞു പോക്കിന് പ്രധാന കാരണങ്ങളിലൊന്നായ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി ഒന്നാം ക്ലാസ്സിലെ അദ്ധ്യാപകർക്കൊപ്പം നിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും സ്കൂളുകളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുകയും സഹഅദ്ധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ഈ മേഖലയിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതുമൂലം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ടി പദ്ധതി വളരെയധികം സഹായിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വികസന പദ്ധതികൾ**

7 (*637) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസനത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യമെത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി ഏത് ഘട്ടത്തിലാ ണെന്നറിയിക്കാമോ;

(ബി) ഇതിനകം എത്ര പട്ടികജാതി കോളനികളിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചുവെന്നറിയിക്കുമോ;

(സി) ഹാംലെറ്റ് പദ്ധതിയിൽ എത്ര കോളനികളെ ഇതിനകം തെരഞ്ഞെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കാമോ;

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അഴിമതിമുക്തമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(എഫ്) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) വികസനത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യമെത്തിക്കുന്നതിന് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമവികസന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇതിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം കോളനികളെ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സ്വയംപര്യാപ്ത ഗ്രാമം

2012-13-ൽ തെരഞ്ഞെടുത്ത 114 കോളനികളിൽ പ്രവർത്തനം നടന്നുവരുന്നു. 2013-14-ൽ തെരഞ്ഞെടുത്ത 96 കോളനികളിൽ പ്രവർത്തനം നടന്നുവരുന്നു.

അംബേദ്കർ ഗ്രാമവികസന പദ്ധതി

അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം 230 കോളനികളെ തെരഞ്ഞെടുക്കുകയും ഇതിൽ 90 കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനം ലക്ഷ്യമിട്ട് ആരംഭിച്ച ഹാംലെറ്റ് വികസന പദ്ധതിയിൽ ഉൾപ്പെട്ട കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | തെരഞ്ഞെടുത്ത കോളനികളുടെ എണ്ണം | പദ്ധതി നടപ്പിലാക്കിയ കോളനികളുടെ എണ്ണം |
|---|---|---|
| 2013-14 | 18 | 18 |
| 2014-15 | 25 | 23 |
| 2015-16 | 10 | 5 |
| ആകെ | 53 | 46 |

(ഡി) ഹാംലെറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസിയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു*.

(ഇ) <u>പട്ടികജാതി വിഭാഗം</u> :

ഏജൻസികൾ സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾ അംഗീകരിച്ച് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി MoU ഒപ്പുവച്ച് ഉടൻ പദ്ധതി ആരംഭിക്കേണ്ടതും ആറ് മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്നും ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏജൻസികൾ പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് നൽകുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വിഭാഗം</u>:

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അഴിമതിമുക്തമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്.

1. ഊരുകൂട്ടങ്ങളിൽ പദ്ധതികൾ ചർച്ച ചെയ്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഇത്തരത്തിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുകയും ചെയ്യുന്നു. 25 ലക്ഷത്തിനുമുകളിലുള്ള പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെയും നടപ്പിലാക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനമാത്രം വിതരണം ചെയ്യുന്നു. ഭവന പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്യുന്നതിന് നടപടികൾ പൂർത്തിയായിട്ടുണ്ട്.

3. പദ്ധതിയുടെ കാലതാമസം ഒഴിവാക്കി കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതിനായി വകുപ്പുതല വീഡിയോ കോൺഫറൻസിനു പുറമെ ജില്ലാതല/സംസ്ഥാനതല അവലോകന യോഗങ്ങൾ ചേർന്ന് വിലയിരുത്തിവരുന്നു. നടപ്പിലാക്കാൻ അസാദ്ധ്യമായ പദ്ധതികൾക്ക് പകരം പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അവലോകന യോഗങ്ങൾ സഹായിക്കുന്നുണ്ട്.

(എഫ്) വകുപ്പ് തലങ്ങളിലുള്ള ആഡിറ്റ് സംവിധാനം നിലവിലുള്ളതിനാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

**പട്ടികജാതി ഉപപദ്ധതി**

8 (*638) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പട്ടികജാതി ഉപ പദ്ധതി (എസ്.സി.എസ്.പി.) പ്രകാരം നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതിക്കാർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളായ ഭവന രാഹിത്യവും ഭൂരാഹിത്യവും പരിഹരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) തൊഴിലിനും തൊഴിൽ പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി.) പ്രകാരം നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി
2. ഭവനരഹിതർക്ക് ഭവനം
3. പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്
5. പഠനമുറികൾ
6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും
7. പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)
8. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം
9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം
10. വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃക റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്
11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം
12. തൊഴിലിനും പരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുമുള്ള സഹായം
13. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായം
14. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം
15. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

16. വാത്സല്യനിധി പദ്ധതി

17. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

18. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

    (a) പ്രധാനമന്ത്രി ആവാസ് യോജന (പ്രത്യേക ഘടക പദ്ധതി 40% സംസ്ഥാന വിഹിതം)

    (b) എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടകപദ്ധതി (40% സംസ്ഥാന വിഹിതം)

19. പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം.

കൂടാതെ താഴെപ്പറയുന്ന 100% കേന്ദ്ര സഹായ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

i. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

ii. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

iii. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന

iv. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ

v. 9-ഉം 10-ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുൻസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനും ഗ്രാമ/ മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000, 4,50,000, 6,00,000 രൂപ ഗ്രാന്റായി അനുവദിക്കുന്നു. ഭൂരഹിത പുനരധിവാസ പദ്ധതിക്കായി 2017-18 സാമ്പത്തികവർഷം ബജറ്റ് വിഹിതമായി 18000 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വിഹിതത്തിൽ 26-3-2018 വരെ 16676.632 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമപ്രദേശത്ത് 2 സെന്റും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാ ലിസ്റ്റിൽപ്പെട്ട പട്ടികജാതി വിഭാഗക്കാരായ ഭവനരഹിതർക്കാണ് ഭവനനിർമ്മാണ ധനസഹായ പദ്ധതിപ്രകാരം സഹായം അനുവദിക്കുന്നത്. ഭവനനിർമ്മാണ ധനസഹായ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 50,000 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വിഹിതത്തിൽ 16-3-2018 വരെ 42939.993 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾവഴി നടത്തിവരുന്നു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി., ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നീ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി KAICO-യുമായി ബന്ധപ്പെട്ട് നടത്തിവരുന്നു.

3. സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സഹായവും നൽകിവരുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി Revolving Fund നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി.

5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

6. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതീ യുവാക്കൾക്ക് (വകുപ്പ് മുഖേന) 1 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.

## മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വീകരിച്ച നടപടി

9 (*639) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. അനിൽ അക്കര :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം വേതനം പുതുക്കി മൂന്ന് വർഷം പൂർത്തിയാക്കിയ എല്ലാ മേഖലകളിലും ആയത് പുതുക്കി നിശ്ചയിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ ഭരണ കാലത്ത് ഏതൊക്കെ മേഖലകളിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചത്;

(സി) അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മിനിമം വേതനം വിജ്ഞാപനത്തിന്റെ കാലാവധി പരമാവധി 5 വർഷം വരെയാണ്. ടി മേഖലകളിൽ മിനിമം വേതന ഉപദേശക സമിതികളുടെ പരിഗണനയിലുള്ളവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് 22 മേഖലകളിലെ മിനിമം വേതനമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ടി മേഖലകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ആദർശ് ഗ്രാമം പദ്ധതി**

10 (*640) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ബാബു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി പ്രധാനമന്ത്രി ആദർശ് ഗ്രാമം പദ്ധതി (PMAGY) നടപ്പാക്കി വരുന്നുണ്ടോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പദ്ധതിക്കായുള്ള കേന്ദ്രവിഹിതം എത്രയാണെന്നും ഇതിനായി സംസ്ഥാന സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പട്ടികജാതിയിൽപ്പെട്ട യുവജനങ്ങളുടെ തൊഴിൽ ലഭ്യതയ്ക്കായി എന്തെല്ലാം കാര്യങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ-ഡി) പ്രധാനമന്ത്രി ആദർശ് ഗ്രാമം പദ്ധതി (PMAGY) യിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല.

**വനസംരക്ഷണ പദ്ധതികൾ**

11 (*641) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനസംരക്ഷണത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കാട്ടുതീ അതിവേഗം കണ്ടെത്തി പ്രതിരോധിക്കുന്നതിനുള്ള സംവിധാനം വനം വകുപ്പിനുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള സംവിധാനം ഒരുക്കുമോ എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനസംരക്ഷണത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. വനങ്ങളെ കാട്ടുതീയിൽനിന്ന് സംരക്ഷിക്കുന്നതിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഫയർ അലെർട്ട് സിസ്റ്റം നടപ്പിലാക്കി. അതോടൊപ്പം കാട്ടുതീ സാദ്ധ്യത മുൻകൂട്ടി അറിയാൻ ഫയർ വാണിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. ഇവ വഴി കാട്ടുതീ അപ്പപ്പോൾ കൃത്യസ്ഥലമടക്കം കണ്ടെത്തി അണയ്ക്കുന്നതിന് നടപടി എടുക്കാനും കാട്ടുതീ സാദ്ധ്യതാ പ്രദേശങ്ങളിൽ ജാഗ്രത പാലിച്ച് നാശനഷ്ടങ്ങൾ ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.
2. 316.40161 ഹെക്ടർ വനഭൂമി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി വനനിയമം സെക്ഷൻ (4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി പ്രഖ്യാപിച്ചിട്ടുണ്ട്.
3. വനം വകുപ്പ് പാട്ടത്തിന് നൽകിയ സ്ഥലങ്ങൾ സംബന്ധിച്ച വിവരശേഖരണം നടത്തി ക്രോഡീകരിക്കുന്നതിനായി ഒരു ലീസ് മൊഡ്യൂളിന് രൂപം നൽകി നടപ്പിലാക്കിയിട്ടുണ്ട്.
4. 2018-19-ൽ അരിപ്പ ഫയർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ശാക്തീകരണം നടത്തി ഒരു മാതൃകാ കാട്ടുതീ പ്രതിരോധ പരിശീലന കേന്ദ്രമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.
5. അട്ടപ്പാടിയിലെ ചന്ദന സ്വാഭാവിക പുനരുജ്ജീവന പ്രദേശത്തിന് മറയൂർ ചന്ദന റിസർവിന് നൽകുന്ന രീതിയിൽ സംരക്ഷണം നൽകുന്നതിന് 2018-19 വർഷത്തേയ്ക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഇവ കൂടാതെ വനസംരക്ഷണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന താഴെപ്പറയുന്ന കാര്യങ്ങൾ കൂടുതൽ ഊർജ്ജിതമായി നടപ്പാക്കുന്നുണ്ട് :

1. വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് പദ്ധതികൾ നടപ്പാക്കുന്നു. മുൻവർഷങ്ങളിൽ പ്രതിവർഷം ശരാശരി 4000-ത്തോളം ജണ്ടകൾ നിർമ്മിച്ച സ്ഥാനത്ത് 2016-17, 2017-18 വർഷങ്ങളിലായി ഓരോ വർഷവും 12500-ഓളം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്.

2. വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിദ്ധ്യശോഷണം തടയുന്നതിനുമായി ജനപങ്കാളിത്തത്തോടെ വനസംരക്ഷണവും വനപരിപാലനവും നടപ്പാക്കുന്നുണ്ട്.

3. മനുഷ്യനും വന്യമൃഗങ്ങളുമായുള്ള സംഘർഷം ലഘൂകരിക്കുന്നതിന് വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു.

4. കാലാവസ്ഥാ വ്യതിയാനംകൊണ്ടുള്ള ദോഷഫലങ്ങൾ പരിമിതപ്പെടുത്തുവാൻ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്തോടെ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.

5. വനാതിർത്തി സർവ്വേ ചെയ്യുന്നതിന് ഉദ്യോഗസ്ഥരുടെ അഭാവം പരിഗണിച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തലത്തിലുള്ള 30 പേരടങ്ങുന്ന 5-ാം ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കുകയും 6-ാം ബാച്ചിന്റെ പരിശീലനം ആരംഭിക്കുകയും ചെയ്തു. ഇതിനകം വിജയകരമായി പരിശീലനം പൂർത്തിയാക്കിയവരെ വനാതിർത്തി സർവ്വേ ജോലികൾക്ക് ഉപയോഗിച്ചുവരുന്നുണ്ട്.

(ബി) കാട്ടുതീ കണ്ടെത്തി പ്രതിരോധിക്കുന്നതിനായി ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്. കാട്ടുതീ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ജാഗ്രത പുലർത്തുന്നതിനായി ഫയർ വാണിംഗ് സംവിധാനവും പ്രയോജനപ്പെടുത്തിവരുന്നു.

**ജനനി-ജന്മരക്ഷാ പദ്ധതി**

12 (*642) ശ്രീ. ആർ. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണത്തിനായി ജനനി-ജന്മരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി പ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പോഷകാഹാരക്കുറവുമൂലം അമ്മമാർക്കും കുട്ടികൾക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതിക്കായി എത്ര തുക 2018-19 സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ടെന്നും ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) ഉണ്ട്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ജനനി-ജന്മരക്ഷാ എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയുംവരെ പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) ജെ.പി.എച്ച്.എൻ., ആശാ വർക്കർ എന്നിവർ മുഖേന ഗർഭിണികൾ രജിസ്റ്റർ ചെയ്യുകയും രക്തസമ്മർദ്ദം, ഹീമോഗ്ലോബിൻ, ശരീരഭാരം തുടങ്ങിയവ സംബന്ധിച്ച ഗർഭകാല പരിശോധന നടത്തുകയും ചെയ്യുന്നു. നവജാത ശിശുവിന് ആവശ്യമായ വാക്സിനുകൾ നൽകുന്ന കാര്യവും ഉറപ്പുവരുത്തപ്പെടുന്നു. ശിശുവിന് 1 വയസ്സാകുന്നതുവരെ ആനുകൂല്യം നൽകുന്നു. പോഷകാഹാരം ആവശ്യാനുസരണം വാങ്ങി ഉപയോഗിക്കുന്നതിനാണ് പദ്ധതിപ്രകാരം തുക അനുവദിക്കുന്നത്.

(ഡി) പദ്ധതിയെപ്പറ്റി പ്രൊമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ മുഖേന വ്യാപകമായ പ്രചരണം നടത്തുന്നു. അർഹരായവരുടെ വിവരങ്ങൾ യഥാസമയം ആരോഗ്യ പ്രവർത്തകരും പ്രൊമോട്ടർമാരും ശേഖരിക്കുകയും ആനുകൂല്യത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. യഥാസമയം സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ബാങ്ക് അക്കൗണ്ട് വഴിയാണ് തുക നൽകുന്നത്. ജനനി-ജന്മരക്ഷാ പദ്ധതിക്കായി 2018-19 സാമ്പത്തികവർഷം ആകെ 16 കോടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം

13 (*643) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിമുക്തി എന്ന പേരിൽ ലഹരി വിരുദ്ധ ബോധവൽക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) കൂടുതൽ മദ്യഷോപ്പുകൾ തുറന്ന് മദ്യത്തിന്റെ വ്യാപനം നടക്കുന്ന സാഹചര്യത്തിൽ മദ്യത്തിനെതിരെ സർക്കാർ നടത്തുന്ന പ്രചരണം വിജയപ്രദമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) എക്സൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ വഴി 2017 ൽ എത്രപേരെ ലഹരിയിൽ നിന്നും മോചിപ്പിക്കുവാൻ സാധിച്ചു;

(ഡി) പുനരധിവാസ സംവിധാനമുള്ള മാതൃകാ ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുവാനുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിന് എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമാണോയെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) രൂപീകരിച്ചിട്ടുണ്ട്. സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായ മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടു വരുന്നതും ലഹരി വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതും വിമുക്തി മിഷന്റെ പ്രധാന ദൗത്യങ്ങളിൽപ്പെടുന്നു. നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി ലഹരിയുടെ നീരാളിപ്പിടുത്തത്തിൽനിന്നും മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിവരുന്നു. ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സാമൂഹ്യ സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും സംസ്ഥാന ജില്ലാ വാർഡുതലത്തിൽ വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) മദ്യശാലകൾ വ്യാപിപ്പിക്കുക എന്നത് സർക്കാരിന്റെ നയമല്ല. കേരള സമൂഹത്തിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിലെ മദ്യാസക്തിയും ലഹരി മരുന്നുകളുടെ ഉപഭോഗവും ലഘൂകരിക്കുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'യിലൂടെ നടപ്പിലാക്കിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ടെന്ന് സർക്കാർ വിലയിരുത്തുന്നു. മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ടുമാത്രം മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപഭോഗം കുറയുകയില്ല എന്നത് യാഥാർത്ഥ്യമാണ്. മദ്യ ഉപഭോഗത്തിനെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലേയ്ക്ക് ജനങ്ങളെ എത്തിക്കുക എന്ന ദൗത്യത്തിനാണ് സർക്കാർ ഊന്നൽ നൽകിയിട്ടുള്ളത്.

(സി) എക്സൈസ് വകുപ്പിന്റെ കീഴിൽ ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നില്ല.

(ഡി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനത്തിന്റെ ഭാഗമായി ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ അന്തർദ്ദേശീയ നിലവാരത്തിൽ, പുനരധിവാസ സംവിധാനമടക്കമുള്ള ഒരു ഡീ-അഡിക്ഷൻ സെന്റർ, കോഴിക്കോട് തുടങ്ങുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മാതൃകാ ഡീ-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

14(*644) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ക്ഷേമനിധി ബോർഡുകളുടെ ദൈനംദിന പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യവിതരണം, പെൻഷൻ വിതരണം എന്നിവ നടപ്പിലാക്കുന്നതിനായി ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ച് എല്ലാ ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ക്ഷേമനിധി ബോർഡുകളിലൂടെ അംഗങ്ങൾക്ക് വിവിധ പദ്ധതികൾ പ്രകാരം നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതുവഴി രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ്‌വെയർ മുഖേന ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി 'സേവന' സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്.

(ബി&സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ബോർഡുകൾക്ക് പൊതുവായ ഒരു സോഫ്റ്റ്‌വെയർ നിലവിലില്ല. എന്നാൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ സ്വന്തമായ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം എന്നിവ കമ്പ്യൂട്ടറൈസേഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി 'സേവന' സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്.

(ഡി) കേരള ചുമട്ടുത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ, ചികിത്സാ സഹായം, മരണാനന്തര സഹായം, എക്സ്ഗ്രേഷ്യ എന്നിവയും കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി ബോർഡിൽ വിവാഹ ആനുകൂല്യം, മരണാനന്തര ചെലവ്, ചികിത്സാ സഹായം എന്നിവയും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ-സുരക്ഷാ ബോർഡിൽ വിവാഹ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശകളും സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിലെയും വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലഹരി ഉപഭോഗം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

15 (*645) ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ എത്ര മദ്യശാലകൾ ഉണ്ടായിരുന്നെന്നും നിലവിൽ എത്രയുണ്ടെന്നും ഈ സർക്കാർ പുതുതായി ഏതെങ്കിലും മദ്യശാലയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാർ മദ്യനിരോധനം ഏർപ്പെടുത്തിയിരുന്നോ;

(സി) 2015-16 വർഷം വിറ്റ മദ്യത്തിന്റെ അളവ് മുൻ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞ 2010-11 വർഷത്തെ അളവുമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ള കണക്കുണ്ടോ; എങ്കിൽ അറിയിക്കാമോ;

(ഡി) ലഹരി ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിന് ഈ സർക്കാർ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ നിലവിലുണ്ടായിരുന്ന മദ്യശാലകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| ബാർ | 29 |
| ബീയർ/വൈൻ പാർലർ | 813 |
| വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ | 306 |
| ക്ലബ്ബുകൾ | 32 |
| ക്യാന്റീൻ | 46 |
| കള്ള് ഷാപ്പ് | 4234 |
| ആകെ | 5460 |

ഇപ്പോൾ പ്രവർത്തിക്കുന്ന മദ്യശാലകളുടെ എണ്ണം ചുവടെപ്പറയുംപ്രകാരമാണ് :

| | |
|---|---|
| ബാർ | 287 |
| ബീയർ/വൈൻ പാർലർ | 427 |
| വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ | 300 |
| ക്ലബ്ബുകൾ | 34 |
| ക്യാന്റീൻ | 37 |
| കള്ള്ഷാപ്പ് | 3791 |
| ആകെ | 4876 |

പുതുതായി അനുവദിച്ചവയുടെ എണ്ണം :

| | |
|---|---|
| ബാർ | 77 |
| ബീയർ/വൈൻ പാർലർ | 13 |
| ക്ലബ്ബുകൾ | 2 |
| ആകെ | 92 |

(ബി) ഇല്ല.

(സി) 2010-11-ലും 2015-16-ലും വിറ്റ മദ്യത്തിന്റെ അളവ് താഴെക്കൊടുക്കുന്നു. (ലക്ഷം കെയ്സിൽ)

| | 2010-11 | 2015-16 |
|---|---|---|
| ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം | 217.41 | 201.75 |
| ബീയർ | 85.61 | 154.20 |

(ഡി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്.

മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സാമൂഹ്യ സന്നദ്ധ സംഘടനകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തി ആവിഷ്കരിച്ചുവരുന്നു. തീരദേശ മേഖലകൾ, ആദിവാസി കോളനികൾ, സ്കൂൾ/കോളേജ് തലങ്ങൾ എന്നിവിടങ്ങളിലും വിമുക്തിയുടെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ലഹരി വ്യാപനത്തിനെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് നവീന സമൂഹ മാധ്യമങ്ങളിലൂടെ എക്സൈസ് കമ്മീഷണറുമായി പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിന് 9447178000 എന്ന ഔദ്യോഗിക മൊബൈൽ ഫോൺ നമ്പരും ലഹരി മുക്തി പദ്ധതി പ്രകാരം ഐഡിയ മൊബൈൽ കമ്പനി 9061178000 എന്ന നമ്പരിൽ ഒരു സൗജന്യ വാട്ട്സാപ്പ് ലൈനും ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലഭിക്കുന്ന പരാതികളിന്മേൽ 24 മണിക്കൂറിനുള്ളിൽ നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ടെലഫോൺ സംവിധാനവും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരുന്നു.

ലഹരിക്കെതിരെ 'കായികലഹരി' എന്ന സന്ദേശവുമായി കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് കേരളത്തിലെ 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഡീ-അഡിക്ഷൻ സെന്റർ, പുനരധിവാസ സൗകര്യങ്ങളടക്കം രൂപീകരിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി_പൂർത്തീകരിക്കാൻ നടപടി

16 (*646) ശ്രീ. എം. സ്വരാജ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ കിടക്കുന്നതിനാൽ ചെലവ് അധികരിക്കുകയും വൻ നിക്ഷേപം പ്രയോജനരഹിതമായിത്തീരുകയും ചെയ്യുന്ന സ്ഥിതി ഒഴിവാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇത്തരം പദ്ധതികളുടെ നിക്ഷേപ പ്രയോജന വിശകലനം നടത്തിയിരുന്നോ;

(ബി) കടുത്ത വരൾച്ച നേരിടുന്ന തൃശ്ശൂർ ജില്ലയിൽ കൃഷി നാശം തടയാൻ ഉപയുക്തമായ ചാലക്കുടി ഡൈവേർഷൻ സ്കീം പൂർത്തീകരിക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) മൂവാറ്റുപുഴ വാലി, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ തുടങ്ങിയ ദീർഘകാലമായി പൂർത്തീകരിക്കാതെ കിടക്കുന്ന പദ്ധതികളുടെ പരിശോധനക്കായി നിയോഗിച്ച സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജനപ്രദമായ രീതിയിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സാങ്കേതിക സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്.

**ജല അതോറിറ്റി പ്രോജക്ടുകളുടെ വിലയിരുത്തൽ**

17 (*647) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജല വിതരണം നടത്തുന്ന ജല അതോറിറ്റി പല പദ്ധതികളുടെയും പണി മുഴുവൻ പൂർത്തികരിക്കാത്തതും പൈപ്പ് ലൈൻ മാത്രം കുഴിച്ചിട്ടോ അല്ലെങ്കിൽ ശുദ്ധീകരണ പ്ലാന്റ് മാത്രം സ്ഥാപിച്ചോ പണം ചെലവാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പാതി മുടങ്ങി ക്കിടക്കുന്ന ഇത്തരം പദ്ധതികൾ സജീവമാക്കാൻ അക്കൗണ്ടബിലിറ്റി ഓഡിറ്റ് നടത്താൻ തയ്യാറാകുമോ;

(സി) ഓരോ പ്രോജക്ടും സമയബന്ധിതമായി വിലയിരുത്താനും പുരോഗതി റിപ്പോർട്ട് സമർപ്പിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ജല അതോറിറ്റി വാങ്ങുന്ന പൈപ്പുകളുടെ ഗുണമേന്മ, ജല ശുദ്ധീകരണ പ്ലാന്റുകളുടെ ഗുണമേന്മ, സിവിൽ നിർമ്മിതികളുടെ ഗുണമേന്മ എന്നിവ പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നറിയിക്കാമോ;

(ഇ) അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും ഗുണമേന്മയില്ലാത്ത പൈപ്പുകളും ഉപകരണങ്ങളും വാങ്ങി സർക്കാരിനെ വഞ്ചിക്കുന്ന കോൺട്രാക്ടർമാരെ കരിമ്പട്ടികയിൽപ്പെടുത്തി ലൈസൻസ് റദ്ദ് ചെയ്യാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) അതാതു പദ്ധതികളുടെ സവിശേഷതകളനുസരിച്ച് ഉൽപ്പാദന-വിതരണ ഘടകങ്ങൾ ഒരുമിച്ചോ പ്രത്യേക പാക്കേജുകളായോ അനുമതി നൽകി പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നു.

(ബി) വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് കൃത്യമായി ഓഡിറ്റിംഗ് നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) പദ്ധതി നിർവ്വഹണം വിലയിരുത്തുന്നതിനും നിർവ്വഹണ പുരോഗതി യഥാസമയം ബന്ധപ്പെട്ട ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുമായി വിപുലമായ മോണിറ്ററിംഗ് സംവിധാനം കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് പുരോഗതി നേരിട്ട് വിലയിരുത്തുന്നതിനായി ജല അതോറിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥർ വിവിധ പദ്ധതികൾ സന്ദർശിച്ച് അവലോകന യോഗങ്ങൾ നടത്തുകയും മാനേജിംഗ് ഡയറക്ടർ പ്രതിമാസ വീഡിയോ കോൺഫറൻസിംഗ് നടത്തുകയും ചെയ്യുന്നു. വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും വാർഷിക വർക്ക് പ്ലാൻ തയ്യാറാക്കി നൽകുകയും അതനുസരിച്ചുള്ള പ്രവർത്തന പുരോഗതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) ജല അതോറിറ്റി ബി.ഐ.എസ്. അംഗീകാരമുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. പൈപ്പുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഫാക്ടറികളിൽ നേരിട്ട് ചെന്ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷമാണ് വാങ്ങുന്നത്. കൂടാതെ ജല അതോറിറ്റി ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം പരിശോധിക്കാൻ തേർഡ് പാർട്ടി ഇൻസ്പെക്ഷനും നടത്തുന്നുണ്ട്. ഇപ്രകാരം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ പൈപ്പുകൾ സ്ഥാപിച്ചതിനുശേഷം കമ്മീഷൻ ചെയ്യുന്നതിന് മുമ്പ് ഹൈഡ്രോളിക് ടെസ്റ്റിംഗും നടത്തുന്നുണ്ട്. ജലശുദ്ധീകരണശാലകളുടെയും മറ്റ് സിവിൽ നിർമ്മിതികളുടെയും രൂപരേഖ ജല അതോറിറ്റിയുടെ ഡിസൈൻ വിഭാഗമായ "വാസ്കോൺ" അംഗീകരിക്കുന്ന പ്രകാരമാണ് നിർവ്വഹിക്കുന്നത്. ഇപ്രകാരം ജലശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തിയാക്കി ശുദ്ധീകരിക്കുന്ന ജലത്തിന്റെ ഗുണനിലവാരം ലാബുകളിൽ പരിശോധിച്ച് ശുദ്ധീകരണശാലയുടെ പ്രവർത്തന നിലവാരം ഉറപ്പാക്കുന്നുണ്ട്.

ജല അതോറിറ്റിയുടെ സിവിൽ നിർമ്മിതികൾ പൊതുമരാമത്ത് വകുപ്പിന്റെയും ജലഅതോറിറ്റിയുടെയും അംഗീകൃത മാനദണ്ഡങ്ങൾക്കും കോഡുകൾക്കുമനുസരിച്ചാണ് നിർവ്വഹിക്കുന്നത്. നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ടാങ്കുകൾ, ശുദ്ധീകരണശാലയുടെ ഘടകങ്ങൾ മുതലായവ പ്രവൃത്തിക്കുന്നതിനുമുമ്പ് വാട്ടർ ടൈറ്റ്നെസ് ടെസ്റ്റിന് വിധേയമാക്കി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.

(ഇ) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഇതു പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കരാറുകാർക്കും എതിരെ നിയമപരമായി സ്വീകരിക്കാവുന്ന എല്ലാ നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നുമുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നൽകിവരുന്ന വായ്പ**

18 (*648) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയുള്ള വായ്പാ വിതരണത്തിൽ കൈവരിച്ച നേട്ടം വിശദമാക്കുമോ;

(ബി) കോർപ്പറേഷൻ നിലവിൽ നൽകിവരുന്ന വിവിധ തരം വായ്പകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി വായ്പാ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 10488 ഗുണഭോക്താക്കൾക്കായി 115.17 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മാത്രം 5300 ഗുണഭോക്താക്കൾക്കായി 59.81 കോടി രൂപ വിതരണം ചെയ്തിട്ടുള്ളത് കോർപ്പറേഷന്റെ ചരിത്രത്തിലെ തന്നെ എടുത്തു പറയത്തക്ക നേട്ടമാണ്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(സി) വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പട്ടിക വിഭാഗത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി NORKA ROOTS-ന്റെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുള്ള പുതിയ വായ്പാ പദ്ധതി കോർപ്പറേഷന്റെ ഭരണസമിതി പരിശോധിക്കുന്നതാണ്. പദ്ധതി തുകയായി പരമാവധി 20 ലക്ഷം രൂപയും അതിന്റെ 15% വരുന്ന 3 ലക്ഷം രൂപ വരെ NORKA ROOTS ക്യാപിറ്റൽ സബ്സിഡിയായി നൽകുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സഹായങ്ങൾ**

19 (*649) ശ്രീ. ആന്റണി ജോൺ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ചികിത്സാ ധനസഹായത്തിനുള്ള വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചികിത്സാ സഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) പട്ടികവർഗ്ഗക്കാർ സാധാരണയായി ചെയ്യുന്ന ജോലി ചെയ്യുവാൻ സാധിക്കാതെ വരുന്ന വർഷകാലത്ത് അവർക്ക് ആഹാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസഹായ പരിപാടി നടപ്പാക്കിയിട്ടുണ്ടോ;

(ഇ) ഏതെല്ലാം പ്രദേശങ്ങളിലാണ് കമ്മ്യൂണിറ്റി കിച്ചണുകളും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകളും ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുത്ത മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുന്നതിനായുള്ള ജനനി ജന്മരക്ഷാ പദ്ധതി, പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകിവരുന്ന പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നു. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും HLL (Hindustan Lifecare Limited), KMSCL (Kerala Medical Services Corporation Limited) എന്നിവ മുഖേനയുള്ളതുമായ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള 5 ഒ.പി. ക്ലിനിക്കുകൾ, 17 ആയുർവേദ ഡിസ്പെൻസറികൾ, ഒരു ആയുർവേദ ആശുപത്രി, 4 മിഡ്‌വൈഫറി സെന്ററുകൾ എന്നിവ മുഖേനയും ചികിത്സ ഉറപ്പു വരുത്തുന്നു. ഹെൽത്ത് പ്രൊമോട്ടർമാരെ പട്ടികവർഗ്ഗ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഓഫീസുകളുടെ നിയന്ത്രണത്തിൽ 6 ആംബുലൻസുകളും ഉപയോഗിക്കപ്പെടുന്നു. അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre)കളും പ്രവർത്തിക്കുന്നു.

(ബി) പട്ടികവർഗ്ഗക്കാർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായത്തിനുള്ള വരുമാന പരിധി 28-10-2013-ലെ സ.ഉ. (കൈ) നമ്പർ 86/2013/പ.ജ.പ.വ.വി.വ പ്രകാരം 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്ന ടി-ഗ്രാന്റ്സ് സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

(ഇ) അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലായി ആദിവാസി ഊരുകളിൽ 193 കേന്ദ്രങ്ങളിലും വയനാട് ജില്ലയിലെ തിരുനെല്ലി, നൂൽപ്പുഴ, കണിയാമ്പറ്റ എന്നീ പഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കി വരുന്നു. അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലായി 3 ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു.

## കുട്ടനാട് പാക്കേജിന് കീഴിൽ ജലവിഭവ വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ

20 (*650) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന് കീഴിൽ ജലവിഭവ വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) വിവിധ പ്രദേശങ്ങളിലുള്ള പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഫലപ്രാപ്തിയും അറിയിക്കാമോ;

(സി) തോട്ടപ്പള്ളി സ്പിൽവേയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കുട്ടനാട് പാക്കേജിനുകീഴിൽ ജലവിഭവ വകുപ്പ് ആവിഷ്കരിക്കിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കെ. ഇ.എൽ-1

   എഫ്.എം.പി.-കേരളത്തിലെ കുട്ടനാട് മേഖലയിലെ ഗ്രൂപ്പ്-1 ൽപ്പെട്ട 14 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ.

2. കെ. ഇ.എൽ-2

   എഫ്.എം.പി.-കേരളത്തിലെ കുട്ടനാട് മേഖലയിലെ കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ്-9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ.

3. കെ. ഇ.എൽ-3

   എഫ്.എം.പി.-കേരളത്തിലെ കുട്ടനാട് മേഖലയിലെ ഫേസ് -1 ൽപ്പെട്ട (ഗ്രൂപ്പ് 2-5, 7, 8, 10-19) 231 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ.

4. കെ. ഇ.എൽ-4

ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ.

5. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ.

6. ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജക മണ്ഡലത്തിൽപ്പെടുന്ന കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ.

7. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

8. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ.

(i) തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്കുകുറുകെ ബ്രിഡ്ജ്-കം- റെഗുലേറ്ററിന്റെ നിർമ്മാണം.

(ii) ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റെഗുലേറ്ററിന്റെ പുനരുദ്ധാരണം.

(iii) മനയ്ക്കൽചിറ മുതൽ ഒന്നാംകര വരെയുള്ള എ.സി.കനാലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.

പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കുട്ടനാട് പാക്കേജിന്റെ കീഴിൽ വരുന്ന വിവിധ പ്രദേശങ്ങളിലുള്ള പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവയുടെ ഫലപ്രാപ്തിയും അനുബന്ധമായി ചേർക്കുന്നു*.

(സി) വിശദാംശം ചുവടെ ചേർക്കുന്നു :

തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം

കുട്ടനാട്ടിലെ 55000 ഹെക്ടർ വിസ്തൃതിയുള്ള പാടശേഖരത്തിലെ പുഞ്ചകൃഷിയെ ഓരുജല ഭീഷണിയിൽ നിന്നും രക്ഷിക്കുക, വൃശ്ചിക വേലിയേറ്റത്തിൽ താരതമ്യേന ഉയരം കുറഞ്ഞ പുറംബണ്ട് തകർന്നുള്ള കൃഷിനാശം തടയുക, ഗാർഹിക ആവശ്യത്തിന് ജലലഭ്യത വർദ്ധിപ്പിക്കുക,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വേമ്പനാട്ട് കായലിന്റെ ഇരു കരകളിലുമായി സ്ഥിതി ചെയ്യുന്ന രണ്ട് പ്രധാന ജില്ലകളെ റോഡ് മാർഗ്ഗം ബന്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച ഈ പ്രവൃത്തിയുടെ ഒന്നാംഘട്ടമായ തണ്ണീർമുക്കം ഭാഗത്തുള്ള 31 ഷട്ടറുകളും രണ്ട് ലോക്കും 2-ാം ഘട്ടമായ വെച്ചൂർ ഭാഗത്തുള്ള 31 ഷട്ടറുകളും ഒരു ലോക്കും മാറ്റി 62 സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ 83% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ 174.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ</u>

മഴക്കാലങ്ങളിൽ കുട്ടനാട്ടിലെ പ്രളയജലം കടലിലേയ്ക്ക് ഒഴുക്കിവിടുന്നതിനാണ് തോട്ടപ്പള്ളി സ്പിൽവേ രൂപകൽപ്പന ചെയ്തത്. എന്നാൽ അഴിമുഖം മണലടിഞ്ഞ് സ്പിൽവേയുടെ പ്രവർത്തനക്ഷമത കുറയുകയും ഓരോ വർഷവും മഴക്കാലം തുടങ്ങുമ്പോൾ മണ്ണ് നീക്കം ചെയ്ത് സ്പിൽവേയുടെ പ്രവർത്തന ക്ഷമത ഉറപ്പാക്കുകയുമാണ് ചെയ്തുപോരുന്നത്. തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന പദ്ധതിക്ക് 13.49 കോടി രൂപയുടെ ഭരണാനുമതി നൽകി. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി പഴയ എം.എസ്.ഷട്ടറുകൾ മാറ്റി പുതിയ 40 സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുകയും ലീഡിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുമുണ്ട്. നാളിതുവരെ 8.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**കന്നുകാലികളിലെ പകർച്ചവ്യാധികൾ**

21 (*651) <u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നുകാലികളെ പകർച്ചവ്യാധികളിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പകർച്ചവ്യാധികളെക്കുറിച്ച് കന്നുകാലി കർഷകർക്ക് ബോധവൽക്കരണം നൽകാറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പകർച്ച വ്യാധികൾമൂലം കന്നുകാലിനാശം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജന്തുരോഗ നിയന്ത്രണത്തിനായി രൂപവൽക്കരിച്ചിട്ടുള്ള സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രകാരം കുളമ്പുരോഗം, ബ്രൂസെല്ലോസിസ്, അടപ്പൻ (ആന്ത്രാക്സ്), കുരലടപ്പൻ, കരങ്കോറു മുതലായ രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് കൃത്യമായ കാലയളവിൽ നടത്തിവരുന്നു.

(ബി) ഉണ്ട്. സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രകാരം പദ്ധതി നിർവ്വഹണ കാലയളവിലും അല്ലാതെയും കർഷക ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും വിവിധ രോഗങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലഘുലേഖകൾ വിതരണം ചെയ്യുകയും ഇതോടൊപ്പം ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേന ബോധവൽക്കരണവും നടത്താറുണ്ട്.

(സി) വ്യാപകമായ രീതിയിലുള്ള പകർച്ചവ്യാധികൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അങ്ങിങ്ങായി ഒറ്റപ്പെട്ട രോഗബാധകൾ ഉണ്ടായിട്ടുണ്ടെങ്കിലും സമയോചിതമായ രോഗനിയന്ത്രണ നടപടികളിലൂടെ രോഗത്തെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

**വനമേഖലാ നിരീക്ഷണവും വന്യജീവി കണക്കെടുപ്പും**

22 (*652) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ കണക്കെടുപ്പ് നടത്തുന്നുണ്ടോ; എത്രകാലം കൂടുമ്പോഴാണ് കണക്കെടുക്കുന്നത്; വിശദവിവരങ്ങൾ അറിയിക്കാമോ:

(ബി) വന്യജീവി കണക്കെടുപ്പ്, വനമേഖലാ നിരീക്ഷണം എന്നിവ സാങ്കേതിക സഹായത്തോടെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(സി) ഇതിനായി എത്ര ക്യാമറകൾ വനം വകുപ്പിന്റെ കൈവശമുണ്ടെന്നും ആയത് പര്യാപ്തമാണോയെന്നും വ്യക്തമാക്കാമോ;

(ഡി) സിംഹം, കടുവ, പുലി മുതലായ മൃഗങ്ങളെ പ്രത്യേകം തിരിച്ചറിഞ്ഞ് കണക്കെടുക്കുന്നതെങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് വന്യജീവികളുടെ കണക്കെടുപ്പ് നടത്തുന്നുണ്ട്. കടുവ, ആന, വരയാട് എന്നീ വന്യജീവികളുടെ കണക്കെടുപ്പാണ് പ്രധാനമായും നടത്തുന്നത്. കടുവകളുടെ കണക്കെടുപ്പ് 4 വർഷത്തിലൊരിക്കൽ എന്ന ക്രമത്തിൽ 2006, 2010, 2014 എന്നീ വർഷങ്ങളിൽ നടത്തിയിട്ടുണ്ട്. 2018-ലെ കണക്കെടുപ്പ് നടന്നുവരുന്നു. ആനയുടെ കണക്കെടുപ്പ് 2005, 2007, 2010, 2012, 2017 എന്നീ വർഷങ്ങളിലും വരയാടുകളുടെ കണക്കെടുപ്പ് 2016-ലും സംസ്ഥാനത്തൊട്ടാകെ നടത്തിയിരുന്നു.

(ബി) വന്യജീവി കണക്കെടുപ്പ്, വനമേഖലാ നിരീക്ഷണം എന്നിവ സാങ്കേതിക സഹായത്തോടെ ശക്തിപ്പെടുത്തുന്നതിന് ചുവടെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു :

1. മൃഗങ്ങളെ തിരിച്ചറിയാൻ ക്യാമറാ ട്രാപ്പ്
2. കാഷ്ടത്തിൽ നിന്നുള്ള ഡി.എൻ.എ.പരിശോധന
3. ജി.പി.എസ്, റെയിഞ്ച് ഫൈൻഡർ, കോമ്പസ് എന്നിവയുടെ ഉപയോഗം
4. സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ക്യാമറ ട്രാപ്പ് ഫോട്ടോകളുടെ കൃത്യതയാർന്ന തരംതിരിക്കൽ
5. ജി.പി.എസ്. ക്യാമറ എന്നീ സംവിധാനങ്ങളോടുകൂടിയ മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള സർവ്വേ
6. ക്യാമറ ഉപയോഗിച്ച് വനമേഖല നിരീക്ഷിക്കാൻ റിയൽ ടൈം മോണിറ്ററിംഗ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പെരിയാർ കടുവാ സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇതിനായി പറമ്പിക്കുളം, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകളിലായി പ്രവർത്തനക്ഷമമായ 1600 ക്യാമറകൾ നിലവിൽ ലഭ്യമാണ്. ഘട്ടംഘട്ടമായി കണക്കെടുപ്പ് നടത്തുന്നതിനാൽ നിലവിലെ എണ്ണം പര്യാപ്തമാണ്.

(ഡി) പുലി, കടുവ എന്നീ മൃഗങ്ങളുടെ ശരീരത്തിലെ വര/പുള്ളികൾ മനുഷ്യരുടെ വിരലടയാളം പോലെ വ്യത്യസ്തമാണ്. വനാന്തർഭാഗത്ത് ഓരോ 4 ച. കി. മീ. ഗ്രിഡിലും വെച്ചിട്ടുള്ള ക്യാമറാ ട്രാപ്പിൽ പതിയുന്നവയുടെ ക്യാമറാ ട്രാപ്പ് ഫോട്ടോകൾ പരിശോധിച്ച് ഓരോ മൃഗത്തെയും വേർതിരിച്ചറിയാൻ കഴിയുന്നു. കാഷ്ടത്തിൽ നിന്നുള്ള ഡി.എൻ.എ. പരിശോധനയിൽ നിന്ന് മൃഗങ്ങളെ തിരിച്ചറിയാനും ജനിതക വൈവിദ്ധ്യം അളക്കുവാനും ശ്രമം ആരംഭിച്ചിട്ടുണ്ട്.

## മാതൃഭാഷയ്ക്ക് അർഹമായ പ്രാധാന്യം നൽകുന്നതിന് നടപടി

23 (*653) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാ-സാഹിത്യ-സാംസ്കാരിക രംഗത്തുള്ളവരെ അണിനിരത്തി ശാസ്ത്ര ബോധവും യുക്തിചിന്തയും വളർത്തുന്നതിന് സാംസ്കാരിക വകുപ്പ് പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആയിരത്തിയഞ്ഞൂറ് വർഷത്തിലേറെ പാരമ്പര്യമുള്ള മാതൃഭാഷയെ അവഗണിക്കുന്നതിനെതിരെ സാംസ്കാരിക ഐക്യത്തിനുതകുന്ന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ;

(സി) ഭാഷ കേവലം ആശയവിനിമയോപാധിയെന്നതിന് ഉപരി സാംസ്കാരിക ഐക്യത്തിനുള്ള ഉപാധിയായതിനാൽ മാതൃഭാഷയ്ക്ക് ഉചിതമായ പ്രാധാന്യം നൽകാൻ നടപടിയെടുക്കുമോ; വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കലാ-സാഹിത്യ-സാംസ്കാരിക രംഗത്തുള്ളവരെ അണിനിരത്തി ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തുന്നതിന് സാംസ്കാരിക വകുപ്പ് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുന്നതിന് പുറമേ ശാസ്ത്രബോധവും യുക്തിചിന്തയും വളർത്താനുതകുന്ന രീതിയിലുള്ള രചനകളും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തുന്നതിന് സഹായകമായ പുസ്തകങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി നോബൽ സമ്മാന ജേതാവ് പ്രൊഫ. അമർത്യാ സെന്നിന്റെ പ്രശസ്ത കൃതിയായ "ആർഗ്യുമെന്റേറ്റീവ് ഇന്ത്യൻ" എന്ന പുസ്തകത്തിന്റെ തർജ്ജമ "താർക്കികനായ ഇന്ത്യക്കാരൻ" എന്ന പേരിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതാണ്. പ്രൊഫ. ഇർഫാൻ ഹബീബിന്റെ 36 വാല്യങ്ങളുള്ള ഭാരതജന ചരിത്രത്തിന്റെ മൂന്ന് വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യുക്തിചിന്ത പ്രചരിപ്പിക്കുന്ന പ്രശസ്ത ശാസ്ത്ര ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) തമിഴിനും സംസ്കൃതത്തിനും തെലുങ്കിനും കന്നടയ്ക്കും ശേഷം ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന ഇന്ത്യയിലെ അഞ്ചാമത്തെ ഭാഷയാണ് മലയാളം. ഈ അംഗീകാരം മലയാള ഭാഷയ്ക്ക് ഉപരിയായി കേരള സംസ്കാരത്തിനും അതിന്റെ ചരിത്രത്തിനും ലഭിച്ച അംഗീകാരമായിട്ടുവേണം കണക്കാക്കുവാൻ. മലയാളിക്ക് മാതൃഭാഷയോടുള്ള ആദരവും വൈകാരികതയും എല്ലാകാലത്തും വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഔദ്യോഗിക ഭാഷയും കോടതി വ്യവഹാരഭാഷയും മലയാളത്തിലാക്കുവാനും കേരളത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളും മാതൃഭാഷാ അഭ്യസനം നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ നടപടി സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മാതൃഭാഷാ പ്രോത്സാഹനത്തിനും സംരക്ഷണത്തിനുമായി ഒരു ഭാഷാ നയം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മലയാള ഭാഷയ്ക്ക് മുൻകാലത്തിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലും കേരളത്തിന് പുറമെയും സ്വീകാര്യത വർദ്ധിച്ചു. ലോകമെമ്പാടുമുള്ള മലയാളികൾക്ക് മലയാളഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കിക്കൊണ്ട് മാതൃഭാഷയും സംസ്കാരവുമായുള്ള സവിശേഷബന്ധം നിലനിർത്താൻ വരുംതലമുറകളിലേയ്ക്ക് അത് പകർന്ന് കൊടുക്കുകയും ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സാംസ്കാരിക വകുപ്പിനുകീഴിൽ മലയാളം മിഷൻ എന്ന ഒരു സ്വയംഭരണ സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ ഭാഷയിൽ നിന്നും സംസ്കാരത്തിൽ നിന്നും അകന്ന് കഴിയുമ്പോഴും ഉള്ളിന്റെയുള്ളിൽ സൂക്ഷിച്ചിരിക്കുന്ന ഭാഷാ പ്രേമം പുതുതലമുറയിലേയ്ക്ക് പകരാൻ ഇതുവഴി സാധിക്കുന്നു. ഭാഷാ പിതാവിന്റെ നാമധേയത്തിൽ വിശിഷ്ട സാഹിത്യ സംഭാവനകൾക്കായി 'എഴുത്തച്ഛൻ പുരസ്കാരം' നൽകി വരുന്നു.

സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ), സീനിയർ ഹയർ ഡിപ്ലോമ കോഴ്സ് (നീലക്കുറിഞ്ഞി) എന്നിങ്ങനെയുള്ള നാല് കോഴ്സുകളാണ് മലയാളം മിഷൻ പാഠ്യപദ്ധതിയിലുള്ളത്. പഠിതാവിനെ മലയാളഭാഷാ പ്രാവീണ്യത്തിൽ കേരളത്തിലെ പത്താം ക്ലാസ്സിന് തുല്യമായ നിലവാരത്തിലേയ്ക്ക് എത്തിക്കുകയാണ് ഈ പാഠ്യപദ്ധതിയുടെ ലക്ഷ്യം.

(സി) ഭാഷയാണ് മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനപരമായ സ്വത്വം. ലോകത്തെവിടെയിരുന്നാലും ഭാഷയുടെ പേരിലാണ് മനുഷ്യർ അറിയപ്പെടുന്നത്. പുറം കേരളത്തിലെ മാതൃഭാഷാ അഭ്യസനം ആശയവിനിമയോപാധി എന്ന നിലയിൽ വളരെ ചെറിയ ദൗത്യമേ നിർവ്വഹിക്കുന്നുള്ളൂ. എന്നാൽ മാതൃഭാഷ വഴി ലഭ്യമാകുന്ന സാംസ്കാരിക ഉന്നമനവും ഉദ്ഗ്രഥനവും മലയാളിക്ക് ഒരു ഭാഷാസമൂഹമെന്ന നിലയിൽ അഭിമാനബോധവും അന്തസ്സും പ്രദാനം ചെയ്യുന്നുണ്ട്. മാതൃഭാഷ മറ്റൊരു ഭാഷയ്ക്കും പിന്നിലല്ല എന്ന തിരിച്ചറിവ് പുതിയ തലമുറയെ ലോകത്തെ ഏത് ഭാഷാ

സമൂഹത്തിനോടും കിടപിടിച്ചുനിൽക്കാൻ പ്രാപ്തരാക്കും. ഈ സർക്കാരും സാംസ്കാരികകാര്യ വകുപ്പും ഏറ്റെടുത്തു നടത്തുന്ന പൈതൃകോത്സവങ്ങളും സാംസ്കാരിക വിനിമയ പരിപാടികളും മലയാളികളുടെ സാംസ്കാരിക ഐക്യത്തിന് വലിയ പ്രചോദനമായി തീർന്നിട്ടുണ്ട്. ഭാഷ സാംസ്കാരിക ഐക്യത്തിനുള്ള ഉപാധിയെന്നതുകൊണ്ടുകൂടിയാണ് മലയാളത്തിലെ പ്രമുഖ എഴുത്തുകാരെ മുഖ്യ പ്രഭാഷകരാക്കി കേരള സാഹിത്യ അക്കാദമി പോലുള്ള പ്രസ്ഥാനങ്ങൾ കേരളത്തിനകത്തും പുറത്തും സെമിനാറുകളും ചർച്ചകളും മലയാള ഭാഷയിൽ സംഘടിപ്പിക്കുന്നത്. മാതൃഭാഷയെ മികച്ച വൈജ്ഞാനിക സാഹിത്യ ഭാഷയാക്കുക എന്ന ലക്ഷ്യത്തിന് പ്രാധാന്യം നൽകി സാംസ്കാരിക പഠന വിഭാഗത്തിൽപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഏതൊരു ജനതയുടെയും സാംസ്കാരിക ബോധത്തിന്റെ അടിത്തറ ആ വംശത്തിന്റെയും ദേശത്തിന്റെയും ഭാഷകളാണ്. മലയാളം എന്ന ഉദാത്ത ഭാഷ മാത്രമല്ല കേരളം ആശയ വിനിമയത്തിനായി ഉപയോഗിക്കുന്നത്. കാസർഗോഡ് ജില്ലയിൽ ലിപിയുള്ളതും ഇല്ലാത്തതുമായി 18-ഓളം ഭാഷാ സംസ്കൃതികളുണ്ട്. പാർശ്വവൽക്കരിക്കപ്പെടുന്ന ഈ ഭാഷാ സംസ്കൃതികളെ സമന്വയിപ്പിച്ചുകൊണ്ട് കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ 2018 ഏപ്രിൽ 7 മുതൽ 10 വരെ കാസർഗോഡ് മഞ്ചേശ്വരം, ബദിയടുക്ക, കാഞ്ഞങ്ങാട് തുടങ്ങിയ ഇടങ്ങളിലായി ബഹുഭാഷാ സർഗ്ഗോത്സവം സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥി സെമിനാറുകൾ, അതത് ഭാഷകളുടെ കവിയരങ്ങ്, കഥയെഴുത്ത്, തനിമയാർന്ന കലാരൂപങ്ങൾ, ചലച്ചിത്ര, നാടക അവതരണങ്ങൾ തുടങ്ങി വൈവിദ്ധ്യമാർന്ന കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ആ ഭാഷാ അറിവുകളെ ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുവാനും കലാരൂപങ്ങൾ ഡിജിറ്റൽ ആർക്കൈവ്സ് ചെയ്യുവാനും ഇതിലൂടെ സർക്കാരിന് കഴിയും. ബഹുഭാഷാ സർഗ്ഗോത്സവം മലയാളത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**വനവൽക്കരണ പ്രവൃത്തികൾ**

24 (*654) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എൻ. എ. ഖാദർ :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനേതര ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുനൽകുന്നതിന് പരിഹാരമായി വനവൽക്കരണ പ്രവൃത്തികൾ നടത്താറുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര ധനസഹായം ലഭിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രഫണ്ട് യഥാവിധി വിനിയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടാകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനേതര ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുനൽകുന്നതിന് പരിഹാരമായി വനവൽക്കരണ പ്രവൃത്തികൾ നടത്താറുണ്ട്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി വിട്ടുനൽകുമ്പോൾ പരിഹാര വനവൽക്കരണത്തിനുള്ള തുക NPV, Additional NPV എന്നിവ യൂസർ ഏജൻസിയിൽ നിന്നും ഈടാക്കി വരുന്നുണ്ട്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കുമ്പോൾ വിട്ടുകൊടുക്കേണ്ട വനഭൂമിയുടെ അതേ അളവിൽ പകരം ഭൂമി പരിഹാര വനവൽക്കരണത്തിനായി നൽകേണ്ടതും ഇത് സാദ്ധ്യമല്ലാത്ത ഘട്ടങ്ങളിൽ ഇത്തരം ഭൂമി ലഭ്യമല്ല എന്ന സംസ്ഥാന ചീഫ് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റോടുകൂടി ഇരട്ടി ശോഷിത വനഭൂമി പരിഹാര വനവൽക്കരണത്തിനായി കണ്ടെത്തേണ്ടതുമുണ്ട്.

(ബി) സംസ്ഥാനത്തിനായുള്ള കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആൻഡ് പ്ലാനിംഗ് അതോറിറ്റി (CAMPA)-യുടെ ഫണ്ടിൽ നിന്നും അംഗീകരിച്ച വാർഷിക പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ പരിഹാര വനവൽക്കരണത്തിനായി തുക ലഭ്യമാകുന്നുണ്ട്.

(സി) കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതിന് തടസ്സങ്ങൾ ഇല്ല.

**പിന്നാക്ക സമുദായങ്ങൾക്കായുള്ള വിവിധ പദ്ധതികൾ**

25 (*655) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്ക സമുദായങ്ങൾക്കായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് നിന്നും അനാസ്ഥ ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത കോർപ്പറേഷനുകൾ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പിന്നാക്ക സമുദായങ്ങൾക്കുള്ള വിവിധ ക്ഷേമപദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വകുപ്പുതലത്തിലും കോർപ്പറേഷൻ തലത്തിലും അവലോകന യോഗങ്ങൾ നടത്തി വിലയിരുത്താറുണ്ട്. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന വായ്പാ തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 3 പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

(i) പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭം ആരംഭിക്കുന്നതിനു വേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ പരമാവധി 2 ലക്ഷം രൂപ വരെ മൂലധന സബ്സിഡി ലഭ്യമാക്കുന്ന വായ്പാ പദ്ധതി. പരമാവധി 20 ലക്ഷം രൂപയാണ് വായ്പ.

(ii) നോർക്കാ റൂട്ട്സിന്റെ പ്രവാസി പുനരധിവാസ പദ്ധതി പ്രകാരം പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ പരമാവധി വായ്പ നൽകുന്ന പദ്ധതിയിൽ പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും ലഭ്യമാകുന്ന റി-ടേൺ വായ്പാ പദ്ധതി.

(iii) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള ഭവനരഹിതർക്ക് വേണ്ടി 7.5 മുതൽ 8 ശതമാനം വരെ പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ ഭവന നിർമ്മാണ വായ്പയായി അനുവദിക്കുന്ന 'എന്റെ വീട് ' എന്ന വയ്പാ പദ്ധതി.

(സി) ഭരണ വകുപ്പ് പദ്ധതികൾ കൃത്യമായ ഇടവേളകളിൽ മോണിറ്റർ ചെയ്യുന്നുണ്ട്.

## പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ സംവിധാനങ്ങൾ

26 (*656) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അന്യസംസ്ഥാനത്ത് നിന്നും വരുന്ന പാല് പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പാലിന്റെ ഗുണമേന്മ പരിശോധന ശക്തമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഗുണനിയന്ത്രണ ഓഫീസർമാരുടെ കീഴിൽ പാൽ പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ പരിശോധിക്കുന്നതിന് ചെക്ക്പോസ്റ്റിനോടനുബന്ധിച്ച് ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും ചെക്ക്പോസ്റ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ചെക്ക്പോസ്റ്റും ലബോറട്ടറിയും ആരംഭിക്കുന്നതാണ്. ആലത്തൂർ, കോട്ടയം എന്നിവിടങ്ങളിൽ ഓരോ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. വിശദപരിശോധന നടത്തുന്നതിനായി NABL അക്രെഡിറ്റേഷനോടുകൂടിയ "സ്റ്റേറ്റ് ഡെയറി ലാബ്" തിരുവനന്തപുരത്ത് ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടറേറ്റിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് റീജിയണൽ ലാബിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധന നടത്തി വ്യാജമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) അന്യസംസ്ഥാന അതിർത്തിയിൽ ക്ഷീര വികസന വകുപ്പിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ മാത്രമാണ് പാൽ പരശോധനാ ലാബ് ഉള്ളത്. ഇവിടത്തെ പരിശോധനയിൽ ഗുണനിലവാരം

ഇല്ലാത്തതും മായം കലർന്നതുമായ പാൽ ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറാറുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പാൽ പരിശോധനയ്ക്കായി ഉപയോഗിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയാൽ സംസ്ഥാനത്തിനകത്ത് കടത്തിവിടുന്നത് തടയുന്നുണ്ട്.

(സി) പാലിന്റെ ഗുണമേന്മാ പരിശോധന ശക്തമാക്കാൻ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും ചെക്ക്പോസ്റ്റ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ കാസർഗോഡ് ജില്ലയിലും ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കായി 2017-18 വർഷത്തിൽ 4.66 കോടി രൂപ വകയിരുത്തി ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജില്ലാ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, റീജിയണൽ ലാബുകളിലും സ്റ്റേറ്റ് ഡെയറി ലാബിലേയ്ക്കും ആവശ്യമായ രാസവസ്തുക്കൾ, പരിശോധനാ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മറ്റുമായാണ് ഈ തുക പ്രധാനമായും ഉപയോഗിക്കുന്നത്. 2018-19 സാമ്പത്തികവർഷത്തിൽ പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 5.04 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിലും ഓണം, ബക്രീദ്, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആദിവാസികൾക്കായി നടത്തുന്ന പദ്ധതികളുടെ ഏകോപനം**

27 (*657) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി വിഭാഗങ്ങൾക്ക് സമ്പൂർണ്ണ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ജനനീ ജന്മരക്ഷാ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടും അട്ടപ്പാടിയിൽ ശിശുമരണം വർദ്ധിക്കുന്നതും പോഷകാഹാര ക്കുറവുമൂലം അമ്മമാർ മരിക്കുന്നതുമായ സാഹചര്യം എപ്രകാരം ഉണ്ടാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) വിവിധ വകുപ്പുകളിലൂടെ ആദിവാസികൾക്കായി നടത്തുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും അർഹതപ്പെട്ടവർക്കെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനും ഉള്ള സംവിധാനം ഏർപ്പെടുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) 1. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ട് ഓഫീസർമാർ/ പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി.ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന KMSCL (Kerala Medical Services Corporation Limited)-ന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

2. കൂടാതെ കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ KMSCL ((Kerala Medical Services Corporation Limited) മുഖേന ഓരോ ട്രൈബൽ

മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റുകൂടി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre)-കൾ പ്രവർത്തിക്കുന്നു.

4. സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) അട്ടപ്പാടിയിൽ ശിശുമരണം വർദ്ധിക്കുന്നതും പോഷകാഹാരക്കുറവുമൂലം അമ്മമാർ മരിക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

- അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരിക്കുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവ പരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.
- ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി.
- വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി- ജന്മരക്ഷാ പദ്ധതി.
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി, ലാബ്, കൂടാതെ മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.
- പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്. സിക്കിൾസെൽ അനീമിയ ക്ലിനിക്ക്, കൗൺസിലിംഗ്, മാനസിക രോഗ-ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തി വരുന്നു.

(സി) വിവിധ വകുപ്പുകൾ മുഖേന ആദിവാസികൾക്കായി നടത്തുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും അർഹതപ്പെട്ടവർക്കെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടിക വർഗ്ഗക്കാർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ലാതലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിച്ചുവരുന്ന പ്രൊമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർ വരെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്നു.
- പട്ടികവർഗ്ഗക്കാർക്കുള്ള നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകി വരുന്നത്.
- ജില്ലാ കളക്ടർ ചെയർമാനായുള്ള വർക്കിംഗ് ഗ്രൂപ്പ് പട്ടികവർഗ്ഗ ക്കാർക്കായി വിവിധ വകുപ്പുകൾ ആവിഷ്കരിക്കുന്ന പദ്ധതികൾ ചർച്ച ചെയ്ത് അംഗീകാരം നൽകുന്നു.
- തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, ജില്ലാ ആസൂത്രണ സമിതി ചർച്ച ചെയ്ത് അംഗീകരിക്കുന്നു.
- എല്ലാ മാസവും ജില്ലാ വികസന സമിതി യോഗം ചേർന്ന് വിവിധ വകുപ്പുകൾ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തുന്നു.
- ആരോഗ്യവകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കുടുംബശ്രീ തുടങ്ങിയവയുടെ ഏകോപനത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

28 (*658) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എത്ര ലക്ഷം ടൺ പാലിന്റെ ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ബി) സ്വയംപര്യാപ്തതയ്ക്കായി ലക്ഷ്യമിട്ട പാലുൽപ്പാദനം നേടുന്നതിനായി ഏതെല്ലാം മേഖലകളിൽ ഉള്ളവരെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നിലവിൽ സംസ്ഥാനത്ത് പ്രതിദിനം ആവശ്യമുള്ളത് 87 ലക്ഷം ലിറ്റർ പാലാണ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഏകദേശം 9 ലക്ഷം ലിറ്റർ പാലിന്റെ കുറവാണ് ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ ഉണ്ടായിരുന്നത്. മിൽമയുടെ കണക്കുപ്രകാരം അന്യസംസ്ഥാനത്തു നിന്നും പ്രതിദിനം 1½ ലക്ഷം ലിറ്റർ പാലാണ് നിലവിൽ കൊണ്ടുവരുന്നത്. നിലവിൽ ഏകദേശം 3 ലക്ഷം ലിറ്റർ പാലിന്റെ പ്രതിദിന കുറവ് കണക്കാക്കപ്പെട്ടിട്ടുണ്ട്. സ്വയംപര്യാപ്തത നേടുന്നതിന് പ്രതിദിനം 3 ലക്ഷം ലിറ്റർ പാൽ കൂടി അധികമായി ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്.

(ബി) നിലവിൽ ക്ഷീര കാർഷികവൃത്തി നടത്തുന്നവരെയും പുതുതായി ക്ഷീര മേഖലയിലേയ്ക്ക് കടന്നുവരുന്നവരെയുമാണ് സ്വയംപര്യാപ്തതയ്ക്കായി ലക്ഷ്യമിട്ട പാലുൽപ്പാദനം നേടുന്നതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ തൽപ്പരരായ സ്വയംതൊഴിൽ സംരംഭകർ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്) എന്നിവരെയും പ്രയോജനപ്പെടുത്തുന്നതാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്വയംതൊഴിൽ പദ്ധതികൾ**

29 (*659) ശ്രീ. എസ്. ശർമ്മ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്വയം തൊഴിൽ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് ചേർത്തിട്ടുള്ള വിഭിന്ന ശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി നടപ്പാക്കി വരുന്ന കൈവല്യ പദ്ധതിയിൽ ഇവരുടെ സമഗ്ര തൊഴിൽ പുനരധിവാസത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കുന്ന ശരണ്യ, ജോബ് ക്ലബ്ബ് തുടങ്ങിയ പദ്ധതികൾ പ്രകാരം എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള വായ്പ തുകയും സബ്സിഡി തുകയും എത്ര വീതമാണെന്നും വ്യക്തമാക്കാമോ;

(ഇ) സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർ, ബിരുദധാരികളായ വനിതകൾ, തൊഴിലില്ലായ്മ വേതന പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്ക് മുൻഗണന നൽകുന്ന സ്വയം തൊഴിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കി വരുന്ന എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ വിവിധ പദ്ധതികളിലൂടെ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനങ്ങളും കരിയർ മാർഗ്ഗനിർദ്ദേശങ്ങളും നൽകി സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കി, തൊഴിൽ ലഭ്യത ഉറപ്പാക്കി വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കൈവല്യ പദ്ധതിയിൽ തുല്യ പ്രാധാന്യമുള്ള നാല് ഘടകങ്ങളാണ് ഉള്ളത്.

1. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്
2. കപ്പാസിറ്റി ബിൽഡിംഗ്
3. മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി.
4. സ്വയംതൊഴിൽ വായ്പാ പദ്ധതി.

(ഡി) ശരണ്യ, ജോബ് ക്ലബ്ബ് തുടങ്ങിയ സ്വയംതൊഴിൽ പദ്ധതികളുടെ ഗുണഭോക്താക്കളുടെ/സംരംഭങ്ങളുടെ എണ്ണം, വായ്പാ തുക, സബ്സിഡി തുക എന്നിവ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | നാളിതുവരെയുള്ള സംരംഭങ്ങളുടെ എണ്ണം | വായ്പാ തുക (പരമാവധി) | സബ്സിഡി തുക (പരമാവധി) |
|---|---|---|---|---|
| 1 | ശരണ്യ | 19027 | 50,000 | 25,000 |
| 2 | ജോബ് ക്ലബ്ബ് | 770 | 10,00,000 | 2,00,000 |

(ഇ) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

**വനമേഖലയിൽ ടൂറിസം സുരക്ഷ**

30 (*660) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന്റെ ഭാഗമായി ട്രെക്കിംഗ് അടക്കമുള്ള പരിപാടികൾ ഒരുക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലകളിൽ കാട്ടുതീ, ശക്തമായ മഴയും കാറ്റും തുടങ്ങിയവമൂലം എന്തെങ്കിലും ദുരന്തമുണ്ടായാൽ അടിയന്തരമായി നേരിടുന്നതിന് പര്യാപ്തമായ സംവിധാനങ്ങൾ വനംവകുപ്പിനുണ്ടോ;

(സി) തമിഴ്നാട്ടിലെ തേനിയിലുണ്ടായ കാട്ടുതീയിൽപ്പെട്ട് ട്രക്കിംഗ് സംഘത്തിലെ പതിനേഴുപേർ മരിക്കാനിടയായ സാഹചര്യത്തിൽ, സംസ്ഥാനത്തെ ഇക്കോ ടൂറിസം രംഗത്ത് സുരക്ഷയും നിയന്ത്രണവും ഉറപ്പാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഇക്കോ ടൂറിസത്തിന്റെ ഭാഗമായി നടത്തുന്ന കാനനയാത്രകൾ (ട്രെക്കിംഗ്) ഒറ്റ ദിസവത്തേയ്ക്കായും രണ്ടോ മൂന്നോ ദിവസങ്ങൾക്കായും ഏർപ്പെടുത്താറുണ്ട്. ഇങ്ങനെയുള്ള യാത്രകളിൽ ആദിവാസി വിഭാഗക്കാരായ പരിചയസമ്പന്നരായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇക്കോ ടൂറിസം ഗൈഡുകൾ സഞ്ചാരികളെ അനുഗമിക്കുന്നു. വനത്തിൽ രാത്രി കാലങ്ങളിൽ തങ്ങുന്നതിനായി മച്ചാനുകൾ, ഫയർ വാച്ച് ടവറുകൾ, ഡോർമിറ്ററികൾ, ടെന്റുകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. നിലവിലുള്ള കാനന പാതകളും കെട്ടിടങ്ങളും മാത്രമാണ് ട്രെക്കിംഗിനായി ഉപയോഗപ്പെടുത്തുന്നത്. കേരളത്തിലെ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും സുരക്ഷയ്ക്കായി ഗൈഡുകളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. പ്രത്യേകിച്ച് വെള്ളച്ചാട്ടങ്ങളിലും ബാത്തിംഗ് സൈറ്റുകളിലും സുരക്ഷാ ഗൈഡുകളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് സഞ്ചാരികളെ കടത്തിവിടുന്നത്. കൂടാതെ ബോട്ടിംഗ് നടത്തുമ്പോൾ സഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റുകൾ പോലുള്ള സുരക്ഷാ ഉപകരണങ്ങൾ നൽകുന്നു.

(ബി) ഇക്കോ ടൂറിസം മേഖലകളിൽ ശക്തമായ കാറ്റ്, മഴ, കാട്ടുതീ പോലുള്ള പ്രതിഭാസങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള കാലാവസ്ഥയിൽ ട്രെക്കിംഗ് പരിപാടികൾ നടത്താറില്ല. പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനങ്ങളുടെ പരിമിതി കണക്കിലെടുത്ത് അനുകൂല കാലാവസ്ഥകളിൽ മാത്രമാണ് ഇത്തരം പരിപാടികൾ നടത്താറുള്ളത്.

(സി) കേരളത്തിലെ വനമേഖലകളിലെ താരതമ്യേന അപകടം കുറഞ്ഞ മേഖലകളിലാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത്. കൂടാതെ പ്രതികൂല കാലാവസ്ഥകളിൽ സന്ദർശകർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. സന്ദർശകരുടെ പരിപാലനം കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്. ഏറിവരുന്ന സന്ദർശക ബാഹുല്യം കണക്കിലെടുത്തും ഇക്കോ ടൂറിസം മേഖലകളിലെ പാരിസ്ഥിതിക സുരക്ഷയും സന്ദർശക സുരക്ഷയും പരിഗണിച്ചും ആവശ്യമായ പരിഷ്കാരങ്ങൾ വനം വകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ്

1 (6256) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ് ഈ സർക്കാർ അധികാരത്തിലേറുമ്പോൾ എത്ര തുക കുടിശ്ശിക ഉണ്ടായിരുന്നു എന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക കൊടുത്തു തീർത്തുവെന്നും വിശദമാക്കുമോ;

(ബി) നിലവിൽ ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ് കുടിശ്ശികയുണ്ടോ; പ്രസ്തുത തുക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്/ സ്റ്റൈപ്പന്റ് ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിലേറുമ്പോൾ എസ്.സി./ഒ.ഇ.സി./ഒ.ബി.സി. വിഭാഗങ്ങളിൽ 189 കോടി രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കുടിശ്ശികയുണ്ടായിരുന്നു.

(ബി) പോസ്റ്റ് മെട്രിക് തലത്തിൽ കുടിശ്ശികയില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് ഇനത്തിൽ ഈ സാമ്പത്തികവർഷം 90,15,657 രൂപ കൂടി വിതരണം ചെയ്യാനുണ്ട്. ടി തുക ഈ വർഷംതന്നെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**വാത്സല്യനിധി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി**

2 (6257) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'വാത്സല്യനിധി' പദ്ധതിയിൽ നാളിതുവരെ ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്ന് എത്ര കുഞ്ഞുങ്ങളെ അംഗങ്ങളാക്കി ചേർത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം 1-4-2017-ന് ശേഷം ജനിച്ചിട്ടുള്ള എല്ലാ പട്ടികജാതി വിഭാഗത്തിലുള്ള കുഞ്ഞുങ്ങൾക്കും ലഭിക്കാൻ ഉതകുന്ന വിധത്തിൽ പദ്ധതിയെ സംബന്ധിച്ചിട്ടുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം 1-4-2017-ന് ശേഷം ജനിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഇടുക്കി നിയോജകമണ്ഡലത്തിലെ എല്ലാ കുഞ്ഞുങ്ങൾക്കും ലഭ്യമാക്കാൻ കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 6 കുഞ്ഞുങ്ങളെ ടി പദ്ധതിയിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്ന് അംഗങ്ങളാക്കി ചേർത്തിട്ടുണ്ട്.

(ബി) പ്രൊമോട്ടർമാർ മുഖേന ബന്ധപ്പെട്ട പഞ്ചായത്തുകളിൽ അധിവസിക്കുന്ന പട്ടികജാതി വിഭാഗക്കാർക്കിടയിൽ പദ്ധതി സംബന്ധിച്ച അവബോധം നൽകിയിട്ടുണ്ട്.

(സി) ഇല്ല. 1-4-2017-നശേഷം ജനിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ കുട്ടികളുടെയും വിവരം ശേഖരിച്ച് 'വാത്സല്യനിധി'പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതാണ്.

**എൻ.ജി.ഒ.കളുടെ പ്രവർത്തനം**

3 (6258) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.-കളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ സംവിധാനം ഏർപ്പെടുത്തുമോ;

(ബി) ആദിവാസികളുടെ ഭവന നിർമ്മാണത്തിലെ കരാറുകാരുടെ ചൂഷണം തടയുന്നതിനും അവർക്ക് ഗുണമേന്മയുള്ള വീടുകൾ നിർമ്മിക്കുന്നതിനുംവേണ്ടി വയനാട് ജില്ലയിൽ രൂപീകരിച്ച ട്രൈബൽ വെൽഫെയർ സൊസൈറ്റികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സൊസൈറ്റിക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെ പ്രവർത്തനം ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ വിലയിരുത്താറുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായത്തിനായി പ്രൊപ്പോസൽ ലഭിക്കുന്ന എൻ.ജി.ഒ.കളുടെ പ്രവർത്തനം പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാ ഓഫീസർമാരും ജില്ലാ കളക്ടറും സംയുക്തമായി അവലോകനം നടത്തുന്നുണ്ട്.

(ബി) വയനാട്, അട്ടപ്പാടി എന്നീ സ്ഥലങ്ങളിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി ഗോത്രജീവിക എന്ന പദ്ധതി ആരംഭിക്കുകയും തുടർന്ന് കെട്ടിട നിർമ്മാണത്തിൽ പരിശീലനം നൽകുകയും തുടർപരിശീലനം ലഭിച്ചവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനായി സഹകരണ നിയമം അനുസരിച്ച് ഒരു സൊസൈറ്റി രൂപീകരിക്കാനും തീരുമാനിച്ചിരുന്നു. പരിശീലനം ലഭിച്ചവർ സ്വയംസഹായസംഘങ്ങൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സൊസൈറ്റിക്ക് സർക്കാർ ഗ്രാന്റ് നൽകിയിട്ടില്ല

## പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം

4 (T*6259) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക് പത്താം ശമ്പളകമ്മീഷൻ പ്രകാരമുള്ള ശമ്പളപരിഷ്കരണം നാളിതുവരെ നടപ്പാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ഒൻപതാം ശമ്പളകമ്മീഷൻ പ്രകാരം ലഭിക്കാതിരുന്ന അടിസ്ഥാന ശമ്പളത്തിലെ കുറവ് ഉയർന്ന തസ്തികയിലുള്ള ജീവനക്കാർക്ക് കുടിശ്ശിക ഉൾപ്പെടെ മുൻകാല പ്രാബല്യത്തോടെ ലഭ്യമാക്കിയപ്പോൾ താരതമ്യേന താഴ്ന്ന വേതനം കൈപ്പറ്റുന്ന അസിസ്റ്റന്റുമാർക്ക് കുടിശ്ശിക നൽകാതെ ഫിക്സേഷൻ ആനുകൂല്യം മാത്രം ലഭ്യമാക്കിയത് സംബന്ധിച്ച വിവേചനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ;

(സി) കാലോചിതമായി ജോലി വർദ്ധനവിന് അനുസൃതമായി അധിക തസ്തിക പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പള പരിഷ്കരണം അനുവദിച്ചതിനുശേഷമാണ് വിവിധ വകുപ്പുകളുടെ പരിധിയിലുള്ള കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നത്. അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തയ്യാറാക്കി അംഗീകരിച്ച് നൽകുന്ന ശിപാർശകൾ സ്ഥാപനങ്ങളുടെ സർവ്വീസ് റൂൾസ് സംബന്ധിച്ച നിയമങ്ങളുടെയും/ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ശേഷമാണ് ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്. തദനുസൃതമായി കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കേർപ്പറേഷനിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) പുനഃപരിശോധന ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം കോർപ്പറേഷൻ സമർപ്പിക്കുന്നപക്ഷം സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തു മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാകുകയുള്ളൂ.

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## വൈപ്പിൻ ബ്ലോക്ക് പട്ടികജാതി ഓഫീസ്

5 (6260) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ബ്ലോക്ക് പട്ടികജാതി ഓഫീസിന്റെ പരിധിയിൽപ്പെടുന്ന പട്ടികജാതി കോളനികളുടെ പേരുവിവരം വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികൾ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം വാർഡുകളിലാണ് സ്ഥിതി ചെയ്യുന്നതെന്നും ഓരോ കോളനിയിലും എത്ര വീതം വീടുകളും അംഗങ്ങളും ഉണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ ഓരോന്നിലും കഴിഞ്ഞ അഞ്ച്‌വർഷക്കാലത്തിനിടയിൽ നൽകിയ വ്യക്തിഗത ആനുകൂല്യങ്ങൾ, പൊതുവികസന പ്രവൃത്തികൾക്കായി ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) കിലയുടെ സർവ്വേ പ്രകാരമുള്ള പട്ടികജാതി കോളനികളുടെ പേരും ഓരോ കോളനികളിലെയും വീടുകളുടെ വിശദാംശങ്ങളും അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു*. അംഗങ്ങളുടെ എണ്ണം ലഭിക്കുന്നതിന് പുതുതായി സർവ്വേ നടത്തേണ്ടതുണ്ട്.

(സി) കോളനികളിൽ നൽകിയ വ്യക്തിഗത ആനുകൂല്യങ്ങളും പൊതുവികസന പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

## പട്ടികജാതി/പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിവരുന്ന ക്ഷേമപദ്ധതികൾ

6(6261) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയും പിന്നോക്ക വിഭാഗ കോർപ്പറേഷൻ വഴിയും നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതൽ പേരിൽ എത്തിക്കുന്നതിനും വിവിധ പദ്ധതികളുടെ നടപടിക്രമം ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

1972-ൽ രൂപീകൃതമായ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സേവനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ജനസംഖ്യയുടെ ഏകദേശം 5% വരുന്ന 1,80,000 ഗുണഭോക്താക്കൾ മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. ഈ സാഹചര്യത്തിൽ കോർപ്പറേഷൻ പദ്ധതികളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിന് ഈ വർഷം 'ഒപ്പം' എന്ന ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. കോർപ്പറേഷന്റെ പദ്ധതികളെ സംബന്ധിച്ച വിവരങ്ങളും മുമ്പ് കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിച്ച ഗുണഭോക്താക്കളുടെ വിജയകഥകളും ഉൾപ്പെടുത്തിയ വീഡിയോ അവതരണവും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2018 ഏപ്രിൽ മുതൽ ജനപ്രതിനിധികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ, എസ്.സി/എസ്.ടി. പ്രൊമോട്ടർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും പരിശീലനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പകൾ അനുവദിക്കുന്നതിനുള്ള ജാമ്യ വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് ഈ വർഷം പുതുതായി കുടുംബശ്രീയുമായി ചേർന്ന് കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായി വനിതകളുടെ ഗ്രൂപ്പുകൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. എന്നാൽ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) തുടങ്ങിയ ദേശീയ ഏജൻസികളുടെ വ്യവസ്ഥകൾക്കനുസരിച്ച് വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് മാത്രമായി കഴിയുന്നതല്ല.

**പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

7 (6262) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏകോപനമില്ലാത്തിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യവികസനം നൽകുന്നതിന് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്. വിശദമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൃഷി, മൃഗപരിപാലനം തുടങ്ങിയ മേഖലകളിലെ ആധുനിക രീതി പരിചയപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനും സഹായം നൽകുന്നതിനുമായി "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പദ്ധതി നിലവിലുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ധ പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു :

- വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കൾ മുഖേനയും മറ്റ് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വഴിയും സർക്കാരിതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കുന്നു.
- 2016-17 വർഷം മുതൽ 'ഗോത്രജീവിക' പദ്ധതി പ്രകാരം 1140 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള സഹായം നൽകുന്നതിനുമായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.
- ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്‌വെയർ ആൻഡ് സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.ടി.മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 308 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

- പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് 267.34 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ 250 വനിതകൾക്ക് 6 മാസത്തെ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു.
- കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ഉറപ്പ് വരുത്തുന്നു.
- നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന 351 പേർക്ക് വിവിധ സാങ്കേതിക വിഷയങ്ങളിൽ പരിശീലനം നൽകി പ്ലേസ്മെന്റ് ഉറപ്പുവരുത്തി.
- സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആൻഡ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക് പരിശീലനത്തിലൂടെ പ്ലേസ്‌മെന്റ് ഉറപ്പുവരുത്തി.
- ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ DCA (Diploma in Computer Application) കോഴ്സിൽ പരിശീലനം നൽകി 21 പേർക്ക് പേസ്മെന്റ് ലഭ്യമാക്കി.
- എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്‌മെന്റിൽ 125 പേർക്ക് പരിശീലനം നൽകി പ്ലേസ്‌മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു.
- സെന്റർ ഫോർ ഡെവലപ്‌മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൃഷി വകുപ്പ് മുഖേന ആധുനിക രീതിയിലുള്ള കൃഷിരീതികളെക്കുറിച്ചും മിൽമ മുഖേന ആധുനിക മൃഗപരിപാലന രീതികളെക്കുറിച്ചും പരിശീലനം നൽകിവരുന്നുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക മേഖലകൾക്ക് കേന്ദ്ര ഫണ്ട്

8 (6263) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 സാമ്പത്തികവർഷങ്ങളിൽ പട്ടികജാതി/ പട്ടികവർഗ്ഗ/പിന്നോക്ക മേഖലകളുടെ സംരക്ഷണത്തിനും വികസനത്തിനുമായി പ്രഖ്യാപിച്ചതും അനുവദിച്ചുകിട്ടിയതുമായ കേന്ദ്രഫണ്ട് എത്ര; സംസ്ഥാന ഫണ്ട് എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്ര/സംസ്ഥാന ഫണ്ടുകളിൽ എത്ര തുക ചെലവാക്കിയെന്നും പൂർണ്ണമായി വിനിയോഗിച്ച മേഖലകൾ ഏതെല്ലാം എന്നും അല്ലാത്തവ ഏതെല്ലാം എന്നും വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവ പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസനത്തിനായി 2016-17 സാമ്പത്തികവർഷത്തിൽ എസ്.സി.പി. ഇനത്തിൽ സംസ്ഥാന വിഹിതമായി 2354.40 കോടി രൂപയും 2017-18 സാമ്പത്തികവർഷത്തിൽ സംസ്ഥാന വിഹിതമായി 2599.65 കോടി രൂപയും വകയിരുത്തിയിരുന്നു. 2016-17 സാമ്പത്തികവർഷം സംസ്ഥാന വിഹിതമായി വകയിരുത്തിയ 2354.40 കോടി രൂപയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് 1315.50 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് 1038.98 കോടി രൂപയുമാണ് വകയിരുത്തി യിരുന്നത്. 2017-18-ൽ പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള പദ്ധതികൾക്ക് 1334.09 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 1172.05 കോടി രൂപയും അനുവദിച്ചു. 2016-17 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 430.92 കോടി രൂപയും 2017-18 സാമ്പത്തികവർഷം 461.50 കോടി രൂപയും വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 2016-17 വർഷം 69.26 കോടി രൂപയും 2017-18 വർഷം 36.35 കോടി രൂപയുടെയും കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ സംരക്ഷണത്തിനും വികസനത്തിനുമായി പ്രഖ്യാപിച്ചതും അനുവദിച്ചുകിട്ടിയതുമായ കേന്ദ്ര ഫണ്ട്, സംസ്ഥാന ഫണ്ട് എന്നിവ ചുവടെ ചേർക്കുന്നു :

2016-17 (തുക ലക്ഷത്തിൽ)

50%CSS

| ബജറ്റ് പ്രൊവിഷൻ | റിലീസ് തുക | ചെലവഴിച്ച തുക |
|---|---|---|
| 3850 | - | 15 |

100%CSS

| ബഡ്ജറ്റ് പ്രൊവിഷൻ | റിലീസ് തുക | ചെലവഴിച്ച തുക |
|---|---|---|
| 7577.18 | 5422.07 | 6947.43 |

പിന്നാക്ക വിഭാഗ വികസന വകുപ്പിന് രണ്ട് കേന്ദ്ര പദ്ധതികളാണുള്ളത്.

1. ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% CSS)

2. ഒ.ബി.സി .പ്രീ മെട്രിക് സ്കോളർഷിപ്പ് (50%CSS)

തുക ലക്ഷത്തിൽ

| പദ്ധതി (2016-17) | പ്രഖ്യാപിച്ച തുക | | അനുവദിച്ച തുക |
|---|---|---|---|
| | Central Share | State Share | |
| ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% CSS) | 5000 | - | 2327 |
| ഒ.ബി.സി. പ്രീ മെട്രിക് സ്കോളർഷിപ്പ് (50% CSS) | 3200 | 3200 | 464 |
| കൺസ്ട്രക്ഷൻസ് ഓഫ് ഒ.ബി.സി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (60% CSS) | 400 | 400 | ഇല്ല |

തുക ലക്ഷത്തിൽ

| പദ്ധതി (2017-18) | പ്രഖ്യാപിച്ച തുക | | അനുവദിച്ച തുക |
|---|---|---|---|
| | Central Share | State Share | |
| ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% CSS) | 5000 | - | 2950 |
| ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ് (50% CSS) | 365 | 2500 | 2773 |
| കൺസ്ട്രക്ഷൻസ് ഓഫ് ഒ.ബി.സി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (60% CSS) | 480 | 32400 | ഇല്ല |

(ബി) 2016-17 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ സംസ്ഥാന വിഹിതത്തിൽ നിന്ന് 1111.13 കോടി രൂപയും 2017-18 സാമ്പത്തികവർഷത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾക്ക് സംസ്ഥാന വിഹിതത്തിൽ നിന്ന് 1237.36 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 430.92 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 320.71 കോടി രൂപയും വകയിരുത്തിയിരുന്നു. 2016-17 സാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 336.01 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 237.40 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പിൽ</u>

2017-18 (തുക ലക്ഷത്തിൽ)

50%CSS

| ബജറ്റ് പ്രൊവിഷൻ | റിലീസ് തുക | ചെലവഴിച്ച തുക |
|---|---|---|
| 3960 | - | 1120.04 |

| CSS100% (തുക ലക്ഷത്തിൽ) | | |
|---|---|---|
| ബജറ്റ് പ്രൊവിഷൻ | റിലീസ് തുക | ചെലവഴിച്ച തുക |
| 7680.04 | 4213.01 | 5281.03 |

സംസ്ഥാന വിഹിതമായി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ അനുവദിച്ച തുകയുടെ വിശദ വിവരങ്ങൾ: 2016-17 സാമ്പത്തിക വർഷം 54,448 ലക്ഷം രൂപ വകയിരുത്തിയതിൽ 51,957 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18-ൽ 54,018 ലക്ഷം രൂപ വകയിരുത്തിയതിൽ 47,111.57 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും 2016-17 വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

(തുക ലക്ഷത്തിൽ)

| | |
|---|---|
| ഒ.ബി.സി. പോസ്റ്റ് മെട്രിക് (100%CSS) | 2522 (മുൻവർഷത്തെ ചെലവഴിക്കാത്ത തുക സഹിതം) |
| ഒ.ബി.സി. പ്രീ മെട്രിക് (50%CSS) | 464 |

2017-18 (തുക ലക്ഷത്തിൽ)

| | |
|---|---|
| ഒ.ബി.സി. പോസ്റ്റ് മെട്രിക് (100%CSS) | 1648.04 |
| ഒ.ബി.സി. പ്രീ മെട്രിക് (50%CSS) | 2773 |

(സി) തുക പൂർണ്ണമായും ചെലവഴിക്കാത്തിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണമായിട്ടില്ല.

**ഗോത്രജീവിക പദ്ധതി**

9 (6264) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ താല്പര്യം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി ആരംഭിച്ച ഗോത്രജീവിക പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ വിവിധ തൊഴിൽ മേഖലയിലെ അവസരം ഉപയോഗപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വിഭാഗങ്ങളെ പ്രാപ്തരാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുമൂലം എത്ര പേർക്ക് തൊഴിൽ ലഭിച്ചു; വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സർക്കാർ ആരംഭിച്ച സംരംഭകത്വം വിജയിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ഇക്കാര്യത്തിൽ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടികവർഗ്ഗ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി അവരുടെ അഭിരുചിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കും അനുസൃതമായ രീതിയിൽ എല്ലാ ജില്ലകളിലും ഊരുകളിൽ വച്ചുതന്നെ തൊഴിൽ നൈപുണ്യം നൽകുകയും പരിശീലനം കഴിഞ്ഞ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും സ്വയംതൊഴിൽ ആരംഭിക്കുന്നതിനുമുൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുന്നതിനും ഇതിലൂടെ തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ തൽപ്പരത വിദഗ്ദ്ധ പരിശീലനത്തിലൂടെ പരിപോഷിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക, സംരംഭങ്ങൾ വികസിപ്പിക്കുക എന്നതിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തി അവരുടെ ജീവിതനിലവാരം ഉയർത്തുക എന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പുതിയ തൊഴിൽ സംരംഭകർക്ക് വകുപ്പ് 2016-17 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

- 2016-17 വർഷം മുതൽ 'ഗോത്രജീവിക' എന്ന പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ഉറപ്പ് വരുത്തിയിട്ടുണ്ട്.

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ
2. കെൽട്രോൺ
3. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആൻഡ് ടെക്നോളജി
4. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്

ഇതിനുപുറമേ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. മിൽമ
2. കുടുംബശ്രീ
3. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

- കൂടാതെ സംഘങ്ങൾ വഴി സ്വയംതൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' എന്ന സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പട്ടികവർഗ്ഗ വനിതകൾക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനായി അപ്പാരൽ പാർക്ക് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 250 പട്ടികവർഗ്ഗ യുവതികൾക്കാണ് പരിശീലനം നൽകുന്നത്. തൊഴിൽ ഉറപ്പുവരുത്തുന്നതോടൊപ്പം സ്ത്രീ ശാക്തീകരണവും ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

ആർട്ടിക്കിൾ 275(1)പ്രകാരം നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ

- കൃഷി
- പശു, ആട് വളർത്തൽ
- ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ
- യന്ത്രസഹായത്തോടെ കാട് വെട്ടൽ

- യന്ത്രസഹായത്തോടെ മരംമുറി
- തയ്യൽ യൂണിറ്റുകൾ
- വയറിംഗ്
- പി.എസ്.സി. പരിശീലനം
- ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ
- സിവിൽ ആർക്കിടെക്ചർ ഡ്രാഫ്റ്റിംഗ് ലാൻഡ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം
- കോഴിയും കൂടും പദ്ധതി
- ചെറുകിട വ്യാപാരം

<u>കോർപ്പസ് ഫണ്ട്</u>

1. കുട നിർമ്മാണം
2. മത്സ്യ കച്ചവടം
3. ബേക്കറി
4. തുണിക്കട
5. കോഫീ ബാർ
6. യന്ത്രവൽകൃത പുൽവെട്ടൽ
7. യന്ത്രവൽകൃത പാൽ കറവ
8. റബ്ബർ റോളർ വിതരണം
9. പെട്ടിക്കടകൾ
10. പന്നി വളർത്തൽ

ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്

<u>എസ്.സി.എ. ടു ടി.എസ്.പി. നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ</u>

1. യന്ത്രവൽകൃത തെങ്ങുകയറ്റം
2. യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്

3. യന്ത്രവൽകൃത കൃഷി, തയ്യൽ
4. ഗാർമെന്റ് ആൻഡ് ടെയിലറിംഗ് യൂണിറ്റ്
5. ഡെയറി ഡെവലപ്മെന്റ് യൂണിറ്റ്
6. ഫോട്ടോസ്റ്റാറ്റ് മെഷീൻ
7. തൊഴിൽ സംഗീത ഉപകരണങ്ങൾ
8. യന്ത്രവൽകൃത കളപറിക്കൽ
9. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്
10. ഹെവി മോട്ടോർ ഡ്രൈവിംഗ്
11. കയർ ഉൽപ്പാദനം
12. യന്ത്രവൽകൃത മരംവെട്ട്
13. ഫാഷൻ ടെക്നോളജി
14. കമ്പ്യൂട്ടർ ട്രെയിനിംഗ്
15. ഹാച്ചറി യൂണിറ്റ്
16. യന്ത്രവൽകൃത കവുങ്ങ് കയറ്റം
17. മെഴുകുതിരി നിർമ്മാണം
18. കലാപരമായ ഉൽപ്പന്നങ്ങൾ
19. ഫർണിച്ചർ ഉൽപ്പാദനം

കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളിലൂടെ തൊഴിൽ നൽകിയിട്ടുണ്ട് :

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു | 241 |
| സാമൂഹ്യ പഠനമുറി | 100 |
| എസ്.ടി. പ്രൊമോട്ടർമാർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 32 |

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സുസ്ഥിരവും ലാഭകരവുമായ തൊഴിൽ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.)-മായി ചേർന്ന് അവർ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ (ഊരുകളിൽ) വച്ച് പരിശീലനങ്ങൾ സംഘടിപ്പിച്ച് പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ഗോത്ര ജീവിക' എന്ന പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി 3.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ തൽപ്പരത വിദഗ്ദ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുയും സംരഭകത്വം വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഒന്നാം ഘട്ടം

ഒന്നാം ഘട്ടത്തിന്റെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

- തൊഴിൽ വൈദഗ്ദ്ധ്യ വിടവ് (skill-Gap)വിലയിരുത്തൽ
- അവസരങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശക ശിൽപ്പശാലകൾ
- പരിശീലന മേഖലകളുടെ തെരഞ്ഞെടുക്കൽ
- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ
- രണ്ടാം ഘട്ടം

ഒന്നാം ഘട്ടത്തിൽ തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ മേഖലകളിലുള്ള പ്രായോഗിക പരിശീലനമാണ് അടുത്തഘട്ടം. വികേന്ദ്രീകൃതമായവിധം കൂടുതൽ ഗുണഭോക്താക്കളുള്ള ആദിവാസി മേഖലകളിൽ വച്ചാണ് ഓരോ പരിശീലനവും സംഘടിപ്പിക്കുന്നത്. പരിശീലന സ്ഥാപനമായ സി.എം.ഡി.യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ഓരോ പരിശീലനവും നടത്തുന്നത്. പരിശീലന ഇനങ്ങളെ താഴെപ്പറയുംവിധം തരംതിരിച്ചിരിക്കുന്നു.

1. ഉൽപ്പന്ന അധിഷ്ഠിതം

   വസ്ത്ര നിർമ്മാണം, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം.

2. സേവന/ജോലി അധിഷ്ഠിതം

   മേസ്തിരി, ഇലക്ട്രീഷ്യൻ, പ്ലമ്പിംഗ്, ഡ്രൈവിംഗ്, മരപ്പണി

മൂന്നാം ഘട്ടം

പരിശീലനങ്ങൾ വിജയകരമായി പൂർത്തീകരിച്ച 1170 പേർക്ക് താഴെപ്പറയും വിധമുള്ള സംവിധാനങ്ങളിലൂടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

1. സ്വയംതൊഴിൽ സംരംഭങ്ങൾ
2. വൈദഗ്ദ്ധ്യമുള്ള തൊഴിലാളി
3. നിലവിലുള്ള തൊഴിലവസരങ്ങളുമായി ബന്ധിപ്പിച്ച് തൊഴിൽ നൽകുന്നു.

**കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ**

10 (6265) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ വർഷങ്ങളായി പ്രവർത്തിക്കാതെ കിടക്കുന്ന സംഘങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത സംഘങ്ങളെ പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ചുവടെപ്പറയുന്ന 10 പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു :

1. ഉമ്മന്നൂർ എസ്.സി.-എസ്.സി.എസ്.
2. പവിത്രേശ്വരം എസ്.സി.-എസ്.സി.എസ്.
3. വെളിനല്ലൂർ എസ്.സി.-എസ്.സി.എസ്.
4. ഇട്ടിവ എസ്.സി.-എസ്.സി.എസ്.
5. കൊട്ടാരക്കര പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.
6. കടയ്ക്കൽ പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.
7. കുളക്കട പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.

8. മൈലം പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.

9. മേലില പഞ്ചായത്ത് എസ്.സി-.എസ്.സി.എസ്.

10. എഴുകോൺ പഞ്ചായത്ത് എസ്.സി-എസ്.സി.എസ്.

(ബി) മേൽ 10 പട്ടികജാതി സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. ചുവടെ പറയുന്ന 7 സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

1. വെട്ടിക്കവല പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.

2. ഇളമാട് പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.

3. നിലമേൽ പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.

4. ചടയമംഗലം പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.

5. തളവൂർകോണം പഞ്ചായത്ത് എസ്.സി..-എസ്.സി.എസ്.

6. നെടുവത്തൂർ പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.

7. വെളിയം പഞ്ചായത്ത് എസ്.സി.-എസ്.സി.എസ്.

(സി) പ്രസ്തുത സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുവാൻ താൽപര്യമുള്ള അംഗങ്ങളായവരോ അല്ലാത്തവരോ ആയ സഹകാരികളുടെ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഓഹരി മൂലധനം, പ്രവർത്തന മൂലധന ഗ്രാന്റ്, മാനേജീരിയൽ സബ്സിഡി, റിവൈവൽ പദ്ധതി, കെട്ടിട പുനരുദ്ധാരണ ഗ്രാന്റ് എന്നിവ പ്രകാരമുള്ള ധനസഹായം നൽകിയും പ്രസ്തുത സംഘങ്ങളെ പുനരുദ്ധരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## വിവാഹ ധനസഹായം

11 (6266) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായി തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 319 പെൺകുട്ടികൾക്ക് വിവാഹ ധനസഹായത്തിനായി 1.77 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി)വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

**വനത്തിനുള്ളിലെ പട്ടികവർഗ്ഗക്കാർ**

12 (6267) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വനത്തിനകത്ത് എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഈ കുടുംബങ്ങളിൽ ആകെ എത്ര പേരുണ്ട്?

ഉത്തരം

പട്ടികവർഗ്ഗ വികസന വകുപ്പ് 2013-ൽ പ്രസിദ്ധീകരിച്ച സോഷ്യോ ഇക്കണോമിക് സർവ്വേ പ്രകാരം വനത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെയും അതിൽ അധിവസിക്കുന്ന ആളുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു :

| വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം | വനാതിർത്തിയിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം | വനത്തിനുള്ളിലും വനാതിർത്തി പ്രദേശങ്ങളിലുമുള്ള പട്ടികവർഗ്ഗ കുടുംബാംഗങ്ങളുടെ എണ്ണം |
|---|---|---|
| 17770 | 25696 | 165086 |

**ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥ**

13 (6268) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥ പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നതായി ആസൂത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലെ അവ്യക്തത പദ്ധതി നിർവ്വഹണ ങ്ങൾക്ക് തടസ്സമാവുന്നതായി ആസൂത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഭരണ-സാങ്കേതിക അനുമതികൾ ലഭിക്കുന്നതിലുള്ള താമസവും ഫണ്ട് അനുവദിക്കുന്നതിലും അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലുള്ള വൈദഗ്ദ്ധ്യക്കുറവ് എന്നിവയും എസ്.സി. പദ്ധതികളുടെ നടത്തിപ്പിന് തടസ്സമാവുന്നുണ്ടോ;

(ഡി) എങ്കിൽ ഇവയെല്ലാം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്രകാരമുള്ള അറിയിപ്പ് ആസൂത്രണ ബോർഡിൽ നിന്നും ലഭിച്ചിട്ടില്ല.

(സി&ഡി) ഭരണാനുമതി/സാങ്കേതികാനുമതി/ഫണ്ട് എന്നിവ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യവിതരണം, ഭവന നിർമ്മാണം, ചികിത്സ എന്നിവ ഓൺലൈനാക്കുകയും വിവരങ്ങൾ ഫോണിലൂടെ ലഭിക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലെ വൈദഗ്ദ്ധ്യക്കുറവ് പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വൈപ്പിൻ മണ്ഡലത്തിലെ അംബേദ്കർ പദ്ധതി**

14 (6269) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ പദ്ധതി പ്രകാരം പട്ടികജാതി കോളനികളിലെ സമഗ്ര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രവൃത്തികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്ത മാക്കാമോ?

<u>ഉത്തരം</u>

(എ) OLH കോളനി, IHDP നായരമ്പലം പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് 50 ലക്ഷം രൂപ വീതം മുൻകൂറായി അനുവദിച്ചിട്ടുണ്ട്. കോളനി നിവാസികൾ യോഗം ചേർന്ന് മുൻഗണനാടിസ്ഥാനത്തിൽ തീരുമാനിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, നിർവ്വഹണ ഏജൻസി തയ്യാറാക്കുകയും ആയത് അംഗീകരിച്ച് നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി & ഡി) നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലുണ്ടായ കാലതാമസം കാരണമാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സം നേരിട്ടത്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമ വികസന പദ്ധതി**

15 (6270) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ മങ്കര എസ്.സി. കോളനി, ഐ.എച്ച്.ഡി.പി. കോളനി എന്നിവ ഭൗതിക സൗകര്യങ്ങളുടെ കുറവുമൂലം നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഈ കോളനികളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ (No.T.1100/2017) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിച്ച് അനുകൂല നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ഒരു നിയമസഭാ മണ്ഡലത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപതോ അതിലധികം കുടുംബങ്ങൾ താമസിക്കുന്നതുമായ രണ്ട് കോളനികളെയാണ് MLA-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം കുറ്റ്യാടി നിയോജക മണ്ഡലത്തിലെ

മീനത്തുകര പട്ടികജാതി കോളനി, അംബേദ്കർ കോളനി എന്നീ രണ്ട് കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മങ്കര പട്ടികജാതി കോളനി, ഐ.എച്ച്.ഡി.പി. കോളനി എന്നിവയെ അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം ലഭിച്ചിട്ടില്ല.

## മതിയായ ചികിത്സ കിട്ടാതെ മരണപ്പെട്ട കണ്ടന്റെ കുടുബത്തിന് ധനസഹായം

16 (6271) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ അമരമ്പലം പഞ്ചായത്തിലെ അയ്യപ്പൻകുളം കോളനിയിലെ കണ്ടൻ എന്നയാൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് മതിയായ ചികിത്സ കിട്ടാതെ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാഥമികമായി നൽകിയ ചെറിയ തുകയില്പരി സ്ഥലം എം.എൽ.എ നൽകിയ നിവേദനത്തിന്മേൽ, വീടോ, മക്കളോ ഇല്ലാത്ത കണ്ടന്റെ കുടുംബത്തിനെ സഹായിക്കുവാൻ എടുത്ത നടപടി വിശദമാക്കാമോ;

(സി) കണ്ടന്റെ കുടുംബത്തിന് നഷ്ടപരിഹാര തുക നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടനെ ചികിത്സിക്കുന്നതിൽ വീഴ്ച വരുത്തിയ ടി ആശുപത്രിയിലെ രണ്ട് ഡോക്ടർമാരെ ആരോഗ്യ വകുപ്പ് സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി & സി) നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസർ, കണ്ടന്റെ മൃതദേഹം മറവ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണം നടത്തുകയും മരണാനന്തര ചടങ്ങുകൾക്ക് 3,500 രൂപയും കണ്ടന്റെ ഭാര്യ ശ്രീമതി മാതിക്ക് അടിയന്തര ധനസഹായമായി 25,000 രൂപയും (ഇരുപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടന്റെ ഭാര്യക്ക് വീട് അനുവദിക്കുന്നതിലേയ്ക്കായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടിയാന്റെ ഭാര്യയുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമങ്ങൾ

17 (6272) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുവരുന്ന മാടായി ഗ്രാമപഞ്ചായത്തിലെ മൂലക്കീൽ കോളനി, ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ഏഴിലോട് ചക്ലിയ കോളനി എന്നിവിടങ്ങളിലെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ പുരോഗതി ഇപ്രകാരമാണ്.

| മൂലക്കീൽ കോളനി | | ഏഴിലോട് ചക്ലിയ കോളനി | |
|---|---|---|---|
| പൂർത്തീകരിച്ചത് | പൂർത്തീകരിക്കാനുള്ളത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാനുള്ളത് |
| (1) | (2) | (3) | (4) |
| 1. ഇന്ദിരാജി ക്ലബ് മുതൽ സ്വാമിമഠം വരെയുള്ള ഫുട്പാത്ത്<br>2. രണ്ട് തോട് മുതൽ ദമയന്തി വീട് വരെയുള്ള ഫുട്പാത്ത്<br>3. രാജൻ പീടിക മുതൽ രാഘവന്റെ വീട് വരെയുള്ള ഫുട്പാത്ത് | മൂലക്കീൽ കോളനിയിൽ മൂലക്കീൽ പാലം മുതൽ പടന്നപ്പാലം വരെയുള്ള റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1. ഭവന നവീകരണം<br>2. കോളനി റോഡ് നവീകരണം<br>3. ഡ്രെയ്നേജ് പ്രവൃത്തികൾ | വീടുകൾക്ക് വൈറ്റ് വാഷ്, ടൈൽ പതിക്കൽ, ശ്മശാന നവീകരണം എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. |

| | |
|---|---|
| 4. ഇന്ദിരാജി ക്ലബ് മുതൽ രാജന്റെ വീട് വരെയുള്ള ഫുട്പാത്ത്<br>5. കുടിവെള്ള പദ്ധതി | 4. കുടിവെള്ള പദ്ധതി<br>5. ബയോ ഗ്യാസ് പ്ലാന്റ്<br>6. കമ്മ്യൂണിറ്റി ഹാൾ നവീകരണം |

പ്രസ്തുത പ്രവൃത്തികൾ മാർച്ച് 31-ന് മുൻപ് പൂർത്തീകരിക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പഠനമുറികൾ**

18 (6273) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പട്ടികജാതി വികസന വകുപ്പ് മണലൂർ നിയോജക മണ്ഡലത്തിൽ പഠനമുറികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പഠനമുറികൾ അനുവദിച്ചിട്ടില്ലെങ്കിൽ അത് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് 120 sq.ft. വലിപ്പമുള്ള റൂം നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവർ പ്ലാസ്റ്റർ ചെയ്യുന്നതിനും വാതിൽ, ജനാല എന്നിവ സ്ഥാപിക്കുന്നതിനും തറ ടൈൽ പാകുന്നതിനും ഇലക്ട്രിഫിക്കേഷൻ ചെയ്ത് ഫാൻ, ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനും

പഠനമുറി പദ്ധതിപ്രകാരം രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. ടി തുക 15%, 30%, 40%, 15% എന്ന നിരക്കിൽ നാല് ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. വരുമാന പരിധി 1,00,000 രൂപയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും മറ്റ് ഏജൻസികളിൽനിന്ന് ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം ലഭിച്ചിട്ടില്ലാത്തതുമായ കുടുംബങ്ങൾക്കാണ് പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നത്. നിലവിലുള്ള വീടിന്റെ വലിപ്പം 800 sq.ft. വരെയുള്ളവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. പത്താം ക്ലാസ്സിൽ പഠിക്കുന്നവരുള്ള കുടുംബം, ഒരു കിടപ്പുമുറി മാത്രമുള്ള വീടുള്ളവർ, വിധവ/വിഭാര്യർ നയിക്കുന്ന കുടുംബങ്ങൾ, താഴ്ന്ന വരുമാനക്കാർ എന്നിവർക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗക്കാരായ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പദ്ധതി വ്യവസ്ഥ ചെയ്യുന്നു.

(ബി & സി) ഉണ്ട്. മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പുവർഷം 81 പഠനമുറികൾ വകുപ്പുമുഖേന അനുവദിച്ചുനൽകിയിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം

19 (6274) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2016 മാർച്ച് വരെയുള്ള കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ചികിത്സാ ധനസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ ഭരണ കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ചികിത്സാ ധനസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികജാതി/പട്ടികവർഗ്ഗ മിശ്ര വിവാഹിതർക്ക് ധനസഹായം

20 (6275) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി ദമ്പതിമാരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ള ആളാണെങ്കിൽ 2.5 ലക്ഷം രൂപ ധനസഹായം നൽകുന്ന കേന്ദ്രസർക്കാർ പദ്ധതി, സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) രാജ്യത്ത് 500 പേർക്ക് ടി പദ്ധതിപ്രകാരം ധനസഹായം നൽകുവാനാണ് കേന്ദ്ര സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ കേരളത്തിന്റെ വിഹിതം 7 എണ്ണം മാത്രമാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള അധികാരം സംസ്ഥാന സർക്കാരിന് ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യം കേന്ദ്രം അംഗീകരിച്ചിട്ടില്ല. ഡോ. അംബേദ്കർ ഫൗണ്ടേഷൻ എന്ന സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

## അംബേദ്കർ ഗ്രാമപദ്ധതി

21 (6276) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തികവർഷത്തിൽ അംബേദ്ക്കർ ഗ്രാമപദ്ധതിയിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ഏതെല്ലാം എസ്.സി കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന എസ്.സി. കോളനി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നഗരസഭാപ്രദേശത്തെ എസ്.സി. കോളനികളെ അംബേദ്ക്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽനിന്നും ഭാസ്കർ നഗർ കോളനി, പൂഴിക്കുന്ന് പനവിളാകം എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ഒരു കോളനിക്ക് ഒരു കോടി രൂപ വീതം അനുവദിക്കുന്നുണ്ട്.

(സി) നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി കോളനികളെ തെരഞ്ഞെടുക്കുന്നതിൽ തടസ്സമില്ല.

**പട്ടിക/ഗോത്രവർഗ്ഗ നരവംശ കേന്ദ്രം**

22 (6277) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്ര വിഭാഗങ്ങളെക്കുറിച്ച് സാമൂഹികവും നരവംശ ശാസ്ത്രപരവുമായ പഠനം നടത്തുന്നതിന് പട്ടിക ഗോത്ര വർഗ്ഗ നരവംശ കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പട്ടിക വിഭാഗങ്ങൾക്കിടയിലെ അരിവാൾ രോഗം, ജനിതക രോഗങ്ങൾ എന്നിവ സംബന്ധിച്ച സർവ്വേയും വിശദ പഠനവും നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പട്ടിക ഗോത്ര വിഭാഗങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഗോത്രകല, സംസ്കാരം, പാരമ്പര്യ വൈദ്യം ഉൾപ്പെടെയുള്ള തനത് അറിവുകൾ ഡോക്യുമെന്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പഠന കേന്ദ്രം എവിടെ സ്ഥാപിക്കുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ ഈ മേഖലയിൽ ഏതൊക്കെ തരത്തിലുള്ള സഹകരണമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് എന്നറിയിക്കുമോ?

ഉത്തരം

(എ) ആന്ത്രപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഫീൽഡ് സ്റ്റേഷൻ സംസ്ഥാനത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച നടന്നുവരുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പിന്തുണയോടെ ആദിവാസികൾക്കിടയിലെ ജനിതക രോഗങ്ങൾ സംബന്ധിച്ച പഠനം ആന്ത്രപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി-ഇ) കേരളത്തിലെ പട്ടിക/ഗോത്ര വിഭാഗങ്ങളെ സംബന്ധിച്ച് ആധികാരിക നരവംശ പഠനം നടത്തുക, പട്ടിക/ഗോത്ര വിഭാഗങ്ങളുടെ ആചാര അനുഷ്ഠാനങ്ങൾ ഡിജിറ്റൈസ് ചെയ്യുക, കിർത്താഡ്സ് മ്യൂസിയത്തിൽ ഗോത്രകലയും സംസ്കാരവും സംബന്ധിച്ച ഡോക്യുമെന്റുകൾ തയ്യാറാക്കാൻ സഹായിക്കുക, പട്ടിക/ഗോത്ര വിഭാഗങ്ങളുടെ വൈദ്യം ഉൾപ്പെടെയുള്ള പരമ്പരാഗത തനത് വിജ്ഞാനത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ വകുപ്പ് മുന്നോട്ടു വച്ചിട്ടുണ്ട്. ടി ആവശ്യങ്ങളെല്ലാം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആന്ത്രപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഫീൽഡ് സ്റ്റേഷൻ അട്ടപ്പാടിയിലോ വയനാട്ടിലോ സ്ഥാപിക്കുന്നത് സംബന്ധിച്ച ചർച്ച നടന്നുവരുന്നു.

## മങ്കട നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ

23 (6278) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മങ്കട നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രൊപ്പോസൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് മുഖേന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഏതെങ്കിലും പദ്ധതികൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മങ്കട നിയോജക മണ്ഡലത്തിൽനിന്ന് പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട് യാതൊരു പ്രൊപ്പോസലും ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് മുഖേന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ല.

## ആദിവാസി നയം

24 (6279) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി നയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികൾക്ക് നേരെ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ആക്രമണങ്ങൾ ഉണ്ടായത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പട്ടിക വിഭാഗങ്ങളുടെ നേരെ നടക്കുന്ന ചൂഷണം തടയാൻ ശക്തമായ നടപടി സ്വീകരിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ ആദിവാസികൾക്ക് വീട് നിർമ്മിക്കാൻ പദ്ധതി നടപ്പാക്കിയത്, ഈ സർക്കാരിന് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സമഗ്രമായ ഒരു പട്ടികവർഗ്ഗ വികസന നയം രൂപീകരിച്ചിട്ടില്ല. എന്നാൽ ഭരണഘടന അനുശാസിക്കുന്ന പട്ടികവർഗ്ഗക്കാർക്കുള്ള അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുതന്നെയാണ് സംസ്ഥാനം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും. പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തിൽ കൂടുതലായി സംസ്ഥാന പദ്ധതി വിഹിതം ഇവർക്കായി വകയിരുത്തുന്നുണ്ട്. ആകെ ജനസംഖ്യയുടെ 1.45 ശതമാനമാണ് പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയെങ്കിലും ആകെ പദ്ധതി വിഹിതത്തിന്റെ 2.83 ശതമാനം ഇവർക്കായി വകയിരുത്തിയിട്ടുണ്ട്. വികസന സൂചികകളിൽ മുഖ്യധാരാ സമൂഹവും പട്ടികവർഗ്ഗക്കാരും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ട് പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം പൊതു സമൂഹത്തിനോടൊപ്പം കൊണ്ടു വരുന്നതിന് സംസ്ഥാനങ്ങൾ നയം രൂപീകരിക്കണമെന്നാണ് കേന്ദ്ര നയം അനുശാസിക്കുന്നത്. ഇതനുസരിച്ചാണ് സംസ്ഥാനം പദ്ധതി രൂപീകരണവും നിർവ്വഹണവും നടത്തുന്നത്. പൊതുസമൂഹവും പട്ടികവർഗ്ഗ സമൂഹവും തമ്മിലുള്ള അന്തരം വിലയിരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തൊട്ടാകെ 2008-ൽ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുകയും ഇതിൽ കണ്ടെത്തിയ വികസന വിടവുകൾ പരിഹരിക്കുന്നതിനുതകുന്ന തരത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, ഭൂമി, തൊഴിൽ, നൈപുണ്യവികസനം, അടിസ്ഥാന സൗകര്യ

വികസനം, നിയമ സംരക്ഷണം എന്നീ മേഖലകളിൽ ഒട്ടനവധി പുതിയ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഏറ്റവും പിന്നോക്കം നിൽക്കുന്ന ട്രൈബൽ സങ്കേതങ്ങളെ (ട്രൈബൽ പോക്കറ്റ്സ്) തെരഞ്ഞെടുത്ത് 2013-14 മുതൽ ഹാംലെറ്റ് വികസന പദ്ധതി കൂടാതെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 1 ശതമാനം തുക വകയിരുത്തി 2014-15 മുതൽ അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതി, 2017-18 മുതൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നിവ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ ഇടപെടലുകൾമൂലം ഈ സമൂഹത്തിനുണ്ടായ പുരോഗതി വിലയിരുത്തുന്നതിനായി സോഷ്യോ ഇക്കണോമിക് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ 2018-ൽ ആരംഭിക്കുന്നുണ്ട്. ഈ സർവ്വേയിൽ കണ്ടെത്തുന്ന വികസന വിടവുകൾക്കനുസൃതമായി പട്ടികവർഗ്ഗക്കാരുടെ തനതായ സംസ്കാരത്തിന് കോട്ടം തട്ടാതെ അവരുടെ സർവ്വതോന്മുഖമായ വികസനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനാവശ്യമായ നയസമീപനം രൂപീകരിക്കേണ്ടതുണ്ട്. നയരൂപീകരണത്തിൽ താഴെപ്പറയുന്ന സൂചകങ്ങൾ മാർഗ്ഗദർശിയായി കാണേണ്ടതുണ്ട്.

- തദ്ദേശീയ ജനതയുടെ അറിവിനും സംസ്കാരത്തിലും ഊന്നിയ വികസനത്തിന് മുൻതൂക്കം
- ഭൂമിയിലും വനത്തിന്മേലുമുള്ള അവരുടെ അവകാശം സംരക്ഷിക്കപ്പെടുക
- സാമൂഹികവും സാംസ്കാരികവുമായ സ്വത്വത്തിന് കോട്ടം തട്ടാതെയുള്ള വികസനം
- പട്ടികവർഗ്ഗ വികസനത്തിന്റെ സൂചിക അവരുടെ ജീവിത നിലവാരത്തെ ആശ്രയിച്ചിരിക്കണം

" പട്ടികവർഗ്ഗ സമൂഹത്തിന്റെ സർവ്വവിധ സാംസ്കാരിക സ്വത്വങ്ങളും സംരക്ഷിച്ചുകൊണ്ട് വൈദഗ്ദ്ധ്യമാർന്ന പദ്ധതി ആസൂത്രണവും ശാക്തീകരണ പരിപാടികളും സമന്വയിപ്പിച്ച് വിദ്യാഭ്യാസ-സാങ്കേതിക-ആരോഗ്യ-സാമ്പത്തിക രംഗത്ത് മുഖ്യധാരാ സമൂഹത്തിനോടൊപ്പം ഇണക്കിച്ചേർക്കുക" എന്നതാണ് പട്ടികവർഗ്ഗ വികസനത്തിൽ വകുപ്പ് ലക്ഷ്യമിടുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ 22-2-2018-ന് കടുകുമണ്ണയിൽ താമസിക്കുന്ന ശ്രീ. മധു S/o. മല്ലൻ എന്ന പട്ടികവർഗ്ഗ കുറുമ്പ വിഭാഗത്തിൽപ്പെട്ട യുവാവിനെ മുക്കാലിയിലുള്ള ഒരു സംഘം ആളുകൾ മോഷണം നടത്തി എന്ന കാരണം പറഞ്ഞ് മർദ്ദിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തിരുന്നു. ടി കേസിലുൾപ്പെട്ട 16 പ്രതികളെയും അറസ്റ്റ് ചെയ്യുകയും പ്രതികൾക്കെതിരെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരവും ഐ.ടി. നിയമപ്രകാരവും വന നിയമപ്രകാരവും

കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്താൽ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) പട്ടികവർഗ്ഗത്തിലെ ദുർബ്ബലരും നിയമ പരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവരും പലപ്പോഴും പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും അടിമപ്പെടാറുണ്ട്. ഇപ്രകാരമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുന്നതിനും നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുന്നതിനും പരിശ്രമങ്ങൾ നടന്നുവരുന്നുണ്ട്. 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം ആദിവാസികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ തടയുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനെതിരെയും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതുപ്രവർത്തകരുടെയും സഹകരണത്തോടു കൂടിയും നടപടികൾ സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിതാ കമ്മീഷൻ നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രവർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി എടുത്തുവരുന്നു. ജില്ലകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി സെമിനാറുകൾ/ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന സംഘടിപ്പിക്കുന്നുണ്ട്. എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. 1989-ലെ പട്ടികജാതി/ പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പിലാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, അർഹമായ കേസുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പുവരുത്തുന്നു. 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ

തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം, നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും ടി കേസുകളുടെ സമയബന്ധിത തീർപ്പാക്കലിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്ടും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പട്ടികവർഗ്ഗക്കാർക്കായി വിവിധ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചതിൽ spill over ആയ 17605 വീടുകളിൽ ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം 12277 വീടുകൾ പൂർത്തീകരിക്കുകയും ആയതിൽ 6823 വീടുകൾ വകുപ്പുമുഖേനയും 5454 എണ്ണം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചുവരുന്നു. കൂടാതെ വിവിധ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചതും 31-3-2016-നകം പൂർത്തീകരിക്കാത്തതുമായ മുഴുവൻ വീടുകളും സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണച്ചെലവ് അനുവദിച്ച് വീടുകൾ പൂർത്തീകരിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം വിവിധ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച 6709 വീടുകളിൽ 31 വീടുകൾ വകുപ്പുമുഖേന പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണ ഘട്ടങ്ങളിലാണ്.

**വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ**

25 (6280) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ ചാലക്കയം-മൂഴിയാർ വനമേഖലയിലെ മലമ്പണ്ടാരം സമുദായത്തിൽപ്പെട്ടവരുടെ കോളനി, തൃശ്ശൂർ ജില്ലയിലെ ഒളക്കര കോളനി, പാലക്കാട് ജില്ലയിലെ കടപ്പാറ കോളനി എന്നിവിടങ്ങളിൽ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഉത്തരം

(എ) വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. ചില ദുർഘട പ്രദേശങ്ങളിൽ സർവ്വേ നടപടികൾ യഥാസമയം പൂർത്തിയാക്കാനുള്ള ചില പ്രായോഗിക വിഷമങ്ങൾ ഒഴിച്ചുനിർത്തിയാൽ ഇക്കാര്യത്തിൽ നല്ല പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. സർവ്വേ പൂർത്തീകരിച്ച് ജില്ലാതല സമിതി പാസ്സാക്കിയ 25906 അപേക്ഷകളിൽ 25709 ROR-കൾ വിതരണം ചെയ്തു. ഒട്ടാകെ 33829.71 ഏക്കർ സ്ഥലം ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിലെ ചാലക്കയം, മൂഴിയാർ മേഖലയിലെ മലമ്പണ്ടാര സമുദായത്തിൽപ്പെട്ടവർക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിലെ ഒളകര കോളനിയിലെ 40 കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം അർഹമായ ഭൂമി ടി കോളനിയിൽ ഇല്ല. ലഭ്യമായ ഭൂമി സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും പരമാവധി ഭൂമി ലഭ്യമാക്കണമെന്ന് ടി കുടുംബങ്ങൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് സർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ലഭ്യമായ ഭൂമി നൽകുന്നതിനും അധികമായിവേണ്ട ഭൂമി പുറമേനിന്നും കണ്ടെത്തി നൽകുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. അതിൻപ്രകാരമുള്ള നടപടികൾ പുരോഗമിക്കുന്നു. പാലക്കാട് ജില്ലയിലെ കടപ്പാറയിൽ 22 പട്ടികവർഗ്ഗ കുടുംബങ്ങളും വനത്തിനുള്ളിൽ കഴിയുന്നവരല്ല. വനത്തിനുള്ളിൽ കഴിയുന്നവർക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനും ബാക്കിയുള്ളവർക്ക് നിക്ഷിപ്ത വനഭൂമി നൽകുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. ആയതുപ്രകാരം വനഭൂമി സർവ്വേ നടത്തി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഭൂമി ലഭ്യമാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർതലത്തിൽ പട്ടികവർഗ്ഗ വികസനം, വനം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി നടപടികൾ സ്വീകരിച്ചു വരുന്നു.

### കൈത്താങ്ങ് പദ്ധതി

26 (6281) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ക്ഷേമത്തിനായി മുൻസർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച കൈത്താങ്ങ് പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര പേർക്ക് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഈ സർക്കാർ നിലവിൽ വന്നശേഷം ആകെ 1320 പേർക്ക് ലഭിച്ചിട്ടുണ്ട്.

## പാറശ്ശാല നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

27 (6282) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം നവീകരിക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പട്ടികയിൽപ്പെടുത്തി പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങൾ എതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേയ്ക്ക് ആരംഭിക്കാനാകുമെന്നും ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ അമ്പൂരി പഞ്ചായത്തിലെ തെന്മല പട്ടികവർഗ്ഗ സങ്കേതത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) മേൽ പരാമർശിത പട്ടികവർഗ്ഗ സങ്കേതത്തിൽ 29-12-2017-ന് പാറശ്ശാല എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ പ്രത്യേക ഊരുകൂട്ടം ചേർന്ന് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും ഊരിൽ കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുന്നതിനും ടോയ്‌ലെറ്റ് സൗകര്യമില്ലാത്ത ഭവനങ്ങളിൽ ആയത് ഏർപ്പെടുത്തുവാനും തീരുമാനിച്ചിരുന്നു. ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ഡി.പി.ആർ. തയ്യാറാക്കി നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

## ഗുണഭോക്തൃ വിഹിതം

28 (6283) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ആദിവാസി വിഭാഗങ്ങളിലെ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന പണിയ, അടിയ, കാട്ടുനായ്ക്ക തുടങ്ങിയവർക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ ശേഷിയില്ലാത്തതിനാൽ പല ആനുകൂല്യങ്ങളും കൈപ്പറ്റാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയം പരിഹരിക്കുന്നതിനായി ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിൽ നിന്നും ആദിവാസി വിഭാഗങ്ങളെ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്ക് ഗുണഭോക്തൃവിഹിതം ആവശ്യമില്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് ടി.എസ്.പി. ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ 100% സബ്സിഡിയും ചില പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതായും വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ഓരോ സാമ്പത്തിക വർഷവും പദ്ധതി മാർഗ്ഗരേഖയുടെയും സബ്സിഡി മാർഗ്ഗ രേഖയുടെയും അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കുന്നത്. ഇങ്ങനെ രൂപീകരിക്കുന്ന ഗുണഭോക്തൃവിഹിതം ആവശ്യമുള്ള പദ്ധതികളിൽ എല്ലാ വിഭാഗങ്ങൾക്കും (എസ്.സി./എസ്.ടി./പൊതുവിഭാഗം) നിശ്ചിത ശതമാനം ഗുണഭോക്തൃവിഹിതം അടയ്ക്കേണ്ടതായി വരുന്നുണ്ട്.

(ബി & സി) പരിശോധിക്കുന്നതാണ്.

## പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ സമഗ്ര വികസനം

29 (6284) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ സമഗ്രവികസനത്തിന് വേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഈ പദ്ധതിമൂലം അവരുടെ ജീവിത നിലവാരം എത്രത്തോളം ഉയർത്താമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ - സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ രണ്ട് കോളനികളെ വീതം ഒരു നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി ടി കോളനികളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമൊരുക്കുകയെന്ന ലക്ഷ്യം മുൻനിർത്തി അംബേദ്കർ ഗ്രാമവികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കോളനി നിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

30 (6285) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസനത്തിനായി ഈ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാമ്പത്തിക സാമൂഹിക വികസനം ലക്ഷ്യമിടുന്ന 'അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പട്ടികവർഗ്ഗ യുവതി-യുവാക്കൾക്ക് സ്വയം തൊഴിലിനും, തൊഴിൽ വൈദഗ്ധ്യ വികസന പരിശീലനത്തിനുമായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസനത്തിനായി വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകി ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും മിൽമ മുഖേന ഡെയറി യൂണിറ്റുകൾ, കുടുംബശ്രീ മുഖേന സുസ്ഥിര വികസന പദ്ധതി, മീറ്റ്

പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം ആരംഭിച്ച അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 101 കോളനികളെ തെരഞ്ഞെടുത്തിരുന്നു. ആയതിൽ 45 കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ.കളിൽ 34 എണ്ണത്തിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിക്കുകയും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക റിക്രൂട്ട്മെന്റ്

31 (6286) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി വിഭാഗത്തിന്റെയും, പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെയും ശാക്തീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി പ്രത്യേക റിക്രൂട്ട്മെന്റ് പി.എസ്.സി. വഴി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഏതൊക്കെ മേഖലകളിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത വിഭാഗത്തെ നിയമിക്കുമ്പോൾ ആദിവാസി മേഖലകളിൽ അവരുടെ സേവനം ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആദിവാസി വിഭാഗത്തിന്റെയും പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ടവരുടെയും ശാക്തീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 1958-ലെ KS&SSR ചട്ടം 14(a) പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിനായി അനുവദിച്ച 10% പ്രാതിനിധ്യം ഉറപ്പാക്കുവാനായി വാർഷിക അവലോകനം നടത്തുകയും നിശ്ചിത ശതമാനത്തിൽ കുറവ് വരുന്നുവെന്ന്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കാണുന്നപക്ഷം പ്രാതിനിധ്യം ഉറപ്പാക്കുവാനായി തസ്തികകൾ റിസർവ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾ ഒഴിവുകൾ എഴുതി അറിയിക്കുകയും തുടർന്ന് പ്രത്യേക നിയമനം നടത്തി ഒഴിവുകൾ നികത്തുകയും ചെയ്തുവരുന്നു. വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വനാതിർത്തിയിലും വനാന്തർഭാഗത്തും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെയും പാലക്കാട് ജില്ലയിലെ കുറുമൻ വിഭാഗത്തിലുംപ്പെട്ട യുവാക്കൾക്ക് മുൻഗണന നൽകിക്കൊണ്ടും മറ്റ് ആദിവാസി വിഭാഗങ്ങളെ ഉൾപ്പെടുത്തിയും പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ/വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്കും വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളുടെ വനാന്തർഭാഗത്തും വനാതിർത്തിയിലും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ, പാലക്കാട് ജില്ലയിലെ കുറുമൻ എന്നീ ആദിവാസി വിഭാഗങ്ങളിൽനിന്നു മാത്രമായി എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്കും നിയമനം നടത്തുന്നതിനായി 21-3-2018-ന് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഗ്രാന്റുകൾ സമയബന്ധിതമായി നൽകാൻ നടപടി

32 (6287) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജകണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ലംപ്സംഗ്രാൻറ് /സ്റ്റൈഫൻറ് ഇനത്തിൽ ഒരോ സാമ്പത്തികവർഷവും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ലംപ്സംഗ്രാന്റ്/സ്റ്റൈഫന്റ് ഇനത്തിൽ പ്രസ്തുത കാലയളവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ കുടിശ്ശിക സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് ഇനത്തിൽ 2016-17 സാമ്പത്തികവർഷം 49,16,635 രൂപയും 2017-18 സാമ്പത്തികവർഷം 54,00,033 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കുടിശ്ശികയില്ല.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദേശ പഠനം

33 (6288) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) സർക്കാരിന്റെ പദ്ധതികളെക്കുറിച്ചുള്ള അവബോധം ഈ വിഭാഗത്തിൽ എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം നൽകുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗനിർദ്ദേശങ്ങൾ 4-10-2017-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 81/2017/പ.ജ.പ.വ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ സേവനമനുഷ്ഠിക്കുന്ന എസ്.ടി. പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, വകുപ്പിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ മുഖേന സർക്കാരിന്റെ പദ്ധതികളെക്കുറിച്ചുള്ള അവബോധം പട്ടികവർഗ്ഗ കോളനികളിൽ നടത്തിവരുന്നുണ്ട്. ഓരോ പദ്ധതിയും നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രചാരണം വിവിധ പത്ര-ദൃശ്യ മാധ്യമങ്ങൾ മുഖേനയും നടത്തുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിലും വിവിധ പട്ടികവർഗ്ഗ മേഖലകളിലുമായി സെമിനാറുകളും കൗൺസിലിംഗ് ക്ലാസ്സുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പദ്ധതികൾ ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്യുകയും ആവശ്യമായ അവബോധവും നിർദ്ദേശങ്ങളും നൽകിവരികയും ചെയ്യുന്നു. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളെപ്പറ്റി വകുപ്പിന്റെ വെബ്സൈറ്റിലൂടെയും വിവരങ്ങൾ നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് തൊഴിൽ

34 (6289) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ എത്ര പട്ടിക വർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളിലൂടെ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് ജോലി ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) അഭ്യസ്ഥവിദ്യരായിട്ട് കൂടി സമൂഹത്തിന്റെ മുഖ്യധാരയിൽ നിൽക്കുന്നതിന് പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് കഴിയാതിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഇത്തരക്കാരെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുമോ;

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകിയിട്ടുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | വർഷം | പ്ലേസ്മെന്റ് ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും 3 വർഷത്തെ ഡിപ്ലോമ കോഴ്സും പരിശീലനം | 2016-17 | 303 |
| 2. | സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി | 2016-17 | 50 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3. | അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്ക് ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന ഡി.സി.എ. കോഴ്സ് പരിശീലനം | 2016-17 | 21 |
| 4. | എത്തിയോസ് ഹൗസ് കീപ്പിംഗ് & ഫുഡ് ബിവറേജ് | 2017-18 | 125 |
| 5. | കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതി | 2016-17 | 18000 |
| 6. | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നു. | 2016-17 | 10 |
| 7. | മിൽമ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ | 2016-17 | 210 |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പരിപാടികളിലൂടെ തൊഴിൽ നൽകിയിട്ടുണ്ട് :

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു | 241 |
| സാമൂഹ്യ പഠനമുറി | 100 |
| എസ്.ടി. പ്രൊമോട്ടർമാർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 32 |

(സി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പുതിയ തൊഴിൽ സംരംഭകർക്കുവേണ്ടി വകുപ്പ് 2016-17 സാമ്പത്തികവർഷം മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

- 2016-17 വർഷം മുതൽ 'ഗോത്രജീവിക' എന്ന പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്ന തിനുമായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്. :

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ
2. കെൽട്രോൺ
3. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആൻഡ് ടെക്നോളജി
4. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്

ഇതിനുപുറമേ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. മിൽമ
2. കുടുംബശ്രീ
3. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

- കൂടാതെ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കു ന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.ടി. മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' എന്ന സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പട്ടികവർഗ്ഗ വനിതകൾക്ക് വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി അപ്പാരൽ പാർക്ക് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ

ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 250 പട്ടികവർഗ്ഗ യുവതികൾക്കാണ് പരിശീലനം നൽകുന്നത്. തൊഴിൽ ഉറപ്പു വരുത്തുന്നതോടൊപ്പം സ്ത്രീ ശാക്തീകരണവും ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ

- കൃഷി
- പശു, ആട് വളർത്തൽ
- ക്രിമിറ്റോറിയംപെട്ടി അനുവദിക്കൽ
- യന്ത്രസഹായത്തോടെ കാട് വെട്ടൽ
- യന്ത്രസഹായത്തോടെ മരംമുറി
- തയ്യൽ യൂണിറ്റുകൾ
- വയറിംഗ്
- പി.എസ്.സി. പരിശീലനം
- ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ
- സിവിൽ ആർക്കിടെക്ച്ചർ ഡ്രാഫ്റ്റിംഗ് ലാൻഡ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം
- കോഴിയും കൂടും പദ്ധതി
- ചെറുകിട വ്യാപാരം

കോർപ്പസ് ഫണ്ട്

1. കടനിർമ്മാണം
2. മത്സ്യ കച്ചവടം
3. ബേക്കറി
4. തുണിക്കട
5. കോഫീ ബാർ

6. യന്ത്രവൽകൃത പുൽവെട്ടൽ
7. യന്ത്രവൽകൃത പാൽകറവ
8. റബ്ബർ റോളർ വിതരണം
9. പെട്ടിക്കടകൾ
10. പന്നി വളർത്തൽ

ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്

എസ്.സി.എ. ടു ടി.എസ്.പി. നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ

1. യന്ത്രവൽകൃത തെങ്ങുകയറ്റം
2. യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്
3. യന്ത്രവൽകൃത കൃഷി, തയ്യൽ
4. ഗാർമെന്റ് ആൻഡ് ടയ്ലറിംഗ് യൂണിറ്റ്
5. ഡെയറി ഡെവലപ്മെന്റ് യൂണിറ്റ്
6. ഫോട്ടോസ്റ്റാറ്റ് മെഷീൻ
7. തൊഴിൽ സംഗീത ഉപകരണങ്ങൾ
8. യന്ത്രവൽകൃത കള പറിക്കൽ
9. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്
10. ഹെവി മോട്ടോർ ഡ്രൈവിംഗ്
11. കയർ ഉൽപ്പാദനം
12. യന്ത്രവൽകൃത മരംവെട്ട്
13. ഫാഷൻ ടെക്നോളജി
14. കമ്പ്യൂട്ടർ ട്രെയിനിംഗ്
15. ഹാച്ചറി യൂണിറ്റ്
16. യന്ത്രവൽകൃത കവുങ്ങ് കയറ്റം
17. മെഴുകുതിരി നിർമ്മാണം

18. കലാപരമായ ഉൽപ്പന്നങ്ങൾ

19. ഫർണീച്ചർ ഉൽപ്പാദനം

(ഡി) വിദ്യാഭ്യാസപരവും സാമൂഹികപരവും സാമ്പത്തികപരവുമായ പിന്നോക്കാവസ്ഥയാണ് പട്ടികവർഗ്ഗക്കാർക്ക് സമൂഹത്തിന്റെ മുഖ്യധാരയിൽ മറ്റ സമുദായങ്ങൾക്കൊപ്പം നിൽക്കാൻ കഴിയാത്തതിന് കാരണം. ആയത് പരിഹരിക്കുന്നതിനായി വകുപ്പ് ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**ആദിവാസികൾക്കിടയിലെ ശിശു-മാതൃമരണം**

35 (6290) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിലെ ആരോഗ്യപ്രശ്നങ്ങളും പോഷകാഹാരക്കുറവും പരിഹരിക്കാൻ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾ ശിശു-മാതൃമരണം കുറയ്ക്കാൻ സഹായകരമായിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങൾ നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) 2017-ൽ അട്ടപ്പാടിയിൽ നിന്നും റിപ്പോർട്ട് ചെയ്ത ശിശുമരണം എത്രയാണ്?

<u>ഉത്തരം</u>

(എ) 1. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ട് ഓഫീസർമാർ/ പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ

നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന KMSCL (Kerala Medical Services Corporation Limited) വകുപ്പിനുകീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

2. കൂടാതെ കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ KMSCL (Kerala Medical Services Corporation Limited) മുഖേന ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre)-കൾ പ്രവർത്തിക്കുന്നു.

4. സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1000 രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനീ-ജന്മസുരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

5. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വർഷകാലത്തും പഞ്ഞ മാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

6. സാമൂഹ്യനീതി വകുപ്പിനുകീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും

വിതരണം ചെയ്യുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

7. അട്ടപ്പാടിയിലെ പരമ്പരാഗത കൃഷിരീതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പുമായി സഹകരിച്ച് 'മില്ലറ്റ് വില്ലേജ്' എന്ന പദ്ധതി നടപ്പിലാക്കുന്നു.

(ബി) ഉണ്ട്.

(സി) ആവശ്യകത അനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) 2017-ൽ അട്ടപ്പാടിയിൽനിന്നും 14 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഹോമിയോ ഹെൽത്ത് സെന്ററുകൾ

36 (6291) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര എണ്ണമുണ്ട്; ഇത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി ഉപപദ്ധതി ഫണ്ട് വിനിയോഗിച്ച് ഹോമിയോ വകുപ്പിന്റെ കീഴിൽ 29 സ്പെഷ്യൽ ഹോമിയോ ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഹോമിയോ വകുപ്പിന്റെ കീഴിൽ 29 ഹോമിയോ ഹെൽത്ത് സെന്ററുകൾ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്നുണ്ട്. വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | മുനിസിപ്പാലിറ്റി/ പഞ്ചായത്ത് | സെന്റർ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കൊല്ലം | ശാസ്താംകോട്ട | അംബേദ്കർ ഗ്രാമം |
| 2 | കൊല്ലം | പിറവന്തൂർ | കടയ്ക്കാമൺ |
| 3 | കൊല്ലം | തലവൂർ | ഐ.എച്ച്.ഡി.പി. കോളനി |
| 4 | ഇടുക്കി | ദേവികുളം | കുണ്ടള ഈസ്റ്റ് ഡിവിഷൻ |
| 5 | ഇടുക്കി | വണ്ണാപുരം | എ കോളനി മുല്ലരിങ്ങാണ് |
| 6 | എറണാകുളം | ചേരാനെല്ലൂർ | കോരംകോട്ട അംബേദ്കർ ഗ്രാമം |
| 7 | എറണാകുളം | എടത്തല | മുതിരയ്ക്കാട്ടു മുഗൾ |
| 8 | എറണാകുളം | തൃപ്പൂണിത്തുറ | മോനപ്പിള്ളി |
| 9 | തൃശ്ശൂർ | വടക്കാഞ്ചേരി | കുമാരനെല്ലൂർ |
| 10 | തൃശ്ശൂർ | അടാട്ട് | പരിക്കാട് കോളനി |
| 11 | തൃശ്ശൂർ | കോടശ്ശേരി | കള്ളായി കോളനി |
| 12 | തൃശ്ശൂർ | എരുമപ്പെട്ടി | ചാത്തൻചിറ |
| 13 | തൃശ്ശൂർ | തെക്കുംകര | പുന്നംപറമ്പ് കോളനി |
| 14 | തൃശ്ശൂർ | പുത്തൂർ | വിശ്വനാഥൻ നഗർ |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | തൃശ്ശൂർ | ഇരിങ്ങാലക്കുട | കനാൽ ബെയ്സ് - 1 |
| 16 | തൃശ്ശൂർ | ആളൂർ | തിരുത്തിപ്പറമ്പ് കോളനി |
| 17 | പാലക്കാട് | പറളി | കൂത്തരമ്പ് കോളനി |
| 18 | പാലക്കാട് | തൃത്താല | പനമ്പട്ട |
| 19 | പാലക്കാട് | എലപ്പുള്ളി | നായാടി കോളനി |
| 20 | മലപ്പുറം | എ.ആർ. നഗർ | വലിയപറമ്പ് |
| 21 | മലപ്പുറം | കാളികാവ് | അടയ്ക്കാക്കുണ്ട് - പട്ടാണി തരിശ് എസ്.സി. കോളനി |
| 22 | മലപ്പുറം | നെടിയിരുപ്പ് | കോട്ടാശ്ശേരി |
| 23 | മലപ്പുറം | താനൂർ | ഒറ്റുംപുറം സങ്കേതം |
| 24 | കോഴിക്കോട് | പുതുപ്പാടി | പൂഴംകുന്ന് കോളനി |
| 25 | കോഴിക്കോട് | ചാത്തമംഗലം | വല്ലക്കണ്ടി കോളനി |
| 26 | കോഴിക്കോട് | കൊടുവള്ളി | മുഴിക്കുന്നമ്മൽ |
| 27 | വയനാട് | പടിഞ്ഞാറെത്തറ | കൊറ്റിയാട്ടക്കുന്ന് |
| 28 | കണ്ണൂർ | അഴീക്കോട് | കല്ലത്തോട് കോളനി |
| 29 | കണ്ണൂർ | ചിറയ്ക്കൽ | ഡോ. അംബേദ്കർ ഗ്രാമം കുന്നംകൈ |

**മങ്കട നിയോജക മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ചികിത്സാ ധനസഹായ പദ്ധതി**

37 (6292) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ചികിത്സാ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ചികിത്സാ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിന്മേൽ നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ആനുകൂല്യത്തിന് അപേക്ഷ നൽകുന്ന രീതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാർക്ക് നൽകിയ ആനുകൂല്യങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയ ആനുകൂല്യങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മങ്കട നിയോജക മണ്ഡലത്തിൽനിന്നും പട്ടികജാതി വിഭാഗത്തിൽ 179 പേർക്ക് 32,48,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ ഒരാൾക്ക് 15,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പട്ടികജാതിക്കാർക്ക് അപേക്ഷ നൽകുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. നിലവിൽ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ടി-ഗ്രാന്റ്സ് എന്ന സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ വഴിയാണ് അയയ്ക്കേണ്ടത്. പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ആനുകൂല്യത്തിന് അപേക്ഷ നൽകുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എറണാകുളം ജില്ലയിലെ മൊബൈൽ ക്ലിനിക്കുകൾ

38 (6293) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പിന്റെ എത്ര മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എറണാകുളം ജില്ലയിൽ ഇതിന്റെ മേൽനോട്ടം ആർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) പതിനാറിലധികം ആദിവാസി കോളനികളുള്ള കോതമംഗലം നിയോജക മണ്ഡലത്തിൽ മൊബൈൽ ക്ലിനിക്കിന്റെ സേവനം ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എല്ലാ കോളനികളിലും മൊബൈൽ ക്ലിനിക് സേവനം എത്തുന്നുവെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ നിയോജക മണ്ഡലത്തിലെ മൊബൈൽ ക്ലിനിക്കുകളുടെ യാത്രാ ഷെഡ്യൂളും കഴിഞ്ഞ ഒരു വർഷത്തെ റിപ്പോർട്ടും ലഭ്യമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, ഇടുക്കി എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വകുപ്പിന്റെ കീഴിൽ സ്ഥിരം സംവിധാനമായി പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റിന്റെ നേതൃത്വത്തിൽ മൂന്ന് മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നതിനായി കൊല്ലം, ഇടുക്കി, പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ്, പത്തനംതിട്ട, മലപ്പുറം, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട് (അട്ടപ്പാടി) എന്നീ ജില്ലകളിലായി 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ ആറ് മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ (കൊല്ലം, ഇടുക്കി, പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ്) 30-11-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന എട്ട് മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പ്രസ്തുത വാഹനത്തിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചിട്ടുള്ളതിനാൽ ടി വാഹനങ്ങൾ എവിടെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. പ്രസ്തുത നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ ഇത്തരം ആധുനിക രീതിയിലുള്ള മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുവാൻ ഭൂമി നൽകുന്ന പദ്ധതി**

39 (6294) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുവാൻ ഭൂമി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) കുടുംബാംഗങ്ങളുടെ പരിധിയിൽ, ഭാര്യയുടെ പിതാവിന്റെ പേരിൽ സ്ഥലം ഉള്ളതിനാൽ ഭർത്താവിനും മേൽപദ്ധതി പ്രകാരം സ്ഥലം വാങ്ങുവാൻ സഹായം നൽകില്ല എന്ന വ്യവസ്ഥ ഉണ്ടോ ; ആയത് പുനഃപരിശോധിച്ച് ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയില്ലാത്തതും പാരമ്പര്യ സ്വത്തിന്റെ ഓഹരിയായി മൂന്ന് സെന്റ് ഭൂമി ലഭിക്കാനിടയില്ലാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂരഹിത പുനരധിവാസ പദ്ധതിക്ക് അർഹതയുണ്ട്. ഗ്രാമസഭ/വാർഡുസഭ ലിസ്റ്റുകളിൽനിന്നും മുൻഗണനാടിസ്ഥാനത്തിൽ അപേക്ഷകരെ തെരഞ്ഞെടുക്കുന്നു. വാർഡുസഭ/ ഗ്രാമസഭ ലിസ്റ്റ് ലഭ്യമല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ വകുപ്പ് നേരിട്ട് പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ അർഹതാ മാനദണ്ഡം അനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന

ഗുണഭോക്താക്കൾക്ക് പഞ്ചായത്തുകളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000 രൂപയും കോർപ്പറേഷനിൽ 3 സെന്റിന് 6,00,000 രൂപയും നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു.

(ബി) ഭാര്യയുടെ പിതാവിന്റെ പേരിൽ വസ്തു ഉണ്ടെങ്കിൽ കുടുംബപരമായി ഭൂമി കിട്ടാൻ ഭാര്യക്ക് അവകാശമുള്ളത് പരിഗണിച്ച് സഹായം അനുവദിക്കുന്നില്ല. നിലവിലെ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്കാണ് ഭൂമി അനുവദിക്കുന്നത്. കുടുംബപരമായി ഭൂമി ലഭിക്കാനില്ലെന്നും അഥവാ ലഭിച്ചാൽ ടി ഭൂമി വീട് വയ്ക്കാൻ അനുയോജ്യമല്ലെന്നും ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന സാഹചര്യങ്ങളിൽ മാത്രം വ്യവസ്ഥ ഇളവുചെയ്ത് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

**ആലത്തൂർ നിയോജക മണ്ഡലത്തിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതി**

40 (6295) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങിനൽകുന്ന പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് 2017-18 സാമ്പത്തികവർഷത്തിൽ സഹായം ലഭിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) ഒരു കുടുംബത്തിന് എത്ര രൂപയാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ 42 കുടുംബങ്ങൾക്കാണ് 2017-18 വർഷം സഹായം നൽകിയിട്ടുള്ളത്.

(ബി) പഞ്ചായത്ത് പരിധിയിൽ - 3,75,000 രൂപ

മുനിസിപ്പാലിറ്റികളിൽ - 4,50,000 രൂപ

കോർപ്പറേഷനിൽ - 6,00,000 രൂപ

## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും

41 (6296) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും വീടും ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും, മാനദണ്ഡങ്ങളും വിശദമാക്കുമോ;

(ബി) ഈ സർക്കാർ ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭൂമിയും വീടും നല്കിയിട്ടുണ്ട്; ഭൂമിയുള്ള എത്രപേർക്ക് വീട് നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്നും ഇതിൽ കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര എന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ലഭിക്കുന്നതിനായി അപേക്ഷ നൽകിയ കുടുംബങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥരുണ്ടെങ്കിൽ ആനുകൂല്യം ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗം

50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയില്ലാത്തതും കുടുംബസ്വത്തിന്റെ ഓഹരിയായി സ്ഥലം ലഭിക്കാനിടയില്ലാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂരഹിത പുനരധിവാസ പദ്ധതിക്ക് അർഹതയുണ്ട്. ഗ്രാമസഭ/വാർഡുസഭ ലിസ്റ്റുകളിൽനിന്നും മുൻഗണനാടിസ്ഥാനത്തിൽ അപേക്ഷകരെ തെരഞ്ഞെടുക്കുന്നു. ഗ്രാമസഭ/ വാർഡുസഭാ ലിസ്റ്റ് ലഭ്യമല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ വകുപ്പ് മുഖേന നേരിട്ട് പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ അർഹതാ മാനദണ്ഡം അനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് പഞ്ചായത്തുകളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റികളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000 രൂപയും കോർപ്പറേഷനിൽ 3 സെന്റിന് 6,00,000 രൂപയും നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള വാസയോഗ്യമായ

വീടില്ലാത്ത 50,000 രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം നാല് ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. ടി തുക 15%, 30%, 40%, 15% എന്ന നിരക്കിൽ നാല് ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്നു. ഗുണഭോക്താക്കളെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കുന്നു.

പട്ടികവർഗ്ഗ വിഭാഗം

ഭൂമിയില്ലാത്ത കുടുംബമാണെന്ന് ഗ്രാമസഭ/ഊരുകൂട്ടം/പട്ടികവർഗ്ഗ വികസന വകുപ്പ്/റവന്യൂ അധികാരികൾ എന്നിവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ വ്യക്തികൾക്കാണ് ഭൂമിയും വീടും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുക. പട്ടികവർഗ്ഗ ആദിവാസി മേഖലകളോട് ചേർന്നുനിൽക്കുന്ന സ്ഥലങ്ങൾക്ക് മുൻഗണന നൽകുകയും വാസയോഗ്യവും കൃഷിയോഗ്യവുമായ വഴി, വൈദ്യുതി ലഭ്യത, കുടിവെള്ള ലഭ്യത, ആദായമുള്ളത്, നിരപ്പായത് തുടങ്ങിയ ഘടകങ്ങൾകൂടി പരിഗണിച്ച് കുറഞ്ഞത് ഒരേക്കർ വരെ ഭൂമിയുള്ളവരിൽ നിന്നുമാണ് ഓഫറുകൾ സ്വീകരിക്കുന്നത്. പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് സ്ഥലം നൽകാൻ തയ്യാറാകുന്ന ഭൂവുടമകളിൽനിന്നും ഭൂമി ജില്ലാ മിഷൻ വാങ്ങി ലാൻഡ് ബാങ്കായി നിലനിർത്തുന്നതാണ്. ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെ ഭൂമി നൽകുന്നതാണ്. പതിച്ചു നൽകാൻ കണ്ടെത്തുന്ന ഓരോ ഭൂമിയും പതിച്ചു ലഭിക്കുവാൻ അർഹതപ്പെട്ട എല്ലാ ആദിവാസി കുടുംബങ്ങളിൽനിന്നും നേരിട്ടും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയും അപേക്ഷകൾ സ്വീകരിച്ച് ജില്ലാതല ജനകീയ കമ്മിറ്റിയുടെയും ഊരുകൂട്ടങ്ങളുടെയും പരിശോധനയും ശിപാർശയും നൽകി ഭൂരഹിതർ, ഏറ്റവും കുറവ് ഭൂമിയുള്ളവർ എന്നീ ക്രമത്തിലാണ് ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്. ഓരോ ജില്ലയിലും ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ച് ഒരേക്കറിൽ കുറവും വിതരണം ചെയ്തു വരുന്നു.

(ബി) പട്ടികജാതി വിഭാഗം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7487 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 21946 കുടുംബങ്ങൾക്ക് വീടും നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗം

ഭൂമി ലഭിച്ചവരുടെ വിശദാംശങ്ങൾ :

| ക്രമ നമ്പർ | ജില്ല | ഭൂമി വാങ്ങി നൽകിയവരുടെ എണ്ണം 2016-17 | ഭൂമി വാങ്ങി നൽകിയവരുടെ എണ്ണം 2017-18 | നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തത് | റവന്യൂ പട്ടയം |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | 19 | 9 | | |
| 2 | കോട്ടയം | 10 | 23 | | |
| 3 | ഇടുക്കി | 9 | 10 | | |
| 4 | എറണാകുളം | 4 | 7 | | 99 (10 സെന്റ്) |
| 5 | പാലക്കാട് | 22 | 14 | 517 (483 ഏക്കർ) | |
| 6 | മലപ്പുറം | 10 | | | |
| 7 | കണ്ണൂർ | 93 | | | |
| 8 | വയനാട് | 7 | | | |
| 9 | കാസർഗോഡ് | | 30 | 150 (75 ഏക്കർ) | |
| | ആകെ | 174 | 93 | 667 | 99 |

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 6709 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുതിയതായി വീടനുവദിച്ചിട്ടുണ്ട്.

(സി) ഭൂമിയും ഭവനനിർമ്മാണ പദ്ധതികളും പ്രകാരം ഓരോ വിഭാഗത്തിനും നാളിതുവരെ അനുവദിച്ച സംസ്ഥാന വിഹിതം ഇപ്രകാരമാണ് :

| വിഭാഗം | വർഷം | ഭൂരഹിത പുനരധിവാസം | ഭവനനിർമ്മാണം |
|---|---|---|---|
| പട്ടികജാതി | 2016-17 | 1759075000 | 3726379000 |
| | 2017-18 | …... | 5000000000 |
| പട്ടികവർഗ്ഗം | 2016-17, 2017-18 | 923980000 | |
| | 2017-18 | …... | 1526500000 |

പ്രസ്തുത പദ്ധതികൾക്ക് ഈ കാലയളവിനുള്ളിൽ കേന്ദ്ര വിഹിതമൊന്നും ലഭിച്ചിട്ടില്ല.

(ഡി) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കുള്ള പദ്ധതിയുടെ വരുമാന പരിധി 50,000 രൂപ ആയതിനാൽ സർക്കാർ ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവരുടെ അപേക്ഷ പരിഗണിക്കാറില്ല. മാത്രമല്ല ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ച് വീടിന്റെ നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കോ പങ്കാളിക്കോ സർക്കാർ ജോലി ലഭിക്കുകയാണെങ്കിൽ തുടർന്നുള്ള ഗഡുക്കൾ അനുവദിക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട് പട്ടികവർഗ്ഗ വിഭാഗത്തിലാകട്ടെ മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുള്ളതിനാൽ സർക്കാർ ജീവനക്കാരെ പരിഗണിക്കാനാകില്ല.

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കോളനികൾ

42 (6297) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികളെയാണ് തെരഞ്ഞെടുത്തിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പൂർത്തീകരിച്ചു;

(സി) പൂർത്തീകരിക്കാത്തവ ഏതെന്നും പൂർത്തീകരിക്കാത്തതിന് കാരണമെന്തെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിലെ ചുവടെ പറയുന്ന കോളനികളെയാണ് തെരഞ്ഞെടുത്തിരുന്നത്.

1. കുണ്ടുകാട് പട്ടികജാതി കോളനി
2. ആര്യമ്പള്ളം പട്ടികജാതി കോളനി
3. പെലച്ചിരംകാട് പട്ടികജാതി കോളനി

(ബി) ഇതിൽ ആര്യമ്പള്ളം, കുണ്ടുകാട് കോളനികളിലെ പദ്ധതി പൂർത്തീകരിച്ചു.

(സി) പെലച്ചിരംകാട് പൂർത്തീകരിച്ചിട്ടില്ല. വീട് പുനരുദ്ധാരണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വന്നതിനാലും കുഴൽക്കിണറിന് സ്ഥലം ലഭ്യമാകാൻ കാലതാമസം വന്നതിനാലുമാണ് പൂർത്തീകരിക്കാത്തത്.

**എസ്.സി., എസ്.ടി. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ**

43 (6298) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ ഏതെല്ലാം എസ്.സി., എസ്.ടി. കോളനികളിലാണ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിനനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ കോളനിയിലും ഏതെല്ലാം പ്രവൃത്തികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും പ്രസ്തുത എസ്റ്റിമേറ്റുകൾ അനുസരിച്ച് പ്രവൃത്തികൾ പൂർത്തിയായോ എന്നും വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകുമെന്നും ബാക്കിയുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രവൃത്തികളുടെ കരാറുകാർ ആരാണെന്നും കരാറിന്റെ കാലാവധി എത്രയാണെന്നും ആയത് അവസാനിച്ചോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് കാസർഗോഡ് നിയോജക മണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൻപ്രകാരം "അമൈ" എസ്.സി. കോളനിയും എസ്.ടി. കോളനിയായ കാറഡുക്ക പഞ്ചായത്തിലെ മായിലാംകോട്ട കോളനി ഹാംലെറ്റ് പദ്ധതി പ്രകാരവും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) അമൈ കോളനിക്ക് ഒരു കോടി രൂപയും മായിലാംകോട്ട കോളനിക്ക് 64,00,000 രൂപയുടെയുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി) 1. Plastering (43 Nos. 120M2/house+White Cement)

2. Concrete road colony road 99 m. length near to tourist home 100 m. length
3. Drainage 360m/length
4. Concrete road 58m length
5. Maintenance of Anganavady
6. Maintenance of Anganavady - concrete road 15m
7. Maintenance of community hall
8. Retaining wall 26 m
9. Community hall renovation/Toilet (2 Nos.)
10. Maintenance of Bhajna Madam/proposed kitchen
11. Maintenance of SriBhajana Madam/proposed kitchen
12. Maintenance of Bhajana Madam cleaning well
13. Tank maintenance near Bhajana Madam
14. Pipe line extension (65 houses)
15. Hand rail 15m
16. Electrification (100 Nos.)
17. Tailoring training

18. Purchase of tailoring machine
19. Driving training
20. Spoken English Classes
21. Tuition class for students
22. Purchase of Bicycles for 8th standard students
23. Purchase of Hot Boxes
24. Purchase of TV for community Hall
25. Purchase of books for community hall
26. Purchase of Chairs for community Hall
27. Purchase of Tables for community hall
28. Purchase of sound box for community hall
29. Purchase of Sports kit for club

അംഗീകരിച്ച എസ്റ്റിമേറ്റിൽ പൂർത്തീകരിച്ച പ്രവൃത്തികൾ

1. Plastering 43 Nos. 120m$^2$/house+white cement
2. Concrete road - colony road 99m length, near to tourist home 100m length
3. Maintenance of Anganavady
4. Maintenance of Anganavady concrete road 15m
5. Community hall renovation
6. Maintenance of Bhajana Madam proposed kitchen
7. Maintenance of Bhajana Madam cleaning well
8. Tank maintenance near Bhajana madam

<u>മായിലാംകോട്ട കോളനി</u>

1. ഭവന നിർമ്മാണം 4 എണ്ണം - പൂർത്തിയായി
2. ഭവന റിപ്പയർ 4 എണ്ണം - പ്രവൃത്തി ഉപേക്ഷിച്ചു.
3. കമ്മ്യൂണിറ്റി ഹാൾ-ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാനായില്ല. തുക തിരിച്ചടച്ചു.

(ഡി) അമൈ കോളനി - മാർച്ച് 31-ന് മുമ്പ് പദ്ധതി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>പൂർത്തീകരിക്കാത്ത പ്രവൃത്തികൾ</u>

1. Drainage 360m length
2. Concrete road 58m length
3. Maintenance of community hall
4. Retaining wall
5. Maintenance of Sribhajana Madam/proposed kitchen
6. Pipe line extension
7. Hand rail 15m
8. Electrification (100 Nos.)
9. Tailoring training
10. Purchase of tailoring machine
11. Driving training
12. Spoken English Classes
13. Tuition class for students
14. Purchase of Bicycles for 8th standard students
15. Purchase of Hot Boxes
16. Purchase of TV for community Hall
17. Purchase of books for community hall

18. Purchase of Chairs for community Hall
19. Purchase of Tables for community hall
20. Purchase of sound box for community hall
21. Purchase of Sports kit for club

മായിലാംകോട്ട കോളനി

വീട് റിപ്പയർ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാദ്ധ്യതയും കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ഭൂമി ലഭ്യമാകുന്നതനുസരിച്ച് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

(ഇ) അമൈ കോളനി - പ്രവൃത്തികളുടെ കരാറുകാർ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനമാണ്. കരാറിന്റെ കാലാവധി ആറുമാസമാണ്. 2018 മാർച്ച് 31 വരെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് അനുമതി നൽകിയിട്ടുണ്ട്. മായിലാംകോട്ട കോളനി-പ്രവൃത്തികളുടെ കരാറുകാർ നിർമ്മിതി കേന്ദ്ര, കാസർഗോഡ് എന്ന സ്ഥാപനമാണ്. കരാറിന്റെ കാലാവധി 31-3-2014. കരാർ അവസാനിച്ചു.

**പട്ടികജാതി കോളനികളിൽ കുടിവെള്ളം ലഭ്യമാക്കാൻ നടപടി**

44 (6299) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം സുലഭമായി ലഭിക്കാത്തവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഇപ്രകാരമാണ്.

| പദ്ധതി | പഞ്ചായത്ത് | പദ്ധതി തുക |
|---|---|---|
| മാവൽകോട് IHDP കോളനി | വെളിയം | 19,00,000 |
| അമ്പലത്തുംകാല പാലംകോണം കോളനി | എഴുകോൺ | 19,60,000 |
| അംബേദ്കർ കോളനി | കുളക്കട | 18,54,000 |
| പ്ലാക്കാട് കോളനി | എഴുകോൺ | 2,56,500 |
| ഇരവിക്കോട് | മൈലം | 40,00,000 |
| കൊതുമ്പിൻ തെക്കേക്കര | നെടുവത്തൂർ | 7,90,000 |

**പാപ്പിനിശ്ശേരി തുരുത്തി കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

45 (6300) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പാപ്പിനിശ്ശേരി തുരുത്തി കോളനിയുടെ നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം പ്രവൃത്തികൾ ഇനി അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ റിവിഷൻ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ആയതിലേക്കുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് എന്നുവരെയാണ് സമയം നീട്ടി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ പ്രവൃത്തികൾക്ക് 2017-18-ൽ രണ്ടാമത്തെ റിവിഷൻ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. അവശേഷിക്കുന്ന പ്രവൃത്തികൾ ഇവയാണ്.

1. Formation of footpath
2. Laying pipeline and providing readymade water tanks

(ബി) അംഗീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മാർച്ച് 31 വരെ സമയം നീട്ടി നൽകിയിട്ടുണ്ട്.

(ഡി) ഈ പദ്ധതിയിലുൾപ്പെട്ട താഴെപ്പറയുന്ന നിയോജക മണ്ഡലങ്ങളിലെ കോളനികൾക്ക് 2017-18-ൽ രണ്ടാമത് റിവിഷൻ അനുവദിച്ചിട്ടുണ്ട്.

കല്ല്യാശ്ശേരി - മൂലക്കീൽ കോളനി

അഴീക്കോട് - തുരുത്തി സെറ്റിൽമെന്റ് കോളനി

**പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ**

46 (6301) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എത്ര ഉന്നതതല യോഗം ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോഗത്തിലെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി യോഗം 12-10-2017-ൽ മുഖ്യമന്ത്രി വിളിച്ച ചേർത്തിരുന്നു. യോഗം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയിട്ടുണ്ട്.

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

47 (6302) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ആലപ്പുഴ എം. ആർ. എസ്.- ൽ ആകെ എത്ര കുട്ടികളാണുള്ളത്; എസ്. സി. ഇതര വിദ്യാർത്ഥികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ടോ; എത്ര ശതമാനം; എത്ര സീറ്റ്; ഈ സീറ്റിൽ ഓരോ ക്ലാസ്സിലും എത്ര കുട്ടികൾ വീതം പഠിക്കുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഓരോ ക്ലാസ്സിലും പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പുന്നപ്രയിൽ നിലവിൽ ഒരു എം.ആർ.എസ്. (പെൺകുട്ടികൾ) പ്രവർത്തിച്ചു വരുന്നുണ്ട്. മാവേലിക്കര നിയോജക മണ്ഡലത്തിൽ പുതിയ എം.ആർ.എസ്. ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ പരിഗണനയിലില്ല.

(സി) ആലപ്പുഴ എം.ആർ.എസ്.-ൽ ആകെ 274 കുട്ടികളാണുള്ളത്. എസ്.സി. - 60%, എസ്.ടി. - 30%, ജനറൽ - 10% എന്ന നിരക്കിൽ വിദ്യാർത്ഥികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. എച്ച്.എസ്. വിഭാഗത്തിൽ ഒരു ക്ലാസ്സിലെ 35 സീറ്റുകളിൽ മൂന്നെണ്ണം ജനറൽ വിഭാഗത്തിനും എച്ച്.എസ്.എസ്. വിഭാഗത്തിൽ ഒരു ക്ലാസ്സിലെ 39 സീറ്റുകളിൽ നാലെണ്ണം ജനറൽ വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്. ഓരോ ക്ലാസ്സിലും പഠിക്കുന്ന ആകെ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| ക്ലാസ്സ് | ആകെ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| 5-ാം ക്ലാസ്സ് | 26 |
| 6-ാം ക്ലാസ്സ് | 33 |
| 7-ാം ക്ലാസ്സ് | 35 |
| 8-ാം ക്ലാസ്സ് | 34 |
| 9-ാം ക്ലാസ്സ് | 35 |
| 10-ാം ക്ലാസ്സ് | 35 |
| 11-ാം ക്ലാസ്സ് | 39 |
| 12-ാം ക്ലാസ്സ് | 37 |

(ഡി)

| ക്ലാസ്സ് | എസ്.സി. | എസ്.ടി. | ജനറൽ | ആകെ |
|---|---|---|---|---|
| 5 | 19 | 4 | 3 | 26 |
| 6 | 26 | 4 | 3 | 33 |
| 7 | 25 | 7 | 3 | 35 |
| 8 | 20 | 12 | 2 | 34 |
| 9 | 22 | 10 | 3 | 35 |
| 10 | 26 | 6 | 3 | 35 |
| +1 | 31 | 4 | 4 | 39 |
| +2 | 29 | 5 | 3 | 37 |
| ആകെ | 198 | 52 | 24 | 274 |

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി വിതരണം ചെയ്ത ഫർണിച്ചർ**

48 (6303) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ ഭരണ കാലത്ത് വിതരണം ചെയ്ത കസേരകളും മേശകളും ഗുണനിലവാരം ഇല്ലാത്തവയായിരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫർണിച്ചർ വിതരണത്തിനായി കരാർ എടുത്ത സ്ഥാപനത്തിനെതിരെ വിജിലൻസ് അന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി വികസന വകുപ്പ് മുഖാന്തരം വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി മേശയും കസേരയും വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ/ ഹാംലെറ്റ് പദ്ധതികളുടെ ഭാഗമായി ഫർണിച്ചർ വിതരണം ചെയ്യാറുണ്ടെങ്കിലും അവയുടെ ഗുണനിലവാരത്തെക്കുറിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**ആദിവാസികളിലെ നിരക്ഷരത നിർമ്മാർജ്ജനം**

49 (6304) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളിലെ നിരക്ഷരത നിർമാർജ്ജനം ചെയ്യുന്നതിനും തുടർ വിദ്യാഭ്യാസത്തിനുമായി സാക്ഷരതാമിഷൻ പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും തുടർവിദ്യാഭ്യാസത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് സാക്ഷരതാ മിഷനുമായി സഹകരിച്ച് "സമഗ്ര" എന്ന ആദിവാസി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 370 ലക്ഷം രൂപ അനുവദിച്ചു. പദ്ധതിയുടെ ആദ്യഘട്ടമായി 100 പട്ടികവർഗ്ഗ കോളനികളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ കോളനിയിലും ആദിവാസി വിഭാഗത്തിൽപ്പെട്ട ഒരാളെ പ്രേരക് ആയി നിയമിച്ചു. ടി പ്രേരക്മാർക്ക് രണ്ട് ദിവസത്തെ റസിഡൻഷ്യൽ പരിശീലനം സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ മാർച്ച് 24, 25 തീയതികളിൽ തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചു. ഇതോടെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഏപ്രിൽ മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

## പട്ടികജാതി വകുപ്പിനുകീഴിലെ നഴ്സറി സ്കൂൾ

50 (6305) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) നഴ്സറി സ്കൂൾ കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളും സഹായങ്ങളും ആണ് ഇതിലൂടെ നൽകിവരുന്നത്;

(സി) നഴ്സറി സ്കൂൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 83 നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നു.

(ബി) നഴ്സറി സ്കൂളുകളിൽ പഠനസാമഗ്രികളും വിനോദത്തിനായി കളിക്കോപ്പുകളും നൽകിവരുന്നു. ഓരോ കുട്ടിക്കും പ്രതിദിന ഫീഡിംഗ് ചാർജായി 30 രൂപ, യൂണിഫോമിന് 600 രൂപ, ലംപ്സംഗ്രാന്റ് ഇനത്തിൽ 190 രൂപ എന്നിവയും നൽകുന്നു.

(സി) നിലവിൽ നഴ്സറി സ്കൂൾ അനുവദിക്കുന്നില്ല. പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് മറ്റ് നഴ്സറി സ്കൂളുകളുടെ അഭാവത്തിലാണ് മുൻകാലങ്ങളിൽ നഴ്സറി സ്കൂൾ അനുവദിച്ചിരുന്നത്.

## മര്യാപുരം ഐ.ടി.ഐ.-യിലെ നിർമ്മാണ പ്രവർത്തനങ്ങൾ

51 (6306) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മര്യാപുരം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-യിൽ 2018-19-ൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മര്യാപുരം ഐ.ടി.ഐ-യിൽ നിലവിൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ ;

(സി) മര്യാപുരം ഐ.ടി.ഐ.-യിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതുവർഷം ആണ് തുക അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ഡി) 2017-2018-ൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ഉള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 വർഷം മുതൽ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, സർവ്വേയർ എന്നീ പുതിയ കോഴ്സുകൾകൂടി ആരംഭിച്ചിട്ടുണ്ട്. കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിന് മതിയായ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയാൽ മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ബി) മര്യാപുരം ഐ.ടി.ഐ.യിൽ upgradation of Government ITIs through Public Private Partnership (PPP) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പലിശ രഹിത വായ്പയായി കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുള്ള 2.5 കോടി ഫണ്ടിൽ നിന്നും 68.13 ലക്ഷം രൂപ ചെലവിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(സി) Upgradation of Government ITIs through Public Private Partnership (PPP) പദ്ധതിപ്രകാരം 2012 മാർച്ചിൽ പലിശരഹിത വായ്പയായി ലഭിച്ച 2.5 കോടി രൂപയിൽനിന്നും 68.13 ലക്ഷം രൂപ മര്യാപുരം ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചത് 2017-ലാണ്.

(ഡി) അനുവദിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം**

52 (6307) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിട നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ M/s. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡാണ്. ടി പ്രവൃത്തിക്ക് 4.2 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 3-4-2018-ന് വൈകുന്നേരം 6.00 മണിവരെയും ടെണ്ടർ തുറക്കുന്നത് 7-4-2018-ന് രാവിലെ 11.30-നുമാണ്.

**സർവ്വീസ് പുസ്തകത്തിലെ തെറ്റായ രേഖകൾ തിരുത്തുന്നതിന് നടപടി**

53 (6308) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 12-10-2012-ൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ ആയി പട്ടികജാതി ടേണിൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കുകയും തുടർന്ന് 7-12-2012-ൽ തുറമുഖ വകുപ്പിൽ ഫീൽഡ് അസിസ്റ്റന്റായും 16-4-2014-ൽ പട്ടികജാതി വികസന വകുപ്പിൽ ട്രെയിനിംഗ് ഇൻസ്പെക്ടറായും പിന്നീട് വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടറായും പി.എസ്.സി. മുഖേന നിയമനം ലഭിച്ച ഷീജ ടി.എ.-യുടെ സർവ്വീസ് പുസ്തകത്തിലെ തെറ്റായ രേഖകൾ തിരുത്തിക്കിട്ടുന്നതിനും അധികപ്രവേശനകാലം ക്രമീകരിക്കുന്നതിനും അർഹതയുള്ള ഇൻക്രിമെന്റ് ലഭിക്കുന്നതിനുമായുള്ള അപേക്ഷയിൽ പട്ടികജാതി ക്ഷേമ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രീമതി ഷീജ ടി. എ.-യുടെ അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**എറണാകുളം ജില്ലയിലെ പ്രവൃത്തികൾക്ക് കോർപ്പസ് ഫണ്ട്**

54 (6309) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഭരണാനുമതി നൽകിയ എറണാകുളം ജില്ലയിലെ പ്രവൃത്തികളെ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കാലയളവിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ തടസ്സം നേരിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തികവർഷം എറണാകുളം ജില്ലയിൽ പട്ടികജാതി കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എറണാകുളം ജില്ലയിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. 2017-18 സാമ്പത്തിക വർഷം പട്ടികജാതി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) വൈപ്പിൻ നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തികവർഷം പട്ടികജാതി കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പ് 2016-17 സാമ്പത്തിക വർഷത്തിൽ ഇടപ്പള്ളി ബ്ലോക്കിൽ ചാപ്പാ കടപ്പുറം കോളനിയിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിലേയ്ക്കായി 13,20,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. കരാറുകാരുടെ നിസ്സഹകരണംമൂലം പട്ടികജാതി കോർപ്പസ് ഫണ്ടുപയോഗിച്ച് അനുമതി നൽകിയ പദ്ധതികൾ ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ കോർപ്പസ് ഫണ്ടിന്റെ പുതിയ ലിസ്റ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

**കോർപ്പസ് ഫണ്ട് പ്രകാരം കൊല്ലം ജില്ലയിലെ പ്രവൃത്തികൾ**

55 (6310) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് പ്രകാരം കൊല്ലം ജില്ലയിൽ നാളിതുവരെ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരുടെയെല്ലാം ശിപാർശ പ്രകാരമാണ് പരിഗണിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തെ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടുപയോഗിച്ച് കൊല്ലം ജില്ലയിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ ചെറുകര, കുന്നംപുറം റോഡ് കോൺക്രീറ്റിംഗ് - 15,00,000
2. തെന്മല ഗ്രാമപഞ്ചായത്തിലെ മാമ്പഴത്തറ പട്ടികവർഗ്ഗ കോളനിയിലെ റോഡ് കോൺക്രീറ്റിംഗ് - 7,00,000
3. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ കുഴവിയോട് മുത്തുകോണം റോഡിൽ കലുങ്ക് നിർമ്മാണം- 4,20,000
4. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ മരുതിമൂട് പട്ടികവർഗ്ഗ കോളനിയിൽ കലുങ്ക് നിർമ്മാണം -1,35,000
5. പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയിലെ നടപ്പാല നിർമ്മാണം -2,00,000
6. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ കടമാൻകോട് പട്ടികവർഗ്ഗ കോളനിയിൽ കലുങ്ക് നിർമ്മാണം -4,10,000
7. കുളത്തുപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസിലെ സഹായി സെന്റർ - 1,10,000
8. തെന്മല ഗ്രാമപഞ്ചായത്തിലെ മാമ്പഴത്തറ പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ള പദ്ധതി - 8,25,398
9. കുളത്തുപ്പുഴ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ മെയിന്റനൻസ് -16,00,000
10. കുളത്തുപ്പുഴ കടമാൻകോട് എ.എൻ.എം. സെന്ററിൽ ഉപകരണങ്ങൾ വാങ്ങൽ - 17,094
11. ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ള പദ്ധതി -2,78,067

2017-18 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് പട്ടികജാതി കോർപ്പസ് ഫണ്ടിനത്തിൽ പുതിയ പദ്ധതികൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല.

(ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് പ്രകാരം പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഊരുകൂട്ടം മുഖേന തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾക്ക് ജില്ലാതല പട്ടികജാതി/പട്ടികവർഗ്ഗ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയാണ് നടപ്പിലാക്കുന്നത്.

**ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾ**

56 (6311) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി നിലവിൽ ഉണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവരുടെ വിവരങ്ങൾ കോളനി അടിസ്ഥാനത്തിൽ നൽകാമോ;

(സി) ഭവനരഹിതർക്ക് വീടു വച്ച് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ ഭവനരഹിതരായ 524 പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലുണ്ട്.

(ബി) വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികഗോത്രവർഗ്ഗക്കാർക്ക് ഭൂമി പതിച്ചു നൽകാൻ നടപടി**

57 (6312) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികഗോത്രവർഗ്ഗക്കാരായ കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമിയെങ്കിലും ലഭ്യമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വനാവകാശ നിയമ പ്രകാരം നാളിതുവരെ എത്ര പേർക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭൂമി വാങ്ങി നൽകുന്നതിനായി റ്റി.എസ്.പി. ഉൾപ്പെടെയുള്ള ഉപപദ്ധതികൾ എത്ര മാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) നിലവിൽ പട്ടികഗോത്രവർഗ്ഗത്തിലും പട്ടിക ജാതിയിലുംപ്പെട്ട എത്ര പേർ ഭൂമിയില്ലാത്തവരായി ഉണ്ട് എന്നതിന്റെ കണക്ക് ലഭ്യമാണോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ വീതം ഭൂമി വിതരണം ചെയ്യുന്നതിനായി കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി സർവ്വേ ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ സർവ്വേ പ്രവർത്തനത്തിനായി 43.08 ലക്ഷം രൂപ അനുവദിച്ചു. മറ്റ് ജില്ലകളിൽ സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചു. നിക്ഷിപ്ത വനഭൂമി ലഭ്യമല്ലാത്ത മറ്റു ജില്ലകളിൽ ഭൂമി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തി വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഭൂമി വാങ്ങി നൽകുന്ന പദ്ധതി കൂടുതൽ സുതാര്യമാക്കി വകുപ്പ് നേരിട്ട് ഭൂമി വാങ്ങി അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള പുതിയ fast track പദ്ധതി 2018-19 വർഷം TRDM നടപ്പിലാക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയ ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | 2016-17-ൽ ഭൂമി വാങ്ങി നൽകിയവരുടെ എണ്ണം | 2017-18-ൽ ഭൂമി വാങ്ങി നൽകിയവരുടെ എണ്ണം | നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തത് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | പത്തനംതിട്ട | 19 | 9 | |
| 2 | കോട്ടയം | 10 | 23 | |
| 3 | ഇടുക്കി | 9 | 10 | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | എറണാകുളം | 4 | 7 | |
| 5 | പാലക്കാട് | 22 | 14 | 517 (483 ഏക്കർ) |
| 6 | മലപ്പുറം | 10 | | |
| 7 | കണ്ണൂർ | 93 | | |
| 8 | വയനാട് | 7 | | |
| 9 | കാസർഗോഡ് | | 30 | 150 (75 ഏക്കർ) |
| | ആകെ | 174 | 93 | 667 |

(ബി) വനാവകാശ നിയമപ്രകാരം സംസ്ഥാനമൊട്ടാകെ 28-2-2018 വരെ ആകെ 25,188 പേർക്ക് 33,829.71 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ 2017-18 സാമ്പത്തികവർഷം ഭൂരഹിത പുനരധിവാസ പദ്ധതിയിൽ 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ചെലവഴിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭൂരഹിതരുടെ പുനരധിവാസം ശീർഷകത്തിൽ വകയിരുത്തുന്ന തുകയാണ് വകുപ്പ് വിനിയോഗിച്ചുവരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി.-യിൽ ഉൾപ്പെടുത്തി നാമമാത്ര ഭൂമിയാണ് വാങ്ങി നൽകുവാൻ കഴിയുന്നത്.

(ഡി) സംസ്ഥാനത്ത് ഭൂമിയില്ലാത്തവരായ 38236 പട്ടികജാതി കുടുംബങ്ങളുണ്ട്. വിവാഹ ധനസഹായത്തിലൂടെയും മിശ്രവിവാഹത്തിലൂടെയുമുള്ള കണക്കുകൾകൂടി ചേർക്കുമ്പോൾ ആകെ 43282 പട്ടികജാതിക്കാർ ഭൂരഹിതരായിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ 11520 ഭൂരഹിതരായിട്ടുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ

58 (6313) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓരോ ജില്ലകളിലും നിലവിലുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ സംബന്ധിച്ച കണക്ക് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓരോ ജില്ലകളിലെയും ആകെ ജനസംഖ്യയുടെ എത്ര ശതമാനമാണ് പട്ടികവർഗ്ഗ ജനസംഖ്യ എന്നതു സംബന്ധിച്ച കണക്കുകൾ നൽകാമോ;

(സി) പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ഡി) സംസ്ഥാനത്തെ ആദിവാസി ജനസംഖ്യയിൽ വയനാട് ജില്ലയ്ക്ക് എത്രാമത്തെ സ്ഥാനമാണുള്ളത്; പട്ടികവർഗ്ഗ വകുപ്പ് നടത്തുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര സ്ഥാപനങ്ങളാണ് വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നത്;

(ഇ) വയനാട് ജില്ലയിൽ വകുപ്പ് പുതിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി&ഡി) സ്കൂൾതലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും രണ്ട് ഐ.ടി.ഐ.കളും (ഇടുക്കി ജില്ലയിലും തിരുവനന്തപുരം ജില്ലയിലും) വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളും പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നില്ല. സംസ്ഥാനത്തെ ആദിവാസി ജനസംഖ്യയിൽ വയനാട് ജില്ലയ്ക്ക് ഒന്നാം സ്ഥാനമാണുള്ളത്.

(ഇ) പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആദിവാസി മേഖലകളിലെ വികസനം

59 (6314) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി മേഖലകളിലെ വികസനത്തിനാവശ്യമായ റോഡ്, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ, കുടിവെള്ള ലഭ്യത എന്നീ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് ആർട്ടിക്കിൾ 275(1), നബാർഡ് പദ്ധതി, ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി, അംബേദ്കർ സെറ്റിൽമെന്റ്, സമഗ്ര ആരോഗ്യരക്ഷാ പദ്ധതി, വിദ്യാഭ്യാസത്തിനായുള്ള പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ മുതലായ പ്രധാനപ്പെട്ട പദ്ധതികളിലൂടെ പട്ടികവർഗ്ഗ മേഖലകളിലെ വികസനത്തിനാവശ്യമായ റോഡ്, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ, കുടിവെള്ള ലഭ്യത എന്നീ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആദിവാസി വിഭാഗത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ

60 (6315) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർഘടമായ ജീവിത സാഹചര്യങ്ങൾ കൊണ്ട് പൊതുസമൂഹത്തിന്റെ ഭാഗമാകുവാൻ കഴിയാതെ പോയ ആദിവാസി വിഭാഗത്തെ അവരുടെ സാംസ്കാരിക തനിമ നിലനിർത്തി മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ; ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ആദിവാസി യുവാവ് വിശപ്പുമൂലം ചെയ്ത ചെറിയ തെറ്റിന് ജനക്കൂട്ടം വലിയ ശിക്ഷ നൽകിയത് ലോകത്തിന് മുമ്പിൽ സംസ്ഥാനത്തിന് അവമതിപ്പുണ്ടാക്കിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആദിവാസി വിഭാഗത്തിന്റെ പട്ടിണി മാറ്റുന്നതിന് പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി തുടർ പദ്ധതികൾക്ക് പുറമേ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സാമൂഹ്യ പഠന മുറി

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹ്യ പഠന മുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു. ഇതിനായി 100 സാമൂഹ്യ പഠന മുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 50 പഠന മുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലാണ്. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാന മൊരുക്കുന്നതിന് 6.21 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാമൂഹ്യ പഠന മുറി പ്രവർത്തനക്ഷമമാക്കുന്നതിനായി 100 പട്ടികവർഗ്ഗ ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

2. ഗോത്രബന്ധു

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടി.ടി.സി./ ബി.എഡ്. യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി വിജ്ഞാപനം നടത്തി അപേക്ഷ സ്വീകരിച്ച് അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 241 പേരെ വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിവിധ സ്കൂളുകളിൽ നിയമനം നടത്തി. കൂടാതെ അട്ടപ്പാടി മേഖലയിൽ 26 സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

(i) അടിസ്ഥാന സൗകര്യങ്ങൾ

ഈ സർക്കാരിന്റെ ഭരണകാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന 45 ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്. അതിൽ 34 സങ്കേതങ്ങളുടെ ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിച്ച് നിർവ്വഹണ ഏജൻസികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. ബാക്കി 56 ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ii) എം.ജി.എൻ.ആർ.ഇ.ജി.എസ്. - തൊഴിലിനുള്ള വേതനം

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതിയുടെ വിവര ശേഖരണം നടന്നുവരുന്നു. ടി വിവര ശേഖരണം പൂർത്തിയാക്കുന്നമുറയ്ക്ക് ഫണ്ട് എം.ജി.എൻ. ആർ.ജി.എ. സ്റ്റേറ്റ് മിഷന് കൈമാറുന്നതാണ്. കുടുംബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക.

(iii) പി. കെ. കാളൻ കുടുംബ സഹായ പദ്ധതി

പി. കെ. കാളൻ കുടുംബ സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. മലമ്പുഴ പഞ്ചായത്തിലെ ഒറ്റപ്പെട്ടവർക്കായുള്ള മൈക്രോപ്ലാനുകൾ തയ്യാറാക്കിവരുന്നു.

4. ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്രവാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്ത് 2 കോടി രൂപ എൽ.ഐ.സി. ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ സംരംഭത്തിലൂടെ സ്വയം തൊഴിലിന് വരുമാനത്തോടൊപ്പം സ്ത്രീശാക്തീകരണവും ലക്ഷ്യമിടുന്നു.

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.ടി. മേഖലയിൽ പരിശീലനം നൽകി സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ പുരോഗമിക്കുന്നു.

- വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.
- ആരോഗ്യ വിദ്യാഭ്യാസ പരിപാടി: തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.
- പോഷകാഹാരക്കുറവ് ഇല്ലാതാക്കാനും ശിശു-മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടിയായ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.
- സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്./ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണം നടത്തിവരുന്നു. ആർട്ടിക്കിൾ 275(1) പദ്ധതിപ്രകാരം 300 ലക്ഷം രൂപ ഹോസ്റ്റലുകളുടെ നിർമ്മാണത്തിന് നടപ്പ് സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട് പദ്ധതിപ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിന് ജില്ലകൾക്ക് തുക അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തികവർഷം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന 43 ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്. സങ്കേതങ്ങളുടെ ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു. ബാക്കി 58 ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭക്ഷ്യ സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങിയ തുടർ പദ്ധതികളോടൊപ്പം 2017-18 സാമ്പത്തികവർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്. അഗളി, ഷോളയൂർ, പുതൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാരമ്പര്യ ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പച്ചക്കറി എന്നിവയുടെ കൃഷി വികസനം, തേനീച്ച കൃഷി, ധാന്യ സംഭരണം, വിപണനം, സംസ്കരണ യൂണിറ്റ്, റിവോൾവിംഗ് ഫണ്ട്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും നിർവ്വഹണച്ചെലവ് എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. മൂന്ന് വർഷങ്ങളിലായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

## ആദിവാസി ക്ഷേമപദ്ധതികൾ

61 (6316) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസികളുടെ ക്ഷേമത്തിനായി കോടിക്കണക്കിന് രൂപയുടെ വിവിധ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും അവയുടെ നടത്തിപ്പിനെയും ഫണ്ട് വിനിയോഗത്തെയും സംബന്ധിച്ച് അവലോകനം ചെയ്യുന്നതിന് സർക്കാർ തലത്തിൽ എന്തു സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി ക്ഷേമത്തിനായി ഈ സർക്കാർ പ്രഖ്യാപിച്ച വിവിധ പദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക യഥാർത്ഥ ലക്ഷ്യം നേടുന്നതിനായി ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പ്രതിമാസം പദ്ധതി അവലോകനം നടത്തുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റി നിലവിലുണ്ട്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഉപദേശ സമിതികൾ ചേർന്ന് പദ്ധതി അവലോകനം നടത്തുന്നുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ ആഴ്ചയിലും പദ്ധതി വിലയിരുത്തിവരുന്നു.

(ബി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. സാമൂഹ്യ പഠന മുറി

   പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹ്യ പഠന മുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഒന്നാംഘട്ടത്തിൽ 100 സാമൂഹ്യ പഠന മുറികളാണ് നിർമ്മിക്കുന്നത്. 57 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവ പൂർത്തീകരണഘട്ടത്തിലാണ്. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനമൊരുക്കുന്നതിന് 6.21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യ പഠന മുറി പ്രവർത്തനക്ഷമമാക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുള്ള 100 ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

2. ഗോത്രബന്ധു

തെരഞ്ഞെടുത്ത 241 പേരെ വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിവിധ സ്കൂളുകളിൽ നിയമിച്ചു.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

(എ) അടിസ്ഥാന സൗകര്യങ്ങൾ

ഈ സർക്കാരിന്റെ ഭരണകാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എം.ജി.എൻ.ആർ.ഇ.ജി.എസ്. - തൊഴിലിനുള്ള വേതനം

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പു വരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) പി. കെ. കാളൻ കുടുംബ സഹായ പദ്ധതി

പി. കെ. കാളൻ കുടുംബ സഹായ പദ്ധതി നടപ്പിലാക്കുന്ന തിനായി ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബ ങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാടൻ സമുദായങ്ങൾക്കിടയിൽ നടത്തിയ സർവ്വേയുടെ ഫലമായി രൂപീകരിച്ച 5.06 കോടി രൂപയുടെ മൈക്രോ പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

4. ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്രവാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്ത് 2 കോടി രൂപ എൽ.ഐ.സി. ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകൾക്ക് സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ പരിശീലനം നൽകി സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ പരിപാടി, തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക, പോഷകാഹാരക്കുറവ്, ശിശുമരണ/മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്./ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഞാറനീലി മാസ്റ്റർ പ്ലാൻ**

62 (6317) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ആദിവാസി കേന്ദ്രമായ ഞാറനീലി പ്രദേശത്ത് ആത്മഹത്യാ പ്രവണത കൂടുതലാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(സി) തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഞാറനീലി പ്രദേശത്തിന്റെ സമഗ്ര വികസനത്തിനായി കർമ്മപദ്ധതി ആവിഷ്കരിച്ചുവരുന്നു. വാമനപുരം നിയോജക മണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ആദിവാസി കേന്ദ്രമായ ഞാറനീലി പ്രദേശത്ത് ആത്മഹത്യാ പ്രവണത കൂടുതലാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യ വകുപ്പ്, എക്സൈസ്, പോലീസ്, പട്ടികവർഗ്ഗ വികസന വകുപ്പുകൾ സംയുക്തമായി ലഹരിവർജ്ജന പ്രവർത്തനങ്ങൾക്കായുള്ള കർമ്മപദ്ധതി രൂപീകരിച്ചുവരികയാണ്. കൂടാതെ യുവജന കൂട്ടായ്മകളും സാക്ഷരതാ പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു. എസ്.ടി. പ്രൊമോട്ടർമാർ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ നിരന്തര സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. നിരവധി ബോധവൽക്കരണ പരിപാടികൾ ടി പ്രദേശത്ത് സംഘടിപ്പിച്ചുവരുന്നുണ്ട്.

**പ്രാക്തന ഗോത്രവർഗ്ഗക്കാർ**

63 (6318) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിയാൻ, പണിയാൻ തുടങ്ങിയ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥ മാറ്റുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവർ പൊതുസമൂഹവുമായി ഇഴുകിചേരുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) 14-ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി അടിയ, പണിയ, അരനാടൻ, ഹിൽപ്പുലയ, മലപണ്ടാരം തുടങ്ങിയ അഞ്ച് സമുദായക്കാരുടെ സമഗ്ര വികസനത്തിനായി 2013-14 സാമ്പത്തികവർഷം 445.08 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽ സാമുദായികമായും വിദ്യാഭ്യാസപരവുമായും ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പണിയർ,

അടിയാൻ, മലപണ്ടാരം, അരനാടൻ, ഹിൽപ്പുലയൻ തുടങ്ങിയവർ. ടി വിഭാഗങ്ങളിൽ ഭൂരഹിതരായിട്ടുള്ളവരും ഏറെയാണ്. അടിയ, പണിയ തുടങ്ങിയ വിഭാഗക്കാരുടെ വരുമാനമാർഗ്ഗം കൂലിപ്പണിയും കാലിവളർത്തലുമാണ്. മുഖ്യധാരയിലേയ്ക്ക് വരുവാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പുതലത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വകുപ്പ് വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാരെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി വരുന്നുണ്ട്. ഇതുകൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യം വച്ച് അടിയ-പണിയ പാക്കേജ് പദ്ധതിയും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി രണ്ട് ജോഡി യൂണിഫോം, ചെരിപ്പ്, ബാഗ്, കുട മുതലായ പഠനോപകരണങ്ങൾ സൗജന്യമായി നൽകിവരുന്നു. ദിവസങ്ങളോളം സ്കൂളിലെത്താത്ത കുട്ടികളെ കോളനികളിൽ പ്രൊമോട്ടർമാരും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ടെത്തി സ്കൂളിലെത്തിക്കാൻ പ്രയത്നിക്കാറുണ്ട്. മദ്യപാനം, ലഹരി ഉപയോഗം ഇവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. നടപ്പ് സാമ്പത്തികവർഷം അടിയ, പണിയ, കാട്ടുനായ്ക്കർ വിഭാഗങ്ങളിലെ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനും കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനും ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉൾവനങ്ങളിൽ താമസിക്കുന്നവർ പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളും റോഡ്, വാഹനം തുടങ്ങിയവയുടെ അഭാവം, വന്യമൃഗശല്യം എന്നീ പ്രശ്നങ്ങളും പൊതുവായി നേരിടേണ്ടി വരുന്നു. ആയത് പരിഗണിച്ച് ടി വിഭാഗങ്ങൾക്ക് ഗതാഗത സൗകര്യം, വന്യമൃഗ ജീവികളിൽനിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും ടി.ആർ.ഡി.എം. മുഖേനയും നടപടികൾ സ്വീകരിച്ചുവരുന്നു. ഉൾക്കാടുകളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**ആദിവാസികളുടെ ക്ഷേമം**

64 (6319) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ റേഷൻ എത്തിച്ച് കൊടുക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ;

(ബി) കേരളത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ആദിവാസി ഊരുകൾ നിലവിലുള്ളതെന്ന് സ്ഥലം സഹിതം വിശദമാക്കുമോ;

(സി) ആദിവാസികളുടെ ചികിത്സയ്ക്കായി സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് ആദിവാസികളുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമകാര്യങ്ങൾ പരിശോധിയ്ക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ദുർഘടപ്രദേശങ്ങളിലും ഗതാഗത സൗകര്യമില്ലാത്തതുമായ പട്ടികവർഗ്ഗ കോളനികളിൽ റേഷൻ എത്തിച്ച് കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കേരളത്തിലെ ആദിവാസി ഊരുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്തൊട്ടാകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ചികിത്സാ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി - ജന്മരക്ഷാ പദ്ധതി
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സയ്ക്കായുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി, ലാബ്, മരുന്ന് വിതരണ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്.

- പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാതശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ, അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

(ഡി) പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക വികസനത്തെ കേന്ദ്രീകരിച്ചും പട്ടികവർഗ്ഗ സ്ഥലാധിഷ്ഠിത വികസനത്തിന് ഊന്നൽ നൽകിയും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്കാരികമൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുക, പരിപോഷിപ്പിക്കുക എന്നിവ ലക്ഷ്യംവച്ച് അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതിയും മറ്റ് പ്രോജക്ടധിഷ്ഠിത വികസന പദ്ധതികളും തെരഞ്ഞെടുത്ത ഗ്രാമങ്ങളിൽ/സങ്കേതങ്ങളിൽ ആരോഗ്യം, വിദ്യാഭ്യാസം, ഭവനനിർമ്മാണം എന്നിവ പൊതുമരാമത്ത് വകുപ്പ്, കൃഷി, വനം, സാമൂഹ്യക്ഷേമം, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകളെ സംയോജിപ്പിച്ച് ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ ഒരു കേന്ദ്രീകൃത പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു

## നിലമ്പൂരിൽ ഗദ്ദിക പരിപാടി നടത്താൻ നടപടി

65 (6320) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന നിലമ്പൂരിൽ അടുത്ത വർഷത്തെ ഗദ്ദിക പരിപാടി നടത്തുന്ന കാര്യം പരിഗണിക്കുമോ; ഇതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

## ആദിവാസികളുടെ ദുരിതങ്ങൾക്ക് പരിഹാരം

66 (6321) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽ കണ്ടുവരുന്ന പോഷകാഹാര കുറവും ശിശുമരണവും നിർമാർജ്ജനം ചെയ്യുന്നതിനായി സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി സമൂഹത്തോട് കാണിക്കുന്ന അവഗണനയും ആ മേഖലയിലെ പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മയുംമൂലമാണ് ഇത്തരം ദുരിതങ്ങൾ ആവർത്തിക്കപ്പെടുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആദിവാസി വിഭാഗങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട അവകാശങ്ങൾ ലഭ്യമാക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ;

(ഡി) ആദിവാസി ജനവിഭാഗങ്ങൾ നേരിടുന്ന ദുരിതങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുവാൻ ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി
- വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലറ്റ് വില്ലേജ് പദ്ധതി
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനീ-ജന്മരക്ഷാ പദ്ധതി
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി

- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിയ്ക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി, ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്.

- പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സാധിച്ചിട്ടുണ്ട്.

(ഡി) ആദിവാസി ജനവിഭാഗങ്ങൾ നേരിടുന്ന ദുരിതങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിലും മറ്റ് വകുപ്പുകളുമായി യോജിച്ചുകൊണ്ടും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**അട്ടപ്പാടിയിലെ ഭൂരഹിതരായ ആദിവാസികൾ**

67 (6322) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ ഭൂരഹിതരായ ആദിവാസികളുണ്ടോ; എങ്കിൽ ഈ സർക്കാർ നിലവിൽ വന്നശേഷം അട്ടപ്പാടിയിലെ ഭൂരഹിതരുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിനായി അനുവദിച്ച തുകയെത്രയെന്നും, ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഭൂരഹിതരായ ആദിവാസികൾക്ക് നിക്ഷിപ്ത വനഭൂമി നൽകുന്ന പദ്ധതി പ്രകാരം ലഭിച്ച 1359 അപേക്ഷകളിൽ ഈ സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് 517 പേർക്ക് 483 ഏക്കർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.

ശേഷിക്കുന്ന 842 പേർക്ക് സമയബന്ധിതമായി പട്ടയം അനുവദിച്ച് നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി സ്വീകരിക്കാൻ താൽപ്പര്യമുള്ള ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള സർവ്വേ നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. വനാവകാശ നിയമം 2006 പ്രകാരം പട്ടികവർഗ്ഗക്കാർക്ക് അർഹമായ ഭൂമിയിൽ കൈവശ രേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ആദ്യഘട്ടം 282 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. രണ്ടാംഘട്ടം ലഭിച്ച 2167 അപേക്ഷകളിൽ 640 എണ്ണത്തിൽ സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) വനാവകാശ നിയമം

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 8,00,000 | 8,00,000 |
| 2017-18 | 10,74,350 | 10,74,350 |

ഭൂരഹിത ആദിവാസികൾക്ക് വനഭൂമി നൽകുന്ന പദ്ധതി

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 66,15,000 | 66,15,000 (നിക്ഷിപ്ത വനഭൂമി നൽകിയ 42 പേർക്ക് ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക) |
| | 43.08 ലക്ഷം | 43.08 ലക്ഷം(നിക്ഷിപ്ത വനഭൂമി സർവ്വേ ചെയ്യുന്നതിനായി ഒറ്റപ്പാലം സബ്കളക്ടർക്ക് അനുവദിച്ച തുക) |

**ആദിവാസികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

68 (6323) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ വകുപ്പുകളിലാണ് ആദിവാസികളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) അതിന്റെ നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) കൂടുതൽ വകുപ്പുകളിലേക്ക് ആദിവാസികളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 1958-ലെ KS&SSR ചട്ടം 14(a)പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി അനുവദിച്ച 10 ശതമാനം പ്രാതിനിധ്യം ഉറപ്പാക്കുവാനായി വാർഷിക അവലോകനം നടത്തുകയും നിശ്ചിത ശതമാനത്തിൽ കുറവ് വരുന്നുവെന്ന് കാണുന്നപക്ഷം പ്രാതിനിധ്യം ഉറപ്പാക്കുവാനായി തസ്തികകൾ റിസർവ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾ ഒഴിവുകൾ എഴുതി അറിയിക്കുകയും തുടർന്ന് പ്രത്യേക നിയമനം നടത്തി ഒഴിവുകൾ നികത്തുകയും ചെയ്തുവരുന്നു. വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വനാതിർത്തിയിലും വനാന്തർഭാഗത്തും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെയും പാലക്കാട് ജില്ലയിലെ കുറുമൻ വിഭാഗത്തിലും ഉൾപ്പെട്ട യുവാക്കൾക്ക് മുൻഗണന നൽകിക്കൊണ്ടും മറ്റ് ആദിവാസി വിഭാഗങ്ങളെ ഉൾപ്പെടുത്തിയും പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ/വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിലേക്കും വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളുടെ വനാന്തർഭാഗത്തും വനാതിർത്തിയിലും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ, പാലക്കാട് ജില്ലയിലെ കുറുമൻ എന്നീ ആദിവാസി വിഭാഗങ്ങളിൽ നിന്നു മാത്രമായി എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്കും നിയമനം നടത്തുന്നതിനായി റാങ്ക് പട്ടിക 21-3-2018-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രശ്നങ്ങൾ**

69 (6324) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരിൽ മാനസികരോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായി ആത്മഹത്യ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ചുള്ള കണക്കുകൾ വകുപ്പിന്റെ കൈവശം ലഭ്യമാണോ;

(ഡി) ആദിവാസി കോളനികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിന് കൗൺസിലിംഗ് ഉൾപ്പെടെയുള്ള നടപടികൾ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി)ഇല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പട്ടികവർഗ്ഗ കോളനികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനും അമിത മദ്യപാനം തടയുന്നതിനുമായി വകുപ്പ് നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ സഹായത്തോടെ കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, എസ്.ടി. പ്രൊമോട്ടർമാർ, എസ്.പി.സി., ആശാ വർക്കർമാർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ സഹായത്തോടെ ലഹരി വിമുക്ത ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ കൗൺസിലിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. വയനാട് ജില്ലയിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ ഭാഗമായി ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ഊരുമൂപ്പൻമാർ, പ്രൊമോട്ടർമാർ എന്നിവർക്കായി സെമിനാർ സംഘടിപ്പിച്ചുവരുന്നു.

**പട്ടികജാതി വിഭാഗങ്ങൾക്ക് തുടർപഠനം**

70 (6325) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങളിൽ അവശേഷിക്കുന്ന നിരക്ഷരർ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പഠനം പാതിവഴിയിൽ മുടങ്ങിയവർ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇവർക്ക് തുടർ പഠനത്തിന് വേണ്ടി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്നും; എത്ര വർഷത്തേക്കാണ് പ്രസ്തുത പദ്ധതിയെന്നും; ഇതിനുവേണ്ട ഫണ്ട് എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2011-ലെ സെൻസസ് പ്രകാരം പട്ടികജാതി വിഭാഗത്തിന്റെ സാക്ഷരതാനിരക്ക് 88.73 ശതമാനം ആയിരുന്നു. അതിനുശേഷം സമ്പൂർണ്ണ സർവ്വേ നടന്നിട്ടില്ല. പട്ടികജാതിക്കാരുടെ നിരക്ഷരതാ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിവരുന്ന പത്താംതരം/പന്ത്രണ്ടാംതരം തുല്യതാ കോഴ്സിൽ രജിസ്റ്റർ ചെയ്ത് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ പഠിതാക്കൾക്ക് പൂർണ്ണമായും ഫീസ് സൗജന്യം നൽകി വരുന്നു. കേരളത്തിലെ പട്ടികജാതി വിഭാഗക്കാർ താമസിച്ചുവരുന്ന കോളനികളിൽ പ്രത്യേക സാക്ഷരതാ തുല്യതാ പരിപാടി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ 'നവചേതന' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പതിനാല് ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത 100 പട്ടികജാതി കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജില്ലകളിൽ വിദ്യാഭ്യാസപരമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന കോളനികളെയാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. അതത് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ഈ കോളനികളെ തെരഞ്ഞെടുത്ത് നൽകിയിട്ടുള്ളത്. ആദ്യഘട്ട പ്രവർത്തനം അഞ്ച് മാസക്കാലയളവാണ്. ഈ ഘട്ടത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ നിരക്ഷരർക്ക് സാക്ഷരതാ ക്ലാസ്സുകൾ നൽകും

## പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം

71 (6326) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഇതുവരെ എത്രപേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് ; ഇതിലേയ്ക്കായി നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

പട്ടികജാതി വിഭാഗത്തിൽ 38080 പേർക്ക് നാളിതുവരെ (28-3-2018) 67,15,35,404 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*. പട്ടികവർഗ്ഗ വിഭാഗത്തിൽ 26477 പേർക്ക് ആകെ 7,28,64,543 രൂപ അനുവദിച്ചിട്ടുണ്ട്. (28-3-2018 വരെ) ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകാൻ നടപടി

72 (6327) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർധനരായ പട്ടികജാതി പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായത്തിന് ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്ന് ആകെ എത്രപേരാണ് 2016-17 ഏപ്രിൽ മുതൽ 2017-18 ഫെബ്രുവരി 28 വരെ അപേക്ഷ നൽകിയത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ എത്രപേർക്ക് തുക അനുവദിച്ചുവെന്നും, അനുവദിച്ച തുകയെത്രയാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകരിൽ വിവാഹധനസഹായം ഇതുവരെ ലഭിക്കാത്തവർക്ക് തുക അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ 91 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 81 അപേക്ഷകർക്ക് നാളിതുവരെ 46,25,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളിൽ തീരുമാനമെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ നിയമത്തിന്റെ ദുരുപയോഗം തടയാൻ നടപടി

73 (6328) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ നിയമത്തിന്റെ ദുരുപയോഗം തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) എസ്.സി/എസ്.ടി പീഡനം തടയൽ നിയമത്തിന് കീഴിലെ കുറ്റകൃത്യം സംബന്ധിച്ച പരാതികളിൽ സുപ്രീംകോടതി നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ പ്രസ്തുത നിയമം ലംഘിച്ചതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമത്തിന്റെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സിൽ മുൻകൂർ ജാമ്യം നൽകുവാൻ വ്യവസ്ഥയുണ്ടായിരുന്നില്ല. എന്നാൽ ടി ആക്ട് ദുരുപയോഗം ചെയ്താണ് പ്രതിക്കെതിരെ കേസെടുത്തിട്ടുള്ളതെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെടുന്ന പക്ഷം മുൻകൂർ ജാമ്യം നൽകുന്നതിന് തടസ്സമില്ലെന്ന് വിധി വന്നിട്ടുണ്ട്. കൂടാതെ പ്രതികളാകുന്ന ഉദ്യോഗസ്ഥരെ മേലുദ്യോഗസ്ഥരുടെ മുൻകൂർ അനുമതിയോടെയും മറ്റുള്ളവരെ ജില്ലാ പോലീസ് മേധാവിയുടെ മുൻകൂർ അനുമതിയോടെയും മാത്രമേ അറസ്റ്റ് ചെയ്യാവൂ എന്ന നിർദ്ദേശവും സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ടി നിയമം ലംഘിച്ചതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**അതിരപ്പിള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ**
**ആംബുലൻസ് ഡ്രൈവറുടെ വേതനം**

74 (6329) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പട്ടികവർഗ്ഗക്കാർക്കായി ഉപയോഗിക്കുന്ന ആംബുലൻസിന്റെ ഡ്രൈവറുടെ വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിനിമം ദിവസവേതനം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) അതിരപ്പിള്ളി പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ് ആരോഗ്യ വകുപ്പിന് കീഴിൽ ആയതിനാൽ ഇക്കാര്യം പ്രസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ആനുകൂല്യങ്ങൾ

75 (6330) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടും, ഭൂമിയുമില്ലാത്ത പട്ടികജാതി/കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) അഞ്ച് സെന്റ് സ്ഥലം വാങ്ങുന്നതിനായി നഗരപ്രദേശങ്ങളിൽ 6 ലക്ഷം രൂപയും, ഗ്രാമപ്രദേശങ്ങളിൽ 3.75 ലക്ഷം രൂപയും അനുവദിക്കുന്നത് ഭൂമിയുടെ വിലയിലുണ്ടായ ക്രമാതീതമായ വർദ്ധനവിന്റെ പശ്ചാത്തലത്തിൽ പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂമി വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഏകദേശം അഞ്ച് സെന്റ് ഭൂമി വേണമെന്ന നിബന്ധനയിൽ ഇളവ് വരുത്തുന്നതിനോ, ഭൂമി വാങ്ങാനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനോ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഭൂമി വാങ്ങുന്നതിനും, വീട് വയ്ക്കുന്നതിനും തുക അനുവദിക്കുന്നതിന് പകരം ലൈഫ് മിഷൻ സ്കീമിൽ ഉൾപ്പെടുത്തി എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിന് മുൻഗണനയും, പരിഗണനയും നൽകാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമിയില്ലാത്തതും കുടുംബപരമായി ഭൂമി ലഭിക്കാനിടയില്ലാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂരഹിത പുനരധിവാസ പദ്ധതിക്ക് അർഹതയുണ്ട്. ഗ്രാമസഭ/വാർഡുസഭ ലിസ്റ്റുകളിൽനിന്നും മുൻഗണനാടിസ്ഥാനത്തിൽ അപേക്ഷകരെ തെരഞ്ഞെടുക്കുന്നു. വാർഡുസഭ/ഗ്രാമസഭ ലിസ്റ്റ് ലഭ്യമല്ലാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വകുപ്പുമുഖേന നേരിട്ട് പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും നിലവിലുള്ള

സർക്കാർ ഉത്തരവുകളിലെ അർഹതാ മാനദണ്ഡം അനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് പഞ്ചായത്തുകളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000 രൂപയും കോർപ്പറേഷനിൽ 3 സെന്റിന് 6,00,000 രൂപയും നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള വാസയോഗ്യമായ വീടില്ലാത്ത 50,000 രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. ടി തുക 15 ശതമാനം, 30 ശതമാനം, 40 ശതമാനം, 15 ശതമാനം എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. ഗുണഭോക്താക്കളെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കുന്നു.

(ബി&സി) ചിലയിടങ്ങളിൽ സ്ഥലത്തിന്റെ വില ക്രമാതീതമായി ഉയർന്നിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്നതിന് തടസ്സമാകുന്നില്ല. പഞ്ചായത്ത് പരിധിയിൽ മാത്രമാണ് 5 സെന്റ് വാങ്ങണമെന്ന് നിഷ്കർഷിക്കുന്നത്. മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് വാങ്ങിയാൽ മതി.

(ഡി) സംസ്ഥാനത്ത് ജനറൽ, പട്ടികജാതി/പട്ടികവർഗ്ഗം, തോട്ടം, മത്സ്യബന്ധനം ഉൾപ്പെടെയുള്ള വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ച്, ലൈഫ് മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനും ഭൂമിയും വീടും ഇല്ലാത്തവർക്ക് വിവിധ പ്രദേശങ്ങളിലായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു. സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സംസ്ഥാനത്ത് 16000-ത്തോളം പട്ടികജാതി കുടുംബങ്ങൾക്ക് വരുംവർഷങ്ങളിൽ വീട് നിർമ്മിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. വകുപ്പ് മുഖേന നടപ്പുവർഷം 7000 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

**ആദിവാസി ദളിത് വിഭാഗങ്ങൾക്ക് വകയിരുത്തുന്ന ഫണ്ടിന്റെ ദുർവിനിയോഗം**

76 (6331) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്കും ദളിത് വിഭാഗങ്ങൾക്കും ജനസംഖ്യാനുപാതികമായി പദ്ധതി ഫണ്ട് മാറ്റിവയ്ക്കുന്ന ഏക സംസ്ഥാനം കേരളമാണെന്നിരിക്കെ ഈ വിഭാഗങ്ങളുടെ ദാരിദ്ര്യവും, പട്ടിണിയും മാറ്റുന്നതിനും, വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും ഇനിയും സാധിക്കാത്തത് എന്തുകൊണ്ടാണ്; വിശദീകരിക്കുമോ;

(ബി) ദുർബ്ബല വിഭാഗങ്ങൾക്കായി വകയിരുത്തുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് പരിശോധിക്കുവാൻ നിലവിലുള്ള സംവിധാനമെന്താണ്;

(സി) ആദിവാസി മേഖലയിൽ വൻതോതിൽ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ ദുർവിനിയോഗം കണ്ടുപിടിക്കുന്നതിനും, അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ദളിത് വിഭാഗങ്ങൾക്കുമിടയിലുമുള്ള ദാരിദ്ര്യം, വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ എന്നിവ ക്രമാനുഗതമായി കുറഞ്ഞുവരിക യാണെന്നാണ് വികസന സൂചകങ്ങൾ വ്യക്തമാക്കുന്നത്. ഈ ഗുണപരമായ മാറ്റത്തിന് വേഗത കൂട്ടുവാനാണ് ഗോത്രബന്ധു, ഗോത്രസാരഥി, ഗോത്രജീവിക, റേഷൻ സാധനങ്ങളുടെ വാതിൽപ്പുറ വിതരണം എന്നീ പരിപാടികൾ നടപ്പാക്കുന്നത്.

(ബി) വകുപ്പ് തലത്തിൽ ഓഡിറ്റ് സംവിധാനമുണ്ട്. കൂടാതെ എ.ജി.-യുടെ പരിശോധനാ സംവിധാനവും നിലവിലുണ്ട്. ബ്ലോക്ക് തലത്തിലാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. ആയത് ജില്ലാതലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മോണിട്ടർ ചെയ്യുന്നു. പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്യുകയും ഗുണഭോക്തൃ പട്ടിക ആവശ്യമായ പദ്ധതികൾക്ക് ഊരുകൂട്ടത്തിൽ ത്തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഊരുകൂട്ടത്തിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽവച്ച് അംഗീകരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക, സാമൂഹ്യ, ആരോഗ്യ, പശ്ചാത്തല മേഖലാ വികസനത്തിനായി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിൽ പദ്ധതികൾ രൂപീകരിക്കുകയും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ഡയറക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ടറേറ്റിൽ നിയന്ത്രണോദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും കാലതാമസം കൂടാതെ പദ്ധതി അവലോകനം നടത്തുന്നതിനും

ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ട് ലാപ്സാകാതിരിക്കാൻ ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റിയിലും വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(സി) ആദിവാസി മേഖലയിൽ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നുവെന്ന് കണ്ടെത്തിയിട്ടില്ല.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

77 (6332) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഒ.ഇ.സി. എന്ന നിലയിൽ ലഭിച്ചു വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നല്കുന്നത് മുടക്കം വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മുടക്കം വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് മതിയായ പഠനമില്ലാതെ 30 സമുദായങ്ങളെ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തുകയും ബജറ്റിൽ അധിക തുക അനുവദിക്കാതെയും വന്നതിനെത്തുടർന്ന് ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കുടിശ്ശികയാകുന്ന സ്ഥിതിയുണ്ടായി. എന്നാൽ പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്ക് മാത്രമായി കുടിശ്ശികയുണ്ടാകുന്ന സ്ഥിതി ഉണ്ടായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17-ൽ 53 കോടി രൂപയും 2017-18-ൽ 150 കോടി രൂപയും ബജറ്റ് വിഹിതത്തിന് പുറമേ കുടിശ്ശിക തീർക്കാനായി പ്രത്യേകം അനുവദിച്ചു.

(ബി) 2017-18-ലെ ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയ 163 കോടി രൂപയ്ക്കുപുറമേ 150 കോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്. 2018 ജനവരി 15 വരെയുള്ള ആനുകൂല്യം അനുവദിച്ചുനൽകിയിട്ടുണ്ട്.

**പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി**

78 (6333) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥിരം ഡയറക്ടറും രണ്ട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും ഇല്ലാത്ത തിനാൽ വകുപ്പിന്റെ ക്ഷേമ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പിന് ബജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതികളിൽ ഓഫീസ് ഓട്ടോമേഷൻ, ഒ.ബി.സി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം ഇവ ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും ആവശ്യമായ ഭരണാനുമതി ലഭ്യമാകുകയും എല്ലാ പദ്ധതികളുമായി ബന്ധപ്പെട്ട് യഥാസമയങ്ങളിൽ പൊതുജന ങ്ങൾക്ക് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളെല്ലാം പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) ഇല്ല. ബാധകമല്ല. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തികയിൽ സ്ഥിരം ഉദ്യോഗസ്ഥരില്ലെങ്കിലും വകുപ്പിലെ സീനിയർ സൂപ്രണ്ടുമാർക്ക് അധിക ചുമതല നൽകി വകുപ്പിന്റെ പ്രവർത്തനം തടസ്സം കൂടാതെ മുന്നോട്ടുകൊണ്ടു പോകുന്നതിന് നടപടിയെടുത്തിട്ടുണ്ട്. പദ്ധതിയിനത്തിൽ 94 ശതമാനവും പദ്ധതിയേതര ഇനത്തിൽ 99 ശതമാനവും ചെലവ് കൈവരിക്കുന്നതിന് വകുപ്പിന് ഇതിനകം സാധിച്ചിട്ടുണ്ട്. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ നിയമിക്കുന്നതിന് നടപടികളെടുത്തുവരുന്നു.

**പിന്നോക്ക വിഭാഗക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ**

79 (6334) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയം തൊഴിൽ കണ്ടെത്തുന്ന പിന്നോക്ക വിഭാഗക്കാർക്കായി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാലാ ടിസ്ഥാനത്തിൽ വായ്പ അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) വായ്പ വിനിയോഗിച്ചാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നോക്ക വിഭാഗക്കാർക്കായി സ്വയം തൊഴിൽ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ദേശീയ ഏജൻസിയുടെ വ്യവസ്ഥയ്ക്ക് വിധേയമായി 5 ലക്ഷം രൂപ വരെയുള്ള വായ്പ 6 ശതമാനം പലിശ നിരക്കിലും 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പ 7 ശതമാനം പലിശ നിരക്കിലുമാണ് അനുവദിച്ചുവരുന്നത്. വായ്പാ തിരിച്ചടവിന് 84 മാസം വരെ കാലാവധി അനുവദിക്കുന്നുണ്ട്.

**ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി നടപടികൾ**

80 (6335) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദളിത് ക്രൈസ്തവരുടെ എണ്ണം സർക്കാർ കണക്കാക്കി യിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ബി) സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഈ സമൂഹത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഇവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ /ജോലി സംവരണത്തിന് ഈ വിഭാഗത്തിന് അർഹതയുണ്ടോ; എത്ര വീതം സംവരണമാണ് ഇവർക്ക് ഇപ്പോൾ നൽകിവരുന്നത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസ, ജോലി സംവരണം ഏർപ്പെടുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പിന്നോക്കാവസ്ഥയിൽ കഴിയുന്ന ദളിത് ക്രൈസ്തവർക്കുകൂടി വിദ്യാഭ്യാസ, ജോലി കാര്യങ്ങളിൽ പ്രത്യേക സംവരണം ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) വിദ്യാഭ്യാസത്തിൽ മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ഒരു ശതമാനം സംവരണം അനുവദിക്കുന്നു. ഉദ്യോഗ നിയമനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 2 ശതമാനവും ലാസ്റ്റ് ഗ്രേഡിതര തസ്തികകളിൽ ഒരു ശതമാനം സംവരണം other x' an എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) പ്രത്യേക സംവരണം ഇപ്പോൾ പരിഗണനയിലില്ല.

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

81 (6336) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എന്നുമുതൽ ധനസഹായം നൽകി തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഭവനനിർമ്മാണ വായ്പാ പദ്ധതിയായ "എന്റെ വീട്" പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പദ്ധതി പ്രകാരമുള്ള അപേക്ഷ കോർപ്പറേഷൻ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. അപേക്ഷകർക്ക് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വായ്പ ലഭ്യമാക്കും.

**മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ**

82 (6337) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-2016 മുതൽ 30-4-2016 കാലയളവിൽ കഴിഞ്ഞ സർക്കാർ മന്ത്രിസഭാ തീരുമാനങ്ങൾക്കനുസൃതമായി വിവിധ വകുപ്പുകൾ പുറപ്പെടുവിച്ച ഉത്തരവുകളുടെ നിയമസാധുതയും സാങ്കേതികപരമായ വിഷയങ്ങളും പരിശോധിക്കാനായി നിയോഗിച്ച നിയമകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ സമിതിയുടെ അന്വേഷണവും പരിശോധനയും പൂർത്തീകരിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പരിശോധനയിൽ മന്ത്രിസഭ അജണ്ടയിൽ ഉൾപ്പടുത്താതെ പുറപ്പെടുവിച്ചതും, നിയമവകുപ്പിന്റെ അറിവില്ലാതെയും വകുപ്പ മേലധികാരികളുടെ അറിവില്ലാതെയും പുറപ്പെടുവിച്ചതുമായ ഏതെങ്കിലും ഉത്തരവുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പരിശോധനയിൽ ക്രമവിരുദ്ധമായി കണ്ടെത്തിയ ഉത്തരവുകൾ ഏതെല്ലാം എന്നും, എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ ഭരണകാലയളവിൽ 1-1-2016 മുതൽ 30-4-2016 വരെ എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭ തീരുമാനങ്ങളും പുനഃപരിശോധിക്കാൻ ചുമതലപ്പെട്ടുത്തിയിരുന്ന മന്ത്രിസഭാ ഉപസമിതി പ്രസ്തുത അന്വേഷണവും പരിശോധനയും പൂർത്തീകരിച്ച് റിപ്പോർട്ട് 18-1-2017-ന് സമർപ്പിച്ചിട്ടുണ്ട്. 14-3-2017-ന് ചേർന്ന മന്ത്രിസഭാ യോഗം മന്ത്രിസഭാ ഉപസമിതി 115 തീരുമാനങ്ങളിന്മേൽ വ്യക്തമായ ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത തീരുമാനങ്ങളിൽ ചിലത് റദ്ദ് ചെയ്യുന്നതിനും ചിലത് പുനഃപരിശോധിക്കുന്നതിനും മറ്റ് ചിലത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) മന്ത്രിസഭാ ഉപസമിതി വ്യക്തമായ ശിപാർശ സമർപ്പിച്ചിരുന്ന 115 തീരുമാനങ്ങളിൽ, മന്ത്രിസഭാ യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്താതെ ഔട്ട് ഓഫ് അജണ്ടയായി തീരുമാനമെടുത്ത 29 കേസുകളും നിയമ വകുപ്പിന്റെയും വകുപ്പ് മേലധികാരികളുടെയും അറിവിൽപ്പെടാതെ തീരുമാനിച്ച 19 കേസുകളും നിയമവകുപ്പിന്റെ അഭിപ്രായത്തെ ലംഘിച്ചുകൊണ്ട് തീരുമാനമെടുത്ത 25 കേസുകളും മന്ത്രിസഭാ ഉപസമിതി കണ്ടെത്തിയിട്ടുണ്ട്.

(സി) മന്ത്രിസഭാ ഉപസമിതി വ്യക്തമായ ശിപാർശ സമർപ്പിച്ചിരുന്ന 115 തീരുമാനങ്ങളിൽ മന്ത്രിസഭാ ഉപസമിതിയുടെ പരിശോധനയിൽ ക്രമവിരുദ്ധമായി കണ്ടെത്തിയ 63 തീരുമാനങ്ങൾ റദ്ദ് ചെയ്യുവാനും 47 തീരുമാനങ്ങൾ പുനഃപരിശോധിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. മന്ത്രിസഭാ ഉപസിമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്ന നടപടികൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അജ്ഞാത വാഹനമിടിച്ച് മരിക്കുന്നവർക്ക് ലീഗൽ സർവീസസ് അതോറിറ്റി വഴി ആനുകൂല്യം

83 (T*6338) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അജ്ഞാത വാഹനമിടിച്ച് മരിക്കുന്നവർക്ക് ലീഗൽ സർവീസസ് അതോറിറ്റി വഴി ഏതെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര അപേക്ഷകൾ ഈ ആനുകൂല്യത്തിനായി ലഭിച്ചിട്ടുണ്ട്;

(സി) എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്; ആനുകൂല്യത്തിൽ ആനുപാതികമായ വർദ്ധനവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ)അജ്ഞാത വാഹനമിടിച്ച് മരിക്കുന്നവരുടെ ആശ്രിതർക്ക് 1973-ലെ ക്രിമിനൽ നടപടിക്രമം 357A, Kerala Victim Compensation Scheme 2017-ലെ (4) (5) വകുപ്പുകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) 8,25,000 രൂപ വിതരണം ചെയ്തിട്ടുണ്ട് ; ബാധകമല്ല

## ആലത്തൂർ ആസ്ഥാനമാക്കി ലാ കോളേജ്

84 (6339) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലത്തൂർ ആസ്ഥാനമാക്കി ലാ കോളേജ് നിർമ്മിക്കുന്നത് സംബന്ധിച്ച് 196/VIP/M (SC/ST, BC,LAW&C) 2017 നമ്പർ ഫയലിന്മേൽ നിയമ വകുപ്പ് സെക്രട്ടറി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

ആലത്തൂർ ആസ്ഥാനമാക്കി ലാ കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ. 23-1-2017-ന് സമർപ്പിച്ച് അപേക്ഷ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിക്ക് ചംക്രമണം ചെയ്യുകയും ബഹു. മന്ത്രിയുടെ ഉത്തരവനുസരിച്ച് 23-3-2017-ലെ 4002/E1/2017/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം തുടർ നടപടികൾക്കായി പ്രസ്തുത അപേക്ഷ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

**ഗവൺമെന്റ് പ്ലീഡർ**

85 (6340) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ കേസ് നടത്തിപ്പിന് വിവിധ കോടതികളിലായി എത്ര ഗവൺമെന്റ് പ്ലീഡർമാരെയാണ് ഈ സർക്കാർ നിയമിച്ചിട്ടുള്ളത്; ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വിവിധ കോടതികളിൽ സർക്കാരിനെതിരെ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ സർക്കാർ നയത്തിനും, താല്പര്യത്തിനും വിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുന്നത് കാരണം വാദിക്ക് അനുകൂലമായ വിധി നേടിയെടുക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്ലീഡർമാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആർക്കെങ്കിലുമെതിരെ പ്രസ്തുത ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ കേസുകളുടെ നടത്തിപ്പിനായി ഹൈക്കോടതിയിൽ 141 ഗവൺമെന്റ് ലാ ഓഫീസർമാരെയും 14 ജില്ലകളിലായി 14 ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ, 103 അഡീഷണൽ ഗവണ്മെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരെയും മുൻസിഫ് കോടതികളിലെ സർക്കാർ വകുപ്പുകൾ കൈകാര്യം ചെയ്യുന്നതിനായി 32 അഭിഭാഷകരെയും ഈ സർക്കാർ നിയമിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കുന്ന പാനലിൽ നിന്ന് മൂന്ന് വർഷത്തേയ്ക്കാണ് ഹൈക്കോടതിയിൽ ഗവൺമെന്റ് ലാ ഓഫീസർമാരെ നിയമിക്കുന്നത്. ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പാനലിൽനിന്ന് മൂന്ന് വർഷത്തേയ്ക്കാണ് ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെയും അഡീഷണൽ

ജില്ലാ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരെയും മുൻസിഫ് കോടതികളിലെ സർക്കാർ വർക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അഭിഭാഷകരെയും നിയമിക്കുന്നത്. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർക്ക് 90,000 രൂപയും സീനിയർ ഗവൺമെന്റ് പ്ലീഡർക്ക് 80,000 രൂപയും ഗവൺമെന്റ് പ്ലീഡർക്ക് 70,000 രൂപയും ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് 70,000 രൂപയും അഡീഷണൽ ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് 60,000 രൂപയും മുൻസിഫ് കോടതികളിലെ സർക്കാർ വർക്കുകൾ കൈകാര്യം ചെയ്യുന്ന അഭിഭാഷകർക്ക് 15,000 രൂപയും പ്രതിമാസം വേതനമായി നൽകിവരുന്നു.

(ബി) ഇത്തരത്തിലുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ അഭിഭാഷകനെ നിയമിക്കുന്നത് സർക്കാരിന്റെ താൽപ്പര്യങ്ങളെ സംരക്ഷിച്ചു കൊണ്ട് കാര്യക്ഷമതയോടും ശ്രദ്ധയോടും സർക്കാരിനുവേണ്ടി കേസുകൾ നടത്തുവാനാണ്. ഇതിൽ വീഴ്ച വരുത്തുന്നവരിൽനിന്നും അവരുടെ സർവീസ് കാലാവധി കഴിഞ്ഞാലും സർക്കാരിനുണ്ടായ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരം ഈടാക്കാനും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആൻഡ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങളിലെ 18-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

**ഓർഡിനൻസുകളുടെ വിശദവിവരം**

86 (6341) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട് ഏതെല്ലാം മാസങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം ഓർഡിനൻസുകളുമായി ബന്ധപ്പെട്ട ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം ഓർഡിനൻസുകളുമായി ബന്ധപ്പെട്ട എത്ര ബില്ലുകൾ അവതരിപ്പിക്കാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടും ബന്ധപ്പെട്ട ബില്ല് നിയമസഭയിൽ കൊണ്ടുവരാത്ത അവസ്ഥ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത ഓർഡിനൻസുകൾ ഏതാണെന്നും അവയുടെ പരിണിതഫലം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 1. ഓർഡിനൻസിനുപകരം ആക്റ്റ് കൊണ്ടുവരുന്നതിനായി നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ബില്ലുകൾ

(i) 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ (2016-ലെ 6-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ബിൽ )

(ii) 2017-ലെ കേരള ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ബിൽ (2017-ലെ 11-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ബിൽ )

(iii) 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ (2017-ലെ 1-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ബിൽ )

(iv) 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ (2017-ലെ 3-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ബിൽ )

(v) 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ (2017-ലെ 16-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ബിൽ )

(vi) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ (2018-ലെ 12-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ബിൽ )

(vii) 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസിന് പകരമുള്ള ബിൽ

(viii) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസിനു പകരമുള്ള ബിൽ

(ix) 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസിന് (ഓർഡിനൻസ് 2017-ലെ-5) പകരമുള്ള ബിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(x) The Kerala Motor Vehicles Taxation (Amendment) Ordinance, 2017 (12 of 2017)-ന് പകരമുള്ള ബിൽ

(xi) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ഓർഡിനൻസിന് (2018-ലെ 5) പകരമുള്ള ബിൽ

(xii) 2017 -ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസിന് (2017-ലെ 14) പകരമുള്ള ബിൽ

(xiii) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസിന് (2017-ലെ 17) പകരമുള്ള ബിൽ

(xiv) 2017-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസിന് (2018-ലെ 1) പകരമുള്ള ബിൽ

(xv) 2017 -ലെ കേരള സഹകരണ സംഘ (ഭേദഗതി ) ഓർഡിനൻസിന് (2018-ലെ 2) പകരമുള്ള ബിൽ

2. ഓർഡിനൻസിന് പകരം നിയമസഭയിൽ അവതരിപ്പിക്കാനുള്ള ബിൽ

(i) 2018-ലെ കേരള അബ്കാരി (ഭേദഗതി) ഓർഡിനൻസിന് (2018-ലെ 4) പകരമുള്ള ബിൽ

(ii) 2018-ലെ തിരുവിതാംകൂർ -കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി ) ഓർഡിനൻസിന് (2018-ലെ 10) പകരമുള്ള ബിൽ

(iii) 2018-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസിന് (2018-ലെ 11) പകരമുള്ള ബിൽ

(iv) 2018 -ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിന് (2018-ലെ 13) പകരമുള്ള ബിൽ

(v) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസിന് (2018-ലെ 6) പകരമുള്ള ബിൽ

(vi) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസിന് (2018-ലെ 7) പകരമുള്ള ബിൽ

(vii) The Kerala High Court (Amendment ) Ordinance (2018-ലെ 3) പകരമുള്ള ബിൽ

(viii) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ഓർഡിനൻസിന് (2018-ലെ 19) പകരമുള്ള ബിൽ

(ix) Kerala State Higher Education Council (Amendment) Ordinance, 2018 (2018-ലെ 14)-ന് പകരമുള്ള ബിൽ

(x) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസിന് (2018-ലെ 15) പകരമുള്ള ബിൽ

(xi) The Sree Sankaracharya University of Sanskrit (Amendment) Ordinance, 2018 (2018-ലെ 17)-ന് പകരമുള്ള ബിൽ

(xii) 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസിനു (2018-ലെ 18) പകരമുള്ള ബിൽ

(xiii) The Kerala University (Amendment) Ordinance, 2018 (2018-ലെ 16)-ന് പകരമുള്ള ബിൽ

(സി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടും ബന്ധപ്പെട്ട ബില്ല് നിയമസഭയിൽ കൊണ്ടുവരാത്ത അവസ്ഥ ഉണ്ടായിരുന്നു.

(ഡി) (1) 2016-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2016-ലെ 3) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം ഇല്ലാതായി ത്തീർന്നു.

(2) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പുറപ്പെടുവിച്ച 2015-ലെ കേരള മുദ്രപ്പത്ര (ഭേദഗതി ) ഓർഡിനൻസിലെ (2015-ലെ 13) ചില വ്യവസ്ഥകൾ 2017-ലെ ധനകാര്യ ആക്ടിൽ ഉൾപ്പെടുത്തി പ്രാബല്യത്തിൽ കൊണ്ടുവന്നിരുന്നു. എന്നാൽ പ്രസ്തുത ഓർഡിനൻസിലെ മറ്റ് ചില വ്യവസ്ഥകൾ ആക്ടായി പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടില്ല.

## കെ.എസ്.എഫ്.ഡി.സി. മുഖേന സംസ്ഥാനത്ത് സിനിമാ തിയേറ്ററുകൾ

87 (6342) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഡി.സി. മുഖേന സംസ്ഥാനത്ത് കൂടുതൽ സിനിമാ തിയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ എവിടെയെല്ലാം സിനിമാ തിയേറ്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കിഫ്ബി ഫണ്ടിൽനിന്നും 100 കോടി രൂപ ചെലവിൽ 20 സിനിമാ തീയേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്. ഇതിനുവേണ്ട വിദഗ്ധ പദ്ധതിരേഖ (ഡി.പി.ആർ.) കൺസൾട്ടിംഗ് സ്ഥാപനമായ കിറ്റ്കോ തയ്യാറാക്കി വരികയാണ്. ഒന്നാംഘട്ടത്തിൽ 17 തിയേറ്ററുകളാണ് പരിഗണിക്കുന്നത്.

(ബി&സി) ആദ്യഘട്ടത്തിൽ നെയ്യാറ്റിൻകര, കൊല്ലം, കായംകുളം, കാക്കനാട്, അളഗപ്പ നഗർ, താനൂർ, ഒറ്റപ്പാലം, പേരാമ്പ്ര, മാനന്തവാടി, പയ്യന്നൂർ, പരിയാരം, തലശ്ശേരി, അഞ്ചൽ, വൈക്കം എന്നീ സ്ഥലങ്ങളാണ് പരിഗണിക്കുന്നത്.

## കലാ പ്രവർത്തകർക്കും സാംസ്കാരിക സംഘടനകൾക്കും സാമ്പത്തിക സഹായം

88 (6343) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതനിരപേക്ഷ ജനാധിപത്യ സാംസ്കാരിക ജീവിതം പ്രോത്സാഹിപ്പിക്കുവാൻ പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് സാംസ്കാരികവകുപ്പ് വഴി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രാദേശിക കലാകാരന്മാർക്കും കലാകാരികൾക്കും തങ്ങളുടെ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് എല്ലാ മണ്ഡലങ്ങളിലും സ്ഥിരം വേദി ഒരുക്കാൻ തയ്യാറാകുമോ;

(സി) ഇത്തരം വേദികളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിന് സന്നദ്ധരാകുന്ന കലാ പ്രവർത്തകർക്കും സാംസ്കാരിക സംഘടനകൾക്കും സാമ്പത്തിക സഹായം നൽകാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും മുന്നോടിയായി ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിന് സ്ഥലം ലഭ്യമായ ജില്ലകളിൽ നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) പ്രാദേശിക കലാകാരൻമാർക്കും കലാകാരികൾക്കും തങ്ങളുടെ കല പരിപോഷിപ്പിക്കുന്നതിന് ജില്ലാ സാംസ്കാരിക സമുച്ചയങ്ങൾക്ക് പുറമെ ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും 'നാട്ടരങ്ങ്' എന്ന പദ്ധതിയിൻകീഴിൽ കലാവതരണ വേദികൾ നിർമ്മിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കലാസാംസ്കാരിക സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾക്ക് ഏകോപനവും സമന്വയവും ഉറപ്പാക്കാനായി ഒരു ഉന്നത സാംസ്കാരിക കൗൺസിൽ രൂപീകരിക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. സമിതി പൂർണ്ണ നിലയിൽ നിലവിൽ വരുന്ന മുറയ്ക്ക് കലാ സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം

89 (6344) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ബി) എങ്കിൽ ഇവ സ്ഥാപിക്കുന്നത് ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ;

(സി) ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഓരോ സാംസ്കാരിക സമുച്ചയത്തിനും എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. നവോത്ഥാന നായകരുടെ നാമധേയത്തിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പത്തനംതിട്ട, കോട്ടയം, വയനാട് ഒഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ സ്ഥല ലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ ജില്ലകളിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ആർട്ട് ഗ്യാലറികളുടെ പ്രവർത്തനങ്ങൾ**

90 (6345) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള ലളിതകലാ അക്കാദമിയുടെ കീഴിലുള്ള ആർട്ട് ഗ്യാലറികളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) വീട്ടിലിരുന്ന് ചിത്രരചന നടത്തുന്നതിന് സൗകര്യമില്ലാത്തവർക്കും, ചിത്രരചനയിൽ സജീവമായവർക്കും ഭാവി വാഗ്ദാനങ്ങളാകുമെന്ന് പ്രതീക്ഷിക്കുന്നവർക്കും ഇടമൊരുക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) കണ്ണൂർ കക്കണാംപാറയിൽ ചിത്രകാരൻമാർക്ക് താമസിച്ച് ചിത്രരചന നടത്താനുള്ള സൗകര്യമൊരുക്കിയിരിക്കുന്നതുപോലെ ആർട്ട് ഗ്യാലറി ക്യാമ്പുകൾ മറ്റുസ്ഥലങ്ങളിലും സജ്ജമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നിരവധി ക്യൂറേറ്റഡ് എക്സിബിഷനുകൾ അക്കാദമി ഗ്യാലറികളിൽ പ്രത്യേകിച്ച് അക്കാദമിയുടെ ദർബാർ ഹാൾ, കലാകേന്ദ്രം കൊച്ചി, കോഴിക്കോട് ആർട്ട് ഗ്യാലറി, തൃശ്ശൂർ ആർട്ട് ഗ്യാലറി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ തെരെഞ്ഞെടുത്ത ഗ്യാലറികളോട് അനുബന്ധിച്ച് കലാകാരൻമാർക്ക് സ്റ്റുഡിയോ സൗകര്യം ഒരുക്കുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) ചിത്രരചന നടത്താൻ നിലവിൽ ഭൗതിക സൗകര്യമില്ലാത്ത കലാകാരൻമാർക്കുവേണ്ടി ധാരാളം ആർട്ടിസ്റ്റ് ഇൻ റസിഡൻസി പ്രോഗ്രാമുകൾ സംഘടിപ്പിക്കുവാനും ലളിതകലാ അക്കാദമിയുടെ ശ്രീകണ്ഠാപുരം കലാഗ്രാമം നിലവിൽ സജ്ജീകരിച്ചിരിക്കുന്നതുപോലെ കിളിമാനൂർ രാജാ രവി വർമ്മ സ്മാരക നിലയത്തിലും കലാകാരൻമാർക്ക് ചിത്രരചന നടത്തുന്നതിന് സൗകര്യമൊരുക്കും വിധം ആർട്ടിസ്റ്റ് ഇൻ റസിഡൻസി സ്റ്റുഡിയോകൾ നിർമ്മിക്കുന്നതിന് അക്കാദമി ഉദ്ദേശിക്കുന്നു.

(സി) പദ്ധതിയുണ്ട്. കിളിമാനൂരിലെ രാജാ രവി വർമ്മ സ്മാരക ആർട്ട് ഗ്യാലറിയോടനുബന്ധിച്ച് ആർട്ടിസ്റ്റ് ഇൻ റസിഡൻസി സ്റ്റുഡിയോ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നാട്ടരങ്ങ് എന്ന പേരിൽ സാംസ്കാരിക ഇടനാഴികൾ

91 (6346) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറസ്സായ സ്ഥലങ്ങൾ ലഭ്യമായ ഗ്രാമങ്ങളിലും പട്ടണങ്ങളിലും 'നാട്ടരങ്ങ് എന്ന പേരിൽ സാംസ്കാരിക ഇടനാഴികൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ബജറ്റിൽ ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ചെറിയ ഒരു സ്റ്റേജ്, ചമയ മുറി, ഇരിപ്പിട സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതാണ്. പ്രസ്തുത പദ്ധതി സാംസ്കാരിക വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്നതാണ്. 2018-19 വർഷത്തെ ബജറ്റിൽ സാംസ്കാരിക ഡയറക്ടറേറ്റിന് പ്രസ്തുത പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കലാകാരൻമാർക്ക് പ്രതിമാസ പെൻഷൻ

92 (6347) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേള പ്രമാണികൾക്കും തെയ്യം, പടയണി എന്നീ മേഖലകളിലെ കലാകാരന്മാർക്കും സാംസ്കാരിക വകുപ്പ് എത്ര രൂപയാണ് പ്രതിമാസ പെൻഷനായി നൽകുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

മേള പ്രമാണികൾക്കും തെയ്യം, പടയണി എന്നീ മേഖലകളിലെ കലാകാരൻമാർക്കും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന നൽകുന്ന കലാകാര പെൻഷൻ തുക 24-10-2016 മുതൽ പ്രതിമാസം 750 രൂപയിൽനിന്നും 1500 രൂപയായി വർദ്ധിപ്പിച്ചു. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കലാകാരൻമാർക്ക് 16-8-2017 മുതൽ 2,000 രൂപയിൽ നിന്നും 3,000 രൂപയായി വർദ്ധിപ്പിച്ച് പ്രതിമാസം ക്ഷേമനിധി ബോർഡ് പെൻഷൻ നൽകിവരുന്നുണ്ട്. എന്നാൽ ടി രണ്ട് പെൻഷനും ഒരേസമയം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയില്ല.

**സരിഗ സംഗീത അക്കാദമി**

93 (6348) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവയിൽ പ്രവർത്തിക്കുന്ന സരിഗ സംഗീത അക്കാദമിക്ക് അനാവർത്തന ഗ്രാന്റിൽ നിന്ന് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 6-2-2017-ൽ സമർപ്പിച്ച നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത നിവേദനത്തിൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയത് വിശദമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത അപേക്ഷ ഈ വകുപ്പിലെ എ 2/191/2017/സാം.കാ.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. കഴിഞ്ഞ 33 വർഷമായി വായ്പാട്ട് എന്ന കല അഭ്യസിപ്പിച്ചു വരുന്ന ഒരു സ്ഥാപനമാണ് എറണാകുളം ജില്ലയിൽ ആലുവയിൽ പ്രവർത്തിക്കുന്ന സരിഗ സംഗീത അക്കാദമിയെന്നും പ്രസ്തുത സാഹചര്യത്തിൽ ടി സ്ഥാപനത്തിന് സാംസ്കാരികകാര്യ വകുപ്പിന്റെ അനാവർത്തന ഗ്രാന്റിൽ നിന്ന് സർക്കാർ ധനസഹായം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഈ വകുപ്പിലെ എ 2/191/2017/സാം.കാ.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

## ലക്കിടി കുഞ്ചൻ സ്മാരകത്തിന് സർക്കാർ സഹായം

94 (6349) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ഏക സാംസ്കാരിക സ്ഥാപനമായ ലക്കിടി കുഞ്ചൻ സ്മാരകത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ നിത്യനിദാന ചെലവുകൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാന്റ് ഇൻ എയ്ഡായി അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ;

(ഡി) നിത്യനിദാന ചെലവുകൾക്ക് അനുവദിക്കുന്ന ഗ്രാന്റ് തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ സ്മാരകത്തിന്റെ നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾക്കായി വർഷാവർഷം അനുവദിക്കുന്ന ആവർത്തന ഗ്രാന്റായ 4 ലക്ഷം രൂപയ്ക്കുപുറമേ താഴെപ്പറയും പ്രകാരം 68,44,000 രൂപയാണ് അനുവദിച്ചത്.

2016-17 സാമ്പത്തിക വർഷം

| ക്രമ നമ്പർ | സർക്കാർ ഉത്തരവ് | അനുവദിച്ച തുക | ആവശ്യം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 10-1-2017-ലെ സ.ഉ. (സാധാ )നമ്പർ 8/2017/സാം.കാ.വ. | 10 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ ക്ലാസ്സ് മുറികളുടെ നിർമ്മാണം പൂർത്തികരിക്കുന്നതിനായി (3-1-2013-ലെ സ.ഉ (സാധാ ) നമ്പർ 1/2013/സാം.കാ.വ പ്രകാരം അനുവദിച്ച 10 ലക്ഷത്തിന് പുറമേ) |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | 18-3-2017-ലെ സ.ഉ. (സാധ) നമ്പർ 174/2017/സാം.കാ.വ. | 13.94 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ കെടാവിളക്ക് സംരക്ഷിക്കൽ കിണർ ആഴം കൂട്ടൽ, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി |
| 3 | 9-3-2017 ലെ സ.ഉ. (സാധാ) നമ്പർ 251/2017/ സാം. കാ.വ. | 25 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലെ അടിസ്ഥാന സൗകര്യവികസനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി |
| | | | മൊത്തം 48,94,000 രൂപ |

2017-18 സാമ്പത്തിക വർഷം

| ക്രമ നമ്പർ | സർക്കാർ ഉത്തരവ് | അനുവദിച്ച തുക | ആവശ്യം |
|---|---|---|---|
| 1 | 17-11-2017-ലെ സ.ഉ. (സാധാ) നമ്പർ 667/2017/സാം. കാ. വ. | 5 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് തുള്ളൽ മഹോത്സവം 2017 നടത്താൻ അനാവർത്തന ഗ്രാന്റായി |
| 2 | 16-11-2017-ലെ സ.ഉ. (സാധാ) നമ്പർ 658/2017/സാം. കാ. വ. | 5 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി |
| 3 | 28-3-2018-ലെ സ.ഉ. (സാധാ) നമ്പർ 239/2018/സാം. കാ. വ. | 9.5 ലക്ഷം രൂപ | കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നാട്യശാലയുടെ വികസന പ്രവൃത്തികൾക്കും സംരക്ഷണ ഭിത്തി ബലപ്പെടുത്തൽ, മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എന്നിവയ്ക്കായി |
| | | | മൊത്തം 19,50,000 രൂപ |

(ഡി) പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ സ്മാരക അധികൃതരുടെ വിവിധ അപേക്ഷകളിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ടി സ്ഥാപനത്തിന്റെ ആവർത്തന ഗ്രാന്റ് അഞ്ച് ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ കലാ-സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന ഗ്രാന്റ് വർദ്ധിപ്പിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി നിയമിച്ചിട്ടുള്ള മൂന്നംഗ ഉപസമിതിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി സ്മാരകത്തിന്റെ ആവർത്തന ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## തലശ്ശേരി നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ

95 (6350) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ എന്തൊക്കെ സ്ഥാപനങ്ങളാണുള്ളതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇവയ്ക്കായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

തലശ്ശേരി നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ സ്ഥാപനങ്ങളൊന്നും നിലവിലില്ല.

## നന്ദികേശശിൽപ്പ പൈതൃകഗ്രാമം പദ്ധതി

96 (6351) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ നൂറനാട് നന്ദികേശശില്പ പൈതൃകഗ്രാമം പദ്ധതി ലളിതകലാ അക്കാഡമിയുടെ മേൽനോട്ടത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ തുക അനുവദിക്കുമോ; ആയത് വിശദമാക്കുമോ?

ഉത്തരം

(എ) നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രം നിലകൊള്ളുന്ന പ്രദേശം നന്ദികേശശിൽപ്പ പൈതൃക കേന്ദ്രമായി അംഗീകരിക്കണമെന്ന പടനിലം സുബ്രഹ്മണ്യ ക്ഷേത്ര ഭരണസമിതിയുടെ ആവശ്യത്തിന്മേൽ കേരള ലളിതകലാ അക്കാദമി മുൻ ഭരണ സമിതി അംഗമായ ശ്രീ. റ്റി. എ. എസ്. മേനോൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലളിതകലാ അക്കാദമി ഈ വിഷയം പരിശോധിക്കുകയും നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രം നിലകൊള്ളുന്ന പ്രദേശവും അത് നിലകൊള്ളുന്ന സ്ഥലത്തിന്റെ പൈതൃകവും പ്രാചീനതയും കണക്കിലെടുത്ത് ടി പദ്ധതി പുരാവസ്തു വകുപ്പിനെ ഏൽപ്പിക്കുവാൻ ലളിതകലാ അക്കാദമി തീരുമാനമെടുത്തിരുന്നു. എന്നാൽ അക്കാദമി പ്രതിനിധികൾ ടി വിഷയം സ്ഥലം എം.എൽ.എ.-യുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ ഭരണ സമിതി തീരുമാനം പുനഃപരിശോധിക്കുന്നതിനും കേരള ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽത്തന്നെ ടി പദ്ധതി നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് ലളിതകലാ അക്കാദമി തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാൻ കഴിയുകയുള്ളൂ.

**ഉമൈത്താനകത്ത് കുഞ്ഞിഖാദറിന് സ്മാരകം**

97 (6352) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ലഹളയിൽ പങ്കെടുത്തതിന്റെ ഫലമായി ബ്രിട്ടീഷുകാരാൽ തൂക്കിലേറ്റപ്പെട്ട താനൂർ സ്വദേശി ഉമൈത്താനകത്ത് കുഞ്ഞിഖാദറിന് ഉചിതമായ സ്മാരകം നിർമ്മിക്കണമെന്ന വർഷങ്ങളായുള്ള ആവശ്യം സാംസ്കാരികകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ദേഹത്തിന്റെ ജന്മഗൃഹം ഉൾപ്പെടെയുള്ള 25 സെന്റ് സ്ഥലം കുടുംബാംഗങ്ങളുടെ ആവശ്യപ്രകാരം സർക്കാർ ഏറ്റെടുത്ത് സാംസ്കാരികകേന്ദ്രവും ചരിത്ര സ്മാരകവുമാക്കി സംരക്ഷിക്കണമെന്ന എം.എൽ.എ.-യുടെ കത്തിൽ (353/vip/15-2-2017) എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ഉമൈത്താനകത്ത് കുഞ്ഞിഖാദറിന് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത ആവശ്യം സാംസ്കാരിക വകുപ്പിലെ എ 2/610/2017/ സാം.കാ.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. ടി വിഷയത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കലാകാരൻമാർക്ക് നൽകുന്ന പെൻഷൻ പദ്ധതി**

98 (6353) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാകാരൻമാർക്ക് നൽകുന്ന പെൻഷൻ പദ്ധതിയിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ നിന്ന് എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ടി പെൻഷൻ വാങ്ങുന്നവരുടെ പേരും സ്ഥലവും വിശദീകരിക്കാമോ;

(ബി) അവശകലാകാരൻമാർക്കും സാംസ്കാരിക പ്രവർത്തകർക്കും പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കലാകാരൻമാർക്കുള്ള പെൻഷൻ പദ്ധതിയിൽ ഏതൊക്കെ കലാരംഗത്ത് പ്രവർത്തിച്ചവർക്ക് ആണ് പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കലാകാരൻമാർ മരണപ്പെട്ടു പോയാൽ അവരുടെ കുടുംബത്തിന് പെൻഷൻ നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കലാകാരൻമാർക്കുള്ള പെൻഷൻ പദ്ധതിയിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നിന്ന് 8 പേർ ഉൾപ്പെട്ടിട്ടുണ്ട്.

1. ശ്രീമതി വിലാസിനി ആർ., നെയ്യാറ്റിൻകര
2. ശ്രീ. മാധവൻ എസ്. , താന്നിമൂട്
3. ശ്രീ. രാജൻ സി., ആനാവൂർ
4. ശ്രീ. സാബു കെ., കാരോട്
5. ശ്രീ. വസന്ത് രാജ് വി., അതിയന്നൂർ
6. ശ്രീ. ബാഹുലേയൻ കെ., അതിയന്നൂർ
7. ശ്രീ. ഗണപതി സി., കുളത്തൂർ
8. ശ്രീ. രാജു ആർ. വി., കുളത്തൂർ

(ബി) 11-8-2017-ലെ സ.ഉ. (കൈ)21/2017/സാം.കാ. വ. നമ്പർ ഉത്തരവ് പ്രകാരം കലാകാര പെൻഷൻ അനുവദിച്ചുനൽകുന്നതിന്റെ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) കേരളീയ ക്ഷേത്ര കലകൾ, ക്ലാസ്സിക് കലകൾ, വാദ്യ കലകൾ, ക്ഷേത്ര ശിൽപ്പകല, ചിത്രകല, നാടൻ കലാരൂപങ്ങൾ, ആദിവാസി കലകൾ, സാഹിത്യം, സംഗീതം, നൃത്തം, കഥകളി, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, പൂരക്കളി, ബാന്റ് വാദ്യം, മേളം തുടങ്ങിയ കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് നൽകിവരുന്നു.

(ഡി) കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ആൾ മരിച്ചുപോയാൽ കുടിശ്ശിക പെൻഷനുണ്ടെങ്കിൽ അനന്തരാവകാശികൾക്ക് യുക്തമായ അന്വേഷണത്തിനുശേഷം മരണപ്പെട്ട മാസം ഉൾപ്പെടെ അതുവരെയുള്ള പെൻഷൻ തുക അനുവദിക്കുന്നതാണ്.

**ഡോ. ബി. ആർ. അംബേദ്കറെക്കുറിച്ചുള്ള സിനിമ**

99 (6354) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. ബി. ആർ. അംബേദ്കറെക്കുറിച്ച് ജബ്ബാർ പട്ടേൽ സംവിധാനം ചെയ്തു നിർമ്മിച്ച് മലയാളത്തിലേയ്ക്കു മൊഴിമാറ്റം ചെയ്ത സിനിമയ്ക്ക് കേരളത്തിൽ പ്രദർശനാനുമതി നിഷേധിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സിനിമ സർക്കാർ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഡോ. ബി. ആർ. അംബേദ്കറെക്കുറിച്ച് ജബ്ബാർ പട്ടേൽ സംവിധാനം ചെയ്ത് നിർമ്മിച്ച് മലയാളത്തിലേയ്ക്ക് മൊഴിമാറ്റം ചെയ്ത സിനിമയ്ക്ക് കേരളത്തിൽ പ്രദർശനാനുമതി സംസ്ഥാന സർക്കാർ നിഷേധിച്ചിട്ടില്ല. കേരളത്തിൽ സിനിമകൾക്ക് പ്രദർശനാനുമതി നൽകുന്നതും നിഷേധിക്കുന്നതും കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻസർ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ ആണ്. അത്തരമൊരു നിയന്ത്രണം അംബേദ്കർ സിനിമയ്ക്കുള്ളതായി ശ്രദ്ധയിൽ വന്നിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത സിനിമയുടെ വിതരണക്കാർ/നിർമ്മാതാക്കൾ എന്നിവരുടെ അപേക്ഷ ലഭിക്കുന്ന പക്ഷം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## സിനിമാ രംഗത്തെ സ്ത്രീകളുടെ അവസ്ഥയെപ്പറ്റി പഠിക്കുന്നതിനായി കമ്മീഷൻ

100 (6355) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ രംഗത്തെ സ്ത്രീകളുടെ അവസ്ഥയെപ്പറ്റി പഠിക്കുന്നതിനായി ജസ്റ്റിസ് ഹേമ അദ്ധ്യക്ഷയും ശ്രീമതി വത്സലകുമാരി, ശ്രീമതി ശാരദ എന്നിവർ അംഗങ്ങളുമായി ഒരു പഠന കമ്മീഷനെ നിയോഗിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന് ടേംസ് ഓഫ് റഫറൻസ് നിർണ്ണയിച്ച് നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) ജസ്റ്റിസ് ഹേമ കമ്മീഷനെ സിനിമാ രംഗത്തെ സ്ത്രീകളുടെ അവസ്ഥയെപ്പറ്റി പഠനത്തിനായാണോ അന്വേഷണത്തിനായാണോ നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന ശിപാർശകൾ അറിയിക്കുമോ?

### ഉത്തരം

(എ) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 1-7-2017-ലെ സ.ഉ.(എംഎസ്.)നമ്പർ 16/2017/സാം.കാ.വ. ഉത്തരവ് പ്രകാരം ജസ്റ്റീസ് കെ. ഹേമ അദ്ധ്യക്ഷയായും ശ്രീമതി വത്സലാകുമാരി, ശ്രീമതി ശാരദ എന്നിവർ അംഗങ്ങളുമായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(ബി) 16-1-2017-ലെ സ.ഉ. (സാധാ)നമ്പർ 661/2017/സാം.കാ.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. ഹേമ കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

(സി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുള്ളത്.

(ഡി) ജസ്റ്റിസ് കെ. ഹേമ വിദഗ്ദ്ധ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**സംഗീതജ്ഞൻ നെയ്യാറ്റിൻകര വാസുദേവൻ**

101 (6356) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഗീതജ്ഞൻ നെയ്യാറ്റിൻകര വാസുദേവന്റെ പേരിൽ ഏതെങ്കിലും തരത്തിൽ ഉള്ള പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര വാസുദേവന്റെ സ്മരണ നിലനിർത്തുന്നതിന് നെയ്യാറ്റിൻകരയിൽ അദ്ദേഹത്തിന്റെ പേരിൽ സ്മാരകം നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) നെയ്യാറ്റിൻകര നഗരസഭ സ്ഥലം നൽകുകയും ടിയാന്റെ പേരിൽ സ്മാരകം നിർമ്മിക്കാൻ ഡി.പി.ആർ നൽകുകയും ചെയ്താൽ സാംസ്കാരിക വകുപ്പിൽനിന്നും ഡി.പി.ആർ പ്രകാരം തുക അനുവദിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) നെയ്യാറ്റിൻകര വാസുദേവന്റെ സ്മരണ നിലനിർത്തുന്നതിന് സ്ഥലവും അടിസ്ഥാന സൗകര്യവും പ്ലാൻ/എസ്റ്റിമേറ്റ് അടങ്ങുന്ന വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് അദ്ദേഹത്തിന്റെ പേരിൽ നെയ്യാറ്റിൻകരയിൽ സ്മാരകം നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സാംസ്കാരിക സമുച്ചയങ്ങൾ**

102 (6357) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത നടപടിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ എവിടെയാണ് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഈ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പത്തനംതിട്ട, കോട്ടയം, വയനാട് ഒഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ സ്ഥലലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽപ്പെട്ട കണയന്നൂർ താലൂക്കിൽ നടമ-തെക്കുംഭാഗം വില്ലേജിൽ ബ്ലോക്ക് 372-ൽ റീ-സർവ്വേ നമ്പർ 47-ൽപ്പെട്ട 1.90.20 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. കൺസൾട്ടൻസി കമ്പനി സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി. വെള്ളം നിൽക്കുന്ന സ്ഥലമായതിനാൽ ടോപ്പോഗ്രാഫിക് സർവ്വേ തുടങ്ങിയ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) വിവിധ ജില്ലകളിൽ സ്ഥലലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്

103 (6358) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും, ജനാധിപത്യത്തിൽ അധിഷ്ഠിതമായ സഹവർത്തിത്വവും സാമൂഹ്യരാഷ്ട്രീയ ബോധവും ജനങ്ങളിൽ ഊട്ടിഉറപ്പിക്കുന്നതിനും പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) യുവാക്കളിലും, സ്കൂൾ കുട്ടികളിലും രാഷ്ട്രീയത്തോട് നിലവിൽ കാണുന്ന വിരക്തി അകറ്റുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൊണ്ട് കഴിഞ്ഞിട്ടുണ്ടോ;

(സി) 2018-ൽ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യ മതേതര മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം / ക്വിസ്/പ്രസംഗം മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് തുടങ്ങി വിവിധ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ കൂടാതെ ഉപന്യാസം/ക്വിസ്/പ്രസംഗം എന്നീ മത്സരങ്ങളും നടത്തിവരുന്നു. മാത്രമല്ല, യൂത്ത് പാർലമെന്റ് സംസ്ഥാന വിജയികളുടെ റിപ്പീറ്റ് പെർഫോമൻസ് പഴയ നിയമസഭാ മന്ദിരത്തിൽ സംഘടിപ്പിക്കുകയും കൂടാതെ മികച്ച സ്കൂൾ പാർലമെന്റേറിയൻമാരുടെ പഠന ക്യാമ്പ്, അനുസ്മരണ പ്രഭാഷണങ്ങൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(ബി) സ്കൂൾ/കോളേജ് തലങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരിപാടികളിൽ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തമുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

104 (6359) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പ് പാർലമെന്ററി ജനാധിപത്യം എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂളുകളിൽ സെമിനാർ നടത്തുവാൻ ഉദ്ദേശിച്ചിരുന്നോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ നിയോജകമണ്ഡലത്തിലും നടത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി മങ്കടയിൽ നിന്നും നൽകിയ ശുപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉദ്ദേശിച്ചിരുന്നു.

(ബി) ഇല്ല. പാർലമെന്ററി ജനാധിപത്യത്തിന്റെ സവിശേഷതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുന്ന വിവിധ പരിപാടികളുടെ ഭാഗമായി സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരങ്ങൾ, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, പാർലമെന്ററി ലിറ്ററസി ക്ലബ്ബ് എന്നിവ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും യഥാക്രമം 4, 2, 2, 2 എന്നിങ്ങനെ ആകെ 10 സ്കൂളുകൾ വീതം തെരഞ്ഞെടുത്ത് അറിയിക്കണമെന്ന് നിയമസഭാ സാമാജികരോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 101 നിയമസഭാ സാമാജികർ സ്കൂളുകളുടെ പട്ടിക ലഭ്യമാക്കുകയും പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2017-18-ലെ പരിപാടികൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ടി സ്കൂളുകൾക്ക് അയച്ച് കൊടുക്കുകയും ചെയ്തു. അതിൽ നാളിതുവരെ 144 സ്കൂളുകൾ സെമിനാർ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും 141 സ്കൂളുകളുടെ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മങ്കട നിയോജക മണ്ഡലത്തിൽനിന്നും ജി.എച്ച്.എസ്.എസ്. മങ്കട, ജി.എച്ച്.എസ്.എസ്. പള്ളിപ്പുറം എന്നീ സ്കൂളുകളിൽ സെമിനാറും ജി.എച്ച്.എസ്.എസ്. ചെറിയം, ജി.എച്ച്.എസ്.എസ്. പള്ളിപ്പുറം എന്നീ സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരവും ജി.വി.എച്ച്.എസ്.എസ്. മകരപ്പറമ്പ്, ജി.എച്ച്.എസ്.എസ്. കടുങ്ങാപുരം എന്നീ സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബും ജി.എച്ച്. എസ്.എസ്. പള്ളിപ്പുറം, കുട്ടിലങ്ങാടി, ജി. എച്ച്.എസ്.എസ്. മങ്കട എന്നീ സ്കൂളുകളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബും നടത്തുന്നതിനായി ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾക്ക് പരിപാടികൾ നടത്താൻ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ നിർദ്ദേശം നൽകിയിരുന്നു. അതിൽ ജി.എച്ച്.എസ്.എസ്. മങ്കട, ജി.എച്ച്. എസ്.എസ്. പള്ളിപ്പുറം എന്നീ സ്കൂളുകൾ മാത്രം സെമിനാർ നടത്തി റിപ്പോർട്ട് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടുണ്ട്.

## ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്റർ

105 (6360) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്റർ ആരംഭിക്കുന്ന പ്രൊപ്പോസൽ എന്നാണ് സർക്കാരിൽ ലഭിച്ചത്;

(ബി) പ്രസ്തുത പ്രൊപ്പോസൽ എന്നാണ് ചലച്ചിത്രവികസന കോർപ്പറേഷന് കൈമാറിയത്;

(സി) ടി പ്രൊപ്പോസലിന്മേൽ ചലച്ചിത്രവികസന കോർപ്പറേഷൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 26-12-2016-ലാണ് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചത്.

(ബി) 24-3-2017-ലാണ് പ്രൊപ്പോസൽ ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറിയത്.

(സി) കിഫ്ബി ഫണ്ടിൽനിന്നും 100 കോടി രൂപ കണ്ടെത്തി സിനിമാ തിയേറ്ററുകൾ നിർമ്മിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി.-യുടെ പരിഗണനയിലുണ്ട്. തിയേറ്റർ നിർമ്മാണ പദ്ധതിയുടെ ആദ്യഘട്ടത്തിനായി 17 സ്ഥലങ്ങളാണ് പരിഗണിക്കുന്നത്. ഇതിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തിയേറ്റർ നിർമ്മാണ സാദ്ധ്യത വിലയിരുത്തിയതിനുശേഷം ടി സ്ഥലത്തെയും പരിഗണിക്കാവുന്നതാണ്.

**ഹിൽ ഹൈവേ നിർമ്മാണത്തിന് ഡി.എഫ്.ഒ.യ്ക്ക് നൽകിയ കത്ത്**

106 (6361) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുണ്ടേരി-മേൽപ്പാടി ഹിൽ ഹൈവേയുടെ ഇൻവെസ്റ്റിഗേഷൻ സർവ്വേ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിലമ്പൂർ നോർത്ത് ഡി.എഫ്.ഒ.-യ്ക്ക് നൽകിയ 20-7-2017-ലെ ഡി-I/715/2016 നമ്പർ കത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; മാസങ്ങൾ പിന്നിട്ടിട്ടും തീരുമാനം എടുക്കാതിരിക്കുവാനുള്ള കാരണം വിശദമാക്കുമോ;

(ബി) കാലതാമസം കൂടാതെ പ്രസ്തുത അപേക്ഷയിന്മേൽ സർവ്വേക്കുള്ള അനുമതി ലഭ്യമാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) മുണ്ടേരി-മേൽപ്പാടി ഹിൽ ഹൈവേയുടെ ഇൻവെസ്റ്റിഗേഷൻ സർവ്വേ സംബന്ധിച്ച പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 20-7-2017-ലെ ഡി-1/2016 നമ്പർ കത്ത് ലഭിച്ചിട്ടില്ല.

(ബി) ചോദ്യം എ-യുടെ മറുപടി പ്രകാരം ബാധകമല്ല

**സംയോജിത വന സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള കേന്ദ്ര ഫണ്ട്**

107 (6362) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംയോജിത വന സംരക്ഷണ പദ്ധതിയുടെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2014-15 മുതൽ 2017-18 വരെ എത്ര രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംയോജിത വനസംരക്ഷണ പദ്ധതിയുടെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2014-15 മുതൽ 2017-18 (2018 ഫെബ്രുവരി)വരെ 650.11 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

2014-15 - 183.76

2015-16 - 124.61

2016-17 - 166.74

2017-18 - 175.00

ആകെ 650.11

**ആദിവാസി യുവാവിന്റെ മരണം**

108 (6363) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ മധു എന്ന ആദിവാസി യുവാവിന്റെ മരണവുമായി ബന്ധപ്പെട്ട് വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ ഉയർന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം വകുപ്പ് തലത്തിൽ നടത്തിയിട്ടുണ്ടോ; ഇതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തിയത്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ് അന്വേഷണം നടത്തിയത്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

**കാട്ടുതീ തടയാൻ നടപടി**

109 (6364) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുൻകാലങ്ങളിലേക്കാൾ ചൂട് വളരെ കൂടുതലായതിനാൽ, വന്യമൃഗങ്ങൾ വെള്ളം തേടിയും ഭക്ഷണം തേടിയും വനമേഖലകളിൽ നിന്നും മനുഷ്യവാസ സ്ഥലങ്ങളിലേയ്ക്ക് ഇറങ്ങി വരുന്ന സാഹചര്യം കണക്കിലെടുത്ത് എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ചൂട് കൂടിയ സാഹചര്യത്തിൽ വനങ്ങൾ തീയിൽ കത്തിപ്പോകാൻ സാധ്യതയുള്ളതിനാൽ, ഇതിനെതിരെ എന്തൊക്കെ നടപടികൾ വനം വകുപ്പ് സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ എന്നപോലെ ഈ വർഷവും സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000-ത്തോളം ജലസ്രോതസ്സുകൾ (waterhole, vayals, waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പുപ്രദേശങ്ങളിൽ (vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക്ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 91 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറച്ചതുപോലെ ആവശ്യമുള്ളപക്ഷം ഈ വർഷവും ഇത്തരം പ്രവൃത്തികൾ സ്വീകരിക്കുന്നതാണ്. വനത്തിനുള്ളിലെ വനവൽക്കരണത്തിന് പുല്ല്, ഈറ്റ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് സമഗ്രമായ ഒരു ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. അതുപ്രകാരം വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുമായി ധാരണാപത്രം ഒപ്പുവച്ച് അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഫയർ സീസൺ തുടങ്ങുന്നതിനുമുമ്പുതന്നെ ഫയർലൈൻ എടുക്കുകയും എല്ലാ ഫോറസ്റ്റ് റേഞ്ചുകളിലും കാട്ടുതീ പ്രതിരോധ ത്തിനായി താൽക്കാലികമായി ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. കാട്ടുതീ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരുടെയും ജീവനക്കാരുടെയും സേവനം വിനിയോഗിച്ച് തീ അണയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**വനത്തിലെ നദികളിലെ മണൽ ശേഖരിച്ച് വിൽപ്പന**

110 (6365) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിലൂടെ ഒഴുകുന്ന നദികളിൽ നിന്ന് വാണിജ്യാടിസ്ഥാനത്തിൽ മണൽ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് വനം വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംരക്ഷിത വനമേഖലകളുള്ളിൽ ബാഹ്യ ഇടപെടലുകൾക്കും വനം കൊള്ളയ്ക്കും പരിസ്ഥിതി ശോഷണത്തിനും വഴി തെളിക്കുന്ന ഈ തീരുമാനത്തിൽ നിന്നും പിന്മാറുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ഡിവിഷനിൽ കുളത്തുപ്പുഴ റേഞ്ചിന്റെ പരിധിയിൽ വരുന്ന കല്ലട ആറിന്റെ മിൽപ്പാലം, ചോഴിയക്കോട് എന്നീ അംഗീകൃത കടവുകളിൽ നിന്ന് നിയമാനുസരണം മണൽ ശേഖരിച്ച് വിപണനം നടത്തുവാൻ 23-11-2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)456/2017/വനം പ്രകാരം ഉത്തരവാകുകയും ആയതിന് ഭേദഗതികൾ വരുത്തി 26-3-2018-ലെ സർക്കാർ ഉത്തരവ് (ആർറ്റി)153/2018/ വനം പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കുളത്തുപ്പുഴയാറിൽ സർക്കാർ ഉത്തരവ് പ്രകാരം സാൻഡ് ഓഡിറ്റ് നടത്തി ആയത് സർക്കാർ അംഗീകരിച്ച് അതിന്റെ വെളിച്ചത്തിലാണ് ചോഴിയക്കോട്, മിൽപ്പാലം എന്നീ കടവുകളിൽനിന്ന് മണൽ ശേഖരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ കൊല്ലം ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ബാഹ്യ ഇടപെടലുകൾ ഉണ്ടാകാത്തവിധം പ്രാദേശിക വന സംരക്ഷണ സമിതിവഴി പരിസ്ഥിതിക്ക് ദോഷമുണ്ടാകാത്ത

തരത്തിൽ വനം വകുപ്പിന്റെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലുമാണ് മണൽ ശേഖരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇങ്ങനെ ശേഖരിക്കുന്ന മണൽ അർഹരായ ഉപഭോക്താക്കൾക്കുതന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കത്തക്കതരത്തിലാണ് ഇതിന്റെ വിപണനം വിഭാവനം ചെയ്തിട്ടുള്ളത്.

## കാട്ടുതീ നിയന്ത്രണം

111 (6366) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടുതീ പടരുന്നത് നിയന്ത്രിക്കാൻ വനം വകുപ്പിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് വേണ്ടി ആധുനിക സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതിനായി ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കാട്ടുതീ പടരുന്നത് നിയന്ത്രിക്കാൻ വനം വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് വേണ്ടി ആധുനിക സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ സഹായത്തോടെ വിവിധ ഡിവിഷനുകളിലെ ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. പല ഡിവിഷനുകളിലും ഫയർ ഗ്യാംഗുകളിലെ ജീവനക്കാർക്കും വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും സമാനമായ പരിശീലനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ

112 (6367) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാട്ടുതീമൂലം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര ഹെക്ടർ വനമാണ് കത്തി നശിച്ചത്;

(ബി) സംസ്ഥാനത്ത് കാട്ടുതീ സാധ്യത ഏറിയ വന മേഖല ഏതൊക്കെ എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവിടെ എന്തൊക്കെ അധിക സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കാട്ടുതീ തടയുന്നതിന് വനപാലകർ ഇപ്പോഴും കാലഹരണപ്പെട്ട മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക ഉപകരണങ്ങൾ അവർക്ക് നൽകുന്നതിനും അവയിൽ പരിശീലനം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കാട്ടുതീമൂലം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 5221.63 ഹെക്ടർ വനം കത്തി നശിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കാട്ടുതീ സാദ്ധ്യത ഏറിയ വന മേഖലയിൽ ഒരുക്കിയിട്ടുള്ള അധിക സംവിധാനങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) കാട്ടുതീ തടയുന്നതിന് വനപാലകർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്നതിനും അവയിൽ പരിശീലനം നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## കാട്ടുതീ

113 (6368) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽ കനത്തതോടുകൂടി സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ കാട്ടുതീ പടർന്നു പിടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടുതീ തടയുന്നതിനും, വ്യാപകമായി പടർന്നുപിടിക്കുന്നത് ഒഴിവാക്കുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷം കാട്ടുതീ ഉണ്ടായിരിക്കുന്നത് വളരെ കുറച്ച് സ്ഥലങ്ങളിലാണ്.

(ബി) കാട്ടുതീ തടയുന്നതിനായി ഫീൽഡ് ജീവനക്കാർ പട്രോളിംഗ് നടത്തുന്നുണ്ട്. ഫയർലൈൻ നിർമ്മിക്കുകയും ഫയർ വാച്ചർമാർ, ഫയർ ഗ്യാംഗ് എന്നിവരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വനത്തിനോട് ചേർന്ന പ്രദേശങ്ങളിലും ആദിവാസി കോളനികളിലും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുമായി കാട്ടുതീ ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഫയർ സീസൺ തുടങ്ങുന്നതിനുമുമ്പുതന്നെ ഫയർലൈനുകൾ എടുക്കുകയും ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാട്ടുതീ ശ്രദ്ധയിൽപ്പെട്ടാലുടനെ ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരുടെയും ജീവനക്കാരുടെയും തദ്ദേശീയരായ ജനങ്ങളുടെയും സഹകരണത്തോടെ തീ അണയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**പൊന്തൻപുഴ വനത്തിന്റെ അവകാശം**

114 (6369) ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്തൻപുഴ വനത്തിന്റെ അവകാശം സംബന്ധിച്ച കേസ് വാദിക്കുന്നതിൽ സർക്കാർ അഭിഭാഷകർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേസ് വാദിക്കുന്നതിൽ സർക്കാർ അഭിഭാഷകർക്ക് വീഴ്ച സംഭവിച്ചിട്ടില്ല. എം.എസ്.എ.-1/1981 കേസ് ബഹു. ഹൈക്കോടതിയിൽ കൈകാര്യം ചെയ്യുതിൽ സർക്കാർ ഭാഗത്തുനിന്നും യാതൊരുവിധ അനാസ്ഥയും ഉണ്ടായിട്ടില്ലാത്തതാണ്. ശ്രീ. എം. പി. പ്രകാശ്, അഡ്വക്കേറ്റിനെ ടി കേസിന്റെ മാത്രം നടത്തിപ്പിനായി സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. എം.എസ്.എ-1/1981 കേസ് ബഹു. ഹൈക്കോടതിയിൽ 28-11-2016 മുതൽ തുടങ്ങി ഏകദേശം മുപ്പതിലധികം ദിവസങ്ങളിൽ വാദത്തിനായി വരികയും അന്നേ ദിവസങ്ങളിലെല്ലാം

സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിതനായ ശ്രീ. എം. പി. പ്രകാശ് കോടതിയിൽ ഹാജരായിട്ടുള്ളതുമാണ്. കൂടാതെ പല ദിവസങ്ങളിലും ഫോറസ്റ്റ് ലെയ്സൺ ഓഫീസറും കോടതിയിൽ ഹാജരായിട്ടുണ്ട്. എം.എസ്.എ.-1/1981 കേസ് വാദത്തിനുശേഷം വിശദമായ ആർഗ്യുമെന്റ് നോട്ടും ശ്രീ. എം. പി. പ്രകാശ് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) 10-1-2018-ലെ എം.എസ്.എ.-1/81 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിയിൽ ഭൂമികളിന്മേലുള്ള മുൻകാല അവകാശ രേഖകളെ അംഗീകരിച്ചതിനെതിരെ 5-2-2018-ൽ ബഹു. ഹൈക്കോടതിയിൽ 182/2018 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ അന്തിമ തീരുമാന മായിട്ടില്ല.

## വനങ്ങളുടെ വികസനം

115 (6370) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(ബി) ഇതിനായി നിലവിലുള്ള പദ്ധതികൾ തുടരാനും അവ കൂടുതൽ ശക്തി പ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; വിശദമാക്കുമോ;

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ വികസനത്തിന് വനംവകുപ്പ് സ്വീകരിക്കുന്ന നടപടികൾ എല്ലാം തുടർ പദ്ധതികളാണ്. ഇതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു :

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.
- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പാക്കുന്നു.

- ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.
- വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോരത്തണൽ പദ്ധതിയും വനദീപ്തി പദ്ധതിയും കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോത്സാഹന ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.
- നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.

(ബി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും തുടരാനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് വിവിധ തലങ്ങളിലായി മോണിറ്റർ ചെയ്തുവരുന്നുണ്ട്. വനം വകുപ്പ് ആസ്ഥാനത്ത് ഇംപ്ലിമെന്റിംഗ് ഓഫീസർതലത്തിലുള്ളവരുമായി മീറ്റിംഗ് വിളിച്ചുചേർത്ത് പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്തുവരുന്നു.

**വനഭൂമിയുടെ പാട്ടനിരക്കിൽ വർദ്ധന**

116 (6371) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടത്തിന് നൽകുന്ന വനഭൂമിയുടെ പാട്ടനിരക്ക് വർദ്ധിപ്പിക്കുന്നതിന് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ നിരക്കുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുമൂലം സർക്കാരിനുണ്ടായ അധിക വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) പാട്ടനിരക്ക് വർദ്ധിപ്പിക്കുന്നതിന് വനംവകുപ്പ് തലവൻ ശിപാർശ നൽകിയിട്ടുണ്ട്. ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള വനം വകുപ്പ് തലവന്റെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## വനാതിർത്തി നിർണ്ണയം

117 (6372) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാതിർത്തി വേർതിരിക്കലും നിർണ്ണയിക്കലും പ്രക്രിയയുടെ നടത്തിപ്പ് ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ആകെ വനാതിർത്തി എത്ര എന്നും ഇവയിൽ എത്ര ഭാഗം അളന്നുതിരിച്ച് നാളിതുവരെ സ്ഥിരം ജണ്ടയിട്ട് വേർതിരിച്ചു എന്നും ഇതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാന വനാതിർത്തി ലംഘിച്ച് കയ്യേറ്റം എത്രത്തോളമുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വനഭൂമിയോട് ചേർന്നുള്ള സ്വകാര്യ ഭൂമി കൈമാറുന്നതിനും വീടുവയ്ക്കുന്നതിനും ഉള്ള നിയന്ത്രണങ്ങളുടെ പേരിൽ കർഷകരുൾപ്പെടെയുള്ളവർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ?

### ഉത്തരം

(എ) വനാതിർത്തി വേർതിരിക്കലും നിർണ്ണയിക്കലും പ്രക്രിയയുടെ നടത്തിപ്പ് ഇപ്പോൾ അവസാന ഘട്ടത്തിലാണ്. വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി തിരിക്കുന്നതിനായി 2016-17 വർഷത്തിൽ 12500-ഓളം സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 28-2-2018 വരെ 12258 ജണ്ടകൾ നിർമ്മിച്ചു.

(ബി) 2017-18 വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16845 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 14204 കിലോമീറ്ററോളം വനാതിർത്തി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 2017 മാർച്ച് മാസം അവശേഷിക്കുന്നതായി കണക്കാക്കിയ 2641 കിലോമീറ്ററോളം വനാതിർത്തി സർവ്വേ ചെയ്ത് ജണ്ട ഇട്ട് തിരിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18 വർഷത്തിൽ 28-2-2018 വരെ വേർതിരിക്കാനുള്ള അതിർത്തിയിൽ 12258 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഉദ്ദേശം 44000-ഓളം സ്ഥിരം ജണ്ടകളുടെ നിർമ്മാണം അടുത്ത രണ്ടുവർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രാദേശികമായി തർക്കങ്ങളും തടസ്സങ്ങളും ഉന്നയിക്കപ്പെടുന്നുണ്ട്. ചില സ്ഥലങ്ങളിൽ വനാതിർത്തി സംബന്ധിച്ച തർക്കം വിവിധ കോടതികളുടെ പരിഗണനയിലുമാണ്.

(സി) 1-1-1977-നുശേഷം 7801.10 ഹെക്ടർ വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ഡി) കർഷകർ ഉൾപ്പെടെയുള്ളവർ ബുദ്ധിമുട്ടുന്നതായ പരാതികൾ ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ വനഭൂമിയോട് ചേർന്നുള്ള സ്വകാര്യ ഭൂമി കൈമാറുന്നതിനും വീടുവയ്ക്കുന്നതിനും ഉള്ള നിയന്ത്രണങ്ങളുടെ പേരിൽ കർഷകരുൾപ്പെടെയുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനായി വനം വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് ചെറുകിട കർഷകർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകുന്ന സമീപനം വനം വകുപ്പിൽനിന്നും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന സർക്കാർ നിർദ്ദേശത്തെത്തുടർന്ന് ഈ വിഷയത്തിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്നും ഇതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ അവയ്ക്ക് അതീവ പ്രാധാന്യം നൽകേണ്ടതും കർഷകരുടെ പരാതി പരിഹരിക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതുമാണെന്ന നിർദ്ദേശം 27-7-2010-ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

**വനഭൂമിക്ക് പട്ടയം**

118 (6373) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം തയ്യാറാക്കിയ കൈവശക്കാരുടെ പട്ടിക കേന്ദ്രാനുമതിക്ക് അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയപ്പോൾ മുമ്പ് നിരസിച്ച അപേക്ഷകൾ വീണ്ടും പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-1-1977-ന് മുമ്പുള്ള കയ്യേറ്റ വനഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 28588 ഹെക്ടർ വനഭൂമി കയ്യേറ്റക്കാർക്ക് പതിച്ച് നൽകുന്നതിന് കേന്ദ്രാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**വനം കയ്യേറ്റം**

119 (6374) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറിയതാണെന്ന് സ്ഥിരീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ അതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളത്തിലുടനീളം വനാതിർത്തി നിർണ്ണയിച്ച് വന ഭൂമിയും സ്വകാര്യ ഭൂമിയും ജണ്ട ഇട്ട് വേർതിരിക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ;

(സി) 1977-ന് മുമ്പ് കൈവശമുണ്ടായിരുന്നതും എന്നാൽ വനം, റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതുമായ സ്ഥലം എത്രയെന്ന് അറിയിക്കുമോ;

(ഡി) 1-1-1977-ന് മുമ്പുള്ള വനം കയ്യേറ്റ ഭൂമി നിയമപരമായി ക്രമപ്പെടുത്തുന്നതിന് ഇനിയും അവശേഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അതിർത്തി നിർണ്ണയം നടന്നുവരുന്നു. അതിർത്തി നിർണ്ണയം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഇടങ്ങളിൽ ദ്രുതഗതിയിൽ സർവ്വേ നടത്തി ജണ്ട നിർമ്മിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് വനസമ്പത്ത് സംരക്ഷിക്കുന്നതിന്റെയും കയ്യേറ്റങ്ങൾ തടയുന്നതിന്റെയും ഭാഗമായി വനാതിർത്തികൾ സർവ്വേ ചെയ്ത് സ്ഥിരം ജണ്ടകൾ സ്ഥാപിച്ചുവരുന്നു. 2017-18 വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16845 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 14204 കിലോമീറ്ററോളം വനാതിർത്തി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 2017 മാർച്ച് മാസം അവശേഷിക്കുന്നതായി കണക്കാക്കിയ 2641 കിലോമീറ്ററോളം വനാതിർത്തി സർവ്വേ ചെയ്ത് ജണ്ട ഇട്ട് തിരിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18 വർഷത്തിൽ 28-2-2018 വരെ വേർതിരിക്കാനുള്ള അതിർത്തിയിൽ 12258 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥിരം ജണ്ട നിർമ്മാണം അടുത്ത രണ്ടുവർഷത്തിനുള്ളിൽ മിക്കവാറും പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 14-12-1999-ലെ ജി.ഒ. (എംഎസ്)510/99/ആർ.ഡി. ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്താൻ ഇനിയും ഉദ്ദേശം 3750.7634 ഹെക്ടർ സ്ഥലം അവശേഷിക്കുന്നതായി കണ്ടെത്തിയിരുന്നു. ടി സ്ഥലത്തിന്റെ സംയുക്ത പരിശോധന പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) വനം വകുപ്പിൽ ലഭ്യമായ കണക്കുകൾ പ്രകാരം 1-1-1977-ന് മുമ്പുള്ള വനം കയ്യേറ്റമായി ഉദ്ദേശം 5667.4545 ഹെക്ടർ ഇനിയും നിയമപരമായി ക്രമപ്പെടുത്തേണ്ടതായിട്ടുണ്ട്.

**വനമേഖലയുടെ വിസ്തീർണ്ണം**

120 (6375) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി കയ്യേറ്റം കാരണം വനവിസ്തൃതി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വനമേഖലയുടെ വിസ്തീർണ്ണവും നിബിഡ വനത്തിന്റെ വിസ്തീർണ്ണവും എത്രയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പുതിയ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഹൈക്കോടതി വിധിപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവായിട്ടില്ല.

(ബി) സംസ്ഥാനത്ത് വനമേഖലയുടെ ആകെ വിസ്തീർണ്ണം 11309.5032 ച. കി. മീറ്ററും അതിൽ നിബിഡ വനത്തിന്റെ വിസ്തീർണ്ണം 8852.8761 ച. കി. മീറ്ററുമാണ്.

## വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കണ്ടൽക്കാട്

121 (6376) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ കണ്ടൽ കാടിനുള്ളിൽ താമസിക്കുന്ന വിശാലാക്ഷി എന്ന വ്യക്തി വഴിയില്ലാത്തതും മറ്റു അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും ചൂണ്ടിക്കാട്ടി നൽകിയ നിവേദനത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ;

(ബി) വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ വനം വകുപ്പ് കണ്ടൽ സംരക്ഷിക്കുന്നതിനുവേണ്ടി ചെലവഴിച്ച ഫണ്ടുകൾ ഏതെല്ലാം; വിശദമാക്കാമോ?

### ഉത്തരം

(എ) ഇവരുടെ വീട്ടിലേയ്ക്കുള്ള വഴിയിൽ തടസ്സമായി നിന്നിരുന്ന കണ്ടൽക്കാടുകളുടെ ചില്ല വെട്ടി തടസ്സം നീക്കിയിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി നിയോഗിച്ച ദിവസവേതനക്കാരുടെ വേതനമായി 5,92,494 രൂപ നൽകിയിട്ടുണ്ട്. കൂടാതെ കണ്ടൽ സംരക്ഷണത്തിനായി പ്രദേശത്ത് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

## അച്ചൻകോവിൽ-അലിമുക്ക് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി

122 (6377) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പ്രശസ്ത തീർത്ഥാടന കേന്ദ്രമായ അച്ചൻകോവിൽ ഗ്രാമത്തിനെ താലൂക്ക് ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന അച്ചൻകോവിൽ-അലിമുക്ക് റോഡിന്റെ തകർന്ന് കിടക്കുന്ന ഭാഗങ്ങൾ പൂർണ്ണമായും പുനരുദ്ധാരണ പ്രവൃത്തി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനും തകർച്ചയിലായ തുറ പാലം പുനർനിർമ്മിക്കുന്നതിനും വനം വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫണ്ടിന്റെ സ്രോതസ്സ്, പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുവാനുദ്ദേശിക്കുന്ന കാലയളവ്, നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ;

(സി) 2018-19 സാമ്പത്തിക വർഷത്തിനുള്ളിൽത്തന്നെ പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തുവാനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) അലിമുക്ക്-അച്ചൻകോവിൽ റോഡിന്റെ ശോചനീയാവസ്ഥയും നവീകരണം ചെയ്യേണ്ടതിന്റെ പ്രാധാന്യവും മനസ്സിലാക്കി 2016-17-ലും 2017-18-ലും നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ അപേക്ഷകൾ നിരസിക്കപ്പെട്ടു. ഈ റോഡ് നവീകരിക്കേണ്ടതിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ചുകൊണ്ട് വനം വകുപ്പിന് അനുവദിച്ച സാമ്പത്തിക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യത്തെ സംരംഭമായി പരിഗണിക്കാനും സാമ്പത്തിക സഹായം അനുവദിക്കാനും ആവശ്യപ്പെട്ടുകൊണ്ട് പദ്ധതിക്കാവശ്യമായ 15.80 കോടി രൂപയുള്ള വിശദമായ പദ്ധതി രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷംതന്നെ ടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**തമ്പുരാട്ടിപ്പറമ്പ് റോഡ്**

123 (6378) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള തമ്പുരാട്ടിപ്പറമ്പ് റോഡ് തകർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ പട്ടിക്കാട് റേഞ്ചിന്റെ പരിധിയിൽ വരുന്ന വടക്കുംപാടം-തമ്പുരാട്ടിപ്പറമ്പ് മണ്ടൻചിറ ക്ലപ്പ് റോഡിന്റെ വനത്തിലൂടെ കടന്നുപോകുന്ന ഭാഗം, സോളിംഗ് മെറ്റലിംഗ് നടത്തിയിട്ടില്ലാത്തതുകൊണ്ട് മൺറോഡായി തുടരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

**സ്വന്തമായി വച്ചുപിടിപ്പിച്ച മരം മുറിക്കുന്നതിന് അനുമതി**

124 (6379) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ സി.എച്ച്.ആർ. മേഖലയിലുള്ള ആളുകളുടെ കൈവശമുള്ള പട്ടയം കിട്ടിയതും കിട്ടാത്തതുമായ സ്ഥലത്ത് ഇവർ തന്നെ വച്ചു പിടിപ്പിച്ച പ്ലാവ്, ആഞ്ഞിലി, തേക്ക്, മഹാഗണി തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കുമോ;

(ബി) സ്വന്തമായി വച്ചു പിടിപ്പിച്ച മരങ്ങൾ കൃഷിക്കാർ മുറിക്കുന്നതിന് എതിരെ വനംവകുപ്പ് ഉദ്യോഗസ്ഥർ കേസ് എടുക്കുകയും കൃഷിക്കാരെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കൃഷിക്കാരെ സഹായിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) 1986-ലെ വൃക്ഷപരിപാലന നിയമത്തിന്റെ അഞ്ചാം വകുപ്പ്, കാർഡമം റൂൾസ് എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ ഏലപ്പാട്ട ഭൂമികളിൽ മരംമുറിക്കുന്നതിന് അനുമതി നൽകുന്നത്; എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ എന്താണെന്ന് വിശദമാക്കാമോ; പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവേ പട്ടയഭൂമികളിൽ കർഷകർ നട്ടുവളർത്തിയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും നിരോധനം ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്. എന്നാൽ 1986-ലെ വൃക്ഷസംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള കാർഡമം ഹിൽ റിസർവ് (CHR) മേഖലയിൽപ്പെടുന്ന ഏലപ്പട്ടയത്തിലും ഏലപ്പാട്ട ഭൂമികളിലും ഉൾപ്പെടുന്ന മരങ്ങൾ മുറിക്കുന്നതിന് ചില നിയന്ത്രണങ്ങൾ ഉള്ളതാണ്. തേക്ക് മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് അതാത് ഭൂമിക്ക് ലഭിച്ച പട്ടയങ്ങളിലെ വ്യവസ്ഥകൾ ബാധകമായിരിക്കും. പട്ടയം ഇല്ലാത്ത ഭൂമികളിലെ മരങ്ങൾക്ക് കൈവശക്കാരന് അവകാശം വരുന്നതല്ല.

(ബി) നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി മരം മുറിക്കുന്ന സന്ദർഭങ്ങളിലല്ലാതെ വനം വകുപ്പ് ഉദ്യോഗസ്ഥർ ഏതെങ്കിലും കൃഷിക്കാർക്കെതിരെ കേസ് എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ കർഷകരെ ഭീഷണിപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. CHR-ലെ തന്നെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുകൊടുക്കുന്ന ഭൂമിയിലെ മരങ്ങൾക്ക് വൃക്ഷസംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് ബാധകമല്ല. ആയതിനാൽ നിലവിൽ ഇത് കൃഷിക്കാർക്ക് സഹായകരമായ വിധത്തിലാണുള്ളത്.

(സി) അതെ. ഏലപ്പട്ടയ, ഏലപ്പാട്ട ഭൂമികളിൽ 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിലെ സെക്ഷൻ 5-ഉം കാർഡമം റൂൾസ് പ്രകാരവുമുള്ള നിബന്ധനകൾക്ക് വിധേയമായ മരംമുറിയാണ് അനുവദിച്ചിട്ടുള്ളത്. വൃക്ഷ സംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം ജീവനും സ്വത്തിനും ഭീഷണിയായതോ ഉണങ്ങിയതോ കേടുവന്നതോ കാറ്റത്ത് പിഴുത് വീണതോ സാധാരണ കൃഷി/ഹോർട്ടികൾച്ചർ ആവശ്യത്തിന് നടത്തുന്ന പ്രൂണിംഗിനോ അല്ലാതെ വിജ്ഞാപനം ചെയ്ത സ്ഥലത്തെ യാതൊരു മരവും മുറിക്കാൻ അനുമതിയില്ല. ഇത്തരം സാഹചര്യങ്ങളിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതിയോടെ വൃക്ഷങ്ങൾ മുറിക്കാവുന്നതാണ്. 1935-ലെ കാർഡമം റൂൾസിലെ 28 മുതൽ 31 വരെയുള്ള ചട്ടങ്ങളും ഇവിടങ്ങളിലെ മരം മുറിക്ക് ബാധകമായിരിക്കും. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വനപരിപാലനം

125 (6380) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(ബി) ഇതിനായി നിലവിലുള്ള പദ്ധതികൾ തുടരാനും അവ കൂടുതൽ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ വികസനത്തിന് വനംവകുപ്പ് സ്വീകരിക്കുന്ന നടപടികൾ എല്ലാം തുടർ പദ്ധതികളാണ്. ഇതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു :

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.
- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ, വന സംരക്ഷണത്തിനായി വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.
- കാട്ടുതീ പ്രതിരോധ പ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.
- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോല വനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പാക്കുന്നു.

- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വന സംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള 400 വന സംരക്ഷണ സമിതികളിലെയും 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും ഉദ്ദേശം 75000 വനാശ്രിത കുടുംബങ്ങൾ വന സംരക്ഷണ പരിപാടികളിൽ പങ്കാളികളാകുകയും അതുവഴി അവരുടെ ജീവനോപാധി വർദ്ധിക്കുകയും ചെയ്തുവരുന്നു.

- ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.

- വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോരത്തണൽ പദ്ധതിയും വനദീപ്തി പദ്ധതിയും കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോത്സാഹന ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.

- 60 ഇക്കോ ടൂറിസം സെന്ററുകളും രണ്ട് മൊബൈൽ യൂണിറ്റും ഉൾപ്പെടെ 37 വനശ്രീ യൂണിറ്റുകൾ വനാശ്രിത ആദിവാസി സമൂഹം ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ വിതരണം ചെയ്യുന്നതിനായും പ്രവർത്തിച്ചുവരുന്നു.

- നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.

- നിലവിലുള്ള തൃശ്ശൂർ മൃഗശാല ഉദ്ദേശം 300 കോടി രൂപ ചെലവിൽ കിഫ്ബി സാഹായത്തോടെ പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും തുടരുന്നതിനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പൂർത്തീകരണം വിവിധ തലങ്ങളിലായി മോണിറ്റർ ചെയ്തുവരുന്നുണ്ട്. വനം വകുപ്പ് ആസ്ഥാനത്ത് ഇംപ്ലിമെന്റിംഗ് ഓഫീസർ തലത്തിലുള്ളവരുമായി മീറ്റിംഗ് വിളിച്ചുചേർത്ത് പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്തുവരുന്നു.

**സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി നടപ്പാക്കിയ പ്രവൃത്തികൾ**

126 (6381) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 വർഷങ്ങളിൽ സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ചെലവഴിച്ച തുകയെത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം ഹരിത കേരളം പദ്ധതിയുടെ ഭാഗമായി 2016-17 വർഷത്തിൽ 3.4 ലക്ഷം വൃക്ഷത്തൈകളും 2017-18-ൽ 3.25 ലക്ഷം വൃക്ഷത്തൈകളും ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ റോഡിന്റെ വശങ്ങളിലായും സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലും പുഴയുടെ തീരങ്ങളിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ എന്നിവരുടെ സഹായ സഹകരണത്തോടുകൂടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. 10 ഇനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന കർഷകർക്ക് പ്രോത്സാഹന ധനസഹായം നൽകിയിട്ടുണ്ട്. നശിച്ചുകൊണ്ടിരിക്കുന്ന കണ്ടൽക്കാടുകളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ടൽ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. തീരസംരക്ഷണത്തിന്റെ ഭാഗമായി 20000-ത്തോളം കാറ്റാടി തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകൾ സംരക്ഷിക്കുന്ന വ്യക്തികൾക്ക് പ്രോത്സാഹന ധനസഹായം നൽകിയിട്ടുണ്ട്. പരിസ്ഥിതി പ്രാധാന്യമുള്ള ദിവസങ്ങളായ ലോക പരിസ്ഥിതി ദിനം, വന്യജീവി വാരം, ലോക ജലദിനം തുടങ്ങിയ ദിവസങ്ങളിൽ വിദ്യാർത്ഥികളേയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ച് സെമിനാർ, എക്സിബിഷൻ എന്നിവ നടത്തിയിട്ടുണ്ട്. പക്ഷി സംരക്ഷണത്തിന്റെ ഭാഗമായി ദേശാടന പക്ഷികൾ എത്തിച്ചേരുന്ന മാസങ്ങളിൽ അവിടെയുള്ള തദ്ദേശവാസികൾക്ക് ബോധവൽക്കരണ

ക്ലാസ്സ് നടത്തുന്നുണ്ട്. പക്ഷികളെ സംരക്ഷിക്കുന്നത് സംബന്ധിച്ച ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഔഷധത്തോട്ടം, നഗരവനവൽക്കരണത്തിന്റെ ഭാഗമായി റോഡ് സൈഡിലും മറ്റ് പ്രധാന സ്ഥലങ്ങളിലും വലിയ കണ്ടെയ്നറുകളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കോടനാട്, നെടുമ്പാശ്ശേരി ഭാഗങ്ങളിൽ വനവികാസ ഏജൻസികൾ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നുണ്ട്. ബട്ടർഫ്ലൈ പാർക്ക് നിർമ്മിക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയിട്ടുണ്ട്. വൈപ്പിൻ മാലിപ്പുറത്ത് 2 ഏക്കർ വരുന്ന സ്ഥലത്ത് ഒരു കണ്ടൽ വിജ്ഞാന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കണ്ടൽ പ്രദേശങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി നിരവധി പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകളും നേച്ചർക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. 2017-18 വർഷം വെറ്റ്ലാന്റ് കൺസർവേഷൻ പദ്ധതിയുടെ ഭാഗമായി തീരപ്രദേശങ്ങളിൽ വസിക്കുന്നവർക്ക് നൽകുന്നതിനായി വിവിധ ഇനത്തിലുള്ള വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 2018 ലോക പരിസ്ഥിതി ദിനത്തിൽ വിതരണം ചെയ്യുന്നതിനായി 3.75 ലക്ഷം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. നാട്ടാന പരിപാലന ചട്ടം നടപ്പാക്കി വരുന്നു. സോഷ്യൽ ഫോറസ്ട്രി നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് 2016-17 വർഷം 42.5 ലക്ഷം രൂപയും 2017-18 വർഷത്തിൽ 136 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) 2016-17 വർഷത്തിൽ വൈപ്പിൻ നിയോജക മണ്ഡലം ഉൾപ്പെടുന്ന വൈപ്പിൻ സോഷ്യൽ ഫോറസ്ട്രി ബ്ലോക്കിൽ 35000 വൃക്ഷത്തൈകളും 2017-18 വർഷം 39000 വൃക്ഷത്തൈകളും വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ മാലിപ്പുറം, ഞാറയ്ക്കൽ ഫിഷ് ഫാം പ്രദേശങ്ങളിൽ 3100 കണ്ടൽത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ചാപ്പ കടപ്പുറത്ത് തീരസംരക്ഷണ പദ്ധതി പ്രകാരം 20000 കാറ്റാടി തൈകളും 1300 പുന്നത്തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്. വഴിയോരത്തണൽ പദ്ധതിപ്രകാരം ഹെർബർട്ട് ബ്രിഡ്ജ് റോഡിൽ 50 തൈകളും അണിയിൽ നെടുങ്ങാട് റോഡിൽ 80 തൈകളും നെടുങ്ങാട് ബോട്ട് ജെട്ടി റോഡിൽ 130 തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്. 2016-ലെ ലോക പരിസ്ഥിതി ദിനം, 2017-ൽ തീരവനം പദ്ധതി, മാലിപ്പുറം കണ്ടൽ വിജ്ഞാന കേന്ദ്രം എന്നിവ ഉദ്ഘാടനം നിർവ്വഹിച്ചത് ബഹു. വൈപ്പിൻ എം.എൽ.എ. ശ്രീ. എസ്. ശർമ്മയാണ്. വെറ്റ്ലാൻഡ് കൺസർവേഷൻ പ്രോജക്ടിന്റെ ഭാഗമായി 10 ബയോഗ്യാസ് പ്ലാന്റ്, വാട്ടർ ടാങ്ക്, 5 പേർക്ക് ഗ്യാസ് കണക്ഷൻ എന്നിവയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാലിപ്പുറം ഫിഷ് ഫാമിന് സമീപം 2 ഏക്കറോളം വരുന്ന കണ്ടൽ പ്രദേശത്ത് ഒരു കണ്ടൽ വിജ്ഞാൻ പഠന കേന്ദ്രം പെട്രോനൈറ്റിന്റെ ധനസഹായത്തോടെ നിർമ്മിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ

വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വേണ്ടി വൈപ്പിൻ മേഖലകളിൽ നടത്തിയിട്ടുണ്ട്. കണ്ടൽ പ്രദേശങ്ങളിലും ബീച്ചുകളിലും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടുകൂടി നടത്തിയിട്ടുണ്ട്.

**തീരദേശത്ത് വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി**

127 (6382) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശസംരക്ഷണ നിയമപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ച് സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ സാമൂഹ്യവനവത്കരണ പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഇതിലേക്കായി തീരദേശത്ത് സമൃദ്ധമായി വളരുന്ന ഇനങ്ങളിൽപ്പെട്ട വൃക്ഷത്തൈകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കടലാക്രമണത്തെ ചെറുക്കുന്നതിനും കടൽത്തീരം മനോഹരമാക്കുന്നതിനും വേണ്ടി ഇതര വകുപ്പുകളുടെ സഹായം ഇതിനായി സ്വീകരിക്കുമോ ; വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഭൂമി ബന്ധപ്പെട്ട വകുപ്പുകൾ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിനെ ഏൽപ്പിക്കുകയും ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് ഈ പ്രദേശത്ത് വൃക്ഷത്തൈകൾ വച്ച് ഹരിതാഭമാക്കുന്നതിന് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് സാധിക്കുന്നതാണ്. ഇതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിചയവും സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ ലഭ്യമാണ്.

(ബി) കേരളത്തിന്റെ തീരത്ത് കാറ്റാടി, പൂവരശ്, ബദാം, ഉങ്ങ്, പുന്ന മുതലായ വൃക്ഷങ്ങൾ നന്നായി വളരും. കൂടാതെ പ്ലാവ്, മാവ്, ആഞ്ഞിലി, തേക്ക്, മഹാഗണി തുടങ്ങിയ വൃക്ഷങ്ങളും ഈ പ്രദേശത്ത് നട്ടുപരിപാലിക്കാൻ സാധിക്കുന്നതാണ്.

(സി) തീരപ്രദേശത്ത് സുനാമി പുനരധിവാസ പദ്ധതിയിൻകീഴിലും കാലാകാലങ്ങളിലായി വച്ചു പിടിപ്പിച്ച കാറ്റാടി മരങ്ങൾ കടലാക്രമണത്തെ ശക്തമായി ചെറുക്കുന്നുണ്ട്. പഞ്ചായത്ത്, ഫിഷറീസ്, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടുകൂടി കടൽത്തീരം മനോഹരമാക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്നതാണ്.

## സാമൂഹ്യ വനവൽക്കരണം

128 (6383) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ജോയി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ പ്രകാരം വച്ചുപിടിപ്പിക്കുന്ന ലക്ഷക്കണക്കിന് വൃക്ഷത്തൈകളുടെ തുടർന്നുള്ള പരിപാലനവും സംരക്ഷണവും സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ;

(ബി) ഇപ്രകാരം നടുന്ന വൃക്ഷത്തൈകളുടെ അതിജീവന നിരക്ക് നാമ മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വളരെ ചെറിയ തൈകൾ നൽകുന്നുവെന്നതാണ് ഇതിന് ഒരു പ്രധാന കാരണമെന്നതിനാൽ രണ്ട് വർഷമെങ്കിലും പ്രായമായ തൈകൾ നൽകി അവയുടെ അതിജീവന നിരക്ക് ഗണ്യമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിവിധ പദ്ധതികൾ പ്രകാരം നഗര പ്രദേശങ്ങളിൽ വച്ചുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനവും സംരക്ഷണവും അതാത് പ്രദേശത്തെ റസിഡന്റ്സ് അസോസിയേഷനുകളെ ഏൽപ്പിക്കുകയും അതിനായി അവർക്ക് വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സാമൂഹ്യ വനവൽക്കരണ വിഭാഗം വനവൽക്കരണത്തിനായി ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികൾ പ്രകാരം ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുന്നതിനും ആഗോള താപന തോത് കുറയ്ക്കുന്നതിനും ഗാർഹിക വ്യാവസായിക തടി ഉപയോഗത്തിനുമായി വിവിധ നല്ലയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തുവരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും അതുവഴി വൃക്ഷസമ്പത്ത് വനേതര പ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. എന്നാൽ ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും

സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായി രിക്കുന്നത്. വിദ്യാർത്ഥികൾക്കും വിവിധ സംഘടനകൾക്കും സ്വകാര്യ വ്യക്തികൾക്കും മേൽ പദ്ധതി പ്രകാരം നൽകുന്ന വൃക്ഷത്തൈകളുടെ തുടർ പരിപാലനം വനം വകുപ്പിന്റെ നിയന്ത്രണത്തിലല്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വഴി വിതരണം നടത്തുന്ന തൈകളുടെ അതിജീവന ശതമാനം ബന്ധപ്പെട്ട വകുപ്പുകൾ ഇറക്കുന്ന സർക്കുലറുകൾ അടിസ്ഥാനമാക്കി സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും വനം വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി രൂപീകരിക്കുന്ന കമ്മിറ്റികളാണ് പരിശോധിച്ചുവരുന്നത്. മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർ റാന്റം സാമ്പിളിംഗ് രീതിയിലൂടെ പരിശോധന നടത്തുന്നുണ്ട്. 2016-17, 2017-18 വർഷങ്ങളിൽ ഹരിത കേരളം പദ്ധതിയിലൂടെ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വിദ്യാലയങ്ങൾക്കും വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിൽ തെരഞ്ഞെടുത്ത കോളേജുകളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സ്റ്റാറ്റിക്കൽ മോണിറ്ററിംഗ് & ഇവാലുവേഷൻ നടത്തിവരുന്നു.

(ബി) സാമൂഹ്യ വനവൽക്കരണ വിഭാഗം വനവൽക്കരണത്തിനായി ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികൾ പ്രകാരം ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുന്നതിനും ആഗോള താപനത്തോത് കുറയ്ക്കുന്നതിനും ഗാർഹിക-വ്യാവസായിക തടി ഉപയോഗത്തിനുമായി വിവിധ നല്ലയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തുവരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും അതുവഴി വൃക്ഷസമ്പത്ത് വനേതര പ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. എന്നാൽ ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. വിദ്യാർത്ഥികൾക്കും വിവിധ സംഘടനകൾക്കും സ്വകാര്യ വ്യക്തികൾക്കും മേൽ പദ്ധതി പ്രകാരം നൽകുന്ന വൃക്ഷത്തൈകളുടെ തുടർ പരിപാലനം വനം വകുപ്പിന്റെ നിയന്ത്രണത്തിലല്ല. 2015-ലെ Forest Survey of India-യുടെ ദ്വൈവാർഷിക റിപ്പോർട്ടിൽ കേരള സംസ്ഥാനത്തിൽ വനത്തിനു പുറത്ത് 28.49 ശതമാനം വൃക്ഷാവരണമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ ഇപ്രകാരം വിതരണം ചെയ്യുന്ന

തൈകളിൽ യഥാസമയം പരിപാലന പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥലങ്ങളിൽ ഗണ്യമായ അതിജീവനം കണ്ടുവരുന്നുണ്ട്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകളിൽ ബഹുഭൂരിപക്ഷവും സാമൂഹ്യവനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. 2005-ൽ K.F.R.I. പീച്ചി നടത്തിയ വുഡ്-ബാലൻസ് സ്റ്റഡി റിപ്പോർട്ടിൽ കേരളത്തിൽ ഗൃഹാവശ്യത്തിനായുള്ള തടിയുടെ 74.90 ശതമാനം വനേതര ഭൂമിയിൽ നിന്നുമാണ് ലഭ്യമാകുന്നത് എന്നും കണ്ടെത്തിയിട്ടുണ്ട്.

(സി) ഒരു അടി ഉയരമുള്ള തൈകളാണ് എന്റെ മരം, നമ്മുടെ മരം തുടങ്ങിയ പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്നത്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് എടുത്തുകൊണ്ടുപോകാനും കൈകാര്യം ചെയ്യുന്നതിനുള്ള എളുപ്പത്തിനുമാണ് ചെറിയ കൂടത്തൈകൾ നൽകുന്നത്. മാത്രമല്ല ഇവയുടെ ഉൽപ്പാദനച്ചെലവ് വലിയ കൂടത്തൈകളെ അപേക്ഷിച്ച് കുറവാണ്. ശരിയായി പരിപാലിച്ചാൽ ഇവയുടെ അതിജീവന നിരക്ക് കുറയുകയില്ല. വനം വകുപ്പ് തോട്ടങ്ങളിൽ ചെറിയ കൂടത്തൈകളാണ് ഉപയോഗിച്ച് വരുന്നത്. എന്നിരുന്നാലും വനം വകുപ്പിന്റെ പുതിയ പദ്ധതികളിൽ ഒരു വർഷം പ്രായമായ തൈകൾ വിതരണം ചെയ്യുന്ന വിഷയം പരിഗണിച്ചുവരുന്നു.

(ഡി) സോഷ്യൽ ഫോറസ്ട്രി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി കേരളത്തിലെ 14 ജില്ലകളിലും രൂപീകരിച്ചു വരുന്നു. പ്രാദേശിക റസിഡൻസ് അസോസിയേഷനുകളും സോഷ്യൽ ഫോറസ്ട്രി, ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളുടെ കീഴിലുള്ള ഹരിത സമിതികളും ചേർന്ന് നഗര പ്രദേശങ്ങളിൽ വൃക്ഷവൽക്കരണം നടത്തുന്ന വിഷയം പരിഗണിച്ചുവരുന്നു.

**ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കുന്നതിന്**
**കേന്ദ്ര വനം വകുപ്പിന്റെ അനുമതി**

129 (6384) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ, പൂയംകുട്ടി, ഇടമലയാർ, മാമലക്കണ്ടം പ്രദേശങ്ങൾ ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ടോ:

(ബി) ഇല്ലെങ്കിൽ ഏറെ സാദ്ധ്യതയുള്ള പ്രസ്തുത മേഖലകളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര വന പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കായി നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മലയാറ്റൂർ വനം ഡിവിഷനു കീഴിൽ വരുന്ന കുട്ടമ്പുഴ, പൂയംകുട്ടി, ഇടമലയാർ, മാമലക്കണ്ടം എന്നീ പ്രദേശങ്ങൾ പശ്ചിമഘട്ടത്തിലെ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള വനമേഖലയിൽ ഉൾപ്പെടുന്ന പ്രദേശമായതിനാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങളും നിബന്ധനകളും പരിഗണിച്ച് ശാസ്ത്രീയ പഠനം നടത്തിയനുശേഷം മാത്രമേ ഇക്കോ ടൂറിസം പദ്ധതി പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**ട്രെക്കിംഗ് സംഘടിപ്പിക്കുന്ന ഏജൻസികൾ**

130 (6385) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനങ്ങളിൽ ട്രെക്കിംഗ് സംഘടിപ്പിക്കുന്ന ഏജൻസികളെ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വനമേഖലകളിൽ ഏതെല്ലാം ഏജൻസികൾക്ക് ട്രെക്കിംഗ് സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അഡ്വഞ്ചർ ടൂറിസമെന്ന പേരിൽ വനമേഖലയിൽ ട്രെക്കിംഗ് സംഘടിപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; ഇല്ലെങ്കിൽ ലൈസൻസ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) ട്രെക്കിംഗ് സംഘടിപ്പിക്കുന്ന ഏജൻസികൾക്ക് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനും അനധികൃത ട്രെക്കിംഗ് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കേരളത്തിലെ വനങ്ങളിൽ ട്രെക്കിംഗ് സംഘടിപ്പിക്കുന്നതിന് വനം വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ ഏജൻസികൾ ഒന്നും നിലവിലില്ല.

(ഡി) ലൈസൻസ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഇ) ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ബാധകമല്ല. അനധികൃതമായി വനങ്ങളിലോ സംരക്ഷിത വനമേഖലകളിലോ കടന്നുകയറുന്നവർക്കെതിരെ കേരള വന നിയമം, വന്യജീവി (സംരക്ഷണ) നിയമം എന്നിവ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## വനം വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം

131 (6386) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വന്യജീവി വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷണൽ ഫോറസ്റ്റ് ഓഫീസർ വിഭാഗം ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ സംരക്ഷണ ഇതര ജോലികൾക്കായി തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്ത് നിയമിച്ചിട്ടുണ്ടോ;

(ബി) നിയമിച്ചിട്ടുണ്ടെങ്കിൽ എത്ര പേരാണെന്നും അവരുടെ തസ്തിക തിരിച്ചുള്ള കണക്കും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഭാഗത്തിൽ മൂന്ന് വർഷത്തിൽ കൂടുതൽ കാലയളവിൽ തുടർച്ചയായി ജോലി നോക്കുന്ന ജീവനക്കാർ ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇവർ ജോലി നോക്കുന്ന തസ്തികകൾ സ്ഥിരം തസ്തികകൾ ആണോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിയമിച്ചിട്ടുണ്ട്.

(ബി) രണ്ട് സെക്ഷൻ ഫോറസ്റ്റാഫീസർമാരേയും മൂന്ന് ബീറ്റ് ഫോറസ്റ്റാഫീസർമാരേയും നിയമിച്ചിട്ടുണ്ട്.

(സി) മൂന്ന് വർഷത്തിൽ കൂടുതലായി ഒരു ബീറ്റ് ഫോറസ്റ്റാഫീസർ ജോലി ചെയ്തു വരുന്നു.

(ഡി) സ്ഥിരം തസ്തികയിലല്ല ഇവരെ നിയമിച്ചിരിക്കുന്നത്. ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് ടിയാന്മാരെ നിയമിച്ചിട്ടുള്ളത്.

## ട്രാവലിംഗ് അലവൻസ് ക്ലെയിം അനുവദിച്ച് കിട്ടാൻ നടപടി

132 (6387) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ജോലി ചെയ്യുന്ന ഓഫീസ് അറ്റൻഡന്റുമാർക്ക് (D.F.O.P.T.A.) 2015 ഏപ്രിൽ മാസം മുതലുള്ള ടി. എ. ക്ലെയിം ചെയ്തിട്ടും ഇന്നുവരെയും തുക ലഭ്യമാക്കിയിട്ടില്ല എന്നുള്ളത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ തുച്ഛ വരുമാനത്തിൽ നിന്നും ചെലവഴിച്ച തുക വകുപ്പിൽ നിന്നും അനുവദിച്ച് കിട്ടുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് അതത് വർഷം Annual Plan of Operation തയ്യാറാക്കി നൽകുന്നുണ്ട്. വർഷാവർഷം ട്രാവലിംഗ് അലവൻസ് ഇനത്തിൽ അനുവദിക്കുന്ന തുകയും ആവശ്യമായ തുകയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. അതുകൊണ്ട് ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ, സമർപ്പിക്കപ്പെട്ട ട്രാവലിംഗ് അലവൻസ് ബില്ലുകളുടെ കാലാവധിയുടെ മുൻഗണനാ ക്രമത്തിൽ നൽകിവരുന്നു.

**വനം വകുപ്പ് പാട്ടത്തിന് നൽകിയ സ്ഥലത്ത് പാർക്കിംഗ്**

133 (6388) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അതിരപ്പിള്ളിയിലെത്തുന്ന ടൂറിസ്റ്റുകൾക്കായി ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട പിള്ളപ്പാറയിലെ വനം വകുപ്പ് പ്ലാന്റേഷൻ കോർപ്പറേഷന് പാട്ടത്തിന് നൽകിയ സ്ഥലത്ത് വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമേർപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

പിള്ളപ്പാറയിലുള്ള വനം വകുപ്പിന്റെ സ്ഥലം പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതായതിനാൽ വനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതല്ല. സർക്കാർ ഉത്തരവ് പ്രകാരം മറ്റൊരു സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥലം പാട്ടവ്യവസ്ഥ ലംഘിച്ചുകൊണ്ട് അതിരപ്പിള്ളിയിലെത്തുന്ന ടൂറിസ്റ്റുകളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് അനുവദിക്കാൻ കഴിയില്ല.

**റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് വനം വകുപ്പിന്റെ അനുമതി**

134 (6389) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ കിണ്ണംപറമ്പ് റോഡ്, മാണിക്കംപാറ റോഡ് എന്നിവ കോൺക്രീറ്റ് ചെയ്യുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ അനുമതി നൽകുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) അനുമതി നൽകിയിട്ടില്ല. പ്രസ്തുത അപേക്ഷ Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act, 2006-ന്റെ അടിസ്ഥാനത്തിൽ പരിഗണിക്കാൻ കഴിയുന്നതല്ല. 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമപ്രകാരം പരിഗണിക്കുന്നതിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വയനാട് ജില്ലയിലെ വീട്ടി (ഈട്ടി) മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി**

135 (T*6390) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ജനവാസ കേന്ദ്രങ്ങളിലും മറ്റും കാലഹരണപ്പെട്ടതും അപകടാവസ്ഥയിലുള്ളതുമായ വീട്ടി (ഈട്ടി) മരങ്ങളുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീട്ടി മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(സി) നടപടി ക്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസംമൂലം വീട്ടി മരങ്ങൾ നശിച്ച് പോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) വീട്ടിമരങ്ങൾ യഥാസമയം ലേലം ചെയ്ത് വിൽക്കാൻ സാധിക്കാത്തതുമൂലം വലിയ റവന്യൂ നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) വീട്ടി മരങ്ങൾ മുറിച്ച് ലേലം ചെയ്യുന്ന നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഏത് കാലം മുതലുള്ള വീട്ടി മരങ്ങളാണ് ലേലം ചെയ്യാൻ വകുപ്പിന്റെ കൈവശം ഉള്ളതെന്നും ഇതിന്റെ മൂല്യം എത്രയാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം 2005 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചാണ് സ്വകാര്യ ഭൂമികളിലെ വീട്ടി മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നത്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വയനാട് ജില്ലയിൽപ്പെട്ട സ്വകാര്യ സ്ഥലങ്ങളിലും വനഭാഗത്തും ജീവനും സ്വത്തിനും ഭീഷണി ഉയർത്തി നിൽക്കുന്ന വീട്ടി മരങ്ങൾ യഥാസമയം മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വയനാട് കൊളോണൈസേഷൻ സ്കീമിലെ പട്ടയഭൂമിയിൽ സർക്കാരിലേയ്ക്ക് റിസർവ് ചെയ്തിട്ടുള്ള വീട്ടി മരങ്ങൾ മുറിച്ച് ലേലം ചെയ്ത് വരികയാണ്. റവന്യൂ വകുപ്പിന് കീഴിലുള്ള മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടി റവന്യൂ വകുപ്പാണ് സ്വീകരിക്കേണ്ടത്. ഇത്തരം മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം നിയമാനുസരണം വനം വകുപ്പ് നൽകുന്നതാണ്.

(എഫ്) മേൽപ്പറഞ്ഞ വീട്ടി മരങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. ഓരോ മരങ്ങളുടെയും അളവ് അനുസരിച്ച് വനം വകുപ്പിൽ നിലവിലുള്ള ഷെഡ്യൂൾ നിരക്ക് പ്രകാരം മൂല്യം കണക്കാക്കാവുന്നതാണ്. വനം വകുപ്പിന്റെ കീഴിൽ വയനാട് ജില്ലയിൽ സ്വകാര്യ ഭൂമിയിൽ (വയനാട് കൊളോണൈസേഷൻ സ്കീമിലെ പട്ടയഭൂമിയിൽ) നിൽക്കുന്ന 1500-ൽപ്പരം മരങ്ങൾക്ക് ഏകദേശം 18 കോടി രൂപ വിലമതിക്കുന്നതാണ്.

**സൃഷ്ടി സ്കോളർഷിപ്പിനുള്ള ഇടുക്കി നിയോജക മണ്ഡലത്തിലെ അപേക്ഷകർ**

136 (6391) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പ് നൽകിവരുന്ന സൃഷ്ടി സ്കോളർഷിപ്പിന് ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്ന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ സ്കോളർഷിപ്പിന് അർഹത നേടിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ നിന്ന് 2 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ആകെ ലഭിച്ച 22 അപേക്ഷകളിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒന്നാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയായ കുമാരി ജിജിതാ രാജൻ, തിരുനെല്ലി, കുറുമ്പ കോളനി, മൂലൻകാവ് പി.ഒ., സുൽത്താൻബത്തേരി, വയനാട് ജില്ല എന്ന ട്രൈബൽ വിദ്യാർത്ഥിനിയാണ് "സൃഷ്ടി സ്കോളർഷിപ്പിന്" ആദ്യമായി അർഹയായത്.

**കക്കയം ഉരക്കുഴി തൂക്കുപാലം**

137 (6392) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ കക്കയം- ഉരക്കുഴി ഹൈഡൽ ടൂറിസത്തിലേയ്ക്ക് വനം വകുപ്പ് സ്ഥാപിച്ച തൂക്കുപാലം തുരുമ്പെടുത്ത് അപകടകാവസ്ഥയിലായിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തൂക്കുപാലം സഞ്ചാരയോഗ്യമാക്കുന്ന രീതിയിൽ പുതുക്കി പണിയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2008-09 വർഷത്തിൽ ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി ഉരക്കുഴിയിൽ ഒരു തൂക്കുപാലം നിർമ്മിച്ചിരുന്നു. എന്നാൽ പ്രസ്തുത തൂക്കുപാലത്തിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ സന്ദർശകർക്ക് ഇത് ഉപയോഗിക്കുവാൻ നൽകുന്നില്ല.

(ബി) സ്വീകരിച്ചിട്ടുണ്ട്. ഇവിടെ പുതിയൊരു തൂക്കുപാലം നിർമ്മിക്കുന്നതിന് അടങ്കൽ തയ്യാറാക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ SILK-നെ ചുമതലപ്പെടുത്തുകയും SILK 14,68,116 രൂപയുടെ അടങ്കൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊമ്മേരി-കുഞ്ഞിംവീട് കോളനി റോഡിന് വനം വകുപ്പിന്റെ അനുമതി

138 (6393) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ വനമേഖലയിലൂടെയുള്ള കൊമ്മേരി - കുഞ്ഞിംവീട് കോളനി റോഡ് കോൺക്രീറ്റിംഗിന് വനം പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കുള്ള പ്രൊപ്പോസൽ നൽകി ഒരു വർഷം കഴിഞ്ഞിട്ടും അനുമതി നൽകാത്തതെന്താണെന്ന് വിശദീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ നമ്പർ FP/KL/ROAD/ 22799/ 2016-ന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊമ്മേരി-കുഞ്ഞിംവീട് കോളനി റോഡ് കോൺക്രീറ്റിംഗിന് വനം പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കുള്ള ഓൺലൈൻ പ്രൊപ്പോസൽ പരിശോധനയിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും രേഖകൾ ലഭിച്ചതിനെ തുടർന്ന് ഹാർഡ് കോപ്പി കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തുടർ നടപടികൾക്കായി നൽകിയിട്ടുള്ളതും തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്.

**വൈദ്യുതി ലൈനുകൾ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി**

139 (6394) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വന മേഖലയിലൂടെ വൈദ്യുതി ലൈനുകൾ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടുള്ള എത്ര അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; അപേക്ഷകളിൽ എന്നത്തേയ്ക്ക് തീർപ്പുകല്പിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് 1980-ലെ വന സംരക്ഷണ നിയമ പ്രകാരം അനുമതി ലഭിക്കേണ്ട 7 അപേക്ഷകൾ നിലവിൽ അംഗീകാരത്തിനായി പരിഗണനയിലാണ്.

(ബി) പ്രസ്തുത അപേക്ഷകളിൽ ആവശ്യപ്പെടുന്ന വനഭൂമിയിൽ ആദിവാസികൾക്കും മറ്റ് വനാശ്രിത സമൂഹത്തിനും 2006-ലെ വനാവകാശ നിയമ പ്രകാരം സിദ്ധിച്ച അവകാശങ്ങൾ അംഗീകരിച്ച് നൽകിയിട്ടുള്ളതായും അല്ലെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതായും ബന്ധപ്പെട്ട ഗ്രാമസഭ പ്രസ്തുത പദ്ധതിക്കായി അനുമതി നൽകിയിട്ടുള്ളതായും ജില്ലാ കളക്ടർ സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. വാമനപുരം നിയോജക മണ്ഡലത്തിലെ വൈദ്യുതീകരണത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രൊപ്പോസലുകളിൽ പ്രസ്തുത സാക്ഷ്യപത്രം ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായാലുടൻ വനഭൂമി വിട്ടുനൽകേണ്ട കേസുകളിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**സോഷ്യൽ ഫോറസ്ട്രി വകുപ്പ് മുഖേന മരങ്ങൾ നട്ടുപിടിപ്പിക്കൽ**

140 (6395) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി വെള്ളയമ്പലം മുതൽ ശാസ്തമംഗലം വരെയുള്ള റോഡിനിരുവശവും സോഷ്യൽ ഫോറസ്ട്രി വകുപ്പ് മുഖേന മരങ്ങൾ നട്ടുപിടിപ്പിക്കുകയും വലിയ കോൺക്രീറ്റ് ചട്ടികളിൽ ചെടികൾ നട്ടുവളർത്തുകയും ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ കൃത്യമായ പരിപാലനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ സൗന്ദര്യവൽകരണം കൂടി ലക്ഷ്യമാക്കി നടപ്പാക്കിയ ഈ പദ്ധതി ഇന്ന് വളരെ മോശമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും കൃത്യമായി ഇവ പരിപാലിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) വഴിയോരത്തണൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 വർഷത്തിൽ 100 തൈകൾ വലിയ കോൺക്രീറ്റ് ചട്ടികളിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) അംഗീകരിച്ച പദ്ധതിയിൽ ആദ്യത്തെ മൂന്ന് വർഷത്തെ പരിചരണ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരുന്നത്.

(സി) പ്രസ്തുത റോഡിൽ നട്ടുപിടിപ്പിച്ച തൈകളിൽ അതിജീവന ശതമാനം 75 ശതമാനത്തോളമാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിൽ പുതിയ തൈകൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കാവുകൾ**

141 (6396) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ രേഖകളിൽ ഉൾപ്പെട്ട എത്ര കാവുകൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാവ് സംരക്ഷണത്തിനായി നിയോജക മണ്ഡലത്തിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികളിലൂടെയാണെന്നും വ്യക്ത മാക്കാമോ?

<u>ഉത്തരം</u>

(എ) നാൽപത് കാവുകൾ ഉണ്ട്.

1. ശ്രീമണലിൽ തൃക്കോവിൽകാവ്, ചെങ്ങോട്ട്കാവ്.
2. താഴെപുളിക്കി കാവ്, ചേമഞ്ചേരി
3. കുളത്താൻ വീട് കാവ്, ചെങ്ങോട്ട്കാവ്
4. കണ്ടോത്ത് നാഗത്താൻ കാവ്, പന്തലായിനി, കണ്ടോത്ത്
5. മണ്ണങ്കിൽ പരദേവത ക്ഷേത്രംകാവ്, മൂടാടി
6. അടിവത്ത് അയ്യപ്പ ക്ഷേത്രംകാവ്, മടക്കല്ലൂർ
7. ചെറുവത്ത് നാഗക്കോട്ടകാവ്, പൂനത്ത്
8. എമ്പിപ്ലാക്കൽ നാഗക്കാവ്, ഉള്ള്യേരി
9. എടവനക്കുളങ്ങര ക്ഷേത്രം, ഊരള്ളൂർ
10. കാളിയമ്പലത്ത് കാവ്, പന്തലായിനി
11. കല്ലട ഭഗവതി കാവ്, രാരോത്ത്
12. ശ്രീഭഗവതി ക്ഷേത്രകാവ്, കീഴൂർ
13. ശിവക്ഷേത്ര നാഗക്കാവ് (ഭഗവതി കാവ്) കീഴൂർ
14. ശ്രീപരദേവതാ ക്ഷേത്രം, ഊനംപള്ളി, മേപ്പയ്യൂർ
15. മടത്തില്ലംകോട്ട സർപ്പക്കാവ്, ചേമഞ്ചേരി
16. ശ്രീകമനസ്സാല ക്ഷേത്ര കാവ്, മേപ്പയ്യൂർ
17. ശ്രീനാഗകാളികാവ്, നെല്ല്യാടി
18. നരസിംഹമൂർത്തി നാഗക്കാവ്, നൊച്ചാട്
19. പൊയിൽ കാവ് ശ്രീവനദുർഗ്ഗക്ഷേത്ര കോട്ടക്കാവ്, പൊയിൽ കാവ്
20. പൊയ്യിലിൽ കാവ്, കൊയിലാണ്ടി

21. ശ്രീ അവിടനല്ലൂർ ശ്രീലക്ഷ്മി നാരായണക്ഷേത്ര കാവ്, കോട്ടൂർ
22. കണ്ണനാര് തെരുക്കാവ്, നടുവണ്ണൂർ
23. നമ്മുക്കി ദേവക്ഷേത്രക്കാവ്, അരിക്കുളം
24. ശ്രീതിരുവന്ദയൂർ നാഗക്കാവ്, അരിക്കുളം
25. വാഗ്മോളികാവ്, അരിക്കുളം
26. വിമംഗലം ശ്രീശിവക്ഷേത്ര കാവ്, വിമംഗലം
27. പുതിയോട്ടിൽകോട്ട നാഗക്കാവ്, ചേമഞ്ചേരി
28. കാവുന്തറ എടക്കി കാവ്, നടുവണ്ണൂർ
29. രാമല്ലൂർകരിങ്ങാട്ടി ശ്രീഭഗവതിക്ഷേത്ര കാവ്, നൊച്ചാട്
30. നാഗകാളി കാവ്, വന്മുഖം
31. ഉള്ള്യേരിമപ്പുറത്ത് ശ്രീഭഗവതിക്ഷേത്രം, ഉള്ള്യേരി
32. കരുമലക്കി സർപ്പക്കാവ്, നന്ദിബസാർ
33. പൊയിൽകാവ് ദേവസ്വം, കൊയിലാണ്ടി
34. മുചുകുന്ന് ദേവസ്വം, മുചുകുന്ന്, കൊയിലാണ്ടി
35. ശ്രീകണ്ണമ്പാറ തെരുക്കാവ്, നടുവണ്ണൂർ
36. ശ്രീപാപ്പാരി പരദേവത ക്ഷേത്രംവക കാവ്, മുചുകുന്ന്
37. ചൂരക്കാട്ട് ശ്രീഅയ്യപ്പ ക്ഷേത്രം നാഗക്കാവ്, കുന്നത്തറ
38. വാഴേക്കി ശ്രീനാഗകാളിയമ്മക്ഷേത്രം, മരുളൂർ, കൊയിലാണ്ടി
39. കാക്കഞ്ചേരി ഇല്ലത്ത്മണി നാഗക്കാവ്, വാകയാട്
40. കരിമ്പാത്ത് കരിയാത്തൻ ക്ഷേത്രക്കാവ്, പുത്തഞ്ചേരി

(ബി) കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത തുകകൾ നൽകിയിട്ടുള്ളത്. കൊയിലാണ്ടി താലൂക്കിൽ ധനസഹായം നൽകിയ കാവുകളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു :

| ക്രമ നമ്പർ | കാവിന്റെ പേര് | 2016-17 | 2017-18 |
|---|---|---|---|
| 1 | ചെറുപുള്ള്യേരി നാഗക്കോട്ട, മൊടക്കല്ലൂർ, അത്തോളി | 20000 | 40000 |
| 2 | കരിമ്പാത്ത് കരിയാത്തൻ ക്ഷേത്രക്കാവ്, പുത്തഞ്ചേരി, ഉള്ള്യേരി | 20000 | 40000 |
| 3 | അരീപ്പുറത്ത്കാവ്, ബാലുശ്ശേരി, കൊയിലാണ്ടി | 20000 | 25000 |
| 4 | മാണിക്കോത്ത്കഴകം (തെരു) ശ്രീമഹാഗണപതിക്ഷേത്രം വളയറോട്ട് കാവ്, ചെറുവണ്ണൂർ, കൊയിലാണ്ടി-1 | -- | 10000 |

**വയനാട്ടിൽ കാട്ടുതീ പ്രതിരോധിക്കുന്നതിന് മാർഗ്ഗങ്ങൾ**

142 (6397) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട്ടിൽ കാട്ടുതീ പ്രതിരോധിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

വയനാട്ടിൽ കാട്ടുതീ പ്രതിരോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്. കാട്ടുതീ തടയുന്നതിന് ഫയർലൈൻ നിർമ്മിക്കുക, ഫയർ വാച്ചർമാരെ നിയോഗിക്കുക, കൺട്രോൾ ബേണിംഗ് നടത്തുക, ജീവനക്കാർക്കും പൊതുജനങ്ങൾക്കും വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, ലഘുലേഖകൾ വിതരണം ചെയ്യുക, പൊതുജന പങ്കാളിത്തത്തോടെ കാട്ടുതീ നിയന്ത്രിക്കുന്നതിനായി വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെ വിന്യസിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്. തീ നിയന്ത്രണ വിധേയമാക്കുന്നതിന് ബ്ലോവർ, ഫയർ ബീറ്റർ, അയൺഗ്രിൽ തുടങ്ങിയവയും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുമുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ഫയർ അലെർട്ട് സിസ്റ്റം നടപ്പിലാക്കി കാട്ടുതീ അപ്പപ്പോൾ

കണ്ടെത്തി നിയന്ത്രണ വിധേയമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ജീവനക്കാർക്കും ഫയർ ഗ്യാംഗുകൾക്കും അഗ്നിശമനസേനയുടെ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. കാട്ടുതീ ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ജാഗ്രത പാലിക്കുന്നതിന് ഫയർ വാണിംഗ് സിസ്റ്റവും പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതുസംബന്ധമായി വയനാട് സൗത്ത് ഡിവിഷനിൽ 330.95 കി.മീ ഫയർ ലൈൻ നിർമ്മിച്ചും 151 ഫയർ വാച്ചർമാരെ നിയോഗിച്ചും 16 ഹെക്ടർ ഭൂമിയിൽ കൺട്രോൾ ബേണിംഗ് നടത്തിയും വയനാട് നോർത്ത് ഡിവിഷനിൽ 221 കി.മീ. ഫയർലൈൻ നിർമ്മിച്ചും 27 ഫയർ ഗ്യാംഗുകൾ രൂപീകരിച്ചും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വയനാട് വന്യജീവി സങ്കേതത്തിലും ഫയർലൈനുകൾ നിർമ്മിക്കുകയും കൺട്രോൾ ബേണിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വന വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

**പെരുന്തേനരുവി-പെരിനാട് റോഡിന്റെ വികസനത്തിന് വനഭൂമി**

143 (6398) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി - പെരിനാട് റോഡിന്റെ ചണ്ണ മുതൽ പെരുന്തേനരുവി വരെയുള്ള ഭാഗം വികസിപ്പിക്കുന്നതിനായി വനഭൂമി വിട്ടുകിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷ വനം വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; എന്നാണ് അപേക്ഷ ലഭിച്ചതെന്നറിയിക്കാമോ ;

(ബി) എത്ര വനഭൂമിയാണ് ഇതിനായി വിട്ടുനൽകേണ്ടി വരികയെന്നും ഇതു സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി വിട്ടുനൽകുന്നതിനായി എത്ര രൂപയാണ് ലഭിക്കേണ്ടത്; ഭൂമി വിട്ടുനൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ ; ഇത് ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പെരുന്തേനരുവി-പെരിനാട് റോഡിന്റെ പുനരുദ്ധാരണത്തിനായി വനഭൂമി വിട്ടുകിട്ടുന്നതിന് 1980-ലെ വനസംരക്ഷണ നിയമം സെക്ഷൻ 2 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ ലഭിച്ചിട്ടുണ്ട്. 28-12-2016-നാണ് അപേക്ഷ ലഭ്യമായിട്ടുള്ളത്.

(ബി) 0.93 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനായാണ് പൊതുമരാമത്ത് വകുപ്പ് പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പ്രൊപ്പോസലിൽ വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരങ്ങളും കുറവുകളും പരിഹരിച്ച് സമർപ്പിക്കുന്നതിന് 29-12-2016, 4-1-2017, 5-1-2017, 29-5-2017, 2-9-2017 എന്നീ തീയതികളിൽ പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഓൺലൈനായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പ്രൊപ്പോസലിലെ കുറവുകൾ പരിഹരിച്ച് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് ഫയൽ ഓൺലൈനിൽ നാളിതുവരെ തിരികെ ലഭ്യമാക്കിയിട്ടില്ല.

(സി) വനഭൂമി വിട്ടുനൽകുന്നതിനായി നെറ്റ് പ്രസന്റ് വാല്യൂ കണക്കാക്കുന്നത് പ്രസ്തുത വനഭൂമിയുടെ ഇക്കോ വാല്യൂവിന്റെ അടിസ്ഥാനത്തിലാണ്. വിട്ടു നൽകേണ്ട വനഭൂമി പരിശോധിച്ച ശേഷം മാത്രമേ ആയത് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. പ്രൊപ്പോസലിന് അനുമതി ലഭിച്ചു കഴിഞ്ഞാൽ മാത്രമേ നെറ്റ് പ്രസന്റ് വാല്യൂ (NPV) കണക്കാക്കാൻ കഴിയുകയുള്ളൂ. റോഡ് വികസനമുൾപ്പെടെ 13 ഇന വികസനാവശ്യങ്ങൾക്കായി ഒരു ഹെക്ടറിൽ താഴെ വനം ആവശ്യം വരുന്ന സാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്നതിന് സംസ്ഥാന സർക്കാരുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. യൂസർ ഏജൻസിയിൽ നിന്നും ഓൺലൈൻ പ്രൊപ്പോസൽ തിരികെ ലഭിച്ചെങ്കിൽ മാത്രമേ തുടർ നടപടി സാദ്ധ്യമാകൂ.

**വന്യജീവി ആക്രമണങ്ങൾ**

144 (6399) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കൊടും വരൾച്ച കാരണം ജനവാസ കേന്ദ്രങ്ങളിൽ എത്തുന്ന വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) വന്യ മൃഗങ്ങളുടെ ആക്രമണംമൂലം കാർഷികവിളകൾക്കും വസ്തുവകകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന നഷ്ടപരിഹാരങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ ഇറങ്ങി കൃഷിയും മറ്റും നശിപ്പിക്കുന്നത് കണക്കിലെടുത്ത് വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനും വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും

ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000-ത്തോളം ജലസ്രോതസ്സുകൾ (Waterhole, Vayals, Waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പ് പ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക്ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 91 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറയ്ക്കുകയുണ്ടായി. ആവശ്യമുള്ളപക്ഷം ഈ വർഷവും ഇത്തരം പ്രവൃത്തികൾ തുടരുന്നതാണ്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 8-1-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 02/2015/ വനം പ്രകാരം പരമാവധി 75,000 രൂപയും, കന്നുകാലി, വീട് എന്നിവയുടെ നാശനഷ്ടത്തിന് പരമാവധി 75,000 രൂപയും നഷ്ടപരിഹാരമായി നൽകിവരുന്നു.

## കാട്ടുതീ നിയന്ത്രിക്കുന്നതിന് ക്യൂക്ക് റെസ്പോൺസ് ടീം

145 (6400) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ നാശനഷ്ടങ്ങളുണ്ടാക്കുന്ന സാഹചര്യം നിലവിലുണ്ടോ ; വിശദീകരിക്കുമോ;

(ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും, കാട്ടുതീ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽത്തന്നെ നടപടികൾ സ്വീകരിക്കുന്നതിന് ക്യൂക്ക് റെസ്പോൺസ്സ് ടീം രൂപീകരിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. വേനൽക്കാലത്ത് വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന ജലദൗർലഭ്യവും കാട്ടിനകത്തുള്ള ഹരിത സസ്യങ്ങൾ ഉണങ്ങുന്നതുമൂലവും സസ്യഭോജികളായ വന്യമൃഗങ്ങൾ കാടിന് സമീപമുള്ള കൃഷിയിടങ്ങളിലേയ്ക്ക് ആകർഷിക്കപ്പെടുന്നുണ്ട്.

(ബി) കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ്

ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു. അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. കാട്ടുതീ ഉണ്ടായാൽ ഉടൻതന്നെ ഫലപ്രദമായി നിയന്ത്രിക്കാനായി ഫയർ മസ്ദൂർമാരേയും പ്രായേണ വലിയ കാട്ടുതീയെ നേരിടാൻ ഫയർ ഗ്യാംഗുകളെയും നിയമിച്ചിട്ടുണ്ട്. കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള നൈപുണ്യ വികസന പരിശീലനം, ഫയർ & റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് വനംവകുപ്പ് ജീവനക്കാർക്ക് നൽകിവരുന്നുണ്ട്.

## കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

146 (6401) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഗ്രാമം നിറയെ കോഴി പദ്ധതി പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ ഗ്രാമം നിറയെ കോഴി പദ്ധതി നടപ്പാക്കുന്നതിന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചെറുകിട ഇറച്ചിക്കോഴി വളർത്തൽ ഫാമുകൾ നേരിടുന്ന പ്രതിസന്ധി

147 (6402) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട ഇറച്ചിക്കോഴി വളർത്തൽ ഫാമുകൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇറച്ചിക്കോഴിക്ക് ന്യായവില ലഭിക്കാത്തതും കോഴിക്കുഞ്ഞുങ്ങൾക്കും കോഴിത്തീറ്റയ്ക്കും അമിതവില ഈടാക്കുന്നതുംമൂലം ഫാം ഉടമകൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കോഴിത്തീറ്റയുടെയും, കോഴിക്കുഞ്ഞുങ്ങളുടെയും വിലനിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ചെറുകിട ഫാമുകളിൽ നിന്നും പാകമെത്തിയ ഇറച്ചിക്കോഴികളെ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് കെപ്കോ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത മേഖലയിലെ കുത്തകസ്ഥാപനങ്ങൾ കോഴിക്കുഞ്ഞുങ്ങളുടെയും അനുബന്ധ വസ്തുക്കളുടെയും വില നിശ്ചയിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ പ്രശ്നത്തിന് പരിഹാരമായി മൃഗസംരക്ഷണ വകുപ്പ് കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി നടപ്പാക്കുന്നു. കൂടാതെ കെപ്കോയുടെ ആഭിമുഖ്യത്തിൽ കോൺട്രാക്ട് ഫാമിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു. കെപ്കോ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ലളിതമായ വ്യവസ്ഥകളിൽ കർഷകർക്ക് വിതരണം ചെയ്ത് വളർത്തിയെടുത്ത് കെപ്കോ തന്നെ തിരിച്ചു വാങ്ങി സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചി തയ്യാറാക്കുന്നതാണ് കോൺട്രാക്ട് ഫാമിംഗ് പദ്ധതി.

(ബി) ചെറുകിട ഫാമുകളിൽ നിന്ന് ശേഖരിക്കുന്നതും കെപ്കോ ഉൽപ്പാദിപ്പിക്കുന്നതുമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്ത് അവരിലൂടെ വളർത്തിയെടുത്ത് കെപ്കോയുടെ പ്രോസസിംഗ് പ്ലാന്റിന്റെ വെറ്ററിനറി സർജൻമാരുടെ മേൽനോട്ടത്തിൽ പ്രോസസ് ചെയ്ത് കോഴിയിറച്ചി തയ്യാറാക്കുന്നു. കേരള ചിക്കൻ എന്ന പേരിൽ അറിയപ്പെടുന്ന ഈ കോഴിയിറച്ചി തികച്ചും സുരക്ഷിതവും ശുദ്ധവും ഭക്ഷ്യ സുരക്ഷാനിയമങ്ങൾ കർക്കശമായി പാലിച്ചുകൊണ്ടുള്ളതുമാണ്. സംസ്ഥാനമൊട്ടാകെ 5000 യൂണിറ്റുകൾക്കാണ് രൂപം നൽകാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ 1000 കോഴികൾ വീതമുള്ള 23 യൂണിറ്റുകൾ ആരംഭിച്ചുകഴിഞ്ഞു. കെപ്കോ നടപ്പാക്കുന്ന മറ്റൊരു പദ്ധതിയാണ് കോൺട്രാക്ട് ഫാമിംഗ്. കെപ്കോ

ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ലളിതമായ വ്യവസ്ഥകളിൽ കർഷകർക്ക് വിതരണം ചെയ്ത് വളർത്തിയെടുത്ത് കെപ്കോ തന്നെ തിരിച്ച് വാങ്ങി സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചി തയ്യാറാക്കുന്നതാണ് ഈ പദ്ധതി. കോഴിയിറച്ചിയുടെ ആഭ്യന്തര ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന തിനുവേണ്ടി പുതിയ പ്രോസസ്സിംഗ് പ്ലാന്റ്, ഹാച്ചറികൾ, കൊല്ലം കോഴിക്കോട് ജില്ലകളിൽ പുതിയ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ, നിലവിലുള്ള ഹാച്ചറികളുടെയും ഫാമുകളുടേയും നവീകരണം എന്നിവയ്ക്കും കെപ്കോ തുടക്കമിട്ടിട്ടുണ്ട്.

(സി) പ്രസ്തുത മേഖലയിലെ കുത്തക സ്ഥാപനങ്ങൾ കോഴിക്കുഞ്ഞുങ്ങളുടെയും അനുബന്ധ വസ്തുക്കളുടെയും വില നിശ്ചയിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി നടപ്പാക്കുന്നു. കൂടാതെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മലപ്പുറം ജില്ലയിലെ ആതവനാട് കോഴിവളർത്തൽ കേന്ദ്രത്തിൽ നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

148 (6403) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) സംശുദ്ധമായ ഇറച്ചി ഉല്പന്നങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) മാംസ ഉല്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് എം.പി.ഐ.ക്ക് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി കേരളത്തിലാകമാനം ഔട്ട് ലെറ്റുകൾ തുറക്കുമോ; വിശദ വിവരങ്ങൾ അറിയിക്കുമോ;

(ഇ) കോഴിയുടെ ഭക്ഷ്യയോഗ്യമല്ലാത്ത ഭാഗങ്ങൾ ഉപയോഗിച്ച് ഉപ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് എം.പി.ഐ.-ക്ക് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംശുദ്ധമായ ഇറച്ചി ഉൽപ്പന്നങ്ങൾ സംസ്കരിച്ച് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ വിതരണം നടത്തിവരുന്നു. അത്യാധുനിക മാംസ സംസ്കരണ പ്ലാന്റിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം തുടങ്ങി. പ്രവർത്തനം പൂർണ്ണതോതിൽ ആകുന്നതോടുകൂടി ദിനംപ്രതി 400 മൃഗങ്ങളെ കശാപ്പു ചെയ്ത് ദിവസേന 35 മെട്രിക് ടൺ ഇറച്ചി ഉൽപ്പാദനം കൈവരിക്കാൻ കമ്പനിക്കു കഴിയും. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-യുടെ കീഴിൽ പന്നിക്കുഞ്ഞുങ്ങളെയും പോത്തിൻകിടാരികളെയും സബ്സിഡിയോടുകൂടി കർഷകർക്ക് നൽകി അവയെ വളർത്തി തിരികെ വാങ്ങുന്ന പദ്ധതി എം.പി.ഐ. നടപ്പിലാക്കി വരുന്നു. ലോകോത്തര നിലവാരത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഒരു വലിയ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് ഇറ്റാലിയൻ സാങ്കേതിക വിദ്യയിൽ പണിതീർത്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. വെറ്ററിനറി, മീറ്റ് ടെക്നോളജി, നഴ്സിംഗ് എന്നീ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ശാസ്ത്രീയമായ മാംസോൽപ്പാദനത്തിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും പരിശീലനം നൽകി വരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതിക്കായി മീറ്റ് ഷോപ്പുകൾ തുടങ്ങുന്നതിനുള്ള പദ്ധതി എം.പി.ഐ. നടപ്പിലാക്കിവരുന്നു. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ സ്വന്തം ആവശ്യത്തിനുപരി കർഷകർക്കും സർക്കാർ ഫാമുകൾക്കും വിതരണം നടത്താനുപയുക്തമായ ഫീഡ് മിക്സിംഗ് ഫാക്ടറി എം.പി.ഐ.യിൽ പ്രവർത്തിച്ചു വരുന്നു. കോഴിഫാം, പന്നിഫാം എന്നിവ കമ്പനിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. മൂല്യവർദ്ധിത ഇറച്ചി ഉൽപ്പന്നങ്ങൾ സംസ്കരിക്കാൻ ലക്ഷ്യമിട്ട് കൊല്ലം ജില്ലയിൽ ഏരൂർ എന്ന സ്ഥലത്ത് ഒരു മാംസ സംസ്കരണ യൂണിറ്റും ചാലക്കുടിയിൽ ഒരു കന്നുകാലിഫാമും ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) ആരോഗ്യമുള്ള ഉരുക്കളെ വാങ്ങി, വിദഗ്ദ്ധ ഫുഡ് ടെക്നോളജിസ്റ്റിന്റെയും സൂപ്പർവൈസർമാരുടെയും മേൽനോട്ടത്തിൽ ഭക്ഷ്യസുരക്ഷാനിയമം പാലിച്ച് എം.പി.ഐ.-യുടെ ജീവനക്കാർ തയ്യാറാക്കുന്ന 100% സംശുദ്ധമായ മാംസവും മാംസോൽപ്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നു. വിദഗ്ദ്ധരായ വെറ്ററിനറി ഡോക്ടർമാരുടെ നിരീക്ഷണത്തിൽ മൃഗങ്ങൾ രോഗവിമുക്തമാണെന്നു ഉറപ്പുവരുത്താൻ കൊല്ലുന്നതിനുമുൻപ് ആന്റിമോർട്ടം ഇൻസ്പെക്ഷനും കൊന്നതിനുശേഷം പോസ്റ്റ്മോർട്ടം ഇൻസ്പെക്ഷനും നടത്തുന്നു. അതിനുശേഷം മാംസം ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ഇറച്ചിയാക്കുന്നു. വേദനരഹിതമായ രീതിയിൽ കൊല്ലുന്നതിനുവേണ്ടി സ്റ്റണ്ണിങ്ങ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. പന്നി, കോഴി തുടങ്ങിയവയ്ക്ക് വൈദ്യുതി ഉപയോഗിച്ചുള്ള ഇലക്ട്രിക് സ്റ്റണ്ണിങ്ങും കന്നുകാലികൾ, ആട് തുടങ്ങിയവയ്ക്ക് ക്യാപ്റ്റീവ് ബോൾട്ട് പിസ്റ്റൾ ഉപയോഗിച്ചുള്ള മെക്കാനിക്കൽ സ്റ്റണ്ണിങ്ങും

അവലംബിക്കുന്നു. ശേഖരിക്കപ്പെട്ട മാംസം '0' മുതൽ '4' ഡിഗ്രി സെൽഷ്യസ് ഊഷ്മാവിൽ കുറഞ്ഞത് 6 മണിക്കൂർ നേരം ശീതീകരിക്കുന്നു (ചില്ലിംഗ്). ചില്ലിംഗ്മൂലം പ്രോട്ടീനുകളിൽ ഉണ്ടാകുന്ന വ്യതിയാനം വഴി പേശികൾ മാംസമായി മാറുന്നു. അതിനുശേഷം ഈ മാംസം പ്രത്യേകം പരിശിലനം ലഭിച്ച ജോലിക്കാർ ആവശ്യാനുസരണം വിവിധ ഉൽപ്പന്നങ്ങൾക്ക് അനുയോജ്യമായ രീതിയിൽ കഷ്ണങ്ങളാക്കി മാറ്റുന്നു. അതിനുശേഷം മാർക്കറ്റ് ആവശ്യങ്ങൾക്കനുസരിച്ച് പല പായ്ക്കറ്റുകളിലാക്കി '-22' ഡിഗ്രി സെൽഷ്യസിൽ ഡീപ്പ് ഫ്രീസറിൽ സൂക്ഷിക്കുന്നു. ഈ ഉൽപ്പന്നങ്ങൾ കേരളത്തിലുള്ള ഉപഭോക്താക്കൾക്ക് വിവിധ ഡീലർമാർ വഴിയും കമ്പനി ഔട്ട്ലെറ്റ് വഴിയും ലഭ്യമാക്കുന്നു.

(സി) അത്യാധുനിക പ്ലാന്റ് പ്രവർത്തിച്ചു തുടങ്ങിയതോടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് കയറ്റുമതി ചെയ്യാനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്.

(ഡി) സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം എം.പി.ഐ. സെയിൽസ് ഔട്ട്ലെറ്റ് സ്ഥാപിച്ചുനൽകുന്നുണ്ട്. ഈ വർഷം 1000 എണ്ണത്തിലേയ്ക്ക് ഇത് എത്തിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഇ) കോഴിയുടെ ഭക്ഷ്യയോഗ്യമല്ലാത്ത ഭാഗങ്ങൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള ഒരു റെന്ററിങ്ങ് പ്ലാന്റ് നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഫെതർമീൽ, വളം, ഫിഷ്മീൽ എന്നിവ ഇക്കൂട്ടത്തിൽ ഉൾപ്പെടും.

**കെപ്കോ വഴി കോഴി വളർത്തൽ പദ്ധതി**

149 (6404) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനായി കെപ്കോ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കെപ്കോ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു :

(ബി) പാറശ്ശാല നിയോജക മണ്ഡലത്തിൽ കെപ്കോയിലൂടെ "കെപ്കോ ആശ്രയ" "കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്" എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മീളൂരിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഭൂമിയുടെ കൈമാറ്റം**

150 (6405) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ മീളൂർ എന്ന സ്ഥലത്ത് മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥലം, കെ.എസ്.ഇ.ബിയുടെ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി കൈമാറ്റം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(സി) ഈ സ്ഥലം കെ.എസ്.ഇ.ബി.-യ്ക്ക് എന്നത്തേയ്ക്ക് കൈമാറാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) കെ.എസ്.ഇ.ബി.-യുടെ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി പ്രസ്തുത സ്ഥലം കൈമാറുന്നതിനുള്ള ഒരു പ്രൊപ്പോസലും നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിഗണനയ്ക്കായി വന്നിട്ടില്ല.

**മുതുകുളം മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

151 (6406) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മുതുകുളത്ത് പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ നിലവിലുള്ള പഴയ കെട്ടിടം പുതുക്കി പണിയുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഹരിപ്പാട് നിയോജക മണ്ഡലത്തിലെ മുതുകുളം മൃഗാശുപത്രിയുടെ നിലവിലുള്ള പഴയ കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 2016-17-ൽ 19,75,000 രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## തലശ്ശേരി നിയോജക മണ്ഡലത്തിലെ മൃഗസംരക്ഷണ പ്രവൃത്തികൾ

152 (6407) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2017-18 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിലെ എന്തൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വകുപ്പുതല പദ്ധതികൾക്ക് താഴെപ്പറയും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. :

| | | | |
|---|---|---|---|
| 1. | സ്കൂൾ പൗൾട്രി ക്ലബ്ബ് | - | 1,81,250 രൂപ |
| 2. | ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്സ് | - | 1,25,000 രൂപ |
| 3. | ഡക്ക് ഫാമിംഗ് | - | 19,200 രൂപ |
| 4. | പക്ഷിമൃഗാദികൾക്കുള്ള കൂട് | - | 30,000 രൂപ |
| 5. | സാനിറ്റേഷൻ ഉപകരണങ്ങൾ | - | 10,000 രൂപ |
| 6. | ഉപകരണങ്ങൾ | - | 12,000 രൂപ |
| 7. | ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി | - | 10,500 രൂപ |
| 8. | എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴി വിതരണം | - | 16,000 രൂപ |
| 9. | ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റൽ പദ്ധതി | - | 12,500 രൂപ |
| 10. | രാത്രികാല മൃഗസംരക്ഷണ സേവന പദ്ധതി | - | 4,37,396 രൂപ |
| | ആകെ | - | 8,53,846 രൂപ |

## കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട കേന്ദ്ര ഫണ്ട്

153 (6408) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നുകാലി വളർത്തൽ ദേശീയ പദ്ധതി അനുസരിച്ച് 2014-15 മുതൽ 2017-18 വരെ സംസ്ഥാന സർക്കാരിന് വിഹിതമായി എത്ര ഫണ്ടാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായത്;

(ബി) രാഷ്ട്രീയ പശുധാൻ വികാസ് യോജന പദ്ധതി പ്രകാരം 2014-15 മുതൽ 2016-17 വരെ കേരളത്തിന് എത്ര രൂപ ലഭിച്ചു; ക്ഷീര വികസനത്തിനുള്ള ദേശീയ പരിപാടിയുടെ ഭാഗമായി കേരളത്തിന് 2014-15 മുതൽ 2017-18 വരെ എത്ര രൂപ ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതിയിൽ 2014-15 മുതൽ 2017-18 വരെ 229.74 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) രാഷ്ട്രീയ പശുധൻ വികാസ് യോജന പദ്ധതി പ്രകാരം 2014-15 മുതൽ 2016-17 വരെ കേരളത്തിന് 2199.68 ലക്ഷം രൂപ ലഭിച്ചു. ക്ഷീര വികസനത്തിനുള്ള ദേശീയ പരിപാടിയുടെ ഭാഗമായി കേരളത്തിന് 2014-15 മുതൽ 2017-18 വരെ തുകയൊന്നും ലഭിച്ചിട്ടില്ല.

## മൃഗസംരക്ഷണ വകുപ്പിന്റെ ഡക്ക് ഫാം പ്രോജക്ട്

154 (6409) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പള്ളിപ്പാട് പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന ഡക്ക് ഫാം പ്രോജക്ടിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എന്തെങ്കിലും പ്രവർത്തനങ്ങൾ മുമ്പ് നടത്തിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) കുട്ടനാട് മേഖലയിൽ താറാവ് വളർത്തൽ പുനരുജ്ജീവിപ്പിക്കുന്നതിനായി തയ്യാറാക്കിയ കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടതായിരുന്ന പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ഡക്ക് ഫാം സ്ഥാപിക്കുക എന്ന പദ്ധതി. പ്രസ്തുത പദ്ധതിക്കുവേണ്ട ഫണ്ടും സ്ഥലവും ഇനിയും ലഭ്യമായിട്ടില്ല.

**മൃഗാരോഗ്യ സംരക്ഷണം**

155 (6410) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗ ചികിത്സക്കും രോഗനിർണ്ണയ ഉപാധികളുടെ ഉല്പാദനത്തിനും തെരഞ്ഞെടുക്കപ്പെട്ട റഫറൽ കേന്ദ്രങ്ങളിൽ 24x7 മൃഗസംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) കാലിത്തീറ്റയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹകരണ മേഖലയിലെ സംഭരണവും വിതരണവും യന്ത്രവൽക്കരിക്കുന്നതിനും നടത്തിയ ശ്രമങ്ങൾ എന്തൊക്കെയാണ്;

(സി) വേനൽ കടുത്തതോടുകൂടി തീറ്റപ്പുല്ലിന്റെ ലഭ്യത കുറഞ്ഞത് പാലുല്പാദനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മിൽമയുടെ കാലിത്തീറ്റയ്ക്ക് കൂടുതൽ സബ്സിഡി നൽകി ക്ഷീരകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18-ൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാകുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിച്ചു. 2018-19-ൽ ഇത് 20 ബ്ലോക്കുകളിൽ കൂടി വ്യാപിപ്പിക്കുവാനും ആകെ 105 ബ്ലോക്കുകളിൽ സേവനം ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. രോഗനിർണ്ണയ ഉപാധികളുടെ ഉൽപ്പാദനം മൃഗസംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ്, പാലോട്; ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, പാലോട് എന്നീ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ രോഗനിർണ്ണയ സൗകര്യം വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ ഓഫീസ് സമയത്തുമാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ.

(ബി) കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേരള ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കോഴിക്കോട് ജില്ലയിലെ തിരുവങ്ങൂരിൽ 300 മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരിക്കുഴിയിൽ 500 മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള ഫാക്ടറിയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. അതോടെ കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉൽപ്പാദന ശേഷി 1750 മെട്രിക് ടൺ ആകും. ഒപ്പം കേരളത്തിലെ ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് യഥേഷ്ടം നൽകാൻ കേരള ഫീഡ്സിന് സാധിക്കും. സഹകരണ മേഖലയിലൂടെ പാലിന്റെ സംഭരണവും വിതരണവും മെച്ചപ്പെടുത്തുന്നതിന് ക്ഷീരവികസന വകുപ്പ് വളരെയേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനമാണ് ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം. ക്ഷീരകർഷകരെ സഹായിക്കുന്നതിന് ഉൽപ്പാദിപ്പിക്കുന്ന പാലിന് സ്ഥിരമായ വിപണിയും ന്യായമായ വിലയും ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണം ആട്ടോമേഷൻ എന്നിവയ്ക്കായി 2017-18-ൽ 25.85 കോടി രൂപ ചെലവഴിച്ചുവരുന്നു. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ മുറി, ഗോഡൗൺ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്, ഇൻഫർമേഷൻ കിയോസ്ക്, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം, പുതിയ സംഘം രൂപീകരണം, പുനരുദ്ധാരണം, എഫ്.എസ്.എസ്.എ. പരിശീലന പരിപാടികൾ, ക്ഷീരസഹകരണ സംഘങ്ങളുടെ പാൽ സംഭരണം, സംസ്കരണം, വിപണനം എന്നിവ ശക്തിപ്പെടുത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പ്രധാനമായും ഈ തുക വിനിയോഗിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ആയതിലേയ്ക്കായി 28.94 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർ സഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 1 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നൽകി വരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 3 രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഇതിലേയ്ക്കായി 13 കോടി രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തു. കൂടാതെ 2018-19 സാമ്പത്തികവർഷം 15 കോടി രൂപ ആയതിലേയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

## ക്ഷീരകർഷകർക്ക് മിൽമ നൽകുന്ന വില

156 (6411) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകരിൽനിന്നും മിൽമയ്ക്ക് ലഭ്യമാക്കുന്ന പാലിന് നൽകുന്ന വില അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിൽമയ്ക്ക് നൽകുന്ന പാലിന് ക്ഷീരകർഷകർക്ക് മിനിമം വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) മിൽമ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുന്നുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ക്ഷീരകർഷകരിൽ നിന്നും മിൽമയ്ക്ക് ലഭ്യമാക്കുന്ന പാലിന് നൽകുന്ന വില അപര്യാപ്തമാണെന്ന പരാതി കർഷകരുടെ ഇടയിലുണ്ടെങ്കിലും ഇന്ത്യയിൽ കേരളത്തിലാണ് ഏറ്റവും നല്ല വില പാലിന് ലഭിക്കുന്നത്.

(ബി) സ്വീകരിക്കും. ഇപ്പോൾത്തന്നെ കർഷകർക്ക് അവർ ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് നല്ല വില ലഭിക്കുന്നുണ്ട്. പാലിന്റെ കൊഴുപ്പും കൊഴുപ്പിതര ഘടകങ്ങളും നിശ്ചയിച്ച് പാൽവില ചാർട്ട് അടിസ്ഥാനപ്പെടുത്തിയാണ് ക്ഷീര സംഘങ്ങൾ വില നൽകുന്നത്. 11-2-2017-ൽ പാൽ വില ലിറ്ററൊന്നിന് 4 രൂപ വർദ്ധനവ് വരുത്തിയപ്പോൾ 3.35 രൂപയും കർഷകർക്ക് ലഭിക്കുംവിധമാണ് പാൽ വില ചാർട്ട് തയ്യാറാക്കിയിട്ടുള്ളത്.

(സി) മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽനിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷമാണ് സ്വീകരിക്കുന്നത്. സംഘങ്ങളിൽ പാൽ സ്വീകരിക്കുന്ന സമയത്ത് കൃത്യമായി ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ മിൽമ പ്ലാന്റുകളിൽ എല്ലാത്തിലും ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള സുസജ്ജമായ ലബോറട്ടറികൾ തയ്യാറാക്കിയിട്ടുണ്ട്. ഈ ലാബുകളിലെല്ലാം പരിശോധനയ്ക്ക് ഉപയോഗിക്കുന്ന എല്ലാ ഉപകരണങ്ങളും കൃത്യമായി കാലിബ്രേറ്റ് ചെയ്യപ്പെട്ടവയും നിർദ്ദിഷ്ട നിയമം അനുശാസിക്കുന്ന പരിശോധനാ രീതികൾ അവലംബിക്കുകയും ചെയ്യുന്നവയാണ്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരി

യോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കൂടാതെ പുറമെയുള്ള NABL അക്രെഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവി മെറ്റൽസ്, ആന്റി ബയോട്ടിക്, പെസ്റ്റിസൈഡ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുന്നുണ്ട്.

(ഡി) കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 വർഷത്തിൽ വിവിധ പദ്ധതികളിലായി 97.75 കോടി രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ 107.53 കോടി രൂപ ഈ മേഖലയ്ക്കായി വകയിരുത്തിയിട്ടുണ്ട്. വരുംവർഷം ബജറ്റ് വിഹിതത്തിൽ നിന്നുകൊണ്ട് തീറ്റപ്പുൽകൃഷി പദ്ധതി, ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, കാലിത്തീറ്റ സബ്സിഡി എന്നിവ നൽകുന്നതാണ്. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റ നൽകുന്ന പദ്ധതിയാണ് കന്നുകുട്ടി പരിപാലന പദ്ധതി. ഗോവർദ്ധിനി പദ്ധതികളുടെ കീഴിൽ 2017-18-ൽ പുതിയതായി 35070 കന്നുകുട്ടികളെ കൊണ്ടുവന്നു. ഇവ കൂടാതെ സ്പെഷ്യൽ ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കിയതിലൂടെ 2017-18-ൽ ആകെ 118608 കന്നുകുട്ടികൾക്ക് സഹായം ലഭ്യമാക്കി.

**മിൽമയുടെ പ്രചരണത്തിനായുള്ള പരസ്യചിത്രം**

157 (6412) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയുടെ പ്രചരണവുമായി ബന്ധപ്പെട്ട് പാൽ കസ്റ്റഡിയിൽ എന്ന പരസ്യചിത്രം നിർമ്മിക്കുന്നതിന് ചെലവഴിച്ച ആകെ തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരസ്യചിത്രം നിർമ്മിക്കുന്നതിന്റെ ഭാഗമായി സംവിധായകൻ ആഷിക് അബു, അഭിനേതാവ് ഫഹദ് ഫാസിൽ, ദിലീഷ് പോത്തൻ, സംഗീത സംവിധായകൻ ബിജിപാൽ എന്നിവർ പ്രതിഫലമായി എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പരസ്യചിത്രം പ്രചരിപ്പിക്കുന്നതിനും പ്രക്ഷേപണം ചെയ്യുന്നതിനുമായി ദൃശ്യമാധ്യമങ്ങൾ, സമൂഹമാധ്യമങ്ങൾ, ഇന്റർനെറ്റ്, റേഡിയോ മുതലായ മാധ്യമങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കുമോ; ഇവ ഓരോന്നിനും ചെലവഴിച്ചതും ഇനി ചെലവഴിക്കാൻ വകയിരുത്തിയിരിക്കുന്നതുമായ തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) വിതരണത്തിനായി മിൽമ ഉത്പാദിപ്പിക്കുന്ന പാൽ സർപ്ലസ് ആണോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മിൽമയുടെ പരസ്യ പ്രചരണത്തിനായി പരസ്യ ചിത്രം നിർമ്മിക്കുന്നതിന് ചെലവഴിച്ച ആകെ തുക ജി.എസ്.ടി. കൂടാതെ 73 ലക്ഷം രൂപയാണ്.

(ബി) പരസ്യ ചിത്രം നിർമ്മിക്കുന്നതിന് കരാർ നൽകിയ ഏജൻസിക്ക് ആകെ തുകയായി ജി.എസ്.ടി. കൂടാതെ 73 ലക്ഷം രൂപ നൽകിയതിൽ 25 ലക്ഷം രൂപ ഇതിൽ പങ്കെടുത്ത അഭിനേതാക്കൾ/വിദഗ്ദ്ധർക്കുള്ള ഫീസ് ഉൾപ്പെടെയാണ്. പരസ്യ ചിത്രം നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസിക്കാണ് തുക നൽകിയിട്ടുള്ളത്. ഓരോരുത്തർക്കും എത്ര രൂപ വീതം നൽകി എന്നതിന്റെ കണക്ക് മിൽമയിൽ ലഭ്യമല്ല.

(സി) ഈ പരസ്യ ചിത്രം പ്രചരിപ്പിക്കുന്നത് പ്രധാന ടി.വി. ചാനലുകളായ ഏഷ്യാനെറ്റ്, സൂര്യ ടി.വി., മഴവിൽ മനോരമ, ഫ്ലവേഴ്സ് ടി.വി., കൈരളി ടി.വി., അമൃത ടി.വി., ജയ്ഹിന്ദ് ടി.വി., ജീവൻ ടി.വി., കൗമുദി ടി.വി., ഏഷ്യാനെറ്റ് ന്യൂസ്, മാതൃഭൂമി ന്യൂസ്, മനോരമ ന്യൂസ്, പീപ്പിൾ ടി.വി., റിപ്പോർട്ടർ ടി.വി., മീഡിയ വൺ ടി.വി., ന്യൂസ് 18 ടി.വി., ജനം ടി.വി., ഏഷ്യാനെറ്റ് കേബിൾ വിഷൻ, ദൂരദർശൻ, ദർശന ടി.വി. എന്നീ ചാനലുകളിലൂടെ ജി.എസ്.ടി. കൂടാതെ 2,24,45,167 രൂപയും വനിത, ഗൃഹലക്ഷ്മി, മനോരമ ആരോഗ്യം, സ്റ്റാർ & സ്റ്റൈൽ, മാതൃഭൂമി ആരോഗ്യമാസിക, കേരള കൗമുദി ഫ്ലാഷ് മൂവീസ് എന്നീ മാസികകളിലൂടെ ജി.എസ്.ടി. കൂടാതെ 11,30,000 രൂപയും ക്ലബ്ബ് എഫ്.എം., റെഡ് എഫ്.എം., റേഡിയോ മാംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്.എം., ആൾ ഇന്ത്യ റേഡിയോ എഫ്.എം. എന്നീ എഫ്.എം. ചാനലുകളിലൂടെ ജി.എസ്.ടി. കൂടാതെ 18,03,472 രൂപയും യു.എഫ്.ഒ., ക്യൂബ്, കാർണിവൽ, ക്ലൗഡ്സ് എന്നിവയുടെ 547 സിനിമ തിയറ്റർ സ്ക്രീനുകളിലൂടെ ജി.എസ്.ടി. കൂടാതെ 50,94,639 രൂപയും ഫെയ്സ്ബുക്ക്, യൂട്യൂബ്, ക്രോസ് മീഡിയ പോസ്റ്റ് എന്നീ ഓൺലൈൻ ചാനലുകളിലൂടെ ജി.എസ്.ടി. കൂടാതെ 12,86,801 രൂപയും ചെലവാക്കി പരസ്യം ചെയ്തിട്ടുണ്ട്. ഇതിന് പുറമെ ഹോർഡിംഗ് ബോർഡുകൾ, വെഹിക്കിൾ ബോർഡുകൾ എന്നിവ വഴിയും പ്രചരണം നടത്തിയിട്ടുണ്ട്. ഈ പരസ്യ ക്യാമ്പയിനായി ഇനിയും കൂടുതൽ തുക വകയിരുത്തിയിട്ടില്ല.

(ഡി) മിൽമയുടെ മലബാർ മേഖലാ യൂണിയനിൽ വേനൽക്കാലമായ ഇപ്പോൾതന്നെ പ്രതിദിനം ഏകദേശം 45000 ലിറ്റർ പാൽ അധികമായുണ്ട്. എറണാകുളം മേഖലാ യൂണിയനിൽ സംഭരണവും വിതരണവും തമ്മിൽ വലിയ അന്തരവും ഇല്ല. മലബാർ മേഖലാ യൂണിയനിൽ അധികം വരുന്ന പാൽ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകൾക്ക് നൽകുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. വരുന്ന മഴക്കാലമായ മേയ് മുതൽ ആഗസ്റ്റ് വരെയുള്ള കാലത്ത് പാൽ സംഭരണം വിതരണത്തെക്കാൾ വളരെ കൂടുതലായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ക്ഷീരകർഷക പെൻഷൻ**

158 (6413) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് ക്ഷീരകർഷക പെൻഷൻ നൽകുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) 2016 മേയ് ഒന്നിന് ശേഷം ക്ഷീരകർഷക പെൻഷൻ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയായി വർദ്ധിപ്പിച്ചുവെന്നും ഇപ്പോൾ നൽകുന്നത് എത്ര രൂപയാണെന്നും വെളിപ്പെടുത്തുമോ;

(സി) വർദ്ധിപ്പിച്ച പെൻഷൻ തുകയ്ക്കുള്ള സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ 56347 പേർക്ക് പെൻഷൻ നൽകുന്നുണ്ട്.

(ബി) 2016 മേയ് 1-നുശേഷം 2 തവണ ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. ജനുവരി 2017 മുതൽ 500 രൂപയിൽ നിന്നും 1000 രൂപയായും ഏപ്രിൽ 2017 മുതൽ 1100 രൂപയായുമാണ് വർദ്ധനവ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) വർദ്ധിപ്പിച്ച പെൻഷൻ തുകയ്ക്കുള്ള സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

**ക്ഷീരകർഷകരെ സഹായിക്കുന്നതിന് നടപടി**

159 (6414) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗചികിത്സയ്ക്കും രോഗനിർണ്ണയ ഉപാധികളുടെ ഉല്പാദനത്തിനും തെരഞ്ഞെടുക്കപ്പെട്ട റഫറൽ കേന്ദ്രങ്ങളിൽ 24x7 മൃഗസംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) കാലിത്തീറ്റയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹകരണ മേഖലയിലെ പാൽ സംഭരണവും വിതരണവും യന്ത്രവൽക്കരിക്കുന്നതിനും നടത്തിയ ശ്രമങ്ങൾ എന്തൊക്കെയാണ്;

(സി) വേനൽ കടുത്തതോടുകൂടി തീറ്റപ്പുല്ലിന്റെ ലഭ്യത കുറഞ്ഞത് പാലുല്പാദനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മിൽമയുടെ കാലിത്തീറ്റയ്ക്ക് കൂടുതൽ സബ്സിഡി നൽകി ക്ഷീരകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18-ൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിച്ചു. 2018-19-ൽ ഇത് 20 ബ്ലോക്കുകളിൽക്കൂടി വ്യാപിപ്പിക്കുവാനും ആകെ 105 ബ്ലോക്കുകളിൽ സേവനം ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. രോഗനിർണ്ണയ ഉപാധികളുടെ ഉൽപ്പാദനം മൃഗസംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ്, പാലോട്; ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, പാലോട് എന്നീ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ രോഗനിർണ്ണയ സൗകര്യം വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ ഓഫീസ് സമയത്തുമാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ.

(ബി) കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേരള ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കോഴിക്കോട് ജില്ലയിലെ തിരുവങ്ങൂരിൽ 300 മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരിക്കുഴയിൽ 500 മെട്രിക് ടൺ ഉൽപ്പാദനശേഷിയുള്ള ഫാക്ടറിയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. അതോടെ കേരളാ ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉൽപ്പാദന ശേഷി 1750 മെട്രിക് ടൺ ആകും. ഒപ്പം കേരളത്തിലെ ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് യഥേഷ്ടം നൽകാൻ കേരളാ ഫീഡ്സിന് സാധിക്കും. സഹകരണ മേഖലയിലൂടെ പാലിന്റെ സംഭരണവും വിതരണവും മെച്ചപ്പെടുത്തുന്നതിന് ക്ഷീരവികസന വകുപ്പ് വളരെയേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനമാണ് ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം. ക്ഷീരകർഷകരെ സഹായിക്കു ന്നതിന് ഉൽപ്പാദിപ്പിക്കുന്ന പാലിന് സ്ഥിരമായ വിപണിയും ന്യായമായ വിലയും ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തു ന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണം ആട്ടോമേഷൻ എന്നിവയ്ക്കായി 2017-18-ൽ 25.85 കോടി രൂപ ചെലവഴിച്ചുവരുന്നു. ക്ഷീര സംഘങ്ങൾക്ക് പാൽ സംഭരണ മുറി, ഗോഡൗൺ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്, ഇൻഫർമേഷൻ കിയോസ്ക്, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം, പുതിയ സംഘം രൂപീകരണം, പുനരുദ്ധാരണം, എഫ്.എസ്.എസ്.എ. പരിശീലന പരിപാടികൾ, ക്ഷീരസഹകരണ സംഘങ്ങളുടെ പാൽ സംഭരണം, സംസ്കരണം, വിപണനം എന്നിവ ശക്തിപ്പെടുത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പ്രധാനമായും ഈ തുക വിനിയോഗിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ആയതിലേയ്ക്കായി 28.94 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്ഷീര കർഷകർ സഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 1 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നൽകി വരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 3 രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം ഇതിലേയ്ക്കായി 13 കോടി രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തു. കൂടാതെ 2018-19 സാമ്പത്തികവർഷം 15 കോടി രൂപ ആയതിലേയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

**മൃഗശാലകളിലെ മാലിന്യം നീക്കംചെയ്യാൻ നടപടി**

160 (6415) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിലെ മാലിന്യം നീക്കംചെയ്യൽ സ്തംഭിച്ചിരിക്കുന്നതിനാൽ മൃഗങ്ങൾക്ക് സാംക്രമികരോഗങ്ങൾ ബാധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മാലിന്യം നീക്കംചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) മൃഗശാലയിലെ മാലിന്യം ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാറുണ്ടോ;

(ഡി) മൃഗശാലയിലെ മൃഗങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ മാലിന്യം നീക്കംചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മൃഗശാലയിലെ മാലിന്യം നീക്കംചെയ്യുന്നതിന് ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. മൃഗശാലയ്ക്കുള്ളിലെ മാലിന്യം രണ്ട് സ്പെഷ്യൽ കൂലി ജീവനക്കാരുടെ സേവനം ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് പ്ലാന്റിലേയ്ക്ക് മാറ്റി വളമാക്കി മാറ്റുന്നുണ്ട്.

(സി) മൃഗശാലയിലെ മാലിന്യം ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാറുണ്ട്.

(ഡി) മൃഗശാലയ്ക്കുള്ളിലെ മൃഗങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകത്തക്ക വിധത്തിൽ മാലിന്യങ്ങൾ കെട്ടിക്കിടപ്പില്ല.

**മൃഗശാലകളിലെ സുരക്ഷാ സംവിധാനങ്ങൾ**

161 (6416) ശ്രീ. എം. സ്വരാജ് :
ശ്രീ. ഐ. ബി. സതീഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ അപകടങ്ങളുണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൃഗശാലകളിലെ സുരക്ഷാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മൃഗശാലകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കുന്നതിനും അത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ അപകടങ്ങളുണ്ടായാൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മൃഗശാലകളിൽ നിലവിലുള്ള ബാരിക്കേഡുകൾ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ മാനദണ്ഡങ്ങൾ പാലിച്ച് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മൃഗശാലയ്ക്കുള്ളിൽ ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി പ്ലാസ്റ്റിക്കിലുള്ള വസ്തുക്കൾ കടത്തി വിടുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. സന്ദർശകർ കൊണ്ടു വരുന്ന കുടിവെള്ള ബോട്ടിലുകളിൽ നിശ്ചിത ഫീസ് ഈടാക്കി സ്റ്റിക്കർ പതിപ്പിച്ചാണ് കടത്തിവിടുന്നത്. ബോട്ടിലുകൾ തിരികെ നൽകുമ്പോൾ ഈടാക്കിയ തുക തിരിച്ച് നൽകുന്നുണ്ട്. അകത്തേക്ക് പോകുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ 100%-വും പുറത്തേയ്ക്ക് കൊണ്ടുപോകുന്നുണ്ട്.

## കബനി നദിയിലെ ജലം വയനാട് ജില്ലയിൽ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി

162 (6417) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കബനി നദിയിലെ ജലം പരമാവധി വയനാട് ജില്ലയിൽ ഉപയോഗപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആലോചിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലയിലെ വരൾച്ച പ്രതിരോധിക്കുന്നതിന് കബനിനദി ജലം പരമാവധി ഉപയോഗിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) മുടങ്ങിക്കിടക്കുന്ന ഏതെല്ലാം ജലസേചന പദ്ധതികളാണ് മാനന്തവാടി നിയോജകമണ്ഡലത്തിൽ ഉള്ളതെന്ന വിവരം ലഭ്യമാക്കാമോ;

(ഡി) കൂടുതൽ ജലസേചന പദ്ധതികൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കാവേരി നദീജല തർക്ക ട്രിബ്യൂണൽ വിധി പ്രകാരം കബനി നദിയിൽ നിന്നും കേരളത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള 21 ടി.എം.സി. ജലത്തിൽ, കാരാപ്പുഴ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള 2.8 ടി.എം.സി.യിൽ 1.2 ടി.എം.സി. ജലം കാരാപ്പുഴ ഡാമിൽ സംഭരിച്ച് ഉപയോഗപ്പെടുത്തുന്നുണ്ട്. ഭാഗികമായി പൂർത്തീകരിച്ച കാരാപ്പുഴ പദ്ധതിയിലൂടെ നിലവിൽ 601 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. പദ്ധതി പൂർത്തിയായാൽ 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയും. ബാണാസുര സാഗർ പദ്ധതിക്കായി കബനി നദിയിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള 0.84 ടി.എം.സി. ജലം പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും. കബനി ബേസിനിൽ ബാണാസുര സാഗർ ജലസംഭരണയിൽ നിന്നും കക്കയം ജലസംഭരണയിലേയ്ക്ക് ജലം തിരിച്ചു വിട്ട്, കെ.എസ്.ഇ.ബി. ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി വൈദ്യുതി ഉൽപ്പാദിപ്പിച്ചശേഷം പെരുവണ്ണാമൂഴി/കുറ്റ്യാടി ജലസംഭരണയിൽ ശേഖരിച്ച് ജലസേചനത്തിനും കൂടാതെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനും ജലം നൽകിവരുന്നു. കബനി ജലം ഉപയോഗപ്പെടുത്തുന്നതിനായി കടമാൻതോട്, ചൂണ്ടാലിപ്പുഴ, നൂൽപ്പുഴ, കല്ലംപതി, തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടുപുഴ എന്നിങ്ങനെ 7 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര, വലതുകര കനാലുകളിലൂടെ ജലസേചനം നടത്തി വരുന്നുണ്ട്. കനാൽ കടന്നു പോകുന്ന ഭാഗങ്ങളിലും സമീപ പ്രദേശങ്ങളിലുമുള്ള കിണറുകൾ, കുളങ്ങൾ എന്നിവ റീചാർജ് ചെയ്യാനും അതുവഴി വരൾച്ചയെ ഒരു പരിധിവരെ പ്രതിരോധിക്കാനും സാധിക്കുന്നുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി കൽപ്പറ്റ മുനിസിപ്പാലിറ്റിയിലേയ്ക്ക് കുടിവെള്ളാവശ്യത്തിന് കാരാപ്പുഴയിൽ നിന്നുള്ള ജലം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനുപുറമെ മേൽപ്പറഞ്ഞ ഏഴ് പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്.

(സി) മാനന്തവാടി നിയോജക മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഇല്ല.

(ഡി) കാവേരി ജലം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനായി കബനി ബേസിനിൽ കടമാൻതോട്, ചൂണ്ടാലിപ്പുഴ, നൂൽപ്പുഴ, കല്ലാംപതി, തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടുപുഴ എന്നിങ്ങനെ 7 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ കടമാൻതോട്, ചൂണ്ടാലിപ്പുഴ, നൂൽപ്പുഴ പദ്ധതികളുടെ DPR തയ്യാറാക്കിയിട്ടുണ്ട്. മറ്റുള്ള പദ്ധതികൾ ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾ ആവശ്യമാണെന്നപക്ഷം അവ പരിഗണിക്കുന്നതാണ്.

**ജലാശയങ്ങൾ മലിനമാക്കുന്നവരെ ശിക്ഷിക്കുന്നതിനുള്ള നിയമം**

163 (6418) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ എന്ത് ശിക്ഷാ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ജലാശയങ്ങൾ മലിനമാക്കുന്നവർക്ക് ശിക്ഷ നൽകുന്നതിനുള്ള നിയമം ഓർഡിനൻസായ സാഹചര്യത്തിൽ ഏത് തരത്തിലുള്ള കുറ്റങ്ങളാണ് നിയമപ്രകാരം ശിക്ഷാർഹമായിട്ടുള്ളതെന്നും കിട്ടാവുന്ന ശിക്ഷകൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് ചാർജ്ജ് ചെയ്യുകയെന്നും ജാമ്യമില്ലാ വകുപ്പുകളാണോ ചുമത്തുകയെന്നും വ്യക്തമാക്കാമോ;

(ഡി) ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്ത് ഈ നിയമപ്രകാരം കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഏത് പോലീസ് സ്റ്റേഷനിലാണ് കേസ് ചാർജ്ജ് ചെയ്തതെന്നും പ്രതികൾ ആരൊക്കെയാണെന്നും ക്രൈം നമ്പർ എത്രയാണെന്നും ചുമത്തപ്പെട്ട സെക്ഷനുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(എഫ്) ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുമുമ്പ് സംസ്ഥാനത്ത് നിരവധി ജലാശയങ്ങളും കുളങ്ങളും തോടുകളും കിണറുകളും മലിനമാക്കപ്പെട്ടിട്ടുള്ളതിനാൽ ഇതിനുത്തരവാദികളായവരെ കണ്ടെത്തി പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കേരള പഞ്ചായത്തീരാജ്, നഗരപാലികാ നിയമമനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ, ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്ട്, 1974 അനുസരിച്ച് മലിനീകരണ നിയന്ത്രണ ബോർഡ്, കേരള ഇറിഗേഷൻ വാട്ടർ കൺസർവേഷൻ ആക്ട് 2003-ഭേദഗതി ഓർഡിനൻസ് (27/2017) പ്രകാരം പോലീസ് അധികാരികൾ എന്നിവരാണ് നടപടികൾ സ്വീകരിക്കുന്നത്. ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കേന്ദ്ര സർക്കാരിന്റെ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974- പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾക്ക് കോടതികൾ (ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലോ) മറ്റ് ഉയർന്ന കോടതികളിലോ മുഖേന കേസ്സെടുത്ത് ആയതിൽ വിധി വരുമ്പോൾ ശിക്ഷാ നടപടികൾ പ്രാവർത്തികമാക്കുവാൻ സാധിക്കുന്നു. ജലമലിനീകരണത്തിന് കാരണമായിട്ടുള്ളവർക്ക് ജലനിയമപ്രകാരം ഒന്നര വർഷം മുതൽ പരമാവധി ഏഴ് വർഷം വരെ ശിക്ഷ നൽകാനുള്ള വകുപ്പുകളുണ്ട്. ഇതോടൊപ്പം ഫൈനും കോടതി വഴി ഈടാക്കാവുന്നതാണ്. ഇത് കാര്യമായ കാലതാമസം ഉണ്ടാക്കുന്നുവെന്നതിനാൽ നിലവിൽ അടിയന്തരമായി മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ അടച്ചുപൂട്ടൽ നടപടി സ്വീകരിക്കുന്നതിന് ജലനിയമത്തിലെ സെക്ഷൻ 33-എ പ്രകാരം സാധിക്കുന്നതിനാൽ നിലവിൽ അത്യാവശ്യമെന്ന് കണ്ടാൽ അടച്ചുപൂട്ടലിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, 2003 ഭേദഗതി വരുത്തിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഭേദഗതി പ്രകാരം പൊതു ഉടമസ്ഥതയിലുള്ള ജലാശയത്തിലേയ്ക്കോ കനാലിലേയ്ക്കോ പുഴകളിലേയ്ക്കോ അരുവികളിലേയ്ക്കോ ഉറവകളിലേയ്ക്കോ ഒരാളും മാലിന്യം നിക്ഷേപിക്കുകയോ ഒഴുക്കുകയോ ചെയ്ത് ജലം ഒരു തരത്തിലും മലിനീകരിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ഓർഡിനൻസ് പ്രകാരം ജലം മലിനമാക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ ശക്തമാക്കിയിട്ടുണ്ട്. മൂന്ന് വർഷത്തിൽ അധികതിക്കാത്ത തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു.

(സി) കോഡ് ഓഫ് ക്രിമിനൽ പ്രൊസീജ്യുവർ, 1973-ലെ സെക്ഷൻ 29, സബ് സെക്ഷൻ (2) പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുക. ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് കേസ് പരിഗണിക്കുന്നത്.

(ഡി&ഇ) ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വരട്ടാറിൽ മാലിന്യം നിക്ഷേപിച്ചതിനെതിരെയാണ് കേസ് എടുത്തിട്ടുള്ളത്. വരട്ടാർ സംസ്കൃതി ചെയർമാൻ ശ്രീ. തുളസീദാസ് നൽകിയ പരാതിയെത്തുടർന്ന് തിരുവല്ല പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ-3359/2017 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003-ലെ കൂട്ടിച്ചേർത്ത 37(4) ഉപവകുപ്പ് പ്രകാരം ശ്രീ. ശ്രീകാന്ത്, വേലക്കളത്തിൽ ഓതറ, ഈസ്റ്റ് ഇരവിപേരൂർ വില്ലേജ് എന്നയാൾക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(എഫ്) ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനു മുമ്പ് മലിനീകരണത്തിന് കാരണമാകുന്ന നടപടി കൈക്കൊണ്ടിട്ടുള്ളവർ ആ നടപടി തുടരുന്ന സാഹചര്യമുണ്ടെന്ന് കണ്ടെത്തിയാൽ നടപടി കൈക്കൊള്ളുന്നതിന് സാധിക്കും.

**കുടിവെള്ള പദ്ധതികൾ**

164 (6419) ശ്രീ. ബി. സത്യൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ജലസേചന പദ്ധതികൾക്കായി ബജറ്റിൽ എത്രകോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) കനാലുകളുടെ പുനരുദ്ധാരണത്തിന് സമഗ്രമായ പദ്ധതി തയ്യാറാക്കി നബാർഡിന്റെ ധനസഹായം തേടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റി

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭൂജലവകുപ്പ്

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജലവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയതും പ്രവൃത്തി പുരോഗമിക്കുന്നതുമായ കുഴൽ കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള/കൈപ്പമ്പ് പദ്ധതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ജലനിധി

2012-ൽ ആരംഭിച്ച ലോകബാങ്ക് സഹായത്തോടെയുള്ള രണ്ടാംഘട്ട കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കാലയളവിനുള്ളിൽ 406 ഗുണഭോക്തൃ സമിതി തലത്തിലുള്ള ചെറിയ കുടിവെള്ള പദ്ധതികളും ഏഴ് വലിയ കുടിവെള്ള പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്.

(ബി) ജലസേചന വകുപ്പ്

2016-17, 2017-18 സാമ്പത്തിക വർഷത്തിൽ ഈ കാര്യാലയത്തിന് കീഴിലെ പദ്ധതികൾക്കായി അനുവദിച്ച ബഡ്ജറ്റ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക ലക്ഷത്തിൽ)

| | | |
|---|---|---|
| 2016-17 | Major minor scheme | 18217 |
| | Inland water transport | 12532 |
| 2017-18 | Major and minor irrigation scheme | 22250 |
| | Inland water transport work | 12785 |
| 2018-19 | Major and minor irrigation scheme | 19316 |
| | Inland water transport work | 8918 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതി വിഭാഗം-1

ഈ കാര്യാലയത്തിന് കീഴിലുള്ള പദ്ധതികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബജറ്റിൽ വകയിരുത്തിയ തുക താഴെപ്പറയുന്നു :

| പദ്ധതിയുടെ പേര് | 2016-17 (തുക കോടിയിൽ) | 2017-18 (തുക കോടിയിൽ) | 2018-19 (തുക കോടിയിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| പഴശ്ശി (പ്ലാൻ) | - | - | 5 |
| പഴശ്ശി (നോൺ പ്ലാൻ) | 3.62 | 3.55 | 3.09 |
| കുറ്റ്യാടി (പ്ലാൻ) | - | - | 5 |
| കുറ്റ്യാടി (നോൺ പ്ലാൻ) | 6.83 | 7.91 | 7.78 |
| കാരാപ്പുഴ | 5 | 5 | 13.75 |
| ബാണാസുരസാഗർ | 2.50 | 2.50 | 10.56 |
| വാളയാർ | 1.34 | 1.34 | 1.33 |
| മീങ്കര | 1.12 | 1.09 | 1.68 |
| ചിറ്റൂർപ്പുഴ | 3.65 | 3.60 | 3.53 |
| മൂലത്തറ ആർ.ബി. കനാൽ | 0.15 | 0.21 | 0.10 |
| മലമ്പുഴ | 16.30 | 19.25 | 18.64 |
| പോത്തുണ്ടി | 1.10 | 1.12 | 1.62 |
| ചേരാമംഗലം | 0.50 | 0.50 | 0.50 |

| (1) | (2) | (3) | (4) |
|---|---|---|---|
| മംഗലം | 0.77 | 0.76 | 1.35 |
| കാഞ്ഞിരപ്പുഴ | 7.80 | 8.45 | 8.10 |
| വെള്ളിയാങ്കല്ല് ക്രോസ്സ് വേ | 0.21 | 0.11 | 0.17 |
| ചിറ്റൂർപ്പുഴ (പ്ലാൻ) | - | - | 4 |
| ഇന്റർസ്റ്റേറ്റ് വാട്ടർ ഹബ് | 1 | 1 | 1 |
| കാഡ പദ്ധതികൾ | 20 | 9 | 20 |

പദ്ധതി വിഭാഗം-2

(തുക ലക്ഷത്തിൽ)

| | | |
|---|---|---|
| 2016-17 | - | 16343.43 |
| 2017-18 | - | 26083.16 |
| 2018-19 | - | 18766.51 |

ഐ.ഡി.ആർ.ബി.

ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന പദ്ധതികൾക്കായി 2016-17 വർഷത്തിൽ 9795 ലക്ഷം രൂപയും 2017-18-ൽ 26310 ലക്ഷം രൂപയും 2018-19 വർഷത്തിൽ 15102 ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

കുട്ടനാട് പാക്കേജ്

| വർഷം | ശീർഷകം | തുക (കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| 2016-17 | 4711-01-103-87 (പി.വി) | 100 |

| (1) | (2) | (3) |
|---|---|---|
| 2017-18 | 4711-01-103-86 (പ്രധാനമന്ത്രി കൃഷി സിഞ്ചയി യോജന കുട്ടനാട് ഫ്ളഡ് മാനേജ്മെന്റ് കംപോണന്റ് 50% സി.എസ്.എസ്.) | 100 |
| 2018-19 | 4711-01-103-86 (പ്രധാനമന്ത്രി കൃഷി സിഞ്ചയി യോജന കുട്ടനാട് ഫ്ളഡ് മാനേജ്മെന്റ് കംപോണന്റ് 50% സി.എസ്.എസ്.) | 116 |

(സി) കനാലുകളുടെ പുനരുദ്ധാരണത്തിന് സമഗ്രമായ പദ്ധതി തയ്യാറാക്കി നബാർഡിന്റെ ധനസഹായം തേടുന്നതിന് നിലവിൽ ഉദ്ദേശിക്കുന്നില്ല.

**അട്ടപ്പാടി ജലസേചന പദ്ധതി**

165 (6420) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ഭവാനി പുഴയിൽ നിന്നും ആറ് ടി.എം.സി. വെള്ളമുപയോഗിച്ച് തുടങ്ങാൻ ലക്ഷ്യമിട്ട അട്ടപ്പാടി ജലസേചന പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) കാവേരി വിഹിതം ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കുവാൻ രൂപീകരിച്ച ജലവകുപ്പിന്റെ കാവേരി സർക്കിൾ ഓഫീസ് വേണ്ടെന്ന് വെച്ചിട്ടുണ്ടോ;

(സി) കേരളത്തിന് വടക്കുള്ള മൂന്ന് ജില്ലകളിലെ പതിനാറ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിലവിൽ ജലവിഭവ വകുപ്പിന്റെ എത്ര ഡിവിഷനുകളാണ് പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിക്ക് പാരിസ്ഥിതികാനുമതി നേടിയെടുക്കുന്നതിന്റെ മുന്നോടിയായുള്ള പരിസ്ഥിതി ആഘാത പഠന പരിഗണനാ വിഷയങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ നൽകിയിരുന്നു. 2016 ആഗസ്റ്റ് 11, 12 തീയതികളിൽ കൂടിയ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി അട്ടപ്പാടി വാലി

ഇറിഗേഷൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനത്തിന്റെ പരിഗണനാ വിഷയങ്ങൾ (Terms of Reference) അംഗീകരിക്കാൻ ശിപാർശ ചെയ്തിരുന്നുവെങ്കിലും ഈ പ്രോജക്ട് കാവേരി നദീതടത്തിൽ ആയതിനാലും കാവേരി നദീജലതർക്ക പരിഹാര ട്രിബ്യൂണലിന്റെ വിധിക്കെതിരെ കേരളം, തമിഴ്നാട്, കർണാടക സർക്കാരുകൾ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്ത സാഹചര്യത്തിലും തമിഴ്നാട് സർക്കാർ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചതിനാലും പഠനത്തിന്റെ പരിഗണനാവിഷയങ്ങൾ അംഗീകരിച്ച് ഉത്തരവാകേണ്ട എന്ന് തീരുമാനിച്ചതായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പിന്നീട് അറിയിക്കുകയുണ്ടായി. പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേരളം ജലവിഭവ മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും വ്യക്തമാക്കി പദ്ധതിക്കനുകൂലമായ സമീപനം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാടിനും കത്ത് നൽകിയിട്ടുണ്ട്. ഇതിനുപുറമേ ബഹു. കേരള മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്കും ഇതേ ആവശ്യം ഉന്നയിച്ച് കത്തയച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിനായി പദ്ധതിക്കനുകൂലമായ കേരളത്തിന്റെ എല്ലാ വാദമുഖങ്ങളും കാവേരി ട്രിബ്യൂണൽ അവാർഡ് നടപ്പാക്കാനായി രൂപീകരിച്ച സൂപ്പർവൈസറി കമ്മിറ്റി വഴിയും മറ്റ് നിയമപരമായ മാർഗ്ഗങ്ങളിലൂടെയും സ്വീകരിച്ചുവരികയാണ്.

(ബി) 12-9-2011-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ (എം.എസ്) 56/2011/WRD പ്രകാരം കാവേരി സർക്കിൾ, കൽപ്പറ്റയെ കുട്ടനാട് ഡവലപ്മെന്റ് സർക്കിളായി കോട്ടയത്തേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) കേരളത്തിന് വടക്കുള്ള മൂന്ന് ജില്ലകളിൽ (കാസർഗോഡ്, കണ്ണൂർ, വയനാട്) പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി കണ്ണൂർ ജില്ലയിൽ പഴശ്ശി ഇറിഗേഷൻ ഡിവിഷൻ, കണ്ണൂർ, വയനാട് ജില്ലകളിൽ ബി.എസ്.പി. ഡിവിഷൻ, പടിഞ്ഞാറത്തറ, കെ.ആർ.പി. ഡിവിഷൻ, കൽപ്പറ്റ, കാവേരി ഡിവിഷൻ, സുൽത്താൻബത്തേരി എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷൻ, പേരാമ്പ്രയും പ്രവർത്തിക്കുന്നുണ്ട്.

**ഇടക്കൊച്ചി കുടിവെള്ള പദ്ധതി**

166 (6421) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നറിയിക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളത് ; വിശദമാക്കാമോ ;

(സി) നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ആസ്തി വികസന പദ്ധതിയിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടാങ്കിന്റെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിന് ശ്രീ. കെ. ബാബു എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 278 ലക്ഷം രൂപയും ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 68 ലക്ഷം രൂപയും അനുവദിച്ചിരുന്നു. തുടർന്ന് ശ്രീ. സ്വരാജ്, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ അമൃത് പദ്ധതിയിൽപ്പെടുത്തി 13LL ശേഷിയുള്ള ഒരു ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന് 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഭൂതല ടാങ്കിന്റെ എസ്റ്റിമേറ്റ് പുതുക്കുന്ന നടപടികളും ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൂടാതെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ ടാങ്ക് നിർമ്മാണത്തിന്റെ ടെണ്ടറുകൾ ക്ഷണിച്ച് കരാറുകാരനെ തെരഞ്ഞെടുക്കുവാനുള്ള നടപടി കേരള വാട്ടർ അതോറിറ്റിയിൽ അവസാന ഘട്ടത്തിലാണ്.

(സി) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ ടാങ്ക് നിർമ്മാണത്തിന്റെ പ്രവൃത്തികൾ മേയ് ആദ്യവാരത്തോടെ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ലഭിച്ചിട്ടുണ്ട്.

### കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പ്രധാൻമന്ത്രി കൃഷിസിഞ്ചായി യോജന പ്രവൃത്തികൾ

167 (6422) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി വഴി എന്തൊക്കെ പ്രവൃത്തികളാണ് ജലവിഭവ വകുപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(ബി) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ പി.എം.കെ.എസ്.വൈ പദ്ധതിയിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) PMKSY പദ്ധതിയുടെ കർമ്മ പരിപാടികൾ 4 ശീർഷകങ്ങളിലായിട്ടാണ് നടപ്പാക്കുന്നത്.

1. AIBP (ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം)
2. ഹർ ഖേത് കോ പാനി
3. പെർ ഡ്രോപ് മോർ ക്രോപ്പ്
4. വാട്ടർ ഷെഡ് ഡെവലപ്മെന്റ്

മേൽപ്പറഞ്ഞവയിൽ ജലസേചന വകുപ്പിന്റെ പ്രവൃത്തികൾ എ.ഐ.ബി.പി., ഹർ ഖേത് കോ പാനി എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. AIBP-നിലവിലുള്ള വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തിയാക്കൽ ലക്ഷ്യമിട്ടിട്ടുള്ള പ്രവൃത്തികൾ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
2. ഹർ ഖേത് കോ പാനി - ഉപരിതല ചെറുകിട ജലസേചനം വഴി പുതിയ ജലസ്രോതസ്സുകൾ സൃഷ്ടിക്കുക, നിലവിലുള്ള ജലസ്രോതസ്സുകളുടെ കേടുപാടുകൾ തീർക്കൽ, പുതുക്കൽ, പുനരുദ്ധാരണം, പരമ്പരാഗത ജല സ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണ സംവിധാനങ്ങളുടെ നിർമ്മാണം, കമാന്റ് ഏരിയ വികസനം, പരമ്പരാഗത ജലസംഭരണ സമ്പ്രദായങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

(ബി & സി) ജില്ലാ ഇറിഗേഷൻ പദ്ധതിയിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ 108.07 കോടി രൂപയുടെ 319 പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 100.50 ലക്ഷം രൂപയുടെ 4 പദ്ധതികൾക്ക് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾക്കൊന്നും കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടില്ല.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ ചെറുകിട ജലസേചന പദ്ധതികൾ

168 (6423) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിഫ്ബിയിൽ ഉൾപ്പെടുത്തിയതും ഭരണാനുമതി ലഭിച്ചതും പ്രവൃത്തി പൂർത്തീകരിച്ചതുമായ ചെറുകിട ജലസേചന പദ്ധതികളുടെ പേരുകൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

2016-17-ലെ ബജറ്റിൽ ജലസേചന വകുപ്പ് KIIFB മുഖാന്തരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. പുലിമുട്ടുകളുടെ നിർമ്മാണം
2. പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണം
3. ആലപ്പുഴ-കുട്ടനാട് ചങ്ങനാശ്ശേരി-കോട്ടയം ജലഗതാഗതം, ആലപ്പുഴ കനാലിന്റെ സൗന്ദര്യവൽക്കരണം
4. കുണ്ടൂർതോടിന്റെ പുനരുദ്ധാരണം
5. ചിറ്റൂർ മൂലത്തറ ആർ.സി.ബി.
6. തൃപ്പൂണിത്തുറ അന്ധകാരത്തോടിന്റെ പുനരുദ്ധാരണം

2017-18-ലെ ബജറ്റ് പ്രകാരം KIIFB മുഖാന്തരം നടപ്പിലാക്കുന്നതിനായി കേരളത്തിലെ ഇരുപതോളം നദികളെ തടയണകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്താൻ വേണ്ടി സർക്കാർ in principle sanction നൽകിയ തടയണകളുടെ പേരുകൾ താഴെക്കൊടുക്കുന്നു :

1. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ ചപ്പാരപ്പടവ് പഞ്ചായത്തിൽ കുവേരി കാട്ടാംപള്ളിയിൽ കുപ്പംപുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം.
2. മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ മൂതിക്കയം കീഴ്മുറിക്കടവിൽ കുന്തിപ്പുഴയ്ക്കു കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം.
3. മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം പഞ്ചായത്തിൽ കാങ്കക്കടവിൽ ഭാരതപ്പുഴയ്ക്കു കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം.
4. കോഴിക്കോട് ജില്ലയിൽ ഗുളികപ്പുഴയിൽ പെരിഞ്ചേരിക്കടവിന് മുകളിലായി കുറ്റ്യാടിപ്പുഴയ്ക്കു കുറുകെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം.
5. ഭരണങ്ങാനം പഞ്ചായത്തിൽ കൂട്ടനാൽക്കടവിൽ മീനച്ചിൽ നദിക്കു കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം.

6. മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയ്ക്കു കുറുകെ പുഴൻകാവിൽ റെഗുലേറ്ററിന്റെ നിർമ്മാണം.

7. കിടങ്ങൂർ പഞ്ചായത്തിൽ ചെമ്പിലാവിൽ മിനി ഡാം-കം-റെഗുലേറ്ററിന്റെ നിർമ്മാണം.

8. മലപ്പുറം ജില്ലയിൽ ഇടവന പഞ്ചായത്തിൽ പള്ളിമുക്ക്-പന്നിപ്പാറയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം.

ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ KIIDC മുഖാന്തരമാണ് മേൽ പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

**ജലസ്രോതസ്സുകൾ മലിനമാക്കിയാലുള്ള ശിക്ഷ**

169 (6424) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നാല്പത്തിനാല് നദികളിൽ മുപ്പത്തിയൊൻപതും മലിനമാണെന്ന ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നദികളിൽ ജൈവ അവശിഷ്ടങ്ങൾ, ടോയ്‌ലെറ്റ് മാലിന്യം, മറ്റ് മാലിന്യങ്ങൾ എന്നിവ തള്ളുന്നതുമൂലം സൈനോടോക്സിൻസ് എന്ന വിഷവസ്തു ഉല്പാദിപ്പിക്കപ്പെടുന്നതും ആയത് നാഡീരോഗങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ നദികളിലും ജലാശയങ്ങളിലും മാരകവിഷം അടങ്ങിയ സൈനോബാക്ടീരിയ നിറഞ്ഞ് കടുംപച്ചയായിരിക്കുന്നതുമൂലം രൂക്ഷമായ ദുർഗന്ധവും മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ജലസ്രോതസ്സുകൾ മലിനമാക്കിയാലുള്ള ശിക്ഷ എന്തൊക്കെയാണെന്നറിയിക്കുമോ;

(ഇ) ഇത്തരത്തിൽ ഒരു വലിയ ജലദുരന്തത്തിൽ നിന്ന് സംസ്ഥാനത്തെ നദികളെ രക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ നദികളിലെ ജലഗുണമേന്മയെക്കുറിച്ചുള്ള ഒരു പഠനം കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും കോഴിക്കോട് ആസ്ഥാനമായുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രവും (സി.ഡബ്ല്യു.ആർ.ഡി.എം) സംയുക്തമായി നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ റിപ്പോർട്ട് 9 ഭാഗങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) നദീജലത്തിൽ സൈനോടോക്സിൻസ് കലർന്നിട്ടുണ്ട് എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചാലക്കുടിപ്പുഴയിൽ സൈനോ ബാക്ടീരിയായുടെ സാന്നിദ്ധ്യം സി.ഡബ്ല്യു.ആർ.ഡി.എം. (CWRDM) കണ്ടെത്തിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്-2003 പ്രകാരമുള്ള നടപടികളാണ് ജലസേചന വകുപ്പ് സ്വീകരിക്കുന്നത്. ടി നിയമത്തിലെ സെക്ഷൻ 37-ൽ ഉപസെക്ഷൻ (4) കൂട്ടിച്ചേർത്ത് ഓർഡിനൻസായി സംസ്ഥാന ഗവർണർ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ജലം മലിനമാക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. പരമാവധി 3 വർഷത്തിൽ കൂടാത്ത തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും വിധിക്കാവുന്ന തരത്തിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. ക്രിമിനൽ പ്രൊസിജ്യൂവർ കോഡ് അനുസരിച്ചുള്ള ശിക്ഷാ നടപടികൾ നിർവ്വഹിക്കേണ്ടത് ഫസ്റ്റ് ക്ലാസ്സ് ജ്യുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയാണ്. ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കേന്ദ്ര സർക്കാരിന്റെ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾക്ക് കോടതികൾ (ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലോ മറ്റ് ഉയർന്ന കോടതികളിലോ) മുഖേന കേസ്സെടുത്ത് ആയതിൽ വിധി വരുമ്പോൾ ശിക്ഷാ നടപടികൾ പ്രാവർത്തികമാക്കുവാൻ സാധിക്കുന്നു. ജലമലിനീകരണത്തിന് കാരണമായിട്ടുള്ളവർക്ക് ജലനിയമപ്രകാരം ഒന്നര വർഷം മുതൽ പരമാവധി ഏഴ് വർഷം വരെ ശിക്ഷ നൽകാനുള്ള വകുപ്പുകളുണ്ട്. ഇതോടൊപ്പം ഫൈനും കോടതി വഴി ഈടാക്കാവുന്നതാണ്. ഇത് കാലതാമസം ഉണ്ടാക്കുന്നുവെന്നതിനാൽ നിലവിൽ അടിയന്തരമായി മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ അടച്ചുപൂട്ടൽ നടപടി സ്വീകരിക്കുന്നതിന് ജലനിയമത്തിലെ സെക്ഷൻ 33-എ പ്രകാരം സാധിക്കുന്നതിനാൽ നിലവിൽ അത്യാവശ്യമെന്ന് കണ്ടാൽ അടച്ചുപൂട്ടലിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചു വരുന്നു.

(ഇ) നദികളും തടാകങ്ങളും മറ്റ് ജലസ്രോതസ്സുകളും മാലിന്യ മുക്തമാക്കുന്നതിന് സർക്കാർ/സർക്കാരിതര ഏജൻസികളും പൊതുജനങ്ങളും ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് അനിവാര്യം. നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രണവും ജലസംരക്ഷണവും നിർവ്വഹിക്കാൻ കഴിഞ്ഞാൽ നീരൊഴുക്ക് വർദ്ധിപ്പിക്കാൻ സാധിക്കും. എന്നാൽ മഴയുടെ ലഭ്യതയിലുണ്ടാകുന്ന സ്ഥല-കാല വ്യതിയാനം കേരളത്തിലെ നദികളിലെ നീരൊഴുക്കിനെ ബാധിക്കുന്നുണ്ട്. ഒപ്പം, ഓരുജലക്കയറ്റവും പ്രധാന പ്രശ്നമായി മാറുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള പ്രവർത്തനമാണ് ഹരിത കേരളം മിഷന്റെ ഉപമിഷനായ 'ജലസംരക്ഷണം / ജലസമൃദ്ധി' ലക്ഷ്യമിടുന്നത്. നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും ഹരിത കേരളം രണ്ടാം ഘട്ടം ലക്ഷ്യമിടുന്നു. ഇതോടൊപ്പം നദികളിലെ നീരൊഴുക്ക് നിലനിർത്തുന്നതിനും ഓരുവെള്ളക്കയറ്റം തടയുന്നതിനുമായി തടയണകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടത്തി വരുന്നു.

**നദികളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി**

170 (6425) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പുഴകളിലും ജലാശയങ്ങളിലും മറ്റ് ജലസ്രോതസ്സുകളിലും യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യ ആശുപത്രികൾ, ഫാക്ടറികൾ, ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജലാശയങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നവരെ നിരീക്ഷിക്കു ന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ;

(ഡി) ആവശ്യമായ ഇടങ്ങളിൽ നിരീക്ഷണ ക്യാമറ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുഴകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിലേയ്ക്ക് മലിനജലം വിടുന്നവർ ക്കെതിരെയും മറ്റ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെയും വിവിധ നിയമങ്ങൾ പ്രകാരമാണ് നിലവിൽ നടപടി സ്വീകരിക്കുന്നത്. (i) കേരള പഞ്ചായത്തീരാജ് ആക്ട് 1999, (ii) കേരള മുനിസിപ്പാലിറ്റീസ് / നഗരപാലിക ആക്ട്, 1994, (iii) കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് 2003, (iv) വാട്ടർ (പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട്, 1974 (സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന) എന്നീ നിയമങ്ങൾ അനുസരിച്ചുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി&ഡി) ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി നിലവിലുള്ള നിയമങ്ങളനുസരിച്ച് വിവിധ ഏജൻസികൾ നടപടികൾ കൈക്കൊ ള്ളുന്നുണ്ട്. ക്യാമറകൾ സ്ഥാപിക്കുന്നതിനും വിവിധ ഏജൻസികളുടെ പങ്കാളിത്തം ആവശ്യമാണ്.

**തോടുകൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ**

171 (6426) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണമേഖലയിലെ നീരൊഴുക്കുതോടുകൾ സംരക്ഷിക്കുന്നതിനും തോടുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതാ ബോധം ജനങ്ങളിൽ വളർത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദീകരിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി തോടുകൾ പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ സംരക്ഷി ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) കൃഷിക്ക് ആവശ്യമായ ജലം എത്തിക്കുന്നതിലും വിതരണം കാര്യക്ഷമമാക്കുന്നതിലും തോടുകൾക്ക് വലിയ പ്രാധാന്യമുണ്ട്. എന്നാൽ ഭൂ വിനിയോഗത്തിൽ വന്ന മാറ്റവും കൃഷി കുറയുന്നതും തോടുകൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന പ്രവണത വർദ്ധിപ്പിക്കാനിടയാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവണതകൾ ഇല്ലാതാക്കുന്നതിന് ഹരിത കേരളം മിഷന്റെ ഉപമിഷനായ 'ജലസംരക്ഷണം/ജലസമൃദ്ധി'യുടെ ഭാഗമായി നടത്തുന്ന നീർത്തട പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായുള്ള നീർത്തട നടത്തം/പുഴ നടത്തം പോലുള്ള പ്രചാരണ-വിവരശേഖരണ പരിപാടികൾ സഹായിക്കുമെന്ന് കണക്കാക്കുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന നീർത്തട പ്ലാനിൽ ഓരോ ചെറു നീർത്തടത്തിലും വരുന്ന ചെറുതും വലുതുമായ തോടുകൾ സംബന്ധിച്ച വിവരവും അവയുടെ നിലവിലെ സ്ഥിതിയും സംരക്ഷണ മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ജനപങ്കാളിത്തം എന്നിവ ഉറപ്പാക്കി ജൈവമാർഗ്ഗങ്ങൾ ഉപയോഗിച്ച് തോടുകളുടെയും മറ്റ് നീരുറവകളുടെയും സംരക്ഷണവും പുനരുദ്ധാരണവും ഉറപ്പാക്കാനാവശ്യമായ നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുക്കാൻ സാധിക്കും. കൂടാതെ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും തോടുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

172 (6427) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളങ്ങളുടെ നവീകരണത്തിനായി 2016-17, 2017-18 വർഷങ്ങളിൽ എറണാകുളം ജില്ലയിൽ എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ പ്രവൃത്തികളാണ് നടപ്പാക്കിയതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കുളങ്ങളുടെ നവീകരണത്തിനായി 2016-17, 2017-18 വർഷങ്ങളിൽ എറണാകുളം ജില്ലയിൽ ചെലവഴിച്ച തുകയും അനുബന്ധ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു. കൂടാതെ ഹരിത കേരളം പദ്ധതിയിലു ൾപ്പെടുത്തി 64.4 ലക്ഷം രൂപയ്ക്ക് 81 കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വൈപ്പിൻ നിയോജക മണ്ഡലത്തിൽ 2016-17 കാലഘട്ടത്തിൽ, പള്ളിപ്പുറം പഞ്ചായത്തിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് സമീപം പഞ്ചായത്തുകുളത്തിന്റെ നവീകരണം, എളങ്കുന്നപ്പുഴ ശ്രീകൃഷ്ണ സ്വാമിക്ഷേത്രക്കുളം നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 25,06,448 രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 കാലഘട്ടത്തിൽ ഹരിത കേരളം പദ്ധതിയിൽപ്പെടുത്തി എളംകുന്നപ്പുഴ ക്ഷേത്രക്കുളം, ഞാറക്കൽ നമ്പൂതിരിപ്പറമ്പ് കുളം എന്നീ കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ എടവനക്കാട് പ്രദേശത്ത് നാല് പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 3.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പണി പ്രാവർത്തികമാക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിൽ തോട് നവീകരണം**

173 (T*6428) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തോടുകൾ കിളച്ച് ആഴം കൂട്ടി നവീകരിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഈ ജോലി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ എത്ര തോടുകളിൽ നടപ്പാക്കിയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി വരുന്ന ചെലവ് തോടുകളിൽ നിന്നും വാരുന്ന മണ്ണ് ലേലം ചെയ്യുന്നതിൽ നിന്നും ലഭിക്കുമെന്നതിനാൽ ഈ പ്രവൃത്തി നടപ്പിൽ വരുത്താൻ ഗവൺമെന്റ് കഴിവതും വേഗം നടപടി എടുക്കുമോ;

(സി) ഈ പ്രവൃത്തികളിൽ ഉൾപ്പെടുത്തി തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ എത്ര തോട് നവീകരിച്ചിട്ടുണ്ട്; ഇനിയും എത്ര തോട് ഇവിടെ നവീകരിക്കുന്നതിനുള്ള പദ്ധതിയുണ്ട് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തോടുകൾ കിളച്ച് ആഴംകൂട്ടി നവീകരിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ ഹരിത കേരളം പദ്ധതിയിലുൾപ്പെടുന്ന ജലസംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി സംസ്ഥാനത്ത് തോടുകളിൽ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന രീതിയിൽ കെട്ടിക്കിടക്കുന്ന ചെളിയും പായലും മാലിന്യങ്ങളും നീക്കം ചെയ്ത് തോടുകളുടെ ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിലായി ഏഴ് പ്രവൃത്തികൾ നടന്നുവരുന്നു.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) തോടുകളിൽ നിന്നും ലഭിക്കുന്ന മണ്ണ് പൊതുവെ ബണ്ട് ബലപ്പെടുത്തുവാൻ ഉപയോഗിക്കുന്നു. അധിക മണ്ണ് ഉണ്ടെങ്കിൽ ഗുണനിലവാരം പരിശോധിച്ച് വില നിശ്ചയിച്ചതിനുശേഷം സർക്കാരിന് നഷ്ടം വരാതെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ണ് ലേലം ചെയ്ത് അതിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ജലസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കാറില്ല.

(സി) കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കുണ്ടൂർതോട് നവീകരണത്തിനായുള്ള പദ്ധതിക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. SPV ആയ KIIDC മുഖേനയാണ് നടപ്പാക്കുന്നത്. തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ മറ്റു തോടുകളുടെ നവീകരണത്തിന് വിശദമായ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

### ജലസ്രോതസ്സുകളുടെ മലിനീകരണ നിയന്ത്രണം

174 (6429) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ എഴുപത് ശതമാനം ജലസ്രോതസ്സുകളും മലിനജലവും മാലിന്യവും നിറഞ്ഞ് ഉപയോഗയോഗ്യമല്ലാതായി എന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മലിനീകരണം നിയന്ത്രിക്കുന്നതിനും ജല സ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ജലവിഭവ വികസനകേന്ദ്രം, കോഴിക്കോട് തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലമലിനീകരണം തടയുന്നതിനുള്ള നിയമം കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി വരുത്തി, ശിക്ഷാ നടപടികൾ വർദ്ധിപ്പിച്ചുകൊണ്ട് ഓർഡിനൻസ് (27/2017) പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം കുളങ്ങൾ/ചിറകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഈ വർഷം 536 കുളങ്ങൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ലഭ്യമായ

ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി തോടുകളുടെ പുനരുദ്ധാരണവും ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇതിനു പുറമേ, ഹരിത കേരളം മിഷന്റെ ഉപമിഷനായ 'ജലസംരക്ഷണം/ജലസമൃദ്ധി'യുടെ ഭാഗമായി നീർത്തട പ്ലാനുകളും ബ്ലോക്ക് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കിവരുന്നു. സമഗ്ര നീർത്തടാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്ലാനിന്റെ അടിസ്ഥാനത്തിൽ റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ മുകളിൽ നിന്ന് താഴേയ്ക്ക്) എന്ന സമീപനത്തോടെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടുകൂടി പദ്ധതികൾ ഏറ്റെടുക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുവഴി കൂടുതൽ ജലസ്രോതസ്സുകൾ ജനപങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കും.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുന്നുവെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം നിയന്ത്രിച്ചുവരുന്നു.

(സി) ഉണ്ട്. പുതിയ ഓർഡിനൻസ് (27/2017) പ്രകാരം വരട്ടാറിൽ മാലിന്യം നിക്ഷേപിച്ചവർക്കെതിരെ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ ജല നിയമം 1974 പ്രകാരമുള്ള സ്ഥാപനം അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഏകദേശം 96 യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അടച്ചുപൂട്ടൽ ഉത്തരവ് നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ കടൽഭിത്തി നിർമ്മാണം

175 (6430) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ കാപ്പിൽ-കൊപ്പൽ കടപ്പുറത്ത് കടൽ ഭിത്തി നിർമ്മാണത്തിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും ആയതിന് അനുമതി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വർഷങ്ങളായി ആവശ്യപ്പെടുന്ന ഈ വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉദുമ ഗ്രാമപഞ്ചായത്തിൽ കാപ്പിൽ-കൊപ്പൽ കടപ്പുറത്ത് കടൽഭിത്തി നിർമ്മാണത്തിന് ഐ.ഐ.ടി./സി.ഡബ്ല്യൂ.പി.ആർ.എസ്.-ന്റെ വിശദപഠനം ആവശ്യമാണ്. ആയതു ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇറിഗേഷൻ പ്രോജക്ടുകളുടെ ഭാഗമായ കനാൽ റോഡുകളുടെ സംരക്ഷണം**

176 (6431) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർ വാലി, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടുകളുടെ ഭാഗമായിട്ടുള്ള കനാൽ റോഡുകൾ നിലവിൽ സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാൽ റോഡുകളുടെ സംരക്ഷണ ജോലിക്ക് ആവശ്യമായ ഫണ്ടും അനുവാദവും അടിയന്തരമായി നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കനാൽ റോഡുകളുടെ സംരക്ഷണ ജോലികൾ സമയബന്ധിതമായി നടത്തുന്നതിലുള്ള കാലതാമസം ഒഴിവാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ചീഫ് എഞ്ചിനീയറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ചിത്താരി റെഗുലേറ്റർ-കം-ബ്രിഡ്ജ് ഉപയോഗപ്രദമാക്കാൻ നടപടി**

177 (6432) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ-കം-ബ്രിഡ്ജ് ഉപയോഗ ശൂന്യമായിട്ട് എത്ര വർഷമായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതി ഉപയോഗപ്രദമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ജില്ലയിലെ തീരദേശ മേഖലയിലടക്കം കുടിവെള്ളത്തിനും കാർഷിക ജലസേചനത്തിനും ഏറെ ഉപകരിക്കുന്നതായിരിക്കും ഈ പദ്ധതി എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജലസേചന പദ്ധതികൾ കുറവുള്ള കാസർഗോഡ് ജില്ലയിൽ ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ-കം-ബ്രിഡ്ജ് ഉപയോഗ ശൂന്യമായിട്ട് 30 വർഷത്തിലധികമായി.

(ബി) ഉണ്ട്. 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് കിഫ്ബിയുടെ ധനസഹായത്തോടെ നിലവിലുള്ള റെഗുലേറ്ററിന്റെ മുകൾഭാഗത്തായി പുതിയ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ KIIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുമതി നൽകുന്ന കാര്യം പരിശോധി ക്കാവുന്നതാണ്.

**പെരിഞ്ചേരിക്കടവിന് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പദ്ധതി**

178 (6433) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്ര കോടി രൂപയാണ്; ഏത് ഏജൻസിയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്; പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഇതിനകം തയ്യാറാക്കിയിട്ടുണ്ടോ;

(സി) പദ്ധതി പൂർത്തിയാകുന്നതോടെ കുടിവെള്ള/ജലസേചന/അനുബന്ധ മേഖകളിൽ എന്തൊക്കെ സൗകര്യങ്ങൾ വന്നു ചേരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കുറ്റ്യാടിപ്പുഴയ്ക്കു കുറുകെ പെരിഞ്ചേരിക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം കിഫ്ബിയുടെ ധനസഹായത്തോടു കൂടിയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രോജക്ട്

റിപ്പോർട്ട് കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ കമ്മിറ്റി ആവശ്യപ്പെട്ട വിശദാംശങ്ങൾകൂടി ഉൾപ്പെടുത്തി റിവൈസ് ചെയ്ത് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതിക്ക് 17-10-2017-ലെ സ.ഉ.(സാധാ) നമ്പർ 859/2017/ജ.വി.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം 57 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. പദ്ധതി ജലസേചന വകുപ്പിന്റെ SPV ആയ KIIDC വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി പൂർത്തിയായാൽ കുരങ്കോട്ട് കടവ് സ്രോതസ്സായി വടകര മുനിസിപ്പാലിറ്റിയിലേക്കുള്ള ഓഗമന്റേഷൻ പദ്ധതി, ഗുളികപ്പുഴ സ്രോതസ്സായുള്ള തിരുവള്ളൂർ ആയഞ്ചേരി കുടിവെള്ള പദ്ധതി, കുറ്റ്യാടിയിൽ നിന്നുള്ള ഒഞ്ചിയം-ചോറോട് കുടിവെള്ള പദ്ധതി, കുന്നുമ്മലും സമീപ പഞ്ചായത്തുകളും ഉൾപ്പെട്ട കുടിവെള്ള പദ്ധതി, പാലേരി കുടിവെള്ള പദ്ധതി തുടങ്ങി വലുതും ചെറുതുമായ നിരവധി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ വേനൽക്കാലത്തും ജലലഭ്യത ഉറപ്പാക്കുകയും അതോടൊപ്പം ഉപ്പ് വെള്ളത്തിന്റെ കടന്നുകയറ്റം തടയാനും കഴിയും. കൂടാതെ പദ്ധതി പൂർത്തിയാകുന്നതോടെ വടകര മുനിസിപ്പാലിറ്റിയിലെയും അനുബന്ധ പഞ്ചായത്തുകളിലെയും കൃഷിക്ക് ജലസേചനം ലഭ്യമാക്കുവാനും വടകര-കൊയിലാണ്ടി താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുവാനും ഈ RCB-യുടെ നിർമ്മാണം പ്രയോജനപ്പെടും. വിനോദസഞ്ചാരത്തിനും മീൻവളർത്തലിനും ഉൾപ്പെടെ ധാരാളം സാദ്ധ്യതകളുള്ള ഒരു പദ്ധതി കൂടിയാണിത്.

**മാലോട്ട് നോർത്ത് കനാൽ സോളിംഗ് & ടാറിംഗ് പ്രവൃത്തി**

179 (6434) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 സാമ്പത്തിക വർഷത്തെ കണ്ണൂർ, അഴീക്കോട് നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കുന്നതിന് ഇറിഗേഷൻ വകുപ്പിൽ നിന്നും 1-8-2017 സ.ഉ.(സാധാ) നമ്പർ 662/2017/ ജ.വി.വ.. തീയതിലെ പ്രകാരം ഭരണാനുമതി ലഭിച്ച നാറാത്ത് പഞ്ചായത്ത്, മാലോട്ട് നോർത്ത് കനാൽ സോളിംഗ് & ടാറിംഗ് പ്രവൃത്തിയുടെ ടെൻഡർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടെൻഡർ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച് എട്ട് മാസം കഴിഞ്ഞിട്ടും ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്നതിന് കാരണം അറിയിക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച സർക്കാർ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ടെണ്ടർ നടപടികൾ പൂർത്തിയായതിനെ തുടർന്ന് 19-2-2018-ൽ എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ട്.

(സി&ഡി) എസ്റ്റിമേറ്റ് തയ്യാറാക്കാനും സാങ്കേതിക പരിശോധനയ്ക്കും ആവശ്യമായ സമയം വേണ്ടി വന്നതിനാലാണ് കാലതാമസമുണ്ടായത്. ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പി.വി.ഐ.പി. ഇരമല്ലൂർ-മേതല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

180 (6435) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.വി.ഐ.പി. ഇരമല്ലൂർ-മേതല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി പൂവത്തൂർ, കുറ്റിലഞ്ഞി പാടശേഖരങ്ങളിലേക്കും ഏക്കുന്നം ചിറയിലേക്കും ഓരോ സ്ലൂയിസ് കനാലുകൾ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) നൂറ് കണക്കിന് ഏക്കർ കൃഷി ഭൂമിയ്ക്കും കുടിവെള്ള സാദ്ധ്യതയ്ക്കും ഉപകാരപ്പെടുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൂവത്തൂർ, കുറ്റിലഞ്ഞി പാടശേഖരങ്ങളിലേയ്ക്ക് ചാനൽ നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് തുക മാറ്റി വച്ചിട്ടുണ്ട്. സ്പൗട്ട് ഇടുവാനുള്ള അനുവാദം പെരിയാർവാലി ജലസേചന പദ്ധതിയിൽ നിന്നും കൊടുക്കുന്നതാണ്. ഏക്കുന്നം ചിറയിലേയ്ക്ക് മുമ്പ് സ്ലൂയിസ് ഇട്ടുപോയിട്ടുള്ളതാണ്.

(സി) സ്വീകരിച്ചുവരുന്നു.

## കനാൽ റോഡുകൾ ഗതാഗത യോഗ്യമാക്കാൻ നടപടി

181 (6436) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കനാൽ റോഡുകൾ ഗതാഗതയോഗ്യമല്ലാത്തതുമൂലം ജനങ്ങൾ വലിയ യാത്രാ പ്രശ്നം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീതിയുള്ളതും കനാലിന് കേടുപാടുകൾ സംഭവിക്കാത്തതുമായ റോഡുകൾ ടാറിംഗ് ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളോ എം.എൽ.എ.-മാരോ ഇത്തരം റോഡുകൾ ഗതാഗതയോഗ്യമാക്കാൻ ഫണ്ട് അനുവദിച്ചാൽ പഞ്ചായത്തുകൾക്കോ, പൊതുമരാമത്ത് വകുപ്പിനോ സമയബന്ധിതമായി പ്രവൃത്തി ചെയ്യാനുള്ള അനുമതി നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്നറിയിക്കുമോ;

(ഡി) നടുവണ്ണൂർ, കോട്ടൂർ പഞ്ചായത്തുകളിൽ ഇങ്ങനെ എത്ര റോഡുകൾക്കാണ് ഇറിഗേഷൻ വകുപ്പിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭ്യമാകുന്ന ഫണ്ട് കനാലിന്റെ അറ്റകുറ്റപ്പണികൾക്കും ജലമൊഴുക്കുന്നതിനുള്ള സംവിധാനങ്ങൾക്കുമാണ് മുൻഗണന നൽകി ചെലവഴിച്ചുവരുന്നത്.

(സി) അപ്രകാരം ഫണ്ട് അനുവദിച്ചാൽ, കനാലിന് കേടുപാടുകളൊന്നും വരുത്താതെയും ജലവിതരണത്തിന് തടസ്സം സൃഷ്ടിക്കാതെയും നടത്താവുന്ന പ്രവൃത്തികളാണെങ്കിൽ പ്രസ്തുത റോഡ് ജലസേചന വകുപ്പിന്റെ ആസ്തിയായി തുടരുമെന്ന നിബന്ധനയോടെ ഇതര വകുപ്പുകൾക്ക് അനുമതി നൽകാറുണ്ട്.

(ഡി) 17 അപേക്ഷകൾ.

## ഇടുക്കി നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

182 (6437) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നടപ്പാക്കിയതും പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നടുവിൽ ഗ്രാമീണ ജലവിതരണ പദ്ധതി

183 (6438) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേയുടെ പ്രവൃത്തി നടക്കുന്ന സാഹചര്യത്തിൽ നടുവിൽ ഗ്രാമീണ ജലവിതരണ പദ്ധതിയുടെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഇതിനുവേണ്ടി ആവശ്യമായ ഫണ്ട് അടിയന്തരമായി അനുവദിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് മലയോര ഹൈവേ പദ്ധതിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിൽ ഉൾക്കൊള്ളിച്ച് നൽകുവാനായി എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി.-ക്ക് നൽകിയിട്ടുണ്ട്.

## ആമച്ചൽ കുളത്തിൽ നെയ്യാർ നദിയിൽ നിന്നും വെള്ളം എത്തിക്കുന്നതിന് നടപടി

184 (6439) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട പഞ്ചായത്തിലെ ആമച്ചൽ കുളത്തിൽ നെയ്യാർ നദിയിൽ നിന്നും വെള്ളം എത്തിക്കുന്നത് സംബന്ധിച്ച ബഹു. മന്ത്രിയുടെ ഓഫീസിൽ നിന്നും ലഭിച്ച കത്ത് നമ്പർ 3025/M(WR) VIP/2017 മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെയ്യാർ നദിയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ആമച്ചൽ കുളത്തിൽ എത്തിച്ച് കൃഷിക്ക് ഉപയോഗിക്കുന്നതിന് എം.ഐ.ക്ലാസ്സ് 2 ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി 94 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പടിയൂർ ഗ്രാമപഞ്ചായത്തിൽ ഇരിക്കൂർ അഡ്ജോയിനിംഗ് പ്രോജക്ട്

185 (6440) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ ഇരിക്കൂർ അഡ്ജോയിനിംഗ് പ്രോജക്ടിൽ നിന്നും പൈപ്പ് ലൈൻ എക്സ്റ്റെൻഷനും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും എത്ര തുകയുടെ എസ്റ്റിമേറ്റാണ് നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പുസാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപ് പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 112 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിട്ടുള്ളത്.

(ബി & സി ) ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പ്രവൃത്തിക്ക് സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

## നെയ്യാർ ഇറിഗേഷൻ പ്രോജക്ട്

186 (6441) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ ഇറിഗേഷൻ പ്രോജക്ടിൽ, ചെയിനേജ് 900-ൽ വരുന്ന വെള്ളായണി വെസ്റ്റ് ബ്രാഞ്ച് കനാലിലെ കട്ട് ആന്റ് കവർ നിർമ്മാണം എന്നാണ് ആരംഭിച്ചത്; ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ അടങ്കൽ തുക എത്രയെന്നും ഇതുവരെ എത്ര തുകയുടെ പണി തീർന്നു എന്നും വ്യക്തമാക്കുമോ; ഈ കാലയളവിൽ എത്ര കരാറുകാർ പണി ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സർക്കാരിനുണ്ടായ നഷ്ടം ഈ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും തീരുമാനം എടുക്കുമോ; വിശദമാക്കാമോ;

(ഡി) നിലവിൽ ഉപയോഗിക്കുന്ന അപകടാവസ്ഥയിലുള്ള ചെറിയ കൈപ്പാലത്തിൽ അപകടങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ എത്രയും വേഗം പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; പണി എന്ന് പൂർത്തിയാക്കാനാകും ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാർ ഇറിഗേഷൻ പ്രോജക്ടിൽ ചെയിനേജ് 900-ൽ വെള്ളായണി വെസ്റ്റ് ബ്രാഞ്ച് കനാലിലെ കട്ട് ആൻഡ് കവർ നിർമ്മാണം എന്ന പ്രവൃത്തി ഉൾപ്പെടുന്നില്ല.

(ബി-ഡി) ബാധകമല്ല.

## നിലമ്പൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ

187 (6442) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പിലാക്കാൻ പോകുന്ന ഇറിഗേഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ബി) വിവിധ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതിയുടെയും സാങ്കേതികാനുമതികളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ നിയോജക മണ്ഡലത്തിൽ ഏതെങ്കിലും കാരണത്താൽ തടസ്സപ്പെട്ടു നിൽക്കുന്ന പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; തടസ്സപ്പെട്ടവ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഇ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; വിശദമാക്കാമോ; കിഫ്ബിയിലേക്ക് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-ഇ) കേരള ജല അതോറിറ്റി

നിലമ്പൂർ നിയോജക മണ്ഡലത്തിനുകീഴിൽ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല പദ്ധതി.

2. നിലമ്പൂർ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള പദ്ധതിയുടെ വിതരണ ശൃംഖലയുടെ വിപുലീകരണം.

ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ് എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ജല ശുദ്ധീകരണശാലയ്ക്കാവശ്യമായ സ്ഥലം ബന്ധപ്പെട്ട പഞ്ചായത്തുകൾ ലഭ്യമാക്കാത്തതിനാൽ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. ബാക്കി ഘടകങ്ങൾ ഇതിനുശേഷം മാത്രമേ വിഭാവനം ചെയ്യുകയുള്ളൂ. നിലമ്പൂർ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം 20-8-2017-ന് പൂർത്തീകരിച്ച് കുടിവെള്ളം വിതരണം ചെയ്തുവരുന്നു. കേരള ജല അതോറിറ്റി നിലമ്പൂർ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

ജലസേചന വകുപ്പ്

നിലമ്പൂർ നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു :

1. കിഫ്ബിയിൽ നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ കളത്തുംകടവിൽ ചാലിയാർപ്പുഴയ്ക്ക് കുറുകെ കളത്തുംകടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

2. ചുങ്കത്തറ പഞ്ചായത്തിലെ ആറംപുളിക്കലിൽ പൂന്നപ്പുഴയ്ക്ക് കുറുകെ ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം-പ്രവൃത്തി ആരംഭിച്ചു. പ്രവൃത്തി തുടങ്ങിയപ്പോൾ പുഴയുടെ പര്യവേഷണത്തിൽ വന്ന വ്യതിയാനംകാരണം ലഭ്യമായ ഡിസൈൻ പ്രകാരം പ്രവൃത്തി തുടരാൻ സാധിച്ചില്ല. സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള പുതിയ ഡിസൈനിന് അംഗീകാരം നൽകിയിട്ടുണ്ട്.

3. പോത്തുകല്ല് പഞ്ചായത്തിൽ തമ്പുരാട്ടിക്കല്ല് മുറംഉക്കിയിൽ നീർപ്പുഴയ്ക്ക് കുറുകെ വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മാണം - ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

നിലമ്പൂർ നിയോജക മണ്ഡലത്തിൽ വിഭാവനം ചെയ്ത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു. പ്രസ്തുത പ്രവൃത്തികളുടെ ഡിസൈൻ ലഭ്യമാക്കിയശേഷം ഡി.പി.ആർ. തയ്യാറാക്കി അനുയോജ്യമായ ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കാവുന്നതാണ്.

1. കരുളായി പഞ്ചായത്തിൽ പാലങ്കര പാലത്തിന് സമീപം ഒഴലക്കലിൽ കരിമ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - പുരോഗമിച്ചു വരുന്നു.

2. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ കുതിരപ്പുഴ പാലത്തിന്റെ മുകൾഭാഗത്ത് കുതിരപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - പുരോഗമിച്ചു വരുന്നു.

3. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ രാമൻകുത്ത് റെയിൽവേ പാലത്തിന് സമീപം കുതിരപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്.

4. മൂത്തേടം പഞ്ചായത്തിൽ വാരക്കോട് പുന്നപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - സാമ്പത്തികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്.

5. പോത്തുകല്ല് പഞ്ചായത്തിൽ ഭൂതാനത്തിൽ ചാലിയാർപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - സർവ്വേ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചു.

6. പോത്തുകല്ല് പഞ്ചായത്തിൽ മുണ്ടേരിയിൽ ചാലിയാർപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി - പുരോഗമിച്ചു വരുന്നു.

കേരള ജല അതോറിറ്റിയും ജലസേചന വകുപ്പും നടപ്പിലാക്കുന്ന പദ്ധതികളുടെ ഭരണാനുമതിയുടേയും സാങ്കേതികാനുമതിയുടേയും പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കുറ്റ്യാടി മണ്ഡലത്തിൽ ജലസേചന വകുപ്പിനുകീഴിലുള്ള പദ്ധതികൾ**

188 (6443) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പദ്ധതികൾ ഏതെല്ലാം;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പദ്ധതിയുടെ പേരും എസ്റ്റിമേറ്റ് തുകയും പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ;

(സി) നിയോജക മണ്ഡലത്തിൽ നിന്ന് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാം ;

(ഡി) ഈ പദ്ധതികളുടെ പേരും മറ്റ് വിശദാംശങ്ങളും കൂടാതെ പ്രൊപ്പോസലുകൾ ഓരോന്നും ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ഇ) വേനൽ കാലത്തെ വരൾച്ച മുന്നിൽ കണ്ട് ജലസേചന വകുപ്പ് പ്രസ്തുത നിയോജക മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) കുറ്റ്യാടി ജലസേചന പദ്ധതി; ഇത് 1993-ൽ പൂർത്തീകരിച്ചു.

(സി & ഡി) പുതിയ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(ഇ) കനാലുകളിലൂടെ ജലവിതരണം സമയബന്ധിതമായി നടത്തി വരുന്നുണ്ട്. പദ്ധതിയുടെ കനാലുകൾ കടന്നുപോകുന്ന ഭാഗങ്ങളിലും അടുത്ത പ്രദേശങ്ങളിലുമുള്ള കിണറുകൾ, കുളങ്ങൾ എന്നിവ റീചാർജ് ചെയ്യുന്നതുവഴി വരൾച്ചയെ ഒരു പരിധിവരെ പ്രതിരോധിക്കാൻ സാധിക്കുന്നുണ്ട്.

**പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

189(6444) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരള മിഷന്റെ "ഒരു പഞ്ചായത്തിൽ ഒരു കുളം" പദ്ധതിയിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നിന്ന് ഏതെല്ലാം പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്തു കൊണ്ടാണ് പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളെ ഉൾപ്പെടുത്താതിരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ കുളങ്ങളും നവീകരിക്കുന്നതിനായി 2017-18 ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽചിറ നവീകരിക്കുന്നതിനായി 2.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ഇപ്പോൾ നിലവിലില്ല.

## പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണം

190 (T* 6445) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) വിവിധ ഏജൻസികൾ നിർമ്മാണം സംബന്ധിച്ച് പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നോ;

(ഡി) അതനുസരിച്ച് നിർമ്മാണം നടത്തുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പെരുമ്പുഴക്കടവ് പാലത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ ഡിസൈൻ ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരം പുനർരൂപകൽപ്പന ചെയ്തുകൊണ്ടിരിക്കുകയാണ്.

(സി) മണ്ണ് പരിശോധനയ്ക്ക് എൽ.ബി.എസ്. സെന്ററിനെ കരാർ ഏൽപ്പിക്കുകയും അവർ ടി സ്ഥലത്ത് ലാൻഡ് സ്പാൻ ശിപാർശ ചെയ്യുകയും ചെയ്തു. ഭരണാനുമതി നിർദ്ദേശം അനുസരിച്ച് വിശദമായ മണ്ണ് പരിശോധനയ്ക്കും അനുയോജ്യമായ ഡിസൈനിംഗിനും വേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തി.

(ഡി&ഇ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ഡിസൈൻ ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശമനുസരിച്ച് മണ്ണിനെ സംബന്ധിച്ചുള്ള പാരാമീറ്ററുകൾ കണ്ടെത്തുന്നതിനായി ടെണ്ടർ വിളിച്ച് തിരുവനന്തപുരം Ruby Soft Tech എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചു. അവരുടെ റിപ്പോർട്ടുപ്രകാരം ഐ.ഡി.ആർ.ബി.യിൽ നിന്നും ഡിസൈൻ ലഭിക്കുകയും അതിൻപ്രകാരം എസ്റ്റിമേറ്റ് തുക 395 ലക്ഷം രൂപയായതിനാലും 23-3-2017-ൽ ഭരണാനുമതിയുടെ കാലാവധി തീർന്നതിനാലും പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ, ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സൈറ്റ് സന്ദർശനത്തിൽ നടത്തിയ ചില നിരീക്ഷണങ്ങൾക്കനുസരിച്ച് ഡിസൈനിൽ ഭേദഗതി വരുത്തേണ്ടതിനാൽ പുനർ രൂപകൽപ്പന ചെയ്തുകൊണ്ടിരിക്കുകയാണ്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**പൂവംപെരുമ്പുഴക്കടവിൽ നിർമ്മിച്ച പാലം**

191 (6446) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ പൂവം പെരുമ്പുഴക്കടവിൽ നിർമ്മിച്ച പാലം ഇപ്പോൾ ഉപയോഗയോഗ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമ്പുഴക്കടവ് തോടിലെ ജല നിർഗ്ഗമന മാർഗ്ഗങ്ങൾ വർഷങ്ങളായി അടഞ്ഞുകിടക്കുന്ന സാഹചര്യം പരിഗണിച്ച് പ്രസ്തുത പാലത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരം തയ്യറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിലെ ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ഥലപരിശോധന നടത്തി ഭേദഗതികൾ വരുത്തുന്നതിന് നൽകിയ നിർദ്ദേശങ്ങൾ പ്രകാരം ഐ.ഡി.ആർ.ബി.-യിൽ പുനർരൂപകൽപ്പന ചെയ്തുകൊണ്ടിരിക്കുകയാണ്.

**ജലക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ**

192(6447) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കുന്ന പൊതുജന പങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നീരൊഴുക്ക് നിലച്ച നദികളുടെയും പുഴകളുടെയും പുനരുജ്ജീവനം സാധ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നദികളുടെ പുനസംയോജനം സാധ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പൊതു ജനപങ്കാളിത്തത്തോടുകൂടി കുളങ്ങൾ, കനാലുകൾ, തോടുകൾ, പൊതുകിണറുകൾ എന്നിവ പുനരുജ്ജീവിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ജലലഭ്യത പ്രധാനമായും മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ മഴയിൽ നിന്ന് ലഭിക്കുന്ന ജലം പരമാവധി സംരക്ഷിക്കുകയെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതോടൊപ്പം ലഭ്യമാകുന്ന ജലം മാലിന്യമാകാതെ സംരക്ഷിക്കുകയും വേണം. ഇത് മുൻനിർത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ എന്നിവയുടെ ഏകോപനത്തോടെയും വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഭൂഗർഭജലവിതാനം താഴാതെ നിലനിർത്തുന്നതിനായി മഴവെള്ള സംഭരണത്തിൽ കൂടിയുള്ള ഭൂജല പോഷണം, പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/തോടുകൾ എന്നിവയുടെ നവീകരണം/മാലിന്യം മുക്തമാക്കൽ, ചെറുതും വലുതുമായ തോടുകളിൽ താൽക്കാലിക/സ്ഥിരം തടയണകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നാശോന്മുഖമായിക്കിടന്ന കിണറുകൾ പുനരുജ്ജീവിപ്പിക്കൽ, പുഴകളിലെ നീരൊഴുക്ക് നിലനിർത്തുന്നതിനും ഓരുവെള്ളക്കയറ്റം തടയുന്നതിനുമായുള്ള തടയണ/റെഗുലേറ്റർ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ജനപങ്കാളിത്തം ഉറപ്പാക്കി വിവിധ ഏജൻസികൾ മുഖേന നിർവ്വഹിച്ചിട്ടുണ്ട്. ഇതുവഴി ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

ഹരിത കേരളം മിഷനുകീഴിൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ ഏറെയും പൊതുജന പങ്കാളിത്തത്തോടെയുള്ളതാണ്. കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജലസ്രോതസ്സുകൾ ജനകീയമായി സന്നദ്ധ സേവനത്തിലൂടെ ശുചീകരിച്ചുകൊണ്ടാണ് മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഹരിത കേരളം മിഷൻ മുന്നോട്ടുവച്ച ലക്ഷ്യങ്ങളിൽ ആകൃഷ്ടരായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജലസംരക്ഷണത്തിനായി ചെറുതും വലുതുമായ അനേകം ജനകീയ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. അനേകം പുഴകൾ ശുചിയാക്കുകയും പുനരുജ്ജിവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിൽ ജലസമൃദ്ധി എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതികൾ ഏറെക്കുറേ പൂർണ്ണമായും ജനകീയമായാണ് സംഘടിപ്പിച്ചത്.

(ബി) നീരൊഴുക്ക് നിലച്ച വരട്ടാർ, കോലറയാർ, മീനന്തറയാർ-കൊടൂരാറിന്റെ (കോട്ടയം) ചില ഭാഗങ്ങൾ, കാനാമ്പുഴയാർ (കണ്ണൂർ), പള്ളിക്കലാർ (പത്തനംതിട്ട/കൊല്ലം) തുടങ്ങി ചെറുതും വലുതുമായ നദികളുടെ പുനരുജ്ജീവനം സാദ്ധ്യമായിട്ടുണ്ട്. ഹരിത കേരളം മിഷന്റെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, ജനപങ്കാളിത്തം എന്നിവയുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം വഴിയാണ് ഇത് സാദ്ധ്യമായത്. മാലിന്യം നിറഞ്ഞുകിടന്നിരുന്ന തൃശ്ശൂർ ജില്ലയിലെ 15 കിലോമീറ്റർ നീളമുള്ള പെരുംതോട് ജനകീയമായി ശുചിയാക്കി.

(സി) ഉണ്ട്. കോട്ടയം ജില്ലയിലെ അയർകുന്നം, മണർക്കാട്, വിജയപുരം, കോട്ടയം മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന 1100-ലധികം ഏക്കർ വരുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിന് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് മീനച്ചിലാറിനെയും മീനന്തറയാറിനെയും യോജിപ്പിക്കുന്ന തോട് പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സാദ്ധ്യമാക്കി. ഈ പദ്ധതിയുടെ ഭാഗമായി തോടുകൾ ജനകീയമായി വൃത്തിയാക്കുകയും അടഞ്ഞുപോയവ വീണ്ടും വെട്ടിയുണ്ടാക്കുകയും ചെയ്ത് നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. കൂടാതെ, വരട്ടാർ - ആദി പമ്പ പുനഃസംയോജനവും സാദ്ധ്യമാക്കാൻ കഴിഞ്ഞു. രണ്ടാംഘട്ടമായി ഇത്തരത്തിൽ പുനരുജ്ജീവിപ്പിച്ചവ സ്ഥായിയായി നിലനിർത്തുന്നതിനുവേണ്ടി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ 60 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ഡി) ഹരിത കേരളം മിഷന്റെയും തദ്ദേശഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, ജനപങ്കാളിത്തം എന്നിവയുടെയും ഏകോപനത്തോടുകൂടിയ പ്രവർത്തനം വഴി കുളങ്ങൾ, കനാലുകൾ, തോടുകൾ, പൊതു കിണറുകൾ എന്നിവ കേരളത്തിലെ എല്ലാ ജില്ലകളിലും പൊതുജന പങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 50 ദിവസം 100 കുളം എന്ന പദ്ധതിയിൽ 151 കുളങ്ങൾ ജനകീയമായി പുനരുജ്ജീവിപ്പിച്ചു. 100 കുളം മൂന്നാംഘട്ടം എന്ന പദ്ധതിയിൽ ഇതുവരെ 18 കുളങ്ങൾ നവീകരിച്ചു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജലസമൃദ്ധി എന്ന പദ്ധതിയുടെ ഭാഗമായി നിയോജക മണ്ഡലത്തിലെ ഭൂരിഭാഗം കുളങ്ങളും ജനകീയമായി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

## മാവേലിക്കര നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും

193 (6448) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും പദ്ധതികളുടെയും കെട്ടിടങ്ങളുടെയും വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിലും കെട്ടിടങ്ങളിലും ഉപയോഗമുള്ളവയുടെയും ഉപയോഗമില്ലാത്തവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയറുടെ കീഴിൽ മാവേലിക്കര നിയോജക മണ്ഡലത്തിൽവരുന്ന പദ്ധതികൾ പമ്പാ ഇറിഗേഷൻ പ്രോജക്ടും കല്ലട ഇറിഗേഷൻ പ്രോജക്ടും ആണ്. ടി പദ്ധതികളുമായി ബന്ധപ്പെട്ടുവരുന്ന ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പമ്പാ ഇറിഗേഷൻ പ്രോജക്ട് - ഭൂമി സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| തെക്കേക്കര | - | 1667.35 ആർ |
| തഴക്കര | - | 1477.99 ആർ |
| മാവേലിക്കര | - | 62.03 ആർ |

കെട്ടിടങ്ങൾ

1. സബ് ഡിവിഷൻ ഓഫീസ് - 1 നമ്പർ
2. ക്വർട്ടേഴ്സ് - 2 നമ്പർ

(ഒരു കെട്ടിടത്തിൽ മൈനർ ഇറിഗേഷൻ സെക്ഷൻ കാര്യാലയം പ്രവർത്തിക്കുന്നു. ഒരു കെട്ടിടം ഒഴിവ്)

കല്ലട ഇറിഗേഷൻ പ്രോജക്ട്

കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ വലതുകര മെയിൻ കനാലിന്റെ ആദിക്കാട്ടു കുളങ്ങര മുതൽ ചാരുംമൂട് വരെ 9 കി. മീറ്ററും ഉപകനാലുകളും കൂടി 25 കി. മീ. നീളത്തിൽ കനാലിനുവേണ്ടി ഏറ്റെടുത്ത ഭൂമിയുണ്ട്. ചാരുംമൂട് കെ.ഐ.പി. ക്യാമ്പസ് ഉദ്ദേശം 68.15 ആർ. സ്ഥലമുണ്ട്. ടി വസ്തുവിൽ 6 ക്വാർട്ടേഴ്സുകൾ, കുട്ടനാട് വികസന ഉപഡിവിഷൻ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ്, മൈനർ ഇറിഗേഷൻ ഓഫീസ്, അഗ്രികൾച്ചറൽ (പഴയ) ഓഫീസ്, ഡോർമിറ്ററി എന്നിവയ്ക്ക് കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുമുണ്ട്. കൂടാതെ ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 എൽ.ഐ. സ്റ്റേഷനുകൾ സംബന്ധിച്ച വിവരവും കേരള വാട്ടർ അതോറിറ്റിയുടെ വസ്തുവകകൾ സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു*.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) മാവേലിക്കര നിയോജക മണ്ഡലത്തിൽ പമ്പാ ഇറിഗേഷൻ പ്രോജക്ടിനോടനുബന്ധിച്ചുള്ള സബ് ഡിവിഷനും അതിന്റെ പരിധിയിലുള്ള മൂന്ന് സെക്ഷനുകളും നിർത്തലാക്കിയെങ്കിലും റീസ്ട്രക്ച്ചറിംഗ് നടത്തുന്നതിന്റെ കാലതാമസംകൊണ്ടാണ് ഉപയോഗമില്ലാതെ കിടക്കുന്നത്. റീസ്ട്രക്ച്ചറിംഗ് നടത്തിയാലുടൻ ടി കെട്ടിടങ്ങൾ ഉപയോഗിക്കാവുന്നതാണ്. കല്ലട ഇറിഗേഷൻ പ്രോജക്ടിൽ വരുന്ന മേൽപ്പറഞ്ഞ കെട്ടിടങ്ങളിൽ ഒരു ആഫീസ് കെട്ടിടം, ഒരു ഡോർമിറ്ററി, മൂന്ന് ക്വാർട്ടേഴ്സുകൾ എന്നിവ ഒഴിഞ്ഞുകിടക്കുന്നു. മറ്റുള്ളവയെല്ലാം ഉപയോഗയോഗ്യമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭൂജല വകുപ്പിന്റെ പ്രത്യേക പദ്ധതികൾ

194 (6449) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂജലം സംരക്ഷിക്കുന്നതിനും റീചാർജ് ചെയ്യുന്നതിനും ഭൂജല വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. ഭൂജലവകുപ്പ്, 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവൃത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു. ഭൂജലവകുപ്പിന് 2017-18 സാമ്പത്തികവർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 117-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പ്രവർത്തികൾക്കായി വിവിധ ജില്ലകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, നാല് കുഴൽക്കിണർ റീചാർജ് പ്രവൃത്തികൾക്ക് ഇടുക്കി ജില്ലയ്ക്കും അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാൽപ്പതോളം തുറന്ന കിണർ വഴിയുള്ള ഭൂജലസംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ, ബോർവെൽ റീചാർജ് അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ അമിതചൂഷിത വിഭാഗത്തിൽപ്പെട്ട ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമട പ്രദേശത്ത് കുഴൽക്കിണറുകൾ കൃത്രിമമായി പരിപോഷണം നടത്തുന്നതിന് വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി മുതലായ ജില്ലകളിൽ 40 മീറ്റർ ആഴം മുതൽ 70 മീറ്റർ ആഴം വരെയുള്ള ഭാഗത്ത് ലഭ്യമായിരുന്ന ഭൂജലനിരപ്പ് കുറഞ്ഞുവരികയും ചില സ്ഥലങ്ങളിൽ ജലം പൂർണ്ണമായി വറ്റിപ്പോകുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി വിശദമായ ഹൈഡ്രോ ജിയോളജിക്കൽ, സ്ലഗ് ടെസ്റ്റ് പരിശോധനകൾക്കുശേഷം ബോർവെൽ റീചാർജ് പദ്ധതി വിപുലമായ രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ (സെമിക്രിട്ടിക്കൽ വിഭാഗം) 50 സ്കൂളുകളിൽ തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുവാനും വകുപ്പ് ലക്ഷ്യമിടുന്നു.

## ജലസ്രോതസ്സുകളുടെ സംരക്ഷണം

195 (6450) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷന്റെ ഭാഗമായ ജലസമൃദ്ധിയിലൂടെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടുകൂടി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇതിലൂടെ ഇതിനകം കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്;

(സി) തുറന്ന കിണറുകൾ റീചാജ് ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; അതുവഴി ഭൂജലനിരപ്പ് ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പ്:

ഹരിത കേരളം മിഷന്റെ മൂന്ന് ഉപദൗത്യങ്ങളിലൊന്നാണ് "ജലസംരക്ഷണം/ജലസമൃദ്ധി." ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സമഗ്ര നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, പുതിയൊരു ജലസംരക്ഷണ-വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക തുടങ്ങിയ മുഖ്യലക്ഷ്യങ്ങളോടെ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുകയെന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, മാലിന്യമുക്തമാക്കൽ, കയ്യേറ്റംമൂലമോ പ്രകൃതിദത്തമായോ മൂടപ്പെട്ട ജലസ്രോതസ്സുകളുടെ വീണ്ടെടുക്കൽ, ഭൂജലപരിപോഷണം സാദ്ധ്യമാക്കുന്ന നിർമ്മിതികൾ, ഉപയോഗ ശൂന്യമായിക്കിടന്ന കിണറുകൾ ഉപയോഗ യോഗ്യമാക്കൽ, നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കാനായി ഒന്നാംനിര/രണ്ടാം നിര തോടുകളുടെ പുനരുദ്ധാരണം, ജൈവ തടയണകളുടെ നിർമ്മിതി എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതിയായിത്തന്നെ നടപ്പിലാക്കാൻ കഴിയുംവിധം ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക

സമിതികളുടെ നേതൃത്വത്തിൽ നീർത്തട പ്ലാനും നീർത്തട മാസ്റ്റർ പ്ലാനും തയ്യാറാക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഇത്തരത്തിൽ രൂപപ്പെടുത്തുന്ന നീർത്തട പദ്ധതികൾ മുന്നോട്ടു വയ്ക്കുന്ന പ്രവൃത്തികൾ വിവിധ വകുപ്പുകളുടെ ചുമതലയിൽ നിർവ്വഹിക്കുന്നതിന് സാദ്ധ്യമാകും. ഇതുവഴി ആ പ്രദേശത്തെ മണ്ണ്-ജലസംരക്ഷണവും ജൈവവൈവിദ്ധ്യ സംരക്ഷണവും ഉറപ്പാക്കാൻ കഴിയും. ഹരിത കേരളം മിഷന്റെ ഭാഗമായി രൂപപ്പെടുത്തിയിട്ടുള്ള/രൂപപ്പെടുത്തുന്ന എല്ലാ പദ്ധതികളും ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടായിരിക്കും നടപ്പിലാക്കുക.

ഹരിത കേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ ഏറിയപങ്കും ജനകീയ പങ്കാളിത്തത്തിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. അനവധി കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണവും പുതിയവയുടെ നിർമ്മാണവും ഇത്തരത്തിൽ സംസ്ഥാനത്ത് നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ അനവധി ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കപ്പെട്ടു. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകിയിരുന്ന പൂർണ്ണമായും നികന്നുപോയ 9.4 കിലോമീറ്റർ നീളമുള്ള വരട്ടാർ ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ജനകീയമായി വീണ്ടും വെട്ടിയുണ്ടാക്കി പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സാദ്ധ്യമാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പള്ളിക്കലാർ, കോലറയാർ എന്നിവ പുനരുജ്ജീവിപ്പിച്ചു. കണ്ണൂർ ജില്ലയിലെ കാനാമ്പുഴയുടെ പുനരുജ്ജീവനം സാദ്ധ്യമാക്കി. ഇതുകൂടാതെ മാലിന്യം നിറഞ്ഞുകിടന്നിരുന്ന തൃശ്ശൂർ ജില്ലയിലെ 15 കിലോമീറ്റർ നീളമുള്ള പെരുംതോട് ജനകീയമായി ശുചിയാക്കി.

(ബി) കൈവരിച്ച പ്രധാന നേട്ടങ്ങൾ ഇപ്രകാരമാണ്:-

ജലസംരക്ഷണം/ജലസമൃദ്ധി പദ്ധതികളുടെ ഭാഗമായി നദികളുടെ പുനരുജ്ജീവനം തോടുകളുടെ സംരക്ഷണം, കുളങ്ങൾ, നദികൾ എന്നിവ മാലിന്യമുക്തമാക്കൽ, നവീകരിക്കൽ, കുളങ്ങളുടെ സംഭരണശേഷി കൂട്ടൽ, മഴവെള്ളം സംരക്ഷിച്ച് ഭൂജലപോഷണം ഉറപ്പാക്കൽ, നികന്നുപോയ തോടുകളുടെ പുനർനിർമ്മാണം പുതിയ കുളങ്ങളുടെയും തോടുകളുടെയും നിർമ്മാണം, ജലസേചനം ഉറപ്പാക്കുക വഴി കൃഷിയുടെ പുനരാരംഭിക്കൽ, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം കാരണം ഭൂജലനിരപ്പിൽ ഉയർച്ച, കിണറുകളുടെ റീച്ചാർജിംഗ്, ഉപേക്ഷിക്കപ്പെട്ട ക്വാറികളിലെ ജലമുപയോഗിച്ച് കിണറുകളുടെയും കുളങ്ങളുടെയും റീച്ചാർജിംഗ് സാദ്ധ്യമാക്കി, തോടുകൾ/ കുളങ്ങൾ എന്നിവയുടെ

വശങ്ങൾ കയർ, ജിയോ ടെക്സ്റ്റൈയിൽ ഉപയോഗിച്ച് സംരക്ഷിക്കുക, ആവശ്യമുള്ളയിടങ്ങളിൽ പുതിയ ഫാം പോണ്ടുകൾ നിർമ്മിക്കുക, തുടങ്ങിയ പ്രവർത്തനംവഴി പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ജലമലിനീകരണം കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനെല്ലാമുപരി ജലസംരക്ഷണത്തിന്റെയും ജല ഉപയോഗത്തിൽ മിതത്വം പാലിക്കേണ്ടതിന്റെയും പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനും ജലസമൃദ്ധിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

(സി) തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്ന പദ്ധതി വിജയപ്രദമായ ഒന്നാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനൊപ്പം ഭൂജലനിരപ്പ് ഉയർത്തുന്നതിനും ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

## അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം

196(6451) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് താഴ്ന്നു വരുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം വെള്ളത്തിന്റെ അളവ് കുറയ്ക്കാൻ ഇടവരുത്തുന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ

### ഉത്തരം

(എ) ഉണ്ട്. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരളയുടെ മാർച്ച് 2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ,

ചിറയിൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ലോക്കുകൾ, സെമിക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 131 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. 2008-09 വർഷത്തെ ആകെയുള്ള ഭൂജല സമ്പത്ത് (Net Groundwater availability) 6.029 BCM ആയിരുന്നു. 2011 മാർച്ച് വരെയുള്ള റിപ്പോർട്ടുപ്രകാരം ആകെയുള്ള ഭൂജല സമ്പത്ത് 6.07 BCM ആയിരുന്നു. എന്നാൽ 2013 മാർച്ച് വരെയുള്ള ആകെ ഭൂജല സമ്പത്ത് 5.65 BCM ആണ്. 2011 മാർച്ച് മുതൽ 2013 മാർച്ച് വരെയുള്ള കാലയളവിൽ ഭൂജലസമ്പത്തിൽ 0.42 BCM കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2017 മാർച്ച് വരെയുള്ള ഭൂജലസമ്പത്ത് കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ (2015, 2016) സംസ്ഥാനത്ത് ലഭ്യമായ വാർഷിക മഴയുടെ തോത് സംസ്ഥാന ശരാശരിയേക്കാൾ (3000 മി.മീ.) കുറവായിരുന്നതിനാലും ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾ ഭൂജലസംപോഷണ പ്രക്രിയയെ ബാധിക്കുന്നതും ഭൂജലവ്യതിയാനത്തിന് കാരണമാകുന്നു. ഇതുകൂടാതെ പ്രാദേശിക തലത്തിൽ ജലഭൃതങ്ങളുടെ ഘനത്തിലുണ്ടാകുന്ന (thickness) ഏറ്റക്കുറച്ചിലുകളും പാറയുടെ ആധിക്യം കൂടുതലുള്ള പ്രദേശങ്ങളിലും വേനൽകാലങ്ങളിൽ ജലലഭ്യതയ്ക്ക് കുറവുണ്ടാകാം.

(ബി) ഉണ്ട്. കുഴൽക്കിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജലവകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഭൂജല സർവ്വേ നടത്തി കുഴൽക്കിണർ നിർമ്മാണം വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93(എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജലവകുപ്പിന്റെ clearance-ഉം 10-1-2014 മുതൽ നിർബന്ധമാണ്. കൂടാതെ സ്വകാര്യ കുഴൽക്കിണർ നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള ഏജൻസി/ സ്ഥാപനം എന്നിവയ്ക്ക് സംസ്ഥാന ഭൂജല അതോറിറ്റി രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

## മഴവെള്ളസംഭരണം നിർബന്ധമാക്കാൻ നിയമം

197 (6452) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജലക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനായി എല്ലാ വീടുകളിലും കെട്ടിടങ്ങളിലും പുതുതായി നിർമ്മിക്കുന്ന എല്ലാ വീടുകൾക്കും കെട്ടിടങ്ങൾക്കും മഴവെള്ള സംഭരണി/ കിണർ നിർബന്ധമാക്കാൻ ആവശ്യമായ നിയമം കൊണ്ടുവരുമോ; വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത സംഗതി ലക്ഷ്യംവച്ച് തദ്ദേശസ്വയംഭരണ വകുപ്പ്, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥകൾ ചേർത്ത് 2004-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നു.

## നദികളിലെയും ജലാശയങ്ങളിലെയും സൈനോ ബാക്ടീരിയ സാന്നിദ്ധ്യം

198 (6453) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിലും ജലാശയങ്ങളിലും സൈനോ ബാക്ടീരിയകൾ പടർന്നു പിടിക്കുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) സൈനോ ബാക്ടീരിയകൾ മനുഷ്യ ശരീരത്തിൽ കടന്ന് അസുഖങ്ങൾ ഉണ്ടാക്കും എന്ന തരത്തിലുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ മനുഷ്യർക്ക് അസുഖം ബാധിച്ചിട്ടുണ്ടോ എന്നും ഏതെല്ലാം ജില്ലകളിലാണ് അസുഖം കണ്ടെത്തിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടിപ്പുഴയിലും മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയിലും സൈനോ ബാക്ടീരിയയുടെ സാന്നിദ്ധ്യം സമീപകാലത്ത് കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലിയാർ പുഴയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ മലപ്പുറം ജില്ലാ കളക്ടർ വിളിച്ചുചേർത്ത ദുരന്തനിവാരണ അതോറിറ്റി യോഗത്തിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശന നിയമ നടപടിയെടുക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങൾ, സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ പുഴയിലുള്ള മാലിന്യങ്ങൾ നീക്കാനുള്ള സന്നദ്ധ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല.

## ടാങ്കറുകളിൽ കുടിവെള്ള വിൽപ്പന നടത്തുന്ന സംഘങ്ങളെ തടയുന്നതിന് നടപടി

199 (6454) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽ കനത്തതോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജലമൂറ്റി ടാങ്കറുകളിൽ കൊണ്ട് നടന്ന് വിൽപ്പന നടത്തുന്ന സംഘങ്ങൾ വ്യാപകമായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ചെയ്യുന്നതുമൂലം ഗ്രാമീണ മേഖലകളിലും മറ്റും ജലക്ഷാമം രൂക്ഷമാകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെയുള്ള സംഘങ്ങളെ തടയുന്നതിന് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ-സി) ജലസ്രോതസ്സുകളിൽനിന്നും വ്യാവസായികാവശ്യത്തിനും മറ്റും ജലം എടുക്കുന്നതിന് കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരം ജലവിഭവ വകുപ്പ് നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജലത്തിന്റെ അനാവശ്യമായതും പരിധിവിട്ടുള്ളതുമായ ഉപയോഗം കുറയ്ക്കുവാൻ സ്ക്വാഡ് പ്രവർത്തനം നടത്തുന്നുണ്ട്. സ്വകാര്യ സംഘങ്ങൾ വേനലിന്റെ കാഠിന്യം മുതലെടുത്ത് ജനങ്ങളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുവാൻ ജില്ലാ ഭരണകൂടങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും ജാഗ്രത പുലർത്തിവരുന്നു.

## പൊതുടാപ്പുകളുടെയും പൊട്ടിയ പൈപ്പുകളുടെയും അറ്റകുറ്റപ്പണികൾ

200 (6455) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരായ ജനവിഭാഗം കുടിവെള്ളത്തിനായി ആശ്രയിക്കുന്ന പൊതുടാപ്പുകളുടെ അറ്റകുറ്റപ്പണികൾ സമയാസമയത്ത് നടത്താത്തതിനാലും പൊട്ടിയ പൈപ്പുകൾ യഥാസമയം നന്നാക്കാത്തതിനാലും ശുദ്ധജലം നഷ്ടമാകുന്നത് തടയാൻ നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) രൂക്ഷമാകുന്ന ജലക്ഷാമം കണക്കിലെടുത്ത് ശുദ്ധജലം ഇപ്രകാരം നഷ്ടമാകുന്നത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാലപ്പഴക്കം കാരണം പെട്ടെന്ന് പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി കേരള വാട്ടർ അതോറിറ്റി മാറ്റി സ്ഥാപിച്ചുവരുന്നു. കൂടാതെ വരൾച്ചാ കാലത്ത് ഇത്തരത്തിലുള്ള ശുദ്ധജല നഷ്ടം തടയാൻ പ്രത്യേക ശ്രദ്ധചെലുത്തി യഥാസമയം പ്രശ്നം പരിഹരിക്കാറുണ്ട്. ബ്ലൂ ബ്രിഗേഡുപോലുള്ള സംവിധാനത്തിലൂടെ അടിയന്തിര ഘട്ടങ്ങളിൽ ശുദ്ധജലം നഷ്ടപ്പെടാതിരിക്കാൻ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൂടാതെ ജലദുരുപയോഗം തടയുന്നതിന് പ്രത്യേക സ്ക്വാഡ് പ്രവർത്തനവും കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നുണ്ട്.

**ഹരിത കേരളം മിഷന്റെ ഭാഗമായ ജല സംരക്ഷണ പ്രവർത്തനങ്ങൾ**

201 (6456) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരള മിഷന്റെ ഭാഗമായി ജല സംരക്ഷണ പ്രവർത്തനത്തിനായി ഈ വർഷം എത്ര രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിയത്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2017-18 ബജറ്റിൽ ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 5 കോടി രൂപയും എം.ഐ.ക്ലാസ്സ്-1, എം.ഐ.ക്ലാസ്സ്-II, ഹരിത കേരളം പ്രവൃത്തികൾക്കായി 10 കോടി രൂപയും വകയിരുത്തിയിരുന്നു. ഇതിന് ഭരണാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജല സംരക്ഷണം (ജലസമൃദ്ധി)-ലക്ഷ്യങ്ങൾക്കനുസൃതമായി ഏകദേശം 31.57 കോടി രൂപയുടെ പ്രവൃത്തികൾ ജലസേചന വകുപ്പിന് അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട ജില്ല തിരിച്ചുള്ള പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഇതുകൂടാതെ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകിയിരുന്ന പൂർണ്ണമായും നികന്നുപോയ 9.4 കിലോമീറ്റർ നീളമുള്ള വരട്ടാർ ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ജനകീയമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വീണ്ടും വെട്ടിയുണ്ടാക്കി പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സാദ്ധ്യമാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പള്ളിക്കലാർ, കോലറയാർ എന്നിവ പുനരുജ്ജീവിപ്പിച്ചു. കണ്ണൂർ ജില്ലയിലെ കാനാമ്പുഴയുടെ പുനരുജ്ജീവനം സാദ്ധ്യമാക്കി. ഇതുകൂടാതെ മാലിന്യം നിറഞ്ഞുകിടന്നിരുന്ന തൃശ്ശൂർ ജില്ലയിലെ 15 കിലോമീറ്റർ നീളമുള്ള പെരുംതോട് ജനകീയമായി ശുചിയാക്കി.

**ഹരിത കേരളം പദ്ധതി**

202 (6457) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് ഹരിത കേരളം പദ്ധതിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വ്യക്തമാക്കുമോ;

(ബി) ജലാശയങ്ങളുടെ സ്ഥിരമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് കുടുംബശ്രീ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധസംഘടനകൾ എന്നിവരുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏതെല്ലാം ജലാശയങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിന്റെ വികസനവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിൽ ഒന്നാണ് ഹരിത കേരളം മിഷൻ. ജലസംരക്ഷണം, ശുചിത്വ മാലിന്യ സംസ്കരണം, കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ ഉപമിഷനുകളാണ്. ഹരിത കേരളവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെയായി 536 കുളങ്ങളുടെ നവീകരണം ഏറ്റെടുത്തിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് തോടുകളുടെ നവീകരണവും മാലിന്യമുക്തമാക്കലും ഓരുവെള്ള ക്കയറ്റം തടയുന്നതിനുള്ള ഓരുമുട്ടുകൾ, നീരൊഴുക്ക് നിലനിർത്താനാവശ്യമായ തടയണകൾ എന്നിവയും ഏറ്റെടുത്തിട്ടുണ്ട്. ഇതിനുപരിയായി സമഗ്ര നീർത്തടം പദ്ധതിയുടെ രൂപീകരണത്തിനാവശ്യമായ സാങ്കേതിക സമിതികൾ രൂപീകരിച്ച് വിവരശേഖരണം, നീർത്തട നടത്തം എന്നിവ നടത്തിവരുന്നു. ഇതിന്റെ ഫലമായി ഓരോ ഗ്രാമപഞ്ചായത്തിലുമുള്ള ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയും. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവകളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികളാണ് ജല ഉപമിഷൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ

നടപ്പിലാക്കിവരുന്നത്. ജല ഉപദൗത്യവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും പ്രാദേശിക തലത്തിൽ സാങ്കേതിക മികവുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിന് സാങ്കേതിക വിദഗ്ദ്ധരുടെ സേവനം വിവിധ തലങ്ങളിൽ ഏകോപിപ്പിക്കുന്നതിനുമായി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. കിണറുകളുടെയും കുളങ്ങളുടെയും ശുചീകരണവും റീചാർജിംഗും സംരക്ഷണവും
2. നിലവിലുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം
3. ക്വാറികളിലെ വെള്ളം പരിശോധനകൾക്കുശേഷം നേരിട്ട് ജലസ്രോതസ്സായോ റിചാർജിംഗിന് വേണ്ടിയോ ഉള്ള ഉപയോഗപ്പെടുത്തൽ
4. ഭൂജല പരിപോഷണം
5. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമന്വയം

ജനകീയ കൂട്ടായ്മയിലൂടെ പുനരുദ്ധരിച്ച സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സുസ്ഥിര പരിപാലനത്തിനായി ഹരിത കേരളം മിഷന്റെ സാങ്കേതിക സമിതികൾ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) പരമ്പരാഗത ജലാശയങ്ങളായ കുളങ്ങളുടെ സംഭരണശേഷി കൂട്ടി മാലിന്യമുക്തമാക്കുന്ന പ്രവർത്തനമാണ് ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഏറ്റെടുത്തിട്ടുള്ളത്. 536 കുളങ്ങൾക്കുള്ള ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇത്തരം പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കി പ്രാദേശിക സമൂഹവും തദ്ദേശഭരണ സ്ഥാപനങ്ങളും നിർദ്ദേശിക്കുന്ന കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആദ്യഘട്ടമായി നടപ്പാക്കിവരുന്നത്. ഇത്തരത്തിൽ പുനരുജ്ജീവിപ്പിക്കുന്ന ജലസ്രോതസ്സുകളെ കുടുംബശ്രീ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ അതേ രീതിയിൽ സ്ഥായിയായി നിലനിർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ഹരിത കേരളം മിഷന്റെ ജല ഉപദൗത്യത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ കിണറുകളുടെയും കുളങ്ങളുടെയും ശുദ്ധീകരണവും റീചാർജിംഗും കുളങ്ങളുടെ നിർമ്മാണം, തോടുകളുടെയും നീർച്ചാലുകളുടെയും പുനരുജ്ജീവനവും പുതിയവയുടെ നിർമ്മാണവും, പുഴകളുടെ പുനരുജ്ജീവനം

മുതലായ പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിനുപുറമെ ജനകീയ കൂട്ടായ്മ വഴിയും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും തൊഴിലുറപ്പ് പദ്ധതിയുടെയും ഏകോപനം സാദ്ധ്യമാക്കിക്കൊണ്ടുമാണ് ഇവ നടപ്പിലാക്കുന്നത്.

## ജലനിധി പദ്ധതി. ശുദ്ധീകരണ പ്ലാന്റുകളുടെ പ്രവർത്തനം

203 (6458) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി പദ്ധതിക്ക് വേണ്ടി പുഴയിൽ നിന്നുള്ള വെള്ളം ശുദ്ധീകരിക്കാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ വിശദീകരിക്കുമോ ;

(ബി) ഇത്തരം ശുദ്ധീകരണ പ്ലാന്റുകളുടെ പ്രവർത്തന ഘട്ടങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പുഴയിൽ നിന്നുള്ള വെള്ളം ശുദ്ധീകരിക്കാൻ പ്രഷർ സാൻഡ് ഫിൽട്ടർ ആണ് ഉപയോഗിക്കുന്നത്. വെള്ളത്തിൽ ഇരുമ്പിന്റെ അംശമുണ്ടെങ്കിൽ അയൺ റിമൂവൽ പ്ലാന്റുകളും ഉപയോഗിക്കുന്നു.

(ബി) വെള്ളത്തിന്റെ കലക്കൽ, സസ്പെന്റഡ് സോളിഡ്സ് എന്നിവ മാറ്റുന്നതിനായി പ്രഷർ സാൻഡ് ഫിൽട്ടർ ഉപയോഗിക്കുന്നു. നദിയിലെ വെള്ളം ചരൽക്കല്ലും മണലും നിറച്ച ഫിൽട്ടറിലൂടെ (ഫിൽട്ടർ ബെഡ്) കടത്തിവിടുന്നു. ശുദ്ധീകരണ സമയത്ത് അവശിഷ്ടങ്ങളും ചെളിയും ഫിൽട്ടർ ബെഡിൽ തങ്ങിനിൽക്കുകയും തെളിഞ്ഞ വെള്ളം ഔട്ട്ലെറ്റിലൂടെ പുറത്ത് വരികയും ചെയ്യുന്നു. അയൺ റിമൂവൽ ഫിൽട്ടറിലും വെള്ളം ഫിൽട്ടർ ബെഡിലൂടെ കടത്തി വിട്ട് മുകളിൽ പ്രതിപാദിച്ച രീതിയിൽ ശുദ്ധീകരിച്ചെടുക്കുന്നു. ഫിൽട്ടർ ബെഡിൽ അയൺ മാറ്റുന്നതിനുള്ള രാസപദാർത്ഥങ്ങളും ഉപയോഗിക്കുന്നു.

## കാളിപ്പാറ പദ്ധതിയുടെ ഗുണഭോക്താക്കൾ

204 (6459) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാളിപ്പാറ പദ്ധതിയുടെ പ്രയോജനം നിലവിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ലഭിക്കുന്നത് എന്നും ഇതിന് എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നുമുള്ള വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വാട്ടർലൈൻ കടന്നുപോകുന്ന എല്ലാ മേഖലകളിലും ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിലേക്കായുള്ള തുടർനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അമ്പൂരി, വെള്ളറട, കള്ളിക്കാട്, മലയിൻകീഴ്, മാറനല്ലൂർ, കുളത്തുമ്മൽ, പെരുങ്കടവിള എന്നീ പഞ്ചായത്തുകളിലും കളത്തുവിള, പൂന്നക്കാട്, മാമ്പഴക്കര, പെരുമ്പഴുതൂർ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലുമാണ് കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഏകദേശം 60000 ഗുണഭോക്താക്കൾ നിലവിലുണ്ട്.

(ബി) കാളിപ്പാറ കുടിവെള്ള പദ്ധതിയിലെ നെയ്യാറ്റിൻകര തൊഴുക്കൽ വരെയുള്ള പൈപ്പ് ലൈൻ ചാർജ് ചെയ്ത് ജലവിതരണം നടത്തിവരുന്നു. നെയ്യാറ്റിൻകര മുതൽ പൊൻവിള വരെയുള്ള ലൈൻ ചാർജ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇത് പൂർത്തിയാകുമ്പോൾ ഈ പ്രദേശത്ത് കണക്ഷൻ നൽകാവുന്നതാണ്.

**ഉപയോഗശൂന്യമായ ജലസ്രോതസ്സുകൾ ഉപയോഗയോഗ്യമാക്കാൻ നടപടി**

205 (6460) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നിരവധി കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ, പ്രവർത്തനം അവസാനിപ്പിച്ച ക്വാറികളിൽ കെട്ടിക്കിടക്കുന്ന ജലം എന്നിവ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഇത്തരം ജലസ്രോതസ്സുകൾ വൃത്തിയാക്കി നവീകരിച്ച് സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഓരോ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം ജലസ്രോതസ്സുകളിലെ ജലം കുടിവെള്ളമായോ ഗാർഹികാവശ്യങ്ങൾക്കായോ ഉപയോഗിക്കുന്നതിനുള്ള പരിമിതി ജലം ഗുണനിലവാരമില്ലാത്തതാണ് എന്നതാണ്. പാറ ക്വാറികൾ വലിയ താഴ്ചയുള്ളതാണ് എന്നതും ഒരു പരിമിതിയാണ്. എന്നാൽ, ഇവയിലെ ജലം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി സമീപത്തുള്ള കിണറുകൾ, വരണ്ടുപോയ തോടുകൾ എന്നിവ റീചാർജ് ചെയ്യുന്നതിന് ഉപയോഗിക്കാൻ കഴിയും. ഇതുവഴി ഭൂജലപോഷണം നടക്കുകയും ജലലഭ്യത വർദ്ധിക്കുകയും ചെയ്യും. കാട്ടാക്കട നിയോജക മണ്ഡലത്തിലെ പള്ളിച്ചൽ ഗ്രാമ

പഞ്ചായത്തിൽ ഒരു ക്വാറി പോണ്ടിൽ നിന്ന് കിണർ റീചാർജിംഗ് നടത്തിയതുവഴി സമീപത്തുള്ള നിരവധി കിണറുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിന് ക്വാറി ഉടമകളുടെ അനുമതി ലഭ്യമാവുകയും വേണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കും. വരൾച്ചാകാലത്ത് അടിയന്തിര ഘട്ടങ്ങളിൽ മറ്റ് ജലസ്രോതസ്സുകളിൽ ജലലഭ്യത ഇല്ലാതാകുമ്പോൾ ഉപയോഗിക്കാനായി ഇത്തരം സ്രോതസ്സുകൾ കണ്ടെത്തി അനുയോജ്യമായ ശുദ്ധീകരണ പ്രക്രിയകളിലൂടെ ഉപയോഗപ്രദമാക്കാനുള്ള നടപടികൾ ജല അതോറിറ്റി സ്വീകരിക്കുന്നുണ്ട്.

### കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ

206 (6461) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാം; വിശദവിവരം നൽകാമോ;

(ബി) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാം; പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൂർണ്ണമായും കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികളൊന്നുംതന്നെ സംസ്ഥാനത്തില്ല.

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയും അമൃത് കുടിവെള്ള പദ്ധതിയുമാണ് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

### വരൾച്ചയെ നേരിടാൻ നടപടി

207 (6462) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് വരൾച്ചാ നേരിടാൻ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

പരിസ്ഥിതി സംരക്ഷണവും ജല സംരക്ഷണവും പരസ്പര പൂരകങ്ങളായ പ്രവർത്തനമാണ്. ഇത് കണക്കിലെടുത്ത് ജല സംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജലസംരക്ഷണം/ജലസമൃദ്ധി"യുടെ ഭാഗമായി ജലവിഭവ വകുപ്പ് ആരംഭിച്ചുകഴിഞ്ഞു. ഗ്രാമപഞ്ചായത്ത് തലത്തിൽ ചെറു "നീർത്തട പ്ലാനും" ബ്ലോക്ക് തലത്തിൽ ഇവ കൂട്ടിയോജിപ്പിച്ചുള്ള "നീർത്തട മാസ്റ്റർ പ്ലാനു" കളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതികളുടെ ഭാഗമായി നിർദ്ദേശിക്കുന്ന പദ്ധതികൾ ത്രിതല പഞ്ചായത്തുകളുടെയും വിവിധ വകുപ്പുകളുടെയും ഏകോപനത്തോടെ ജനപങ്കാളിത്തം ഉറപ്പാക്കിയായിരിക്കും നിർവ്വഹിക്കുക. നീർത്തടത്തിന്റെ മുകളിൽ നിന്ന് താഴേയ്ക്ക് എന്ന സമീപനം സ്വീകരിച്ചുകൊണ്ട് ഏറ്റെടുക്കുന്ന പദ്ധതിവഴി ജല സംരക്ഷണത്തോടൊപ്പം പരിസ്ഥിതി സംരക്ഷണവും സാദ്ധ്യമാകും. കൂടാതെ, ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട നിർമ്മാണഘട്ടങ്ങളിൽ ജൈവ മാർഗ്ഗങ്ങൾക്ക് മുൻതൂക്കം നൽകുന്നുവെന്നതും പ്രത്യേകതയാണ്. തോടുകൾ, പുഴകൾ, മറ്റ് ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികൾ എന്നിവയൊക്കെ പരമാവധി പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടായിരിക്കണം നിർവ്വഹിക്കേണ്ടതെന്ന നിർദ്ദേശം ഇതിനകം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

വരൾച്ചയെ നേരിടുന്നതിന് ഉപരിതല ജലസംരക്ഷണത്തോടൊപ്പം ഭൂജല സംരക്ഷണവും അനിവാര്യമാണ്. ഇതിനായി മഴവെള്ള സംരക്ഷണം പരമാവധി ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനം എന്ന നിലയിൽ പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം ജൈവമാർഗ്ഗങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതുവഴി ആ പ്രദേശത്തെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക പരിസ്ഥിതി സംരക്ഷിക്കുവാനും കഴിയും. പരിസ്ഥിതിക്ക് നാശം വരുത്താതെ നദികളെത്തന്നെ ചെറിയ സംഭരണിയാക്കുന്ന തരത്തിലുള്ള റെഗുലേറ്ററുകൾ/ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതുവഴി ലഭ്യമാകുന്ന ജലം കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കാൻ സാധിക്കുമെന്നതിനാൽ ഒരു പരിധിവരെ വരൾച്ചയെ പ്രതിരോധിക്കാൻ സാധിക്കും. മഴവെള്ളം പരാമവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഭൂജലവകുപ്പ്,

ഭൂജല സംരക്ഷണവും കൃത്രിമ സംപോഷണവും പദ്ധതി, കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ, കുഴൽക്കിണർ കൈപമ്പ് പദ്ധതികൾ, ഇവയുടെ നവീകരണം, അറ്റകുറ്റപ്പണികൾ എന്നിവ പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് വരൾച്ചയെ നേരിടുന്നതിനായി നടപ്പിലാക്കിവരുന്നു. ജലനിധി പദ്ധതിയിലെ കുടിവെള്ള ശുചിത്വ പദ്ധതികളെല്ലാം പരിസ്ഥിതി രൂപരേഖ തയ്യാറാക്കിയാണ് നടപ്പിലാക്കിവരുന്നത്. ഇതുവരെ 2175 ശുദ്ധജല വിതരണ പദ്ധതികൾ വിഭാവനം ചെയ്തതിൽ 1757 എണ്ണം പൂർത്തീകരിച്ചു. ഇതോടൊപ്പം ഭൂഗർഭജല പരിപോഷണ പ്രവർത്തനങ്ങളും വരൾച്ചയെ പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.

**ജല മാനേജ്മെന്റ് സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതി**

208 (6463) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് കടുത്ത ശുദ്ധജലക്ഷാമം നേരിടുന്ന കേരളത്തിൽ ധാരാളം ജലം പാഴാക്കുന്ന പ്രവണത നിലനിൽക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) മികച്ച ജല മാനേജ്മെന്റ് സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്; ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) വാട്ടർ അതോറിറ്റി പദ്ധതികൾ തകരാറിലാകുന്നതുമൂലം ശുദ്ധജലം പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വേനൽകാലത്ത് കൂടുതൽ ജാഗ്രതയോടെ ഇത്തരം തകരാറുകൾ പരിഹരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുമോ;

(ഡി) ജലത്തിന്റെ മൂല്യവും മാനേജ്മെന്റും സംബന്ധിച്ച കൂടുതൽ പാഠഭാഗങ്ങൾ സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസംരക്ഷണത്തിന്റെ പ്രാധാന്യം, പരിസ്ഥിതി സംരക്ഷണവും ജലലഭ്യതയും തമ്മിലുള്ള ബന്ധം, ജല ലഭ്യതയിൽ തണ്ണീർത്തടങ്ങൾക്കുള്ള പങ്ക്, ജല ഉപയോഗത്തിൽ പാലിക്കേണ്ട മിതത്വം, ജലനഷ്ടം കുറയ്ക്കുന്നതിനുള്ള ഉപാധികൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി ലോക ജലദിനം, ലോക പരിസ്ഥിതി ദിനം,

ലോക തണ്ണീർത്തടദിനം എന്നിവ ആചരിക്കാറുണ്ട്. ജലത്തിന്റെ ദുരുപയോഗം തടയുന്നതിനായി പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യപ്രചരണം നടത്തുന്നുണ്ട്. ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂജല വകുപ്പ് ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻകീഴിൽ ഭൂജല ഉപഭോഗം, സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതു ജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ സെമിനാറുകൾ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു. ജലസംരക്ഷണവും പരിപാലനവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും പ്രദേശത്തുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണം തടയലും എന്നീ വിഷയങ്ങളെക്കുറിച്ച് ജലനിധി പഞ്ചായത്തുകളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി ജലനിധിയുടെ ആഭിമുഖ്യത്തിൽ വിവിധ സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ, കുടിവെള്ള ഗുണഭോക്തൃ സമിതികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകൾ ബോധവൽക്കരണ പരിപാടികൾ, പരിശീലന പരിപാടികൾ, റോഡ് ഷോ-കൾ, ശിൽപ്പശാലകൾ, കുട്ടികൾക്കിടയിൽ മത്സരങ്ങൾ എന്നിവയും ജലനിധി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കുട്ടികളിൽ ജലസംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണത്തിനായി സ്കൂൾ തലത്തിൽ രൂപീകരിച്ച ജലശ്രീ ക്ലബ്ബുകൾ മുഖേന വിവിധ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. റേഡിയോ, ദിനപ്പത്രം, തുടങ്ങിയ മാധ്യമങ്ങളിലൂടെ വിവിധ ചർച്ചകളും കമ്മ്യൂണിറ്റി റേഡിയോ വഴി ജലസമൃദ്ധി എന്ന പേരിൽ ഒരു പ്രത്യേക പരിപാടിയും അതാത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തി.

ഇതിനുപുറമെ ഹരിത കേരളം മിഷൻ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്, സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് തുടങ്ങിയ ഏജൻസികൾ വിവിധ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ നടത്തിവരുന്നു.

(സി) കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ലീക്കുകൾ ഉണ്ടാറുണ്ട്. സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി കേരള ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. വേനൽക്കാലത്ത് ജലചോർച്ച തടയുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതിന്റെ ഭാഗമായി ബ്ലൂ ബ്രിഗേഡ് പോലുള്ള സംവിധാനത്തിലൂടെ അടിയന്തര ഘട്ടങ്ങളിൽ ശുദ്ധജലം നഷ്ടപ്പെടാതിരിക്കാൻ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭാഷ തുടങ്ങിയ വിഷയങ്ങളിലെ വിവിധ ക്ലാസ്സുകളിലെ പാഠഭാഗങ്ങളിൽ ജലമാനേജ്മെറ്റ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ജല ഓഡിറ്റ്

209 (6464) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലത്തിന്റെ ലഭ്യതയും വിതരണവും കണക്കാക്കാൻ കൊച്ചി കോർപ്പറേഷനും എസ്. സി. എം. എസ്. ജല ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് മുൻപ് ജല ഓഡിറ്റ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോർപ്പറേഷൻ പരിധിയിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ വിലയും അതിന് ലഭിക്കുന്ന കരവും താരതമ്യം ചെയ്യുമ്പോൾ ജല അതോറിറ്റിക്ക് ഒരു വർഷം നാൽപ്പത്തേഴ് കോടി രൂപ നഷ്ടം സംഭവിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായോ;

(സി) എങ്കിൽ ജലത്തിന്റെ ഉപയോഗം, ജലവിതരണത്തിന്റെ ആസൂത്രണം എന്നിവ സംബന്ധിച്ച ഒരു കണക്കെടുപ്പ് നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഡി) ഇത് ജലസ്രോതസുകളുടെ പ്രാധാന്യവും അവ സംരക്ഷിക്കേണ്ട ആവശ്യകതയും ജനങ്ങൾക്ക് ബോധ്യപ്പെടുവാൻ വഴിയൊരുക്കുമോ?

ഉത്തരം

(എ-ഡി) ജല അതോറിറ്റിയുമായി ബന്ധപ്പെടുത്തി ഓഡിറ്റ് നടത്തിയിട്ടില്ല. ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളൊന്നും ഈ വകുപ്പിൽ ലഭ്യമല്ല.

## കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോൾ ആൻഡ് റെഗുലേഷൻ) നിയമം

210 (6465) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോൾ ആന്റ് റെഗുലേഷൻ) നിയമം നിലവിൽ വന്നശേഷം സംസ്ഥാനത്തെ ജലചൂഷണം തടയുന്നതിന് സർക്കാരിന് എത്ര മാത്രം ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ നിയമത്തിന് 2017-ൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം ജലത്തിന്റെ ഉപഭോഗത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാവാൻ സാദ്ധ്യതയുണ്ടെന്നാണ് കരുതുന്നത്;

(സി) ഇത് സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറയാൻ ഇടയാക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുംവേണ്ടി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഈ ആക്ടിൻപ്രകാരമുള്ള ചട്ടങ്ങൾ 2004 മാർച്ച് 16-ന് നിലവിൽ വരികയും ഇതനുസരിച്ച് കേരള ഭൂജല അതോറിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) ഭൂജല ഉപയോഗത്തിന് കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുഴൽ കിണറുകളുടെ നിർമ്മാണത്തിനും നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുന്നതിനും അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ ഭൂജലശേഷി പരിഗണിക്കാതെ ഭൂജലം ചൂഷണം ചെയ്യുന്ന പ്രവണത തുടരുന്നതിനാലും ക്രമരഹിതമായി നടത്തുന്ന ഭൂജല ചൂഷണം അങ്ങനെയുള്ള പ്രദേശങ്ങളിൽ അനഭിലഷണീയമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ബോദ്ധ്യമായിരിക്കുന്നതിനാലും ഭൂജലം സംസ്ഥാനത്തിന്റെ ഒരു നിർണ്ണായക വിഭവമായിരിക്കുന്നതിനാലും പൊതുതാൽപ്പര്യം മുൻനിർത്തിയാണ് ആക്ട് സംസ്ഥാനത്ത് സർക്കാർ നടപ്പിലാക്കി വരുന്നത്.

(ബി - ഡി) ഇതു സംബന്ധിച്ചുള്ള പഠനങ്ങൾ ഇതുവരെ നടത്തിയിട്ടില്ല.

**ശുദ്ധജല വിതരണ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് നടപടി**

211 (6466) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂടുതൽ നഗരങ്ങളിലേക്ക് സ്വീവറേജ് സിസ്റ്റം മാനേജ്മെന്റ് വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ജല വിതരണ പ്രശ്നങ്ങൾക്ക് കുറഞ്ഞ ചെലവിൽ പരിഹാരം കാണുന്നതിനുള്ള നൂതന ഗവേഷണ മേഖലകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൊല്ലം ജില്ലയിലെ ജലക്ഷാമ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സംസ്ഥാന പദ്ധതികളിലുൾപ്പെടുത്തി തുടങ്ങിവച്ചതും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം പൂർത്തീകരിക്കാത്തതുമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി നബാർഡ്, കിഫ്ബി മുതലായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. പദ്ധതികളുടെ പൂർത്തീകരണത്തിന് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായുള്ള റോഡ് കട്ടിംഗ് അനുമതി, റെയിൽവേ അനുമതി തുടങ്ങിയവ ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. അതേപോലെ പദ്ധതിയുടെ വിവിധ ഘടകങ്ങൾ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനും സുദീർഘമായ നടപടിക്രമങ്ങൾ ആവശ്യമായി വരുന്നുണ്ട്. പദ്ധതി നിർവ്വഹണം നിരീക്ഷിക്കുന്നതിനും പുരോഗതി അവലോകനം ചെയ്ത് വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കുവാനുമായി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്താറുണ്ട്. കൂടാതെ പുരോഗതി വിലയിരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനുമായി കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിലെ മോണിറ്ററിംഗ് സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഏകദേശം 60 ശതമാനവും കൊച്ചി നഗരത്തിൽ 5 ശതമാനവും മലിന ജല നിർമ്മാർജ്ജനത്തിനായി സ്വീവറേജ് സംവിധാനം നിലവിലുണ്ട്. ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്വീവറേജ് സംവിധാനം പൂർത്തിയായി വരുന്നു.

തിരുവനന്തപുരം നഗരപ്രദേശങ്ങളിൽ സ്വീവറേജ് സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും കൊച്ചിയിൽ നിലവിലുള്ള ഇളംകുളം സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുജ്ജീവന പ്രവൃത്തിയും കൊല്ലം കുരീപ്പുഴയിലെ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തിയും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിൽ കെ.എസ്.യു.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീവറേജ് സംവിധാനത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്നു. എന്നാൽ ഗ്രീൻ ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്നതിനാലും പ്രാദേശിക എതിർപ്പുകൾമൂലവും മറ്റും പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളിലേയ്ക്കും ആലപ്പുഴ ടൂറിസ്റ്റ് സ്റ്റേഷനുകളിലേയ്ക്കുമുള്ള സ്വീവറേജ് സംവിധാനത്തിനായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ പദ്ധതിയുണ്ട്. ഇതിലേയ്ക്കായി 2018-19 പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി) ജല അതോറിറ്റി നേരിടുന്ന വിവിധ സാങ്കേതിക സ്ഥാപന പ്രശ്നങ്ങൾക്ക് കുറഞ്ഞ ചെലവിൽ നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി സ്റ്റാർട്ടപ്പുകളുടെ സാദ്ധ്യതകളെ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി, കേരള

സ്റ്റാർട്ടപ്പ് മിഷനുമായി (KSUM) സഹകരിച്ച് കേരള വാട്ടർ അതോറിറ്റി ഇന്നൊവേഷൻ സോൺ (KWIZ) ആരംഭിച്ചിട്ടുണ്ട്. KWIZ കുടിവെള്ള-സ്വീവറേജ് മേഖലകളിൽ പുതിയതും നൂതനവുമായ ആശയങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയാണ് രൂപം കൊടുത്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന നൂതനമായ പ്രോജക്ടുകളുടെ പ്രവർത്തന ങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായം കേരള ജല അതോറിറ്റി നൽകുന്നതാണ്.

(സി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ നടപ്പിലാക്കിവരുന്ന പ്രധാന കുടിവെള്ള പദ്ധതികളുടെ വിശദാം ശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വേനൽക്കാലത്തെ കഠിനമായ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പട്ടാഴി, പട്ടാഴി-വടക്കേക്കര ശുദ്ധജല വിതരണ പദ്ധതി ഇതിനോടകം കമ്മീഷൻ ചെയ്ത് വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിച്ചുവരുന്നു. തൃക്കോവിൽ വട്ടം-നെടുമ്പന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പണികൾ പൂർത്തിയായി. ട്രയൽ റൺ പുരോഗമിച്ചുവരുന്നു. മേൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ ദ്രുത ഗതിയിൽ നടന്നുവരുന്നു. കൂടാതെ എൻ.ആർ.ഡി.ഡബ്ല്യൂ.പി. ഫണ്ടിന്റെ അപര്യാപ്തതമൂലം മൈലം പഞ്ചായത്തിൽ സ്ഥാപിക്കുവാൻ സാധിക്കാതെ വന്ന വിതരണ ശൃംഖലയുടെയും പട്ടാഴി, പട്ടാഴി-വടക്കേക്കര, തലവൂർ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കാത്തയിടങ്ങളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 60.61 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

### കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് നടപടി

212 (6467) <u>ശ്രീ. ഇ. പി.ജയരാജൻ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള പ്രശ്നം രൂക്ഷമായി വരാനിടയുള്ള സാഹചര്യത്തിൽ കുടിവെള്ളവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി വകുപ്പുതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തലസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന പൈപ്പ്പൊട്ടൽമൂലം വലിയതോതിൽ ജലനഷ്ടവും പൈപ്പുവെള്ളത്തെ മാത്രം ആശ്രയിക്കുന്ന ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും സർക്കാർ ഗൗരവമായിക്കാണുമോ;

(സി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി ഗുണമേൻമയുള്ള പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം ഉറപ്പുവരുത്തുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി സാദ്ധ്യമായ സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾ സ്ഥാപിച്ചുവരുന്നു. ജലലഭ്യതയനുസരിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും വാൽവുകൾ നിയന്ത്രിച്ചും പരമാവധി കേരള ജല അതോറിറ്റി ജല വിതരണം ഉറപ്പാക്കുന്നുണ്ട്. സ്രോതസ്സിന്റെ ലഭ്യതയ്ക്കനുസരിച്ച് സാങ്കേതികമായി സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പൈപ്ലൈനുകൾ ദീർഘിപ്പിക്കാൻ കേരള ജല അതോറിറ്റി നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ, കാലപ്പഴക്കംകൊണ്ട് പൊട്ടുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സമയബന്ധിതമായി കേരള ജല അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തലസ്ഥാനത്ത് അടുത്ത കാലത്തായി തുടർച്ചയായ പൈപ്പ് പൊട്ടലുകൾ പ്രത്യേകിച്ചും വലിയ പൈപ്പുകളിൽ ഉണ്ടാകുന്നില്ല. എന്നിരിക്കിലും നഗരത്തിലെ അതിബൃഹത്തായ വിതരണ ശൃംഖലയിൽ പൊട്ടലുകൾ ഉണ്ടാകാറുണ്ട്. ഇവ സമയബന്ധിതമായി പരിഹരിച്ച് ജല വിതരണം സുഗമമാക്കിവരുന്നു.

(സി) കാലപ്പഴക്കം ചെന്ന പെപ്പുകൾ മാറ്റി ഗുണമേന്മയുള്ള പൈപ്പുകൾ സ്ഥാപിച്ച് ജല വിതരണം ഉറപ്പുവരുത്തുന്നതിന് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 146.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാനിലെ ഒപ്റ്റിമൈസേഷൻ ഓഫ് പ്രൊഡക്ഷൻ & ട്രാൻസ്മിഷൻ എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാൻ 2016-17-ൽ 40.76 കോടി രൂപയുടെയും 2017-18-ൽ 59.57 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾക്ക് സർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതികൾ ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്.

## കാളിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ നടപടി

213 (6468) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വേനൽക്കാലത്ത് കുടിവെള്ള വിതരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കാളിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് നെയ്യാറ്റിൻകര നഗര സഭാപ്രദേശത്തും അതിയന്നൂർ പഞ്ചായത്ത് പ്രദേശത്തും കുടിവെള്ളം എത്തിക്കുന്നതിന് എടുത്ത നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജലസ്രോതസ്സുകളിൽ തടയണ കെട്ടിയും പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന ചോർച്ചകൾ യഥാസമയം പരിഹരിച്ചും വേനൽക്കാലത്തെ കുടിവെള്ളവിതരണം കാര്യക്ഷമമാക്കാൻ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏർപ്പാടാക്കുന്ന ടാങ്കർ ലോറികൾ മുഖേനയും കുടിവെള്ളം എത്തിക്കുന്നതിന് നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

(ബി) കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിൽ പ്രധാന തടസ്സമായിരുന്നത് നെയ്യാറ്റിൻകര ആശുപത്രി ജംഗ്ഷനിലെ റെയിൽവേ ക്രോസ്സിംഗും ആലുംമൂട് ജംഗ്ഷനിലെ എൻ.എച്ച്. ക്രോസ്സിംഗും പൊൻവിളയിലെ സ്ഥല ലഭ്യതയുമാണ്. ഇപ്പോൾ നെയ്യാറ്റിൻകര ആശുപത്രി ജംഗ്ഷനിലെ റെയിൽവേ ക്രോസ്സിംഗിൽ നിലവിലുള്ള വ്യാസം കുറഞ്ഞ എ.സി. പൈപ്പ് മാറ്റി എം.എസ്. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകി പ്രവൃത്തി പൂർത്തീകരിക്കുകയും കാളിപ്പാറ പദ്ധതിയിൽ നിന്നുള്ള 700 എം.എം. പൈപ്പുമായി കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, റെയിൽവേ ക്രോസ്സിംഗിൽ 700 എം.എം. വ്യാസമുള്ള പൈപ്പാണ് സ്ഥാപിക്കേണ്ടിയിരുന്നത്. അതിനുള്ള അനുമതി റെയിൽവെയുടെ രണ്ടുവരി പാത വികസന സമയത്ത് പരിഗണിക്കാമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര ആലുംമൂട് ജംഗ്ഷനിലെ എൻ.എച്ച് ക്രോസ്സിംഗിനുള്ള അനുമതി ലഭ്യമാക്കി പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. നിലവിൽ പ്രസ്തുത പദ്ധതിയുടെ വാട്ടർ ലൈൻ കടന്നുപോകുന്ന നെയ്യാറ്റിൻകര റെയിൽവേ പാലം വരെയുള്ള സ്ഥലങ്ങളിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി റവന്യൂ വകുപ്പിൽ നിന്നും പൊൻവിളയിൽ സ്ഥലമെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. അതിയന്നൂർ പഞ്ചായത്തിലെ കുടിവെള്ള വിതരണത്തിനായി അതിയന്നൂർ, കോട്ടുകാൽ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള 25 കോടി രൂപയുടെ ഒരു പദ്ധതിക്ക് തത്വത്തിൽ അനുമതി നൽകി. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## പൊതുഗതാഗത മാർഗ്ഗങ്ങളിൽ ജല വിതരണ പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുനയം

214 (6469) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിലും ത്രിതല പഞ്ചായത്തുകളുടെ ചുമതലയിലുള്ള റോഡുകളിലും ജല വിതരണ പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിന് വേണ്ടി ജലവിഭവ വകുപ്പ് ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി തേടാറുണ്ടോ; ഇങ്ങനെയുള്ള അനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത ഏജൻസികൾക്ക് റോഡിന്റെ പുനർ നിർമ്മാണത്തിന് തുക അടയ്ക്കേണ്ടതായി വരാറുണ്ടോ; എങ്കിൽ ഇതിന്റെ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജലവിതരണ പൈപ്പുലൈനുകളിൽ അടിക്കടിയുണ്ടാകുന്ന തകരാറുമൂലം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പൊതുയാത്രാ മാർഗ്ഗങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതും അതിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതും സംബന്ധിച്ച് ജലവിഭവ വകുപ്പ് ഒരു പൊതുനയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ:

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകുന്നതുമൂലം തകരാറുകൾ യഥാസമയം പരിഹരിക്കുന്നതിനും പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനും കഴിയാത്ത സാഹചര്യമുണ്ടോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി യഥാസമയം ലഭ്യമാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി തേടാറുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ എസ്റ്റിമേറ്റ് നൽകുന്നതിനനുസരിച്ച് തുക അടയ്ക്കാറുണ്ട്. നിരക്ക് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

എൻ.എച്ച്. (National Highway):

ബി.എം.(Bituminous Macadam) & ബി.സി. (Bituminous Concrete)- Rs.3854/$m^2$

ബേം കട്ടിംഗ് - Rs. 264/ $m^2$

കെ.ആർ.എഫ്.ബി (Kerala Road Fund Board) - Rs. 7562/m²

പി.ഡബ്ല്യൂ.ഡി. (Public Works Department) & എൽ.എസ്.ജി.ഡി. (Local Self Government Department) -

| | | |
|---|---|---|
| ബ്ലാക്ക് ടോപ്പ് സർഫസ് | - | Rs. 1521/m² |
| ഡബ്ല്യൂ.ബി.എം.സർഫസ് | - | Rs. 964/m² |
| എർത്തേൺ ബേം | - | Rs. 161/m² |
| ടൈൽ കട്ടിംഗ് | - | Rs. 1935/m² |
| കെ.ആർ.എഫ്.ബി.ടൈൽ | - | Rs. 5339/m² |
| എൽ.എസ്.ജി.ഡി. | - | Rs. 1143/m² |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൈപ്പ്ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പരിഹരിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അടിയന്തര സാഹചര്യം നേരിടുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനവും നിലവിലുണ്ട്. കാലപ്പഴക്കം ചെന്നവയും നിരന്തരം പൊട്ടുന്നതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതികൾ സ്റ്റേറ്റ് പ്ലാൻ, അമൃത് പദ്ധതി, കിഫ്ബി എന്നിവയിൽ ഉൾപ്പെടുത്തി തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) പൊതുയാത്രാ മാർഗ്ഗങ്ങളിൽ അഥവാ പൊതുറോഡുകളിൽ റോഡിന്റെ അരികുചേർന്നാണ് പൈപ്പുകൾ സ്ഥാപിക്കുന്നത്. പൊതുജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് പൈപ്പുകൾ സ്ഥാപിക്കുന്നത്. കൂടാതെ പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും മുമ്പായി ബന്ധപ്പെട്ട ഏജൻസികളിൽ അപേക്ഷ നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി അവർ നിശ്ചയിക്കുന്ന ഫീസ് അടച്ച് അനുവാദം വാങ്ങിയശേഷമാണ് പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ചെയ്തുവരുന്നത്.

(ഡി&ഇ) ഉണ്ട്. റോഡ് കട്ടിംഗ് സംബന്ധമായ വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് ഇരു വകുപ്പുകളുടെയും ഉന്നത ഉദ്യോഗസ്ഥതലത്തിലും ബഹുമാനപ്പെട്ട മന്ത്രിമാരുടെ തലത്തിലും യോഗങ്ങൾ നടത്തി പ്രശ്നപരിഹാരം കാണുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ ഇടപെടലുകളിലൂടെയും അനുമതി ലഭ്യമാക്കാറുണ്ട്. കൂടാതെ ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഏജൻസികൾ എന്നിവരുമായി ജില്ലാ കളക്ടർ തലത്തിലും സർക്കാർ തലത്തിലും അവലോകന യോഗങ്ങൾ നടത്തി

വേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി കൈക്കൊണ്ടുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡ് പുനർനിർമ്മിക്കുന്നതിനുള്ള തുക അടച്ച് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**പയ്യാവൂർ വാട്ടർ സപ്ലൈ സ്കീം**

215 (6470) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ അനുമതി ലഭിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച കണ്ണൂർ ജില്ലയിലെ പയ്യാവൂർ വാട്ടർ സപ്ലൈ സ്കീമിന് സ്ഥലം ലഭ്യമാകാൻ താമസം ഉണ്ടായതിനാൽ ഉപേക്ഷിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി തീരുമാനിച്ചിട്ടുണ്ടോ;

(ബി) സ്ഥലം ലഭ്യമാക്കാൻ പഞ്ചായത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന സ്ഥലം എം.എൽ.എ.-യുടെ അഭ്യർത്ഥന അനുകൂലമായി പരിഗണിച്ച് നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**ജലവിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കായി അദാലത്ത്**

216 (6471) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽ ജലവിഭവ വകുപ്പിന്റെ ഓഫീസിൽ ജലവിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കായി അദാലത്ത് നടത്തിയിരുന്നുവോ എന്നറിയിക്കുമോ;

(ബി) എങ്കിൽ 17-3-2018-ൽ നടന്ന അദാലത്തിൽ എത്ര ഉപഭോക്താക്കൾ പങ്കെടുത്തു എന്നും അവരുടെ എത്ര പരാതികളിൽ തീർപ്പ് കൽപ്പിച്ചു എന്നും അറിയിക്കുമോ;

(സി) ഈ അദാലത്തുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർ ഹാജരുണ്ടായിരുന്നു എന്ന വിവരം തസ്തിക സഹിതം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത അദാലത്തിൽ തീർപ്പാക്കാൻ കഴിയാത്ത എത്ര പരാതികളുണ്ടായിരുന്നു; അവയ്ക്ക് എന്ന് പരിഹാരമുണ്ടാക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ;

(ഇ) അദാലത്തിലെ പരാതിക്കാരുടെ പേരും പരാതിയുടെ ചുരുക്കവും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നടത്തിയിരുന്നു. 17-3-2018-ൽ നടത്തിയ അദാലത്തിൽ 176 ഉപഭോക്താക്കൾ പങ്കെടുത്തു. അതിൽ 173 പരാതികളിൽ തീർപ്പുകൽപ്പിച്ചു.

(സി) 51 പേർ. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) പരിഹരിക്കാനുണ്ടായിരുന്ന 3 പരാതികളിൽ രണ്ടെണ്ണം ചീഫ് എഞ്ചിനീയർ തലത്തിലുള്ള അദാലത്തിൽ പരിഹരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പരാതിയിൽ നിലവിൽ മീറ്റർ പ്രവർത്തനരഹിതമായതിനാൽ പുതിയ മീറ്റർ റീഡിംഗ് എടുത്തുന്നതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ പരിഹാരം കാണുന്നതാണ്.

(ഇ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്ട് ഭേദഗതി**

217 (6472) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജല അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ജല അതോറിറ്റി എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ ഭേദഗതിയിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതിനുവേണ്ടി വാട്ടർ അതോറിറ്റിയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥർ, ജീവനക്കാരുടെ അംഗീകൃത സംഘടനകൾ, ഈ രംഗത്തെ വിദഗ്ദ്ധർ, ജനപ്രതിനിധികൾ മുതലായ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ തീരുമാനിക്കാനാണ് ഉദ്ദേശിക്കുന്നത്.

**അമൃത് പദ്ധതിയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ഇ-ടെണ്ടർ**

218 (6473) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽപെടുന്ന കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് വൻകിട കരാറുകാരിൽ നിന്ന് വാട്ടർ അതോറിറ്റി ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഇതിനെതിരെ വാട്ടർ അതോറിറ്റിയിലെ ലൈസൻസ് ഉള്ള പ്ലംബർമാരുടെ പ്രതിഷേധം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽപ്പെടുന്ന പുതിയ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് എ ക്ലാസ്സ് കരാറുകാരിൽ നിന്നും കേരള ജല അതോറിറ്റിയുടെ കൊല്ലം സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ട്.

**ജലക്ഷാമം പരിഹരിക്കുവാൻ വാട്ടർ അതോറിറ്റിയുടെ കർമ്മ പദ്ധതികൾ**

219 (6474) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചാകാലത്ത് സംസ്ഥാനത്ത് അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുവാൻ എന്തെങ്കിലും കർമ്മപദ്ധതിക്ക് വാട്ടർ അതോറിറ്റി രൂപം കൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

## ഉത്തരം

(എ&ബി) ഉണ്ട്. ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാനതലത്തിൽ മൂന്ന് അവലോകന യോഗങ്ങൾ നടത്തിയിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജല സംഭരണികളിലെ ജലനിരപ്പ് താരതമ്യേന മെച്ചമാണ്. ഭൂഗർഭ ജല വിതാനത്തിലും ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, പല നദികളിലും ഇതിനകം ഒഴുക്ക് നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്താൻ ആവശ്യമായ അളവിൽ ജല സംഭരണികൾ ഇല്ലാത്തതാണ്. മഴക്കാലത്ത് പെയ്യുന്ന മഴവെള്ളം ഏതാനും മണിക്കൂറുകൾക്കുള്ളിൽ കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ആവശ്യത്തിന് ജലസംഭരണികൾ നിർമ്മിക്കുക എന്നുള്ളതാണ്. എന്നാൽ സ്ഥല ലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട സംഭരണികൾക്കുള്ള സാദ്ധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. മേൽ സാഹചര്യത്തിൽ നദികളെത്തന്നെ സംഭരണികളാക്കി മാറ്റുകയെന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാദ്ധ്യമായ സ്ഥലങ്ങളിൽ എല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ജല അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മുൻകരുതൽ നടപടികളെന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ മുൻഗണന അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ജല ലഭ്യതയക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സമീപത്തായി താലക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജല സ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായി പോകുന്നത് തടയുവാൻ ബ്ലൂ ബ്രിഗേഡ് സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. നിയമവിരുദ്ധമായ ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു. ഇതിനകം 2.32 കോടി രൂപയുടെ 94 പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇതിൽ 35 എണ്ണം താൽക്കാലിക തടയണകളാണ്.

ഹരിത കേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടിപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജല സംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കി മുടക്കം കൂടാതെ ജല വിതരണം സാദ്ധ്യമാക്കുന്നതുമാണ്.

**കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ**

220 (6475) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരമുള്ള കുടിവെള്ളം എല്ലാപേർക്കും നൽകുക എന്ന ദൗത്യം ഏറ്റെടുത്തിട്ടുള്ള കേരള വാട്ടർ അതോറിറ്റി ഇക്കാര്യത്തിൽ എത്രമാത്രം വിജയിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുട്ടനാട്ടിലെ കഠിനമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 13-ാം ധനകാര്യകമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;

(സി) വാട്ടർ അതോറിറ്റി സാമ്പത്തിക പര്യാപ്തത നേടുന്നതിന് എന്തെങ്കിലും പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; അതിൽ എത്ര മാത്രം വിജയിച്ചു; വ്യക്തമാക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് ആവിഷ്കരിച്ച എനർജി മാനേജ്മെന്റ് സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിലൂടെ വൈദ്യുതി ചെലവിൽ ഉണ്ടായ മാറ്റം എത്രയാണ്;

(ഇ) ജലവിതരണ ശൃംഖലയിലെ ചോർച്ച തടയുന്നതിനും പഴക്കം ചെന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും ഉള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 54.27% ജനങ്ങൾക്കാണ് പൊതു ജലവിതരണ സംവിധാനംവഴി വാട്ടർ അതോറിറ്റി കുടിവെള്ളം ലഭ്യമാക്കുന്നത്. പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ട കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ കേരള വാട്ടർ

അതോറിറ്റിയിൽ നിലവിലുണ്ട്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും ലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ജല ഗുണനിലവാര പരിശോധനയ്ക്കാവശ്യമായ ആധുനിക സംവിധാനങ്ങളുള്ള ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 13-ാം ധനകാര്യ കമ്മീഷന്റെ ധന സഹായത്തോടെ കുട്ടനാട്ടിൽ നടപ്പിലാക്കിവരുന്ന 70 കോടി രൂപയുടെ കുടിവെള്ള പദ്ധതി മൂന്ന് പാക്കേജുകളായി നടപ്പിലാക്കിവരുന്നു. ഇതിൽ പാക്കേജ് -1 (ട്രാൻസ്മിഷൻ സിസ്റ്റം-I)-98% പൂർത്തീകരിച്ചു. പാക്കേജ്-2, (ട്രാൻസ്മിഷൻ സിസ്റ്റം-II)-97% പൂർത്തീകരിച്ചു. പാക്കേജ് 3 (വിതരണ ശൃംഖലയും 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണിയും)-66% പൂർത്തീകരിച്ചു.

(സി) 2016-17-ലെ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചപ്പോൾ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി ചുവടെ പറയുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തു.

2. വാട്ടർ അതോറിറ്റിയുടെ ജലവിതരണ ശൃംഖലയിലെ ജലചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക.

3. ചെറിയ തുക ചെലവഴിച്ച് പൂർണ്ണമായും പ്രവർത്തനസജ്ജമാക്കാൻ കഴിയുന്ന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുക.

4. നഗരമേഖലയിലെ പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കുക.

5. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കുകയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധി

പ്പിക്കുന്നുണ്ട്. ഇതുവഴി 2016-17 സാമ്പത്തികവർഷം മുൻവർഷ ത്തെക്കാൾ 67 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികം പിരിച്ചെടുത്തു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധ രിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടെ വിതരണ നഷ്ടം ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കുകയും ഇതുവഴി വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ എനർജി മാനേജ്മെന്റ് സംവിധാനം നിലവിലില്ല. എന്നാൽ എനർജി കൺസർവേഷന്റെ ഭാഗമായി വൈദ്യുതി ചെലവ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കുടിവെള്ള പദ്ധതികളുടെ പമ്പ് ഹൗസുകളിലും ജല ശുദ്ധീകരണ ശാലകളിലുമുള്ള മോട്ടോറുകളിൽ കപ്പാസിറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ബില്ലിൽ ഗണ്യമായ കുറവു നേടിയിട്ടുണ്ട്. ഇതിനുപുറമെ മീറ്റർ ഫാൾട്ട്, പവർ ഫാക്ടർ പെനാൽറ്റി, ഉപയോഗമില്ലാത്ത വൈദ്യുതി കണക്ഷനുകൾ മുതലായവ നിരീക്ഷിക്കാനും അതുമൂലമുണ്ടാകുന്ന അധിക ബാദ്ധ്യത ഒഴിവാക്കാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കാലഹരണപ്പെട്ട പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കുമ്പോൾ ഊർജ്ജക്ഷമത കൂടിയ പമ്പുസെറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(ഇ) ജലവിതരണ ശൃംഖലയിലെ ചോർച്ച തടയുന്നതിനും പഴക്കംചെന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി 146.75 കോടി രൂപയുടെ ഒരു പദ്ധതിക്കും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 59.5712 കോടി രൂപയുടെ പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി യിരുന്ന 433.33 കോടി രൂപയുടെ പദ്ധതി അംഗീകാരത്തിനായി കിഫ്ബിയുടെ പരിഗണനയിലാണ്. ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പ്രധാന ട്രാൻസ്മിഷൻ മെയിനുകളും വിതരണ പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നുണ്ട്. ഇത് ഒരു തുടർ പദ്ധതിയായാണ് നടപ്പിലാക്കുന്നത്. എല്ലാ വർഷവും ഇപ്രകാരം കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചുവരുന്നുണ്ട്. നിലവിലുള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

**വെള്ളക്കരത്തിന്റെ കുടിശ്ശിക ഈടാക്കുന്നതിനായി അദാലത്ത്**

221 (6476) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയിൽ വെള്ളക്കരത്തിന്റെ കുടിശ്ശിക ഈടാക്കുന്നതിനായി അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വെള്ളക്കരത്തിന്റെ കുടിശ്ശികയ്ക്ക് നിലവിൽ ഈടാക്കിവരുന്ന പിഴപ്പലിശ എത്ര ശതമാനമാണ്;

(സി) ഗാർഹിക ഉപഭോക്താക്കളെ പിഴപ്പലിശയിൽ നിന്ന് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)നിലവിൽ ഗാർഹിക വാട്ടർ കണക്ഷന് പ്രതിമാസം 5 രൂപ നിരക്കിലും ഗാർഹികേതര വാട്ടർ കണക്ഷന് പ്രതിമാസം 2% നിരക്കിലുമാണ് പിഴപ്പലിശ ഈടാക്കിവരുന്നത്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക ഒടുക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പിഴപ്പലിശ ഒഴിവാക്കി നൽകുന്നുണ്ട്.

**തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി കുടിവെള്ള പദ്ധതി**

222 (6477) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1967-ൽ ആരംഭിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വളരെ ശോചനീയമായതിനാൽ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന ഈ സാഹചര്യത്തിൽ ചൊക്ലി കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്ന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ചൊക്ലി ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുന്നതിനായി 4.70 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 2018 വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

## മലപ്പുറം നിയോജകമണ്ഡലത്തിലെ വാട്ടർ അതോറിറ്റി പ്രവൃത്തികൾ

223 (6478) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ ജോലികൾ യഥാസമയം പൂർത്തീകരിക്കാത്തതുമൂലം സംസ്ഥാനത്തെ വിവിധ റോഡുകളുടെ പുനരുദ്ധാരണ ജോലികൾ മുടങ്ങികിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മമൂലം സർക്കാരിന് വരുന്ന സാമ്പത്തിക നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കാമോ;

(ഡി) മലപ്പുറം മണ്ഡലത്തിലെ മുള്ളമ്പാറ-കോണിക്കല്ല്-ഇരുമ്പുഴി റോഡിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പണി പൂർത്തീകരിക്കാത്തതുമൂലം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ മുടങ്ങികിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത റോഡിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പുനഃസ്ഥാപിക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിയുടെ ഭാഗമായി റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പിൽ അനുമതിക്കായി മുൻകൂർ അപേക്ഷ സമർപ്പിക്കാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഒടുക്കി രേഖാമൂലമുള്ള അനുമതി ലഭ്യമാക്കിയാണ് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ റോഡ് കുഴിക്കാനുള്ള അനുമതി ലഭിക്കാൻ കാലതാമസം നേരിടാറുണ്ട്, പ്രത്യേകിച്ച് മഴക്കാലത്ത്. ഇതുകാരണം കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ പല അവസരങ്ങളിലും റോഡ് പുനഃസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക അംഗീകൃത

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആവശ്യപ്പെടാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ രണ്ട് വകുപ്പുകളുടെയും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി തുക നിശ്ചയിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

(ഡി-എഫ്) സ്റ്റേറ്റ് പ്ലാൻ-യു.ഡബ്ല്യൂ.എസ്.എസ്. ആനക്കയം ഇരുമ്പുഴ മുതൽ കോണിക്കല്ല് വരെയുള്ള കേടായ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 20-12-2017-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1040/2017/ഡബ്ല്യൂ.ആർ.ഡി. പ്രകാരം 156.26 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും, മേൽ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കുന്നതിനുമാണ് അംഗീകാരം നൽകിയിരുന്നത്. എന്നാൽ, പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറല്ലെന്ന് അറിയിക്കുകയും റോഡ് പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിരുന്ന 18.26 ലക്ഷം രൂപയ്ക്ക് പകരമായി ഇപ്പോൾ 73.94 ലക്ഷം രൂപയുടെ പുതുക്കിയ റെസ്റ്റോറേഷൻ ചാർജ് അടവാക്കി ബാക്കി പ്രവൃത്തി വാട്ടർ അതോറിറ്റി മുഖേന തന്നെ നടപ്പിലാക്കേണ്ടതുമാണെന്ന് അറിയിക്കുകയുമുണ്ടായി. എന്നാൽ ഇതിനോടകം റോഡിന്റെ പ്രവൃത്തി ആരംഭിക്കുകയും ആയതിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുക വേണ്ടിവരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്കുവേണ്ടി 210.75 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക നേരത്തെ ലഭിച്ച ഭരണാനുമതിയെക്കാൾ 54.49 ലക്ഷം രൂപ അധികമായതിനാൽ 210.75 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതിയും പ്രവൃത്തി വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതിയും നൽകേണ്ടതുണ്ട്.

## മൈലം-തലവൂർ കുടിവെള്ള പദ്ധതി

224 (6479) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈലം-തലവൂർ കുടിവെള്ളപദ്ധതിയിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്;

(ബി) മൈലം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ തുക വകയിരുത്തിയിരുന്നോ;

(സി) ആയതിനാവശ്യമായ എസ്റ്റിമേററ് തുകയുടെ വിശദാംശങ്ങളും ഫണ്ട് എപ്രകാരം സമാഹരിക്കാൻ കഴിയും എന്നതിന്റെയും വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പദ്ധതിയിൽ മൈലം പഞ്ചായത്തിലെ 74 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഇനി അവശേഷിക്കുന്നത്.

(ബി & സി) നിലവിൽ മൈലം പഞ്ചായത്തിലെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും പട്ടാഴി, പട്ടാഴി-വടക്കേക്കര, തലവൂർ എന്നീ പഞ്ചായത്തുകളിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്താതിരുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും സംയോജിപ്പിച്ച് 60.61 കോടി രൂപയുടെ ഒരു പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി, കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മേൽ പദ്ധതിയിൽ മൈലം പഞ്ചായത്തിലെ 74 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 15.7 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഊരകം കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ നടപടി**

225 (6480) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഊരകം പ്രദേശത്തെ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ കുഴൽ കിണറിൽ ജലലഭ്യത കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരമായി മുട്ടിക്കൽ ചിറയ്ക്ക് സമീപമുള്ള ജലസമൃദ്ധമായ കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്യാൻ ആവശ്യമായ പദ്ധതിയ്ക്ക് വാട്ടർ അതോറിറ്റിയുടെ ഫണ്ട് ലഭിക്കാതിരുന്നതിനാൽ എം.എൽ.എ. ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചുവെന്നും എന്നാണ് അനുവദിച്ചതെന്നും അറിയിക്കാമോ;

(സി) ഈ പ്രവൃത്തിക്കായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന ജോലികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) ഈ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഊരകം പ്രദേശത്ത് കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളൊന്നും നിലവിലില്ല. പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയുടെ സ്രോതസ്സിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നതായി അറിയുന്നു.

(ബി) എം.എൽ.എ. ഫണ്ടിൽ നിന്നും പണം അനുവദിച്ചിട്ടുണ്ട്. മുട്ടിക്കൽ ചിറയ്ക്ക് സമീപമുള്ള കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്യാനുള്ള പദ്ധതിക്ക് എം.എൽ.എ.ഫണ്ടിൽ ഉൾപ്പെടുത്തി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കിണറിന്റെ നവീകരണം, ജലലഭ്യതയും ഗുണനിലവാരവും പരിശോധിക്കൽ, പമ്പ് ഹൗസ് നിർമ്മാണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, അനുബന്ധ പ്രവൃത്തികൾ എന്നിവയാണ് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നത്.

(ഡി) കിണറിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ജലലഭ്യത, ഗുണനിലവാരം എന്നിവ പരിശോധിക്കുന്നതിനുവേണ്ടി ഭൂജല വകുപ്പിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

(ഇ) ജലലഭ്യതയും ഗുണനിലവാരവും ഭൂജല വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാവുന്നതാണ്.

(എഫ്) പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മലപ്പുറം ജില്ലയിലെ മൈനോറിറ്റി കുടിവെള്ള പദ്ധതികൾ**

226 (6481) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ലയിൽ നടപ്പാക്കിവരുന്ന മൈനോറിറ്റി കുടിവെള്ള പദ്ധതികളുടെ പേര്, നിലവിലെ ചെലവ്, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തികളുടെ പുരോഗതി വളരെ മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്താണ്;

(സി) ഇത്തരം പ്രവൃത്തികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; ഇവയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും അടിയന്തരമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പദ്ധതിക്കാവശ്യമായി സ്ഥലം യഥാസമയത്ത് ലഭ്യമാകാത്തതും പരിസരവാസികളുടെ എതിർപ്പുമൂലവും പദ്ധതി പൂർത്തീകരിച്ചതിനുശേഷം നടത്തിക്കൊള്ളാമെന്നുള്ള തീരുമാനം പഞ്ചായത്തുകളിൽ നിന്നോ ഗുണഭോക്തൃ സമിതിയിൽനിന്നോ വൈകുന്നതുമൂലവും പ്രവൃത്തി പുരോഗതി മന്ദഗതിയിലാക്കുന്നുണ്ട്.

(സി) സ്ഥലം ഏറ്റെടുത്ത് അതോറിറ്റിക്ക് കൈമാറുന്നതിനും പൂർത്തീകരിച്ചശേഷം നടത്തിക്കൊള്ളാമെന്നുള്ള തീരുമാനം വേഗത്തിൽ ലഭ്യമാക്കുന്നതിനും പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ട്.

**തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി**

227 (6482) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഭരണാനുമതി ലഭ്യമായ പ്രവൃത്തിയായ തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ഉണ്ടെന്നും ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് 80.14 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതിയുടെ വിവിധ ഘടകങ്ങളായ ജലസംഭരണികൾ, സമ്പ്, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത ഭൂമി ലഭ്യമായതിനുശേഷം ഏകദേശം രണ്ട് വർഷത്തിനകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി

228 (6483) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നറിയിക്കുമോ;

(ബി) പദ്ധതി പ്രാവർത്തികമാക്കാൻ നാളിതുവരെ പൂർത്തീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുവേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലം ലഭ്യമാക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കാത്ത തിനാൽ ഡി.ഇ.ആർ. തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല.

## ചാലിയാർ പുഴക്കരയിൽ നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിയ കിണർ

229 (6484) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കുളിമാട് വാട്ടർ അതോറിറ്റി ചാലിയാർ പുഴക്കരയിൽ നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിയ കിണർ ചരിഞ്ഞുപോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽസാഹചര്യം മുൻനിർത്തി കുളിമാട് പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് പമ്പിംഗ് സ്റ്റേഷനിൽ നിന്ന് ചരിഞ്ഞുപോയ കിണറിനോടനുബന്ധിച്ച ടാങ്കിലേക്ക്, മീറ്റർ വെച്ച് ബൾക്കായി വെള്ളം പഞ്ചായത്തിന് നൽകാൻ സംവിധാനം ഒരുക്കുന്നതിന് അനുമതി നൽകുമോ;

(സി) ചെലവ് പഞ്ചായത്ത് വഹിച്ചാൽ ബൾക്കായി വെള്ളം നൽകുന്നതിന് നിയമതടസ്സമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

(സി) ചെലവ് പഞ്ചായത്ത് വഹിക്കുകയാണെങ്കിൽ ബൾക്കായി മീറ്റർ ചെയ്ത വെള്ളം നൽകുന്നതിന് നിയമ തടസ്സമില്ല.

## മാനന്തവാടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

230 (6485) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മാനന്തവാടി നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്;

(സി) കിഫ്ബി ധനസഹായത്താൽ നടപ്പാക്കുന്ന മാനന്തവാടി കുടിവെള്ള പദ്ധതി ഉടൻ കമ്മീഷൻ ചെയ്യാൻ കഴിയുമോ;

(ഡി) ഈ പദ്ധതിക്ക് നിലവിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വരൾച്ച നേരിടുന്നതിനായി ജല അതോറിറ്റി കുടിവെള്ള പദ്ധതികളിലെ അടിയന്തിര പ്രവൃത്തികൾ നടത്തുന്നതിനായി വിവിധ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ കുടിവെള്ള സ്രോതസ്സ് നവീകരണ പ്രവൃത്തികൾ, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ എന്നിവ അടിയന്തിരമായി നടപ്പിലാക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. തിരുനെല്ലിയിലേയ്ക്കുള്ള ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി-ബാവാലിയിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
2. മാനന്തവാടിയിലേയ്ക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി-ഉണ്ടിപ്പറമ്പിൽകുന്നിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.
3. മാനന്തവാടിയിലേയ്ക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി-വണ്ടാനംകുന്നിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
4. വേമം, നല്ലൂർനാട്, പോരുന്നന്നൂർ വില്ലേജുകളിലെ ഗ്രാമീണ കുടിവെള്ള പദ്ധതി - ഇടവക, വെള്ളമുണ്ട പഞ്ചായത്തുകളിലെ തോന്നിച്ചൽ, നാലാം മൈൽ, കെല്ലൂർ പ്രദേശങ്ങളിലേയ്ക്കുള്ള കാലപ്പഴക്കം ചെന്ന 250 എം.എം.എ.സി. ഡിസ്ട്രിബ്യൂഷൻ മെയിൻ മാറ്റുന്ന പ്രവൃത്തി.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മാനന്തവാടി നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. നബാർഡ് സഹായത്തോടുകൂടിയുള്ള മാനന്തവാടി, ഇടവക, നല്ലൂർനാട് വില്ലേജുകൾക്കുള്ള കുടിവെള്ളപദ്ധതി.

2. എൻ.ആർ.ഡി.ഡബ്ല്യൂ.പി. സ്കീമിൽ കള്ളിയോട്ട് കുന്ന് കുടിവെള്ള പദ്ധതി.

3. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനുള്ള കുടിവെള്ള പദ്ധതി (ഡെപ്പോസിറ്റ് വർക്ക്).

4. കിഫ്ബിയിൽ ഉൾപ്പെടുത്തി മാനന്തവാടി, ഇടവക, നല്ലൂർനാട് വില്ലേജുകൾക്കുള്ള വിതരണശൃംഖല നീട്ടുന്ന പ്രവൃത്തി.

5. വേമം, നല്ലൂർനാട്, പോരുന്നന്നൂർ വില്ലേജുകളിലെ ഗ്രാമീണ കുടിവെള്ള പദ്ധതി - കാവുംമൂല കോളനിയിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

6. വേമം, നല്ലൂർനാട്, പോരുന്നന്നൂർ വില്ലേജുകളിലെ ഗ്രാമീണ കുടിവെള്ള പദ്ധതി-വിവിധ കോളനികളിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

7. തിരുനെല്ലിയിലേയ്ക്കുള്ള ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി-വിവിധ സ്ഥലങ്ങളിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

8. മാനന്തവാടിയിലേയ്ക്കുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി-അമ്പുകുത്തി, പള്ളിക്കുന്ന് റോഡിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

9. മാനന്തവാടി മുനിസിപ്പാലിറ്റിയിലേയ്ക്കും ഇടവക ഗ്രാമപഞ്ചായത്തിലേയ്ക്കുമുള്ള കല്ലുമൊട്ടംകുന്ന് ജലവിതരണ പദ്ധതി- മാനന്തവാടി മുനിസിപ്പാലിറ്റിയിലെ V, XXVIII, XXXIII വാർഡുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

10. വേമം നല്ലൂർനാട്, പോരുന്നന്നൂർ വില്ലേജുകളിലെ ഗ്രാമീണ കുടിവെള്ള പദ്ധതി-പായമ്പള്ളി ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സമീപത്തുള്ള ഗ്രൗണ്ട് ലെവൽ സമ്പ് മുതൽ വള്ളിയൂർക്കാവ് വരെയുള്ള കാലപ്പഴക്കം ചെന്ന 250 എം.എം.എ.സി. ഗ്രാവിറ്റി മെയിൻ മാറ്റുന്ന പ്രവൃത്തി.

(സി) കിഫ്ബി ധനസഹായത്താൽ നടപ്പാക്കുന്ന മാനന്തവാടി കുടിവെള്ള പദ്ധതി 2018 ജൂൺ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത്.

(ഡി) ഈ പദ്ധതിക്ക് നിലവിൽ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചാത്തമംഗലം, മാവൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്നതിന് പദ്ധതി**

231 (6486) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിക്ക് കീഴിലെ കൂളിമാട് പ്ലാന്റിന്റെ പൂർണ്ണ ശേഷി ഉപയോഗപ്പെടുത്തിക്കൊണ്ട് ചാത്തമംഗലം, മാവൂർ തുടങ്ങിയ പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്നതിന് പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്കീമിന്റെ കീഴിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ഉൾപ്പെടുന്നത് എന്ന് വിശദമാക്കാമോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് എത്ര രൂപയാണ് മതിപ്പു ചെലവ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്കീമിന്റെ കീഴിൽ ചാത്തമംഗലം, മാവൂർ, കൊടിയത്തൂർ, കാരശ്ശേരി, ഓമശ്ശേരി, കിഴക്കോത്ത്, മടവൂർ എന്നീ പഞ്ചായത്തുകളും മുക്കം, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികളുമാണ് ഉൾപ്പെടുന്നത്. കൂളിമാട് പ്ലാന്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ചാത്തമംഗലം പഞ്ചായത്തിലെ താന്നിക്കോട് മലയിൽ നിർമ്മിക്കുന്ന സംഭരണിയിൽ എത്തിക്കുന്നു. ഇതിൽനിന്നും ചാത്തമംഗലം പഞ്ചായത്തിനും മുക്കം മുനിസിപ്പാലിറ്റിയുടെ പകുതി ഭാഗത്തും ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് ജലവിതരണം നടത്താൻ ഉദ്ദേശിക്കുന്നു. കാരശ്ശേരി പഞ്ചായത്തിൽ എള്ളങ്ങൾ എന്ന സ്ഥലത്ത് ഒരു ജലസംഭരണി നിർമ്മിച്ച് ഇതിൽ നിന്നും കാരശ്ശേരി പഞ്ചായത്തിനും മുക്കം മുനിസിപ്പാലിറ്റിയുടെ ബാക്കി ഭാഗത്തും കൊടിയത്തൂർ പഞ്ചായത്തിന്റെ പകുതി ഭാഗത്തും ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് ജലവിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം കൂളിമാട് പ്ലാന്റിലെ നിലവിലുള്ള ജലസംഭരണിയിൽ നിന്നും മാവൂർ പഞ്ചായത്തിലും കൊടിയത്തൂർ പഞ്ചായത്തിന്റെ ബാക്കി ഭാഗത്തും ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് ജലവിതരണം നടത്താനും ഉദ്ദേശിക്കുന്നു. കൂടാതെ ചാത്തമംഗലം പഞ്ചായത്തിലെ താന്നിക്കോട് മലയിൽ നിന്നും ഡിസ്ട്രിബ്യൂഷൻ മെയിൻ സ്ഥാപിച്ച് കൊടുവള്ളി മുനിസിപ്പാലിറ്റി, കിഴക്കോത്ത്,

മടവൂർ, ഓമശ്ശേരി എന്നീ പഞ്ചായത്തുകളിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സംഭരണികളിൽ വെള്ളം എത്തിച്ച് പ്രസ്തുത പഞ്ചായത്തുകളിലും ജലവിതരണ ശൃംഖല സ്ഥാപിച്ച് ജലം വിതരണം നടത്താനും വിഭാവനം ചെയ്യുന്നു.

(സി) 297 കോടി രൂപ

## മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി

232 (6487) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 ബജറ്റിൽ കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മട്ടന്നൂർ- ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിലുള്ള സ്ഥലം, കനാൽ റോഡ്, കനാൽ ബാങ്ക് എന്നിവയിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതിക്കായി കേരള ജല അതോറിറ്റിയുടെ മട്ടന്നൂർ പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഴശ്ശി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ അപേക്ഷയിൽ തീരുമാനമെടുത്ത് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ അനുമതി നൽകുവാനുള്ള അധികാരം പഴശ്ശി പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17-ലെ ബജറ്റിൽ കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മട്ടന്നൂർ, ഇരിട്ടി മുനിസിപ്പാലിറ്റികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നാല് പാക്കേജുകളായി തിരിച്ചാണ് പ്രവൃത്തി ഏർപ്പാട് ചെയ്യുന്നത്. ഇതിൽ ഒന്നാമത്തെ പാക്കേജിൽ കിണർ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയാണ് പ്രധാന ഘടകങ്ങൾ. രണ്ടാമത്തെ പാക്കേജിൽ ശുദ്ധീകരണശാല, ശുദ്ധജല സംഭരണികൾ എന്നിവയാണ് പ്രധാന ഘടകങ്ങൾ. മൂന്നാമത്തെ പാക്കേജിൽ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി, പ്രസ്തുത ജലസംഭരണിയിലേയ്ക്കുള്ള ഗ്രാവിറ്റി മെയിൻ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഒന്നും രണ്ടും പാക്കേജുകളുടെ പ്രവൃത്തി ഇതിനകം

തന്നെ ആരംഭിച്ചിട്ടുണ്ട്. മൂന്നാമത്തെ പാക്കേജിന്റെ പ്രവൃത്തി ഈ മാസംതന്നെ ആരംഭിക്കുന്നതാണ്. നാലാമത്തെ പാക്കേജിൽ ഇരിട്ടി മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള ജലസംഭരണി, മഞ്ഞ കോളനി പ്രദേശത്തുള്ള ജലസംഭരണി, പ്രസ്തുത ജല സംഭരണിയിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള പൈപ്പ്ലൈനുകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇരിട്ടിക്കുള്ള ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ തഹസിൽദാർ ആവശ്യപ്പെട്ട കണ്ടിജൻസി ചാർജ് അനുവദിച്ചിട്ടുണ്ട്. എന്നാൽ തഹസിൽദാർ ആവശ്യപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് ചാർജ് കിഫ്ബിയിൽ നിന്നും അനുവദിക്കുന്നില്ല. അതിനാൽ നോട്ടിഫിക്കേഷൻ നടപടി ആരംഭിച്ചിട്ടില്ല. മഞ്ഞ കോളനിക്കുള്ള ജലസംഭരണിക്ക് വേണ്ട സ്ഥലം മട്ടന്നൂർ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് കൈമാറാമെന്ന് സമ്മതിച്ചിരുന്നുവെങ്കിലും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാൽ പാക്കേജ് 4-ന്റെ ദർഘാസ് നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി & സി) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ (പ്രോജക്ട് I) പരിശോധിച്ചുവരുന്നു.

## കാലപ്പഴക്കത്താൽ ലീക്കാകുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുക

233 (6488) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 25 വർഷത്തിലേറെ പഴക്കമുള്ള കുടിവെള്ള പദ്ധതികളിൽ നിന്ന് പൈപ്പുകളുടെ കാലപ്പഴക്കം കൊണ്ട് ലീക്കുചെയ്ത് കുടിവെള്ളം പാഴാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുമേൽ സ്വീകരിച്ച വരുന്ന നടപടികൾ ഏതെല്ലാം;

(സി) കാലപ്പഴക്കം കൊണ്ട് ലീക്കാവുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി 2017 ജനുവരി മുതൽ 2018 മാർച്ച് വരെ എത്ര രൂപ ചെലവഴിച്ചു; ഇത്തരം ചെലവുകൾ ഇനം തിരിച്ചും പദ്ധതികൾ തിരിച്ചും വിശദമാക്കുമോ;

(ഡി) തേഞ്ഞിപ്പാലം, ചേലാമ്പ്ര, കുന്നിയൂർ, പെരുവള്ളൂർ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ, കാലപ്പഴക്കം കൊണ്ട് മാറ്റി സ്ഥാപിക്കേണ്ടി വന്ന പൈപ്പുകളുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇതിലേയ്ക്കായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 146.75 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിലെ ഒപ്റ്റിമൈസേഷൻ ഓഫ് പ്രൊഡക്ഷൻ & ട്രാൻസ്മിഷൻ എന്ന ഹെഡിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാൻ 2016-17-ൽ 40.76 കോടി രൂപയുടെയും 2017-18-ൽ 59.57 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയത് ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്.

(സി) സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 60.41 കോടി രൂപയും അമൃതിൽ ഉൾപ്പെടുത്തി 1.87 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) 80 ലക്ഷം രൂപ

**തച്ചനാട്ടുകര സർക്കാർ എൽ.പി. സ്കൂളിൽ കുടിവെള്ള പദ്ധതി**

234 (6489) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നുമുള്ള തുക വിനിയോഗിച്ച് തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ സർക്കാർ എൽ.പി. സ്കൂളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ എന്നാണ് ലഭിച്ചതെന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റിക്ക് എന്നാണ് സർക്കാർ നൽകിയതെന്നറിയിക്കാമോ;

(സി) ഈ പ്രൊപ്പോസലിൽ കേരള വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) 21-11-2016-ൽ

(ബി) 30-11-2016-ലെ കത്ത് മുഖാന്തിരം

(സി) ഡി.ഇ.ആർ. തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 17-12-2016-ലെ കെ.ഡബ്ല്യൂ.എ./ജെ.ബി./പി2/616/2016/പാലക്കാട് നമ്പർ കത്ത് മുഖേന ഉത്തര മേഖല ചീഫ് എഞ്ചിനീയർക്ക് നൽകി. ഡി.ഇ.ആർ. തയ്യാറാക്കിയെങ്കിലും സർക്കാരിലേയ്ക്ക് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടില്ല. പുതുക്കിയ മാർഗ്ഗനിർദ്ദേ

ശമനസരിച്ച് പുതിയ ഡി.എസ്.ആർ. പ്രകാരം ഇത് അടിയന്തിരമായി ജില്ലാ കളക്ടർക്ക് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കുവാൻ ഉത്തരമേഖല ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മലപ്പുറം നിയോജക മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ

235 (6490) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട്, ലോക ബാങ്ക് ഫണ്ട്, എം.എൽ.എ. ഫണ്ട്, മറ്റ് സർക്കാർ ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് ഇപ്പോൾ നടപ്പിലാക്കി വരുന്ന വിവിധ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും വരാനിരിക്കുന്ന വരൾച്ചയെ അതിജീവിച്ചുകൊണ്ട് കുടിവെള്ളമെത്തിക്കാൻ പര്യാപ്തമാണോ; ഏതെങ്കിലും പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടോ;

(സി) എങ്കിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും വരൾച്ചയെ പ്രതിരോധിക്കുവാനും കുടിവെള്ള ക്ഷാമം പരിഹരിക്കുവാനും ആവശ്യമായ മുൻകരുതൽ എടുക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം നിയോജക മണ്ഡലത്തിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

I മൈനോറിറ്റി

1. മൊറയൂർ പഞ്ചായത്തിലെ-മോങ്ങം മലയത്തൊടി കുടിവെള്ള പദ്ധതി
2. പൂക്കോട്ടൂർ പഞ്ചായത്തിലെ കോടാലിപ്പറമ്പ് കുടിവെള്ള പദ്ധതി
3. മൊറയൂർ പഞ്ചായത്തിലെ വാർഡ് 14-15 കുടിവെള്ള പദ്ധതി
4. പൂക്കോട്ടൂർ പഞ്ചായത്തിലെ മാണിക്യമുര കീഴേടത്ത് വാർഡ് (9)- കുടിവെള്ള പദ്ധതി

5. പൂക്കോട്ടൂർ പഞ്ചായത്തിലെ അത്താണിക്കൽ നെച്ചിയിൽ വാർഡ് നമ്പർ 15 കുടിവെള്ള പദ്ധതി
6. പുൽപ്പറ്റ പഞ്ചായത്തിലെ ആനകുണ്ട്, ചാത്തൻ പറമ്പ് കുടിവെള്ള പദ്ധതി
7. ആനക്കയം പഞ്ചായത്തിലെ കരിവഞ്ചേരി ഇടവഴിപ്പടി, കുന്നംപറമ്പ്, പടിഞ്ഞാറ്റുമുറി പൈപ്പ് ലൈൻ നീട്ടൽ
8. ആനക്കയം പഞ്ചായത്തിലെ വാർഡ് നമ്പർ 22 വടക്കുമറ്റം ഭാഗം പൈപ്പ് ലൈൻ നീട്ടൽ

II ജില്ലാ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി

പുൽപ്പറ്റ പഞ്ചായത്തിലെ ഒലിയംകുന്ന് കോഞ്ഞത്ത് കുടിവെള്ള പദ്ധതി

III എം.എൽ.എ. ആസ്തിവികസന ഫണ്ട്

1. കോഡൂർ ഗ്രാമപഞ്ചായത്തിലെ പെരിങ്ങോട്ടുപുലം പൂക്കാട് കുടിവെള്ളപദ്ധതി
2. കോഡൂർ ഗ്രാമപഞ്ചായത്തിലെ മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതി
3. ആനക്കയം പഞ്ചായത്തിലെ ഉരുളിത്തല കുടിവെള്ള പദ്ധതി
4. ആനക്കയം പഞ്ചായത്തിലെ അമ്പലവട്ടം കുടിവെള്ളപദ്ധതി
5. ആനക്കയം പഞ്ചായത്തിലെ ചേപ്പൂർ കുടിവെള്ളപദ്ധതി
6. മലപ്പുറം മുനിസിപ്പാലിറ്റിയിലെ കാളന്തട്ട കുടിവെള്ള പദ്ധതി
7. കോഡൂർ ഗ്രാമപഞ്ചായത്തിലെ ചട്ടിപ്പറമ്പ് തണ്ണീർച്ചോല കുടിവെള്ള പദ്ധതി
8. കോഡൂർ പഞ്ചായത്തിലുള്ള കാലമ്പറമ്പ് ഭാഗത്തുള്ള വിതരണ ശൃംഖല-പ്രവൃത്തി

IV കോഡൂർ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക്

1. കോഡൂർ പഞ്ചായത്തിലുള്ള കാലമ്പറമ്പ് ഭാഗത്ത് വിതരണ ശൃംഖലയുടെ പ്രവൃത്തി -10 ലക്ഷം
2. കോഡൂർ പഞ്ചായത്തിലുള്ള കാലമ്പറമ്പ് ഭാഗത്ത് വിതരണ ശൃംഖലയുടെ പ്രവൃത്തി - 20 ലക്ഷം

(ബി) പര്യാപ്തമാണ്. അറ്റകുറ്റപ്പണികൾ നടത്തേണ്ട ആവശ്യമില്ല.

(സി) വരൾച്ചയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി മലപ്പുറം നിയോജക മണ്ഡലത്തിലുള്ള പദ്ധതികളിലെ സ്രോതസ്സുകൾക്ക് സമീപം തടയണകൾ നിർമ്മിക്കുന്നതിനും സ്ഥിരം തടയണയിൽ ഷട്ടറുകൾ സ്ഥാപിച്ച് ജലവിതാനം ഉയർത്തുന്നതിനുമുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

## ആലത്തൂർ നിയോജക മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

236 (6491) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ പോകുന്നതുമായ സമഗ്ര കുടിവെള്ള പദ്ധതികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു :

കൂടാതെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി തേങ്കുറിശ്ശി പഞ്ചായത്തിൽ രണ്ട് ബോർവെൽ പദ്ധതികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും ചുവടെ ചേർക്കുന്നു :

1. തേങ്കുറിശ്ശി പഞ്ചായത്തിലെ ആണ്ടിത്തറ കുടിവെള്ള പദ്ധതി, ബോർവെൽ കുഴിച്ചു. ബാക്കി പ്രവൃത്തി ഏർപ്പാടാക്കി രണ്ടാഴ്ചയ്ക്കുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.
2. തേങ്കുറിശ്ശി പഞ്ചായത്തിലെ എരട്ടയോട് കുടിവെള്ള പദ്ധതി-ബോർവെൽ കുഴിച്ചു. ബാക്കി പ്രവൃത്തി ഏർപ്പാടാക്കി. രണ്ടാഴ്ചയ്ക്കുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ 2017-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി തേങ്കുറിശ്ശി പഞ്ചായത്തിൽ രണ്ട് ബോർവെല്ലുകൾ കുഴിച്ചെങ്കിലും വെള്ളം ലഭ്യമായില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കഴക്കൂട്ടം തെറ്റിയാർ തോട്ടിലേയ്ക്ക് മലിനജലം ഒഴുക്കുന്നത് തടയാൻ നടപടി

237 (6492) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം തെറ്റിയാർ തോട്ടിലേക്ക് വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും മലിനജലം ഒഴുക്കി വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു തടയാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) തെറ്റിയാർ തോടിന്റെ സൈഡ് ഭിത്തി കെട്ടാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീടുകളിൽ നിന്നും മറ്റും മാലിന്യം ഈ തോട്ടിലേയ്ക്ക് വിടുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്ന് കോർപ്പറേഷൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗാർഹിക-ഗാർഹികേതര മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞാൽ തോട്ടിലേയ്ക്കുള്ള മാലിന്യ നിക്ഷേപം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും.

(സി) തോട്, പുഴകൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ പരമാവധി ജൈവമാർഗ്ഗങ്ങൾക്ക് മുൻതൂക്കം നൽകണമെന്നതാണ് സർക്കാർ നയം. ഇതനുസരിച്ച് തോടിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സാമ്പത്തിക ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

## നാട്ടക്കൽ, തോട്ടതമൂല പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം

238 (6493) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നിയോജക മണ്ഡലത്തിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിലെ 8, 10 വാർഡുകളിൽപ്പെട്ട നാട്ടക്കൽ, തോട്ടതമൂല പ്രദേശങ്ങളിലെ എസ്.സി. കോളനിയിൽ താമസിക്കുന്നവരനുഭവിക്കുന്ന കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) ഈ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എം.എൽ.എ. നൽകിയ NA/GEN/376/2017 നമ്പർ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ബാച്ച് 2-ൽ ബെള്ളൂർ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലനിധിയുടെ ശുദ്ധജലവിതരണ പദ്ധതിയായ ഒരു വൻകിട പദ്ധതി മാത്രമേ ടി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളൂ. ടി പദ്ധതിയിൽ 33 ഗുണഭോക്തൃ സമിതികളിലായി പഞ്ചായത്തിലെ ഒന്ന് മുതൽ പതിമൂന്നുവരെയുള്ള വാർഡുകളിലായി ജനറൽ, എസ്.സി., എസ്.ടി. വിഭാഗങ്ങളിലായി ആകെ 1134 ഗുണഭോക്താക്കളുണ്ട്. ഇതിൽ ബെള്ളൂർ ഗ്രാമ പഞ്ചായത്തിലെ 8, 10 വാർഡുകളിലെ നാട്ടക്കൽ, തോട്ടതമൂല പ്രദേശങ്ങളിലെ എസ്.സി. കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾ എല്ലാം ജലനിധി പദ്ധതിയിൽ ഉൾപ്പെടുന്നില്ലെങ്കിലും തോട്ടതമൂല പ്രദേശത്തെ 21 എസ്.ടി. കുടുംബങ്ങളും നെല്ലിക്കുന്ന് പ്രദേശത്തെ എട്ട് എസ്.ടി. കുടുംബങ്ങളും ഈ പദ്ധതിയിലെ ഗുണഭോക്താക്കളാണ്. ബെള്ളൂർ ഗ്രാമപഞ്ചായത്തിലെ ജലനിധിയുടെ വൻകിട പദ്ധതിയുടെ പ്രവർത്തനങ്ങൾ 75% പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ബാക്കിയുള്ള ജോലികൾ പൂർത്തിയാക്കി 2018 മേയ് മാസത്തിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

## കുടിവെള്ള വിതരണം സ്മാർട്ട് ആക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എ.ഡി.ബി. വായ്പ

239 (6494) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണ സംവിധാനം പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം ആലോചനകളാണ് ജലവിഭവ വകുപ്പിൽ നടക്കുന്നത്; വിശദമാക്കാമോ ;

(ബി) കുടിവെള്ള വിതരണം സ്മാർട്ട് ആക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും എ.ഡി.ബി.-യിൽ നിന്നും വായ്പയെടുക്കുന്നതിനെക്കുറിച്ചുള്ള എന്തെങ്കിലും നിർദ്ദേശം വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള പഴയ പദ്ധതികളിൽ ഉപയോഗിച്ചിരിക്കുന്ന എ.സി./പ്രെമോ, തുരുമ്പിച്ച ജി.ഐ. പൈപ്പുകൾ, കാലപ്പഴക്കംചെന്ന മറ്റു പൈപ്പുകൾ എന്നിവ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളിലെ കാലപ്പഴക്കം ചെന്നതും ഡിസ്ചാർജ് കുറഞ്ഞതുമായ പമ്പിംഗ് സംവിധാനങ്ങളും അനുബന്ധ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻസും മാറ്റേണ്ടതുണ്ട്. നിലവിലുള്ള ചെറിയ പദ്ധതികൾക്ക് പകരം ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കി സമഗ്ര കുടിവെള്ള

പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ജലനിധി പദ്ധതി പ്രകാരം പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജല സംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. തടയണകൾ, കിണർ റീചാർജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ സാനിട്ടേഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിനും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞിരിക്കുന്ന പുനരുദ്ധാരണ പ്രവൃത്തികളും വിപുലീകരണ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

(ബി) എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഏകദേശം 2500 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന അടങ്കൽ തുക. ചുവടെ ചേർക്കുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കംവന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക
3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (District Metering Area)കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജലചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലനഷ്ടം ദേശീയ ബഞ്ച് മാർക്ക് നിലവാരമായ 20 ശതമാനത്തിൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.
4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.
5. SCADA (Supervisory control and data acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.
6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക
7. എല്ലാ ഗുണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS (Geo Information System) മാപ്പ് തയ്യാറാക്കുക.

9. ഐ.ടി. അധിഷ്ഠിത എം.ഐ.എസ്. (Management Information System)ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

10. 24x7 പദ്ധതി അഞ്ചു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**കുളങ്ങളും നീരുറവകളും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ**

240 (6495) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുളങ്ങളും നീരുറവകളും കയ്യേറ്റംമൂലവും വികസനത്തിന്റെ പേരിലും നശിക്കപ്പെട്ട് വരൾച്ചയുടെ പ്രത്യാഘാതങ്ങൾ രൂക്ഷമാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇപ്രകാരം കയ്യേറ്റം മൂലം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കുളങ്ങളും നീരുറവകളും കണ്ടെത്തി കയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുത്ത് നവീകരിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുളങ്ങളും പൊതു നീരുറവകളും സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇത്തരം കുളങ്ങളും നീരുറവകളും സംരക്ഷിക്കന്നതിന് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ റവന്യൂ, ഗ്രാമപഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(സി) ഹരിത കേരളം മിഷന്റെ ഉപമിഷനായ ജല സംരക്ഷണം/ ജലസമൃദ്ധിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള കുളം സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശത്തിന്റെയും സഹകരണത്തിന്റെയും അടിസ്ഥാനത്തിലാണ് നിർവ്വഹിച്ചു വരുന്നത്.

(ഡി) ഹരിത കേരളം - കുളം നവീകരണം, ഹരിത കേരളം-എം.ഐ.ക്ലാസ്സ്-I, ഹരിത കേരളം-എം.ഐ.ക്ലാസ്സ്-II എന്നീ പദ്ധതികളും സംസ്ഥാന ബഡ്ജറ്റ് വിഹിതം എം.എൽ.എ/എം.പി. ഫണ്ട്-എന്നിവ ഉപയോഗിച്ചുള്ള വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.

**കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ കുടിവെള്ള വിതരണം**

241(6496) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ തടസ്സമില്ലാതെ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം ;

(ബി) എങ്കിൽ ഇതിനാവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിനുവേണ്ടി നിലവിലുള്ള പദ്ധതി 1970-ൽ ആരംഭിച്ചതാണ്. വർദ്ധിച്ചുവരുന്ന നഗരത്തിന്റെ ജല ആവശ്യകത കണക്കിലെടുത്തും തടസ്സമില്ലാതെ കുടിവെള്ള വിതരണം ചെയ്യുന്നതിനുമായി ജപ്പാൻ ധനസഹായ ത്തോടുകൂടി നിലവിലുള്ള പദ്ധതിയുടെ സ്രോതസ്സായ ചാലിയാർ പുഴയ്ക്ക് പുറമെ കുറ്റിയാടി പുഴയിൽ പെരുവണ്ണാമൂഴി ജലസംഭരണിയിൽ നിന്നും ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ വിതരണ ശൃംഖലയുടെ ബാക്കി പണികൾ പൂർത്തിയാകുന്നതോടുകൂടി നഗരത്തിലെ ശുദ്ധജലപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്. കൊച്ചി നഗരത്തിൽ കുടിവെള്ള വിതരണ ത്തിനായി 1914 മുതൽ നിലവിലുണ്ടായിരുന്ന പദ്ധതി പെരിയാറിനെ ആശ്രയിച്ചു ള്ളതാണ്. എന്നാൽ, വർദ്ധിച്ച ജല ആവശ്യകത കണക്കിലെടുത്തും തടസ്സമില്ലാതെ കുടിവെള്ള വിതരണം ചെയ്യുന്നതിനുമായി മൂവാറ്റുപുഴ ആറ് സ്രോതസ്സായി മരടിൽ സ്ഥാപിച്ച 100 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല ഉൾപ്പെടെയുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1933-ൽ ആരംഭിച്ച തിരുവനന്തപുരം നഗര ജലവിതരണ പദ്ധതിയുടെ സ്രോതസ്സ് പേപ്പാറ ഡാമാണ്. കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള ജല ദൗർലഭ്യവും വർദ്ധിച്ചുവരുന്ന ജല ആവശ്യകതയും പരിഗണിച്ച് തടസ്സമില്ലാതെ കുടിവെള്ള വിതരണം ചെയ്യുന്നതിനായി നെയ്യാർ ഡാം സ്രോതസ്സാക്കി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള തിരുവനന്തപുരം, കൊച്ചി,

കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. എ.ഡി.ബി.യുമായുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. കൂടാതെ, കുടിവെള്ളം വിതരണം ശക്തിപ്പെടുത്തുന്നതിന് ആവിഷ്കരിച്ച കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ 'അമൃത്' പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) 24x7 പദ്ധതിക്കാവശ്യമായ ധനസഹായം എ.ഡി.ബി.യിൽ നിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 2500 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന അടങ്കൽ

(സി) എ.ഡി.ബി.-യുടെ ധസഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (District Metering Area) കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലനഷ്ടം ദേശീയ ബഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.
4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.
5. SCADA (Supervisory control and data acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.
6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ് തയ്യാറാക്കുക.

9. ഐ.ടി. അധിഷ്ഠിത എം.ഐ.എസ്.ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

10. 24x7 പദ്ധതി അഞ്ച് വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**കരാർ തൊഴിലാളികളെ നിയമിക്കാനുള്ള നിയമം**

242(6497) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. വി. ജോയി :

ശ്രീ. പി. കെ. ശശി :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതലാളിത്തവൽക്കരണ നയങ്ങൾ തീവ്രമാക്കുന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ കൂട്ടായ വിലപേശൽ ശേഷി ഇല്ലാതാക്കുന്നതിന്, എല്ലാ രംഗത്തും കരാർ തൊഴിലാളികളെ മാത്രം നിയമിക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയമം ചൂഷണാധിഷ്ഠിതമായതിനാൽ പിൻവലിക്കാൻ ആവശ്യപ്പെടുമോ;

(ബി) 2003-ൽ കേന്ദ്രസർക്കാർ പ്രാബല്യത്തിലാക്കിയതും തൊഴിലാളികളുടെ ശക്തമായ പ്രതിഷേധത്തെ തുടർന്ന് പിന്നീട് വന്ന സർക്കാർ റദ്ദ് ചെയ്തതുമായ നിയമം വീണ്ടും കൊണ്ടുവരുന്നത് തൊഴിൽ രംഗത്ത് എത്ര മാത്രം അസ്വസ്ഥതകൾ സൃഷ്ടിക്കാനിടയുണ്ടെന്ന് പരിശോധിക്കുമോ;

(സി) ഈ നിയമം നടപ്പാക്കുന്നതിൽ നിന്നും സംസ്ഥാന സർക്കാരിന് വിട്ടു നിൽക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൊഴിലാളി വിരുദ്ധമായ പുതിയ തൊഴിൽ നിയമ ഭേദഗതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന തൊഴിലും എക്സൈസും വകുപ്പുമന്ത്രി 23-3-2018-ന് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിക്ക് വിശദമായ കത്ത് അയച്ചിട്ടുണ്ട്.

(ബി) സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന നിയോജനങ്ങളിലും സ്ഥാപനത്തിന്റെ വരുമാനവുമായി നേരിട്ട് ബന്ധപ്പെട്ടതുമായ (സീസൺ അല്ലാത്ത) നിയോജനങ്ങളിലും കരാർ തൊഴിലാളികളെ നിയമിക്കുന്നത് റദ്ദ് ചെയ്യാനുള്ള അധികാരം സമുചിത സർക്കാരിൽ നിക്ഷിപ്തമാണ്. മേൽപ്പറഞ്ഞ നിയോജനങ്ങളിൽ കരാർ തൊഴിലാളികളെ നിയോഗിക്കുന്നതിന് സാദ്ധ്യമാകുന്ന രീതിയിൽ നിയമഭേദഗതി നടപ്പിലാക്കുകയാണെങ്കിൽ ജീവനക്കാർക്ക് continuous service നഷ്ടപ്പെടുന്നതിനും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെ അത് പ്രതികൂലമായി ബാധിക്കുന്നതിനും സാദ്ധ്യതയുണ്ട്. കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള സർട്ടിഫൈഡ് സ്റ്റാൻഡിംഗ് ഓർഡർ പരിഷ്കരിക്കുവാൻ ടി ഭേദഗതിമൂലം നിർബന്ധിതമാകുകയും തന്മൂലം പുതിയ തൊഴിൽ അന്വേഷകരുടെ ഭാവി അനിശ്ചിതത്വത്തിലാവുകയും തൊഴിൽ സ്ഥിരത നഷ്ടപ്പെടുത്തുന്നതിന് ഇടവരുത്തുകയും ചെയ്യും. സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ജോലി സുരക്ഷിതത്വം ഇല്ലാതാകുന്നതിന്റെ ആക്കം വർദ്ധിപ്പിക്കുകയും ചെയ്യും. ജോലി സുരക്ഷ സംബന്ധിച്ച ട്രേഡ് യൂണിയനുകളുടെ വിലപേശൽ ശക്തി നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകും.

(സി) പൂർണ്ണമായി വിട്ടു നിൽക്കുവാൻ കഴിയില്ല. പ്രസ്തുത നയം പൂർണ്ണമായും തൊഴിലാളി താൽപ്പര്യത്തിന് വിരുദ്ധമാണ്. ഭാവിയിൽ രാജ്യത്താകമാനം ഈ നയം വലിയ തോതിൽ തൊഴിൽ അരക്ഷിതത്വം സൃഷ്ടിക്കുന്നതാണ്.

## മിനിമം വേതനവുമായും ഗ്രാറ്റുവിറ്റിയുമായും ബന്ധപ്പെട്ട കേസ്സുകൾ

243 (6498) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിനിമം വേതനവുമായും തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയുമായും ബന്ധപ്പെട്ട നിരവധി കേസ്സുകൾ വർഷങ്ങളായി കെട്ടികിടക്കുന്ന സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമല്ലാത്തതാണ് കേസ്സുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകാൻ കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ; ഇതുമായി ബന്ധപ്പെട്ട് അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിനിമം വേതനം നിയമപ്രകാരം ഫയൽ ചെയ്യുന്ന ക്ലെയിം കേസ്സുകൾ കേൾക്കുന്നതിനുള്ള അധികാരി 2014 മുതൽ നിലവിലില്ലാതിരുന്നതിനാൽ ടി കേസ്സുകൾ യഥാസമയം തീർപ്പാക്കുന്നതിന് കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ ടി നിയമപ്രകാരമുള്ള ക്ലെയിം കേസ്സുകൾ കേൾക്കുന്നതിനുള്ള അതോറിറ്റി ആയി 20-10-2017-ൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാറ്റുവിറ്റിയെ സംബന്ധിച്ച അധികാരി പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമപ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടന്ന കാലയളവിൽ ഗ്രാറ്റുവിറ്റി കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഇതുസംബന്ധിച്ച് പരാതികളൊന്നുമില്ല.

(ബി) 17-1-2014-വരെ മിനിമം വേജസ് ക്ലെയിം കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നത് അതത് അധികാര പരിധികളിലെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർമാരായിരുന്നു. എന്നാൽ സർക്കാരിന്റെ 18-1-2014-ലെ 8/2014/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ചുമതല വ്യാവസായിക ട്രിബ്യൂണലിന് കൈമാറിയിരുന്നു. ഈ ഉത്തരവിൽ മിനിമം വേജസ് ക്ലെയിം കേൾക്കുന്നതിന് വ്യാവസായിക ട്രിബ്യൂണൽമാർക്ക് അധികാരം നൽകിയിരുന്നില്ല. ഈ സാഹചര്യത്തിൽ മിനിമം വേതന ക്ലെയിം കേസുകൾ തീർപ്പാക്കുന്നതിനുള്ള അധികാരം അവ നിലവിൽ ചെയ്തുവന്ന തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് നൽകുന്നതിന് മിനിമം വേതനനിയമം 1948 സെക്ഷൻ 20(1)-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ലേബർ കമ്മീഷണറെ ക്ലെയിം കേസ് കേൾക്കുന്നതിനുള്ള അതോറിറ്റിയായി നിയമിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, അദ്ദേഹത്തിന്റെ നിലവിലുള്ള ചുമതലകൾക്കുപുറമെ എല്ലാ ജില്ലകളിലെയും ക്ലെയിം കേസ്സുകൾ കേൾക്കുന്നതിന് സാഹചര്യമുണ്ടായിരുന്നില്ല. ഇപ്പോൾ മിനിമം വേജസ് ക്ലെയിം കേസ് കേൾക്കുന്നതിന് അതോറിറ്റിയെ നിയമിക്കുകയും അവർ കേസ്സുകൾ കേൾക്കുകയും ചെയ്തുവരികയാണ്. ഗ്രാറ്റുവിറ്റി കേസ് കേൾക്കുന്നതിനും നിലവിൽ അധികാരിയെ നിയമിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 15-12-2016-ൽ ഗ്രാറ്റുവിറ്റി അദാലത്ത് സംഘടിപ്പിച്ചിരുന്നു. ഗ്രാറ്റുവിറ്റി കേസ്സുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അദാലത്ത് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഗാർഹിക തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി

244 (6499) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക തൊഴിലാളികൾക്ക് മാന്യമായ തൊഴിലും തൊഴിൽ സാഹചര്യങ്ങളും ഉറപ്പുവരുത്തുന്നതിലേയ്ക്ക് ജനീവയിൽ നടന്ന ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ 189- ാം കൺവെൻഷനിൽ ഉന്നയിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഗാർഹിക തൊഴിലാളികൾക്ക് എല്ലാവിധ ചൂഷണങ്ങളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

### ഉത്തരം

(എ) ജനീവയിൽ നടന്ന ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ 189-ാം കൺവെൻഷനിൽ ഇതുസംബന്ധിച്ച് ഉന്നയിച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഗാർഹിക തൊഴിലാളികളുടെ മനുഷ്യാവകാശപരമായ കാര്യങ്ങൾ സംരക്ഷിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുക.

2. സംഘടനാ സ്വാതന്ത്ര്യവും തൊഴിലവകാശങ്ങൾക്കുവേണ്ടിയുള്ള ആവശ്യപ്പെടലും എല്ലാത്തരം നിർബന്ധിത ജോലികളിൽ നിന്നും വിടുതൽ ചെയ്യുക, ബാലവേല പൂർണ്ണമായും അവസാനിപ്പിക്കുക, ജോലി സംബന്ധമായ വിവേചനങ്ങൾ അവസാനിപ്പിക്കുക എന്നീ അടിസ്ഥാനപരമായ ആവശ്യങ്ങളും തൊഴിൽപരമായ അവകാശങ്ങളും സംരക്ഷിക്കുക.

3. എല്ലാത്തരം ചൂഷണങ്ങളിൽ നിന്നുമുള്ള സംരക്ഷണം ഉറപ്പുവരുത്തുക.

4. ഗാർഹിക തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ട നിലയിൽ സംരക്ഷിക്കുകയും തൊഴിലിടങ്ങൾ സൗഹാർദ്ദപരമായിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുക.

5. ഗാർഹിക തൊഴിലാളികൾക്കും മറ്റ് തൊഴിലാളികൾക്ക് ലഭ്യമാകുന്നതുപോലുള്ള തൊഴിൽ നിയമങ്ങളനുസരിച്ചുള്ള ജോലിസമയം, ഓവർടൈം വേതനം, വിശ്രമവേള, ലീവ് ആനുകൂല്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

6. ലിംഗപരമായ വിവേചനങ്ങളില്ലാതെ എല്ലാ ഗാർഹിക തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുക.

(ബി) ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് 29-12-2016-ലെ സ.ഉ.(അച്ചടി) 202/2016/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തൊഴിൽ ചൂഷണം സംബന്ധിച്ച് പരാതി ലഭിച്ചാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാക്കാൻ നടപടി**

245 (6500) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളുന്നതിന് കരട് തൊഴിൽ നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. തുല്യജോലിക്ക് തുല്യവേതന നിയമം അനുസരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാന തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. ജീവനക്കാർക്ക് വിശ്രമ സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്സ് & കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ജോലി സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കുന്നതിനുള്ള നിയമഭേദഗതി സർക്കാർ പരിശോധനയിലാണ്.

(ബി) സംസ്ഥാന തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങളിൽ ഒന്നാണ് ജോലിസ്ഥലത്തെ സ്ത്രീസൗഹൃദ അന്തരീക്ഷം.

## ശരണ്യ സ്വയം തൊഴിൽ പദ്ധതി

246 (6501) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ; സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

(ബി) സംരംഭകത്വ വികസന പരിശീലനങ്ങൾക്കായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഇതിനായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഗ്രാമീണ സ്വയം തൊഴിൽ കേന്ദ്രങ്ങളിലും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരമായ അമ്മമാർ എന്നീ വിഭാഗം സ്ത്രീകൾക്കായി വിഭാവനം ചെയ്തിട്ടുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്. ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. വായ്പത്തുകയുടെ അൻപത് ശതമാനം പരമാവധി 25,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതുമാണ്. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും 18-നും 55-നും മദ്ധ്യേ പ്രായമുള്ളതുമായ (അവിവാഹിതകൾക്ക് 30 വയസ്സ് പൂർത്തിയാകണം) മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതിയിൻപ്രകാരം സ്വയം തൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും,

ഐ.ടി.ഐ., ഐ.ടി.സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ബിരുദധാരികൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. ഈ പദ്ധതി സംസ്ഥാന വ്യാപകമായാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. പരിശോധിച്ചുവരുന്നു.

(സി) ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയും ലീഡ് ബാങ്കുകളുടെ ആഭിമുഖ്യത്തിലുള്ള ഗ്രാമീണ സ്വയംതൊഴിൽ കേന്ദ്രങ്ങൾ വഴിയും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നുണ്ട്.

## സ്ഥിരം തൊഴിലുകൾ ഇല്ലാതാകുന്ന കേന്ദ്ര വിജ്ഞാപനത്തിന്റെ പ്രത്യാഘാതങ്ങൾ

247 (6502) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ സ്ഥിരം തൊഴിലുകൾ ഇല്ലാതാക്കി നിശ്ചിത തൊഴിൽ അനുവദിക്കുക എന്ന ലക്ഷ്യത്തോടെ 1946-ലെ വ്യാവസായിക തൊഴിൽ (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) നിയമത്തിന്റെ ചട്ടം ഭേദഗതി വരുത്തി കേന്ദ്ര തൊഴിൽ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) ഇത് സംസ്ഥാനത്തെ തൊഴിൽ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യാവസായിക തൊഴിൽ മേഖലയിൽ സ്ഥിരസ്വഭാവമുള്ള നിയമനങ്ങൾ ഇല്ലാതാകുന്ന സ്ഥിതിവിശേഷം ഉണ്ടാകുമോ; വ്യക്തമാക്കാമോ;

(സി) ചുരുങ്ങിയ കാലയളവിലേക്ക് മാത്രമായി തൊഴിലുടമയ്ക്ക് നിയമനം നടത്താമെന്നും രണ്ടാഴ്ച നോട്ടീസ് നൽകി തൊഴിലാളികളെ പിരിച്ചുവിടാൻ തൊഴിലുടമയ്ക്ക് അധികാരം ലഭിക്കുമെന്നും നമ്മുടെ തൊഴിൽ മേഖലയിൽ എന്ത് പ്രത്യാഘാതം ഉണ്ടാക്കുമെന്ന് വിശദീകരിക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ ഭേദഗതിയിലൂടെ തൊഴിലാളികളെ കുറച്ച് കാലാവധിയിലേയ്ക്ക് മാത്രമായി നിയമിക്കുവാനുള്ള വ്യവസ്ഥയാണ് (ഫിക്സഡ് ടേം) ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) ടി ഭേദഗതിയിലൂടെ കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സ്റ്റാൻഡിംഗ് ഓർഡർ പരിഷ്കരിക്കുവാൻ നിർബന്ധിതമാകുകയും ആയത് തൊഴിൽ അന്വേഷകരുടെ ഭാവി അനിശ്ചിതത്വത്തിലാകാനും സാദ്ധ്യതയുണ്ട്. തൊഴിൽ സ്ഥിരത നഷ്ടപ്പെടുന്ന അവസ്ഥയും സംജാതമാകും.

(സി) തൊഴിൽ കാലയളവിന് സുരക്ഷ ലഭിച്ചില്ലെങ്കിൽ ഫിക്സഡ് ടേം എംപ്ലോയ്മെന്റ് തൊഴിലാളികൾക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തിന് കുറവ് സംഭവിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള സർട്ടിഫൈഡ് സ്റ്റാൻഡിംഗ് ഓർഡർ പരിഷ്കരിക്കുവാൻ ടി ഭേദഗതിമൂലം നിർബന്ധിതമാകുകയും തന്മൂലം പുതിയ തൊഴിൽ അന്വേഷകരുടെ ഭാവി അനിശ്ചിതത്വത്തിലാകുകയും ചെയ്യും. ഇത് തൊഴിൽ സ്ഥിരത നഷ്ടപ്പെടുന്നതിനും വ്യാപകമായ അസംതൃപ്തി തൊഴിൽ മേഖലയിൽ ഉടലെടുക്കുന്നതിനും ഇടവരുത്തുകയും സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ജോലി സുരക്ഷിതത്വം ഇല്ലാതാകുന്നതിന്റെ ആക്കം വർദ്ധിപ്പിക്കുകയും ചെയ്യും.

## ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പെൻഷൻ തുകയിൽ ഏകീകരണം

248 (6503) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് പെൻഷനായി നൽകി വന്നിരുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ; ജോലി ചെയ്ത കാലയളവിനനുസരിച്ച് ലഭിക്കുന്ന പെൻഷനിൽ വ്യത്യാസമുണ്ടായിരുന്നോ; വിശദമാക്കാമോ; നിരക്ക്പട്ടിക ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പെൻഷൻ ഏകീകൃത നിരക്കാക്കി നിജപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ പ്രസ്തുത നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ; ജോലി ചെയ്ത കാലയളവിനനു സരിച്ച് ലഭിക്കുന്ന പെൻഷൻ തുകയുടെ പുതിയ നിരക്ക് പട്ടിക ലഭ്യമാക്കാമോ;

(സി) ഇത്തരത്തിലുള്ള ഏകീകരണംമൂലം മുൻപ് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ തുകയിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 19-2-2016-ലെ സ.ഉ.(എംഎസ്.) 42/16/തൊഴിൽ നമ്പർ സർക്കാർ ഉത്തരവുപ്രകാരം കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ എട്ട് വർഷം അംഗത്വമുള്ളതും 60 വയസ്സ് പൂർത്തിയാക്കിയവരുമായ ടേബിൾ I, II, II(a) (ബസ്, ടൂറിസ്റ്റ് ബസ്, ലോറി) എന്നിവയിലുൾപ്പെട്ടതും ടേബിൾ III, IV (ടാക്സി കാർ, ടെമ്പോ ട്രാവലർ, ഓട്ടോറിക്ഷ) എന്നിവയിലുൾപ്പെട്ട തൊഴിലാളികൾ

സർവ്വീസിൽ നിന്നും പിരിയുമ്പോൾ പ്രതിമാസം യഥാക്രമം 1000 രൂപയും 750 രൂപയും മിനിമം പെൻഷൻ നൽകിവരുന്നു. കൂടാതെ എട്ട് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള ടേബിൾ I, II, II (a) എന്നിവയിൽ ഉൾപ്പെട്ട തൊഴിലാളിക്ക് 75/- രൂപയും ടേബിൾ III, IV എന്നിവയിലുൾപ്പെട്ട തൊഴിലാളിക്ക് 50 രൂപയും അധികമുള്ള ഓരോ വർഷത്തിനും വാർഷിക വർദ്ധനവായി അനുവദിച്ചിരുന്നു.

| വാഹന ഇനം | പെൻഷൻ നിരക്ക് | വാർഷിക വർദ്ധനവ് |
|---|---|---|
| ടേബിൾ I, II, II(a) | 1000 | 75 |
| ടേബിൾ III, IV | 750 | 50 |

(ബി) 6-8-2016-ലെ സ.ഉ.(കൈ) 129/2016/തൊഴിൽ നമ്പർ സർക്കാർ ഉത്തരവുപ്രകാരം എല്ലാ ക്ഷേമനിധി പെൻഷനും 1-6-2016 മുതൽ പ്രതിമാസം 1000 രൂപയാക്കിയും 4-8-2017 ലെ സ.ഉ.(കൈ) 359/2017/ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം 1-4-2017 മുതൽ ക്ഷേമനിധി പെൻഷൻ പ്രതിമാസം 1100 രൂപയാക്കിയും വർദ്ധിപ്പിച്ചിരുന്നു. 4-8-2017-ലെ മേൽ ഉത്തരവിൽ 1100 രൂപയിൽ കൂടുതൽ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതേനിരക്കിൽ തുടരാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലും കേരള കെട്ടിട നിർമ്മാണ ക്ഷേമബോർഡിലും പെൻഷൻ ഏകീകൃത നിരക്കായ 1100 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. തനതുഫണ്ടിൽ നിന്നും പെൻഷൻ നൽകുന്ന കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുത്തൊഴിലാളി ക്ഷേമബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധിബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളിൽ സർവ്വീസ് കാലയളവിന് അനുസരിച്ചാണ് പെൻഷൻ നൽകിവരുന്നത്. ആയതിന്റെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) കുറവുണ്ടായിട്ടില്ല.

**ക്ഷേമനിധി പെൻഷൻ കുടിശ്ശിക**

249 (6504) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയുടെ ക്ഷേമനിധി പെൻഷൻ കുടിശ്ശികയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിവിധ പെൻഷനുകളിലായി എത്ര മാസത്തെ കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

തൊഴിൽ വകുപ്പുമുഖേന പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിൽ, പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകൾ യഥാക്രമം സമർപ്പിച്ച തൊഴിലാളികൾക്കെല്ലാം കുടിശ്ശിക ഇല്ലാതെ പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട് (2017 നവംബർ വരെ). 2017 ഡിസംബർ മുതൽ 2018 മാർച്ച് വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ക്ഷേമനിധി ബോർഡുകൾ**

250 (6505) ശ്രീ. സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സമാന സ്വാഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ലയിപ്പിക്കുന്ന നടപടിമൂലം സർക്കാരിനുണ്ടാകുന്ന നേട്ടം എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

ക്ഷേമനിധി ബോർഡുകൾ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും ക്ഷേമനിധി ബോർഡുകളുടെ സംയോജനംമൂലം സാധിക്കും. സമാന രീതിയിൽ പ്രവർത്തിക്കുന്ന ബോർഡുകളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകളും ഏകീകരിക്കുന്നതുവഴി ഭരണച്ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും കഴിയും. തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും സമാന രീതിയിലുള്ള ആനുകൂല്യങ്ങൾ പരമാവധി തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും ബോർഡുകളുടെ ലയനത്തിലൂടെ സാധിക്കുന്നതാണ്.

**ക്ഷേമനിധി ബോർഡിന്റെ ഫണ്ട്**

251 (6506) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി മറി കടക്കുന്നതിന് ഏതെങ്കിലും ക്ഷേമനിധി ബോർഡിന്റെ ഫണ്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ക്ഷേമനിധി ബോർഡുകളുടെ ഫണ്ടാണ് അപ്രകാരം മാറ്റിയതെന്നും എത്ര തുകയാണ് മാറ്റിയതെന്നും അറിയിക്കുമോ;

(സി) ഇപ്രകാരം ഫണ്ട് മാറ്റുന്നത് കൊണ്ട് പലിശയിനത്തിൽ ക്ഷേമനിധി ബോർഡുകൾക്ക് ലഭിച്ചിരുന്ന വരുമാനത്തിൽ എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രഷറിയിലേയ്ക്ക് ഫണ്ട് മാറ്റിയ ക്ഷേമനിധി ബോർഡ്, മാറ്റിയ തുക എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | ക്ഷേമനിധി ബോർഡിന്റെ പേര് | തുക |
|---|---|---|
| 1 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് | 267.49 കോടി |
| 2 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 100 കോടി |
| 3 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 500 കോടി |
| 4 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1658.93 കോടി |
| 5 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 32,99,99,874 രൂപ |

(സി) ക്ഷേമനിധി ബോർഡിന്റെ ഫണ്ട് ട്രഷറിയിലേയ്ക്ക് മാറ്റിയതുവഴി പലിശയിനത്തിൽ ബോർഡിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവുണ്ടായിട്ടില്ല.

**പെൻഷൻ ലഭിക്കുന്നതിന് നടപടി**

252 (6507) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മച്ചിങ്ങൽ വീട്ടിൽ ആന്റണി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് മുൻപാകെ 7-1-2016-ൽ പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ ;

(ബി) ടിയാൾക്ക് എന്നത്തേയ്ക്ക് പെൻഷൻ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. ആന്റണിക്ക് ബോർഡിന്റെ എറണാകുളം ജില്ല ആഫീസിൽ 8-2-2018-ലെ ഇ 3/പി-6025/15 ഉത്തരവ് പ്രകാരം (പെൻഷൻ ഓർഡർ നമ്പർ -07-28804) പെൻഷൻ പാസ്സായിട്ടുണ്ട്.

(ബി) ടിയാന്റെ പെൻഷൻ ബിൽ എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ നിന്നും ലഭിച്ചയുടൻ തുക അനുവദിക്കുന്നതാണ്.

**തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ സംയോജനം**

253 (6508) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളെ ഒന്നിപ്പിക്കുന്നതു കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം ചെയ്യുന്നതിന് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; അറിയിക്കുമോ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകൾ സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനും ക്ഷേമനിധി ബോർഡുകളുടെ സംയോജനംമൂലം ലക്ഷ്യമിടുന്നു. സമാന രീതിയിൽ പ്രവർത്തിക്കുന്ന ബോർഡുകളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകളും ഏകീകരിക്കുന്നതുവഴി ഭരണച്ചെലവ് കുറയ്ക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും സാധിക്കും.

(ബി) ക്ഷേമനിധി ബോർഡുകൾ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച പഠനം നടത്തി മുൻ ലേബർ കമ്മീഷണർമാരായ ശ്രീ. പി. ജി. തോമസ്, ശ്രീ. ശ്രീനിവാസൻ എന്നിവർ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം**

254 (6509) ശ്രീ. വി. ഡി.സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആരാണ് വിവരശേഖരണം നടത്തുന്നത്; ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്;

(ഡി) ഇത് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയും വിവരശേഖരണവും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)ന്റെ നേതൃത്വത്തിൽ എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് നടത്തി വരികയാണ്. സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നടത്തുകയും അതിനൊപ്പം തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നുമുണ്ട്. പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷകളിൽ ബ്രോഷറുകൾ പ്രസിദ്ധീകരിക്കുകയും ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യ സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷനുകളിൽ അനൗൺസ്മെന്റിനോടൊപ്പം പരസ്യവും നൽകിയിട്ടുണ്ട്.

(ഡി) ആവാസ് പദ്ധതിയുടെ രജിസ്ട്രേഷൻ പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഒരു ഡാറ്റാ എത്രയുംവേഗം തയ്യാറാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം**

255 (6510) ശ്രീ. പി. ഉണ്ണി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളുടെ ശോചനീയാവസ്ഥ, ശുചിത്വം തുടങ്ങിയവ മനസ്സിലാക്കുന്നതിനായി ലേബർ ക്യാമ്പുകളിൽ സന്ദർശനം നടത്താറുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇവരുടെ ആരോഗ്യ പരിരക്ഷയ്ക്കായി ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഇവർക്ക് അംഗത്വം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് സർക്കാർ സേവനങ്ങൾ, നിയമ സഹായം എന്നിവ വേഗത്തിൽ ലഭ്യമാക്കുന്നതിനായി സുസാധ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള വിവിധ ക്ഷേമപദ്ധതികളിൽ ഇവർ സ്വമേധയാ അംഗങ്ങളാകുന്നതിന് ഇത് സംബന്ധിച്ച് എന്തെല്ലാം പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ.(സാധാ) 960/2016/ തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തികവർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തികവർഷം 50 ലക്ഷം രൂപ അനുവദിക്കുകയും 27-3-2018 വരെ 93 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുമുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ കോർപ്പറേഷൻ മേയർ/ മുനിസിപ്പൽ ചെയർമാൻ/പഞ്ചായത്ത് പ്രസിഡന്റ് സെന്റർ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കോർപ്പറേഷൻ വാർഡ് മെമ്പർ/ മുനിസിപ്പൽ വാർഡ് മെമ്പർ/ ജില്ലാ പഞ്ചായത്ത് വാർഡ് മെമ്പർ/ ബ്ലോക്ക് പഞ്ചായത്ത് വാർഡ് മെമ്പർ/ ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശഭരണം), 5 വീതം തൊഴിലാളി തൊഴിലുടമ പ്രതിനിധികൾ എന്നിവർ അംഗങ്ങളായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യ, യാത്രാ സംബന്ധമായ എല്ലാ ആവശ്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളും തൊഴിൽപരമായി ആവശ്യമായ സഹായങ്ങളും ഫെസിലിറ്റേഷൻ സെന്റർ മുഖേന നൽകുന്നതിനായി ഹിന്ദി/ബംഗാളി ഭാഷകൾ നന്നായി എഴുതുവാനും വായിക്കുവാനും അതോടൊപ്പം മലയാളം സംസാരിക്കുവാനും കഴിവുള്ളവരെ ഫെസിലിറ്റേഷൻ സെന്ററുകളിൽ നിയമിക്കുന്നത് പരിഗണിച്ചുവരുന്നു.

(ഡി) ആവാസ് പദ്ധതിയെ സംബന്ധിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷകളിൽ ബ്രോഷറുകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുകയും വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുകയും പത്ര മാധ്യമങ്ങളിൽ പരസ്യം നൽകുകയും നോട്ടീസ് ഉൾപ്പെടെ പ്രചരണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യ സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷനുകളിൽ അനൗൺസ്മെന്റിനോടൊപ്പം പരസ്യവും നൽകിയിട്ടുണ്ട്. എഫ്.എം. റേഡിയോയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് ഹിന്ദി, ഒറിയ, ബംഗാളി ഭാഷകളിൽ പരസ്യവും നൽകിവരുന്നു. ആവാസ് പദ്ധതി സംബന്ധിച്ച വീഡിയോ ഡോക്യുമെന്ററി സംസ്ഥാനത്തെ 240 തീയറ്ററുകളിൽ പ്രദർശിപ്പിച്ചു. ഫെയ്സ്ബുക്ക്, ട്വിറ്റർ, യൂട്യൂബ് മുതലായ സോഷ്യൽ മീഡിയകളിലൂടെ ആവാസ് പദ്ധതി സംബന്ധിച്ച ഡോക്യുമെന്ററി പ്രചരിപ്പിച്ചുവരുന്നു.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

256 (6511) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾക്ക് ന്യായമായ കൂലിയും അന്തസ്സും സുരക്ഷിതവുമായ ജീവിത സാഹചര്യവും ഒരുക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന ആവാസ് ഇൻഷ്വറൻസ് അടക്കമുള്ള പദ്ധതികളെക്കുറിച്ച് ഇവരിൽ ബോധവത്ക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരുക്കുന്ന ഭവന സമുച്ചയങ്ങളുടെ നിർമ്മാണവും നടത്തിപ്പും ആരുടെ മേൽനോട്ടത്തിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭവന സമുച്ചയം ഒരുക്കുന്നതിന് സന്നദ്ധമായി വരുന്നവർക്ക് സർക്കാർ സഹായം നൽകുമോ; സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ?

### ഉത്തരം

(എ) ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യവേതനത്തിന് അർഹതയുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കൂലി കുറച്ചുനൽകുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. വിവിധ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി

ക്ഷേമപദ്ധതി പ്രകാരം ചികിത്സാസഹായം (25,000 രൂപ), ടെർമിനൽ ബെനിഫിറ്റ് (10,000 രൂപ മുതൽ 25,000 രൂപ വരെ), വിദ്യാഭ്യാസ ആനുകൂല്യം (1000 മുതൽ 3000 വരെ), അപകടമരണ ധനസഹായം (50,000 രൂപ), ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5,000 രൂപ മുതൽ 15,000 രൂപ വരെ), പ്രസവ ധനസഹായം (15,000 രൂപ) തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രതിവർഷം 15000 രൂപയുടെ സൗജന്യ ചികിത്സയും 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസും പദ്ധതി പ്രകാരം ലഭിക്കും.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" മുഖേനയാണ് ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി "അപ്നാഘർ " ഭവന പദ്ധതി നടപ്പിലാക്കിവരുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

### ഇ.എസ്.ഐ. ആശുപത്രി വികസനം

257 (6512) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വികരിച്ചിട്ടുള്ളത്;

(ബി) കണ്ണൂർ ജില്ലയിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ ആശുപത്രികളും 143 ഇ.എസ്.ഐ. ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് 14-12-2016-ലെ സ.ഉ.(സാധാ.) നമ്പർ 1539/16/തൊഴിൽ പ്രകാരം മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം

കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിലും ടി സ്ഥാപനത്തിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി 21-12-2017-ലെ സ.ഉ.(കൈ)നമ്പർ 107/17/തൊഴിൽ പ്രകാരം പുതുതായി രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് 2017-18-ലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. ഫെറോക്ക്, പേരൂർക്കട, ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ് ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. എല്ലാ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള ടെലിഫോൺ കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ഇ.സി.ജി മെഷീൻ, ആട്ടോക്ലേവ് മെഷീൻ, ഒ.ടി. ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടി പാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ. ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്ത് ജില്ലകളിലായി 14 എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2017-18 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ താഴെക്കൊടുക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

- സീനിയർ റസിഡന്റ്സ്, ഫാർമസിസ്റ്റ് നിയമനം.
- ലബോറട്ടറി നവീകരണം
- ആംബുലൻസ് സംവിധാനം
- മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്
- പാലക്കാട്, ഫെറോക്ക്, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രികളിൽ ആയുഷ് യൂണിറ്റ്

- VIBGYOR പവർ ലോൺട്രി
- ഫെറോക്ക്, പേരൂർക്കട ഇ.എസ്.ഐ. ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ്
- ഫ്രണ്ട് ഓഫീസ് & sign board at ESI Hospitals.
- ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി.

(ബി) തോട്ടട ഇ.എസ്.ഐ. ആശുപത്രിയിലെ ബെഡ് ഒക്യുപ്പെൻസി 30%-ൽ താഴെ ആയതിനാൽ ടി ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശിപാർശ ഇ.എസ്.ഐ. കോർപ്പറേഷൻ നിരാകരിച്ചിരുന്നു. ഇക്കാര്യം പുനഃപരിശോധിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഒരു സംസ്ഥാനത്ത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും രണ്ട് ആശുപത്രികളും മാത്രമേ ഇ.എസ്.ഐ. കോർപ്പറേഷൻ നേരിട്ട് നടത്തുകയുള്ളൂ എന്ന് 18-12-2015-ൽ ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷന്റെ 167-ാമത് മീറ്റിംഗിൽ തീരുമാനം എടുത്തിരുന്നു. ഇപ്പോൾ കേരളത്തിൽ കൊല്ലം ജില്ലയിലെ ആശ്രാമം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും ഉദ്യോഗമണ്ഡൽ, എഴുകോൺ ആശുപത്രികളും ഇ.എസ്.ഐ. കോർപ്പറേഷൻ നേരിട്ടാണ് നടത്തുന്നത് എന്നതിനാൽ തോട്ടട ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ഇ.എസ്.ഐ. കോർപ്പറേഷൻ വീണ്ടും നിരാകരിച്ചിരുന്നു. ഈ സാഹചര്യത്തിൽ ടി ആശുപത്രി സംസ്ഥാന സർക്കാർ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

**മിനിമം വേതനം നടപ്പിലാക്കുന്നതിന് നടപടി**

258 (6513) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽ മേഖലകളിലാണ് മിനിമം വേതനം നടപ്പിലാക്കിട്ടുള്ളതെന്നും മിനിമം വേതനം നടപ്പിലാക്കാനാകാത്ത മേഖലകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) അസംഘടിത തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 80 മേഖലകളെ മിനിമം വേതനം നിയമപ്രകാരമുള്ള ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 78 മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ കേബിൾ ടി.വി., പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി മേഖലകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. മിനിമം വേതനം നടപ്പിലാക്കാൻ കഴിയാത്ത മേഖലകൾ ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമ ലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. മിനിമം വേതനം നിയമത്തിന്റെ ലംഘനങ്ങൾക്കുള്ള പിഴശിക്ഷ ഭേദഗതിയിലൂടെ വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പറുകളിൽ രാവിലെ 7.00 മണിമുതൽ വൈകുന്നേരം 7.00 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം തേടാവുന്നതാണ്.

(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതനവിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി വഴി തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതിനോടൊപ്പം വേജ്സ്ലിപ്പും ഓൺലൈനായി ലഭ്യമാകുന്നു. ടി പദ്ധതി വഴി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സ്ഥാപന പരിശോധന കൂടാതെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും കഴിയുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിനും സർക്കാർ രൂപം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നോൺ ബാങ്കിംഗ് പ്രൈവറ്റ് ഫിനാൻസ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേജസ്

259 (6514) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോൺ ബാങ്കിംഗ് പ്രൈവറ്റ് ഫിനാൻസ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സംസ്ഥാനത്തെ മിനിമം വേജസ് കമ്മിറ്റി നിർദ്ദേശിച്ച മിനിമം വേജസ് ഏതു പ്രകാരത്തിലാണ് എന്ന് വ്യക്തമാക്കാമോ; മിനിമം വേജസ് കമ്മിറ്റി ഇതു സംബന്ധിച്ച് തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ടോ; തൊഴിൽ ഉടമകളുടെ അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നോ; ഈ നിർദ്ദേശങ്ങൾക്കെതിരെ സ്ഥാപന ഉടമകൾ ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സ്റ്റേ നീക്കം ചെയ്യുന്നതിന് ലേബർ വകുപ്പ് ബഹു. ഹൈക്കോടതിയെ സമീപിക്കുന്നതിന് നിർദ്ദേശം നൽകുമോ; ആയിരക്കണക്കിന് അഭ്യസ്തവിദ്യർ ജോലി നോക്കുന്ന നോൺ ബാങ്കിംഗ് ഫൈനാൻസ് മേഖലയിൽ നിലനിൽക്കുന്ന ചൂഷണവും അരാജകത്വവും അവസാനിപ്പിക്കുന്നതിനും സേവന വേതന സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഒരു നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനായി 28-7-2016-ലെ 20549/ഇ 1/2015 തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിലാളികളെ 8 വിഭാഗമായി തരം തിരിച്ചാണ് വേതനം നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. ടി വിജ്ഞാപന പ്രകാരം ക്ലീനർ, സ്വീപ്പർ തുടങ്ങിയ ഒന്നാം വിഭാഗത്തിലെ ജീവനക്കാർക്ക് 10150-400-12150-500-14650 എന്ന ശമ്പള സ്കെയിലും ഏറ്റവും ഉയർന്ന 8-ാം വിഭാഗത്തിലെ ബ്രാഞ്ച് മാനേജർ, മാനേജർ (എച്ച്.ആർ) തുടങ്ങിയ ജീവനക്കാർക്ക് 20500-1250-26750-1400-33750 എന്ന ശമ്പള സ്കെയിലുമാണ് പ്രതിപാദിച്ചിരിക്കുന്നത്. 2-12-2014-ന് തിരുവനന്തപുരത്തെ തൊഴിൽ ഭവനിലെ കോൺഫറൻസ് ഹാളിലും 31-1-2015-ന് കൊല്ലം ഗവൺമെന്റ് ഗസ്റ്റ് ഹൗസിലും 7-2-2015-ന് കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 5-3-2015-ന് എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും 18-4-2015-ന് മലപ്പുറം ജില്ലാ മിഷൻ കുടുംബശ്രീ കോൺഫറൻസ് ഹാളിലും തെളിവെടുപ്പുകൾ നടത്തിയിട്ടുണ്ട്.

(ബി&സി) ടി രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽനിന്നും നിർദ്ദേശങ്ങൾ ശേഖരിച്ചിട്ടുണ്ട്. കേരള നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനീസ് വെൽഫെയർ അസോസിയേഷൻ ബഹു. ഹൈക്കോടതിയിൽ അസോസിയേഷനെ കേൾക്കണമെന്ന ആവശ്യം മുൻനിർത്തി W.P.(C)124732017 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തിരുന്നു. ടി കേസിന്മേൽ ബഹു. ഹൈക്കോടതി 7-4-2017-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത സംഘടനയെ കേൾക്കുകയും സംഘടനാ പ്രതിനിധിയെ ഉൾപ്പെടുത്തി വീണ്ടും മിനിമം വേജസ് കമ്മിറ്റി ഹിയർ ചെയ്യണം എന്ന ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ 20-7-2017-ൽ ജി.ഒ.(ആർ.ടി.)നമ്പർ 949/2017/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ W.P.(C)26803/2017 നമ്പരായി കേരള നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനീസ് വെൽഫെയർ അസോസിയേഷൻ വീണ്ടും കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് നിലനിൽക്കുന്നതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല. മിനിമം വേതനം അന്തിമമായി നിശ്ചയിച്ചുകഴിഞ്ഞാൽ ടി മേഖലയിലെ ചൂഷണം അവസാനിപ്പിക്കാൻ കഴിയുന്നതാണ്.

## പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്ക് മിനിമം ശമ്പളം

260 (6515) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്ക് മിനിമം ശമ്പളം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗക്കാർക്ക് ക്ഷേമനിധി, ഇ.പി.എഫ്, ഇ.എസ്.ഐ. എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; വിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഇല്ല. അദ്ധ്യാപകൻ മിനിമം വേതന നിയമത്തിന്റെ സെക്ഷൻ 2(i) പ്രകാരം തൊഴിലാളി എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ടി ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

(ബി) വിവിധ ക്ഷേമ പദ്ധതി നിയമങ്ങളിലെ തൊഴിലാളി എന്നതിന്റെ നിർവ്വചനത്തിൽ അദ്ധ്യാപകർ ഉൾപ്പെടാത്തതിനാൽ ക്ഷേമനിധി രൂപീകരിച്ചിട്ടില്ല. ഇരുപതിൽപ്പരം ജീവനക്കാർ സ്ഥാപനത്തിലുണ്ടെങ്കിൽ അവർക്ക് ഇ.പി.എഫ്.-നും

അൺ എയ്ഡഡ് സ്കൂളുകളിൽ പത്തോ അതിലധികമോ ജീവനക്കാരുണ്ടെങ്കിൽ ഇ.എസ്.ഐ. ആനുകൂല്യത്തിനും അർഹതയുണ്ടാകുന്നതാണ്. 8-10-2007-ലെ സ.ഉ.(പി)നമ്പർ 135/2007/LBR പ്രകാരം അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇ.എസ്.ഐ.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ മൊത്തം ശമ്പളം 21,000 രൂപയിൽ കൂടുതലായാൽ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതല്ല.

**അൺ-എയ്ഡഡ് സ്കൂളുകളിൽ നടക്കുന്ന തൊഴിൽ നിയമലംഘനങ്ങൾ**

261 (6516) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ നടക്കുന്ന തൊഴിൽ നിയമ ലംഘനങ്ങൾക്കും തൊഴിലാളി വിരുദ്ധ നടപടികൾക്കുമെതിരെ തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കാറുണ്ടോ; വിശദാംശം നൽകുമോ;

(ബി) അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും മിനിമം വേതനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) മുൻ സർക്കാരിന്റെ കാലത്ത് ദി കേരള പേമെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺഎയ്ഡഡ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബിൽ 2014 എന്ന പേരിൽ ഒരു ബിൽ തയ്യാറാക്കിയിരുന്നോ എന്നറിയിക്കാമോ ?

ഉത്തരം

(എ) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തുകയും അനദ്ധ്യാപക ജീവനക്കാർക്ക് തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. 2017-ൽ 83 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 19 പ്രോസിക്യൂഷനും 9 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) അൺ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പാക്കിയിട്ടില്ല. സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ മിനിമം വേതനം സംബന്ധിച്ച് സർക്കാരിന്റെ 12-9-2011-ലെ ജി.ഒ.(പി) നമ്പർ 155/2011/തൊഴിൽ നമ്പർ വിജ്ഞാപനമാണ് നിലവിലുള്ളത്. ആയത് പുതുക്കി നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) തയ്യാറാക്കിയിരുന്നു.

## കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി

262 (6517) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്തൃ വിലസൂചിക പുതുക്കി നിശ്ചയിക്കുന്നതിന് കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത കമ്മിറ്റിയെ നിയമിച്ചതെന്നും ആരൊക്കെയാണ് അംഗങ്ങളെന്നും അറിയിക്കുമോ;

(സി) പ്രസ്തുത കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) നിലവിലുണ്ട്. 29-8-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 107/2014/തൊഴിൽ പ്രകാരം കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഉണ്ട്. കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫാമിലി ബജറ്റ് സർവ്വേ-2011-12 നടത്തുകയും അതിന്റെ റിപ്പോർട്ട് 31-8-2013-ലെ സ.ഉ.(എംഎസ്.) 103/2013/തൊഴിൽ പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 26-3-2015-ലെ സ.ഉ.(എം.എസ്.) 34/2015/തൊഴിൽ പ്രകാരം പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്ത ലിങ്കിംഗ് ഫാക്ടർ സർക്കാർ അംഗീകരിക്കുകയും 2015 ഏപ്രിൽ മാസം മുതൽ 2011-12 അടിസ്ഥാന വർഷമായി പുതിയ ശ്രേണിയിലുള്ള ഉപഭോക്തൃ വില സൂചിക 12-5-2015-ൽ കേരള ഗസറ്റ് എക്സ്ട്രാ ഓർഡിനറി നമ്പർ 19 (Vol-IV) ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം 2015 ഏപ്രിൽ മുതൽ പുതിയ ശ്രേണിയിലുള്ള സൂചിക പ്രസിദ്ധീകരിച്ചുവരുന്നു.

## ദേശീയ നൈപുണി യോഗ്യതാ ചട്ടക്കൂട്

263 (6518) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ നൈപുണി യോഗ്യതാ ചട്ടക്കൂട് ( നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് ) അനുശാസിക്കുന്ന വിധത്തിലുള്ള തൊഴിൽ വിദ്യാഭ്യാസത്തിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നും കോഴ്സുകൾ ഏതെല്ലാമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയ നൈപുണി യോഗ്യതാ ചട്ടക്കൂട് അനുശാസിക്കുന്ന വിധത്തിലുള്ള പദ്ധതികളൊന്നും തൊഴിൽ വകുപ്പ് നേരിട്ട് നടത്തുന്നില്ല. എന്നാൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) അക്രെഡിറ്റഡ് സ്ഥാപനമായ ഏത്തിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ എക്സലൻസ്, പാലക്കാടിന്റെ ഹോസ്പിറ്റാലിറ്റി മേഖലയിലെ കിച്ചൺ സ്റ്റിവർഡ്, ഫുഡ് & ബിവറേജ് ട്രെയിനർ, ഹൗസ് കീപ്പിംഗ് അറ്റൻഡന്റ് എന്നീ കോഴ്സുകൾ ടൂറിസം & ഹോസ്പിറ്റാലിറ്റി സെക്ടർ സ്കിൽ കൗൺസിലുമായി യോജിപ്പിച്ച് ദേശീയ നൈപുണി യോഗ്യതാ ചട്ടക്കൂട് പ്രകാരം നടത്തിവരുന്നുണ്ട്.

**ഭിന്നശേഷിക്കാർക്കായി നൈപുണ്യ വികസന പരിപാടികൾ**

264 (6519) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഭിന്നശേഷിക്കാർക്കായി പ്രത്യേക നൈപുണ്യ വികസന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇതിനായി ഒരുക്കിയിട്ടുള്ള അനുരൂപീകൃത കോഴ്സുകളുടെയും അവ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഭിന്നശേഷിക്കാർക്കായി തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രത്യേക നൈപുണ്യ വികസന പരിപാടികൾ നിലവിലില്ല. എന്നാൽ ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന "കൈവല്യ" പദ്ധതിയുടെ കീഴിൽ വൊക്കേഷണൽ & കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലനം എന്നിവ നടന്നുവരുന്നുണ്ട്.

**ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് കർമ്മ പദ്ധതി**

265 (6520) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ ഈ സർക്കാർ എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിലേക്ക് ഐ.ടി.ഐ.-കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഐ.ടി.ഐ.-കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടിക ലഭ്യമാക്കാമോ;

(ഡി) മണലൂർ നിയോജക മണ്ഡലത്തിലെ മണലൂർ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമായതുമായ ഐ.ടി.ഐ.-കളെയാണ് ഇത്തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.കളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന് പുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ: ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മണലൂർ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

## മരട് ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

266 (6521) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് എവിടെയാണ് സ്ഥലം അനുവദിച്ചിട്ടുള്ളതെന്നും എത്ര സ്ഥലമാണ് നിലവിലുള്ളത് എന്നും അറിയിക്കുമോ;

(സി) വളരെ വിലയേറിയതും പ്രാധാന്യമേറിയതുമായ ഈ സ്ഥലം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടിയതും ഭാവിയിലെ ആവശ്യകതകൾ മുന്നിൽ കണ്ടും ഈ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മരട് ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിന് 3.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിവയുടെ നിർമ്മാണത്തിനായി പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയിൽ 58 സെന്റ് സ്ഥലമാണ് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളത്.

(സി) നിലവിൽ ലഭ്യമായിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ പ്രകാരം അനുവദിച്ച സ്ഥലം പൂർണ്ണമായി പ്രയോജനപ്പെടുത്തി ഭാവി ആവശ്യത്തെ മുന്നിൽകണ്ട് തയ്യാറാക്കിയിട്ടുള്ളതാണ്.

## കളമശ്ശേരി ഐ.ടി.ഐ.-യെ മോഡൽ ഐ.ടി.ഐ. ആയി ഉയർത്തുന്നതിനുള്ള നടപടികൾ

267 (6522) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളമശ്ശേരി ഐ.ടി.ഐ-യെ മോഡൽ ഐ.ടി.ഐ.ആയി ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് 2017-2018 ബജറ്റ് പ്രസംഗത്തിൽ വകയിരുത്തിയ അഞ്ച് കോടി രൂപ വിനിയോഗിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കളമശ്ശേരി ഗവ. ഐ.ടി.ഐ.-യെ മോഡൽ ഐ.ടി.ഐ. ആയി ഉയർത്തുന്നതിനുള്ള 10 കോടി രൂപയുടെ കേന്ദ്ര പദ്ധതി (70% കേന്ദ്ര വിഹിതം 30% സംസ്ഥാന വിഹിതം) അനുവദിക്കുകയും കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 350 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൻകീഴിൽ കളമശ്ശേരി ഐ.ടി.ഐ.യിൽ ട്രെയിനിംഗിനാവശ്യമായ കെട്ടിട നിർമ്മാണവും ഉപകരണ സംഭരണവും നടന്നുവരുന്നു.

(ബി) കേന്ദ്ര വിഹിതത്തിന്റെ ഒന്നാം ഗഡുവിന്റെ രണ്ടാം ഭാഗമായി 175 ലക്ഷം രൂപയാണ് മോഡൽ ഐ.ടി.ഐ.യ്ക്ക് അനുവദിച്ചത്. ആയതിനാനുപാതികമായി സംസ്ഥാന വിഹിതമായ 75 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 56 ലക്ഷം രൂപ ചെലവഴിക്കുകയും ശേഷിക്കുന്ന തുകയ്ക്കുള്ള സംഭരണ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

**ചാലക്കുടി ഗവ. ഐ.ടി.ഐ.യിലെ ഇൻസ്ട്രക്ടർമാർക്ക് ഡി.എ.**

268 (6523) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 കാലയളവിൽ സെമസ്റ്റർ സമ്പ്രദായത്തിൽ ഒരു വർഷത്തെ CITS ട്രെയിനിംഗ് പൂർത്തിയാക്കിയ ചാലക്കുടി ഗവ. ഐ.ടി.ഐ.-യിലെ 12 ഇൻസ്ട്രക്ടർമാർക്ക് പ്രസ്തുത കാലയളവിലെ ഡി.എ. ഇനിയും അനുവദിച്ച് നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.എ. ലഭിക്കുന്നതിനായുള്ള ഇവരുടെ അപേക്ഷകളിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഡി.എ. ലഭിക്കുന്നതിനായി ബില്ലുകൾ മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൊറയൂരിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

269 (6524) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം നിയോജക മണ്ഡലത്തിലെ മൊറയൂരിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മൊറയൂർ പഞ്ചായത്തിൽ സ്ഥലം ലഭ്യമാവാത്ത പക്ഷം മണ്ഡലത്തിലെ മറ്റു പ്രദേശങ്ങളിൽ അനുയോജ്യമായ സ്ഥലത്ത് പ്രസ്തുത കേന്ദ്രം മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് മലപ്പുറം മണ്ഡലത്തിലെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകുപ്പുതല നിർദ്ദേശം നൽകുമോ ;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൊറയൂരിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലമോ ഐ.ടി.ഐ. താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിടമോ നാളിതുവരെ ബന്ധപ്പെട്ട പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.

(ബി &സി) നിയോജക മണ്ഡലത്തിലെ മറ്റ് പ്രദേശങ്ങളിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് അനുയോജ്യവും പര്യാപ്തവുമായ സ്ഥലവും എല്ലാ ഭൗതിക സൗകര്യങ്ങളും ലഭ്യമാകുകയാണെങ്കിൽ ടി വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**ചാത്തമംഗലം ഗവ. ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ**

270 (6525) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആവശ്യമായ സൗകര്യങ്ങൾ നിലവിലുള്ള ചാത്തമംഗലം ഗവ. ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

ചാത്തമംഗലം ഗവ. ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**സർക്കാർ ഐ.ടി.ഐ.-കൾക്ക് ഭൂമി ലഭ്യമാക്കാൻ നടപടി**

271 (6526) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-2011 കാലയളവിലെ സർക്കാർ പ്രഖ്യാപിച്ച് പ്രവർത്തനം ആരംഭിച്ച സർക്കാർ ഐ.ടി.ഐ.-കളിൽ സ്വന്തമായി ഭൂമി, കെട്ടിടം എന്നിവ ലഭിക്കാത്ത എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ വയനാട് ജില്ലയിൽ നിന്നുള്ള ഏതെങ്കിലും സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സ്ഥാപനങ്ങൾക്കായി ഭൂമി ഏറ്റെടുത്ത് നൽകാൻ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം തയ്യാറാകുന്നില്ലെങ്കിൽ സർക്കാർ നേരിട്ട് ഭൂമി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഭൂമി ലഭ്യമാക്കുന്ന നടപടികൾ അനിശ്ചിതമായി നീണ്ട് പോകുന്ന സാഹചര്യമുണ്ടെങ്കിൽ ഭൂമി വിട്ട് നൽകാൻ തയ്യാറുള്ള മറ്റ് പഞ്ചായത്തുകളിലേക്ക് സ്ഥാപനം മാറ്റാൻ സർക്കാർ തയ്യാറാകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2006-2011 കാലയളവിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച 39 സർക്കാർ ഐ.ടി.ഐ.-കളിൽ 8 എണ്ണത്തിന് സ്വന്തമായി ഭൂമി, കെട്ടിടം എന്നിവ ലഭ്യമായിട്ടില്ല.

(ബി) ഉണ്ട്. വയനാട് ജില്ലയിലെ നെൻമേനി (വനിത) ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടില്ല. ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി നെൻമേനി ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 147/27 ഡി-യിൽപ്പെട്ട 2 ഏക്കർ സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നെങ്കിലും ടി സ്ഥലം കെട്ടിടം നിർമ്മിക്കുന്നതിന് ഉപയുക്തമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടി സ്ഥലത്തിന് പകരം സ്ഥലം കണ്ടെത്തുന്നതിന് നടപടി പഞ്ചായത്ത് സ്വീകരിച്ചുവരുന്നു.

(സി) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് അനുയോജ്യവും പര്യാപ്തവുമായ സ്ഥലം ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് സർക്കാർ ഐ.ടി.ഐ.-കൾ അനുവദിച്ചുവരുന്നത്. സർക്കാർ നേരിട്ട് ഭൂമി വാങ്ങി നൽകണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല.

(ഡി) അത്തരത്തിലൊരു ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

**ഇൻസ്ട്രക്ടർമാർക്ക് സി.ടി.ഐ. പരിശീലന കാലയളവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ**

272 (6527) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സംസ്ഥാനങ്ങളിലെ മെട്രോപൊളിറ്റൻ നഗരങ്ങളിലെ സി.ടി.ഐ. ട്രെയിനിംഗ് സെന്ററുകളിൽ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന ഐ.ടി.ഐ. ഇൻസ്ട്രക്ടർമാർക്ക് ശമ്പള ഇതര ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സെമസ്റ്റർ രീതിയിലുള്ള സി.ടി.ഐ. ട്രെയിനിംഗ് ആരംഭിച്ചതിനുശേഷം ട്രെയിനിംഗിന് നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാ ഇൻസ്ട്രക്ടർമാർക്കും അർഹമായ കെ.എസ്.ആർ. പാർട്ട് II, റൂൾ 59 റൂളിംഗ് നമ്പർ 2 പ്രകാരമുള്ള ഡി.എ. അനുവദിച്ച സമയബന്ധിതമായി നൽകി വരുന്നുണ്ടോ;

(സി) തൊണ്ണൂറ് ദിവസത്തിനുമേൽ കാലയളവിലേക്ക് ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന ഇൻസ്ട്രക്ടർമാർക്ക് തൊണ്ണൂറ് ദിവസത്തിനുശേഷമുള്ള കാലയളവിലെ ഓരോ മാസവും പരമാവധി അനുവദിക്കാവുന്ന ട്രെയിനിംഗ് അലവൻസ് എത്ര രൂപയാണ്; പ്രസ്തുത ട്രെയിനിംഗ് അലവൻസ് കാലോചിതമായി വർദ്ധിപ്പിക്കുന്നകാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ സംസ്ഥാനങ്ങളിൽ ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ. പാർട്ട് II റൂൾ 59, റൂളിംഗ് നമ്പർ 2 പ്രകാരം ആദ്യത്തെ 3 മാസത്തേയ്ക്ക് ദിനബത്തയ്ക്ക് അർഹതയുണ്ട്. കൂടാതെ കെ.എസ്.ആർ. പാർട്ട് II ചട്ടം 98 (a) പ്രകാരം ട്രെയിനിംഗ് കോഴ്സിൽ പങ്കെടുക്കുന്ന ജീവനക്കാരന് ആ കോഴ്സ് മൂന്ന് മാസം കവിയുന്ന പക്ഷം ട്രാൻസ്ഫർ ടി.എ.യ്ക്ക് അനുവദനീയമായ നിരക്കിൽ യാത്രാ ബത്ത വാങ്ങാവുന്നതാണ്. ഇതിനുപുറമെ മൂന്ന് മാസം കവിയുന്ന പക്ഷം ടി ജീവനക്കാർക്ക് കോമ്പൻസേറ്ററി അലവൻസിനും അർഹതയുണ്ട്.

(ബി) സെമസ്റ്റർ രീതിയിലുള്ള സി.ടി.ഐ. ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന എല്ലാ ഇൻസ്ട്രക്ടർമാർക്കും അർഹമായ ഡി.എ. സമയബന്ധിതമായി നൽകിവരുന്നുണ്ട്.

(സി) തൊണ്ണൂറ് ദിവസത്തിനുമേൽ കാലയളവിലേയ്ക്ക് ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന ഇൻസ്ട്രക്ടർമാർക്ക് തൊണ്ണൂറ് ദിവസത്തിനുശേഷമുള്ള കാലയളവിലെ ഓരോ മാസവും പരമാവധി അനുവദിക്കാവുന്ന ട്രെയിനിംഗ് അലവൻസിനെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു :

| Category of Officers | Rates for Cities of New Delhi, Mumbai, Calcutta (Rupees per month) | Rate for other places (Rupees per month) |
|---|---|---|
| (1) | (2) | (3) |

| (1) | (2) | (3) |
|---|---|---|
| Officers of Grade I (all officers who draw an actual basic pay of Rs.50,400 and above) | 1575 | 1315 |
| Grade II (a) (officers with actual basic pay of Rs.42,500 and above, but below Rs.50,400) | 1400 | 1140 |
| Grade II (b) (officers with actual basic pay of Rs.27,800 and above, but below Rs.42,500) | 1140 | 920 |
| Grade III (officers with actual basic pay of Rs.18,000 and above, but below Rs.27,800) | 1010 | 745 |
| Grade IV (officers with actual basic pay below Rs.18,000) | 920 | 615 |

ട്രെയിനിംഗ് അലവൻസ് 7-3-2017-ലെ ജി.ഒ.(പി)നമ്പർ 31/2017/ധനം. ഉത്തരവ് പ്രകാരമാണ് കാലോചിതമായി വർദ്ധിപ്പിച്ചിട്ടുള്ളത്.

**പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്ക് താൽക്കാലിക നിയമനം**

273 (6528) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് മുടങ്ങാതെ പുതുക്കി ക്കൊണ്ടിരിക്കുന്ന 30 വർഷത്തിനുമേൽ സീനിയോറിട്ടിയുള്ളതും പി.എസ്.സി.-യിൽ അപേക്ഷിക്കാൻ പ്രായപരിധി കഴിഞ്ഞവരുമായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യത അനുസരിച്ച് സർക്കാർ സർവ്വീസിൽ താല്കാലിക നിയമനം ലഭിക്കാൻ അവസരം നൽകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രായപരിധി കഴിഞ്ഞ ഇപ്രകാരമുള്ള ഉദ്യോഗാർത്ഥികൾക്ക് താൽക്കാലിക നിയമനം ലഭിക്കുന്നതിനായി ഒരു നിശ്ചിത ശതമാനം മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർ

274 (6529) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർ എത്ര പേരുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ 35,17,411 (മുപ്പത്തി അഞ്ച് ലക്ഷത്തി പതിനേഴായിരത്തി നാന്നൂറ്റി പതിനൊന്ന്) പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീകൾ-22,21,034 (ഇരുപത്തി രണ്ടു ലക്ഷത്തി ഇരുപത്തിഒന്നായിരത്തി മുപ്പത്തി നാല്) പുരുഷൻമാർ -12,96,377 (പന്ത്രണ്ടു ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി മുന്നൂറ്റി എഴുപത്തി ഏഴ്)

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | സ്ത്രീകൾ | പുരുഷൻമാർ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 3,32,981 | 1,93,574 | 5,26,555 |
| കൊല്ലം | 2,28,916 | 1,36,128 | 3,65,044 |
| ആലപ്പുഴ | 1,75,895 | 1,13,721 | 2,89,616 |
| പത്തനംതിട്ട | 76,503 | 45,864 | 1,22,367 |
| കോട്ടയം | 1,38,707 | 88,053 | 2,26,760 |
| ഇടുക്കി | 64,074 | 43,682 | 1,07,756 |
| എറണാകുളം | 2,03,381 | 1,24,742 | 3,28,123 |
| തൃശ്ശൂർ | 1,85,652 | 93,717 | 2,79,369 |
| പാലക്കാട് | 1,48,796 | 91,479 | 2,40,275 |
| മലപ്പുറം | 1,70,900 | 98,534 | 2,69,434 |
| കോഴിക്കോട് | 2,43,718 | 1,26,842 | 3,70,560 |
| വയനാട് | 59,093 | 38,367 | 97,460 |
| കണ്ണൂർ | 1,33,064 | 68,656 | 2,01,720 |
| കാസർഗോഡ് | 59,354 | 33,018 | 92,372 |
| ആകെ | 22,21,034 | 12,96,377 | 35,17,411 |

## പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

275 (6530) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ വിവിധ കേഡറുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(ബി) ഇതിൽ എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

| | | |
|---|---|---|
| (എ) എഞ്ചിനീയേഴ്സ് | - | 41261 |
| ഡോക്ടേഴ്സ് | - | 4536 |
| അഗ്രികൾച്ചർ | - | 1654 |
| വെറ്ററിനറിയൻസ് | - | 329 |
| എൽ.എൽ.ബി/ എൽ.എൽ.എം. | - | 930 |
| എം.സി.എ. | - | 3649 |
| എം.ബി.എ. | - | 4516 |
| പി.ജി.ഡി.സി.എ. | - | 4377 |
| ബി.എസ്.സി.നഴ്സിംഗ് | - | 13923 |
| ബി.എസ്.സി.എം.എൽ.റ്റി | - | 1518 |
| പി.ജി. ആട്സ് | - | 17314 |
| പി.ജി. കോമേഴ്സ് | - | 8461 |
| പി.ജി.സയൻസ് | - | 17062 |
| മറ്റുള്ളവ | - | 8423 |
| ആകെ | | 1,27,773 |

(ഒരു ലക്ഷത്തി ഇരുപത്തിയേഴായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന്)

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 31-1-2018 വരെ വിവിധ തസ്തികകളിലായി ആകെ 810 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതി**

276 (6531) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽ ക്ഷമതാ വികസന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തൊഴിൽ മേഖലയിലുള്ളവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പരിശീലനം നൽകുന്നുണ്ട്. തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം ലഭ്യമാക്കുന്നു. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലുമുള്ള നൂതന പ്രവണതകളെക്കുറിച്ച് ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് അറിവ് നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം പ്രയോജനപ്രദമാണ്. കേന്ദ്ര-

സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് മോഡൽ കരിയർ സെന്ററുകൾ. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുകയും ഏതെങ്കിലും നൈപുണ്യത്തിന്റെ അഭാവമുള്ളപക്ഷം അവരെ പരിശീലനകേന്ദ്രത്തിലേയ്ക്ക് നയിച്ച നൈപുണ്യ പരിശീലനം നൽകി അനുയോജ്യമായ തൊഴിൽ നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജനപ്പെടുന്നുണ്ട്.

## പേപ്പർലെസ്സ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

277 (6532) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പേപ്പർലെസ്സ് ഓഫീസുകളാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നല്കുമോ?

ഉത്തരം

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരങ്ങൾ Digitize ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ മുഖേന 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റുവഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ ഏത് സമയത്തും എവിടെ നിന്നും ലഭ്യമാണ്. കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർ രഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ജില്ലാതലം വരെയുള്ള 29 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കിയുള്ള 68 ഓഫീസുകളിൽക്കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരികയാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം

278 (6533) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര പേർക്ക് തൊഴിൽ നൽകാനായിട്ടുണ്ടെന്നുള്ള വിശദവിവരം ജില്ലതിരിച്ച് നൽകുമോ;

(ബി) ഇതിൽ എത്രപേർക്ക് സ്ഥിര നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭ്യമായവരുടെ വിശദവിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 2556 |
| കൊല്ലം | - | 1259 |
| ആലപ്പുഴ | - | 1670 |
| പത്തനംതിട്ട | - | 761 |
| കോട്ടയം | - | 1213 |
| ഇടുക്കി | - | 793 |
| എറണാകുളം | - | 2904 |
| തൃശ്ശൂർ | - | 1221 |
| പാലക്കാട് | - | 1340 |
| മലപ്പുറം | - | 1471 |
| കോഴിക്കോട് | - | 2111 |
| വയനാട് | - | 805 |
| കണ്ണൂർ | - | 1004 |
| കാസർഗോഡ് | - | 823 |
| ആകെ | | 19,931 |

ഇതിനുപുറമെ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധ തൊഴിൽ ദാതാക്കളുമായി ചേർന്ന് സംഘടിപ്പിച്ച "നിയുക്തി" മെഗാ ജോബ് ഫെയറുകളിലൂടെ സ്വകാര്യ മേഖലയിൽ ആകെ 3338 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 1254 |
| എറണാകുളം | - | 203 |
| കോഴിക്കോട് | - | 1881 |
| ആകെ | | 3338 |

(ബി) ഫുൾടൈം റെഗുലർ ആയി 5776 പേർക്കും പാർട്ട്ടൈം റെഗുലർ ആയി 6781 പേർക്കും അടക്കം ആകെ 12557 ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഡിജിറ്റൈസേഷൻ നടപടി**

279 (6534) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും ആധുനികവൽക്കരിച്ച് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരങ്ങൾ Digitize ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ മുഖേന 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റുവഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന പ്രത്യക്ഷമായ സേവനങ്ങൾ ഏത് സമയത്തും എവിടെ നിന്നും ലഭ്യമാണ്. കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ജില്ലാതലം വരെയുള്ള 29 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കിയുള്ള 68 ഓഫീസുകളിൽക്കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരികയാണ്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

**ഡ്രൈവർ തസ്തിക പുനർനാമകരണം**

280 (6535) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായിക പരിശീലന വകുപ്പിലെ ഡ്രൈവർ തസ്തികയ്ക്ക് 'മോട്ടോർ ഡ്രൈവർ' എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് 5-2-2016-ൽ തൊഴിലും നൈപുണ്യവും (സി) വകുപ്പിന്റെ ഉത്തരവ് ഇറങ്ങിയെങ്കിലും നാളിതുവരെയായിട്ടും ആയത് നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 3-6-2011-ലെ ബഹു. ഹൈക്കോടതിയുടെ WP(C)7765/11 നമ്പർ ഉത്തരവ് പ്രകാരം ട്രെയിനിംഗ് ഡയറക്ടർക്ക് ബഹു.ഹൈക്കോടതി നിർദ്ദേശം നൽകുകയും സർക്കാർ 5-2-2016-ൽ ഉത്തരവിറക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വകുപ്പിലെ 'ഡ്രൈവർ ' തസ്തിക 'മോട്ടോർ ഡ്രൈവർ ' തസ്തികയായി പുനഃനാമകരണം ചെയ്ത ഉത്തരവിനനുസൃതമായി വകുപ്പിലെ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്ന മുറയ്ക്ക് ടി തസ്തികയിന്മേലുള്ള നിയമന നടപടികൾ നടത്തുവാൻ സാധിക്കുന്നതാണ്.

**ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യഷാപ്പുകൾ**

281 (6536) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ നിന്ന് 500 മീറ്റർ ദൂരപരിധിയിലുള്ള മദ്യഷാപ്പുകൾ പൂട്ടണമെന്ന സുപ്രീംകോടതിയുടെ വിധിയിൽ നിന്നും സംസ്ഥാനത്തെ പഞ്ചായത്തുകളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) പാതയോര മദ്യ നിരോധനം വിനോദ സഞ്ചാര മേഖലയെ ബാധിച്ചുവെന്നും പ്രസ്തുത മേഖല പ്രതിസന്ധിയിലാണെന്നും സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിരുന്നോ;

(സി) എങ്കിൽ ഇതിനാധാരമായ വസ്തുതകൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ സി.എ. നമ്പർ 12164-12166/16 കേസിന്മേലുള്ള എം.എ.നമ്പർ 690-692/2017 ആസാം ഗവൺമെന്റിന്റെ അപേക്ഷയിൽ ബഹു. സുപ്രീംകോടതി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളോട് സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

(ബി&സി) മിക്ക വിനോദസഞ്ചാര മേഖലകളും പഞ്ചായത്ത് പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ ഈ പ്രദേശങ്ങളിലെ മദ്യശാലാ നിരോധനം തൊഴിലിനെയും വരുമാനത്തെയും ബാധിച്ചുവെന്ന കാര്യം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**മൈക്രോ ബ്രൂവറികൾ ആരംഭിക്കുന്നതിന് അനുമതി**

282 (6537) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്ക് ബിയർ നിർമ്മാണത്തിന് അനുമതി നൽകുന്നതിനുള്ള ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് ശിപാർശ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ:

(ബി) അപ്രകാരം മൈക്രോ ബ്രൂവറികൾ ആരംഭിക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ടോ; വിശദാംശം നല്കാമോ?

ഉത്തരം

(എ) മൈക്രോ ബ്രൂവറികൾ സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് എക്സൈസ് കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മൈക്രോ ബ്രൂവറികൾ തുടങ്ങുന്നതിന് നിലവിൽ നിയമമില്ല.

**എക്സൈസ് വകുപ്പിൽ കേസ്സുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് സംവിധാനം**

283 (6538) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ കേസ്സുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്നറിയിക്കാമോ ;

(ബി) ഇത് സംബന്ധിച്ച സോഫ്റ്റ്‌വെയർ തയ്യാറാക്കിയത് ഏത് ഏജൻസി യാണെന്നും അതിനായി എന്ത് തുക നല്കിയെന്നും വിശദമാക്കാമോ;

(സി) എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് സോഫ്റ്റ്‌വെയർ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം മുതൽ കോട്ടയം വരെയുള്ള അഞ്ച് ജില്ലകളിൽ കേസ്സുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ 8,16,445 രൂപ ചെലവിൽ നാഷണൽ ഇൻഫൊർമാറ്റിക് സെന്ററാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഉണ്ട്.

**എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ**

284 (6539) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) 2017-ൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; അതിൽ എൻ.ഡി.പി.എസ്, കോട്പ നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ പ്രത്യേകമായി നൽകുമോ;

(സി) അബ്കാരി നിയമപ്രകാരം എത്ര ലിറ്റർ സ്പിരിറ്റും, വ്യാജമദ്യവും പിടിച്ചെടുത്തു; വ്യാജമദ്യത്തിന്റെയും, സ്പിരിറ്റിന്റെയും കടത്ത് തടയുന്നതിന് ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിജയപ്രദമാണോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വകുപ്പിൽ 244 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി പുതിയ വാഹനങ്ങൾ നൽകിയിട്ടുണ്ട്. വകുപ്പിൽ പൂർണ്ണമായി ഇ-ഓഫീസ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിലും 7 ഡിവിഷൻ ഓഫീസുകളിലും ഇ-ഓഫീസ് സിസ്റ്റം നടപ്പിലാക്കിയിട്ടുമുണ്ട്. സംസ്ഥാനത്തെ എല്ലാ റേഞ്ച് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ചു. വാഹന പരിശോധനയ്ക്കുള്ള ആധുനിക സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വൈദ്യുതി ലഭ്യമല്ലാത്ത ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റ് സംവിധാനം ഒരുക്കുകയും സി.സി. ടിവി സ്ഥാപിച്ച് പ്രവർത്തനം സുതാര്യമാക്കിയിട്ടുമുണ്ട്. ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് രാസപരിശോധനയ്ക്കായി

സാമ്പിൾ ശേഖരിക്കുന്നതിലേയ്ക്കായി 3 മേഖലകളിലുമായി ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ രൂപീകരിച്ചിട്ടുണ്ട്. എക്സൈസ് അക്കാദമിക്കായും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായും ഓരോ ബസുകൾ ലഭ്യമാക്കിയിട്ടുണ്ട്. വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ പട്രോളിഗ് സ്ക്വാഡിന് രൂപം നൽകുകയും 100 സ്കൂട്ടറുകൾ സ്ക്വാഡിന്റെ ഉപയോഗത്തിനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 2017-ൽ എൻ.ഡി.പി.എസ്. നിയമപ്രകാരം 5946 കേസുകളും കോട്പ നിയമപ്രകാരം 72231 കേസ്സുകളും രജിസ്റ്റർ ചെയ്തു.

(സി) 2017-ൽ 8354.350 ലിറ്റർ സ്പിരിറ്റും 897.045 ലിറ്റർ വ്യാജമദ്യവും പിടിച്ചെടുത്തു. വ്യാജമദ്യത്തിന്റെയും സ്പിരിറ്റിന്റെയും കടത്ത് തടയുന്നതിന് ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിജയപ്രദമാണ്.

## പുതിയതരം ലഹരി വസ്തുക്കളുടെ വ്യാപനം

285 (6540) ശ്രീ. പി. ഉബൈദുള്ള :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയ്യിൽ കരുതാവുന്നതും എളുപ്പത്തിൽ ഒളിപ്പിക്കാൻ കഴിയുന്നതുമായ കഞ്ചാവ് മിഠായികൾ സംസ്ഥാനത്ത് വ്യാപകമായി വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസിനെയും എക്സൈസിനെയും കബളിപ്പിച്ച് നടത്തുന്ന ഈ ഇടപാടിൽ ഇതരസംസ്ഥാന ലഹരി മാഫിയയ്ക്കുള്ള പങ്കിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച സമഗ്ര അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ;

(സി) എക്സൈസ് വകുപ്പിന് കീഴിൽ പുതിയതരം ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും സംവിധാനങ്ങളും കുറവാണെന്നിരിക്കെ, അതിർത്തി ചെക്ക്പോസ്റ്റുകളിൽ ഇവ പരിശോധിക്കുന്നതിന് മൊബൈൽ പരിശോധനാലാബുകൾ സ്ഥാപിക്കുമോ;

(ഡി) പുതിയതരം ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും പരിശീലനവും എക്സൈസ് വകുപ്പിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കണ്ടെടുത്ത കേസ്സുകളിൽ സമഗ്രമായ അന്വേഷണം നടത്തുന്നുണ്ട്.

(സി) സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) പുതിയതരം ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിജ്ഞാനം നൽകുന്നതിന് സ്റ്റേറ്റ് എക്സൈസ് അക്കാദമി ആൻഡ് റിസർച്ച് സെന്ററിൽ പരിശീലനം നൽകുന്നുണ്ട്.

**പുതിയ മദ്യശാലകൾ**

286 (6541) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി എത്ര ബാറുകൾ പൂട്ടി എന്നറിയിക്കാമോ ;

(ബി) ദേശീയ സംസ്ഥാന പാതയോരത്ത് നിന്നും 500 മീറ്റർ ദൂരപരിധിയിലുള്ള മദ്യശാലകൾ പൂട്ടണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്ര കള്ള് ഷാപ്പുകൾ, ബിയർ-വൈൻ പാർലറുകൾ, മദ്യവില്പനശാലകൾ, ബാറുകൾ എന്നിവ പൂട്ടുകയുണ്ടായി;

(സി) പൂട്ടിയ എത്ര കള്ള് ഷാപ്പുകൾ, ബിയർ-വൈൻ പാർലറുകൾ, മദ്യവില്പന ശാലകൾ, ബാറുകൾ എന്നിവ ഈ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി 2018 ജനുവരി 31 വരെ തുറന്നു;

(ഡി) ഈ സർക്കാരിന്റെ ഭരണ കാലത്ത് എത്ര പുതിയ ബാറുകൾക്ക് അനുമതി നൽകിയെന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി 720 ബാറുകൾ പൂട്ടിയിരുന്നു.

(ബി) ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 1131 കള്ള് ഷാപ്പുകളും 606 ബിയർ-വൈൻ പാർലറുകളും 11 ബാറുകളും 112 വിദേശ മദ്യവിൽപ്പന ശാലകളും അടച്ചു പൂട്ടുകയുണ്ടായി.

(സി) ബഹു. സുപ്രീംകോടതി മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയിൽ മദ്യശാലകൾ അനുവദിക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പൂട്ടിയ 257 കള്ളുഷാപ്പുകളും 318 ബിയർ/വൈൻ പാർലറുകളും 102 ബാറുകളും 31-1-2018 വരെ തുറന്നിട്ടുണ്ട്. കൂടാതെ, സാപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കേണ്ടിവന്ന 179 മദ്യശാലകളിൽ നിന്ന് 2018 ജനുവരി 31 വരെ 171 ചില്ലറ വിൽപ്പന ശാലകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ ഭരണകാലത്ത് 77 പുതിയ ബാറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

## തുറന്ന ബാറുകൾ

287 (6542) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് അടച്ച ബാറുകൾ ഈ സർക്കാർ തുറന്ന് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ബാറുകൾ തുറന്ന് നൽകിയെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇനിയും കൂടുതൽ ബാറുകൾ തുറന്നുനൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 31-3-2014-ൽ ബാർ ലൈസൻസ് ഉണ്ടായിരുന്നതും തുടർന്ന് പൂട്ടിയതുമായ ബാറുകളിൽ 3 സ്റ്റാറിനും അതിനുമുകളിലും ക്ലാസ്സിഫിക്കേഷനുള്ള 183 ബാറുകളുടെ ലൈസൻസ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുക്കി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ബഹു. സുപ്രീംകോടതിയുടെ എം.എ.നമ്പർ 690-692/17 സി.എ.നമ്പർ 12164-12166/2016 കേസ്സുകളിലെ 23-2-2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ 16-3-2018-ലെ ജി.ഒ.(എം.എസ്.)നമ്പർ 23/2018/നി.വ. സർക്കാർ ഉത്തരവ് പ്രകാരം നിശ്ചിത യോഗ്യതയുള്ളതും 2017-18, 2018-19 എന്നീ വർഷങ്ങളിലെ സർക്കാരിന്റെ മദ്യനയത്തിനും അനുസരിച്ചും ബാർ ലൈസൻസ് അനുവദിക്കുന്നതിന് വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

## ചെത്തു തൊഴിലാളികൾക്ക് കള്ളുഷാപ്പുകളുടെ നടത്തിപ്പ്

288 (6543) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളുഷാപ്പുകളുടെ നടത്തിപ്പ് ചെത്തു തൊഴിലാളി സഹകരണ സംഘങ്ങളെ ഏൽപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അത് എന്ന് മുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചതെന്നും അതിന്റെ നടപടികൾ ഏത് വരെയായെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) 2017-18 വർഷത്തെ അബ്കാരി നയത്തിൽ കള്ളുഷാപ്പുകൾ വിൽപ്പന നടത്തുമ്പോൾ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. കള്ള് ഷാപ്പുകൾ വിൽപ്പന നടത്തുന്ന കാര്യത്തിൽ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## 2018-19-ലെ അബ്കാരി നയം

289 (6544) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19-ലെ അബ്കാരി നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിനോദസഞ്ചാര മേഖലകളിലെ ബാറുകളുടെ പ്രവർത്തനസമയം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) മദ്യം പ്ലാസ്റ്റിക് കുപ്പികളിൽ വിൽക്കുന്നതിന് നിയന്ത്രണം കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇപ്പോൾ പ്രഖ്യാപിച്ച മദ്യനയം മദ്യവർജ്ജനമെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 15-3-2018-ലെ ജി.ഒ.(എംഎസ്.)21/2018/നി.വ. പ്രകാരം 2018-19 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വർദ്ധിപ്പിച്ചിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ ബാറുകളുടെ പ്രവർത്തന സമയം രാവിലെ 10 മണി മുതൽ രാത്രി 12 മണിവരെയായി നിശ്ചയിച്ചിട്ടുണ്ട്.

(സി) പ്ലാസ്റ്റിക് കുപ്പികളിലെ മദ്യവിതരണം ഘട്ടംഘട്ടമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബിവറേജസ് കോർപ്പറേഷന്റെ വെൻഡിംഗ് മെഷീനുകൾ

290 (6545) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുപ്പിയിലുള്ള മദ്യവും ബിയറും വിൽക്കുന്നതിനായി വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## വിദേശനിർമ്മിത മദ്യം

291 (6546) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറക്കുമതി ചെയ്യുന്ന വിദേശനിർമ്മിത മദ്യം വാങ്ങിക്കുവാൻ ബെവ്കോ ഇന്റർനാഷണൽ ടെൻഡർ പുറപ്പെടുവിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ബി) ഇറക്കുമതി ചെയ്യുന്ന വിദേശനിർമ്മിത മദ്യം ബെവ്കോ ഔട്ട്ലെറ്റ് വഴി വിൽക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ആവശ്യക്കാർ കുറയുന്ന സാഹചര്യം സംജാതമാകുമോയെന്ന് വെളിപ്പെടുത്തുമോ;

(സി) വിദേശനിർമ്മിത മദ്യത്തിന്റെ ഇറക്കുമതി ചുങ്കവും സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള നികുതിയും എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശനിർമ്മിത വിദേശമദ്യ ഉൽപ്പാദകരിൽ നിന്നും നേരിട്ടോ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ഇന്ത്യയിലെ ഏജന്റ് വഴിയോ വിദേശ നിർമ്മിത വിദേശമദ്യവും വിദേശ നിർമ്മിത വൈനും വാങ്ങുന്നതിന് കേരള ബിവറേജസ് കോർപ്പറേഷൻ കേരള ഗവൺമെന്റിന്റെ ഇ-ടെണ്ടർ പോർട്ടൽ വഴി റേറ്റ് കോൺട്രാക്ട് ഓഫറുകൾ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഇറക്കുമതി ചെയ്യുന്ന വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വിപണനം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിപണനത്തെ ബാധിക്കാതിരിക്കാൻ ഇറക്കുമതി ചെയ്യുന്ന വിദേശ നിർമ്മിത വിദേശ മദ്യത്തിന് കേന്ദ്ര സർക്കാർ

ഏർപ്പെടുത്തിയ ഇറക്കുമതിച്ചുങ്കത്തിന് മുമ്പുള്ള വില കെയ്സ് ഒന്നിന് 6,000 രൂപ ആയും വിദേശ നിർമ്മിത വൈനിന്റെ വില 3000 രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വിപണനം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തെ ബാധിക്കുന്ന സാഹചര്യം ഒഴിവാക്കാനാകുമെന്ന് കരുതുന്നു.

(സി) വിദേശ നിർമ്മിത വിദേശമദ്യത്തിന് നിലവിൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ഇറക്കുമതി ചുങ്കം 150% ആണ്. ഇതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ നികുതി നിരക്ക് 2018-ലെ കേരള ധനകാര്യ ബില്ലിൽ താഴെപ്പറയുന്ന പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| | |
|---|---|
| എക്സൈസ് ഡ്യൂട്ടിക്ക് പകരം പ്രത്യേക ഫീസ് | പ്രൂഫ് ലിറ്ററിന് പരമാവധി 100 രൂപ |
| വിദേശ നിർമ്മിത വിദേശ മദ്യത്തിന്മേലുള്ള വിൽപ്പന നികുതി | 78% |
| വിദേശ നിർമ്മിത വൈനിനുള്ള വിൽപ്പന നികുതി | 25% |

**ദേശീയ/സംസ്ഥാന പാതയോരങ്ങളിലെ മദ്യശാല**

292 (6547) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി.സജീന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ മദ്യശാല പാടില്ലായെന്ന സുപ്രീംകോടതി വിധിക്ക് ലഭിച്ച ഇളവ് പ്രകാരം, നഗരസ്വഭാവമുള്ള പഞ്ചായത്തുകൾക്ക് ഇളവ് നൽകുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡമെന്താണ് എന്നറിയിക്കാമോ;

(ബി) ഈ സാഹചര്യത്തിൽ പൂട്ടിക്കിടക്കുന്ന എത്ര കള്ള് ഷാപ്പുകളും ബീയർ-വൈൻ പാർലറുകളും ബാറുകളും തുറക്കുവാൻ കഴിയുമെന്നാണ് സർക്കാർ കണക്കാക്കുന്നത്;

(സി) ഇവ തുറക്കുന്നതിലൂടെ ലൈസൻസ് ഫീസിനത്തിൽ എത്ര ലക്ഷം രൂപ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബഹു. സുപ്രീംകോടതിയുടെ 23-2-2018-ലെ ഉത്തരവിൽ വ്യക്തിഗതമായി ലൈസൻസ് സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിക്കുവാൻ ഗവൺമെന്റിന് നിർദ്ദേശം നൽകിയിരുന്നു. ആയതിൻപ്രകാരം വ്യക്തിഗത അപേക്ഷകൾ പരിഗണിക്കുന്നതിൽ താഴെപ്പറയുന്ന പൊതു മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(i) 10000-ൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗര സ്വഭാവമുള്ളവയായി കണക്കാക്കാം.

(ii) വിനോദസഞ്ചാര മേഖലകളായി നികുതി വകുപ്പോ, വിനോദ സഞ്ചാര വകുപ്പോ നിർണ്ണയിച്ച് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങളുടെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവ വിശേഷങ്ങൾ ഉള്ള മേഖലയായി കണക്കാക്കാം.

(ബി) കണക്കാക്കിയിട്ടില്ല. വ്യക്തിഗത അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനാനുമതി നൽകാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

(സി) കണക്കാക്കിയിട്ടില്ല.

**വിദേശനിർമ്മിത വിദേശ മദ്യത്തിന്റെ വിപണനം**

293 (6548) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പനശാലകൾ വഴി വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ ഏതൊക്കെ റേഞ്ചുകളിലുള്ള ബ്രാന്റുകളാണ് വിപണനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) ചില്ലറ വില്പന മദ്യഷോപ്പുകൾ പ്രവർത്തിക്കുന്ന എ.എഫ്.എൽ-1 നമ്പർ ലൈസൻസ് പ്രകാരം വിദേശനിർമ്മിത മദ്യം വിൽക്കുന്നതിനും സാധിക്കുമോ; ഇല്ലെങ്കിൽ അതിനായി അബ്കാരി നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശനിർമ്മിത വിദേശമദ്യത്തിന്റെ വിപണനം ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പനശാലകൾ വഴിയും വെയർഹൗസ് വഴിയും നടത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി വിദേശനിർമ്മിത വിദേശമദ്യവും വിദേശനിർമ്മിത വൈനും

കോർപ്പറേഷന് വിൽപ്പന നടത്തുവാൻ താൽപ്പര്യമുള്ള വിദേശ കമ്പനികളിൽ നിന്നോ അവരുടെ ഇന്ത്യയിലുള്ള അംഗീകൃത ഏജന്റുമാരിൽ നിന്നോ ഓഫറുകൾ ക്ഷണിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഓഫറുകൾ പരിശോധിച്ചാൽ മാത്രമേ ഏതൊക്കെ റേഞ്ചുകളിലുള്ള ബ്രാൻഡുകളാണ് ലഭ്യമാകുക എന്ന് അറിയുവാൻ കഴിയുകയുള്ളൂ. ഓഫറുകൾ നൽകുന്നതിനുള്ള അവസാന തീയതി 10-4-2018-ഉം ഇത് തുറക്കുന്നത് 16-4-2018-ഉം ആണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) നിലവിലുള്ള നിയമം അനുസരിച്ച് എഫ്.എൽ-9 ലൈസൻസുള്ള വെയർഹൗസിൽ നിന്നോ എഫ്.എൽ-1 ലൈസൻസുള്ള ഷോപ്പുകൾ വഴിയോ വിദേശനിർമ്മിത വിദേശമദ്യം വിപണനം നടത്തുവാൻ സാദ്ധ്യമല്ല. എന്നാൽ ഇത് സാദ്ധ്യമാക്കുന്നതിനുള്ള ഭേദഗതി കേരള അബ്കാരി നിയമത്തിൽ വരുത്തുന്നതിനായി 2018-ലെ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിലും എടുത്തുവരുന്നുണ്ട്.

## മദ്യശാലകൾ തുറക്കുന്നതിനായി നഗരസ്വഭാവമുള്ളതായി ഉയർത്തുന്ന പഞ്ചായത്തുകൾ

294 (6549) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മദ്യശാലകൾ തുറക്കുന്നതിനായി നഗരസ്വഭാവമുള്ളതായി ഉയർത്തേണ്ട പഞ്ചായത്തുകളുടെ പട്ടിക എക്സൈസ് കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്റ്റാർ പദവി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ബാർ ലൈസൻസിനായി എത്രപേർ അപേക്ഷ നൽകിയിട്ടുണ്ട്; അതിൽ എത്ര പേർക്ക് ലൈസൻസ് നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിലുള്ള നിയമാനുസരണം 3 സ്റ്റാറോ അതിനു മുകളിലോ ആയി സ്റ്റാർ പദവി ഉയർത്തിയതും തദനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതുമായ 57 ഹോട്ടലുകളിൽ 53 പേർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

**പഞ്ചായത്തുകളിലെ മദ്യശാലകൾ**

295 (6550) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനായിരത്തിലധികം ജനവാസമുള്ള പഞ്ചായത്തുകളെ നഗര മേഖലയായി കണക്കാക്കി അവിടെ മദ്യശാലകൾ തുറക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഈ തീരുമാനം ഗ്രാമ പ്രദേശങ്ങളിൽ യഥേഷ്ടം മദ്യശാലകൾ തുറക്കുവാൻ അവസരം ഒരുക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള പഞ്ചായത്തുകളെ നഗര സ്വഭാവമുള്ള ഗണത്തിൽപ്പെടുത്തി മദ്യ ഷോപ്പുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇപ്രകാരം കൂടുതൽ മദ്യശാലകൾ തുറക്കുന്നത് മദ്യവർജ്ജനത്തെ എപ്രകാരമാണ് പ്രോത്സാഹിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹു. സുപ്രീംകോടതി എം.എ.നമ്പർ 690-692/17 സി.എ.നം.12164-12166/16 കേസ്സിൽ 23-2-2018-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന പാതയോരത്ത് മദ്യശാലകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനങ്ങളുടെ അപേക്ഷ വ്യക്തിഗതമായി (individual) പരിഗണിക്കുന്നതിന്, സെൻസസ്/പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായി 10,000-ൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗര സ്വഭാവമുള്ളവയായി കണക്കാക്കുന്നതിന് 16-3-2018-ലെ ജി.ഒ.(എംഎസ്.)നമ്പർ 23/2018/നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള പഞ്ചായത്തുകളെ നഗര സ്വഭാവമുള്ള ഗണത്തിൽപ്പെടുത്തി മദ്യഷോപ്പുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടില്ല.

(ഡി) ബഹു. സുപ്രീംകോടതി വിധിന്യായങ്ങൾ നടപ്പിലാക്കുന്നതിനനുസൃതമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനം പ്രായോഗികമായി നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**മദ്യശാലകൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനം**

296 (6551) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ടി.ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ 500 മീറ്റർ ദൂരപരിധിയിലുള്ള മദ്യശാലകൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനത്തിൽ നിന്നും നഗരപ്രദേശങ്ങളോട് ചേർന്നതോ പട്ടണസമാനവികസനമോ ഉള്ള പഞ്ചായത്തുകളെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് കള്ള്ഷാപ്പുകൾക്കും ബാധകമാക്കിയിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ, പൂട്ടിയ എത്ര കള്ള്ഷാപ്പുകൾ തുറക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വിഷയത്തിൽ പൊതു നിർദ്ദേശം നൽകി ബഹു. സുപ്രീംകോടതി 23-2-2018-ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 16-3-2018-ലെ ജി.ഒ.(എംഎസ്.)നമ്പർ.23/2018 നി.വ. അനുസരിച്ച് നിലവിലുള്ള സെൻസസ് പ്രകാരവും പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായും 10,000-ൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗര സ്വഭാവമുള്ളവയായി കണക്കാക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) ബാധകമാകുന്നതാണ്.

(സി) കണക്കാക്കിയിട്ടില്ല. വ്യക്തിഗത അപേക്ഷകൾ ലഭിക്കുമ്പോൾ ടി ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

**പൂട്ടിക്കിടന്നിരുന്ന ബാറുകൾ**

297 (6552) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടികിടന്നിരുന്ന എത്ര ബാറുകൾ തുറന്ന് പ്രവർത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബിവറേജസ് കോർപ്പറേഷനിലൂടെ ഉള്ള മദ്യ വിറ്റുവരവിൽ കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടന്നിരുന്ന 183 ബാറുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്.

(ബി)

| വർഷം | വിറ്റുവരവ് (രൂപ കോടിയിൽ) | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|
| 2010-11 | 6730 | 21% |
| 2011-12 | 7862 | 17% |
| 2012-13 | 8818 | 12% |
| 2013-14 | 9354 | 6% |
| 2014-15 | 10013 | 7% |
| 2015-16 | 11577 | 16% |
| 2016-17 | 12134 | 5% |

**ടോഡി ബോർഡ് രൂപീകരിക്കുവാനുള്ള തീരുമാനം**

298 (6553) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടാകെ കള്ളുഷാപ്പുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ടോഡി ബോർഡ് രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) മദ്യവ്യാപനത്തെ സഹായിക്കുന്ന ഈ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തെ സംരക്ഷിച്ച് കാലോചിതമാക്കുക, കേര കർഷകർ, ചെത്തുതൊഴിലാളികൾ എന്നിവർക്ക് പ്രയോജനമാകുന്ന വിധത്തിൽ കള്ള് വ്യവസായത്തെ നവീകരിക്കുക, ശുദ്ധമായ

കള്ള് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ടോഡി ബോർഡ് രൂപവൽക്കരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) ടോഡി ബോർഡ് രൂപീകരണം മദ്യ വ്യാപനത്തെ പ്രോത്സാഹിപ്പിക്കാത്തതിനാൽ തീരുമാനം പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

**കോട്പ നിയമം കർശനമാക്കുന്നതിന് നടപടി**

299 (6554) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ഇ. കെ.വിജയൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഗരറ്റിന്റെയും പുകയില ഉല്പന്നങ്ങളുടെയും ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള 2003-ലെ സിഗററ്റ്സ് ആന്റ് അദർ ടുബാക്കോ പ്രോഡക്ട്സ് ആക്ട് (കോട്പ നിയമം) സംബന്ധിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്നറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്കൂളുകളിൽ പാൻമസാല ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതിനാൽ കോട്പ നിയമം കർശനമാക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) അപകട സാധ്യതയില്ലെന്ന പരസ്യത്തോടെ സ്ത്രീകളെ ലക്ഷ്യമിട്ടുള്ള സിഗററ്റ് ബ്രാന്റുകൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്ത്രീകളിലെ ശ്വാസകോശ അർബുദ നിരക്കിന്റെ വർദ്ധനവിന് പുകവലി കാരണമാകുമെന്നതിനാൽ ഇത്തരം സിഗററ്റുകളുടെ വില്പന നിയന്ത്രിക്കുമോ;

(എഫ്) കോട്പ നിയമത്തെക്കുറിച്ച് മാധ്യമങ്ങളിലൂടെയും മറ്റും വ്യാപകമായ ബോധവല്ക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) COTPA Act ഒരു കേന്ദ്രനിയമമാണ്. 2003-ലെ Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act- പ്രകാരം സിഗററ്റ്,

മറ്റ് പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ പരസ്യം, വിൽപ്പന, വിതരണം എന്നിവ നിയന്ത്രണവിധേയമാക്കിയിട്ടുള്ളതാണ്. COTPA Act 2003 Section 6 (b) പ്രകാരം കേരള സംസ്ഥാനത്ത് നികുതി ഈടാക്കുന്ന പുകയില ഉൽപ്പന്നങ്ങളായ സിഗരറ്റ്, ബീഡി എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ കച്ചവടം നടത്തുന്നത് അനുവദനീയമല്ല. കൂടാതെ പൊതുസ്ഥലത്ത് പുകവലി നിരോധിച്ചിട്ടുള്ളതാണ്. പാൻപരാഗ് പോലെയുള്ള ഉൽപ്പന്നങ്ങൾ വിൽക്കുന്നത് കേരളത്തിൽ നിരോധിച്ചിട്ടുള്ളതാണ്. 20-8-2014-ലെ G.O.(P)No.155/2014/TD നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം 2003-ലെ Cigarettes & Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act-ലെ 12-ഉം 13-ഉം സെക്ഷൻ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടറെയോ അതിന് മുകളിൽ പദവിയിലുള്ള ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. ഏത് സ്ഥലത്ത് പ്രവേശിച്ചും ടി ആക്ടിൽ പരാമർശിക്കുന്ന ലഹരി വസ്തുക്കൾ പിടിച്ചെടുക്കുന്നതിനുള്ള അധികാരം സംബന്ധിച്ചാണ് ടി ആക്ടിലെ 12-ഉം 13-ഉം വകുപ്പിൽ പരാമർശിക്കുന്നത്. 27-12-2016-ലെ G.O.(P)No.112/2016/TD നമ്പർ ഉത്തരവ് പ്രകാരം ടി ആക്ടിലെ 4, 6, 12, 13 & 28 എന്നീ വകുപ്പുകൾ പ്രകാരമുള്ള അധികാരങ്ങൾ മാത്രമാണ് എക്സൈസ് വകുപ്പിന് നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. കോട്പ നിയമത്തിൽ എക്സൈസ് വകുപ്പിന് നൽകിയിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് 2016-ൽ 45756 കേസ്സുകളും 2017-ൽ 72231 കേസ്സുകളും എക്സൈസ് വകുപ്പ് കണ്ടെത്തി പിഴ ചുമത്തിയിട്ടുണ്ട്.

(സി) കോട്പ നിയമത്തിലെ എക്സൈസ് വകുപ്പിന് നൽകിയിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് വളരെ കർശനമായി എക്സൈസ് വകുപ്പ് കോട്പ നിയമം നടപ്പിലാക്കി വരുന്നുണ്ട്. പ്രത്യേകിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ കർശന നിരീക്ഷണങ്ങൾ നടത്തി സിഗരറ്റിന്റെയും പുകയില ഉൽപ്പന്നങ്ങളുടെയും പാൻമസാലയുടെയും മറ്റും വിൽപ്പനയും ഉപയോഗവും കണ്ടെടുത്ത് നിലവിലെ നിയമപ്രകാരം കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എല്ലാവിധ പുകയില ഉൽപ്പന്നങ്ങളുടെയും വിൽപ്പന കർശനമായ നിയമങ്ങൾക്ക് വിധേയമായാണ് നടത്തുന്നത്.

(എഫ്) എക്സൈസ് വകുപ്പ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവൽക്കരണ പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ നൽകുമ്പോൾ പുകയില ഉൽപ്പന്നങ്ങളുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണവും മാധ്യമങ്ങളിലൂടെ നടത്തുന്നുണ്ട്.

**മയക്കുമരുന്ന്, കഞ്ചാവ് വിപണനം തടയുന്നതിനായി നിയമങ്ങൾ**

300 (6555) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മയക്കുമരുന്ന്-കഞ്ചാവ് വിപണനം നടത്തുന്നവർ വളരെ വേഗം ജാമ്യം നേടുകയും കുറ്റവിമുക്തരാകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ മേഖലയിൽ ഉൾപ്പെടുന്ന കൗമാരക്കാരെ കണ്ടെത്തുന്നതിന് ഇന്റലിജൻസ് വിഭാഗവും, ഷാഡോ-എക്സൈസ് സംഘവും പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) കഞ്ചാവ്, മയക്കുമരുന്ന് വിപണനം നടത്തുന്നവർ കേസ്സുകളിൽ നിന്ന് വേഗം രക്ഷപ്പെടുന്നത് തടയുന്നതിനായി കർശനമായ നിയമങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു കിലോയിൽ കുറവ് കഞ്ചാവ് കൈവശം വച്ച കുറ്റത്തിന് അറസ്റ്റ് ചെയ്യപ്പെടുന്നവർക്ക് നിലവിലുള്ള കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ വേഗംതന്നെ ജാമ്യം കിട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തിവരുന്നു. ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.ടി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാദ്ധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കുറഞ്ഞ അളവിൽ ലഹരിമരുന്ന് കൈവശം വയ്ക്കുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ എളുപ്പത്തിൽ ജാമ്യം കിട്ടി പോകുന്ന സാഹചര്യത്തിൽ ഇത്തരം കുറ്റകൃത്യങ്ങളുടെ വ്യാപനം തടയുന്നതിന് കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. നിയമം കാലോചിതമായി പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## ചേലക്കര നിയോജക മണ്ഡലത്തിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ റെയ്ഡുകൾ

301 (T*6556) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ പരിധിയിൽ വരുന്ന ചേലക്കര നിയോജക മണ്ഡലത്തിൽ വ്യാജമദ്യത്തിന്റെയും പുകയില ഉത്പന്നങ്ങൾ അടക്കമുള്ള ലഹരി വസ്തുക്കളുടെയും ഉല്പാദനവും വിതരണവും തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) എക്സൈസ് വകുപ്പ് 2017-ൽ എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്; ഇതിൽ എന്തെല്ലാം ലഹരി വസ്തുക്കൾ പിടിച്ചെടുത്തിട്ടുണ്ട്; അവയുടെ അളവ് എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ വ്യാജമദ്യത്തിന്റെയും പുകയില ഉൽപ്പന്നങ്ങൾ അടക്കമുള്ള ലഹരി വസ്തുക്കളുടെയും ഉൽപ്പാദനവും വിതരണവും തടയുന്നതിന് റെയ്ഡുകൾ ശക്തമാക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തുതല ജനകീയ കമ്മിറ്റികൾ എല്ലാ മാസങ്ങളിലും കൂടുകയും പ്രസ്തുത കമ്മിറ്റിയിൽ ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(ബി) 2017-ൽ എക്സൈസ് വകുപ്പ് സംസ്ഥാനത്ത് ആകെ നടത്തിയ റെയ്ഡുകൾ - 1,38,846. പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു :

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

| മയക്കുമരുന്നുകളുടെ പേര് | 2017 വർഷം |
|---|---|
| കഞ്ചാവ് | 1332.353 കി. ഗ്രാം |
| കഞ്ചാവ് ചെടി | 466 |
| കഞ്ചാവ് ബീഡി | 6 |
| ഹാഷിഷ് | 1983.148 ഗ്രാം |
| കഞ്ചാവ് ലേഹ്യം | 0 |
| ഹെറോയിൻ | 472.36 ഗ്രാം |
| ബ്രൗൺ ഷുഗർ | 234.77 ഗ്രാം |
| ഒപ്പിയം | 4789 ഗ്രാം |
| എം.ഡി.എം.എ. | 107.63 ഗ്രാം |
| എൽ.എസ്.ഡി | 2.584 ഗ്രാം |
| കൊക്കെയ്ൻ | 11.005 ഗ്രാം |
| ചരസ് | 280.047 ഗ്രാം |
| പോപ്പി ചെടി പൗഡർ | 0 |
| ആംഫീറ്റമീൻ | 21.91 ഗ്രാം |
| മെഥക്വാലോൺ | 0.054 ഗ്രാം |
| ഗ്യാരോയിൻ | 11.5 ഗ്രാം |
| മോർഫിൻ | 0 |

| | |
|---|---|
| അൽപ്രാസോലം | 0 |
| മാന്ത്രിക കുമിൾ | 79 ഗ്രാം |
| നാർക്കോട്ടിക് പൗഡർ | 80 ഗ്രാം |
| നാർക്കോട്ടിക് ആംമ്പ്യൂൾ/ടാബ്ലറ്റ്സ് | 29486 ഗ്രാം |

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

302 (6557) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സ്കൂൾ/കോളേജ് തലത്തിൽ എത്ര ലഹരിവിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചു:

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എന്ത് തുക ഇതുവരെ ചെലവഴിച്ചു;

(സി) ഇതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ എന്ത് തുക ചെലവഴിച്ചു; ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് 2016 മെയ് മാസത്തിന് ശേഷം എന്ത് തുക നൽകിയെന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി വിവിധ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 9,42,91,478 (ഒൻപത് കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി നാന്നൂറ്റി എഴുപത്തിയെട്ട് രൂപ) ചെലവഴിച്ചിട്ടുള്ളതാണ്.

(സി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**വനിതാ സിവിൽ ഓഫീസർമാർക്കെതിരെയുള്ള പീഡനങ്ങൾ**

303 (6558) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ നിയമിച്ചിട്ടുള്ള വനിതാ സിവിൽ ഓഫീസർമാർ തങ്ങൾക്ക് നേരെ നടക്കുന്ന മാനസികവും ശാരീരികവുമായ പീഡനങ്ങൾക്കെതിരെ സർക്കാരിനും എക്സൈസ് കമ്മീഷണർക്കും പരാതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ എക്സൈസ് അധികൃതർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വനിതാ ജീവനക്കാർക്ക് എക്സൈസ് വകുപ്പിൽ സുരക്ഷിതമായി ജോലി ചെയ്യുവാൻ വേണ്ടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ സർക്കാരിനും എക്സൈസ് വകുപ്പിനും നേരിട്ട് പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ ബഹു. മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ ലഭിച്ച പരാതി റിപ്പോർട്ട് നൽകുന്നതിനായി എക്സൈസ് കമ്മീഷണർക്ക് ലഭിച്ചിരുന്നു.

(ബി) ബഹു. മനുഷ്യാവകാശ കമ്മീഷൻ മുഖേന എക്സൈസ് കമ്മീഷണർക്ക് ലഭിച്ച പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനായി 14 ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് നൽകുകയും അപ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി അന്വേഷണത്തിന്റെ ഭാഗമായി രേഖപ്പെടുത്തിയ മൊഴികളിൽ പരാതി സമർപ്പിച്ച വനിതാ കൂട്ടായ്മയെക്കുറിച്ച് വ്യക്തമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി) എക്സൈസ് കമ്മീഷണർ അന്വേഷണം നടത്തിയതിൽ പരാതിയിലെ ആരോപണങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ഡി) വനിതാ ജീവനക്കാർക്കെതിരെ തൊഴിൽ സ്ഥലങ്ങളിൽ നടക്കുന്ന പീഡനങ്ങൾക്കും ലൈംഗിക അതിക്രമങ്ങൾക്കുമെതിരെ പരാതിപ്പെടുന്നതിനായി എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റികൾ എക്സൈസ് വകുപ്പിൽ കൃത്യമായി പ്രവർത്തിച്ചുവരുന്നു. വനിതകൾ പ്രവൃത്തി എടുക്കുന്ന ഓഫീസുകളിൽ

വനിതകൾക്ക് മാത്രമായി ശുചിമുറികളും വിശ്രമ മുറികളും ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് സജ്ജമാക്കുന്നതിനും വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ പ്രതിമാസ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും എല്ലാ ഓഫീസുകളിലും ജീവനക്കാരുടെ പരാതികൾ അറിയിക്കുന്നതിനുമായി പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഡ്യൂട്ടിക്കായി നിയോഗിക്കുന്ന വനിതാ ജീവനക്കാരെ രാത്രികാലങ്ങളിൽ ഡ്യൂട്ടിക്കുശേഷം സുരക്ഷിതമായി വീടുകളിൽ എത്തിച്ചുവരുന്നു. ആയതിനാൽ എക്സൈസ് വകുപ്പിലെ വനിതാ ജീവനക്കാർ നിലവിൽ സുരക്ഷിതമായ സാഹചര്യങ്ങളിലാണ് ജോലി ചെയ്തുവരുന്നത്. സഹപ്രവർത്തകരിൽ നിന്നോ മേലുദ്യോഗസ്ഥരിൽ നിന്നോ മറ്റേതെങ്കിലും ഭാഗത്തുനിന്നോ വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്കെതിരെ ഏതുതരത്തിലും ഉണ്ടാകുന്ന അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അതിന് ഉത്തരവാദികളാണെന്നു കണ്ടെത്തുന്നവർക്കെതിരെ കർശനമായി നടപടി സ്വീകരിക്കുന്നതാണ്.

**എക്സൈസിലെ മിനിസ്റ്റീരിയൽ വിഭാഗം**

304 (6559) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എക്സൈസ് ഗാർഡുമാരുടെ കുറവ് നിലവിലുണ്ടോ;

(ബി) പരിശീലനം നേടിയ ഗാർഡുകൾ ക്ലറിക്കൽ ജോലികൾ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിനിസ്റ്റീരിയൽ ജോലികൾ ചെയ്യുന്നതിന് പോലീസ് വകുപ്പിലെ പോലെ സമാന സ്വഭാവമുള്ള മിനിസ്റ്റീരിയൽ വിഭാഗം വകുപ്പിൽ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ മിനിസ്റ്റീരിയൽ വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**നിലമ്പൂർ നിയോജക മണ്ഡലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

305 (6560) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 ജനുവരി മുതൽ നിലമ്പൂർ മണ്ഡലത്തെ കേന്ദ്രീകരിച്ച് ഏതൊക്കെ രീതിയിലുള്ള ലഹരി വിരുദ്ധ കാംപയിൻ പ്രവർത്തനങ്ങളും പരിശോധനയുമാണ് നടന്നതെന്ന് വിശദമാക്കാമോ;

(ബി) സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി-കഞ്ചാവ് മാഫിയകൾ നടത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്താൻ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2017 ജനുവരി മുതൽ 26-03-2018 വരെയുള്ള കാലയളവിൽ നിലമ്പൂർ നിയോജക മണ്ഡലത്തെ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾ, യുവജനങ്ങൾ, പട്ടികജാതി വർഗ്ഗ പിന്നോക്ക വിഭാഗ കോളനികൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലുമുള്ള ജനവിഭാഗങ്ങൾക്കിടയിൽ വിവിധ തരത്തിലുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, ലഹരിക്കെതിരെ യുവജന സംഗമം, യുവജന ജാഗ്രതാ സമിതി രൂപീകരണം, തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വ്യാജ മദ്യം നിയന്ത്രിക്കുന്നതിന് ജനകീയ കമ്മിറ്റി രൂപീകരണം, നിലമ്പൂർ ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് വിവരശേഖരണം, ബോധവൽക്കരണം, ക്ലബ്ബുകളുടെ രൂപീകരണം, മെഡിക്കൽ ക്യാമ്പ്, വിവിധ വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് സഹായധന വിതരണം, പി.എസ്.സി. പരീക്ഷാ പരിശീലന ക്യാമ്പ്, ബോധവൽക്കരണ നാടക അവതരണം എന്നിങ്ങനെ വൈവിദ്ധ്യമാർന്ന 182 പരിപാടികൾ മേൽ കാലയളവിൽ നിലമ്പൂർ കേന്ദ്രമാക്കി നടത്തിയിട്ടുണ്ട്.

(ബി) വിദ്യാലയങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന കടകളിൽ ലഹരിക്കായി ഉപയോഗിക്കാനാകുന്ന പദാർത്ഥങ്ങൾ ഒന്നും വിൽപ്പന നടത്തുന്നില്ല എന്ന് ഉറപ്പു വരുത്താനായി എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി വരുന്നുണ്ട്. സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികളിൽ ലഹരിക്ക്

എതിരായ ചിന്താഗതി വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരി വിരുദ്ധ സന്ദേശങ്ങൾ പകരാനുമായി. വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് അവരുടെ ഇടയിൽത്തന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെക്കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സാപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുമുണ്ട്.

**വനിതാ എക്സൈസ് ജീവനക്കാർക്കെതിരെ പീഡനം**

306 (6561) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസിൽ വനിതാ ജീവനക്കാർക്കെതിരെ പീഡനമെന്ന 14-3-2018-ലെ വിവിധ പത്രങ്ങളിലെ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെപ്പറ്റി അടിയന്തര അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുമോ; വിശദമാക്കുമോ;

(ബി) ജോലിസമയത്ത് മദ്യപിക്കുന്ന പുരുഷൻമാർക്കൊപ്പം പലയിടത്തും വനിതാ ജീവനക്കാർ ജോലി ചെയ്യേണ്ടി വരുന്നുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എക്സൈസ് ഓഫീസർമാരായി സ്ത്രീകളെ നിയമിച്ച് തുടങ്ങിയത് എന്ന് മുതലാണെന്നും എത്ര വനിതകളെ ഇതുവരെ നിയമിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; ആകെ എത്ര വനിതാ എക്സൈസ് ഓഫീസർമാർ വകുപ്പിൽ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ഡി) ഇപ്പോൾ എത്ര വനിതാ എക്സൈസ് ഓഫീസർമാരാണ് ഈ വകുപ്പിൽ ഉള്ളത്; വിശദമാക്കുമോ;

(ഇ) പീഡനം സംബന്ധിച്ച് വനിതാ ജീവനക്കാരുടെ എന്തെങ്കിലും പരാതി സർക്കാരിനോ ഉന്നത ഉദ്യോഗസ്ഥർക്കോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ; ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ, പരാതിയിലെ ആരോപണങ്ങൾ വസ്തുതാപരമാണെന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഇല്ല.

(സി&ഡി) എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരായി സ്ത്രീകളെ 2014 മുതലാണ് നിയമിച്ചുതുടങ്ങിയത്. 2014 മുതൽ 620 പേരെ നിയമിച്ചിട്ടുണ്ട്. ആയതിൽ ആകെ 437 പേർ ജോലിയിൽ പ്രവേശിക്കുകയും ജോലിയിൽ തുടർന്നുവരികയും ചെയ്യുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 40 |
| 2. | കൊല്ലം | - | 32 |
| 3. | പത്തനംതിട്ട | - | 33 |
| 4. | ആലപ്പുഴ | - | 27 |
| 5. | കോട്ടയം | - | 33 |
| 6. | ഇടുക്കി | - | 20 |
| 7. | എറണാകുളം | - | 37 |
| 8. | തൃശ്ശൂർ | - | 35 |
| 9. | പാലക്കാട് | - | 49 |
| 10. | മലപ്പുറം | - | 36 |
| 11. | കോഴിക്കോട് | - | 30 |
| 12. | വയനാട് | - | 16 |
| 13. | കണ്ണൂർ | - | 35 |
| 14. | കാസർഗോഡ് | - | 14 |
| | ആകെ | | 437 |

(ഇ) പീഡനം സംബന്ധിച്ച് വനിതാ ജീവനക്കാരുടെ 2 പരാതികൾ ലഭിച്ചിട്ടുണ്ട്. ആലപ്പുഴ ഡിവിഷനിൽ ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് ലഭിച്ച പരാതി പോലീസ് സൂപ്രണ്ടിനെകൊണ്ട് അന്വേഷിച്ചിട്ടുള്ളതും Mistake of Facts ആയി കണ്ട് റഫർ ചെയ്തിട്ടുള്ളതുമാണ്. തൃശ്ശൂർ ഡിവിഷനിൽ തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് ലഭിച്ച പരാതി ഇന്റേണൽ കംപ്ലെയിൻസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വിയ്യൂർ പോലീസിന് നൽകുകയും സി.ആർ.നമ്പർ1413/17 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണം നടന്നുവരികയുമാണ്. പരാതികളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

### എക്സൈസ് വകുപ്പ് പിടിച്ചെടുത്ത തൊണ്ടി സാധനങ്ങൾ

307 (6562) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നാളിതുവരെ എക്സൈസ് വകുപ്പ് ഇതര വകുപ്പുകളുടെ സഹകരണത്തോടുംകൂടി എത്ര തുക മൂല്യമുള്ള ലഹരി വസ്തുക്കൾ/കുഴൽപ്പണം/സ്വർണ്ണം-വെള്ളി/വാഹനങ്ങൾ ഉൾപ്പെടെയുള്ള തൊണ്ടി സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തൊണ്ടി സാധനങ്ങളുടെ സൂക്ഷിപ്പുകാർ ആരെല്ലാം എന്നും ഇവ സർക്കാരിന് മുതൽ കൂട്ടാനായി നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം പിടികൂടുന്ന തൊണ്ടി സാധനങ്ങൾ വിവിധ എക്സൈസ് സ്റ്റേഷനുകളിൽ കിടന്ന് നശിക്കുന്നത് തടയുവാനും കോടതി അനുമതിയോടുകൂടി ലേലം ചെയ്ത് സർക്കാരിന് മുതൽകൂട്ടാനുമുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഇത്തരത്തിൽ എത്ര തുകയുടെ ലേലം നടപ്പിലാക്കി തുക ഖജനാവിൽ നിക്ഷേപിച്ചു; വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എക്സൈസ് വകുപ്പ് ഇതര വകുപ്പുകളുടെ സഹകരണത്തോടുംകൂടി 1,01,98,550 രൂപ മൂല്യമുള്ള കഞ്ചാവ്, 65,22,930 രൂപ വിലയുള്ള വിദേശമദ്യം, 70,81,780 രൂപ മൂല്യമുള്ള പുകയില ഉൽപ്പന്നങ്ങൾ, 11,000 രൂപ മൂല്യമുള്ള മയക്കുമരുന്ന്, 15,30,38,320 രൂപ മൂല്യമുള്ള സ്വർണ്ണം, 23,10,690 രൂപ മൂല്യമുള്ള വെള്ളി, 54 ലക്ഷം രൂപ മൂല്യമുള്ള വാഹനങ്ങൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) അബ്കാരി കേസ്സുകളിൽ കണ്ടെടുക്കുന്ന തൊണ്ടി വകകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുമ്പാകെ ഹാജരാക്കുകയും ആയതിന്റെ സൂക്ഷിപ്പ് റെയ്ഞ്ച് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തുവരുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിൽ കണ്ടെടുക്കുന്ന ലഹരി വസ്തുക്കൾ എ.ആർ. ക്യാമ്പുകളിൽ സൂക്ഷിക്കുകയും വാഹനങ്ങൾ ബഹു. കോടതി മുമ്പാകെ ഹാജരാക്കുകയും ചെയ്യുന്നു. അബ്കാരി കേസ്സിൽ ഉൾപ്പെട്ട തൊണ്ടി വകകൾ അബ്കാരി നിയമം 67 (ബി), 67 (ബി) 2 പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും നിയമാനുസരണം ലേല നടപടികൾ നടത്തിവരുകയും ചെയ്യുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിലെ വാഹനങ്ങൾ Under Subsection 3 of Sec.52(A) of the NDPS Act 1985 പ്രകാരം ബഹു. കോടതിയിൽ അപേക്ഷ കൊടുത്ത് കണ്ടുകെട്ടി ലേല നടപടികൾ നടത്തിവരുന്നു.

(സി) അബ്കാരി കേസിലുൾപ്പെട്ട വാഹനങ്ങളുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറാകയാൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മറ്റ് തൊണ്ടി വകകൾ അബ്കാരി നിയമം 53 എ (2) പ്രകാരം ബഹു. കോടതികളിൽ അപേക്ഷ സമർപ്പിച്ച് കോടതിയുടെ കറക്റ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണ്ടുകെട്ടുകയും സ്പിരിറ്റും മറ്റും വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്. മറ്റ് മദ്യങ്ങൾ നശിപ്പിച്ച് കന്നാസുകളും മറ്റും ലേലം ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്പിരിറ്റ് വിൽപ്പന നടത്തി 80,534 രൂപയും വാഹന ലേലം നടത്തി സർക്കാർ ഖജനാവിലേക്ക് 33,09,375 രൂപയും നിക്ഷേപിച്ചിട്ടുള്ളതാകുന്നു.

**കള്ളിൽ മായം ചേർക്കുന്നതിനുള്ള ശിക്ഷ**

308 (6563) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളിൽ മായം ചേർക്കുന്നത് നിലവിലുള്ള നിയമ പ്രകാരം ശിക്ഷാർഹമാണോ; എങ്കിൽ അബ്കാരി നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് അത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്;

(ബി) നിലവിലുള്ള നിയമ പ്രകാരം കള്ളിൽ മായം ചേർക്കുന്നതിനുള്ള ശിക്ഷ എന്താണ്;

(സി) കള്ളിൽ സ്റ്റാർച്ച് ചേർക്കുന്നത് മായം ചേർക്കലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) ഇത് സംബന്ധിച്ച് അബ്കാരി ചട്ടത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശിക്ഷാർഹമാണ്. അബ്കാരി നിയമത്തിലെ 57, 57 എ വകുപ്പുകൾ പ്രകാരമാണ് അത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്.

(ബി) അബ്കാരി നിയമത്തിലെ 57 വകുപ്പ് പ്രകാരം 5 വർഷത്തെ തടവ് ശിക്ഷയോ 50,000 രൂപ പിഴയോ രണ്ടും കൂടിയോ ലഭിക്കുന്നതാണ്.

(സി&ഡി) ഉണ്ട്. സ്റ്റാർച്ച് മനുഷ്യശരീരത്തിന് ഹാനികരമല്ലെന്ന കാരണത്താൽ 21-12-2017-ലെ നമ്പർ 25352/Leg.A1/2017/Law നമ്പർ ഓർഡിനൻസ് പ്രകാരം മായം ചേർക്കലിന്റെ പരിധിയിൽ നിന്ന് സ്റ്റാർച്ചിനെ ഒഴിവാക്കുന്നതിനുള്ള നിയമ ഭേദഗതി വരുത്തിയിട്ടുണ്ട്. അതനുസരിച്ച് കള്ളിൽ സ്റ്റാർച്ചിന്റെ സാന്നിദ്ധ്യം കണ്ടെത്തുകയാണെങ്കിൽ സെക്ഷൻ 57 (എഎ)പ്രകാരം 6 മാസം വരെ വെറും തടവോ അല്ലെങ്കിൽ 25,000 രൂപ പിഴയോ ലഭിക്കുന്നതാണ്.

## ബിവറേജസ് കോർപ്പറേഷനിൽ സെയിൽസ് മാൻ, ഹെൽപ്പർ നിയമനം

309 (6564) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ, സെയിൽസ് മാൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) എങ്കിൽ എത്ര പേരെ നിയമിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) കെ.എസ്.ബി.സി. മാനേജിംഗ് ഡയറക്ടറുടെ ശിപാർശയനുസരിച്ച് 31-8-2017-ലെ സ.ഉ.(കൈ) നമ്പർ 76/2017/നി.വ. ഉത്തരവ് പ്രകാരം 300 ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി 179 ദിവസത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## ആലത്തൂർ നിയോജക മണ്ഡലത്തിലെ എക്സൈസ് റെയ്ഡുകൾ

310 (6565) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ മയക്കുമരുന്ന് ഉൾപ്പടെയുള്ള ലഹരി വസ്തുക്കളുടെ വ്യാപനവും വിൽപ്പനയും തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വ്യാപനവും വിൽപ്പനയും തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് 1891 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 326 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

## II തിരുത്തിയ ഉത്തരം

### 22-3-2018-ലെ നക്ഷത്രചിഹ്നമിട്ട 453-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 22-03-2018-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 453-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 22-3-2018-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 453-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

## III അനുമോദനം

### സന്തോഷ് ട്രോഫി ജേതാക്കൾക്ക് അനുമോദനം

മി. സ്പീക്കർ: സന്തോഷ് ട്രോഫി ഫുട്ബാൾ മത്സരത്തിൽ ടീം കേരള ഉജ്ജ്വല വിജയം കരസ്ഥമാക്കിയിരിക്കുകയാണ്. ആവേശകരമായ കലാശ പോരാട്ടത്തിൽ ഷൂട്ടൗട്ടിൽ ബംഗാളിനെ തോൽപ്പിച്ചാണ് കേരളം കിരീടം നേടിയത്. ഇത് കേരളത്തിന്റെ ആറാമത്തെ കിരീടമാണ്. പതിനാല് വർഷത്തെ ഇടവേളയ്ക്കുശേഷമാണ് കേരളം കാൽപ്പന്തിൽ സന്തോഷ് ട്രോഫിയുമായി വിജയക്കൊടി നാട്ടിയത്. ഈസ്റ്റർ ദിനത്തിൽ മലയാളികൾക്ക് സന്തോഷ് ട്രോഫിയോടൊപ്പം സന്തോഷവും സമ്മാനിച്ച കേരള ടീമിന്റെ പ്രകടനം ശ്രദ്ധേയമായിരുന്നു. ഇന്ത്യൻ ഫുട്ബോളിന്റെ നെറുകയിൽ കേരളത്തെ വീണ്ടുമെത്തിച്ച കളിക്കാർക്കും പരിശീലകർക്കും ഒഫീഷ്യൽസിനും കേരള നിയമസഭയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാല് വർഷത്തെ ഇടവേളയ്ക്കുശേഷം, 72-മത് സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം നേടിയ കേരള ടീം അംഗങ്ങളെയും പരിശീലകരെയും അതിനുപിന്നിൽ പ്രവർത്തിച്ച മുഴുവൻ പേരെയും ഈ സഭയുടെ ഒന്നാകെയുള്ള അഭിനന്ദനം സ്പീക്കറുടെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് അറിയിക്കാൻ സന്തോഷമുണ്ട്. കേരളം ഒന്നാകെ ഒറ്റ മനസ്സായി

*അനുബന്ധം I ആയി ചേർത്തിട്ടുണ്ട്

ഈ വിജയം നെഞ്ചേറ്റുകയും അതിന്റെ ആഹ്ലാദത്തിൽ പങ്കാളികളാകുകയും ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഒറ്റ മൽസരംപോലും തോൽക്കാതെയാണ് കേരളം കിരീടം സ്വന്തമാക്കിയതെന്നത് നേട്ടത്തിന് മാറ്റ് കൂട്ടുന്നു. ചിട്ടയായ പരിശീലനം, കളിക്കളത്തിലെ കൂട്ടായ്മ, ആത്മവിശ്വാസം, കൃത്യമായ ആസൂത്രണം, പിഴവില്ലാത്ത പ്രതിരോധം എന്നിവയാണ് ചരിത്രപരമായ ഈ നേട്ടത്തിന് നിദാനമായത്. ആറാം തവണയാണ് സന്തോഷ് ട്രോഫി കിരീടം കേരളത്തിന്റെ മണ്ണിലേയ്ക്ക് എത്തുന്നത്. യുവത്വത്തിന്റെ കരുത്തിലാണ് കേരളം ഈ നേട്ടം സ്വന്തമാക്കിയതെന്നതാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം. ഇന്ത്യൻ ഫുട്ബോളിന് മികച്ച താരങ്ങളെ സംഭാവന ചെയ്ത മണ്ണാണ് കേരളത്തിന്റേത്. ദേശീയ തലത്തിലേയ്ക്ക് ഈ സംഘവും വളർന്നുവരുമെന്ന് ഉറപ്പാണ്. അതിനുള്ള എല്ലാ സഹായവും പ്രോത്സാഹനവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. വിജയത്തിൽ ആഹ്ലാദം പ്രകടിപ്പിച്ച് ഏപ്രിൽ 6-ന് സംസ്ഥാനത്ത് 'വിജയദിനമായി' ആചരിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. തിരുവനന്തപുരത്ത് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ കേരള ടീമിനെ സംസ്ഥാനം ആദരിക്കുകയും ചെയ്യും.

ഫുട്ബോളിനൊപ്പം വോളിബോളിലും വലിയ നേട്ടങ്ങൾ കേരളം കൊയ്തെടുത്ത വർഷമാണിത്. കോഴിക്കോട് നടന്ന ദേശീയ സീനിയർ വോളിബോളിൽ പുരുഷ വിഭാഗത്തിൽ കേരളം ചാമ്പ്യൻഷിപ്പ് നിലനിർത്തി. വനിതാ വിഭാഗത്തിൽ റണ്ണറപ്പായതും നമ്മുടെ ടീമാണ്. ഫെഡറേഷൻ കപ്പിലും കേരളം ആധിപത്യം നിലനിർത്തി. കായിക മേഖലയിൽ കേരളത്തിന്റെ വസന്തകാലം തിരിച്ചെത്തിയെന്നതിന്റെ വിളംബരമാണ് ഈ വിജയങ്ങൾ. കായിക മേഖലയിലെ പോയകാല പ്രതാപം വീണ്ടെടുക്കാൻ നമ്മുടെ കായിക പ്രതിഭകൾക്ക് സാദ്ധ്യമായിരിക്കുന്നു. ചെറുപ്പത്തിൽ തന്നെ കായികതാരങ്ങളെ കണ്ടെത്തി വളർത്തിയെടുക്കുക എന്നതാണ് സർക്കാരിന്റെ കായിക നയം. നമ്മുടെ കളിക്കളങ്ങൾ നഷ്ടപ്പെടാതെ സംരക്ഷിക്കും; മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തും; കളിക്കാരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തും; കായിക മേഖലയെ കുതിപ്പിലേയ്ക്ക് നയിക്കാൻ ഈ നേട്ടങ്ങൾ ഊർജ്ജമേകും. ഷൂട്ടൗട്ടോളം നീണ്ട ഫൈനലിനൊടുവിൽ ബംഗാളിന്റെ കരുത്തുറ്റ ആക്രമണ നിരയെ ഭേദിച്ച് സന്തോഷ് ട്രോഫി കേരളം സ്വന്തമാക്കിയ നിമിഷത്തിന് ക്യാപ്റ്റൻ രാഹുൽ വി. രാജനെയും നമ്മുടെ അഭിമാനമായ ഗോൾ കീപ്പർ മിഥുനെയും പരിശീലകനായ സതീവൻ ബാലനെയും ഒറ്റമനസ്സായി കളിക്കളത്തിലിറങ്ങിയ ടീം അംഗങ്ങളെയാകെയും കേരളത്തിന്റെ സ്നേഹാദരങ്ങൾ സന്തോഷപൂർവ്വം അറിയിക്കുന്നു. ഈ വിജയം ഫുട്ബോൾ രംഗത്തെ നമ്മുടെ നഷ്ടപ്രതാപം വീണ്ടെടുക്കാനും പുതിയ നേട്ടങ്ങളിലേയ്ക്കുള്ള കുതിച്ചുചാട്ടവും ആകുമെന്നത് തീർച്ചയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 72-ാമത് സന്തോഷ് ട്രോഫി നേടിയതിൽ കേരളത്തിന്റെ ചുണക്കുട്ടന്മാരെ ആദ്യമായി അഭിനന്ദിക്കുകയാണ്. ലോകത്തിലേറ്റവും കാവ്യാത്മകമായ ഒരു കായിക മത്സരമാണ് ഫുട്ബോൾ. അത്ര മനോഹരമായ താളവും ലയവും മറ്റൊരു കായിക മത്സരത്തിനും അവകാശപ്പെടാൻ കഴിയുകയില്ല. ബ്രസീലും അർജന്റീനയും പ്രതിനിധീകരിക്കുന്ന ലാറ്റിൻ അമേരിക്കൻ ശൈലിക്ക് ലോകമെമ്പാടും, കേരളത്തിലും, ധാരാളം ആരാധകരുണ്ട്. ക്രിക്കറ്റിന്റെ ആരവത്തിൽ നിറം മങ്ങിയതാണ് ഇന്ത്യയുടെ സമീപകാല ഫുട്ബോൾ ചരിത്രമെങ്കിലും 1956-ലെ മെൽബൺ ഒളിംപിക്സിന്റെ സെമി ഫൈനൽ വരെ എത്താൻ കഴിഞ്ഞ ഫുട്ബോൾ ടീമായിരുന്ന മലയാളിയായ ഒളിമ്പ്യൻ അബ്ദുറഹിമാനടക്കമുള്ളവർ പ്രതിനിധീകരിച്ച ഇന്ത്യൻ ടീം. കേരളത്തിനും സമാനമായ ചരിത്രംതന്നെ പറയാനുണ്ട്. 1973-ൽ എറണാകുളത്ത് വച്ച് ആദ്യമായി രാജ്യത്തെ ഏറ്റവും വലിയ ഫുട്ബോൾ മാമാങ്കമായ സന്തോഷ് ട്രോഫി ജേതാക്കളായി. പിന്നീട് കഴിഞ്ഞ ദിവസം കൊൽക്കത്തയിലടക്കം ആറു തവണ സന്തോഷ് ട്രോഫി ജേതാക്കളായി മാറാൻ കേരളത്തിനു കഴിഞ്ഞു. ഗോൾ കീപ്പർ മിഥുന്റെ മിന്നുന്ന പ്രകടനവും ക്യാപ്റ്റൻ രാഹുൽ വി. രാജന്റെ നേതൃത്വവും സഹതാരങ്ങളുടെ ഒത്തൊരുമിച്ചുള്ള പോരാട്ടവുമാണ് കേരളത്തിന് വിജയം സമ്മാനിച്ചത്. എല്ലാ മലയാളികൾക്കും അഭിമാനത്തോടെ നെഞ്ചിലേറ്റാൻ കഴിയുന്ന വിജയമാണിത്. നമ്മുടെ കായിക രംഗത്തിന്റെ യശസ്സ് വാനോളമുയർത്തിയ താരങ്ങൾക്ക് കേരള സർക്കാർ അർഹതയ്ക്കനുസരിച്ചുള്ള അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഈ വിജയം കേരള ഫുട്ബോളിനെ ലോകനിലവാരത്തിലേയ്ക്ക് എത്തിക്കാനുള്ള ശ്രമങ്ങൾക്കുള്ള വലിയൊരു തുടക്കവുമാകണം. കായികതാരങ്ങളിൽ എനിക്ക് വലിയ പ്രതീക്ഷയാണുള്ളത്. അതുകൊണ്ട് ഇതിനെക്കാൾ മികച്ച വിജയങ്ങൾ നമ്മുടെ മണ്ണിലേയ്ക്ക് കൊണ്ടുവരാൻ അവർക്ക് സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. അതിനുള്ള മികച്ച പശ്ചാത്തലം നമ്മൾ ഒരുക്കിക്കൊടുക്കണം. അതിന് സർക്കാർ മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് കേരളത്തിന്റെ മിടുക്കന്മാർക്ക് ഹാർദ്ദമായ അഭിനന്ദനങ്ങൾ നേരുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കേരളം സന്തോഷ് ട്രോഫി കിരീടം നേടിയ ഈ അഭിമാന മുഹൂർത്തത്തിൽ കായികതാരങ്ങളെ അഭിനന്ദിച്ചുകൊണ്ട് പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ആറാം തവണയാണ് സന്തോഷ് ട്രോഫി കിരീടം കേരളം സ്വന്തമാക്കുന്നത്. 2004-ൽ ഡൽഹിയിൽ നടന്ന മത്സരത്തിൽ പഞ്ചാബിനെതിരെ ആയിരുന്നു അവസാനത്തെ കിരീട നേട്ടം. മത്സരിച്ച എല്ലാ ഗ്രൂപ്പ് മത്സരങ്ങളിലും ഒരു കളിപോലും തോൽക്കാതെയാണ് നമ്മുടെ ടീം തിളക്കമാർന്ന വിജയം

നേടിയത്. കായിക കേരളത്തിന് അഭിമാനകരമായ വിജയം നേടിയ ക്യാപ്റ്റൻ രാഹുൽ വി. രാജൻ, നായകനായ കേരള ടീമിന്റെ പരിശീലകൻ സതീവൻ ബാലൻ, മത്സരത്തിലെ താരം ഗോൾ കീപ്പർ മിഥുൻ ഉൾപ്പെടെ ടീമിലെ എല്ലാ കളിക്കാരെയും വിജയത്തിനായി പ്രയത്നിച്ച മറ്റെല്ലാവരെയും അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ വിക്ടറി ഡേ ആഘോഷിക്കാനും തിരുവനന്തപുരത്ത് സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് പൗരസ്വീകരണവും അനുമോദനവും നൽകാനും തീരുമാനിച്ചിട്ടുണ്ട്. ടീം അംഗങ്ങൾക്ക് 2004-ൽ അർഹമായ പരിഗണനയും സമ്മാനവും നൽകിയിരുന്നു. അർഹമായ ക്യാഷ് അവാർഡ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നതു സംബന്ധിച്ച് മന്ത്രിസഭായോഗം ആലോചിക്കുന്നുണ്ട്. ഏറ്റവും ചെറുപ്രായത്തിലുള്ള ഒരു ടീമാണ് കേരളത്തിന്റേത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ചെറുപ്രായത്തിൽത്തന്നെ പരിശീലനം നൽകാൻ കഴിഞ്ഞാൽ എല്ലാ ഇനത്തിലും മിന്നുന്ന പ്രകടനം കാഴ്ചവയ്ക്കാനാകും എന്നിപ്പോൾ തെളിയുകയാണ്.

വോളിബോൾ മത്സരങ്ങളിലും നമ്മൾ അഭിമാനകരമായ നേട്ടം കൈവരിച്ചിട്ടുണ്ട്. കായിക കേരളത്തിന്റെ വളർച്ചയ്ക്ക് സഹായകരമായ നയം രൂപീകരിക്കാനും അതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം ഉറപ്പാക്കാനും കായികതാരങ്ങളെ അർഹിക്കുന്ന രീതിയിൽ പരിശീലനം നൽകി പരിഗണിക്കാനുമെല്ലാം തയ്യാറായാൽ ഇനിയും കുറെക്കൂടി വിജയത്തിലേയ്ക്ക് എത്താൻ സാധിക്കുമെന്നതിന്റെ സൂചനയാണിത്. കായിക കേരളത്തിന്റെയും വിശിഷ്യാ കേരള ഫുട്ബോളിന്റെയും ഭാവി വളർച്ചയ്ക്ക് ഈ വിജയം ഏറ്റവും പ്രചോദനമാകും, പ്രേരകമാകും എന്ന് കണക്കാക്കി ഒരിക്കൽക്കൂടി വിജയശിൽപ്പികളെ അനുമോദിക്കുന്നു.

## IV അടിയന്തരപ്രമേയം

### സർക്കാർ ഭൂമി പതിച്ചുനൽകാനുള്ള ശ്രമം

മി. സ്പീക്കർ: വയനാട്ടിലെ ഡെപ്യൂട്ടി കളക്ടറും റവന്യൂ വകുപ്പ് ഭരിക്കുന്ന കക്ഷിയുടെ ജില്ലാ സെക്രട്ടറിയും ഇടനിലക്കാരും ചേർന്ന് ഗൂഢാലോചന നടത്തി പണം കൈപ്പറ്റി സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകാൻ നടത്തിയ നടപടിമൂലമുണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, റൂൾ 52 ചട്ടം (V) പ്രകാരം, പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗിക

നിലയിലോ പൊതുകാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതാകുന്നു; എന്നാൽ ഇതിൽ അതെല്ലാമുണ്ട്. ഈ അടിയന്തരപ്രമേയത്തിൽ വ്യാജോക്തികളും അഭ്യൂഹങ്ങളും വ്യക്തികളെ ആക്ഷേപിക്കലുമെല്ലാമുണ്ട്. ഇത് അവതരിപ്പിക്കാൻ പാടില്ല. ഇതൊരു അന്വേഷണമാണ്. ഇതിൽ പറയുന്നതൊന്നും നടന്നിട്ടില്ല.

മി. സ്പീക്കർ: ഏഷ്യാനെറ്റ് ചാനൽ പുറത്തുവിട്ട ഒരു വാർത്തയുമായി ബന്ധപ്പെട്ട് സമൂഹത്തിൽ ഉയർന്നുവന്ന ഒരു പ്രശ്നമാണ് സഭയിൽ ഉന്നയിക്കാൻ അനുമതി തേടിയിട്ടുള്ളത്. ബന്ധപ്പെട്ട പ്രമേയാവതാരകനോട് ചട്ടത്തിനുള്ളിൽ നിന്നുകൊണ്ട് മാത്രമേ കാര്യങ്ങൾ അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്ന് ചെയർ അറിയിച്ചിട്ടുണ്ട്. സമൂഹത്തിൽ ഉയർന്നുവന്ന ഒരു പ്രശ്നമെന്ന നിലയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുവദിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അടിന്തരപ്രമേയത്തിൽ സൂചിപ്പിച്ചിട്ടുള്ള തരത്തിൽ ഇന്നലെ ഏഷ്യാനെറ്റിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഇതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിരിക്കുകയാണ്. ആ അന്വേഷണത്തിൽ ഉദ്യോഗസ്ഥരോ മറ്റാരെങ്കിലുമോ കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമെന്നുള്ള തീരുമാനം ചാനൽ അഭിമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി നൽകിയ നിർദ്ദേശപ്രകാരം റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പ്രാഥമിക അന്വേഷണം നടത്തി, മാധ്യമ ദൃശ്യങ്ങളിൽ പണം കൈപ്പറ്റിയതായി കണ്ട ഡെപ്യൂട്ടി കളക്ടറെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനുള്ള തീരുമാനം ഇന്നലെ എടുക്കുകയും അദ്ദേഹത്തെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരിക്കുകയുമാണ്. കൂടാതെ അതുമായി ബന്ധപ്പെട്ട വിശദമായ അന്വേഷണത്തിന് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വയനാട് ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾകൂടി അറിയിച്ചിരിക്കുകയാണ്. തഹസിൽദാരോടും വില്ലേജ് ഓഫീസറോടും വിശദീകരണം തേടുകയും ബന്ധപ്പെട്ട രേഖകൾ കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്. നിഷ്പക്ഷവും വിശദവുമായ അന്വേഷണം നടത്തിയശേഷം കുറ്റക്കാരെന്ന് കണ്ടെത്തുന്ന എല്ലാവർക്കുമെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സഭയിൽ ഉറപ്പുനൽകുകയാണ്. സർക്കാർ ഭൂമി അനധികൃതമായി സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകുന്നതിനുള്ള ഒരു നടപടിയും ഈ സർക്കാർ സ്വീകരിക്കുന്ന പ്രശ്നമേയില്ല. യാതൊരു കാരണവശാലും സർക്കാർ ഭൂമി അന്യാധീനപ്പെട്ടുപോകുമെന്ന് ആശങ്ക പ്പെടേണ്ടതില്ല. അത് അനുവദിക്കുന്ന വിഷയമല്ല. കുറ്റം ആര് ചെയ്താലും അവർക്ക്

യാതൊരു സംരക്ഷണവും ഈ സർക്കാരിൽ നിന്നും ലഭിക്കുകയുമില്ല. അതിൽ ആവശ്യമായ തീരുമാനം സർക്കാർ സ്വീകരിക്കും. സർക്കാർ ഭൂമി സംരക്ഷിക്കുക എന്ന റവന്യൂ വകുപ്പിന്റെ ഉത്തരവാദിത്വം ഈ സർക്കാർ യാതൊരു വിട്ടു വീഴ്ചയുമില്ലാതെ നിർവ്വഹിച്ചുവരികയാണ്. വയനാട് മാത്രമല്ല, കേരളത്തിലെ എല്ലാ ജില്ലകളിലും ഭൂമി കയ്യേറ്റക്കാർക്കും കാലങ്ങളായി പ്രവർത്തിച്ചുവരുന്ന ഭൂമാഫിയയ്ക്കു മെതിരെ അതിശക്തമായ നടപടിയാണ് സ്വീകരിക്കുന്നത്. സർക്കാരിന്റെ ഒരിഞ്ച് ഭൂമി പോലും നഷ്ടപ്പെടില്ല എന്ന് നമുക്ക് ഉറപ്പിക്കാം. അതിന് ആവശ്യമായ നടപടി ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഈ വിഷയം ഒരു രാഷ്ട്രീയ പ്രശ്നമാക്കാനും അതുവഴി റവന്യൂ വകുപ്പിനെയും സർക്കാരിനെയും കുറ്റപ്പെടുത്താനും കരിവാരിത്തേയ്ക്കാനുമുള്ള ശ്രമമായി ഉപയോഗിക്കാതെ എല്ലാ തരത്തിലും ഭൂമാഫിയാ സംഘത്തിനെതിരെ നടക്കുന്ന സർക്കാർ നീക്കങ്ങളോടൊപ്പം നിൽക്കണമെന്ന് പ്രതിപക്ഷത്തുള്ള കക്ഷിനേതാക്കളടക്കമുള്ളവരോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് സർക്കാരിന്റെ പൊതുവായ താൽപ്പര്യമാണ്. ആരെങ്കിലും ഭൂമി തട്ടിച്ചെടുക്കാൻ ശ്രമിക്കുകയോ അതിന് കൂട്ടുനിൽക്കുകയോ അതിനുവേണ്ടി എന്തെങ്കിലും ശ്രമങ്ങൾ നടത്തുകയോ ചെയ്യുന്നുണ്ടെങ്കിൽ അത് കണ്ടെത്താനും തിരിച്ചറിയാനും നടപടി സ്വീകരിക്കാനുമുള്ള ജാഗ്രത സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇത് കേവലം രാഷ്ട്രീയ പ്രശ്നമാക്കാനും സർക്കാരിനെതിരെ തിരിച്ചുവിടാനും റവന്യൂ വകുപ്പിനെ ആക്ഷേപിക്കാനുമുള്ള രീതിയിലേയ്ക്ക് മാറ്റാതിരിക്കണം. നമ്മുടെ നാടിന്റെ താൽപ്പര്യവും ഭൂമിയും സംരക്ഷിക്കാൻവേണ്ടി ഉത്തമവിശ്വാസത്തോടുകൂടിയ പ്രവർത്തനവുമായി മുന്നോട്ടുപോകാൻ എല്ലാവരും സഹകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ക്രമപ്രശ്നം ഉന്നയിച്ചുകൊണ്ട് ഇതൊരു വ്യാജ ആരോപണമാണെന്ന ശ്രീ. സി. ദിവാകരന്റെ പ്രസ്താവന മന്ത്രിയുടെ മറുപടിയോടുകൂടി ഇല്ലാതായിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇതൊരു വ്യാജമായ ആരോപണമാണെന്ന് പറഞ്ഞിട്ടില്ല എന്നത് വളരെ സന്തോഷകരമാണ്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജിൽ വയനാട് ഡെപ്യൂട്ടി കളക്ടറും സി.പി.ഐ. ജില്ലാ സെക്രട്ടറി ഉൾപ്പെടെയുള്ള നേതാക്കളും ഇടനിലക്കാരും ചേർന്ന് സർക്കാർ ഭൂമി തരംമാറ്റി തട്ടിയെടുക്കാനുള്ള ശ്രമം ഏഷ്യാനെറ്റ് ചാനൽ ഒരു സ്റ്റിംഗ് ഓപ്പറേഷനിലൂടെ പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. കേരളത്തെ ഞെട്ടിച്ച ഒരു സംഭവമാണിത്. "കേരളം വിൽപ്പനയ്ക്ക്" എന്ന തലക്കെട്ടിലാണ് കേരളത്തിലെ ഭൂമി തട്ടിയെടുക്കാനുള്ള ഈ ശ്രമം വെളിച്ചത്തുകൊണ്ടുവന്നത്. വളരെ ശാസ്ത്രീയമായ രീതിയിലാണ് തട്ടിപ്പുകാർ ഇതിൽ ഇടപെട്ടിരിക്കുന്നത്. No mans land-ഉം ലാൻഡ് ട്രിബ്യൂണൽ കേസ്സുകൾ കഴിഞ്ഞ് കിടക്കുന്ന ക്ലെയിമില്ലാത്ത ഭൂമിയും

യഥാർത്ഥത്തിൽ സർക്കാരിന്റെ മിച്ചഭൂമിയാണ്. അങ്ങനെ ഭൂമിയുണ്ടെന്ന വിവരം ഈ തട്ടിപ്പ് സംഘത്തെ ആദ്യം അറിയിക്കുന്നത് റവന്യൂ ഉദ്യോഗസ്ഥരാണ്. ഉടൻതന്നെ ഈ തട്ടിപ്പ് സംഘം അതിനടുത്തുള്ള സ്ഥലം ആളുകളെക്കൊണ്ട് വാങ്ങിപ്പിക്കും. മിച്ചഭൂമി അടുത്ത് കിടക്കുന്നതുകൊണ്ട് ആ സ്ഥലത്തിന് കരം സ്വീകരിക്കുന്നില്ലെന്ന് മന്ത്രിക്ക് പരാതി നൽകും. ഞാൻ മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല; സാധാരണ മന്ത്രിമാർ ചെയ്യുന്നതുപോലെ അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രി ജില്ലാ കളക്ടർക്ക് അയയ്ക്കും; ജില്ലാ കളക്ടർ ഡെപ്യൂട്ടി കളക്ടർക്ക് കൈമാറും; പിന്നെ വ്യാജരേഖയുണ്ടാക്കി വളച്ചുകെട്ടി ആ സ്ഥലം സ്വന്തമാക്കുന്ന വളരെ ശാസ്ത്രീയമായ തട്ടിപ്പ് രീതിയാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. വളരെ ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണ് ഇവിടെ നടക്കുന്നത്. ഒരു സിനിമയിൽ ശ്രീ. ജഗതി ശ്രീകുമാർ ആലുവ ചാണ്ടി എന്ന തട്ടിപ്പുകാരനായ ഒരു കഥാപാത്രത്തിന് ഭൂമിയുടെ വ്യാജരേഖ ചമച്ചുകൊടുക്കുന്നതായി കാണിക്കുന്നുണ്ട്. സിനിമയിൽ കണ്ടപ്പോൾ നമ്മൾ അത് വിശ്വസിച്ചില്ല. വ്യാജരേഖകൾ പഴയതാക്കാൻവേണ്ടി ചിതലുണ്ടാക്കി ചിതലരിപ്പിക്കുക, പൊടി പുരട്ടിക്കൊടുക്കുക തുടങ്ങിയ പരിപാടികൾ ചെയ്താണ് വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നത്. വയനാട്ടിൽ എന്താണ് സംഭവിച്ചത്? ഒരു റിസോർട്ടിനുവേണ്ടി ഭൂമി ആവശ്യമുള്ളതുകൊണ്ട് അതിനോടനുബന്ധിച്ച മിച്ചഭൂമികൂടി ഏർപ്പാടാക്കിത്തരണമെന്ന് ആവശ്യപ്പെട്ട് ഏഷ്യാനെറ്റിന്റെ ലേഖകൻ ജയ്സൺ സി.പി.ഐ.യുടെ ജില്ലാ നേതാവായ ശ്രീ. ഇ. ജെ. ബാബുവിനെ സമീപിക്കുകയാണ്; ഇ. ജെ. ബാബു അത് ശരിയാക്കിക്കൊടുക്കാമെന്ന് പറഞ്ഞ് അവിടത്തെ എല്ലാ കാര്യങ്ങളിലും ഇടപെടുന്ന ഇടനിലക്കാരനായ കുഞ്ഞുമുഹമ്മദ് എന്ന ബ്രോക്കറെ ഏൽപ്പിക്കുന്നു; കുഞ്ഞുമുഹമ്മദ് കാര്യം ഏൽക്കുകയാണ്; കുഞ്ഞുമുഹമ്മദ് ഡെപ്യൂട്ടി കളക്ടറെ കാണുന്നു; ഡെപ്യൂട്ടി കളക്ടർ പറയുന്ന രസകരമായ കാര്യം, ഇക്കാര്യം സംസാരിച്ചു തുടങ്ങണമെങ്കിൽ അദ്ദേഹത്തിന് പതിനായിരം രൂപ വേണമെന്നാണ്. അതും ഓഫീസിൽ വച്ച് വാങ്ങില്ല, വളരെ ശാസ്ത്രീയമായ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്, ഓടുന്ന കാറിൽ വച്ചുവേണം തനിക്ക് കൈക്കൂലി തരാൻ. അപ്പോൾ വിജിലൻസ് പിടിക്കില്ല എന്നാണ് ഡെപ്യൂട്ടി കളക്ടർ പറയുന്നത്. അങ്ങനെ ഓടുന്ന കാറിൽ വച്ച്, വിജിലൻസ് പിടിക്കാതെ, കാര്യം സംസാരിച്ചുതുടങ്ങുന്നതിനുവേണ്ടി പതിനായിരം രൂപ ഈ കക്ഷിയുടെ കയ്യിൽ നിന്നും ഡെപ്യൂട്ടി കളക്ടർ വാങ്ങിക്കുകയാണ്. എന്താണ് ഇവിടെ നടക്കുന്നത്? അതിനുശേഷം കുഞ്ഞുമുഹമ്മദ് സി.പി.ഐ. ജില്ലാ സെക്രട്ടറിയുടെ വീട്ടിലേയ്ക്ക് അയാളെ കൊണ്ടുപോകുകയാണ്; വീട്ടിലും പാർട്ടി ആഫീസിലും എല്ലാ സ്ഥലത്തും പോയി; സി.പി.ഐ. ജില്ലാ സെക്രട്ടറിയുമായി വീട്ടിൽ വച്ച് 45 മിനിട്ടുനേരം നടത്തുന്ന സംഭാഷണത്തിന്റെ ദൃശ്യങ്ങളുണ്ട്. എനിക്കിത് ലഭിച്ചാൽ ഒന്നേകാൽ കോടി രൂപയുടെ ലാഭം കിട്ടും;

അപ്പോൾ ഞാൻ വേണ്ടപോലെ കാണാം എന്നാണ് അവരോട് പറയുന്നത്. എന്നാൽ തന്നെ കാണേണ്ട ആവശ്യമില്ല; ബ്രോക്കറെ കണ്ടാൽ മതി; അയാളുമായി ഏർപ്പാടുകൾ മതി എന്നാണ് സി.പി.ഐ.യുടെ ജില്ലാ സെക്രട്ടറി പറയുന്നത്. സർക്കാരിന്റെ മിച്ചഭൂമി തട്ടിയെടുക്കാൻവേണ്ടി ഒരു സംഘം ഒരു പാർട്ടിയുടെ ജില്ലാ സെക്രട്ടറിയെ വന്നുകാണുമ്പോൾ അവരെ ആട്ടിയിറക്കുന്നതിനുപകരം കാര്യങ്ങളെല്ലാം ശരിയാക്കിത്തരാമെന്ന് നേരിട്ട് പറയുകയാണ്. ഭരണകക്ഷിയുടെ റവന്യൂ വകുപ്പ് ഭരിക്കുന്ന പാർട്ടിയുടെ ജില്ലാ സെക്രട്ടറിയാണ് പറയുന്നത്. എന്നിട്ട് വീണ്ടും ഡെപ്യൂട്ടി കളക്ടറെ കാണുന്നു. അവർ അവിടെ എത്തിയിട്ടുണ്ടെന്ന് ഡെപ്യൂട്ടി കളക്ടർ ഉടൻതന്നെ ജില്ലാ സെക്രട്ടറിയോട് വിളിച്ചുപറയുന്നു. വകുപ്പുമന്ത്രിക്ക് ഒരു പരാതി നൽകിയാൽ അവിടെ നിന്നും ആവശ്യമായ നടപടി സ്വീകരിക്കാൻ കത്ത് തരും; അത് ഇവിടേയ്ക്ക് അയച്ചുതന്നാൽ താൻ കൈകാര്യം ചെയ്തുകൊള്ളാമെന്ന് ഡെപ്യൂട്ടി കളക്ടർ പറയുകയാണ്. ഡെപ്യൂട്ടി കളക്ടറുടെ അടുത്തെത്തിയപ്പോൾ ബ്രോക്കർ പറയുന്നത് '20 ലക്ഷം രൂപ വേണം; അതിൽ 10 ലക്ഷം രൂപ വിജയേട്ടന് കൊടുക്കണം; തിരുവനന്തപുരം മുതൽ ഇവിടെവരെയുള്ള രാഷ്ട്രീയമായ കാര്യങ്ങൾ വിജയേട്ടൻ കൈകാര്യം ചെയ്തുതരും; 10 ലക്ഷം രൂപ ഡെപ്യൂട്ടി കളക്ടർക്ക് കൊടുക്കണം; തഹസിൽദാർ, വില്ലേജ് ആഫീസർ, സർവ്വേയർ തുടങ്ങിയ ആളുകൾ വഴി ഡെപ്യൂട്ടി കളക്ടർ കാര്യങ്ങൾ നടത്തിത്തരും' എന്നാണ്. ഉടനെ സംഘം തിരുവനന്തപുരത്ത് വരികയാണ്. ബ്രോക്കറുടെ നേതൃത്വത്തിലുള്ള ഈ സംഘം നേരെ പോകുന്നത് സി.പി.ഐ. സംസ്ഥാന കമ്മിറ്റി ആഫീസായ എം.എൻ. സ്മാരകത്തിലേയ്ക്കാണ്. ഇതുപോലൊരു തട്ടിപ്പ് സംഘത്തിന്റെ നേതാവിന് എം.എൻ. സ്മാരകത്തിൽ ചുവപ്പ് പരവതാനി വിരിച്ചുകൊടുക്കുകയാണ്. സംസ്ഥാന കമ്മിറ്റി ആഫീസിൽ കയറിച്ചെല്ലുമ്പോൾ തന്നെ അറിയാം അയാൾക്ക് ഭയങ്കര സ്വാധീനമാണെന്ന്. ഉടനെ മന്ത്രിയുടെ ആഫീസിലേയ്ക്കുള്ള നാലുപേർക്കുള്ള പാസ്സ് അവിടെ വച്ചുതന്നെ കൊടുക്കുകയാണ്. ഇതുമായി മന്ത്രിയുടെ ആഫീസിൽ എത്തി അവിടെ ഏതോ ഒരു സ്റ്റാഫിനെ കാണുന്നു. 'വിജയേട്ടൻ പറഞ്ഞ കാര്യമാണ്, നമുക്ക് മെച്ചമുള്ള കാര്യമാണ്' എന്നുപറയുന്നത് ദൃശ്യത്തിലുണ്ട്. അപ്പോൾ മന്ത്രി വരട്ടെ, മന്ത്രി വന്നാൽ ഒപ്പിട്ട് അത് കളക്ടർക്ക് അയയ്ക്കുമെന്ന് സ്റ്റാഫ് പറയുന്നു. ഞാൻ വീണ്ടും ആവർത്തിക്കുന്നു, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. സാധാരണ ഒരു പരാതി പോലെ അദ്ദേഹം അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം എന്നുപറഞ്ഞ് ജില്ലാ കളക്ടർക്ക് അയയ്ക്കുന്നു. മന്ത്രിയുടെ ആഫീസിൽ നിന്ന് അയയ്ക്കുന്നതിന്റെ രേഖയും അങ്ങനെയൊരു രേഖ ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിരിക്കുന്നതിന്റെ മുഴുവൻ രേഖകളുമുണ്ട്. അങ്ങനെ വയനാട് ജില്ലയിൽ നൂറും ഇരുന്നൂറും ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നവരുണ്ട്. ഈ

രീതിയിൽ തട്ടിപ്പ് നടത്തി സർക്കാർ ഭൂമി വളച്ചെടുത്ത് വ്യാജ ഡോക്യുമെന്റ് തയ്യാറാക്കുന്ന സംഭവം ആദ്യമായിട്ടുള്ളതല്ല. നിരവധിയായ സംഭവങ്ങൾ ഇതിന്റെ പുറകെ വരികയാണ്.

വയനാട് ജില്ലയിൽ മാത്രമല്ല, ഇടുക്കി ജില്ലയിലെ മൂന്നാറിൽ ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ സർക്കാർ ഭൂമി തട്ടിയെടുക്കുന്നതിനുള്ള ഗൂഢസംഘങ്ങൾ പ്രവർത്തിക്കുകയാണ്. ഭരിക്കുന്ന കക്ഷിയുടെ നേതാക്കന്മാർ അവർക്ക് കൂട്ടുനിൽക്കുകയാണ്. കഴിഞ്ഞ ദിവസം താമരശ്ശേരിയിലെ വില്ലേജ് ആഫീസറെയും ഫീൽഡ് അസിസ്റ്റന്റിനെയും സസ്പെൻഡ് ചെയ്തു. ഒരു ക്വാറിയുടെ കാര്യം ശരിയാക്കിക്കൊടുക്കുന്നതിന് 10 ലക്ഷം രൂപ അല്ലെങ്കിൽ ക്വാറിയിൽ 25 ശതമാനം ഷെയറാണ് വില്ലേജ് ആഫീസർ ചോദിച്ചത്. ജോയിന്റ് കൗൺസിലിന്റെ നേതാവാണ് വില്ലേജ് ആഫീസർ. 'ഏതാണ് വലുത് എന്ന് നമ്മൾ ചില നിയമത്തിൽ എഴുതിവയ്ക്കുന്നതുപോലെയാണിത്. ഭാഗാധാരത്തിൽ പറയുന്നതുപോലെ ആയിരം രൂപ അല്ലെങ്കിൽ ഒന്നര ശതമാനം, ഏതാണ് കൂടുതൽ, ആ കൂടുതൽ വേണം. അതുപോലെ 10 ലക്ഷം രൂപ അല്ലെങ്കിൽ 25 ശതമാനം ഷെയർ വേണമെന്ന് പറയുന്നു. അയാളെ വിജിലൻസ് പിടിച്ചു. ഇത്തരം കാര്യങ്ങൾ വ്യാപകമായി സംസ്ഥാനത്ത് നടക്കുകയാണ്. ഏഷ്യാനെറ്റ് പുറത്തുകൊണ്ടുവന്ന ഈ വിഷയം This is only a tip of an iceberg; ഇതൊരു മഞ്ഞുമലയുടെ അഗ്രം മാത്രമാണ്. വ്യാപകമായി കേരളത്തിൽ ഭൂമി തട്ടിപ്പ് നടക്കുകയാണ്. കേരളം വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. ഇത് പുറത്തുകൊണ്ടുവന്ന ജെയ്സനെ വയനാട്ടിൽ ഇറങ്ങി നടക്കാൻ അനുവദിക്കില്ലെന്ന് ഒരു ചാനലിൽ വന്ന് ഈ ഭരണകക്ഷിയുടെ ജില്ലാ സെക്രട്ടറി വെല്ലുവിളിക്കുകയാണ്. ആ ജില്ലാ സെക്രട്ടറി ഇപ്പോഴും അതേ സ്ഥാനത്തിരിക്കുകയാണ്. എല്ലാ ദൃശ്യത്തിന്റെയും രേഖകളുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ വയലുകളുടെ മീതെയാണ് കഴുകൻ പറക്കുന്നതെന്ന് പറഞ്ഞു. വയലുകളുടെ മീതെയല്ല കഴുകൻ പറക്കുന്നത്, സർക്കാർ ഭൂമിയുടെ മീതെ, സർക്കാർ ഭൂമി റാഞ്ചിയെടുക്കാനാണ് ഇപ്പോൾ കഴുകന്മാർ പറന്നുകൊണ്ടിരിക്കുന്നത്. അതിനുള്ള എല്ലാ സൗകര്യങ്ങളും ഇവിടെ നടന്നു കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ പാർട്ടിയുടെ ജില്ലാ സെക്രട്ടറിമാർക്ക് എന്തും ചെയ്യാൻ വേണ്ടി നിങ്ങൾ ഈ വകുപ്പ് തുറന്നിട്ടുകൊടുത്തിരിക്കുകയാണോ? ഇടനിലക്കാരുമായും തട്ടിപ്പുകാരുമായും ചേർന്ന് ഭൂമി തട്ടിയെടുക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തിരിക്കുകയാണ്. അങ്ങയുടെ കീഴിലുള്ള ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ, പാർട്ടി നേതാക്കന്മാരെ നിയന്ത്രിക്കാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് കഴിയുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്. ആ വകുപ്പിലെ കാര്യങ്ങൾ എങ്ങനെ നടക്കും? റവന്യൂ വകുപ്പുമന്ത്രിയും അഡീഷണൽ ചീഫ്

സെക്രട്ടറിയും തമ്മിൽ ശീതസമരത്തിലാണെന്നാണ് ഞാൻ അറിഞ്ഞത്. അല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ. എത്രയോ പ്രാവശ്യം അഡീഷണൽ ചീഫ് സെക്രട്ടറിയെ മാറ്റണമെന്ന് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു. അവർ തമ്മിൽ യോജിപ്പോടുകൂടിയാണോ പ്രവർത്തിക്കുന്നത്; ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ കഴിയുന്നുണ്ടോ? ഉദ്യോഗസ്ഥരെ കയറൂരി വിട്ടിരിക്കുകയാണ്. ഉദ്യോഗസ്ഥരും പാർട്ടി നേതാക്കളും ചേർന്ന് കേരളത്തെ വിറ്റുതുലയ്ക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. മന്ത്രിയായിരുന്ന ശ്രീ. തോമസ് ചാണ്ടിയുടെ വിഷയത്തിൽ മന്ത്രിസഭാ യോഗത്തിൽ പങ്കെടുക്കാതിരുന്ന നാല് മന്ത്രിമാരാണ് സി.പി.ഐ.-ക്കുള്ളത്. ആ സി.പി.ഐ.-യുടെ നേതൃത്വത്തിലാണ് കേരളത്തിൽ ഈ തട്ടിപ്പ് നടക്കുന്നത്. ഇത് എം.എൻ. ഗോവിന്ദൻ നായരുടെയും സി. അച്യുതമേനോന്റെയും പാർട്ടിയല്ലേ; ഇത് ഇത്രമാത്രം അധഃപതിക്കാമോ; ഇത്രമാത്രം കച്ചവടം നടത്താമോ? ഇത്രമാത്രം അധഃപതിച്ച ഒരു പാർട്ടി, ആദർശം പറയുകയും ആദർശത്തിന് വിരുദ്ധമായി കച്ചവടം നടത്താൻ കൂട്ടുനിൽക്കുകയും ചെയ്യുന്ന ഒരു പാർട്ടി വേറെയുണ്ടോ? ഒരു മന്ത്രിയെന്നുള്ള നിലയിൽ അങ്ങേയ്ക്ക് ധാരാളം ഉത്തവാദിത്വങ്ങളുണ്ട്. ആ ഉത്തരവാദിത്വങ്ങളെ മറന്നുകൊണ്ട് സ്വന്തം പാർട്ടിക്കാരെ മുഴുവൻ ഇത്തരം കാര്യങ്ങൾക്ക് പ്രോൽസാഹിപ്പിക്കുകയും .......(ബഹളം)... മന്ത്രിയെ കാണാൻ എന്തിനാണ് എം.എൻ. സ്മാരകത്തിൽ നിന്നും പാസ് നൽകുന്നത്? ഞങ്ങളുടെയൊന്നും പാർട്ടി ആഫീസിൽ, കെ.പി.സി.സി. ആഫീസിൽ നിന്നും, ഒരു മന്ത്രിയെ കാണാനും പാസ് നൽകിയിട്ടില്ല. അവിടെ ഈ ഇടനിലക്കാർക്ക് എന്ത് സ്വാധീനമാണുള്ളത്? സി.പി.ഐ.യുടെ ജില്ലാ കമ്മിറ്റി ആഫീസിലും എം.എൻ. സ്മാരകത്തിലും ഭൂമി തട്ടിപ്പ് കൂടാതെ, രാവിലെ മുതൽ രാത്രി വരെ വ്യാജ ഡോക്യുമെന്റുകൾ സംഘടിപ്പിച്ച് വ്യാജമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നവർക്ക് കൂട്ടുനിൽക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 'ആശിക്കും ഭൂമി പാവപ്പെട്ടവന്' എന്നൊരു മുദ്രാവാക്യമുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എന്താണ് സ്ഥിതി? 'ആശിക്കും ഭൂമി കാശുള്ളവന്' എന്നാക്കി മാറ്റി. അതാണ് വ്യത്യാസമുണ്ടായിരിക്കുന്നത്. ഇത് ഗൗരവതരമായ ഒരു വിഷയമാണ്. കേരളത്തിലെ റവന്യൂ ഭൂമി, മിച്ചഭൂമി തുടങ്ങി സർക്കാരിന്റെ കീഴിലുള്ള ഭൂമിയെക്കുറിച്ചുള്ള കൃത്യമായ ഡോക്യുമെന്റുകളുണ്ട്. ആ ഡോക്യുമെന്റുകളെ വളച്ചൊടിച്ച് വ്യാജരേഖ തയ്യാറാക്കുന്നതിനും കരമടയ്ക്കുന്നതിനും വേണ്ട സംവിധാനം ചെയ്തുകൊടുക്കുകയാണ്. കുറെ നാൾ ഒരാൾ സർക്കാർ ഭൂമിക്ക് കരമടച്ചാൽ സ്വാഭാവികമായും ക്ലെയിമുണ്ടാകുകയാണ്. ഏക്കർ കണക്കിന് സ്ഥലം വളച്ചുകെട്ടി സ്വന്തമാക്കാൻ റിസോർട്ട് മാഫിയകളും ഭൂമി തട്ടിപ്പ് മാഫിയകളും ഉൾപ്പെടെ വലിയ റാക്കറ്റുകൾ എല്ലാ ജില്ലകളിലും ജില്ലാ കളക്ടറേറ്റുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയാണ്. എല്ലാ ജില്ലകളിലും വ്യാപകമായ പരാതികളുണ്ട്. ഇതുസംബന്ധിച്ച് പത്രങ്ങളുടെ എഡിറ്റോറിയൽ പേജുകളിൽ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്തെ മിക്കവാറും എല്ലാ ജില്ലകളിലും മിച്ച ഭൂമിയുള്ള, സർക്കാർ ഭൂമിയുള്ള സ്ഥലങ്ങളിൽ വ്യാപകമായി ഇതുപോലെ തട്ടിപ്പ് നടക്കുകയാണ്. ഈ തട്ടിപ്പിനെ നിയന്ത്രിക്കാൻ സർക്കാരിന്റെയോ ബഹുമാനപ്പെട്ട മന്ത്രിയുടെയോ ഭാഗത്തുനിന്ന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പാർട്ടിയെ അപമാനിക്കാൻ, അദ്ദേഹത്തെ അപമാനിക്കാൻ വേണ്ടിയാണിതെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഇതുപോലൊരു വിഷയം കൊണ്ടുവരാതിരിക്കാൻ കഴിയുമോ; ഗൗരവതരമായ ഒരു വിഷയമാണിത്. പണമുള്ളവൻ കൈക്കൂലി കൊടുത്ത് രാഷ്ട്രീയ നേതാക്കന്മാരെയും ഉദ്യോഗസ്ഥരെയും സ്വാധീനിച്ച് സർക്കാർ ഭൂമി കയ്യേറാൻ നടത്തുന്ന ഈ നീക്കവും അത് പുറത്തു കൊണ്ടുവന്ന പത്രപ്രവർത്തകരെ ഭീഷണിപ്പെടുത്താൻ നടത്തുന്ന ശ്രമവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. വി. ഡി. സതീശൻ സാധാരണഗതിയിൽ വളരെ ഭംഗിയായി കാര്യങ്ങളൊക്കെ പറയുന്നതാണ്. അദ്ദേഹം ഇന്നിവിടെ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ എവിടെയാണ് ഭൂമി തട്ടിപ്പ് നടന്നിട്ടുള്ളതെന്ന് പറയാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയുൾപ്പെടെ സംസ്ഥാനത്താകെ 602 കേസ്സുകളിലായി 195.13 ഹെക്ടർ സർക്കാർ ഭൂമി കയ്യേറ്റക്കാരിൽനിന്നും ഒഴിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറയിൽ 420 ഏക്കർ എസ്റ്റേറ്റ് ഭൂമി ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്. കൊല്ലം ജില്ലയിൽ പ്രിയ റബ്ബർ എസ്റ്റേറ്റ് കൈവശം വച്ചിരുന്ന 492.13 ഏക്കർ ഭൂമി ഇപ്പോൾ തിരിച്ചെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്. സർക്കാരിന്റെ ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാനുള്ള എല്ലാ ജാഗ്രതയും സ്വീകരിക്കുന്നതോടൊപ്പംതന്നെ വിവിധ തലങ്ങളിൽ മറ്റ് പലരും കയ്യേറി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കാനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തുന്നത്. അദ്ദേഹം ഇവിടെ പറഞ്ഞിരിക്കുന്നതിൽ ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിന്റെയൊക്കെ രേഖകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മാർച്ച് മാസം മൂന്നാം തീയതിയാണ് എന്റെ ആഫീസിലേയ്ക്ക് കുഞ്ഞുമുഹമ്മദ് എന്നു പറയുന്നയാൾ അപേക്ഷ കൊണ്ടുവന്നത്. മാർച്ച് മാസം മൂന്നാം തീയതി തന്ന അപേക്ഷയിൽ ആറുപേർ ഒപ്പിട്ടിരിക്കുകയാണ്. ആ അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏതെങ്കിലും ഭൂമി തരപ്പെടുത്താനാണ് ഇതെന്ന് ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ അക്കാര്യം നിങ്ങളുടെ പരിശോധനയ്ക്കും തീരുമാനത്തിനുമായി വയ്ക്കുകയാണ്. "വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 57/1-ൽപ്പെട്ട ഞങ്ങളുടെ ഭൂമിക്ക് മിച്ചഭൂമി അരികിലുള്ളതിന്റെ പേരിൽ നികുതി സ്വീകരിക്കുന്നില്ല. ഇതുമൂലം സർക്കാർ ആനുകൂല്യങ്ങളൊന്നും

ലഭിക്കാതെ ഞങ്ങൾ ദുരിതമനുഭവിക്കുകയാണ്. ദയവായി നികുതി സ്വീകരിക്കുവാൻ വേണ്ട നടപടികൾ നിർദ്ദേശിക്കണമെന്ന് അപേക്ഷിക്കുകയാണ്" എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്.

പഞ്ചായത്തുപോലുള്ള സംവിധാനങ്ങളിൽ നിന്നുപോലും ഒരു ആനുകൂല്യവും ലഭിക്കുന്നില്ലായെന്ന് 6 പേർ ഒപ്പിട്ട ഒരു അപേക്ഷ ലഭിച്ചാൽ സാധാരണ ഗതിയിൽ.......(ബഹളം).. അപ്പുറത്തിരിക്കുന്നവരും പഴയ കാലത്ത് ഇതുപോലുള്ള കാര്യങ്ങൾ കൈകാര്യം ചെയ്ത മന്ത്രിമാരായിരുന്നവരാണല്ലോ, അത്തരം ഒരു അപേക്ഷ 3-ാം തീയതി ലഭിച്ചു; 7-ാം തീയതി ആ അപേക്ഷയിൽ ഞാൻ ഒപ്പിട്ടിട്ടുണ്ട്; അന്ന് അത് അയച്ചു. ഇപ്പോൾ അവസാനമായി കളക്ടറുടെ റിപ്പോർട്ടിൽ പറയുന്നത്, 31-3-2018-നാണ് അത് വയനാട്ടിൽ എത്തിയതെന്നാണ്. ഇതൊക്കെ ദ്രുതഗതിയിൽ ചെയ്തുവെന്നാണ് ഇവിടെ പറയുന്നത്. പക്ഷേ 31-3-2018-ന് അവിടെ ലഭിച്ചുവെന്നാണ് കളക്ടറുടെ റിപ്പോർട്ടിൽ പറയുന്നത്. പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാനാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കുകയാണ്. ഈ കാര്യത്തിൽ ഏതെങ്കിലും തരത്തിൽ എവിടെനിന്നെങ്കിലുമുള്ള സ്വാധീനത്തിൽ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയെ കണ്ടതുകൊണ്ടോ, വരുന്ന ആളുകൾ അതുവഴി എം.എൻ. സ്മാരകത്തിൽ കയറിയതുകൊണ്ടോ, സെക്രട്ടേറിയറ്റിൽ മന്ത്രിയുടെ ഓഫീസിൽ വന്ന് നിവേദനം സമർപ്പിച്ചതുകൊണ്ടോ, എവിടെനിന്നെങ്കിലും അനുകൂലമായ ഒരു തീരുമാനം എടുക്കാൻ ശിപാർശ ഉണ്ടായോ; ഏതെങ്കിലും തരത്തിൽ അതിൽ തീരുമാനമുണ്ടായോ? ഈ കാര്യങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നും ഭൂമി പതിച്ചു കൊടുത്തിട്ടില്ലെന്നും ബഹുമാന്യനായ അംഗം ശ്രീ. വി. ഡി. സതീശനുതന്നെ അറിയാവുന്നതാണ്. ഈ ഭൂമിയെ സംബന്ധിച്ചിടത്തോളം, അവിടെ 20 ഏക്കർ ഭൂമി സർക്കാർ മിച്ചഭൂമിയായി എടുക്കുകയും അതിൽനിന്നും ഏകദേശം 7½ ഏക്കർ സ്ഥലം ചെങ്ങറ സമരവുമായി ബന്ധപ്പെട്ടവർക്ക് പതിച്ചുകൊടുക്കുകയും ചെയ്തതാണ്. അവർ അത് കൈവശമെടുത്തിട്ടില്ല. ബാക്കിയുള്ള 12½ ഏക്കർ സ്ഥലവും ആരും കൈവശമെടുക്കാത്തതുകൊണ്ട് ആ 20 ഏക്കർ സ്ഥലം അവിടെ നിൽക്കുകയാണ്. സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്തതിനുശേഷം ഇത് പൊതു ആവശ്യത്തിന് വേണമെന്ന് ജില്ലാ കളക്ടർ ആവശ്യം ഉന്നയിച്ചതിനെത്തുടർന്ന് സംസ്ഥാന ലാൻഡ് ബോർഡ് പൊതു ആവശ്യത്തിനുവേണ്ടി നീക്കിവച്ച ഭൂമിയായാണ് അവിടെയുള്ളത്. ബഹുമാന്യനായ അംഗം പ്രഗത്ഭനായ വക്കീലാണ്. അദ്ദേഹത്തിന് എല്ലാ കാര്യവും അറിയാം. മിച്ചഭൂമിയായി എടുത്ത ഭൂമി എങ്ങനെയാണ് വിതരണം ചെയ്യുക; എങ്ങനെയാണ് തരം മാറ്റിക്കൊടുക്കുക? ഇന്നലെ ഏഷ്യാനെറ്റ് ചാനലിൽ അവർ പറയുന്നത്, തരം മാറ്റിക്കൊടുക്കാൻ വേണ്ടി മന്ത്രിയെ സമീപിച്ചുവെന്നാണ്.

മിച്ചഭൂമി തരം മാറ്റിക്കൊടുക്കാൻ ഒരു മന്ത്രിക്ക് അധികാരമുണ്ടോ; ഏതെങ്കിലും തരത്തിൽ തീരുമാനിക്കാൻ കഴിയുമോ? അറിയാത്ത ആളുകളല്ല ഇവിടെയുള്ളത്. ഇതൊരു പുകമറ സൃഷ്ടിക്കലാണ്. വളരെ ബോധപൂർവ്വം ചമച്ച ഒരു കഥയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഞാൻ പറയാത്ത കാര്യത്തിനാണ് മറുപടി പറയുന്നത്. ഞാൻ അങ്ങേയ്ക്കെതിരായി ഒരു ആരോപണവും ഇതുമായി ബന്ധപ്പെട്ട് ഉന്നയിച്ചില്ലല്ലോ; അങ്ങയുടെ ഓഫീസിൽ നടന്ന സാധാരണ സംഭവം, പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞ് അയച്ചുവെന്നേ പറഞ്ഞുള്ളൂ. അങ്ങ് അതിൽതന്നെ പിടിക്കുകയാണ്. ആകെയുള്ള പിടിവള്ളി അതാണ്. അതിന്റെ പേരിൽ താഴെത്തട്ടിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് ഞാൻ സംസാരിച്ചത്. അങ്ങ് അക്കാര്യത്തിൽ വളരെ സൈലന്റാണ്. ഈ ഒരു കത്ത് മന്ത്രിയുടെ കയ്യിൽനിന്ന് അവിടെ ലഭിച്ചാൽ അത് മാറ്റി ദുരുപയോഗം ചെയ്യുകയാണ്. ഞാൻ അങ്ങയെ സപ്പോർട്ട് ചെയ്ത് പറഞ്ഞ പോയിന്റിൽ തന്നെ കയറിപ്പിടിച്ചുകൊണ്ട് നിൽക്കുകയാണ്. ഞാൻ അങ്ങേയ്ക്കെതിരായല്ല പറഞ്ഞത്. പക്ഷെ, ഇത് ദുരുപയോഗം ചെയ്യുകയാണ്. ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ കഴിയുന്നില്ല. വലിയ ഗൂഢസംഘങ്ങൾ പ്രവർത്തിക്കുന്ന, മാഫിയകളുണ്ട്. ഇത്രമാത്രം പരസ്യമായി കച്ചവടം നടത്തുന്നു. അങ്ങ് ആ ദൃശ്യങ്ങളൊന്ന് കണ്ടുനോക്കണം. ഡെപ്യൂട്ടി കളക്ടറും അങ്ങയുടെ പാർട്ടി ജില്ലാ സെക്രട്ടറിയും പ്രധാനപ്പെട്ട നേതാക്കന്മാരും സംസാരിക്കുന്നത് ശ്രദ്ധിക്കണം. അങ്ങ് അതിനാണ് മറുപടി പറയേണ്ടത്. അങ്ങ് ആവർത്തിച്ച് കത്തിന്റെ കാര്യം പറയുകയാണ്. ഈ കത്ത് മിച്ചഭൂമി തരംമാറ്റി കൊടുക്കാനല്ല. പരിശോധിച്ച് നടപടിയെടുക്കാൻ ഒരു കത്ത് അങ്ങോട്ട് അയച്ചാൽ ഞങ്ങൾ കൈകാര്യം ചെയ്തുകൊള്ളാമെന്നാണ് ദൃശ്യത്തിൽ പറയുന്നത്. അങ്ങ് അതിനെക്കുറിച്ച് മറുപടി പറയണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അങ്ങ് എന്ത് പറഞ്ഞുവെന്നോ, അങ്ങ് എന്തെങ്കിലും കുറ്റപ്പെടുത്തിയെന്ന അർത്ഥത്തിലോ അല്ല ഞാൻ പറയുന്നത്. തരം മാറ്റുന്നതിനുവേണ്ടിയാണെന്ന് ഏഷ്യാനെറ്റ് ചാനലിൽ പറഞ്ഞിരുന്നുവെന്ന് അങ്ങ് ഇവിടെ പറഞ്ഞു. തരം മാറ്റാൻ കഴിയുമോയെന്ന് അങ്ങയെപ്പോലുള്ളവർക്ക് അറിയില്ലേയെന്നതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അങ്ങനെ തരം മാറ്റാൻ കഴിയില്ല. ലാൻഡ് ബോർഡ് ഒരു ഭൂമി ഏറ്റെടുത്താൽ അത് സർക്കാർ ഭൂമിയായി. ആ സർക്കാർ ഭൂമി വിതരണം ചെയ്യേണ്ട ലാൻഡ് ബോർഡ് എങ്ങനെയാണ് ഈ പറയുന്ന മിച്ചഭൂമി വിതരണം ചെയ്യേണ്ടതെന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ അത് പൊതു ആവശ്യത്തിന് മാറ്റിവയ്ക്കണമെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശമനുസരിച്ച് ലാൻഡ് ബോർഡ് തീരുമാനമെടുത്താൽ അത് പൊതു ആവശ്യത്തിനായി മാറ്റി വച്ചതായി. ഇവിടെ ഉന്നയിച്ച വിഷയത്തിൽ ഇത്തരം ഒരു കത്തുമായി വരുന്നതും

ആ കത്ത് പരസ്പരം ബന്ധപ്പെടുത്തി പറയുന്നതുമായി ഏഷ്യാനെറ്റ് ചാനലിൽ വന്ന കാര്യങ്ങളെയാണ് താങ്കൾ ആശ്രയിക്കുന്നത് എന്നതുകൊണ്ടാണ് ഞാൻ പറയുന്നത്. അവർ തന്നെ പറഞ്ഞത്, മന്ത്രിയെ വേഗത്തിൽ കാണുവാൻ ഒരു പാസ് വാങ്ങുവാനാണ് അവിടെ പോയതെന്നാണ്. താങ്കൾ ഇവിടെ ഉന്നയിച്ചതുപോലെ പാർട്ടി ഓഫീസിൽ കയറി അവിടെ നിന്നുള്ള ശിപാർശ കത്തുമായി വന്നുവെന്ന രീതിയിൽ അതിനൊരു വ്യാഖ്യാനമില്ല. ഈ കാര്യത്തിനായി അവിടെ പോയി കണ്ടിട്ടാണ് വരുന്നത്, എന്നാലേ മന്ത്രിയെ കാണാൻ കഴിയൂ എന്നൊരു അവസ്ഥയൊന്നുമില്ലായെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. സ്വാഭാവികമായും പാർട്ടി ഓഫീസുകളിൽ ആളുകൾ കടന്നുകയറി വരാറില്ലേ; പാർട്ടി ഓഫീസുകളിൽ ആളുകൾ പോകാറില്ലേ? ........ (ബഹളം)........

മി. സ്പീക്കർ: യെസ്.... പ്ലീസ്...... അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഏത് പാർട്ടി ഓഫീസിലും ആളുകൾ വരികയും അവരുടെ ആവശ്യങ്ങൾ പറയുകയും ചെയ്യും. അങ്ങനെ പറയുന്നതുകൊണ്ട്, ഞാൻ ചോദിച്ചല്ലോ, അതിന്റെ പേരിൽ എന്തെങ്കിലും തരത്തിൽ ശിപാർശയുണ്ടായോ; ഏതെങ്കിലും തരത്തിൽ അതിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുത്തോ; ഇല്ല. ....(ബഹളം)......

മി. സ്പീക്കർ: യെസ്.... പ്ലീസ്...... ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ഇങ്ങോട്ടു നോക്കി സംസാരിക്കൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇത് പറഞ്ഞ് പറയിക്കുന്ന ഒരവസ്ഥയിലേയ്ക്ക് എത്തുകയാണ്. പണം വാങ്ങിയതിന്റെ പേരിലാണല്ലോ ഇന്നലെത്തന്നെ ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടറെ സസ്പെൻഡ് ചെയ്തത്. നേരത്തെ പറഞ്ഞതുപോലെ, കാശ് വാങ്ങുന്നവർക്കും ഉദ്യോഗസ്ഥർക്കും സംഘടന ബാധകമല്ല, അത് ഏത് സംഘടന യിൽപ്പെട്ടവരായാലും. ജോയിന്റ് കൗൺസിലിന്റെ പ്രതിനിധികളാണ് കാശ് വാങ്ങിയതെന്ന് ഇവിടെ പറഞ്ഞല്ലോ; ശ്രീ. ടി. സോമനാഥൻ കെ.ജി.ഒ.യു.വിന്റെ പ്രധാനപ്പെട്ട നേതാവാണ്. അത് പറഞ്ഞിട്ട് കാര്യമുണ്ടോ; ആൾ കാശ് വാങ്ങി, കാശ് വാങ്ങിയ ആളെ ശിക്ഷിക്കുകയും ചെയ്തു. അതുകൊണ്ട്, ആരാണ് എന്നുള്ളതല്ല, ആ വിഷയം സംബന്ധിച്ച്, അദ്ദേഹം കാശ് വാങ്ങിയെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ശിക്ഷാ നടപടിയും സ്വീകരിച്ചു. പാർട്ടി നേതാക്കളെ ആളുകൾ പോയി കാണുന്നതും അവരുമായി സംസാരിക്കുന്നതും സ്വാഭാവികമാണ്. ആ വിഷയത്തിൽ ഏതെങ്കിലും തരത്തിൽ പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് പാർട്ടി പ്രത്യേകമായി പരിശോധിക്കുന്ന വിഷയമാണ്. രാഷ്ട്രീയമായി ആ കാര്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചയോ പോരായ്മയോ വന്നിട്ടുണ്ടെങ്കിൽ

തീർച്ചയായും അതുകൂടി പരിശോധനാ വിധേയമാക്കും. തർക്കമില്ലാത്ത കാര്യമാണ്. ഏഷ്യാനെറ്റ് ചാനലിന്റെ പ്രതിനിധി ശ്രീ. ജെയ്സൺ അദ്ദേഹത്തിന് ഭൂമി ആവശ്യമുണ്ടെന്ന രീതിയിൽ നേരിട്ടാണ് ഇടനിലക്കാരനുമായി പോയതെന്ന് ഇവിടെ സൂചിപ്പിച്ചു. ഏഷ്യാനെറ്റും അത് പറയുകയാണ്. അവർ ബോധപൂർവ്വം സർക്കാരിനെയും റവന്യൂ വകുപ്പിനെയും അതോടൊപ്പം കമ്മ്യൂണിസ്റ്റ് പാർട്ടിയെയും കരി വാരിത്തേയ്ക്കാൻ ഈ മാർഗ്ഗം ഉപയോഗിച്ചുവെന്നതിൽ സംശയമില്ല. ഇത് ചെയ്തവർക്ക് വളരെ വലിയ ഉദ്ദേശ്യമുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി വളരെ അപകീർത്തി കരമായ വാർത്ത പ്രചരിപ്പിച്ചാൽ അതുകൊണ്ട് ഗുണമുണ്ടെന്ന് കരുതുന്ന രണ്ട് ആളുകൾ ഇപ്പോൾ സന്തോഷിക്കുകയാണ്. ഇന്നലെ ഈ വാർത്ത പുറത്തുവന്നതിനെ തുടർന്നുള്ള പ്രതികരണങ്ങളിൽനിന്ന് മനസ്സിലായ കാര്യമാണ്. ഒരാൾ പറയുകയാണ്, ഈ വിഷയത്തെക്കുറിച്ച് കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന്. ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണല്ലോ, യു.ഡി.എഫ്.-ന് ഇതൊക്കെ സർക്കാരിനെതിരായി തിരിച്ചുവിടാമെന്ന ആശയല്ലേ; .......(ബഹളം)...... ഇതൊന്നുമല്ലെങ്കിൽ, ഇതൊക്കെ വളരെ ബോധപൂർവ്വമായി സംഘടിപ്പിച്ച ഒരു വാർത്തയും പ്രശ്നവുമല്ലെങ്കിൽ പിന്നെ എന്തിന്റെ പേരിലാണ് ഈ പറയുന്ന അടിസ്ഥാന രഹിതമായ പ്രശ്നങ്ങൾ കൊണ്ടുവരുന്നത്? .......(ബഹളം).....

<u>മി. സ്പീക്കർ:</u> യെസ്.... പ്ലീസ്...... അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, ഇതിൽ വളരെ വ്യക്തമായി പറയാൻ കഴിയുന്ന ഒരു കാര്യമുണ്ട്, ഈ പറയുന്ന ഉദ്യോഗസ്ഥന്റെ സംഘടനാപരമായ ബന്ധം പറഞ്ഞല്ലോ; കെ.ജി.ഒ.യു. എന്നത് കോൺഗ്രസ് സംഘടനയാണ്. അവർ ഈ കാര്യങ്ങളൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. .....(ബഹളം).....

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, (....മൈക്ക് ഓഫ്...)

<u>മി. സ്പീക്കർ:</u> യെസ്.... പ്ലീസ്...... ശ്രീ. റ്റി. വി. രാജേഷ് ഇരിക്കൂ....പ്ലീസ്..... മിനിസ്റ്റർ, അങ്ങ് ശ്രീ. വി. ഡി. സതീശന് വഴങ്ങുന്നുണ്ടോ;

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, ഞാൻ പറയണ്ടേ; അവർക്ക് പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞാൽ സാധാരണഗതിയിൽ ഉത്തരവാദപ്പെട്ട ആൾ മറുപടി പറയണ്ടേ; അദ്ദേഹം പറയുമ്പോൾ ഞാൻ എല്ലാം നിശ്ശബ്ദമായി കേൾക്കുകയായിരുന്നില്ലേ? ഇപ്പോൾ ഇവിടെ വളരെ ബോധപൂർവ്വമായി പാർട്ടിയെയും റവന്യൂ വകുപ്പിനെയും സർക്കാരിനെയുമെല്ലാം ഒറ്റയടിക്ക് ആക്ഷേപിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം നടക്കുകയായിരുന്നു. ........(ബഹളം)......

മി. സ്പീക്കർ: യെസ്.... പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അതിന്റെ ഭാഗമായാണ് ഇത് ചെയ്തിട്ടുള്ളത്. അതല്ലാതെ ഏതെങ്കിലും തരത്തിലുള്ള തെറ്റോ എന്തെങ്കിലും കുറ്റമോ ഈ പറയുന്ന ഏതെങ്കിലും വ്യക്തികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെങ്കിൽ രാഷ്ട്രീയമായ കാര്യം രാഷ്ട്രീയമായി പാർട്ടിയെന്ന നിലയിൽ ആലോചിക്കും. ആവശ്യമായ തീരുമാനമെടുക്കും. അതിൽ തർക്കമില്ല. യാതൊരു കാരണവശാലും ഭൂമി നഷ്ടപ്പെടാത്ത നിലപാട് സർക്കാർ സ്വീകരിക്കും. ഭൂമാഫിയകളെ യാതൊരു തരത്തിലുള്ള പ്രവർത്തനങ്ങളും നടത്താൻ അനുവദിക്കില്ല. അത്തരം നീക്കത്തെ ചെറുക്കാൻ സർക്കാരിന്റെ സർവ്വ കഴിവും പ്രയോഗിക്കും. അതിന് വളരെ ഉത്തരവാദിത്വമുള്ള പ്രതിപക്ഷമെന്ന നിലയിലാണെങ്കിൽ പ്രതിപക്ഷം ചെയ്യേണ്ടത്, ഇത്തരം കെട്ടിച്ചമച്ചുണ്ടാക്കുന്ന കഥകൾക്ക് പിന്നാലെ പോകാതെ നേരെ കാര്യങ്ങൾ മനസ്സിലാക്കി തീരുമാനമെടുത്ത് പറയാനാണ് തയ്യാറാകേണ്ടത്. അതുകൊണ്ട് രാഷ്ട്രീയമായി ഇതിനെ ദുരുപയോഗം ചെയ്യാൻ ശ്രമിക്കുന്നതിനുപകരം ഇവിടത്തെ ഭൂമി സംരക്ഷിക്കലാണ് ആഗ്രഹിക്കുന്നതെങ്കിൽ, ഭൂമാഫിയക്കെതിരായ പോരാട്ടമാണ് ആവശ്യമെങ്കിൽ അതിന് സർക്കാർ സന്നദ്ധമാണ്. നിങ്ങൾകൂടി തയ്യാറാകണമെന്നതാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യവും ഇതുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രശ്നമായി ഇവിടെ നിലനിൽക്കുന്നില്ല. ഒരു ഭൂമി കൈമാറ്റവും നടന്നിട്ടില്ല. ഭൂമി കൈമാറ്റം നടത്താൻ അനുവദിക്കില്ല. അതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള അന്വേഷണം നടത്തും. ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിച്ച് മുന്നോട്ടുപോകും. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ഇപ്പോൾ ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അഴിമതി ഒരു തരത്തിലും വച്ചുപൊറുപ്പിക്കാത്തൊരു സർക്കാരാണ് ഇതെന്ന് ഇതിനകം തന്നെ വ്യക്തമായിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് ഉദ്യോഗസ്ഥ വിഭാഗത്തിൽ രണ്ടു തരക്കാരുണ്ടെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതിൽ ചെറിയൊരു വിഭാഗം എപ്പോഴും അഴിമതി കാണിക്കുന്നതിൽ തൽപ്പരരായിരിക്കും. എന്നാൽ നമ്മുടെ സർക്കാർ ജീവനക്കാരിൽ മഹാഭൂരിഭാഗവും നല്ല പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നവരാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി പൂർണ്ണമായും അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചപ്പോൾ അതിന് നല്ല പ്രതികരണമാണ് പൊതുവെ സർക്കാർ ജീവനക്കാരിൽനിന്നും ഉണ്ടായിട്ടുള്ളത്. അതുമായി സഹകരിക്കാൻ ജീവനക്കാരുടെ സംഘടനകളെല്ലാം സന്നദ്ധമായിട്ടുമുണ്ട്. സർക്കാർ ജീവനക്കാരുടെ എല്ലാ സംഘടനകളും ഇക്കാര്യത്തിൽ അങ്ങേയറ്റം അനുകൂലമായ സമീപനം സ്വീകരിച്ചുകൊണ്ട് അറിയിച്ചു എന്നുള്ളതാണ്. എന്നാൽ പഴയ ശീലത്തിൽനിന്ന് മുക്തി നേടാൻ കഴിയാത്ത ചിലർ ഇപ്പോഴും സർവ്വീസിലുണ്ട് എന്നത് വസ്തുതയാണ്.

ഇവിടെ ആരോപിക്കപ്പെട്ടതുപോലെ ഏതെങ്കിലും തരത്തിൽ, സർക്കാർ തലത്തിൽ എന്തെങ്കിലും തകരാറുകൾ സംഭവിച്ചിട്ടില്ല. മന്ത്രി തലത്തിലോ സെക്രട്ടേറിയറ്റ് തലത്തിലോ ഉയർന്ന ഉദ്യോഗസ്ഥ തലത്തിലോ ഏതെങ്കിലും തരത്തിലുള്ള അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഒരു കാര്യവും ഉണ്ടായിട്ടില്ല. ഇവിടെയുണ്ടായ കാര്യം ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി വിശദീകരിച്ചുകഴിഞ്ഞു. സാധാരണ നിലയ്ക്ക് ഒരു കടലാസ് കിട്ടുന്നു, അതുസംബന്ധിച്ച് ആവശ്യമായ നടപടിക്കുവേണ്ടി താഴോട്ട് അയയ്ക്കുന്നു. അത്രയേ ചെയ്തുള്ളൂ എന്ന് പ്രമേയ അവതാരകൻതന്നെ സമ്മതിക്കുകയും ചെയ്യുന്നു. ദൃശ്യങ്ങളിലൂടെ പുറത്തുവന്ന കാര്യങ്ങൾ പരിശോധിച്ചാൽ അവിടെ ഒരു ഉദ്യോഗസ്ഥൻ തെറ്റായി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ആ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നിലപാട് സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇല്ല. ബഹുമാന്യനായ മന്ത്രി ഇവിടെ അത് വ്യക്തമാക്കിക്കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്ത് അന്വേഷണം നടക്കുകയാണ്. അതോടൊപ്പം, ഇവിടെ പരാമർശിച്ച പാർട്ടി ജില്ലാ സെക്രട്ടറി അവിടെ പരസ്യമായിത്തന്നെ പറഞ്ഞിട്ടുണ്ട്, 'ഇക്കാര്യത്തിൽ ഏത് അന്വേഷണം നേരിടുന്നതിനും തയ്യാറാണെന്ന്'. അതുമായി ബന്ധപ്പെട്ട് അക്കാര്യത്തിൽ സ്വീകരിക്കാൻ പോകുന്ന നിലപാടെന്താണെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. അതുകൊണ്ട് അഴിമതിയോട് ഒരു വിട്ടുവീഴ്ചയുമില്ല. നമ്മുടെ ഭൂമി ആർക്കെങ്കിലും തെറ്റായി കൈവശപ്പെടുത്താനുള്ള മോഹമുണ്ടെങ്കിൽ അത് അംഗീകരിച്ചുകൊടുക്കുന്ന ഒരു സർക്കാരല്ല ഇത്. അത്തരം കാര്യങ്ങൾക്കെതിരെ കർക്കശമായ നടപടിയുണ്ടാകും. അഴിമതിയുടെ ലാഞ്ചനയുണ്ടായാൽ തന്നെ അതിനെതിരെയും നടപടി ഉണ്ടാകും. അതുകൊണ്ടുതന്നെ ബഹുമാന്യനായ മന്ത്രി ഇന്നലെത്തന്നെ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വിഷയം ഇവിടെ ഉയർന്നുവന്ന സാഹചര്യത്തിൽ ഇക്കാര്യത്തെക്കുറിച്ച് വിജിലൻസും കൂടി അന്വേഷിക്കുന്നതായിരിക്കും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ കാര്യങ്ങളെ വളരെ നിസ്സാരവൽക്കരിച്ചാണ് ഇവിടെ സംസാരിച്ചത്. മിച്ചഭൂമി വിതരണം ചെയ്യാനും തരം മാറ്റാനും കഴിയില്ലെന്ന് എല്ലാവർക്കും അറിയാം. പക്ഷേ അതിനെയും അട്ടിമറിക്കാനുള്ള കൗശലം സി.പി.ഐ.ക്കുണ്ട് എന്നതാണ് ഇതിൽനിന്ന് വ്യക്തമായിക്കൊണ്ടിരിക്കുന്നത്. മിച്ചഭൂമി തരംമാറ്റി നൽകാൻ കഴിയത്തക്ക നിലയിലുള്ള ഉപായങ്ങളും തന്ത്രങ്ങളും തന്റെ കൈവശമുണ്ട് എന്ന് സി.പി.ഐ. ജില്ലാ സെക്രട്ടറി ഭംഗിയായി വിശദീകരിക്കുന്നതാണ് ഇന്നലെ കേരളം കേട്ടത്.

ഇവിടെ ഒരു തുണ്ട് ഭൂമിക്കുവേണ്ടി ആദിവാസികൾ പരക്കം പായുമ്പോഴാണ് മിച്ചഭൂമി പതിച്ചുകൊടുക്കാനുള്ള ഗുരുതരമായ നീക്കത്തിന് പാർട്ടി ജില്ലാ സെക്രട്ടറിയും എക്സിക്യൂട്ടീവ് അംഗവും ഒരു ഇടനിലക്കാരനും കൂടി ശ്രമിക്കുന്നത്. അഴിമതിക്കെതിരാണ് ഈ സർക്കാരെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് കേട്ടു. നിങ്ങൾ നടത്തുന്ന അഴിമതികളുടെ രൂപം എന്താണെന്ന് ജനങ്ങൾക്ക് ബോദ്ധ്യമായിക്കൊണ്ടിരിക്കുന്ന സന്ദർഭമാണിത്. അഴിമതി വച്ചുപൊറുപ്പിക്കില്ലെന്നാണ് പറയുന്നത്. ഉദ്യോഗസ്ഥർ തെറ്റ് ചെയ്യുന്നു. അതിന് ഞങ്ങളെന്ത് വേണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചത്. ഉദ്യോഗസ്ഥരെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വം മന്ത്രിമാർക്കില്ലേ? ഇവിടെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1383 ആയി ശ്രീ. മുല്ലക്കര രത്നാകരൻ ചോദിച്ചൊരു ചോദ്യമുണ്ട്. 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 115 കയ്യേറ്റക്കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നാണ് ഉത്തരം ലഭിച്ചത്. ഓരോ ദിവസവും സർക്കാർ വക ഭൂമികൾ കയ്യേറുന്നു, മിച്ചഭൂമികൾ കയ്യേറുന്നു. അതിനെല്ലാം പാർട്ടിയും സർക്കാരും ഒത്താശ ചെയ്തുകൊടുക്കുന്നു. ഇത് ചെറിയ കാര്യമാണോ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ആ ന്യൂസ് ചാനലിലൂടെ പുറത്തുവന്ന സംഭവത്തെ സംബന്ധിച്ച് ഭൂമി കൈമാറിയില്ല എന്നാണ്. ശരിയാണ്. പക്ഷേ ഇവിടത്തെ പ്രശ്നം എന്താണ്; കേരളത്തിൽ മാഫിയകളും ഭൂമി തട്ടിപ്പ് സംഘങ്ങളും ജനങ്ങളുടെ ഭൂമിയും സർക്കാർ വക ഭൂമി മുഴുവനും വ്യാപകമായി കയ്യേറിക്കൊണ്ടിരിക്കുന്നു. 116 കയ്യേറ്റങ്ങൾ ഉണ്ടായിട്ട് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഇവിടെ ഒരു കയ്യേറ്റവും ഉണ്ടാകുന്നില്ല, ഉണ്ടായാൽ നടപടിയുണ്ടാകും എന്നാണ്. 116 കയ്യേറ്റങ്ങളുണ്ടായിട്ട് ഈ സർക്കാർ എന്തുചെയ്തു? സംസ്ഥാനത്തുടനീളം ഭൂമാഫിയ പ്രവർത്തിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ഇതെല്ലാം ചെയ്യുന്നത് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരാണെന്നാണ്. നിങ്ങൾക്കിതിൽ കാര്യമില്ലെങ്കിൽ ശ്രീ. ഇ. ചന്ദ്രശേഖരന് ആ കസേരയിൽ ഇരിക്കാൻ യോഗ്യതയില്ലെന്ന് എനിക്ക് പറയേണ്ടിവരും. റവന്യൂ വകുപ്പുമന്ത്രിക്ക് അതിന് ഉത്തരവാദിത്വമില്ലേ? പാർട്ടിയുടെ ജില്ലാ സെക്രട്ടറിയും ജില്ലാ എക്സിക്യൂട്ടീവ് അംഗവും ഇടപെടുന്നു. സംസ്ഥാനത്തെ ഭരണമുന്നണിയിലെ രണ്ടാമത്തെ പാർട്ടിയുടെ നേതാക്കൾ ഇടപെട്ടുകൊണ്ട് മിച്ചഭൂമി തരംമാറ്റി നൽകാനുള്ള ഉപായങ്ങൾ പറഞ്ഞുകൊടുക്കുന്നത് ഒരു ചാനൽ പുറത്തു കൊണ്ടുവന്നതിന് അവരെ എന്തിനാണ് നിങ്ങൾ ആക്ഷേപിക്കുന്നത്; അവർ കൊണ്ടുവന്നത് എന്താണ്? വയനാട്, ഇടുക്കി ജില്ലകളിലും കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഭൂമാഫിയകളുടെ പ്രവർത്തനങ്ങൾ സഹിക്കാൻ വയ്യാതെ ജനങ്ങൾ പൊറുതിമുട്ടുമ്പോൾ, അത് പുറത്തുകൊണ്ടുവരാൻ വേണ്ടി അവർ ചെയ്ത സ്റ്റിംഗ് ഓപ്പറേഷനാണിത്. അതിനെ നിങ്ങൾ ചെറുതായി കാണുകയും നിസ്സാരവൽക്കരിക്കുകയും ചെയ്യരുത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ.

ചന്ദ്രശേഖരനോട് എനിക്ക് പറയുവാനുള്ളത്, അങ്ങ് ഈ സംഭവത്തെ നിസ്സാരവൽക്കരിക്കുകയാണ്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് അങ്ങ് വായിച്ചില്ലേ; ഞാൻ വായിക്കാം. "However, as the news alleging about the collusion between political leadership and an officer to get Government land transferred in favour of private persons, a comprehensive inquiry needs to be conducted in the matter. Then only the undercurrents, if any and full facts of the circumstances of the case can be established." ബഹുമാനപ്പെട്ട മന്ത്രി പറയുന്നതുപോലെ നിസ്സാരമല്ല. രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥരും തമ്മിലുള്ള കൊല്യൂഷനിലൂടെ ഭൂമി തട്ടിപ്പ് നടക്കുന്നു എന്നാണ് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ പറയുന്നത്. അതിന്റെ വിശദമായ വിവരങ്ങൾ അറിയണമെങ്കിൽ സമഗ്രമായ ഒരു അന്വേഷണം വേണമെന്നാണ് പറയുന്നത്. ലാൻഡ് റവന്യൂ കമ്മീഷണറുടെ അന്വേഷണംകൊണ്ട് ഇത് തെളിയില്ല. സമഗ്രമായ ഒരു അന്വേഷണത്തിന് സർക്കാർ തയ്യാറുണ്ടോ; ബഹുമാനപ്പെട്ട മന്ത്രി തയ്യാറുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇതുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് ഉദ്യോഗസ്ഥതലത്തിൽ നടന്ന പ്രവർത്തനങ്ങൾ അന്വേഷിക്കാനാണ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചത്; അതാണ് ജില്ലാ കളക്ടർ സമഗ്രമായി അന്വേഷിക്കണമെന്ന് പറഞ്ഞത്. വിജിലൻസ് അന്വേഷണ മുൾപ്പെടെയുള്ളവ നടത്താൻ സർക്കാർ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ആരെല്ലാം, എന്തെല്ലാം കാര്യങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമായി വരട്ടെ, അതിനെന്താണ് കുഴപ്പം, ഒരു പ്രശ്നവുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു സർക്കാരാണ് ഇതെന്ന് വ്യക്തമായി. അങ്ങ് സമഗ്രാന്വേഷണം പറയുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിജിലൻസ് അന്വേഷണം പറയുന്നു, നിങ്ങൾ തമ്മിൽ ആദ്യം യോജിപ്പുണ്ടാക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എപ്പോഴും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാണിക്കുന്ന ഒരു അതിസാമർത്ഥ്യമാണ് എന്തു വിഷയം വരുമ്പോഴും റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ശരിയല്ലെന്ന് പറയുന്നത്. ഇത് എങ്ങനെയാണ് നിങ്ങൾ തെളിയിക്കുക? നിങ്ങൾ എന്തു പറഞ്ഞാലും റവന്യൂ സെക്രട്ടറിയെ മാറ്റുന്നില്ലായെന്നുപറയും. ഇതൊക്കെ വില കുറഞ്ഞ രീതിയിലുള്ള പ്രചരണമാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ള മന്ത്രിസഭ ആലോചിച്ച് മാത്രമാണ് ഈ കാര്യങ്ങളെല്ലാം തീരുമാനിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇന്നലെ വിശദമായി സംസാരിച്ച് പൊതുവിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ കാര്യങ്ങൾ മുന്നോട്ടുപോകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ജില്ലാ കളക്ടർ പറഞ്ഞിരിക്കുന്നത് ചെറിയൊരു കാര്യമായി അങ്ങ് കാണരുത്. രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥരും തമ്മിലുള്ള പ്രവർത്തനത്തെപ്പറ്റി അറിയണമെങ്കിൽ Then only the undercurrents, if any and full facts of the circumstances of the case can be established. മന്ത്രി പറയുന്നത് ഒന്നും നടന്നില്ലെന്നാണ്, സ്പോട്ടിലുള്ള ജില്ലാ കളക്ടർ ഇന്നലെ സ്ഥലം സീൽ ചെയ്തു, ഓഫീസ് സീൽ ചെയ്തു. അദ്ദേഹം പ്രിലിമിനറി എൻക്വയറി നടത്തിയിട്ടാണ് ഈ റിപ്പോർട്ട് അങ്ങേയ്ക്ക് അയച്ച് തന്നിട്ടുള്ളത്; ഈ റിപ്പോർട്ട് അങ്ങയുടെ കയ്യിൽ ഉണ്ടല്ലോ, ഈ റിപ്പോർട്ടിൽ പറയുന്നതെന്താണ്? ഇതിന്റെ undercurrents മുഴുവൻ അറിയണമെങ്കിൽ വിശദമായ ഒരു അന്വേഷണം നടത്തണം. അങ്ങ് പറഞ്ഞത് ലാൻഡ് റവന്യൂ കമ്മീഷണറെ അന്വേഷണച്ചുമതല ഏൽപ്പിച്ചുവെന്നാണ്; എന്നാൽ മുഖ്യമന്ത്രി പറയുന്നത് വിജിലൻസ് അന്വേഷണം നടത്തുമെന്നാണ്. അപ്പോൾ നിങ്ങൾ തമ്മിൽ ഐക്യമുണ്ടെന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കാൻ പോകുന്നത്? അങ്ങ് പറഞ്ഞല്ലോ ഞങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസമില്ലെന്ന്; മൂന്നാറിൽ കയ്യേറ്റമൊഴിപ്പിക്കാനുണ്ടായ സംഭവത്തിൽ റവന്യൂ വകുപ്പിൽ മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ റവന്യൂ മന്ത്രി വിട്ടുനിന്നില്ലേ; അന്ന് അങ്ങ് കോട്ടയത്ത് പോയില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിൽ അങ്ങ് പങ്കെടുത്തിരുന്നില്ലല്ലോ; ഭൂമി ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് സബ് കളക്ടർ വെങ്കിട്ടരാമന് മുഖ്യമന്ത്രിയെ മറികടന്ന് അങ്ങ് പരിപൂർണ്ണ സംരക്ഷണം നൽകിയില്ലേ; എന്നിട്ടാണോ നിങ്ങൾ യോജിപ്പാണെന്ന് പറയുന്നത്? ശ്രീ. തോമസ് ചാണ്ടിയുടെ കയ്യേറ്റം സംബന്ധിച്ച് അന്വേഷണം നടക്കുമ്പോൾ നടപടി വൈകുന്നുവെന്ന് പറഞ്ഞ്, നാലു മന്ത്രിമാർ ക്യാബിനറ്റ് യോഗത്തിൽ നിന്ന് വിട്ടു നിന്നത് കേരളം മുഴുവൻ കണ്ട കാര്യമല്ലേ? നിങ്ങൾ തമ്മിൽ അഭിപ്രായ ഐക്യമുണ്ടോ; ക്യാബിനറ്റിന് cohesion ഉണ്ടോ; കളക്ടീവ് റെസ്പോൺസിബിലിറ്റി ഉണ്ടോ? ഉണ്ടായിരുന്നുവെങ്കിൽ ഇത് സംഭവിക്കുമായിരുന്നോ? ഇന്ന് കേരളത്തിൽ വ്യാപകമായി ഭൂമി കയ്യേറ്റം നടക്കുന്നു. ഭൂമാഫിയ പ്രവർത്തിക്കുന്നു, വയൽ നികത്തുന്നു, ഇതിനെല്ലാം അനുകൂലമായി സി.പി.ഐ. എന്ന പാർട്ടിയാണുള്ളത്. നിങ്ങളുടെ പാർട്ടി നടത്തുന്ന പ്രവർത്തനമാണിത്. പുറത്ത് ആദർശം പറയുകയും ഉള്ളിലൂടെ കാര്യമായി പണി ചെയ്തുകൊണ്ടിരിക്കുകയുമാണ് എന്നാണ് തെളിഞ്ഞിരിക്കുന്നത്. ഇവിടെ നിർബാധം നടന്നുകൊണ്ടിരിക്കുന്ന ഭൂമി കയ്യേറ്റത്തിന്റെ കാര്യമാണ് ഏഷ്യാനെറ്റ് പുറത്തുകൊണ്ടുവന്നിരിക്കുന്നത്. രണ്ട് കൂട്ടർക്ക് സന്തോഷമുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രീ, രണ്ടു കൂട്ടർക്കല്ല, സി.പി.ഐ.(എം)-നാണ് ഏറ്റവും വലിയ സന്തോഷമെന്നുള്ളത് അങ്ങ് മനസ്സിലാക്കേണ്ട കാര്യമാണ്. നിങ്ങളുടെ ആദർശത്തിന്റെ പൂച്ച് പുറത്തു ചാടിയിരിക്കുന്നു. നിങ്ങൾ തിരുത്തൽ ശക്തികളാണെന്നല്ലേ ശ്രീ. കാനം രാജേന്ദ്രൻ പറയുന്നത്; ഇതാണോ തിരുത്തൽ ശക്തി? ഭൂമി കയ്യേറ്റമാണോ തിരുത്തൽ ശക്തി? ഈ സംസ്ഥാനത്ത് പാർട്ടിയുടെ

ഒരു ജില്ലാ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഭൂമി തട്ടിപ്പ് നടത്തുന്നതാണോ ഇവിടെ ഏറ്റവും വലിയ കാര്യം? ഇവിടെ ഡെപ്യൂട്ടി കളക്ടറെ കയ്യോടെ സസ്പെൻഡ് ചെയ്തു, അപ്പോൾ എന്തെങ്കിലും കാര്യമുണ്ടാകുമല്ലോ; ഡെപ്യൂട്ടി കളക്ടറെ വെറുതെ സസ്പെൻഡ് ചെയ്യുമോ? മന്ത്രി പറയുന്നതു കേട്ടാൽ തോന്നും, ഭൂമി കൊടുത്തിട്ടില്ല, ഒന്നും നടന്നിട്ടില്ല, ഒരു പ്രശ്നവുമില്ല എന്ന്. അങ്ങനെയാണെങ്കിൽ ഡെപ്യൂട്ടി കളക്ടറെ എന്തിനാണ് സസ്പെൻഡ് ചെയ്തത്? സി.പി.ഐ. ജില്ലാ സെക്രട്ടറിയുടെ നേതൃത്വത്തിൽ വയനാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഭൂമി കുംഭകോണങ്ങളുടെ ഒരു ചെറിയ അംശമാണ് പുറത്തുവന്നിട്ടുള്ളത്. ഏഷ്യാനെറ്റ് ലേഖകനെതിരെ ഭീഷണി ഉയരുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. പ്രതിപക്ഷനേതാവ് ഇവിടെ ഇതുമായി ബന്ധപ്പെട്ട വിഷയം ഉന്നയിക്കുമ്പോൾ വയനാട് ജില്ലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഭൂമി കുംഭകോണം നടക്കുന്നുവെന്ന നിലയിൽ വ്യാജ പ്രചരണമാണ് നടത്തി യിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പേരിൽ അങ്ങനെയൊരു നടപടി ഈ സംസ്ഥാനത്ത് ഒരിടത്തും നടക്കുന്നില്ല, അങ്ങനെ നടന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തമായ നടപടിയെടുക്കുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത്തരം പ്രസ്താവനകൾ രേഖയിൽ ഉണ്ടാകാൻ പാടില്ല, നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.*

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ചിറ്റയം ഗോപകുമാർ അറിയണം, 20 ലക്ഷം രൂപ നൽകാമെങ്കിൽ മിച്ചഭൂമി പതിച്ചുതരാമെന്നാണ് കരാർ; മിച്ചഭൂമി മാറ്റിക്കൊടുക്കാമെന്നാണ് കരാർ. സി.പി.ഐ. ജില്ലാ സെക്രട്ടറിയുടെ അടുത്തുചെന്ന് മിച്ചഭൂമിയെന്നു പറഞ്ഞു തന്നെയാണ് റിപ്പോർട്ടർ സംസാരിക്കുന്നത്. മിച്ചഭൂമി വിൽക്കാനോ, കൈമാറ്റം ചെയ്യാനോ കഴിയില്ലെന്നറിഞ്ഞുകൊണ്ട്, ഭരണകക്ഷിയുടെ ജില്ലാ സെക്രട്ടറി അത് ചെയ്തു കൊടുക്കാമെന്നുപറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്? റവന്യൂ വകുപ്പുമന്ത്രിയുടെ പിൻബലത്തിന്റെ അടിസ്ഥാനത്തിലാണ് പാർട്ടിയുടെ ജില്ലാ സെക്രട്ടറി ഈ വാഗ്ദാനം അവിടെ നൽകിയതെന്നുള്ളത് യാതൊരു സംശയവുമില്ലാത്ത കാര്യമാണ്, ഞെട്ടിപ്പിക്കുന്ന കാര്യങ്ങളാണ് നടന്നത്. മിച്ചഭൂമി എങ്ങനെ പതിക്കാമെന്നതിനെപ്പറ്റി ക്ലാസ്സെടുക്കലാണ് സി.പി.ഐ. ജില്ലാ സെക്രട്ടറി നടത്തിയത്. ആരെയൊക്കെ കാണണം, ഏത് വഴിക്ക് നീങ്ങണം, ഏത് വഴിയിലൂടെ പോകണം, എന്നൊക്കെയാണ് ജില്ലാ സെക്രട്ടറി വന്നവർക്ക്

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ 4-4-2018-ലെ ഫയൽ നമ്പർ 1948/ഇ.ബി./2018/നി.സെ. ഉത്തരവനുസരിച്ച് നിലനിർത്താൻ തീരുമാനിച്ചു

പറഞ്ഞുകൊടുക്കുന്നത്. റവന്യൂ വകുപ്പ് ഉദ്യോസ്ഥർ പിന്നിൽ കൊത്തിപ്പറിക്കാനുള്ള വഴികൾ ഉപദേശിക്കുന്നു. ഉദ്യോസ്ഥർ ആളുകളെ കൊത്തിപ്പറിക്കാൻ നിൽക്കുക യാണെന്ന് പറഞ്ഞത് പാർട്ടിയുടെ ജില്ലാ സെക്രട്ടറി വിജയനാണ്; ഞങ്ങളാണോ പറഞ്ഞത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എല്ലാം ശുദ്ധമാണ്, എന്നാൽ അങ്ങനെയൊരു ചെറിയ വിഭാഗമുണ്ടെന്നാണ്. ആ ചെറിയ വിഭാഗം സി.പി.ഐ.-യെ ഉദ്ദേശിച്ചായിരിക്കും അദ്ദേഹം പറഞ്ഞതെന്നു ഞാൻ കണക്കാക്കുകയാണ്. ഏതായാലും തട്ടിപ്പ് നടത്തി, നല്ല കൈത്തഴമ്പുള്ള, അല്ലെങ്കിൽ അത് കൈകാര്യം ചെയ്ത് പഴക്കമുള്ള ഒരാളിനെപ്പോലെയാണ് ജില്ലാ സെക്രട്ടറി സംസാരിക്കുന്നത്. അദ്ദേഹം ഡെപ്യൂട്ടി കളക്ടറെ ഫോണിൽ വിളിച്ച് സംസാരിക്കുന്നു; എന്തിനാണ് അദ്ദേഹം ഡെപ്യൂട്ടി കളക്ടറെ ഫോണിൽ വിളിച്ച് സംസാരിക്കുന്നത്? ഡെപ്യൂട്ടി കളക്ടർ സോമനാഥന്റെ വാക്കുകൾ കേൾക്കുമ്പോൾ വിജയനുമായി ഒത്തു കച്ചവടം നടത്തുന്ന ലക്ഷണമുണ്ടെന്നാണ് അറിഞ്ഞത്. അത്ര സൗഹൃദത്തിലാണ് ഇവരുടെ സംസാരം. ഈ തട്ടിപ്പു സംഘത്തെ എങ്ങോട്ട് അയയ്ക്കുന്നു? മഹാനായ എം. എൻ. ഗോവിന്ദൻ നായരുടെ പേരിലുള്ള എം.എൻ. സ്മാരകത്തിലേയ്ക്കാണ് അയയ്ക്കുന്നത്. എം.എൻ. സ്മാരകത്തിൽ നിന്നാണോ എല്ലാപേരുടേയും പാസ്സ് വാങ്ങേണ്ടത്? അങ്ങനെയാണെങ്കിൽ ഞങ്ങളൊക്കെ ഇനി എം.എൻ. സ്മാരകത്തിൽ പോയി പാസ്സ് വാങ്ങേണ്ടി വരുമല്ലോ. ജനങ്ങളെല്ലാം എം.എൻ. സ്മാരകത്തിൽ പോയിട്ടാണോ പാസ്സ് വാങ്ങുന്നത്? പാസ്സ് വാങ്ങുന്നത് സെക്രട്ടറിയേറ്റിലെ റിസപ്ഷനിൽ നിന്നല്ലേ? മൂന്ന് മണിക്ക് ശേഷമാണെങ്കിൽ ആർക്കും പോകാം, പാസ്സ് വാങ്ങാം. മൂന്ന് മണിക്ക് മുൻപാണെങ്കിൽ കൺസേൺഡായിട്ടുള്ള ഉദ്യോഗസ്ഥൻ വിളിച്ചുപറഞ്ഞിട്ട് ചിലപ്പോൾ പാസ്സ് വാങ്ങാം. ഞങ്ങൾക്ക് ഇതൊരു പുതിയ അറിവാണ്. എം. എൻ. ഗോവിന്ദൻ നായരുടെ സ്മാരകത്തിൽ നിന്നാണ് സെക്രട്ടറിയേറ്റിലേയ്ക്ക് പോകാനുള്ള പാസ്സ് വാങ്ങേണ്ടതെന്നാണ് ഇവിടെ ഞങ്ങൾക്ക് മനസ്സിലായത്. ഫയലുകൾ മിന്നൽ വേഗത്തിൽ പോയില്ലേ; മിന്നൽ വേഗത്തിലല്ലേ റവന്യൂ വകുപ്പിൽ കാര്യങ്ങൾ നീങ്ങിയത്? സി.പി.ഐ. ജില്ലാ സെക്രട്ടറിക്ക് 10 ലക്ഷം രൂപ; ഡെപ്യൂട്ടി കളക്ടർക്ക് 10 ലക്ഷം രൂപ. മന്ത്രിയുടെ അറിവോടുകൂടി കാലാകാലങ്ങളായി നടക്കുന്ന ഒരു അഴിമതിയാണെന്ന് സംശയിക്കേണ്ടി വരും. ഞാൻ റവന്യൂ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല, പക്ഷെ ഈ ഡിപ്പാർട്ട്മെന്റിൽ നടക്കുന്നത് അങ്ങയുടെ ഭരണമല്ല, സി.പി.ഐ. നേതാക്കന്മാരുടെ ഭരണമാണ്. അവരാണ് ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്, അങ്ങ് കണ്ണടച്ച് ഇരുട്ടാക്കുകയാണ്. അങ്ങ് വസ്തുതകൾ മനസ്സിലാക്കാതെ സംസാരിക്കുന്നു. പൊന്തൻപുഴയിലെ 7000 ഏക്കർ ഭൂമി നഷ്ടപ്പെട്ട കാര്യം ഈ സഭയിൽ അടിയന്തരപ്രമേയമായി വന്നതാണ്. എങ്ങനെ നഷ്ടപ്പെട്ടു? വനം വകുപ്പുമന്ത്രി ശ്രീ. രാജു റിവിഷൻ കൊടുക്കുമെന്ന് പറഞ്ഞു, റിവിഷൻ കൊടുത്തതുകൊണ്ട് കാര്യമുണ്ടോ? റവന്യൂ വകുപ്പിന് വേണ്ടി

ഹാജരായ വക്കീലന്മാർ ഈ കാര്യത്തിലെടുത്ത അലംഭാവംമൂലമാണ് 7000 ഏക്കർ ഭൂമി നഷ്ടപ്പെട്ടത്. പെരുവന്താനം ടി.ആർ.&ടി. കമ്പനിക്ക് തങ്ങളുടെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം രാജമാണിക്യത്തിന് മുൻപിൽ തെളിയിക്കാൻ കഴിഞ്ഞില്ല. ഇതുസംബന്ധിച്ച രേഖകൾ അവർക്ക് ഹാജരാക്കാൻ കഴിഞ്ഞില്ല. തുടർന്ന് തോട്ടമേറ്റടുക്കാൻ യു.ഡി.എഫ്. സർക്കാർ നടപടികൾ തുടങ്ങിയപ്പോഴാണ് ഭരണമാറ്റമുണ്ടായത്. ഇടതു സർക്കാർ അധികാരമേറ്റശേഷം എന്തുകൊണ്ട് ടി.ആർ.&ടി. കമ്പനിയുടെ ഭൂമി ഏറ്റെടുത്തില്ല? ആരെ സംരക്ഷിക്കാൻ വേണ്ടിയാണ്? അതുപോലെ സുപ്രധാനമായ രേഖകൾ പലതും കോടതിയിൽ ഹാജരാക്കിയില്ലെന്നുള്ള ആരോപണമുയരുന്നു. കമ്പനിക്ക് അനുകൂലമായ വിധി കോടതിയിൽ നിന്നുമുണ്ടായി. ഈ വിധിയുടെ ചുവടുപിടിച്ച് മറ്റു കമ്പനികളും അനുകൂല വിധി സമ്പാദിക്കുന്നു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, അങ്ങ് മനസ്സിലാക്കണം, പൊന്തൻപുഴയിലെ വനത്തിന്റെ കേസ്സിൽ നിങ്ങൾ തോറ്റുകൊടുത്തു, ടി.ആർ.&ടി. കമ്പനിയുടെ ഭൂമിയുടെ കാര്യത്തിൽ നിങ്ങൾ തോറ്റുകൊടുത്തു, ഹാരിസൺ മലയാളം കമ്പനി ഭൂമിയുടെ കാര്യത്തിൽ നിങ്ങൾ തോറ്റുകൊടുത്തുകൊണ്ടിരിക്കുന്നു. സർക്കാർ വക ഭൂമി കച്ചവടം നടത്തുന്ന ഒരു കാലഘട്ടത്തിലേയ്ക്ക് കേരളം മാറുകയാണ്. എന്നിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് അഴിമതി വച്ചുപൊറുപ്പിക്കുകയില്ല എന്ന്, ഇതൊക്കെ അഴിമതിയല്ലേ; ഹൈക്കോടതിയിൽ കേസ് തോറ്റുകൊടുക്കുന്നത് അഴിമതിയല്ലേ; പാർട്ടിയുടെ ജില്ലാ സെക്രട്ടറിമാരും എക്സിക്യൂട്ടീവ് അംഗങ്ങളും നടത്തുന്ന ഭൂമി കുംഭകോണം അഴിമതിയല്ലേ? ഇതിനെല്ലാം കുടപിടിക്കുന്ന പാർട്ടിയും പാർട്ടി സംവിധാനവുമാണ് ഇവിടെ ഏറ്റവും വലിയ തോതിലുള്ള അഴിമതിക്ക് നേതൃത്വം കൊടുക്കുന്നത്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ഇത് അറിയുന്നില്ലെന്നു പറഞ്ഞാൽ ആര് വിശ്വസിക്കും? കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്ന ഈ കുംഭകോണങ്ങൾ, ഭൂമി തട്ടിപ്പ് എന്നിവ സംബന്ധിച്ച് സമഗ്രമായ അന്വേഷണം വേണം; ഒരു ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ തയ്യാറാകണം. എന്നാൽ മാത്രമേ വസ്തുതകൾ പുറത്തുകൊണ്ടുവരാൻ കഴിയൂ എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് ഒരു അഴിമതിയാണ്, ഈ അഴിമതിയെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: എന്താണിത്.... (ബഹളം)... പ്ലീസ്...പ്ലീസ്.. ഓർഡർ ..... ഓർഡർ ...ശ്രദ്ധ ക്ഷണിക്കൽ......(ബഹളം).... നിങ്ങൾ സീറ്റിലിരുന്നാലേ മൈക്ക് അനുവദിക്കുകയുള്ളൂ. നിങ്ങൾ ഓർഡറിലായാലേ മൈക്ക് അനുവദിക്കുകയുള്ളൂ.... പ്ലീസ്... പ്ലീസ് ഗോ ടു സീറ്റ് .... പ്രതിപക്ഷനേതാവ് പറയുന്നത് കേൾക്കുന്നില്ലേ..... പ്രതിപക്ഷനേതാവാണ് പറയുന്നത് കേൾക്കൂ... പ്ലീസ്...

ശ്രീ. കെ. എം. മാണി: സർ, ഡെപ്യൂട്ടി കളക്ടറെ സസ്പെൻഡ് ചെയ്തതുകൊണ്ട് മാത്രം പ്രശ്നം പരിഹരിക്കപ്പെടില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇത് വാക്കൗട്ട് പ്രസംഗമാണോ?...പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ: അങ്ങ് വാക്കൗട്ട് പ്രസംഗമാണോ നടത്തുന്നത്?

ശ്രീ. കെ. എം. മാണി: സർ, അതിനേക്കാൾ കൂടുതൽ മാനം ഈ കേസിനുണ്ട്. ഞാൻ വാക്കൗട്ട് സ്പീച്ചാണ് നടത്തുന്നത്, ഒരു സംശയവും വേണ്ട.

മി. സ്പീക്കർ: അവർ ഒപ്പോസിഷന്റെ ഭാഗമല്ലേ, വേറേ ബ്ലോക്കല്ലേ..

ശ്രീ. കെ. എം. മാണി: സർ, ഇതെന്തിനാണ് ഇങ്ങനെ ഇടപെടുന്നത്?

മി. സ്പീക്കർ: അങ്ങ്, ഒരു മിനിട്ടുകൊണ്ട് പറഞ്ഞു തീർക്കൂ...... ശ്രീ. വി. എസ്. സുനിൽ കുമാർ, അവർ വേറേ ബ്ലോക്കാണ്. പ്ലീസ്.... പ്ലീസ്... നിങ്ങൾ സീറ്റിലിരിക്കൂ. ശ്രീ. കെ. എം. മാണി, അങ്ങ് അടിയന്തരപ്രമേയ നോട്ടീസിൽ ഒപ്പുവച്ചിട്ടില്ല. ..... (ബഹളം)... പരിണതപ്രജ്ഞനായ ആളായതുകൊണ്ട് സംസാരിക്കാൻ രണ്ട് മിനിട്ട് അനുവദിച്ചുവെന്നേയുള്ളൂ..

ശ്രീ. കെ. എം. മാണി: സർ, നോട്ടീസിന്റെ ആവശ്യമില്ലല്ലോ, വാക്കൗട്ട് നടത്തുമ്പോൾ സംസാരിക്കാൻ അവകാശമുണ്ട്.

മി. സ്പീക്കർ: വാക്കൗട്ട് നടത്തുമ്പോൾ സ്പീച്ച് ആർക്കും നടത്താവുന്നതാണ്. ശ്രീ. വി. എസ്. സുനിൽ കുമാർ, അദ്ദേഹം സംസാരിക്കട്ടെ...(ബഹളം)....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ..... (ബഹളം)..

ശ്രീ. കെ. എം. മാണി: സർ, When I am on my legs, nobody can raise a point of order.... ഞാൻ ഇരുന്നതിന് ശേഷമല്ലാതെ നിൽക്കുമ്പോൾ there is no point of order...ഒരാൾ നിൽക്കുമ്പോൾ പോയിന്റ് ഓഫ് ഓർഡറില്ല, ഇരിക്കുമ്പോഴേ അനുവദിക്കാവൂ...please sit down...(ബഹളം)....

മി. സ്പീക്കർ: ശ്രീ. കെ. എം. മാണി ഇരിക്കൂ. അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണ്, അദ്ദേഹത്തിന്റെ പോയിന്റ് ഓഫ് ഓർഡർ കേൾക്കട്ടെ.

ശ്രീ. കെ. എം. മാണി: സർ, അതെങ്ങനെയാണ്? ഞാൻ ഇവിടെ നിൽക്കുമ്പോൾ അങ്ങനെ നിയമമുണ്ടോ, ഇല്ല. റൂളിൽ വ്യക്തമായി പറയുന്നുണ്ട്, ഒരു മെമ്പർ സംസാരിക്കുമ്പോൾ പോയിന്റ് ഓഫ് ഓർഡറില്ല. ഇരുന്നാലേയുള്ളൂ.

മി. സ്പീക്കർ: ഇരിക്കണമെന്ന് ചെയർ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. എം. മാണി: സർ, അങ്ങ് അവശ്യപ്പെട്ടാൽ ഇരിക്കാം. ഞാൻ സ്വയം ഇരുന്നതിന് ശേഷമേ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാവൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്ന ആദ്യത്തെ നടപടിയല്ല. ഇവിടെ മുമ്പും അംഗങ്ങൾ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ടുണ്ട്. ഞാൻ പറയട്ടെ, ശ്രീ. കെ. എം. മാണി വളരെ സീനിയറായ നേതാവായതുകൊണ്ട് അങ്ങ് അനുവദിച്ചതിൽ എനിക്ക് വിരോധമില്ല. ഞാൻ ഉന്നയിക്കുന്നത് ഒറ്റ കാര്യമാണ്, റൂൾ 50 അനുസരിച്ച് ഇവിടെ അടിയന്തരപ്രമേയാവതരണം അനുവദിച്ചതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വാക്കൗട്ട് ചെയ്യാതെ പ്രസംഗം അവസാനിപ്പിച്ചു. അതിനുശേഷം പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി സഭ സ്തംഭിപ്പിച്ചു കൊണ്ടിരിക്കുകയാണ്. റൂൾ 50-ൽ ഒപ്പുവയ്ക്കാത്ത കക്ഷി നേതാവിന് വാക്കൗട്ട് നടത്താൻ അനുവാദമുണ്ടോ എന്നു മാത്രമേ എനിക്ക് അറിയേണ്ടതുള്ളൂ. ഉണ്ടെങ്കിൽ പറയണം..(ബഹളം.... ബഹളം....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇപ്പോൾ നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന പ്രശ്നത്തിൽ പ്രതിപക്ഷം ഏകാഭിപ്രായത്തിലല്ല എന്നതിൽ ഞങ്ങൾക്ക് ഒരു വിഷമവുമില്ല. അവർ നടുത്തളത്തിലിറങ്ങുമ്പോൾ ബഹുമാന്യനായ കെ. എം. മാണി മറ്റൊരുതരത്തിൽ സംസാരിക്കുന്നുണ്ടെങ്കിൽ അതിന് സ്വാഗതമേയുള്ളൂ, അദ്ദേഹം സംസാരിക്കട്ടെ.

മി. സ്പീക്കർ: ശ്രീ. വി. എസ്, സുനിൽ കുമാറിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ്, സഭയുടെ പരിഗണനയിൽ വന്ന അടിയന്തരപ്രമേയം സംബന്ധിച്ച് സഭയിലെ ഒരു ബ്ലോക്കിന്റെ പ്രതിനിധി എന്ന നിലയ്ക്ക് അഭിപ്രായം പറയാവുന്നതാണ്.

ശ്രീ. കെ. എം. മാണി: സർ, പറഞ്ഞിട്ടല്ലാതെ ഇറങ്ങാൻ കഴിയുമോ; മുൻകൂട്ടി ഇങ്ങനെ പറഞ്ഞാലെന്തു ചെയ്യും? വയനാട്ടിലെ സി.പി.ഐ. ജില്ലാ സെക്രട്ടറി വിജയനും, കുഞ്ഞിമുഹമ്മദും എം.എൻ. സ്മാരക മന്ദിരത്തിൽ വന്നാണ് ചർച്ച നടത്തിയത്. ഇതിന് കൂടുതൽ മാനങ്ങളുണ്ട്, ഇതിവിടെ നിൽക്കുന്നതല്ല. ഇതിന് കൂടുതൽ മാനങ്ങളുള്ളതുകൊണ്ട് ജുഡീഷ്യൽ അന്വേഷണം കൂടിയേ തീരൂ. ഈ വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്താമെന്ന് അന്തസ്സോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. അങ്ങയുടെ വിജിലൻസ് എൻക്വയറി കൊണ്ട് കാര്യമില്ല. അത് അങ്ങയുടെ വകുപ്പാണ്, ഇഷ്ടംപോലെ തിരിക്കാം. ജുഡീഷ്യൽ എൻക്വയറി നടത്താൻ സർക്കാരിനെ ഞാൻ വെല്ലുവിളിക്കുകയാണ്. സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ഈ സർക്കാരിന്റെ അഴിമതിയുടെ മുഖം പുറത്ത് വന്നിരിക്കുന്നു, ഇത് മൂടിവയ്ക്കാൻ പല മാർഗ്ഗങ്ങളും സ്വീകരിക്കുന്നുണ്ട്. അതിലൊന്നാണ് വിജിലൻസ് അന്വേഷണം എന്നുള്ള വിദ്യ, അതുകൊണ്ട് തൃപ്തിപ്പെടുന്നതല്ല. ഇത് വളരെ ഗൗരവമുള്ളതും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ പ്രധാനമായതുകൊണ്ടും ജുഡീഷ്യൽ അന്വേഷണം തന്നെ നടത്തേണ്ട വിഷയമാണ് എന്നുള്ളതാണ് ഞങ്ങളുടെ നിലപാട്. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പിന് ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പി ക്കാവുന്നതാണ്.

## V ശ്രദ്ധ ക്ഷണിക്കൽ

### (1) വിഭവ കൈമാറ്റത്തിന് സെൻസസ് അടിസ്ഥാനമാക്കാതിരിക്കൽ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ...(ബഹളം)... ഇന്ത്യൻ ഭരണഘടനയുടെ 280-ാം വകുപ്പ് പ്രകാരം കേന്ദ്രത്തിന്റെ നികുതി, നികുതിയേതര വരുമാനം എന്നിവ കേന്ദ്രവും സംസ്ഥാനവും തമ്മിൽ വിഭജിക്കുന്നതിന്റെ മാനദണ്ഡം നിശ്ചയിക്കാൻ ഓരോ അഞ്ച് വർഷം കൂടുമ്പോഴും ധനകാര്യ കമ്മീഷനുകൾ രൂപീകരിക്കാറുണ്ട്. കഴിഞ്ഞ 40 വർഷക്കാലമായി 7-ാം ധനകാര്യ കമ്മീഷൻ മുതൽ 14-ാം ധനകാര്യ കമ്മീഷൻ വരെ 1971-ലെ സെൻസസ് അനുസരിച്ചുള്ള ജനസംഖ്യയാണ് സംസ്ഥാനങ്ങളുടെ വിഹിതം കണക്കാക്കാൻ നിശ്ചയിച്ചിരിക്കുന്നത്. ഇതൊരു പ്രധാനപ്പെട്ട തത്വമാണ്, കാരണം 1970-കൾ മുതലാണ് ജനസംഖ്യാ നിയന്ത്രണം പ്രധാനപ്പെട്ട ഒരു ദേശീയ ക്യാമ്പയിനായത്. ദേശീയ പദ്ധതി വിജയിപ്പിക്കുകയും ജനസംഖ്യ നിയന്ത്രിക്കുകയും ചെയ്ത സംസ്ഥാനങ്ങൾ ജനസംഖ്യാനുപാതികമായി വിഭവങ്ങൾ വിഭജിക്കുമ്പോൾ പിന്നിൽ പോകരുത് എന്ന സുപ്രധാന ഫെഡറൽ തത്വത്തിലൂന്നിയാണ് ഈ തീരുമാനമെടുത്തത്. ജനസംഖ്യ കുറച്ചുകൊണ്ടുവരുന്നത് നികുതി വിഹിതം കുറയുന്നതിനിടവരുത്തുകയില്ലായെന്നത് 1979-ലെ ദേശീയ വികസന നയവും 2000-ലെ ദേശീയ ജനസംഖ്യാ നയവും ആവർത്തിച്ചതാണ്. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷനെ നിയോഗിച്ചപ്പോൾ സംസ്ഥാനങ്ങളുമായി യാതൊരു ആലോചനയും നടത്താതെ കഴിഞ്ഞ 40 വർഷമായി പിന്തുടരുന്ന നയം

മാറ്റി കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ 2011-ലെ സെൻസസ് ആയിരിക്കും ജനസംഖ്യ കണക്കാക്കാനുള്ള മാനദണ്ഡമെന്ന് കേന്ദ്ര സർക്കാർ ഏകപക്ഷീയമായ നിലപാടെടുത്തിരിക്കുന്നു. കേന്ദ്ര വിഹിതം മാത്രമല്ല, പാർലമെന്റ് സീറ്റുകളും 1971-ലെ സെൻസസ് അടിസ്ഥാനപ്പെടുത്തിയാണ് കണക്കാക്കുന്നത്. ..ബഹളം...

മി. സ്പീക്കർ: സമാധാനത്തോടെ സീറ്റിൽ പോയിരിക്കു......(ബഹളം)...

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇപ്പോൾ 15-ാം ധനകാര്യ കമ്മീഷനാണെങ്കിൽ, നാളെ അത് പാർലമെന്റ് സീറ്റിന്റെ കാര്യത്തിൽ മാനദണ്ഡമാകാം, അങ്ങനെവരുമ്പോൾ നമ്മുടെ പാർലമെന്റ് സീറ്റുകളുടെ എണ്ണവും കുറയും. ഇന്ത്യയെ പലതരത്തിൽ വേർതിരിച്ച് സംഘർഷങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി.-യുടെ കുടില രാഷ്ട്രീയ നീക്കം ഈ തീരുമാനത്തിന്റെ പുറകിലുണ്ട്. ഇപ്പോൾ ഇത് ബി.ജെ.പി. അധികാരത്തിലില്ലാത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കെതിരെ; ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ സഹായിക്കാനാണ് എന്ന ശക്തമായ അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. ഇന്ത്യയുടെ ഐക്യത്തിനും ഫെഡറൽ സംവിധാനത്തിനുമുള്ള മാരകമായ പ്രഹരമാണ് ബി.ജെ.പി. സർക്കാരിന്റെ ധിക്കാരപരമായ ഈ തീരുമാനം. ഇതനുസരിച്ച് കേരളത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതത്തിൽ നിന്നും 20,285 കോടി രൂപ കുറവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കേരള മുഖ്യമന്ത്രിയും കർണാടക, ആന്ധ്ര പ്രദേശ് മുഖ്യമന്ത്രിമാരും തമിഴ്നാട് ഡി.എം.കെ. നേതാവ് ശ്രീ. എം. സ്റ്റാലിനും ഇതിനെതിരെ ശക്തമായ നിലപാടുകളുമായി രംഗത്ത് വന്നിട്ടുണ്ട്. കേരളം ബന്ധപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഈ നീക്കത്തെ ഒറ്റക്കെട്ടായി നേരിടുന്നതിന് ഈ സഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേരളത്തിന്റെ പ്രതിഷേധം അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നവും അതിനകത്തെ വ്യാഖ്യാനങ്ങളും പൂർണ്ണമായും ശരിയാണ്. സംസ്ഥാനങ്ങൾ തമ്മിൽ വിഭവ വിഹിതം കൈപ്പറ്റുന്നതിനുള്ള പ്രധാനപ്പെട്ട രണ്ട് മാനദണ്ഡങ്ങൾ ജനസംഖ്യയും സാമ്പത്തിക പിന്നോക്കാവസ്ഥ യുമാണ്. ജനസംഖ്യയുടെ കാര്യത്തിൽ 1971-ലെ ജനസംഖ്യാ വിഹിതമാണ് മാനദണ്ഡമാക്കുന്നത്. അത് 2011-ലെ കാനേഷുമാരി കണക്കെടുക്കുമ്പോൾ നേരത്തെ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനങ്ങൾക്ക് വലിയ നഷ്ടമുണ്ടാകും. 14-ാം ധനകാര്യ കമ്മീഷൻ 2011-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് വിഭവങ്ങൾ പങ്കുവച്ചിരുന്നതെങ്കിൽ, ജനസംഖ്യാ നിയന്ത്രണം കൈവരിച്ചതിനാൽ കേരളത്തിന് ഏതാണ്ട് ഒരു ശതമാനത്തിലേറെ കുറവാണ് വിഹിതമായി ലഭിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതിനു മുൻകയ്യെടുത്തുകൊണ്ട് ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ യോഗം വിളിക്കുകയും മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുമായി

ബന്ധപ്പെടുകയും ചെയ്യുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ശക്തമായ പൊതുജനാഭിപ്രായം രാജ്യത്ത് സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അദ്ദേഹം പറഞ്ഞ വികാരങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. പ്രമേയം പാസ്സാക്കുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആലോചിച്ച് തീരുമാനിക്കാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, സർക്കാർ സ്വീകരിക്കുന്ന തീരുമാനത്തിന് പൂർണ്ണമായ പിന്തുണയുണ്ട്. ഈ സഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി പ്രതിഷേധിക്കണമെന്ന അഭ്യർത്ഥന ഞാൻ ആവർത്തിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആലോചിച്ച് ഒരു തീരുമാനം പിന്നീട് എടുക്കാവുന്നതാണ് .

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞങ്ങൾ ഒരു ജുഡീഷ്യൽ അന്വേഷണമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. വിജിലൻസ് അന്വേഷണം തൃപ്തികരമല്ല. വിജിലൻസ് അന്വേഷണംകൊണ്ട് യാതൊരു കാര്യങ്ങളും പുറത്തുവരില്ല. വയനാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടതുപോലെ സമഗ്രമായ ജുഡീഷ്യൽ അന്വേഷണം മാത്രമാണ് പ്രസ്തുത വിഷയത്തിന് അഭികാമ്യമായിട്ടുള്ളത്. അത് അനുവദിക്കാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി)

## (2) സ്പെഷ്യൽ റൂളുകളുടെ പരിഷ്ക്കരണം

ഡോ. എൻ. ജയരാജ്: സർ, പി.എസ്.സി. മുഖേന വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുമ്പോൾ നിലവിലുള്ള യോഗ്യത സംബന്ധിച്ചുള്ള സ്പെഷ്യൽ റൂളിൽ കാലാനുസൃതമായ മാറ്റം വരുത്താത്തതുമൂലം പി.എസ്.സി. ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. സർക്കാർ സർവീസിൽ നേരിട്ട് നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത കൃത്യമായി നിർവ്വചിക്കേണ്ടത് അപ്പോയിന്റ്മെന്റ് അതോറിറ്റിയാണ്. നിയമനാധികാരി നിശ്ചയിച്ച് നൽകിയിട്ടുള്ള അതാത് വകുപ്പുകളിലെ സ്പെഷ്യൽ റൂളിൽ മാറ്റം വരുത്താനോ കുറവ് പരിഹരിക്കാനോ അത് തിരുത്തുവാനോ പി.എസ്.സി.-ക്ക് അധികാരമില്ല. നിലവിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങൾ പാഠ്യ വിഷയങ്ങളിലും പാഠ്യക്രമങ്ങളിലും ബിരുദങ്ങളിലും ഒട്ടേറെ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. വ്യത്യസ്ത സാദ്ധ്യതകളുള്ള കോഴ്സുകൾ സർവ്വകലാശാലാ തലത്തിലും അക്കാദമിക് തലത്തിലും

നടപ്പാക്കിവരുന്നു. പരമ്പരാഗതമായ കോഴ്സുകൾക്കപ്പുറത്ത് പുതിയ കാലഘട്ടത്തിലെ സാദ്ധ്യതകളുള്ള ഒട്ടേറെ കോഴ്സുകൾ ഇന്ന് ലഭ്യമാണ്. മാത്രമല്ല ഓരോ മേഖലയിലും സ്പെഷ്യലിസ്റ്റ് കോഴ്സുകളും മൈക്രോ കോഴ്സുകളും ലഭ്യമാണ്. എന്നാൽ ഈ മാറ്റങ്ങളൊന്നും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ ഇല്ല എന്നുള്ളതാണ് പ്രധാന പ്രശ്നം. അഞ്ച് വർഷക്കാലം വിദ്യാഭ്യാസം പൂർത്തീകരിച്ച് പണവും സമയവും നഷ്ടപ്പെടുത്തി പുറത്തിറങ്ങുന്ന ഒരു വലിയ വിഭാഗത്തിന് അനുയോജ്യമായ ജോലി ലഭിക്കുവാൻ പി.എസ്.സി. വിജ്ഞാപന പ്രകാരം തങ്ങൾ യോഗ്യരല്ല എന്നു മനസ്സിലാക്കുന്നത് വളരെ വൈകിയാണ്. സ്പെഷ്യൽ റൂളിൽ ഭേദഗതി ഇല്ലാത്തതിനാൽ ഒട്ടേറെ തസ്തികകളിലേയ്ക്ക് അപേക്ഷിക്കുവാൻ സാധിക്കാത്ത ഒരു വലിയ വിഭാഗം അഭ്യസ്തവിദ്യർ നമ്മുടെ സമൂഹത്തിലുണ്ട്. അടിസ്ഥാന വിദ്യാഭ്യാസമുണ്ടെങ്കിലും ഈ നിയമത്തിന്റെ അപര്യാപ്തതമൂലം അവരെ തെരഞ്ഞെടുക്കുവാൻ കഴിയാതെ വരുന്ന നിസ്സഹായവസ്ഥയിലാണ് പി.എസ്.സി.യും. ഇതിനെ സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ കാലതാമസവും ചുവപ്പുനാടയുടെ കുരുക്കുംമൂലം അനന്തമായ സമയമാണ് ഈ ഒരു കാര്യത്തിൽ ഉണ്ടാകുന്നത്. നിലവിലെ ചട്ടപ്രകാരം കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച കോഴ്സുകൾ മാത്രമാണ് പി.എസ്.സി.-ക്ക് അംഗീകരിക്കുവാൻ കഴിയുന്നത്. കേരളത്തിലെ പരമ്പരാഗത സർവ്വകലാശാലകളുടെ കീഴിലില്ലാത്ത ഏതെങ്കിലും ഒരു കോഴ്സ് കേരളത്തിൽത്തന്നെ പുതുതായി തുടങ്ങുന്ന സർവ്വകലാശാലകൾ നടത്തുകയാണെങ്കിൽപ്പോലും പി.എസ്.സി.-ക്ക് അത് അംഗീകരിക്കുവാൻ ചട്ടപ്രകാരം സാധിക്കുകയില്ല. ഉദാഹരണമായി കുസാറ്റ്, ഫിഷറീസ് സർവ്വകാലാശാല, സാങ്കേതിക സർവ്വകലാശാല തുടങ്ങിയ കേരളത്തിലെ പുതുതായി രൂപീകരിക്കപ്പെട്ട സർവ്വകലാശാലകളുടെ പല കോഴ്സുകളുടെയും സ്ഥിതി ഇതാണ്. തൊഴിലവസര കോഴ്സുകൾ ആരംഭിക്കണം. പരമ്പരാഗത കോഴ്സുകളെ കാലാനുസൃതമായി മാറ്റണമെന്ന് പറയുമ്പോഴും ഇത്തരം കോഴ്സുകൾ അംഗീകരിക്കണമെങ്കിൽ അതിന് വിശദമായ ഒരു സംവിധാനം തന്നെയുണ്ട്. സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ്, ഡീൻ, അക്കാദമിക് കൗൺസിൽ, വൈസ് ചാൻസലർ ഇങ്ങനെ പല കടമ്പകൾ കടന്നുള്ള പരിശോധനാ ക്രമങ്ങളിലൂടെയാണ് ഇത് സാധിക്കുന്നത്. ഒരു വർഷത്തോളമെടുക്കുന്ന ഈ നടപടിക്രമങ്ങൾ ഉദ്യോഗാർത്ഥികളുടെ ബാദ്ധ്യതയായി പലപ്പോഴും മാറുകയാണ്. ഒരു പുതിയ കോഴ്സ് അവതരിപ്പിക്കുമ്പോൾ അതിന്റെ അംഗീകാരത്തെ സംബന്ധിച്ചുള്ള ഉറപ്പ് സമ്പാദിക്കാനുള്ളത് അതാത് സർവ്വകലാശാലയുടെ ചുമതലയായി മാറേണ്ടതുണ്ട്. സ്പെഷ്യൽ റൂളിലെ പരിഷ്കരണത്തിന്റെ അഭാവംമൂലം പല തസ്തികകളിലും യോഗ്യതയുള്ളവരെ ലഭിക്കാത്ത അവസ്ഥയുണ്ട്. ഫോട്ടോഗ്രാഫി തസ്തികയിലേയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിക്കുമ്പോൾ ഫോട്ടോഗ്രാഫിയുടെ ആദ്യകാല നെഗറ്റീവ് ഡെവലപ്മെന്റ് പരിചയം വേണമെന്നാണ് ഇപ്പോഴുമുള്ള യോഗ്യത.

ഇന്ന് ഫോട്ടോഗ്രാഫിയിൽ പുതിയ ഡിജിറ്റൽ സാഹചര്യങ്ങൾ നിലവിൽ വരുമ്പോഴും പഴയ കാലത്തുള്ള സംവിധാനമാണ് സ്പെഷ്യൽ റൂളിലുള്ളത്. അതോടൊപ്പം എം. എ. സൈക്കോളജി, എം.എസ്‌സി. സൈക്കോളജിയായി കൺവെർട്ട് ചെയ്തിട്ടുണ്ട്. ഒരു കുട്ടി അപേക്ഷിക്കുമ്പോൾ എം.എസ്‌സി. സൈക്കോളജി സർട്ടിഫിക്കറ്റാണ് കൈവശമുള്ളതെങ്കിൽ എം.എ. സൈക്കോളജി ആവശ്യപ്പെട്ടിരിക്കുന്ന തസ്തികയിലേയ്ക്ക് എം.എസ്‌സി. സൈക്കോളജി സർട്ടിഫിക്കറ്റ് അംഗീകരിക്കാൻ കഴിയില്ല. ഇന്ത്യയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളിലൊന്നായ ഹൈദരാബാദിലെ ഇഗ്നീഷ്യസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പരീക്ഷ പാസ്സാകുന്ന ഒരാളിന് കെ.പി.എസ്.സി. അപേക്ഷ കൊടുക്കുന്നതിന് തടസ്സമുണ്ട്. കാരണം നിലവിലുള്ളത് പരമ്പരാഗതമായ എം.എ. ഇംഗ്ലീഷ് കോഴ്സാണ്. പരമ്പരാഗതമായ ബി.കോം. കോഴ്സിനൊപ്പം തന്നെ B.Com Marketing, B.Com Financing കൂടാതെ Taxation ഉൾപ്പെടെയുള്ളവയുണ്ട്. B.Com plus Co-operation-നുമായി ബന്ധപ്പെട്ട് അത് പാസ്സായവർക്ക് ജില്ലാ ബാങ്കുകളുടെ മാനേജർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ കഴിയാതെ വന്നതു കൊണ്ടുണ്ടായ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കഴിഞ്ഞ ഏഴ് വർഷക്കാലം കേസ് നടത്തിയതിനുശേഷമാണ് ഉദ്യോഗാർത്ഥികൾക്ക് അതിനുള്ള അനുവാദം ലഭിച്ചത്. ഉദാഹരണത്തിന് എം.എസ്‌സി. ഫിസിക്സ്, മെറ്റീരിയൽ സയൻസെന്നാണ് എം.ജി. യൂണിവേഴ്സിറ്റിയുടെ ഡിപ്പാർട്ട്മെന്റിന്റെ പേര്. മെറ്റീരിയൽ സയൻസിൽ എം.എസ്‌സി. പാസ്സായ ഒരു വിദ്യാർത്ഥിക്ക് എം.എസ്‌സി. ഫിസിക്സിന്റെ മാനദണ്ഡം പി.എസ്.സി. വയ്ക്കുന്നതുകൊണ്ട് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുപോലെ തന്നെയാണ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്. പരമ്പരാഗതമായ ഇംഗ്ലീഷ് കോഴ്സുമാത്രമേ പി.എസ്.സി. അംഗീകരിക്കുകയുള്ളൂ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പാസ്സായ കുട്ടികളെ സംബന്ധിച്ചിടത്തോളം അപേക്ഷിക്കാനുള്ള ഒരു ബുദ്ധിമുട്ടുണ്ട്. ഏറ്റവും രസകരമായ കാര്യം, എം.ബി.ബി.എസ്. പാസ്സായിക്കഴിഞ്ഞാൽ ഹോസ്പിറ്റലുകളിൽ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഇപ്പോൾ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത്, ഹോസ്പ്പിറ്റൽ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ കോഴ്സുകളുണ്ട്. ഇന്ത്യയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളിലൊന്നായ ഗോരഖ്പൂരിലെ ഐ.ഐ.ടി. നടത്തുന്ന എം.ബി.ബി.എസ്. പാസ്സായവർക്ക് മാത്രം അപേക്ഷിക്കാവുന്ന മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി എന്ന മൂന്ന് വർഷത്തെ കോഴ്സുണ്ട്. പക്ഷേ അത് ഇവിടത്തെ പി.എസ്.സി. അംഗീകരിച്ചിട്ടില്ല. സ്പെഷ്യൽ റൂളുകളിൽ ഈ ഉദ്യോഗസ്ഥർക്കുള്ള ബിരുദം സംബന്ധിച്ച മാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ മാറ്റങ്ങൾ വരുത്താതെയുണ്ട്. ഈ കാര്യത്തിൽ പലപ്പോഴും സർവ്വകലാശാലയും പി.എസ്.സി.യും സർക്കാർ സംവിധാനവും തമ്മിലുള്ള കോ-ഓർഡിനേഷന്റെ അഭാവമാണ് യഥാർത്ഥത്തിലുള്ളത്. 28500000 അപേക്ഷകൾ പി.എസ്.സി.-യിൽ കെട്ടിക്കിടക്കുകയാണ്. അതിൽ പകുതിയോളം അപേക്ഷകൾ റിജക്ട് ചെയ്യാനുള്ള

സാഹചര്യം, യഥാർത്ഥത്തിൽ ആ കോഴ്സുകൾക്ക് അംഗീകാരമില്ലാത്ത സാഹചര്യത്തിലുണ്ട്. വളരെ ഗൗരവമായ ഈ വിഷയം കേരളത്തിലെ അഭ്യസ്തവിദ്യരെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് പുതിയ കോഴ്സുകൾ സർവ്വകലാശാലകൾ അംഗീകരിച്ചുവരുന്ന ഒരു കാലഘട്ടത്തിൽ, അവർക്ക് സർക്കാർ സർവ്വീസിൽ കടന്നുവരാൻ ഒട്ടേറെ തടസ്സങ്ങൾ സൃഷ്ടിക്കുന്ന ഈ വിഷയത്തിൽ സർക്കാർ ഇടപെട്ട് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമുള്ള ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. വിദ്യാഭ്യാസ രംഗത്തും ഇലക്ട്രോണിക്സ് രംഗത്തും കാലാനുസൃതമായുണ്ടായ മാറ്റങ്ങൾ സിവിൽ സർവീസിന് ഉപകാരപ്രദമാകുന്ന തരത്തിൽ ക്ലാർക്ക്, അസിസ്റ്റന്റ് ഉൾപ്പെടെയുള്ള സമാന തസ്തികകൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനംകൂടി യോഗ്യതയായി ഉൾപ്പെടുത്തി വിശേഷാൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം വിവിധ വകുപ്പുകളിൽ എം.ബി.എ. യോഗ്യതയായി നിശ്ചയിക്കുവാൻ അനുയോജ്യമായ തസ്തികകൾ കണ്ടെത്തുവാനും ആവശ്യമെങ്കിൽ ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യാനും ഭരണ വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് പാഠ്യവിഷയങ്ങളിലും പാഠ്യക്രമത്തിലും ബിരുദങ്ങളിലുമുണ്ടായ മാറ്റങ്ങൾക്കനുസൃതമായി നിയമനത്തിനുള്ള യോഗ്യത നിശ്ചയിക്കുന്ന സ്പെഷ്യൽ റൂളുകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. ചില മേഖലകളിൽ സ്പെഷ്യലിസ്റ്റ് കോഴ്സുകളും അവയിൽത്തന്നെ മൈക്രോ കോഴ്സുകളും ഇന്ന് ലഭ്യമാണ്. ഇതിനൊരു പൊതു മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, സർവ്വകലാശാലകൾ, ഈ രംഗത്തെ വിദഗ്ദ്ധർ എന്നിവരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം സമർപ്പിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിഹരിക്കാനാകുന്ന കേസ്സുകളിൽ പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ നടപടി സ്വീകരിക്കും. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ട കേസ്സുകളിൽ അതിനുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. പി.എസ്.സി. ഉൾപ്പെടെയുള്ളവരുടെ ഒരു ഉന്നതതല യോഗം ഇക്കാര്യത്തിൽ ഉടൻ വിളിച്ചു ചേർക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ഡോ. എൻ. ജയരാജ്: സർ, റൂൾസ് ഓഫ് ബിസിനസ്സിലെ നടപടിക്രമങ്ങളുടെ കാലതാമസമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജീവനക്കാരുടെ തസ്തികമാറ്റം, റേഷ്യോ, പ്രൊമോഷൻ, അപ്ഗ്രഡേഷൻ തുടങ്ങിയ കാര്യങ്ങളിൽ

ആ നടപടിക്രമങ്ങളുമായി പോകാം. പക്ഷേ കോഴ്സുകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് വളരെ സിമ്പിളായ ചില മാറ്റങ്ങൾ മതിയാകും. കാലഹരണപ്പെട്ട യോഗ്യതകൾ ഒഴിവാക്കുകയും പുതിയ കോഴ്സുകളെക്കൂടി അംഗീകരിക്കാൻ കഴിയുന്ന തരത്തിലുള്ള സ്പെഷ്യൽ റൂൾ പരിഷ്കരണത്തിനുവേണ്ടി അത് സിംപ്ലിഫൈ ചെയ്യാനുള്ള നടപടികൂടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ആശ്വാസകരമായ, വളരെ പോസിറ്റീവായ തീരുമാനം ഇക്കാര്യത്തിൽ പ്രഖ്യാപിച്ചതിൽ പ്രത്യേകമായ നന്ദി അറിയിക്കുകകൂടി ചെയ്യുന്നു.

ശ്രീ. പിണറായി വിജയൻ: സർ, അത്തരം കാര്യങ്ങളടക്കം പരിശോധിച്ചു കൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## VI സബ്മിഷൻ

### (1) വിരമിക്കുന്ന പ്രിൻസിപ്പലിനെ അപമാനിച്ച സംഭവം

പ്രതിക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കാഞ്ഞങ്ങാട് നെഹ്റു ആർട്സ് & സയൻസ് കോളേജിലെ പ്രിൻസിപ്പൽ ഡോ. പി. വി. പുഷ്പജയ്ക്കെതിരെ ഒരുകൂട്ടം എസ്.എഫ്.ഐ.-ക്കാർ ആദരാഞ്ജലികൾ അർപ്പിച്ച് പോസ്റ്റർ പതിച്ച സംഭവം കേരളത്തിലെ സാംസ്കാരിക, അക്കാദമിക രംഗത്താകെ നാണക്കേടുണ്ടാക്കിയിരിക്കുകയാണ്. എസ്.എഫ്.ഐ.യുടെ വരുതിക്ക് നിൽക്കാത്ത അദ്ധ്യാപകരെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയും അപമാനിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന നടപടി കുറേക്കാലമായി ക്യാമ്പസ്സിൽ കണ്ടുവരുന്നു. പാലക്കാട് വിക്ടോറിയ കോളേജിലെ പ്രിൻസിപ്പൽ ഡോ. സരസുവിന് പ്രതീകാത്മകമായി കുഴിമാടമുണ്ടാക്കിയാണ് എസ്.എഫ്.ഐ. അവരോടുള്ള വിരോധം തീർത്തതെങ്കിൽ എറണാകുളം മഹാരാജാസ് കോളേജിലെ പ്രിൻസിപ്പൽ എൻ. എൽ. ബീനയുടെ കസേര കത്തിച്ചാണ് അവർ പകവീട്ടിയത്. സമീപകാലത്ത് എസ്.എഫ്.ഐ.യുടെ രാഷ്ട്രീയ വിരോധത്തിനിരയായ മൂന്ന് പേരും വനിതാ പ്രിൻസിപ്പൽമാരാണ് എന്നത് ശ്രദ്ധേയമാണ്. വിക്ടോറിയ കോളേജ് പ്രിൻസിപ്പലിന് പ്രതീകാത്മമായി കുഴിമാടം തീർത്തപ്പോൾ അത് വിദ്യാർത്ഥികളുണ്ടാക്കിയ ഇൻസ്റ്റലേഷൻ വർക്കാണെന്ന് പറഞ്ഞ് ലളിതവൽക്കരിച്ച് എസ്.എഫ്.ഐ.ക്കാരെ പ്രോത്സാഹിപ്പിച്ചത് മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബിയാണ്. ഇത്തരം പ്രോത്സാഹനങ്ങളാണ് വിദ്യാർത്ഥി സമൂഹത്തെ നിരക്കാത്ത പ്രവൃത്തികൾ ചെയ്യാൻ പ്രേരിപ്പിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ ഒരു വിദ്യാർത്ഥി സംഘടനയുടെ ഭാഗത്തുനിന്ന് നിരന്തരമുണ്ടാകുമ്പോൾ ക്യാമ്പസ് രാഷ്ട്രീയത്തിനെതിരെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും ചിന്തിച്ചാൽ അവരെ കുറ്റം പറയാൻ കഴിയില്ല. ഇത്തരം പ്രവൃത്തികൾ ക്യാമ്പസ്സിലെ

ജനാധിപത്യ അവകാശങ്ങൾക്കും അതോടൊപ്പം നിഷ്പക്ഷവും നീതിപൂർവ്വവുമായ സ്വതന്ത്ര വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾക്കും പലപ്പോഴും വിലങ്ങുതടിയായി നിൽക്കുന്നുണ്ട് എന്നതും യാഥാർത്ഥ്യമാണ്. തങ്ങളുടെ ക്യാമ്പസിൽ കോളേജ് വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കണമെന്നാവശ്യപ്പെട്ട് നെഹ്റു കോളേജ് മാനേജ്മെന്റ് ഇപ്പോൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇപ്പോൾത്തന്നെ കേരളത്തിലെ നിരവധി ക്യാമ്പസുകളിൽ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കപ്പെട്ടുകഴിഞ്ഞു. പല മാനേജ്മെന്റുകളും ആ വഴിക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം സംഭവങ്ങൾ ക്യാമ്പസ്സുകളിൽ ആവർത്തിക്കാൻ പാടുള്ളതല്ല. നെഹ്റു കോളേജ് മാനേജ്മെന്റ് ഈ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ കേസെടുത്ത് അവരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് ഡി.ജി.പി.-ക്ക് പരാതി നൽകാൻ പോകുന്നുവെന്ന വാർത്ത മാധ്യമങ്ങളിൽ കണ്ടിരുന്നു. ഇത്തരം സംഭവ വികാസങ്ങൾ ആവർത്തിക്കാതിരിക്കാൻ ഇതിനുത്തരവാദികളായ എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെ കർശനമായ നിയമ നടപടികളുണ്ടാകണമെന്നും വിദ്യാഭ്യാസ വകുപ്പ് മാത്രമല്ല, ആഭ്യന്തര വകുപ്പുകൂടി ഇക്കാര്യത്തിൽ ഇടപെട്ട് ശക്തമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കാസർഗോഡ് കാഞ്ഞങ്ങാട് നെഹ്റു ആർട്സ് & സയൻസ് കോളേജിൽനിന്നും വിരമിക്കുന്ന പ്രിൻസിപ്പൽ ഡോ. പി. വി. പുഷ്പജയ്ക്കും സഹപ്രവർത്തകർക്കും 27-3-2018-ൽ കോളേജിൽവച്ച് യാത്രയയപ്പ് നൽകുകയുണ്ടായി. ടി ചടങ്ങുകൾ നടക്കുന്നതിനിടയിൽ ഉച്ചയ്ക്ക് 2.30-ന് ഏതാനും വിദ്യാർത്ഥികൾ കോളേജ് ക്യാമ്പസ്സിനുള്ളിൽ പടക്കം പൊട്ടിക്കുകയും മധുരം വിതരണം ചെയ്യുകയുമുണ്ടായി. കൂടാതെ വിരമിക്കുന്ന പ്രിൻസിപ്പലിനെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ പോസ്റ്ററുകൾ ക്യാമ്പസ്സിനുള്ളിൽ പതിക്കുകയും ചെയ്തു. ഇത്തരത്തിൽ കോളേജ് ക്യാമ്പസ്സിനുള്ളിൽ പോസ്റ്റർ പതിപ്പിച്ചതടക്കമുള്ള പ്രവൃത്തികൾ ചെയ്ത മൂന്ന് വിദ്യാർത്ഥികളെ കോളേജിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് തുടർ നടപടികൾ കോളേജ് കൗൺസിൽ കൂടി സ്വീകരിക്കുന്നതാണെന്ന വിവരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നടന്ന സംഭവങ്ങളെക്കുറിച്ച് വിശദമായി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ അപലപിക്കാൻപോലും കഴിയുന്നില്ലേ; ഒരു പ്രിൻസിപ്പൽ റിട്ടയർ ചെയ്തുപോയപ്പോൾ അവരെ അപമാനിച്ച സംഭവത്തിൽ അങ്ങേയ്ക്ക് ഖേദമെങ്കിലും പ്രകടിപ്പിച്ചുകൂടെ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എസ്.എഫ്.ഐ.യെക്കുറിച്ച് പറയുകയുണ്ടായി. എസ്.എഫ്.ഐ. ഇത്തരം കാര്യങ്ങളൊന്നും അംഗീകരിക്കുന്ന സംഘടനയല്ല. ഇത്തരത്തിലുള്ള എല്ലാ തെറ്റായ കാര്യങ്ങൾക്കുമെതിരെ നിലകൊള്ളുന്ന വിദ്യാർത്ഥി സംഘടനയാണ് എസ്.എഫ്.ഐ. പക്ഷേ നമ്മുടെ സംസ്ഥാനത്ത് ചില സ്ഥലങ്ങളിലുണ്ടായ കാര്യങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇത്തരം കാര്യങ്ങളിൽ വിദ്യാർത്ഥികളും ഇതിന് നേതൃത്വം നൽകുന്നവരും മനസ്സിലാക്കേണ്ടത് അവരവരുടെ അമ്മയെക്കാളും ഉയർന്ന സ്ഥാനത്താണ് അദ്ധ്യാപികയെ കാണേണ്ടത് എന്നതാണ്. സാധാരണ നിലയിൽ അതാണ് നമ്മുടെ സംസ്കാരം. അത്തരത്തിലുള്ള ഒരാളെ അപകീർത്തിപ്പെടുത്തുന്ന നില ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. അത്തരം കാര്യങ്ങൾ എല്ലാവരും അപലപിക്കുന്നത് തന്നെയാണ്. അതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംശയമൊന്നും വേണ്ട. ഇത്തരം കാര്യങ്ങൾക്ക് ആരും കൂട്ടുനിൽക്കില്ല. സ്വന്തം ഗുരുനാഥയെ ഇത്തരത്തിൽ അപമാനിക്കുക എന്നത് സ്ത്രീത്വത്തെ അപമാനിക്കുന്ന പ്രശ്നം മാത്രമല്ല, അതിനെക്കാളെല്ലാം എത്രയോ അപ്പുറത്താണ്. അതിനോട് ഒരുതരത്തിലും യോജിക്കില്ല. കർക്കശമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകും.

## (2) ജസ്ന മേരി ജയിംസിന്റെ തിരോധാനം

ശ്രീ. രാജു എബ്രഹാം: സർ, കാഞ്ഞിരപ്പള്ളി എസ്.ഡി. കോളേജ് ഡിഗ്രി വിദ്യാർത്ഥിനിയായ ജസ്ന മേരി ജയിംസിനെ കാണാതായിട്ട് ഒന്നര ആഴ്ച കഴിഞ്ഞിരിക്കുകയാണ്. ആ കുടുംബത്തെ മാത്രമല്ല, ഒരു നാടിനെ മുഴുവൻ ആശങ്കയിലാഴ്ത്തിയ സംഭവമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയതിനെത്തുടർന്ന് തിരുവല്ല ഡിവൈ.എസ്.പി.യെ പ്രത്യേക അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. പക്ഷേ പത്തനംതിട്ട ജില്ലയിൽ താമസിക്കുന്ന ജസ്ന മേരി ജയിംസിനെ കോട്ടയം ജില്ലയിൽ നിന്നാണ് കാണാതായത്. രണ്ട് ജില്ലകളും കേന്ദ്രീകരിച്ച് നടത്തേണ്ട അന്വേഷണമാണ്, മറ്റ് സംസ്ഥാനങ്ങളിൽ അന്വേഷണം വ്യാപിപ്പിക്കേണ്ടതായിട്ടുമുണ്ട്. അതുകൊണ്ടുതന്നെ സ്വതന്ത്ര ചുമതലയുള്ള ഉദ്യോഗസ്ഥരെ അന്വേഷണച്ചുമതല ഏൽപ്പിക്കുന്നതായിരിക്കും അഭികാമ്യം. സർക്കാർ ഇപ്പോൾ നടത്തുന്ന ഊർജ്ജിതമായ എല്ലാ അന്വേഷണത്തെയും ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പം സ്വതന്ത്ര ചുമതലയുള്ള ഉന്നത ഉദ്യോഗസ്ഥരെ കേസ് അന്വേഷണം ഏൽപ്പിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. നല്ല രീതിയിലുള്ള അന്വേഷണമാണ് നടക്കുന്നത്. അതുകൊണ്ടാണ് ഞാൻ അഭിനന്ദിച്ചത്. പ്രതിയെ കിട്ടിയില്ല; കിട്ടാൻ വേണ്ടിയുള്ള അന്വേഷണം നല്ല നിലയിൽ പുരോഗമിക്കുന്നുണ്ട്. അന്വേഷണം കുറച്ചുകൂടി ഊർജ്ജിതമാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പത്തനംതിട്ട കൊല്ലമുള വില്ലേജിലെ സന്തോഷ് കവല 9-ാം കോളനിയിൽ കുന്നത്തുവീട്ടിൽ ജസ്ന മേരി ജയിംസിനെ 22-3-2018-ന് കാണാതായതിന് വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിൽ ക്രൈം 201/18 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ജസ്നയെ തിരിച്ചറിയുന്നതിനുള്ള അടയാളങ്ങളും ഫോട്ടോയും സഹിതം ക്രൈം മെമ്മോ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇ-മെയിൽ മുഖാന്തിരവും പോലീസ് വാട്ട്സാപ്പ് ഗ്രൂപ്പിലും റെയിൽവേ അലെർട്ട് കൺട്രോളിലും അറിയിച്ചിട്ടുള്ളതാണ്. ജസ്നയുടെ ബന്ധുക്കളെയും സുഹൃത്തുക്കളെയും കണ്ട് ചോദിച്ചും സമീപ സ്റ്റാൻഡുകളിലെ ഓട്ടോ ഡ്രൈവർമാരെ ഫോട്ടോ കാണിച്ച് ചോദിച്ചും ബസ് സ്റ്റാൻഡുകളിലെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചും അന്വേഷണം നടത്തിയെങ്കിലും കാര്യമായ തെളിവുകൾ ലഭിച്ചില്ല. ജസ്ന പോകാൻ സാദ്ധ്യതയുള്ള ധ്യാന കേന്ദ്രങ്ങളിൽ അന്വേഷണം നടത്തുകയും അവർ ഉപയോഗിച്ചിരുന്ന ഫോൺ കോളുകളുടെ വിവരങ്ങൾ സൈബർ സെല്ലിന്റെ സഹായത്തോടെ പരിശോധിക്കുകയും ചെയ്തെങ്കിലും ഫലപ്രദമായ വിവരങ്ങൾ ഒന്നുംതന്നെ ലഭിച്ചില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ ഒരു ഉന്നതതല പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

11.00 AM]

## (3) ഫോട്ടോ, വീഡിയോ മോർഫിംഗ്

ശ്രീ. സി. കെ നാണു: സർ, വിവാഹത്തിന് എത്തുന്ന സ്ത്രീകൾ അടക്കമുള്ളവരുടെ ഫോട്ടോകൾ വടകരയിലെ സ്വകാര്യ വീഡിയോഗ്രാഫി സ്ഥാപനത്തിലെ ജീവനക്കാർ മോർഫിംഗ് ചെയ്ത് ദുരുപയോഗപ്പെടുത്തുന്നതിന്റെ ഫലമായി ഒരു പ്രദേശത്തെ ജനങ്ങളാകെ വലിയ ഭയപ്പാടിലാണ്. ആ പ്രദേശത്തെ ജനങ്ങൾ ഒരു കർമ്മസമിതി രൂപീകരിച്ചിട്ടുണ്ട്. അതിനുപുറമെ, കോഴിക്കോട് ജില്ലയിലെ ഫോട്ടോഗ്രാഫർമാരുടെ സംഘടന, തങ്ങളുടെ തൊഴിലിന് ഭീഷണിയാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അടിയന്തരമായി ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് വടകരയിൽ പ്രകടനം നടത്തി. വനിതാ കമ്മീഷൻ പ്രതികളെ മാതൃകാപരമായി അറസ്റ്റ് ചെയ്ത് ശിക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുകയാണ്. വടകരയിലെ ചോറോട് പഞ്ചായത്തിലെ ഒരു പ്രദേശത്തെ കുടുംബങ്ങളിൽ മൊത്തത്തിൽ ഭയപ്പാട് സൃഷ്ടിക്കുന്ന തരത്തിലുള്ള സാഹചര്യമാണ് സംജാതമായിരിക്കുന്നത്. ഈ സംഭവവുമായി ബന്ധപ്പെട്ട പ്രതികളെ അടിയന്തരമായി അറസ്റ്റ് ചെയ്ത് ശിക്ഷിക്കണമെന്നപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിരിക്കുന്നത് അതീവ ഗൗരവമായ പ്രശ്നം തന്നെയാണ്. വിവാഹ വീടുകളിൽ, അവർ നിശ്ചയിക്കുന്ന ഫോട്ടോഗ്രാഫർമാർ വന്ന് ഫോട്ടോ എടുക്കുന്നത് സാധാരണയാണ്. അത്തരത്തിൽ എടുത്ത ഫോട്ടോ വടകര സദയം സ്റ്റുഡിയോയിലെ എഡിറ്ററായ ബബീഷ് മോർഫ് ചെയ്ത് അശ്ലീല ചിത്രമായി പ്രചരിപ്പിച്ചത് മാനഹാനി ഉണ്ടാക്കിയെന്നുള്ളതാണ് പരാതി. ഇത് അതീവ ഗൗരവമായ പ്രശ്നമാണ്. ഇതുസംബന്ധിച്ച് വടകര പോലീസ് സ്റ്റേഷനിൽ സദയം സ്റ്റുഡിയോ എഡിറ്റർ ബബീഷിനെ പ്രതിയാക്കി IPC 354 D, IT Act 66 D, 67 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 265/2018 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വനിതാ സെൽ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ അന്വേഷണത്തിനായി നിയോഗിച്ചിട്ടുണ്ട്. അന്വേഷണത്തിൽ സ്റ്റുഡിയോ ജീവനക്കാരനായ ബബീഷ്, ഉടമസ്ഥൻ സതീശിന്റെയും മറ്റൊരു ജീവനക്കാരനായ ദിനേശിന്റെയും അറിവോടെ പരാതിക്കാരിയായ സ്ത്രീയുടെയും മറ്റ് നിരവധി സ്ത്രീകളുടെയും ഫോട്ടോ മോർഫ് ചെയ്ത് അശ്ലീല ചിത്രങ്ങളോട് കൂട്ടിച്ചേർത്ത് പ്രചരിപ്പിച്ചിട്ടുള്ളതായി അറിയുകയുണ്ടായി. സതീശിനെയും ദിനേശിനെയും ഈ കേസ്സിൽ രണ്ടും മൂന്നും പ്രതികളായി ചേർത്ത് അന്വേഷണം നടത്തുകയും ഇരുവരെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും തുടർന്ന് റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്റ്റുഡിയോ റെയ്ഡ് ചെയ്ത് മുതലുകൾ കണ്ടെത്തി കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. ഒളിവിൽ പോയ ബബീഷിനെ അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിതമായ ശ്രമങ്ങൾ നടത്തിവരികയാണ്.

## (4) മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. എം. രാജഗോപാലൻ: സർ, മുവാരി-മുഖാരി സമുദായങ്ങളെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് നൂറുകണക്കിനാളുകൾ ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ സത്യാഗ്രഹവും ധർണ്ണയും നടത്തുകയാണ്. കേരളത്തിൽ, വിശിഷ്യാ, കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ 15,000 കുടുംബങ്ങളിലായി 50,000-ത്തോളം ജനസംഖ്യയുള്ള മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. വളരെ പിന്നോക്കാവസ്ഥയിലുള്ള ഇവർ സാമൂഹികമായും സാമ്പത്തികമായും പിന്നോക്ക വിഭാഗമാണെന്നത് ഇവരുടെ ജീവിതചര്യകളിൽനിന്നും നമുക്ക് മനസ്സിലാക്കാവുന്ന കാര്യമാണ്. കുട്ട മെടയലാണ് ഈ വിഭാഗത്തിന്റെ കുലത്തൊഴിൽ. പിന്നോക്ക വിഭാഗങ്ങളുടെ അനുഷ്ഠാനങ്ങളും കലകളും തന്നെയാണ് ഇവരും പിന്തുടരുന്നത്. കണ്ണൂർ ജില്ലയിലെ രാമന്തളി, കുഞ്ഞിമംഗലം, എരമം-കുറ്റൂർ, പയ്യന്നൂർ ഭാഗങ്ങളിലും കാസർഗോഡ് ജില്ലയിലെ

നീലേശ്വരം, കൊടക്കാട്, ബദിയടുക്ക, മാവുങ്കാൽ, ചായ്‌വം ഭാഗങ്ങളിലുമാണ് ഇവർ അധിവസിക്കുന്നത്. കേന്ദ്ര ലിസ്റ്റിൽ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഇവരെ കേരളത്തിൽ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്ക വിഭാഗമായാണ് പരിഗണിക്കുന്നത്. അതുകൊണ്ടുതന്നെ കഴിഞ്ഞ വർഷം മുതൽ ഇവർക്ക് വിദ്യാഭ്യാസ മേഖലയിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചുവരുന്നുണ്ട്. എന്നാൽ ഒ.ബി.സി. മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താത്തതുമൂലം ഈ വിഭാഗം മറ്റൊരു ആനുകൂല്യത്തിനും അർഹരല്ല. ഈ വിഭാഗത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യം മുൻനിർത്തി നിരവധി തവണ നൽകിയ നിവേദനങ്ങളും നിയമസഭാ ചോദ്യങ്ങളും സബ്മിഷനുകളും സർക്കാർ ഇടപെടലുകളുമുണ്ട്. ഇതിനെത്തുടർന്ന് കിർത്താഡ്സ് ഇവരുടെ ഇടയിൽ അന്വേഷണം നടത്തിക്കഴിഞ്ഞിട്ടുണ്ട്. തികച്ചും പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ഇവരെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആവശ്യമായ അനുകൂല നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കണ്ണൂർ ജില്ലയിലെ വടക്കൻ മേഖലകളിലും കാസർഗോഡ് ജില്ലകളിലുമായി അധിവസിച്ചുവരുന്ന ജനവിഭാഗമാണ് മുവാരി-മുഖാരി സമുദായം. പ്രസ്തുത സമുദായം കേന്ദ്ര ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുന്നതാണ്. നിലവിൽ മുവാരി-മുഖാരി സമുദായത്തെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്. ഈ വിഭാഗത്തെ സംബന്ധിച്ച് നരവംശ ശാസ്ത്രപരവും സാമൂഹ്യ അവസ്ഥ സംബന്ധിച്ചതുമായ കിർത്താഡ്സിന്റെ വിശദമായ പഠന റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ പിന്നോക്ക വിഭാഗ കമ്മീഷന് ലഭിക്കും. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ഇതുസംബന്ധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ നൽകുന്ന മുറയ്ക്ക് മുവാരി-മുഖാരി സമുദായത്തെ മറ്റ് പിന്നോക്ക സമുദായങ്ങളുടെ സംസ്ഥാന പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്. ഈ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ പൊതുവികാരത്തോട് യോജിക്കുന്നു.

## (5) പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ നിയമം

ശ്രീ. എ. പി. അനിൽ കുമാർ: സർ, വളരെ പ്രധാനപ്പെട്ട, അതീവ ഗൗരവമായ കാര്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇന്നലെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഏതാനും ദളിത് സംഘടനകൾ ആഹ്വാനം ചെയ്ത ഭാരത് ബന്ദ് ജനജീവിതം സ്തംഭിപ്പിച്ചതിനെക്കുറിച്ചും അതോടൊപ്പം രണ്ട് ദളിത് സഹോദരന്മാർ

ഉൾപ്പെടെ 9-ഓളം പേരുടെ ജീവൻ അപഹരിച്ചതുമായ, നിർഭാഗ്യകരമായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടാണ് ഇന്നത്തെ വാർത്താ മാധ്യമങ്ങൾ വന്നിട്ടുള്ളത്. ഇത്തരത്തിൽ ഒരു സമരത്തിലേയ്ക്ക് ദളിത് സംഘടനകളെ നയിച്ച സാഹചര്യങ്ങളെക്കുറിച്ച് കഴിഞ്ഞ ഏതാനും ദിവസങ്ങളായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു മാർഗ്ഗനിർദ്ദേശം Dr. Subhash Kashinath Mahajan vs The State of Maharashtra എന്ന കേസ്സിലാണ് എസ്.സി./എസ്.ടി. വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട, Scheduled Castes and Scheduled Tribes (Prevention of Atrocities) Act 1989-ൽ വന്നത്. പ്രസ്തുത നിയമത്തെ ലഘൂകരിക്കുന്ന രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് സുപ്രീം കോടതിയുടെ ഭാഗത്തുനിന്നുമുണ്ടായത്. അത് വളരെ വലിയ ആശങ്ക ദളിത് വിഭാഗങ്ങളുടെ ഇടയിൽ സൃഷ്ടിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഇന്നലെ ഭാരത് ബന്ദ് നടന്നതും ഈ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാൻ കാരണമായതും. ഇതുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇന്ത്യയിലെ ദളിത് വിഭാഗം ഇന്ന് അനുഭവിക്കുന്ന പ്രയാസങ്ങൾ പ്രത്യേകിച്ച്, ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നതിനുശേഷം വളരെയധികം ആശങ്കയോടുകൂടിയാണ് ദളിത് വിഭാഗം ജീവിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തുമാത്രം വലുതാണെന്ന് നമ്മൾ പത്രവാർത്തയിലൂടെ അറിഞ്ഞു കൊണ്ടിരിക്കുകയാണ്. അതിനെതിരെയുള്ള പ്രതിഷേധം രാജ്യവ്യാപകമായി ഉയർന്നുവരുന്ന സാഹചര്യത്തിലാണ് കഴിഞ്ഞ 20-ാം തീയതി ഇത്തരമൊരു മാർഗ്ഗനിർദ്ദേശം നിലവിലുള്ള നിയമത്തെ ലഘൂകരിക്കുന്ന രീതിയിൽ സുപ്രീം കോടതി ഡിവിഷൻ ബഞ്ചിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. സ്വാഭാവികമായും ഭരണഘടനയുടെ ആർട്ടിക്കിൾ 17-Untouchability എന്നുള്ളത് കുറ്റകൃത്യമായി പ്രഖ്യാപിച്ച് നിയമം പാസ്സാക്കിയ രാജ്യമാണ് ഇന്ത്യ. അതോടൊപ്പം 1955-ലെ പൗരാവകാശവുമായി ബന്ധപ്പെട്ട നിയമവുമുണ്ട്. ഈ നിയങ്ങളൊക്കെ ഉണ്ടായിട്ടും ഇന്ത്യയിലെ പട്ടികജാതി സമൂഹം ദൈനംദിനം ഒട്ടനവധി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുവെന്ന് മനസ്സിലാക്കിയാണ് 1989-ൽ രാജീവ് ഗാന്ധി ഗവൺമെന്റ് Scheduled Castes and Scheduled Tribes (Prevention of Atrocities) Act കൊണ്ടുവരുന്നത്. ആ നിയമം വളരെ ശക്തമായിരുന്നു. എന്നിട്ടുപോലും യഥാർത്ഥ കുറ്റക്കാരെ ശിക്ഷിക്കാത്ത സാഹചര്യം ഉണ്ടാകുകയും നിരന്തരം കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയും ചെയ്ത സന്ദർഭത്തിലാണ് 2015-ൽ മൻമോഹൻ സിംഗ് ഗവൺമെന്റ് വളരെ ശക്തമായ ഭേദഗതികൾ ഈ നിയമത്തിൽ കൊണ്ടുവന്നത്. 2016-ലെ ഭേദഗതികളിലൂടെ ശക്തമായ നിയമങ്ങൾ കൊണ്ടുവരികയും എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്ക് പ്രൊട്ടക്ഷൻ നൽകൽ ഈ നിയമത്തിലൂടെ നടപ്പിലാക്കുകയും

ചെയ്തത്. സുപ്രീംകോടതിയിൽ നിന്ന് ഇത്തരത്തിൽ ഒരു വിധി വരുന്നതിന് കാരണക്കാർ മഹാരാഷ്ട്ര ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ആണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പറയേണ്ട കാര്യങ്ങൾ യഥാസമയത്ത് പറഞ്ഞില്ല. മഹാരാഷ്ട്ര സർക്കാരും യഥാസമയം പറഞ്ഞില്ല. ആർ.എസ്.എസ്.ന്റെയും ബി.ജെ.പി.യുടെയും ദളിത് വിരുദ്ധ അജണ്ട നടപ്പാക്കുന്നതിനുള്ള ഒരു സാഹചര്യമാണ് ഇതിലൂടെ ഈ രണ്ട് സർക്കാരുകളും കോടതിക്ക് നൽകിയത് എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഈ കേസ്സുമായി ബന്ധപ്പെട്ട് സുപ്രീംകോടതി പറഞ്ഞത് നിയമം ദുരുപയോഗം ചെയ്യുന്നുവെന്നാണ്. നിയമം ദുരുപയോഗം ചെയ്യുന്നുണ്ടെങ്കിൽ ആ നിയമത്തെ തകർക്കാനുള്ള സമീപനമല്ല സ്വീകരിക്കേണ്ടത്. നിയമം ദുരുപയോഗം ചെയ്യുന്നുവെന്ന് പറയുന്നതോടൊപ്പം, ഇവിടെ നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ഡോ. സുബാഷ് കാശിനാഥ് മഹാജൻ നൽകിയ ഈ പരാതിയിൽ, യഥാർത്ഥത്തിൽ ഇന്നുവരെ ഈ കേസിൽ ഇന്ത്യാ രാജ്യത്ത് ഒരു ഉദ്യോഗസ്ഥനെതിരെയും സെക്ഷൻ 4 പ്രകാരം പോലീസ് ഒരു കേസ്സ് എടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ധാരാളം നിയമങ്ങളുണ്ടെങ്കിലും യഥാർത്ഥത്തിൽ കേസെടുക്കുന്നില്ല. പോലീസ് അതിൽ അലംഭാവം കാണിച്ചു. അതുപോലെതന്നെ കേസെടുത്തു കഴിഞ്ഞാൽ കോടതി, കേസ്സുകൾ നീട്ടിക്കൊണ്ടു പോകുന്ന വളരെ ലാഘവത്തോടുകൂടിയ ഒരു മനോഭാവമാണ് പലപ്പോഴും സമൂഹത്തിന്റെ എല്ലാ ഭാഗങ്ങളിലും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും ഒടുവിലുള്ള ഒരു സമീപനംതന്നെയാണ് ഇന്ന് സുപ്രീംകോടതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത് എന്നു പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. സ്വാഭാവികമായും ഇതൊക്കെ ദളിത് സമൂഹത്തിന് ഉണ്ടാക്കിയിട്ടുള്ള ആഘാതം വളരെ വലുതാണ്. അതാണ് ഇത്രയും വലിയ ഒരു നീക്കത്തിലൂടെ, ഭാരത് ബന്ദിലൂടെ വലിയ പ്രക്ഷോഭത്തിലേയ്ക്ക് വന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷൻ പോയിന്റിലേയ്ക്ക് വരു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സബ്മിഷന് പരിമിതിയുണ്ടെന്ന് എനിക്കറിയാം. പക്ഷെ ഇത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ഞാൻ സൂചിപ്പിക്കുന്നത് ഇത്രയും ഗൗരവമായ ഒരു വിഷയം ഇവിടെ നിലനിൽക്കുമ്പോൾ കേരളം പോലുള്ള സംസ്ഥാനത്ത്, ഭാരത് ബന്ദ് ദേശീയതലത്തിൽ ഉണ്ടായെങ്കിലും കേരളത്തിൽ അത്തരത്തിലുള്ള അനിഷ്ട സംഭവങ്ങളൊന്നുമുണ്ടായിട്ടില്ല. കേരളത്തിലെ പൊതുസമൂഹവും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുമൊക്കെ ദളിത് സമൂഹത്തോടൊപ്പം നിൽക്കുന്നുവെന്നുള്ളതുകൊണ്ടാണ് ഇവിടെ അത്തരത്തിലുള്ള പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയോ അത്തരം കാര്യങ്ങൾ ഉണ്ടാകാതെ പോകുകയോ ചെയ്യുന്നത്. സർക്കാർ ഇത്തരം കാര്യങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു

വെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിന് ഇതുമായി ബന്ധപ്പെട്ട് കത്തെഴുതിയെന്ന് പത്രവാർത്തകളിലൂടെ അറിയാൻ കഴിഞ്ഞു. അതുമാത്രം പോരാ, അതിനപ്പുറത്ത് സർക്കാരിന് എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കണം. അതൊടൊപ്പംതന്നെ ഇത്തരം കാര്യങ്ങളിൽ ദളിത് സമൂഹത്തിന്റെ ആശങ്കയോടൊപ്പമാണ് കേരളത്തിലെ പൊതുസമൂഹം നിൽക്കുന്നതെന്ന് ബോദ്ധ്യപ്പെടുത്തുന്നതിന് നിയമസഭ പ്രമേയം പാസ്സാക്കുന്നതുൾപ്പെടെയുള്ള നടപടികളെ കുറിച്ച് സർക്കാർ ആലോചിക്കണം. ദളിത് സമൂഹത്തിന് കേരളീയ സമൂഹത്തിന്റെ പിന്തുണ നൽകുവാൻ സർക്കാരിന്റെ ഒരു കത്ത് മാത്രം പോരാ, അതിനപ്പുറത്തുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇന്ന് രാജ്യത്തൊട്ടാകെ വലിയ തോതിലുള്ള ആശങ്കയും അതോടൊപ്പംതന്നെ പ്രതിഷേധവും ഈ കാര്യത്തിൽ ഉയർന്നുവന്നിരിക്കുകയാണ്. സുപ്രീംകോടതിയുടെ വിധി എസ്.സി./എസ്.ടി. അട്രോസിറ്റീസ് ആക്ടിനെ പൂർണ്ണമായും ദുർബ്ബലപ്പെടുത്തുന്ന ഒന്നായി മാറിയിരിക്കുന്നു. ഇപ്പോൾത്തന്നെ എസ്.സി./എസ്.ടി. കേസ്സുകളിൽ വേണ്ടത്ര അവധാനത ഏത് സർക്കാർ ഭരിച്ചാലും പോലീസുകാർ പലപ്പോഴും കാണിക്കാറില്ല. മാത്രമല്ല, ഈ കേസുകൾ പലതും സമ്മർദ്ദങ്ങളുടെയും ഭീഷണിയുടെയും ഫലമായി ഇടയ്ക്കുവച്ച് അവസാനിപ്പിക്കുകയാണ്. സുപ്രീംകോടതിയുടെ വിധിപ്രകാരം പ്രാഥമികാന്വേഷണം നടത്തിയതിനുശേഷം മാത്രമേ കേസെടുക്കാവൂ എന്നുവന്നാൽ അത് പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നീതി നിഷേധിക്കുന്ന തരത്തിലാകും. ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായം വളരെ പ്രധാനപ്പെട്ടതാണ്. രാജ്യത്തൊട്ടാകെ ഒരു ദളിത് പ്രക്ഷോഭം വളർന്നുവന്നുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.യുടെയും ആർ.എസ്.എസ്.ന്റെയും തെറ്റായ നീക്കങ്ങൾ ഇതിന്റെ ഭാഗത്തുണ്ട്. പട്ടികജാതി വകുപ്പുമന്ത്രി ഒരു പ്രമേയം ഈ സഭയിൽ കൊണ്ടുവന്നാൽ അതിനെ പ്രതിപക്ഷം പൂർണ്ണമായും സ്വാഗതം ചെയ്യും. ചർച്ച കൂടാതെതന്നെ, ചർച്ചയുണ്ടെങ്കിൽ നല്ലതുതന്നെ, ആ പ്രമേയം പാസ്സാക്കാൻ ഞങ്ങൾ പിന്തുണയ്ക്കുമെന്ന് അറിയിക്കാനാഗ്രഹിക്കുകയാണ്. നമ്മുടെ വികാരം സുപ്രീംകോടതിവരെ അല്ലെങ്കിൽ കേന്ദ്ര ഭരണകൂടത്തിന്റെ മുമ്പിൽ എത്തിക്കാനുള്ള ഒരു മാർഗ്ഗമിതാണ് എന്നുകൂടി അങ്ങയിലൂടെ ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയെ അറിയിക്കുകയാണ്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കോടതി വിധിക്കെതിരായ ഒരു പ്രശ്നമാണിത്. ഇതിൽ നിയമനിർമ്മാണമാണ് ആവശ്യം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സഭയുടെ അഭിപ്രായ രൂപീകരണമാണ് ഉദ്ദേശിച്ചത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട എ. പി. അനിൽകുമാർ സമയോചിതമായിട്ടാണ് ഒരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെ ഉള്ളടക്കത്തോട് പരിപൂർണ്ണമായും യോജിക്കുന്ന തരത്തിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സൂചിപ്പിച്ചിട്ടുള്ളത്. രാജ്യത്താകെ ദളിത് വിഭാഗങ്ങളുടെ പ്രക്ഷോഭങ്ങൾ കേന്ദ്ര സർക്കാരിനെതിരെ ശക്തി പ്രാപിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം തീർത്തും ദുർബ്ബലമാക്കുന്ന രീതിയിൽ 20-3-2018-ലുണ്ടായ സുപ്രീം കോടതി വിധിയെത്തുടർന്നാണ് ഈ പ്രക്ഷോഭങ്ങൾ ഉണ്ടായിട്ടുള്ളത്. 1989-ലാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള കേന്ദ്ര നിയമം പാർലമെന്റ് പാസ്സാക്കിയത്. അതിനുമുമ്പ് താരതമ്യേന ദുർബ്ബലമായ പൗരാവകാശ സംരക്ഷണ നിയമം മാത്രമായിരുന്നു ഈ വിഭാഗങ്ങൾ നേരിടുന്ന ജാതി വിവേചനങ്ങൾക്കെതിരായി ഉണ്ടായിരുന്നത്. എന്നാൽ ഈ നിയമത്തിനുകീഴിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംരക്ഷണം ഉറപ്പുവരാത്ത സാഹചര്യത്തിലാണ് രാജ്യത്ത് 1989-ൽ ഒരു പുതിയ നിയമം രൂപം കൊണ്ടത്. 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തിലെ മൂന്നാം വകുപ്പിൽ ഈ വിഭാഗത്തിനെതിരായ അതിക്രമങ്ങൾ ഗുരുതരമായ കുറ്റകൃത്യങ്ങളായി കാണുകയും അതിനെതിരെ കടുത്ത ശിക്ഷ നിഷ്കർഷിക്കുകയും ചെയ്യുന്നതിനാണ് ഈ ആക്ടിൽ വിഭാവനം ചെയ്തത്. നാലാം വകുപ്പിലാകട്ടെ സർക്കാർ ജീവനക്കാരുടെ ഭാഗത്തുനിന്നും ഈ നിയമത്തിനുകീഴിൽ അവർ ചെയ്യേണ്ടതായ നടപടികളിൽ വീഴ്ച വരുത്തിയാൽ ശിക്ഷ നൽകുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമത്തിലെ 18-ാം വകുപ്പുപ്രകാരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് മുൻകൂർ ജാമ്യത്തിന് അർഹതയില്ലെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഈ വ്യവസ്ഥ പുതിയ സുപ്രീംകോടതി വിധിപ്രകാരം ഇളവുചെയ്തതിൽ കടുത്ത ആശങ്കയിലാണ് രാജ്യത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം. സംസ്ഥാന സർക്കാരും ഇതേ ആശങ്ക പങ്കുവയ്ക്കുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ വിയോജിപ്പും പ്രതിഷേധവും കേന്ദ്ര സാമൂഹ്യനീതി വകുപ്പുമന്ത്രി ശ്രീ. തവാർചന്ദ് ഗഹലോട്ടിനെയും പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. ജുവൽ ഒറാമിനെയും 29-3-2018-ൽ രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരായി സുപ്രീംകോടതിയിൽ റിവ്യൂ നൽകണമെന്നും വിധിയെ മറികടക്കാനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഈ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സിൽ പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിക്കാൻ വ്യവസ്ഥ ചെയ്യുന്നില്ലെങ്കിലും മുൻകൂർ ജാമ്യം നൽകുന്നതിന് തടസ്സമില്ലെന്നാണ് പുതിയ വിധി.

സർക്കാർ ജീവനക്കാരൻ പ്രതിസ്ഥാനത്ത് വരികയാണെങ്കിൽ അയാളെ അറസ്റ്റ് ചെയ്യുന്നതിന് മേലുദ്യോഗസ്ഥന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ ഉദ്യോഗസ്ഥനല്ലാത്ത ഒരാൾ പ്രതിസ്ഥാനത്ത് വരുന്നപക്ഷം അയാളെ അറസ്റ്റ് ചെയ്യുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ അനുമതി ലഭ്യമാക്കണം. അപ്രകാരം അറസ്റ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് മേലുദ്യോഗസ്ഥർ അല്ലെങ്കിൽ സൂപ്രണ്ട് ഓഫ് പോലീസ് വ്യക്തമായ കാരണം രേഖപ്പെടുത്തുകയും വേണം. ഈ കാര്യങ്ങൾ മജിസ്ട്രേറ്റ് പരിശോധിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥകൾ ലംഘിക്കുന്നത് വകുപ്പുതല അച്ചടക്ക നടപടികൾക്കുപുറമേ കോടതിയലക്ഷ്യ നടപടിക്കുകൂടി വിധേയമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ഇത്, very intention of the Act itself is defeated by this Order; യഥാർത്ഥത്തിൽ അർത്ഥ ശൂന്യമാകുകയാണ്. Dr. Subhash Kashinath Mahajan vs The State of Maharashtra എന്ന കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച ഈ വിധിന്യായം രാജ്യത്ത് ദൂരവ്യാപകമായ പ്രത്യാഘാതം ഉളവാക്കുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ ആക്ട് വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നുവെന്ന് ചൂണ്ടിക്കാട്ടിയാണ് ഇപ്പോൾ സുപ്രീംകോടതി ഇപ്രകാരമൊരു വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ഈ വിധി പരിശോധിച്ചാൽ കുറ്റകൃത്യങ്ങൾക്കിരയാകുന്ന സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗത്തിന്റെ അവകാശങ്ങളെക്കാൾ കോടതി മുൻതൂക്കം നൽകിയത് കേസുകളിലുൾപ്പെടുന്ന പ്രതികൾക്കാണെന്ന് പറയേണ്ടിവരുന്നത് തികച്ചും ദൗർഭാഗ്യകരമാണ്. ഈ വിധിന്യായത്തിലൂടെ രാജ്യത്തെ അടിമത്തത്തിൽ കഴിഞ്ഞവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ഒരു ജനവിഭാഗത്തിന്റെ സംരക്ഷണ കവചമാണ് ഇല്ലാതായിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായുള്ള അതിക്രമങ്ങളിൽ ഉൾപ്പെടുന്ന പ്രതികളിൽ പലരും വിചാരണ സമയത്ത് പല സ്വാധീനങ്ങളാൽ രക്ഷപ്പെടുന്ന കാഴ്ചയാണ് പൊതുവിലുള്ളത്. എന്നാൽ ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്ക് ഉടൻ ജാമ്യം ലഭിക്കാത്ത സ്ഥിതിയും മുൻകൂർ ജാമ്യത്തിന് വ്യവസ്ഥയില്ലാത്തതും ഈ വിഭാഗങ്ങൾക്കെതിരായ അക്രമങ്ങളുണ്ടാകാതിരിക്കാൻ ഒരു കാരണമായി നിലനിൽക്കുകയാണ്. ഈ നിയമ സംരക്ഷണമാണ് സുപ്രീംകോടതി വിധിമൂലം ഇല്ലായ്മ ചെയ്യപ്പെടുന്നത്. കേരളത്തിൽനിന്ന് വ്യത്യസ്തമായി മറ്റ് സംസ്ഥാനങ്ങളിൽ പ്രത്യേകിച്ചും വടക്കേ ഇന്ത്യയിൽ സവർണ്ണ ജാതീയ ശക്തികൾ സമൂഹത്തിൽ വലിയ തോതിൽ സ്വാധീനവും അധികാരവുമുള്ളവരാണ്. പട്ടികവിഭാഗങ്ങൾക്കെതിരായി ഈ ഭാഗങ്ങളിൽനിന്ന് നിത്യേന നിഷ്ഠൂരമായ അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. നിയമപരമായ സംരക്ഷണംകൂടി ഇല്ലാതായാൽ ഈ അക്രമങ്ങളുടെ തോത് വർദ്ധിക്കുമെന്ന് മാത്രമല്ല ഫലത്തിൽ ഈ വിഭാഗങ്ങൾ ഭീകരമായ

അടിച്ചമർത്തലുകൾക്ക് വിധേയമാകുന്ന സ്ഥിതിയുമാണുണ്ടാകുക. ഇത് അങ്ങേയറ്റം അപലപനീയമാണ്. ഈ വിധിമൂലമുണ്ടായ ആശങ്കകൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. സംസ്ഥാനങ്ങൾക്ക് യാതൊരു നോട്ടീസും നൽകാതെയാണ് കേന്ദ്ര സർക്കാർ എതിർകക്ഷിയായ ഈ വിധിയുണ്ടായത്. വലിയ സമ്മർദ്ദങ്ങളുടെ ഫലമായി കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ റിവ്യൂ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താൽപ്പര്യം മാനിച്ച് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിക്കുന്നതിനുള്ള നിയമവശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സുപ്രീംകോടതി വിധിയെത്തുടർന്ന് ആശങ്കയിലായ രാജ്യത്തെ പട്ടികവിഭാഗങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങളെ കേന്ദ്ര ഭരണകക്ഷി നയിക്കുന്ന ഉത്തർ പ്രദേശ്, മദ്ധ്യ പ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ വളരെ ക്രൂരമായാണ് നേരിട്ടത്. ഇന്നലെ വിവിധ സംസ്ഥാനങ്ങളിൽ സമരക്കാരെ നേരിട്ട പോലീസ് ഒമ്പത് പേരെയാണ് വെടിവച്ചുകൊന്നത്. ഇത് സമൂഹ മനഃസാക്ഷിയെ ഞെട്ടിക്കുന്ന ഒന്നാണ്. രാജ്യത്ത് പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ 25 ശതമാനത്തോളം വരും. അതായത് രാജ്യത്തെ നാലിലൊന്ന് ജനങ്ങൾ പട്ടികവിഭാഗത്തിൽപ്പെടുന്നവരാണ്. അത്രയും വലിയൊരു വിഭാഗത്തെ ദോഷകരമായി ബാധിക്കുന്ന ഒരു സംഭവമുണ്ടായിട്ടും അതിന് പരിഹാരമാർഗ്ഗം കാണാതെ പ്രക്ഷോഭകരെ വെടിവച്ചുകൊല്ലുന്ന സമീപനം ഒട്ടും ന്യായീകരിക്കത്തക്കതല്ല. ഈ നിഷ്ഠൂര സംഭവത്തെ ഈ സഭ ഐകകണ്ഠ്യേന അപലപിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്. പ്രമേയത്തെ സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കാം. നിഷ്ഠൂരമായ സംഭവത്തെ ഐകകണ്ഠ്യേന അപലപിക്കണമെന്ന രൂപത്തിൽ പാസ്സാക്കുന്നതായിരിക്കും നല്ലത്.

## (6) നടപ്പാലം നിർമ്മാണം

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ ചാലിയാർപ്പുഴയ്ക്ക് കുറുകെ മൊടവണ്ണക്കടവിൽ ഒരു പാലം നിർമ്മിക്കുന്നതിനുവേണ്ടി 19-11-2015-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 6032/15/ആർ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പാലം പ്രവൃത്തി ആരംഭിക്കുന്നതിന് ഞാൻ കഴിഞ്ഞ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് മറ്റ് പാലങ്ങളോടൊപ്പം ഫണ്ട് സംബന്ധിച്ച് ചില സാങ്കേതികത്വമുണ്ടെന്നാണ്. ആ പാലത്തിന്റെ കൂടെ മൊത്തം എട്ട് പാലങ്ങൾക്ക് അനുമതി നൽകിയിരുന്നു. അതിൽ അഞ്ച് പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചു. മൊടവണ്ണക്കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചില്ല. പിന്നീട് 3-11-2017-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിലെ തീരുമാനപ്രകാരം പണി ആരംഭിച്ചിട്ടില്ലാത്ത നാല് പാലങ്ങളുടെ പണി അടിയന്തരമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി 7-2-2018-ൽ എനിക്ക് നൽകിയ നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 3142-ന്റെ ഉത്തരത്തിൽ പറയുന്നുണ്ട്. അതിൽ പറയുന്ന മറ്റൊരു മറുപടി, നിർമ്മാണത്തിന് വനം വകുപ്പിന്റെ ഭരണാനുമതി ലഭിച്ചെങ്കിലും പാലത്തിന്റെ കൗണ്ടർ വെയ്റ്റ് സ്ഥാപിക്കേണ്ട സ്ഥലം വനഭൂമിയായതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായിരുന്നതുകൊണ്ടാണ് നിർമ്മാണം വൈകുന്നതെന്നാണ്. 9-3-2018-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി എനിക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ മൊടവണ്ണക്കടവിൽ പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. അപ്പോൾ വനം വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. ആദ്യം ടെണ്ടർ കഴിഞ്ഞ് എഗ്രിമെന്റ് വച്ചതാണ്. ഇനിയെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയൊന്ന് കനിയണം. ഞാൻ രണ്ട് വർഷമായി അങ്ങയുടെ പിന്നാലെ നടക്കുകയാണ്. അതുകൊണ്ട് ഈ പാലം യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, മലപ്പുറം ജില്ലയിലെ ചാലിയാർപ്പുഴയ്ക്ക് കുറുകെ മൊടവണ്ണക്കടവിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പാലം നിർമ്മിക്കുന്നതിന് 19-11-2015-ൽ ഉത്തരവായിരുന്നു. കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയത്തിൽനിന്ന് 11-9-2017-ലെ എഫ്. നമ്പർ 4. കെ.എൽ.ജി. 1014/2014/ബി.എ.എൻ. നമ്പർ കത്തുപ്രകാരം ഉപാധികളോടെ പാലം നിർമ്മാണത്തിന് പ്രവർത്തനാനുമതി ലഭിച്ചിരുന്നു. 8-2-2017-ൽ ചേർന്ന യോഗത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത മൊടവണ്ണക്കടവ് പാലം ഉൾപ്പെടെയുള്ള നാല് പാലങ്ങളുടെ കാര്യത്തിൽ പുനരവലോകനം നടത്തുവാൻ തീരുമാനമെടുത്തിരുന്നു. പിന്നീട് 3-11-2017-ൽ ചേർന്ന റിവർ മാനേജ്മെന്റ് കമ്മിറ്റി സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ പണി തുടങ്ങിയിട്ടില്ലാത്ത നാല് പാലങ്ങൾകൂടി ബന്ധപ്പെട്ട ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിഗണിച്ചു. അപ്രകാരം നിർമ്മാണം പുനരാരംഭിക്കുന്നതിനുമുമ്പ് ലാൻഡ് റവന്യൂ കമ്മീഷണർ അന്വേഷണം നടത്തി ആ റിപ്പോർട്ടുകൂടി പരിഗണിച്ചശേഷം പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് അതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

### (7) ഐക്കോൺസിലെ ഭരണ നടത്തിപ്പ്

ശ്രീ. പി. കെ. ശശി: സർ, 1998-ൽ ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ ആരംഭിച്ച സ്ഥാപനമാണ് ഐക്കോൺസ്. അതൊരു ചാരിറ്റബിൾ സൊസൈറ്റിയായിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ

ധനസഹായത്തിൽ പ്രവർത്തിക്കുന്നൊരു സ്വയംഭരണ സ്ഥാപനമാണിത്. 1998 മുതൽ തിരുവനന്തപുരത്തും 2000-മുതൽ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിലുമായി രണ്ട് കേന്ദ്രങ്ങളാണുള്ളത്. തിരുവനന്തപുരത്ത് ഒ.പി.യുണ്ട്. ഷൊർണ്ണൂരിൽ ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയുള്ള ഐ.പി.യും പ്രവർത്തിക്കുന്നുണ്ട്. സമഗ്രമായ പരിശോധനയും ലബോറട്ടറിയും ഇ.ജി, വി.വി.ജി., ഓഡിയോ ലാബ്, സ്പീച്ച് ലാബ് എന്നീ സൗകര്യങ്ങൾ ഷൊർണ്ണൂരിൽ ലഭ്യമാണ്. കുട്ടികളിലും മുതിർന്നവരിലും കാണുന്ന വിവിധതരം വൈകല്യങ്ങൾക്ക് സമഗ്രമായ പരിശോധനയും തെറാപ്പിയും നൽകുന്ന കേരളത്തിലെ സർക്കാർ ധനസഹായത്തിൽ പ്രവർത്തിക്കുന്ന ഏക സ്വയംഭരണ സ്ഥാപനമാണ് ഐക്കോൺസ്. കുട്ടികളിലെ സംസാര വൈകല്യം, ഭാഷാ വൈകല്യം, സ്വഭാവ വൈകല്യം, ഓർമ്മക്കുറവ്, ഓട്ടിസം, പഠന വൈകല്യം, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, എപ്പിലപ്സി എന്നിവയും മുതിർന്നവരിലുണ്ടാകുന്ന സ്ട്രോക് ഡിമെൻഷ്യ, ന്യൂറോ സംബന്ധമായ പ്രശ്നങ്ങൾ എന്നിവയും സമഗ്രമായ പരിശോധനയും ചികിത്സയും ഷൊർണ്ണൂരിലും തിരുവനന്തപുരത്തും ലഭിക്കുന്നുണ്ട്. സർക്കാർ ധനസഹായത്തിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ ഐക്കോൺസിന്റെ ഭരണപരമായ നടപടികളും സാമ്പത്തിക വിനിമയ നടപടികളും ഈ സർക്കാരിന്റെ സുതാര്യമായ കാഴ്ചപ്പാടുകൾക്കും നയങ്ങൾക്കും വിരുദ്ധമാണെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കരാർ ജീവനക്കാരനായ ഒരാളാണ് ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ജോലി ചെയ്യുന്നത്. കരാർ നിയമനങ്ങളും ധൂർത്തും അവിടെ അനുസ്യൂതം തുടരുകയാണ്. ഈ സംരംഭങ്ങളെ പ്രോത്സിപ്പിക്കുന്ന നടപടികളും നയങ്ങളും ഡയറക്ടർ സ്വീകരിക്കുന്നു. ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണം. ഐക്കോൺസിന്റെ നിയമനങ്ങളിൽ യാതൊരുവിധ സംവരണ തത്വങ്ങളും പാലിക്കപ്പെടുന്നില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ അനാവശ്യമായും വ്യക്തിതാല്പര്യാധിഷ്ഠിതവുമായ നിയമനങ്ങളാണ് അവിടെ നടത്തുന്നത്. ഐക്കോൺസിന്റെ ദൈനംദിന സാമ്പത്തിക ഇടപാടുകളൊന്നുംതന്നെ സുതാര്യമല്ല. സ്ഥാപനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുമ്പോൾതന്നെ മാനദണ്ഡങ്ങൾക്കും സംവരണതത്വങ്ങൾക്കും വിലകൽപ്പിക്കാതെ ഡയറക്ടറും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും ഗവേണിംഗ് ബോഡിയിലെ ചില അംഗങ്ങളും ചേർന്നുകൊണ്ട് നിയമനം നടത്തുന്ന നടപടികളുമായി മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ ഐക്കോൺസിന്റെ സുതാര്യ ഭരണ നടത്തിപ്പിനുവേണ്ടി ആരോഗ്യ വകുപ്പിന്റെ അടിയന്തര ഇടപെടലുകളുണ്ടാകണമെന്നും ബന്ധപ്പെട്ട എം.എൽ.എ.മാരെക്കൂടി ഉൾപ്പെടുത്തി ഗവേണിംഗ് ബോഡി പുനഃസംഘടിപ്പിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഐക്കോൺസ്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ ജില്ലകളിലുള്ള കുട്ടികളുടെ ജന്മനായുള്ള വൈകല്യങ്ങളെയും പഠന വൈകല്യങ്ങളെയും അടിസ്ഥാനപ്പെടുത്തി നടത്തിയ കണ്ടെത്തലുകളുടെ തുടർച്ചയായി ബുദ്ധിപരമായും ശാരീരികമായും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി രൂപീകരിച്ചിട്ടുള്ളതാണ് 1998-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഐക്കോൺസ്. റിസർച്ചിനും ഗവേഷണത്തിനും കണക്കെടുപ്പിനുമെല്ലാം നേതൃത്വം നൽകിയിട്ടുള്ള പ്രഗത്ഭനായ ഡോക്ടറെയാണ് ഐക്കോൺസിന്റെ എം.ഡി. ആയി നിയമിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐക്കോൺസിന് തിരുവനന്തപുരം പുലയനാർകോട്ടയിൽ ഒരു മേഖലാ കേന്ദ്രവുമുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളുമായി അക്കാദമിക് ആൻഡ് ലക്ചറർ, ക്ലിനിക്കൽ ആൻഡ് ടെക്നിക്കൽ സ്റ്റാഫ്, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്, മറ്റ് ജീവനക്കാർ എന്നിങ്ങനെ നാല് വിഭാഗത്തിലായി സർക്കാർ അംഗീകരിച്ച അമ്പത് തസ്തികകളാണുള്ളത്. എന്നാൽ അവിടത്തെ പ്രത്യേക പരിചരണം അർഹിക്കുന്ന കുട്ടികളുടെ പരിചരണത്തിനും അതിന്റെ ഭരണപ്രക്രിയയ്ക്കും ഇത് മതിയാകില്ല. അതുകൊണ്ടുതന്നെ 130 പേരെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ അവിടെ നിയമിച്ചിട്ടുണ്ട്. 2012-ൽ ഐക്കോൺസിന് ഒരു സർവ്വീസ് ആൻഡ് കണ്ടക്ട് റൂൾസ് നിലവിൽ വന്നിട്ടുണ്ടെങ്കിലും ഇതുവരെ നടത്തിയ നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പൂർണ്ണമായും പാലിക്കാൻ സാധിച്ചിട്ടില്ല. ഐക്കോൺസിന്റെ വരവുചെലവ് കണക്കുകൾ, ഇന്റേണൽ ഓഡിറ്റ്, എക്സ്റ്റേണൽ ഓഡിറ്റ്, എന്നിവ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമാക്കുന്നതിന് തീരുമാനിക്കുകയും അതിന് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം ഷൊർണ്ണൂർ ഐക്കോൺസിൽ 200 വരെ ഒ.പി.കളാണ് നടന്നുവരുന്നത്. ശരാശരി ഒന്നോ രണ്ടോ രോഗിക്ക് ഒരു ജീവനക്കാരന്റെ സേവനം ഇപ്പോൾ അവിടെ ലഭ്യമാണ്. അത് ആവശ്യവുമാണ്. അങ്ങനെയാണ് അതിന്റെ റൂൾസ്. ഈ സ്ഥാപനത്തിൽ വിവിധ വൈകല്യങ്ങളുള്ള കുട്ടികളെ പൊതുധാരയിലേയ്ക്ക് കൂട്ടിക്കൊണ്ടുവരത്തക്കവിധം പരിചരണവും വിദ്യാഭ്യാസവും ചികിത്സയും നൽകാൻ പര്യാപ്തമായ വിവിധ വിഷയങ്ങളിൽ പ്രത്യേക പ്രാവീണ്യം സിദ്ധിച്ചവരെ കണ്ടെത്തി നിയമിക്കുകയാണ് ചെയ്യുന്നത്. ഇത് ശ്രമകരമായൊരു ദൗത്യമാണ്. മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നടത്തുന്ന നിയമനംപോലെയല്ല ഇവിടെ നിയമനം നടത്താൻ കഴിയുക. അത്തരം യോഗ്യതയുള്ളവർ വിരളമായതിനാൽ സാങ്കേതിക വിഭാഗം തസ്തികകളിൽ സംവരണം പാലിച്ചുള്ള നിയമനങ്ങൾ നടത്തുന്നതിന്

പ്രയാസം നേരിടാറുണ്ട്. ഐക്കോൺസിന്റെ ഷൊർണ്ണൂർ ക്യാമ്പസ്സിൽ ഓട്ടിസം ബാധിച്ച ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 24 മണിക്കൂറും പരസഹായം ലഭ്യമാക്കി അവരെ പ്രത്യേകമായി താമസിപ്പിച്ച് പരിചരിക്കുന്നതിനുള്ള സ്പെഷ്യൽ സ്കൂൾ-കം-റസിഡൻഷ്യൽ കോംപ്ലക്സിന്റെ നിർമ്മാണം സാമൂഹ്യ സുരക്ഷാ മിഷന്റെ സാമ്പത്തിക സഹായത്തോടെ ഇപ്പോൾ പൂർത്തിയായി വരികയാണ്. 2018 ആഗസ്റ്റ് മാസത്തോടെ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. തിരുവനന്തപുരം സെൻട്രലിൽ പീഡിയാട്രിക് ന്യൂറോളജിസ്റ്റിന്റെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ് തുടങ്ങി സാങ്കേതിക വിഭാഗം ജീവനക്കാരുടെയും മേൽനോട്ടത്തിൽ കോഗ്നിറ്റീവ് ഡിസോർഡർ ഉള്ളവർക്കായി മെച്ചപ്പെട്ട ചികിത്സയും പരിചരണവും നൽകിവരുന്നുണ്ട്. ഐക്കോൺസിന്റെ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി അദ്ധ്യക്ഷയായ 19 അംഗ സമിതിയും ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 10 അംഗ സമിതിയുമാണുള്ളത്. പ്രത്യേക പരിഗണന അർഹിക്കുന്ന സ്ഥാപനമെന്ന നിലയിലാണ് വളരെ നാളുകൾക്ക് മുമ്പ് രൂപീകരിച്ച ഈ രണ്ട് സമിതികളും ഇതുവരെ പുനഃസംഘടിപ്പിക്കാതിരുന്നത്. എന്നാൽ ഇക്കാര്യത്തിൽ കാലോചിതമായ മാറ്റമുണ്ടാകണമെന്നുതന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. അതിനനുസൃതമായ മാറ്റം വരുത്തുന്നതാണ്. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (RCI) അംഗീകാരത്തോടെ കോഴിക്കോട് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ബാച്ചിലർ കോഴ്സുകൾ നടക്കുന്നുണ്ട്. പി.ജി. കോഴ്സ് നടത്താൻ തീരുമാനിച്ചെങ്കിലും ആർ.സി.ഐ.യുടെ അംഗീകാരം ലഭ്യമാകാത്തതുകൊണ്ട് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല; അതിനും പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഐക്കോൺസിനെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഭരണപരമായ കാര്യങ്ങൾക്കുമായി പത്ത് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ ഐക്കോൺസിന് വിവിധ ഘട്ടങ്ങളിലായി അനുവദിച്ചിട്ടുണ്ട്. ദൈനംദിന പ്രവർത്തനത്തിനും റീ-എംപ്ലോയ്മെന്റ് ഉൾപ്പെടെ ജീവനക്കാരുടെ നിയമനം, സാമ്പത്തിക വിനിയോഗം എന്നിവ സംബന്ധിച്ച് ചില പരാതികൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന്റെ പരിശോധന കൂടാതെ ധനകാര്യ വിഭാഗത്തിന്റെ പരിശോധനകൂടി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതാണ്. ആവശ്യമായ മാറ്റങ്ങളും ഉദ്യോഗതല അഴിച്ചുപണികളും നടത്തി കൂടുതൽ ജനാധിപത്യപരവും കാലോചിതവുമായ മാറ്റം കൊണ്ടുവരണമെന്ന് താൽപ്പര്യമുണ്ട്. എന്നാൽ ഇത് മറ്റ് സ്ഥാപനങ്ങൾ പോലെയല്ല. ചിരപരിചിതരായ ആളുകളെ അവിടെ ആവശ്യമുണ്ട്. അത്തരത്തിലുള്ള പരിശീലനം ലഭിച്ചു കഴിഞ്ഞാൽ

അവരെ നിരന്തരമായി മാറ്റുന്നതിന് ചില പ്രയാസങ്ങളുണ്ട്. എന്നാലും കാലോചിതമായി ഗവേണിംഗ് ബോഡി പരിഷ്കരിക്കുന്നതിനും മറ്റ് മാറ്റങ്ങൾ വരുത്തുന്നതിനും ശ്രമിക്കുന്നതാണ്.

## (8) തസ്തിക സൃഷ്ടിക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, ഭാരതത്തിന്റെ മുൻ രാഷ്ട്രപതിയും കേരളത്തിന്റെ അഭിമാനവുമായിരുന്ന ഡോ. കെ. ആർ. നാരായണന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ ജന്മസ്ഥലമായ ഉഴവൂരിൽ സംസ്ഥാന സർക്കാർ 2006-ൽ അപ്ഗ്രേഡ് ചെയ്ത ഉഴവൂർ കെ. ആർ. നാരായണൻ മെമ്മോറിയൽ ഗവൺമെന്റ് ഹോസ്പിറ്റൽ സ്പെഷ്യാലിറ്റി വിഭാഗമായി അപ്ഗ്രേഡ് ചെയ്തുവെങ്കിലും സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഇതുവരെയും പ്രവർത്തനമാരംഭിച്ചിട്ടില്ലെന്ന പ്രശ്നമാണ് ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 2006-ൽ അപ്ഗ്രേഡ് ചെയ്ത് വിവധ ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ ബുദ്ധിമുട്ട് വന്നപ്പോൾ കഴിഞ്ഞ സർക്കാരിന്റെ ഭരണസമയത്ത് ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി 15 കോടി രൂപ അനുവദിച്ച് ആറ് നിലകളുള്ള കെട്ടിട സമുച്ചയം നല്ല രീതിയിൽ പൂർത്തിയാക്കി. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി കെട്ടിട സമുച്ചയത്തിന്റെ സമർപ്പണം നടത്തി. ഇപ്പോൾ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ നിർദ്ദേശപ്രകാരം പുതിയ കെട്ടിടത്തിൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എന്നാൽ ഇത്രയും സൗകര്യങ്ങൾ ഒരുക്കിയിട്ടും സ്പെഷ്യാലിറ്റി വിഭാഗം പ്രവർത്തിപ്പിക്കാൻ കഴിയാത്തത് ഏറ്റവും വലിയ പ്രയാസമായി നിലനിൽക്കുകയാണ്. 150 തസ്തികകളുടെ പ്രൊപ്പോസലാണ് ആദ്യം വന്നിരുന്നത് എങ്കിലും കഴിഞ്ഞ സർക്കാരിന്റെ ഭരണസമയത്ത് അത് ചുരുക്കണമെന്ന് നിർദ്ദേശിക്കുകയും 110 തസ്തികകളായി ചുരുക്കുകയും ചെയ്തു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന് കഴിഞ്ഞ മൂന്ന് ബജറ്റുകളുടെ സമയത്തും ഞാൻ പ്രൊപ്പോസൽ കൊടുക്കുകയും അദ്ദേഹം സ്ഥലം നേരിട്ട് സന്ദർശിക്കുകയും 110 തസ്തികകൾ അനുവദിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ 50 ആയി ലിമിറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രൊപ്പോസൽ ആരോഗ്യ വകുപ്പിൽ വന്നിരിക്കുകയാണ്. ആരോഗ്യ വകുപ്പിൽ നിന്നും ബന്ധപ്പെട്ട ഫയൽ എപ്പോൾ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചാലും അനുമതി നൽകാമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുള്ളത്. സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഏതാനും യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 50 തസ്തികകൾ ആവശ്യമാണ്. അതു സംബന്ധിച്ച ഫയൽ ആരോഗ്യ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിലേയ്ക്ക്

അയയ്ക്കുന്നതിനും അനുമതി നൽകുന്നതിനും ആരോഗ്യ വകുപ്പുമന്ത്രി മുൻകയ്യെടുക്കണം. ഓപ്പറേഷൻ തീയേറ്ററും മറ്റുമായി അവിടെ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കണമെങ്കിൽ 5 കോടി രൂപയുടെ പ്രൊപ്പോസൽ ആവശ്യമാണ്. അതിന്റെ ഫയലും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി ആരോഗ്യ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഇതും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ച് അനുമതി ലഭിച്ചാൽ മാത്രമേ സ്പെഷ്യാലിറ്റി യൂണിറ്റ് ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ നമ്മൾ എല്ലാവർഷവും പുഷ്പാർച്ചന നടത്തി മുൻ രാഷ്ട്രപതിയെ ആദരിക്കാറുണ്ട്. അദ്ദേഹത്തിന് ആദരവ് പ്രകടിപ്പിക്കാൻ കഴിയുന്ന വിധത്തിൽ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിച്ച് ഉഴവൂർ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ നിലവിൽ അവിടെ രണ്ട് ഷിഫ്റ്റുകളാണ് പ്രവർത്തിക്കുന്നത്. അതിനാൽ വൈകുന്നേരംവരെ മാത്രമേ ആശുപത്രി പ്രവർത്തിക്കുന്നുള്ളൂ. നിലവിലുള്ള 100 തസ്തികകൾ പ്രയോജനപ്പെടുത്തി മൂന്ന് ഷിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി ഡി.എച്ച്.എസ്.-നും കോട്ടയം ഡി.എം.ഒ.-യ്ക്കും നൽകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഉഴവൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ 2006-ലാണ് കെ. ആർ. നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തിയത്. അന്ന് സൃഷ്ടിച്ച 53 തസ്തികകളും നിലവിലുണ്ടായിരുന്ന തസ്തികകളും ചേർത്ത് 111 തസ്തികകളാണ് അവിടെയുള്ളത്. ഡോക്ടർമാർ 15 പേരാണ്. സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി പ്രവർത്തിക്കണമെങ്കിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനംകൂടി ലഭ്യമാകണം. കെ. ആർ. നാരായണൻ മെമ്മോറിയൽ ആശുപത്രിയായതുകൊണ്ടുതന്നെ ഈ ആശുപത്രിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയെന്നത് ആരോഗ്യ വകുപ്പിന്റെകൂടി താൽപ്പര്യത്തിലുള്ള വിഷയമാണ്. ശ്രീ. കെ. എം. മാണിയുടെ ഭരണകാലത്ത് ആറ് നില കെട്ടിടത്തിന് പണം വകയിരുത്തുകയും രണ്ട് നില പൂർത്തിയായി ആ കെട്ടിടത്തിലേയ്ക്ക് ആശുപത്രി പ്രവർത്തനങ്ങൾ മാറ്റുകയും ചെയ്തിട്ടുണ്ട്. എക്സ്റേ, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ, വാർഡുകൾ എന്നിവയുടെ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യാലിറ്റി ആശുപത്രിയാക്കി മാറ്റുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ.യോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് 50 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഇതിനാവശ്യമായ ധനസഹായം ചെയ്യുന്നതിനുമുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. അത് ധനകാര്യ വകുപ്പിലേയ്ക്ക് കൈമാറിക്കൊണ്ട് ആവശ്യമായ നടപടികൾ ഉടനെ സ്വീകരിക്കുന്നതാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് പ്രശ്നം പരിഹരിക്കാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം ഇന്ന് ഡി.എച്ച്.എസ്.മായി ചർച്ച ചെയ്തിരുന്നു. അവിടെയുള്ള ജീവനക്കാരെ

പ്രയോജനപ്പെടുത്തി പരിമിതമായ രീതിയിലെങ്കിലും ഐ.പി. തുടങ്ങാൻ കഴിയുമോയെന്ന പരിശോധനയാണ് നടത്തുന്നത്. മൂന്ന് ഷിഫ്റ്റാക്കുന്ന കാര്യവും ആ രീതിയിൽ പരിഗണിക്കാവുന്നതാണ്.

## (9) നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്

ശ്രീ. സി. ദിവാകരൻ: സർ, സംസ്ഥാനത്തെ 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) നടപ്പിലാക്കുന്നതോടുകൂടി ആറായിരത്തോളം വരുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഭാവി അനിശ്ചിതത്വത്തിലാകും. നിലവിൽ വി.എച്ച്.എസ്.ഇ.-യിൽ നടത്തിവരുന്ന 35-ൽപ്പരം കോഴ്സുകളിൽ 15 കോഴ്സുകൾ മാത്രമേ NSQF-ൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ബാക്കിയുള്ള ഇരുപതോളം കോഴ്സുകൾ NSQF-ൽ ഉൾപ്പെടുത്താത്തതു കാരണം കോഴ്സുകൾക്കാവശ്യമായ പുസ്തകങ്ങൾ തയ്യാറാക്കൽ അനിശ്ചിതത്വത്തിലാണ്. ഇതിനുള്ള ഏകമാർഗ്ഗം, സംസ്ഥാന സർക്കാർ എം.എച്ച്.ആർ.ഡി.-ക്ക് നിലവിലുള്ള എല്ലാ വി.എച്ച്.എസ്.ഇ. കോഴ്സുകളുടെയും ലിസ്റ്റ് നൽകുകയും കോഴ്സുകൾക്ക് ആവശ്യമായ പഠന സാമഗ്രികൾ ലഭ്യമാക്കുന്നതിന് സർക്കാർതല ഇടപെടലുകൾ നടത്തുകയും വേണം. നിലവിലുള്ള എല്ലാ വി.എച്ച്.എസ്.ഇ. കോഴ്സുകളും NSQF-ലേയ്ക്ക് മാറ്റുന്നതിലൂടെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ഉൾപ്പെടെയുള്ള 3500-ഓളം അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കപ്പെടും. ഈ സ്കീമിൽ ലാബ് അദ്ധ്യാപകരുടെ ശമ്പളം, പരിശീലനം, പുസ്തകങ്ങൾ എന്നിവയ്ക്കുള്ള ധനസഹായം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നതിനാൽ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുന്നില്ല. ഈ സാഹചര്യത്തിൽ NSQF-ലെ അവ്യക്തതകൾ മാറ്റാനും സംസ്ഥാനത്തെ മുഴുവൻ വി.എച്ച്.എസ്.ഇ. കോഴ്സുകളും NSQF-ൽ ഉൾപ്പെടുത്താനും സർക്കാർ ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയിൽ നിന്നും അനുകൂലമായ പ്രതികരണമാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് 27-12-2018 മുതൽ രാജ്യവ്യാപകമായി നടപ്പാക്കാനാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാന ബോർഡുകൾക്ക് ഇത് നടപ്പിലാക്കുന്നതിനുള്ള പിന്തുണ NCERT വഴിയും മറ്റ് ഏജൻസികൾ വഴിയും ലഭ്യമാക്കുന്നതാണ്. രാജ്യത്തെ എല്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളും അവരുടെ വിവിധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന യോഗ്യതാ മാനദണ്ഡങ്ങൾ NSQF-ന്റെ യോഗ്യതാ മാനദണ്ഡങ്ങൾക്കനുസൃതമായി പരിഷ്കരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ വൊക്കേഷണൽ കോഴ്സുകൾ

നടത്തുന്ന സ്ഥാപനങ്ങൾ നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്ററിലെ ക്വാളിഫിക്കേഷൻ പാക്കിന് അനുസൃതമായോ സ്വന്തമായി ക്വാളിഫിക്കേഷൻ നിർമ്മിച്ചോ കോഴ്സുകൾ പരിഷ്കരിച്ച് സ്വന്തമായോ മറ്റ് ഏജൻസികൾ തയ്യാറാക്കിയിട്ടുള്ളതോ ആയ കരിക്കുലം പഠന സാമഗ്രികൾ ഉപയോഗിച്ച് NSQF ചട്ടക്കൂടിലേയ്ക്ക് മാറാവുന്നതാണ്. സെക്കണ്ടറി തലത്തിൽ 9, 10 ക്ലാസ്സുകളിൽ അധികമോ നിർബന്ധിതമോ ആയ ഒരു വിഷയമായി സ്കിൽ മോഡ്യൂൾ തയ്യാറാക്കാവുന്നതാണ്. ഹയർ സെക്കണ്ടറി തലത്തിൽ വൊക്കേഷണൽ മോഡ്യൂളുകൾ അധിക വിഷയമായി ഒരു സാഹചര്യത്തിലും നൽകാൻ പാടില്ലാത്തതാകുന്നു. പകരം അക്കാദമിക് സ്കീമിലേയ്ക്ക് ഒരു നിർബന്ധിത വിഷയമായി സ്കിൽ മോഡ്യൂളുകൾ ഉണ്ടായിരിക്കേണ്ടതാണ്. ബന്ധപ്പെട്ട സെക്ടർ സ്കിൽ കൗൺസിലുകൾ തയ്യാറാക്കിയിട്ടുള്ള NOS/QP (*National Occupational Standards/Qualification Pack)* അനുസരിച്ചിട്ടുള്ള കരിക്കുലം പഠന സാമഗ്രികളായിരിക്കണം ഇതിനായി ഉപയോഗിക്കേണ്ടത്. ഈ സ്കീമിനുള്ള മാതൃകാപരമായ കരിക്കുലം പഠന സാമഗ്രികൾ തയ്യാറാക്കുന്നതിന് ഭോപ്പാലിലെ Pandit Sunderlal Sharma Central Institute of Vocational Education (PSSCIVE)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഏതാണ്ട് 13 കോഴ്സുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2018-19 അദ്ധ്യയന വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മാത്രമാണ് കേരളം NSQF നടപ്പിലാക്കുന്നത്. മറ്റ് സ്കൂളുകളിൽ നിലവിലുള്ള സ്ഥിതി തുടരും. തുടർ വർഷങ്ങളിൽ അത് പൂർണ്ണമായും മാറ്റും. കേരളത്തിലെ ചില വി.എച്ച്.എസ്.ഇ. വിഷയങ്ങൾക്ക് NSQF പ്രകാരമുള്ള കോഴ്സുകൾ നിലവിൽ ലഭ്യമല്ല. അവ ഉൾപ്പെടെ കേരളത്തിന്റെ സാഹചര്യങ്ങൾക്കിണങ്ങുന്ന തൊഴിൽ പരിശീലനങ്ങൾ NSQF-ൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുമായി സംസ്ഥാനം മുന്നോട്ടുപോകുന്നതാണ്. നിലവിൽ അംഗീകരിക്കപ്പെട്ട ചില തൊഴിൽ പരിശീലനങ്ങൾ, ഭൂപ്രകൃതി, വിഭവ ലഭ്യത, തൊഴിൽ അന്തരീക്ഷം തുടങ്ങിയവ കേരളത്തിന് ചേർന്നവയല്ല. അതിനാൽ കേരളത്തിന് ചേർന്ന തൊഴിൽപരിശീലന സംരംഭങ്ങൾക്ക് NSQF-ൽ ഇടം ലഭിക്കേണ്ടതുണ്ട്. നിലവിൽ സംസ്ഥാന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാരുടെയും തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള ക്രമീകരണത്തിനാണ് ശ്രമിക്കുന്നത്. പ്രായോഗികവും ഫലപ്രദവും സംസ്ഥാനത്തിന്റെ ഭാവിക്ക് ഗുണകരവുമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്.

### (10) കൃഷിഭൂമി വനഭൂമിയാക്കി മാറ്റൽ

ശ്രീ. കെ. സി. ജോസഫ്: സർ, കണ്ണൂർ ജില്ലയിലെ നുച്ചിയാട് വില്ലേജിലെ ഒരു പാവപ്പെട്ട കൃഷിക്കാരന്റെ ഹൃദയഭേദകമായ കഥയാണ് ഞാൻ ഇവിടെ പറയാനുദ്ദേശിക്കുന്നത്. വനം വകുപ്പിന്റെ ക്രൂരത പലപ്പോഴും സഭയിൽ ഉന്നയിക്കപ്പെടുന്നുണ്ട്. 1980-ന് മുമ്പ് പുതിയവീട്ടിൽ നാരായണൻ എന്ന കൃഷിക്കാരന് അവിടെ

7.5 ഏക്കർ കൃഷി ഭൂമിയുണ്ടായിരുന്നു. 1980-ൽ വനം വകുപ്പ് അവിടെ അനധികൃതമായി ജണ്ട സ്ഥാപിച്ച് അദ്ദേഹത്തിന്റെ ഭൂമി കൈവശപ്പെടുത്തി. 7.5 ഏക്കറിൽ 5.74 ഏക്കറും ജണ്ടയ്ക്കകത്തായി, വന ഭൂമിയായി മാറി. അദ്ദേഹത്തിന് പട്ടയമുള്ള കൃഷി ഭൂമിയാണത്. ഒരു നോട്ടീസുപോലും നൽകാതെ ജണ്ടയിട്ട് വനം വകുപ്പ് ആ ഭൂമി കൈവശപ്പെടുത്തി. കോഴിക്കോട് ഫോറസ്റ്റ് ട്രിബ്യൂണലിൽ അദ്ദേഹം കേസ് കൊടുത്തു. ആ നടപടി അസാധുവാക്കി ഭൂമി തിരിച്ചുകൊടുക്കാൻ ഫോറസ്റ്റ് ട്രിബ്യൂണൽ വിധിച്ചു. വനം വകുപ്പ് ഹൈക്കോടതിയിൽ അപ്പീൽ നൽകിയെങ്കിലും നാരായണന് അനുകൂലമായി വിധിച്ചു. വനം വകുപ്പ് വീണ്ടും സുപ്രീംകോടതിയിൽ പോയി. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിയമ വകുപ്പിന്റെ സംരക്ഷണമുള്ളതിനാൽ പാവപ്പെട്ട കൃഷിക്കാരനെതിരെ കേസ് നടത്താം, ആർക്കും മുടക്കൊന്നുമില്ല. എന്നാൽ ഈ കൃഷിക്കാരൻ വളരെ കഷ്ടപ്പെട്ട്, തെണ്ടിപ്പിരിച്ച് കേസ് നടത്തി. ഭൂമി തിരിച്ചു കൊടുക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയും വിധിച്ചു. ഭൂമി തിരികെ ലഭിക്കാൻ 2011-ൽ അപേക്ഷ നൽകിയപ്പോൾ ഈ ഭൂമി ecologically fragile land ആണെന്ന് വനം വകുപ്പ് പറഞ്ഞു. 90-ാം വയസ്സിൽ നാരായണൻ മരിച്ചു. ആ കുടുംബം അനാഥമായി. വനം വകുപ്പ് സ്വീകരിച്ച നിലപാടി നെതിരായി കോഴിക്കോട് ഫോറസ്റ്റ് ട്രിബ്യൂണൽ, ഹൈക്കോടതി, സുപ്രീം കോടതി എന്നിവയുടെ വിധിയുണ്ടായിട്ടും വനം വകുപ്പ് കേസ് നടത്തിക്കൊണ്ടിരിക്കുകയാണ്. അവരെ തോൽപ്പിക്കാൻ അവസാനമായി 2011-ൽ ഇത് ecologically fragile land ആണെന്നും പറഞ്ഞു. ആ കൃഷിക്കാരന്റെ ബന്ധുക്കൾ വീണ്ടും ഫോറസ്റ്റ് ട്രിബ്യൂണലിൽ കേസ്സിന് പോയപ്പോൾ ഈ ഭൂമി Ecologically fragile land അല്ലെന്ന് ട്രിബ്യൂണൽ വീണ്ടും വിധിച്ചു. ഇപ്പോഴും ആ ഭൂമി തിരിച്ചുകൊടുക്കുന്നില്ല എന്നുമാത്രമല്ല, ആ വിധിക്കെതിരായി വനം വകുപ്പ് വീണ്ടും അപ്പീൽ നൽകാൻ പോകുകയാണ്. ഇത് വളരെ ക്രൂരമായ നടപടിയാണ്. ആ കൃഷിക്കാരന്റെ മക്കൾ കൃഷിപ്പണി ഉപേക്ഷിച്ചു. ഒരാൾ ചുമട്ടുകാരനായി മാറി, ഒരാൾ ലോട്ടറി വിൽക്കുന്നു, ഒരാൾ ലോറി ഡ്രൈവറായി, ഒരാൾ ബാർബറായി മാറി. ഈ പാവപ്പെട്ട കൃഷിക്കാരന്റെ സ്വന്തമായ കൈവശഭൂമിക്ക് വേണ്ടി സുപ്രീംകോടതി വരെ പോയി. 'ദേവൻ കനിഞ്ഞാലും പൂജാരി കനിയുന്നില്ല' എന്ന സ്ഥിതിയാണ്. അങ്ങ് ഈ ഫയൽ പരിശോധിക്കണം. നിരന്തരമായ നിയമക്കുരുക്കിൽപ്പെടുത്തി ഈ കൃഷിക്കാരനെ ദ്രോഹിക്കാതെ അങ്ങ് ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് അപേക്ഷി ക്കാനുള്ളത്. വനം വകുപ്പിനോട് ആവശ്യപ്പെടാൻ പോയാൽ അവർ അവരുടെ നിലപാട് ന്യായീകരിക്കാനേ ശ്രമിക്കുകയുള്ളൂ, തിരുത്താൻ തയ്യാറാകില്ല. അതുകൊണ്ട് ജില്ലാ കളക്ടറെക്കൊണ്ട് അന്വേഷിപ്പിക്കണം. ഈ കുടുംബത്തിന്റെ ഭാവി ഇനിയും അനിശ്ചിതമാക്കരുത്. ആ കൃഷിക്കാരനോട് ദയ കാണിക്കണം. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന പട്ടയഭൂമി വിട്ടുകൊടുക്കാനാവശ്യമായ നടപടിയുണ്ടാകണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, പുതിയ വീട്ടിൽ നാരായണന്റെ കൈവശമുണ്ടായിരുന്ന 7.47 ഏക്കർ ഭൂമിയിൽ നിന്ന് 5.74 ഏക്കർ ഭൂമി കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ആക്ട്, 1971 പ്രകാരം സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുകയും ആയത് ജണ്ട കെട്ടി സംരക്ഷിച്ച് പോരുന്നതുമാണ്. ഇതിനെതിരെ ടിയാൻ 1987-ൽ OA 1487 ആയി ഫോറസ്റ്റ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും ആയത് 11-4-1990-ൽ ട്രിബ്യൂണൽ തള്ളിക്കളഞ്ഞതുമായിരുന്നു. പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ OP 10314/91-മേൽ 22-10-1991-ലെ നിർദ്ദേശാനുസരണം ഫോറസ്റ്റ് ട്രിബ്യൂണൽ, പാലക്കാട് ടിയാന്റെ OA 10890 പരിഗണിക്കുകയും ആയത് 26-2-2002-ൽ തള്ളിക്കളയുകയും ചെയ്തിരുന്നു. ഇതിനെതിരെ ടിയാൻ MFA 504/93 ആയി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതി പ്രസ്തുത കേസ് ഫോറസ്റ്റ് ട്രിബ്യൂണലിലേയ്ക്ക് മാറ്റിക്കൊണ്ട് 14-11-2000-ൽ വിധി പ്രസ്താവിച്ചതിനെ തുടർന്ന് ആയത് OA 7/2001 ആയി ഫോറസ്റ്റ് ട്രിബ്യൂണൽ, കോഴിക്കോട് മുമ്പാകെ പരിഗണനയ്ക്ക് വരികയും ആയതിൽ 19-11-2003-ൽ ടിയാന് അനുകൂലമായി വിധിയുണ്ടാകുകയും ചെയ്തിരുന്നു. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത MFA 124/2004, ബഹുമാനപ്പെട്ട ഹൈക്കോടതി 26-5-2010-ന് തള്ളിക്കളയുകയും ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP 32905/10, 16-10-2010-ന് സുപ്രീം കോടതി തള്ളിക്കളയുകയും ചെയ്തു. വളപട്ടണം പുഴയുടെ വൃഷ്ടി പ്രദേശമായതിനാലും ജൈവ സമ്പുഷ്ട മേഖലയായതിനാലും അതിന്റെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് ടി ഭൂമിയെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമിയെന്ന നിലയിൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൽ ലാൻഡ് ആക്ട്, 2003-ലെ സെക്ഷൻ 3(1) പ്രകാരം 29-7-2011-ലെ കേരള ഗസറ്റ് നമ്പർ 35-ലെ നോട്ടിഫിക്കേഷൻ അനുസരിച്ച് EFL ഭൂമിയായി നോട്ടിഫൈ ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, വളപട്ടണം പുഴയെവിടെയാണ്; നുച്ചിയാട് എവിടെയാണ്?

ശ്രീ. കെ. രാജു: സർ, സബ്മിഷന്റെ മറുപടി അങ്ങൊന്ന് കേൾക്കണം. ഈ തീയതികളെല്ലാം അങ്ങ് ശ്രദ്ധിക്കുന്നുണ്ടാകുമല്ലോ. 2011-ൽ നടന്ന കാര്യമാണ് പറയുന്നത്. EFL ഭൂമിയായി നോട്ടിഫൈ ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചത് 2011-ലാണ്. ഇതിനെതിരെ അപേക്ഷകൻ ഫോറസ്റ്റ് ട്രിബ്യൂണൽ, കോഴിക്കോട് മുമ്പാകെ OA 1/2012 ആയി ഫയൽ ചെയ്യുകയും ആയതിനും അപേക്ഷകന് അനുകൂലമായി 11-11-2013-ന് വിധി പ്രസ്താവിക്കുകയും ചെയ്തു. ഈ വിധിക്കെതിരെ ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശം തേടുകയും ആയതിന്റെ അടിസ്ഥാനത്തിൽ

പ്രസ്തുത വിധിക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ MFA 90/2014 എന്ന അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തു. 2014-ൽ അങ്ങയുടെ മന്ത്രിസഭയുടെ കാലഘട്ടത്തിലാണ് ഈ അപ്പീൽ ഫയൽ ചെയ്തത്. അപ്പീൽ ഫയൽ ചെയ്യുന്നില്ല എന്ന നിലപാട് അന്ന് സ്വീകരിച്ചിരുന്നെങ്കിൽ അങ്ങേയ്ക്ക് ഇന്ന് ഈ സബ്മിഷൻ ഉന്നയിക്കേണ്ടി വരില്ലായിരുന്നു. മേൽ കേസ് 30-11-2015-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹിയറിംഗിന് വരികയുണ്ടായി. താങ്കൾ അംഗമായിരുന്ന മന്ത്രിസഭ ഫയൽ ചെയ്ത ആ അപ്പീലിൽ നാളിതുവരെ തീരുമാനമൊന്നുമായിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഫോറസ്റ്റ് ട്രിബ്യൂണലിന്റെ വിധിക്കെതിരെ 2014-ൽത്തന്നെ അപ്പീൽ സമർപ്പിച്ചിരുന്നു. അതല്ലാതെ പുതിയവീട്ടിൽ നാരായണനെതിരെ വനം വകുപ്പ് പുതിയ അപ്പീലുകളോ മറ്റു നടപടികളോ ഒന്നും ഫയൽ ചെയ്തിട്ടില്ല എന്ന വിവരമാണ് ഈയവസരത്തിൽ സബ്മിഷന് മറുപടിയായി അങ്ങയെ അറിയിക്കാനുള്ളത്.

### (11) മലയോര ഹൈവേ

<u>ശ്രീ. പി. വി. അൻവർ</u>: സർ, കേരളത്തിലെ മുഴുവൻ ജനങ്ങളും വലിയ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന മലയോര ഹൈവേയുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. നിർദിഷ്ട മലയോര ഹൈവേയുടെ ഭാഗമാണ് മേപ്പാടി-മുണ്ടേരി പാത. സ്റ്റേറ്റ് ഹൈവേ 59 എന്ന പേരിൽ അറിയപ്പെടുന്നതാണ് ഈ പാത. മലപ്പുറം ജില്ലയിൽ മുണ്ടേരി മുതൽ പൂക്കോട്ടുംപാടം വരെയും മൂലേപ്പാടം മുതൽ പൂക്കോട്ടുംപാടം വരെയുമുള്ള രണ്ട് ഭാഗങ്ങളിലായി 101 കി. മീ. ദൂരമാണ് മലയോര ഹൈവേയ്ക്കുള്ളത്. വയനാടും മലപ്പുറവും അടുത്തടുത്ത ജില്ലകളാണ്. നിലവിൽ രണ്ട് ജില്ലകളിലേയ്ക്കും നേരിട്ട് റോഡ് സൗകര്യമില്ല. ഇപ്പോൾ വയനാട് ജില്ലയിൽ എത്തണമെങ്കിൽ കോഴിക്കോട് ജില്ലയിലെ താമരശ്ശേരി വഴിയോ അല്ലെങ്കിൽ തമിഴ്നാട്ടിലെ നാടുകാണി വഴിയോ തിരിഞ്ഞുപോകണം. താമരശ്ശേരി വഴി 100 കി.മീ. ദൂരവും നാടുകാണി വഴി 120 കി.മീ. ദൂരവും നിലമ്പൂരിൽ നിന്ന് വയനാട് ജില്ലയിലെ കൽപ്പറ്റയിലേയ്ക്കുണ്ട്. വയനാട് ജില്ലയിലെ മേപ്പാടിയിൽ നിന്ന് ചൂരൽമല, അരുണപ്പുഴ വഴി മലപ്പുറം ജില്ലയിലെ കോട്ടുകൽ ഗ്രാമപഞ്ചായത്തിലെ മുണ്ടേരിയിലേയ്ക്ക് കാട്ടുപാതയുണ്ട്. കൂപ്പ് ജോലിക്കാരും ആദിവാസികളും ഏറെക്കാലമായി ഉപയോഗിച്ചിരുന്ന പാതയാണിത്. ഈ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി അലൈൻമെന്റ് പ്രൊപ്പോസലുണ്ട്. ഈ റോഡ് യാഥാർത്ഥ്യമാകുന്നതോടെ കൽപ്പറ്റയിൽ നിന്ന് നിലമ്പൂരിലേയ്ക്കുള്ള ദൂരം 60 കിലോമീറ്ററായി ചുരുങ്ങുകയും 40 കിലോ മീറ്റർ ദൂരം താമരശ്ശേരി വഴി കുറയുകയും ചെയ്യും.

ഇന്ധന നഷ്ടവും സമയനഷ്ടവും ദേശീയ നഷ്ടമായി കണക്കാക്കിയാൽ ഇതൊരു വലിയ നഷ്ടമായി ഇന്നും തുടരുകയാണ്. ചൂരൽ മലയിൽ നിന്ന് 12 കിലോ മീറ്റർ ദൂരമാണ് പുതിയതായി റോഡ് നിർമ്മിക്കേണ്ടത്. ഇതിൽ നാലര കിലോ മീറ്ററോളം ദൂരം മാത്രമാണ് വനത്തിലൂടെ പോകുന്നത്. ഈ പ്രദേശത്തുള്ളത് നിബിഡ വനങ്ങളല്ല. കാട്ടുപാതയുള്ള സ്ഥലത്ത് നിലവിൽ കാര്യമായ ജൈവസമ്പത്തോ മരങ്ങളോ ഇല്ല. ഇപ്പോൾ ആദിവാസികൾ റോഡായി ഉപയോഗിക്കുന്ന ഏരിയ കൂടിയാണിത്. മലയോര ഹൈവേ വയനാട്, മേപ്പാടി വഴി മലപ്പുറം ജില്ലയിലൂടെ പാലക്കാട് ജില്ലയിലേയ്ക്ക് പ്രവേശിക്കുന്ന വിധമാണ് ക്രമീകരിച്ചിരിക്കുന്നത്. മേപ്പാടി മുതൽ മുണ്ടേരി വരെയുള്ള റോഡ് നിർമ്മിക്കുന്നതോടെയാണ് മലയോര ഹൈവേയുടെ യഥാർത്ഥ പ്രയോജനം സംസ്ഥാനത്തിന് ലഭിക്കുന്നത്. ഈ പാതയുടെ സർവ്വേ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് വനം വകുപ്പിന്റെ അനുമതിക്കായി രേഖാമൂലം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ സർവ്വേ നടത്തുന്നതിന് തലപ്പാടി മുതൽ കുമ്പളപ്പാറ വരെയുള്ള നാലര കിലോ മീറ്റർ ദൂരത്ത് 15 മീറ്റർ വീതിയിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേയാണ് നടത്തേണ്ടത്. സ്ഥലം വിട്ടു നൽകുന്നതൊക്കെ തുടർ നടപടികളായതിനാൽ സർവ്വേയ്ക്കായി മാത്രം ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതില്ലെന്നാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കിയിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 2017 ആഗസ്റ്റ് 7-ാം തീയതി ഡി.ആർ.എ. 2016/2774 നമ്പരായി ഡി.എഫ്.ഒ. നോർത്ത് മലപ്പുറത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നിട്ട് ഇതുവരെയും സർവ്വേ നടത്തുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടില്ല. പ്രദേശത്തെ ജീവജാലങ്ങൾക്കോ വനസമ്പത്തിനോ മരങ്ങൾക്കോ യാതൊരു നാശനഷ്ടവും വരുത്താതെ ഇൻവെസ്റ്റിഗേഷൻ സർവ്വേ നടപടികൾക്ക് അനുമതി നൽകി രണ്ട് ജില്ലക്കാരുടെ ചിരകാല സ്വപ്നമായ മേപ്പാടി-മുണ്ടേരി പാത നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി യാഥാർത്ഥ്യമാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. നിർദ്ദിഷ്ട പാത ഇത്രയും കാലമായി തടസ്സപ്പെട്ടു കിടക്കുകയാണ്. ഇത് നിലമ്പൂർക്കാരുടെയോ വയനാട്ടുകാരുടെയോ മാത്രം ആവശ്യമല്ല. കേരളത്തിലെ മുഴുവൻ ആളുകൾക്കും ഉപയോഗിക്കാൻ കഴിയുന്ന പാതയാണ്. വയനാട് ചുരം എപ്പോഴും ബ്ലോക്കാണ്. അങ്ങനെ സംഭവിച്ചാൽ സമാന്തര പാതയായിപോലും നമുക്ക് ഈ പാത ഉപയോഗിക്കാൻ കഴിയും. ഇത്രയും അനിവാര്യമായ, മലയോര ഹൈവേയുടെ ഭാഗമായിട്ടുള്ള നാലര കിലോ മീറ്റർ പാതയ്ക്ക് സർവ്വേ നടത്തി അനുമതി നൽകാനുള്ള ആർജ്ജവം ബഹുമാനപ്പെട്ട മന്ത്രി കാണിക്കേണ്ടതുണ്ട്. ഇതിന്റെ പേരിൽ ഒരു കാരണവശാലും റോഡ് തടസ്സപ്പെടരുത്. റോഡ് കടന്നുപോകുന്ന നിലമ്പൂരിന്റെ ജനപ്രതിനിധി എന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയോട് പറയാൻ ആഗ്രഹിക്കുന്നത്, ഏകദേശം പത്തോളം ഏക്കർ ഭൂമി നിർദ്ദിഷ്ട

ഹൈവേയ്ക്കായി വനം വകുപ്പ് വിട്ടുകൊടുക്കുകയാണെങ്കിൽ അത്രയും ഭൂമി വ്യക്തിപരമായി വാങ്ങി നൽകാൻ ഞാൻ തയ്യാറാണ്. അക്കാര്യം എഴുതി നൽകാനും തയ്യാറാണ്. അതിന്റെ പേരിൽ റോഡ് തടസ്സപ്പെടരുത്. ആദിവാസികളെ സംബന്ധിച്ച് അവർക്ക് കടന്നുവരാനുള്ള വഴിയാണ്. ടൂറിസ്റ്റുകൾക്ക് ഉൾപ്പെടെ എല്ലാവർക്കും വളരെ അനിവാര്യമായ റോഡാണ്. പിണറായി വിജയൻ സർക്കാരിനെതിരെ ശക്തമായി പ്രസംഗിക്കുന്നവർ, ആ പ്രസംഗം കഴിഞ്ഞാൽ പറയുന്നത് പിണറായി ഉള്ളപ്പോൾ മാത്രമേ ഇതൊക്കെ നടക്കുവെന്നും അദ്ദേഹമുള്ളപ്പോൾ മാത്രമേ ഇതൊക്കെ നടത്താൻ കഴിയൂ എന്നുമാണ്. ആ സർക്കാർ അധികാരത്തിലുള്ളപ്പോൾ ദയവായി ഇതിനുവേണ്ടി നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം ഓർമ്മപ്പെടുത്തുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി(ശ്രീ. കെ. രാജു): സർ, സംസ്ഥാനത്ത് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ നിർമ്മിക്കാനുദ്ദേശിക്കുന്ന മലയോര ഹൈവേയ്ക്ക് 9 ജില്ലകളിലായി 66.2 ഹെക്ടർ വനഭൂമി ആവശ്യമായിവരുമെന്ന് പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുള്ളതാണ്. നിലവിലുള്ള റോഡ് 12 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് ഇപ്പോഴുള്ളതിൽ കൂടുതലായി വനഭൂമി ആവശ്യമായി വരും. പ്രസ്തുത പദ്ധതിയുടെ ഭാഗമാണ് വയനാട് ജില്ലയിലെ ചൂരൽമല മുതൽ മലപ്പുറം ജില്ലയിലെ മുണ്ടേരി വരെയുള്ള ഭാഗം. രണ്ടാംഘട്ടമായി അടുത്ത വർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭാഗങ്ങളിലാണ് വനഭൂമി ആവശ്യമായിട്ടുള്ളത്. പല ഭാഗങ്ങളിലായി ആകെ 161.47 കിലോ മീറ്റർ നീളത്തിൽ ഉദ്ദേശം 66.2 ഹെക്ടർ വനഭൂമിയാണ് റോഡ് വികസനത്തിന് ആവശ്യമായി കണക്കാക്കിയിട്ടുള്ളത്. നിർദ്ദിഷ്ട അലൈൻമെന്റ് പ്രകാരം വിശദമായ സർവ്വേ നടത്തിയിട്ടില്ല. കൃത്യമായ വിസ്തീർണ്ണം, എത്ര മരങ്ങൾ മുറിക്കേണ്ടി വരും തുടങ്ങിയവ സർവ്വേ കഴിഞ്ഞാൽ മാത്രമേ കണക്കാക്കാൻ സാധിക്കൂ. 24-11-2017-ന് എന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മലയോര ഹൈവേ വികസനത്തിന് ഓരോ ജില്ലയ്ക്കും ആവശ്യമായ വനഭൂമിയുടെ യഥാർത്ഥ വിസ്തൃതി നിർണ്ണയിക്കുന്നതിനും ജില്ലാതലത്തിൽ വനം വകുപ്പും പൊതുമരാമത്ത് വകുപ്പും സംയുക്തമായി പരിശോധന നടത്തുന്നതിനും പ്രസ്തുത പരിശോധന നടത്തുന്നതിനുവേണ്ടി ഓരോ ജില്ലയിലും മലയോര ഹൈവേ കടന്നുപോകുന്ന അലൈൻമെന്റിൽ വനഭൂമിയുടെ ഭാഗം രേഖപ്പെടുത്തിയ സ്കെച്ച് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഹിൽ ഹൈവേ കടന്നുപോകുന്ന വനഭൂമിയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനും പരിസ്ഥിതിക്കും വനത്തിനും വന്യജീവികൾക്കും

ഉണ്ടായേക്കാവുന്ന ആഘാതങ്ങളെക്കുറിച്ചും സംയുക്ത പരിശോധന ആവശ്യമാണ്. ഹിൽ ഹൈവേ സംബന്ധിച്ച് ഏറ്റെടുക്കേണ്ട വനഭൂമിയുടെ വിവരം പൊതുമരാമത്ത് വകുപ്പ് അറിയിക്കുകയും ആയത് അതാത് ഡിവിഷൻ ജില്ലാ തലത്തിൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. (റോഡ്സ്) ഉദ്യോഗസ്ഥരുമായി സംയുക്തമായി പരിശോധിച്ച്, ഇതിലേയ്ക്ക് വേണ്ടി വരുന്ന വനഭൂമി ജില്ല തിരിച്ച് കണക്കാക്കി പ്രാഥമിക റിപ്പോർട്ട് നൽകുവാൻ എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിക്കഴിഞ്ഞു. കൂടാതെ ഏതെങ്കിലും ഭാഗം വന സംരക്ഷണ നിയമ പ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണെങ്കിൽ ബദൽ മാർഗ്ഗങ്ങൾ ആരായാനും അത് ലഭ്യമെങ്കിൽ അക്കാര്യം റിപ്പോർട്ട് ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. ഈ പറയുന്ന രീതിയിൽ ഓരോ ജില്ലയിലും ഹിൽ ഹൈവേ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലത്തെ സംബന്ധിച്ച് വ്യക്തമായ ധാരണയും പൊതുമരാമത്ത് വകുപ്പും വനം വകുപ്പും സംയുക്തമായി നടപ്പിലാക്കി എത്രയും പെട്ടെന്ന് അതിന്റെ സ്കെച്ച് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അത് കൃത്യമായി നടക്കുമ്പോൾ ഈ പ്രശ്നത്തിന് പരിഹാരം കാണും. ഇത് ഹിൽ ഹൈവേയുടെ ഭാഗമായി വരുന്നതാണ്. അദ്ദേഹം പറഞ്ഞ നാല് കിലോ മീറ്റർ ഭാഗം മാത്രമായി പരിഗണിക്കുന്ന വിഷയത്തിനാണെങ്കിൽ, പ്രത്യേക അപേക്ഷ തന്നാൽ പരിഹാര വനവൽക്കരണത്തിന് സ്ഥലം വനത്തിലേയ്ക്ക് കൈമാറാമെന്ന് അദ്ദേഹം പറയുന്ന സാഹചര്യത്തിൽ, പ്രായോഗികമായിട്ടുള്ളത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. സി. ദിവാകരൻ: ചട്ടങ്ങൾ സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു.

## VIII റിപ്പോർട്ടുകളുടെ സമർപ്പണം

### 1. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മുല്ലക്കര രത്നാകരൻ: പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. മോൻസ് ജോസഫ്: മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## IX റിപ്പോർട്ടുകളുടെ പരിഗണന

### (1) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു. റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

### (2) ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. സി. ദിവാകരൻ: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഈ റിപ്പോർട്ടിന്റെ കോപ്പി ഇതുവരെ മെമ്പർമാർക്ക് കിട്ടിയിട്ടില്ല. ഇതിനകത്ത് ഭേദഗതികൾ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇത് പഠിക്കാൻ അവസരം വേണം. ഭേദഗതിയെന്താണെന്നോ പരിഗണനയ്ക്കെടുക്കുന്നത് എന്താണെന്നോ അറിയില്ല. അതുകൊണ്ട് ഇത് നാളെ പരിഗണിക്കാനായി മാറ്റി വയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിന്റെ റിപ്പോർട്ട് അംഗങ്ങൾക്ക് ലഭിക്കാത്തതുകൊണ്ടാണ് ഇത് പരിഗണനയ്ക്ക് എടുക്കുന്നതിനുമുമ്പ് ഇതിനെ സംബന്ധിച്ച് എനിക്ക് പറയാനുണ്ടെന്ന് പറഞ്ഞത്.

മി. സ്പീക്കർ: ഇതിന്റെ ഭേദഗതികൾ സംബന്ധിച്ച അഭിപ്രായങ്ങളും റിപ്പോർട്ടും അംഗങ്ങൾക്ക് ലഭിക്കാത്തതിനാൽ അംഗങ്ങൾക്ക് പഠിക്കാനുള്ള സമയം അനുവദിച്ചുകൊണ്ട് ഈ റിപ്പോർട്ട് നാളെ പരിഗണിക്കാനായി മാറ്റിവയ്ക്കുന്നു.

(ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 4-4-2018-ന് പരിഗണിക്കുന്നതിനായി മാറ്റിവച്ചു)

## X നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ

(ii) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലും 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. ബില്ലിന്റെ ചർച്ചയ്ക്ക് പരിമിതിയില്ലെന്ന് എല്ലാവർക്കുമറിയാം. എങ്കിലും ചെയർ ഓർമ്മപ്പെടുത്തുകയാണ്; 14 അംഗങ്ങളാണ് സംസാരിക്കാനുള്ളത്. ഒരിക്കൽ ഇത് നിരാകരിച്ചതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഓർഡിനൻസ് വന്നതുകൊണ്ട് വീണ്ടും അവസരം നൽകേണ്ട സാഹചര്യമാണുള്ളത്. അതുകൊണ്ട് 14 അംഗങ്ങൾ സംസാരിക്കാനുണ്ടെന്നുള്ളത് മനസ്സിലാക്കി 10 മിനിറ്റിൽ ഒതുങ്ങിനിന്ന് സംസാരിച്ചാൽ നന്നായിരിക്കും.

ശ്രീ. ഹൈബി ഈഡൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് 2018-ലെ 9-ാം നമ്പർ ഓർഡിനൻസായ 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാർ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. ഹൈബി ഈഡനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: Sir, I move that " This House resolves to disapprove the Kerala Investment Promotion and Facilitation (No.2) Ordinance 2018 (Ordinance No.9 of 2018)." സംസ്ഥാനത്തെ വ്യാവസായിക സംരംഭങ്ങളെ രക്ഷിക്കുന്നതിന് നടപടിയുണ്ടാകണം. കേരളം വ്യാവസായികമായി മുന്നോട്ട് വരുന്നതിനുവേണ്ടി നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കണം. അതൊരു പദപ്രയോഗമെന്ന നിലയിൽ ആലങ്കാരിക ഭാഷയായി

നിൽക്കുന്നുവെന്നല്ലാതെ യഥാർത്ഥ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറുന്നില്ല. അതിന് രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണുള്ളത്. ഒന്ന്, നിക്ഷേപകർക്ക് അനുകൂലമായ സമീപനം അഡ്മിനിസ്റ്റേറ്റീവായി വരുന്നില്ലെന്നുള്ള ഭയപ്പാടാണുള്ളത്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള ഏഴെട്ട് അപാകതകൾ ഒഴിവാക്കുന്നതിനുള്ള നടപടികളാണ് അങ്ങ് ഇവിടെ കൊണ്ടുവന്ന നിയമത്തിലുള്ളത്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടിയോടൊപ്പം അതിനൊരു മറുവശവുമുണ്ട്. ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുമ്പോഴുണ്ടാകുന്ന കാലതാമസമാണ് രണ്ടാമത്തെ കാര്യം. ഒരു പ്രോജക്ട് കൊണ്ടുവന്ന് സബ്മിറ്റ് ചെയ്താൽ അതിന്റെ ക്ലിയറൻസിനുവേണ്ടി കാത്തിരിക്കണം. ആ ക്ലിയറൻസ് ലഭിക്കുമ്പോൾ അതിന്റെ സാമ്പത്തിക സഹായത്തിനുവേണ്ടി ഒരു ധനകാര്യ സ്ഥാപനത്തെ സമീപിച്ച് അവിടെനിന്നും അനുകൂലമായ തീരുമാനം ഉണ്ടായെങ്കിൽ മാത്രമേ തറക്കല്ലിടുന്ന രൂപത്തിലേയ്ക്ക് എത്തുകയുള്ളൂ. അത്തരത്തിലുള്ള ഒരു നല്ല അന്തരീക്ഷം ഉണ്ടാകുന്നില്ല. അങ്ങയുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. കാരണം അഡ്മിനിസ്റ്റേറ്റീവായിട്ടുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനുള്ള നടപടിയെന്ന നിലയിലാണ് അങ്ങ് ഈ നിയമം കൊണ്ടുവരുന്നത്. ഒരു അപേക്ഷ കൊടുത്താൽ അന്നുതന്നെ അതിന് മറുപടി ലഭ്യമാക്കണമെന്നും തീരുമാനമെടുക്കണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. അത് പ്രായോഗികമാണോ? എക്സ്പ്ലോസീവ് ലൈസൻസ് കിട്ടണമെങ്കിൽ ഒരു വ്യക്തി എവിടെയെല്ലാം പോകണം? താഴെത്തട്ട് മുതൽ മുകളറ്റം വരെയുള്ള ഓഫീസുകൾ ഓരോന്നായി കയറിയിറങ്ങിയാലും എത്രയോ വർഷക്കാലം ലൈസൻസിനുവേണ്ടി അവർ കാത്തിരിക്കണം. ഏജൻസിയായിട്ടുള്ള കാര്യങ്ങളാണ് ഇതിനകത്തെ പ്രധാനപ്പെട്ട പ്രശ്നം. നിക്ഷേപകരായി വരുന്നവർ നമ്മുടെ സംസ്ഥാനത്ത് മുതൽ മുടക്കിയാൽ അതിൽനിന്ന് നമുക്ക് ഡയറക്ടായി പ്രയോജനമുള്ളതോടൊപ്പം ഇൻ ഡയറക്ടായി ജോലി ലഭിക്കുന്ന അവസ്ഥയുമുണ്ട്. അതിന് കഴിയത്തക്കവിധത്തിലുള്ള ഒരു സമീപനം സംസ്ഥാനത്തുണ്ടാകുന്നില്ലെന്നുള്ളത് നിക്ഷേപകർ പൊതുവെ പറയുന്ന കാര്യമാണ്. സർക്കാരിനുതന്നെ നിയന്ത്രിക്കാൻ കഴിയുന്ന കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി., കെ.എസ്.എഫ്.ഇ. എന്നീ ധനകാര്യ സ്ഥാപനങ്ങൾപോലും ഇങ്ങനെ വച്ചുനീട്ടുകയാണ്. അതുകൊണ്ട് സർക്കാർ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളുടെ യോഗം വിളിക്കണം. ഈ സ്ഥാപനങ്ങളുടെ പലിശ തന്നെ വളരെ കൂടുതലാണ്. അങ്ങ് ഇത് പരിശോധിക്കണം. പാവപ്പെട്ട നിക്ഷേപകൻ 16 ശതമാനം പലിശയ്ക്ക് പണമെടുത്ത് എങ്ങനെ വ്യവസായത്തിൽ നിക്ഷേപിക്കും; അവർക്ക് എങ്ങനെ രക്ഷപെട്ട് പോകാനാകും? ഇതൊരു ടേക്ക് ഓഫ് സ്റ്റേജിലേയ്ക്ക് വരുമ്പോൾത്തന്നെ എത്രയോ കാലം നീണ്ടുപോകുകയാണ്. അവസാനം ആ നിക്ഷേപകൻ ഇതെല്ലാം ഉപേക്ഷിച്ചുപോകുകയാണ് ചെയ്യുന്നത്.

രണ്ടാമത്തെ കാര്യം, കടമെടുത്താൽ ഉണ്ടാകാൻ പോകുന്ന പ്രശ്നം, സർഫേസി ആക്ട് അനുസരിച്ചാണ് ഇപ്പോൾ ഇവരെയൊക്കെ പിടിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലൊട്ടാകെ കടമെടുത്തിട്ടുള്ളവരോട് ബ്ലേഡ് കമ്പനിക്കാരൻ ചെയ്യുന്നതിനെക്കാൾ ക്രൂരമായ സമീപനമാണ് ചില ധനകാര്യ സ്ഥാപനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. അവർ ഗുണ്ടകളെ വയ്ക്കുകയും ഹയർ ചെയ്യുകയും ചെയ്യും. എന്നിട്ട് അവർ ഇത്രയും പിരിച്ച് ഇവിടെ തന്നാൽ മതിയെന്ന് പറയും. കെയർ ആൻഡ് ഷെയർ എന്ന് പറയുന്നതുപോലെ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് അവരെ കെയർ ചെയ്യുകയും അവർക്ക് കുറെ വിഹിതം ഷെയർ ചെയ്യുകയും ചെയ്യുകയാണ്. അതിന്റെ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നത് ഈ നാട്ടിലെ നിക്ഷേപകരാണ്. അതുകൊണ്ട് നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റണമെന്നുണ്ടെങ്കിൽ അതിന് കഴിയത്തക്ക രൂപത്തിലേയ്ക്ക് നമുക്ക് പോകാൻ സാധിക്കണം. ഇവിടെ അനാവശ്യമായ കാലതാമസം ഒരു അപേക്ഷാ ഫോറത്തിന്മേൽ വരികയാണെങ്കിൽ അതിനെക്കുറിച്ച് ചോദ്യം ചെയ്യാൻ കഴിയണ്ടേ? അങ്ങനെ അനാവശ്യമായി കാലതാമസമുണ്ടാക്കുന്നവർക്കെതിരെ ശക്തമായ നടപടിയുണ്ടാകണ്ടേ? ഒരു നടപടിയും നമ്മുടെ സംസ്ഥാനത്തില്ല. അനാവശ്യമാണെങ്കിൽ അവർ എന്തെങ്കിലും ഒരു റീസൺ പറഞ്ഞ് ആ ഫയൽ താഴോട്ടും മേലോട്ടും ഓടിച്ച് വട്ടംകറക്കി അവസാനം അതിന്റെ നടുവൊടിച്ച് നമ്മുടെ ചുവന്ന ഫയലിനകത്ത് കയറ്റിവയ്ക്കുകയാണ് ചെയ്യുന്നത്. ഇന്ന് ഭരിച്ചുകൊണ്ടിരിക്കുന്ന പാർട്ടിയുടെ മാത്രം പ്രത്യേകതയാണ് എന്നൊന്നും ഞാൻ പറയുന്നില്ല. ഞാൻ ഇത് പറഞ്ഞാൽ സ്വാഭാവികമായി അങ്ങ് ഇവിടെ എഴുന്നേറ്റ് നിന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയ കാലംമുതലുള്ള ചരിത്രം വേണമെങ്കിൽ പറയാമെന്ന് പറയും. പക്ഷെ, യാഥാർത്ഥ്യം, ഈ പാവപ്പെട്ടവരെ വേട്ടയാടുന്നുവെന്നുള്ള സത്യം നമുക്ക് മറച്ചുവയ്ക്കാൻ കഴിയില്ല. അതുകൊണ്ട് ഈ രൂപത്തിലുള്ള വിഷമങ്ങളും പ്രയാസങ്ങളുമെല്ലാം മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. സാധാരണ കുട്ടികൾക്ക് പരീക്ഷ വരുമ്പോൾ പ്ലസ് മാർക്കും മൈനസ് മാർക്കുമുണ്ട്. തെറ്റിപ്പോയാൽ മൈനസ് മാർക്കിടും; ശരിയാണെങ്കിൽ പ്ലസ് മാർക്കിടും. ഇവിടെ ഒരു ഫയൽ മനഃപൂർവ്വം വച്ച് താമസിപ്പിക്കുകയാണെങ്കിൽ ആ താമസിപ്പിക്കുന്ന വ്യക്തിക്കെതിരായി നടപടിയെടുക്കാൻ കഴിയണ്ടേ? എനിക്ക് തോന്നുന്നു, കേരള ചരിത്രത്തിൽ ഇന്നോളം അങ്ങനെയൊരു നടപടിയുണ്ടായിട്ടില്ല. അപ്പോൾ നമ്മുടെ ഓഫീസുകൾ സ്ഥിരമായി ഇതേ പണി ചെയ്യുന്നവരുടെ താവളങ്ങളായി മാറിയിരിക്കുന്നു. അതിന്റെ ശുദ്ധീകരണം സർക്കാർ ഓഫീസുകളിൽ തന്നെയുണ്ടാകണമെന്നതാണ് എന്റെ അഭിപ്രായം. ഞാൻ ദീർഘമായി മറ്റുകാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. കാരണം അങ്ങയുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നില്ലെന്ന് ഞാൻ നേരത്തെതന്നെ പറഞ്ഞു. ഇത് ഭംഗിയായി നടപ്പാക്കുന്നതിനുള്ള നടപടിയുണ്ടാകണം. രണ്ട് പ്രാവശ്യം ഈ ഓർഡിനൻസ് റീ-ഇഷ്യു ചെയ്യേണ്ടി വന്നു. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ

ശ്രുഷ്കാന്തി ഇവിടെ സംസാരിക്കുന്നതുപോലെ അത്ര സംശുദ്ധമാണെന്ന് വിചാരിക്കാൻ കഴിയില്ല. ആദ്യം ഓർഡിനൻസ് ഇറക്കി. അതിനെത്തുടർന്ന് സഭാസമ്മേളനം വരുമ്പോൾ ആ സമ്മേളനത്തിൽ വച്ച് പാസ്സാക്കി പോകേണ്ടതായിരുന്നു. പക്ഷേ റീ-ഇഷ്യു ചെയ്തുപോകുകയായിരുന്നു. എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോട് ഒരു കാര്യം പറയാനുണ്ട്. ഓർഡിനൻസുകൾ റീ-ഇഷ്യു ചെയ്യുന്നത് സംബന്ധിച്ച് കോടതി വിധികൾ വന്നിട്ടുണ്ടായിരുന്നു, ധാരാളം റൂളിംഗുകളും ഉണ്ടായിട്ടുണ്ട്. ഒരു നിയമസഭാ സമ്മേളനം നടത്തുമ്പോൾ അതുവരെ പെൻഡിംഗായി വരുന്ന ഓർഡിനൻസുകൾ റീ-പ്ലേസ് ചെയ്യുന്നതിനുള്ള ബില്ലുകൾ വരണ്ടേ? ഇപ്പോൾ അങ്ങനെ വരുന്നില്ല. മാത്രമല്ല, ഇപ്പോൾ നിയമസഭയിൽത്തന്നെ ഞങ്ങൾ ഓർഡിനൻസ് ഇറക്കിക്കളയുമെന്ന് പറയുകയാണ്. എന്നാൽ പിന്നെ നമ്മുടെ പണിയെന്താണ്? നിയമസഭയിൽത്തന്നെ വെട്ടിത്തുറന്ന് ഞങ്ങൾ ഓർഡിനൻസ് ഇറക്കിക്കൊള്ളാമെന്ന് പറഞ്ഞാൽ അത് സഭയെ ബൈപ്പാസ് ചെയ്തുകൊള്ളാമെന്ന് സഭയിൽത്തന്നെ പറയുന്ന കോൺട്രഡിക്റ്ററിയായ ഒരു നിലപാടിലേയ്ക്ക് നമ്മൾ വരികയാണ്. അങ്ങയോട് എന്റെ ഒരു അഭ്യർത്ഥന അതുപോലുള്ള സംഭവങ്ങളുണ്ടാകരുതെന്നാണ്. വേണമെങ്കിൽ എന്നോട് തിരിച്ചു ചോദിക്കാം, അന്നുണ്ടായിട്ടില്ലേ എന്ന്; അങ്ങ് ചോദിക്കില്ലെന്ന് എനിക്കറിയാം.

<u>മി. ചെയർമാൻ:</u> അത് ചോദിക്കില്ലെന്ന് മാത്രമല്ല, ഓർഡിനൻസുകൾ നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടി എത്രയുംവേഗം സഭ വിളിച്ചു ചേർക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. തൊട്ടടുത്തുതന്നെ സഭ ചേരും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ അങ്ങയോട് നൂറുശതമാനം നന്ദി രേഖപ്പെടുത്തുകയാണ്. ഈ സഭയുടെ സെൻസും അതാണ്. കാരണം നമ്മൾ ഇതെല്ലാം അപ് ടു ഡേറ്റാക്കി പോകണം. നിയമത്തെ ബൈപ്പാസ് ചെയ്യുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കി കൃത്യതയോടുകൂടി പോകുന്നതിനുള്ള നടപടിയുണ്ടാകണം. ഇതും രണ്ട് പ്രാവശ്യം റീ-ഇഷ്യു ചെയ്തതാണ്. കേരളം രക്ഷപ്പെടണമെന്നുണ്ടെങ്കിൽ ഇതുപോലൊരു ചിന്ത വേണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അല്ലെങ്കിൽ നമ്മുടെ സംസ്ഥാനം തകർന്നു പോകും. കേരളത്തിലെ അഭ്യസ്തവിദ്യരുടെ കണക്കുകളിൽ ചില കാറ്റഗറിയിൽപ്പെട്ടവർ കേരളത്തിലുള്ളതിനെക്കാൾ കൂടുതൽ കേരളത്തിന് പുറത്താണ്. ഒന്നുകിൽ വിദേശത്താണ് അല്ലെങ്കിൽ കേരളത്തിന് പുറത്ത് മറ്റുള്ള സംസ്ഥാനങ്ങളിലാണ്. നമുക്ക് ഈ നാട്ടിൽ ജീവിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു അന്തരീക്ഷമില്ല. ഈ കുട്ടികളുടെ സ്ഥിതിയോ; നല്ല ബുദ്ധിശക്തിയുള്ളവരും. ബ്രെയിൻ ഡ്രെയിൻ കൃത്യമായി നടക്കുന്നത്, സത്യം പറഞ്ഞാൽ കേരളത്തിലാണ്. അതുണ്ടാകാതിരിക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് കറക്ടാക്കി പോകണം. പരമ്പരാഗതമായി നമുക്ക് കിട്ടിയിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണത്.

ഇതുപോലുള്ള കാര്യങ്ങളെല്ലാം നമ്മൾ ഉഴപ്പിത്തട്ടി കളയുകയാണ് ചെയ്യുന്നത്. ഈ നിയമം പാസ്സാക്കി കൃത്യതയോടെ നടപ്പാക്കി കേരളീയർക്ക് അതിന്റെ ഗുണം ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കൂട്ടത്തിൽ ഒരു കാര്യം കൂടി, ഇപ്പോൾ പുതിയ സ്ഥാപനങ്ങൾ മെച്ചപ്പെടുത്താനുള്ള മാർഗ്ഗവും നിക്ഷേപ സൗഹൃദമായി ഈ സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പരിശ്രമവും നടത്തുമ്പോൾ പണ്ടുമുതൽക്കേ കേരള സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ചില സ്ഥാപനങ്ങൾ പൊട്ടിപ്പൊളിഞ്ഞു പോകുകയാണ്. ഞാൻ അതിന്റെ കണക്ക് പറയുന്നില്ല. പരമ്പരാഗതമായി കേരള സംസ്ഥാനത്തിന്റെ സ്വന്തവും നമ്മുടെ ട്രേഡ്മുമായി അറിയപ്പെട്ടിരുന്ന പല വ്യവസായ സംരംഭങ്ങളും തകർന്നുകൊണ്ടിരിക്കുകയാണ്. സബ് ഇൻസ്പെക്ടർമാർ നാട്ടിൽ ഒരു പോലീസ് സ്റ്റേഷനിൽ വന്നാൽ അവർ ആദ്യം ഒന്നു കറങ്ങും. പിന്നെ വഴിയിൽ കാണുന്നവനെ തല്ലും; വേറൊരുത്തനോട് ബഹളമുണ്ടാക്കും; രണ്ടുപേരെ വണ്ടിയിൽ കയറ്റിയിരുത്തും. അങ്ങനെയുള്ള രൂപത്തിൽ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനുള്ള നടപടി വേണം. ഈ നിയമത്തിന്റെ പരിധിക്കകത്ത് അത് വരില്ല; ഇതിനപ്പുറത്താണ്. ഇന്ത്യയിലെ ഏറ്റവും പ്രസ്റ്റീജിയസുള്ളതായിരുന്ന വൈറ്റ് സിമന്റ്. ട്രാവൻകൂർ സിമന്റ്സിന്റെ വൈറ്റ് സിമന്റ് ഇന്ത്യൻ മാർക്കറ്റിൽ എത്രയോ പ്രിയങ്കരമായിരുന്നു. ഇന്ന് അതിന്റെ റാ-മെറ്റീരിയലായ കക്ക ലഭിക്കാത്തതിനാൽ പ്രൊഡക്ഷൻ നടക്കുന്നില്ല. അവസാനം ക്ലിങ്കറിലേക്ക് അത് ചെയ്ഞ്ച് ചെയ്തു. അതും പിന്നീട് കുഴപ്പത്തിലായി. അവസാനം രൂപം കൊണ്ട കേരള സംസ്ഥാനത്ത് പണ്ട് മഹാരാജാവ് ആരംഭിച്ച ഈ ഒരു വലിയ സംരംഭം അതിന്റെ അന്തസ്സും പഴയ പ്രതാപവുമൊക്കെ തകർന്ന് മണ്ണടിയുന്ന രൂപത്തിലേയ്ക്ക് പോകുന്നത് സംരക്ഷിക്കുന്നതിനുള്ള നടപടികൂടിയെടുക്കണം. പുതിയ നിക്ഷേപകരെ ആകർഷിക്കുന്നതോടൊപ്പം പഴയകാലത്ത് ആരംഭിച്ചിട്ടുള്ളതും പൊതുമേഖലയായി വന്നിട്ടുള്ളതുമായ സംരംഭങ്ങളെ മെച്ചപ്പെടുത്താനുള്ള നടപടി കൂടിയുണ്ടാകണം.

പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള കമ്മിറ്റിയിൽ ഞാനും അംഗമാണ്. പൊതുമേഖലാസ്ഥാപനങ്ങൾ പലതും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. നിക്ഷേപ സൗഹൃദമായി ഈ സംസ്ഥാനത്തെ മാറ്റുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതോടൊപ്പംതന്നെ നേരത്തെ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ സംരംഭങ്ങളെങ്കിലും മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിയിലേയ്ക്ക് പോകാൻ കഴിയണം. ടെക്നോക്രാറ്റ്സ് ഒന്നുമല്ല, ചിലപ്പോൾ ചില പോലീസുകാരെയൊക്കെയാണ് ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്തു വച്ചിരിക്കുന്നത്. ഞാൻ ആ സ്ഥാപനത്തെക്കുറിച്ച് പറഞ്ഞാൽ, ആ കഥ പറഞ്ഞാൽ അങ്ങേയ്ക്ക് കഥാപാത്രത്തെ മനസ്സിലാകും. അതുകൊണ്ട് ഞാൻ ആ കഥ പറയുന്നില്ല.

വരുന്നത് എന്തായാലും വന്നുപോകട്ടെ എന്ന മട്ടിൽ ആരെയെങ്കിലും അതിന്റെ തലപ്പത്തുവച്ച് മുട്ടുശാന്തി ഏർപ്പാടായി പോകാതെ അതിലും ഇതുപോലെതന്നെ കർക്കശമായ നിലപാടെടുക്കണം. അതിനെക്കുടി രക്ഷിക്കുന്നതിനുള്ള മാർഗ്ഗം നോക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട്, അങ്ങയുടെ ഉത്തരവ് ഞാൻ അതേപടി ശരിവച്ചുകൊണ്ട്, ഈ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 9-ാം നമ്പർ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ലോക സാഹചര്യങ്ങളിൽ പരിധിയില്ലാത്ത സാമ്പത്തിക വളർച്ചയും ഉപഭോഗതൃഷ്ണയും പുരോഗതിയുടെ അടയാളമായി വലുത് നല്ലത് എന്ന വലിയൊരു ആശയപ്രചരണം സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി നിലനിൽക്കുകയും ചെയ്തിരുന്ന ഒരു കാലത്താണ് ചെറുതിന്റെ സൗന്ദര്യത്തെക്കുറിച്ച് ഇ. എഫ്. ഷൂമാക്കർ ചൂണ്ടിക്കാണിച്ചത്. 'ആശയാണ് എല്ലാ അനർത്ഥങ്ങൾക്കും കാരണം' എന്ന ശ്രീബുദ്ധന്റെ സിദ്ധാന്തം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഇ. എഫ്. ഷൂമാക്കർ അന്ന് ചെറുതിന്റെ സൗന്ദര്യത്തെ ലോകത്തിനുമുമ്പിൽ വിശേഷിപ്പിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, Small things are beautiful എന്നാണ് പറയുന്നത്. ഇപ്പോൾ അത് ചുരുങ്ങിച്ചുരുങ്ങി small is very beautiful എന്നൊരു മട്ടിലാക്കി ഈ സംസ്ഥാനം മാറ്റിയിട്ടുണ്ടെന്നുള്ളത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. ടി. തോമസ്: സർ, മദ്യനയത്തിൽ ഈ സർക്കാർ സ്വീകരിച്ച നിലപാട് കാണുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം യാഥാർത്ഥ്യമാണെന്ന് തോന്നുകയാണ്. അങ്ങനെയൊരു ദർശനമുണ്ടായിരുന്ന നമ്മുടെ ലോകത്ത് ഇന്ന് ആ ദർശനങ്ങളെയൊക്കെ മാറ്റി വ്യവസായ വളർച്ചയ്ക്കുവേണ്ടി നടത്തുന്ന അമിതമായ വിട്ടുവീഴ്ചകൾ അപകടകരമായ സാഹചര്യത്തിലേയ്ക്ക് നമ്മുടെ നാടിനെ നയിക്കുമെന്ന ആശങ്ക ഞാൻ ഇവിടെ പ്രകടിപ്പിക്കുകയാണ്. ഇവിടെ പ്രധാനമായും ഓർക്കേണ്ടൊരു കാര്യം, പ്രകൃതിയിലെ എല്ലാ വസ്തുക്കളും ചൂഷണം ചെയ്യാനുള്ളൊരു ത്വര ഇന്ന് എല്ലാ തരത്തിലും നടന്നുകൊണ്ടിരിക്കുകയാണ്. ഈ പുതിയ നിയമനിർമ്മാണത്തിലൂടെ നമ്മുടെ സ്രോതസ്സുകൾ പലതും തകർക്കപ്പെടാനും പാരിസ്ഥിതികമായ സാദ്ധ്യതകൾ പരിശോധിക്കാനുള്ള വ്യവസ്ഥകളും അവസരങ്ങളും നഷ്ടപ്പെടാനുമുള്ള സാദ്ധ്യതയുണ്ടെന്ന എന്റെയൊരു ആശങ്ക മുന്നോട്ടുവയ്ക്കുകയാണ്. പുനലൂർ പേപ്പർ മില്ലും മാവൂർ റയോൺസും ഉണ്ടായിരുന്നു; വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ സ്ഥിതി മോശമാണ്. ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമെന്ന് പറയുന്നത് നമ്മുടെ നാട്ടിലെ വനങ്ങളിൽ 90 ശതമാനവും നശിച്ചുപോയിയെന്നതാണ്. അതിന് തുല്യമായ തരത്തിലേയ്ക്കാണോ ഈ പുതിയ നയ സമീപനങ്ങൾ വരുന്നതെന്ന് സംശയിക്കേണ്ടതുണ്ട്.

2006-ൽ ലോക ബാങ്ക് ലോക സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച് പ്രത്യേകിച്ച്, Ease of doing business-നെ സംബന്ധിച്ച് നടത്തിയ ശക്തമായൊരു പഠനമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങൾക്ക് റാങ്കിംഗ് ഏർപ്പെടുത്താൻ ലോക ബാങ്ക് തീരുമാനിക്കുകയുണ്ടായി. അതിന് പ്രധാനപ്പെട്ട പത്ത് ഘടകങ്ങളെയാണ് ലോക ബാങ്ക് ആശ്രയിച്ചിരുന്നത്. ബിസിനസ്സ് ആരംഭിക്കാനുള്ള ചുറ്റുപാടുകൾ, നിർമ്മാണാനുമതി ലഭിക്കാനുള്ള സാദ്ധ്യതകൾ, വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ, വസ്തു രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സംരംഭം ആരംഭിക്കുന്നതിന് ബാങ്കിൽനിന്നും ലഭിക്കേണ്ട വായ്പയെ സംബന്ധിച്ച്, നിക്ഷേപകരെ സംരക്ഷിക്കുന്ന നടപടി, നികുതി അടയ്ക്കാനുള്ള സാദ്ധ്യതകൾ, അതിർത്തിക്കപ്പുറത്തുള്ള വ്യാപാര സാദ്ധ്യത, മറ്റു കരാറുകൾ, പാപ്പരത്വം പ്രാപിക്കുന്ന ആളുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടങ്ങി പത്ത് പ്രധാനപ്പെട്ട ഇൻഡക്സുകളെ കേന്ദ്രീകരിച്ചുകൊണ്ടാണ് ലോക ബാങ്ക് 2006-ൽ ഓരോ രാജ്യത്തിന്റെയും വ്യവസായ വളർച്ചയുമായി ബന്ധപ്പെട്ട റാങ്കിംഗ് തീരുമാനിച്ചത്. അങ്ങനെ തീരുമാനിച്ച റാങ്കിംഗിൽ 2008-ൽ ഇന്ത്യയുടെ സ്ഥാനം 120 ആയിരുന്നു. 2017-ൽ അത് 130 ആയി. എന്നാൽ 2018-ൽ ഈ റാങ്കിംഗ് 100-ലേയ്ക്ക് കൊണ്ടുവരികയെന്ന ഉദ്ദേശ്യത്തിലാണ് ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന നിയമനിർമ്മാണങ്ങളടക്കം നമ്മുടെ രാജ്യത്തെ പല നിയമനിർമ്മാണങ്ങളും നടന്നിട്ടുള്ളതെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതനുസരിച്ച് കേരളത്തിന്റെ സ്ഥാനം 2015-ൽ 18-ഉം 2016-ൽ 20-ഉം ആയിരുന്നു. എന്നാൽ 2018-ൽ അത് 27 ആയി മാറിയിട്ടുണ്ട്. ആ റാങ്കിംഗ് കുറച്ചുകൊണ്ടുവരാൻ ലോക ബാങ്കിന്റെ നിർദ്ദേശാനുസരണമുള്ള, ഞാൻ കുറ്റപ്പെടുത്തി പറയുന്നതല്ല, ലോകത്തെമ്പാടും നടക്കുന്ന തീരുമാനങ്ങളുടെ ഭാഗമായിട്ടാണ് ഈ നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യാനുള്ള തീരുമാനം വന്നിരിക്കുന്നത്. ഇതിനകത്തെ വളരെ പ്രധാനപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾ വളരെ ഗൗരവതരമായി കാണേണ്ടതുണ്ടെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഒന്ന്, 8 (എ) (1)-ാം വകുപ്പിൽ രണ്ട് ലക്ഷം രൂപ എന്നതിനുപകരം 15 കോടി രൂപ മൂലധന നിക്ഷേപമുള്ള വ്യവസായങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. ആ ഒരു വർദ്ധനവ് നമ്മുടെ നാട്ടിൽ ഇതിനുവേണ്ടിയുള്ള പല നിയമങ്ങളെയും ആളുകളുടെ സംരംഭത്തെയുമൊക്കെ ദുർബ്ബലപ്പെടുത്തുമെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ അത് വേണ്ടെന്ന് പറയുന്നില്ല; അത്രയും വേണ്ടിയിരുന്നോയെന്നത് ആശങ്ക ഉളവാക്കുന്നൊരു കാര്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ട്, 1994-ലെ പഞ്ചായത്തീരാജ് നിയമവും മുനിസിപ്പൽ ആക്ടും ഭേദഗതി ചെയ്തുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ നോക്കുകുത്തികളാക്കി സെക്രട്ടറിക്ക് അധികാരം കൈമാറുന്ന നടപടി വളരെ ഗൗരവമായി കാണേണ്ട ഒന്നുതന്നെയാണ്. പണയംവച്ച പാത്രമെന്ന് നമ്മളൊക്കെ നാട്ടിൻപുറങ്ങളിൽ പറയാറുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അവിടെ

ഇരിക്കുന്ന, പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി ലൈസൻസ് നൽകുകയോ ഇങ്ങനെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുകയോ ചെയ്യുന്നു. പിന്നെ എന്തിനാണ് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ? പിണറായി സർക്കാർ എന്നു പറയുന്നതിനു പകരം ചീഫ് സെക്രട്ടറിയെന്ന് ഡിഫൈൻ ചെയ്താൽ മതിയോ? കേരളാ ഗവൺമെന്റ് എന്നതിനുപകരം ചീഫ് സെക്രട്ടറിക്ക് അധികാരം വിട്ടുകൊടുക്കാൻ സാധിക്കുമോ? അത് ഏത് ജനായത്ത ഭരണമാണ്? അതുകൊണ്ട് പഞ്ചായത്തീരാജ് നിയമത്തിലും മുനിസിപ്പൽ ആക്റ്റിലും വരുത്തിയിരിക്കുന്ന ഈ ഭേദഗതി, അധികാരം സെക്രട്ടറിക്ക് നൽകാനുള്ള ഈ നടപടി വളരെ ദൂരവ്യാപകമായി നമ്മൾ ഉദ്ദേശിച്ച ജനാധിപത്യവൽക്കരണത്തിന്റേതായ തലത്തെ ദുർബ്ബലപ്പെടുത്തുമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പണയംവച്ച പാത്രംപോലെയാണ്. കാരണം പണയംവച്ചവന് മാത്രമേ ആ പാത്രം പോയി എടുക്കാൻ സാധിക്കുകയുള്ളൂ. പാത്രം അങ്ങനെ ഇരിക്കുകയാണ്. അതുതന്നെയാണ് തെരഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികൾ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, താങ്കൾ പറയുന്നതിനോട് യോജിക്കുകയാണ്. വേറൊരു തകരാറ് എന്താണെന്നുവച്ചാൽ പഞ്ചായത്ത് അംഗങ്ങൾക്ക് റൂൾസോ നോംസോ ഉണ്ടാക്കിയാൽ മതി. അത് സെക്രട്ടറി എക്സിക്യൂട്ട് ചെയ്യുന്നതായിരിക്കും നല്ലത്. അല്ലെങ്കിൽ ഓരോരുത്തരുടെയും താൽപ്പര്യത്തിനനുസരിച്ച് പോകുന്ന അവസ്ഥയും കാണുന്നുണ്ടല്ലോ; അതൊഴിവാക്കാൻ പഞ്ചായത്ത് ബോർഡിന് നോംസോ ചട്ടങ്ങളോ തയ്യാറാക്കിയാൽ അതനുസരിച്ച് പ്രവർത്തിക്കാനുള്ള അധികാരം സെക്രട്ടറിക്ക് നൽകിയാൽ പോരേ?

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതിനോട് വിയോജിപ്പുണ്ട്. അതായത് സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന വ്യക്തിയോ എന്നുകൂടി പറഞ്ഞിട്ടുണ്ട്. സർക്കാരിന്റെ താൽപ്പര്യം നടപ്പാക്കണമെങ്കിൽ, സെക്രട്ടറി ഇന്ന് തിരുവനന്തപുരത്ത് ആണെങ്കിൽ പിറ്റേദിവസം കാസർഗോഡ് ആയിരിക്കും; അല്ലെങ്കിൽ ഇന്ന് കാസർഗോഡ് ആണെങ്കിൽ പിറ്റേദിവസം തിരുവനന്തപുരത്താ യിരിക്കും. അയാൾ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്ന വാക്കും പറഞ്ഞിട്ടുണ്ട്. സർക്കാർ നല്ല നിലയിലേ ചെയ്യുകയുള്ളൂവെന്ന് വിചാരിക്കാം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഈ നിയമത്തിന്റെ 231 (3) അങ്ങ് ഒന്ന് നോക്കണം. പഞ്ചായത്തിന്റെ ഏതെങ്കിലും ഒരു അധികാരം എടുത്തുകളയുന്നതിന് വ്യവസ്ഥയില്ല. ആ അധികാരം നിലനിർത്തുകയാണ്. അതിലൊരു മാറ്റവും വരുത്തിയിട്ടില്ല. അത് ഈ ആക്റ്റ് വായിച്ചാൽ ബോദ്ധ്യപ്പെടും. ആ ആക്റ്റിൽ ഭേദഗതിയില്ല.

ശ്രീ. പി. ടി. തോമസ്: സർ, ഉദ്യോഗസ്ഥ മേധാവിത്വം വർദ്ധിച്ചുവരാനും തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ അസ്ഥാനത്തായി മാറുന്നൊരു പ്രവണതയുമാണ് ഇത് തുടക്കം കുറിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അനുസരിച്ചാണെങ്കിൽ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ ബഹുമാനപ്പെട്ട മന്ത്രിമാരുടെയോ ആവശ്യമില്ല. സർക്കാർ സെക്രട്ടറിമാർ ഭരണം നടത്തിയാൽമതി.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചട്ടത്തിനനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. ഇവിടെ നിർമ്മിക്കുന്ന നിയമമാണ്. 60 വയസ് കഴിഞ്ഞാൽ പെൻഷൻ ലഭിക്കുമെന്ന് പറഞ്ഞാൽ എല്ലാവർക്കും അത് കിട്ടണ്ടേ? അത് എക്സിക്യൂട്ടീവ് അല്ലേ ചെയ്യേണ്ടത്? സ്വന്തം ഇഷ്ടക്കാർക്കുവേണ്ടി ചെയ്യുന്നൊരു അവസ്ഥ വരാതിരിക്കാനാണ് ഞാൻ ഇത് പറഞ്ഞത്.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങനെയാണെങ്കിൽ നമ്മുടെ നാട് മുഴുവൻ വലിയ ചർച്ച നടത്തിയതിനു ശേഷമല്ലേ പഞ്ചായത്ത് രാജ് നിയമവും മുനിസിപ്പൽ കോർപ്പറേഷൻ ആക്ടുമൊക്കെ നടപ്പിലാക്കിയത്. അപ്പോൾ അന്ന് അങ്ങനെ വച്ചിരുന്നാൽ മതിയായിരുന്നല്ലോ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അധികാരം സെക്രട്ടറിക്ക് കൈമാറുന്നതിലൂടെ സ്വാഭാവികമായും അഴിമതി ഒരാളിൽ എത്താനുള്ള വലിയ സാദ്ധ്യതയുണ്ട്. ബോർഡ് ഉണ്ട്; പക്ഷെ ബോർഡിന് ഇതിനെപ്പറ്റി ഒരു തീരുമാനവും എടുക്കാനുള്ള അധികാരമില്ല. ഇത് മുഴുവനും നോക്കുകയാണെങ്കിൽ എല്ലാ അധികാരവും സെക്രട്ടറിക്ക് നൽകുകയാണ് ചെയ്യുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, മുൻ മന്ത്രികൂടിയായ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഞാൻ ഒരു ഉദാഹരണം പറയാം. പാലാരിവട്ടം ടൗണിന് തൊട്ടടുത്ത് ഒരാൾ കുറച്ച് യന്ത്രങ്ങളൊക്കെ കൊണ്ടുവച്ച് കുഴൽക്കിണർ കുഴിച്ച് വെള്ളമെടുത്ത് പത്ത് മുപ്പതോളം ടാങ്കർ ലോറികളിൽ കൊണ്ടുപോകുന്നുവെന്ന ഒരു പരാതി കഴിഞ്ഞ ദിവസം എന്റെ നിയോജക മണ്ഡലത്തിൽ നിന്നും വന്നു. ഇതിനെതിരെ പരാതിയുമായി നാട്ടുകാരെല്ലാവരും ചെന്നപ്പോൾ അത് തടയാൻ നിയമമൊന്നുമില്ലെന്നാണ് പറയുന്നത്. വെള്ളത്തിന് എന്തെങ്കിലും തകരാറുണ്ടോയെന്ന് പരിശോധിക്കാം. അതും അവർ പരിശോധിച്ച് റിപ്പോർട്ട് കാണിച്ചാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് സന്തോഷമായി. ഈ സ്ഥാപനം തുടങ്ങിയ വ്യക്തി ഏതെങ്കിലും ലാബിൽ കൊണ്ടുപോയി വെള്ളം പരിശോധിച്ച റിപ്പോർട്ട് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനെ കാണിച്ചാൽ അവർ ഹാപ്പിയായി. വെള്ളം എടുക്കുന്നത് തടയാൻ നിയമമില്ല. വേനൽക്കാലത്ത് ജില്ലാ കളക്ടർക്കാണ് കുടിവെള്ളത്തിന്മേൽ നിയന്ത്രണമുള്ളത്.

അതിനാൽ കുടിവെള്ളത്തിന്റെ ആവശ്യകതയാണെന്നുപറഞ്ഞ് ജില്ലാ കളക്ടർ അത് തടയാൻ തയ്യാറാകുന്നില്ല. സമീപത്തുള്ള കിണറുകളിലൊക്കെ വെള്ളം വറ്റിക്കൊണ്ടിരിക്കുകയാണ്. എറണാകുളം പോലുള്ള പട്ടണങ്ങളിൽ കക്കൂസ് ടാങ്കുകളിലുണ്ടാകുന്ന ചോർച്ചകാരണം ജലം വളരെയേറെ മലിനമാകുകയാണ്. ഈ ജലം യാതൊരു പരിശോധനയുമില്ലാതെ ഹോട്ടലുകളിലും ആശുപത്രികളിലും മറ്റും എത്തിക്കുകയാണ്. അത്തരം കാര്യങ്ങളിൽ പരിശോധനകളൊന്നും നടക്കുന്നില്ല. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ മുനിസിപ്പൽ സെക്രട്ടറിയോ പഞ്ചായത്ത് സെക്രട്ടറിയോ തെരഞ്ഞെടുക്കപ്പെട്ട സമിതിയെ ബൈപ്പാസ് ചെയ്തുകൊണ്ട് ഇഷ്ടം പോലെ പ്രവർത്തിക്കുന്നത് കൗൺസിലിന്റെ അധികാരം കവർന്നെടുക്കുന്നതിന് തുല്യമാണ്. കൗൺസിലിന്റെ അധികാരം കവർന്നെടുക്കുന്നില്ലെങ്കിൽ ഇങ്ങനെയൊരു ഭേദഗതി വേണ്ടല്ലോ. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെയാണെങ്കിൽ ഭേദഗതി ആവശ്യമില്ലല്ലോ; നിലവിൽ അതുണ്ടല്ലോ? അതിനെ ഒന്ന് dilute ചെയ്യുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നല്ല ഉദ്ദേശ്യത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അക്കാര്യം ഗൗരവതരമായി കാണേണ്ട ഒന്നാണ്.

കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളുമായി ബന്ധപ്പെട്ട് കാലാവധി നീട്ടുന്ന നിയമത്തിൽ എനിക്ക് പറയാനുള്ളത്, ഇങ്ങനെ കാലാവധി നീട്ടിക്കൊടുക്കുന്നതെല്ലാം നല്ല കാര്യത്തിനാണെങ്കിലും കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണെങ്കിലും, ഉദാഹരണത്തിന് തമിഴ്നാട്ടിൽ ഒരു വ്യവസായം തുടങ്ങാൻ 63 ദിവസവും ആന്ധ്രാപ്രദേശിൽ 67 ദിവസവും കേരളത്തിൽ 214 ദിവസവും വേണമെന്നാണ് കണക്കാക്കുന്നത്, അതിന്റെ പശ്ചാത്തലത്തിലാണ് നിയമനിർമ്മാണം നടത്തുന്നതെന്നത് ഞാൻ അംഗീകരിക്കുന്നു. നീതി ആയോഗ് ഇന്ത്യൻ സംസ്ഥാനങ്ങളിലെ വ്യവസായ നിയന്ത്രണവുമായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യമാണത്. അതുകൊണ്ട്, ഇതൊക്കെ ലഘൂകരിക്കാനുള്ള ശ്രമമാണ്; ആ ശ്രമത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നില്ലെങ്കിലും അത് പല രീതിയിൽ ദുരുപയോഗം ചെയ്യാനുള്ള സാദ്ധ്യത എടുത്തുപറയേണ്ടതാണ്. ഈ ഓർഡിനൻസിൽ ആദ്യം നോക്കുകൂലിയെ കർക്കശമായി നേരിടാൻ തീരുമാനിച്ചിരുന്നു. തൊഴിലാളി സംഘടനകളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് ഇപ്പോൾ അത് മാറ്റപ്പെട്ടിട്ടുണ്ട്. ഇന്നലെ കരമന ജനാർദ്ദനന്റെ മകൻ സുധീർ കരമനയുടെ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട വാർത്ത പത്രത്തിൽ വന്നിരുന്നു. എല്ലാ പാർട്ടിയുമുണ്ട്, ഏതെങ്കിലും ഒരു പ്രത്യേക സംഘടനയെ അല്ല ഞാൻ പറയുന്നത്, ഇങ്ങനെയുള്ള കാര്യങ്ങൾ ശക്തമായി നിയന്ത്രിക്കാൻ കഴിയുന്നില്ല. തൊഴിലാളികളുടെ ഒരവകാശവും കവർന്നെടുക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അക്കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. പാലക്കാടുള്ള ഒരു വൃദ്ധസദനത്തിൽ കൊണ്ടുവന്ന കുറേ

കട്ടിലുകൾ ഇറക്കുന്നതുമായി ബന്ധപ്പെട്ട് നോക്കുകൂലിയുടെ പേരിൽ വലിയ പ്രശ്നമുണ്ടായതായി ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി. അത്തരം കാര്യങ്ങളെ ശക്തമായി നിയന്ത്രിക്കാനുള്ള നടപടികളുണ്ടാകുന്നില്ലെങ്കിൽ എന്തെല്ലാം പറഞ്ഞാലും വ്യവസായങ്ങൾ വേഗത്തിൽ വളരാൻ സഹായിക്കുമോയെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കെൽട്രോണിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് ഉത്തരവാദി ആരാണ്? ഒരുപക്ഷെ ഇന്ത്യയിൽ തന്നെ ആദ്യമായി ഒരു ഇലക്ട്രോണിക് കോർപ്പറേഷൻ വരികയും ലോകത്തെപ്പോലും കീഴടക്കാൻ കഴിയുന്ന ഒരു സ്ഥാപനമായി മാറുകയും ചെയ്ത കെൽട്രോണിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? ആ സ്ഥാപനത്തിന് മുന്നോട്ട് പോകാൻ കഴിയുന്നുണ്ടോ; അവിടെ ഏതെങ്കിലും യൂണിയന്റെ തകരാറുകൊണ്ടോ ഏതെങ്കിലും സർക്കാരിന്റെ ഇടപെടൽകൊണ്ടോ എന്തെങ്കിലും കാലതാമസം വന്നതുകൊണ്ട് ആണോ? എം.എൽ.എ.-മാരും എം.പി.-മാരും സ്കൂളുകളിലൊക്കെ കൊടുക്കുന്ന ടെലിവിഷനുകളിലും കമ്പ്യൂട്ടറുകളിലും കെൽടോൺ എന്ന സ്റ്റാമ്പ് പശതൊട്ട് ഒട്ടിച്ചുകൊടുക്കുന്ന പണിയാണ് കെൽട്രോണിന്. അത്തരത്തിലുള്ള ഏജന്റായി കെൽട്രോൺ മാറി. കെൽട്രോൺ എത്ര ചുരുങ്ങിയെന്ന് ആലോചിച്ചുനോക്കൂ; ഏതെങ്കിലും ഗവൺമെന്റിന്റെ കുഴപ്പം കൊണ്ടാണോ കെൽട്രോണിന് ഈ ദുർഗതിയുണ്ടായത്? സെക്രട്ടേറിയറ്റിന്റെ പരിസരത്തായതുകൊണ്ട് മാറിമാറിവരുന്ന സർക്കാരുകൾ എല്ലാ വർഷവും കോടിക്കണക്കിന് രൂപകൊടുത്ത് കെൽട്രോണിനെ നിലനിർത്താൻ ശ്രമിക്കുകയാണ്. എങ്ങനെയാണ് അത്തരത്തിലുള്ള ഒരു സ്ഥാപനത്തിന് മുന്നോട്ട് പോകാൻ സാധിക്കുന്നത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടെ 111 പൊതുമേഖലാ സ്ഥാപനങ്ങളിൽ പന്ത്രണ്ടോ പതിമൂന്നോ എണ്ണം ഒഴിച്ച് ബാക്കിയെല്ലാം കടുത്ത നഷ്ടത്തിലാണ്. അതിൽ പലതും പേപ്പർ അഡ്ജസ്റ്റ്മെന്റാണ്. ഈ രൂപത്തിൽ നമ്മുടെ കൺമുന്നിൽ കാണുന്ന ഏറ്റവും നല്ല ഉദാഹരണമായി ഈ ഒരു സ്ഥാപനം നിലനിൽക്കുകയാണ്. ഇതിനെ പുനരുദ്ധരിക്കുന്നതിനായുള്ള നടപടിയെക്കുറിച്ച് അങ്ങ് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, തീർച്ചയായും കേരളത്തിലെ പല വ്യവസായങ്ങളും സർക്കാരിന്റേയോ ഇങ്ങനെയുള്ള നിയമങ്ങളുടെയോ തടസ്സം കൊണ്ടല്ലാതെതന്നെ തകർന്നിരിക്കുകയാണ്. അതിനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാണിക്കാവുന്നത് കെടുകാര്യസ്ഥത എന്ന വാക്കാണ്. ഒരു സ്ഥാപനം തുടങ്ങണമെങ്കിൽ പാരിസ്ഥിതികാനുമതിയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ജിയോളജി വകുപ്പിന്റെയും എക്സ്പ്ലോസീവിന്റെയും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും റവന്യൂ വകുപ്പിന്റെയുമൊക്കെ അനുമതിവേണം. ഇതിൽ ഡി.എം.ഒ.യുടെ അനുമതി അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്

മാത്രമാക്കിയിട്ടുണ്ട്. ഞാൻ ഇവിടെ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. ബഹുമാനപ്പെട്ട മന്ത്രി ഇതൊക്കെ ശ്രദ്ധിക്കുന്ന ഒരാളായതുകൊണ്ട് കൂടിയാണ് ഞാൻ ഇത് പറയുന്നത്. നമ്മുടെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സ്ഥിതി യെന്താണ്? പൊല്യൂഷൻ കൺട്രോൾ ബോർഡിൽ മാർച്ച് 21-നുമുമ്പ് പുതിയ ചെയർമാനും മെമ്പറുമൊക്കെ വരാനായി നോട്ടിഫിക്കേഷൻ നടത്തണമെന്ന് സുപ്രീം കോടതി വിധി വന്നിട്ടുണ്ട്. എന്നാൽ അതിന്മേൽ യാതൊരു നടപടിയുമില്ല. അറിയേണ്ട ഒരു വസ്തുത, 143 അവാർഡുകളാണ് കേരളത്തിലെ പൊല്യൂഷൻ കൺട്രോൾ ബോർഡ് വ്യവസായങ്ങൾക്ക് നൽകുന്നത്. ഏറ്റവും വലിയ ക്രമക്കേടാണിത്. എന്തിനാണ് ഈ അവാർഡുകളെല്ലാം നൽകുന്നത്? ഇന്ത്യയിലെ കേന്ദ്ര ഭരണ പ്രദേശങ്ങൾ ഉൾപ്പെടെ മുഴുവൻ സംസ്ഥാനങ്ങളിലും കൊടുക്കുന്ന അവാർഡുകളെക്കാൾ കൂടുതലാണ് കേരളം മാത്രം കൊടുക്കുന്ന അവാർഡ്. എന്താണ് ഈ അവാർഡിന്റെ പിന്നിൽ? അവാർഡ് ലഭിച്ചിട്ട് വേണ്ടതുപോലെ ആ സ്ഥാപനങ്ങളെ കാണുകയും ചെയ്യുന്നുവെന്ന പിന്നാമ്പുറ സംസാരമുണ്ട്. എന്തിനാണ് ഇങ്ങനെ അവാർഡ് നൽകുന്നത്? നിരന്തരമായി പല സ്ഥാപനങ്ങൾക്കും അവാർഡ് ലഭിച്ചുകൊണ്ടിരിക്കുകയാണ് എക്സലൻസി അവാർഡാണ് ലഭിക്കുന്നത്. അവാർഡ് നിർണ്ണയിക്കുന്ന കമ്മിറ്റിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കാനായി പറയുകയാണ്, ഇതുപോലെയുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് അനിവാര്യമായ ഒന്നായതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്, അവാർഡ് നിർണ്ണയിക്കുന്ന കമ്മിറ്റിയെ തീരുമാനിക്കുന്നതും പൊല്യൂഷൻ കൺട്രോൾ ബോർഡ് തന്നെയാണ്. 9 അംഗ കമ്മിറ്റിയിൽ 5 അംഗങ്ങളും പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ളവരാണ്. കഴിഞ്ഞ പ്രാവശ്യത്തെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അവാർഡ് തീരുമാനിച്ചതിൽ പുറത്തുനിന്നുള്ള രണ്ട് മെമ്പർമാർ വന്നിട്ടുണ്ട്. പുറത്തുനിന്നുള്ള നാല് മെമ്പർമാരാണ് വരേണ്ടത്. അവർ തന്നെ തീരുമാനിക്കുകയാണ് ആർക്കൊക്കെ അവാർഡ് നൽകണമെന്ന്. അതിന്റെ സാമ്പത്തികമായ തുക ഒരു ലക്ഷം, അമ്പതിനായിരം, ഇരുപത്തി അയ്യായിരം. തുകയല്ല, അവാർഡ് ലഭിച്ചതിന്റെ മേനി നടിച്ച് പിന്നീട് ആ സ്ഥാപനങ്ങൾ വളരുകയാണ്. വർഷങ്ങളായി സി.എം.ആർ.എൽ. എന്ന കമ്പനിക്ക് മാത്രമേ അവാർഡ് ലഭിച്ചിട്ടുള്ളൂ; ഏത് സർക്കാർ ഭരിച്ചാലും അവർക്കു മാത്രമേ അവാർഡ് ലഭിക്കുകയുള്ളൂ.

<u>മി. ചെയർമാൻ</u>: ശ്രീ. പി. ടി. തോമസിന് എത്ര സമയം കൂടി വേണ്ടിവരും?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, കുറച്ച് സമയത്തിനുള്ളിൽ ഞാൻ അവസാനിപ്പിക്കാം. വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ഞാൻ പറയുന്നത്. ഒരു സ്ഥാപനം തുടങ്ങാൻ അനുമതി നൽകേണ്ട പൊല്യൂഷൻ കൺട്രോൾ ബോർഡ് തന്നെ തുരുമ്പിച്ചിരിക്കുകയാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഏത് കാലത്തും സി.എം.ആർ.എൽ.ന്റെ എം.ഡി.യായ ഡോ. എസ്. എൻ. ശശിധരൻ കർത്തയ്ക്ക് അനുകൂലമായിരുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. പല പ്രാവശ്യം അയാളുടെ കള്ളത്തരം കണ്ടെത്തുകയും Cochin Minerals and Rutile Limited (CMRL) അയാൾക്ക് നൽകാൻ പാടില്ലെന്ന് 1996-ലെ സർക്കാർ തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണ്. എല്ലാ സർക്കാരും അയാളെ അനുകൂലിച്ചുവെന്ന് പറയരുത്. അയാൾ എല്ലാ നേതാക്കളുടെ വീട്ടിലും കാറിലാണ് സമ്മാനങ്ങൾ എത്തിക്കുന്നത്. അതൊക്കെ കണ്ടെത്തി നിയമസഭയിൽ റിപ്പോർട്ടാക്കിയ ആളാണ് ഞാൻ. എല്ലാവരും അയാൾക്ക് പിൻതുണയാണെന്ന് ദൈവത്തെയോർത്ത് അങ്ങ് പറയരുത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എല്ലാവരും എന്ന് ഞാൻ ഉദ്ദേശിച്ചിട്ടില്ല. പെരിയാറിനെ ഇത്രയും കൂടുതൽ മലിനമാക്കിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനത്തിന് എല്ലാ വർഷവും അവാർഡ് നൽകുകയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഈ സ്ഥാപനത്തിന് എപ്പോൾ അവാർഡ് വേണമെന്ന് ചോദിച്ച് പിന്നാലെ നടക്കുന്ന ഒരു സാഹചര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നു, തമിഴ്നാട് സർക്കാർ 12 അവാർഡുകൾ നൽകുമ്പോൾ ഇവിടെ 143 അവാർഡ് കൊടുക്കുകയാണ്. അവാർഡ് ലഭിച്ച എല്ലാ കമ്പനികളും തങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എക്സലൻസി അവാർഡുണ്ട്, ഒന്നാം സമ്മാനമുണ്ട്, രണ്ടാം സമ്മാനമുണ്ട് എന്നിങ്ങനെ പറഞ്ഞ് മേനി നടിക്കുകയാണ്. എന്തിനാണ് പൊല്യൂഷൻ കൺട്രോൾ ബോർഡിനെ വച്ചിരിക്കുന്നത്? പൊല്യൂഷൻ കൺട്രോൾ ബോർഡിലെ 99 ശതമാനം ആളുകളും താൽക്കാലിക ജീവനക്കാരാണ്. താൽക്കാലിക ജീവനക്കാർ അവാർഡ് നൽകാൻ പിന്നാലെ നടക്കുകയാണ്. പി.എസ്.സി. നിയമിച്ച ഉദ്യോഗസ്ഥർ അവിടെ വളരെ കുറവാണ്. നമുക്ക് വ്യവസായ അന്തരീക്ഷമുണ്ടാക്കാൻ സഹായിക്കുന്ന സ്ഥാപനങ്ങൾ വരുന്നതിന് ഏറ്റവും പ്രധാനമായി പ്രവർത്തിക്കേണ്ട പൊല്യൂഷൻ കൺട്രോൾ ബോർഡിന് രോഗാഗ്രസ്തമായ ഒരു സാഹചര്യമാണ്. അവിടെ അടിയന്തര ചികിത്സ നൽകണം. അവരെയൊക്കെ വച്ചുകൊണ്ടാണ് നമ്മൾ നാളെ ആരോഗ്യപ്രദമായ ഒരു വ്യവസായ അന്തരീക്ഷം ഇവിടെ സൃഷ്ടിക്കാൻ പോകുന്നതെങ്കിൽ "ഹാ കഷ്ടം" എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ഗൗരവതരമായി ആലോചിക്കണമെന്ന് വ്യക്തമാക്കുകയാണ്. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് എന്റെ ഒരു ആശങ്ക, ഇതിൽ അത് പരിപൂർണ്ണമായിട്ടുണ്ടെന്നല്ല, സംസ്ഥാനത്ത് പാറമടകളുടെയും ക്വാറികളുടെയും അനുമതി പുതുക്കിക്കൊടുത്ത് കേരളത്തിൽ വലിയ തോതിൽ ഖനനം നടത്താനുള്ള ചില ശ്രമങ്ങൾ ഇതിന് തൊട്ടുപിന്നാലെ വരുമോയെന്ന ആശങ്ക ഞാൻ പ്രകടിപ്പിക്കുകയാണ്. വളരെ ഗൗരവതരമായ ഒരു സാഹചര്യമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, പാറമടകൾക്ക് ധാരാളം ലൈസൻസ് നൽകുന്നതിനോട് നമുക്ക് തർക്കമുണ്ട്. പക്ഷെ ഇവിടെ കൺസ്ട്രക്ഷൻ നടക്കണ്ടേ? റോഡ് ടാർ ചെയ്യണം, കെട്ടിടം നിർമ്മിക്കണം; ആർദ്രം പദ്ധതി പ്രകാരം രണ്ടരലക്ഷം വീടുകൾ വയ്ക്കാൻ പോകുകയാണ്; എവിടെ നിന്ന് മെറ്റലുണ്ടാകും; കല്ല് എവിടെ നിന്നും കൊണ്ടുവരാൻ കഴിയും? എന്റെ ഒരഭ്യർത്ഥന, പാറമടയ്ക്ക് ലൈസൻസ് നൽകരുതെന്ന് പറയുന്നവർ പകരം സംവിധാനമെന്ത്; എങ്ങനെ പാറമടയ്ക്കുപകരം മെറ്റലും കല്ലും ഉണ്ടാകും, അതിനുള്ള മാർഗ്ഗമെന്താണെന്ന് ചൂണ്ടിക്കാണിക്കാനുള്ള ബാദ്ധ്യതയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അതുകൂടി പറഞ്ഞാൽ തർക്കമില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ കഴിഞ്ഞ ദിവസത്തെ ഒരു പ്രസംഗത്തിൽ അതിനൊരു ആൾട്ടർനേറ്റീവ് ആലോചിക്കണമെന്ന് പറഞ്ഞത് നല്ലൊരു നിർദ്ദേശമാണ്. തീർച്ചയായും അത് അനിവാര്യമാണ്. ഇവിടെ കൃത്രിമമായ പാറയുടെ ക്ഷാമം മനഃപൂർവ്വമായി സൃഷ്ടിക്കുന്നുണ്ട് എന്നത് നമ്മൾ അറിയേണ്ട ഒരു വസ്തുതയാണ്. ഉദാഹരണത്തിന്, അനുമതിയുള്ള നൂറ്റിയമ്പതോളം വൻകിട പാറമടകൾ പ്രവർത്തിക്കുന്നുണ്ട്. ലീസ് കാലാവധിയുടെ പരിധിയിൽ നിന്ന് പ്രവർത്തിക്കുന്ന നൂറോളം വൻകിട ഫാക്ടറികളുണ്ട്. ലീസ് കാലാവധി കഴിഞ്ഞാൽ അത് പ്രവർത്തിപ്പിക്കാൻ സാധിക്കുകയില്ല. ഇത് രണ്ടും കൂടി വരുമ്പോൾ ആവശ്യത്തിന് പാറ ലഭ്യമാകാനുണ്ട്. 5924 പാറമടകൾ ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ആ പാറമടകളിൽ നിന്ന് ധാരാളമായി പാറ കിട്ടുന്നുണ്ട്. പാറമടയ്ക്കെതിരെ ജനകീയസമരങ്ങളൊക്കെ പലയിടത്തും നടക്കുന്നുണ്ട്, എല്ലാ സമരങ്ങളും ശരിയാണെന്ന് ഞാൻ പറയുന്നില്ല, സമരം ചെയ്ത സേതു എന്നുപറയുന്ന ഒരാളെ മാനസികരോഗ മാണെന്ന് പറഞ്ഞ് ഊളമ്പാറ ആശുപത്രിയിൽ പ്രവേശിപ്പിച്ചു എന്നാണ് പത്രറിപ്പോർട്ട്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട പി. ടി. തോമസ്, അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്, പാറമടകൾക്ക് ക്രമാതീതമായി അനുമതി നൽകുന്നതും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്ക് നീങ്ങുന്നതും വളരെ ശാസ്ത്രീയമായ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പാറമടകളെയൊക്കെ ഉപയോഗപ്പെടുത്തി 10 കോടി രൂപയും 20 കോടി രൂപയും വിലയുള്ള വീടുകളും ഫ്ലാറ്റുകളും നിർമ്മിക്കുന്നു. ഈ രീതിയിലാണ് കാര്യങ്ങൾ നടക്കുന്നത്. ഇത്ര സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾ നിർമ്മിക്കുന്നതിന് നിയന്ത്രണം കൊണ്ടുവന്നാൽ ഒരു പരിധിവരെ ഇത് തടയാൻ സാധിക്കും.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട ചിറ്റൂർ മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളത്തിൽ ഒരു ബിൽഡിംഗ് കോഡ് ഇല്ല എന്നുള്ളത് വളരെ ദുരന്തമാണ്. ഇത്രയും എഞ്ചിനീയറിംഗ് കോളേജുകളും വിദ്യാർത്ഥികളും ആ രംഗത്ത് പ്രഗത്ഭരായ സാങ്കേതിക വിദഗ്ദ്ധരും ഉള്ളപ്പോൾ ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും ഈടുള്ള വീടുകൾ നിർമ്മിക്കാൻ കഴിയേണ്ടതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, 20 കോടി രൂപയുടെയോ 100 കോടി രൂപയുടെയോ വീട് വയ്ക്കട്ടെ; ആ വീട് വയ്ക്കുന്നയാളുടെ കയ്യിൽ നിന്നും 100 കോടി രൂപ പോകുമ്പോൾ അതിൽ എത്ര കോടി രൂപ ഇവിടത്തെ പാവപ്പെട്ട തൊഴിലാളികളുടെ കയ്യിൽ കിട്ടുന്നു; അവിടത്തെ കല്ല് വിൽക്കുന്നു; ചുമട്ടുകാരനും ആശാരിക്കും കല്ലാശാരിക്കും തൊഴിൽ ലഭിക്കുന്നു; അത് മുഴുവൻ നമ്മൾ നശിപ്പിക്കണോ? അനധികൃതമായി ധാരാളം സ്വത്തുള്ളവൻ 100 കോടി രൂപയുടെ വീട് വയ്ക്കട്ടെ; അത്രയും പണം ജനങ്ങളിലേയ്ക്ക് ഒഴുകിയെത്തട്ടെ. അതാണ് അതിന്റെ ശരി.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എന്നാലും നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന കെട്ടിടനിർമ്മാണ സംസ്കാരത്തിൽ കാലോചിതമായ മാറ്റം വരേണ്ടത് അനിവാര്യമാണ് എന്നാണ് എന്റെ അഭിപ്രായം. ഞാൻ അവസാനിപ്പിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിലുള്ള ഒരു കാര്യംകൂടി ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. 'സർക്കാർ അധികാരമേറ്റ് ആറ് മാസത്തിനകം പരിസ്ഥിതിയുടെ ഇന്നത്തെ അവസ്ഥയെപ്പറ്റി ഒരു ധവളപത്രം ഇറക്കും. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണത്തിൽ പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് പ്രാദേശിക ജനവിഭാഗങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉൾപ്പെടുത്തി പശ്ചിമഘട്ട സംരക്ഷണ പദ്ധതിക്ക് രൂപം നൽകും. ശാസ്ത്രീയമായ പഠനത്തിന്റെയും സാമൂഹ്യ നിയന്ത്രണത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ പാറ, മണൽ എന്നിവ ഖനനം നടത്താൻ അനുമതി നൽകുകയുള്ളൂ. കേരളത്തിന്റെ ഖനിജകൾ പൊതു ഉടമസ്ഥതയിലാക്കുകയും ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണ സംവിധാനം കൊണ്ടുവരികയും ചെയ്യും.' എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ ഒരു പ്രധാനപ്പെട്ട വാഗ്ദാനമാണിത്. ഇപ്പോൾ ഖനനത്തിന് ജനവാസപ്രദേശത്തുനിന്നുള്ള അകലം 100 മീറ്ററിൽനിന്നും 50 മീറ്ററാക്കി കുറച്ച നടപടി ഗുരുതരമായ സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാക്കും.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. 100 മീറ്റർ എന്നത് 50 മീറ്ററാക്കി കുറച്ചതോടുകൂടി വളരെ വ്യാപകമായി യാതൊരു തത്വദീക്ഷയുമില്ലാതെ പരിസ്ഥിതി നശിപ്പിക്കുന്ന തരത്തിൽ പാറമടകൾക്കും ക്വാറികൾക്കും ക്രഷർ യൂണിറ്റുകൾക്കും അനുമതി ലഭിക്കുകയാണ്. അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ എന്നറിയില്ല, എന്റെ നിയോജക മണ്ഡലത്തിലെ ഒരുദാഹരണം പറയാം. അവിടെ

തിരുമിറ്റക്കോട് പഞ്ചായത്തിലെ പള്ളിപ്പാടം എന്നുപറയുന്ന പ്രദേശത്ത് ഇതുപോലൊരു ക്രഷർ യൂണിറ്റ് വരികയാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും അതിനെതിരായി സമരത്തിലാണ്. അതിന്റെ ഒരതിർത്തി വനഭൂമിയാണ്. വനഭൂമിയാണ് എന്നതുപോലും മറച്ചുവച്ചുകൊണ്ട് 8 കിലോമീറ്റർ അപ്പുറത്തുള്ള മറ്റൊരു വനഭൂമി ചൂണ്ടിക്കാണിച്ച് അതാണ് ഏറ്റവും അടുത്തുള്ള വനമെന്നുപറഞ്ഞ് തെറ്റിദ്ധരിപ്പിച്ചാണ് അനുമതി നേടിയെടുക്കുന്നത്. ഇങ്ങനെ യാതൊരു പരിശോധനയും കൂടാതെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പും മറ്റ് വകുപ്പുകളുമൊക്കെ അനുമതി നൽകുമ്പോൾ അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ യഥാർത്ഥത്തിൽ ഗൗരവതരമായി ചർച്ച ചെയ്യേണ്ടതല്ലേ; ഈ നിലയിൽ പുതിയ ഒരു നിയമംകൂടി വരുന്നതോടെ ഇത്തരത്തിൽ യാതൊരു തത്വദീക്ഷയുമില്ലാത്ത കാര്യങ്ങൾ വരുമ്പോൾ അതിനോട് ഏത് നിലയിലാണ് നമുക്ക് ഒരു സമൂഹം എന്ന നിലയിൽ പ്രതികരിക്കാൻ സാധിക്കുന്നത്?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പരിസ്ഥിതിയെയോ പശ്ചിമഘട്ട സംരക്ഷണത്തെയോ സംബന്ധിച്ച് എന്തെങ്കിലും പറഞ്ഞാൽ അവർ കൊള്ളരുതാത്തവരായി കണക്കാക്കുന്ന വലിയൊരു സമൂഹം നമ്മുടെ നാട്ടിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാരണം, സർക്കാരിന്റെ സ്ഥലം സംബന്ധിച്ചുള്ള യാതൊരു പരിശോധനയും റവന്യൂ വകുപ്പ് നടത്തുന്നില്ല. വനം വകുപ്പിന് അവരുടെ ഭൂമി എത്ര പോയാലും നഷ്ടമില്ല. ഇതിന്റെ റോയൽറ്റി തീരുമാനിക്കുന്നതിൽ വ്യക്തമായ നിബന്ധനയില്ല. റോയൽറ്റിക്കുവേണ്ടി യഥാർത്ഥത്തിൽ ഇത് അളക്കണമെന്ന് നിയമമുണ്ടെങ്കിലും ആ കാര്യങ്ങളൊന്നും ചെയ്യുന്നില്ല. കുഴിക്കുന്നത് ഇത്ര അളവായിരിക്കണമെന്നുണ്ട്. ശാസ്ത്രീയമായി ചെയ്യേണ്ട കാര്യങ്ങളെപ്പറ്റിയൊന്നും പഠനമില്ല. അതിനെല്ലാം വിഘാതമായി നമ്മുടെ നാട്ടിൽ വ്യവസായങ്ങൾ വരണമെന്ന ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ നിയമങ്ങൾ അതിൽ ഡൈല്യൂട്ട് ചെയ്യുമ്പോൾ അതിന് ഗുണമുണ്ടാകണമെങ്കിൽ ദൂരവ്യാപകമായ പ്രത്യാഘാതമുളവാക്കുന്ന പാരിസ്ഥിതിക പ്രശ്നംപോലും മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ശ്രീ. പി. ടി. തോമസ് വളരെ അഭിനന്ദനാർഹമായ രീതിയിൽ കാര്യങ്ങൾ വിശദീകരിക്കുകയാണ്. വ്യവസായം നമുക്ക് വേണം. അതേയവസരത്തിൽ നിർമ്മാണ പ്രവർത്തനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. കല്ലും സിമന്റും കമ്പിയും ഉപയോഗിക്കുന്നതിനുപകരം പ്രീ-ഫാബ്രിക്കേറ്റഡ് ആയിട്ടുള്ള സംവിധാനം വ്യാപകമായി ലോകത്ത് നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സമയ ലാഭം, സാമ്പത്തിക ലാഭം എന്നിവയുണ്ടാകും. അതേയവസരത്തിൽ ഇത്തരം ഖനനങ്ങളും മറ്റും ഒഴിവാക്കാനും പെട്ടെന്നുതന്നെ നിർമ്മിക്കാനും കഴിയും.

പ്രീ-ഫാബ്രിക്കേഷൻ നിർമ്മാണ രീതി തന്നെ വേണമെന്ന് സ്പെസിഫിക്കായി നിർമ്മാണ മേഖലയിൽ ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. ടി. തോമസ്: സർ, തീർച്ചയായും നല്ല ഒരു നിർദ്ദേശമാണ്. ലോകത്തെമ്പാടും വലിയ മാറ്റങ്ങൾ ഈ രംഗത്തെല്ലാം വന്നു. നമ്മൾ മാത്രം ആ മാറ്റങ്ങൾ ഉൾക്കൊള്ളുന്നില്ല എന്നത് സാക്ഷരതയും വിദ്യാഭ്യാസപരമായ മുന്നേറ്റവും സാങ്കേതികവിദ്യയുടെ വളർച്ചയുമൊക്കെയുള്ള ഒരു ജനത എന്ന നിലയിൽ വലിയൊരു പോരായ്മയാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ശ്രീ. പി. ടി. തോമസ്, പരിസ്ഥിതി സംബന്ധിച്ച് ഏകാഭിപ്രായമാണ് എല്ലാവർക്കുമുള്ളത്. നമ്മൾ അഭിമുഖീകരിക്കുന്ന വിഷയം, പ്രത്യേകിച്ച് കടൽത്തീരം പോലുള്ള പ്രദേശത്ത് വലിയ സമരങ്ങളും പ്രശ്നങ്ങളുമാണ് വരുന്നത്. ഇവിടെ എല്ലാ സ്ഥലത്തും കരിങ്കല്ല് ഉൾപ്പെടെ കൊണ്ടു വരാനുള്ള പ്രയാസം മനസ്സിലാക്കുമ്പോഴാണ് അനാവശ്യമായ പല സംവിധാനങ്ങളിലേയ്ക്കും ഇപ്പോൾ പോകുന്നത്. അത് പണം പിടുങ്ങാനുള്ള ഏർപ്പാടുകളിലേയ്ക്ക് റാക്കറ്റുപോലെ ഇത്തരം പരിസ്ഥിതിയുടെ പേര് പറഞ്ഞ് ചെയ്യുന്ന കുറെ ശ്രമങ്ങളുണ്ട്. അതും തിരിച്ചറിയേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതോടൊപ്പം ഇതുകൂടി ശ്രദ്ധിക്കേണ്ടതുണ്ട് എന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പറയുന്നത് എല്ലാ രംഗത്തും, പൊതുപ്രവർത്തനത്തിലായാലും ഉദ്യോഗതലത്തിലായാലും ജീവിതത്തിന്റെ സമസ്ത മേഖലയിലും കാപട്യമുള്ളവരും അല്ലാത്തവരുമുണ്ട്. പക്ഷെ പരിസ്ഥിതി പ്രവർത്തകരെല്ലാം കപട പരിസ്ഥിതി വാദികളാണെന്ന വാദത്തോട് എനിക്ക് യോജിപ്പില്ല. 99 ശതമാനമാളുകളും സമർപ്പണബോധത്തോടെ പ്രവർത്തിക്കുന്നവരാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അങ്ങ് പറഞ്ഞ അഭിപ്രായത്തെ ഞാൻ മാനിക്കുന്നു. ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശാനുസരണം ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. അതുകൊണ്ട് ഈ നിയമത്തിൽ വന്നിരിക്കുന്ന മാറ്റങ്ങൾ പ്രത്യേകിച്ച്, 8 എ(i)-ലും പഞ്ചായത്ത് രാജ് മുനിസിപ്പൽ ആക്ടിലും ആറാം വകുപ്പിലും വന്നിരിക്കുന്ന മാറ്റങ്ങൾ കേരളത്തിന്റെ ഗുണപരമായ വളർച്ചയ്ക്ക് ഉപകരിക്കുന്നതായിരിക്കണം. ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

എന്റെ നിയോജക മണ്ഡലമായ തൃക്കാക്കരയിലാണ് ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി തുടങ്ങിയ ആധുനിക കാലഘട്ടത്തിലെ ഏറ്റവും വലിയ തൊഴിൽ നൽകാൻ കഴിയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പക്ഷേ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അവരുടെയൊക്കെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ

കഴിയുന്നില്ല. നമ്മൾ വ്യവസായങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊടുക്കുമ്പോൾ അവിടെ ജോലിയെടുക്കുന്ന ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള മുൻകരുതലും നമുക്കുണ്ടാകേണ്ടതുണ്ട്. പ്രത്യേകിച്ച്, അത്തരം സ്ഥാപനങ്ങളിലൊക്കെ പ്രവർത്തിക്കുന്ന പെൺകുട്ടികളെ സംബന്ധിച്ച് വലിയ ബുദ്ധിമുട്ടാണ്. ഈ സ്ഥാപനങ്ങൾക്കെല്ലാം സൗകര്യം ചെയ്തുകൊടുത്ത് കേരളം വ്യവസായ സൗഹൃദമാണെന്ന് നമ്മൾ സ്ഥാപിക്കുമ്പോൾ അതിന്റെ മറുവശമായി ഉണ്ടാകാനിടയുള്ള ദൂഷിതവലയങ്ങളും നമ്മൾ ശ്രദ്ധിക്കാതെ പോകരുത് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിരാകരണപ്രമേയത്തെ പിന്തുണയ്ക്കുകയാണ്.

ശ്രീ. അനിൽ അക്കരയ്ക്കുവേണ്ടി ശ്രീ. കെ. സി. ജോസഫ്: Sir, I move that- " This House resolves to disapprove The Kerala Investment Promotion and Facilitation Ordinance 2018 (Ordinance No. 8 of 2018)." ഇത് അനിവാര്യമായ ഒരു നിയമനിർമ്മാണമാണ്. കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ ഈ നാടിന് മോചനം ലഭിക്കുന്നതിന് സഹായകമായ ഒന്നാണ് ഈ നിയമനിർമ്മാണം. ബഹുമാന്യനായ മന്ത്രി ശ്രീ. എ. സി. മൊയ്തീന്റെ ആത്മാർത്ഥതയെ ഞാൻ ബഹുമാനിക്കുന്നു. ഏതായാലും കേരളത്തിലെ മുഖ്യഭരണകക്ഷിയുടെ നയത്തിലുണ്ടായ മാറ്റങ്ങൾ ഗുണകരമായി മാറും. ഞാൻ ഇത് പറയുമ്പോൾ, 1967-ലെ സപ്തകക്ഷി മുന്നണി സർക്കാരിൽ ശ്രീ. കെ. എം. മാണി അംഗമായിരുന്നു. ആ മന്ത്രിസഭയിൽ അംഗമായിരുന്ന അദ്ദേഹം മാത്രമേ ഇപ്പോൾ ഈ സഭയിലുള്ളൂ. അന്ന് വ്യവസായ വകുപ്പുമന്ത്രിയായിരുന്നത് സഖാവ് ടി. വി. തോമസാണ്. അദ്ദേഹം അന്ന് വ്യവസായരംഗത്ത് വലിയൊരു നീക്കം നടത്തിയ വ്യക്തിയാണ്. വ്യവസായത്തിനു വേണ്ടി ജപ്പാനിൽ നിന്ന് ഇരുമ്പയിര് കൊണ്ടുവന്നു. അന്ന് അദ്ദേഹത്തിനെതിരെ നീക്കമുണ്ടായത് പ്രതിപക്ഷത്തുനിന്നല്ല. ഭരണകക്ഷിയിൽ നിന്നുതന്നെയായിരുന്നു. ജപ്പാൻ മുതലാളിത്ത രാജ്യമാണെന്ന് പറഞ്ഞ് അദ്ദേഹത്തെ ആക്ഷേപിക്കുകയും അദ്ദേഹം മുതലാളിത്തത്തിന്റെ ഏജന്റാണെന്ന് പറഞ്ഞ് വിമർശിക്കുകയും ചെയ്തത് അന്നത്തെ ഭരണകക്ഷി തന്നെയായിരുന്നു. അന്ന് ശ്രീ. ടി. വി. തോമസ് അസംബ്ലിയിൽ ചോദിച്ച ഒരു ചോദ്യം ഞാൻ സഭാരേഖയിൽ വായിക്കാനിടയായി. "കേരളത്തിൽ എന്താണ് വ്യവസായം; അയ്യപ്പനെന്തിനാണ് പെണ്ണ്, പശു പോരേ;" എന്ന് ചോദിക്കുന്നതുപോലെ എന്തിനാണ് കേരളത്തിന് വ്യവസായമെന്ന് ഭരണ കക്ഷിയിലെ ചിലർതന്നെ ചോദിക്കുകയുണ്ടായി. ഇന്ന് നിങ്ങളുടെ നയം മാറി. ഈ നയം മാറ്റം 50 കൊല്ലം മുമ്പായിരുന്നെങ്കിൽ ഈ രാജ്യം വളരെയേറെ മുന്നോട്ടുപോകുമായിരുന്നു. കേരളത്തിലുണ്ടായ എല്ലാ മാറ്റങ്ങളിലും നമുക്കെല്ലാവർക്കും പങ്കാളിത്തമുണ്ട്; അത് ഗുണമായാലും ദോഷമായാലും. കേരളം ഭരിക്കാത്ത ഏക കക്ഷി ബി.ജെ.പി. മാത്രമാണ്. ഈ നാട്ടിൽ വ്യവസായ രംഗത്തുണ്ടായ

മാറ്റങ്ങൾക്കും കോട്ടങ്ങൾക്കും ഉത്തരം പറയാൻ അപ്പുറത്തുള്ള നിങ്ങൾക്കും ഞങ്ങൾക്കും ബാദ്ധ്യതയുണ്ട്. നിങ്ങൾ കൈക്കൊണ്ട സമീപനം ശരിയായിരുന്നോ; കമ്പ്യൂട്ടർവൽക്കരണം വന്നപ്പോൾ കേരളത്തിലാകെ കമ്പ്യൂട്ടറുകൾ തല്ലിപ്പൊട്ടിച്ചു. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. എം. ജേക്കബ്, ഡി.പി.ഐ. ഓഫീസിൽ പരീക്ഷാ വിഭാഗം പരിഷ്കരിക്കാൻവേണ്ടിയും മാർക്ക് ലിസ്റ്റ് ക്രമീകരിക്കാൻവേണ്ടിയും കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്യാൻ തീരുമാനിച്ചു. കമ്പ്യൂട്ടർ വാങ്ങി അവിടെക്കൊണ്ടുപോയി വച്ചു. ആ പെട്ടി പൊട്ടിക്കാൻ സമ്മതിച്ചില്ല. കമ്പ്യൂട്ടർ തല്ലിപ്പൊട്ടിച്ചു. സമരങ്ങൾ ഉണ്ടായി. ഇന്ന് നയം മാറി. പാലക്കാട്ടെയും കുട്ടനാട്ടിലെയും പാടശേഖരങ്ങളിൽ പണിയെടുക്കാൻ ആളില്ലാതെ വന്നപ്പോൾ ട്രാക്ടർ കൊണ്ടുവന്നു. നിങ്ങൾ തടഞ്ഞു, സമരം ചെയ്തു. അതുമൂലം കേരളത്തിനുണ്ടായ വലിയ നഷ്ടം വിസ്മരിക്കാൻ കഴിയില്ല. ഏതായാലും നിങ്ങൾക്കും കാലികമായ മാറ്റമുണ്ടായി. നിങ്ങളുടെ നയങ്ങളിൽ മാറ്റമുണ്ടായി. ഏതായാലും വൈകിവന്ന ഈ വിവേകം കേരളത്തിന് ഗുണകരമാകാൻ ഞാൻ പ്രത്യേകമായി പ്രാർത്ഥിക്കുകയാണ്. കേരളത്തിലെ വ്യവസായരംഗത്ത് മാറ്റമുണ്ടാകണമെങ്കിൽ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറണം. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷത്തെപ്പറ്റി പറയുകയുണ്ടായി, നീതി ആയോഗിന്റെ പഠനത്തിൽ പറയുന്നത്, തമിഴ്നാട്ടിൽ ഒരാൾക്ക് വ്യവസായം തുടങ്ങാൻ 63 ദിവസവും അന്ധ്രാ പ്രദേശിൽ 67 ദിവസവും മതി; എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ഇത് 214 ദിവസമാണെന്നാണ്. Ease of doing business എന്ന് പറയുമ്പോൾ നമ്മുടെ നിയമങ്ങളുടെ നൂലാമാലകൾ, നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം തുടങ്ങിയവയൊക്കെ മറികടക്കാതെ മുന്നോട്ടുപോകാൻ കഴിയില്ല. അപ്പോൾ വിഷമതകളുണ്ടാകുമെന്നതിൽ സംശയമില്ല. കേരളത്തിൽ ഒരു വ്യവസായത്തിന് നിർമ്മാണ അനുമതി ലഭിക്കാൻ 117 ദിവസം വേണം. ബീഹാറിൽ 43 ദിവസവും മദ്ധ്യപ്രദേശിൽ 41 ദിവസവും മതി. ഇങ്ങനെയുണ്ടാകുന്ന അനിശ്ചിതമായ കാലതാമസം വ്യവസായികളെ പിന്തിരിപ്പിക്കും. ആരും വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവരികയില്ല. വ്യവസായ സൗഹൃദ സംസ്ഥാനമായി മുന്നോട്ടുപോകുന്നതിന് ഇന്നത്തെ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ സഹായകമാകുന്നതാണ്. ശ്രീ. പി. ടി. തോമസ് പറഞ്ഞതുപോലെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാനുള്ള സ്റ്റാർട്ടപ്പ് നയം പ്രഖ്യാപിച്ചത് കേരളമാണ്. കേരളം പലതിലും മുൻപന്തിയിലായിരുന്നു. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ കെൽട്രോൺ ഇന്ത്യയിലെ അത്തരത്തിലുള്ള ആദ്യ സംരംഭമാണ്. പക്ഷെ കെൽട്രോണിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? നമ്മുടെ പിന്നാലെ വന്ന പലരും മുന്നോട്ടുകയറിപ്പോയി; കെൽട്രോൺ വെറും എക്യുപ്മെന്റ്സ് സംയോജിപ്പിക്കുന്ന യൂണിറ്റ് മാത്രമായി മാറി; കെൽട്രോൺ തകർന്നു. ലോകത്തെമ്പാടും ഇലക്ട്രോണിക് രംഗത്ത് വലിയ മാറ്റമുണ്ടാകുമ്പോൾ ആ മാറ്റത്തിന്റെ പൈലറ്റാകേണ്ട

കേരളത്തിലെ കെൽട്രോണിനുണ്ടായ തകർച്ച നമുക്ക് പാഠമാണ്. അങ്ങനെ സംഭവിക്കാൻ പാടില്ല. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി സ്റ്റാർട്ടപ്പ് നയം പ്രഖ്യാപിച്ച ആദ്യത്തെ 15 സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉണ്ടായിരുന്നു. 2015-ൽ 18-ാം സ്ഥാനവും 2016-ൽ 20-ാം സ്ഥാനവും 2017-ൽ 27-ാം സ്ഥാനവുമായിരുന്നു. നമ്മൾ താഴോട്ട് പോകുകയാണ്. നിയമത്തിൽ മാത്രമല്ല, നമ്മുടെ മനോഭാവത്തിലും മാറ്റമുണ്ടാകണം. ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ, ഈ ബിൽ സഭയിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയപ്പോഴാണ് തിരുവനന്തപുരത്ത് ശ്രീ. സുധീർ കരമനയ്ക്ക് ദുരനുഭവമുണ്ടായത്. നോക്കുകൂലി നിരോധിക്കാൻ തീരുമാനിച്ചു; കോടതി വിധിയുണ്ട്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടി; എല്ലാ യൂണിയനുകളും സമ്മതിച്ചു; പക്ഷേ, നോക്കുകൂലി തുടരുന്നു. കേരളത്തിലുണ്ടാകുന്ന പല സംഭവങ്ങളും നമുക്ക് തെറ്റായ സന്ദേശമാണ് തരുന്നത്. ശ്രീ. സുധീർ കരമനയുടെ ബൈപ്പാസ് റോഡിന് സമീപത്തുള്ള വീട്ടിലേയ്ക്ക് ആവശ്യമായ ഗ്രാനൈറ്റും മാർബിളും ഇറക്കുന്നതിനുവേണ്ടി നോക്കുകൂലി വാങ്ങിച്ചു; പണം വാങ്ങി തൊഴിലാളികൾ സാധനം ഇറക്കാതെ പോകുകയും ചെയ്തു. 16,000 രൂപ മറ്റുള്ളവർക്ക് കൊടുത്ത് ലോഡ് ഇറക്കേണ്ടി വന്നു. ഏതായാലും അവിടെ നോക്കുകൂലി വാങ്ങിയ തൊഴിലാളികളെ ശിക്ഷിക്കാൻ സി.ഐ.ടി.യു.വും ഐ.എൻ.ടി.യു.സി.-യും തയ്യാറായത് നല്ല കാര്യമാണ്. ഇവിടത്തെ മുഖ്യ യൂണിയനു കൾക്കുകൂടി കാര്യം ബോദ്ധ്യപ്പെട്ടിരിക്കുന്നു. അങ്ങനെ പോകുന്നത് അപകടമാണെന്ന് അവർക്ക് മനസ്സിലായി. അത് തീർച്ചയായും വളരെ ഗുണകരമായ ഒരവസ്ഥയാണ്.

ഇവിടെ വ്യവസായ സംരംഭങ്ങളുണ്ടാകണം. മറുനാടൻ നിക്ഷേപങ്ങൾ മാത്രമല്ല, മലയാളികളായ വ്യവസായികളും ഇവിടെ വരാൻ തയ്യാറാണ്. ഗൾഫ് രാജ്യങ്ങളിലെ അവസ്ഥ പഴയതുപോലെയൊന്നുമല്ല. ഗൾഫ് രാജ്യങ്ങളുടെ സാമ്പത്തിക നയങ്ങളിലുണ്ടായ മാറ്റം, തൊഴിൽ നിയമങ്ങളിലെ മാറ്റം, വളരെ വേഗം പ്രവാസികൾ മടക്കയാത്ര ആരംഭിച്ചുകഴിഞ്ഞു. മലയാളികൾ ജോലി നഷ്ടപ്പെട്ട് മടങ്ങുന്ന അവസ്ഥ നമ്മുടെ കൺമുന്നിലുണ്ട്. മടങ്ങിവരുന്ന പലരും അവരുടെ കൈവശമുള്ള ചെറിയ നിക്ഷേപങ്ങൾ, ചെറുതാകാം വലുതാകാം, അത് ഇവിടെ ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറാണ്. ഒരു മലയാളി വ്യവസായിയോട് ഇവിടെ ഇൻവെസ്റ്റ് ചെയ്യാൻ പറയാൻ അങ്ങേയ്ക്ക് സാധിക്കുമോ; നിക്ഷേപകന്റെ ആഗ്രഹം മുടക്കുന്ന പണം തിരിച്ചു കിട്ടണമെന്നതാണ്. മുടക്കുന്ന പണം തിരിച്ചുകിട്ടുകയെന്നത് ഒരു വ്യവസായിയുടെ ഒന്നാമത്തെ പ്രയോറിറ്റിയാണ്. ഗൾഫിൽ പണിയെടുത്ത് ജീവിതകാലം മുഴുവൻ കഷ്ടപ്പെട്ട സമ്പാദ്യവുമായി വരുന്നയാളുകളെ, കഴിഞ്ഞ ദിവസമുണ്ടായ സംഭവങ്ങൾ നമുക്കറിയാമല്ലോ, ഒരു ചെറിയ വ്യവസായം തുടങ്ങാൻ ശ്രമിച്ച ഒരു പ്രവാസി

മലയാളി ആത്മഹത്യ ചെയ്യേണ്ടിവന്നു. അത്തരം ദുരന്തങ്ങൾ ആവർത്തിക്കാൻ ഇടയാകരുത്. രാഷ്ട്രീയ പാർട്ടികളുടെയും നമ്മുടെയും സമീപനത്തിൽ മാറ്റമുണ്ടാകണം. കേരളത്തിൽ നിക്ഷേപം ഉണ്ടാകണമെങ്കിൽ തീർച്ചയായും അനുകൂലമായ സാഹചര്യമുണ്ടാകണം. ഈ നിയമത്തിലൂടെ ആ സാഹചര്യമുണ്ടാകുമെങ്കിൽ വളരെ സ്വാഗതാർഹമാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, അങ്ങ് ഇവിടെ പറഞ്ഞതുപോലെ, നിക്ഷേപം കൂടുതൽ ആകർഷിക്കണമെങ്കിൽ അനുകൂലമായ സാഹചര്യമുണ്ടാകണം. നോക്കു കൂലിയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രവാസികളുടെ സംഗമം കഴിഞ്ഞ ശേഷവും ആവർത്തിച്ച് നിയമസഭയിലും അപലപിച്ചുകൊണ്ട് പറയുകയുണ്ടായി. കഴിഞ്ഞ ദിവസം ഒരു സിനിമാ താരത്തിന്റെ വീട്ടിലേയ്ക്ക് കൊണ്ടുവന്ന ഗ്രാനൈറ്റും ടൈൽസും ഇറക്കുന്നതിന് നോക്കുകൂലി വാങ്ങുകയും അവസാനം നോക്കുകൂലി വാങ്ങിയ ആൾ ഒരു ബോക്സുപോലും ഇറക്കിവയ്ക്കാതെ അവിടെ നിന്ന് പോകുകയും ചെയ്തു. ഇത്തരത്തിലുള്ള സാഹചര്യത്തിൽ ഏത് നിയമം കൊണ്ടുവന്നാലും ഇത് കാണുന്ന പ്രവാസികളോ മറ്റ് നിക്ഷേപകരോ ഇവിടെ നിക്ഷേപിക്കാൻ തയ്യാറാകു മോയെന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ആ ഒരു സംഭവം ഇവിടെയുണ്ടാക്കിയ മെസ്സേജ് ചെറിയൊരു കാര്യമല്ല. ഇവിടെ വരുന്ന നിക്ഷേപകരുടെ ആഗ്രഹമെന്താണ്? നിക്ഷേപത്തിന് സുരക്ഷിതത്വമുണ്ടാകണം. മലയാളി വ്യവസായികളാരും വലിയ സമ്പന്നരൊന്നുമാകില്ല. ശ്രീ. എം. എ. യൂസഫലി, ശ്രീ. രവി പിള്ള, ഡോ. സി. കെ. മേനോൻ എന്നിവരൊക്കെ വൻകിട വ്യവസായികളാണ്. ധാരാളം ചെറുകിട വ്യവസായ സംരംഭകരുണ്ട്. അവർ ഇവിടെ പണം മുടക്കാൻ തയ്യാറാണ്; വ്യവസായം ആരംഭിക്കാൻ തയ്യാറാണ്. പക്ഷെ നിക്ഷേപം മടക്കിക്കിട്ടണമെന്ന അവരുടെ ആഗ്രഹം സഫലീകൃതമാകുമോ? ഇവിടെ വരുമ്പോഴുണ്ടാകുന്ന നിയമങ്ങളുടെ നൂലാമാല, ലൈസൻസ് ലഭിക്കാനുള്ള പ്രയാസങ്ങൾ, തൊഴിൽ തർക്കങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ കേരളത്തിന് മുന്നോട്ടുപോകാൻ സാധിക്കില്ല. തീർച്ചയായും അത്തരം പ്രയാസങ്ങൾ പരിഹരിക്കാൻ തൊഴിലാളികളുടെ ഭാഗത്തുനിന്ന് ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അവരുടെ ചിന്താഗതി മാറിവരുന്നത് നല്ല കാര്യമാണ്. തീർച്ചയായും ഈ നിയമം പാസ്സാക്കുന്നതോടുകൂടി കേരളത്തിന്റെ വ്യാവസായിക വികസനത്തിന് സഹായകമായ അന്തരീക്ഷമുണ്ടാകുമെങ്കിൽ അത് നാടിന്റെ മോചനമാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

1.00 PM]

ശ്രീ. റോജി എം. ജോൺ: സർ, ശ്രീ. കെ. സി. ജോസഫ് ഇവിടെ അവതരിപ്പിച്ച നിരാകരണപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. കേരളത്തിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ രംഗത്ത് നിലനിൽക്കുന്ന മോശം പ്രവണതകൾ ഒഴിവാക്കുന്നതിനുമായി 2002-ൽ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഒരു ബിൽ കൊണ്ടുവരികയുണ്ടായി. The Kerala Loading and Unloading (Regulation of Wages and Restriction of Unlawful Practices) Act, 2002. ഈ മേഖലയിൽ നിക്ഷേപകർക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന വളരെ ദുഃഖകരമായിട്ടുള്ള പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരുന്നു ആ നിയമം. അതിൽ നിരവധി കാര്യങ്ങളുണ്ട്. അതിൽ എന്തൊക്കെയാണ് Unlawful Practices ആയി കണക്കാക്കാവുന്നത് എന്നതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. പ്രധാനമായും Demanding, claiming or receiving any amount without executing any work or for the work done by others. അതുപോലെതന്നെ Intimidating an employer by threat or violence to compel him to engage any person or group of persons for loading and unloading work or for paying amounts in excess of the notified wages prescribed for the work performed. അതിൽ Unlawful Practices-നെക്കുറിച്ച് പരാമർശിച്ചിട്ടുണ്ടായിരുന്നു. പ്രധാനമായും നമ്മുടെ സംസ്ഥാനത്ത് നോക്കുകൂലി അവസാനിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് 2002-ൽ പാസ്സാക്കിയ ഒരു നിയമമായിരുന്നു. പക്ഷേ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്ന് 2008-ൽ The Kerala Headload Workers (Amendment) Act വന്നതോടുകൂടി യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കൊണ്ടുവന്ന നിയമത്തെ പൂർണ്ണമായും റിപ്പീൽ ചെയ്ത് കേരളത്തിൽ യഥേഷ്ടം നോക്കുകൂലി വാങ്ങാവുന്ന സാഹചര്യം വീണ്ടും സംജാതമാകുന്ന ഒരു സാഹചര്യമാണുണ്ടായത്. 2002-ൽ ഞങ്ങൾ മുന്നോട്ടുവയ്ക്കാൻ ആഗ്രഹിച്ച, പാസ്സാക്കിയ ഒരു നിയമത്തിന്റെ ചുവടുപിടിച്ച് ആ വികാരം ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ ആദ്യം ഇറക്കിയ ഓർഡിനൻസ് ഇവിടെ വന്നത് എന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ബഹുമാന്യനായ കെ. സി. ജോസഫ് സൂചിപ്പിച്ചതുപോലെ പത്ത്, പതിനഞ്ച് വർഷങ്ങൾ കഴിഞ്ഞിട്ടാണെങ്കിലും അക്കാര്യത്തിൽ നിങ്ങൾക്കൊരു പുനർചിന്തനമുണ്ടായി എന്നതിൽ സന്തോഷമുണ്ട്. ഇപ്പോൾ വീണ്ടും അതിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇന്ന് കേരളത്തിൽ വ്യാപകമായി നോക്കുകൂലി നിലനിൽക്കുകയാണെന്നാണ് ഞങ്ങൾ ഇവിടെ പറയാൻ ആഗ്രഹിക്കുന്ന ഒരു കാര്യം. ഇക്കഴിഞ്ഞ മാസത്തെ പത്രമാധ്യമങ്ങൾ എടുത്ത് പരിശോധിച്ചാൽ, കഴിഞ്ഞ ദിവസം ഉണ്ടായ സിനിമാതാരം ശ്രീ. സുധീർ കരമനയുടെ വിഷയം

ഉൾപ്പെടെയുള്ള നിരവധി കേസ്സുകൾ കാണാൻ സാധിക്കും. അദ്ദേഹം ഒരു സിനിമാ താരമായതുകൊണ്ട് വലിയ വാർത്താ പ്രാധാന്യം ലഭിക്കുകയുണ്ടായി. അദ്ദേഹം പ്രകടിപ്പിച്ച വികാരത്തോട് നമ്മളെല്ലാം യോജിക്കുന്നു. ആ വികാരത്തോട് യോജിച്ചുകൊണ്ട് അതിൽ ഉൾപ്പെട്ടിരുന്ന തൊഴിലാളികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തൊഴിലാളി സംഘടനകളും മാതൃകാപരമായി പ്രവർത്തിച്ചു എന്നതിൽ എല്ലാവർക്കും സന്തോഷമുണ്ട്. നമ്മളെല്ലാവരും അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ അതുകൂടാതെ നിരവധി കേസ്സുകൾ കേരളത്തിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സിനിമാ താരങ്ങളല്ലാതെ സാധാരണക്കാരായ ആളുകൾക്ക് ഇത് നിത്യേന അനുഭവിക്കേണ്ടൊരു സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്. കഴിഞ്ഞ ഒരു മാസത്തിൽത്തന്നെ ഉണ്ടായിരിക്കുന്ന വാർത്തകൾ നോക്കുകൂലിക്കായി സി.പി.ഐ.(എം.) ആക്രമണം, വീട് പണിക്കെത്തിച്ച സിമന്റ് ഇറക്കാൻ ശ്രമിച്ച ഗൃഹനാഥന്റെ കൈ സി.ഐ.ടി.യു.കാർ തല്ലിയൊടിച്ചു, കൊച്ചി തുറമുഖത്ത് ചരക്കിറക്കാൻ നോക്കുകൂലിയായി രണ്ടര ലക്ഷം രൂപ വാങ്ങി, മുഖ്യമന്ത്രിയുടെ വാക്കിന് പുല്ലുവില എന്നിങ്ങനെ നിരവധി വാർത്തകൾ ഓരോ ദിവസവും വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ ഒരു പ്രഖ്യാപനം നടത്തിയപ്പോൾ ഞങ്ങളെല്ലാവരും അതിനെ സ്വാഗതം ചെയ്തതാണ്. ലോക തൊഴിലാളി ദിനമായ മേയ് 1 മുതൽ കേരളത്തിൽ നോക്കുകൂലി ഇല്ല എന്നൊരു പ്രഖ്യാപനമുണ്ടായപ്പോൾ അതിനെ എല്ലാവരും സ്വാഗതം ചെയ്തതാണ്. വളരെ പ്രതീക്ഷയോടുകൂടിയാണ് നോക്കിക്കണ്ടത്. പക്ഷേ അദ്ദേഹത്തിന്റെ വാക്കുകൾക്ക് പുല്ലുവില എന്ന നിലയിലാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. തൊഴിലാളി സംഘടനകൾ ഇക്കാര്യത്തിൽ ക്രിയാത്മകമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിതന്നെ ഇതുസംബന്ധിച്ച് നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. നോക്കുകൂലി ഇല്ലാതാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകൾ നിലവിലുണ്ട്. മാത്രമല്ല, 16-10-2017-ൽ പുറപ്പെടുവിച്ച ഹൈക്കോടതി ഉത്തരവ് പ്രകാരം നോക്കുകൂലി, 10,000 രൂപയിൽ കൂടുതൽ എന്തെങ്കിലും ട്രാൻസാക്ഷൻ ക്യാഷ് ആയി വാങ്ങുന്നതുതന്നെ ഇല്ലീഗലാണെന്ന് പറഞ്ഞിട്ടുണ്ട്. പലപ്പോഴും നോക്കുകൂലിയായി വലിയ തുക ക്യാഷ് ആയി വാങ്ങുകയാണ്. Payment for headload workers union shall be made through bank accounts and Aadhaar linked PAN card is must എന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞിരിക്കുകയാണ്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുവേണ്ടി നല്ല പ്രവർത്തനങ്ങളുമായി നമ്മൾ മുമ്പോട്ട് പോകുമ്പോൾ വളരെ അടിസ്ഥാനപരമായ ഒരു വിഷയമാണ് ഇവിടെ നോക്കുകൂലി ഇല്ലാതാക്കുക എന്നത്. തൊഴിലാളികളെ സംരക്ഷിക്കുക എന്നതിന്റെ അർത്ഥം നോക്കുകൂലി പ്രോത്സാഹിപ്പിക്കുക എന്നല്ല. തൊഴിലാളികൾക്ക് മാന്യമായി

തൊഴിലെടുക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. അതോടൊപ്പം നോക്കുകൂലി പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ട് ഇവിടെ നിക്ഷേപകർക്ക് നല്ലൊരു അന്തരീക്ഷം സൃഷ്ടിക്കുവാനായി നിയമനിർമ്മാണം നടത്തേണ്ടതാണ്. അതിനൊരു സാഹചര്യം ഈ സംസ്ഥാനത്ത് ഉണ്ടാകേണ്ടതായിട്ടുണ്ട്. നമ്മൾ ease of doing business-നെക്കുറിച്ച് പറയുന്നുണ്ട്; Ease of doing business-ന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം വളരെ പുറകിലാണ് എന്നത് നമുക്കെല്ലാവർക്കും അറിയാം. 21-ാം സ്ഥാനമാണ് നമുക്കുള്ളത്. പക്ഷേ എനിക്കിവിടെ സൂചിപ്പിക്കാനുള്ളൊരു കാര്യം, ease of doing business-ൽ കേരളത്തിന്റെ റാങ്കിംഗ് മെച്ചപ്പെടുത്താൻ പരിശ്രമിക്കുമ്പോൾ കേരളത്തിൽ നിലനിൽക്കുന്ന സാഹചര്യങ്ങൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമാണ് എന്നൊരു യാഥാർത്ഥ്യം നമ്മൾ ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. കേരളത്തിലെ പാരിസ്ഥിതിക വിഷയങ്ങൾ, ഭൂമിയുടെ ലഭ്യത, ജനസാന്ദ്രത എന്നിവയെല്ലാം നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാടുമായോ ആന്ധ്രാപ്രദേശുമായോ ഒക്കെ താരതമ്യം ചെയ്യുമ്പോൾ വളരെ വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ പല വ്യവസായങ്ങളും കേരളത്തിൽ വരുമ്പോൾ ആ വ്യവസായങ്ങൾ കേരളത്തിൽ സ്ഥാപിക്കുന്നതിനും അത് സുഗമമായി പ്രവർത്തിക്കുന്നതിനുമുള്ള സാഹചര്യം ഇന്ന് നിലവിലില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അത് വളരെ അടിസ്ഥാനപരമായിട്ടുള്ളൊരു കാര്യമാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രി ആയിരിക്കുന്ന കാലയളവിലാണ് കൊച്ചി മെട്രോ റെയിലിന് തുടക്കം കുറിച്ചത്. കൊച്ചി കേരളത്തിന്റെ വാണിജ്യ വ്യാവസായിക തലസ്ഥാനം എന്നാണറിയപ്പെടുന്നത്. ഭൂമി ലഭ്യത താരതമ്യേന വളരെ കുറവുള്ള ഒരു unplanned city-യാണ് കൊച്ചി. കൊച്ചിയിൽ ഭൂമി വിട്ടുനൽകാനും സമയബന്ധിതമായി മെട്രോ റെയിലിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും കഴിഞ്ഞത് കേരളത്തിന്റെ തൊഴിൽ മേഖലയിൽ, വ്യാവസായിക മേഖലയിൽ ഒരു പുതിയ മാതൃകയാണ്. കഴിഞ്ഞ 5 വർഷക്കാലം അത് നടപ്പാക്കാൻ സാധിച്ചത് ഒരു അഭിമാനമായിത്തന്നെ നമ്മൾ കാണുകയാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ 70 ശതമാനം നൽകുന്ന എറണാകുളം പോലുള്ളൊരു സ്ഥലത്ത് കൊച്ചി മെട്രോ റെയിൽ പോലുള്ള കേരളത്തിന്റെ അഭിമാന പദ്ധതികളിലൊന്ന് വളരെ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുപോലുള്ളൊരു തൊഴിൽ സംസ്കാരം വളർത്തി എടുക്കാനല്ലേ ഇതുവഴി ലക്ഷ്യം വയ്ക്കേണ്ടത്?

ശ്രീ. റോജി എം. ജോൺ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. കേരളത്തിലെ തൊഴിലാളികളിൽ ഭൂരിഭാഗവും കേരളത്തിന്റെ വികസനം സാദ്ധ്യമാകുന്നതിനുവേണ്ടി സർക്കാരിന്റെ

പദ്ധതികളായാലും സ്വകാര്യമേഖലയിൽ ഉണ്ടാകുന്ന നിക്ഷേപങ്ങളായാലും അത് പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാകാലത്തും തയ്യാറാണ്. ഇവിടെ കൊച്ചി മെട്രോയുടെ കാര്യത്തിൽ ശ്രീ. ഹൈബി ഈഡൻ സൂചിപ്പിച്ച കാര്യം, അത് സർക്കാർ തലത്തിലുണ്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ എല്ലാപേരെയും വിശ്വാസത്തിലെടുത്തുകൊണ്ട്, വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച് മുന്നോട്ട് പോകാനായിട്ടുള്ള ഒരു സമീപനമുണ്ടായതുകൊണ്ടാണ് അത്തരം മാതൃകാപരമായിട്ടുള്ള പ്രവൃത്തി പൂർത്തീകരിക്കാൻ, കൊച്ചി മെട്രോ പോലുള്ള പദ്ധതിയുമായി മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ, ഇന്ന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നമ്മുടെ പാരിസ്ഥിതിക പ്രശ്നം കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാനപരമായി ഒരു വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്ന് ഏതെങ്കിലും ഒരു മുനിസിപ്പാലിറ്റി കേരളത്തിൽ തീരുമാനിച്ചാൽ അതിനനുയോജ്യമായ പ്രദേശം കണ്ടെത്തുക വളരെ ദുഷ്കരമാണ്. കാരണം ഏത് പ്രദേശത്ത് അത് സ്ഥാപിക്കാൻ ശ്രമിച്ചാലും ചുറ്റുവട്ടത്തുള്ളവർ അതിനെതിരെ സമരം ചെയ്യുകയോ ആശങ്ക ഉയർത്തുകയോ ചെയ്യുന്ന സാഹചര്യം ഇന്ന് നിലനിൽക്കുന്നുണ്ട്. അങ്ങനെയൊരു വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുപോലും നമ്മുടെ സംസ്ഥാനത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പൽ പ്രദേശത്തോ ഒരു പഞ്ചായത്ത് പ്രദേശത്തോ സ്ഥാപിക്കാൻ കഴിയാത്തവിധത്തിലുള്ള പ്രത്യേകതരം സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്. കേരളത്തെ സംബന്ധിച്ച് നമ്മൾ ചിന്തിക്കേണ്ടത്, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനെക്കുറിച്ചും നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനെക്കുറിച്ചും പറയുമ്പോൾ തമിഴ്നാടോ, ആന്ധ്രാ പ്രദേശോ ചെയ്യുന്ന രീതിയിലുള്ള ബിസിനസ്സുകൾ അല്ലാതെ കേരളത്തിന്റെ കംപാരിറ്റീവ് അഡ്വാൻറ്റേജ് പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള വ്യവസായ രംഗത്തുള്ള ഒരു ഡൈവേഴ്സിഫിക്കേഷനാണ് നമ്മൾ ലക്ഷ്യം വയ്ക്കേണ്ടത്. ഉദാഹരണത്തിന് ഐ.ടി. ടൂറിസം, സർവ്വീസ് സെക്ടർ, അഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രീസ് എന്നിവയൊക്കെ കേരളത്തിൽ സ്ഥാപിക്കാനുള്ള സാഹചര്യങ്ങൾ നിലനിൽക്കുകയാണ്. ഒരു പക്ഷേ മറ്റു സംസ്ഥാനങ്ങൾക്കുള്ളതിനേക്കാൾ കൂടുതലായുള്ള സാഹചര്യവും സൗകര്യവും കേരളത്തിനുണ്ട്. ആ മേഖലകളിലേയ്ക്ക് നമുക്ക് നിക്ഷേപം കൂടുതലായി കൊണ്ടു വരുന്നതിനുള്ള വഴി തുറന്നു കൊടുത്ത്, സാഹചര്യങ്ങൾ ഒരുക്കികൊടുത്ത് അതുവഴി കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള പരിശ്രമമാണ് നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടത്. അല്ലാതെ പരമ്പരാഗതമായിട്ടുള്ള, ഇവിടെ പരിസ്ഥിതിക്ക് വലിയ ആഘാതമുണ്ടാക്കുന്ന വ്യവസായങ്ങൾ വന്നാൽ സ്വാഭാവിക മായിട്ടും അത് മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രാദേശികമായ വിഷയങ്ങൾ ഉണ്ടാകുക സാധാരണമാണ്. കേരളത്തിന് ഇത്തരം മേഖലകളിൽ കൈവരിക്കാൻ സാധിക്കുന്ന, കേരളത്തിന്റെ ഒരു അഡ്വാൻറ്റേജ് കണക്കിലെടുത്തു കൊണ്ട്

അത്തരം മേഖലകളിലേയ്ക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനുള്ള സമീപനമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ ശ്രീ. പി. ടി. തോമസ് പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എന്റെ നിയോജക മണ്ഡലത്തിൽ ഉൾപ്പെടെ കടന്നുപോകുന്ന ചാലക്കുടി പുഴയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ നിരന്തരമായി വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ചാലക്കുടി പുഴയുടെ സമീപത്ത് പ്രവർത്തിക്കുന്ന നിറ്റാ ജലാറ്റിൻ എന്ന കമ്പനി സൃഷ്ടിക്കുന്ന മലിനീകരണത്തെ സംബന്ധിച്ച് നിരന്തരമായി വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ആ പ്രദേശങ്ങളിലെ ജനങ്ങൾ വളരെ ആശങ്കയിലായിരിക്കുകയാണ്. ചാലക്കുടി പുഴയിലും സമീപ പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിലും ഉൾപ്പെടെ പരിശോധന നടത്തിയപ്പോൾ വെള്ളത്തിൽ പി.എച്ച്. ലെവൽ ക്രമാതീതമായി കുറഞ്ഞിരിക്കുന്നതും ആസിഡ് ലെവൽ ക്രമാതീതമായി കൂടിയിരിക്കുന്നതും കണ്ടെത്തിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ വലിയ ആശങ്ക ആ പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്നുണ്ട്. ഇത്തരം കമ്പനികളുടെയൊക്കെ പ്രവർത്തനങ്ങളെക്കുറിച്ച് കൃത്യമായ പഠനം നടത്തുന്നതിനും പാരിസ്ഥിതിക വിഷയങ്ങളുണ്ടാക്കുന്നുണ്ടെങ്കിൽ അത് നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ, സത്വരമായ ഇടപെടലുകൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഭാഗത്തു നിന്നായാലും സർക്കാരിന്റെ ഭാഗത്തുനിന്നായാലും ഉണ്ടാകേണ്ടതാണ്. അത് ഉണ്ടാകാത്തപക്ഷം ജനങ്ങൾ സ്വാഭാവികമായും ഇത്തരം വ്യവസായ സംരംഭകർക്കെതിരായി തിരിയും. കുടിവെള്ളത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി ജനങ്ങൾ പ്രക്ഷോഭരംഗത്തേയ്ക്ക് ഇറങ്ങേണ്ട സാഹചര്യം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ നിലനിൽക്കുന്ന പ്രത്യേക സാഹചര്യം മറ്റു സംസ്ഥാനങ്ങളിൽ നിന്നും എല്ലാ കാലത്തും വ്യത്യസ്തമാണ്. അത് മനസ്സിലാക്കി നമ്മുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്ന തരത്തിലുള്ള ഒരു ഡൈവേഴ്സിഫിക്കേഷൻ കൊണ്ടുവന്ന്, അത്തരം വ്യവസായങ്ങൾ കേരളത്തിൽ കൂടുതലായി കൊണ്ടുവരുന്നതിനുള്ള പരിശ്രമമാണ് ഉണ്ടാകേണ്ടതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലും 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബില്ലും സംബന്ധിച്ച എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. എസ്കലേറ്ററുകളും ലിഫ്റ്റുകളും സ്ഥാപിക്കുമ്പോൾ നേരത്തെ ഉണ്ടായിരുന്ന ഒരു വർഷത്തെ ലൈസൻസ് മൂന്ന് വർഷമാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. നിക്ഷേപങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന്റെയും അതോടൊപ്പം സുഗമമാക്കുന്നതിന്റെയും ബില്ലിൽ നിരവധി ഭേദഗതികൾ വരുത്തിയാണ് ഈ ബിൽ കൊണ്ടുവരുന്നത്. മൂന്ന്

വർഷമാക്കുകയെന്ന് പറയുന്നത് ജനങ്ങളുടെ ജീവനെയും സുരക്ഷിതത്വത്തെയും വളരെയധികം പ്രതികൂലമായി ബാധിക്കുന്ന കാര്യമാണെന്നുള്ളതുകൊണ്ട് ആ ഭേദഗതിയെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം നിക്ഷേപങ്ങളുടെ കാര്യത്തിൽ ഏറ്റവും പിന്നിലാണ്. രണ്ട് വർഷമായി നിക്ഷേപങ്ങളൊന്നും ഇവിടെ വന്നിട്ടില്ല എന്നുള്ളത് പുറത്തുവിട്ടിരിക്കുന്ന എല്ലാ കണക്കുകളും തെളിയിക്കുകയാണ്. കേരളത്തിന്റെ സംരംഭക സംസ്കാരം തന്നെ മാറ്റിയെഴുതേണ്ട രീതിയിലേയ്ക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. ഇത് കാലത്തിനനുസരിച്ച് ചിന്തിച്ചതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി 7 ആക്ടുകൾ ഭേദഗതി ചെയ്തുകൊണ്ട് ഇങ്ങനെയൊരു ഉദ്യമത്തിന് തുനിഞ്ഞത്. പക്ഷെ ഇങ്ങനെയുള്ള ഉദ്യമത്തിന് തിരിയുമ്പോൾപോലും, കേരളം അതിന് പാകപ്പെട്ടിട്ടുണ്ടോ, കേരളത്തെ അതിന് പാകപ്പെടുത്താനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രത്യേകിച്ച് ഭരണ സംവിധാനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ പാർട്ടിക്കുമുണ്ടോയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയമായി എനിക്ക് തോന്നുന്നത്. വ്യവസായ വകുപ്പുമന്ത്രി ഇതുപോലെയുള്ള ആക്ട് രൂപപ്പെടുത്തിയെടുക്കാനും ഭേദഗതികൾ കൊണ്ടുവന്ന് നിക്ഷേപം സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി നടത്തിയ പരിശ്രമങ്ങൾ എത്രയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. സ്വന്തം പാർട്ടിയിലെ തൊഴിലാളി വിഭാഗത്തെപ്പോലും ഈ കാര്യം ബോദ്ധ്യപ്പെടുത്താൻ അദ്ദേഹം വളരെയധികം പ്രയാസപ്പെട്ടിട്ടുണ്ട്, ഭരണകൂടവും പ്രയാസപ്പെട്ടിട്ടുണ്ട് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. നീതി ആയോഗ് പുറത്തുവിട്ട കണക്കുപ്രകാരം വ്യവസായ രംഗത്ത് ഒരു സംരംഭം തുടങ്ങുകയാണെങ്കിൽ, തമിഴ്നാട്ടിൽ 63 ദിവസംകൊണ്ട് വ്യവസായം തുടങ്ങാനുള്ള എല്ലാ പേപ്പറുകളും റെഡിയാകും, ആന്ധ്രാ പ്രദേശിൽ അത് 67 ദിവസവും കേരളത്തിൽ 214 ദിവസവുമാണ്. നിർമ്മാണ അനുമതിക്കായി ഒരു നിക്ഷേപകൻ അപേക്ഷ കൊടുത്തുകഴിഞ്ഞാൽ മധ്യപ്രദേശിൽ 41 ദിവസം കൊണ്ട് നിർമ്മാണാനുമതി ലഭ്യമാകും, ബീഹാറിൽ 43 ദിവസവും. എന്നാൽ കേരളത്തിൽ അതിന് 117 ദിവസവും വേണ്ടിവരുന്നു. ഇതാണ് കേരളത്തിന്റെ അവസ്ഥ.

നിക്ഷേപത്തിനും വ്യവസായം തുടങ്ങുന്നതിനും ഏറ്റവും അനുകൂലമായ സാഹചര്യങ്ങളും പരിസ്ഥിതിയുമൊക്കെയുള്ള സംസ്ഥാനമാണ് കേരളം. മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, 15 തുറമുഖങ്ങൾ, ഏറ്റവും മികച്ച റെയിൽവെ നെറ്റ്‌വർക്ക്, ഏറ്റവും ഗുണമേന്മയുള്ള മാൻപവർ തുടങ്ങിയവയുള്ള സംസ്ഥാനം, ഒരുപക്ഷേ ദൈവത്തിന്റെ സ്വന്തം നാട് എന്നുപറയുന്നതിന് അടിവരയിടാവുന്ന ഏറ്റവും വലിയ സൗകര്യമാണ് കേരളത്തിലുള്ളത്. ഞാൻ കൊണ്ടോട്ടി എം.എൽ.എ.യാണ്; എന്റെ നിയോജക മണ്ഡലത്തിലാണ് കോഴിക്കോട് വിമാനത്താവളം. നാലാമത്തെ അന്താരാഷ്ട്ര വിമാനത്താവളം കണ്ണൂർ ജില്ലയിൽ വികസിച്ചുവരുന്നതോടുകൂടി കൂടുതൽ

അനുകൂലമായി വരികയാണ്. കോഴിക്കോട് നിന്നും വരുന്ന ആളായതുകൊണ്ടും കൊണ്ടോട്ടിക്കാരനായതുകൊണ്ടും എനിക്ക് പറയാതിരിക്കാൻ കഴിയില്ല; സംസ്ഥാന സർക്കാർ നിക്ഷേപങ്ങളെയും വ്യവസായങ്ങളെയും പ്രോൽസാഹിപ്പിക്കാൻ സ്വീകരിക്കുന്ന നടപടികളിൽ ഏറ്റവും പ്രയോറിറ്റി നൽകേണ്ടത് കോഴിക്കോട് എയർപോർട്ടിനാണ്. എന്നാൽ ഇപ്പോൾ അതിന്റെ മരവിപ്പ് എല്ലാവർക്കുമറിയാം, അതിൽ സംസ്ഥാന സർക്കാർ വേണ്ടവിധം ഉണർന്നു പ്രവർത്തിച്ചില്ലെന്നുതന്നെയാണ് ഞാൻ പറയുന്നത്. വ്യവസായ വകുപ്പുമന്ത്രികൂടി ആ കാര്യത്തിൽ പ്രത്യേകിച്ച് താൽപ്പര്യമെടുക്കേണ്ടതുണ്ട്. 2015-16-ലാണ് കോഴിക്കോട് എയർപോർട്ട് ആദ്യമായി നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി അടച്ചിടുന്നത്. പൂർണ്ണമായ രീതിയിൽ അതിന്റെ പ്രവർത്തനം തുടങ്ങിയെങ്കിലും അവിടെ അന്താരാഷ്ട്ര വിമാനങ്ങൾ ഇറങ്ങുന്നില്ല. വൈഡ് ബോഡി വിമാനങ്ങൾ ഇറങ്ങാൻ കഴിയാത്ത സാഹചര്യം, എംബാർക്കേഷൻ പോയിന്റ് മാറ്റി തുടങ്ങിയ ധാരാളം കാര്യങ്ങൾ അവിടെയുണ്ട്. 26000-ത്തോളം ടൺ ഭക്ഷ്യവസ്തുക്കളും പച്ചക്കറി ഐറ്റങ്ങളും അവിടെ നിന്നും കയറ്റി അയച്ചിരുന്നു. അതിപ്പോൾ 13000 ടൺ ആയി, നേരെ പകുതിയായി കുറഞ്ഞിരിക്കുന്നു. ഇത് ആരെയാണ് ബാധിക്കുകയെന്ന് നമുക്കെല്ലാവർക്കും അറിയാം. തീർച്ചയായിട്ടും ഈ പശ്ചാത്തല സൗകര്യമൊരുക്കുന്ന കൂട്ടത്തിൽ കോഴിക്കോട് എയർപോർട്ടിന്റെ കാര്യം പ്രത്യേകിച്ച് പരിഗണിക്കേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. തുറമുഖങ്ങളുടെ കാര്യം എല്ലാപേർക്കുമറിയാം 15 തുറമുഖങ്ങളുണ്ട്. കോഴിക്കോട് എയർപോർട്ടിന്റെ കാര്യം ഒന്നുകൂടി ഊന്നിപ്പറയേണ്ടതുണ്ട്, ഇന്ത്യയിലെ തന്നെ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള മൂന്ന് എയർപോർട്ടുകളിലൊന്നാണ് കോഴിക്കോട് എയർപോർട്ട്. അത് ഇന്ന് വളരെ പിന്നോട്ടുപോയി. അതിന് കാരണം ഇവിടെയുള്ള ഭരണവർഗ്ഗത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും നിഷേധാത്മകമായ സമീപനമാണ്. കോഴിക്കോട് എയർപോർട്ടിനോടൊപ്പംതന്നെ എടുത്തുപറയേണ്ട ഒന്നാണ് തുറമുഖങ്ങളുടെ സൗകര്യം എന്ന വിഷയം. കേരളത്തിൽ ഏറ്റവും നല്ല തുറമുഖ സൗകര്യമുണ്ട്. ഇന്ത്യയിലെ തന്നെ ഏറ്റവും നല്ല ബിസിനസ്സ് നടക്കുന്ന തുറമുഖങ്ങളിലൊന്നാണ് കൊച്ചി. വിഴിഞ്ഞം തുറമുഖത്തിന്റെ പണി എന്ന് പൂർത്തിയാക്കുമെന്ന് പറയാൻ കഴിയാത്ത വിധം ശ്രീ. ഗൗതം അദാനി അതിന്റെ പൂർത്തീകരണത്തിന് സമയം നീട്ടി ചോദിച്ചിരിക്കുന്ന ഘട്ടമാണ്. ഈ കാര്യത്തിലൊക്കെ സർക്കാർ നിശ്ചയദാർഢ്യം കാണിച്ചില്ലെങ്കിൽ തീർച്ചയായും വളരെ പിന്നോട്ട് പോകേണ്ട അവസ്ഥ കേരളത്തിനുണ്ടാകും. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ഈയൊരു ഭേദഗതികൊണ്ടു മാത്രമാകില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിനായി രാഷ്ട്രീയമായ ഇച്ഛാശക്തി വേണം, ജനങ്ങളുടെ മനോഭാവം മാറ്റിയെടുക്കണം, ജനങ്ങളുടെ സമീപനങ്ങളിൽ മാറ്റം വരുത്തണം. പ്രത്യേകിച്ച് ഈ കാര്യങ്ങളിലൊക്കെ നേരത്തേ വളരെ നിഷേധാത്മകമായ സമീപനം സ്വീകരിച്ചിരുന്ന സി.ഐ.ടി.യു. പോലെയുള്ള തൊഴിലാളി സംഘടനകളെക്കുറിച്ച് പറയാതിരിക്കാൻ നിർവ്വാഹമില്ല.

നോക്കുകൂലിയുടെ കാര്യങ്ങളൊക്കെ വളരെ വിശദമായി ഇവിടെ സംസാരിച്ചു. നോക്കുകൂലി നിർത്തലാക്കാനാവശ്യമായ ഭേദഗതി, അത് നടപ്പിലാക്കാൻ നടത്തിയ പരിശ്രമങ്ങൾ തുടങ്ങിയവ, ഞാൻ ആ സബ്ജക്ട് കമ്മിറ്റിയിലെ അംഗമായതിനാൽ എനിക്കറിയാം. അത്രയധികം പ്രയാസപ്പെട്ടാണ് അതിനായുള്ള ഭേദഗതികൾ കൊണ്ടുവന്നത്. ഇവിടെ നിക്ഷേപങ്ങൾ ഉണ്ടാകുമ്പോൾ മാത്രമേ തൊഴിലാളിക്ക് ജോലിയുണ്ടാകുകയുള്ളൂ. ആ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുമ്പോൾ മാത്രമേ തൊഴിലാളിയുടെ ജോലി സുരക്ഷയും ഉറപ്പുവരുത്തേണ്ട കാര്യമുള്ളൂ. അല്ലാതെ തൊഴിലാളിയുടെ ജോലി സുരക്ഷ മാത്രം ഉറപ്പുവരുത്തുകയും, നിക്ഷേപ സൗഹൃദമായ സംസ്ഥാനമാക്കി മാറ്റി, നിക്ഷേപങ്ങൾ വരുന്നതിനുള്ള സാഹചര്യമൊരുക്കാതിരിക്കുകയും ചെയ്താൽ ഒരിക്കലും തൊഴിലാളിക്ക് ജോലിയുണ്ടാകില്ല. തീർച്ചയായും ഇത് പരസ്പര പൂരകമായതിനാൽ, ഗവൺമെന്റ് ഇതിനുവേണ്ടി ശ്രമം നടത്തുന്നതിന്, ഈയൊരു സമയത്ത് ഇങ്ങനെയൊരു ബോധോദയമുണ്ടായതിൽ ഞങ്ങൾ പ്രത്യേകം അഭിനന്ദിക്കുകയാണ്. നോക്കുകൂലി നിർത്തലാക്കണമെന്ന് ശ്രീ. പിണറായി വിജയൻ പറഞ്ഞത് കേരളത്തിലെ ജനങ്ങൾ വളരെ ആശ്ചര്യത്തോടെയും ആഹ്ലാദത്തോടെയും നോക്കിക്കണ്ടതാണ്. ഏറ്റവും ചുരുങ്ങിയത് സി.ഐ.ടി.യു.ക്കാരെങ്കിലും അത് അനുസരിക്കുമല്ലോ എന്നതാണ് കേരളം മൊത്തമായി ആഹ്ലാദത്തോടെ അതിനെ സ്വീകരിക്കാനുള്ള കാരണം. കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി മാത്രമല്ല, ഇത്രയധികം ഇച്ഛാശക്തിയുള്ള രാഷ്ട്രീയ നേതാവ്, പ്രത്യേകിച്ച് സി.പി.ഐ.(എം.) നേതാവ് ഇതുവരെ വന്നിട്ടില്ല, ഒരേ സമയം ഭരണത്തിലും പാർട്ടിയിലും ഒരുപോലെ ആധിപത്യം ചെലുത്തുന്ന നേതാവ് പറഞ്ഞിട്ടുപോലും അവരുടെ തൊഴിലാളി സംഘടന അനുസരിക്കുന്നില്ലായെന്നതാണ് ഇവിടെ എന്റെ മുൻപ്രാസംഗികർ സൂചിപ്പിച്ച സമീപകാല സംഭവങ്ങൾ കാണിക്കുന്നത്. ഇതിൽ ഭരണപക്ഷത്തുള്ള തൊഴിലാളി സംഘടനകളും യുവജന സംഘടനകളുമുണ്ട്. സുഗതൻ എന്നു പറയുന്ന നിക്ഷേപകൻ ആത്മഹത്യ ചെയ്ത സംഭവം കേരളത്തിൽ സമീപകാലത്തുണ്ടായതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഇപ്പോൾ കടക്കാൻ ആഗ്രഹിക്കുന്നില്ല. രണ്ട് വർഷംകൊണ്ട് കേരളത്തിന്റെ നിക്ഷേപത്തിന്റെ തോത് എത്രയാണെന്ന് ചോദിച്ചാൽ ഉത്തരം വട്ടപ്പൂജ്യമാണെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ പുറത്തുനിന്നുള്ള സ്വകാര്യ നിക്ഷേപങ്ങൾപോലും ഇവിടെയെത്തിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര വളർച്ചയെ തന്നെ പ്രതികൂലമായി ബാധിച്ചിട്ടുള്ള കാര്യമാണ്. ലൈറ്റ് മെട്രോ, വിഴിഞ്ഞം പദ്ധതിയുടെ പൂർത്തീകരണം ഇവയിലൊന്നും ശ്രദ്ധിക്കാൻ സംസ്ഥാന സർക്കാരിന് കഴിയാത്തത് തീർച്ചയായും നിക്ഷേപകരെ നിരുത്സാഹപ്പെടുത്താനേ കാരണമാകുകയുള്ളൂ. അതുപോലെ പ്രവാസി നിക്ഷേപം കൊണ്ടുവരുന്നതിനായി നോർക്ക മുഖാന്തരം ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ തുടങ്ങിയത് മാത്രമാണ് ഇവിടെ

സംഭവിച്ചത്. ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ തുടങ്ങിയതുകൊണ്ടുമാത്രം നിക്ഷേപങ്ങൾ വരില്ല. നേരത്തേയും ഇതുപോലുള്ള 'സിംഗിൾ വിൻഡോ' അടക്കമുള്ള നിരവധി പദ്ധതികൾ വന്നിട്ടുണ്ട്. അവയൊന്നും നിക്ഷേപകരേയും വ്യവസായികളേയും പ്രോത്സാഹിപ്പിക്കാൻ പര്യാപ്തമായിട്ടില്ല. വിദേശ നിക്ഷേപം സ്വീകരിക്കാനും മറ്റുള്ളവരെ ഇതിന്റെ ഭാഗമാക്കാനും പ്രവാസികളെ ആകർഷിക്കുന്നതിനുവേണ്ടിയും ലോക കേരള സഭ നടത്തുകയുണ്ടായി. പക്ഷേ അതിനായി കോടികൾ മുടക്കിയെന്നല്ലാതെ, എത്ര കോടികളാണ് മുടക്കിയതെന്നതിന് കണക്കില്ല, ലോക കേരള സഭയ്ക്കായി എത്ര രൂപ ചെലവഴിച്ചു; എത്ര തുകയാണ് സർക്കാർ അനുവദിച്ചത് എന്നൊക്കെയുള്ള നിയമസഭാ സാമാജികരുടെ ചോദ്യങ്ങൾക്കുപോലും കൃത്യമായ മറുപടി ലഭിച്ചിട്ടില്ല. ലോക കേരള സഭ നടത്തിയതുകൊണ്ട് നിക്ഷേപം വരുമോ? ഏതായാലും ചെറിയ ശ്രമങ്ങളാണെങ്കിലും അതിനെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ മുന്നിട്ടിറങ്ങുമ്പോൾ ഞങ്ങൾ അതിനെ നിരുത്സാഹപ്പെടുത്താൻ തയ്യാറല്ല, ഞങ്ങൾ അതിനെ സപ്പോർട്ട് ചെയ്യുകയാണ്. അതിന്റെ കൂടെ ഇത്തരം പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനായി സർക്കാരിന്റെ ഭാഗത്തുനിന്നും നിരവധി കാര്യങ്ങൾ വരേണ്ടിയിരിക്കുന്നു. എന്റെ ശ്രദ്ധയിൽപ്പെട്ട മറ്റൊരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. കേരളത്തിൽ വ്യവസായം നടത്തുന്ന ചെറുകിട വ്യവസായികളുണ്ട്. ഉദാഹരണമായി ശ്രീ. വി. കെ. സി. മമ്മത് കോയ നടത്തുന്ന ചെരിപ്പ് ഫാക്ടറിപോലുള്ളവയുണ്ട്. എന്റെ നാട്ടിലും ചെരിപ്പ് ഫാക്ടറിയുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ അവർക്ക് വന്നിരിക്കുന്ന ദുരിതം, 28 ശതമാനം ജി.എസ്.ടി. നൽകിയാണ് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നത്; അത് ഉൽപ്പന്നങ്ങളാക്കി വിൽക്കുമ്പോൾ അവർക്ക് ലഭിക്കുന്നത് കേവലം 5 ശതമാനം മാത്രമാണ്. ഇതിന്റെ ഡിഫറൻസ് അതാത് സമയത്തുതന്നെ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. സത്യത്തിൽ കേരളത്തിന്റെ ഖജനാവിൽ അവർ ഡെപ്പോസിറ്റ് ചെയ്ത തുകയുണ്ട്. എന്റെ നാട്ടിലെതന്നെ, ഒരു ചെറുകിട വ്യവസായിക്ക് 40 ലക്ഷം രൂപ ഡിഫറൻസ് വേരിയേഷൻ കിട്ടാനുണ്ട്. ആ വ്യവസായികളൊക്കെ ഇപ്പോൾ തകർന്നുപോകുകയാണ്. ഇത് ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ പ്രധാനമന്ത്രിയുടെ പ്രോത്സാഹന പദ്ധതികളുണ്ട്, ഇതിന്റെ ഭാഗമായി ചെറുകിട സംരംഭകൻ ഒരു സംരംഭം തുടങ്ങിയാൽ യഥാർത്ഥത്തിൽ ബാങ്കുകാർ ഒരു സെക്യൂരിറ്റിയും വാങ്ങാൻ പാടില്ലെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. അവന്റെ മെഷിണറിയടക്കമുള്ള അസറ്റാണ് സെക്യൂരിറ്റിയായി ബാങ്കുകാർ സ്വീകരിക്കേണ്ടത്. എന്നാൽ സംരംഭം തുടങ്ങുമ്പോഴേയ്ക്കും അവന്റെ വീടും പറമ്പും ബാങ്കുകാർ സെക്യൂരിറ്റിയായി വാങ്ങുകയാണ്. ചിലപ്പോൾ മെഷിണറിക്ക് വന്ന തകരാർ കാരണം സംരംഭം പരാജയപ്പെട്ടുപോയാൽ അവന്റെ വീടും പറമ്പും ബാങ്കുകാർ പിടിച്ചുകൊണ്ടുപോകുന്ന അവസ്ഥ കേരളത്തിലുണ്ട്. ഈ കാര്യങ്ങളിലൊക്കെ ബാങ്കേഴ്സ് കമ്മിറ്റിയെ വിളിച്ചുവരുത്തി കൃത്യമായ നിർദ്ദേശങ്ങൾ

നൽകേണ്ടതുണ്ട്. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ ചെയ്തുകൊണ്ട് ചെറുകിട വ്യവസായത്തെയും വൻകിട വ്യവസായത്തെയും ഒരുപോലെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. കെ.എസ്.ഐ.ഡി.സി. വലിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പറയുന്നു, ഇപ്പോൾ ഇവിടെ കെൽട്രോണിന്റെ കാര്യവും സൂചിപ്പിക്കുകയുണ്ടായി. ഇ. അഹമ്മദ് സാഹിബ് കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് കെൽട്രോൺ നിലവിൽ വന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ബിൽ നമ്മുടെ സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കാനും സുഗമമാക്കാനുമുള്ള പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്. എന്നാൽ ഈ ബില്ലിൽ ഏകദേശം ഒരു വകുപ്പിന്റെ ഭേദഗതി മാത്രമാണുള്ളത്. നോക്കുകൂലി പോലുള്ള പ്രവർത്തനങ്ങൾക്കെതിരായി തൊഴിലുടമയ്ക്ക് സ്വന്തമായി അധികാരം നൽകുന്ന ഭേദഗതിയാണ് ഇതിലുള്ളത്. അതോടൊപ്പം അങ്ങിവിടെ ചൂണ്ടിക്കാണിച്ച ധാരാളം കാര്യങ്ങളുണ്ട്. ഇതുകൊണ്ടു മാത്രം നമ്മുടെ സംസ്ഥാനത്തെ വ്യവസായവും നിക്ഷേപവും വർദ്ധിക്കാൻ പോകുന്നില്ല. ഇവിടെ ലോക കേരള സഭയെക്കുറിച്ച് പറഞ്ഞു, അതിനുമുമ്പ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ഇവിടെ GIM (ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്) നടത്തിയിട്ടുണ്ട്. അതുപോലെ പിന്നീട് എമർജിംഗ് കേരള എന്ന പദ്ധതിയുമുണ്ടായിരുന്നു. ആ സമയത്തൊക്കെ ലോകത്തിന്റെ നാനാഭാഗത്തുനിന്നുള്ള മലയാളികളുടെയും അല്ലാത്തവരുടെയും ധാരാളം നിർദ്ദേശങ്ങൾ വന്നിരുന്നു; കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ ലോക മാർക്കറ്റിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടായിരുന്നു; എന്നാൽ ഖേദകരമെന്നു പറയട്ടെ അതിനൊന്നും ഫോളോ അപ് ഉണ്ടായില്ല. ഇപ്പോൾ ലോക കേരള സഭയ്ക്കും ഫോളോ അപ് ഇല്ലാതെ പോകുകയാണ്. ഇതിനെല്ലാം ഫോളോ അപ് ഉണ്ടാകുകയും അങ്ങ് പറഞ്ഞ പോലെ ബാങ്കിംഗ് മേഖലയിലും മറ്റ് മേഖലകളിലുമൊക്കെ വ്യവസായികളെ സഹായിക്കുന്നതിനായി ഒരു പ്രത്യേക സംവിധാനം രൂപപ്പെടുത്തി അത് മോണിറ്റർ ചെയ്യേണ്ടതും വ്യവസായവും നിക്ഷേപം പ്രോത്സാഹിപ്പിക്കലിന് ആവശ്യമാണെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തീർച്ചയായുമുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കെൽട്രോണിന്റെ കാര്യം ഞാൻ നേരത്തേ സൂചിപ്പിച്ചു. ഇ. അഹമ്മദ് സാഹിബ് കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് കെൽട്രോൺ തുടങ്ങിയത്. അത് വളരെയധികം ലാഭകരമായി മുന്നോട്ടുപോയെങ്കിലും ഇന്നത് തകർച്ചയിലാണ്. ജിം എമർജിംഗ് കേരള തുടങ്ങിയ പദ്ധതികൾ വന്നെങ്കിലും അവയൊന്നും അവസാനം വിജയിക്കുന്നില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന ശ്രമങ്ങൾ

അങ്ങനെയാകാതിരിക്കട്ടെ എന്നാഗ്രഹിക്കുകയും വിജയങ്ങൾ നേരുകയുമാണ്. വ്യവസായത്തകർച്ചയുടെ കൂട്ടത്തിൽ ഒരു കാര്യംകൂടി പറയട്ടെ, സ്പിന്നിംഗ് മില്ലുകളൊക്കെ തകർച്ചയിലാണ്. മലപ്പുറത്തുള്ള സ്പിന്നിംഗ് മില്ലടക്കം നവീകരിക്കുന്നതിനുവേണ്ടി രൂപീകരിച്ച നന്ദകുമാർ കമ്മിറ്റി റിപ്പോർട്ട് ഇപ്പോഴും വെളിച്ചം കാണാതെ കിടക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് പറയുകയാണ്. തൊഴിലാളികളുടെ ഒരു കാര്യംകൂടി ഇതിന്റെ കൂടെ പറയാതിരിക്കാൻ നിർവ്വാഹമില്ല. തൊഴിലാളികളുടെ ക്ഷേമനിധികൾ ധാരാളമുണ്ട്. ഓരോന്നിനും പ്രത്യേകം തൊഴിലാളി ക്ഷേമ പദ്ധതികളുമുണ്ട്. നേരത്തേ ക്ഷേമനിധികളിലൊക്കെ 50 രൂപയായിരുന്നു ഡിവിഡന്റായി നൽകേണ്ടിയിരുന്നത്. തൊഴിലുടമ 50 രൂപയും തൊഴിലാളിയുടെ വിഹിതം 50 രൂപയുമായിരുന്നു. എന്നാൽ ഇന്ന് ഡിവിഡന്റ് ഒരു വർഷത്തേയ്ക്ക് 1,200 രൂപയായി വർദ്ധിപ്പിച്ചെങ്കിലും അതിനനുസൃതമായ ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നില്ല. അസംഘടിതരായിട്ടുള്ള എല്ലാ തൊഴിലാളികൾക്കുംവേണ്ടി അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പക്ഷേ ആ സാമൂഹ്യ സുരക്ഷാ ബോർഡു പോലും തൊഴിലാളികൾക്ക് വേണ്ടവിധം പ്രയോജനപ്പെടുന്നില്ല. ഏത് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളിക്കും, ഒരു ഗ്രൂപ്പിലും ഉൾപ്പെടാത്ത തൊഴിലാളിക്കും അതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. തൊഴിലാളികളുടെ ഡിവിഡന്റ് 50 രൂപ എന്നതിൽ നിന്നും 1,200 രൂപയായിട്ടും അവർക്ക് അതിനനുസരിച്ചുള്ള ആനുകൂല്യം ലഭിക്കാത്ത അവസ്ഥ കേരളത്തിലുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്ഥിരം തൊഴിൽ ഇനി പാടില്ലെന്ന കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമത്തിൽ പ്രതിഷേധിച്ചാണ് ഇന്നലെ സംസ്ഥാനത്ത് പണിമുടക്ക് നടന്നത്. അത് കേരളത്തിന്റെ വ്യവസായത്തെ എങ്ങനെ ബാധിക്കും; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പൊതുവായിട്ടുള്ള ഒരു ജനാധിപത്യ സംവിധാനത്തിൽ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും അത്യാവശ്യ ഘടകങ്ങളാണ്. ചില നഷ്ടങ്ങൾ ഉണ്ടാകുമെങ്കിലും ഒരു ജനാധിപത്യ സമൂഹത്തിൽ ഇന്നത് ഒരിക്കലും നിരാകരിക്കാൻ കഴിയാത്ത സാഹചര്യമാണെന്നത് എല്ലാവർക്കും അറിയാവുന്നതാണ്. തീർച്ചയായിട്ടും അത്തരം കാര്യങ്ങളിൽ ഒരു പുതിയ സംസ്കാരം തന്നെ രൂപപ്പെട്ട് വരേണ്ടിയിരിക്കുന്നു എന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേന്ദ്ര ഗവൺമെന്റിന്റെ നയത്തെക്കുറിച്ച് എന്താണ് അഭിപ്രായം?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ നയത്തെക്കുറിച്ച് പറയേണ്ട ആവശ്യമില്ല. തൊഴിലാളികളെയും മറ്റുള്ളവരെയും എങ്ങനെ ദ്രോഹിക്കണം എന്നുള്ളതിനെക്കുറിച്ചുമാത്രം ഗവേഷണം നടത്തി അതിനുവേണ്ടിയുള്ള പദ്ധതി ആവിഷ്കരിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. മുതലാളിമാർക്കും അതുപോലെയുള്ളവർക്കും വലിയ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത് കേന്ദ്ര സർക്കാരിന്റെ നയമാണ്. ആ നയത്തിന്റെ ഭാഗമായുള്ള കാര്യങ്ങൾ തന്നെയാണ് ഇവിടെയുള്ളതെന്നത് യാതൊരു സംശയവുമില്ലാതെ നമുക്ക് എല്ലാവർക്കുമറിയാം. കഴിഞ്ഞ കേന്ദ്ര സർക്കാരിന്റെ ബജറ്റിൽ എന്റെ ഓർമ്മ ശരിയാണെങ്കിൽ 6,35,000 കോടി രൂപ ഈ നാട്ടിലെ വൻകിട മുതലാളിമാരുടെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി മാറ്റിവച്ചപ്പോൾ താഴെത്തട്ടിലുള്ള 130 കോടിയോളം വരുന്ന പട്ടിണിപ്പാവങ്ങൾക്കുവേണ്ടി സബ്സിഡി ഇനത്തിൽ ആകെ നീക്കിവച്ചത് 2,11,000 കോടി രൂപ മാത്രമാണ്. നാൽപ്പതിനായിരത്തിനുതാഴെ വരുന്ന വലിയ സംരംഭകർക്കു വേണ്ടിയാണ് കേന്ദ്ര സർക്കാർ അത്ര വലിയ തുക ബഡ്ജറ്റിന്റെ ഭാഗമായി മാറ്റിവച്ചിട്ടുള്ളത്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിന്റെ ഭാഗമാണ്. അങ്ങനെ ഏറ്റവും അധ:സ്ഥിതരായ പാർശ്വവൽക്കരിക്കപ്പെട്ട തൊഴിലാളി വിഭാഗങ്ങളടക്കമുള്ള സമൂഹത്തോട് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ആ വിഷയത്തിലേയ്ക്ക് കൂടുതൽ കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ മൊത്തം തൊഴിലാളികളും പൊതുവായി പ്രതിഷേധിക്കുന്ന ഒരു നിലപാട് എടുത്തപ്പോഴും ബി.എം.എസ്. പോലെയുള്ള സംഘടനകൾ അതിൽ നിന്നും മാറിനിന്നതിന്റെ രാഷ്ട്രീയ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതോടൊപ്പംതന്നെ ഇവിടെ പറയേണ്ട ചില കാര്യങ്ങളുണ്ട്. നേരത്തെ സർക്കാർ വളരെ ഇച്ഛാശക്തിയോടുകൂടി പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ചെയ്യാൻ മുന്നോട്ടുവന്നു. അതിനുപകരമായി മദ്യം വിളമ്പുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി പഞ്ചായത്തുകളുടെ അധികാരം എടുത്തുകളയുകയും ചെയ്തു. ഒരു പ്രദേശത്ത് ഒരു മൊബൈൽ ടവർ വരികയാണെങ്കിൽ അത് നിയന്ത്രിക്കാനുള്ള അധികാരം ഇപ്പോൾ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിരിക്കുകയാണ്. ഇത് ജനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്ന് പഞ്ചായത്ത് ബോർഡിനും ജനപ്രതിനിധികൾക്കും മാത്രമേ അറിയുകയുള്ളൂ. ജനപ്രതിനിധികൾക്കുതന്നെ മൊബൈൽ ടവറുകൾ നിയന്ത്രിക്കാനുള്ള അധികാരം നൽകേണ്ടതുണ്ട്. തീർച്ചയായും പഞ്ചായത്തിന്റെ പെർമിഷനോടുകൂടി മാത്രമേ അതുണ്ടാകാൻ പാടുള്ളൂവെന്നാണ് പറയാനുള്ളത്. ഇവിടെ രാഷ്ട്രീയം പറയാനൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ ബില്ലിന്റെ ചർച്ചയിൽ പലരും രാഷ്ട്രീയം പറഞ്ഞിട്ടുണ്ട്, ഞങ്ങൾക്കും ധാരാളം രാഷ്ട്രീയം പറയാനുണ്ട്.

കൊണ്ടോട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുമെന്ന് അറിയിച്ചെങ്കിലും അവസാനം അതിൽ നിന്നും സർക്കാർ പിന്നോട്ട് പോയിട്ടുണ്ട്. തൊഴിലാളികളുടെ കാര്യം കൂടിയായതുകൊണ്ട് എത്രയും പെട്ടെന്ന് കൊണ്ടോട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിക്ഷേപം വന്നിട്ടില്ല. നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നില്ല. തൊഴിലാളികൾ ആശങ്കയിലാണ്. പഴയ കാലത്ത് സി.പി.എം. നോക്കുകൂലിക്ക് വളം വച്ചുകൊടുത്തവരാണ്. കാരണം അവർക്ക് സി.ഐ.ടി.യു.-വിനെ ഉപയോഗിച്ചുകൊണ്ട് ഗുണ്ടാരാഷ്ട്രീയത്തെ നിലനിർത്തേണ്ടിയിരുന്നു. പെരിന്തൽമണ്ണ ലീഗ് ഓഫീസ് അടിച്ചുതകർത്തത് എസ്.എഫ്.ഐ.കാർ മാത്രമല്ല; സി.ഐ.ടി.യു.-വിന്റെ ഗുണ്ടകൾ പോയി അകമ്പടി സേവിച്ചിട്ടാണ്. ഞങ്ങൾ കോളേജിൽ പഠിക്കുന്ന സമയത്ത് സി.ഐ.ടി.യു.-കാർ വരുമെന്നാണ് ഭയന്നിരുന്നത്. കാരണം അവരെ നോക്കുകൂലി കൊടുത്ത് പിടിച്ചുനിർത്തിയാൽ മാത്രമേ സി.പി.എം.ന്റെ രാഷ്ട്രീയം വളർത്താൻ കഴിയൂ എന്നുള്ള സാഹചര്യം കേരളത്തിലുണ്ടായിരുന്നു.

അതുപോലെ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെല്ലാം ഇപ്പോൾ വളരെ ആശങ്കയിലാണ്. പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് അക്കാദമിക് മാർക്ക് എന്നുള്ള പേരിൽ അവരുടെ മെരിറ്റ് ചോദ്യം ചെയ്യപ്പെടുന്നു. പി.എസ്.സി. നടത്തുന്ന ടെസ്റ്റിലും ഇന്റർവ്യൂവിലും ഉയർന്ന മാർക്ക് ലഭിക്കുന്നു. അതുകഴിഞ്ഞാൽ അക്കാദമിക് മാർക്കുകൂടി അതിൽ ഇൻഡക്റ്റ് ചെയ്യുന്നു. പക്ഷേ, അവർ പിന്നോട്ട് പോകുന്ന ഒരു സാഹചര്യമുണ്ടാകുന്നു. അക്കാദമിക് മാർക്ക് ഉൾപ്പെടുത്തിയാൽ, 1996-ൽ ഡിഗ്രി കഴിഞ്ഞ ഒരു കുട്ടിക്ക് ലഭിക്കുന്ന മാർക്കല്ല 2016-18-ൽ ഡിഗ്രി കഴിയുന്നവർക്ക് ലഭിക്കുന്നത്. ഇവരുടെ മാർക്കിന്റെ വലിയ വ്യത്യാസം നമുക്ക് മനസ്സിലാകുന്നതാണ്. കൂടാതെ വ്യത്യസ്ത യൂണിവേഴ്സിറ്റികളിൽ വ്യത്യസ്തമായ തോതിലാണ് മാർക്ക് നൽകുന്നത്. കേരളത്തിന്റെ അകത്തുതന്നെയുള്ള യൂണിവേഴ്സിറ്റികളിലും വ്യത്യസ്ത രീതിയിലാണ് മാർക്ക് നൽകുന്നത്. അക്കാദമിക് മാർക്ക് എന്നുപറഞ്ഞു കൊണ്ട് 100 മാർക്ക് രേഖപ്പെടുത്തുമ്പോൾ വലിയ വ്യത്യാസം ഉദ്യോഗാർത്ഥികൾ തമ്മിൽ വരികയാണ്. പി.എസ്.സി. ടെസ്റ്റിലും ഇന്റർവ്യൂവിലും ഉയർന്ന റാങ്ക് നേടിയ ഒരു ഉദ്യോഗാർത്ഥി അക്കാദമിക് മാർക്ക് ചേർക്കുമ്പോൾ ഏറ്റവും പിന്നോക്കം പോകുന്ന ഒരവസ്ഥ ഇവിടെയുണ്ട്. അത് രേഖയിൽ വരട്ടെ എന്നുകരുതിയാണ് ഈ കാര്യങ്ങൾ സൂചിപ്പിച്ചത്.

അതുപോലെ ഇവിടെ സർക്കാർ ജീവനക്കാരുടെ സംഘടനയായ സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ നടത്തുന്ന ഒരു സമരത്തിന് അഭിവാദ്യം ചെയ്തു വരികയാണ്. കേരളത്തിലെ സർക്കാർ ജീവനക്കാർ വളരെ അസംതൃപ്തിയിലാണ്. ഇതെല്ലാം തൊഴിൽ മേഖല തന്നെയാണ്. ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ

ലഭിക്കുന്നില്ല. തൊഴിൽ ലഭിക്കുന്ന കാര്യത്തിൽ അവർക്ക് ആശങ്കകളുണ്ട്. നിലവിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഡി.എ.യും ശമ്പള കമ്മീഷനുമടക്കമുള്ള നിരവധി പ്രശ്നങ്ങളുണ്ട്. വിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ വലിയ പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. നോൺ അപ്രൂവ്ഡ് ആയിട്ടുള്ള ധാരാളം അദ്ധ്യാപകർക്ക്, വർഷങ്ങളായി ജോലി ഉറപ്പ് വരുത്താത്ത രീതിയിൽ, ശമ്പളം ലഭിക്കാതെ, അവരുടെ ജോലിപോലും അപ്രൂവ് ചെയ്യാത്ത, പോസ്റ്റ് ക്രിയേറ്റ് ചെയ്യാത്ത ഒരു സാഹചര്യം കേരളത്തിലുണ്ട്. അവരെല്ലാം ഇപ്പോൾ കേരളത്തിന്റെ സമരവീഥിയിലാണുള്ളത്. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ ഈ കൂട്ടത്തിൽ അഡ്രസ്സ് ചെയ്യേണ്ടതുണ്ട്. ഇതൊക്കെ തന്നെയാണ് ഇതിനെക്കുറിച്ച് പറയാനുള്ളത്.

പരീക്ഷകൾ അവതാളത്തിലായതിനെക്കുറിച്ചൊന്നും പറയുന്നില്ല. സി.ബി.എസ്.ഇ.-യുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനെ കുറ്റം പറയുമ്പോൾ കേരളത്തിൽ ആദ്യമായിട്ടാണ് എസ്.എസ്.എൽ.സി.യുടെ കണക്ക് പരീക്ഷ വീണ്ടും നടത്തേണ്ടി വന്നത്. കഴിഞ്ഞ സർക്കാരിനെ നിങ്ങൾ വിമർശിച്ചിരുന്നു. എന്നാൽ ഇങ്ങനെയൊരു സംഭവം കേരളത്തിലുണ്ടായിട്ടില്ല. ഏതായാലും രാഷ്ട്രീയം പറയാൻ തുടങ്ങിയപ്പോൾ നിങ്ങൾ പ്രതിഷേധിക്കുന്നത് സന്തോഷകരമാണ്. പക്ഷേ ഇതെല്ലാം നിങ്ങളുടെ വീഴ്ചകളാണെന്ന് മനസ്സിലാക്കാൻ വേണ്ടി മാത്രം പറയുന്നതാണ്. പ്ലസ് ടൂവിന്റെ ഫിസിക്സ് പരീക്ഷയുടെ ചോദ്യ പേപ്പർ ചോർന്നുവെന്നു പറയുന്നത് വാസ്തവമാണ്; എല്ലാവരും ശരിവയ്ക്കുന്നതാണ്. എന്നാൽ ക്രൈം ബ്രാഞ്ചും മറ്റും അന്വേഷിച്ചപ്പോൾ ഒന്നുമില്ല എന്നാണ് പറഞ്ഞത്. ഇങ്ങനെ സർവ്വ മേഖലയിലും തകർന്ന ഒരു സർക്കാരാണ് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാൻ വേണ്ടി രംഗത്ത് വന്നിരിക്കുന്നത്. അത് വിജയിക്കട്ടെ എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലും 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബില്ലും സംബന്ധിച്ച എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. വിദേശ രാജ്യങ്ങളിലടക്കം തൊഴിലവസരം കുറഞ്ഞുവരുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. വിദ്യാസമ്പന്നരായ ഏകദേശം 35 ലക്ഷത്തോളം ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുന്നൊരു സാഹചര്യം കേരളത്തിലുണ്ട്. 1970-ൽ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലെ തൊഴിലവസരങ്ങൾ, ഇന്ന് സ്വദേശീവൽക്കരണം തുടങ്ങിയതോടുകൂടി കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നും തൊഴിലിനായി വിദേശത്തേയ്ക്കു

പോകുന്ന സാഹചര്യം ഇല്ലാതാക്കിയിരിക്കുകയാണ്. സൗദി അറേബ്യയിൽ ഏതാണ്ട് എല്ലായിടത്തും സ്വദേശീവൽക്കരണം നടപ്പിലാക്കി മറ്റ് രാജ്യക്കാരെ ഒഴിവാക്കി കഴിഞ്ഞു. ഖത്തറിൽ സ്വദേശീവൽക്കരണം തുടങ്ങിക്കഴിഞ്ഞു. ക്രമേണ മറ്റ് ഗൾഫ് രാജ്യങ്ങളിലേയ്ക്കും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും ഇത് വ്യാപിക്കുന്നതിനുള്ള ഒരു സാഹചര്യമാണ് ഇന്നിപ്പോൾ സംജാതമായിട്ടുള്ളത്. വ്യവസായങ്ങൾ നമ്മുടെ നാടിന് ആവശ്യംതന്നെയാണ്. ചെറുതും വലുതുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചെങ്കിൽ മാത്രമേ നമുക്ക് വളർന്നുവരുന്ന തലമുറയെ സഹായിക്കുവാൻ കഴിയുകയുള്ളൂ. എന്തായാലും വൈകി ഉദിച്ച ഒരു ബോധോദയമാണെന്നാണ് എന്റെ അഭിപ്രായം. നോക്കുകൂലി ഇല്ല എന്നൊക്കെ പറയാമെങ്കിലും, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതെല്ലാം അവസാനിപ്പിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും ഇന്നും അതൊക്കെ നടക്കുന്നുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. നമുക്ക് ഇല്ല എന്നുള്ള ഒരു വിശ്വാസം മാത്രമാണ്. ട്രേഡ് യൂണിയനുകൾ തന്നെ അവരുടെ യൂണിയൻ അംഗങ്ങളെ ബോധവൽക്കരണം നടത്തി അവർ തന്നെ അതിന്റെ ഇടപെടൽ നടത്തിപ്പോയെങ്കിൽ മാത്രമേ നോക്കുകൂലി പോലുള്ള നമ്മുടെ നാട്ടിലെ ദുഷിച്ച സംവിധാനങ്ങൾ ഇല്ലാതാകുകയുള്ളൂ. ഇന്നലെ തലസ്ഥാന നഗരത്തോട് ചേർന്നു കിടക്കുന്ന കരമനയിൽ നടന്ന സംഭവം, അദ്ദേഹം ഒരു സിനിമാ താരമായതുകൊണ്ട് പത്രങ്ങളിലും ചാനലുകളിലും വാർത്തയായി, അല്ലെങ്കിൽ അതുപോലുമുണ്ടാകില്ല. പക്ഷേ സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള ട്രേഡ് യൂണിയൻ സംഘടനയുടെ നേതാക്കൾ അപ്പോൾത്തന്നെ നടപടിയെടുത്തു എന്നത് അങ്ങേയറ്റം അംഗീകരിക്കേണ്ട കാര്യമാണ്. എന്നാൽ ഇതിനുമുമ്പ് നടന്ന സംഭവങ്ങൾ ഒട്ടനവധിയാണ്. ഉച്ച വരുമാനക്കാരായ സർക്കാരുദ്യോഗസ്ഥർ ഒരു വാടക വീട്ടിൽ നിന്ന് മറ്റൊരു വാടക വീട്ടിലേയ്ക്ക് മാറുമ്പോൾ ഗൃഹോപകരണങ്ങൾ ഇറക്കിത്തീരുന്നതുവരെ ഏതെങ്കിലും സ്ഥലത്ത് മറഞ്ഞുനിൽക്കുകയും ഇറക്കിത്തീർന്നതിനുശേഷം വന്ന് കൂലിവേണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന രീതി കേരളത്തിലുണ്ടായിരുന്നു. അതിപ്പോഴും പല സ്ഥലങ്ങളിലും നടക്കുന്നുണ്ട്. അത് ട്രേഡ് യൂണിയൻ നേതാക്കൾ അറിഞ്ഞുകൊണ്ടാണെന്ന് ഞാൻ പറയില്ല. ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു. പോലുള്ള അംഗീകൃത സംഘടനകൾ പോലും അറിയാതെ ചില സ്ഥലങ്ങളിൽ ഗുണ്ടായിസംപോലെ ഇത് നടക്കുന്നുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ മുൻകാലങ്ങളിൽ പത്രങ്ങളും ചാനലുകളും വഴിയാണ് പുറത്ത് വന്നിരുന്നതെങ്കിൽ ഇപ്പോൾ സമൂഹമാധ്യമങ്ങളിലൂടെ പലതും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള സംഭവങ്ങളുണ്ടായാൽ കേരളത്തിൽ പണം മുടക്കി പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ ആരും തയ്യാറാകുകയില്ല എന്നത് ഒരു നഗ്ന സത്യമാണ്. ഇപ്പോൾ കേരളത്തിലുള്ള പല വ്യവസായികളും വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനായി മറ്റു സംസ്ഥാനങ്ങളിലേയ്ക്കും ശ്രീലങ്ക പോലുള്ള തൊട്ടടുത്ത രാജ്യങ്ങളിലേയ്ക്കുമാണ്

പോകുന്നത്. അവിടെ സമരങ്ങളോ കയറ്റിറക്ക് പ്രശ്നങ്ങളോ ഇല്ലാത്തതുകൊണ്ടാണ് വ്യവസായികൾ ഇവിടെനിന്നും അവിടേയ്ക്ക് പോകുന്നത്. എങ്കിലും നമ്മൾ നിലവിലുള്ള തൊഴിലാളികളുടെ തൊഴിലവസരങ്ങൾ സംരക്ഷിച്ചുകൊണ്ടുവേണം പുതിയ നിയമ നിർമ്മാണം നടത്തേണ്ടത് എന്നത് ഒരു വസ്തുതയാണ്. കയറ്റിറക്ക് തൊഴിലാളി കളാണെങ്കിലും മറ്റ് മേഖലകളിൽ പണിയെടുക്കുന്ന സ്ഥിരം തൊഴിലാളികളല്ലാത്ത വരാണെങ്കിലും അവരുടെ ഉപജീവനമാർഗ്ഗം മുടക്കിക്കൊണ്ട് നിക്ഷേപങ്ങൾ നടത്തണമെന്ന് നമുക്കാർക്കും അഭിപ്രായമില്ല. അതുകൊണ്ട് ട്രേഡ് യൂണിയനുകൾ സ്വയം നിയന്ത്രിച്ചാൽ ഈ ദുഷ്പേരിൽനിന്ന് ഒഴിവാകാൻ സാധിക്കും. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഇന്നലെ നടന്ന സംഭവം.

കൊച്ചിൻ റിഫൈനറിയിൽ 24,500 കോടി രൂപയുടെ ഒരു പ്രോജക്ട് നടപ്പിലാക്കിക്കഴിഞ്ഞു. അവിടെ ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു. എന്നീ രണ്ട് യൂണിയനുകളേയുള്ളൂ. ഈ പ്രോജക്ട് തുടങ്ങുമ്പോൾ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി യൂണിയൻ നേതാക്കളെയും അവിടത്തെ പ്രധാനപ്പെട്ട മറ്റ് സംഘടനാ നേതാക്കളെയും വിളിച്ചുകൂട്ടി ഒരു ധാരണയുണ്ടാക്കി. അവിടെ സമരം പാടില്ലെന്നുള്ളതാണ് ആദ്യത്തെ ധാരണ. ഏത് സമരം വന്നാലും ഹർത്താൽ വന്നാലും ഈ പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കാൻവേണ്ടി കൊച്ചിൻ റിഫൈനറിയിൽ സമരമേ പാടില്ല എന്നത് രണ്ട് യൂണിയനുകളും അംഗീകരിച്ചു. സമയബന്ധിതമായി അത് നടപ്പിലാക്കുകയും ചെയ്തു. ഓരോ മൂന്നുമാസം കൂടുമ്പോഴും റിവ്യൂ മീറ്റിംഗുകൾ നടത്തുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും റിവ്യൂ മീറ്റിംഗുകൾ നടത്തുകയും വിജയകരമാവുകയും ചെയ്തു. നമ്മൾ ഇടപെടേണ്ട രീതിയിൽ ഇടപെട്ടാൽ തൊഴിലാളി സംഘടനാ നേതാക്കളും അംഗങ്ങളും അനുസരിക്കും എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് കൊച്ചിൻ റിഫൈനറിയിൽ 24,500 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞത്. യു.ഡി.എഫ്. സർക്കാർ 2002-ൽ നോക്കുകൂലി ഇല്ലാതാക്കുന്ന നിയമം, കേരള ലോഡിംഗ് ആൻഡ് അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് ആൻഡ് റെസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) ആക്ട്, 2002 കൊണ്ടുവന്നു. ഇവിടെ ശ്രീ. റോജി എം. ജോൺ അതിനെക്കുറിച്ച് പറഞ്ഞു. അന്ന് എൽ.ഡി.എഫ്. ഒട്ടനവധി സമരങ്ങൾ നടത്തി, കേരളത്തിലുള്ള ശാപം അതാണല്ലോ. ഒരു മാറ്റം കൊണ്ടുവന്നാൽ അപ്പോൾത്തന്നെ സമരമാണ്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവരുന്ന നല്ല കാര്യങ്ങളെ എൽ.ഡി.എഫ്. സർക്കാരും എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവരുന്ന നല്ല കാര്യങ്ങളെ യു.ഡി.എഫ്. സർക്കാരും എതിർക്കാൻ പാടില്ല എന്നുള്ള അഭിപ്രായം എന്നെപ്പോലുള്ളവർക്കുണ്ട്. 2002-ൽ ഈ നിയമം നിലവിൽ വന്നപ്പോൾ ട്രേഡ് യൂണിയനുകളെ സംഘടിപ്പിച്ചുകൊണ്ട് വലിയ

പ്രക്ഷോഭം കേരളത്തിൽ നടന്നു. 2006 മുതൽ 2011 വരെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നപ്പോൾ അത് മാറ്റുകയാണുണ്ടായത്. സമരം ചെയ്തതുകൊണ്ടാകാം, തൊഴിലാളി നേതാക്കളെയും മറ്റും തൃപ്തിപ്പെടുത്താൻ വേണ്ടി യായിരിക്കും അങ്ങനെ ചെയ്തത്. 2018-ലെങ്കിലും പുതിയൊരു ബോധം ഉണ്ടായതിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. കാരണം നമ്മുടെ നാട്ടിൽ വ്യവസായങ്ങളുണ്ടാകണം, മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ആളുകൾ ഇവിടെ നിക്ഷേപം നടത്താനായി വരുമ്പോൾ അവർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം; അത് ചെയ്തുകൊടുക്കേണ്ടത് നമ്മുടെ ആവശ്യംതന്നെയാണ്. എന്തിനെയും എതിർക്കുന്ന നിങ്ങളുടെ രീതി മാറ്റണം. കാലം മാറി, പഞ്ചവത്സര പദ്ധതി വന്നപ്പോൾ നെഹ്റുവിന്റെ കാലത്ത് എതിർത്തു. പ്ലാനിംഗ് കമ്മീഷൻ വന്നപ്പോൾ അതിനെ എതിർത്തു. കെയർ പ്രോജക്ട് വന്നപ്പോൾ, പാൽപ്പൊടിയും ഉപ്പുമാവുമൊക്കെ അമേരിക്കയിൽ നിന്നും കൊണ്ടുവന്ന് കൊടുത്തപ്പോൾ അതിനെയും എതിർത്തു. കമ്പ്യൂട്ടർ വന്നപ്പോൾ അത് തല്ലിപ്പൊട്ടിച്ച് അതിനെയും എതിർത്തു. ടി. എം. ജേക്കബിന്റെ കാലത്ത് പ്രീ-ഡിഗ്രി ബോർഡ് എന്നുപറഞ്ഞുവന്നപ്പോൾ അതിനെയും എതിർത്തു. കയർ മേഖലയിൽ യന്ത്രവൽക്കരണം വന്നപ്പോൾ അതിനെ എതിർക്കുക മാത്രമല്ല ഈ യന്ത്രം കായലിൽ കൊണ്ടുപോയി ഒഴുക്കുന്ന സ്ഥിതിയുണ്ടായി. കാർഷിക മേഖലയിൽ ട്രാക്ടറും കൊയ്ത്ത് യന്ത്രങ്ങളും വന്നപ്പോൾ അതിനെയും എതിർത്തു. സ്വാശ്രയ കോളേജുകൾ വന്നപ്പോഴും എതിർത്തു. പഞ്ചായത്തീരാജ് ബിൽ രാജ്യസഭയിൽ വന്നപ്പോൾ അവിടെയും വോട്ട് ചെയ്ത് എതിർക്കുന്ന സ്ഥിതിയുണ്ടായി. അധികാര വികേന്ദ്രീകരണം എന്ന് എപ്പോഴും പ്രസംഗിക്കുമെങ്കിലും പ്രാക്ടിക്കലായി അധികാര വികേന്ദ്രീകരണം നടത്താൻ തയ്യാറല്ല. മദ്യഷാപ്പിന്റെ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടായിരുന്ന ലൈസൻസ് നൽകുന്ന അധികാരം എടുത്തുകളഞ്ഞില്ലേ? നമ്മൾ പറയുന്നത് അധികാരവികേന്ദ്രീകരണം നടത്തണമെന്നാണ്. എന്നാൽ പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമാണ്. ഇനിയുള്ള കാലഘട്ടങ്ങളിലെങ്കിലും പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നും ആകരുത് എന്ന ഉദ്ദേശ്യത്തോടെയാണ് ഞാനിത് സൂചിപ്പിച്ചത്. ഗൾഫ് നാടുകളിൽനിന്ന് മടങ്ങിവരുന്നവർ അവരുടെ സമ്പാദ്യം ഉപയോഗിച്ച് ഇവിടെ എന്തെങ്കിലും വ്യവസായങ്ങൾ ആരംഭിക്കാൻ ആഗ്രഹിച്ചാൽ അവിടെയും പ്രശ്നങ്ങളാണ്. മോഹൻലാൽ അഭിനയിച്ച 'വരവേൽപ്പ്' എന്ന സിനിമ ഇവിടെയിരിക്കുന്ന പല ആളുകളും കണ്ടിട്ടുണ്ടാകും. ആ സിനിമയിൽ മോഹൻലാൽ വിദേശത്തുനിന്ന് നാട്ടിൽവന്ന് അദ്ദേഹത്തിന്റെ സേവിംഗ്സ് ഉപയോഗിച്ച് ഒരു ലൈൻ ബസ് വാങ്ങുന്നു. ആ ബസ് ഓടിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ മുതലാളി തന്നെ ബസിന്റെ ഡ്രൈവറും കണ്ടക്ടറുമായി മാറിയെങ്കിലും ആ വണ്ടി യൂണിയൻകാർ ഇടപെട്ട് തല്ലിപ്പൊട്ടിച്ച് റോഡിലിറക്കാൻ കഴിയാത്ത രീതിയിൽ നശിപ്പിക്കുന്നതാണ് ആ കഥയുടെ അവസാനം. ആ

സാഹചര്യം കേരളത്തിൽനിന്ന് ഒഴിവാക്കണം. പത്തനാപുരത്തുള്ള സുഗതൻ എന്ന പ്രവാസി ഗൾഫിൽ അദ്ധ്വാനിച്ചുണ്ടാക്കിയ പണവുമായി കേരളത്തിൽ വന്ന് രണ്ടോ മൂന്നോ പേർക്ക് ജോലി നൽകാൻ കഴിയുന്ന ചെറിയൊരു വ്യവസായ യൂണിറ്റ് ആരംഭിക്കാൻ ശ്രമിച്ചപ്പോഴുണ്ടായ അതിദാരുണമായ സംഭവം നമ്മൾ കണ്ടതാണ്, 27 സെന്റ് സ്ഥലത്തിൽ 2 സെന്റ് മാത്രമാണ് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള തെന്നായിരുന്നു തഹസിൽദാരുടെ റിപ്പോർട്ട്. ഏത് പൊളിറ്റിക്കൽ പാർട്ടി ഇടപെട്ടതായാലും ഇനി നമ്മുടെ സംസ്ഥാനത്ത് അങ്ങനെയുണ്ടാകാൻ പാടില്ല. പണം മുടക്കാൻ ആര് തയ്യാറായാലും, രണ്ട് പേർക്കാണ് തൊഴിലവസരം ലഭിക്കുന്നതെങ്കിൽപ്പോലും ആ രണ്ടുപേർക്ക് തൊഴിലവസരം നൽകാൻ കഴിയുന്ന സാഹചര്യം നമുക്കുണ്ടാകണം.

ലീഡർ കെ. കരുണാകരൻ 13-10-1955-ൽ തിരു-കൊച്ചി സഭയിൽ ഒരു അവിശ്വാസ പ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ച കാര്യം ഞാൻ ഓർക്കുകയാണ്. 1955-ൽ തിരു-കൊച്ചി സഭയിൽ ലീഡർ പ്രസംഗിച്ചത് എത്ര ദീർഘവീക്ഷണത്തോടെയാണെന്ന കാര്യം ഓർക്കണം. അദ്ദേഹം പ്രസംഗിച്ചത്, "കോൺഗ്രസ് ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വന്നതിനുശേഷം അതായത് സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ് ഗവൺമെന്റ് ഒരു പ്ലാനിംഗിന്റെ അടിസ്ഥാനത്തിൽ ഭരണം മുന്നോട്ട് കൊണ്ടു പോകുകയാണ് ചെയ്യുന്നത്. രാജ്യത്ത് ക്ഷേമവും സമാധാനവും കൈവരുത്തണമെന്നുള്ള മനഃപൂർവ്വ ഉദ്ദേശ്യത്തോടുകൂടി മുന്നോട്ടുപോകുന്ന ഗവൺമെന്റ് അതനുസരിച്ചുള്ള ബഡ്ജറ്റുകളാണ് തയ്യാറാക്കിയിട്ടുള്ളത്. അങ്ങനെ തയ്യാറാക്കിയിട്ടുള്ള ബഡ്ജറ്റുകൾ രാജ്യത്ത് സംവിധാനം ചെയ്യുന്നതിനുള്ള വിവിധ പരിപാടികളും പദ്ധതികളും രൂപീകരിച്ചിട്ടുള്ളതിന് വകകൊള്ളിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള പദ്ധതികൾ വെറും കടലാസ് പദ്ധതികളാണെന്നും സ്വകാര്യ താൽപ്പര്യങ്ങളെ സംരക്ഷിക്കാനുള്ള പദ്ധതിയാണെന്നും മറ്റും പറഞ്ഞ് ആക്ഷേപിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇന്ന് അവയെല്ലാം തിരുത്തി പറയേണ്ടതായ ഒരു ഗതികേട് വന്നുപോയിട്ടുള്ളതിനാൽ എനിക്ക് ഖേദിക്കുകയല്ലാതെ മറ്റെന്ത് ചെയ്യുവാൻ സാധിക്കും. പദ്ധതിയെപ്പറ്റിയുള്ള അഭിപ്രായങ്ങൾ സ്വയം തിരുത്തിയതുപോലെ അവർക്ക് തങ്ങളുടെ എത്രയോ അഭിപ്രായങ്ങൾ സ്വയം തിരുത്താനുണ്ടെന്ന് അവർ ഓർക്കേണ്ടതായിട്ടുണ്ട്". എന്തായാലും കേരളത്തിൽ നോക്കുകൂലി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിയമം കൊണ്ടുവന്ന് എൽ.ഡി.എഫ്. സർക്കാർ ഒരു മാറ്റം ഉൾക്കൊള്ളുവാൻ തയ്യാറായതിനെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ലീഡർ അത്ര ദീർഘവീക്ഷണത്തോടെ ഇക്കാര്യം പറഞ്ഞു എന്നതാണ് ഞാൻ സൂചിപ്പിച്ചത്. നമ്മൾ എല്ലാത്തിനെയും കണ്ണടച്ച് എതിർക്കേണ്ട കാര്യമില്ല. എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കിയാലും സർക്കാർ ആഫീസുകളിൽ ഇവർക്ക് വേണ്ട സേവനങ്ങൾ കൃത്യമായി ചെയ്തുകൊടുത്തില്ലെങ്കിൽ ഒരു സ്ഥാപനവും ഇവിടെ തുടങ്ങാൻ കഴിയില്ല. ഇപ്പോൾ സർക്കാർ ഓഫീസുകളുടെ സ്ഥിതി എന്താണ്? എന്തെങ്കിലും കാര്യങ്ങൾ നടക്കുന്നുണ്ടോ? ഒരു കാര്യവും നടക്കുന്നില്ല. മന്ത്രിമാർ ജീവനക്കാരോട് മാത്രം സംസാരിക്കുന്നതുകൊണ്ടാണ് കാര്യങ്ങൾ അറിയാതെ പോകുന്നത്. ഏതൊരാൾ സർക്കാർ ഓഫീസിൽ ചെന്നാലും അവിടെനിന്നും വളരെ നിരാശയോടുകൂടി മടങ്ങിപ്പോകേണ്ട അവസ്ഥയാണുള്ളത്. അതിന് ഒരു മാറ്റം വരണ്ടേ? നിങ്ങൾ ഒരു റിവ്യൂ നടത്തണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പദ്ധതികൾ തുടങ്ങാൻ കഴിഞ്ഞോ? ചില ഡ്രീം പദ്ധതികൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് മന്ത്രിമാർ നേരിട്ട് ഇടപെടുന്നതുകൊണ്ടായിരിക്കും. അല്ലാത്ത പദ്ധതികൾ ഒന്നും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. എങ്ങനെ തടസ്സമുണ്ടാകുന്നുവെന്നുള്ളത് സംബന്ധിച്ച് ഒന്ന് ആലോചിക്കണ്ടേ? സർക്കാരിനെ കുറ്റം പറയുകയാണെന്ന് വിചാരിക്കരുത്, നിയമസഭയിൽ മന്ത്രിമാർക്ക് ചോദ്യം കൊടുത്താൽ അതിന് കൃത്യമായ ഉത്തരം നൽകാത്ത അവസ്ഥയുണ്ട്. പരിശോധിച്ചുവരുന്നു, മനസ്സിലാക്കിവരുന്നു, അന്വേഷിച്ചുവരുന്നു തുടങ്ങിയ ഉത്തരങ്ങളാണ് നൽകുന്നത്. ഇതൊന്നുമല്ല ഉത്തരം. ഞങ്ങൾക്ക് കൃത്യമായ ഉത്തരം ലഭിച്ചേ മതിയാകൂ. എന്റെ ഓർമ്മയിൽ വരുന്ന ഒരു കാര്യം ഞാൻ പറയാം. തിരുവനന്തപുരത്ത് പട്ടം കുട്ടൻ എന്നൊരു രാഷ്ട്രീയ നേതാവുണ്ടായിരുന്നു. അദ്ദേഹം എവിടെ പ്രസംഗിച്ചാലും ഇ.എം.എസ്.നോട് നാലഞ്ച് ചോദ്യങ്ങൾ ചോദിക്കും. ഇ.എം.എസ്.-ന് ഇദ്ദേഹത്തിന്റെ ചോദ്യത്തിന് ഉത്തരം പറയാൻ നേരമുണ്ടോ? ഇ.എം.എസ്. ഇക്കാര്യം അറിയുന്നതുപോലുമില്ല. അടുത്ത ദിവസം പ്രസംഗിക്കുമ്പോൾ, 'ഞാൻ കഴിഞ്ഞ ദിവസങ്ങളിൽ കേശവദാസപുരം, കിളിമാനൂർ, ആറ്റിങ്ങൾ എന്നീ സ്ഥലങ്ങളിൽ വച്ച് ഇ.എം.എസ്.നോട് ചോദിച്ചു; ഉത്തരമില്ല. ഞാൻ വീണ്ടും മെഡിക്കൽ കോളേജ് ജംഗ്ഷനിൽ വച്ച് ഇ.എം.എസ്.നോട് ചോദിക്കുന്നു, മറുപടി പറയാൻ തയ്യാറുണ്ടോ' എന്ന് ചോദിക്കും. അതുപോലെ ഞങ്ങളെ പട്ടം കുട്ടന്മാർ ആക്കി മാറ്റരുത്, ബഹുമാനപ്പെട്ട മന്ത്രിമാർ ഞങ്ങളുടെ ചോദ്യങ്ങൾക്ക് ഇനിയെങ്കിലും ഉത്തരം പറയാൻ തയ്യാറാകണമെന്നുള്ള അഭ്യർത്ഥനയാണ് ഈ അവസരത്തിൽ എനിക്കുള്ളത്. ഒരു സർക്കാരിന് മുന്നോട്ട് പോകണമെങ്കിൽ എല്ലാവരെയും വിശ്വാസത്തിലെടുക്കണം. ഇപ്പോൾ വികസനമെന്ന് പൊള്ളയായി പ്രചരിപ്പിക്കുന്നതല്ലാതെ നിങ്ങൾ ഒരു റിവ്യൂ നടത്തണം. അതാത് വകുപ്പുകളിൽ ഏൽപ്പിക്കുന്ന കാര്യങ്ങൾ എത്രമാത്രം വേഗത്തിൽ പോകുന്നു, ആരാണ് ഉദ്യോഗസ്ഥരെ തളച്ചിട്ടിരിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കണം. ഉദ്യോഗസ്ഥരെക്കുറിച്ച് ശ്രീ. പി. സി. ജോർജ് സൂചിപ്പിച്ചതുപോലെ, ആര് വിളിച്ചാലും ഫോൺ എടുക്കാത്ത അവസ്ഥയാണുള്ളത്. തങ്ങൾ ജോലി ചെയ്താലും ഇല്ലെങ്കിലും ശമ്പളം ലഭിക്കുമെന്നുള്ളതാണ് ഉദ്യോഗസ്ഥരുടെ മാനോഭാവം.

അതുകൊണ്ടുതന്നെ അവർ നേർച്ച നടത്തുന്നതുപോലെയാണ് കാര്യങ്ങൾ ചെയ്യുന്നത്. ഫിനാൻസ് സെക്രട്ടറിയായിരുന്ന ഐ.എ.എസ്.-കാരനായ എബ്രഹാം എന്നൊരു ഓഫീസറുടെ ഓഫീസിലും വീട്ടിലും വിജിലൻസുകാർ കയറി അദ്ദേഹത്തെ അപമാനിച്ചു. സത്യസന്ധനായ ഓഫീസറെ അപമാനിക്കുമ്പോൾ സ്വാഭാവികമായും മറ്റ് ഓഫീസർമാർ സ്വീകരിക്കുന്ന നിലപാട് എന്താണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഫയലുകൾ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുകയാണ്. ഫയലുകൾ ക്വറിയിട്ട് താഴേയ്ക്ക് വിടുന്നതല്ലാതെ ഫയലുകളിൽ ഒപ്പിടാൻ ഒരു ഉദ്യോഗസ്ഥനും തയ്യാറാകാത്ത അവസ്ഥയാണുള്ളത്. നിക്ഷേപവുമായി ആര് വന്നാലും ഫയലുകൾ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിച്ചാൽ നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുകയില്ല. അതുകൊണ്ട് ഉദ്യോഗസ്ഥരെ നിയന്ത്രിക്കാനും അവരുടെ ചുമതല നിർവ്വഹിക്കാൻ അവസരം ഒരുക്കാനും കൂടിയുള്ള സംവിധാനം ഉണ്ടാക്കണം. അല്ലാതെ നിയമം പാസ്സാക്കി, അത് നമ്മൾ എല്ലാവരും വായിച്ച് പഠിച്ചിട്ട് കാര്യമുണ്ടോ? ഒരു ചെറിയ കാര്യംകൂടി പറഞ്ഞവസാനിപ്പിക്കുകയാണ്. ഇന്നിവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. സർക്കാർ ഇടപെടുന്നില്ലെന്ന് പറഞ്ഞതിന്റെ കൂട്ടത്തിൽ പറയുന്നതാണ്. ഭൂമി വിവാദവുമായി ബന്ധപ്പെട്ടാണ് ശ്രീ. വി. ഡി. സതീശൻ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഇന്നലെ ഏഷ്യാനെറ്റ് ചാനൽ പുറത്ത് വിട്ട വാർത്തയോടുകൂടി നടക്കേണ്ട കാര്യങ്ങളെല്ലാം നടക്കുന്നുണ്ടെന്ന് മനസ്സിലായി. ഞങ്ങളെപ്പോലുള്ള എം.എൽ.എ.-മാർ ബഹുമാനപ്പെട്ട മന്ത്രിമാരുടെ അടുത്ത് വരാത്തത് പേടിച്ചിട്ടാണ്. ഞങ്ങൾ ഒരു നിവേദനവുമായി വന്നാൽ രണ്ടുമൂന്ന് മന്ത്രിമാർ പ്രതികരിക്കും. മറ്റ് മന്ത്രിമാരുടെ സ്ഥിതി എന്താണെന്ന് ഞാൻ പേരെടുത്ത് പറയുന്നില്ല. വ്യവസായ വകുപ്പുമന്ത്രിയുടെ അടുത്ത് ഒരു കാര്യവുമായി വന്നാൽ അങ്ങ് പ്രതികരിക്കുന്ന ആളാണ്. കൊല്ലത്തുള്ള ഒരു പാർട്ടി നേതാവിന്റെ കാര്യം ഓർമ്മ വരികയാണ്; ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെയില്ല; ശ്രീ. എൻ. വിജയൻ പിള്ളയ്ക്ക് ചിലപ്പോൾ അറിയാമായിരിക്കും, ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പിതാവ് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പാർട്ടിയിൽപ്പെട്ട നേതാവാണ്; അദ്ദേഹത്തിന്റെ പേര് വാസുപിള്ള എന്നാണ്. ശ്രീ. ആർ. ബാലകൃഷ്ണ പിള്ള മന്ത്രിയായിരുന്ന സമയത്തെ സംഭവമാണ്. അദ്ദേഹം വലിയ പ്രതാപി ആയതുകൊണ്ട് ശിപാർശക്കാർ അങ്ങോട്ട് ഓടിച്ചെല്ലില്ല; ശിപാർശക്കാർ ചെല്ലുന്നത് വാസുപിള്ളയുടെ അടുത്താണ്; വാസുപിള്ള എല്ലാ ശിപാർശയും വാങ്ങി ഏതെങ്കിലും ഒരാളിന്റെ വണ്ടിയിൽ സെക്രട്ടേറിയറ്റിന്റെ മുന്നിൽ വരും; വാസുപിള്ള ബാലകൃഷ്ണപിള്ള സാറിന്റെ ഓഫീസിൽ പോകില്ല; എപ്പോഴാണ് ബാലകൃഷ്ണപിള്ള സാർ ഇറങ്ങുന്നതെന്ന് ഫോൺ വിളിച്ച് ചോദിക്കും; മെയിൻ ബ്ലോക്കിന്റെ ഭാഗത്തേയ്ക്ക് ബാലകൃഷ്ണപിള്ള സാർ വരുമ്പോൾ കൊണ്ടുവന്ന ശിപാർശക്കാരനെ അവിടെയുള്ള പ്ലാവിന്റെ ചുവട്ടിൽ നിർത്തുകയും ഇവിടെ നിന്നാൽ മതിയെന്നും ഞാൻ എല്ലാ കാര്യങ്ങളും

പറഞ്ഞ് ഏർപ്പാട് ചെയ്യാമെന്നും പറയും. ബാലകൃഷ്ണപിള്ള സാർ കാറിൽ കയറുന്ന സമയം, വാസുപിള്ള അടുത്ത് ചെന്ന് കൊട്ടാരക്കരയിൽ ബാലകൃഷ്ണപിള്ള സാർ നടത്തിയ പ്രസംഗം അതിഗംഭീരമായിരുന്നു തുടങ്ങിയ കാര്യങ്ങൾ പറയും. അവസാനം ആ നിൽക്കുന്ന പ്ലാവ് വരിക്കയാണോ കൂഴയാണോയെന്ന് ചോദിക്കും; പ്ലാവിന്റെ ചുവട്ടിൽ നിൽക്കുന്ന ആൾ മുണ്ടിന്റെ മാറാപ്പ് അഴിച്ച് തൊഴുതുനിൽക്കും; ശിപാർശക്കാര്യങ്ങൾ പറഞ്ഞുവെന്നാണ് അയാൾ കരുതുന്നത്. വാസുപിള്ളയുടെ കോമൺസെൻസുപോലും ഇത്രയും പാരമ്പര്യമുള്ള സി.പി.ഐ. എന്ന പാർട്ടിയുടെ നേതാക്കന്മാർക്ക് ഇല്ലാതെ പോയല്ലോയെന്ന വേദനയോടെയാണ് ഞാൻ വാസു പിള്ളയുടെ കാര്യം ഇവിടെ പറഞ്ഞത്. ഇതുപോലുള്ള സംഭവങ്ങൾ ഇനി ഉണ്ടാകാൻ പാടില്ല. സി.പി.ഐ.യുടെ എം.എൻ. സ്മാരകങ്ങൾ പോലുള്ള സ്മാരകങ്ങളിൽ എം.എൻ.നെയെങ്കിലും ഓർക്കണ്ടേ? അദ്ദേഹത്തെപ്പോലുള്ള ആളുകളെ അപമാനിക്കത്തക്ക വിധത്തിൽ കച്ചവടക്കാരെ അകത്തുകയറ്റി പാസ്സ് കൊടുത്ത് സെക്രട്ടേറിയറ്റിൽ പറഞ്ഞുവിട്ടു. സി.പി.ഐ. ഞങ്ങൾക്ക് ബഹുമാനമുള്ള പാർട്ടിയാണ്. ഒരു കാലത്ത് ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. അതുകൊണ്ട് മാത്രമല്ല, സി.പി.ഐ. പോലുള്ള പാർട്ടിയുടെ നേതാക്കന്മാർ അറിയാതെ, ജില്ലാ സെക്രട്ടറിയായ ചെറുകര വിജയൻ അറിയാതെ ഇതൊന്നും നടക്കില്ല. മന്ത്രിമാർ എല്ലാം ഒപ്പിട്ടുകൊടുക്കുമെന്ന് പറഞ്ഞു. ഞങ്ങൾ തരുന്ന ഏതെങ്കിലും ഒരു പേപ്പറിൽ ഒപ്പിട്ടുതരുമോ? Examine, Put up, verify, speed up എന്നൊക്കെ പറഞ്ഞ് എഴുതിത്തരുമോ? പാർട്ടിയുടെ ഉന്നത തലത്തിൽ പറയേണ്ടതുപോലെ പറഞ്ഞപ്പോൾ ഫയലിൽ നീക്കമുണ്ടായി. ആ ഫയൽ താഴോട്ട് വരുമ്പോൾ എല്ലാം ശരിയാക്കിക്കൊടുക്കാമെന്ന് പറഞ്ഞതു കൊണ്ടാണ് ഈ ഏർപ്പാടെല്ലാം നടന്നത്. അതുകൊണ്ട് നിയമങ്ങൾ പാസ്സാക്കിയതു കൊണ്ടുമാത്രം കാര്യങ്ങൾ നടക്കില്ല. സർക്കാർ സംവിധാനം മൂവ് ചെയ്യാൻ ഉദ്യോഗസ്ഥർ സജ്ജമാകണം. നിയമം പാസ്സാക്കി നിക്ഷേപം വരുമെന്ന് കരുതി കാത്തിരുന്നാൽ കാത്തിരിപ്പ് മാത്രമേ ഉണ്ടാകുകയുള്ളൂ. വിവാദങ്ങളിലേയ്ക്ക് പോകാതെ ഇനിയെങ്കിലും തൊഴിലാ ളികൾക്ക് തൊഴിൽ ലഭിക്കാനും ചെറുപ്പക്കാർക്ക് അവസരങ്ങൾ ലഭിക്കാനും നമുക്ക് ഒരുമിച്ച് നിൽക്കാമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാതെ നിർത്തുന്നു. നന്ദി.

2.00 PM]

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഈ ബില്ലിന്റെ അവതരണവേളയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, സംസ്ഥാനത്ത് നിക്ഷേപങ്ങൾ വരുന്നതിനും സംരംഭങ്ങൾ തുടങ്ങുന്നതിനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ഏറ്റവും വലിയ

തടസ്സമുണ്ടാക്കുന്നത് നമ്മുടെ നിയമങ്ങളാണെന്നും അതുകൊണ്ടുതന്നെ ഈ പ്രതിബന്ധങ്ങൾ നീക്കാനാണ് പ്രധാനപ്പെട്ട 7 നിയമങ്ങളിൽ ഭേദഗതി കൊണ്ടു വരുന്നതെന്നുമാണ്. ഈ ബിൽ നിലവിൽ വരുന്നതിനുമുമ്പ് നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള സംരംഭം തുടങ്ങുന്നതിനുവേണ്ടി എടുത്തിരുന്ന ശരാശരി ദിവസങ്ങൾ 214 ആണ്. അതിന്റെ ദേശീയ ശരാശരി 118-ഉം തൊട്ടടുത്ത സംസ്ഥാനങ്ങളിൽ 63-ഉം ആണ്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, അന്തർദ്ദേശീയ സമുദ്രപാതയുടെ സാമീപ്യം, അന്തർദ്ദേശീയ വിമാനത്താവളം, പ്രവാസി സമ്പത്ത് എന്നിവ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനുള്ള അനുകൂല സാഹചര്യങ്ങളാണ്. വ്യവസായ ആവശ്യങ്ങൾക്കുള്ള ഊർജ്ജനിരക്കും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. എന്നിട്ടും നിക്ഷേപ സൗഹൃദമല്ലാത്ത സാഹചര്യമാണ് ഇവിടെയുള്ളത്. ഈ നിയമം പാസ്സാക്കപ്പെടുന്നതോടെ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകുമോ എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. ഇടതുമുന്നണി അധികാരത്തിൽ എത്തുമ്പോഴൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ ഒന്നൊന്നായി എടുത്തുകളയുകയാണ്. കഴിഞ്ഞ സെഷനിൽ അതുസംബന്ധിച്ച് ചർച്ച ചെയ്തതാണ്. മദ്യഷാപ്പുകൾ തുടങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം എടുത്തുകളയുകയും സംസ്ഥാനത്ത് യഥേഷ്ടം മദ്യം ഒഴുക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊടുക്കുകയുമാണ് ചെയ്തത്. പഞ്ചായത്ത് രാജ് ആക്ട് 233-ാം വകുപ്പിൽ ഫാക്ടറിയോ, വർക്ക്ഷോപ്പോ, മാനുഫാക്ച്ചറിംഗ് പ്ലാന്റോ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾക്കുണ്ടായിരുന്ന പല അധികാരങ്ങളും സെക്രട്ടറിയിലേയ്ക്ക് മാറ്റിയതാണ് ഈ നിയമത്തിൽ വരുത്തിയ പ്രധാന ഭേദഗതി. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പ്രകാരമാണെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളാണ് ഈ സംസ്ഥാനത്തെ വ്യവസായ പുരോഗതിയുടെ ഏറ്റവും വലിയ പ്രതിബന്ധങ്ങളെന്ന് കരുതേണ്ടിവരും. ഭരണ സമിതിയുടെ അറിവോ സമ്മതമോ ഇല്ലാതെ ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് 5 ലക്ഷം രൂപ വരെ പിഴ ചുമത്തുന്നതിനുള്ള പരമാധികാരവും സെക്രട്ടറിക്ക് നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തത് ഭരണസമിതികളെ നോക്കുകുത്തികളാക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. തുടക്കം മുതൽ പല ഭാഗത്തുനിന്നും എതിർപ്പ് ഉയർന്നതിനാൽ 2002-ലെ കേരള ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ടിലെ അനിയന്ത്രിതമായ ജല ചൂഷണത്തിന് ഇടയാക്കുന്ന വ്യവസ്ഥകൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് മാറ്റിയിട്ടുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന തരത്തിലുള്ള ഭേദഗതികളിന്മേൽ യാതൊരു വിധത്തിലുള്ള മാറ്റവും വരുത്താത്ത രീതിയിലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

മറ്റൊരു കാര്യമുള്ളത്, അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഉത്തരവ് സെക്രട്ടറി നൽകിയില്ലെങ്കിൽ ലൈസൻസ് ലഭിച്ചതായി കണക്കാക്കപ്പെടുമെന്ന വ്യവസ്ഥയാണ്. ഇതിന്റെ പ്രായോഗികത സംബന്ധിച്ച് ബില്ലിന്റെ പൊതുചർച്ച നടന്ന സമയത്ത് പല അംഗങ്ങളും സംശയമുന്നയിച്ചിരുന്നതാണ്. അതിനൊരു വ്യക്തത ഇനിയും വരുത്തിയിട്ടില്ല. മാത്രമല്ല, യഥാസമയം ലൈസൻസ് നൽകാത്ത ഉദ്യോഗസ്ഥരുടെ വീഴ്ചകൊണ്ട് ലൈസൻസ് ലഭിക്കുന്നത് പരിസര മലിനീകരണമോ പൊതുശല്യമോ ഉണ്ടാകാനിടയുള്ള ഒരു വ്യവസായത്തിനാണെങ്കിൽ, ഇത്തരത്തിൽ പ്രവർത്തനാനുമതി ലഭിക്കുന്നത് ന്യായീകരിക്കാൻ കഴിയാത്തതാണ്. സ്ഥാപനം പ്രവർത്തനം ആരംഭിച്ചതിനുശേഷം 5 ലക്ഷം രൂപ പിഴ ഈടാക്കിക്കൊണ്ട് റദ്ദ് ചെയ്യാമെന്ന വ്യവസ്ഥ കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിക്കാനാണ് സാദ്ധ്യത. ലൈസൻസ് യഥാസമയം നൽകാത്ത ഉദ്യോഗസ്ഥരുടെമേൽ യാതൊരു നടപടിക്കും വ്യവസ്ഥ ചെയ്തിട്ടുമില്ല. മുനിസിപ്പാലിറ്റി ആക്ടിൽ വരുത്തിയിട്ടുള്ള ഭേദഗതിയുടെ കാര്യവും ഇതുപോലെയാണ്. ഈ സർക്കാരിന്റെ ഭരണകാലത്ത് നാളിതുവരെയായി ഒരു രൂപപോലും വ്യവസായരംഗത്ത് സംസ്ഥാനത്തിന് പുറത്തുനിന്നോ വിദേശത്തുനിന്നോ ലഭിച്ചിട്ടില്ല എന്ന് സർക്കാർതന്നെ പറയുന്നു. അതായത് ഇപ്പോൾ ഇവിടെ ഭേദഗതി വരുത്തുന്ന നിയമങ്ങൾ മാത്രമാണ് നിക്ഷേപം ആകർഷിക്കാൻ തടസ്സമെന്ന് കരുതാനാവില്ല. സംരംഭകർക്ക് അനുകൂലമായ വായ്പാ നയമൊക്കെ ഇതിന്റെ ഭാഗമാണ്. കേരളത്തിലെ എം.എസ്.എം.ഇ.-കളിൽ (Micro, Small and Medium Enterprises) 92.3 ശതമാനവും സർക്കാർ സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുക്കുന്നില്ല എന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രൈസസ് ഡെവലപ്മെന്റ് തയ്യാറാക്കിയ സംരംഭക റിപ്പോർട്ടിൽ പറയുന്നത്. സംരംഭകരിൽ 73.89 ശതമാനം ബാങ്കുകളെയും 10.67 ശതമാനം സഹകരണ സ്ഥാപനങ്ങളെയും 5.75 ശതമാനം സ്വകാര്യ പണമിടപാടുകാരെയും 9.6 ശതമാനം മറ്റ് സ്രോതസ്സുകളെയുമാണ് ആശ്രയിക്കുന്നത്. 2011-12 മുതൽ 2015-16 വരെ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ കേവലം .80 ശതമാനം പേർ മാത്രമാണ് കെ.എഫ്.സി.-യെ ആശ്രയിച്ചതെങ്കിൽ കെ.എസ്.ഐ.ഡി.സി.യെ ആശ്രയിച്ചത് വെറും 40 ശതമാനം മാത്രമാണ്. ഇവരിൽനിന്ന് കടമെടുത്താൽ കുത്തുപാളയെടുക്കുമെന്നാണ് പൊതുജനങ്ങളുടെ ധാരണ. അതായത് സംരംഭക സഹായിയെന്ന നിലയ്ക്ക് നമ്മുടെ സർക്കാർ സ്ഥാപനങ്ങൾ പരാജയപ്പെടുകയാണ്. കെ.എഫ്.സി. പലപ്പോഴും അതിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ പരാജയപ്പെടുകയും എം.എസ്.എം.ഇ.കൾക്ക് മൂലധനം, സാമ്പത്തിക സഹായം എന്നിവ നിഷേധിക്കുകയുമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. കെ.എഫ്.സി.-യുടെ 14.5 ശതമാനം പലിശ നിരക്ക് എന്നത് മറ്റ് സംസ്ഥാനങ്ങളുടെ ധനകാര്യ സ്ഥാപനങ്ങളിൽ ഉയർന്ന നിരക്കാണ്. ബാങ്കുകളിൽപ്പോലും ഇപ്പോൾ 7-8

ശതമാനം, കൂടിവന്നാൽ 9 ശതമാനം, മാത്രമേ ചാർജ് ചെയ്യുന്നുള്ളൂ. നമ്മുടെ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ ഉള്ളതിനേക്കാൾ വളരെ ഉയർന്ന നിരക്കാണിത്. അങ്ങനെയുള്ളപ്പോൾ സംരംഭകർ എങ്ങനെയാണ് ഇവരെ സമീപിക്കുന്നത്; ഇവരേക്കാൾ സ്വകാര്യ പണമിടപാടുകാരാണ് കൂടുതൽ സഹായകരമെന്ന സ്ഥിതി മാറണം. എം.എസ്.എം.ഇ.കൾക്ക് വായ്പാസഹായം നൽകുന്ന തരത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനെയും കെ.എസ്.ഐ.ഡി.സി.യെയും ഉപയോഗിക്കാൻ കഴിയണം. പെട്രോളിന്റെയും ഡീസലിന്റെയും വില എത്രയാണ്; യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് 55 രൂപയായിരുന്നത് ഇപ്പോൾ 71 രൂപയായി. എങ്ങനെയാണ് നമ്മുടെ കേരളത്തിലേയ്ക്ക് വ്യവസായം വരുന്നത്? കഴിവിന്റെ പരമാവധി ടാക്സ് അതിൽനിന്ന് കുറച്ചിരുന്നുവെങ്കിൽ കുറച്ചുകൂടി ആശ്വാസമുണ്ടാകുമായിരുന്നു. അതുപോലെ നോക്കുകൂലി പോലുള്ള വിഷയത്തിൽ ഈ സർക്കാരിന്റെ ഇതുവരെയുണ്ടായിരുന്ന സമീപനവും നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുന്നതായിരുന്നില്ല. നോക്കുകൂലിമൂലം സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ നിക്ഷേപകരെ ആകർഷിക്കുന്നതിനോ യാതൊരു തടസ്സവും സൃഷ്ടിച്ചിട്ടില്ലെന്നാണ് നിയമസഭയിൽ ചോദ്യത്തിന് മറുപടിയായി മന്ത്രിതന്നെ പറഞ്ഞിട്ടുള്ളത്. നോക്കുകൂലിയെ പൂർണ്ണമായും തള്ളിപ്പറയാൻ അദ്ദേഹത്തിന് ഇപ്പോഴും മടിയാണെന്ന് തോന്നുന്നു. വ്യാവസായിക ആവശ്യത്തിന് ഭൂമി ലീസ് അടിസ്ഥാനത്തിൽ നൽകുന്നതുമായി ബന്ധപ്പെട്ട്, 2016-ലെ ലീസ് റൂളുമായി ബന്ധപ്പെട്ട്, സംരംഭകരുടെ നിരവധി പരാതികൾ ഇതിനോടകംതന്നെ ഉയർന്നുവന്നിട്ടുണ്ട്. സംരംഭകർക്ക് ധന സമാഹരണത്തിനും സുഗമമായി നടത്തുന്നതിനും ഇതിലെ വ്യവസ്ഥകൾ തടസ്സമാണെന്ന ആക്ഷേപങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ തടസ്സങ്ങൾ പരിഹരിക്കുന്നത് പോലെയുള്ള കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. പ്രവാസി മലയാളികളുടെ നിക്ഷേപം കേരളത്തിൽ കൊണ്ടുവരുന്നതിനും ആകർഷിക്കുന്നതിനും നോർക്കവഴി ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചുവെങ്കിലും നാളിതുവരെ പ്രവാസികളിൽനിന്നും എത്ര നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് നമ്മൾ പരിശോധിക്കണം. അടിസ്ഥാന സൗകര്യ നിക്ഷേപത്തിനായി പ്രവാസി ചിട്ടി വഴി കിഫ്ബിയിലേയ്ക്ക് നാളിതുവരെ ഒരു രൂപപോലും നമുക്ക് ലഭിച്ചിട്ടില്ല. ദേശീയ അന്തർദ്ദേശീയ നിക്ഷേപ സംഗമങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന കെ.എസ്.ഐ.ഡി.സി. വഴി യാതൊരു നിക്ഷേപവും സമാഹരിക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. കൊട്ടിഘോഷിച്ച് നടത്തിയ ലോക കേരള സഭയെക്കുറിച്ച് എല്ലാവരും പറഞ്ഞതുകൊണ്ട് ഞാനതിനെപ്പറ്റി പറയുന്നില്ല. ഈ സർക്കാരിന്റെ കരട് വ്യാവസായിക നയത്തിൽ പ്രവാസികൾക്കായി തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും പുനരധിവാസം, പരിശീലനം എന്നിവയ്ക്കുവേണ്ടിയും എല്ലാ സഹായവും ചെയ്യുമെന്നാണ് പറയുന്നത്. എന്നാൽ അവർക്കുവേണ്ടി മാത്രമായുള്ള സംരംഭക പദ്ധതികൾ ഒന്നും ആസൂത്രണം

ചെയ്തിട്ടില്ല, ഇത് ആസൂത്രണം ചെയ്ത് നടപ്പാക്കണം. മുൻകാലങ്ങളെ അപേക്ഷിച്ച് പ്രവാസികൾ ഏറ്റവും കൂടുതൽ അരക്ഷിതാവസ്ഥയിലുള്ള ഒരു കാലഘട്ടമാണിത്. മദ്ധ്യേഷ്യയുടെ സ്വദേശി നയങ്ങളും അരക്ഷിതാവസ്ഥയും കാരണം വിദേശത്തുനിന്നും മടങ്ങിയെത്തുന്ന പ്രവാസികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. 2011-ൽ 11.5 ലക്ഷം പേരായിരുന്നു മടങ്ങിയെത്തിയതെങ്കിൽ 2014 ആയപ്പോൾ അത് 12.52 ലക്ഷമായി ഉയർന്നു. ഈ വർഷം സൗദി അറേബ്യയിലുള്ള മലയാളി ജനസംഖ്യയുടെ ഏകദേശം 40 ശതമാനത്തോളം ആളുകൾ മടങ്ങിവരുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ പ്രവാസി നിക്ഷേപത്തെ അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസായ കാഴ്ചപ്പാട് ഫലപ്രദമാകണമെന്നില്ല. ഒരു കാലത്തെ പ്രൗഢിയിൽനിന്ന് ഇന്നത്തെ തളർച്ചയിലേയ്ക്ക് വന്ന ഒരു സ്ഥാപനമാണ് കെൽട്രോൺ. നമ്മുടെ കെൽട്രോൺതന്നെ കുറെയധികം കാര്യങ്ങൾ മുൻകാലങ്ങളിലൊക്കെ ചെയ്തിരുന്നു, പക്ഷെ ഈ കാലഘട്ടത്തിൽ അതിന്റെ അവസ്ഥ എന്താണെന്ന് നമുക്കൊക്കെ അറിയാം. ഒരു കാലത്തെ പ്രൗഢിയിൽനിന്ന് ഇന്നത്തെ തളർച്ചയിലേയ്ക്ക് ഈ സ്ഥാപനം പോയത് കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റം ഉൾക്കൊള്ളാതെ പോയതുകൊണ്ടാണ്. പുതിയ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം പ്രധാനപ്പെട്ടതാണ് നിലവിലുള്ള സംരംഭങ്ങളെ നിലനിർത്തുക എന്നത്. നിലനിൽപ്പുതന്നെ പ്രതിസന്ധിയിലായ 602 വ്യവസായ യൂണിറ്റുകളുണ്ടെന്നാണ് സർക്കാർതന്നെ കണക്കാക്കിയിട്ടുള്ളത്. ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി 2018-19-ൽ മാറ്റിവച്ചിട്ടുള്ളത് കേവലം മൂന്ന് കോടി രൂപ മാത്രമാണ്. നമ്മുടെ സംസ്ഥാനത്തെ 80 ശതമാനത്തിലധികം വരുന്ന വ്യവസായ സ്ഥാപനങ്ങളും പത്ത് വർഷത്തിലേറെ പഴക്കമുള്ളതാണ്. അതുകൊണ്ട് നിലവിലുള്ളവയെ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആവശ്യമായ സഹായം സർക്കാർ ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ട്. നമ്മുടെ പല വ്യവസായ എസ്റ്റേറ്റുകളുടെയും പാർക്കുകളുടെയും അവസ്ഥ പരിശോധിച്ചാൽ പലതും ശോചനീയാവസ്ഥയിലാണെന്ന് കാണാം. വ്യവസായ അടിസ്ഥാന സൗകര്യത്തിനുള്ള പദ്ധതികൾ സമുചിതമായി നടപ്പിലാക്കാത്തതിനാൽ വ്യവസായ മേഖലകളുടെ അടിസ്ഥാന സൗകര്യവും തൃപ്തികരമല്ല. സർക്കാരിൽനിന്നും ധനസഹായം ലഭിക്കാത്തതിനാൽ തങ്ങളുടെ വ്യവസായ എസ്റ്റേറ്റുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയുന്നില്ല എന്നാണ് സിഡ്കോ പരാതി പറയുന്നത്. വ്യവസായ എസ്റ്റേറ്റുകളുടെ ധാരാളം യൂണിറ്റുകൾ അടഞ്ഞുകിടക്കുന്നുണ്ട്. പലതും കാടുകയറി നാശത്തിന്റെ വക്കിലുമാണ്. അടഞ്ഞുകിടക്കുന്നതും പ്രവർത്തനം നിലച്ചതുമായ യൂണിറ്റുകൾ വ്യവസായ വകുപ്പ് ഏറ്റെടുത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സ്റ്റാർട്ടപ്പുകൾ തുടങ്ങാനുള്ള ചെലവുകുറഞ്ഞ സംസ്ഥാനങ്ങളിലൊന്നാണ് കേരളമെങ്കിലും സംരംഭകർക്ക് പ്രിയപ്പെട്ട സ്ഥലമല്ല കേരളമെന്ന സ്ഥിതിവിശേഷം മാറണം.

സംസ്ഥാനത്തെ എല്ലാ വ്യവസായ പാർക്കുകളിലും എസ്.എം.ഇ. (Small and Medium Enterprise) ക്ലസ്റ്ററുകളും ടെക്നോളജി ഇൻകുബേഷൻ സൗകര്യങ്ങളും ഒരുക്കുന്നതിന് ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. ഇതൊക്കെ സ്റ്റാർട്ടപ്പുകൾക്ക് ഇഷ്ടപ്പെട്ട ഇടമായി സംസ്ഥാനത്തെ മാറ്റാൻ കഴിയാത്തതിന് കാരണമാണ്. ഇതിന് വേണ്ടുന്ന സാഹചര്യമൊരുക്കി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്. പരമ്പരാഗത വ്യവസായരംഗത്തെ ഏതെങ്കിലും തരത്തിലുള്ള നിക്ഷേപ സാദ്ധ്യതകൾ പരിശോധിക്കുകയോ നാശോന്മുഖമായവയെ ഏതെങ്കിലും തരത്തിൽ സഹായിക്കുകയോ ചെയ്യുന്നതിനുള്ള ഒന്നുംതന്നെ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

സ്പിന്നിംഗ് ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളൊക്കെത്തന്നെ പ്രതിസന്ധിയിലാണ്. അസംസ്കൃത വസ്തുക്കളുടെ അഭാവത്താലും വൈദ്യുതി വിച്ഛേദിച്ചതിനാലും ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾ പലതും പല പ്രാവശ്യം അടച്ചിട്ടു. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവ 2016-നുശേഷം നിരവധി തവണ അടച്ചിടേണ്ടിവന്നു. പ്രവർത്തന മൂലധനമില്ലാത്തതുകൊണ്ട് പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ Layoff-ലാണ്. പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുമ്പോൾ നിലനിൽപ്പിനായി പൊരുതുന്ന പരമ്പരാഗത വ്യവസായങ്ങളെ മറക്കാൻ പാടില്ല. തകർച്ചയിൽനിന്നും അവയെ സംരക്ഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിക്കണം.

ഇവിടെ ഭേദഗതി കൊണ്ടുവരുന്ന മറ്റൊരു നിയമമായ കേരള ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്റ്റിൽ വ്യാവസായിക വാണിജ്യ ആവശ്യങ്ങൾക്കോ ഗാർഹിക ആവശ്യങ്ങൾക്കോ ഉപയോഗിച്ചിട്ടുള്ള ഭൂജലം ശുദ്ധീകരിച്ച് ഉപയോഗിക്കുകയും പുനരുപയോഗിക്കുകയും ചെയ്യുന്നതിനായി വ്യവസ്ഥയുണ്ടായിരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇത്തരത്തിലൊരു വ്യവസ്ഥ നിയമത്തിലുൾപ്പെടുത്തിയത് നല്ലതുതന്നെ. പക്ഷെ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മുട്ടത്തറയിൽ സ്ഥാപിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിലവിലെ അവസ്ഥ പരിശോധിക്കണം. പ്രതിദിനം ഏകദേശം 45 ദശലക്ഷം ലിറ്റർ വെള്ളമാണ് ഇവിടെ പ്രോസസ്സിംഗ് കഴിഞ്ഞ് പുറത്തേയ്ക്ക് ഒഴുക്കിക്കളയുന്നത്. ഈ വെള്ളം ഗാർഹിക ആവശ്യങ്ങൾക്കല്ലാതെ ചെടികൾ നനയ്ക്കാനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ടോയ്‌ലെറ്റ് ഫ്ലെഷിംഗിനും വാഹനങ്ങൾ കഴുകുന്നതിനുമൊക്കെ ഉപയോഗിക്കാവുന്നതാണ്. നമ്മുടെ നദികളിലേതിനെക്കാൾ ശുദ്ധമായിട്ടുള്ള വെള്ളമാണിത്. പക്ഷെ ഇത് സൗജന്യമായി നൽകിയിട്ടുപോലും ആവശ്യക്കാരില്ലാതെ പാർവ്വതീപുത്തനാറിലേയ്ക്ക് ഒഴുക്കിക്കളയുകയാണ്. ജലക്ഷാമം രൂക്ഷമായിരിക്കുന്ന ഈ അവസരത്തിൽ ഇതിന്റെ

ശരിയായ ഉപയോഗം ഉറപ്പുവരുത്തണം. മറ്റൊന്ന്, കേരള വ്യവസായിക നയം 2017-ന്റെ കരട് പ്രസിദ്ധീകരിച്ചതിന്റെ ആമുഖത്തിൽ പറയുന്നത്, കേരളത്തിൽ പരിസ്ഥിതി സൗഹൃദവും മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾക്കേ മുൻതൂക്കം നൽകാൻ സാധിക്കുകയുള്ളൂവെന്ന പരിമിതി നിലനിൽക്കുന്നുവെന്നാണ്. നമ്മുടെ കാഴ്ചപ്പാട് മാറണം. അത് പരിമിതിയായി കാണേണ്ട ഒന്നല്ല. വ്യവസായങ്ങൾ പരിസ്ഥിതി സൗഹൃദവും മലിനീകരണം കുറഞ്ഞതുമായിരിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമായി കണക്കാക്കണം. ഈ പ്രകൃതിയോടും ഇവിടത്തെ വരും തലമുറയോടുമുള്ള ഉത്തരവാദിത്വം മാത്രമല്ല, നമ്മുടെ വ്യവസായ സംരംഭങ്ങൾ എത്രത്തോളം പരിസ്ഥിതി സൗഹൃദമാകുന്നുവോ അത്രത്തോളം നമ്മുടെ വികസനം സുസ്ഥിരമാകുകയും ചെയ്യും. നിക്ഷേപം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതും അതിനുള്ള വ്യവസ്ഥകൾ സുഗമമാക്കപ്പെടേണ്ടതുമാണ്. എന്നാൽ ബില്ലിലെ വ്യവസ്ഥകൾ പ്രധാനമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കവർന്നെടുത്ത് ഉദ്യോഗസ്ഥ ഭരണത്തിന് വഴിയൊരുക്കുന്നതാകയാൽ ഇതിനോടുള്ള ശക്തമായ എതിർപ്പ് ഒരിക്കൽക്കൂടി ഞാൻ രേഖപ്പെടുത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. രണ്ടാം വകുപ്പ് പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും മൂന്നാം വകുപ്പ് പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിലവിൽ ഡി. ആൻഡ് ഒ. ലൈസൻസ് നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ കൗൺസിലിന് ഉണ്ടായിരുന്ന അധികാരം ഉദ്യോഗസ്ഥനായ സെക്രട്ടറിക്ക് നൽകിയിരിക്കുന്നത് അധികാര വികേന്ദ്രീകരണത്തിനുപകരം അധികാര കേന്ദ്രീകരണത്തിന് ഇടയാക്കുമെന്നതിനാൽ ഈ ഭേദഗതിയോട് ഞാൻ വിയോജിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ നോക്കുകുത്തികളാക്കിമാറ്റി അധികാരം ഉദ്യോഗസ്ഥരിൽ കേന്ദ്രീകരിക്കാനുള്ള ശ്രമമാണ് ഈ ഭേദഗതിയിലൂടെ കൊണ്ടുവരുന്നത്. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പുരപ്പുറത്തുകയറി പ്രസംഗിക്കുന്നവരാണ് നമ്മുടെ സംസ്ഥാനം ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ സംസ്ഥാനം ഭരിക്കുമ്പോൾ അധികാര വികേന്ദ്രീകരണം നടപ്പാക്കുന്നതിനുപകരം ജനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സഭകളെ നോക്കുകുത്തികളാക്കി ഉദ്യോഗസ്ഥരിൽ അധികാരം കേന്ദ്രീകരിക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഇങ്ങനെയെങ്കിൽ മന്ത്രിസഭയുടെ ആവശ്യമില്ല. എല്ലാ അധികാരങ്ങളും ചീഫ് സെക്രട്ടറിയിൽ നിക്ഷിപ്തമാക്കുന്ന രീതിയിൽ ഭേദഗതി കൊണ്ടുവരുന്നതായിരിക്കും നല്ലത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം ഒന്നൊന്നായി കവർന്നെടുക്കുകയാണ്. അധികാരം കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുപകരം ദിവസേനയെന്നോണം കവർന്നെടുക്കുകയാണ്. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ്; അധികാരം ജനങ്ങളിലേയ്ക്ക് കൈമാറുക എന്നത്. അതിന്റെ ഭാഗമായിട്ടാണ് 1995-ൽ നഗരപാലിക പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതികൾ നിലവിൽവന്നത്. ഇന്ത്യയിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ആയിരക്കണക്കിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്ക് നേരിട്ട് കത്തെഴുതിയ ആദ്യത്തെ പ്രധാനമന്ത്രി യശഃശരീരനായ രാജീവ് ഗാന്ധിയായിരുന്നു. കേരളത്തിൽ ഐക്യ ജനാധിപത്യ മുന്നണി സർക്കാർ ഭരിക്കുമ്പോഴാണ് പഞ്ചായത്ത് രാജ് നഗരപാലിക നിയമം പാസ്സാക്കിയത്. അതിൽ പ്രധാനമായും പറയുന്നത് ജനങ്ങൾക്കാണ് അധികാരമെന്നാണ്. ഗ്രാമസഭകളും വാർഡുസഭകളും യോഗം ചേർന്ന് വികസന നിർദ്ദേശങ്ങൾ സമർപ്പിക്കണം. പ്രസ്തുത നിർദ്ദേശങ്ങൾ പഞ്ചായത്ത് ഭരണസമിതികൾ ചേർന്ന് നടപ്പാക്കുന്നു. അതായിരുന്നു ഇതുകൊണ്ട് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇപ്പോൾ ഗ്രാമസഭകളിലും വാർഡുസഭകളിലും ജനങ്ങൾ പങ്കെടുക്കുന്നില്ല. എന്താണ് കാര്യമെന്ന് ചോദിച്ചാൽ, അതിലൊന്നും പങ്കെടുത്ത് നിർദ്ദേശിച്ചിട്ട് യാതൊരു കാര്യവുമില്ല, അത് നടപ്പാക്കാനുള്ള അധികാരം ജനങ്ങൾ തെരഞ്ഞെടുത്ത പഞ്ചായത്ത് ഭരണസമിതിക്ക് ഇല്ലാതെ പോകുകയാണ്. ജനങ്ങളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നു പറയുന്നത് അവർക്ക് സ്വൈരമായി ജീവിക്കാനുള്ള സാഹചര്യം സംസ്ഥാനത്തുണ്ടാകണമെന്നതാണ്. എന്നാൽ ജനങ്ങൾക്ക് സ്വൈരമായി ജീവിക്കാനുള്ള സാഹചര്യംപോലും ഇല്ലാതായിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് പഞ്ചായത്തുകൾക്ക് മദ്യനിരോധന അധികാരം നൽകുന്നതിന് യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചത്. പിന്നീടുവന്ന നായനാർ ഗവൺമെന്റ് പഞ്ചായത്തുകളിൽനിന്ന് ആ അധികാരം തിരിച്ചെടുത്തു. വീണ്ടും 2012-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതാത് പഞ്ചായത്ത് പ്രദേശങ്ങളിലെ മദ്യശാലകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വീണ്ടും അധികാരം തിരിച്ചെടുത്ത് ആർക്കും എവിടെ വേണമെങ്കിലും മദ്യഷാപ്പ് തുടങ്ങാമെന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങികൊണ്ടിരിക്കുകയാണ്. നമ്മുടെ കുട്ടികൾ മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും അടിമകളായിക്കൊണ്ടിരിക്കുന്ന വേദനാജനകമായ വാർത്തകളാണ് ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ളൊരു കാലഘട്ടത്തിൽ വിദ്യാലയങ്ങൾക്ക് അമ്പത് മീറ്റർ ചുറ്റളവിൽ മദ്യശാലകൾ അനുവദിക്കാമെന്നാണ് ഈ സർക്കാരിന്റെ പുതിയ നിലപാട്. ആരാധനാലയങ്ങളുടെ അമ്പത് മീറ്റർ ചുറ്റളവിൽ മദ്യശാലകൾ തുടങ്ങാമെന്നാണ് പറയുന്നത്.

ഇതിനൊന്നും യാതൊരു നിയന്ത്രണവുമില്ല. ഇതൊന്നും നിയന്ത്രിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കില്ലാത്ത സ്ഥിതിയാണ്. മദ്യത്തിന്റെ ഗുരുതരമായ ഭവിഷ്യത്തുകൾ നമ്മളെല്ലാപേരും ഇപ്പോൾ അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. അച്ഛന് സ്വന്തം മക്കളെയും മക്കൾക്ക് സ്വന്തം അമ്മമാരെയും സഹോദരൻമാർക്ക് സഹോദരിമാരെയും തിരിച്ചറിയാൻ കഴിയുന്നില്ല. ഇങ്ങനെ രാജ്യത്താകമാനം മദ്യമൊഴുക്കുന്നൊരു സാഹചര്യമൊരുക്കി ഭരണ സമിതിയുടെ അധികാരം പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയാൽപ്പോലും എങ്ങനെയാണ് പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കേണ്ടതുണ്ട്. ഒരു തദ്ദേശഭരണ സ്ഥാപനം വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചാൽത്തന്നെ സ്വതന്ത്രമായി അത് നടപ്പാക്കാൻ കഴിയുമോ? പഞ്ചായത്തിൽ എല്ലാ കാര്യത്തിലും സർക്കാരിന്റെ നിയന്ത്രണമാണ്. പഞ്ചായത്തീരാജ് നഗരപാലികാ സംവിധാനം നിലവിൽവന്നിട്ട് 23 വർഷം പിന്നിടുകയാണ്. 23 വയസ്സെന്നു പറഞ്ഞാൽ നല്ല യുവത്വത്തിന്റെ കാലമാണ്. 23 വയസ്സാകുമ്പോൾ ആരും കൈപിടിക്കാതെ നടക്കാൻ, എല്ലാംകൊണ്ടും സ്വയം പ്രാപ്തനാകുകയാണ്. എന്നാൽ ഇവിടെ 23 വർഷമായിട്ടും ഒരു പിഞ്ചുബാലനെ കൈപിടിച്ച് നടത്തുന്നതുപോലെയാണ് സർക്കാർ പഞ്ചായത്തിനെ കൈപിടിച്ചു കൊണ്ടുപോകുന്നത്. 23 വർഷമായിട്ടും പഞ്ചായത്തുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അധികാരം നൽകാൻ നമുക്ക് സാദ്ധ്യമായിട്ടില്ല. 1995-ൽ ജനകീയാസൂത്രണത്തിന് തുടക്കം കുറിക്കുമ്പോൾ ഇപ്പോഴത്തെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പ്ലാനിംഗ് ബോർഡ് മെമ്പറായിരുന്നു. അദ്ദേഹം അധികാര വികേന്ദ്രീ കരണത്തെക്കുറിച്ച് വലിയ രീതിയിൽ ക്ലാസ്സെടുത്തിരുന്ന ആളാണ്. ഇപ്പോൾ അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രി ആയപ്പോൾ അധികാര വികേന്ദ്രീകരണമൊക്കെ മറന്ന് അധികാര കേന്ദ്രീകരണത്തിനുവേണ്ടി ശബ്ദിക്കുകയും അതിന് കൂട്ടുനിൽക്കുകയും ചെയ്യുകയാണ്. സർക്കാരിന്റെ ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള പണംപോലും സ്വതന്ത്രമായി വിനിയോഗിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല. പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള പണം കൃത്യസമയത്ത് ചെലവഴിച്ചില്ലെന്നുപറഞ്ഞ് സർക്കാർ തിരിച്ചുപിടിക്കുകയാണ്. എങ്ങനെയാണ് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള പണം കൃത്യസമയത്ത് ചെലവഴിക്കുന്നത്? കൃത്യസമയത്ത് ചെലവഴിക്കണമെങ്കിൽ സർക്കാരിന്റെ അനാവശ്യമായ നിയന്ത്രണങ്ങൾ ഒഴിവാക്കണം. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്കും ആ ഭരണസമിതികൾക്കുതാഴെ ജനങ്ങൾ പങ്കെടുക്കുന്ന ഗ്രാമ സഭകൾക്കുമൊക്കെ അധികാരങ്ങൾ വേണം. ഗ്രാമസഭകളുടെയും പഞ്ചായത്ത് ഭരണ സമിതികളുടെയും അധികാരം നിലനിർത്തിയാൽ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ ഫണ്ട് ചെലവഴിക്കാനും വികസന പ്രവർത്തനങ്ങൾ നടത്താനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാദ്ധ്യമാകൂ. പഞ്ചായത്തിന്റെ അധികാരം കവർന്നെടുക്കുകയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കണമെങ്കിൽ ഇവിടെ ഉദ്യോഗസ്ഥർ വേണ്ടേ? നിർവ്വഹണ ഉദ്യോഗസ്ഥരില്ലാത്തതിനാലാണ് പലപ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാത്തത്. പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ജനറൽ പർപ്പസ് ഗ്രാന്റും തിരിച്ചെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മാർച്ച് മാസം അവസാനിക്കുന്നതിനു തൊട്ടുമുമ്പാണ് സർക്കാർ ഇങ്ങനെയൊരു തീരുമാനമെടുക്കുന്നത്. നാല് പഞ്ചായത്തുകൾക്കുംകൂടി ഒരു അസിസ്റ്റന്റ് എഞ്ചിനീയറാണ് ചിലയിടങ്ങളിലുള്ളത്. ഈ എഞ്ചിനീയറിംഗ് വിംഗിനെവച്ച് എങ്ങനെയാണ് പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുക? എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ഗ്രാമ പഞ്ചായത്ത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി, വരൾച്ചാ ദുരിതാശ്വാസ നിധി തുടങ്ങിയവ ഉപയോഗിച്ചുള്ള എല്ലാ വർക്കുകളും നടത്തേണ്ടത് എൽ.എസ്.ജി.ഡി.യുടെ എഞ്ചിനീയറിംഗ് വിഭാഗമാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരെ നൽകി പഞ്ചായത്തിനെ സഹായിക്കുന്നതിനുപകരം കുറ്റപ്പെടുത്തുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. അതിനുപുറമേ അഞ്ച് പ്രധാനപ്പെട്ട വകുപ്പുകൾ ഏകീകരിക്കാൻ പോകുകയാണ്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ടൗൺ പ്ലാനിംഗ്, ഗ്രാമവികസനം, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ഇവയെല്ലാം ചേർത്ത് ഒരു എസ്റ്റാബ്ലിഷ്മെന്റിന്റെ കീഴിൽ വരാൻ പോകുകയാണ്. പ്രധാനപ്പെട്ട അഞ്ച് വകുപ്പുകളുടെ ഏകീകരണംകൊണ്ട് എന്ത് നേട്ടമാണ് കേരളത്തിലെ പൊതുസമൂഹത്തിന് ഉണ്ടാകാൻ പോകുന്നതെന്നതു സംബന്ധിച്ചുള്ള പഠനം സർക്കാർ നടത്തിയിട്ടുണ്ടോ? വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ അഞ്ച് വകുപ്പുകളിൽ നിന്ന് ജനങ്ങൾക്ക് കൃത്യമായി ലഭ്യമാകുന്ന സേവനങ്ങൾക്ക് ഏകീകരണം വരുന്നതോടുകൂടി കാലതാമസം വരുമെന്ന കാര്യം തീർച്ചയാണ്. സാധാരണക്കാരായ ജനങ്ങൾ കൂടുതലും ആശ്രയിക്കുന്ന ഓഫീസുകളാണ് ഈ അഞ്ചു വകുപ്പുകളുടെയും ഓഫീസുകൾ. ഈ വകുപ്പുകൾ ഏകോപിപ്പിക്കുന്നതോടുകൂടി ജനങ്ങൾ പ്രയാസം അനുഭവിക്കും. അതുപോലെ ജീവനക്കാരും അസംതൃപ്തരാണ്. അഞ്ച് വകുപ്പുകളുടെയും ഏകീകരണം വരുന്നതോടുകൂടി ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധമായ തർക്കവും ഉയർന്നുവരും. വിവിധ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾ പാസ്സായി വിവിധ വകുപ്പുകളിൽ വരുന്ന ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ സാദ്ധ്യതയെയും സീനിയോറിറ്റിയെയും അത് ബാധിക്കും. അസംതൃപ്തരായ ജീവനക്കാരെയുംകൊണ്ട് ഒരു സർക്കാരിനും തദ്ദേശഭരണ സ്ഥാപനത്തിനും മുന്നോട്ടുപോകാൻ കഴിയില്ല. ഉദ്യോഗസ്ഥർക്ക് ഓഫീസിൽ ഇരുന്ന് ജോലി ചെയ്യാൻ സമയമുണ്ടാകില്ല. അവർക്ക് സീനിയോറിറ്റിയുടെ പ്രശ്നം പറഞ്ഞ് കോടതിയിൽ കയറിയിറങ്ങാനേ സമയമുണ്ടാകൂ. പഞ്ചായത്ത് കോമൺ സർവ്വീസിലെയും പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിലെയും

ജീവനക്കാരെ ഇന്റഗ്രേറ്റ് ചെയ്യുതുമായി ബന്ധപ്പെട്ട കേസ് 20 വർഷമായി കോടതിയിലാണ്. ഇതുവരെയും തീർപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഒരു വകുപ്പിലെതന്നെ ഉദ്യോഗസ്ഥരെയും കോമൺ സർവീസിലെ ഉദ്യോഗസ്ഥരെയും ഇന്റഗ്രേറ്റ് ചെയ്യുതുമായി ബന്ധപ്പെട്ട കേസ് ഇതുവരെ തീർപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അഞ്ച് വകുപ്പുകളെ ഏകീകരിക്കുന്നതോടെ ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച കേസ്സുകൾ തീർപ്പാക്കാൻ എത്ര സമയം വേണ്ടിവരുമെന്ന് ആലോചിക്കണം. ഇങ്ങനെ യാതൊരു മുൻധാരണയുമില്ലാതെയാണ് ഇത്തരം കാര്യങ്ങൾ ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ജീവനക്കാരെ മുഴുവൻ അസംതൃപ്തരാക്കുന്ന സർക്കാരിന്റെ നടപടിക്കെതിരായിട്ടാണ് കേരളത്തിലെ സർക്കാർ ജീവനക്കാരുടെ പ്രബല സംഘടനയായ സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ ഇന്ന് സെക്രട്ടേറിയറ്റിന് മുന്നിൽ മാർച്ചും ധർണ്ണയും സംഘടിപ്പിച്ചിട്ടുള്ളത്. വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകാനുള്ള അധികാരം പഞ്ചായത്ത് ഭരണസമിതിയിൽ നിന്നും മാറ്റി പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകാൻ പോകുകയാണ്. വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരും അസംതൃപ്തരാണ്. പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകുന്നതിനുമുമ്പ് കേരളത്തിലെ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ കാര്യക്ഷമമാക്കാനും ഫലപ്രദമായി പ്രവർത്തിക്കാനുമുള്ള നടപടിയുണ്ടാകണം. എല്ലാ വ്യവസായ സ്ഥാപനങ്ങളിലെയും ജീവനക്കാർ അസംതൃപ്തരാണ്. അവർക്ക് മാന്യമായി ജോലി ചെയ്യാൻ സാധിക്കുന്നില്ല. പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് എല്ലാവരും സംസാരിക്കാറുണ്ട്. എന്നാൽ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പ്രായോഗികമായ ഒരു പദ്ധതിയും ആവിഷ്കരിക്കാൻ ഇന്നേവരെയും സാധിച്ചിട്ടില്ല. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ ഉൾപ്പെടെയുള്ള കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ വർഷങ്ങൾക്കുമുമ്പ് തുടങ്ങിയ അതേ അവസ്ഥയിലോ അല്ലെങ്കിൽ കുറേക്കൂടി മോശമായ സ്ഥിതിയിലേയ്ക്കോ മാറിയെന്നല്ലാതെ നല്ല രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. കേരളത്തിലെ സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനുവേണ്ടി പ്രത്യേക പാക്കേജിന് രൂപം നൽകുമെന്ന് സർക്കാർ ചോദ്യത്തിന് മറുപടിയായി പറഞ്ഞിരുന്നു. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളെ നവീകരിക്കാനും തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പു വരുത്തുന്നതോടൊപ്പം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയണം. ചെറുപ്പക്കാരായ തൊഴിൽരഹിതരുടെ എണ്ണം നാൾക്കുനാൾ സംസ്ഥാനത്ത് വർദ്ധിച്ചു വരികയാണ്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ അവസരമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ രണ്ട് വർഷമായിട്ടും സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ സർക്കാർ നൽകിയ വാഗ്ദാനങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. രണ്ടാം വാർഷികം ആഘോഷിക്കാൻ പോകുന്ന സർക്കാരിന് എത്ര പേർക്ക് തൊഴിൽ നൽകിയെന്ന്

പറയാൻ സാധിക്കുമോ? തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് തൊഴിലവസര മുണ്ടാക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം വ്യവസായ സ്ഥാപനങ്ങളെ ശാക്തീകരി ക്കുകയെന്നതാണ്. അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

വിദേശ രാജ്യങ്ങളിൽ പോയി അദ്ധ്വാനിച്ചവരാണ് ഇക്കാലമത്രയും നമ്മുടെ സമ്പദ്ഘടന പരിപോഷിപ്പിക്കുകയും നിലനിർത്തുകയും ചെയ്തത്. കോടാനുകോടി രൂപയുടെ നിക്ഷേപം നമ്മുടെ ബാങ്കുകളിൽ എത്തിച്ചത് വിദേശത്തുപോയി പണിയെടുത്തവരാണ്. അവർ തിരിച്ചുവരവിന്റെ വക്കിലാണ്. സൗദി അറേബ്യയിൽ അടുത്ത കാലത്തുണ്ടായ സ്വദേശീവൽക്കരണത്തിന്റെ ഭാഗമായി നിരവധി പ്രവാസികൾ തിരിച്ചുവരികയാണ്. അവർകൂടി സംസ്ഥാനത്തെത്തുമ്പോൾ തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കണം. പുനരധിവാസത്തെക്കുറിച്ച് പ്രസംഗിച്ചതുകൊണ്ട് മാത്രം കാര്യമില്ല. ഇവിടെ നേരത്തെ പറഞ്ഞതുപോലെ ലോക കേരള സഭ സംഘടിപ്പിച്ച്, നിങ്ങളൊക്കെ നാളെ പാർലമെന്റിലെ മെമ്പർമാരെപ്പോലെ എം.എൽ.എ.മാരെപ്പോലെ ലോക കേരള സഭയിലെ അംഗങ്ങളാകുന്നവരാണെന്ന് അവരെ ധരിപ്പിച്ച് വഞ്ചിച്ചതുകൊണ്ടുമാത്രം കാര്യമില്ല. അവരെ കൊണ്ടുവന്ന് പ്രസംഗം കേൾപ്പിച്ച് പറഞ്ഞയച്ചു. എന്തെങ്കിലും തുടർ നടപടിയുണ്ടായോ? പ്രവാസികളുടെ ഇൻവെസ്റ്റ്മെന്റ് ഉപയോഗപ്പെടുത്തി അവരുടെതന്നെ പുനരധിവാസത്തിനുള്ള എന്തെങ്കിലും പുതിയ പദ്ധതിയെക്കുറി ച്ചാലോചിക്കാൻ ഇതുവരെയും അവസരമുണ്ടായില്ല. മറ്റ് ഗൾഫ് രാഷ്ട്രങ്ങളിൽ നിന്നും ആളുകൾ തിരിച്ചുവരികയാണ്. യു.എ.ഇ.യിൽ ഏതെങ്കിലും ജോലിക്ക് പോകണമെങ്കിൽ അഞ്ച് വർഷം ഒരു കേസ്സിലും പ്രതിയല്ലെന്ന് തെളിയിക്കുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേണം. ആ നിയമം മാറിയെന്നും മാറിയില്ലെന്നും പറയുന്നുണ്ട്. ഇന്നലത്തെ പത്രത്തിൽ ആ നിയമം മാറിയെന്ന് പറഞ്ഞിട്ടുള്ളത് ഞാൻ കണ്ടിരുന്നു. ദിവസേനയെന്നോണം അവിടെ നിയമങ്ങൾ മാറുകയാണ്. അവരുടെ നിയമത്തിൽ ഇടപെടാൻ നമുക്ക് കഴിയില്ല. അഞ്ച് വർഷത്തിനിടയിൽ ഒരു കേസ്സിലും പ്രതിയല്ലെന്നുള്ള സർട്ടിഫിക്കറ്റ് വേണമെന്നു പറഞ്ഞാൽ കേരളത്തിലെ എത്ര ചെറുപ്പക്കാർക്ക് യു.എ.ഇ.യിൽ തൊഴിൽ തേടി പോകാൻ കഴിയും? ഏതെങ്കിലും ഒരു കേസ്സിൽ പ്രതിയാകാത്ത എത്ര പേർ നമ്മുടെ സംസ്ഥാനത്തുണ്ടാകും; പ്രത്യേകിച്ച് ഇടതുപക്ഷക്കാർ, നിങ്ങളാണല്ലോ അനാവശ്യമായി സമരം നടത്തുന്നവർ? യു.ഡി.എഫ്.-കാരെ നിങ്ങൾ കള്ളക്കേസ്സിൽ കുടുക്കി പ്രതികളാക്കിയിട്ടുണ്ടാകും. യഥാർത്ഥ പ്രതികൾ ഞങ്ങളല്ല, രാഷ്ട്രീയ സമരവും കള്ളക്കേസ്സിൽ കുടുക്കലുമാണ് നിങ്ങളുടെ പണി. ഇടതുപക്ഷം ഈ രീതിയിൽ ഭരണം നടത്തിയാൽ കേസ്സിൽ പ്രതിയാകുന്നവരുടെ എണ്ണം വർദ്ധിക്കുകയല്ലാതെ കുറയാൻ പോകുന്നില്ല.

അധികമാളുകൾക്ക് ഇനി ഗൾഫ് രാഷ്ട്രങ്ങളിൽ ജോലി പ്രതീക്ഷിക്കണ്ട. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും ഇതേ അവസ്ഥ വരാൻ പോകുകയാണ്. മറ്റൊരു സ്ഥലത്തേയ്ക്ക് ജോലിക്ക് പോകാമെന്ന് പുതിയ തലമുറ പ്രതീക്ഷിക്കേണ്ടതില്ല. എല്ലാ വാതിലും കൊട്ടിയടയ്ക്കപ്പെടുമ്പോൾ നമ്മുടെ പ്രതീക്ഷ കേരളം തന്നെയാണ്. കേരളത്തിലെ ചെറുപ്പക്കാർക്കാവശ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാ യിരിക്കണം ഈ ഭേദഗതി. ഇവിടെ മറ്റുപല ഭേദഗതികളും കൊണ്ടുവന്നതുപോലെ ഇതിനുപിന്നിലും മറ്റ് താൽപ്പര്യമുണ്ടോയെന്നറിയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടുവന്നിട്ടുള്ള ഭേദഗതികളുടെയെല്ലാം പിന്നിൽ മറ്റു ചില നിക്ഷിപ്ത താൽപ്പര്യമുണ്ടായിരുന്നുവെന്ന് മനസ്സിലാകുന്നു. അധികാര വികേന്ദ്രീക രണത്തെക്കുറിച്ച് സംസാരിക്കുന്നവർ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്ക് കൂടുതൽ അധികാരം നൽകുന്നതിനുപകരം അധികാരം കവർന്നെടുത്ത് ഉദ്യോഗസ്ഥരിലേയ്ക്ക് കേന്ദ്രീകരിക്കുന്നതിന്റെ പിന്നിലും മറ്റ് പല താൽപ്പര്യവുമുണ്ടോയെന്ന് സംശയിക്കേ ണ്ടിയിരിക്കുന്നു. ഇത്തരമൊരു ഭേദഗതി തീർത്തും അനാവശ്യമാണെന്നതുകൊണ്ട്, ഇത് സംസ്ഥാനത്തിന്റെ താൽപ്പര്യം മുൻനിർത്തിക്കൊണ്ടുവന്ന ഭേദഗതിയല്ലാ ത്തതുകൊണ്ട് ഈ ഭേദഗതി നിർദ്ദേശങ്ങളോട് ഞാൻ വിയോജിക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, 2018-ലെ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനെ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാകുകയും അതനുസരിച്ച് വ്യവസായങ്ങൾ വളരുകയും ചെയ്യുകയെന്നത് ലോകത്തിലെ മുഴുവൻ വ്യവസായികളും ആഗ്രഹിക്കുന്ന ഒരു കാര്യമാണ്. ലോകം തന്നെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലേയ്ക്ക് മാറിക്കൊ ണ്ടിരിക്കുകയാണ്. ഇന്ത്യയിൽ പല പുതിയ നിയമങ്ങൾക്കും പുരോഗമന കാര്യങ്ങൾക്കും മുൻകയ്യെടുത്തിരുന്ന കേരളം, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കാര്യത്തിൽ വളരെ പിന്നോക്കം പോയി എന്നുള്ളതാണ് എന്റെ പ്രധാന ആക്ഷേപം. സ്വാഭാവികമായും ഈ ബില്ലിനെപ്പറ്റി വ്യവസായികൾക്കിടയിൽ സമ്മിശ്രമായ വികാരങ്ങളുണ്ടെങ്കിലും പൊതുവെ അവർ സ്വാഗതം ചെയ്യുകയാണ്. എന്നിരുന്നാലും എന്നെപ്പോലുള്ള അംഗങ്ങൾ ഇതിന് ഡിസന്റ് എഴുതാനുണ്ടായ പ്രധാന കാരണം, ഈ ബില്ലിലെ ചില വ്യവസ്ഥകൾ വ്യവസായ വളർച്ചയ്ക്കും വ്യവസായ താൽപ്പര്യങ്ങൾക്കും നാടിന്റെ പുരോഗതിക്കും എതിരായി വരുന്നുവെന്നുള്ളതുകൊണ്ടാണ്. 2000-ലെ 'കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട്'-ന്റെ 8(എ) ഒന്നാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി പ്രകാരം രണ്ട് ലക്ഷം രൂപയ്ക്ക് പകരം പതിനഞ്ച് കോടി രൂപവരെ മൂലധനനിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളെ വിവിധ സർട്ടിഫിക്കറ്റുകളിൽ നിന്നും ഒഴിവാക്കിയിരി

ക്കുന്നുവെന്നുള്ളതാണ്. വൻകിട വ്യവസായങ്ങൾക്ക് പാരിസ്ഥിതികാനുമതിയൊക്കെ വളരെ എളുപ്പത്തിൽ ലഭിക്കുന്നതിനുവേണ്ടിയുള്ള സൗകര്യമൊരുക്കുമെന്നുള്ളതാണ് ഒരു പ്രധാന കാര്യം. ഈ ആനുകൂല്യം ലഭിച്ചാൽ സ്വാഭാവികമായും മനുഷ്യന് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന കെമിക്കലുകൾ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ വളരെയധികം തഴച്ചുവളരും. ഒരു കാലത്ത് നമ്മുടെ നാട്ടിൽ തഴച്ചുവളർന്നിരുന്നത് കറണ്ട് കൂടുതൽ കൺസ്യൂം ചെയ്യുന്ന കറണ്ടുതീനികളായ വ്യവസായങ്ങളായിരുന്നു. അതിന് നമ്മൾ പ്രോത്സാഹനം നൽകി. 1990-കളിൽ ധാരാളം വൈദ്യുതിയുണ്ടാകുകയും ഇത്തരത്തിലുള്ള വ്യവസായങ്ങൾ വരട്ടെ എന്നൊരു ധാരണയുണ്ടാകുകയും ചെയ്തപ്പോൾ കേരളത്തിന് പുറത്തുനിന്ന് ധാരാളമാളുകൾ ഇവിടെ വന്ന് വ്യവസായം നടത്തി. പക്ഷെ അവർ ആ വ്യവസായം നടത്തുന്നത് അഞ്ച് വർഷത്തേയ്ക്ക് മാത്രമാണ്. അഞ്ച് വർഷം തികയുമ്പോൾ, കറണ്ടിന് ലഭിക്കുന്ന സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങളൊക്കെ കുറയുമ്പോൾ, ആ കമ്പനിതന്നെ ഉപേക്ഷിക്കണം. ഇന്ന് ആ സ്ഥാപനങ്ങൾ പ്രവർത്തനരഹിതമായി നിൽക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അവിടെ വേറൊരു വ്യവസായം കൊണ്ടുവരാനും സാധിക്കില്ല. കാരണം ഒരു വ്യവസായം തുടങ്ങാൻവേണ്ടി ഗവൺമെന്റ് resume ചെയ്താൽ പത്തോ അയ്യായിരമോ രൂപ കൊടുത്ത് ഒരു വക്കീലിനെ ഏർപ്പാടുചെയ്ത് കേരള ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വാങ്ങും. അങ്ങനെ അതിന്റെ അവസ്ഥ അടഞ്ഞു പോയിരിക്കുന്നുവെന്നുള്ളതാണ്. ഇങ്ങനെയുള്ള ഒരു വ്യവസ്ഥ ദുരുപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരത്തിലുള്ള വ്യവസായങ്ങൾ കേരളത്തിലേയ്ക്ക് കൂടുതൽ വരാനുള്ള സാദ്ധ്യതകളുണ്ട്. പക്ഷേ അഞ്ച് വർഷത്തിൽ കൂടുതൽ ആ സ്ഥാപനങ്ങൾ നിലനിർത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ല. ഇരുമ്പുരുക്ക് വ്യവസായത്തിന്റെ കാര്യമാണ് ഞാൻ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട വിഷയം. അതൊക്കെ അനുഭവപാഠമായി കേരളത്തിലുണ്ടായിട്ടുള്ള സംഭവങ്ങളാണ്. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ കേരളം വളരെ പിന്നിലാണ്. നീതി ആയോഗ് സർവ്വേ പ്രകാരം നമ്മുടെ സംസ്ഥാനത്ത് പുതിയൊരു സംരംഭം തുടങ്ങണമെങ്കിൽ ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ഇരുന്നൂറിൽപ്പരം ദിവസം കാത്തിരിക്കേണ്ടി വരും. അത് ഇന്ത്യൻ ശരാശരിയെക്കാൾ നൂറ് ദിവസത്തിലധികമാണ്. ഐ.ഡി.എഫ്.സി. ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നീതി ആയോഗ് നടത്തിയ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സർവ്വേയിലാണ് ഇക്കാര്യം വെളിച്ചത്തുവന്നത്. തമിഴ്നാട്ടിൽ വ്യവസായികൾക്ക് 36 ദിവസം കൊണ്ട് എല്ലാ അനുവാദവും ലഭിക്കുന്നുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു. ഇക്കാര്യത്തിൽ മൈൻഡ്സെറ്റ് മാറുക എന്നതാണ് പ്രധാനപ്പെട്ട ഒരു കാര്യം. മൈൻഡ്സെറ്റ് മാറിയാലേ കാര്യങ്ങൾ നടക്കുകയുള്ളൂ. സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നോക്കുകൂലിയെ സംബന്ധിച്ച് വളരെ ശക്തമായ നിലപാടാണ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി സഭയിൽ നോക്കുകൂലിയെ വളരെ ശക്തമായി അപലപിക്കുകയും നടപടിയെടുക്കുമെന്ന് പറഞ്ഞതിനുശേഷവും ഇവിടെ നോക്കുകൂലി വാങ്ങിയ സംഭവങ്ങളുണ്ടായി. അപ്പോൾ ഈ മൈൻഡ്സെറ്റ് മാറ്റിയെടുക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അക്കാര്യത്തിൽ സർക്കാർ, പ്രത്യേകിച്ച് വ്യവസായ വകുപ്പ് ചില നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

നമ്മളെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന ആശങ്ക, കേരളത്തിലെ വലിയ വ്യവസായ സ്ഥാപനങ്ങളൊക്കെ 50 മുതൽ 80 വരെ വർഷങ്ങൾ കഴിഞ്ഞതാണ്. ആ വൻകിട വ്യവസായങ്ങൾ എങ്ങനെ സംരക്ഷിക്കാൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് നമുക്ക് പ്രത്യേകമായി ആലോചിക്കേണ്ടിയിരിക്കുന്നു. ഈ വ്യവസായങ്ങൾ പലപ്പോഴായി പൂട്ടിപ്പോയിട്ടുള്ളതും പഴയതുമാണ്. പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. പാരിസ്ഥിതിക പ്രശ്നങ്ങൾ വലിയ തോതിൽ പരിഗണിക്കേണ്ടിയിരിക്കുന്നു. പരിസ്ഥിതിക്ക് വലിയ കോട്ടം വരുത്തുന്ന വ്യവസായങ്ങളെ നിയന്ത്രിക്കുകയും അതിനുള്ള പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടതാണ്. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം, കഴിഞ്ഞ കുറേ വർഷങ്ങൾക്കിടയ്ക്ക് പൂട്ടിപ്പോയ ഒരു പിടി വ്യവസായങ്ങളുണ്ട്. ഞാൻ കളമശ്ശേരിയിൽ നിന്നുള്ള അംഗമാണ്. മലബാറിൽ ആകെ ഒരു ഗ്വാളിയോർ റയോൺസേ ഉണ്ടായുള്ളൂ. ഗ്വാളിയോർ റയോൺസിരുന്ന സ്ഥലം ഇപ്പോൾ ഒരു സീറോ ലാൻഡായി മാറിയിരിക്കുകയാണ്. അതുപോലെ കളമശ്ശേരിയിലുണ്ടായിരുന്ന ടി.സി.എം. കമ്പനി, കറുകുറ്റിയിലെ പ്രീമിയർ കേബിൾസ്, ഇടത്തലയിലെ വയർ വർക്സ്, പെരുമ്പാവൂർ റയോൺസ്, പെരിയാർ കെമിക്കൽസ്, തോഷിബ ആനന്ദ് ബാറ്ററീസ് ലിമിറ്റഡ്, തോഷിബ ലാംപ്സ്, കാട്ടായി കോട്ടൺ മിൽസ്, ചാക്കോളാസ് മിൽസ്, അശോക ടെക്സ്റ്റൈൽസ്, ശ്രീശക്തി പേപ്പർ മിൽ, ഏലൂരിലെ മെർക്കം തുടങ്ങിയ കമ്പനികൾ പ്രവർത്തനരഹിതമാണ്. അടുത്ത കാലത്ത് ബി.എസ്.ഇ.എസ്.-ഉം ബിനാനി സിങ്ക് ലിമിറ്റഡും പൂട്ടി. എന്തുകൊണ്ട് ഇങ്ങനെ കമ്പനികൾ പൂട്ടിപ്പോകുന്നുവെന്ന് ആലോചിക്കുമ്പോൾ അതിൽ പ്രധാന ഘടകമായി കാണേണ്ട കാര്യം, ആ കമ്പനികൾക്ക് എതിരെ വരുന്ന ചില വികാരങ്ങളാണ്. ഒന്ന് പൊല്യൂഷന്റെ പ്രശ്നമാണ്; രണ്ട്, അസംസ്കൃത വസ്തുക്കളുടെ പ്രശ്നമാണ്. എന്റെ നിയോജക മണ്ഡലത്തിലെ എടയാറിൽ സ്ഥിതി ചെയ്യുന്ന സി.എം.ആർ.എൽ. കമ്പനിയെ സംബന്ധിച്ച് ശ്രീ. പി. ടി. തോമസ് പറഞ്ഞു. സി.എം.ആർ.എൽ. കമ്പനി ഈ ലിസ്റ്റിൽ വരാൻ പോകുന്നതേയുള്ളൂ, ആ കമ്പനിയും അടച്ചുപൂട്ടൽ സ്ഥിതിയിലേയ്ക്കാണ് പോകുന്നത്. അവർക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല; അതോടൊപ്പം കപട പരിസ്ഥിതിക്കാരുടെ കടന്നാക്രമണവും. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന കമ്പനിയാണ് നിറ്റാ ജെലാറ്റിൻ, അതിന്റെ ഹെഡ് ഓഫീസ് അവിടെയാണ്. കാതിക്കുടത്തുള്ള നിറ്റാ ജെലാറ്റിന്റെ ഏറ്റവും വലിയ ഫാക്ടറിയും പാരിസ്ഥിതിക

പ്രശ്നത്തിന്റെ പേരിൽ പൂട്ടേണ്ട ഭീഷണിയിലാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കണം. പക്ഷേ പരിസ്ഥിതിക്ക് കോട്ടം വരുന്നുവെന്ന ഒരൊറ്റ കാരണംകൊണ്ട് ഈ ഫാക്ടറികളൊക്കെ പൂട്ടിയാൽ നമ്മൾ നാറാണത്ത് ഭ്രാന്തന്റെ ജോലിയാണ് ചെയ്യുന്നതെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. നാറാണത്ത് ഭ്രാന്തൻ ചെയ്തതും അതുതന്നെയാണ്. ഒരു വലിയ പാറക്കല്ല് മുകളിലേയ്ക്ക് ഉരുട്ടിക്കയറ്റി അവിടെ നിന്ന് താഴേയ്ക്കിട്ട് വളരെയധികം സന്തോഷിക്കുന്ന രീതിയാണ് അദ്ദേഹം സ്വീകരിച്ചത്. ആ രീതിയിലേയ്ക്ക് നമ്മുടെ വ്യവസായം വരാൻ പാടില്ല. വ്യവസായം കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. വ്യവസായങ്ങൾ വന്നാൽ അതെങ്ങനെ പൂട്ടിക്കണമെന്നതിനെപ്പറ്റി ശാസ്ത്രീയമായി ആലോചിക്കുന്നു. ഇതാണ് ഇന്ന് കേരളത്തിൽ വ്യവസായരംഗത്ത് നടക്കുന്ന പ്രധാനപ്പെട്ട കാര്യം.

ഈ ബില്ലിൽ കുറച്ച് വകുപ്പുകളൊക്കെയുണ്ട്. വ്യവസായികൾക്കും സംസ്ഥാനത്തിനും ഗുണകരമല്ലാത്ത വകുപ്പുകളിൽ മാറ്റം വരുത്തിക്കൊണ്ടുവേണം ഈ ബിൽ പാസ്സാക്കാനെന്നാണ് എന്റെ അഭിപ്രായം. അതോടൊപ്പം കേരളത്തിൽ ഏറ്റവും കൂടുതൽ പ്രോത്സാഹനം നൽകേണ്ടത് സ്റ്റാർട്ടപ്പ് വില്ലേജുകൾക്കാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും അക്കാര്യങ്ങളിൽ കണ്ണടച്ച് നിന്നപ്പോൾ കേരളത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്താണ് കളമശ്ശേരിയിൽ സ്റ്റാർട്ടപ്പ് വില്ലേജുകൾ തുടങ്ങിയത്. അവിടേയ്ക്ക് മുഖ്യമന്ത്രിമാരും വ്യവസായ വകുപ്പുമന്ത്രിമാരും സി.ഇ.ഒ.-മാരും ടെക്നീഷ്യന്മാരും സാങ്കേതികവിദഗ്ദ്ധർ ഉൾപ്പെടെയുള്ളവരും കടന്നുവരികയും അവിടെ നിന്ന് അതിന്റെ അറിവും ജ്ഞാനവും പകർന്നുകൊണ്ടുമാണ് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് സ്റ്റാർട്ടപ്പ് വില്ലേജുകൾ പോയത്. പക്ഷേ, ഇന്ന് സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ കാര്യത്തിൽ നമ്മൾ പിന്നിൽ നിൽക്കുന്നു. അവർക്ക് പല കാര്യത്തിലും ബുദ്ധിമുട്ടുണ്ട്; ഹാർഡ്‍വെയർ അടക്കമുള്ള കാര്യങ്ങളിൽ ബുദ്ധിമുട്ടുണ്ട്. അതുപോലെ അവർക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല. ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യർക്ക് കേരളത്തിൽ സ്വയം തൊഴിൽ നൽകാൻ സാദ്ധ്യതയുള്ളത് സ്റ്റാർട്ടപ്പുകളിലാണ്. സ്റ്റാർട്ടപ്പുകളിലൂടെ യുവ എഞ്ചിനീയർമാർ വളരെയധികം അത്ഭുതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സ്റ്റാർട്ടപ്പുകളുടെ സേവനം പലപ്പോഴും നമ്മളൊക്കെ ഉപയോഗിക്കുന്നുണ്ട്. നമ്മൾ അത്ഭുതപ്പെട്ടുപോകും. അവർ സ്വയം തൊഴിൽ ചെയ്യുന്നതോടൊപ്പം എത്രയോ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നു. ഓരോ സ്റ്റാർട്ടപ്പുകളിലെയും യുവ സംരംഭകരുടെ കണ്ടുപിടിത്തങ്ങൾ വിലയ്ക്ക് വാങ്ങുന്നതിന് അമേരിക്കയിൽനിന്നും യൂറോപ്പിൽ നിന്നുമുള്ളവർ മത്സര ബുദ്ധിയോടുകൂടിയാണ് കടന്നുവരുന്നത്. നമുക്ക് എന്തുകൊണ്ട് അവരെ സഹായിച്ചുകൂടാ; അതിന് കുറച്ച് പണവും സമയവും ചെലവഴിച്ചുകൂടാ; അതിനായുള്ള പദ്ധതി തയ്യാറാക്കിക്കൂടാ? അത് ചെയ്യാത്തത് ശരിയല്ലായെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇതിലെ വ്യവസ്ഥകൾ മാറ്റിക്കൊണ്ട് ഈ ബിൽ പാസ്സാക്കി എടുക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനോ നിക്ഷേപകരെ ആകർഷിക്കുന്നതിനോ സഹായകരമായ യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ് എനിക്ക് ആദ്യമായി സൂചിപ്പി ക്കാനുള്ളത്. നിക്ഷേപകരെ ആകർഷിക്കുന്നതിനായി സർക്കാർ ബില്ലിൽ ഉൾപ്പെടുത്തിയ വ്യവസ്ഥകൾ സബ്ജക്ട് കമ്മിറ്റിയിൽ എത്തിയപ്പോൾ സൗകര്യപൂർവ്വം മറച്ചുവച്ച് നിക്ഷേപകരെയും തൊഴിലാളികളെയും ഒരേസമയം വഞ്ചിക്കുന്ന നിലപാടാണ് ഈ ബില്ലിലൂടെ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇത് ഇച്ഛാശക്തിയുള്ള സർക്കാരിന് യോജിച്ച നടപടിയല്ല. ഇങ്ങനെയൊരു സർക്കാരിനെ വിശ്വസിച്ച് ഏത് നിക്ഷേപകരാണ് കേരളത്തിലേയ്ക്ക് പണം മുടക്കി സംരംഭങ്ങൾ ആരംഭിക്കാനായി കടന്നുവരുന്നതെന്നത് നമ്മൾ ആലോചിക്കേണ്ട വിഷയമാണ്.

വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ സ്റ്റാർട്ടപ്പ് നയം പ്രഖ്യാപിച്ച ആദ്യ പതിനഞ്ച് സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെട്ടെങ്കിലും വ്യവസായികളെ ആകർഷിക്കുന്ന സൗഹൃദ പദ്ധതികൾ നടപ്പാക്കിയ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ കേരളം കഴിഞ്ഞ രണ്ട് വർഷങ്ങളേക്കാൾ ഏറെ പിന്നിൽ പോയിരിക്കുകയാണ്. കേന്ദ്ര വ്യവസായ വകുപ്പിന്റെ പട്ടികയിൽ 2015-ൽ 18-ാം സ്ഥാനത്തും 2016-ൽ 20-ാം സ്ഥാനത്തുമായിരുന്ന കേരളം ഇക്കൊല്ലം 27-ാം സ്ഥാനത്താണ്. വ്യവസായികളെ ആകർഷിക്കാൻ മാതൃകയെന്ന് ബി.ജെ.പി. രാജ്യത്തിന് മുന്നിൽ അവതരിപ്പിക്കുന്ന ഗുജറാത്ത് 9-ാം സ്ഥാനത്തേയ്ക്കാണ് ഇപ്പോൾ പിന്തള്ളപ്പെട്ടിരിക്കുന്നത്. വ്യവസായം സൗഹൃദപരമാകാനും പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുവാനും കേരളം ശ്രമിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ പൂട്ടിപ്പോകുന്നതും ഉൽപ്പാദനം കുറയുന്നതും ഏറെ ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. മാന്ദ്യംമൂലം കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ സംസ്ഥാനത്ത് 15 സ്റ്റീൽ കമ്പനികൾ പൂട്ടിപ്പോയത് ഇതിന് ഉദാഹരണമാണ്. കേരളത്തിൽ ശേഷിക്കുന്ന 45 സ്റ്റീൽ കമ്പനികളുടെ ഉൽപ്പാദനം പകുതിയായി കുറഞ്ഞിരിക്കുകയാണ്. നാലായിരത്തിലധികം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തു. സിമന്റ് വിൽപ്പനയുടെ സ്ഥിതിയെടുത്താൽ സംസ്ഥാനം വ്യവസായ-നിർമ്മാണ-വാണിജ്യ മേഖലകളിൽ നേരിടുന്ന പ്രതിസന്ധിയുടെ ആഴം എത്രയെന്ന് മനസ്സിലാക്കാൻ സാധിക്കും. പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് പോലും വിപണി കണ്ടെത്താൻവേണ്ടി ക്ലേശിക്കുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. വ്യവസായ പുരോഗതിയാണ് സമ്പദ്ഘടനയുടെ ആരോഗ്യം വ്യക്തമാക്കുന്നത്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ പലതും നഷ്ടത്തിലാണ് പ്രവർത്തി

ക്കുന്നത്. ആകെയുള്ള 97 പൊതുമേഖലാ സ്ഥാപനങ്ങളിൽ 49 എണ്ണവും നഷ്ടത്തിലാണ്. 3855 കോടി രൂപയുടെ കടബാദ്ധ്യതയാണ് ഇവ വരുത്തി വച്ചിരിക്കുന്നത്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ വാർഷിക റിപ്പോർട്ടിലാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത്. നഷ്ടത്തിലുള്ള സ്ഥാപനങ്ങളിൽ, 1770 കോടി രൂപയുടെ നഷ്ടവുമായി കെ.എസ്.ആർ.ടി.സി. ആണ് മുന്നിൽ നിൽക്കുന്നത്. കെ.എസ്.ഇ.ബി.-യും കേരള വാട്ടർ അതോറിറ്റിയുമാണ് തൊട്ടുപിന്നിലുള്ളത്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പിന്നാലെ സ്വകാര്യ സ്ഥാപനങ്ങളും കൂടി പൂട്ടുന്നത് ആശങ്കാ ജനകമാണ്. സ്റ്റീൽ കമ്പനികൾക്ക് പുറമേ പതിറ്റാണ്ടുകളുടെ പ്രവർത്തന പാരമ്പര്യമുള്ള ഏതാനും ഓട് കമ്പനികൾ കോഴിക്കോട് ജില്ലയിലെ ഫറൂക്ക് മേഖലയിൽ അടച്ചു പൂട്ടിയതും തുടർന്ന് തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങളുമൊക്കെ ഏതാനും ദിവസം മുമ്പ് ഈ സഭയിൽ ബഹുമാനപ്പെട്ട വി.കെ.സി. മമ്മത് കോയ അവതരിപ്പിക്കുകയുണ്ടായി. കളിമണ്ണിന്റെ ലഭ്യതക്കുറവാണ് അവിടെ പ്രശ്നമായി ഉയർത്തിക്കാണിച്ചത്. എന്നാൽ അതിൽ ഇളവ് അനുവദിച്ച് സർക്കാർ ഇറക്കിയ ഉത്തരവ് ബന്ധപ്പെട്ട അധികൃതർ വേണ്ടവിധം പരിഗണിക്കുന്നില്ലായെന്നാണ് ആ വിഷയം സഭയിൽ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഏഴ് സ്പിന്നിംഗ് മില്ലുകൾ സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചു പൂട്ടലിലേയ്ക്ക് നീങ്ങുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിമൂലം കെ.എസ്.ടി.സി. വീർപ്പുമുട്ടുമ്പോൾ അവിടെ മൂന്നുലക്ഷം കിലോ നൂൽ വിൽപ്പന നടത്താതെ കെട്ടിക്കിടക്കുന്നതായ വാർത്തകൾ പുറത്തുവന്നു കൊണ്ടിരിക്കുകയാണ്. നമ്മുടെ സ്വകാര്യ-പൊതുമേഖലയിലുള്ള വ്യവസായ സംരംഭങ്ങളുടെ രോഗം കണ്ടറിഞ്ഞ് ചികിത്സ നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. നോട്ട് നിരോധനം മുതൽ നിർമ്മാണ മേഖലയിലുണ്ടായ മാന്ദ്യം, ചരക്ക് സേവന നികുതി നടപ്പാക്കിയതോടെ രൂക്ഷമായതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമായി പറയപ്പെടുന്നത്. രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ കുറവ് വരുത്തുന്നതാണ് നിർമ്മാണ മേഖലയിലെ പ്രതിസന്ധി. നോട്ട് നിരോധനത്തിന് മുമ്പ് 30 ശതമാനം പുറകോട്ടുപോയ നിർമ്മാണ മേഖല നോട്ട് നിരോധനത്തിനുശേഷം 50 ശതമാനം പുറകിലായി. ചരക്ക് സേവന നികുതിയിലൂടെ ഇത് 75 ശതമാനത്തിനടുത്ത് എത്തുകയും ചെയ്തു. നോട്ട് നിരോധനത്തിനുശേഷം 2 ലക്ഷം ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടിയതായി ധനകാര്യ വകുപ്പുമന്ത്രി ഈയിടെ നിയമസഭയിൽ പറയുകയുണ്ടായി. പത്ത് ലക്ഷത്തോളം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഒന്നോരണ്ടോ വർഷത്തിനുള്ളിലുണ്ടായ തൊഴിൽ നഷ്ടം എത്രയോ കുടുംബങ്ങളെ പട്ടിണിയിലാക്കിയിട്ടുണ്ടാകും. നോട്ട് നിരോധനവും ചരക്ക് സേവന നികുതിയുടെ അശാസ്ത്രീയ നടപ്പാക്കലും സംസ്ഥാനത്തിന്റെ എന്നല്ല രാജ്യത്തിന്റെ തൊഴിൽ-വ്യവസായ മേഖലയിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. കേരളത്തിൽ

തൊഴിൽ നഷ്ടം കാര്യമായി ബാധിച്ചത് മറുനാടൻ തൊഴിലാളികളെയാണ്. അവരിൽ വലിയൊരു വിഭാഗം ഇപ്പോൾ തിരിച്ചുപോയി. പൂട്ടിയതും ഉൽപ്പാദനം കുറഞ്ഞതുമായ വ്യവസായശാലകളിൽ ഏറ്റവും കൂടുതൽ ജോലി ചെയ്തിരുന്നതും അവരായിരുന്നു. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിൽ കേരളം ഏറെ പിന്നിലാണെന്നതാണ് നീതി ആയോഗ് വ്യക്തമാക്കുന്നത്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ദേശീയ ശരാശരി 118 ദിവസമാണ്. സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് 214 ദിവസം കാത്തിരിക്കണം. ഇത് ദേശീയ ശരാശരിയെക്കാൾ എത്രയോ കൂടുതലാണ്. തമിഴ്നാട്ടിൽ 63 ദിവസവും ആന്ധ്രാപ്രദേശിൽ 67 ദിവസവുംകൊണ്ട് പുതിയ സംരംഭങ്ങൾ തുടങ്ങാം. കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനുള്ള ദേശീയ ശരാശരി 112 ദിവസമാണ്. ഇത് മദ്ധ്യപ്രദേശിൽ 41 ദിവസവും ബീഹാറിൽ 43 ദിവസവും ആണെങ്കിൽ കേരളത്തിൽ ദേശീയ ശരാശരിക്ക് മുകളിൽ 117 ദിവസമാണ്. പരിസ്ഥിതി അനുമതി ലഭിക്കണമെങ്കിൽ ദേശീയ ശരാശരി 91 ദിവസമാണെങ്കിൽ ഛത്തീസ്ഗഡിൽ 25 ദിവസവും കേരളത്തിൽ 121 ദിവസവും വേണ്ടിവരുന്നു. കേരളത്തിലെ വ്യവസായ അന്തരീക്ഷം ചുറുചുറുക്കുള്ളതല്ലെന്ന ആരോപണം നേരത്തെ തന്നെയുണ്ട്. അതിനൊരു മാറ്റം ഇപ്പോഴും വന്നതായി തോന്നുന്നില്ല. ഇത് എങ്ങനെ പരിഹരിക്കാമെന്നുള്ളത് എല്ലാവരും സമചിത്തതയോടെ ചിന്തിക്കേണ്ട കാര്യമാണ്. അതിന് എന്തെങ്കിലും വഴിയൊരുക്കുന്നതിന് ഈ ബില്ലിന് കഴിയുമെന്ന് ഈ രംഗവുമായി ബന്ധമുള്ള ഒരാളും അവകാശപ്പെടില്ല. രാജ്യത്ത് സംഘടിത മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നതായി കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ലേബർ ബ്യൂറോയുടെ റിപ്പോർട്ട് വ്യക്തമാക്കുന്നു. ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ 77000 തൊഴിലവസരങ്ങളാണ് രാജ്യത്ത് കുറവുണ്ടായിരിക്കുന്നത്. ഈ സ്ഥിതി തുടർന്നാൽ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെത്തന്നെ ബാധിക്കുമെന്ന് വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുന്നുണ്ട്. ഈ അവസ്ഥയ്ക്കുള്ള പരിഹാരം പുതിയ തൊഴിൽ മേഖലകളും തൊഴിലവസരങ്ങളും സൃഷ്ടിക്കുക എന്നതാണ്. സമ്പദ്‌വ്യവസ്ഥയിലെയും നിക്ഷേപ തൊഴിൽ മേഖലകളിലെയും മുന്നേറ്റങ്ങൾ സർക്കാരിന് ഒറ്റയ്ക്ക് ചുമലിലേറ്റാൻ കഴിയുകയില്ലെന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് പുത്തൻ ആശയങ്ങളെയും നിക്ഷേപകരെയും ആകർഷിക്കുന്നതിനുതകുന്ന ഒരു തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുവാൻ നാം അടിയന്തരമായി തയ്യാറാകേണ്ടിയിരിക്കുന്നു. തൊഴിൽ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളെ അവഗണിച്ചുകൊണ്ട് കതിരിന്മേൽ വളംവയ്ക്കുന്ന തരത്തിലുള്ള നീക്കമാണ് ഈ ബില്ലിലൂടെ സർക്കാർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. വൻതോതിലുള്ള തൊഴിലില്ലായ്മ, കുറഞ്ഞ വേതനത്തിൽ തൊഴിൽ ചെയ്യുന്ന അഭ്യസ്തവിദ്യർ, ഉൽപ്പാദനക്ഷമത കുറഞ്ഞ തൊഴിലുകൾ, തൊഴിൽ വൈദഗ്ദ്ധ്യത്തിലും പരിശീലനത്തിലുമുള്ള കുറവ്, തൊഴിലിൽ പങ്കെടുക്കുവാനുള്ള തൊഴിലാളികളുടെ വൈമുഖ്യം, തൊഴിലാളികളുടെ കുറവ് എന്നിവയാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2017-ലെ സാമ്പത്തിക

അവലോകന റിപ്പോർട്ടിൽ തൊഴിൽ മേഖലകളിലെ പ്രശ്നങ്ങൾക്ക് കാരണമായി പറഞ്ഞിരിക്കുന്നത്. എന്നാൽ ഇവയ്ക്കുള്ള ഒരു പ്രതിവിധിയും ബില്ലിൽ നിർദ്ദേശിക്കുന്നില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനും ഐ.ടി.ഐ.-കൾ പോലെയുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പാഠ്യപദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള നടപടികളാണ് നാം അടിസ്ഥാനപരമായി കൈക്കൊള്ളേണ്ടത്. ഇപ്രകാരമുള്ള നടപടിയിലൂടെ മാത്രമേ തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള ഒരു തൊഴിൽ സൗഹൃദ മേഖല സൃഷ്ടിക്കാനാകൂ. രാജ്യത്തെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ള, ഉയർന്ന ദിവസവേതന നിരക്കുള്ള കേരളം പോലെയുള്ള ഒരു സംസ്ഥാനത്തെ കൂടുതൽ പരിതാപകരമായ അവസ്ഥയിലേയ്ക്ക് തള്ളിവിടുന്ന തരത്തിലുള്ള തൊഴിലാളി വിരുദ്ധ നിയമങ്ങൾ കേന്ദ്ര സർക്കാർ ഓരോ ദിവസവുമെന്നോണം പാസ്സാക്കിക്കൊണ്ടിരിക്കുകയാണ്. ഭരണഘടനയിലെ കൺകറണ്ട് ലിസ്റ്റിൽപ്പെട്ട ഒരു വിഷയമാണെന്ന കാര്യം കണക്കിലെടുത്ത് ആരോഗ്യപരമായ ഒരു തൊഴിൽ മേഖല സൃഷ്ടിക്കുന്നതിനുതകുന്ന തരത്തിലുള്ള നിയമനിർമ്മാണത്തിനാണ് സർക്കാർ മുന്നോട്ട് വരേണ്ടത്. എന്നാൽ ഈ ബില്ലിൽ അതുണ്ടായില്ല.

കേരളത്തിന്റെ തൊഴിൽ മേഖലയിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന നോക്കുകൂലിക്ക് അറുതിവരുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നതാണ് നമ്മുടെ വലിയ ശാപം. ഹൈക്കോടതി ഉത്തരവും മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും പ്രഖ്യാപനവുമുണ്ടായിട്ടും നോക്കുകൂലി കേരളത്തിന്റെ തൊഴിൽ മേഖലയെയും അതുവഴി വ്യവസായ അന്തരീക്ഷത്തെയും നോക്കി പേടിപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം സംസ്ഥാനത്ത് പ്രമുഖ ചലച്ചിത്ര നടൻ ശ്രീ. സുധീർ കരമനയ്ക്കുണ്ടായ അനുഭവം എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളും വലിയ പ്രാധാന്യത്തോടെയാണ് റിപ്പോർട്ട് ചെയ്തത്. അദ്ദേഹത്തിന്റെ വീടിന്റെ നിർമ്മാണ സാമഗ്രികളുമായി എത്തിയ ലോറി ഏഴ് മണിക്കൂർ റോഡിൽ തടഞ്ഞിട്ടു. ചരക്ക് ഇറക്കാനായി ആവശ്യപ്പെട്ട കൂലി ഒരു ലക്ഷം രൂപ. അവസാനം മദ്ധ്യസ്ഥ ശ്രമത്തെത്തുടർന്ന് 25,000 രൂപയ്ക്ക് ചരക്ക് ഇറക്കാമെന്ന് സമ്മതിച്ചു. പക്ഷേ പണം കയ്യിൽ കിട്ടിയപ്പോൾ ഇനി ഞങ്ങൾ പോകുന്നു, നിങ്ങൾ സൗകര്യം പോലെ ചരക്ക് ഇറക്കിക്കോളൂ എന്നാണ് അവർ പറഞ്ഞത്. പണം നൽകിയതിലല്ല, ഒരു ബോക്സുപോലും ഇറക്കാൻ തയ്യാറാകാത്ത അവരുടെ മന:സ്ഥിതിയാണ് വേദനിപ്പിച്ചതെന്നാണ് അദ്ദേഹം പറഞ്ഞത്. നാട്ടുകാരനും പ്രമുഖ കലാകാരനും ഇടതുപക്ഷ സഹയാത്രികനുമായ അദ്ദേഹത്തിന്റെ അനുഭവം ഇതാണെങ്കിൽ പണം മുടക്കി വ്യവസായ സംരംഭങ്ങളാരംഭിക്കാൻ ഏത് സംരംഭകനാണ് മുന്നോട്ടുവരിക. നമ്മുടെ മനോഭാവവും നിലപാടും സ്വയം തിരുത്താതെ നന്നാകില്ല. ഒരു ഗർഭിണി നടന്നുപോകുകയാണെങ്കിൽ ഗർഭം നീ ചുമന്നോ, പക്ഷെ കൂലി ഞങ്ങൾക്ക് തരണം എന്നതാണ് ഇവിടത്തെ ചുമട്ടുതൊഴിലാളികളുടെ നിലപാട്. കാണുന്നവരെയൊക്കെ പേടിപ്പിക്കുക, അവരെ അടിച്ചൊതുക്കുക

എന്ന ഒരു തലത്തിലേയ്ക്കാണ് അവർ പോകുന്നത്. ഈ നിയമത്തിന്റെ കരടിലുണ്ടായിരുന്നത് എന്താണ്? ആരാണോ സാധനം കൊണ്ടു വരുന്നത് അവർക്ക് ഇഷ്ടമുള്ള തൊഴിലാളികളെവച്ച് ഇറക്കാമെന്നാണ് കരട് രേഖയിലുണ്ടായിരുന്നത്. പക്ഷേ ഇപ്പോൾ രജിസ്റ്റേർഡ് തൊഴിലാളികൾക്ക് മാത്രമേ ചരക്ക് ഇറക്കാനാകുവെന്ന് പറയുമ്പോൾ പഴയ അതേ നിലപാട് അവർ തുടരും എന്നുള്ളതാണ്. ആളുകൾ അടി കൊള്ളേണ്ടിവരും. ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ഒരു സാഹചര്യമാണ് ഈ രംഗത്തുണ്ടാകുന്നത്. നിക്ഷേപക സൗഹൃദത്തെ തികച്ചും ലാഘവത്തോടെയാണ് സർക്കാർ കൈകാര്യം ചെയ്യുന്നത്. ഈ ബില്ലിലെ ഓരോ ഭേദഗതികളും അതാണ് സൂചിപ്പിക്കുന്നത്. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത് എന്ന മട്ടിൽ ഒന്നുകിൽ തൊഴിലാളി വിരുദ്ധം അല്ലെങ്കിൽ പൊതുജന വിരുദ്ധം എന്ന മട്ടിലുള്ളതാണ് ഇപ്പോൾ വന്നിരിക്കുന്ന ഭേദഗതികൾ. ഒന്നുകിൽ അളവില്ലാതെ ഭൂജലം ഊറ്റിയെടുക്കുന്നതിനുള്ള പഴുതുകൾ അല്ലെങ്കിൽ തൊഴിൽ നഷ്ടത്തിനുള്ള പഴുതുകൾ. അധികാര വികേന്ദ്രീകരണത്തിന്റെ കാലഘട്ടത്തിൽ ചില അധികാരങ്ങൾ തദ്ദേശഭരണ സെക്രട്ടറിമാരിലേയ്ക്ക് ഈ ബിൽ പ്രകാരം കേന്ദ്രീകരിക്കപ്പെടുന്നു. നിക്ഷേപം സുഗമമാക്കൽ എന്ന സുന്ദരമായ ആശയം ഉദ്യോഗസ്ഥരുടെ തലയിൽവച്ച് കയ്യൊഴിയുന്ന സമീപനമാണ് സർക്കാർ ഈ ബില്ലിൽ സ്വീകരിച്ചിരിക്കുന്നത്. ഒരുദ്യോഗസ്ഥന്റെ കയ്യിൽ അപേക്ഷ ലഭിച്ചാൽ അതേ ദിവസംതന്നെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്നാണ് വകുപ്പ് രണ്ടിലെ ഭേദഗതി പ്രകാരം പറഞ്ഞിരിക്കുന്നത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളം പോലെയുള്ള ഒരു പ്രദേശത്ത് പരിസ്ഥിതിക്കും വിവിധ ജനവിഭാഗങ്ങൾക്കും ദോഷങ്ങളൊന്നും വരുത്താത്ത വികസന പ്രവർത്തനങ്ങളാണോ നടക്കാൻ പോകുന്നതെന്ന് ഉറപ്പുവരുത്താനായി 24 മണിക്കൂറിന്റെ സാവകാശംപോലും ബില്ലിൽ അനുവദിക്കുന്നില്ല. ബിൽ പ്രകാരം നാലര മണിക്ക് അപേക്ഷ ലഭിച്ചാലും 5 മണിക്കുമുമ്പേ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകാൻ അദ്ദേഹം ബാധ്യസ്ഥനാണ്. ഇത്തരം ധൃതിപിടിച്ച നടപടിയിലൂടെ എന്ത് നേട്ടമാണ് സർക്കാർ ലക്ഷ്യമാക്കുന്നതെന്ന് മനസ്സിലാകുന്നില്ല. 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്ന പഴഞ്ചൊല്ല് പോലെയായി ഈ ബില്ലിന്റെ അവസ്ഥ. നിക്ഷേപാന്തരീക്ഷം സൗഹൃദപരമാക്കുന്നതിനായി ചുമട്ടുതൊഴിലാളി ബില്ലിൽ കൈവച്ചത് കയറ്റിറക്ക് ജോലികൾക്കായി തൊഴിലുടമയ്ക്ക് ഇഷ്ടമുള്ള തൊഴിലാളിയെ ഉപയോഗിക്കാമെന്ന വ്യവസ്ഥ ഉപയോഗപ്പെടുത്തുന്നതിനായിരുന്നു. ഒടുവിൽ തൊഴിലാളികളുടെ ഭീഷണിക്ക് വഴങ്ങി കയറ്റിറക്ക് ജോലികൾ രജിസ്റ്റേർഡ് ചുമട്ടുതൊഴിലാളികളെക്കൊണ്ട് മാത്രമേ ചെയ്യിക്കാൻ പാടുള്ളൂവെന്ന ഗതികേടിലായിരിക്കുകയാണ് ഈ സർക്കാർ. ഒടുവിൽ എല്ലാവരുടെയും കണ്ണിൽ പൊടിയിടുന്നതിനായി സ്കിൽഡ് വർക്കിന്റെയും യന്ത്രസാമഗ്രികളുടെയും മൂടുപടം കൊണ്ട് മുഖം രക്ഷിക്കാനുള്ള വിഫല ശ്രമമാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മാവൂരിൽ പോയാൽ നമുക്കത് കാണാൻ സാധിക്കും. വ്യവസായ കേരളത്തിന്റെ ഒരു ശവപ്പറമ്പായി മാവൂർ

മാറിയിരിക്കുകയാണ്. ഗൾഫിനെക്കാൾ വലിയ സാദ്ധ്യതകളായിരുന്ന അന്ന് മാവൂരിലുണ്ടായിരുന്നതെന്ന് എല്ലാവർക്കുമറിയാം. പരിസ്ഥിതിയുടെയും മറ്റ് പല പ്രശ്നത്തിന്റെയും പേരിൽ അത് അടച്ചുപൂട്ടി ഇപ്പോൾ മരുഭൂമിയായി മാറിയ സാഹചര്യം അവിടെയുണ്ട്. പരിസ്ഥിതിക്ക് ആഘാതമുണ്ടാകുന്നുണ്ടെങ്കിൽ പുതിയ ടെക്നോളജി ഉപയോഗപ്പെടുത്തി എങ്ങനെ ഈ വ്യവസായത്തെ നിലനിർത്താമെന്ന് ആലോചിക്കണം. എല്ലാറ്റിനും കേരളത്തിന് ഒരു നെഗറ്റീവ് ചിന്തയാണ്. ഒരു തൊഴിലുടമ എവിടെനിന്നെങ്കിലും പത്ത് ലക്ഷം രൂപ കടമെടുത്ത് എന്തെങ്കിലുമൊരു ചെറുകിട വ്യവസായം തുടങ്ങുകയാണെങ്കിൽ കേരളത്തിന്റെ സംസ്കാരമനുസരിച്ച് ആ വ്യവസായിയെ മുതലാളിയായിട്ടാണ് കാണുന്നത്. ഈ മുതലാളിയെ എങ്ങനെ ശരിയാക്കാമെന്നാണ് തൊഴിലാളികളുടെ അടുത്ത ചിന്ത. തൊഴിലാളിക്ക് ബോദ്ധ്യം വേണം; തൊഴിലാളിക്ക് അവരുടെ അവകാശത്തെക്കുറിച്ചുള്ള ബോധത്തോടൊപ്പം തൊഴിലുടമ നിലനിന്നെങ്കിൽ മാത്രമേ തൊഴിൽ സാദ്ധ്യതയുള്ളൂ എന്നുകൂടി അവർ മനസ്സിലാക്കണം. എല്ലാത്തിനെയും അടിച്ചൊടിക്കുന്ന നെഗറ്റീവ് ചിന്തയാണ് കേരളത്തിൽ ഇതുപോലെയൊരു സാഹചര്യം സൃഷ്ടിച്ചതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ സാഹചര്യത്തിൽ ഈ ബില്ലിന്റെ സമഗ്രതയും സമ്പൂർണ്ണതയുമായി പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യേണ്ടതാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. കെ. എം. മാണി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1960-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സെക്ഷൻ 5A(4) ഭേദഗതി വരുത്തുന്നതുവഴി അപേക്ഷ ലഭിച്ച് അന്നേദിവസം തന്നെ രജിസ്ട്രേഷൻ നൽകണമെന്ന നല്ല വ്യവസ്ഥ ഇതിൽ കൊണ്ടുവന്നത് വളരെ സ്വാഗതാർഹമാണ്. അതുപോലെ 30 ദിവസത്തിനകം പരിശോധന പൂർത്തിയാക്കണമെന്നുള്ള നിർദ്ദേശവും വളരെ നല്ലതാണ്. ഇങ്ങനെയുള്ള ചില വ്യവസ്ഥകളുണ്ടെങ്കിലും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ ഉപകരിക്കുന്ന പല വ്യവസ്ഥകളും വന്നിട്ടില്ലെന്ന് പറയേണ്ടിയിരിക്കുന്നു. വ്യവസായ സൗഹൃദ സൂചികയിൽ കേരളത്തിന്റെ സ്ഥാനം താഴോട്ട് പോകുന്നുവെന്ന് പല മെമ്പർമാരും സൂചിപ്പിക്കുകയുണ്ടായി. അത് ഉത്കണ്ഠാജനകമായ ഒരു കാര്യമാണ്. നമുക്ക് അതിൽ കരുതൽ വേണം. തൊഴിലാളി യൂണിയനുകളുടെ അതിപ്രസരം തീർച്ചയായും അതിന് വിഘാതമായി നിൽക്കുന്നുണ്ട്. നമുക്കൊരു പുതിയ തൊഴിൽ സംസ്കാരമുണ്ടാകണം. ആ നിലയിലേയ്ക്കാവശ്യമായ തയ്യാറെടുപ്പുകൾ ഈ രംഗത്തുണ്ടാകേണ്ടിയിരിക്കുന്നു. സുധീർ കരമനയുടെ അനുഭവം ഇവിടെ പറയുകയുണ്ടായി. ഞാനത് ആവർത്തിക്കുന്നില്ല. അതൊക്കെ നമുക്ക് ആക്ഷേപകരമായ കാര്യമാണ്. ഉടമയ്ക്ക് സ്വന്തം തൊഴിലാളികളെ ഉപയോഗിച്ചോ യന്ത്രസാമഗ്രികൾ ഉപയോഗിച്ചോ

കയറ്റിയിറക്ക് നടത്താമെന്ന വ്യവസ്ഥ ഈ ബില്ലിലുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ ബില്ലിലെ വ്യവസ്ഥകൾ അട്ടിമറിച്ചു. 1978-ലെ ചുമട്ടുതൊഴിലാളി ആക്ടിൽ 9-ാം വകുപ്പിൽ കൊണ്ടുവന്ന വ്യവസ്ഥകൾ കാറ്റിൽപ്പറത്തിയിരിക്കുകയാണ്. ഇപ്പോഴത്തെ നിയമമനുസരിച്ച് നോക്കുകൂലി അവസാനിപ്പിക്കാൻ കഴിയുകയില്ല. അത് അവസാനിക്കുന്നില്ല; ആ നിലയ്ക്ക് നമ്മുടെ നിയമം ഒന്നുകൂടി പുറകോട്ടുപോയി. കേരളത്തെ സംബന്ധിച്ചിടത്തോളം നിയമം തിരുത്തിയെഴുതി നിക്ഷേപ സൗഹൃദ മാക്കാനുള്ള കാര്യങ്ങളാണ് നമ്മൾ ഇവിടെ ചെയ്യേണ്ടത്. 40 വർഷത്തോളം ഗൾഫിൽ ജോലി ചെയ്ത് കഷ്ടപ്പെട്ട് സമ്പാദിച്ച പണമുപയോഗിച്ച് പുനലൂരിൽ ഒരു വ്യവസായി വർക്ക്ഷോപ്പ് ആരംഭിച്ചപ്പോഴുണ്ടായ അനുഭവമൊക്കെ ഇവിടെ പറഞ്ഞത് ഞാൻ ആവർത്തിക്കേണ്ട കാര്യമില്ല. ഉന്നതവിദ്യാഭ്യാസമുള്ള ധാരാളം തൊഴിലാളികൾ കേരളത്തിലുണ്ട്. അവർക്കാവശ്യമായ സംരംഭങ്ങൾ നമ്മൾ ഉണ്ടാക്കിക്കൊടുക്കണം. അങ്ങനെയെങ്കിൽ സംരംഭങ്ങൾ വികസിപ്പിക്കണം. സംരംഭങ്ങളുടെ വികസനമാണ് പ്രധാനപ്പെട്ട ഒരു കാര്യം. ഡോ. പോൾ ക്രൂസ് എന്നയാൾ ഡൽഹിയിൽ വച്ചുനടത്തിയ ഒരു പ്രഭാഷണത്തിൽ വരും ഭാവിയിൽ നമ്മൾ അനുഭവിക്കേണ്ടിവരുന്ന രൂക്ഷമായ തൊഴിലില്ലായ്മയെക്കുറിച്ച് പറയുകയുണ്ടായി. അത് നമ്മളെ തീർച്ചയായും അലട്ടുന്നൊരു പ്രശ്നമാണ്. നമുക്ക് അതിനൊക്കെ പരിഹാരമുണ്ടാകണമെങ്കിൽ നമ്മുടെ ഉൽപ്പാദനമേഖല സജീവമാക്കണം, ശക്തീകരിക്കണം. ഇപ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നിവയുടെ കാലമാണ്. തൊഴിലില്ലായ്മ വീണ്ടും രൂക്ഷമാകാൻ പോകുകയാണ്. അതുകൊണ്ടാണ് ഉൽപ്പാദനമേഖല വളർത്തിയെടുക്കണമെന്നും അതിൽ കൂടുതൽ ശ്രദ്ധിക്കണമെന്നും പറയുന്നത്. ഏറ്റവും പ്രധാനമായിട്ടുള്ള ഒരു കാര്യം, ഉൽപ്പാദന മേഖലയെ പ്രത്യേകിച്ച് കാർഷികമേഖലയെ ശക്തമാക്കാനുള്ള നടപടികൾ സർക്കാർ ആവിഷ്കരിക്കണമെന്നുള്ളതാണ്. പ്രവാസികൾ തിരിച്ചുവരുമ്പോൾ അവർക്ക് നിക്ഷേപിക്കാനും അത് പ്രയോജനകരമാക്കാനുമുള്ള സൗകര്യങ്ങൾ നമ്മൾ ഏർപ്പാടാക്കണം. ബില്ലിലെ വ്യവസ്ഥകൾ അതിന് പര്യാപ്തമാണോയെന്ന് നമ്മൾ ഒരു ആത്മപരിശോധന നടത്തേണ്ടതായിട്ടുണ്ട്. ബില്ലിലെ വ്യവസ്ഥകൾ ഇതിന് പര്യാപ്തമല്ല എന്നാണ് എന്റെ വിശ്വാസം. ഏതായാലും ബില്ലിലെ ചില വ്യവസ്ഥകൾ നല്ലതാണ്. എന്നാൽ പല വ്യവസ്ഥകളും ഇനി കൊണ്ടുവരാനുണ്ട്. അതുകൊണ്ട് ബില്ല് ഒന്നുകൂടി പരിശോധിച്ച് അതിന്റെ പോരായ്മകൾ പരിഹരിച്ച് നല്ലൊരു നിയമനിർമ്മാണം നമുക്ക് കൊണ്ടുവരേണ്ടിയിരിക്കുന്നു. അങ്ങനെ കൊണ്ടുവരികയാ ണെങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു, അനുകൂലിക്കുന്നു.

3.00 PM]

ശ്രീ. എ. എൻ. ഷംസീർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ്

ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തെ ബഹുദൂരം മുന്നോട്ടു കൊണ്ടു പോകാൻവേണ്ടിയാണ് ഈ സർക്കാർ ഇത്തരമൊരു ബിൽ ഇവിടെ കൊണ്ടു വന്നത്. ഈ ബില്ലിന്റെ ചർച്ച ഇവിടെ നടക്കുമ്പോൾ ഗ്യാലറിയിൽ ഏതെങ്കിലും ഒരു നിക്ഷേപകൻ വേഷപ്രച്ഛന്നനായി ഇരുന്നുവെങ്കിൽ അദ്ദേഹം ഒരിക്കലും ഇവിടെ നിക്ഷേപം നടത്താൻ വരില്ല. കാരണം ബില്ലിലെ അത്രമാത്രം പോരായ്മകളാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. നമ്മൾ ഇക്കാര്യത്തിലെങ്കിലും യോജിക്കേണ്ട തായിരുന്നു. കാരണം കേരളം ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കാൻ പല തടസ്സങ്ങളുമുണ്ടാകുന്നുണ്ട്. ആ തടസ്സങ്ങൾ പരിഹരിക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുപോകുന്നതിനാണ് ഇത്തരമൊരു ബിൽ ഇവിടെ കൊണ്ടുവരാൻ സർക്കാർ തയ്യാറായിട്ടുള്ളത്. വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യവികസനം, നവീന സാങ്കേതികവിദ്യയുടെ സംയോജനം, സാമ്പത്തികസഹായം തുടങ്ങിയ എല്ലാ ഘടകങ്ങളും ഒത്തുവരുന്ന കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതിക്കായുള്ള കാലതാമസം പലപ്പോഴും അനന്തമായി നീണ്ടുപോകുകയാണ്. ഇത് പരിഹരിച്ച് 30 ദിവസത്തിനുള്ളിൽ ഇതിന് പരിഹാരം കാണണമെന്നുള്ളതാണ് ഈ ബില്ലിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിന്റെ വ്യവസായ ചരിത്രത്തിൽ ഇത്രയേറെ അനുകൂലമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന മറ്റൊരു നിയമം ഇതുവരെ ഉണ്ടായിട്ടില്ലെന്നുതന്നെ നമുക്ക് പറയാൻ സാധിക്കും. ഇടതുപക്ഷം ഭരിച്ച ഘട്ടത്തിലാണ് കേരളത്തിൽ വ്യവസായമേഖലയിൽ പുരോഗതികളുണ്ടായിട്ടുള്ളത്. ടെക്നോപാർക്കും അതുപോലെ ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് സ്ഥാപനമായ കെൽട്രോണുമെല്ലാം ഈ നേട്ടങ്ങൾക്ക് ചില ഉദാഹരണങ്ങൾ മാത്രമാണ്. വ്യവസായ വളർച്ചയ്ക്ക് മുതൽക്കൂട്ടാകുന്ന സർക്കാർ നയങ്ങളും വിദ്യാസമ്പന്നരും നൈപുണ്യ വിദഗ്ദ്ധരുമടങ്ങുന്ന മാനവ വിഭവശേഷിയും കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു. നമുക്ക് ഇഷ്ടംപോലെ സമർത്ഥന്മാരായ ഉദ്യോഗസ്ഥർ, ടെക്നോക്രാറ്റുകൾ, വിദഗ്ദ്ധർ എന്നിവരുണ്ട്. എന്നാൽ പലപ്പോഴും അത് ബ്രെയിൻ ഡ്രെയിനായി ഇതര സംസ്ഥാനങ്ങളിലേയ്ക്കോ രാജ്യത്തേയ്ക്കോ പോകുകയാണ്. അതിന് പരിഹാരമുണ്ടാക്കണം. കേരളത്തിൽ ഇപ്പോൾ റിവേഴ്സ് ബ്രെയിൻ ഡ്രെയിനാണ്; റിവേഴ്സ് ഫ്ലോയാണ്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളം വിട്ടുപോയവർ തിരിച്ച് കേരളത്തിലേയ്ക്കുവരുന്നു. ഇവിടെ നമ്മുടെ സംസ്ഥാന ത്തെക്കുറിച്ച് പലരും സൂചിപ്പിച്ചതുപോലെ, നമുക്ക് മൂന്ന് ഇന്റർനാഷണൽ എയർപോർട്ടുകളുണ്ട്; റോഡ്/റെയിൽ സംവിധാനങ്ങളുണ്ട്; 15-ഓളം തുറമുഖങ്ങളുണ്ട്. ഈ പശ്ചാത്തലത്തെ ഫലപ്രദമായി വിനിയോഗിക്കാൻ നമുക്ക് കഴിയണം. ഇപ്പോൾ അന്താരാഷ്ട്ര കപ്പൽ ചാലിന് ഏറ്റവും അടുത്തുകിടക്കുന്ന സ്ഥലമാണ് വിഴിഞ്ഞം തുറമുഖം. ആ തുറമുഖത്തിന്റെ പ്രവർത്തനംകൂടി പൂർത്തീകരിക്കുമ്പോൾ

വ്യാവസായിക സൗഹൃദ സംസ്ഥാനമായി കേരളം മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടും അതിന്റെ ഒരു തുടക്കം തന്നെയാണ്. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് വളരെ പെട്ടെന്നുതന്നെ യാഥാർത്ഥ്യമാകുമെന്ന ശുഭാപ്തിവിശ്വാസമുള്ളവനാണ് ഞാൻ. ഇത് കേരളത്തിന്റെ വ്യാവസായിക വളർച്ചയിൽ വലിയ പങ്ക് വഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. പലപ്പോഴും ഒരു ലഘുസംരംഭം തുടങ്ങുന്നതിനുപോലും ഓഫീസുകൾ കയറിയിറങ്ങുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. അതിന് പരിഹാരമുണ്ടാക്കാനാണ് ഈ ബിൽ കൊണ്ട് ലക്ഷ്യം വച്ചിട്ടുള്ളത്. ഓൺലൈനിലൂടെ അപേക്ഷ നൽകി പരിഹാരമുണ്ടാക്കാൻ സാധിക്കണം. പലപ്പോഴും കണ്ടുവരുന്ന പ്രവണത നിക്ഷേപം നടത്തണമെന്നാഗ്രഹിക്കുന്നവൻ സർക്കാർ ഓഫീസുകൾ കയറിയിറങ്ങി നിരാശനായി തിരിച്ചുപോകുന്ന സാഹചര്യമാണുണ്ടായതെങ്കിൽ ബഹുമാന്യനായ പിണറായി വിജയൻ നേതൃത്വം നൽകുന്ന ഈ സർക്കാർ അതിന് പരിഹാരമുണ്ടാക്കാനുള്ള തീവ്ര പരിശ്രമത്തിലാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും അതിന് മുൻ കയ്യെടുക്കുന്നുണ്ടെന്നുള്ളതാണ്.

പുതിയ വ്യവസായസംരംഭങ്ങൾ തുടങ്ങാൻ 5000 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വീടുകളിൽ നാനോ വ്യവസായ യൂണിറ്റുകൾ തുടങ്ങാനുള്ള പദ്ധതിയുമായി സർക്കാർ ചെറുകിട സംരംഭകർ ഉൾപ്പെടെയുള്ളവരെ പ്രോത്സാഹിപ്പിക്കുകയാണ്. വനിതകൾ, പ്രവാസികൾ എന്നിവർക്ക് പദ്ധതികൾ തുടങ്ങാൻ അനുയോജ്യമായ നയങ്ങൾ ഇന്ന് സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ 15,535 ആണ്. വ്യവസായ നയത്തിന്റെ പൊതുവീക്ഷണം തന്നെ അതാണ്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്ന് 22 മാസം പിന്നിടുമ്പോൾ യഥാർത്ഥത്തിൽ ജി.എസ്.ടി.-യും നോട്ടുനിരോധനവും വന്നില്ലായിരുന്നുവെങ്കിൽ കേരളം കുറച്ചുകൂടി മുന്നോട്ടുപോകുന്ന സാഹചര്യമുണ്ടാകുമായിരുന്നു. കേരളത്തെ പരിസ്ഥിതി സൗഹൃദ രീതിയിൽ ശക്തമായ നിക്ഷേപ സംസ്ഥാനമാക്കുകയെന്ന ലക്ഷ്യം തന്നെയാണ് സംസ്ഥാന സർക്കാരിനുള്ളത്. വാണിജ്യരംഗത്ത് ഇതുവഴി കുതിച്ചുചാട്ടമുണ്ടാക്കാൻ സാധിക്കുമെന്ന വിശ്വാസവുമുണ്ട്. ന്യായമായ വേതനം ലഭ്യമാക്കുന്ന തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിക്കാനും നമുക്ക് സാധിക്കും. സോഷ്യൽ കമിറ്റ്മെന്റ് അല്ലെങ്കിൽ സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വ്യവസായം തന്നെയാണ് സർക്കാർ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. വ്യവസായരംഗത്ത് വൈവിദ്ധ്യമാർന്ന സംരംഭങ്ങൾ വിഭാവനം ചെയ്യുന്നുണ്ട്. ഗാർഹിക നാനോ പാർക്ക്, സ്പെഷ്യൽ ഇക്കണോമിക് സോൺ ഉൾപ്പെടുന്ന വ്യവസായ ഇടനാഴികൾ, സംയോജിത കൈത്തറി ഗ്രാമം, ഇലക്ട്രോണിക് ഉൽപ്പാദന ക്ലസ്റ്റർ,

പെട്രോ കെമിക്കൽ കോംപ്ലക്സ്, വനിതകൾക്ക് പ്രാതിനിധ്യം നൽകുന്ന വനിതാ സംരംഭകത്വ മിഷൻ, കരകൗശല വിദഗ്ദ്ധരെ ഉൽപ്പാദകരാക്കി മാറ്റുന്ന സംവിധാനങ്ങൾ എന്നിവയ്ക്കുൾപ്പെടെ നേതൃത്വം നൽകണമെന്ന് വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. സർക്കാരിന്റെ സംരംഭക സഹായ പദ്ധതിയിലൂടെ 17500 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് പ്രോത്സാഹനം നൽകാൻ വ്യവസായ വകുപ്പ് തീരുമാനിച്ചതായും ഞാൻ അറിയുന്നു. ജസ്റ്റിസ് നന്ദകുമാർ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുമാത്രമല്ല, റിപ്പോർട്ടിന്റെ അനന്തര നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ടെക്സ്റ്റൈൽ നവീകരണത്തിനു വേണ്ടി സർക്കാർ 90 കോടി രൂപ ബജറ്റിൽ അലോക്കേഷൻ വരുത്തിയെന്നും ഞാൻ മനസ്സിലാക്കുന്നു. അതുപോലെ 17,500 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ.) തുടങ്ങാൻ 2,266 കോടി രൂപ സർക്കാർ മുതൽ മുടക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇങ്ങനെ വ്യാവസായിക മേഖലയിൽ നിരവധിയായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണമെന്ന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഇവിടെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയവർ വിയോജിപ്പിനുവേണ്ടി ഒരു വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയെന്നല്ലാതെ അതിൽ എത്രമാത്രം കഴമ്പുണ്ടെന്ന് എനിക്കറിയില്ല. ലിഫ്റ്റുകളെക്കുറിച്ച് സൂചിപ്പിച്ചു. ലിഫ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് കാലാവധി 3 വർഷത്തേയ്ക്ക് നൽകുമ്പോൾ പ്രതിവർഷം അത് പരിശോധിക്കാനും മറ്റും സംവിധാനമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അധികാര വികേന്ദ്രീകരണം മഹാത്മാഗാന്ധിയുടെ സ്വപ്നമാണെന്ന് ചിലരൊക്കെ പറഞ്ഞു. പക്ഷേ മഹാത്മാഗാന്ധി കണ്ട സ്വപ്നം മഹാത്മാഗാന്ധിയുടെ പാർട്ടി എവിടെയും നടപ്പിലാക്കിയത് നമ്മൾ കണ്ടിട്ടില്ല. മറിച്ച് 1996-ൽ അധികാരത്തിൽ വന്ന ഇ. കെ. നായനാരുടെ ഭരണകാലത്താണ് ഇ.എം.എസ്. വിഭാവനം ചെയ്ത ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിൽ ആരംഭിക്കാൻ സാധിച്ചത്. അധികാര വികേന്ദ്രീകരണത്തിന് പ്രാമുഖ്യം നൽകിയൊരു സർക്കാർ അധികാര വികേന്ദ്രീകരണം അട്ടിമറിക്കുമെന്ന് പറഞ്ഞാൽ അത് കേരളത്തിന്റെ പൊതുസമൂഹത്തിന് എത്രമാത്രം ബോദ്ധ്യമാകുമെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അതുകൊണ്ടുതന്നെ ഇവിടെ അവതരിപ്പിക്കപ്പെട്ട ഈ ബിൽ കേരളത്തിന്റെ പൊതുമുന്നേറ്റത്തിന് ഗുണം ചെയ്യുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത നമുക്കെല്ലാവർക്കും അറിയാം. കേരളം വളരെയധികം ജനസാന്ദ്രതയുള്ള സംസ്ഥാനമാണ്. ഒരു വര പോലെയാണ് സംസ്ഥാനം കിടക്കുന്നത്. പുതിയ സംരംഭങ്ങളും പുതിയ പദ്ധതികളും ആരംഭിക്കാതെ കേരളത്തിന് ഇനി ഒരടിപോലും മുന്നോട്ട് പോകാൻ സാധിക്കുകയില്ല. ആ ലക്ഷ്യം വച്ചുകൊണ്ടുതന്നെയാണ് ഇടതുപക്ഷ സർക്കാർ പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്നതും അതിന്റെ ഭാഗമായാണ് ഈ ബിൽ

ഉൾപ്പെടെ കൊണ്ടുവന്നിട്ടുള്ളതും. വ്യവസായം വരാതിരിക്കുന്നതിനുള്ള ഏക കാരണം തൊഴിലാളിയാണെന്നാണ് മറുഭാഗത്തുനിന്നും ചർച്ചയിൽ പങ്കെടുത്ത പലരും വിശേഷിപ്പിച്ചത്. ഇത്തരത്തിലുള്ളൊരു തെറ്റായ പ്രചരണം നടത്തേണ്ട കാര്യം എന്താണ്? തൊഴിലാളികൾ കാരണമാണോ ഇവിടെ വ്യവസായം വരാത്തത്? ട്രേഡ് യൂണിയൻ സമരം കൊണ്ടാണോ ഇവിടെ വ്യവസായം ആരംഭിക്കാൻ സാധിക്കാത്തത്? അത് കേരളത്തെക്കുറിച്ച് വലതുപക്ഷ മാധ്യമങ്ങൾ നടത്തുന്ന പ്രചണ്ഡമായ പ്രചാര വേലകളിൽ ഒന്നുമാത്രമാണ്. നോക്കുകൂലിയെക്കുറിച്ച് പറയുമ്പോൾ ചുമട്ടുത്തൊഴിലാളി ഗബ്ബർ സിംഗിനെ ചിത്രീകരിക്കേണ്ട കാര്യമില്ല. നോക്കുകൂലി ഒരു തരത്തിലും അംഗീകരിക്കുകയില്ല, അതിനെതിരെ കർശനമായ നടപടി സ്വീകരിച്ച് പോകുമെന്ന് വളരെ ഇച്ഛാശക്തിയോടുകൂടി നിയമസഭയ്ക്കകത്ത് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇവിടെ പറഞ്ഞുപറഞ്ഞ് ചുമട്ടുത്തൊഴിലാളി യൂണിയൻ വെറും സി.ഐ.ടി.യു. മാത്രമേയുള്ളൂവെന്നാണ് ചിലർ വ്യാഖ്യാനിച്ചെടുത്തത്. ചുമട്ടുത്തൊഴിലാളി യൂണിയൻ ഐ.എൻ.ടി.യു.സി. ഇല്ലേ; എസ്.ടി.യു. ഇല്ലേ; ബി.എം.എസ്. ഇല്ലേ? നോക്കുകൂലിയെ ഒരു തരത്തിലും ന്യായീകരിക്കാൻ ഞങ്ങളാരും തയ്യാറല്ല. നോക്കുകൂലി ഒരു തരത്തിലും പ്രോൽസാഹിപ്പിക്കപ്പെടാൻ പാടില്ല. ഇവിടെ ഒരു സുധീർ കരമനയുടെ പേര് പറഞ്ഞുകൊണ്ട് ഏതെങ്കിലും ചില കോണുകളിലുണ്ടായ ചില സംഭവങ്ങൾ പർവ്വതീകരിച്ച് ഈ നോക്കുകൂലിക്കാരൻ കാരണമാണ് കേരളത്തിലേയ്ക്ക് വ്യവസായം വരാത്തതെന്ന രീതിയിൽ ചർച്ച വഴിമാറിപ്പോയത് ഏതായാലും ശരിയായില്ലെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ആരെങ്കിലും നോക്കുകൂലി വാങ്ങിക്കുന്നുവെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന സർക്കാരാണ് കേരളത്തിലുള്ളത്. അതിൽ ഒരുതരത്തിലുള്ള കോംപ്രമൈസും ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലെന്ന് ഉറപ്പിച്ച് പറയാൻ സാധിക്കും. കേരളത്തിൽ എങ്ങനെയാണ് വ്യവസായം വരേണ്ടത്? കേരളത്തിൽ വ്യവസായം വരണമെങ്കിൽ ഭൗതിക പശ്ചാത്തലം വികസിക്കണം. ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റി മെച്ചപ്പെടണം. അതിനാണല്ലോ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പരന്നുകിടക്കുന്ന കേരളത്തിലെ ദേശീയപാതയുടെ നവീകരണം ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മുതൽ തുടങ്ങിയത്. ആ ദേശീയപാതയുടെ നവീകരണ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോകുമ്പോൾ എത്രമാത്രം ഹിപ്പോക്രാറ്റിക്കായ നിലപാടാണ് മറുഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. കീഴാറ്റൂർ സമരം ചർച്ച ചെയ്യണ്ടേ? ദേശീയപാതകൾ എപ്പോഴും ഇങ്ങനെ നിൽക്കണോ? ഭൗതിക പശ്ചാത്തലം വികസിച്ചാൽ മാത്രമേ കേരളത്തിലേയ്ക്ക് വ്യവസായികൾക്ക് കടന്നുവരാൻ സാധിക്കുകയുള്ളൂ. നൂറും നൂറ്റിയൻപതും കിലോമീറ്റർ സഞ്ചരിക്കാൻ പത്തും പന്ത്രണ്ടും മണിക്കൂർ യാത്ര ചെയ്യണമെന്ന രീതിയിൽ കാര്യങ്ങൾ എത്തുമ്പോൾ, പുതിയ തലമുറ twenty-twenty തലമുറയാണ്;

അതിവേഗത്തിൽ കാര്യങ്ങൾ നടക്കണമെന്ന് ആഗ്രഹിക്കുന്ന തലമുറ ഒരിക്കലും കേരളത്തിലേയ്ക്ക് വരികയില്ല. അതിന് പരിഹാരമുണ്ടാക്കണമെന്ന ലക്ഷ്യം വച്ചു കൊണ്ടാണ് ദേശീയപാതയുടെ നവീകരണത്തിനുവേണ്ടി ഈ സർക്കാർ പ്രവർത്തിച്ചത്. പക്ഷെ ചില കോണുകളിൽ നിന്നും ഒറ്റപ്പെട്ട രീതിയിൽ അതിനെ അട്ടിമറിക്കാൻ ശ്രമം നടന്നു. അതിന്റെ ഭാഗമായാണ് കീഴാറ്റൂർ സമരമുൾപ്പെടെ നാം കാണേണ്ടത്. ദേശീയപാതയുടെ കാര്യത്തിൽ ഏറ്റവും പുറകിൽ നിൽക്കുന്ന പ്രദേശങ്ങൾ കണ്ണൂരും കാസർഗോഡുമാണ്; എന്റെ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശമാണ്. എന്തിനായിരുന്നു ഇത്തരം ചർച്ചകൾ? എന്തിനായിരുന്നു ഒരു പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ഇച്ഛാശക്തിയോടുകൂടി സർക്കാർ പ്രവർത്തിക്കുമ്പോൾ അതിനെ അട്ടിമറിക്കാൻ നോക്കുന്നത്? കീഴാറ്റൂർ ദേശീയ പാതയിലൂടെ കടന്നുപോകുന്നത് ഒരു കമ്മ്യൂണിസ്റ്റുകാരൻ മാത്രമാണോ? എങ്കിൽ നിങ്ങൾക്ക് പറയാം, അതിലൂടെ സഞ്ചരിക്കുന്നവർ കമ്മ്യൂണിസ്റ്റുകാർ മാത്രമാണ് അതുകൊണ്ട് ഇത് വരാൻ പാടില്ലെന്ന്. ഒരു സംസ്ഥാനത്ത് വികസനം വരണമെങ്കിൽ ഭൗതിക പശ്ചാത്തലം അനിവാര്യമാണ്. ആ ഭൗതിക പശ്ചാത്തലം ഒരുക്കുന്നതിന്റെ തുടക്കമായിരുന്നു ഈ സർക്കാർ ആരംഭിച്ച ദേശീയപാതാ വികസനം. ആ ദേശീയപാതാ വികസനത്തെ എതിർക്കുന്ന ബി.ജെ.പി.യുടെ കേന്ദ്ര മന്ത്രിക്ക് മുഖ്യമന്ത്രിയെ അഭിനന്ദിക്കേണ്ടി വന്നു. ഇത് സൂചിപ്പിക്കുന്നത് കേരളത്തിൽ ഭൗതിക പശ്ചാത്തല വികസനത്തിന് പ്രാമുഖ്യം നൽകുമ്പോൾ ഈ സർക്കാർ ലക്ഷ്യമിടുന്നത് വലിയ രീതിയിലുള്ള വ്യവസായ സംരംഭങ്ങൾ കേരളത്തിലേയ്ക്ക് വരാനുള്ള സാഹചര്യമൊരുക്കൽ തന്നെയാണ്. റോഡുകൾ അനിവാര്യമാണ്.

വടക്കൻ മലബാർ മേഖലയിലെ കോഴിക്കോട് എയർ പോർട്ടിന്റെ കാര്യം ബഹുമാനപ്പെട്ട കൊണ്ടോട്ടി മെമ്പർ ഇവിടെ സൂചിപ്പിച്ചു. കോഴിക്കോട് എയർ പോർട്ടിന്റെ കാര്യത്തിൽ ഈ സർക്കാർ തടസ്സം നിന്നുവെന്ന് നെഞ്ചത്ത് കൈവച്ച് പറയാൻ സാധിക്കുമോ? അതുമായി ബന്ധപ്പെട്ട് താങ്കളുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഒരു യോഗം വിളിച്ചു ചേർത്തതല്ലേ? പക്ഷെ രാഷ്ട്രീയം മനസ്സിൽ വച്ചുകൊണ്ട് എല്ലാം ഒരു കളറിലൂടെ മാത്രം കണ്ട് കോഴിക്കോട് എയർ പോർട്ടിനെ തകർക്കാനാണ് ഈ സർക്കാരിന്റെ സമീപനമെന്ന രീതിയിലേയ്ക്ക് ചർച്ച വഴിമാറ്റി കൊണ്ടുപോയത് ശരിയായില്ലെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ എയർ പോർട്ടുകൾ ഉണ്ടാകണം. ഗെയിൽ പൈപ്പ് ലൈൻ സംബന്ധിച്ച് എന്തായിരുന്നു ചർച്ച? ഏതിനെയും എന്തിനെയും അന്ധമായി എതിർക്കുന്ന പൊതു സമീപനം മാറിയാൽ മാത്രമേ കേരളത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ തുടക്കമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ബിൽ എന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

റോഡുകൾ മാത്രം പോരാ; അൺഇന്ററപ്റ്റഡായ പവർ ഫ്ലോ ഉണ്ടാകണം; വൈദ്യുതി ഉണ്ടാകണം. ഒരു തരത്തിലും പവർ കട്ടിംഗും ലോഡ് ഷെഡ്ഡിംഗുമില്ലാത്ത പവർ ഫ്ലോ ഇവിടെ ഉണ്ടാകണം. അതിനുവേണ്ടിയും ഈ സർക്കാർ പ്രവർത്തിക്കുകയാണ്. ഒരു സംസ്ഥാനത്ത് വ്യവസായം വരാൻ ഏറ്റവും അനിവാര്യമായ ഭൗതിക സൗകര്യങ്ങളൊരുക്കണം. നല്ല റോഡുകൾ, എയർപോർട്ടുകൾ കൂടാതെ പവർ കട്ടില്ലാത്ത, പവർ ഫെയിലുവർ ഇല്ലാത്തൊരു സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യമാണ് സംസ്ഥാന സർക്കാരിനുള്ളത്. അതിനെ ആ നിലയിൽതന്നെ മുന്നോട്ട് കൊണ്ടുപോകുന്ന കാഴ്ചയാണ് കാണുന്നത്. അതിനെയും ചർച്ചയ്ക്കെടുക്കുമ്പോൾ ഇതൊക്കെ ചെയ്യുന്നത് സി.ഐ.ടി.യു. ആണെന്ന രീതിയിലേയ്ക്ക് ചർച്ച വഴിമാറ്റി കൊണ്ടുപോയത് ശരിയായില്ലെന്ന് മാത്രമാണ് ഈ വേളയിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഏതായാലും ഈ ബിൽ പാസ്സാക്കേണ്ടത് കേരളത്തിന്റെ ഭാവിക്കുവേണ്ടി, ഒരു തലമുറയ്ക്കുവേണ്ടിയുള്ള ആവശ്യമാണെന്ന് മനസ്സിലാക്കി ഞാൻ ഈ ബില്ലിനെ ശക്തമായി പിന്തുണയ്ക്കുകയാണ്.

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി <u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 (ബി)' നമ്പർ ഭേദഗതി ശ്രീമതി ഗീതാഗോപിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കാനും വ്യവസായം മെച്ചപ്പെടുത്താനുമെന്ന ലക്ഷ്യംവച്ചുകൊണ്ട് 1957-ലെ ഇ.എം.എസ്. സർക്കാരാണ് ഇതിന് തുടക്കം കുറിച്ചത്. അതിന്റെ ഭാഗമായാണ് കോഴിക്കോട് മാവൂർ ഗ്വാളിയോർ റയോൺസ് പ്രവർത്തനം ആരംഭിച്ചത്. വലിയ തോതിൽ മുള വളരെ ചുരുങ്ങിയ വിലയ്ക്ക് നൽകിക്കൊണ്ട് മാവൂരിൽ വ്യവസായം ആരംഭിക്കുകയും നേരിട്ടും അല്ലാതെയും ഏഴായിരത്തി അഞ്ഞൂറിലധികം പേർക്ക് ജോലി ലഭിക്കുന്നൊരു സാഹചര്യവും അന്ന് സൃഷ്ടിക്കുകയുണ്ടായി. അന്ന് ആ സർക്കാർ അധികാരത്തിൽ വരുന്ന സാഹചര്യത്തിൽ തൊഴിലില്ലായ്മ രൂക്ഷമായ ഒരു സംസ്ഥാനമെന്ന നിലയ്ക്ക് ചെറുപ്പക്കാർക്ക് തൊഴിലേകുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചത്. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർ പുരുഷൻ കടലുണ്ടി മാവൂർ ഗ്വാളിയോർ റയോൺസിലെ തൊഴിലാളിയായിരുന്നു. ഈ സഭയിൽതന്നെ വേറെയും കുറെ മെമ്പർമാർ ഉണ്ടായിരുന്നുവെന്നാണ് എന്റെ ഓർമ്മ. തീർച്ചയായും അതിന്റെ മാറ്റത്തിന് കുറച്ചുകൂടി അനുയോജ്യമായി ശക്തി പകരുന്നതാണ് ഈ ബിൽ. നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റേണ്ടതുണ്ടെന്ന അനിവാര്യതയാണ് ഈ ബിൽ ഉയർത്തിക്കൊണ്ടുവരുന്നത്. ഞാൻ അതിനെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയാണ്. പത്തുപതിമൂന്ന് പേർ ഈ ബില്ലിനെക്കുറിച്ച് സംസാരിച്ച

സാഹചര്യത്തിൽ വീണ്ടും അത് ആവർത്തിക്കുന്നില്ല. കണക്കുകളായാലും ഒന്നും തന്നെ ആവർത്തിക്കേണ്ടെന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞതുപോലെ നമ്മുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ വച്ചുകൊണ്ടുമാത്രമേ നമുക്ക് വ്യവസായങ്ങളുമായി മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമായി ജനനിബിഡമാണ് കേരളം. അതിന്റെ ഭാഗമായി നമുക്ക് നേരത്തെതന്നെ ചെയ്യേണ്ടി യിരുന്ന നടപടികൾ സ്വീകരിക്കാൻ കഴിയാതെ പോയിയെന്നത് വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്ത് റെസിഡൻഷ്യൽ മേഖല, വ്യാവസായിക മേഖല, കാർഷിക മേഖല എന്നിവ ഏതെന്ന് തീരുമാനിച്ചുകൊണ്ട് മുന്നോട്ട് പോയിരുന്നുവെങ്കിൽ ഇന്ന് കാണുന്ന പ്രശ്നങ്ങളൊന്നുമില്ലാതെ വളരെ വേഗതയിൽ നമുക്ക് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമായിരുന്നു. കാരണം കേരളം ജനനിബിഡമാണ്. അതുമായി ബന്ധപ്പെട്ട് വിദ്യാലയങ്ങളുടെ എണ്ണം വളരെ കൂടി. അതോടൊപ്പം നമുക്ക് പത്ത് നാൽപ്പത് നദികൾ, ജലസ്രോതസ്സുകൾ ഇതെല്ലാം വ്യവസായം ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നൊരു പ്രശ്നമുണ്ട്. ഇതെല്ലാം കണ്ടുകൊണ്ടായിരിക്കണം ഇതിന്റെ അനുമതി നൽകുന്ന സമീപനങ്ങളിലേയ്ക്ക് കടന്നുവരേണ്ടത്. വലിയ ലാഭമുണ്ടാക്കിയ വ്യവസായ സ്ഥാപനമായി മാവൂർ ഗ്വാളിയോർ റയോൺസ് ഉയർന്നു. പക്ഷേ, ലാഭം കുറയുന്നുവെന്ന് കണ്ടപ്പോൾ മലിനജലം ചാലിയാറിലേയ്ക്ക് ഒഴുക്കുകയും ജനങ്ങളുടെ സമരം വന്നതിനെത്തുടർന്ന് ആ ഫാക്ടറി അടച്ചുപൂട്ടുന്ന സ്ഥിതിയുണ്ടാവുകയും ചെയ്തു. പിന്നെ ആ ഫാക്ടറി തുറക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള സമരങ്ങളാണ് യഥാർത്ഥത്തിൽ തൊഴിലാളികളുടെ ഭാഗത്തുനിന്നും നടന്നിരുന്നത്. എന്നാൽ ലാഭം കുറയുന്നുവെന്ന് തോന്നിയപ്പോൾ ആദിത്യ ബിർള ഗ്രൂപ്പ് അവിടെനിന്നും പിന്തിരിയുകയാണ് ചെയ്തത്. പണം മുടക്കുന്നവരുടെ മനസ്സിൽ കേരളത്തോട് സ്നേഹം തോന്നുന്ന നിലയിലേയ്ക്ക് വന്നില്ലെങ്കിൽ, മാവൂർ ഗ്വാളിയോർ റയോൺസ് അതിനൊരു ഉദാഹരണമായി കാണില്ലേ എന്ന തോന്നൽ എന്റെ മനസ്സിലേയ്ക്ക് വരികയാണ്. കേരളത്തിൽ തൊഴിലവസരങ്ങൾ ഏറെയുണ്ടെന്ന് തെളിയിക്കുന്നതാണ് ഇതര സംസ്ഥാന തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കടന്നുവരുന്നത്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ കെ.എസ്.ഐ.ഡി.സി. ആരോഗ്യമേഖലയിലും ഐ.ടി. മേഖലയിലും മറ്റിതര മേഖലകളിലേയ്ക്കും കാലൂന്നി കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിലൂടെ നമുക്ക് മുന്നോട്ട് പോകാൻ കഴിയും. ഇന്നലെ നമ്മുടെ സംസ്ഥാനമാകെ ഒരു പണിമുടക്കിൽ സ്തംഭിച്ചതാണ്. നേരത്തെ യു.പി.എ. ഗവൺമെന്റ് തുടക്കം കുറിച്ച അല്ലെങ്കിൽ അതിനുമുമ്പ് ഒരു പുത്തൻ സാമ്പത്തികനയമെന്ന നിലയിൽ സാമ്രാജ്യത്വ സാമ്പത്തികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹയർ ആൻഡ് ഫയർ ഇനി ജോലി സ്ഥിരതയില്ലെന്ന നിലയിലേയ്ക്ക് കൊണ്ടുവരികയും ഏത് സമയവും പിരിച്ചുവിടാൻ

കഴിയുന്നൊരു സാഹചര്യം സൃഷ്ടിക്കുന്ന നിയമവുമായി കേന്ദ്ര സർക്കാർ നിൽക്കുമ്പോഴാണ്, തൊഴിലില്ലായ്മ പരിഹരിക്കുക എന്ന ലക്ഷ്യം കൂടി വച്ചുകൊണ്ട് ഇത്തരമൊരു സൗഹൃദാന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കാൻ പരിശ്രമിക്കുന്നത്. കേന്ദ്രത്തിന്റെ നയത്തിനെതിരെയുള്ള ശക്തമായ പ്രതിഷേധമാണ് ഇന്നലെ കേരളത്തിൽ ഉയർന്നത്. ആ സാഹചര്യം വച്ചുകൊണ്ട് കേരളത്തിന്റെ അന്തരീക്ഷത്തിൽ നമുക്ക് എത്രമാത്രം ഭംഗിയായി കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നാണ് ഈ സഭ ഗൗരവപൂർവ്വം ആലോചിക്കേണ്ടത്. അതിന് പരിഹാരം കാണുന്ന നടപടിയാണ് സ്വീകരിക്കേണ്ടത്. അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് എനിക്ക് കൂടുതലായി ശ്രദ്ധയിൽപ്പെടുത്താനുള്ളത്. മുപ്പത് ദിവസത്തിനകം അനുമതി നൽകിയില്ലെങ്കിൽ അത് അനുമതിയായി കരുതാം. ഒരു പൊതുസമീപനമെന്ന നിലയ്ക്ക് അതാണുള്ളത്. പക്ഷേ അനുമതി നൽകാതിരിക്കുന്നത് ബോധപൂർവ്വമാണോയെന്നും അതിനു പിന്നിൽ എന്തെങ്കിലും നിഗൂഢതയുണ്ടോയെന്നും പരിശോധിച്ച് അനുമതി നൽകാത്തവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന ഒരു നിർദ്ദേശം കൂടി ഈ ബില്ലിന്റെ ഭാഗമായി വരേണ്ടതാണ്. ബോധപൂർവ്വം അനുമതി നൽകാതിരിക്കുകയും അതവർക്ക് സഹായകമാകുന്ന നില വരുന്ന പ്രശ്നം ഈ ബില്ലുമായി ബന്ധപ്പെട്ട് വരാനിടയുണ്ട് എന്നൊരു തോന്നലും എനിക്കുണ്ട്. തീർച്ചയായും അത് മാറ്റിയെടുക്കേണ്ടതാണ്. ആ അർത്ഥത്തിൽ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഒരു പിശക്, വളരെ ബോധപൂർവ്വം അദ്ദേഹത്തെ സ്വാധീനിച്ചുകൊണ്ട് അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും 30 ദിവസം കഴിഞ്ഞാൽ അനുമതി ലഭിക്കുന്ന നില വരുന്ന ഒരു പ്രശ്നവും അതിലുണ്ട്. അത് പരിഹരിക്കപ്പെടേണ്ടതാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ മാത്രമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് തകർന്നുതരിപ്പണമായ വ്യവസായ സ്ഥാപനങ്ങളെല്ലാം വീണ്ടും വളരെയേറെ മുന്നോട്ട് പോയിരിക്കുകയാണ്. അതിൽ നല്ല ജാഗ്രത കാണിച്ച്, നല്ല മാനേജ്മെന്റ് സംവിധാനങ്ങൾ സൃഷ്ടിച്ച് വലിയ വിജയത്തിലേയ്ക്ക് പോകാൻ കഴിയേണ്ടതുണ്ട്. ഇന്ത്യയാകെ ഒരു വെല്ലുവിളിയായി കേരളത്തെ നമ്മൾ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകാൻ പരിശ്രമിക്കുകയാണ്. കാരണം എല്ലാത്തിനും പരിഹാരം ഈ കേരളമാണെന്ന് നമ്മൾ കാണിച്ചുകൊടുക്കുമ്പോൾ പൊതുമേഖലയാകെ വിറ്റഴിച്ചുപോകുന്ന നില, പ്രത്യേകിച്ച് വിദേശികളുടെ കൈകളിലേയ്ക്ക്, സ്വാതന്ത്ര്യത്തിനുവേണ്ടി ദീർഘകാലം പോരാട്ടം നടത്തിയ ധീരരായ ദേശാഭിമാനികളെയും സ്വാതന്ത്ര്യ പോരാളികളെയും വെല്ലുവിളിച്ചുകൊണ്ട് ഈ നാട് വിദേശികളുടെ കൈകളിലേയ്ക്ക് ഏൽപ്പിച്ചുകൊടുക്കാനുള്ള സമീപനം, നവരത്നങ്ങൾ എന്നറിയപ്പെടുന്ന

സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊടുക്കാനുള്ള പരിശ്രമം നടത്തുമ്പോൾ ഈ കേരളം ഇതാ പൊതുമേഖലകളെ സംരക്ഷിച്ചുകൊണ്ട് അതിവേഗതയിൽ മുന്നോട്ട് പോകാനുള്ള പ്രത്യേക പാക്കേജ് തയ്യാറാക്കി, അതിന്റെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി മുന്നോട്ട് പോകണമെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ഇരുപത് മാസത്തിനിടയിൽ വലിയ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞുവെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ സൂചിപ്പിക്കുകയുണ്ടായി. അത് അഭിനന്ദനാർഹമായ കാര്യമാണ്. വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ സ്വീകരിക്കേണ്ട സമീപനമാണ് ഗ്രീൻ പ്രോട്ടോക്കോൾ. ഏത് വ്യവസായം ആരംഭിക്കുമ്പോഴും അവിടത്തെ വായുവിലുണ്ടാകുന്ന മാലിന്യമുൾപ്പെടെ ഒഴിവാക്കിയെടുക്കാനുള്ള, ശുദ്ധീകരിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഇത്ര മരങ്ങൾ അവിടെ വച്ചുപിടിപ്പിക്കണമെന്ന സമീപനംകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്. എല്ലാ മരങ്ങളും മുറിച്ചുമാറ്റി അവിടെ വ്യവസായങ്ങൾ ആരംഭിക്കുന്ന സമീപനത്തിനപ്പുറത്ത്, ഇതുമാത്രമല്ല, ഫ്ലാറ്റ് സമുച്ചയങ്ങളും മറ്റിതര സ്ഥാപനങ്ങൾ ആരംഭിക്കുമ്പോഴും അതിന്റെ ചുറ്റും മരങ്ങൾ വളർത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ടുമാത്രമേ അതിന് അനുമതി നൽകാവൂ എന്ന തീരുമാനം നമ്മൾ സ്വീകരിച്ചില്ലെങ്കിൽ വലിയതോതിലുള്ള വായു മലിനീകരണ ത്തിനുള്ള സാദ്ധ്യതയുണ്ട്. അത് നിയമാനുസരണം നടപ്പിലാക്കുന്ന സമീപനം കൂടി ഇതിന്റെ ഭാഗമായി വരണമെന്ന് സൂചിപ്പിച്ചുകൊണ്ടും ഈ ഭേദഗതി അവതരിപ്പിച്ചു കൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുതൽ ശ്രീ. ഇ. കെ. വിജയൻ വരെയുള്ള ബഹുമാനപ്പെട്ട പതിമൂന്ന് എം.എൽ.എ.-മാർ ഈ ബില്ലിന്റെ വിയോജനക്കുറിപ്പും നിരാകരണപ്രമേയവും ഭേദഗതിയുമൊക്കെയായി ഇവിടെ സംസാരിക്കുകയുണ്ടായി. പൊതുവിൽ ബില്ലിന്റെ ഉള്ളടക്കത്തെ സ്വാഗതം ചെയ്ത് ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് സംസാരിച്ച എല്ലാ അംഗങ്ങളും മുന്നോട്ടുവച്ചത്. ഇത് സംബന്ധിച്ച് വ്യത്യസ്ത സബ്ജക്ട് കമ്മിറ്റികളിലായി ഏകദേശം അൻപതോളം എം.എൽ.എ.-മാർ ചർച്ചകളിൽ പങ്കെടുത്ത് ഈ നിയമത്തെ സമ്പുഷ്ടമാക്കാനുള്ള നിർദ്ദേശങ്ങളും ചർച്ചകളും ബോദ്ധ്യപ്പെടലുകളുമൊക്കെ ഉണ്ടായതാണ്. ക്ലോസ് ബൈ ക്ലോസിൽ അറുന്നൂറിൽ പരം ഭേദഗതികളുള്ളതിനാൽ ഇവിടെ പറഞ്ഞ കാര്യങ്ങളുടെ വിശദീകരണത്തിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ശരിയായ തരത്തിലുള്ള വിലയിരുത്തലുകളുണ്ടായിയെന്ന് ഞാൻ പറയുകയുണ്ടായി. അതിൽ കേരളത്തിലെ ഒരു പൊതുസ്ഥിതി, മാനവ വികസന സൂചികയിലെ കണക്കനുസരിച്ച് നമ്മൾ എല്ലാ കാര്യത്തിലും മുൻപന്തിയിലാണെന്നാണ് മനസ്സി ലാകുന്നത്. എന്നാൽ വ്യവസായ വളർച്ചയെ സംബന്ധിച്ചിടത്തോളം മറ്റ് സംസ്ഥാ

നങ്ങൾക്കൊപ്പം മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ലെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. അതിന് പലവിധ കാരണങ്ങളുമുണ്ടാകാം. ജനസാന്ദ്രതയും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മറ്റ് അസൗകര്യങ്ങളുമൊക്കെ ഇതിലെ ഘടകങ്ങളായി വന്നിട്ടുണ്ടാകും. പ്രവാസി ഭാരതീയരുടെ പങ്ക് കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് സഹായകമായിരുന്നു. പക്ഷേ, നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, അത് പടിപടിയായി കുറഞ്ഞ് വരുന്ന സാഹചര്യമാണ് ലോകത്ത് കാണാൻ കഴിയുന്നത്. അതുകൊണ്ട് കേരളത്തിന്റെ തനതായ സാമ്പത്തിക വളർച്ചയ്ക്ക് അനുകൂലമായൊരു സാഹചര്യമൊരുക്കി സാമ്പത്തിക വളർച്ചയുടെ പ്രധാന ഘടകങ്ങളിലൊന്നായ വ്യവസായ പുരോഗതിക്ക് നമ്മൾ ഊന്നൽ നൽകണം എന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലൊരു നിയമനിർമ്മാണം ആവശ്യമായി വരുന്നത്. പൊതുവിൽ വ്യവസായവൽക്കരണത്തിന് പല കാരണങ്ങളോടൊപ്പം തടസ്സമായി നിന്ന ഒരു ഘടകം പലവിധ നിയമങ്ങളുടെ ഭാഗമായുള്ള ഭരണ സംവിധാനത്തിലെ സങ്കീർണ്ണതകളും കാലതാമസവുമാണ്. അതിനെ മറികടക്കാൻ വേണ്ടിയുള്ളൊരു പരിശ്രമമാണ്, ease of doing business-ന്റെ ഭാഗമായ ഏഴ് നിയമങ്ങളിലെ ഈ ഭേദഗതി. നമ്മുടെ റാങ്കിംഗിനെക്കുറിച്ച് ഇവിടെ സംസാരിച്ചു. നമ്മൾ 27-ാം സ്ഥാനത്തല്ല, 21-ാം സ്ഥാനത്താണ്. അത് മെച്ചപ്പെട്ട ഒരു റാങ്കല്ല. മെച്ചപ്പെട്ട ഒരവസ്ഥയിലേയ്ക്ക് എത്തണമെന്നാണ് നമ്മുടെയെല്ലാം ആഗ്രഹം. മറ്റ് സംസ്ഥാനങ്ങളുമായി മത്സരിച്ച് കേരളത്തിന്റെ അനുകൂലമായ സമാധാനാന്തരീക്ഷം പ്രയോജനപ്പെടുത്തി വ്യവസായ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനാവശ്യമായ സൗകര്യം സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായിട്ടാണ് നിയമങ്ങളിൽ ഈ മാറ്റം നമ്മൾ രൂപപ്പെടുത്തിയിട്ടുള്ളത്. Ease of doing business-ൽ മൂന്ന് തട്ടുകളിലായി ഇതിന്റെ പ്രവർത്തനത്തെ സംഘടിപ്പിക്കാനാകും. ആദ്യത്തേത് നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുക, രണ്ടാമത്തേത്, അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി ഡിജിറ്റലൈസേഷൻ നടത്തുക; കാലതാമസം ഒഴിവാക്കുന്നതിന് അതും അനിവാര്യമായ കാര്യമാണ്. ഇന്റലിജൻസ് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ അംഗീകരിക്കുന്ന ഒരു ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റംകൂടി നമുക്ക് ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കാലതാമസം ഒഴിവാക്കാൻ ഈ നിയമ ഭേദഗതികൾക്കൊപ്പം ആ കാര്യങ്ങൾ കൂടി നമുക്ക് വികസിപ്പിച്ചെടുക്കാൻ കഴിയണം. ഇതിനെല്ലാമുപരി, ഉദ്യോഗസ്ഥരുടെ മനോഭാവത്തിന് മാറ്റമുണ്ടാകണം. Mindset എന്ന വാക്കാണ് പലരും ഉപയോഗിച്ചത്. ഉദ്യോഗസ്ഥരുടെ സമീപനത്തിലുള്ള മാറ്റം മാത്രമല്ല, വ്യവസായി എന്നാൽ വൻകിടക്കാരൻ എന്ന സങ്കൽപ്പത്തിൽ മുതലാളിയായി കണ്ട് ചെറിയ നിക്ഷേപമുള്ളവരെപ്പോലും വൻകിടക്കാരന്റെ ഗണത്തിൽപ്പെടുത്തുന്ന മനോഭാവത്തിന്, ആ mindset-ൽ മാറ്റം വരുത്തേണ്ടതുണ്ട്. അത്തരമൊരു നെഗറ്റീവ് ആറ്റിറ്റ്യൂഡ് മാറ്റിയെടുക്കാൻ കഴിയുമ്പോഴാണ് ഈ

നിയമത്തിന്റെ ഭാഗമായി മെച്ചപ്പെട്ട രീതിയിൽ കർമ്മപരിപാടികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകാൻ നമുക്ക് കഴിയുന്നത്. ഇതുമായി ബന്ധപ്പെട്ട് വിയോജനക്കുറിപ്പ് നൽകിയവർ ആ വിഷയം ഇവിടെ ഉന്നയിക്കുകയുണ്ടായി. ജില്ലാതല ഏകജാലക ക്ലിയറൻസ് ബോർഡുകൾ രണ്ട് ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായങ്ങളെയാണ് പരിഗണിച്ചിരുന്നത്. അത് 15 കോടി രൂപ വരെയാക്കി. അത് വലിയൊരു മാറ്റമാണെന്ന രീതിയിലാണ് ഇവിടെ ഉന്നയിച്ചത്. എം.എസ്.എം.ഇ.-കളുടെ മൂലധനത്തിൽ, നിലവിൽ മൈക്രോ എന്നുപറയുന്നത് 5 കോടി രൂപ വരെയാണ്. ജില്ലാതലം വരെ സ്മാൾ ഇൻഡസ്ട്രിക്ക് മൂലധന നിക്ഷേപം 10 കോടി രൂപയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്മാൾ ഇൻഡസ്ട്രിക്ക് 75 കോടി രൂപ വരെ കണക്കാക്കുന്ന രീതിയിലാണ് ചെയ്യുന്നത്. നമ്മൾ അവിടേയ്ക്ക് പോകുകയല്ല. നിലവിൽ 2 ലക്ഷം രൂപ മുതൽ 10 കോടി രൂപ വരെയുണ്ടായിരുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് 10 കോടി രൂപ എന്നുള്ളത് 15 കോടി രൂപയിലേയ്ക്ക് വർദ്ധിക്കുകയാണ്. 2000-ലാണ് അതുണ്ടായത്. 15 കോടി രൂപയുടേത് കാലാനുസൃതമായ ഒരു മാറ്റമാണ്. അതിന്റെ ഭാഗമായി രാജ്യം മുഴുവൻ വ്യവസായങ്ങൾ തുടങ്ങി പ്രശ്നങ്ങളുണ്ടാക്കാൻ ഉദ്ദേശിച്ചുള്ളതല്ല. അതുപോലെ 15 കോടി രൂപ മൂലധനമുള്ള നിക്ഷേപങ്ങൾ മാത്രമാണ് ജില്ലാതല ഏകജാലക ബോർഡുകളിൽ പരിഗണിക്കാൻ നമുക്ക് കഴിയുന്നത്. അതിന് മുകളിലുള്ളത് ജില്ലാതലത്തിൽ പരിഗണിക്കുന്നില്ല, സംസ്ഥാന ഏകജാലക ബോർഡാണ് പരിഗണിക്കുന്നത്. ശരിയായ പരിശോധനയ്ക്കുശേഷം മാത്രമാണ് ജില്ലാതല ബോർഡ് ഇതിന് അനുമതി നൽകുന്നത്. ഇതോടൊപ്പമാണ് കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റിന്റെ 4 (5)-ാം ഉപവകുപ്പിൽ ലൈസൻസുകളുടെ കാലാവധി ഒരു വർഷത്തിൽ നിന്നും മൂന്ന് വർഷമായി വർദ്ധിപ്പിച്ചിരിക്കുന്ന കാര്യം പറഞ്ഞിട്ടുള്ളത്. ലൈസൻസ് എല്ലാ വർഷവും പുതുക്കുന്നതിനുപകരം ആദ്യഘട്ടത്തിൽ മൂന്ന് വർഷവും അതിനെ തുടർന്ന് ഓരോ വർഷവും പുതുക്കണമെന്നതന്നെയാണ്. ബന്ധപ്പെട്ട വകുപ്പിലെ വ്യവസ്ഥയിൽ നിലവിൽ മൂന്ന് വർഷം തന്നെയാണുള്ളത്. ആ വ്യവസ്ഥയനുസരിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഉദ്യോഗസ്ഥന് ഇത് പരിശോധിക്കാനുള്ള അവകാശം എടുത്തുകളഞ്ഞിട്ടില്ല. ലിഫ്റ്റുകളും എസ്കലേറ്ററുകളും നിയമത്തിൽ ആ വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുകയാണ്. അതുകൊണ്ട് സുരക്ഷിതത്വമില്ലായ്മ എന്നൊരു പ്രശ്നവും അതിന്റെ ഭാഗമായി പരിശോധനയില്ലായ്മ എന്നുള്ള വിഷയവും വരില്ല. പക്ഷേ ആദ്യഘട്ടത്തിൽ ഇതും സുതാര്യമാക്കുന്നതിന്റെയും ലളിതമാക്കുന്നതിന്റെയും ഭാഗമായിട്ടാണ് ഇങ്ങനെയൊരു രീതി സ്വീകരിച്ചത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് 7-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിക്കാനുള്ള ഒരു വ്യവസ്ഥ ഇപ്പോഴും ആ നിയമത്തിലുണ്ട്. പിന്നീടുവന്ന ഒരു പ്രധാനപ്പെട്ട വിഷയം, 1994-ലെ പഞ്ചായത്തീരാജ് ആക്റ്റിലെ സെക്ഷൻ 233 (3) പ്രകാരം ഡി. ആൻഡ് ഒ. ലൈസൻസ് അനുവദിക്ക

ന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിന്നും എടുത്തുകളഞ്ഞു എന്നതാണ്. അധികാര വികേന്ദ്രീകരണത്തിനെതിരായ നിലപാട് സ്വീകരിക്കുന്നുവെന്നുള്ളതാണ് മറ്റൊരു വിഷയം. അധികാര വികേന്ദ്രീകരണത്തിന്റെ മറ്റ് വിഷയങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോഴാണ് അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ, സ്ത്രീ സംവരണം ഉൾപ്പെടെ, ഇന്ത്യക്ക് മാതൃകയായ നിയമമുണ്ടായത്. അതിൽ എന്തെങ്കിലും വിട്ടുവീഴ്ച ഇടതു മുന്നണിയുടെ സർക്കാരുകൾ ഒരുകാലത്തും ചെയ്തിട്ടില്ല. ആ അധികാരമൊക്കെ ഇപ്പോൾ ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. പഞ്ചായത്തീരാജ് കൂടാതെ 1996-ലെ ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഡി. ആൻഡ് ഒ. ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷയുടെ കാര്യത്തിൽ തീർപ്പുകൽപ്പിക്കുന്നത് പ്രസിഡന്റ് തന്നെയാണ്. അതിലും ഭേദഗതി വരുത്തിയിട്ടില്ല. 1994-ലെ മുനിസിപ്പാലിറ്റി ആക്ടിൽ സെക്ഷൻ 447, 448 എന്നിവ പ്രകാരം ഡി. ആൻഡ് ഒ. ലൈസൻസ് നൽകുന്നതിനുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമാണ്. കൂടാതെ 2011-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ആപൽക്കരവും അസഹ്യവുമായ വ്യാപാരത്തിന്റെ അല്ലെങ്കിൽ പ്രവൃത്തിയുടെ കാര്യത്തിൽ അപേക്ഷ തീർപ്പുകൽപ്പിക്കേണ്ടതും കൗൺസിലാണ്. അത്തരം അധികാരത്തിലൊന്നും ഭേദഗതി വരുത്തിയിട്ടില്ല. ഈ നിയമത്തിൽ തന്നെയുള്ള ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിലേയ്ക്ക് പോകുമ്പോൾ നമുക്കത് അറിയാൻ കഴിയും. നിലവിലുള്ള നിയമത്തിൽതന്നെ സെക്രട്ടറിക്ക് ലഭിച്ച അപേക്ഷ കൗൺസിലിന്റെ അംഗീകാരത്തിന് വയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അങ്ങനെയാണ് മാറ്റം വരുത്തിയിട്ടുള്ളത്. വളരെ വേഗത്തിൽ അത് പ്രാവർത്തികമാക്കണം; 30 ദിവസംകൊണ്ട് അതിൽ തീരുമാനമുണ്ടാകണം; അപേക്ഷ ലഭിച്ചാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ, 5 ദിവസം കൊണ്ട്, പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കണം തുടങ്ങിയ വ്യവസ്ഥകളൊക്കെയാണ് അതിലുള്ളത്. അല്ലാതെ അധികാര വികേന്ദ്രീകരണത്തിന്മേൽ കേന്ദ്രീകരണം കൊണ്ടുവരാൻ ഒരു പരിശ്രമവും ഇതിന്റെ ഭാഗമായി ഈ നിയമത്തിലുണ്ടായിട്ടില്ല.

ചുമട്ടുതൊഴിലാളി നിയമവുമായി ബന്ധപ്പെട്ട കാര്യത്തിലാണ് മറ്റൊരു ആക്ഷേപം ഇവിടെ വന്നത്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്ന വേളയിൽ പുറത്ത് മാത്രമല്ല ഇവിടെയും അത്തരം അഭിപ്രായങ്ങളുണ്ടായിട്ടുണ്ട്. ഇത് നിലവിൽ സ്കീം പ്രദേശത്തുള്ള തൊഴിലാളികളുടെ തൊഴിലുൾപ്പെടെ നഷ്ടപ്പെടുത്തുന്നതാണ് എന്നുള്ള ആക്ഷേപം ഇപ്പുറത്തുനിന്നും അപ്പുറത്തുനിന്നും ഉണ്ടായതാണ്. അതിന്റെ ഭാഗമായിട്ടാണ് അതിൽ ഒരു വ്യവസ്ഥ കൊണ്ടുവന്നത്. അതിന്റെ അർത്ഥം ചുമട്ടുത്തൊഴിലാളികളും ഈ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ ആളുകളും പിശകാണ് എന്നുള്ള

ഒരഭിപ്രായം ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ല പ്രകടിപ്പിച്ചത് ശരിയായോ? തൊഴിലാളികൾ അക്രമികളും പിടിച്ചുപറിക്കാരുമാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ ഗർഭിണിയായി നടക്കുന്ന ഒരു സ്ത്രീയെപ്പോലും ഉപമിച്ചു. ചുമട്ടുതൊഴിലാളി മേഖലയിൽ മാത്രമല്ല മറ്റ് മേഖലയിലും അത്തരം പ്രശ്നങ്ങളുണ്ട്. അതിനെ സാമാന്യവൽക്കരിച്ച് ഇവരാകെ മോശക്കാരാണെന്ന് ചിത്രീകരിക്കേണ്ട ആവശ്യമില്ല. പക്ഷേ ചില പ്രശ്നങ്ങളുണ്ട്. ആ പ്രശ്നത്തിൽ നിയമവിധേയമായി നമുക്ക് ഇടപെടാൻ കഴിയുന്നിടത്തോളം ഇടപെടാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാനത്തെ അംഗീകൃത ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ സർക്കാരിന്റെ നിലപാട് പറഞ്ഞല്ലോ; ആ നിലപാട് തൊഴിലാളികളെ ബോദ്ധ്യപ്പെടുത്താൻ, നേരത്തേ ഇവിടെ പറഞ്ഞ മൈൻഡ്സെറ്റിന്റെ പ്രശ്നം തന്നെയാണ്. നിലവിൽ ചില പ്രശ്നങ്ങളുള്ള പ്രദേശത്ത് ബോദ്ധ്യപ്പെടുത്താൻ ആവശ്യമായ സമയം യൂണിയനുകൾക്ക് വേണം. അതിന്റെ ഭാഗമായി തയ്യാറെടുപ്പുകൾക്കുവേണ്ടിയുള്ള സമയം അനുവദിച്ചിട്ടുണ്ട്. അതിനിടയ്ക്കുണ്ടായ ഒറ്റപ്പെട്ട സംഭവം മാത്രം പർവ്വതീകരിച്ച് പോകുന്നത് ശരിയല്ല. അതിൽ തെറ്റുണ്ടെങ്കിൽ അതിനെതിരായ നടപടികൾ സ്വീകരിക്കുമെന്ന് ഇവിടെ പറഞ്ഞല്ലോ; തീർച്ചയായും അത്തരമൊരു സാഹചര്യത്തിൽ തെറ്റായ നിലപാട് സ്വീകരിക്കുന്ന ഏതെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടെങ്കിൽ അത് തിരുത്താൻ കേരളത്തിലെ എല്ലാ യൂണിയനുകളും തയ്യാറാണ്. ഒരു യൂണിയനും അതിൽ എതിർപ്പ് പറഞ്ഞിട്ടില്ല; അവർ തയ്യാറാണ്. ആ നിലപാടിലാണ് നിൽക്കുന്നത്. തുടർന്ന് ഈ തീരുമാനത്തിനെതിരായി നിൽക്കുന്ന തെറ്റായ നിലപാട് സ്വീകരിക്കുന്നവർക്കെതിരായി കടുത്ത നിയമനടപടികൾ സ്വീകരിക്കണമെന്നുള്ള കാര്യത്തിലും പൊതുവായ യോജിപ്പാണുള്ളത്. ഇവിടെ ഈ വിഷയം വന്നപ്പോൾ സ്കീമിലുള്ള തൊഴിലാളികളുടെ തൊഴിൽപോലും നഷ്ടപ്പെടുമെന്നൊരു സാഹചര്യത്തിൽ ചിലർ കോടതിയിൽ പോകാൻ തുടങ്ങിയപ്പോഴാണ് സ്കീമിലുള്ളവർക്കും രജിസ്റ്റേർഡ് തൊഴിലാളികൾക്കും ചെയ്യാൻ കഴിയുന്ന തൊഴിലാണെങ്കിൽ അത് ഈ സ്ഥാപനത്തിന്റെ ഉടമ നൽകണം എന്നുവന്നത്. നിശ്ചിത വേജസിനെക്കുറിച്ചും പറയുന്നുണ്ട്. അവർ ആവശ്യപ്പെടുന്ന കൂലിയല്ല, ഓരോ ജില്ലയിലും ട്രൈ പാർട്ടി എഗ്രിമെന്റിന്റെ ഭാഗമായുണ്ടാക്കുന്ന കൂലി വ്യവസ്ഥകളുണ്ട്. അതിനെത്തുടർന്നാണ് ആ കൂലി വ്യവസ്ഥകൾക്ക് വിധേയമായുള്ള കൂലി മാത്രമേ വാങ്ങാൻ കഴിയൂ എന്ന് വ്യവസ്ഥപ്പെടുത്തിയത്. കൂലി വ്യവസ്ഥ പറഞ്ഞിട്ടുണ്ട്, ഈ തൊഴിലാളികൾക്ക് ചെയ്യാവുന്ന ജോലികൾക്ക് അവരെ ഉപയോഗിക്കണം; മറ്റ് വൈദഗ്ദ്ധ്യം വേണ്ട തൊഴിലുകളുണ്ട്. ചുമട്ടുതൊഴിലാളിയായി എന്നുള്ളതുകൊണ്ട് മാത്രം എല്ലാവർക്കും ചെയ്യാൻ കഴിയില്ല. വളരെ സൂക്ഷിച്ച് ചെയ്യേണ്ട ജോലി ചിലപ്പോഴുണ്ടാകും. യന്ത്രസാമഗ്രികളുടെ സഹായത്തോടെ ഇറക്കേണ്ട ചില സാധനങ്ങളുണ്ടാകും. ആ കാര്യങ്ങൾ ഈ ബില്ലിൽ ഉറപ്പുവരുത്തി. അതിൽ തൊഴിലാളിക്ക് വിരുദ്ധമായതുമില്ല,

മുതലാളിക്ക് അനുകൂലമായതുമില്ല. ഒരു യാഥാർത്ഥ്യബോധത്തോടെ ആ പ്രശ്നത്തെ നോക്കിക്കാണുകയാണ് ചെയ്യുന്നത്. ചുമട്ടുതൊഴിലാളി മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങളെയാകെ സാമാന്യവൽക്കരിച്ച് പോകേണ്ടതില്ല. ഇത്തരം തെറ്റായ പ്രവണതകളെ കൈകാര്യം ചെയ്യേണ്ടത് നമ്മൾ ഒരുമിച്ചാണ് എന്ന് ട്രേഡ് യൂണിയനുകളാകെ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള സ്ഥിതിയുണ്ട്. ഇവിടെ വന്ന മറ്റ് പ്രശ്നങ്ങൾ ധാരാളമുണ്ട്. അതിലേയ്ക്കൊന്നും ഞാൻ കൂടുതലായി കടക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ നിയമത്തിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങൾ മാത്രമല്ല ബാങ്കിന്റെ ലോൺ, ധനകാര്യ സ്ഥാപനങ്ങളുമായിട്ടുള്ള ബന്ധം ഉൾപ്പെടെയുള്ള കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ഇതിന്റെ ഭാഗമായി നമുക്ക് അതൊക്കെ പരിശോധിക്കേണ്ടതാണ്. അതിൽ നമുക്കുള്ള പ്രതിബന്ധം കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് വിഘാതമാകുന്ന നിലപാടുകൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുവെന്നതാണ്. വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇന്ന് വൈകുന്നേരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എച്ച്.എൻ.എൽ.-മായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ നിലപാടിനെതിരായി സർവ്വകക്ഷി യോഗം വിളിച്ചിരിക്കുകയാണ്. ഇതുമാത്രമല്ല, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കാര്യം ഞാൻ പറഞ്ഞു; അക്കാര്യത്തിൽ തീരുമാനമായി. 53 കോടി രൂപ അവർക്ക് നൽകണം. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് നമ്മൾ ഏറ്റെടുക്കണമെന്നുള്ള അവസ്ഥയിൽ എത്തിയിരിക്കുകയാണ്. കാസർഗോഡുള്ള കമ്പനിയുടെ ചർച്ച ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. ജോയിന്റ് വെഞ്ച്വർ ഉപേക്ഷിച്ചു പോകുകയാണ്, അത് ഏറ്റെടുക്കാൻ വേണ്ടിയുള്ള നടപടികളിലേയ്ക്ക് പോകുകയാണ്. കേന്ദ്ര സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിനെതിരായി പൊതുമേഖലയെ സംരക്ഷിക്കലാണ് കേരളത്തിലെ ഈ സർക്കാരിന്റെ ഒരു ബദൽ എന്നുപറയുന്നത്. അതിന്റെ അർത്ഥം സ്വകാര്യ നിക്ഷേപങ്ങൾ വരേണ്ടതില്ല എന്നല്ല, സ്വകാര്യ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് വരേണ്ടതുണ്ട്. ഈ നിയമം മാത്രമല്ല, കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി വഴിയുൾപ്പെടെ സർക്കാർ ചെയ്യുന്ന വലിയ പദ്ധതികളുണ്ട്. ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. നമ്മുടെ ഏജൻസികളായ കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവയിൽ ഏതിനായാലും ദൗർബല്യങ്ങളുണ്ടാകാം, പക്ഷേ അവരൊക്കെ ഇപ്പോൾ നല്ല പരിശ്രമത്തിലാണ്. അടിസ്ഥാന വികസനത്തിന് സ്ഥലം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ വലിയ പരിശ്രമങ്ങൾ നടക്കുകയാണ്. അക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും ഇച്ഛാശക്തിയുടെ കുറവ് കാണിച്ചിട്ടുണ്ടോ? ഗെയിലിന്റെ പ്രശ്നമുണ്ടായി; കേരളത്തിൽ നിന്നും മംഗലാപുരം വരെയും ഇപ്പുറത്ത് കോയമ്പത്തൂരിലേയ്ക്കും പോകേണ്ട ഗെയിൽ ലൈനിന്റെ കാര്യത്തിൽ നാട്ടിൽ പ്രശ്നമുണ്ടായി. അതിന് ചർച്ച ചെയ്ത് പരിഹാരം

കണ്ടു. അതിൽ സർക്കാർ ക്രിയാത്മകമായിട്ടാണ് ഇടപെട്ടത്, അത് പ്രാവർത്തികമാകണമെന്ന് സർക്കാരിന് ആഗ്രഹമുണ്ട്. ആ നിലപാടല്ലേ സ്വീകരിച്ചത്? ദേശീയ പാതാ വികസനത്തിന്റെ കാര്യത്തിലും നമുക്ക് ഇത്തരമൊരു നിലപാട് സ്വീകരിക്കാതെ ഒരവസരത്തിലും മാറിനിൽക്കാൻ കഴിയില്ല.

ഞങ്ങൾ ഒരുപാട് മാറിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞത്. അതിന് അദ്ദേഹം ഉദാഹരണമായി പറഞ്ഞത് പഴയ കാലത്തെ സംഭവങ്ങളാണ്. അത് രാഷ്ട്രീയമായി പ്രയോജനപ്പെടുത്തുന്ന ഒരു കാര്യമെന്നുള്ള നിലയ്ക്ക് പ്രയോജനപ്പെടുത്തുകയാണ്. കമ്പ്യൂട്ടറും ട്രാക്ടറുമെന്നൊക്കെ പറയുന്ന വിഷയത്തിന്റെ ഉള്ളടക്കത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. തീർച്ചയായും കേരളത്തിന്റെ വ്യാവസായിക വികസനത്തിന്, നേരത്തെ ഇവിടെ ആരോ സൂചിപ്പിച്ചതുപോലെ 1957-ൽ, സ്വകാര്യ വ്യവസായിയെ കൊണ്ടുവന്ന് കേരളത്തിൽ വ്യവസായം തുടങ്ങിയത് ഇ.എം.എസ്.-ന്റെ സർക്കാരല്ലേ? ഒരു മാതൃകയും ഞങ്ങൾക്കില്ലാതിരുന്ന കാലഘട്ടമായിരുന്നു അത്. അത്തരം സംഭവങ്ങളുമുണ്ട്. വ്യവസായ വികസനത്തിന്റെ കാര്യത്തിൽ ഇപ്പോഴും സ്വീകരിക്കുന്ന സമീപനം അതാണ്. സ്വകാര്യ നിക്ഷേപം വരണം; അതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. ചെറുകിട-വൻകിട വ്യവസായങ്ങളും സ്റ്റാർട്ടപ്പുകളുമൊക്കെ ഇവിടെ വിശേഷിപ്പിച്ച കാര്യമാണ്. അവയെയൊക്കെ പ്രോത്സാഹിപ്പിക്കാൻ വലിയ പരിശ്രമമാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലാണ് ഐ.ടി. സംരംഭകരുടെ ലോക കോൺഫറൻസ് കഴിഞ്ഞ ദിവസം കൊച്ചിയിൽ നടന്നത്. നല്ല പ്രതികരണമായിരുന്നു. ഐ.ടി. ഇതര മേഖലകളിലും സ്റ്റാർട്ടപ്പിന്റെ സാഹചര്യം പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതിയുണ്ട്. ഇവിടെ വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു, അഗ്രി ഫുഡ് പ്രോഡക്ടും മറ്റും നിർമ്മിക്കുന്ന വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് ചിലർ പറഞ്ഞു. വ്യവസായ പാർക്ക് ആരംഭിക്കുകയാണ്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം തീരുകയാണ്. ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാനുള്ള ക്രിയാത്മകമായ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. ഞാൻ പറയുന്നത്, ഒരു ദിവസംകൊണ്ട് ആരംഭിക്കാൻ കഴിയുന്നതല്ല, അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഇത്തരം കാര്യങ്ങൾ ഉയർത്തിക്കൊണ്ടു വരികയാണ്. അപ്പോൾ തീർച്ചയായും അത്തരം സൗകര്യങ്ങളുടെ കൂടി ഭാഗമായി കേരളത്തിലെ വ്യവസായ വികസനവുമായി ബന്ധപ്പെട്ട കാര്യത്തിൽ നമുക്ക് ഒരു ചുവട് മുന്നോട്ടുവയ്ക്കാൻ കഴിയും, മാറ്റങ്ങളുണ്ടാക്കാൻ കഴിയും. നേരത്തെ പറഞ്ഞതു പോലെ, നമ്മുടെ രാജ്യത്തെ തലച്ചോറിനെ കേരളത്തിൽ കുറെയെങ്കിലും പ്രയോജനപ്പെടുത്താൻ, ലോക മലയാള സഭയിലും നിക്ഷേപത്തിന്റെ കാര്യത്തിലും തലച്ചോറിന്റെ കാര്യത്തിലുമൊക്കെ പ്രയോജനം ചെയ്യുന്ന നിർദ്ദേശങ്ങളാണ്

ഉണ്ടായിട്ടുള്ളത്. അതിന് ക്രിയാത്മകമായ പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ആ ക്രിയാത്മകമായ പദ്ധതി നടപ്പിലാക്കുകയാണ്. ഞാൻ മുൻ സർക്കാരിനെ വിമർശിക്കാനൊന്നുമില്ല, ജിം ഉൾപ്പടെയുള്ള കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ജിം-ൽ വന്ന നിക്ഷേപങ്ങളുടെയും അതിന് ചെലവഴിച്ച പണത്തിന്റെയും അതുമായി ബന്ധപ്പെട്ട് ഇന്നത്തെ റിസൽട്ടും പരിശോധിക്കണ്ടേ? ഇവിടെ വ്യവസായ മേഖലയിൽ ഈ രണ്ട് വർഷക്കാലംകൊണ്ട് 9000 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. കിൻഫ്രയും ചെറുകിട വ്യവസായങ്ങളും കെ.എസ്.ഐ.ഡി.സി.യുമൊക്കെയായി ബന്ധപ്പെട്ടും നിക്ഷേപം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അത് മതിയെന്നല്ല ഞാൻ പറയുന്നത്, വലിയ വർളച്ചയിലേയ്ക്ക് നമുക്ക് പോകണം, പുതിയ സാഹചര്യങ്ങളുണ്ടാകണം. ആഗ്രഹത്തിനോടൊക്കെ നമുക്ക് യോജിച്ച് നിൽക്കാനാകും. 9,177 കോടി രൂപയുടെ നിക്ഷേപമാണ് ഉണ്ടായിട്ടുള്ളത്. ഇതിന്റെ ഭാഗമായി പൊല്യൂഷൻ കൺട്രോൾ ബോർഡിനെക്കുറിച്ച് ഒരു കമന്റ് വന്നു. നല്ല വ്യവസായം <u>നടത്തുന്നവർക്ക്</u> ഒരു ആദരവ് നൽകുന്നത് നല്ലതല്ലേ; എന്റെ അഭിപ്രായം അതാണ്. അത് പൊല്യൂഷൻ കുറഞ്ഞ അല്ലെങ്കിൽ പൊല്യൂഷൻ നിയന്ത്രിക്കാൻ ശ്രമിക്കുന്ന സ്ഥാപനങ്ങൾക്കാണ്. അതിന്റെ പുറകിൽ എന്തിനാണ് ഇരുട്ടത്ത് ഇല്ലാത്ത കരിമ്പൂച്ചയെ തപ്പാൻ നടക്കുന്നത്? എന്തെങ്കിലും പ്രശ്നങ്ങൾ പ്രത്യക്ഷത്തിൽ വരുന്നുണ്ടെങ്കിൽ, അടച്ച് പറയുന്നത് ശരിയല്ല, അതാണ് ഞാൻ പറയുന്നത്. കേരളത്തിലെ മിക്കവാറും എല്ലാ മാധ്യമങ്ങളും വ്യവസായികളെയും പ്രത്യേക തലങ്ങളിലുള്ളവരെയും ഐ.ടി. സംരംഭകരെയുമൊക്കെ പ്രോത്സാഹിപ്പിക്കാൻ അവാർഡ് നൽകുന്നില്ലേ? അതിന്റെ പുറകിലെന്താണ്; അവരുടെ പത്രത്തിന്റെ താൽപ്പര്യം കൊണ്ടാണെങ്കിൽപ്പോലും കേരളത്തിൽ അതിനെ പ്രൊമോട്ട് ചെയ്യാൻ ശ്രമിക്കുന്നു. അവാർഡ് ലഭിക്കുമ്പോൾ അതൊരു പ്രചോദനമാണ്. അത് പ്രയോജനപ്പെടുത്തി കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന രീതിയിൽ അതിനെ കണ്ടാൽ മതി. പൊല്യൂഷൻ കൺട്രോൾ ബോർഡിൽ ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവരെ നിയമിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. അത് സുപ്രീംകോടതിയുടെ നിർദ്ദേശമായിരുന്നു. ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവരെ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 12-4-2018 ആണ്. ഇതാണ് അതിന്റെ സ്ഥിതി. അതിനൊരു പുകമറ സൃഷ്ടിക്കേണ്ട കാര്യമില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ ഇവിടെ സൂചിപ്പിച്ച ഒരു കാര്യം, പൊല്യൂഷൻ കൺട്രോൾ ബോർഡ് നൽകുന്ന അവാർഡിൽ, അവാർഡ് നിർണ്ണയ സമിതിയിൽ മഹാഭൂരിപക്ഷവും ആ ബോർഡിലെ അംഗങ്ങൾ തന്നെയാണ്. നമ്മുടെ സംസ്ഥാനത്തിന് വെളിയിലുള്ള വിദഗ്ധരെ കൊണ്ടുവന്നാൽ ആ അവാർഡ്

നിർണ്ണയ സമിതി കുറെക്കൂടി നിഷ്പക്ഷവും കാര്യക്ഷമവും സത്യസന്ധവും ആകുമെന്നു ള്ളതുകൊണ്ട് ഇങ്ങനെയുള്ള അവാർഡ് നിർണ്ണയ രീതി ശരിയാണോയെന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇതുവരെ നൽകിയ അവാർഡുകളിൽ എന്തെങ്കിലും പിശകുണ്ടെന്ന് ഞാൻ കരുതുന്നില്ല. അങ്ങയുടെ നിർദ്ദേശം പരിശോധിക്കാവുന്ന ഒരു കാര്യമാണ്. ഇവിടെ ഞാൻ പരിസ്ഥിതി പ്രശ്നവുമായി ബന്ധപ്പെട്ട കാര്യമാണ് പറഞ്ഞത്. എല്ലാ വ്യവസായങ്ങളും വന്ന് കേരളത്തിന്റെ പരിസ്ഥിതിയാകെ തകരാറിലായിപ്പോകുകയാണ്. അങ്ങനെയുള്ള ഒരു സമീപനമാണ് ഈ സർക്കാരിനുള്ളത്. നമ്മുടെ ജലാശയങ്ങളെ സംരക്ഷിക്കാനുള്ള പ്രവർത്തനം, കൃഷി നിലങ്ങൾ വീണ്ടെടുക്കാനുള്ള പ്രവർത്തനം ഇതൊക്കെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായിട്ടല്ലേ? രണ്ട് ജില്ലകളിൽ അൽപ്പം കുറഞ്ഞിട്ടുണ്ടെങ്കിലും പൊതുവിൽ വന വിസ്തൃതി കൂടിയ സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുവേണ്ടി വൃക്ഷം വച്ചുപിടിപ്പിക്കണമെന്ന ക്യാമ്പയിൻ ഞാനും നിങ്ങളുമൊക്കെ ഏറ്റെടുത്ത് നടത്തുന്നത് കേരളത്തിലാണ്. അപ്പോൾ സ്വാഭാവികമായും ഇതിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണത്തിനുള്ള ബദൽ പരിപാടികളും കേരളത്തിൽ നടക്കുകയല്ലേ; ഞാൻ വിശദീകരണങ്ങളിലേയ്ക്ക് പോകുന്നില്ല. അത്തരം പാരിസ്ഥിതിക പ്രശ്നങ്ങളെ അഡ്രസ് ചെയ്ത്, എല്ലാ വ്യവസായ സ്ഥാപനങ്ങളും കൊണ്ടുവന്ന് പ്രശ്നങ്ങൾ ഉണ്ടാക്കുകയാണല്ലോ; ഇതിന്റെ പേരുപറഞ്ഞ് സാദ്ധ്യമായത് നിഷേധിക്കാനാകില്ല. ഖനനവുമായി ബന്ധപ്പെട്ട് ഇവിടൊരു വാദഗതിയുണ്ടായി. അതുമായി ബന്ധപ്പെട്ട് രണ്ട് അഭിപ്രായങ്ങൾ ഇവിടെ നിന്നുതന്നെ വന്നല്ലോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിക്കവാറും വർക്കുകൾ കിഫ്ബിയുടെ ടെണ്ടർ നടപടികളിലേയ്ക്ക് പോയിട്ടുണ്ട്. അടുത്ത മാസത്തോടുകൂടി കോടിക്കണക്കിന് രൂപയുടെ വർക്കുകൾ ആരംഭിക്കുകയാണ്. നമുക്ക് നിയമവിധേയമായി ഇത് നൽകാൻ കഴിയണ്ടേ, നിയമവിധേയമായ കാര്യങ്ങളാണ്. ശ്രീ. പി. ടി. തോമസ് പറഞ്ഞ അത്രയും ക്വാറികളൊന്നും കേരളത്തിലില്ല. ആകെ 600 എണ്ണമാണ് പ്രവർത്തിക്കുന്നത്. അനധികൃതമായി ഏതെങ്കിലും ഉണ്ടെങ്കിൽ നമുക്ക് പരിശോധിച്ച് നടപടിയെടുക്കാം. പക്ഷെ ഇത് വേണ്ടേ ? ബദൽ സംവിധാനമെന്നൊക്കെ പറയാം. റോഡിന് മെറ്റലിടാൻ ബദലായി എന്താണ് കാണുക; നേരത്തെ ബഹുമാനപ്പെട്ട കയ്പമംഗലം എം.എൽ.എ. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞല്ലോ; വലിയ സമരമാണ്. ഓഖി ദുരന്തത്തിന്റെ ഭാഗമായി കല്ല് കിട്ടാനില്ല. നമ്മുടെ തുറമുഖങ്ങൾ നിർമ്മിക്കാനും കല്ല് കിട്ടാനില്ല. വിദേശത്തുനിന്ന് കല്ല് കൊണ്ടുവരുന്നവർക്ക് ഉൾപ്പെടെ പ്രോത്സാഹനം നൽകുകയാണ്. എത്രമാത്രം വരുമെന്ന് കണ്ടറിയണ്ടേ? അത് ഇവിടത്തെ വിലയുമായി ബന്ധപ്പെട്ട് ലാഭകരമാകുമോയെന്ന് നോക്കണം. അപ്പോൾ നമുക്ക്

ലഭ്യമായ സ്ഥലത്ത് അമിത ചൂഷണമില്ലാതെ, നിയമവിധേയമായി കഴിയുന്നത് എടുക്കണം. സർക്കാർ ആ സമീപനത്തിലാണ്. അത് പരിസ്ഥിതിക്ക് ദോഷമല്ലാത്ത രീതിയിൽതന്നെ ചെയ്യാൻ നമുക്കാകുമെന്നാണ് ഞാൻ കരുതുന്നത്. വ്യവസായം നടത്തിപ്പുമായി ബന്ധപ്പെട്ടും ചില സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും ഇവിടെ വന്ന ധാരാളം നിർദ്ദേശങ്ങളുണ്ട്. ആ കാര്യങ്ങളൊക്കെ തുടർന്നും പരിശോധിക്കാമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ക്ലോസ് ബൈ ക്ലോസായി എടുക്കുമ്പോൾ ഇതിന്റെ മറ്റ് കാര്യങ്ങളുമുണ്ട്. ഒരൊറ്റ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കേരളത്തിലെ സ്പിന്നിംഗ് മില്ലുകളുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് വിമർശനങ്ങൾ വന്നു. അതിൽ നന്ദകുമാർ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ ശിപാർശ ഘട്ടംഘട്ടമായി നടപ്പിലാക്കാൻ തീരുമാനിക്കുകയാണ്. നേരത്തെ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞതുപോലെ, ഈ വർഷംതന്നെ ബജറ്റിൽ അനുവദിച്ച സംഖ്യയുണ്ട്. കഴിഞ്ഞ വർഷം ഈ മില്ലുകൾ പ്രതിസന്ധിയിലായപ്പോൾ സർക്കാർ പണം നൽകി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് നടത്തി മില്ലുകൾ പ്രവർത്തിപ്പിക്കുകയാണ് ചെയ്തത്. ഈ വർഷവും ആ പ്രവർത്തനം മുടങ്ങരുതെന്ന് തീരുമാനിച്ചു. ടെക്സ്റ്റൈൽ ലാഭകരമല്ല; പഞ്ഞിക്ക് വില കൂടുതലും നൂലിന് കുറവുമാണ്. നമ്മുടെ യന്ത്രങ്ങളുടെ പഴക്കംമൂലം ഉൽപ്പാദനശേഷി വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. തൊഴിലാളികളുടെ absenteeism തുടങ്ങിയ നാനാതരം പ്രശ്നങ്ങൾ ക്കിടയിലും ആ തൊഴിലാളികളെ സംരക്ഷിക്കാനായി എന്നുള്ളതാണ്. ഇത് പരമ്പരാഗത വ്യവസായത്തിനും ഉദാഹരണമാണ്. കശുവണ്ടിയായാലും കൈത്തറി യായാലും കയറായാലും ഈ സർക്കാർ ആ മേഖലയിൽ ഇടപെട്ട് നിലപാട് സ്വീകരിച്ചുപോകുന്നുണ്ട് എന്നുകൂടിയാണ് ഞാൻ സൂചിപ്പിക്കുന്നത്. തീർച്ചയായും എല്ലാ മേഖലയിലും അഭിമാനകരമായ നേട്ടങ്ങളിലേയ്ക്കെത്താൻ നമുക്ക് കഴിയുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം തന്നാണ്ടിൽ കുറച്ച് കൊണ്ടുവരാൻ കഴിഞ്ഞു. നഷ്ടത്തിന്റെ കണക്ക് പറയുന്നതിനുപകരം ഈ വർഷം ലാഭത്തിന്റെ കണക്കിലേയ്ക്ക് പോകുകയാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വ്യവസായ വകുപ്പിന്റെ കീഴിൽ ലാഭത്തിലായെന്നല്ല ഞാൻ പറയുന്നത്. പക്ഷെ നഷ്ടത്തിന്റെ കണക്ക് കുറഞ്ഞുവരുന്നുണ്ട്. അതിനാവശ്യമായ പരിമിതമായ പ്രൊഫഷണലിസവും സർക്കാരിന്റെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവുമൊക്കെ അതിന്റെ പുറകിലുണ്ട്. അതാണ് കേരളത്തിലെ ഭാവി മാറ്റത്തിലേയ്ക്ക് സർക്കാർ ലക്ഷ്യം വയ്ക്കുന്ന ബദലിന്റെ ഉദ്ദേശ്യമെന്നുകൂടി പറഞ്ഞുകൊണ്ട് ഇതിന്റെ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിലേയ്ക്ക് പോകാം. നേരത്തെ പറഞ്ഞതുപോലെ അഭിപ്രായ സമന്വയമുണ്ടാക്കിയ ഒരു ബിൽ എന്ന നിലയ്ക്ക് നമുക്ക് ഇതിനെ പൊതുവായി അംഗീകരിച്ച് പോകാൻ കഴിയുന്നതാണെന്നാണ് എന്റെ വിശ്വാസം. ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, 2018-ലെ 8-ാം നമ്പർ ഓർഡിനൻസായ 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1(എ) ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ലായിരുന്നു.)

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 2018-ലെ 9-ാം നമ്പർ ഓർഡിനൻസായ 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ലായിരുന്നു.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലും 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(I) <u>2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

<u>*Shri. Parakkal Abdulla:*</u> Sir, I move the following amendment.

114. In Clause 2 for the words "on the same day" substitute the words "within two days"

<u>*Shri. Manjalamkuzhi Ali:*</u> Sir, I move the following amendment.

117. In Clause 2, for the words "on the same day of the" substitute the words "within five days from the date of".

*Shri. V. P. Sajeendran:* Sir, I move the following amendment.

122. In Clause 2, the words "of the receipt of application" shall be deleted.

*Shri. K.N.A. Khader:* Sir, I move the following amendment.

123. In Clause 2, after the words "of the receipt of" add the word "such".

മി. സ്പീക്കർ: 115-ാം നമ്പർ ഭേദഗതി 114-നും 119-ാം നമ്പർ ഭേദഗതി 118-നും 121-ാം നമ്പർ ഭേദഗതി 120-നും തുല്യമാകയാൽ പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

*Shri. Hibi Eden:* Sir, I move the following amendment.

125. In section 9 A (1) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, after the word "employer" insert the words "or contractor"

*Shri. V. P. Sajeendran:* Sir, I move the following amendments.

126. In section 9 A (1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, after the word "employer" the words "or owner of an establishment" shall be inserted.

130. In section 9 A (1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the words "a headload worker" the words "headload workers" shall be substituted.

133. In section 9 A (1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "work" the word "works" shall be substituted.

146. After the proviso to section 9 A (1) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, the following proviso shall be added:

"Provided further that the registered headload worker have got the skill to do the work with due diligence, then the services of such headload workers should be engaged".

150. In section 9 A (2) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, for the word "prescribed" the words "notified in the Gazette" shall be inserted.

*Shri. C. Mammutty*: Sir, I move the following amendment.

131. In section 9 A (1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, after the words "a headload worker" the words "within the area" shall be inserted.

*Shri. Parakkal Abdulla:* Sir, I move the following amendments.

136. Section 9 A (1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, shall be recast as follows:

"(1) An employer shall engage any worker of his will including his own workers in connection with the works of his establishment."

158. In section 9A (2) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, the following explanation shall be added at the end:

"*Explanation:* No headload worker shall claim or receive any amount or wages from any employer without engaging directly in works connected to the establishment owned by the employer under the will and consent of the employer".

*Shri. Manjalamkuzhi Ali:* Sir, I move the following amendments.

137. In the proviso to section 9A (1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "works" substitute the word "work" and for the word "require" substitute the word "requires"

148. In section 9 A(2)proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, after the word "wages" insert the word "as".

*Shri. K.N.A. Khader:* Sir, I move the following amendments.

138. In the proviso to section 9 A(1) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, for the words "skilled persons" the words "skilled labourers" shall be substituted.

142. In the proviso to section 9 A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "deligence" the word "diligence" shall be substituted.

152. In section 9 A(2) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, after the words "by the Government" the words "from time to time" shall be inserted.

*Shri. P. K. Basheer:* Sir, I move the following amendment.

141. In the proviso to section 9 A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3 after the words "with due" the word "care" shall be inserted.

*Shri. I. C. Balakrishnan:* Sir, I move the following amendment.

143. In the proviso to section 9 A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "deligence" substitute the words "due deligence and care".

*Shri. A. N. Shamseer:* Sir, I move the following amendment.

145. The proviso to section 9 A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3 shall be recast as follows:

"Provided that in the case of work which requires special skills or requires aid of machinery, such work can be carried out by engaging persons having such skill or by the machinery, as the case may be".

*Shri. R. Rajesh:* Sir, I move the following amendments.

147. In section 9 A(2) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the words "entitled to" substitute the word "paid".

154. In section 9 A(2) proposed to be inserted in the Kerala Headload Worker's Act, 1978 by Clause 3, delete the word "only".

Shri. N. Samsudheen: Sir, I move the following amendment.

155. In section 9 A(2) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "engaged" substitute the word "availed".

Prof. Abid Hussain Thangal : Sir, I move the following amendment.

156. In section 9 A(2) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, delete the words "or owner of an establishment".

Shri. Abdul Hameed. P . Sir, I move the following amendment.

157. In section 9 A(2) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, before the word "owner" insert the word "the"

മി. സ്പീക്കർ: 127-ാം നമ്പർ ഭേദഗതി 126-നും 132-ാം നമ്പർ ഭേദഗതി 131-നും 151, 153 എന്നീ നമ്പർ ഭേദഗതികൾ 152-ാം നമ്പർ ഭേദഗതിക്കും തുല്യമാകയാൽ പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. 149-ാം നമ്പർ ഭേദഗതി 150-ാം നമ്പർ ഭേദഗതിയിൽ അടങ്ങിയിട്ടുള്ളതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. ജെയിംസ് മാത്യുവിന്റെ 124-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബിന്റെ 140-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

124. In section 9 A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "any" substitute the word "an".

140. In the proviso to section 9 A(1) proposed to be inserted in the Kerala Headload Workers Act, 1978 by Clause 3, for the word "is" substitute the word "are".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 124, 140 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 126, 130, 133, 146, 150 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 136, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 138, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 147, 154 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

*Shri. Abdul Hameed. P* . Sir, I move the following amendments.

159. In Clause 4(1), after the words "by notification in the" insert the word "official".

160. In Clause 4(1), delete the words "or retrospectively".

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 161-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

161. In Clause 4(1), for the word "purposes" the word "purpose" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 161-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 159, 160 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

*Shri. Manjalamkuzhi Ali:* Sir, I move the following amendment.

162. In Clause 5(2), after the figure "1960" insert bracket, figures and word "(34 of 1960)" and after the figure "1978" insert bracket, figures and word "(20 of 1980)".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

*Shri. K. C. Joseph:* Sir, I move the following amendment.

109. Preamble shall be recast as follows:

" Preamble.– WHEREAS, it is expedient to give effect to certain proposals of the Government of Kerala to avoid delay in granting registered certificate to the Shops & Commercial establishments and to streamline the provisions in the Headload Workers Act and provide for matters connected therewith and incidental thereto;"

മി. സ്പീക്കർ: 111-ാം നമ്പർ ഭേദഗതി 110-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(ii) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും

(2-ാം നമ്പർ) ബിൽ

രണ്ടാം വകുപ്പ്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

591. ഖണ്ഡം 2 (2) (ഇ) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 233 (6)-ൽ "പതിനഞ്ചു ദിവസത്തിനുള്ളിൽ" എന്നീ വാക്കുകൾക്ക് പകരം "മുപ്പതു ദിവസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

145. ഖണ്ഡം 2 (1) (എ) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പിന്റെ ശീർഷകത്തിൽ ചേർക്കാനുദ്ദേശിക്കുന്ന " ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" എന്നീ വാക്കുകൾക്ക് മുൻപായി "വ്യവസായങ്ങളും" എന്ന വാക്ക് ചേർക്കുക.

152. ഖണ്ഡം 2(1)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 232 (1)-ൽ ചേർക്കാനുദ്ദേശിക്കുന്ന "ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള" എന്നതിന് ശേഷം "മനുഷ്യന്റെ ജീവനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആകാവുന്ന" എന്നീ വാക്കുകൾ ചേർക്കുക.

166. ഖണ്ഡം 2 (2) (ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 233 (2 എ)-ൽ "പ്രമാണങ്ങൾ" എന്ന വാക്കിന് പകരം "രേഖകൾ" എന്ന വാക്ക് ചേർക്കുക.

178. ഖണ്ഡം 2 (2) (ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ " കാണുന്നപക്ഷം" എന്ന വാക്കിനു പകരം "കണ്ടെത്തുന്ന പക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

179. ഖണ്ഡം 2 (2) (ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ " രേഖകളുടെ പട്ടിക" എന്നീ വാക്കുകൾക്ക് ശേഷം "തയ്യാറാക്കി" എന്ന വാക്ക് ചേർക്കുക.

185. ഖണ്ഡം 2 (2) (ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ "അപ്രകാരമുള്ള രേഖകൾ" എന്നീ വാക്കുകൾക്ക് ശേഷമുള്ള "എത്രയുംവേഗം" എന്ന വാക്കിനുപകരം "ന്യൂനതകൾ പരിഹരിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

199. ഖണ്ഡം 2 (2) (സി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 233 (3)-ൽ "ഫാക്ടറിയുടേയോ" എന്ന വാക്കിന് മുൻപായി "വ്യവസായത്തിന്റേയോ" എന്ന വാക്ക് ചേർക്കുക.

201. ഖണ്ഡം 2 (2) (സി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 233 (3) വകുപ്പിൽ "ജനസാന്ദ്രത മൂലമോ ശല്യമോ മലിനീകരണമോ" എന്നത് "ജനസാന്ദ്രത മൂലമോ, ശല്യമോ, മലിനീകരണമോ" എന്നാക്കുക.

202. ഖണ്ഡം 2 (2) (സി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 233 (3)-ൽ "ശല്യമോ" എന്ന വാക്കിനു പകരം "അസഹ്യതയോ" എന്ന വാക്ക് ചേർക്കുക.

204. ഖണ്ഡം 2 (2) (സി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 233(3)-ൽ "ഉണ്ടാക്കാനിടയുണ്ടെന്ന" എന്ന വാക്കിനുപകരം "ഉണ്ടായേക്കാനിടയുണ്ടെന്ന" എന്ന വാക്ക് ചേർക്കുക.

226. ഖണ്ഡം 2 (2) (ഡി) (ii) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന വകുപ്പ് 233 (4)-ൽ "സെക്രട്ടറി" എന്ന വാക്കിനുപകരം "സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ ചേർക്കുക.

233. ഖണ്ഡം 2 (2)(ഡി)(iii) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന വകുപ്പ് 233(4)(ബി)-ൽ "മറ്റ് ആരോഗ്യരക്ഷാ സ്ഥാപനങ്ങളോ" എന്നീ വാക്കുകൾക്കു പകരം "മറ്റ് ഏതെങ്കിലും ആരോഗ്യ പരിപാലന സ്ഥാപനമോ" എന്നീ വാക്കുകൾ ചേർക്കുക.

247. ഖണ്ഡം 2(2)(ഇ) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233(6) വകുപ്പിൽ "സെക്രട്ടറി" എന്ന വാക്കിന് പകരം "സെക്രട്ടറി, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

254. ഖണ്ഡം 2(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6)-ൽ "ലൈസൻസ് റദ്ദാക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതും" എന്നീ വാക്കുകൾക്ക് പകരം "ലൈസൻസ് റദ്ദാക്കാവുന്നതും" എന്നീ വാക്കുകൾ ചേർക്കുക.

257. ഖണ്ഡം 2(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233 (6)-ൽ "സെക്രട്ടറിക്ക് അഞ്ചുലക്ഷം രൂപയിൽ കവിയാത്ത ഒരു പിഴ അപേക്ഷകനുമേൽ" എന്നീ വാക്കുകൾക്ക് പകരം "സെക്രട്ടറിക്ക് അപേക്ഷകനുമേൽ അഞ്ചുലക്ഷം രൂപയിൽ കവിയാത്ത ഒരു തുക പിഴയായി" എന്നീ വാക്കുകൾ ചേർക്കുക.

263. ഖണ്ഡം 2(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിലെ "അഞ്ചുലക്ഷം രൂപയിൽ" എന്നീ വാക്കുകൾക്ക് പകരം "മൂന്ന് ലക്ഷം രൂപയിൽ" എന്നീ വാക്കുകൾ ചേർക്കുക.

266. ഖണ്ഡം 2 (3) (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (1)-വകുപ്പിൽ "സെക്രട്ടറിക്ക്" എന്ന വാക്കിന് പകരം" സെക്രട്ടറിക്കോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ ചേർക്കുക.

267. ഖണ്ഡം 2(3)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (1) വകുപ്പിലെ "സെക്രട്ടറിക്ക്" എന്ന വാക്കിന് പകരം " അദ്ദേഹത്തിന്" എന്ന വാക്ക് ചേർക്കുക.

270. ഖണ്ഡം 2(3)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233 എ(2)-ൽ "സെക്രട്ടറിയ്ക്ക്" എന്ന വാക്കിന് പകരം " സെക്രട്ടറിക്ക് അല്ലെങ്കിൽ സെക്രട്ടറി അധികാര പ്പെടുത്തിയ ഉദ്യോഗസ്ഥന്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

146. ഖണ്ഡം 2 (1) (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 232-ാം വകുപ്പിന്റെ ശീർഷകത്തിൽ " ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" എന്നീ വാക്കുകൾക്ക് പകരം "ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

181. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 233(2 എ) വകുപ്പിൽ " രേഖകളുടെ പട്ടിക, എത്രയും വേഗം" എന്നീ വാക്കുകൾക്ക് പകരം "രേഖകളുടെ പട്ടിക, ഉടൻ തന്നെ രേഖാമൂലം" എന്നീ വാക്കുകൾ ചേർക്കുക.

216. ഖണ്ഡം 2(2)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 233(3) വകുപ്പിൽ "അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ" എന്നീ വാക്കുകൾക്കുപകരം "അപേക്ഷ പൂർണ്ണമായോ" എന്നാക്കുക.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 2 (1) (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232-ാം വകുപ്പിനു മുൻപുള്ള ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

" വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റ് സേവനങ്ങളും ".

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2 (1) (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232-ാം വകുപ്പിന്റെ ശീർഷകം താഴെ പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

" അപായകരമായ ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും ".

176. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ "പ്രസ്തുത സ്ഥലത്തുവച്ചു തന്നെ" എന്നതിനു പകരം "കൈപ്പറ്റിയാലുടൻ തന്നെ" എന്ന് ചേർക്കുക.

215. ഖണ്ഡം 2(2)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 233(3) വകുപ്പിൽ "മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്കുപകരം "ഇരുപത്തിയൊന്ന് ദിവസത്തിനകം" എന്നു ചേർക്കുക.

272. ഖണ്ഡം 2 (3) (ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 233 എ (2) വകുപ്പിലെ "സെക്രട്ടറിയ്ക്ക്" എന്ന വാക്കിനുശേഷം "ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 2 (1) (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പിനുള്ള ശീർഷകത്തിലെ 'മറ്റു' എന്ന വാക്കിനു ശേഷം 'നിക്ഷേപം സുഗമമാക്കൽ' എന്നീ വാക്കുകൾ ചേർക്കുക.

163. ഖണ്ഡം 2(2)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(2) വകുപ്പിലെ "അല്ലെങ്കിൽ" എന്ന വാക്കിനുശേഷം വരുന്ന "സെക്രട്ടറി" എന്ന വാക്കിനുപകരം "സർക്കാർ ഈ ആവശ്യത്തിലേക്കായി" എന്നീ വാക്കുകൾ ചേർക്കുക.

186. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിലെ "എന്നാൽ അപേക്ഷ ലഭിച്ച് അഞ്ചു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "ലഭ്യമാക്കുവാൻ അപേക്ഷകന് അവസരം നൽകേണ്ടതും എന്നാൽ പ്രസ്തുത രേഖകളിൽ ഏതെങ്കിലും അതേ ഓഫീസിൽ നിന്നും നൽകേണ്ടവയെങ്കിൽ ആയതിലേക്കാവശ്യമായ അനുബന്ധ രേഖകൾ വാങ്ങി ടി രേഖകൾ ലഭിച്ചതായി കണക്കാക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

210. ഖണ്ഡം 2(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(3) വകുപ്പിൽ "കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "പ്രസ്തുത റിപ്പോർട്ടുകൾ അനുകൂലമെങ്കിൽ 15 പ്രവൃത്തി ദിവസങ്ങൾക്കകവും പ്രതികൂലമെങ്കിൽ അനുകൂല റിപ്പോർട്ട് ലഭ്യമാക്കി 5 പ്രവൃത്തി ദിവസങ്ങൾക്കകവും" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 2 (1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പിന്റെ ശീർഷകത്തിലെ "മറ്റു സേവനങ്ങളും" എന്നീ വാക്കുകൾ ഒഴിവാക്കുക.

155. ഖണ്ഡം 2 (1) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 232 (1)-ൽ " എന്തെങ്കിലും കാര്യങ്ങൾക്ക്" എന്നീ വാക്കുകൾക്കു പകരം " എന്തെങ്കിലും വ്യാപാര പ്രവർത്തനങ്ങൾക്ക്" എന്നീ വാക്കുകൾ ചേർക്കുക.

160. ഖണ്ഡം 2(2)(എ) ഒഴിവാക്കുക.

173. ഖണ്ഡം 2 (2) (ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ "പ്രസ്തുത സ്ഥലത്തു വച്ചുതന്നെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

205. ഖണ്ഡം 2(2)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(3) വകുപ്പിൽ "ആക്ഷേപമുണ്ടെങ്കിൽ" എന്ന വാക്കിനു മുമ്പായി "രേഖാമൂലമുള്ള" എന്ന വാക്ക് ചേർക്കുക.

235. ഖണ്ഡം 2 (2)(ഡി)(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(4)(ബി) വകുപ്പിൽ "ആകുന്ന"എന്ന വാക്കിനു പകരം "നടത്താനുദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

261. ഖണ്ഡം 2(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ 233(6) വകുപ്പിൽ "അഞ്ചുലക്ഷം രൂപയിൽ കവിയാത്ത ഒരു പിഴ" എന്നീ വാക്കുകൾക്ക് പകരം "പ്രസ്തുത സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി രണ്ടു ലക്ഷം രൂപയിൽ കവിയാത്ത ഒരു പിഴ" എന്നീ വാക്കുകൾ ചേർക്കുക.

268. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (1)-വകുപ്പിലെ "ഗ്രാമപഞ്ചായത്തിന് അഭിപ്രായം ഉള്ള പക്ഷം" എന്നീ വാക്കുകൾക്ക് പകരം "രേഖാമൂലമുള്ള പരാതി ലഭിക്കുന്ന പക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

280. ഖണ്ഡം 2 (3) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (2) വകുപ്പിൽ "പതിനഞ്ച് ദിവസം കഴിയുന്നതിനു മുമ്പായി" എന്നീ വാക്കുകൾക്കു ശേഷം "ഗ്രാമപഞ്ചായത്തിന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

153. ഖണ്ഡം 2 (1) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 232 (1)-ൽ "ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള" എന്നീ വാക്കുകൾക്കുശേഷം "മനുഷ്യന്റെ ജീവനോ, ആരോഗ്യത്തിനോ സ്വത്തിനോ അപകടമുണ്ടാക്കുന്ന കാര്യങ്ങൾക്ക്" എന്നീ വാക്കുകൾ ചേർക്കുക.

228. ഖണ്ഡം 2 (2) (ഡി) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233 (4)-ൽ, "സെക്രട്ടറി" എന്ന വാക്കിനു പകരം "പഞ്ചായത്ത് സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2(2)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233(2)-ൽ "അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തുന്ന" എന്നീ വാക്കുകൾക്ക് പകരം "അല്ലെങ്കിൽ സെക്രട്ടറിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതല വഹിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

256. ഖണ്ഡം 2(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിലെ "സെക്രട്ടറിക്ക് അഞ്ചുലക്ഷം രൂപയിൽ" എന്നീ വാക്കുകൾക്ക് പകരം "സെക്രട്ടറിക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ അഞ്ചുലക്ഷം രൂപയിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 2(2)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233(2) -ൽ "അല്ലെങ്കിൽ സെക്രട്ടറി" എന്നീ വാക്കുകൾക്കുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

165. ഖണ്ഡം 2(2)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ 233(2)വകുപ്പിൽ "അധികാരപ്പെടുത്തുന്ന" എന്നതിനുശേഷം "സീനിയറായ" എന്ന വാക്ക് ചേർക്കുക.

183. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ " എത്രയും വേഗം അപേക്ഷകനെ" എന്നതിനുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

207. ഖണ്ഡം 2(2)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(3) വകുപ്പിൽ "അന്വേഷണം നടത്തേണ്ടതും" എന്നതിനു ശേഷം താഴെപ്പറയുന്നവ ചേർക്കുക:

"ബന്ധപ്പെട്ടവരെയും ആക്ഷേപം ഉന്നയിച്ചവരെയും നേരിൽ കണ്ട് കാര്യങ്ങൾ വിശദമായി പരിശോധിച്ചശേഷം ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും".

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

169. ഖണ്ഡം 2 (2) (ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 233(2 എ)-ൽ "അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾക്ക് പകരം " സെക്രട്ടറിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ ചേർക്കുക.

219. ഖണ്ഡം 2(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233(3)-ൽ "മറ്റു വ്യവസ്ഥകൾക്ക് വിധേയമായോ" എന്നീ വാക്കുകൾക്ക് പകരം "മറ്റു വ്യവസ്ഥകൾക്കോ നിബന്ധനകൾക്കോ വിധേയമായോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

170. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 233(2 എ)-ൽ "അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾക്ക് പകരം "അദ്ദേഹത്തിന്റെ അഭാവത്തിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ ചേർക്കുക.

224. ഖണ്ഡം 2 (2) (ഡി) (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (4) വകുപ്പിൽ, "അനുവാദം നൽകുന്നതിന്" എന്നീ വാക്കുകൾക്കു പകരം "അനുവാദം പൂർണ്ണമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

172. ഖണ്ഡം 2 (2) (ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 233 (2 എ)-ൽ "എല്ലാ അനുബന്ധ രേഖകളും" എന്നീ വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട അനുബന്ധ രേഖകളും" എന്നീ വാക്കുകൾ ചേർക്കുക.

218. ഖണ്ഡം 2(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(3) വകുപ്പിലെ "അതിന് യുക്തമെന്ന് തോന്നുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ "അഞ്ചു ദിവസം" എന്നതിനു പകരം "അഞ്ച് പ്രവൃത്തി ദിവസങ്ങൾ" എന്ന് ചേർക്കുക.

192. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ "കഴിയുന്നതിനു" എന്നതിനു പകരം "തികയുന്നതിനു" എന്ന് ചേർക്കുക.

198. ഖണ്ഡം 2 (2) (സി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 233 (3)-ൽ "അനുവാദത്തിനായി" എന്നതിനുപകരം "അനുമതിക്കായി" എന്ന് ചേർക്കുക.

217. ഖണ്ഡം 2(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(3) വകുപ്പിൽ "അനുവാദം" എന്ന വാക്കിനു പകരം "അനുമതി" എന്ന് ചേർക്കുക.

223. ഖണ്ഡം 2 (2) (ഡി) (i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (4) വകുപ്പിലെ "അനുവാദം നൽകുന്നതിന്" എന്നീ വാക്കുകൾക്കുപകരം "അനുമതി നൽകുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

239. ഖണ്ഡം 2(2)(ഇ) പ്രകാരം ഭേദഗതി ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(6) വകുപ്പിൽ "അനുവാദ ത്തിനു"എന്നതിനു പകരം "അനുമതിക്കു" എന്ന് ചേർക്കുക.

245. ഖണ്ഡം 2(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(6)-വകുപ്പിൽ "പതിനഞ്ചു" എന്ന വാക്കിനുശേഷം "പ്രവൃത്തി" എന്ന വാക്ക് ചേർക്കുക.

251. ഖണ്ഡം 2(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ഖണ്ഡം 233(6) വകുപ്പിൽ "നോട്ടീസ്" എന്ന വാക്കിനുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

264. ഖണ്ഡം 2(2)(ഇ) പ്രകാരം കൂട്ടിചേർക്കാനുദ്ദേശിക്കുന്ന, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിനുശേഷം ഇനി പറയുന്ന ക്ലിപ്ത നിബന്ധനകൾ ചേർക്കുക:

"എന്നാൽ 6-ാം ഉപവകുപ്പിൽ പ്രകാരമുള്ള പിഴ അപേക്ഷകനുമേൽ ചുമത്തുന്നതിനുമുൻപ് സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിലവിലുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുമായി കൂടിയാലോചിക്കേണ്ടതാണ്:

എന്നിരുന്നാലും പ്രസ്തുത വിഷയത്തിൽ ഒരു വിരുദ്ധാഭിപ്രായം ഉണ്ടാകുന്ന സാഹചര്യത്തിൽ അന്തിമ തീരുമാനം ഭരണസമിതിയുടേതായിരിക്കും."

4.00 PM]

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

180. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ " പട്ടിക" എന്ന വാക്കിനു പകരം "വിശദാംശം സംബന്ധിച്ച്" എന്ന് ചേർക്കുക.

187. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിൽ "ലഭിച്ച്" എന്ന വാക്കിന് പകരം "ലഭിച്ച തീയതി മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

194. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക :

"എന്നാൽ, നിശ്ചിത സമയപരിധിക്കകം ആവശ്യമായ അനുബന്ധ രേഖകൾ സമർപ്പിക്കാത്ത അപേക്ഷകളിൻമേൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പിഴ ഈടാക്കിക്കൊണ്ട് പരമാവധി മുപ്പത് ദിവസം വരെ സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്."

203. ഖണ്ഡം 2 (2) (സി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 233 (3) വകുപ്പിൽ "മലിനീകരണമോ" എന്ന വാക്കിനു ശേഷം "ആരോഗ്യ പ്രശ്നങ്ങളോ" എന്ന് ചേർക്കുക.

206. ഖണ്ഡം 2(2)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(3) വകുപ്പിൽ "ആക്ഷേപമുണ്ടെങ്കിൽ" എന്ന വാക്കിനു പകരം "ആക്ഷേപമുണ്ടെങ്കിലോ സ്വമേധയാലോ" എന്ന് ചേർക്കുക.

208. ഖണ്ഡം 2(2)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(3) വകുപ്പിൽ "ഗ്രാമപഞ്ചായത്ത്" എന്ന വാക്കിനു ശേഷം "ചുമതലപ്പെടുത്തിയ പ്രകാരം സെക്രട്ടറിയ്ക്ക്" എന്നും "സെക്രട്ടറിയുടെയും" എന്ന വാക്കിനു പകരം "തന്റെ അന്വേഷണത്തിൽ ബോദ്ധ്യമായ സംഗതിയുടെയും" എന്നും ചേർക്കുക.

220. ഖണ്ഡം 2(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(3) വകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക):—

"എന്നാൽ, ഇത്തരം സ്ഥാപിക്കൽമൂലം മലിനീകരണമോ ആരോഗ്യ പ്രശ്നങ്ങളോ ഉണ്ടാവാനിടയുണ്ടെന്ന് ഗ്രാമപഞ്ചായത്തിന് ബോദ്ധ്യമാകുന്ന സംഗതികളിൽ, ഇപ്രകാരമുള്ള ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലി സ്ഥലമോ യാത്രസാമഗ്രികളോ മാനുഫാക്ചറിംഗ് പ്ലാന്റോ യുക്തമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുവദിക്കേണ്ടതുമാണ്".

225. ഖണ്ഡം 2(2)(ഡി)(ii) ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

238. ഖണ്ഡം 2(2)(ഡി)(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(4)(ബി) വകുപ്പിൽ "സംഗതിയിൽ" എന്ന വാക്കിനു ശേഷം "തത്സമയം പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങളിലെ വ്യവസ്ഥകൾക്കുകൂടി വിധേയമായി" എന്ന് ചേർക്കുക.

240. ഖണ്ഡം 2(2)(ഇ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(6) വകുപ്പിൽ "വേണ്ടിയുള്ള" എന്ന വാക്കിനു ശേഷം "സാധുവായ" എന്ന വാക്ക് ചേർക്കുക.

249. ഖണ്ഡം 2(2)(ഇ) പ്രകാരം ഭേദഗതിചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233(6) വകുപ്പിൽ "ശ്രദ്ധയിൽപ്പെട്ടാൽ" എന്ന വാക്കിനുശേഷം "സെക്രട്ടറി, ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

258. ഖണ്ഡം 2(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിൽ "അഞ്ചുലക്ഷം" എന്ന വാക്കിനു മുൻപിലായി "ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയത് പ്രകാരം" എന്ന് ചേർക്കുക.

273. ഖണ്ഡം 2 (3) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (2) വകുപ്പിൽ "യന്ത്രസാമഗ്രികളുടെയോ" എന്ന വാക്കിനുശേഷം " മാനുഫാക്ചറിംഗ് പ്ലാന്റിന്റേയോ" എന്ന് ചേർക്കുക.

274. ഖണ്ഡം 2 (3) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (2) വകുപ്പിൽ "ഉടമസ്ഥന്റെ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ആളുടെ ചെലവിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

277. ഖണ്ഡം 2 (3) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (2) വകുപ്പിലെ "വിദഗ്ദ്ധ" എന്ന വാക്ക് ഒഴിവാക്കുക.

278. ഖണ്ഡം 2 (3) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (2) വകുപ്പിൽ "അപ്രകാരമുള്ള റിപ്പോർട്ട്" എന്നീ വാക്കുകൾക്കു പകരം "അപ്രകാരമുള്ള ഉപദേശം" എന്ന് ചേർക്കുക.

281. ഖണ്ഡം 2 (3) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (2) വകുപ്പിൽ "മുമ്പായി" എന്ന വാക്കിനു ശേഷം "പ്രസ്തുത വകുപ്പ് " എന്ന് ചേർക്കുക.

194-ൽ ഫാക്ടറിയോ വർക്ക്ഷോപ്പോ മാനുഫാക്ചറിംഗ് പ്ലാന്റോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തി സമർപ്പിക്കുന്ന അപേക്ഷയിൽ ആവശ്യമായ രേഖകളില്ലെങ്കിൽ അഞ്ച് ദിവസത്തിനകം ഇത് സമർപ്പിക്കാൻ അനുവദിക്കണം എന്ന് ഈ ക്ലോസിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ അഞ്ച് ദിവസം കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിക്കണമെന്ന് വ്യക്തമല്ല. അതുകൊണ്ട് നിശ്ചിത സമയപരിധിക്കകം ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തവർക്ക് ഒരു നിശ്ചിത പിഴ ഒടുക്കിക്കൊണ്ട് പരമാവധി 30 ദിവസത്തിനകം രേഖകൾ ഹാജരാക്കാൻ സമയം ദീർഘിപ്പിച്ചു നൽകാൻ വ്യവസ്ഥ വേണമെന്നാണ് എന്റെ ഈ ഭേദഗതി.

206-ൽ ഒരു ഫാക്ടറിയോ വർക്ക്ഷോപ്പോ മാനുഫാക്ചറിംഗ് പ്ലാന്റോ ജോലി സ്ഥലമോ യന്ത്ര സാമഗ്രികളുടെ സ്ഥാപിക്കലോ കാരണം ശല്യമോ മലിനീകരണമോ ഉണ്ടാകാനിടയുണ്ടെന്ന കാരണത്താലോ ആക്ഷേപമുണ്ടെങ്കിൽ സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അന്വേഷണം നടത്തി ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പരാതിക്കാരില്ലാത്ത സംഗതിയിലും ഇത്തരം ശല്യമോ മലിനീകരണമോ ഉണ്ടാകുക യാണെങ്കിൽ സ്വമേധയാ നടപടി സ്വീകരിക്കാനും വ്യവസ്ഥ വേണമെന്നതാണ് ഈ ഭേദഗതി.

220-ലെ ഭേദഗതി ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ മാനുഫാക്ചറിംഗ് പ്ലാന്റോ സ്ഥാപിക്കുന്നതുമൂലം ശല്യമോ മലിനീകരണമോ ഉണ്ടാകുകയാണെങ്കിൽ ആയത് മാറ്റി സ്ഥാപിക്കുന്നതിന് വ്യവസ്ഥ വേണമെന്നതാണ്.

240-ൽ ലൈസൻസിന് വേണ്ടിയുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ സെക്രട്ടറി അതിന്മേലുള്ള ഉത്തരവ് നൽകിയില്ലാ എങ്കിൽ ലൈസൻസ് ലഭിച്ചതായി കണക്കാക്കുമെന്ന് ഇവിടെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ അപേക്ഷ അപാകതകൾ ഇല്ലാത്തതാണെങ്കിൽ മാത്രമേ ഈ സമയപരിധി നിഷ്കർഷിക്കാനാകൂ. അതുകൊണ്ട് അപേക്ഷ എന്ന വാക്കിന് മുമ്പിൽ സാധുവായ എന്ന വാക്ക് ചേർക്കണമെന്നതാണ് ഭേദഗതി.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. `ഖണ്ഡം 2 (2) (ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (2 എ) വകുപ്പിലെ "അപേക്ഷകനെ" എന്ന വാക്കിനുശേഷം "രേഖാമൂലമോ, ഇ-മെയിൽ വഴിയോ" എന്നീ വാക്കുകൾ ചേർക്കുക.

232. ഖണ്ഡം 2 (2) (ഡി) (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (4) (ബി) വകുപ്പിലെ "അപേക്ഷകൻ" എന്ന വാക്കിനുശേഷം വരുന്ന "," ചിഹ്നത്തിനു പകരം "ഒരു" എന്ന വാക്ക് ചേർക്കുക.

234. ഖണ്ഡം 2 (2) (ഡി) (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (4) (ബി) വകുപ്പിലെ "ആരോഗ്യ രക്ഷാ സ്ഥാപനങ്ങളോ" എന്നീ വാക്കുകൾക്കു പകരം "ഏതെങ്കിലും ആരോഗ്യ പരിപാലന സ്ഥാപനമോ" എന്നീ വാക്കുകൾ ചേർക്കുക.

248. ഖണ്ഡം 2 (2) (ഇ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിലെ "ശ്രദ്ധയിൽ പ്പെട്ടാൽ" എന്ന വാക്കിനു പകരം "തെളിവുലഭിച്ചാൽ" എന്ന വാക്ക് ചേർക്കുക.

252. ഖണ്ഡം 2(2)(ഇ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിലെ "പരിശോധി ച്ചതിനുശേഷവും" എന്ന വാക്കിനുപകരം "പരിശോധിച്ച് ബോധ്യ പ്പെട്ടതിനുശേഷം" എന്ന വാക്ക് ചേർക്കുക.

259. ഖണ്ഡം 2 (2) (ഇ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിലെ "അഞ്ചു ലക്ഷം" എന്നീ വാക്കുകൾക്ക് പകരം "അമ്പതിനായിരം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

195. ഖണ്ഡം 2 (2) (സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (3)-ൽ "സെക്രട്ടറിയോ അദ്ദേഹം" എന്നീ വാക്കുകൾക്കുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

196. ഖണ്ഡം 2 (2) (സി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ പകരം ചേർക്കാനുദ്ദേശിക്കുന്ന 233 (3) വകുപ്പിൽ "അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നതിന് പകരം "അദ്ദേ ഹത്തിന്റെ അഭാവത്തിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ" എന്നാക്കുക.

262. ഖണ്ഡം 2(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിലെ "അഞ്ചുലക്ഷം രൂപയിൽ" എന്നീ വാക്കുകൾക്ക് പകരം "പരമാവധി രണ്ടു ലക്ഷം രൂപയിൽ " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

197. ഖണ്ഡം 2 (2) (സി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 233 (3)-ൽ "എത്രയും വേഗം" എന്നീ വാക്കുകൾക്കുപകരം "കഴിയുന്നത്ര വേഗം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

200. ഖണ്ഡം 2 (2) (സി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233 (3) വകുപ്പിൽ "ജനസാന്ദ്രതമൂലമോ" എന്നതിനുശേഷം "ശബ്ദമലിനീകരണമോ" എന്നു കൂട്ടിച്ചേർക്കുക.

209. ഖണ്ഡം 2(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ 233 (3) വകുപ്പിൽ "റിപ്പോർട്ടുകൾ പരിഗണിച്ചതിനു ശേഷം" എന്നീ വാക്കുകൾക്കു ശേഷം "ആവശ്യമായ പരിഹാര നടപടികൾ നിഷ്കർഷിക്കാവുന്നതും ആയത് നടപ്പിലാക്കിയ ശേഷം" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

222. ഖണ്ഡം 2 (2) (ഡി) (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 233 (4) വകുപ്പിൽ "അനുവാദം നൽകുന്നതിന്" എന്നീ വാക്കുകൾക്കുമുമ്പായി "ആവശ്യമായ പോരായ്മകൾ പരിഹരിച്ചശേഷം" എന്നീ വാക്കുകൾ ചേർക്കുക.

276. ഖണ്ഡം 2 (3) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (2) വകുപ്പിൽ "ചെലവിൽ ശല്യം" എന്നീ വാക്കുകൾക്കുശേഷം "ശബ്ദ ശല്യം" എന്നി വാക്കുകൾ കൂട്ടി ചേർക്കുക.

279. ഖണ്ഡം 2 (3) (ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ (2) വകുപ്പിൽ "അപ്രകാരമുള്ള ശല്യം" എന്നീ വാക്കുകൾക്കുശേഷം "ശബ്ദ ശല്യം" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (4)-ന്റെ പ്രാരംഭ വാചകം താഴെ പറയും പ്രകാരം മാറ്റുക." (4) (3)-ാം ഉപവകുപ്പിൻ കീഴിൽ അനുവാദം നൽകുന്നതിനോ നിരസിക്കുന്നതിനോ ഉള്ള റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് ഭരണസമിതിക്ക് നൽകുന്നതിന് മുമ്പ് സെക്രട്ടറി,-"

<u>ശ്രീ. കെ. ദാസൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

231. ഖണ്ഡം 2 (2) (ഡി) (iii) ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (4) (ബി) വകുപ്പിൽ "അപേക്ഷകൻ" എന്നതിനു മുമ്പായി "പ്രദേശവാസികൾക്ക് ശല്യകാരണമോ അവരുടെ ജീവനോ ആരോഗ്യത്തിനോ ഹാനികരമാകാനിടയുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് തോന്നുന്ന പക്ഷമോ" എന്നീ വാക്കുകൾ ചേർക്കുക.

237. ഖണ്ഡം 2 (2) (ഡി) (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (4) (ബി) വകുപ്പിൽ "സംഗതിയിൽ" എന്ന വാക്കിനുപകരം "സംഗതിയാലോ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം 2 (2) (ഡി) (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (4) (ബി) വകുപ്പിൽ "ആകുന്ന സംഗതിയിൽ" എന്നീ വാക്കുകൾക്കുപകരം "ആകുന്ന പക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

242. ഖണ്ഡം 2 (2) (ഇ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിൽ "അപേക്ഷ ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ, സെക്രട്ടറി" എന്നതിനുപകരം "അപേക്ഷ സെക്രട്ടറിയ്ക്കോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

246. ഖണ്ഡം 2 (2) (ഇ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിൽ "സെക്രട്ടറി" എന്ന വാക്കിനുപകരം " സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

253. ഖണ്ഡം 2 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 (6) വകുപ്പിൽ "സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതും, അപ്രകാരം ലൈസൻസ് റദ്ദാക്കുന്നതിൻമേൽ സെക്രട്ടറിക്ക്" എന്നതിനു പകരം "ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതും" എന്ന് ചേർക്കുക.

ശ്രീ. ജോർജ് എം. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

265. ഖണ്ഡം 2 (3) (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233 എ (1)-ൽ "സെക്രട്ടറിക്ക് " എന്നതിനുപകരം " ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക്" എന്ന് ചേർക്കുക.

ശ്രീ. വി. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

271. ഖണ്ഡം 2 (3) (ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 233 എ (2)-ൽ "സെക്രട്ടറിയ്ക്ക്" എന്നതിനു പകരം "ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് " എന്ന് ചേർക്കുക.

മി. സ്പീക്കർ: 149-ാം നമ്പർ ഭേദഗതി 148-ാം നമ്പർ ഭേദഗതിക്കും 154-ാം നമ്പർ ഭേദഗതി 153-ാം നമ്പർ ഭേദഗതിക്കും 156, 157, 158, 159 എന്നീ നമ്പർ ഭേദഗതികൾ 160-ാം നമ്പർ ഭേദഗതിക്കും 162-ാം നമ്പർ ഭേദഗതി 161-ാം നമ്പർ ഭേദഗതിക്കും 167, 168 എന്നീ നമ്പർ ഭേദഗതികൾ 166-ാം നമ്പർ ഭേദഗതിക്കും 174, 175 എന്നീ നമ്പർ ഭേദഗതികൾ 173-ാം നമ്പർ ഭേദഗതിക്കും 177-ാം നമ്പർ

ഭേദഗതി 176-ാം നമ്പർ ഭേദഗതിക്കും 182-ാം നമ്പർ ഭേദഗതി 181-ാം നമ്പർ ഭേദഗതിക്കും 188-ാം നമ്പർ ഭേദഗതി 187-ാം നമ്പർ ഭേദഗതിക്കും 214-ാം നമ്പർ ഭേദഗതി 213-ാം നമ്പർ ഭേദഗതിക്കും 227-ാം നമ്പർ ഭേദഗതി 228-ാം നമ്പർ ഭേദഗതിക്കും സമാനമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 171-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുകയാണ്.

171. ഖണ്ഡം 2(2)(ബി) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 233(2 എ)-വകുപ്പിൽ "കൈപ്പറ്റു രസീതു" എന്നതിനുപകരം "കൈപ്പറ്റു രസീത്" എന്നത് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 145, 166, 233 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 591, 171 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 145, 166, 233 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 152, 178, 179, 185, 199, 201, 202, 204, 226, 247, 254, 257, 263, 266, 267, 270 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 146, 216 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 148, 176, 215, 272 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 150, 163, 186, 210 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 151, 155, 160, 173, 205, 235, 261, 268, 280 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 153, 228 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 161, 256 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 165, 183, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 169, 219 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 170, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 172, 218, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 191, 192, 198, 217, 223, 239, 245, 251, 264 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 180, 194, 203, 206, 208, 220, 225, 238, 240, 249, 258, 273, 274, 277, 278, 281 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 184, 232, 234, 248, 252, 259 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 196, 262, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 200, 209, 222, 276, 279 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 231, 237 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോർജ് എം. തോമസ് അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 271-ാം എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

282. ഖണ്ഡം 3 (1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പിനു മുൻപായി വരുന്ന ശീർഷകത്തിലെ "മറ്റു" എന്ന വാക്കിന് ശേഷം "നിക്ഷേപം സുഗമമാക്കൽ" എന്നീ വാക്കുകൾ ചേർക്കുക.

306. ഖണ്ഡം 3(1)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 447(2 എ) യിൽ "എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ചു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്കു പകരം "ലഭ്യമാക്കുവാൻ അപേക്ഷകന് അവസരം നൽകേണ്ടതും എന്നാൽ പ്രസ്തുത രേഖകളിൽ ഏതെങ്കിലും അതേ ഓഫീസിൽ നിന്നും നൽകേണ്ടവയെങ്കിൽ ആയതിലേയ്ക്കാവശ്യമായ അനുബന്ധ തെളിവുകൾ സ്വീകരിച്ച് പ്രസ്തുത രേഖകൾ ലഭിച്ചതായി കണക്കാക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

316. ഖണ്ഡം 3(1)(ഡി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ,- "അദ്ദേഹം" എന്ന വാക്കിനു പകരം "സർക്കാർ ഈ ആവശ്യത്തിലേയ്ക്കായി" എന്നീ വാക്കുകൾ ചേർക്കുക.

339. ഖണ്ഡം 3 (1) (ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (5 എ)-ൽ "ഫീസ്" എന്ന വാക്കിനു പകരം "ഫീസും മുപ്പതു ദിവസത്തിനുള്ളിൽ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് അഞ്ചു ദിവസം മുൻപു വരെ ഫീസും പിഴയും" എന്നീ വാക്കുകൾ ചേർക്കുക.

361. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1 എ)-ൽ "എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ചു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്കു പകരം "ലഭ്യമാക്കുവാൻ അപേക്ഷകന് അവസരം നൽകേണ്ടതും എന്നാൽ പ്രസ്തുത രേഖകളിൽ ഏതെങ്കിലും അതേ ഓഫീസിൽ നിന്നും നൽകേണ്ടവയെങ്കിൽ ആയതിലേയ്ക്കാ വശ്യമായ അനുബന്ധ തെളിവുകൾ സ്വീകരിച്ച് പ്രസ്തുത രേഖകൾ ലഭിച്ചതായി കണക്കാക്കേണ്ടതുമാണ്." എന്നീ വാക്കുകൾ ചേർക്കുക.

373. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448(3) വകുപ്പിൽ "കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്ക് പകരം "പ്രസ്തുത റിപ്പോർട്ടുകൾ അനുകൂലമെങ്കിൽ 15 പ്രവൃത്തി ദിവസങ്ങൾക്കകവും പ്രതികൂലമെങ്കിൽ അനുകൂല റിപ്പോർട്ട് ലഭ്യമാക്കി 5 പ്രവൃത്തി ദിവസങ്ങൾക്കകവും" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കുക.

396. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "വ്യക്തമാക്കിയിട്ടുള്ള" എന്ന വാക്കിനു ശേഷം "തൊണ്ണൂറ് ദിവസം" എന്നീ വാക്കുകൾ ചേർക്കുക.

405. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അഞ്ചു ലക്ഷത്തിൽ" എന്നീ വാക്കുകൾക്കു പകരം "രണ്ടു ലക്ഷത്തിൽ " എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

284. ഖണ്ഡം 3 (1)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 447(2) -ൽ "സെക്രട്ടറിക്കോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷ നൽകേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

312. ഖണ്ഡം 3(1)(സി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(2 എ)യിൽ "അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "അപേക്ഷകനോട് നിർദ്ദേശിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

332. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (4)-ാം വകുപ്പിൽ "(3) (3 എ) എന്നീ ഉപവകുപ്പുകളിൻകീഴിൽ" എന്നീ വാക്കുകൾക്കു പകരം "(3)-ാം ഉപവകുപ്പിനു കീഴിൽ" എന്നീ വാക്കുകൾ ചേർക്കുക.

340. ഖണ്ഡം 3(1)(ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(5 എ)-ൽ "അപേക്ഷ കൂടാതെ തന്നെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

351. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1 എ)-ൽ "സ്ഥലത്തു വെച്ചുതന്നെ" എന്ന വാക്ക് ഒഴിവാക്കുക.

371. ഖണ്ഡം 3(2)(സി) പ്രകാരം ഭേദഗതി ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ

കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ 448(3) വകുപ്പിൽ "കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും" എന്നീ വാക്കുകൾ ഒഴിവാക്കുക.

381. ഖണ്ഡം 3(2)(ഡി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ 448(4)(ബി) വകുപ്പിൽ "ആകുന്ന സംഗതിയിൽ" എന്നീ വാക്കുകൾക്ക് പകരം "നടത്താനുദ്ദേശിക്കുന്ന അവസരത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

285. ഖണ്ഡം 3 (1)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 447(2) -ൽ "സെക്രട്ടറിക്കോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നതിന് പകരം "സെക്രട്ടറിക്കോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ" എന്നാക്കുക.

354. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1 എ)-ൽ "സ്ഥലത്തുവെച്ചു തന്നെ" എന്നതിനു പകരം "ഉടൻതന്നെ" എന്നു ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

287. ഖണ്ഡം 3 (1)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 447(2) -ൽ "അല്ലെങ്കിൽ അദ്ദേഹം" എന്നീ വാക്കുകൾക്കുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

385. ഖണ്ഡം 3(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 448(5 എ) വകുപ്പിൽ "മുപ്പത്" എന്നതിനു പകരം "ഇരുപത്തിഒന്ന്" എന്നു ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

288. ഖണ്ഡം 3 (1)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ 447(2) വകുപ്പിൽ "അധികാരപ്പെടുത്തിയ" എന്നതിനുശേഷം "സീനിയർ" എന്ന വാക്ക് ചേർക്കുക.

302. ഖണ്ഡം 3 (1) (സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (2 എ) വകുപ്പിൽ "അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും" എന്നതിന് പകരം "അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ് " എന്ന് ചേർക്കുക.

347. ഖണ്ഡം 3(2)(എ) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1)-ൽ "അധികാരപ്പെടുത്തിയ" എന്നതിനുശേഷം "സീനിയറായ" എന്ന വാക്ക് ചേർക്കുക.

359. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448 (1 എ)-ൽ "അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും" എന്നതിനു പകരം "അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും" എന്നു ചേർക്കുക.

370. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ 448(3) വകുപ്പിൽ "ആക്ഷേപമുണ്ടെങ്കിൽ" എന്നതിനു ശേഷം "ബന്ധപ്പെട്ടവരെയും ആക്ഷേപം ഉന്നയിച്ചവരെയും നേരിൽ കണ്ട് കാര്യങ്ങൾ വിശദമായി പരിശോധിച്ച ശേഷം" എന്ന് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

289. ഖണ്ഡം 3 (1)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 447(2 എ)-ൽ "അനുബന്ധരേഖകൾ സഹിതം ലഭിക്കുന്നതിൻമേൽ" എന്നത് "അനുബന്ധരേഖകൾ സഹിതം ലഭിച്ചാൽ" എന്നാക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 3 (1) (സി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (2 എ) യിൽ "അനുബന്ധരേഖകൾ സഹിതം ലഭിക്കുന്നതിൻമേൽ" എന്നത് "ബന്ധപ്പെട്ട അനുബന്ധ രേഖകൾ സഹിതം ലഭിച്ചാൽ" എന്നാക്കുക.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

292. ഖണ്ഡം 3 (1) (സി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (2 എ)-യിൽ "അല്ലെങ്കിൽ അദ്ദേഹം" എന്നീ വാക്കുകൾക്കുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

404. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അഞ്ചു ലക്ഷത്തിൽ" എന്നീ വാക്കുകൾക്കു പകരം "ഒരു ലക്ഷത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

293. ഖണ്ഡം 3 (1) (സി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (2 എ)-യിൽ "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ വരുന്ന ഭാഗങ്ങളിൽ " അദ്ദേഹത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ ചേർക്കുക.

376. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 448(3)-ൽ "അതിന് യുക്തമെന്ന് തോന്നുന്ന" എന്നത് ഒഴിവാക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

295. ഖണ്ഡം 3 (1) (സി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 447 (2 എ)-യിൽ "അപ്രകാരം ലഭിച്ചാൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

300. ഖണ്ഡം 3 (1) (സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (2 എ) വകുപ്പിൽ "വിട്ടുപോയ രേഖ" എന്നതിനു പകരം "വിട്ടുപോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

305. ഖണ്ഡം 3(1)(സി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 447(2 എ)-യിൽ "ശ്രദ്ധയിൽ പ്പെടുത്തേണ്ടതും" എന്ന വാക്കിനുശേഷം വരുന്ന "സമർപ്പിക്കുവാൻ വിട്ടുപോയ രേഖകൾ" എന്നീ വാക്കുകൾക്ക് പകരം "ആയത്" എന്ന വാക്ക് ചേർക്കുക.

329. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 447 (4)-ൽ "മൂന്ന് വർഷം" എന്നീ വാക്കുകൾക്ക് പകരം "നാല് വർഷം" എന്നീ വാക്കുകൾ ചേർക്കുക.

336. ഖണ്ഡം 3 (1) (ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (5 എ)-ൽ "അഞ്ച് വർഷക്കാലത്തേക്ക്" എന്നത് "നാലു വർഷക്കാലത്തേയ്ക്ക്" എന്നാക്കുക.

343. ഖണ്ഡം 3(1)(ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(5 എ)-ൽ "കൂടുതലായി" എന്ന വാക്കിന് പകരം "വീണ്ടും" എന്ന വാക്ക് ചേർക്കുക.

355. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1 എ)-ൽ "രേഖ" എന്നത് "രേഖകൾ" എന്നാക്കുക.

356. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448 (1 എ)-ൽ "ആയത്" എന്ന വാക്ക് ഒഴിവാക്കുക.

360. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448 (1 എ)-ൽ "സമർപ്പിച്ചിട്ടില്ലാത്ത രേഖകൾ" എന്നീ വാക്കുകൾക്ക് പകരം "ആയത്" എന്ന വാക്ക് ചേർക്കുക.

387. ഖണ്ഡം 3(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 448 (5 എ)-ൽ "സെക്രട്ടറി" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

392. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "ലംഘനം" എന്ന വാക്കിനു പകരം "വ്യവസ്ഥ ലംഘിക്കപ്പെട്ടതായി" എന്നീ വാക്കുകൾ ചേർക്കുക.

394. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "സെക്രട്ടറി" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

398. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "ലൈസൻസ് റദ്ദാക്കാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "ലൈസൻസ് റദ്ദാക്കാവുന്നതും അപ്രകാരം ലൈസൻസ് റദ്ദാക്കുന്നതിന്മേൽ സെക്രട്ടറിക്ക് അല്ലെങ്കിൽ അധികാരപ്പെടുത്തിയ പിഴയായി ചുമത്താവുന്നതാണ് " എന്നീ വാക്കുകൾ ചേർക്കുകയും രണ്ടാം ക്ലിപ്ത നിബന്ധന ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

401. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "സെക്രട്ടറിക്ക്" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് " എന്നീ വാക്കുകൾ കൂടി ചേർക്കുക.

402. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അപേക്ഷകന് മേൽ" എന്നീ വാക്കുകൾക്ക് പകരം "അപേക്ഷകനുമേൽ " എന്നീ വാക്ക് ചേർക്കുക.

410. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 449(1) വകുപ്പിൽ "കൗൺസിലിന്" എന്ന വാക്കിനു പകരം "സെക്രട്ടറിക്ക് അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്" എന്നീ വാക്കുകൾ ചേർക്കുക.

411. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 449(1)-ൽ "അഭിപ്രായമുള്ള പക്ഷം" എന്നീ വാക്കുകൾക്കു ശേഷം വരുന്ന "സെക്രട്ടറിക്ക്" എന്ന വാക്ക് ഒഴിവാക്കുക.

413. ഖണ്ഡം 3 (3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 449 (2)-ൽ "സെക്രട്ടറിക്ക്" എന്ന വാക്കിനു ശേഷം "അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്" എന്ന് ചേർക്കുക.

415. ഖണ്ഡം 3 (3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 449 (2)-ൽ "യന്ത്രസാമഗ്രികളുടെയോ" എന്ന വാക്കിനുശേഷം "മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

419. ഖണ്ഡം 3 (3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 449 (2) വകുപ്പിൽ "പതിനഞ്ച്" എന്ന വാക്കിനു ശേഷം "പ്രവൃത്തി" എന്നു ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

296. ഖണ്ഡം 3 (1) (സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (2 എ) വകുപ്പിലെ "ഉടൻ" എന്ന വാക്ക് ഒഴിവാക്കുക.

310. ഖണ്ഡം 3(1)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (2 എ) വകുപ്പിൽ "അഞ്ചു" എന്ന വാക്കിനുശേഷം "പ്രവൃത്തി" എന്ന വാക്ക് ചേർക്കുക.

311. ഖണ്ഡം 3(1)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (2 എ) വകുപ്പിലെ "കഴിയുന്നതിനു" എന്ന വാക്കിനു പകരം "തികയുന്നതിനു" എന്ന വാക്ക് ചേർക്കുക.

319. ഖണ്ഡം 3(1)(ഡി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ "അഞ്ചു ദിവസത്തിനകം" എന്നതിനു പകരം "അഞ്ചു പ്രവൃത്തി ദിവസത്തിനകം" എന്ന് ചേർക്കുക.

366. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (3) വകുപ്പിലെ "അനുവാദത്തിനായി" എന്ന വാക്കിനു പകരം "അനുമതിക്കായി" എന്ന വാക്ക് ചേർക്കുക.

372. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448(3) വകുപ്പിൽ "കഴിയുന്നതും വേഗം" എന്നീ വാക്കുകൾക്ക് പകരം "കഴിയുന്നത്ര വേഗം" എന്നീ വാക്കുകൾ ചേർക്കുക.

388. ഖണ്ഡം 3(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448(5 എ) വകുപ്പിൽ "ഉത്തരവും" എന്ന വാക്കിനു പകരം "തീരുമാനവും" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

297. ഖണ്ഡം 3 (1) (സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (2 എ) വകുപ്പിൽ "അനുബന്ധ രേഖകളും" എന്നതിനുശേഷം "വിദഗ്ദ്ധ സമിതി പരിശോധിക്കേണ്ടതും" എന്നു ചേർക്കുക.

334. ഖണ്ഡം 3 (1) (ജി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ വകുപ്പ് 447 (5 എ)-ൽ "അഞ്ച് വർഷ ക്കാലത്തേക്ക്" എന്നതിനുപകരം "രണ്ട് വർഷക്കാലത്തേയ്ക്ക്" എന്നു ചേർക്കുക.

362. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1 എ)-ൽ "അഞ്ചു ദിവസം" എന്നതിനു പകരം "അഞ്ചു പ്രവൃത്തി ദിവസം" എന്നു ചേർക്കുക.

380. ഖണ്ഡം 3(2)(ഡി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448(4)(ബി) വകുപ്പിൽ "ക്ലിനിക്കൽ ലബോറട്ടറിയോ" എന്നീ വാക്കുകൾക്കുശേഷം "തെറാപ്പി സെന്ററോ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

391. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "പിന്നീട് ഏതെങ്കിലും" എന്നീ വാക്കുകൾക്കുശേഷം "നിയമ" എന്ന വാക്ക് ചേർക്കുക.

414. ഖണ്ഡം 3 (3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 449(2) വകുപ്പിൽ "സെക്രട്ടറിക്ക്, ശല്യം" എന്നീ വാക്കുകൾക്കു ശേഷം "ശബ്ദമലിനീകരണം" എന്ന വാക്കുകൂടി ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

301. ഖണ്ഡം 3 (1) (സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (2 എ) വകുപ്പിൽ "രേഖ" എന്നതിനു പകരം "രേഖകൾ സംബന്ധിച്ച് " എന്ന് ചേർക്കുക.

313. ഖണ്ഡം 3(1)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447(2 എ) വകുപ്പിനുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;

"എന്നാൽ, നിശ്ചിത സമയപരിധിക്കകം ആവശ്യമായ അനുബന്ധ രേഖകൾ സമർപ്പിക്കാത്ത അപേക്ഷകളിൻമേൽ നിർണ്ണയിക്കപ്പെ ടാവുന്ന പ്രകാരമുള്ള പിഴ ഈടാക്കിക്കൊണ്ട് പരമാവധി മുപ്പത് ദിവസം വരെ സമയം ദീർഘിപ്പിച്ച നൽകാവുന്നതാണ്" .

326. ഖണ്ഡം 3(1)(ഡി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ "വ്യവസായങ്ങളോ" എന്നതിനു പകരം "വ്യവസായ ശാലകളോ" എന്ന് ചേർക്കുക.

327. ഖണ്ഡം 3(1)(ഡി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ "പ്രവർത്തനങ്ങളോ" എന്ന വാക്കിനു ശേഷം "പണി സ്ഥലങ്ങളോ" എന്ന വാക്ക് ചേർക്കുക.

333. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (4)-വകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

" എന്നാൽ, പൊതു താൽപ്പര്യാർത്ഥം ന്യായമായ കാരണത്തിന്മേൽ ഇപ്രകാരമുള്ള ഏതൊരു ലൈസൻസും കാലാവധിയ്ക്കുള്ളിൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്" .

337. ഖണ്ഡം 3 (1) (ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (5 എ)-ൽ "മുപ്പത് ദിവസം മുൻപായി" എന്നീ വാക്കുകൾക്കു പകരം "മുപ്പത് ദിവസങ്ങൾ ക്കുള്ളിൽ" എന്ന് ചേർക്കുക.

346. ഖണ്ഡം 3(1)(ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(5 എ)-നു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:-

"എന്നാൽ, കാലാവധി അവസാനിച്ച ശേഷം ലൈസൻസ് പുതുക്കു ന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പിഴ ഈടാക്കിക്കൊണ്ട് അഞ്ചു വർഷക്കാലയളവിലേയ്ക്ക് കൂടി പുതുക്കി നൽകേണ്ടതുമാണ്."

357. ഖണ്ഡം 3(2)(ബി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1 എ)-ൽ "ആയത്" എന്നതിനു ശേഷം "സംബന്ധിച്ച്" എന്ന് ചേർക്കുക.

368. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448(3) വകുപ്പിൽ "മലിനീകരണമോ" എന്ന വാക്കിനുശേഷം "ആരോഗ്യപ്രശ്നങ്ങളോ" എന്ന് ചേർക്കുക.

369. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448(3) വകുപ്പിൽ "ആക്ഷേപമുണ്ടെങ്കിൽ" എന്ന വാക്കിനു പകരം "ആക്ഷേപമുണ്ടെങ്കിലോ സ്വമേധയാലോ" എന്ന് ചേർക്കുക.

384. ഖണ്ഡം 3(2)(ഡി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ 448(4)(ബി) വകുപ്പിൽ "സംഗതിയിൽ" എന്ന വാക്കിനുശേഷം "തത്സമയം പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങളിലെ വ്യവസ്ഥകൾക്കുകൂടി വിധേയമായി" എന്ന് ചേർക്കുക.

408. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5എ) വകുപ്പിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അഞ്ചു ലക്ഷത്തിൽ" എന്നീ വാക്കുകൾക്കു പകരം "അഞ്ചു ലക്ഷം രൂപയിൽ" എന്നീ വാക്കുകൾ ചേർക്കുക.

417. ഖണ്ഡം 3 (3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 449(2) വകുപ്പിൽ "ഉടമസ്ഥന്റെ അല്ലെങ്കിൽ ചാർജ് വഹിക്കുന്ന ആളുടെ ചെലവിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

346-ൽ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുൻപ് നിർണ്ണയിക്കപ്പെട്ട ഫീസ് ഒടുക്കിയാൽ 5 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കി നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്നതാണ് ഈ വകുപ്പ്. കാലാവധി അവസാനിച്ചശേഷം ലൈസൻസ് പുതുക്കേണ്ട നടപടിക്രമം ഇവിടെ പറഞ്ഞിട്ടില്ല. ആയതിനാൽ ഇപ്രകാരമുള്ള കേസ്സുകളിൽ അപേക്ഷ സമർപ്പിച്ച് നിർണ്ണയിക്കപ്പെടാവുന്ന പിഴ ഒടുക്കിക്കൊണ്ട് പുതുക്കാനുള്ള വ്യവസ്ഥ വേണമെന്നതാണ് ഈ ഭേദഗതി.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

303. ഖണ്ഡം 3 (1) (സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (2 എ) വകുപ്പിൽ "രേഖ ഉടൻ അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, സമർപ്പിക്കുവാൻ വിട്ടുപോയ" എന്നീ വാക്കുകൾക്കും അടയാളത്തിനും പകരം "രേഖകളുടെ പട്ടിക, എത്രയും വേഗം അപേക്ഷകനെ അറിയിക്കേണ്ടതും അപ്രകാരമുള്ള" എന്നീ വാക്കുകളും അടയാളങ്ങളും ചേർക്കുക.

324. ഖണ്ഡം 3(1)(ഡി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ "തനിക്കു യുക്തമെന്നു തോന്നുന്ന അപ്രകാരമുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി" എന്നീ വാക്കുകൾക്ക് പകരം "വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായോ അല്ലാതെയോ" എന്നീ വാക്കുകൾ ചേർക്കുക.

344. ഖണ്ഡം 3(1)(ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(5 എ)-ൽ "അഞ്ചു വർഷക്കാലയള വിലേക്ക്" എന്നതിനു പകരം "നാലു വർഷക്കാലയളവിലേയ്ക്ക്" എന്ന് മാറ്റുക.

393. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "ശ്രദ്ധയിൽപ്പെട്ടാൽ" എന്ന വാക്കിന് പകരം "തെളിയിക്കപ്പെട്ടാൽ" എന്ന വാക്ക് ചേർക്കുക.

397. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "പരിശോധിച്ചതിനുശേഷവും" എന്നതിനുപകരം "പരിശോധിച്ച ശേഷം തൃപ്തികരമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ" എന്ന് ചേർക്കുക.

403. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അഞ്ചു ലക്ഷത്തിൽ" എന്നീ വാക്കുകൾക്കുപകരം "അമ്പതിനായിരത്തിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 3(1)(സി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(2 എ)-യിൽ "വിട്ടുപോയ രേഖ ഉടൻ അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും" എന്നതിന് പകരം "വിട്ടുപോയ രേഖകൾ അപേക്ഷകന്റെ ശ്രദ്ധയിൽ ഉടൻ രേഖാമൂലം കൊണ്ടുവരേണ്ടതും" എന്നാക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

307. ഖണ്ഡം 3(1)(സി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(2 എ)-യിൽ "അപേക്ഷ ലഭിച്ച തീയതി മുതൽ" എന്നതിന് പകരം "അപേക്ഷ കൈപ്പറ്റിയ തീയതി മുതൽ" എന്നാക്കുക.

365. ഖണ്ഡം 3(2)(സി) പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 448(3)ൽ " സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നത് "സെക്രട്ടറിയോ അദ്ദേഹത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ" എന്ന് മാറ്റുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

308. ഖണ്ഡം 3(1)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 447(2 എ)-യിൽ "അഞ്ചു ദിവസം" എന്നതിനു പകരം "പത്തു ദിവസം" എന്നു ചേർക്കുക.

418. ഖണ്ഡം 3 (3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 449(2) വകുപ്പിൽ "പതിനഞ്ച് " എന്ന വാക്കിനു പകരം "പത്ത്" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

315. ഖണ്ഡം 3(1)(ഡി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ "സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നതിന് പകരം "സെക്രട്ടറിയോ അദ്ദേഹത്തിന്റെ അഭാവത്തിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ" എന്നു ചേർക്കുക.

386. ഖണ്ഡം 3(2)(ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 448(5 എ)-ൽ "സെക്രട്ടറി" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനെ" എന്നു ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

317. ഖണ്ഡം 3(1)(ഡി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3)-ൽ, "അഞ്ചു ദിവസത്തിനകം" എന്നീ വാക്കുകൾക്കു പകരം "മൂന്നു ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

328. ഖണ്ഡം 3(1)(ഡി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447(3)-ന് താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:- "എന്നാൽ, പ്രദേശവാസികൾക്ക് ശല്യകാരണമോ അവരുടെ ജീവനോ സ്വത്തിനോ ഹാനികരമാകാനിടയുണ്ടെന്നോ തോന്നുന്ന പക്ഷം ഇതു സംബന്ധിച്ച കാര്യങ്ങൾ വിശദമായി രേഖപ്പെടുത്തിക്കൊണ്ട് അപേക്ഷ നിരസിക്കുവാനുള്ള അധികാരം കൗൺസിലിന് ഉണ്ടായിരിക്കുന്നതും ലൈസൻസിന് അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുന്ന കാര്യം പതിനഞ്ച് ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്."

379. ഖണ്ഡം 3(2)(ഡി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ വകുപ്പ് 448(4)(ബി)-യിൽ "അപേക്ഷകൻ" എന്നതിന് മുമ്പായി "പ്രദേശവാസികൾക്ക് ശല്യകാരണമോ അവരുടെ ജീവനോ ആരോഗ്യത്തിനോ ഹാനികരമാകാനിടയുണ്ടെന്ന് കൗൺസിലിന് തോന്നുന്നപക്ഷമോ" എന്നീ വാക്കുകൾ ചേർക്കുക.

383. ഖണ്ഡം 3(2)(ഡി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ വകുപ്പ് 448(4)(ബി)-യിൽ "സംഗതിയിൽ" എന്ന വാക്കിന് പകരം "സംഗതിയിലോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

338. ഖണ്ഡം 3 (1) (ജി) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 447 (5 എ)-ൽ "മുപ്പത് ദിവസം" എന്നത് "നാൽപ്പത്തിയഞ്ച് ദിവസം" എന്നാക്കുക.

395. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ" എന്നതിനു ശേഷം "പരമാവധി 15 പ്രവൃത്തി ദിവസം" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

348. ഖണ്ഡം 3(2)(എ) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 448(1)-ൽ "അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ" എന്നീ വാക്കുകൾക്കുപകരം "അല്ലെങ്കിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

367. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 448(3)ൽ,-"പരിസരത്തെ ജനസാന്ദ്രതമൂലം" എന്നതിന് പകരം "പ്രദേശവാസികൾക്ക്" എന്ന് ചേർക്കുക.

374. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448(3) വകുപ്പിൽ "മുപ്പത് ദിവസത്തിനകം" എന്നതിന് പകരം "പതിനഞ്ച് ദിവസത്തിനകം" എന്ന് ചേർക്കുക.

378. ഖണ്ഡം 3(2)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 448(3)-ൽ "അനുവദിക്കേണ്ടതുമാണ്" എന്നതിനു പകരം "അനുവദിക്കുകയോ അല്ലെങ്കിൽ അനുമതി നിരസിക്കുകയോ ചെയ്യേണ്ടതും അത് രേഖാമൂലം അറിയിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

400. ഖണ്ഡം 3 (2) (ഇ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 448 (5 എ) വകുപ്പിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "സെക്രട്ടറിക്ക് " എന്നതിന് പകരം "കൗൺസിലിന് " എന്ന് ചേർക്കുക.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

409. ഖണ്ഡം 3 (3)(എ) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 449(1)-ൽ "സെക്രട്ടറിക്ക്" എന്നത് ഒഴിവാക്കി "കൗൺസിലിന്" എന്നത് പുനഃസ്ഥാപിക്കുക.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

412. ഖണ്ഡം 3 (3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 449(2)-ൽ "സെക്രട്ടറിക്ക്" എന്നതിന് പകരം "കൗൺസിലിന്" എന്ന് ചേർക്കുക.

420. ഖണ്ഡം 3 (3)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ വകുപ്പ് 449(2)-ൽ "നൽകേണ്ടതുമാണ്" എന്നതിനു പകരം "നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ ഉടൻ തന്നെ പരമാവധി പതിനഞ്ച് ദിവസത്തിനകം തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്" എന്നു ചേർക്കുക.

<u>മി. സ്പീക്കർ</u>: താഴെപ്പറയുന്ന കാരണങ്ങളാൽ മറ്റു ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. 291-ാം നമ്പർ ഭേദഗതി 289-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നു. 309-ാം നമ്പർ ഭേദഗതി 310-ാം നമ്പർ ഭേദഗതിക്ക് തുല്യവും 320, 321 എന്നീ നമ്പർ ഭേദഗതികൾ 319-ാം നമ്പർ ഭേദഗതിക്ക് തുല്യവുമാണ്. 323, 325 എന്നീ നമ്പർ ഭേദഗതികൾ 324-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നു. 330, 331 എന്നീ നമ്പർ ഭേദഗതികൾ 329-ാം നമ്പർ ഭേദഗതിക്ക് തുല്യവും 335-ാം നമ്പർ ഭേദഗതി 336-ാം നമ്പർ ഭേദഗതിക്ക് തുല്യവും 341-ാം നമ്പർ ഭേദഗതി 340-ാം നമ്പർ ഭേദഗതിക്ക് തുല്യവും 345-ാം നമ്പർ ഭേദഗതി 344-ാം നമ്പർ ഭേദഗതിക്ക് തുല്യവുമാണ്. 352, 353 എന്നീ നമ്പർ ഭേദഗതികൾ 351-ാം നമ്പർ ഭേദഗതിക്ക് തുല്യവും 358-ാം നമ്പർ ഭേദഗതി 359-ാം നമ്പർ ഭേദഗതിക്ക് തുല്യവും 363-ാം നമ്പർ ഭേദഗതി 362-ാം നമ്പർ ഭേദഗതിക്ക് തുല്യവും 406-ാം നമ്പർ ഭേദഗതി 405-ാം നമ്പർ ഭേദഗതിക്ക് തുല്യവും 416-ാം നമ്പർ ഭേദഗതി 415-ാം നമ്പർ ഭേദഗതിക്ക് തുല്യവുമാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 300, 343, 355, 415 എന്നീ നമ്പർ ഭേദഗതികളും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 300, 343, 355, 415 എന്നീ നമ്പർ ഭേദഗതികളും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 332 -ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 282, 306, 316, 339, 361, 373, 396, 405 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 284, 312, 340, 351, 371, 381 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 285, 354 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ അബ്ദു റബ്ബ് അവതരിപ്പിച്ച 287, 385 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 288, 347, 359, 370 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 292, 404 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 293, 376 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 295, 305, 329, 336, 356, 360, 387, 392, 394, 398, 401, 402, 410, 411, 413, 419 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 296, 310, 311, 319, 366, 372, 388 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 297, 334, 362, 380, 391, 414 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 301, 313, 326, 327, 333, 337, 346, 357, 368, 369, 384, 408, 417 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 303, 324, 344, 393, 397, 403 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 307, 365 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 308, 418 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 315, 386 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 328, 379, 383 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോട പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 338, 395 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 367, 374, 378 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 409-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 412, 420 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

421. ഖണ്ഡം 4(1) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന ദീർഘശീർഷകത്തിൽ "കേരള" എന്നത് ഒഴിവാക്കുക.

497. ഖണ്ഡം 4(9)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 8(1)-ൽ "പതിനഞ്ച് കോടി രൂപ" എന്നീ വാക്കുകൾക്കു പകരം "ഒരു കോടി രൂപ" എന്നീ വാക്കുകൾ ചേർക്കുക.

529. ഖണ്ഡം 4(10)(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(1)-ൽ "പതിനഞ്ച് കോടി രൂപയിൽ" എന്നത് "രണ്ട് കോടി രൂപയിൽ" എന്നു മാറ്റുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

423. ഖണ്ഡം 4(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിന്റെ ദീർഘശീർഷകത്തിൽ "സ്ഥാപിക്കുന്നതിനും" എന്ന വാക്കിന് ശേഷം "പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്ക് ചേർക്കുക.

431. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "നടത്തുന്നതിനും" എന്ന വാക്കിനു പകരം "പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്കു ചേർക്കുക.

445. ഖണ്ഡം 4(3)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ബിഎ)-ൽ, "നടത്തുന്നതിനും" എന്ന വാക്കിന് പകരം "പ്രവർത്തിപ്പിക്കുന്നതിനും" എന്ന വാക്കു ചേർക്കുക.

450. ഖണ്ഡം 4(3)(സി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഡിഎ)-ൽ, "മറ്റ് ഏതെങ്കിലും" എന്നീ വാക്കുകൾക്ക് ശേഷമുള്ള "സ്ഥാപനമോ" എന്ന വാക്ക് ഒഴിവാക്കുക.

458. ഖണ്ഡം 4 (4) (ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (ബി)-ൽ "ടൂറിസം" എന്ന വാക്കിന് പകരം "വിനോദസഞ്ചാരം" എന്ന വാക്ക് ചേർക്കുക.

476. ഖണ്ഡം 4 (5) (എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (പി)-ൽ "ടൂറിസം" എന്നതിനു പകരം "വിനോദ സഞ്ചാര വകുപ്പ്" എന്നും "ടൂറിസം വകുപ്പിലെ" എന്നതിന് പകരം "പ്രസ്തുത വകുപ്പിലെ" എന്നും ചേർക്കുക.

479. ഖണ്ഡം 4 (5) (എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (പി) താഴെ പറയും പ്രകാരം മാറ്റുക.

"(പി) വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത വിനോദ സഞ്ചാര വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;"

482. ഖണ്ഡം 4(6)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ 5(3)-ൽ "വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും" എന്നത് "വ്യവസായ നഗരപ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും" എന്നാക്കി മാറ്റുക.

483. ഖണ്ഡം 4(6)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ വകുപ്പ് 5(3)(സി)-ലെ "പ്രദേശത്തിന്റെ" എന്നത് "നഗരപ്രദേശത്തിന്റെ" എന്നാക്കുക.

484. ഖണ്ഡം 4(6)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ വകുപ്പ് 5(3)(സി)-ൽ "ചീഫ് എക്സിക്യൂട്ടീവ്;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

500. ഖണ്ഡം 4(9)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 8(1)-ൽ "പതിനഞ്ച് കോടി രൂപ വരെ" എന്നതിനു പകരം "മൂന്ന് കോടി രൂപ വരെ" എന്നീ വാക്കുകൾ ചേർക്കുക.

505. ഖണ്ഡം 4(9)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ വകുപ്പ് 8-ൽ "പതിനഞ്ച് കോടി" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം "പത്ത് കോടി" എന്നാക്കുക.

527. ഖണ്ഡം 4(10)(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(1)-ൽ "അകെ നിക്ഷേപം പതിനഞ്ച് കോടി രൂപയിൽ കവിഞ്ഞ വ്യവസായ സ്ഥാപനങ്ങൾ" എന്നത് "പതിനഞ്ച് കോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങൾ" എന്നാക്കി മാറ്റുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

425. ഖണ്ഡം 4(1) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ഭേദഗതി ചേർക്കാനുദ്ദേശിക്കുന്ന ദീർഘശീർഷകത്തിലെ "സർട്ടിഫിക്കറ്റുകളും" എന്ന വാക്കിനുശേഷം "നടപടിക്രമങ്ങൾ ലഘൂകരിച്ച്" എന്ന് ചേർക്കുക.

459. ഖണ്ഡം 4 (4) (ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (ബി)-ൽ "നിക്ഷേപം പ്രോത്സാഹിപ്പിക്കൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

472. ഖണ്ഡം 4 (5) (എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (എൻ)-ൽ "ഡെപ്യൂട്ടി കമ്മീഷണർ" എന്നീ വാക്കിനു മുൻപ് "വകുപ്പിലെ" എന്ന വാക്ക് ചേർക്കുക.

474. ഖണ്ഡം 4 (5) (എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (ഒ)-ൽ "ജല" എന്നു വരുന്നിടത്തെല്ലാം "വാട്ടർ" എന്ന് ചേർക്കുക.

485. ഖണ്ഡം 4(6)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ വകുപ്പ് 5(3)(എൻ)-ൽ "ഡെപ്യൂട്ടി" എന്ന വാക്കിനു മുൻപായി "വകുപ്പിലെ" എന്ന് ചേർക്കുക.

487. ഖണ്ഡം 4(6)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ വകുപ്പ് 5(3)(ഒ)-ൽ "ജല" എന്നതിനു പകരം "വാട്ടർ" എന്ന് ചേർക്കുക.

495. ഖണ്ഡം 4(8)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 7(3)-ൽ "അനുവാദം" എന്ന വാക്കിനു പകരം "അനുമതി" എന്ന് ചേർക്കുക.

504. ഖണ്ഡം 4(9)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 8(1)-ൽ "പതിനഞ്ച്" എന്നതിനു പകരം "അഞ്ച്" എന്ന് ചേർക്കുക.

508. ഖണ്ഡം 4(9)(ബി)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 8(2)(എ)-ൽ "അനുവാദമോ" എന്നതിനു പകരം "അനുമതിയോ" എന്ന് ചേർക്കുക.

513. ഖണ്ഡം 4(9)(ഡി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 8(4)-ൽ "തത്സമയം" എന്ന വാക്കിനു പകരം "തത്സമയം" എന്ന വാക്ക് ചേർക്കുക.

520. ഖണ്ഡം 4(9)(ഡി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 8(4)-ൽ "പതിനഞ്ചു കോടി" എന്നീ വാക്കുകൾക്കുപകരം "അഞ്ചു കോടി" എന്ന് ചേർക്കുക.

541. ഖണ്ഡം 4(11) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ 10-ാം വകുപ്പിൽ "ഈ ആക്ടിന്റെ മറ്റേതെങ്കിലും വ്യവസ്ഥകളിലോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

426. ഖണ്ഡം 4(1) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന ദീർഘശീർഷകത്തിൽ "അതിന്റെ" എന്ന വാക്കിനു പകരം "അവയുടെ" എന്ന വാക്ക് ചേർക്കുക.

498. ഖണ്ഡം 4(9)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 8(1)-ൽ "പതിനഞ്ച് കോടി രൂപ" എന്നീ വാക്കുകൾക്കു പകരം "രണ്ട് കോടി രൂപ" എന്നീ വാക്കുകൾ ചേർക്കുക.

530. ഖണ്ഡം 4(10)(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(1)-ൽ "പതിനഞ്ച് കോടി രൂപയിൽ" എന്നത് "മൂന്ന് കോടി രൂപയിൽ" എന്നു മാറ്റുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

486-ൽ ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും ഉണ്ടായിരിക്കേണ്ട അംഗങ്ങളിൽ സംസ്ഥാന നികുതി ഡെപ്യൂട്ടി കമ്മീഷണർ കൂടി ഉൾപ്പെടണം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിലവിൽ ഈ വകുപ്പിന്റെ പേര് ചരക്കു സേവന നികുതി വകുപ്പ് എന്ന് മാറ്റിയിട്ടുണ്ട്. അതിനാൽ അപ്രകാരം ഭേദഗതി വരുത്തണം.

427. ഖണ്ഡം 4(2)(i)ൽ "വ്യവസായ സ്ഥാപനങ്ങളുടെയും" എന്ന വാക്കിനു ശേഷം "ഫാക്ടറികളുടെയും" എന്ന വാക്ക് ചേർക്കുക.

430. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "വ്യവസായ സ്ഥാപനങ്ങൾ" എന്നീ വാക്കുകൾക്കുപകരം "വ്യവസായ സ്ഥാപനങ്ങളും ഫാക്ടറികളും" എന്നീ വാക്കുകൾ ചേർക്കുക.

441. ഖണ്ഡം 4(3)(എ)(iii)-ൽ, "വ്യവസായ സ്ഥാപനങ്ങൾ" എന്നീ വാക്കുകൾക്കുപകരം "വ്യവസായസ്ഥാപനം" എന്ന വാക്ക് ചേർക്കുക.

446. ഖണ്ഡം 4(3)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ബിഎ)-ൽ, "നടത്തുന്നതിനും" എന്ന വാക്കിനുശേഷം "വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

454. ഖണ്ഡം 4(4)(എ)-ൽ "പ്രവർത്തിപ്പിക്കുന്നതിനുമായി" എന്നതിനുപകരം "പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

463. ഖണ്ഡം 4 (4) (ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (സി)-ൽ "കോർപ്പറേഷൻ" എന്ന വാക്കിനുശേഷം "ലിമിറ്റഡ്" എന്ന വാക്ക് ചേർക്കുക.

465. ഖണ്ഡം 4 (4) (ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (ജെ)-ൽ "ജിയോളജി" എന്ന വാക്കിനുശേഷം "വകുപ്പ്" എന്ന വാക്ക് ചേർക്കുക.

473. ഖണ്ഡം 4 (5) (എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (എൻ) താഴെ പറയും പ്രകാരം മാറ്റുക.

"(എൻ) സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;"

486. ഖണ്ഡം 4(6)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ വകുപ്പ് 5(3)(എൻ) താഴെ പറയും പ്രകാരം മാറ്റുക;

"(എൻ) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;"

492. ഖണ്ഡം 4(8)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "അനുവാദമോ" എന്ന വാക്കിനുശേഷം "ലൈസൻസുകളുടെ പുതുക്കലോ" എന്ന് ചേർക്കുക.

496. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 7(3)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:-

"എന്നാൽ, ഇപ്രകാരം അനുവാദം നൽകിയതായി കരുതപ്പെടുന്ന സംഗതികളിൽ, പ്രസ്തുത അനുവാദം ഏതെങ്കിലും പൊതുതാത്പര്യാർത്ഥം റദ്ദ് ചെയ്യേണ്ടതുണ്ടെന്ന് ബോദ്ധ്യമാകുന്നപക്ഷം, സംസ്ഥാന ബോർഡിന് ആയത് റദ്ദ് ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്."

535. ഖണ്ഡം 4(10)(ബി)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(2)(എ)-ൽ "അനുവാദമോ" എന്ന വാക്കിനു ശേഷം "ക്ലിയറൻസോ പുതുക്കലോ" എന്നീ വാക്കുകൾ ചേർക്കുക.

539. ഖണ്ഡം 4(10)(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(4)-ൽ "വികസിപ്പിക്കുന്നതിലോ" എന്ന വാക്കിനുശേഷം "വൈവിദ്ധ്യ വത്കരിക്കുന്നതിലോ ആധുനികവത്കരിക്കുന്നതിലോ" എന്നീ വാക്കുകൾ ചേർക്കുക.

540. ഖണ്ഡം 4(11) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ 10-ാം വകുപ്പിൽ "നിയമത്തിലോ" എന്ന വാക്കിനുശേഷം "ചട്ടത്തിലോ' എന്ന വാക്ക് ചേർക്കുക.

547. ഖണ്ഡം 4(12)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 11 എ(1) വകുപ്പിൽ, "വ്യാവസായിക" എന്ന വാക്കിനു പകരം "വ്യവസായ" എന്ന വാക്ക് ചേർക്കുക.

558. ഖണ്ഡം 4(12)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 11 എ(2) വകുപ്പിനു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;

"എന്നാൽ, ഇപ്രകാരം ലൈസൻസ് നൽകപ്പെട്ട സ്ഥാപനത്തെ സംബന്ധിച്ച് ശല്യമോ മലിനീകരണമോ ആരോഗ്യപ്രശ്നങ്ങളോ ഉണ്ടാക്കുന്നതായുള്ള പൊതുജന പരാതിയിന്മേൽ ബന്ധപ്പെട്ട അധികാരികൾക്ക് ആവശ്യമായ നോട്ടീസ് നൽകിയതിനുശേഷം പരിശോധന നടത്താവുന്നതാണ്."

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

428. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിലെ "കേരള" എന്ന വാക്ക് ഒഴിവാക്കുക.

531. ഖണ്ഡം 4(10)(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 9(1)-ൽ "പതിനഞ്ച് കോടി രൂപയിൽ" എന്നത് "നാല് കോടി രൂപയിൽ" എന്നു മാറ്റുക.

532. ഖണ്ഡം 4(10)(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 9(1)-ൽ "പതിനഞ്ച് കോടി രൂപയിൽ" എന്നത് "അഞ്ച് കോടി രൂപയിൽ" എന്നു മാറ്റുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

429. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "സംസ്ഥാനത്ത്" എന്നതിനു ശേഷം "പുതിയ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

434. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിലെ "എല്ലാ" എന്ന വാക്ക് ഒഴിവാക്കുക.

439. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 2(എ)-ൽ "അധികാര സ്ഥാനം എന്നാൽ സംസ്ഥാനത്ത്" എന്ന വാക്കുകൾക്ക് ശേഷം വരുന്ന "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

455. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 3 (1)-ൽ "വിവിധ സംസ്ഥാന നിയമങ്ങൾ" എന്നീ വാക്കുകൾക്കു പകരം "വിവിധ കേന്ദ്ര നിയമങ്ങളോ സംസ്ഥാന നിയമങ്ങളോ അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ" എന്ന് ചേർക്കുക.

457. ഖണ്ഡം 4 (4) (ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (ബി)-ൽ "ടൂറിസം," എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

475. ഖണ്ഡം 4 (5) (എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (പി) ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

435. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ,- "എല്ലാ വ്യവസായ സ്ഥാപനങ്ങളും" എന്നതിന് പകരം "വ്യവസായ സ്ഥാപ നങ്ങൾ" എന്ന് ചേർക്കുക.

438. ഖണ്ഡം 4(2)(ii) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ, "വ്യവസായ നഗരപ്രദേശതലത്തിലും" എന്നതിന് പകരം "വ്യവസായ പ്രദേശ തലത്തിലും" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

440. ഖണ്ഡം 4(3)(എ)(i)-ൽ, "നിയമപരമായ നികായമോ" എന്നീ വാക്കുകൾക്കു മുമ്പായി "മുൻസിപ്പൽ കോർപ്പറേഷനോ" എന്നീ വാക്കുകൾ ചേർക്കുക.

462. ഖണ്ഡം 4 (4) (ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (ബി)-ൽ "പൊതുമരാമത്ത്" എന്ന വാക്കിന് ശേഷം ",നിയമം" എന്ന ചിഹ്നവും വാക്കും ചേർക്കുക.

489. ഖണ്ഡം 4(6)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 5(4)-ൽ "കേന്ദ്ര" എന്ന വാക്കിന് പകരം "കേന്ദ്രം" എന്ന വാക്ക് ചേർക്കുക.

501. ഖണ്ഡം 4(9)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ വകുപ്പ് 8(1)-ൽ "പതിനഞ്ച് കോടി രൂപ" എന്നീ വാക്കുകൾക്ക് പകരം "നാല് കോടി രൂപ" എന്നീ വാക്കുകൾ ചേർക്കുക.

506. ഖണ്ഡം 4(9)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 8(1)-ൽ "കോടി" എന്ന വാക്കിന് പകരം "ലക്ഷം" എന്ന വാക്ക് ചേർക്കുക.

522. ഖണ്ഡം 4(9)(ഡി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ 8(4) വകുപ്പിലെ "കോടി" എന്ന വാക്കിന് പകരം "ലക്ഷം" എന്ന വാക്ക് ചേർക്കുക.

555. ഖണ്ഡം 4(12)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ 11 എ(2) വകുപ്പിലെ "അധികാരികളുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിലോ" എന്നീ വാക്കുകൾക്ക് പകരം "അധികാരികൾക്ക് ബോദ്ധ്യപ്പെടുകയാണെങ്കിലോ" എന്നീ വാക്കുകൾ ചേർക്കുക.

557. ഖണ്ഡം 4(12)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ 11 എ(2) വകുപ്പിലെ "പരിഗണിച്ച ശേഷവും" എന്നീ വാക്കുകൾക്ക് ശേഷം "തൃപ്തികരമല്ലെങ്കിൽ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

442. ഖണ്ഡം 4(3)(എ)(iii)-ൽ, "വ്യവസായ സ്ഥാപനങ്ങൾ" എന്നത് "വ്യവസായസ്ഥാപനങ്ങൾക്ക്" എന്നാക്കുക.

515. ഖണ്ഡം 4(9)(ഡി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ പകരം ചേർക്കാനുദ്ദേശിക്കുന്ന 8(4) വകുപ്പിൽ "പതിനഞ്ചു കോടി" എന്നതിനു പകരം "രണ്ട് കോടി" എന്നാക്കുക.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

443. ഖണ്ഡം 4(3)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ബിഎ)-ൽ, "(ബിഎ)" എന്നത് "(ബി)എ"എന്ന് പുനരക്ഷരം ചെയ്യുക.

448. ഖണ്ഡം 4(3)(സി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ വകുപ്പ് ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഡിഎ)-ൽ, "(ഡിഎ)", "(ഡി)എ" എന്ന് പുനരക്ഷരം ചെയ്യുക.

507. ഖണ്ഡം 4(9)(ബി)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 8(2)(എ)-ൽ "അനുവാദമോ" എന്ന വാക്കിനു പകരം "അനുവാദം" എന്ന വാക്ക് ചേർക്കുക.

550. ഖണ്ഡം 4(12)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 11 എ(2) വകുപ്പിൽ "ഒരു പ്രാവശ്യം ഒരു വർഷത്തിൽ" എന്നീ വാക്കുകൾക്ക് പകരം "ഒരു വർഷം ഒരു പ്രാവശ്യത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

444. ഖണ്ഡം 4(3)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ബിഎ)-ൽ, "യുട്ടിലിറ്റി സർവ്വീസുകൾ" എന്നത് "യൂട്ടിലിറ്റി സേവനങ്ങൾ" എന്ന് മാറ്റുക.

534. ഖണ്ഡം 4(10)(ബി)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(2)-ൽ "മുപ്പതു ദിവസത്തിനകവും" എന്നതിനു പകരം "മുപ്പതു പ്രവൃത്തി ദിവസത്തിനകവും" എന്നാക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

451. ഖണ്ഡം 4(3)(സി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഡിഎ)-ൽ, "വ്യവസായമോ" എന്ന വാക്ക് ഒഴിവാക്കുക.

544. ഖണ്ഡം 4(11) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ 10-ാം വകുപ്പിൽ "നൽകിയതായി കരുതപ്പെടേണ്ടതുമാണ്" എന്നതിനുമുമ്പായി "അനുവദിച്ച്" എന്ന വാക്ക് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

452. ഖണ്ഡം 4(3)(ഡി) ഒഴിവാക്കുക.

456. ഖണ്ഡം 4 (4) (ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)(എ)-ൽ "ഗവൺമെന്റ്" എന്നത് "സംസ്ഥാനം" എന്നാക്കുക.

466. ഖണ്ഡം 4 (4) (ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (കെ)-യ്ക്കുശേഷം താഴെപ്പറയുന്നവ ചേർക്കുക:

" (എൽ) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ ഡയറക്ടർ; (എം) ഭക്ഷ്യ സുരക്ഷാ കമ്മീഷണർ; (എൻ) പ്രിൻസിപ്പൽ ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ;"

542. ഖണ്ഡം 4(11) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ 10-ാം വകുപ്പിലെ "അപേക്ഷ നിരസിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം" എന്നതിനുശേഷം താഴെപ്പറയുന്ന പ്രകാരം മാറ്റുക.

"നിരസിക്കുകയും ആ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കുകയും എന്നിട്ടും ബന്ധപ്പെട്ട പിശകുകൾ തിരുത്തുവാൻ മുന്നോട്ട് വരാത്തപക്ഷം പ്രസ്തുത മുപ്പത് ദിവസക്കാലയളവ് അവസാനിച്ചതിനു ശേഷം, അതതു സംഗതിപോലെ, ക്ലിയറൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകിയതായി കരുതപ്പെടേണ്ടതാണ്."

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

453. ഖണ്ഡം 4 (4) (എ)-ൽ "വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "പുതിയ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

536. ഖണ്ഡം 4(10)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(3)-ൽ "മുപ്പത് ദിവസത്തിനുള്ളിൽ" എന്നത് "മുപ്പത് പ്രവൃത്തി ദിവസത്തിനുള്ളിൽ" എന്നാക്കുക.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

464. ഖണ്ഡം 4 (4) (ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) (ഇ)-ൽ "ചെയർമാനും മാനേജിംഗ് ഡയറക്ടറും" എന്നത് "ചെയർമാൻ" എന്നു മാറ്റുക.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

468. ഖണ്ഡം 4 (4) (സി)-ൽ "മുപ്പത് ദിവസത്തിൽ കവിയാത്ത ഇടവേളകളിലും" എന്നത് "ഇരുപത്തിയഞ്ച് ദിവസത്തിൽ കവിയാത്ത ഇടവേളകളിലും" എന്നാക്കുക.

559. ഖണ്ഡം 4(12)(സി) പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 11 എ(3) വകുപ്പിൽ "ഏഴ് ദിവസത്തിനകം" എന്നത് "ഏഴ് പ്രവൃത്തി ദിവസത്തിനകം" എന്നാക്കുക.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

471. ഖണ്ഡം 4 (5) (എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (എഫ്) താഴെ പറയും പ്രകാരം മാറ്റുക.

"(എഫ്) നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസർ;"

518. ഖണ്ഡം 4(9)(ഡി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 8(4) വകുപ്പിൽ "പതിനഞ്ചു കോടി രൂപയിൽ" എന്നത് "നാല് കോടി രൂപയിൽ" എന്നു മാറ്റുക.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

477. ഖണ്ഡം 4 (5) (എ) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4 (3) (പി)-ൽ "ടൂറിസം വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ" എന്നതിനു പകരം "ടൂറിസം വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

546. ഖണ്ഡം 4(12)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ 11(2) വകുപ്പിൽ, "ഇരുപത് ദിവസത്തിനകം" എന്നത് "ഇരുപത് പ്രവൃത്തിദിവസത്തിനകം" എന്നാക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

480. ഖണ്ഡം 4 (5) (ബി)-ൽ, "ഇരുപത് ദിവസത്തിൽ" എന്നത് "പതിനഞ്ച് ദിവസത്തിൽ" എന്നാക്കുക.

543. ഖണ്ഡം 4(11) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിൽ 10-ാം വകുപ്പിൽ, 'മുപ്പത് ദിവസക്കാലയളവ്" എന്നീ വാക്കുകൾക്കു പകരം "മുപ്പത് പ്രവൃത്തി ദിവസക്കാലയളവ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

490. ഖണ്ഡം 4(7)(ബി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 6-ൽ "കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

493. ഖണ്ഡം 4(8)(സി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(3)-ൽ "സമർപ്പിക്കുന്ന" എന്ന വാക്കിനു പകരം "സമർപ്പിച്ച" എന്ന വാക്ക് ചേർക്കുക.

528. ഖണ്ഡം 4(10)(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 9(1)-ൽ "പതിനഞ്ച് കോടി രൂപയിൽ" എന്നത് "ഒരു കോടി രൂപയിൽ" എന്നു മാറ്റുക.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

509. ഖണ്ഡം 4(9)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ വകുപ്പ് 8(3)-ൽ "മുപ്പത് ദിവസത്തിനുള്ളിൽ" എന്നത് "മുപ്പത് പ്രവൃത്തി ദിവസത്തിനുള്ളിൽ" എന്നാക്കുക.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

524. ഖണ്ഡം 4(9)(ഡി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "സങ്കടമനു ഭവിക്കുന്ന" എന്നതിനു പകരം "പരാതി ഉള്ള" എന്ന് ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

545. ഖണ്ഡം 4(12)(എ)(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിന്റെ വകുപ്പ് 11(1)-ൽ വകുപ്പിൽ, "അപ്രകാരം ഉപാധികളോടെ നൽകപ്പെട്ടത്" എന്നതിന് പകരം "അപ്രകാരം ഉപാധികളോടെ നൽകപ്പെട്ടതോ നിരസിക്കപ്പെട്ടതോ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

548. ഖണ്ഡം 4(12)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 11 എ (1) വകുപ്പിൽ, "അഞ്ച് വർഷക്കാലയളവിലേക്ക്" എന്നതിനുപകരം "മൂന്ന് വർഷക്കാലയള വിലേയ്ക്ക്" എന്നു ചേർക്കുക.

549. ഖണ്ഡം 4(12)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 11 എ (1) വകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ, "അഞ്ചുവർഷമോ" എന്നതിനുപകരം "മൂന്ന് വർഷമോ" എന്ന് ചേർക്കുക.

552. ഖണ്ഡം 4(12)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 11 എ(2) വകുപ്പിൽ, "ഒരു പ്രാവശ്യം ഒരു വർഷത്തിൽ" എന്നതിനു പകരം "രണ്ടു പ്രാവശ്യം" എന്നു ചേർക്കുക.

556. ഖണ്ഡം 4(12)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ 11 എ(2) വകുപ്പിൽ, "ബന്ധപ്പെട്ട ബോർഡ്" എന്നതിനു ശേഷം "10 ദിവസത്തിനകം" എന്നു ചേർക്കുക.

560. ഖണ്ഡം 4(12)(സി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ 11 എ(3) വകുപ്പിൽ, "അഞ്ച് വർഷ കാലയളവിലേക്ക്" എന്നതിനു പകരം "മൂന്ന് വർഷ കാലയളവിലേയ്ക്ക്" എന്നു ചേർക്കുക.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

553. ഖണ്ഡം 4(12)(സി) പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ വകുപ്പ് 11 എ(2)-ൽ "ഒരു പ്രാവശ്യം ഒരു വർഷത്തിൽ അധികരിക്കാത്ത വിധം" എന്നതിന് പകരം "ഒരു വർഷം ഒരു പ്രാവശ്യത്തിൽ അധികരിക്കാത്ത വിധം" എന്ന് ചേർക്കുക.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. വി. എസ്. ശിവകുമാറിന്റെ 488 -ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബിന്റെ 491, 526 എന്നീ നമ്പർ ഭേദഗതികളും ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

488. ഖണ്ഡം 4(6)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ വകുപ്പ് 5(4)-ൽ "പ്രൈവറ്റ് പാർക്കിന്റെ" എന്നത് "സ്വകാര്യ പാർക്കിന്റെ" എന്നാക്കുക.

491. ഖണ്ഡം 4(7)(ബി) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ടിലെ വകുപ്പ് 6-ൽ "വിപുലീകരണവും, വൈവിധ്യവൽക്കരണവും, ആധുനികവൽക്കരണവും ഉൾപ്പെടെ" എന്നതിനു പകരം "വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനും ആധുനികവൽക്കരണത്തിനും ഉൾപ്പെടെയുള്ള" എന്ന് ചേർക്കുക.

526. ഖണ്ഡം 4(9)(ഡി) പ്രകാരം 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "സംസ്ഥാന ബോർഡ് അപ്പീൽ, അപ്പീൽ" എന്നതിനു പകരം "അപ്രകാരം സമർപ്പിക്കപ്പെട്ട അപ്പീൽ, സംസ്ഥാന ബോർഡ്, ആയത്" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കുഞ്ഞിരാമൻ അവതരിപ്പിച്ച 435, 438 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 446, 454, 486, 492, 535, 539, 547 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 458, 479 എന്നീ നമ്പർ ഭേദഗതികളും ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 488, 491, 526 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കുഞ്ഞിരാമൻ അവതരിപ്പിച്ച 435, 438 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാകുഴി അലി അവതരിപ്പിച്ച 446, 454, 486, 492, 535, 539, 547 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 458, 479 എന്നീ നമ്പർ ഭേദഗതികളും ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 421, 497, 529 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 423, 431, 445, 450, 476, 482, 483, 484, 500, 505, 527 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 425, 459, 472, 474, 485, 487,495, 504, 508, 513, 520, 541 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 498, 530 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 427, 430, 441, 463, 465, 473, 496, 540, 558 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 428, 531, 532 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 434, 439, 455, 457, 475 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 440, 462, 489, 501, 506, 522, 555, 557 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 442, 515 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 443, 448, 507, 550 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 534-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 451, 544 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 452, 456, 466, 542 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 453, 536 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 468, 559 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 471, 518 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 477, 546 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 480, 543 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 493, 528 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 509-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 548, 549, 552, 556, 560 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

561. ഖണ്ഡം 5 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ 10 എ വകുപ്പിലെ "എടുക്കുന്ന" എന്ന വാക്കിനു മുൻപുള്ള " ഭൂജലം" എന്ന വാക്കിനു മുമ്പായി "നിർണ്ണയിക്കപ്പെടാവുന്ന അളവിൽ കൂടുതൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

562. ഖണ്ഡം 5 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ 10 എ വകുപ്പിൽ "ഭൂജലം എടുക്കുന്ന" എന്നീ വാക്കുകൾക്കു മുമ്പ് "അനുവദനീയമായ അളവിൽ" എന്നു ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

563. ഖണ്ഡം 5 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ 10 എ വകുപ്പിൽ "എടുക്കുന്ന" എന്ന വാക്കിന് മുൻപായി " നിയമവിധേയമായി" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

564. ഖണ്ഡം 5 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ 10 എ വകുപ്പിൽ "ഉപയോഗിച്ചിട്ടുള്ള ഭൂജലം ശുദ്ധീകരിക്കുകയും ശുദ്ധീകരിച്ച് ഉപയോഗിക്കുകയും പുനരുപയോഗിക്കുയും ചെയ്യുന്നതിനായി" എന്നീ വാക്കുകൾക്കുപകരം" ഉപയോഗിച്ചിട്ടുള്ള ഭൂജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിനായി" എന്നു ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

565. ഖണ്ഡം 5 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ വകുപ്പ് 10 എ-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നതിന് ശേഷം "അതോറിറ്റിയുമായി" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

566. ഖണ്ഡം 5 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ വകുപ്പ് 10 എ-യിൽ "വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്" എന്നതിനുപകരം "സംവിധാനം ഏർപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

569. ഖണ്ഡം 5 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ വകുപ്പ് 10 എ-യ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

" എന്നാൽ ഭൂജല അതോറിറ്റി വ്യക്തമാക്കിയിട്ടുള്ള നിരപ്പിലും താഴെ നിന്ന് ഭൂജലം ഒരു കാരണവശാലും എടുക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതല്ല" .

മി. സ്പീക്കർ: ശ്രീ. അനിൽ അക്കരയുടെ 568-ാം നമ്പർ ഭേദഗതി ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 569-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ: ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 561-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 562-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 565-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 569-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

570. ഖണ്ഡം 6 (എ) പ്രകാരം 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 4(5) വകുപ്പിലെ "മൂന്ന് വർഷക്കാലത്തേക്ക്" എന്നീ വാക്കുകൾക്കു പകരം "ഓരോ വർഷവും അംഗീകൃത സർവ്വീസ് എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം മൂന്ന് വർഷക്കാലത്തേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

571. ഖണ്ഡം 6 (എ) പ്രകാരം 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 4 (5) വകുപ്പിലെ "മൂന്ന്" എന്നതിനു പകരം "ഒന്ന് " എന്ന് ചേർക്കുക.

579. ഖണ്ഡം 6(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റിൽ 4(5 എ) വകുപ്പിൽ "ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക്, ഓരോ വർഷവും ഒരു പരിശോധന നടത്താവുന്നതും" എന്നതിനുപകരം "ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എപ്പോൾ വേണമെങ്കിലും പരിശോധന നടത്താവുന്നതും" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

576. ഖണ്ഡം 6 (എ) പ്രകാരം 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (5)-ൽ "മൂന്ന് " എന്ന വാക്കിന് പകരം "രണ്ട് " എന്ന വാക്ക് ചേർക്കുക.

584. ഖണ്ഡം 6(ബി) പ്രകാരം 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 4(5 എ) വകുപ്പിൽ "ചട്ടങ്ങളുടേയോ വ്യവസ്ഥകളുടേയോ ലൈസൻസിന്റെ ഏതെങ്കിലും ഉപാധികളുടേയോ നിബന്ധനകളുടേയോ ലംഘനം കാണുന്നപക്ഷം" എന്നീ വാക്കുകൾക്ക് പകരം "ചട്ടങ്ങളോ വ്യവസ്ഥകളോ ലൈസൻസിന്റെ ഏതെങ്കിലും ഉപാധികളോ നിബന്ധനകളോ ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ഈ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

577. ഖണ്ഡം 6 (എ) പ്രകാരം 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 4 (5) വകുപ്പിൽ "പരിശോധനയ്ക്കും" എന്ന വാക്ക് വിട്ടുകളയുകയും താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുകയും ചെയ്യുക.

"എന്നാൽ, ഇപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷയിന്മേൽ ബന്ധപ്പെട്ട അധികാര സ്ഥാപനം ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും ഏതെങ്കിലും തരത്തിലുള്ള ചട്ട ലംഘനം കാണുന്ന പക്ഷം ലൈസൻസ് പുതുക്കി നൽകേണ്ടതില്ലാത്തതുമാണ്. "

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

582. ഖണ്ഡം 6(ബി) പ്രകാരം 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 4(5 എ) വകുപ്പിൽ "പരിശോധന" എന്ന വാക്കിനുമുൻപ് വരുന്ന "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

583. ഖണ്ഡം 6(ബി) പ്രകാരം 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 4(5 എ) വകുപ്പിൽ "ഒരു പരിശോധന" എന്നതിനു പകരം "രണ്ട് പരിശോധന" എന്നു ചേർക്കുക.

ശ്രീ. അബ്ദുൾ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

585. ഖണ്ഡം 6(ബി) പ്രകാരം 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 4(5 എ) വകുപ്പിൽ "കാണുന്ന പക്ഷം" എന്ന വാക്കിന് പകരം "ബോദ്ധ്യപ്പെടുന്നപക്ഷം" എന്ന വാക്ക് ചേർക്കുക.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 570-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 571, 579 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 584-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 582-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 583-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 585-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഏഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587. ഖണ്ഡം 7(1)-ൽ "ആവശ്യങ്ങൾ" എന്ന വാക്കിനു പകരം "വ്യവസ്ഥകൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

588. ഖണ്ഡം 7(2)-ൽ "രൂപഭേദം വരുത്തുകയോ" എന്ന വാക്കുകൾക്ക് പകരം "ഭേദഗതി വരുത്തുകയോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

589. ഖണ്ഡം 7(2)-ൽ "ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നീ വാക്കുകൾക്ക് പകരം "ചട്ടം റദ്ദാക്കാൻ" എന്നീ വാക്കുകൾ ചേർക്കുക.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ: ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 588-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 589-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എട്ടാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

590. ഖണ്ഡം 8(2)-ൽ "കാര്യമോ" എന്നതിനുശേഷം "കാര്യങ്ങളോ" എന്നും "നടപടിയോ" എന്നതിനുശേഷം "നടപടികളോ" എന്നും ചേർക്കുക.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 590-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

106. ദീർഘശീർഷകത്തിൽ "വ്യത്യസ്ത നിയമങ്ങൾ" എന്ന വാക്കിനു മുൻപായി "സംസ്ഥാനത്ത് നിലവിലുള്ള" എന്ന് ചേർക്കുക.

110. ദീർഘശീർഷകത്തിൽ "അനുവാദം" എന്ന വാക്കിനുപകരം "അനുമതി" എന്ന് ചേർക്കുക.

116. ദീർഘശീർഷകത്തിൽ "കാലതാമസം" എന്ന വാക്കിന് മുൻപായി "നടപടിക്രമങ്ങളിലെ" എന്ന് ചേർക്കുക.

118. ദീർഘശീർഷകത്തിൽ "കേരള സർക്കാരിന്റെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

121. പീഠികയിൽ "വ്യത്യസ്ത നിയമങ്ങൾ" എന്നതിനു മുൻപായി "സംസ്ഥാനത്ത് നിലവിലുള്ള" എന്ന് ചേർക്കുക.

126. പീഠികയിൽ "അനുവാദം" എന്ന വാക്കിനുപകരം "അനുമതി" എന്ന് ചേർക്കുക.

131. പീഠികയിൽ "കാലതാമസം" എന്ന വാക്കിനു മുൻപായി "നടപടി ക്രമങ്ങളിലെ" എന്ന വാക്ക് ചേർക്കുക.

134. പീഠികയിൽ "കേരള സർക്കാരിന്റെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ദീർഘശീർഷകത്തിൽ "വ്യത്യസ്ത നിയമങ്ങൾ" എന്നതിനു മുൻപ് "സംസ്ഥാനത്ത്" എന്ന വാക്ക് ചേർക്കുക.

117. ദീർഘശീർഷകത്തിൽ "ഒഴിവാക്കുന്നതിനുള്ള" എന്ന വാക്കിനു പകരം "ഒഴിവാക്കുന്നതിനായുള്ള" എന്ന വാക്ക് ചേർക്കുക.

120. ദീർഘശീർഷകത്തിൽ "ബന്ധപ്പെട്ടതോ" എന്ന വാക്കിന് പകരം "ബന്ധപ്പെട്ടുള്ളതോ" എന്ന വാക്ക് ചേർക്കുക.

132. പീഠികയിൽ "ഒഴിവാക്കുന്നതിനുള്ള" എന്ന വാക്കിനു പകരം "ഒഴിവാക്കുന്നതിനായുള്ള" എന്ന വാക്ക് ചേർക്കുക.

135. പീഠികയിൽ "ബന്ധപ്പെട്ടതോ" എന്ന വാക്കിനു പകരം "ബന്ധ പ്പെട്ടുള്ളതോ" എന്ന വാക്ക് ചേർക്കുക.

136. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്ന വാക്കിനു പകരം "ഇനിപ്പറയും" എന്ന വാക്ക് ചേർക്കുക.

140. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക. " (2) ഇത് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ദീർഘശീർഷകത്തിൽ "പ്രകാരം ആവശ്യമായിട്ടുള്ള" എന്നീ വാക്കുകൾക്ക് പകരം "അനുശാസിക്കുന്ന" എന്ന വാക്ക് ചേർക്കുക.

125. പീഠികയിൽ "പ്രകാരം ആവശ്യമായിട്ടുള്ള" എന്നീ വാക്കുകൾക്ക് പകരം "അനുശാസിക്കുന്ന" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109. ദീർഘശീർഷകത്തിൽ "പ്രകാരം ആവശ്യമായിട്ടുള്ള" എന്ന വാക്കുകൾക്കു പകരം "പ്രകാരമുള്ള" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ "തുടങ്ങിയവ" എന്നതിനുപകരം "എന്നിവ" എന്നാക്കുക.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ "നൽകുന്നതിലുള്ള കാലതാമസം" എന്നതിനു പകരം "നൽകുന്നതിന് നിലവിൽ നിലനിൽക്കുന്ന കാലതാമസം" എന്നാക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ "നൽകുന്നതിലുള്ള കാലതാമസം" എന്നത് "നൽകുന്നതിന് നിലവിലുള്ള കാലതാമസം" എന്നാക്കുക.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ "നൽകുന്നതിലുള്ള കാലതാമസം" എന്നത് "നൽകുന്നതിലുണ്ടായിട്ടുള്ള കാലതാമസം" എന്നാക്കുക.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ "വ്യത്യസ്ത നിയമങ്ങൾ" എന്നതിനു പകരം "വ്യത്യസ്ത നിയമങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കുന്ന" എന്നാക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. പീഠികയിൽ "ഉടങ്ങിയവ" എന്നതിന് പകരം "എന്നിവ" എന്നാക്കുക

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 1 (1)-ൽ " ആക്ടിന്, ആക്ട്" എന്നീ വാക്കുകൾക്ക് പകരം യഥാക്രമം " നിയമത്തിന്, നിയമം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക.

" (1) ഈ ആക്ടിന് 2018-ലെ കേരള നിക്ഷേപ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട്" എന്ന് പേര് പറയാം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 1 (2)-ൽ "തീയതി" എന്ന വാക്കിനുശേഷം "മുതൽ"എന്ന വാക്ക് ചേർക്കുക.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 106, 110, 116, 118, 121, 126, 131, 134, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 107, 117, 120, 132, 135, 136, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 108, 125 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നമ്മുടെ സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ വരാനുള്ള സാദ്ധ്യത മുൻനിർത്തിയാണ് ease of doing business എന്ന നിലയിൽ രണ്ട് ബില്ലുകളും ഇവിടെ അവതരിപ്പിച്ചത്. രണ്ട് ബില്ലുകളെയും ഞാൻ സ്വാഗതം ചെയ്യുകയാണ്. ഏഴ് നിയമങ്ങൾ പ്രകാരം ആവശ്യമായിട്ടുള്ള വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ

തുടങ്ങിയവ നൽകുന്നതിന് നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ ഭേദഗതികളാണ് രണ്ട് ബില്ലിലൂടെയും ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ളത്. അതിൽ 1978-ലെ ചുമട്ടുതൊഴിലാളി ആക്ടിൽ സർക്കാർ കൊണ്ടുവന്ന ഭേദഗതി വ്യാപകമായ തൊഴിലാളി പ്രതിഷേധംമൂലം സബ്ജക്ട് കമ്മിറ്റിയിൽവച്ച് ചില മാറ്റങ്ങൾ നടത്തുകയാണുണ്ടായത്. ഏതെങ്കിലും തൊഴിലുടമയ്ക്കോ ഉടമസ്ഥന് സ്വയമോ അല്ലെങ്കിൽ അയാളുടെ സ്വന്തം ജോലിക്കാരെക്കൊണ്ടോ ഏതെങ്കിലും വസ്തുവകകൾ കയറ്റുകയോ ഇറക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട ജോലികളിൽ ചുമട്ടുതൊഴിലാളികളെ നിയോഗിക്കേണ്ടതില്ലെന്നും സൂക്ഷ്മമായും മെഷീണറി ഉപയോഗിച്ചും കയറ്റിറക്ക് ചെയ്യേണ്ട ജോലികൾക്ക് പരിചയസമ്പന്നരെ നിയോഗി ക്കാമെന്നുമുള്ള വിധത്തിൽ സബ്ജക്ട് കമ്മിറ്റിയിൽവച്ച് മാറ്റം വരുത്തിയത് സ്വാഗതാർഹമായ കാര്യമാണ്. ജോലി ചെയ്താൽ മാത്രമേ കൂലിക്ക് അർഹതയുള്ളൂവെന്ന ഭേദഗതി നിർദ്ദേശം എല്ലാവരും അംഗീകരിക്കുന്ന ഒന്നാണ്. 2002-ൽ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഇതുസംബന്ധിച്ച നിയമം 2008-ലെ എൽ.ഡി.എഫ്. സർക്കാർ റദ്ദാക്കുകയാണുണ്ടായത്. ഏതായാലും പത്ത് വർഷം കഴിഞ്ഞ് കാലഘട്ടത്തിന്റെ ആവശ്യകത പരിഗണിച്ച് നമുക്ക് ഈ നിയമം അവതരിപ്പിക്കാൻ സാഹചര്യമുണ്ടായത് നന്നായി എന്നാണ് എനിക്ക് പറയാനുള്ളത്. കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പ്രകാരം പഞ്ചായത്ത് രാജ് നിയമത്തിലും മുനിസിപ്പാലിറ്റി നിയമത്തിലും കൊണ്ടുവന്നിട്ടുള്ള ഭേദഗതി, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ അധികാരം ഉദ്യോഗസ്ഥർക്ക് നൽകുന്നത് എത്രമാത്രം സഹായകമാകുമെന്ന് പരിശോധിക്കേ ണ്ടതാണ്. 15 കോടി രൂപവരെയുള്ള മൂലധന വ്യവസായങ്ങളെ ജില്ലാ ബോർഡിന്റെ കീഴിലാക്കിയിട്ടുണ്ട്. അതുപോലെ വ്യവസായങ്ങൾക്ക് 30 ദിവസത്തിനകം ക്ലിയറൻസ് നൽകുന്ന നിർദ്ദേശവും സ്വാഗതാർഹമാണ്. കേരള ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ടിൽ കൊണ്ടുവന്നിട്ടുള്ള പ്രതിലോമകരമായ നിർദ്ദേശം സഭയുടെ പൊതുവികാരം പരിഗണിച്ച് കമ്മിറ്റിയിൽ വച്ച് ഭേദഗതി ചെയ്തതിനെയും ഞാൻ സ്വാഗതം ചെയ്യുകയാണ്. Today's manthra is investment. എല്ലാ രാജ്യങ്ങളും സംസ്ഥാനങ്ങളും കൂടുതൽ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാനും അതുവഴി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും പുരോഗതിയിലേയ്ക്ക് എത്തിക്കാനുമുള്ള ശ്രമങ്ങളാണ് ലോകത്തെമ്പാടും നടക്കുന്നത്. ആ ദിശയിൽ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കണം. എന്നാൽ സംസ്ഥാനത്തിന്റെ വിഭവസമ്പത്തുക്കൾ അമിതമായി ചൂഷണം ചെയ്യുന്നു; എക്സസ് എക്സ്പ്ലോയിറ്റേഷൻ ഒഴിവാക്കേണ്ടത് ഏറ്റവും ആവശ്യമാണ്; അതിൽക്കൂടി സർക്കാരിന്റെ ജാഗ്രതാപൂർവ്വമായ സമീപനമുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. 1990 മുതൽ ലോകത്തുണ്ടായ മാറ്റത്തെ അംഗീകരിക്കാതെ, യന്ത്രവൽക്കരണത്തെ ശക്തിയുക്തമായി എതിർത്ത്, മാറ്റത്തിന് തടസ്സമായ, സ്വകാര്യനിക്ഷേപത്തെ അടച്ചാക്ഷേപിച്ച സമീപനങ്ങൾ ഇവിടെ സർക്കാർ മാറ്റുന്നുവെന്നത് സ്വാഗതാർഹമായ കാര്യമാണ്. നമ്മുടെ രാജ്യത്തും ലോകത്തെമ്പാടും ഇന്ന് ഇൻവെസ്റ്റ്മെന്റിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഞാൻ ഇതിനെ കണക്കാക്കുന്നു. ഇത്

ബദലൊന്നും അല്ല. ഇത് പുതിയ കാലഘട്ടത്തിന് അനുസൃതമായി വന്നിരിക്കുന്ന ഒരു മാറ്റമാണ്. ആ മാറ്റത്തെ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിലാണെന്ന് പറഞ്ഞു. "പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള 2016-17"-ൽ പറയുന്നത് 2015-ൽ യു.ഡി.എഫ്. സർക്കാരിന്റെ ലാഭം 5557 കോടി രൂപയും എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഒരു വർഷത്തെ ലാഭം 6004 കോടി രൂപയുമാണന്നാണ്. അതും മൂന്ന് സ്ഥാപനങ്ങളിൽ കൂടിയാണ് ലാഭമെന്ന് ഇതിൽ സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ട് അത് മേനിനടിക്കേണ്ട ഒരു കാര്യമല്ല, അന്തർദ്ദേശീയ മാർക്കറ്റുകളിലെ ചില വ്യത്യാസങ്ങൾകൊണ്ടുണ്ടായ മാറ്റമാണ്. എന്നാലും അങ്ങയുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല; പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനുള്ള അങ്ങയുടെ ശ്രമങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. യു.ഡി.എഫ്.ന്റെ ഭരണ കാലത്തെ നഷ്ടം 2568 കോടി രൂപയാണ്. എൽ.ഡി.എഫ്.-ന്റേത് ഒരു വർഷം 4459 കോടി രൂപയാണ്. ലാഭം കുറച്ചു എന്നുള്ള വാദഗതി ശരിയല്ല. 1891 കോടി രൂപയുടെ നഷ്ടമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ ഒരു വർഷം ഉണ്ടാക്കിയിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്തേക്കാൾ പതിന്മടങ്ങാണ് നഷ്ടമുണ്ടായത് എന്നുള്ള കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഇത് ഞാൻ പറഞ്ഞതല്ല, ഡോ. ടി. എം. തോമസ് ഐസക് നിയമസഭയിൽ വച്ച പബ്ലിക് എന്റർപ്രൈസസിന്റെ റിവ്യൂ റിപ്പോർട്ടിൽ പറഞ്ഞ കാര്യമാണ്. ഏതായാലും കേരള നിയമസഭയുടെ ചരിത്രത്തിലെ സുപ്രധാനമായ കാൽവയ്പാണിത്, കാരണം കൂടുതൽ ആളുകൾ നിക്ഷേപം നടത്താനും അതിനുള്ള അന്തരീക്ഷമുണ്ടാക്കാനും നമ്മുടെ രാഷ്ട്രീയ പാർട്ടിയുടെ mindset മാറ്റാനും ഈ രണ്ട് ബില്ലുകളും സഹായിക്കുമെന്ന് ഞാൻ പൂർണ്ണമായും പ്രത്യാശിക്കുകയാണ്. പ്രതിപക്ഷം ഒറ്റക്കെട്ടായി ഈ ബില്ലുകളെ സ്വാഗതം ചെയ്യുന്നു.

മി. സ്പീക്കർ: 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ.....

ഓർഡർ..... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കു ന്നതുമാണ്.

(2018 ഏപ്രിൽ മാസം 4-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.32-ന് പിരിഞ്ഞു)

## അനുബന്ധം - I

### (22-3-2018-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 453-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി)

### നോട്ടുനിരോധനം ഏൽപ്പിച്ച ആഘാതം സൃഷ്ടിച്ച പ്രതിസന്ധി

*453 ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ബി. സത്യൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ നയംമൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ മേൽ കേന്ദ്ര സർക്കാരിന്റെ നോട്ടുനിരോധനം പോലുള്ള നടപടികൾ ഏൽപ്പിച്ച ആഘാതം സൃഷ്ടിച്ച പ്രതിസന്ധി തരണംചെയ്ത് വികസനം സാദ്ധ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വികസനതന്ത്രം അറിയിക്കാമോ;

(ബി) ധന ദൃഢീകരണമെന്ന പേരിൽ ധന ഉത്തരവാദിത്ത നിയമം കേന്ദ്രം കർശനമാക്കുകയും റവന്യൂ കമ്മി ഇല്ലാതാക്കുക എന്നതിലുപരി ധനക്കമ്മി കുറയ്ക്കുകയെന്ന അശാസ്ത്രീയ സമീപനവും വികസന പ്രവർത്തനങ്ങൾക്കായുള്ള കടമെടുപ്പിനെ എങ്ങനെ ബാധിക്കും;

(സി) ഓരോ വികസന പദ്ധതിക്കും വർഷം തോറും ചെലവഴിക്കുന്ന തുക സംബന്ധിച്ചും അതിലൂടെ സാദ്ധ്യമാകുന്ന ഭൗതിക നേട്ടങ്ങളും പ്രത്യാഘാതങ്ങളും തുടർച്ചയായി വിലയിരുത്തുന്ന ഫലാധിഷ്ഠിത വികസനതന്ത്രം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-സി) അഴിമതിയും ധനകാര്യ കെടുകാര്യസ്ഥതയും ധൂർത്തും നിമിത്തം സമ്പദ്ഘടന അടിമുടി താറുമാറായിരിക്കുന്ന അവസ്ഥയിലാണ് മുൻ സർക്കാർ വരുത്തിവച്ച ഭീമമായ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ഈ സർക്കാർ അധികാരമേൽക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനമടക്കമുള്ള വികലമായ നയങ്ങളുടെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും ഫലമായി മേൽ പ്രതിസന്ധി കൂടുതൽ സങ്കീർണ്ണവും ഗുരുതരവുമാകുകയുണ്ടായി. സാമ്പത്തിക മാന്ദ്യത്തിന് സമാനമായ ടി പ്രതിസന്ധിക്കിടയിലും വികസന ക്ഷേമ പ്രവർത്തനങ്ങളിൽ ഒരു വിധത്തിലുമുള്ള കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം. ടി നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തര നടപടി സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.

നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക ടി.എസ്.ബി. അക്കൗണ്ട് തുറന്ന് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യമുണ്ടാക്കി.

സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധനവ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു.

സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

കോർബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരുംവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടി അന്തിമഘട്ടത്തിലാണ്.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000

കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ 20,000 കോടിയോളം രൂപയുടെ പദ്ധതിക്ക് പണം അനുവദിച്ച് നിർവ്വഹണത്തിലേയ്ക്ക് നീങ്ങുന്നു. 10,000 കോടി രൂപയുടെ പ്രവൃത്തികൾക്ക് അധികം താമസിയാതെ അനുവാദം നൽകും; ശേഷിക്കുന്നവ വരും വർഷത്തിലും. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും.

സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19-ൽ 2500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കും. ഇതിലുപരി അടുത്ത സാമ്പത്തിക വർഷം 500 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സ്കൂളുകളുടെയും പശ്ചാത്തല സൗകര്യ വികസനത്തിന് 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ ചെലവഴിക്കുന്നതാണ്.

കുടുംബശ്രീക്ക് 2018-19-ൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഇരുപതാം വർഷത്തിലേയ്ക്ക് കടക്കുന്നതിനാൽ 20 ഇന കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്ക് ആവശ്യമായ വിഹിതം ബജറ്റിൽ വകയിരുത്തി.

നെല്ല് സംഭരണം, തരിശുഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യപരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യാവസായികാടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്ക് 2018-19-ലെ ബഡ്ജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് സിയാൽ മാതൃകയിൽ കമ്പനിയും റബ്ബർ പാർക്കുകളും റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് ഇൻകുബേഷൻ സെന്ററും സ്ഥാപിക്കും.

മൃഗപരിപാലനത്തിന് കാലിത്തീറ്റ സബ്സിഡിക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും മുന്തിയ പരിഗണന ബജറ്റിലൂടെ ഉറപ്പുവരുത്തി.

അടുത്ത സാമ്പത്തിക വർഷം വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന ടൂറിസം മാർക്കറ്റിംഗ്, മുസിരിസ് പ്രോജക്ട്, തലശ്ശേരി, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ പൈതൃക പദ്ധതി, സ്പൈസസ് റൂട്ട് എന്നീ പദ്ധതികൾ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയും കിഫ്ബിയുടെ ഭാഗമായി നടപ്പാക്കുന്ന 54,000 കോടി രൂപയുടെ നിക്ഷേപത്തിൽ ഗണ്യമായ വിഹിതം മാറ്റിവയ്ക്കുകയും ചെയ്തു.

വൻകിട ഇടത്തരം ജലസേചന പദ്ധതികളോടൊപ്പം പരമ്പരാഗത ജല സ്രോതസ്സുകളായ കുളങ്ങളും തോടുകളും പുനരുദ്ധരിക്കുന്നതിനും കനാലുകൾ നവീകരിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജലസേചന ആവശ്യങ്ങൾക്ക് ഒരു പരിധിവരെ മേൽ പദ്ധതികൾ പര്യാപ്തമാകും.

2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150 കോടി രൂപ വരും. ഗ്രാമ വികസനത്തിന് 226.04 കോടി രൂപയുടെയും കാർഷിക മേഖലയ്ക്ക് 155.12 കോടി രൂപയുടെയും വർദ്ധനവ് മുൻവർഷത്തെ അപേക്ഷിച്ച് വകയിരുത്തിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

എഫ്.ആർ.ബി.എം. കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് 2022-23-ഓടെ സംസ്ഥാനത്തിന്റെ ധനക്കമ്മി/ജി.എസ്.ഡി.പി. അനുപാതം 1.7 ശതമാനവും കടം/ജി.എസ്.ഡി.പി. അനുപാതം 20 ശതമാനവുമായി കുറയ്ക്കേണ്ടിവരുമെന്ന് നാലാമത് കേരള പൊതുച്ചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷിക്കുകയുണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ ശിപാർശ അംഗീകരിക്കുന്നപക്ഷം അത് പാലിക്കുന്നതിനായി സംസ്ഥാനത്തിന് ചെലവ് വെട്ടിക്കുറയ്ക്കേണ്ടി വരികയും വരുമാനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിവരികയും ചെയ്യും. കേരളംപോലുള്ള ധനക്കമ്മി, റവന്യൂക്കമ്മി അനുപാതങ്ങൾ ഉയർന്നു നിൽക്കുന്ന സംസ്ഥാനത്തിന് എഫ്.ആർ.ബി.എം. റിവ്യൂ കമ്മിറ്റിയുടെ സാമ്പത്തിക ദൃഢീകരണ മാർഗ്ഗരേഖ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് നാലാം പൊതുച്ചെലവ് പുനഃപരിശോധനാ കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന റവന്യൂച്ചെലവ് വഹിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ മൂലധനച്ചെലവ് വെട്ടിക്കുറയ്ക്കാത്തവിധം യുക്തിസഹമായ സാമ്പത്തിക നടത്തിപ്പ് കൈക്കൊള്ളേണ്ടി വരുമെന്നും പൊതുച്ചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷണം നടത്തിയിട്ടുണ്ട്. വികസന പദ്ധതികളുടെ നിർവ്വഹണത്തിലെ സാങ്കേതികതകൾക്കുപരിയായി ഫലാധിഷ്ഠിതമായ വിലയിരുത്തൽ സാദ്ധ്യമാകുന്ന തരത്തിൽ പെർഫോമൻസ് ബജറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

# അനുബന്ധം - 2

## (2-4-2018-ലെ ചോദ്യോത്തരങ്ങൾ)

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധി

1 (*601) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വൈദ്യുതിമേഖല കടുത്ത പ്രതിസന്ധി നേരിടുകയാണെന്നത് കണക്കിലെടുത്ത് ഈ മേഖലയിൽ ലഭ്യമായ ആധുനിക സംവിധാനങ്ങളെല്ലാം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) നിലവിൽ ഉള്ളതിൽ നിന്ന് വ്യത്യസ്തമായി വൈദ്യുതി ഉല്പാദന വിതരണ മേഖലയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

(സി) അതിരപ്പിള്ളി വൈദ്യുതി പദ്ധതിയ്ക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേരളത്തിലെ വൈദ്യുത മേഖല കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യം നിലവിലില്ല. വൈദ്യുത മേഖലയിൽ ഉൽപ്പാദന-പ്രസരണ-വിതരണ രംഗത്ത് ലഭ്യമായ ആധുനിക സംവിധാനങ്ങളെല്ലാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലോകോത്തര നിലവാരത്തിൽ ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാക്കുവാനായി കാലാനുസൃതമായ പരിഷ്കാരങ്ങൾ വിതരണ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും മുഴുവൻ സമയവും ലഭ്യമാക്കുക, വിതരണ ലൈനിൽ നിന്നുള്ള അപകടങ്ങൾ ഇല്ലാതാക്കുക, ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഉപഭോക്തൃ സേവനങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസരണ മേഖലയിൽ ലഭ്യമായ ആധുനിക സംവിധാനങ്ങളെല്ലാം ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രസരണ മേഖലയിൽ ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷനുകൾ, കണ്ടെയ്നറൈസ്ഡ് സബ് സ്റ്റേഷനുകൾ, ഹൈബ്രിഡ് ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിച്ചുവരുന്നു. ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിനായി മോണോപോളുകൾ, വീതി കുറഞ്ഞ നാരോ ബെയ്സ്ഡ് ടവറുകൾ എന്നിവയും കപ്പാസിറ്റി കൂടിയ ന്യൂ ജനറേഷൻ കണ്ടക്ടറുകളും പോളിമർ ഇൻസുലേറ്ററുകളും ഉപയോഗിക്കുന്നുണ്ട്. ഇതുവഴി ലൈൻ വലിക്കുന്നതിന് ഇന്ന് നിലനിൽക്കുന്ന

തടസ്സവും കാലതാമസവും ഒഴിവാക്കാവുന്നതാണ്. പരിസ്ഥിതിക്കുള്ള ആഘാതവും ഏറ്റവും കുറവാണ്. തെർമൽ ഇമേജറും LIDAR-ഉം ഘടിപ്പിച്ചിട്ടുള്ള ഡ്രോണുകൾ ഉപയോഗിച്ച് ട്രാൻസ്മിഷൻ ലൈൻ കോറിഡോറുകളുടെ പരിശോധനകൾ നടത്തുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ഇത്തരമൊരു സംവിധാനം ആദ്യമായി നടപ്പിലാക്കുന്ന സംസ്ഥാനം കേരളമാണ്. വൈദ്യുതി മേഖലയിൽ വിവര സാങ്കേതികവിദ്യാടിസ്ഥാനത്തിൽ താഴെപ്പറയുന്ന ആധുനിക സംവിധാനങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പാക്കിയിട്ടുണ്ട്.

1. എൽ.ടി./എച്ച്.ടി/ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ ബില്ലിംഗിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം.

2. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം.

3. ഉപഭോക്താക്കൾക്ക് ഏത് സെക്ഷനോഫീസിലും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

4. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

5. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക്, ICICI ബാങ്ക് എന്നിവ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

6. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾ സെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾ ഫ്രീ സംവിധാനം.

7. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്-ദൂത്' പദ്ധതി.

8. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

9. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്ന് ഓൺ ലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

10. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി.' എന്ന മൊബൈൽ ആപ്ലിക്കേഷൻ.

11. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

12. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി. ആർ.പി. പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

13. മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

14. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമുള്ള സ്കാഡ പദ്ധതി നടപ്പിലാക്കി വരുന്നു.

15. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.

16. കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പെയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പിലാക്കിയ എൻ.എ.സി.എച്ച്. (നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ്) പദ്ധതി മുഖേന ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.എൽ.ലേയ്ക്ക് വൈദ്യുതി ബിൽ തുക വരവ് വയ്ക്കുന്നതിനുള്ള സംവിധാനം.

17. പേ.ടി.എം. (പേ ത്രൂ മൊബൈൽ) എംപേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

18. അപ്ന സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

19. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിന് വേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

20. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

21. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

22. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

23. വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതികവിദ്യാടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

    1. <u>ഫേസ് 2. ഐ.ടി. പദ്ധതി</u>

    കേന്ദ്ര ഗവൺമെന്റ് ആർ.എ.പി. ഡി.ആർ.പി. പദ്ധതിയുടെ തുടർച്ചയായി വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച് ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതികവിദ്യാ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതിക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ആർ.എ.പി. ഡി.ആർ.പി. പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവര സാങ്കേതിക വിദ്യാ പദ്ധതികളും 21 നഗരങ്ങളിൽ നടപ്പിലാക്കുന്നതാണ്. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി

വൈദ്യുതി നഷ്ടം കുറയ്ക്കാനും ഈ പദ്ധതി വഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് വേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുത്തു. പദ്ധതിക്കു വേണ്ടിയുള്ള ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കുവാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി

ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം 63 ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 200 യൂണിറ്റിന് മുകളിൽ പ്രതിമാസ ഉപഭോഗം ഉള്ള 5 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകൊണ്ട് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി ആരംഭിക്കുന്നു. ഘട്ടംഘട്ടമായി എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കാൻ വേണ്ടി പവർ ഫിനാൻസ് കോർപ്പറേഷൻ സമർപ്പിച്ച 241.41 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിന് 5-12-2017-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

3. എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്

കേന്ദ്ര ഗവൺമെന്റിന്റെ വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിലാക്കുന്നതിലൂടെ വൈദ്യുത വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലക്ഷ്യമിടുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 42.64 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 60% ഗ്രാന്റായി ലഭിക്കുന്നതാണ്. പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുത്തു. പദ്ധതിക്കുവേണ്ടിയുള്ള ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കുവാനുള്ള

ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. എനർജി മാനേജ്മെന്റ് സെന്റർ സൂക്ഷ്മ ജലവൈദ്യുത പദ്ധതി വികസനത്തിനായി പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള ഉൽപ്പാദന രീതികൾ പരീക്ഷിച്ചുവരുന്നുണ്ട്.

(ബി) വൈദ്യുതി ഉൽപ്പാദനമേഖലയിൽ നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള ആധുനിക സംവിധാന പദ്ധതികൾ പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അടുത്ത മൂന്ന് വർഷംകൊണ്ട് 500 മെഗാവാട്ട് ശേഷി വർദ്ധനവിനായുള്ള പദ്ധതികൾ രൂപപ്പെടുത്തി വരുന്നു. മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതാണ്. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റിൽ നിന്നുള്ള പദ്ധതികൾ മുതലായവയും നടപ്പിലാക്കിവരുന്നു. നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഫ്ലോട്ടിങ്ങ് സോളാർ പദ്ധതികളും നടപ്പിലാക്കുന്നതാണ്. വിതരണ മേഖലയിൽ ശൃംഖലാ വികസനത്തിന് മുന്നോടിയായി ജി.ഐ.എസ്. സംവിധാനം ഉപയോഗിച്ച് 11 കെ.വി ലൈനുകളുടെയും വിതരണ ട്രാൻസ്ഫോർമറുകളുടേയും മാപ്പിംഗ് തയ്യാറാക്കിക്കഴിഞ്ഞു. എൽ.ടി. വിതരണ ശൃംഖലയുടെ ജി.ഐ.എസ് മാപ്പിംഗും അടുത്ത ഘട്ടമായി പൂർത്തിയാക്കുന്നതാണ്.

വിതരണ ശൃംഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ശൃംഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 25 സർക്കിളുകളുടെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അടുത്ത നാല് വർഷത്തേയ്ക്കുള്ള വിതരണ മേഖലയിലെ പദ്ധതികൾ ആസൂത്രണം ചെയ്തുകഴിഞ്ഞു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. വൈദ്യുത സേവനങ്ങൾ എല്ലാം ഒരു സ്ഥലത്ത് ലഭ്യമാക്കുന്നതിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വൈദ്യുത സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. വിതരണ മേഖലയിൽ നൂതന സംവിധാനമായ SCADA 5 പട്ടണങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ) നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തിവരുന്നു. എല്ലാ ഡിവിഷനു കീഴിലുമുള്ള വിതരണ ശൃംഖലയിൽ HUDS സംവിധാനം, എ.ബി.സി., കവചിത കണ്ടക്ടറുകൾ അധികമായി പ്രയോജനപ്പെടുത്തൽ, വൈദ്യുത തകരാറ് എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനുള്ള ഫാൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ, തകരാറ് സംഭവിച്ച ഭാഗം മാത്രം എളുപ്പത്തിൽ വിച്ഛേദിക്കുന്നതിനുള്ള ലോഡ് ബ്രേക്ക് സ്വിച്ചുകൾ, വൈദ്യുതി തടസ്സം കുറയ്ക്കുന്നതിന് RMU (റിംഗ് മെയിൽ യൂണിറ്റ്)കൾ കൂടുതൽ സർവ്വീസ് കണക്ഷനുകൾ ഒരു പോളിൽ നിന്ന് നൽകുന്നതിനായി പോൾ മൗണ്ടെഡ് ഡിസ്ട്രിബ്യൂഷൻ ബോക്സുകൾ തുടങ്ങിയവ വിതരണ ശൃംഖലയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവയിൽപ്പെടുന്നതാണ്.

ഉയരം കൂടിയതും കൂടുതൽ ജലം ആവശ്യമുള്ളതുമായ വൻകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് മാറി, ഉയരം കുറഞ്ഞതും ചെറിയ തടയണകൾ കെട്ടി വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്നതുമായ പദ്ധതികൾ കഴിയുന്നത്ര സ്ഥലങ്ങളിൽ നടപ്പിലാക്കുക എന്നതാണ് എനർജി മാനേജ്മെന്റ് സെന്റർ അവലംബിക്കുന്ന വ്യത്യസ്തമായ ഒരു വൈദ്യുതി ഉൽപ്പാദന രീതി. ഇത്തരം വൈദ്യുത പദ്ധതികളിൽ വോർട്ടെക്സ് ടർബൈൻ, കൈനറ്റിക് ടർബൈൻ എന്നീ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നു. തടയണയില്ലാതെ ചെറു വെള്ളച്ചാട്ടങ്ങളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പീക്കോ ജലവൈദ്യുത പദ്ധതി രീതികളും നിലവിലുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ കാഞ്ഞിരംപാറ വാർഡിൽ നവീന രീതിയിലുള്ള 2x10 Kw-ന്റെ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി 'വോർടെക്സ്' ടർബയിനുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൃത്രിമമായി ഒരു ചുഴി സൃഷ്ടിച്ച് ഇതിന്റെ ശക്തികൊണ്ടാണ് ടർബയിനിന്റെ മോട്ടോർ കറക്കുന്നത്. ഇതുകൂടാതെ കൈനെറ്റിക് ടർബയിൻ (വെലോസിറ്റി ടർബയിൻ) ഉപയോഗിച്ച് (ഇത് ചെറിയ കാറ്റാടി യന്ത്രം വെള്ളത്തിൽ മുക്കിയിടുന്ന രീതിയാണ്). വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന ടർബയിനുകൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-യുടെ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽറേസിൽ ഘടിപ്പിക്കുവാനുള്ള നടപടികളും ഇ.എം.സി സ്വീകരിച്ചുവരുന്നു. കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ (Central Financial Assistance - CFA) 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള ഏകദേശം 100 പീക്കോ ജലവൈദ്യുത പദ്ധതികൾ ഇടുക്കി, വയനാട്, കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ നടപ്പിലാക്കി കഴിഞ്ഞു.

(സി) അതിരപ്പിള്ളി വൈദ്യുതി പദ്ധതിക്കായി നാളിതുവരെ 21.33 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5.34 കോടി രൂപ സിനറേജ് തുകയിനത്തിലും കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഇനത്തിലുമായി വനം വകുപ്പിന് നൽകിയതാണ്. ബാക്കി തുകയായ 15.98 കോടി രൂപ ഇൻവെസ്റ്റിഗേഷൻ ജോലികൾക്കും, എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലുമായി ചെലവഴിച്ചതാണ്.

## പൊതുമേഖല വ്യവസായങ്ങളുടെ വിപുലീകരണവും പുനരുദ്ധാരണവും

2 (*602) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീകരണ-വിപുലീകരണ പ്രവർത്തനങ്ങളിലൂടെ കെ.എസ്.ഡി.പി. ഉൾപ്പെടെയുള്ള തകർച്ചയിലായിരുന്ന 14 പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലാക്കുകയും ആറ് സ്ഥാപനങ്ങളെ കൂടി 2017-18 ൽത്തന്നെ ലാഭത്തിലാക്കുമെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയും നടത്തി വന്ന പൊതുമേഖലാ വ്യവസായ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സിമന്റ് വ്യവസായികൾ ലോബിയായി പ്രവർത്തിച്ച് മറ്റ് സംസ്ഥാനങ്ങളിൽ വില്ക്കുന്നതിൽ നിന്ന് വളരെ ഉയർന്ന വില സംസ്ഥാനത്തെ വ്യാപാരികളിൽ നിന്ന് ഈടാക്കി ജനങ്ങളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ പ്രാപ്തമാകും വിധം മലബാർ സിമന്റ്സിനെ വിപുലീകരിക്കാൻ സാധ്യമാകുമോ;

(സി) പുനരുദ്ധാരണം അസാധ്യമെന്ന് കരുതിയ ടെക്സ്റ്റൈൽ ഓട്ടോകാസ്റ്റ് തുടങ്ങിയ പൊതുമേഖലാ വ്യവസായങ്ങളുടെ വിപുലീകരണത്തിനും പുനരുദ്ധാരണത്തിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യയും വിപണനത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണ പദ്ധതികളും നടപ്പിലാക്കി വിപണിയിൽ നിന്നുള്ള കടുത്ത മൽസരത്തെയും വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കി

വരുന്നു. കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിന്റെ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചു. സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനും കൂടുതൽ ബജറ്റ് വിഹിതം അനുവദിക്കുകവഴി പദ്ധതി പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പുനഃസംഘടനയുടെ ഭാഗമായി സ്ഥാപനത്തെ മത്സരക്ഷമതയുള്ളതാക്കുന്നതിനായി ധനകാര്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഡി.പി. 31-3-2016 വരെ സർക്കാരിൽ നിന്നും എടുത്തിട്ടുള്ള വായ്പയും പലിശയും ഓഹരി മൂലധനമാക്കിക്കൊണ്ടും സഞ്ചിത വായ്പ എഴുതിത്തള്ളിക്കൊണ്ടും 26-3-2018-ലെ GO(Ms)22/2018/ID പ്രകാരം ഉത്തരവായിട്ടുണ്ട്. 2017-18-ൽ ബജറ്റിൽ വകയിരുത്തിയ 28.15 കോടി രൂപയുടെ നോൺ-ബീറ്റാലാക്ടം പദ്ധതിക്ക് ഭരണാനുമതി നൽകുകയും തുക കമ്പനിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2011-ൽ ഉൽപ്പാദനം ആരംഭിച്ച Betalactum പ്ലാന്റിന് WHO GMP അംഗീകാരം ലഭിക്കുകയും രാജ്യാന്തര വിപണനത്തിന് തയ്യാറാകുകയും ചെയ്തിട്ടുണ്ട്. ഇതിനോടകം പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനഫലത്തിൽ കൈവരിച്ച പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു :

- 2016-17 സാമ്പത്തിക വർഷാവസാനം 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.
- 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ 2016-17-ൽ ലാഭകരമാക്കുവാൻ സാധിച്ചു.
- 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചു.
- 2017-18 സാമ്പത്തിക വർഷം ഫെബ്രുവരി വരെയുള്ള കാലയളവിലെ ആഡിറ്റ് ചെയ്യാത്ത താൽക്കാലിക കണക്കുകൾ പ്രകാരം സ്ഥാപന ങ്ങളുടെ മൊത്തം വിറ്റുവരവ് 2464.08 കോടി രൂപയും ലാഭം 47.53 കോടി രൂപയുമാണ്.

സ്ഥാപനങ്ങളുടെ ഇതുവരെയുള്ള പ്രവർത്തനം കണക്കിലെടുത്താൽ ഈ സാമ്പത്തിക വർഷം കുറഞ്ഞത് 14 സ്ഥാപനങ്ങൾ ലാഭത്തിലാകുമെന്ന് കരുതുന്നു.

(ബി) മലബാർ സിമന്റ്സിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കിയും നിലവിലെ ഉൽപ്പാദനശാലയിലെ ആധുനികവൽക്കരണ നവീകരണ പദ്ധതികൾ നടപ്പിലാക്കിയും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുകയും ഉൽപ്പാദനച്ചെലവ് കുറയ്ക്കുകയും ചെയ്യുന്നതിലൂടെ വിപണിയിലെ സാന്നിദ്ധ്യം വർദ്ധിപ്പിക്കാവുന്നതാണ്.

(സി) കേരളത്തിലെ പൊതുമേഖലാ സഹകരണ മേഖലാ ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള കേന്ദ്രീകൃത സംവിധാനമായ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾക്ക് 15 കോടി രൂപയുടെ അധിക ധനസഹായം 2016-17-ൽ നൽകുകവഴി അവയുടെ തുടർപ്രവർത്തനം സാദ്ധ്യമാകുകയും ചെയ്തു. ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിളവെടുപ്പ് കാലത്ത് വിലകുറഞ്ഞ ഗുണമേന്മയുള്ള പഞ്ഞി വാങ്ങി സംഭരിക്കുന്നതിനായി പ്രത്യേക പ്രവർത്തന മൂലധനസഹായം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ആയതിനാൽ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും അതുമുഖേന മികച്ച വിറ്റുവരവ് കൈവരിക്കുന്നതിനും സ്ഥാപനങ്ങൾക്ക് സാധിക്കും. കൂടാതെ മറ്റ് സെക്ടറുകളിലുള്ള സ്ഥാപനങ്ങൾക്ക് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനും വിപണന വിപുലീകര ണത്തിനുമായി സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സഹകരണ സ്പിന്നിംങ് മില്ലുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ ഈ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. സാമ്പത്തിക മാന്ദ്യം നേരിടുന്ന ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലയിലും സഹകരണ മേഖലയുമുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് 2017-18-ൽ 30 കോടി രൂപയുടെ പ്രവർത്തന മൂലധന സഹായം ഇതിനോടകം നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ അധീനതയിൽ 2011-ൽ സ്ഥാപിതമായ 3 ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി 31 കോടി രൂപ 2017-18-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുമേഖലാ ടെക്സ്റ്റൈൽ മില്ലുകൾക്ക് അറ്റകുറ്റപ്പണികൾക്കായി 11.60 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുമുണ്ട്. ഗുണമേന്മ കൂടിയ പരുത്തി വിലക്കുറവിൽ ലഭ്യമാകുന്ന വിളവെടുപ്പ് സീസണിൽ വാങ്ങി ശേഖരിക്കുന്നതിന് കൈത്തറി വികസന ഡയറക്ടറേറ്റിൽ നിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 21 കോടി രൂപ താൽക്കാലിക വായ്പ അനുവദിച്ചു.

ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള സമഗ്രമായ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച ശ്രീ. പി. നന്ദകുമാർ ചെയർമാനായ വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് 2017 മേയ് മാസം സർക്കാരിന് സമർപ്പിക്കുകയും അതിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നന്ദകുമാർ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന്റെ ആദ്യപടിയായി 2018-19 വർഷത്തെ ബജറ്റിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിലുള്ള മില്ലുകളുടെ നവീകരണത്തിനായി 45 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ്പിന്നിംഗ് മില്ലുകൾക്ക് കേന്ദ്രീകൃത രീതിയിൽ പഞ്ഞി വാങ്ങുന്നതിനുള്ള കോർപ്പസ് ഫണ്ടായി 20 കോടി രൂപയും പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ഓട്ടോകാസ്റ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സാൻഡ് റിക്ലമേഷൻ പ്ലാന്റിന്റെ പ്രവർത്തനം തടസ്സങ്ങൾ നീക്കി പൂർത്തീകരിക്കുവാൻ സാധിച്ചു. ഇതോടുകൂടി സ്റ്റീൽ കാസ്റ്റിംഗ് ലൈനിന്റെ പ്രവർത്തനം പൂർണ്ണശേഷിയിൽ എത്തിക്കുവാൻ സാധിക്കുകയും അതുമൂലം വിപണിയിൽ കൂടുതൽ ആവശ്യകതയും വിലയുമുള്ള സ്റ്റീൽ കാസ്റ്റിംഗുകൾ ഉൾപ്പെടുത്തി കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനും കഴിഞ്ഞു. ഹീറ്റ് ട്രീറ്റ്മെന്റ് ഫർണസിന്റെ ഭാഗങ്ങൾ സ്ഥാപിക്കുന്നതിലുണ്ടായിരുന്ന തടസ്സങ്ങൾ നീക്കി പൂർത്തീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കമ്പനിയുടെ സ്റ്റീൽ കാസ്റ്റിംഗ് നിർമ്മാണശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും വേണ്ടി ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റീൽ കാസ്റ്റിംഗ് ഉപഭോക്താക്കളായ റെയിൽവേയ്ക്ക് കാസ്റ്റ് സ്റ്റീൽ ബോഗികൾ നിർമ്മിച്ച് വിതരണം ചെയ്യുവാൻ പര്യാപ്തമായ വിധത്തിൽ ഓട്ടോകാസ്റ്റിനെ ശാക്തീകരിക്കുവാനും അതിനാവശ്യമായ സഹായങ്ങൾ അനുവദിക്കുവാനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി 2016-17-ൽ 3 കോടി രൂപയും 2017-18-ൽ 10 കോടി രൂപയും കമ്പനിക്ക് സർക്കാർ നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം ഇന്ത്യൻ റെയിൽവേയ്ക്ക് എൽ.എച്ച്.ബി. കോച്ചുകൾക്കുള്ള ഫാബ്രിക്കേഷൻ സൗകര്യങ്ങൾക്കായി ചെറുതും ഇടത്തരവുമായ വലുപ്പത്തിലുള്ള കാസ്റ്റിംഗിന്റെ വികസനത്തിനുള്ള പദ്ധതിക്കായി ഓട്ടോകാസ്റ്റിന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുന്ന സഹായം

3 (*603) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയെ ഉത്തേജിപ്പിക്കുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ഇക്കാര്യത്തിൽ സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ പങ്ക് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നബാർഡിൽ നിന്ന് ലഭിച്ച് വന്നിരുന്ന പുനർവായ്പ സഹായത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനും നെൽകൃഷി പ്രോത്സാഹനത്തിനും കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കാർഷിക മേഖലയെ ഉത്തേജിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന സഹായങ്ങൾ നൽകിവരുന്നു :

1. മൂന്ന് ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല മദ്ധ്യകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ ഇത്തരം വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിന് 2011-12 സാമ്പത്തികവർഷം മുതൽ 'ഉത്തേജന പലിശ ഇളവ് പദ്ധതി' നടപ്പിലാക്കിവരുന്നു.

2. നെൽകൃഷിക്ക് വായ്പ എടുത്ത ശേഷം വായ്പാ കാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പ്രസ്തുത വായ്പ പലിശരഹിതമായാണ് നൽകിവരുന്നത്.

3. 25,000 രൂപ വരെ കാർഷിക വായ്പ എടുത്തശേഷം കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 'കാർഷികോൽപ്പാദന ചെലവ് സമാശ്വാസ പദ്ധതി' പ്രകാരം തിരിച്ചടയ്ക്കുന്ന തുകയിലെ 5% കാർഷികോൽപ്പാദന ചെലവ് ഇനത്തിൽ ധനസഹായം നൽകിവരുന്നു.

4. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ 'കർഷക സേവന കേന്ദ്രങ്ങൾ' ആരംഭിക്കാനും അവയുടെ ആഭിമുഖ്യത്തിൽ ടിഷ്യു കൾച്ചർ, റൂറൽ മാർക്കറ്റിംഗ്, മണ്ണ്-ജല പരിശോധനാ ലാബുകൾ എന്നിവ ആരംഭിക്കുവാനും കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനും സംസ്ഥാന സർക്കാർ ധനസഹായം നൽകിവരുന്നു.

5. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ ഓഹരി മൂലധനസഹായം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17-ൽ 106 സംഘങ്ങൾക്കായി 97.544 ലക്ഷം രൂപയും 2017-18-ൽ 75 സംഘങ്ങൾക്കായി 67.66 ലക്ഷം രൂപയും ഇത്തരത്തിൽ സർക്കാർ ഓഹരി മൂലധന പങ്കാളിത്തമായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

6. കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച് സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ പ്രകാരമുള്ള ഇളവുകൾ കാർഷിക വായ്പകൾക്കും നൽകി വരുന്നു. നിലവിൽ 'നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി - 2018' പ്രകാരമുള്ള ഇളവുകൾ കാർഷിക വായ്പകൾക്കും നൽകുന്നുണ്ട്.

സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേനയാണ് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നബാർഡിൽ നിന്നുള്ള പുനർ വായ്പയായി കാർഷിക വായ്പ ലഭിക്കുന്നത്. ഈ തുകയാണ് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ കർഷകരായ അംഗങ്ങൾക്ക് കാർഷിക വായ്പയായി നൽകുന്നത്.

(ബി) നബാർഡിൽ നിന്നും ലഭിച്ചുവരുന്ന പുനർ വായ്പാ സഹായത്തിൽ 2016-17 വർഷത്തെ അപേക്ഷിച്ച് 2017-18-ൽ കുറവ് വന്നിട്ടുണ്ട്. സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് മുഖേന 2016-17-ൽ 1690.31 കോടി രൂപയും 2017-18-ൽ 1245.01 കോടി രൂപയുമാണ് ഈ ഇനത്തിൽ ലഭിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാന സഹകരണ ബാങ്ക് മുഖേന 2016-17-ൽ 2213.94 കോടി രൂപയും 2017-18-ൽ 1400 കോടി രൂപയുമാണ് ലഭിച്ചിട്ടുള്ളത്.

(സി) ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കീഴിൽ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുകയും അതിന്റെ കീഴിൽ ടിഷ്യു കൾച്ചർ ലാബുകൾ, മഴ മറ കൃഷി, പോളി ഹൗസ്, ഗ്രീൻ ഹൗസ് എന്നിവ വ്യാപകമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. നെൽകൃഷിക്ക് വായ്പ എടുത്തശേഷം വായ്പാകാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പ്രസ്തുത വായ്പകൾ പലിശ രഹിതമായി നൽകിവരുന്നത് നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാണ്.

**നോട്ട് നിരോധനം സംസ്ഥാനത്തുണ്ടാക്കിയ പ്രത്യാഘാതങ്ങൾ**

4 (*604) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ നോട്ട് നിരോധനം ഏതെല്ലാം മേഖലകളിൽ എങ്ങനെയെല്ലാമാണ് സംസ്ഥാനത്തെ ബാധിച്ചത്; ഇതിന്റെ പ്രത്യാഘാതം ഇപ്പോഴും നിലനില്ക്കുന്നുണ്ടോ;

(ബി) സംസ്ഥാന സർക്കാരിന് ഇതുമൂലമുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യ ബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതൽ ആവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്ഘടനയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാവട്ടെ 16 ശതമാനവും. അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം ഇപ്പോഴും നേരിടുകയാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയം മാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റുകൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത-

സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും പൂർത്തിയായിട്ടില്ല. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ 8-നുശേഷം റിസർവ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ 14-ലെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽനിന്ന് വിലക്കിക്കൊണ്ടുള്ള ഉത്തരവ് കേരളത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തനത്തെയും തദ്വാരാ സംസ്ഥാനത്തെ മൊത്തം ധനകാര്യ ഇടപെടലുകളെയും അവതാളത്തിലാക്കി. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെട്ടത് സംസ്ഥാനത്തിനുള്ള ഗ്രാന്റുകളെയും ബാധിച്ചിട്ടുണ്ട്. സാമ്പത്തിക വളർച്ചയിലുണ്ടായ ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കുകയും തന്മൂലം ഇത് സംസ്ഥാനത്തേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിന് കാരണമാകുകയും ചെയ്യും. നോട്ട് റദ്ദാക്കലിനുശേഷമുള്ള സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവകാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച എന്ന ലക്ഷ്യം അപ്രാപ്യമാക്കുകയും ചെയ്തു. ചുരുക്കത്തിൽ നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിക്കുകയും ആയതിന്റെ തുടർചലനങ്ങൾ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യവുമാണ്. ഇതിനെല്ലാം പുറമെ നോട്ട് റദ്ദാക്കലിനുശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി.

(ബി) നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ എത്രത്തോളം നഷ്ടമുണ്ടായിട്ടുണ്ടെന്നത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നാൽ നോട്ട് നിരോധനം നടപ്പിലാക്കിയ 2016-17-ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 5437.23 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. അതേസമയം സംസ്ഥാനത്തിന്റെ നികുതി ഇതര വരുമാനത്തിൽ 1659.54 കോടി രൂപയുടെയും കേന്ദ്ര നികുതി വിഹിതമടക്കമുള്ള കേന്ദ്ര സർക്കാരിൽ നിന്നുള്ള കൈമാറ്റത്തിൽ 1908.35 കോടി രൂപയുടെയും ഇടിവ് ഉണ്ടായിട്ടുണ്ട്. നോട്ട് നിരോധനം സമ്പദ് വ്യവസ്ഥയിൽ ഏൽപ്പിച്ച ആഘാതം പൂർണ്ണമായും ദൂരീകരിച്ചിട്ടില്ലാത്തതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിലും തുടർവർഷങ്ങളിലും വരുമാനത്തിൽ ആയതിന്റെ പ്രതിഫലനമുണ്ടാകും.

## സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാനുള്ള നടപടികൾ

5 (*605) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ശരാശരിയെക്കാൾ ഉയർന്ന വളർച്ചാ നിരക്ക് നേടിയിരുന്ന സംസ്ഥാനത്തെ ആഭ്യന്തരോല്പാദന രംഗം 2012-13 മുതൽ വളർച്ചാ നിരക്കിൽ മാന്ദ്യം നേരിട്ട് ദേശീയ ശരാശരിയെക്കാൾ പിന്നിലായിപ്പോയതിനാൽ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രവാസികളിൽ നിന്നുള്ള പണത്തിന്റെ വരവുകുറയുന്നതും പ്രധാന നാണ്യ വിളകൾ നേരിടുന്ന വിലത്തകർച്ചയും മാന്ദ്യത്തിന് കാരണമാകാനിടയുണ്ടെന്നതിനാൽ, പ്രഖ്യാപിച്ചിട്ടുള്ള ഉത്തേജക പാക്കേജുകൾ സമയബന്ധിതമായി പ്രാവർത്തികമാകുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനങ്ങളുടെ വായ്പാ പരിധിയും ധനകമ്മിയും യാഥാർത്ഥ്യ ബോധത്തോടെയല്ലാതെ ദ്രുതഗതിയിൽ കുറയ്ക്കാനും ആയത് നിരീക്ഷിക്കുന്നതിന് സ്വതന്ത്രാധികാരമുള്ള ധനനിയന്ത്രണ സമിതി രൂപീകരിക്കാനുമുള്ള എഫ്.ആർ.ബി.എം. അവലോകന സമിതിയുടെ ശിപാർശകൾ, സംസ്ഥാനങ്ങളുടെ സാമ്പത്തികാധികാരം കവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാകയാൽ ഇത് അംഗീകരിക്കുന്നതിൽ നിന്ന് പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) അഴിമതിയും ധനകാര്യ കെടുകാര്യസ്ഥതയും ധൂർത്തും നിമിത്തം സമ്പദ്ഘടന അടിമുടി താറുമാറായിരിക്കുന്ന അവസ്ഥയിലാണ് മുൻസർക്കാർ വരുത്തിവച്ച ഭീമമായ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ഈ സർക്കാർ അധികാരമേൽക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനമടക്കമുള്ള വികലമായ നയങ്ങളുടെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും ഫലമായി മേൽ പ്രതിസന്ധി കൂടുതൽ സങ്കീർണ്ണവും ഗുരുതരവുമാകുകയുണ്ടായി. സാമ്പത്തിക മാന്ദ്യത്തിന് സമാനമായ ടി പ്രതിസന്ധിക്കിടയിലും വികസന ക്ഷേമ പ്രവർത്തനങ്ങളിൽ ഒരു വിധത്തിലുമുള്ള കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും

നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം. ടി നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന് റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക ടി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധനവ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർ ബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി. കോർ ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരുംവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോൽസാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരന്റി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ടിയുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ ഇരുപതിനായിരം കോടിയോളം രൂപയുടെ പദ്ധതിക്ക് പണം അനുവദിച്ച് നിർവ്വഹണത്തിലേയ്ക്ക് നീങ്ങുന്നു. 10,000 കോടി രൂപയുടെ പ്രവൃത്തികൾക്ക് അധികം താമസിയാതെ അനുവാദം നൽകും. ശേഷിക്കുന്നവ വരും വർഷത്തിലും. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും. സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19-ൽ 2500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കും. കുടുംബശ്രീക്ക് 2018-19-ൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഇരുപതാം വർഷത്തിലേയ്ക്ക് കടക്കുന്നതിനാൽ 20 ഇന കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്ക് ആവശ്യമായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തി. നെല്ല് സംഭരണം, തരിശുഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യപരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യവസായാടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതികവിദ്യകളെ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് 2018-19-ലെ ബഡ്ജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് സിയാൽ മാതൃകയിൽ കമ്പനിയും റബ്ബർ പാർക്കുകളും റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് ഇൻകുബേഷൻ സെന്ററും സ്ഥാപിക്കും.

അടുത്ത സാമ്പത്തികവർഷം വിനോദസഞ്ചാര മേഖലയുടെ സമഗ്രവികസനത്തിനുതകുന്ന ടൂറിസം മാർക്കറ്റിംഗ്, മുസിരിസ് പ്രോജക്റ്റ്, തലശ്ശേരി, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ പൈതൃക പദ്ധതി, സ്പൈസസ് റൂട്ട് എന്നീ പദ്ധതികൾ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയും കിഫ്ബിയുടെ ഭാഗമായി നടപ്പാക്കുന്ന 54,000 കോടി രൂപയുടെ നിക്ഷേപത്തിൽ ഗണ്യമായ വിഹിതം മാറ്റിവയ്ക്കുകയും ചെയ്തു. വൻകിട ഇടത്തരം ജലസേചന പദ്ധതികളോടൊപ്പം പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങളും തോടുകളും പുനരുദ്ധരിക്കുന്നതിനും കനാലുകൾ നവീകരിക്കുന്നതിനും സമഗ്രമായ

പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജലസേചന ആവശ്യങ്ങൾക്ക് ഒരു പരിധിവരെ മേൽ പദ്ധതികൾ പര്യാപ്തമാകും. 2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150 കോടി വരും. ഗ്രാമവികസനത്തിന് 226.04 കോടിയുടെയും കാർഷിക മേഖലയ്ക്ക് 155.12 കോടിയുടേയും വർദ്ധനവ് മുൻവർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ആഗോള മാന്ദ്യത്തിന്റെയും കൂടാതെ വിദേശ രാജ്യങ്ങൾ ഏർപ്പെടുത്തുന്ന സ്വദേശിവൽക്കരണത്തിന്റെയും ഭാഗമായി ഗൾഫ് കോ-ഓപ്പറേറ്റീവ് കൗൺസിൽ രാഷ്ട്രങ്ങളിൽ കുടിയേറി തൊഴിൽ ചെയ്തുവരുന്ന പ്രവാസി മലയാളികൾക്ക് വൻതോതിൽ തൊഴിൽ സുരക്ഷിതത്വമില്ലായ്മ നേരിടേണ്ടി വരുന്നു. ഇതിനുപുറമേ ഇത്തരം രാഷ്ട്രങ്ങളിലെ സാമൂഹ്യ-രാഷ്ട്രീയ സംഭവ വികാസങ്ങൾ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ കാരണം മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മൂലധനത്തിലും അതിന്റെ പലിശയിലും ഇളവ് അനുവദിച്ചുകൊണ്ട് മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസം (NDPREM)എന്ന പദ്ധതി നോർക്ക വകുപ്പ് മുഖേന നടത്തിവരുന്നു. കൂടാതെ അന്തർദേശീയ സാമ്പത്തിക സാഹചര്യങ്ങൾ ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെക്കാളും പ്രധാനമായും ബാധിക്കുന്നത് കേരളത്തെയാണ്. കേരളത്തിലെ കാർഷിക അടിത്തറയാക്കുന്ന പ്രധാന വിളകൾ കയറ്റുമതിയുമായി ബന്ധപ്പെട്ടതായതിനാൽ ആഗോള സമ്പദ്ഘടനയിൽ ഇവയ്ക്കുണ്ടാകുന്ന വില വ്യത്യാസങ്ങൾ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്നു. പരമാവധി ഉൽപ്പാദനക്ഷമത, ലാഭം, പാരിസ്ഥിതിക സന്തുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ആയതിനാൽ, ആഭ്യന്തര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ നയങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ചുവരുന്നു. നാണ്യവിളകളുടെ വിലത്തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നതിന്റെ ഭാഗമായി ഭക്ഷ്യ വിളകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ നെല്ല്, പച്ചക്കറി, പയർ/കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വിളകൾക്കായി പ്രത്യേക കാർഷിക മേഖലകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) എഫ്.ആർ.ബി.എം. കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് 2022-23-ഓടെ സംസ്ഥാനത്തിന്റെ ധനകമ്മി/ജി.എസ്.ഡി.പി. അനുപാതം 1.7 ശതമാനവും കടം/ ജി.എസ്.ഡി.പി. അനുപാതം 20 ശതമാനവും ആയി കുറയ്ക്കേണ്ടിവരുമെന്ന് നാലാമത് കേരള പൊതുച്ചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷിക്കുകയുണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ ശിപാർശ അംഗീകരിക്കുന്നപക്ഷം അതു പാലിക്കുന്നതിനായി സംസ്ഥാനത്തിന് ചെലവ് വെട്ടിക്കുറയ്ക്കേണ്ടിവരികയും വരുമാനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടിവരികയും ചെയ്യും. കേരളം പോലുള്ള ധനകമ്മി, റവന്യൂ കമ്മി അനുപാതങ്ങൾ ഉയർന്നു നിൽക്കുന്ന സംസ്ഥാനത്തിന് എഫ്.ആർ.ബി.എം. റിവ്യൂ കമ്മിറ്റിയുടെ സാമ്പത്തിക ദൃഢീകരണ മാർഗ്ഗരേഖ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് നാലാം പൊതുച്ചെലവ് പുനഃപരിശോധനാ കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന റവന്യൂച്ചെലവ് വഹിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ മൂലധന ചെലവ് വെട്ടികുറയ്ക്കാത്ത വിധം യുക്തിസഹമായ സാമ്പത്തിക നടത്തിപ്പ് കൈക്കൊള്ളേണ്ടി വരുമെന്നും പൊതു ചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷണം നടത്തിയിട്ടുണ്ട്. എന്നിരുന്നാലും 2019-20 വരെ 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകളാണ് കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും ബാധകമാകുക. നിലവിൽ 15-ാം ധനകാര്യ കമ്മീഷൻ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി കമ്മീഷന്റെ ശിപാർശകളാകും 2020-21 മുതൽ നടപ്പിൽ വരിക. ഈ പശ്ചാത്തലത്തിൽ എഫ്.ആർ.ബി.എം. അവലോകന സമിതിയുടെ ശിപാർശകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആശങ്കകളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെയും 15-ാം ധനകാര്യ കമ്മീഷനെയും അറിയിക്കും.

**സൗരോർജ്ജ വൈദ്യുതി വിതരണം**

6 (*606) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വൈദ്യുതവിതരണ സമ്പ്രദായത്തിൽ മാറ്റം വരുത്തി പകൽ സൗരോർജ്ജ വൈദ്യുതിയും രാത്രി ജലവൈദ്യുതിയും വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സൗരോർജ്ജ വൈദ്യുതി വിതരണം ചെയ്യുന്നതിനായി പ്രത്യേക മീറ്ററുകൾ സ്ഥാപിക്കാനും നിരക്ക് ഈടാക്കാനും തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) ഇല്ല. സൂര്യപ്രകാശത്തിന്റെ അളവ് ഓരോ നിമിഷവും മാറിക്കൊണ്ടിരിക്കും എന്നതിനാൽ പൂർണ്ണമായും സൗരോർജ്ജത്തെ ആശ്രയിച്ച് പകൽ സമയത്തെ വൈദ്യുതി വിതരണം സാദ്ധ്യമാകുകയില്ല. വൈദ്യുതി ശേഖരിച്ചു വയ്ക്കുന്നതിനുള്ള ബാറ്ററി പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നത് ഇതിന്റെ ചെലവ് വർദ്ധിപ്പിക്കും. എന്നാൽ പകൽ സമയം മാത്രം ലഭ്യമാകുന്ന സൗരോർജ്ജ വൈദ്യുതി കൂടുതലായി കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്നുണ്ട്. ചെറുകിട പുരപ്പുറ സൗരോർജ്ജ വൈദ്യുതി നിലയങ്ങളിലൂടെയും ഫ്ലോട്ടിംഗ് ഉൾപ്പെടെയുള്ള മറ്റ് വലിയ സൗരോർജ്ജ വൈദ്യുതി നിലയങ്ങളിലൂടെയും ഇത് സാദ്ധ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) ഇല്ല. സൗരോർജ്ജ വൈദ്യുതി വിതരണം ചെയ്യുന്നതിനായി പ്രത്യേക മീറ്ററുകൾ സ്ഥാപിക്കാനും പ്രത്യേക നിരക്ക് ഈടാക്കാനും തീരുമാനിച്ചിട്ടില്ല. സൗരവൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി ഗ്രിഡിലേയ്ക്ക് കടത്തിവിടാനും സൗര വൈദ്യുതി ലഭ്യമാകാത്ത സമയത്ത് ഗ്രിഡിൽ നിന്ന് വൈദ്യുതി സ്വീകരിക്കാനുമുതകുന്ന നെറ്റ് മീറ്റർ സ്ഥാപിക്കേണ്ടതുണ്ട്. ഈ ഉഭയദിശാ മീറ്ററുകൾ മറ്റു മീറ്ററുകൾ പോലെ തന്നെ ഉപഭോക്താവിന് വാങ്ങി നൽകാനോ മീറ്റർ വാടക നൽകി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മീറ്റർ ഉപയോഗിക്കാനോ അവകാശമുണ്ട്. ഇതനുസരിച്ച് സൗരവൈദ്യുത നിലയം സ്ഥാപിക്കുന്ന ഒരു ഉപഭോക്താവിന് തന്റെ ഉപയോഗം കഴിഞ്ഞ് അധികം വരുന്ന വൈദ്യുതി, വിതരണ ഏജൻസിക്ക് നൽകാനും ആവശ്യമുള്ള മറ്റു സമയങ്ങളിൽ അത് തിരിച്ചെടുക്കാനുമുള്ള സംവിധാനമുണ്ട്.

## വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് പദ്ധതി

7 (*607) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി പ്രസരണ-വിതരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ പദ്ധതികളെയാണ് ഇതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അവയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ;

(സി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളിലൂടെ 2017- 18 സാമ്പത്തിക വർഷം ഉണ്ടാക്കിയ നേട്ടം എത്രയാണ്; ഈ മേഖലയിൽ ലക്ഷ്യമിട്ടിട്ടുള്ള നേട്ടം എത്രയാണെന്നും എന്നത്തേക്ക് ഇത് ആർജ്ജിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായാണ് കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ പ്രസരണനഷ്ടം 107 MW കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി 521.73 മില്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുന്നതാണ്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി ആയി ഉയർത്തുകയും പുതിയ 400, 220 കെ.വി. സബ്സ്റ്റേഷനുകളുടെയും പുതിയ 400/220/110 കെ.വി. ലൈനുകളുടെയും നിർമ്മാണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പന്ത്രണ്ട് 220 കെ.വി സബ്സ്റ്റേഷനുകളുടെയും ഇവയുടെ അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തിവരുന്നു.

1. 11 കെ.വി. ലൈൻ നിർമ്മാണം.
2. ക്ഷമത കൂടിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ.
3. സിംഗിൾ ഫേസ് ലൈനുകളെ ത്രീഫേസ് ലൈനുകൾ ആക്കുക.
4. 11 കെ.വി. ലൈനുകളുടെയും എൽ.റ്റി. ലൈനുകളുടെയും ചാലകങ്ങൾ മാറ്റി പ്രതിരോധം കുറഞ്ഞ ചാലകങ്ങൾ സ്ഥാപിക്കുക.
5. കേടായ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുക.

(ബി) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആകെ 14 പാക്കേജുകളായാണ് വർക്കുകൾ വിന്യസിച്ചിട്ടുള്ളത്. ഇതിൽ ഒരു പാക്കേജിന്റെ (മലപ്പുറം-മഞ്ചേരി 110 കെ.വി ലൈനായി ശേഷി ഉയർത്തുന്ന വർക്ക്) പണി പൂർത്തിയായിട്ടുണ്ട്. വടക്കൻ മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന വർക്കുകൾ ഉൾപ്പെടുന്ന രണ്ടു പാക്കേജുകളും (ഏറനാട് എച്ച്.ടി.എൽ.എസ്. പാക്കേജ്) പണി പുരോഗമിക്കുന്നു. മദ്ധ്യകേരളത്തിലെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള കൊച്ചി ലൈൻ പാക്കേജിന്റെ വർക്കും പുരോഗമിക്കുന്നു. മഞ്ചേരി, ചാലക്കുടി, ചിത്തിരപുരം, കോതമംഗലം എന്നീ സ്ഥലങ്ങളിൽ 220 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം ഉൾപ്പെടുന്ന പാക്കേജിന്റെ വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്. ആലുവ, കലൂർ, കുന്നമംഗലം എന്നീ സ്ഥലങ്ങളിലെ 220 കെ.വി.

സബ്സ്റ്റേഷനുകളുടെ നിർമ്മാണം ഉൾപ്പെടുന്ന പാക്കേജിന് വേണ്ടിയുള്ള ദർഘാസ് വിളിക്കുകയുണ്ടായി. 4 ലൈൻ പാക്കേജുകൾ ടെണ്ടർ ചെയ്യുന്നതിനായി REC-PDCL, ACC Consulting Limited എന്നീ കേന്ദ്ര ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തി പ്രസരണനഷ്ടം കുറയ്ക്കുന്നത് ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് 2.0-ന്റെ പൂർത്തീകരണത്തോടെ (2020-ഓടു കൂടി) പ്രസരണ നഷ്ടം നിലവിലെ 4.59 ശതമാനത്തിൽ നിന്നും 3 ശതമാനത്തിൽ താഴെ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് എടുത്ത നടപടികളിലൂടെ 2017-18 വർഷം ഉണ്ടാക്കിയ നേട്ടം കണക്കാക്കി വരുന്നതേയുള്ളൂ. 2018 മേയ് ഒടുവിലാണ് ഈ കണക്കുകൾ പൂർണ്ണമായും ലഭ്യമാകുക. 2016-17-ലെ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രസരണ നഷ്ടം 13.93% ആയിരുന്നു. 2017-18 വർഷത്തിൽ ഇത് 13.65% ആയി കുറയ്ക്കുവാനാണ് ലക്ഷ്യം വച്ചിട്ടുള്ളത്. 874 കിലോമീറ്റർ എക്സ്ട്രാ ഹൈടെൻഷൻ ലൈനുകളും 8 സബ്സ്റ്റേഷനുകളും 2725 കി.മി. 11 കെ.വി. ലൈനുകളും 2508 വിതരണ ട്രാൻസ്ഫോമറുകളും 2954 പുതിയ എൽ.ടി. ലൈനുകളും സ്ഥാപിക്കുവാനും 14 ലക്ഷം വരുന്ന കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. മേൽ നടപടികൾ വഴിയാണ് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാൻ ശ്രമിക്കുന്നത്.

**ടൂറിസം മേഖലയിലെ പദ്ധതികൾ**

8 (*608) ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം മേഖലയിൽ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) ടൂറിസം അടിസ്ഥാന സൗകര്യവികസനത്തിലും വിപണന തന്ത്രത്തിലും പ്രത്യേക ശ്രദ്ധ നൽകുന്നതിന് വിജയിച്ചിട്ടുണ്ടോ; ഇതിലൂടെ ഉണ്ടായിട്ടുള്ള നേട്ടം വിശദമാക്കുമോ;

(സി) കിഫ്ബിയുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഈ സർക്കാർ ഇത്തരത്തിൽ പുതിയ പദ്ധതികൾക്ക് അനുമതി നൽകിയിട്ടില്ല. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം മേഖലയിൽ അനുമതി നൽകിയ ജഡായുപ്പാറ ടൂറിസം പദ്ധതി, ഇരിങ്ങൽ സർഗ്ഗാലയ ആർട്ട് & ക്രാഫ്റ്റ് വില്ലേജ് എന്നിവയുടെ വികസനത്തിനായി പുതിയ സംരംഭങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

ജഡായുപ്പാറ ടൂറിസം പദ്ധതികൾ

സംസ്ഥാന വിനോദസഞ്ചാരവകുപ്പും ഗുരുചന്ദ്രികാ ബിൽഡേഴ്സ് & പ്രോപ്പർട്ടി പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള ഒരു സംയുക്ത സംരംഭമാണ് ജഡായുപ്പാറ ടൂറിസം പദ്ധതി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ഈ പദ്ധതിയുടെ അനുബന്ധമായി സജ്ജീകരിച്ചിട്ടുള്ള സാഹസിക ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഈ സർക്കാർ താഴെപ്പറയുന്ന ഘടകങ്ങൾ അനുവദിച്ചിട്ടുണ്ട്. പൊതു-സ്വകാര്യ സംരംഭമായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയിലേയ്ക്കുള്ള അനുബന്ധ റോഡ്, വൈദ്യുതി കണക്ഷനുള്ള അടിസ്ഥാന സൗകര്യങ്ങൾ മുതലായവ ടൂറിസം വകുപ്പാണ് സ്ഥാപിച്ചു നൽകുന്നത്. റോഡ് വികസനത്തിനായി 8,39,33,371 രൂപയും വൈദ്യുതീകരണത്തിനായി 1,75,11,457 രൂപയും ടൂറിസം വകുപ്പ് ചെലവഴിക്കുന്നുണ്ട്. ഈ ജോലികൾ യഥാക്രമം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) എന്നീ ഏജൻസികൾ മുഖേനയാണ് നടന്നു വരുന്നത്.

ഇരിങ്ങൽ സർഗ്ഗാലയ ആർട്ട് & ക്രാഫ്റ്റ് വില്ലേജ്

1. ഹാന്റിക്രാഫ്റ്റ് ട്രെയിനിംഗ് അക്കാദമിയുടെ നിർമ്മാണം.
2. സർഗ്ഗാലയ ആർട്ട് & ക്രാഫ്റ്റ് വില്ലേജിൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റവും റെയിൻ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കൽ.

(ബി) ഉണ്ട്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും വിപണന തന്ത്രത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവിന് കാരണമായിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഇവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

- പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നു.

- ടൂറിസം കേന്ദ്രങ്ങൾ എല്ലാവർക്കും അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക ശ്രദ്ധയും ഊന്നലും നൽകുന്നു.

- കിഫ്ബിയുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി വരുന്നു.

- വടക്കൻ കേരളത്തിലെ ജലാശയങ്ങളും ഇവിടത്തെ കലാരൂപങ്ങളും പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള നദീതട ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തി 325 കോടി രൂപയുടെ " മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്" എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

- ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസത്തിനായി പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

- പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി ബോധവൽക്കരണ പ്രവർത്തനങ്ങളും ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുള്ള മറ്റ് പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.

- ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കു ന്നതിനുമായി ഇതര വകുപ്പുകളുടെ ഏകോപനത്തിനായി ഉന്നതതല സമിതി രൂപീകരണത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്.

- ഡി.ടി.പി.സി.കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുനഃസംഘടനയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോം സ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസ്സിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- പൈതൃക ഗ്രാമ സംരക്ഷണമെന്ന നിലയിൽ ബാലരാമപുരം, മാന്നാർ, ആറൻമുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങളെ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

- ഹൗസ് ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി " ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം " പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

- സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത വിഭാവനം ചെയ്തിട്ടുള്ളതാണ്. കൂടാതെ ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകുകയും നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

- സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിലും കേന്ദ്ര സർക്കാർ ധനസഹായ ത്തോടെയും തീർത്ഥാടന പൈതൃക ടൂറിസം പദ്ധതി ആവിഷ്കരിക്കു ന്നതിനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറൻമുള എന്നീ കേന്ദ്രങ്ങളെയാണ് ഇപ്രകാരം വികസിപ്പിക്കുന്നത്. പൈതൃകം നിലനിർത്തികൊണ്ടുള്ള രീതിയിലായിരിക്കും വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്.

വിപണനത്തിനായി രാജ്യത്തിനകത്തും വിദേശത്തുമുള്ള വിവിധ വിപണന മേളകളിലും റോഡ് ഷോകളിലും പങ്കെടുക്കൽ, ഇവ സംഘടിപ്പിക്കൽ, നവ മാധ്യമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള പരസ്യ പ്രചരണം, അച്ചടി ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചരണം, വിദേശ മാധ്യമ പ്രവർത്തകർക്കായുള്ള ബ്ലോഗ് എക്സ്പ്രസ്സ്, സ്പൈസ് റൂട്ട് രാജ്യങ്ങളെ പങ്കെടുപ്പിച്ചുള്ള കളിനറി ഫെസ്റ്റിവൽ, ഓണം, നിശാഗന്ധി ഫെസ്റ്റിവൽ, ഉത്സവം എന്നീ പരിപാടികൾ വിദേശ രാജ്യങ്ങളിലടക്കം പ്രചരിപ്പിച്ചും വിപണന തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്.

ഇത്തരം പ്രചരണ തന്ത്രങ്ങളിലൂടെ വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ ടൂറിസം നയം ഈ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്.

(സി) കിഫ്ബിയുടെ ധനസഹായത്തോടെ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി പ്രൊപ്പോസലുകൾ അംഗീകാരത്തിനായി കിഫ്ബി-യിൽ സമർപ്പിച്ചിട്ടുണ്ട്.

1. കോഴിക്കോട് SIHM ക്യാമ്പസിൽ ത്രീ സ്റ്റാർ ഹോട്ടൽ കോംപ്ലക്സിന്റെ നിർമ്മാണം.
2. മുഴപ്പിലങ്ങാടിയിൽ ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണം.
3. ആലപ്പുഴയുടെ ചെത്തി ബീച്ചിന്റെ വികസനം.
4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി-വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം.
5. പാലക്കാട് ജില്ലയിലെ കാഞ്ഞിരംപുഴ ഡാം വികസനം.
6. കൊല്ലം ജില്ലയിലെ തെൻമല ഡാം പരിസര വിനോദസഞ്ചാര വികസനം.
7. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം പരിസര വിനോദ സഞ്ചാര വികസനം.
8. കോഴിക്കോട് മുഴപ്പിലങ്ങാട് -ധർമ്മടം-ധർമ്മടം ദ്വീപ് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി റോപ് വേയുടെ നിർമ്മാണം.

**ഖാദി ഗ്രാമ വ്യവസായം**

9 (*609) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത്;

(സി) പി.എം.ഇ.ജി.പി. പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നകാര്യം പരിഗണിക്കുമോ;

(ഡി) ഖാദി ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും വിപണന മേഖല ശക്തിപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഖാദി ഗ്രാമ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സർക്കാർ സഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഖാദി മേഖലയിൽ, ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ച് ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കുക (നൂൽപ്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും), ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം എന്നിവയെല്ലാം ഖാദി മേഖലയിൽ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. കൂടാതെ ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും അതുപ്രകാരം അഞ്ച് വർഷംകൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയ പദ്ധതികളും ഖാദി മേഖലയിൽ നടപ്പിലാക്കിവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധനച്ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന

പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു.

(ബി) ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളിലെയും സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് ഫ്ലാഗ്ഷിപ്പ് സ്കീമിലൂടെ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിക്ക് 2016-17-ൽ അനുവദിച്ച 8 ലക്ഷം രൂപയും 2017-18-ൽ അനുവദിച്ച 10 ലക്ഷം രൂപയും പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. 2018-19-ൽ 15 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള പദ്ധതിയാണ് പി.എം.ഇ.ജി.പി. നിലവിൽ സേവന മേഖലയിൽ 10 ലക്ഷം രൂപ വരെയും ഉൽപ്പാദന മേഖലയിൽ 25 ലക്ഷം രൂപ വരെയും വായ്പ ലഭ്യമാക്കി പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭകർക്ക് 25% മുതൽ 35% വരെ കേന്ദ്ര ഖാദി കമ്മീഷൻ മുഖേന സബ്സിഡി നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(ഡി) ഖാദി ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും വിപണന മേഖല ശക്തിപ്പെടുത്തുന്നതിനും വർഷാവർഷം ബോർഡിന്റെ മേൽനോട്ടത്തിൽ ഓണം, വിഷു, ബക്രീദ്, ക്രിസ്തുമസ്, ഗാന്ധിജയന്തി തുടങ്ങിയ വിശേഷാവസരങ്ങളിൽ പ്രത്യേക മേളകൾ സംഘടിപ്പിക്കുകയും ഇതിന്റെ ഭാഗമായി പ്രത്യേക റിബേറ്റും അനുവദിച്ച് വരുന്നുണ്ട്. ഓണം മേളകളിൽ പ്രത്യേക സമ്മാന പദ്ധതികൾ നടപ്പിലാക്കുകയും ഖാദി ബോർഡിന്റെ തൊഴിൽദാന പദ്ധതികൾ മുഖേന ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും സൗകര്യങ്ങൾ നൽകിവരുന്നുണ്ട്. വിപണന പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന പരസ്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ സംരംഭകർ നിർമ്മിക്കുന്ന ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ ഖാദി ഷോറൂമുകൾ വഴി വിറ്റഴിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

## വ്യവസായ കേന്ദ്രീകൃത പാർക്കുകളുടെ നിർമ്മാണ പുരോഗതി

10 (*610) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറ്റുമതി വളർച്ച ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള കയറ്റുമതി അടിസ്ഥാന സൗകര്യത്തിന്റെയും അനുബന്ധ പ്രവർത്തനങ്ങളുടെയും വികസനത്തിനായി സംസ്ഥാനങ്ങൾക്കുള്ള ധനസഹായം (ASIDE) കേന്ദ്ര സർക്കാർ നിർത്തലാക്കി യതിനെത്തുടർന്ന് കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങളുടെ പ്രോത്സാഹന ത്തിനായി സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കിൻഫ്രയുടെ കീഴിലുള്ള വ്യവസായ വാണിജ്യ മേഖലകൾ ഏതെല്ലാമെന്നും അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(സി) ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, ഡിഫൻസ് പാർക്ക്, മെഗാ ഫുഡ് പാർക്ക് തുടങ്ങിയ പ്രത്യേക വ്യവസായ കേന്ദ്രീകൃത പാർക്കുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കയറ്റുമതി വളർച്ചയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കു ന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ASIDE 2014-15 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയെങ്കിലും 2015-16 മുതൽ സംസ്ഥാന സർക്കാരിന്റെ വാർഷിക ബജറ്റിൽ കയറ്റുമതി വികസനത്തിനുതകുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള തുക എല്ലാ വർഷവും വകയിരുത്തിപ്പോ രുന്നുണ്ട്. 2015-16 മുതൽ കയറ്റുമതി വികസത്തിനുതകുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ ഈ തുകകൊണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കിപ്പോരുന്നു. തത്വത്തിൽ 2014-15-ൽ കേന്ദ്ര സർക്കാർ ഈ പദ്ധതി നിർത്തലാക്കിയെങ്കിലും Trade Infrastructure for Export Scheme (TIES) എന്ന പേരിൽ മറ്റൊരു സ്കീം 2017-18 മുതൽ 2019-20 വരെയുള്ള മൂന്ന് വർഷക്കാലയളവിലേയ്ക്ക് നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കയറ്റുമതി വളർച്ചയെ ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ കയറ്റുമതി നയം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. 2015-16

മുതൽ ASIDE പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കയറ്റുമതി വളർച്ച ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭകരെ അന്തർദ്ദേശീയ മേളകളിൽ പങ്കെടുപ്പിക്കുകയും സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിനായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് വിമാനത്താവളങ്ങൾ, സീ പോർട്ട് എന്നീ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വിവിധോദ്ദേശ്യ വ്യവസായ സോണുകൾ സ്ഥാപിക്കുവാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇതുപ്രകാരം കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിലാണ് കിൻഫ്ര വിവിധോദ്ദേശ്യ വ്യവസായ സോണുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ കണ്ണൂരിലും തൊടുപുഴയിലും അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്ര തുടരുന്നു.

(സി) ആയുർവേദ മേഖലയുടെ വികസനം ലക്ഷ്യമാക്കി കിൻഫ്ര നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഗ്ലോബൽ ആയുർവേദ വില്ലേജ്. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ എന്ന സ്ഥലത്ത് കിൻഫ്ര 7.5 ഏക്കർ സ്ഥലം ഏറ്റെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി വർക്കല അയിരൂർ വില്ലേജിൽ 63.27 ഏക്കർ സ്ഥലം കണ്ടെത്തുകയും അതിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കിൻഫ്രയുടെ കീഴിലുള്ള പാലക്കാട് ജില്ലയിലെ മെഗാ ഫുഡ് പാർക്ക് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. പദ്ധതി തുക 119.02 കോടി രൂപയാണ്. ഇതിൽ കേന്ദ്ര ധനസഹായം 50 കോടി രൂപയാണ്. ഇതുപ്രകാരം കേന്ദ്ര ധനസഹായമായി 28.81 കോടി രൂപ ലഭ്യമായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത പാർക്കിന്റെ ഭൂമി അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ ഒരു മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ പള്ളിപ്പുറം വില്ലേജിൽ നടന്നുവരുന്നു. 65 ഏക്കർ വിസ്തൃതിയിലുള്ള ഈ പാർക്കിൽ റോഡ്, മഴവെള്ള ഓവു ചാലുകൾ, ചുറ്റുമതിൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോൾഡ് സ്റ്റോറേജ്, ഫ്രീസർ, സംഭരണശാല, മലിനജല സംസ്കരണ പ്ലാന്റ് എന്നിവ നിർമ്മാണഘട്ടത്തിലാണ്. 2018 അവസാനത്തോടുകൂടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഒറ്റപ്പാലത്ത് കിൻഫ്രയുടെ കീഴിൽ ഒരു ഡിഫൻസ് പാർക്ക് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. പദ്ധതി തുക 130.94 കോടി രൂപയാണ്. ഇതിൽ കേന്ദ്ര ധനസഹായം 50 കോടി രൂപയാണ്. ഇതുപ്രകാരം കേന്ദ്ര ധനസഹായമായി 15 കോടി രൂപ ലഭ്യമായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ട്രഷറി നവീകരണത്തിനായി സ്വീകരിച്ച നടപടികൾ**

11 (*611) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധന മാനേജ്മെന്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി ട്രഷറി നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ട്രഷറി ഇടപാടുകാർക്ക് ബാങ്കുകൾ നൽകുന്ന തരത്തിലുള്ള ആധുനിക ഇലക്ട്രോണിക് സംവിധാനം വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ട്രഷറികളിൽ ലഭ്യമാക്കാൻ പര്യാപ്തമായ വിധം ജീവനക്കാരെ പ്രാപ്തമാക്കുമോ;

(സി) പുതിയ കേന്ദ്ര ധനബില്ലിന്റെ അടിസ്ഥാനത്തിൽ സീനിയർ സിറ്റിസൺസിന്റെ ബാങ്കുകളിലുള്ള സ്ഥിര നിക്ഷേപത്തിന്റെ പലിശയിൽ നിന്ന് ആദായ നികുതി സ്രോതസ്സിൽ പിടിക്കേണ്ടതില്ലാത്തതുകൊണ്ടും അമ്പതിനായിരം രൂപവരെയുള്ള പലിശയ്ക്ക് നികുതി നൽകേണ്ടതില്ലാത്തതിനാലും ട്രഷറികളിലെ നിക്ഷേപത്തിൽ ഗണ്യമായ ഭാഗം ബാങ്കുകളിലേക്ക് മാറാനിടയുള്ളത് കണക്കിലെടുത്ത് 60 വയസ്സ കഴിഞ്ഞ നിക്ഷേപകർക്ക് അര ശതമാനം അധിക പലിശ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>:

(എ) സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് ട്രഷറികളിൽ നടപ്പിലാക്കിയ പദ്ധതിയാണ് സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS). വിവര സാങ്കേതികവിദ്യയുടെ എല്ലാ സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുക, മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക തുടങ്ങിയവയാണ്

IFMS-ന്റെ ഉദ്ദേശ്യം. ആധുനിക കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിൽ ഇ-ഗവേർണൻസ് പദ്ധതിയുടെ അന്തസ്സത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള മഹത്തായ കാൽവയ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. IFMS സംവിധാനത്തിൽ പ്രധാനമായും താഴെപ്പറയുന്ന ഘടകങ്ങളാണുള്ളത്.

(i) <u>Revenue Management -e-treasury</u>

ലോകത്ത് എവിടെനിന്നും സർക്കാരിലേയ്ക്ക് 24 മണിക്കൂറും കറൻസി രഹിത ഇടപാടുകൾക്കുള്ള സൗകര്യം.

(ii) <u>Budget Management</u>

(iii) <u>Expenditure Management</u>

സംസ്ഥാനത്ത് എല്ലായിടത്തും സമാനമായ രീതിയിൽ ധനവിനിയോഗം നടപ്പിലാക്കുന്നതിനായി കേന്ദ്രീകൃത ട്രഷറി മാനേജ്മെന്റ് സംവിധാനം Core TIS-ലൂടെ സാദ്ധ്യമാകുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ e-kuber പോർട്ടലുമായി ബന്ധിപ്പിച്ച് പണം ഇടപാടുകാരുടെ അക്കൗണ്ടിൽ എത്തിക്കുന്നു.

(iv) <u>SPARK</u>

സംസ്ഥാനത്തെ മുഴുവൻ ജീവനക്കാരുടെയും സർവ്വീസ് സംബന്ധമായ എല്ലാ വിവരങ്ങളും വെബ് അധിഷ്ഠിത സെൻട്രൽ ഡാറ്റാ ബേസായ സ്പാർക്കിൽ ശേഖരിച്ചിട്ടുണ്ട്. ജീവനക്കാരുടെ എച്ച്.ആർ. സംബന്ധമായ എല്ലാ ബില്ലുകളും സ്പാർക്കിലൂടെ ഓൺലൈനായി സമർപ്പിക്കുന്നു.

(v) <u>Bill Information Management System (BIMS)</u>

സർക്കാർ വകുപ്പിലെ ജീവനക്കാരുടെ എച്ച്.ആർ. സംബന്ധമല്ലാത്ത എല്ലാ ബില്ലുകളും BIMS-ലൂടെ ഓൺലൈനായി സമർപ്പിക്കുന്നു.

(vi) <u>Budget Allocation and Monitoring System (BAMS)</u>

വിവിധ വകുപ്പുകൾക്കുള്ള ബജറ്റ് അലോട്ട്മെന്റുകൾ ഓൺലൈനായി വിതരണം ചെയ്യുവാൻ സാധിക്കുന്നു. പണം ഇലക്ട്രോണിക് ബിൽ സംവിധാനത്തിലൂടെ ഇടപാടുകാരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നു. ഒരു സ്ഥലത്ത് മാത്രം ഡാറ്റ എൻട്രി നടത്തുന്നതിനാൽ മനുഷ്യവിഭവ ശേഷി ലാഭിക്കുവാനും തെറ്റുകൾ കുറയ്ക്കാനും കഴിയുന്നു. കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പുവരുത്താൻ കഴിയും.

(vii) കേന്ദ്രീകൃത പെൻഷൻ നിർവ്വഹണ സംവിധാനം (PIMS)

സംസ്ഥാന സർക്കാരിന് കീഴിൽ വരുന്ന എല്ലാ പെൻഷൻകാരെയും കേന്ദ്രീകൃത പെൻഷൻ സംവിധാനത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്. ഓൺലൈൻ മസ്റ്ററിംഗിനുള്ള സൗകര്യം (Jeevan Praman) നിലവിൽ വന്നു.

(viii) ട്രഷറി കോർ ബാങ്കിംഗ് സംവിധാനം

ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നതോടുകൂടി ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിനും പണം നിക്ഷേപിക്കുന്നതിനും സാധിക്കുന്നുണ്ട്. വിവിധ യൂട്ടിലിറ്റി പേമെന്റിനുള്ള സൗകര്യം ഉടൻ നിലവിൽ വരുന്നതാണ്. ഏത് അക്കൗണ്ടിലേയ്ക്കും പണം ഇലക്ട്രോണിക്കായി കൈമാറ്റം ചെയ്യുന്ന തിനുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ട്.

(ix) അക്കൗണ്ട്സ് മാനേജ്മെന്റ് (IAMS)

കമ്പ്യൂട്ടർവൽകൃത സംവിധാനത്തിലൂടെ വരവ് ചെവല് കണക്കുകളുടെ കൃത്യമായ വിവരം ശേഖരിക്കാൻ കഴിയുന്നു. അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ ട്രഷറിയും അക്കൗണ്ടന്റ് ജനറലുമായി ഓൺലൈനായി കൈമാറ്റം ചെയ്യാൻ കഴിയുന്നു.

(x) Ways and Means Management (WAMS)

ഫലപ്രദമായ ലിക്വിഡിറ്റി മാനേജ്മെന്റിനായി ഓൺലൈൻ സംവിധാനമായ WAMS മുഖേന സാധിക്കുന്നു. സർക്കാർ സേവന ങ്ങൾക്കായി ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെയും ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും പണം അടയ്ക്കുന്ന രീതി നിലവിൽ വന്നുകഴിഞ്ഞു. ഫെഡറൽ ബാങ്കുമായി സഹകരിച്ച് ബാങ്കുകളുടെ നെറ്റ്‌വർക്ക് ഉൾപ്പെടുത്തി ബാങ്കുകളുടെ എ.ടി.എം.-കളിൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള എ.ടി.എം. കാർഡ് ഏർപ്പെടുത്തി ടി.എസ്.ബി. ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ധന മാനേജ്മെന്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന് ഓൺലൈൻ പേമെന്റുകൾ നടക്കുന്ന സമയത്തുതന്നെ അവയുടെ വിവരങ്ങൾ സർക്കാരിന് അപ്പപ്പോൾ അറിയാൻ കഴിയുന്നു. തത്സമയ മോണിറ്ററിംഗും ഇപ്പോൾ സാദ്ധ്യമാകുന്നുണ്ട്.

(ബി) ട്രഷറി ഇടപാടുകാർക്ക് ബാങ്കുകൾ നൽകുന്നതരത്തിലുള്ള ആധുനിക ഇലക്ട്രോണിക് സംവിധാനം വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ബാങ്കുകളിലെ ജീവനക്കാരുടേതുപോലെ ബാങ്കിംഗ് മേഖലയിൽ കഴിവും ശേഷിയുമുള്ള ജീവനക്കാരാണ് ട്രഷറിയിലുമുള്ളത്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ട്രഷറികളിലും ലഭ്യമാക്കാൻ പര്യാപ്തമാംവിധം ജീവനക്കാർ ഇതിനോടകം സജ്ജരായിക്കഴിഞ്ഞു. ഇതിനുതകുന്ന തരത്തിലുള്ള തുടർ പരിശീലന പരിപാടി കളാണ് ട്രഷറി വകുപ്പിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

(സി) സംസ്ഥാനത്തെ മറ്റു ബാങ്കിംഗ് സ്ഥാപനങ്ങളെക്കാൾ ഉയർന്ന പലിശ നിരക്കാണ് നിലവിൽ ട്രഷറിയിലുള്ളത്. മാത്രമല്ല, സ്ഥിര നിക്ഷേപത്തിന് സീനിയർ സിറ്റിസൺസിന് നിലവിൽ അരശതമാനം പലിശ അധികം നൽകുന്നുമുണ്ട്.

### കിൻഫ്ര മുഖേനയുള്ള വ്യവസായ വികസനം

12 (*612) ശ്രീ. വി. ജോയി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിന് കിൻഫ്ര എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് വരുന്നത്;

(ബി) കിൻഫ്രയുടെ നിലവിലുള്ള വ്യവസായ പാർക്കുകളിൽ റോഡ്, വൈദ്യുതി വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിന് പുതിയ പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2018-19 വർഷക്കാലയളവിൽ കിൻഫ്ര നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) സംസ്ഥാനത്തിന്റെ പുതിയ വ്യവസായനയ പ്രകാരം കര, ജല, വ്യോമയാന ഗതാഗത സൗകര്യങ്ങളുടെ ലഭ്യതയും സാമീപ്യവും ഉള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തി അക്വയർ ചെയ്യുന്നതിന് കിൻഫ്രയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിൻ പ്രകാരം കിൻഫ്ര നടത്തിയിട്ടുള്ള അക്വിസിഷൻ നടപടികളുടെ വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് വ്യവസായ വികസനം സാദ്ധ്യമാക്കുന്നതിന് കിൻഫ്ര ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം
2. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
3. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
4. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്.
5. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ
6. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം
7. ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം-രണ്ടാംഘട്ട വികസനം
8. ഫാർമാ പാർക്ക്, എറണാകുളം
9. കിൻഫ്ര പാർക്ക്, കാക്കഞ്ചേരി-രണ്ടാംഘട്ട വികസനം
10. മെഗാ ഫുഡ് പാർക്ക് - പാലക്കാട്
11. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
12. ജെം & ജ്വവലറി പാർക്ക്, പുഴക്കൽ
13. ഇന്റർനാഷണൽ എക്സിബിഷൻ ആൻഡ് കൺവെൻഷൻ സെന്റർ, എറണാകുളം
14. വിവിധോദ്ദേശ്യ സോണുകൾ-കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ്

(ബി) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള നിലവിലെ വ്യവസായ പാർക്കുകളിൽ റോഡ്, വൈദ്യുതി വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സമയാസമയങ്ങളിൽ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കിൻഫ്ര നടത്തിവരാറുണ്ട്.

(സി) 2018-19 വർഷക്കാലയളവിൽ കിൻഫ്ര നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നു :

- ഫാർമാ പാർക്ക്, കൊച്ചി
- വ്യവസായ പാർക്ക്, കുറ്റിപ്പുറം
- ഇൻഡസ്ട്രിയൽ പാർക്ക്, രാമനാട്ടുകര
- കെ.ഇ.പി.ഐ.പി. എക്സ്പോർട്ട് എൻക്ലേവ്, കാക്കനാട്
- വിവിധോദ്ദേശ്യ വ്യവസായ മേഖലയുടെ അടിസ്ഥാന പദ്ധതിക്കായുള്ള സ്ഥലമെടുപ്പ്
- പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി

(ഡി) സംസ്ഥാനത്ത് വിമാനത്താവളങ്ങൾ, സീ പോർട്ട് എന്നീ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വിവിധോദ്ദേശ്യ വ്യവസായ സോണുകൾ സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇതുപ്രകാരം കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിലാണ് കിൻഫ്ര വിവിധോദ്ദേശ്യ വ്യവസായ സോണുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ കണ്ണൂരിലും തൊടുപുഴയിലും അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്ര തുടരുന്നു.

**കരകൗശല മേഖലയുടെ സമഗ്ര വികസനത്തിന് നൂതന പദ്ധതികൾ**

13 (*613) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരകൗശല മേഖലയുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കരകൗശല ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ;

(സി) കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്നതിന് 'ആശ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കരകൗശല മേഖലയുടെ വികസനത്തിനായി ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ എന്നിവ വഴിയും അപ്പെക്സ് സഹകരണ സ്ഥാപനമായ സുരഭി വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക, തൊഴിലാളികളുടെ വേതനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ ഇതുവഴി സാദ്ധ്യമായിവരുന്നുണ്ട്. കരകൗശല മേഖലയിൽ ക്ലസ്റ്റർ മാതൃകാ വികസനം, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിപണന സമ്പ്രദായങ്ങൾ ആർജ്ജിക്കൽ എന്നിവയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ഈ മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പണിയായുധങ്ങൾ ആധുനികവൽക്കരിക്കുന്നതിനും മികച്ച രീതിയിലുള്ള പണിയായുധങ്ങൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനും അതിൽ പരിശീലനം നൽകുന്നതിനും ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനം നടത്തിവരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് കേരളത്തനിമയോടുകൂടിയ വിവിധതരം സുവനീറുകൾ വിപണനം നടത്താനുള്ള പദ്ധതി, കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ എന്നിവ ആസൂത്രണം ചെയ്തുവരുന്നു.

കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശിൽപ്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ കരകൗശല ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിലവിൽ പദ്ധതികളില്ല. എന്നാൽ മൾട്ടിപർപ്പസ് കോംപ്ലക്സുകൾ സ്ഥാപിക്കുകയാണെങ്കിൽ ഇവയുടെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്. ആഷ പദ്ധതിയിലൂടെ കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് അനിവാര്യമായ കെട്ടിടം/പണിശാല, യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിര മൂലധന

നിക്ഷേപത്തിന്റെ 40% തുക, പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായമായി നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗം, വനിത, യുവജന സംരംഭകർക്ക് സ്ഥിര മൂലധനത്തിന്റെ 50% തുക, പരമാവധി 3 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

(ഡി) കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2018-19 ബജറ്റിൽ 100 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിലെ അപ്പെക്സ് സഹകരണ സ്ഥാപനമായ സുരഭിക്ക് കൊച്ചിയിൽ ടൂറിസം സെന്റർ സ്ഥാപിക്കുന്നതിനും ചെന്നൈ, കോവളം എന്നിവിടങ്ങളിലെ എംപോറിയങ്ങൾ ആധുനികവൽക്കരിക്കാനും പുതുതായി ഒരു ചന്ദന പൗഡർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. പൊതുമേഖലാ സ്ഥാപനമായ കരകൗശല വികസന കോർപറേഷൻ ഷോറൂമുകൾ, പൊതുസേവന കേന്ദ്രങ്ങൾ എന്നിവ പുതുക്കി പണിയുന്നതിനും ഓഫീസ് ആധുനികവൽക്കരിക്കാനും ലക്ഷ്യമിടുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## വൈദ്യുതി മേഖലയിലെ സുപ്രധാന പദ്ധതികൾ

14 (*614) ശ്രീ. പി. വി. അൻവർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിന് അടിത്തറ പാകേണ്ട വൈദ്യുതി മേഖലയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കാനായി വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിട്ടുള്ള സുപ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇന്നവേഷൻ ആന്റ് എസ്കോട്ട് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) വൈദ്യുതി അപകടങ്ങൾ ഇല്ലാതാക്കുന്നതിന് കെ.എസ്.ഇ.ബി.-യും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ഏർപ്പെടുത്തുന്ന സുരക്ഷാ സജ്ജീകരണങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി ):

(എ) പതിമൂന്നാം പഞ്ചവത്സര രേഖ തയ്യാറാക്കുന്നതിലേയ്ക്കായി പ്ലാനിംഗ് ബോർഡ് നിയോഗിച്ച വർക്കിംഗ് ഗ്രൂപ്പുകളിൽ ഊർജ്ജ മേഖല കൈകാര്യം ചെയ്ത ഗ്രൂപ്പ് ഉൽപ്പാദന പ്രസരണ മേഖലകളിലുള്ള ശിപാർശകളിൽ പ്രധാനമായവ ചുവടെ ചേർത്തിരിക്കുന്നു :

1. ചെറുകിട ജലവൈദ്യുതപദ്ധതികൾ, മിനിഹൈഡ്രോ പദ്ധതികൾ ഉൾപ്പെടെ ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി 300 മെഗാവാട്ട് വർദ്ധിപ്പിക്കുക.
2. ഗ്രിഡ്ബന്ധിത സൗരോർജ്ജ പദ്ധതികളുടെ ശേഷി 600 മെഗാവാട്ട് വർദ്ധിപ്പിക്കുക.
3. പുരപ്പുറ സൗരോർജ്ജ പദ്ധതികളുടെ ശേഷി 500 മെഗാവാട്ട് വർദ്ധിപ്പിക്കുക.
4. കാറ്റിൽ നിന്നുള്ള പദ്ധതികളുടെ ശേഷി 100 മെഗാവാട്ട് വർദ്ധിപ്പിക്കുക.
5. NTPC, BSES നിലയങ്ങളുമായുള്ള കരാറുകൾ സംബന്ധിച്ച് അവരുമായി ചർച്ചചെയ്ത് പരിഹാരം കണ്ടെത്തുക, കഴിയാത്തപക്ഷം അവരിൽനിന്നുള്ള വൈദ്യുതിവാങ്ങൽ കരാറിൽ നിന്ന് പിൻവാങ്ങുക.
6. ചെറിയ ശേഷിയുള്ള വിൻഡ് ടർബയിനുകളുടെ സാദ്ധ്യത പരിശോധിക്കുക.
7. ഗവൺമെന്റ് കെട്ടിടങ്ങൾ, സ്കൂളുകൾ, കോളേജുകൾ, ലോക്കൽ ബോഡി ഹെഡ്കോർട്ടറുകൾ തുടങ്ങിയയിടങ്ങളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക.
8. വരുംകാല വൈദ്യുതി ആവശ്യകതയുടെ ഏറിയ പങ്കും ദീർഘകാല കരാറുകളിലൂടെ സംസ്ഥാനത്തിന് പുറത്തുള്ള സ്റ്റേഷനുകളിൽ നിന്ന് ലഭ്യമാക്കുക. അതിലേയ്ക്കായി പ്രസരണ ഇടനാഴികൾ ശക്തിപ്പെടുത്തുക.
9. പമ്പ്ഡ് സ്റ്റോറേജ് വിഷയത്തിൽ സംസ്ഥാനത്ത് ജലസംഭരണികൾക്കിടയിൽ നിലനിൽക്കുന്ന സാദ്ധ്യത ഉപയോഗിക്കുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളുക.
10. കെ.എസ്.ഇ.ബി.എൽ.-ന്റെ റവന്യൂനഷ്ടം പരിഹരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഊർജ്ജസംരക്ഷണ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ: കാര്യക്ഷമതയുള്ള വൈദ്യുതോപകരണങ്ങളുടെ വ്യാപനം, സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമതാ പദ്ധതികൾ, കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ഉപയോഗത്തിന്റെ കാര്യക്ഷമത ഉയർത്തൽ, ഊർജ്ജകാര്യക്ഷമതാ ബോധവൽക്കരണ പരിപാടികൾ എന്നിവയാണ്. ഇതിൽ വിദ്യാഭ്യാസ മേഖല, വ്യാവസായിക മേഖല, കാർഷിക മേഖല, ഗാർഹിക മേഖല, തദ്ദേശഭരണ മേഖല, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ ഊർജ്ജകാര്യക്ഷമത ഉയർത്തുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും മോഡൽ പദ്ധതികളും ഉൾപ്പെടും.

(ബി) ഇന്നൊവേഷൻ ആൻഡ് എസ്കോട്ട് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 25.14 കോടി രൂപ (പുതുക്കിയ വിഹിതം 15.14 കോടി) ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നത്.

| | | |
|---|---|---|
| 1. | പവർലൈനിന്റെ കൊറിഡോർ മാപ്പിംഗ് | 5 കോടി രൂപ |
| 2. | HVDS പ്രോജക്ട് | 0.4 കോടി രൂപ |
| 3. | വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം | 0.6 കോടി രൂപ |
| 4. | സോളാർ പവർ ചാർജിംഗ് സ്റ്റേഷന്റെ നിർമ്മാണം, രണ്ട് ഇലക്ട്രിക് കാറുകൾ വാങ്ങൽ | 0.53 കോടി രൂപ |
| 5. | പോർട്ടബിൾ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ വാങ്ങുക | 2.56 കോടി രൂപ |

2018-19 സാമ്പത്തിക വർഷത്തിൽ 27.79 കോടി രൂപ ഇന്നൊവേഷൻ ആൻഡ് എസ്കോട്ട് ഫണ്ട് അനുവദിച്ചിട്ടുള്ളത് താഴെപ്പറയുന്ന പദ്ധതികൾക്കാണ് :

| | | |
|---|---|---|
| 1. | കൊച്ചി മെട്രോ യാത്രക്കാർക്ക് തുടർയാത്രകൾ ക്കായുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് ഒരു ബൾക്ക് ചാർജിംഗ് സ്റ്റേഷൻ സ്വാപ്പിംഗ് ബാറ്ററികൾ ഉൾപ്പെടെ അനുയോജ്യമായ സബ്സ്റ്റേഷനിൽ സ്ഥാപിക്കുക. | 26.79 കോടി രൂപ |
| 2. | വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള VGF | |
| 3. | മറ്റു ഇന്നൊവേഷൻ പ്രോജക്ട് | |
| 4. | വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം | 1 കോടി രൂപ |
| 5. | HVDS പ്രോജക്ട് | |

(സി) വൈദ്യുതി അപകടങ്ങൾ ഇല്ലാതാക്കുന്നതിന് വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സജ്ജീകരണങ്ങൾ ചുവടെ ചേർക്കുന്നു.

- വൈദ്യുതി സംബന്ധമായ അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ സേവനം 1912 എന്ന ടോൾ ഫ്രീ നമ്പറിൽ ലഭ്യമാണ്.
- ഉപഭോക്താക്കൾക്ക് അപകടങ്ങളെക്കുറിച്ച് അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹോട്ട് ലൈൻ ഡെസ്ക് 9496061061 എന്ന നമ്പറിൽ ഏർപ്പെടുത്തിയിട്ടുണ്ട്.
- വൈദ്യുതി അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

വൈദ്യുതി അപകടങ്ങൾ ഇല്ലാതാക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ക്രിയാത്മകമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി സുരക്ഷാ പാലനം കർശനമായി നടപ്പിലാക്കാനായി ചീഫ് സേഫ്റ്റി കമ്മീഷണറുടെ

നേതൃത്വത്തിൽ സുരക്ഷാവിഭാഗം ശക്തിപ്പെടുത്തുകയും "ZERO ACCIDENT YEAR -2018" എന്ന മുദ്രാവാക്യം പ്രഖ്യാപിച്ചുകൊണ്ട് വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു. ജോലി ചെയ്യുമ്പോൾ അവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും അവയുടെ ഉപയോഗം പരിശീലിപ്പിക്കുകയും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി സുരക്ഷിതമായി, അപകട രഹിതമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ജില്ലാ ഓഫീസുകളുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികൾ കൂടെക്കൂടെ നടത്താറുണ്ട്. വിവിധ റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തുടങ്ങിയവ കേന്ദ്രീകരിച്ചും വൈദ്യുതി ബോർഡിലെ ഫീൽഡ് സ്റ്റാഫ്, വ്യവസായ ശാലകളിലെ സൂപ്പർവൈസർമാർ, വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയുമാണ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത്.

കാലപ്പഴക്കംചെന്ന വൈദ്യുത വയറിംഗിലൂടെ ഉണ്ടാകുന്ന അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനു വേണ്ടിയുള്ള പ്രാരംഭഘട്ട നടപടി എന്നതിന്റെ അടിസ്ഥാനത്തിൽ അഗളി, പുത്തൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 860 പേരുടെ വീടുകളുടെ കാലപ്പഴക്കം ചെന്ന വയറിംഗുകൾ മാറ്റി സർക്യൂട്ടിൽ വൈദ്യുതി ചോർച്ച നിയന്ത്രിച്ച് അപകടം ഒഴിവാക്കുന്ന എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ (ഇ.എൽ.സി.ബി.) സ്ഥാപിച്ച് വയറിംഗ് നവീകരിച്ച് പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതി ഇ-സേഫ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ടെണ്ടർ ക്ഷണിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി അപകടങ്ങളുടെ വിശദ റിപ്പോർട്ട് കെ.എസ്.ഇ.ബി. സുരക്ഷാ ഡയറക്ടർക്ക് താമസംവിനാ നൽകുന്നതുവഴി സമാന അപകടങ്ങൾ ഒഴിവാക്കുന്നതിന് സഹായകമാണ്. എല്ലാ വർഷവും മേയ് മാസത്തിലെ ആദ്യത്തെ ആഴ്ച വൈദ്യുത സുരക്ഷാ വാരമായി ആചരിക്കാറുണ്ട്.

**ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന**

15 (*615) ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സർവ്വീസ് കണക്ഷൻ നൽകുന്നതിന് ഈ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഗ്രാമ പ്രദേശങ്ങളിൽ വൈദ്യുതീകരണത്തിനും വിതരണ ലൈനുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഈ പദ്ധതി പ്രകാരം എത്ര ഗ്രാമീണ ഭവനങ്ങൾക്ക് വൈദ്യുതി നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ 2017-2018 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഗ്രാമീണ ഭവന വൈദ്യുതീകരണം ഗ്രാമീണമേഖലയിലെ ഉപ-പ്രസരണ-വിതരണ ശൃംഖലയുടെ ശാക്തീകരണം ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിന് ഉപഭോക്തൃ, ട്രാൻസ്ഫോർമർ, ഫീഡർ മീറ്ററിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ, സൻസദ് ആദർശ് ഗ്രാമയോജന (SAGY)യിലെ പ്രവൃത്തികൾ എന്നിവയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ബി) ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് അനുബന്ധ പ്രവൃത്തികൾ ഉൾപ്പെടെ പൂർത്തിയാക്കി സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിവരുന്നു. ആകെ 98527 ബി.പി.എൽ. ഭവനങ്ങൾ വൈദ്യുതീകരിക്കാൻ ലക്ഷ്യമിട്ടെങ്കിലും നാളിതുവരെ 109064 എണ്ണം നൽകിക്കഴിഞ്ഞു. ഇതിനായി 1996.84 കി.മീ. സിംഗിൾ ഫേസ് ലൈൻ, 119.8 കി.മീ. ത്രീ ഫേസ് ലൈൻ, 529.21 കി.മീ. 11 കെ.വി.ലൈൻ, 317 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കി.

(സി) ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതീകരണത്തിന് താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് :

1. ബി.പി.എൽ. സർവ്വീസ് കണക്ഷനുകൾ -98527 എണ്ണം.
2. പുതിയ വിതരണ ട്രാഫസ്ഫോർമറുകൾ -525 എണ്ണം.
3. വിതരണ ട്രാൻസ്ഫോർമർ ശേഷി കൂട്ടൽ -56 എണ്ണം.
4. കേടായതും പഴയതുമായ സിംഗിൾ ഫേസ് മീറ്റർ മാറ്റിവയ്ക്കൽ -1650076 എണ്ണം.

5. കേടായതും പഴയതുമായ ത്രീ ഫേസ് മീറ്റർ മാറ്റിവയ്ക്കൽ - 83688 എണ്ണം.

6. വിതരണ ട്രാൻസ്ഫോമർ മീറ്ററിംഗ് - 23655 എണ്ണം.

7. ഫീഡർ മീറ്ററിംഗ് - 103 എണ്ണം.

8. പുതിയ 11 കെ.വി. ലൈൻ - 1281.94 കി.മീ.

9. പുതിയ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ - 2955 കി.മീ.

10. പുതിയ എൽ.റ്റി. ത്രീ ഫേസ് ലൈൻ - 305 കി.മീ.

11. പുതിയ എൽ.റ്റി. എ.ബി.സി. ലൈൻ - 107.6 കി. മീ.

12. പുതിയ 33 കെ.വി. സബ്സ്റ്റേഷൻ - 2 എണ്ണം.

13. 33 കെ.വി സബ്സ്റ്റേഷൻ ട്രാൻസ്ഫോമർ ശേഷികൂട്ടൽ- 6 എണ്ണം.

(ഡി) ഈ പദ്ധതി പ്രകാരം 98527 ബി.പി.എൽ (ഗ്രാമീണ) ഭവനങ്ങളാണ് വൈദ്യുതീകരിക്കാൻ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി 2017-18-ൽ കേന്ദ്ര സർക്കാരിൽനിന്നും തുകയൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

**ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിന് നടപടി**

16 (*616) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വിൽപ്പനയിലും വരുമാനത്തിലുമുണ്ടായിട്ടുള്ള വർദ്ധനവ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഒറ്റ നമ്പർ ലോട്ടറിയും ചൂതാട്ട ലോട്ടറിയും ഉൾപ്പെടെയുള്ള അനധികൃത ലോട്ടറികളുടെ വിൽപ്പന തടയുന്നതിന് എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറുകളും അനുബന്ധ ഹാർഡ്‌വെയർ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. സെർവറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി രണ്ട് High speed സെർവറുകൾ കേരള സ്റ്റേറ്റ് IT മിഷൻ മുഖേന വാങ്ങി സ്റ്റേറ്റ് ഡാറ്റ സെന്റർ (SDC)-1, 2 എന്നിവിടങ്ങളിലുമായി Co-host ചെയ്തിട്ടുണ്ട്. ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന പഴയ നെറ്റ്‌വർക്ക്/ UPS wire എന്നിവ കെൽട്രോൺ മുഖാന്തരം നവീകരിക്കുന്ന ജോലികൾ പുരോഗമിക്കുന്നു. ലോട്ടറി വകുപ്പിനുവേണ്ടി പുതിയ സ്റ്റോഫ്റ്റ്‌വെയർ ഡെവലപ്മെന്റിന് NIC-യെ ചുമതലപ്പെടുത്തി. പ്രസ്തുത പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഓഫീസുകളിലെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി CCTV ക്യാമറകൾ ജില്ലാ ഓഫീസുകളിൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. കേരള ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്കായി ടിക്കറ്റുകളിൽ ആറോളം സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. (ഗില്ലോച്ചി പാറ്റേൺ, മൈക്രോ ടെക്സ്റ്റ്, Invert Microline pattern, Void pantograph, Opaque, text pattern, linear barcode, Relief Pattern) കാലഹരണപ്പെട്ട ഫിസിക്കൽ ഫയൽ സംവിധാനത്തിനുപകരമായി ഡയറക്ടറേറ്റിൽ E-Office സംവിധാനം നടപ്പിലാക്കി. വകുപ്പിന് കീഴിൽ പുതുതായി കോഴിക്കോട് കേന്ദ്രീകരിച്ച് ഒരു ഓഡിറ്റ് ഓഫീസും 18 സബ് ഓഫീസുകളും ആരംഭിച്ചിട്ടുണ്ട്.

ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിനായി 50 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ മുഖവിലകൂടി 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 30 രൂപയാക്കി ഏകീകരിക്കുകയും അറ്റാദായത്തിൽ നിന്ന് 5% കുറവ് വരുത്തി പ്രസ്തുത തുകകൂടി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാന ഘടനകൾ പരിഷ്കരിച്ചിരുന്നു. 1-7-2017 മുതൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% GST ഏർപ്പെടുത്തിയതിനെ തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി. ഇതിന്റെ 12% ജി.എസ്.ടി. ഉൾപ്പെടെ പരമാവധി വിൽപ്പനവില 30 രൂപയാക്കിക്കൊണ്ടും 50 ശതമാനത്തിന് മുകളിൽ സമ്മാനത്തുക നൽകിയും 15-7-2017-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാന ഘടനകൾ പരിഷ്കരിച്ചിരുന്നു. സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തണമെന്ന് ഏജന്റുമാരും ട്രേഡ് യൂണിയൻ പ്രതിനിധികളും വീണ്ടും ആവശ്യപ്പെട്ടതിനെ തുടർന്ന് ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പനവില 40 രൂപയാക്കി

വർദ്ധിപ്പിച്ചും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ 2018 മേയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിലുള്ള പരിഷ്കരണ നടപടികൾ സ്വീകരിച്ചുവരുന്നു. കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികൾക്ക് 10 സീരീസുകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് സമ്മാന ഘടന പരിഷ്കരിച്ചിരിക്കുന്നത്.

(ബി) മുൻ സർക്കാരിന്റെ ഭരണ കാലത്ത് 30 രൂപ മുഖവിലയുണ്ടായിരുന്ന പൗർണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ 80 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിച്ചതിൽ ഏകദേശം 70 ലക്ഷത്തോളം ടിക്കറ്റുകൾ വിൽക്കപ്പെടുകയും 50 രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി എന്നീ ഭാഗ്യക്കുറികൾ 37.5 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിച്ചതിൽ ഏകദേശം 34 ലക്ഷം ടിക്കറ്റുകൾ വീതം വിറ്റഴിക്കപ്പെടുകയും ചെയ്തിരുന്നു. നിലവിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണമി, വിൻ വിൻ, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) മുഖവില 26.8 രൂപയും 12% ജി.എസ്.ട്.യും ഉൾപ്പെടെ പരമാവധി വിൽപ്പനവില 30 രൂപയാണ്. ടി ഭാഗ്യക്കുറികൾ 96 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കുകയും ഏകദേശം മുഴുവൻ ടിക്കറ്റുകളും വിൽക്കപ്പെടുകയും ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ഒറ്റ നമ്പർ ലോട്ടറിയും ചൂതാട്ട ലോട്ടറിയും ഉൾപ്പെടെയുള്ള അനധികൃത ലോട്ടറി വിൽപ്പന തടയുന്നതിലേയ്ക്കായി വകുപ്പ് തലത്തിലും പോലീസ് മുഖേനയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഴുത്ത് ലോട്ടറി നിയന്ത്രിക്കുന്നതിലേയ്ക്കായി പോലീസ് വകുപ്പിന്റെ 12-5-2017-ലെ D3-186147/2016/PHQ നമ്പർ ഉത്തരവ് പ്രകാരം നിയമവിധേയ ലോട്ടറി നടത്തിപ്പ് ലക്ഷ്യമിട്ട് രൂപീകൃതമായ മോണിറ്ററിംഗ് സെല്ലുകൾ DGP (Crimes)-ന്റെ നേതൃത്വത്തിൽ സോണൽ തലത്തിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി. അതിനുപരിയായി എഴുത്ത് ലോട്ടറി നടത്തിപ്പ് സംബന്ധിച്ച് ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാകുന്ന പരാതികളും മാധ്യമവാർത്തകളും ക്രോഡീകരിച്ച് യഥാസമയം IGP (Crimes)-ന് നൽകി മേൽ നടപടി എടുക്കുന്നതിനോടൊപ്പം ലോട്ടറി ആക്ടിലെയും റൂളിലെയും വ്യവസ്ഥകൾ ചേർത്ത് കേസ്സെടുക്കാമെന്നുള്ള അറിയിപ്പും പോലീസിന് നൽകുന്നുമുണ്ട്. 29-1-2018-ന് സംസ്ഥാന വ്യാപകമായി എഴുത്ത് ലോട്ടറിക്കെതിരെ നടന്ന റെയ്ഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഴുത്ത് ലോട്ടറിയുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ ഉൾപ്പെടുന്ന ഏജന്റുമാരുടെ ഏജൻസി റദ്ദ് ചെയ്യൽ, ഏജന്റുമാരല്ലാത്ത വിൽപ്പനക്കാർ ഉൾപ്പെടുന്നപക്ഷം ഇത്തരം വിൽപ്പനക്കാർക്ക് ടിക്കറ്റുകൾ നൽകുന്ന ഏജന്റുമാർക്കെതിരെ

നടപടികൾ വകുപ്പുതലത്തിൽ കൃത്യമായി സ്വീകരിക്കൽ എന്നിവ ചെയ്യുന്നുണ്ട്. കൂടാതെ അനധികൃത എഴുത്ത് ലോട്ടറി നടത്തിപ്പിൽ ഉൾപ്പെടുന്നവർ പിഴശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാകുമെന്ന് പത്രമാധ്യമങ്ങളിലൂടെ കാലാകാലങ്ങളിൽ അറിയിപ്പ് നൽകിവരുന്നു.

**ക്വാറി ലൈസൻസ് പുതുക്കുന്നതിനുള്ള വ്യവസ്ഥകൾ**

17 (*617) ശ്രീ. കെ. എൻ. എ ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികൾ പ്രവർത്തിക്കുന്നതിന് നിലവിൽ സർക്കാർ നിർബന്ധമാക്കിയിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതിനായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) അഞ്ച് ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള വൻകിട ക്വാറികൾക്ക് ബാധകമായ നിബന്ധനകളും ഫീസ് നിരക്കുകളും അറിയിക്കാമോ;

(ഡി) ക്വാറികളുടെ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് തീർപ്പാകാതെയുള്ള അപേക്ഷകളിൽ അടിയന്തരമായി തീരുമാനമെടുക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിനും ക്വാറികളുടെ ലൈസൻസ് പുതുക്കുന്നതിനും താഴെ വിവരിക്കുന്ന അനുമതികൾ ആവശ്യമാണ് :

1. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന ക്വാറിയിംഗ് പെർമിറ്റ്/ ക്വാറിയിംഗ് ലീസ്. പെർമിറ്റ്/ലീസ് കാലാവധി തീരുന്ന മുറയ്ക്ക് ഖനന പ്രവർത്തനങ്ങൾ തുടരുന്നതിനായി മേൽ ചട്ടങ്ങൾ പ്രകാരം ആയത് പുതുക്കേണ്ടതാണ്.

2. തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഡി.&ഒ. ലൈസൻസ്.

3. എക്സ്പ്ലോസീവ് ലൈസൻസ്.

4. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസന്റ് റ്റു ഓപ്പറേറ്റ്.

5. പാരിസ്ഥിതികാനുമതി (അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന DEIAA-യിൽ നിന്നും അഞ്ച് ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള വൻകിട ക്വാറികൾക്ക് SEIAA-യിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി നൽകുന്നത്).

6. റവന്യൂ പുറമ്പോക്കിൽ ഖനനം ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം.

7. പ്രത്യേകാവശ്യത്തിനായി പതിച്ചുകൊടുത്ത ഭൂമിയല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.

(സി) അഞ്ച് ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് ബാധകമായ നിബന്ധനകളും ഫീസ് നിരക്കുകളും ചുവടെ ചേർക്കുന്നു :

| അനുമതി | ഫീസ് |
|---|---|
| (1) | (2) |
| ക്വാറിയിംഗ് ലീസ് | 10,000 രൂപ |
| ഡി.&ഒ. ലൈസൻസ് | മുതൽമുടക്കിന് ആനുപാതികമായി 500 രൂപ മുതൽ 15,000 രൂപ വരെയാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. |
| എക്സ്പ്ലോസീവ് ലൈസൻസ് | കേന്ദ്ര വ്യവസായ വാണിജ്യവകുപ്പിന്റെ എക്സ്പ്ലോസീവ് ചട്ടങ്ങൾ, 2013 പ്രകാരം വാങ്ങി ശേഖരിച്ച് ഉപയോഗിക്കുന്ന എക്സ്പ്ലോസീവിന് ആനുപാതികമായ ഫീസ് ഒടുക്കേണ്ടതാണ്. |

| (1) | (2) |
|---|---|
| പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസന്റ് റ്റു ഓപ്പറേറ്റ് | മുതൽമുടക്കിന് ആനുപാതികമായി 500 രൂപ മുതൽ ഫീസ് ആരംഭിക്കുന്നു. |
| പാരിസ്ഥിതികാനുമതി | 5 മുതൽ 10 വരെ ഹെക്ടർ സ്ഥലത്തിന് 2 ലക്ഷം രൂപ, 10 ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള സ്ഥലത്തിന് 2.50 ലക്ഷം രൂപ |

കൂടാതെ ഖനനം ചെയ്യുമ്പോൾ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ഷെഡ്യൂൾ I/III/V പ്രകാരമുള്ള നിരക്കുകളിൽ റോയൽറ്റിയും റവന്യൂ ഭൂമിയാണെങ്കിൽ റവന്യൂ വകുപ്പ് നിശ്ചയിച്ചിരിക്കുന്ന സീനിയറേജും ഒടുക്കേണ്ടതാണ്. റോയൽറ്റിയുടെ 10% തുക ക്വാറി സേഫ്റ്റി ഫണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. റവന്യൂ പുറമ്പോക്കിൽ ഖനനം ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം ഹാജരാക്കേണ്ടതാണ്. പ്രത്യേകാവശ്യത്തിനായി പതിച്ചുകൊടുത്ത ഭൂമിയല്ലെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രവും നിർബന്ധമാണ്.

(ഡി) 9-3-2018-ൽ വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസ്സുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ 28-12-2016, 28-3-2017, 22-1-2018, 1-3-2018 (വീഡിയോ കോൺഫറൻസ്) എന്നീ തീയതികളിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും 28-4-2017 (വീഡിയോ കോൺഫറൻസ്), 27-7-2017, 28-7-2017 എന്നീ തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ധാതുക്കളുടെ അനധികൃത ഖനനവും കടത്തും തടയാൻ നടപടി

18 (*618) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധാതുക്കളുടെ അനധികൃത ഖനനം, കടത്ത് എന്നിവ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കേരള മിനറൽ സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ മേഖലയിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് നടത്തുന്ന പരിശോധനകൾ എന്തെല്ലാമാണ്;

(ഡി) ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ ലൈം ഷെല്ലിന്റെ അനധികൃത ഖനനവും കടത്തും ചേർത്തല താലൂക്കിലെ അനധികൃത സിലിക്കാ മണൽ ഖനനവും തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് അനധികൃത ധാതുഖനനം കടത്ത് എന്നിവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന് കീഴിലുള്ള 14 ജില്ലാ ഓഫീസുകൾ, 3 മിനറൽ സ്ക്വാഡുകൾ എന്നിവ സ്ഥലപരിശോധനകളും വാഹനകടത്തു പരിശോധനയ്ക്കായി റോഡ് ചെക്കിംഗും നടത്തിവരുന്നു. അനധികൃത ധാതുഖനനം കണ്ടെത്തുന്ന പക്ഷം ആയത് ഉടനടി നിർത്തിവയ്പിക്കുന്നതിന് സ്ഥലമുടമയ്ക്ക് നോട്ടീസ് നൽകുകയും അനധികൃത ഖനനം തുടരുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് വിവരം പോലീസ്/പഞ്ചായത്ത്/റവന്യൂ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് അനധികൃത ഖനനം വഴി സർക്കാരിനു ണ്ടാകുന്ന റവന്യൂ നഷ്ടം പരിഹരിക്കുന്നതിന് നീക്കം ചെയ്ത ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി റോയൽറ്റി, വില, പിഴ എന്നിവ ഈടാക്കുന്നു. വകുപ്പ് നൽകുന്ന നോട്ടീസുകൾക്ക് വിധേയമായി ടി തുക അടയ്ക്കുവാൻ സ്ഥലമുടമ വിസമ്മതിക്കുന്ന പക്ഷം റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്യുന്നു. കൂടാതെ കണ്ടെത്തുന്ന അനധികൃത ഖനനത്തിൽ റോയൽറ്റി/വില/പിഴ എന്നിവ ഒടുക്കി കുറ്റം രാജിയാക്കുവാൻ ബന്ധപ്പെട്ട വ്യക്തികൾ തയ്യാറാകാത്ത സാഹചര്യങ്ങളിൽ ടി വ്യക്തികൾക്കെതിരെ ബന്ധപ്പെട്ട ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ ജിയോളജിസ്റ്റ്/അസിസ്റ്റന്റ് ജിയോളജിസ്റ്റുമാർ എന്നിവർ നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) മൈനിംഗ്&ജിയോളജി വകുപ്പിന് കീഴിൽ 3 മിനറൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ആസ്ഥാനമായി തെക്കൻ മേഖലാ സ്ക്വാഡും തൃശ്ശൂർ ആസ്ഥാനമായി മദ്ധ്യമേഖലാ സ്ക്വാഡും കോഴിക്കോട് ആസ്ഥാനമായി വടക്കൻ മേഖലാ സ്ക്വാഡും പ്രവർത്തിക്കുന്നു. മിനറൽ സ്ക്വാഡുകൾ അതാതു അധികാര പരിധിയിൽപ്പെട്ട ജില്ലകളിൽ പര്യടനം നടത്തി അനധികൃത കടത്തിലേർപ്പെടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുകയും നിയമാനുസൃത പിഴ ഈടാക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതികളിൽ കേസ് ഫയൽ ചെയ്യുകയോ ചെയ്യുന്നു.

കൂടാതെ സ്ക്വാഡുകൾ തങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന ജില്ലകളിൽ നിരന്തര പരിശോധന നടത്തി അനധികൃത ഖനനം നടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തുടർഖനനം നിർത്തി വയ്പിക്കുന്നതിനും സർക്കാരിലേയ്ക്ക് ഈടാക്കേണ്ട റോയൽറ്റി, കൂടാതെ വില, പിഴ എന്നിവ ഈടാക്കുന്നതിനും തുക ഈടാക്കി കുറ്റം രാജിയാക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ അടക്കം സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ അനധികൃത സിലിക്ക മണൽ ഖനനവും കടത്തും തടയുന്നതിനായി 2012-ൽ രൂപീകൃതമായ സ്പെഷ്യൽ സ്ക്വാഡ് കാര്യക്ഷമമായിത്തന്നെ പ്രവർത്തിച്ചുവരുന്നു എന്നിരിക്കിലും ഇവയുടെ പ്രവർത്തനത്തിൽ കൂടുതൽ പുരോഗതി ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

## വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം

19 (*619) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനം ലക്ഷ്യമാക്കി ആരംഭിച്ച വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വ്യവസായ എസ്റ്റേറ്റുകളിൽ വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി കരാർ പ്രകാരം നൽകിയ ഭൂമിയും വസ്തുവകകളും പ്രവർത്തനരഹിതമായ സ്ഥാപനങ്ങളിൽ നിന്നും തിരികെ സർക്കാരിൽ നിക്ഷിപ്ത മാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നവസംരംഭകർക്ക് ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത എസ്റ്റേറ്റുകളിൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഇത് സംബന്ധിച്ച നടപടികൾ സുതാര്യമാക്കുന്നതിനും അടിയന്തര നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിൽ സംസ്ഥാനത്ത് 2443 ഏക്കർ ഭൂമിയിലായി 38 ഡെവലപ്മെന്റ് പ്ലോട്ടുകൾ/ഡെവലപ്മെന്റ് ഏരിയകൾ ഉണ്ട്. ഇതിൽ 2014.91 ഏക്കർ ഭൂമി വിവിധ സംരംഭകർക്കായി വ്യവസായം നടത്തുന്നതിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ എസ്റ്റേറ്റുകളിലായി 2166 സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി 41917 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇവയിൽ അനന്തപുരം, കട്ടിപ്പാറ, വരവൂർ എന്നിവിടങ്ങളിൽ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഓരോ വ്യവസായ എസ്റ്റേറ്റിന്റെയും പ്രവർത്തനം നിയന്ത്രിക്കുന്നത് എസ്റ്റേറ്റ് ഓഫീസർമാരാണ്. എസ്റ്റേറ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് എസ്റ്റേറ്റ് ഓഫീസർമാർ ദ്വൈവാര റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ട്. ഇവ വിലയിരുത്തി എസ്റ്റേറ്റുകളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിലുള്ള ഏരിയ/പ്ലോട്ടുകളുടെ സർവ്വേ നടത്തുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ പൊതു മേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ 315 ഏക്കർ ഭൂമിയിലായി 17 മേജർ വ്യവസായ എസ്റ്റേറ്റുകളും 36 മിനി വ്യവസായ എസ്റ്റേറ്റുകളും 7 വ്യവസായ പാർക്കുകളും ഉണ്ട്. ഇവിടങ്ങളിലായി 1426 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 7000 തൊഴിലവസരങ്ങൾ ഇവിടെ ലഭ്യമാക്കുന്നുണ്ട്.

(ബി) ഉണ്ട്. അനുവദിക്കപ്പെട്ട സ്ഥലം യഥാവിധി ഉപയോഗപ്പെടുത്താത്ത സാഹചര്യം ഉണ്ടാകുന്നപക്ഷം നിയമാനുസരണം തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഉപയോഗപ്പെടുത്താത്ത ഭൂമി തിരിച്ചെടുക്കുന്ന മുറയ്ക്ക് പുതിയ അപേക്ഷകൾക്ക് മുൻഗണനാ ക്രമത്തിൽ നൽകിവരുന്നു.

(സി) ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ശ്രീനാരായണഗുരു തീർത്ഥാടന വിനോദസഞ്ചാര സർക്യൂട്ട്**

20 (*620) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരുവുമായി ബന്ധപ്പെട്ട ചരിത്ര കേന്ദ്രങ്ങളെ ചേർത്തുള്ള തീർത്ഥാടന വിനോദസഞ്ചാര സർക്യൂട്ട് നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) ശ്രീനാരായണഗുരുവുമായി ബന്ധപ്പെട്ട ഏതൊക്കെ കേന്ദ്രങ്ങളാണ് പ്രസ്തുത സർക്യൂട്ടിൽ ഉൾപ്പെടുത്തുകയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ മൊത്തം ചെലവ് എത്ര രൂപയാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ആരാധനാ കേന്ദ്രങ്ങൾക്കും ആശ്രമങ്ങൾക്കും സമീപം തീർത്ഥാടകർക്കായി എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കാനാണ് പദ്ധതിയിടുന്നത്;

(ഇ) സർക്യൂട്ടിലെ എല്ലാ കേന്ദ്രങ്ങളിലും പൊതുവായി ഏതൊക്കെ സൗകര്യങ്ങൾ നിർമ്മിക്കുമെന്ന് വിശദമാക്കുമോ;

(എഫ്) പദ്ധതി എന്നേക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതിക്കായി ശ്രീനാരായണഗുരു പിൽഗ്രിം സർക്യൂട്ട് എന്ന പദ്ധതിയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) അരുവിപ്പുറം, കുന്നുംപാറ ശ്രീസുബ്രഹ്മണ്യ ക്ഷേത്രം, ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം, ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം, മണ്ണന്തല ആനന്ദവല്ലീശ്വരം ക്ഷേത്രം, കായിക്കര കുമാരനാശാൻ സ്മാരകം എന്നീ കേന്ദ്രങ്ങളും കൂടാതെ അവയർനസ് & ട്രെയിനിംഗ്, ഡോക്കുമെന്റേഷൻ എന്നിവയും ഉൾപ്പെടുത്തിയുള്ള പ്രൊപ്പോസലാണ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

(സി) മേൽ പദ്ധതിക്കായി 118 കോടി രൂപയുടെ കേന്ദ്ര സഹായത്തിനുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. പ്രൊപ്പോസൽ പരിശോധിച്ചാണ് കേന്ദ്ര സഹായം ലഭ്യമാക്കുന്നത്.

(ഡി&ഇ) ആരാധനാ കേന്ദ്രങ്ങളുടെയും ആശ്രമങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നുള്ള സംഘം പരിശോധനകൾ നടത്തിയാൽ മാത്രമേ ഇത് സംബന്ധിച്ച് വ്യക്തത വരികയുള്ളൂ.

(എഫ്) കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പീക്ക് അവറിലെ വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുവാൻ നടപടി**

21 (*621) ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീക്ക് അവറിലെ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പീക്ക് അവറിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് അധികതുക ഈടാക്കുന്നതിന് സഹായകമായ രീതിയിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന തിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) തിരുവോണം, ക്രിസ്തുമസ്, ന്യൂ ഇയർ തുടങ്ങിയ വിശേഷാവസരങ്ങളിൽ പീക്ക് ഔവറിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഇരട്ടി ചാർജ്ജ് ഈടാക്കുവാൻ നിർദ്ദേശമുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) പീക്ക് അവറിലെ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പ്രതിമാസം 500 യൂണിറ്റിനു മുകളിൽ വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും 20 കിലോവാട്ടിന് മുകളിൽ ഉപയോഗിക്കുന്ന ലോ ടെൻഷൻ വ്യവസായിക ഉപഭോക്താക്കൾക്കും എല്ലാ ഹൈടെൻഷൻ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്കും ടൈം ഓഫ് ദി ഡേ താരിഫ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. പകൽ 6 മണി മുതൽ വൈകുന്നേരം 6 മണി വരെയും 6 മണി മുതൽ രാത്രി 12 മണി വരെയും തുടർന്ന് 12 മുതൽ രാവിലെ 6 മണിവരെയുമുള്ള ഉപഭോഗം പ്രത്യേകം അളന്ന് പീക്ക് സമയത്ത് 20% കൂടുതൽ ചാർജ്ജും രാത്രി 12 മണിക്കുശേഷം 10% കുറഞ്ഞ ചാർജ്ജും ഈടാക്കിക്കൊണ്ട് പീക്ക് സമയത്തെ വൈദ്യുതി ഉപഭോഗം രാത്രി സമയത്തേയ്ക്ക് മാറ്റുന്നതിന് പ്രോത്സാഹി പ്പിക്കുകയാണ് ഈ നടപടികൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ ഉയർന്ന വൈദ്യുത ക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു പ്രോത്സാഹിപ്പിച്ചും പീക്ക് സമയത്തെ ഉപഭോഗം കുറയ്ക്കാൻ ശ്രമിച്ചുവരുന്നു.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം മാസം 200 യൂണിറ്റിന് മുകളിൽ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. പീക്ക് അവറിൽ ഉപയോഗിക്കുന്ന

വൈദ്യുതിക്ക് അധിക തുക ഈടാക്കുന്ന സംവിധാനം (റ്റി.ഒ.ഡി.) ഇപ്പോൾ തന്നെ നിലവിലുണ്ട്. നിലവിൽ 20 കിലോവാട്ടിന് മുകളിൽ കണക്റ്റഡ് ലോഡ് ഉള്ള ഇൻഡസ്ട്രിയൽ/കൊമേഴ്സ്യൽ ഉപഭോക്താക്കളും 500 യൂണിറ്റിനുമുകളിൽ മാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളും റ്റി.ഒ.ഡി. സംവിധാനത്തിലാണ് ബിൽ ചെയ്യപ്പെടുന്നത്. ഇപ്പോൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്മാർട്ട് മീറ്ററും പീക്ക് അവറിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് അധിക തുക ഈടാക്കുന്നതും തമ്മിൽ ഒരു ബന്ധവുമില്ല.

(സി) തിരുവോണം, ക്രിസ്തുമസ്, ന്യൂ ഇയർ തുടങ്ങിയ വിശേഷാവസരങ്ങളിൽ പീക്ക് അവറിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഇരട്ടി ചാർജ്ജ് ഈടാക്കുവാൻ നിർദ്ദേശം നൽകിയിട്ടില്ല.

**ബാങ്കുകളുടെ ജപ്തി നടപടി**

22 (*622) ശ്രീ. പി. കെ. ശശി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതർ ഇല്ലാത്ത സംസ്ഥാനം എന്ന ലക്ഷ്യം നേടാൻ പ്രയത്നിക്കുന്ന സാഹചര്യത്തിൽ കർഷകരും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവരുടെ വായ്പകൾ, കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം, ജി.എസ്.ടി., ഉല്പന്നങ്ങളുടെ വിലത്തകർച്ച തുടങ്ങിയ കാരണങ്ങളാൽ കുടിശ്ശികയാകുന്നതിനെ തുടർന്ന് കിടപ്പാടം ജപ്തി ചെയ്യുന്നത് ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കാതെ ബാങ്കുകൾ ജപ്തി നടപടി തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2002-ൽ കൊണ്ടുവന്ന സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് (സർഫേസി) നിയമം വായ്പയെടുത്ത് വീടുവച്ച നിരവധി പേരെ വഴിയാധാരമാക്കുന്നതിനാൽ പാവപ്പെട്ടവരുടെ താല്പര്യസംരക്ഷണത്തിനായി പ്രസ്തുത നിയമത്തിൽ ഉചിതമായ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) സംസ്ഥാനത്ത് കുടിശ്ശിക പിടിച്ചെടുക്കുന്നതിന് റിലയൻസുൾപ്പെടെ യുള്ളവരുടെ കീഴിലുള്ള കടം തിരിച്ച് പിടിക്കൽ സ്ഥാപനങ്ങളെ, ദേശസാൽകൃത ബാങ്കുകൾ പോലും നിയമിക്കുന്നത് അവസാനിപ്പിക്കാൻ വേണ്ട ഇടപെടൽ നടത്തുമോയെന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ജി.എസ്.ടി. അനുബന്ധ ബുദ്ധിമുട്ടുകൾകൊണ്ട് ലോൺ തിരിച്ചടയ്ക്കാൻ പ്രയാസപ്പെടുന്ന ചെറുകിട വ്യാപാരികളുടെ അക്കൗണ്ടുകൾ കുടിശ്ശികയായി പരിഗണിക്കുന്നത് ആറ് മാസം വരെ കാലാവധി നീട്ടുവാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ബാങ്കുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ഈ നടപടി അത്തരക്കാർക്ക് ലോൺ തിരിച്ചടവ് നടത്തുന്നതിന് സാവകാശം ലഭിക്കുന്നതിന് ഉപകരിക്കുമെന്ന് കരുതുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ബാങ്കുകൾ സ്വീകരിക്കുന്ന ഏതെങ്കിലും നടപടികളുടെ ഫലമായി ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന പ്രശ്നങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകി വായ്പയെടുത്തിട്ടുള്ള നിർദ്ധന കുടുംബങ്ങളിൽനിന്നും സർഫേസി നിയമത്തിന്റെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തി വായ്പാകുടിശ്ശിക ഈടാക്കുന്നതുമൂലം വായ്പാക്കാർ ദുരിതത്തിലാകുന്നുവെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് 2002-ലെ സർഫേസി നിയമത്തിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 2017 ആഗസ്റ്റ് 21-ന് കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കുകയും ആവശ്യമായ നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര നിയമമായ സർഫേസി നിയമത്തിന്റെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ബാങ്കുകൾ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനികൾക്ക് ലോണുകൾ കൈമാറുന്നത്. എന്നാൽ ബാങ്കുകൾ തങ്ങളുടെ കിട്ടാക്കടങ്ങൾ ഇത്തരം കമ്പനികൾക്ക് കൈമാറുന്നതുമൂലം പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭിക്കുന്നപക്ഷം ആയത് കേന്ദ്ര സർക്കാർ/റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## കിൻഫ്രയുടെ വ്യവസായ പാർക്കുകൾ

23 (*623) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് അനിവാര്യമായ വ്യവസായ മേഖലയുടെ വളർച്ച ഉറപ്പ് വരുത്തുന്നതിനോടൊപ്പം അവ പരിസ്ഥിതി സൗഹൃദവും പ്രദേശവാസികളുടെയും ഭാവി തലമുറകളുടെയും ജീവിതത്തിന് ഹാനികരമാകാത്ത വിധത്തിലുള്ളവയാണെന്നും ഉറപ്പ് വരുത്തുന്നതിന് ശ്രദ്ധപതിപ്പിക്കുമോ;

(ബി) പരിസ്ഥിതി സൗഹൃദ വ്യവസായ വികസനം ഉറപ്പ് വരുത്തുന്നതിന് കിൻഫ്രയുടെ വ്യവസായ പാർക്കുകൾക്ക് എത്രമാത്രം നേട്ടം കൈവരിക്കാനായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) വിവിധ വ്യവസായ മേഖലകളിൽ കിൻഫ്ര കൈവരിച്ച നേട്ടം അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) താഴെപ്പറയുന്ന മേഖലകളിലാണ് കിൻഫ്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ളത് :

- ഗാർമെന്റ്
- ഇൻഫോടെയിന്മെന്റ്
- കയറ്റുമതി അധിഷ്ഠിതം
- റബ്ബർ അധിഷ്ഠിതം
- സമുദ്രോൽപ്പന്നങ്ങൾ
- ഇലക്ട്രോണിക്സ് മേഖല
- ജനറൽ ഇൻഡസ്ട്രീസ്
- ഭക്ഷ്യ സംസ്കരണ മേഖല

കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കുകൾ താഴെപ്പറയുന്നവയാണ് :

1. കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം
2. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം
3. കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം
4. കിൻഫ്ര ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, മലപ്പുറം
5. ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, അട്ടൂർ
6. ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം
7. ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം
8. ചെറുകിട വ്യവസായ പാർക്ക്, അട്ടൂർ
9. ചെറുകിട വ്യവസായ പാർക്ക്, മഴവന്നൂർ
10. ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി
11. ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി
12. ചെറുകിട വ്യവസായ പാർക്ക്, വയനാട്
13. ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്
14. കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി
15. ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി
16. ടെക്സ്റ്റൈൽ സെന്റർ, കണ്ണൂർ
17. ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട്
18. കിൻഫ്ര ബയോടെക്നോളജി പാർക്ക്, കളമശ്ശേരി
19. കിൻഫ്ര വ്യവസായ പാർക്ക്, പിറവണ്ണൂർ
20. വ്യവസായ പാർക്ക്, ഒറ്റപ്പാലം
21. ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം

22. ഐ.ടി/ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം

23. വ്യവസായ പാർക്ക്, മട്ടന്നൂർ

24. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം

**കേരള സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി**

24 (*624) ശ്രീ. ടി. വി. ഇബ്രാഹിം :
ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വളർന്നുവരുന്ന കായികതാരങ്ങൾക്ക് അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ സഹായകരമല്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) അന്തർദേശീയ തലത്തിൽ മത്സരിക്കുന്നതിന് കായികതാരങ്ങളെ പ്രാപ്തരാക്കുന്നതിനായി പട്യാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ കേരളത്തിലും സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ-സി) അന്തർദ്ദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്നതിന് കേരളീയ കായികതാരങ്ങളെ സജ്ജരാക്കുന്നതിനായി അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാദ്ധ്യത ഉറപ്പാക്കുന്ന വിദഗ്ദ്ധ പരിശീലനം നൽകുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ തൃപ്രയാർ (വോളിബോൾ), മുണ്ടയാട് (ബാസ്കറ്റ് ബോൾ), എൽ.എൻ.സി.പി.ഇ (അത്‌ലറ്റിക്സ്), എറണാകുളം (ഫെൻസിംഗ്) എന്നീ കേന്ദ്രങ്ങളിലായാണ് പരിശീലനം നടന്നുവരുന്നത്. പ്രസ്തുത സ്കീമിൽ പരിശീലനത്തിനാവശ്യമായ മികച്ച രീതിയിലുള്ള കായിക ഉപകരണങ്ങൾ, വിദഗ്ദ്ധ

പരിശീലകരുടെ സേവനം ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും വിദേശ പരിശീലകരുടെ പരിശീലനവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. മേൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിവരുന്ന നിരവധി കേരള കായികതാരങ്ങൾ മികച്ച അന്താരാഷ്ട്ര പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നുണ്ട്. പട്യാലയിൽ നടക്കുന്നതുപോലെ അന്തർദ്ദേശീയ മത്സരങ്ങൾക്കുള്ള ദേശീയ അത്‌ലറ്റിക് ടീമിന്റെ പരിശീലന കേന്ദ്രമായി കാര്യവട്ടം എൽ.എൻ.സി.പി.ഇ.-യിൽ പ്രവർത്തിക്കുന്ന എലൈറ്റ് ട്രെയിനിംഗ് സെന്റർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം നിലവിൽ കേരളത്തിലുള്ള കായിക സൗകര്യങ്ങളുടെ ഉന്നത നിലവാരം സൂചിപ്പിക്കുന്നു. 2020, 2024 ഒളിമ്പിക്സിൽ മെഡൽ നേട്ടം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ 'ഓപ്പറേഷൻ ഒളിമ്പ്യ' യിൽ തെരഞ്ഞെടുക്കപ്പെട്ട 11 സാദ്ധ്യതാ ഇനങ്ങളിലായി 250-ഓളം താരങ്ങളെ കണ്ടെത്തി പരിശീലിപ്പിച്ച് ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ട്. കോട്ടയത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആൻഡ് അപ്ലൈഡ് റിസർച്ച് സ്ഥാപിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്.

## വൈദ്യുതി ഉപഭോക്താക്കളെ ഇ-മെയിൽ/എസ്.എം.എസ്. മുഖേന വിവരങ്ങൾ അറിയിക്കൽ

25 (*625) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയ എന്തെല്ലാം പദ്ധതികൾക്കാണ് കെ.എസ്.ഇ.ബി. ആരംഭം കുറിച്ചിട്ടുള്ളത്;

(ബി) വൈദ്യുതി തടസ്സങ്ങൾ ഉപഭോക്താക്കളെ എസ്.എം.എസ്. വഴി മുൻകൂട്ടി അറിയിക്കുന്നതിന് 'ഊർജ്ജ ദൂത്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) വൈദ്യുതി ബില്ലിന്റെ തുക, അടയ്ക്കേണ്ട തീയതി മുതലായവ ഇ-മെയിൽ വഴിയും എസ്.എം.എസ്. മുഖേനയും അറിയിക്കുന്ന 'ഊർജ്ജ സൗഹൃദ' ബിൽ വിവര സംവിധാനത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്ന തിനായി വിവരസാങ്കേതികവിദ്യാടിസ്ഥാനത്തിലുള്ള താഴെപ്പറയുന്ന പദ്ധതികൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് ആരംഭം കുറിച്ചിട്ടുണ്ട്.

1. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം.
2. ഉപഭോക്താക്കൾക്ക് ഏതു സെക്ഷനാഫീസിലും വൈദ്യുത ചാർജ് അടയ്ക്കുന്നതിനുള്ള സൗകര്യം.
3. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.
4. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക്, ഐ.സി.ഐ.സി.ഐ.ബാങ്ക് എന്നിവ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.
5. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾ ഫ്രീ സംവിധാനം.
6. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ് ദൂത്' പദ്ധതി.
7. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.
8. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നു ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.
9. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി'. എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ.
10. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

11. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം എന്നിവ ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം) ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

12. മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

13. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ഉള്ള സ്കാഡ പദ്ധതി നടപ്പിലാക്കിവരുന്നു.

14. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.

15. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.യിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പെമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി. സി.ഐ.) നടപ്പിലാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

16. പേ.ടി.എം. (പേ ത്രൂ മൊബൈൽ) എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

17. അപ്ന സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

18. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിന് വേണ്ടിയും മറ്റൗദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

19. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

20. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം. റിപ്പോർട്ടിംഗ് ടൂൾ എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

21. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവരസാങ്കേതികവിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനത്തിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ തുടർച്ചയായി വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജവികസന) പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവരസാങ്കേതികവിദ്യാ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതിക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

2. കേന്ദ്ര ഗവൺമെന്റിന്റെ വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽ വരുത്തുന്നതുവഴി കെ.എസ്.ഇ.ബി.യുടെ കാര്യ നിർവ്വഹണത്തിൽ ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

3. ഐ.പി.ഡി.എസ് (സംയോജിത ഊർജ്ജ വികസന) പദ്ധതിപ്രകാരം 63 ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 200 യൂണിറ്റിന് മുകളിൽ പ്രതിമാസ ഉപഭോഗം ഉള്ള 6 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകൊണ്ട് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി ആരംഭിക്കുന്നു.

(ബി) വൈദ്യുതി തടസ്സങ്ങൾ, വൈദ്യുതി പുനഃസ്ഥാപിക്കുന്ന സമയം എന്നിവ ഉപഭോക്താക്കളെ എസ്.എം.എസ്. വഴി മുൻകൂട്ടി അറിയിക്കുന്നതിനുള്ള ഊർജ്ജ ദൂത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപ്പണികൾമൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ അപ്രകാരവും അടിയന്തര ഘട്ടങ്ങളിൽ ഉണ്ടാകുന്നവ അതേ സമയത്തും ഉപഭോക്താക്കളെ ഊർജ്ജ് ദൂത് പദ്ധതി വഴി അറിയിക്കുന്നു. ഏതാണ്ട് 85 ലക്ഷത്തോളം ഉപഭോക്താക്കൾ ഈ സേവനം ഉപയോഗപ്പെടുത്തുന്നു.

(സി) ബിൽതുക അടയ്ക്കേണ്ട തീയതി, ബിൽ അടയ്ക്കാൻ വൈകിയാലുള്ള മുന്നറിയിപ്പുകൾ മുതലായ വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., ഇ-മെയിൽ എന്നിവ മുഖേന ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതിയാണ് ഊർജ്ജ സൗഹൃദ ബിൽ വിവര സംവിധാനം. ഏതാണ്ട് 85 ലക്ഷത്തോളം ഉപഭോക്താക്കൾ ഈ സേവനം ഉപയോഗപ്പെടുത്തുന്നു.

## പെപ്പർ ടൂറിസം പദ്ധതി

26 (*626) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപങ്കാളിത്തത്തോടെയുള്ള വിനോദസഞ്ചാര പദ്ധതിയായ പെപ്പർ ടൂറിസം കേരളത്തിൽ നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ ഉത്തരവാദിത്തത്തോടെയുള്ള ഈ വിനോദസഞ്ചാര വികസന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പരമ്പരാഗത വ്യവസായങ്ങളെ ടൂറിസം വികസനവുമായി കൂട്ടിയിണക്കുന്നതിന് എത്തരത്തിൽ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ആദ്യത്തെ പെപ്പർ ടൂറിസം കേന്ദ്രം എവിടെയാണ്; അവിടെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഇ) കേരളത്തിലെ മറ്റിടങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുമോ എന്ന് വെളിപ്പെടുത്താമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. ജനപങ്കാളിത്തത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് നടപ്പാക്കി വരുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ഉത്തരവാദിത്വ ടൂറിസം മിഷനാണ്. ഇന്ത്യയിൽത്തന്നെ ഇദംപ്രഥമമായുള്ള ഒരു ടൂറിസം വികസന പദ്ധതിയാണ് പെപ്പർ. ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് പെപ്പർ പദ്ധതിയുടെ ലക്ഷ്യം (PEPPER-PEOPLE'S PARTICIPATORY TOURISM PLANNING AND EMPOWERMENT THROUGH RESPONSIBLE TOURISM). ടൂറിസം മേഖലയിൽ കേരളം സൃഷ്ടിച്ച ജനകീയ മാതൃകകളിൽ ഏറ്റവും പുരോഗമനപരമായ ചുവടുവയ്പാണ് ഈ പദ്ധതി. ടൂറിസം പദ്ധതികൾ സംബന്ധിച്ച് പ്രാദേശിക ജനകീയ ചർച്ചകളിലൂടെയും ഗ്രാമസഭകൾ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ സ്വാംശീകരിച്ച് ടൂറിസം വകുപ്പിന് സമർപ്പിക്കുകയും അവ അംഗീകരിച്ച് നിർവ്വഹണം നടത്തുകയും ചെയ്യുകയാണ് പെപ്പർ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ടൂറിസം സാദ്ധ്യതയുള്ള കേന്ദ്രങ്ങൾ ജനപങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന പ്രക്രിയയാണിത്. തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ നടക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുന്ന ആസൂത്രണ പ്രക്രിയയാണിത്.

(ബി) ഇന്ത്യയിൽ ആദ്യമായി ജനപങ്കാളിത്തത്തോടെയുള്ള ഒരു ടൂറിസം ആസൂത്രണ പ്രക്രിയയിലൂടെ തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ നടക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുന്ന പദ്ധതിയാണിത്. പരീക്ഷണാടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വൈക്കത്താണ് ഇതിന് തുടക്കം കുറിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. 3 വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി പരമ്പരാഗത വ്യവസായങ്ങളെ ടൂറിസം വികസനവുമായി കൂട്ടിയിണക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ടൂറിസം വകുപ്പ് ആവിഷ്കരിക്കുന്നത്. സംസ്ഥാനത്തെ ഗ്രാമീണ ടൂറിസം പാക്കേജുകൾ എന്ന പേരിൽ ഇപ്പോൾ ടൂർ പാക്കേജുകൾ ഇതിന്റെ ഭാഗമായി നടത്തിവരുന്നുണ്ട്. ഈ പാക്കേജിൽ നിന്നും ലഭ്യമാകുന്ന തുക അതാത് പരമ്പരാഗത തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കാണ് ലഭിക്കുന്നത്.

(ഡി) ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ വൈക്കത്താണ് നടപ്പാക്കി വരുന്നത്. വൈക്കത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും കൂട്ടിയിണക്കിയുള്ള പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്, മറവന്തുരുത്ത്, ഉദയനാപുരം, ടി.വി. പുരം, വെച്ചൂർ, തലയാഴം, കല്ലറ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളും രണ്ടാംഘട്ടത്തിൽ തലയോല പറമ്പ്, വെള്ളൂർ പഞ്ചായത്തുകളും പദ്ധതിയുടെ ഭാഗമാകുന്നതാണ്.

(ഇ) പെപ്പർ പദ്ധതി ഘട്ടംഘട്ടമായി കേരളത്തിലെ മറ്റ് മേഖലകളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 2018-19, 2019-20 എന്നീ വർഷങ്ങളിൽ 20 കേന്ദ്രങ്ങൾ വീതവും 2020-21-ൽ 10 കേന്ദ്രവും ഉൾപ്പെടെ 50 കേന്ദ്രങ്ങളിൽ കൂടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

### കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം

27 (*627) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) സ്റ്റാർട്ടപ്പ് സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ ടി. എം. തോമസ് ഐസക്):

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു :

1. വായ്പകളുടെ പലിശനിരക്ക് പുതുക്കി നിശ്ചയിച്ചു.
2. അപേക്ഷകൾ സ്വീകരിക്കുന്നതിനും വായ്പ അനുവദിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കി പുതിയ നടപടിക്രമങ്ങൾ നിശ്ചയിച്ചു.
3. ലോൺ അപ്രൈസലിനുവേണ്ടി സോണൽ മാനേജരുടെ കീഴിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്നു. അങ്ങനെ വിദഗ്ദ്ധ ഓഫീസർമാരുടെ സേവനം എല്ലാ ഓഫീസുകൾക്കും ഒരേപോലെ ലഭ്യമാകും.
4. കോർപ്പറേഷന്റെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി പുതുക്കിയ പ്രവർത്തന രേഖ നടപ്പിലാക്കുന്നു.

(ബി) സ്വീകരിക്കും.

(സി) സ്റ്റാർട്ടപ്പ് സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ കെ.എഫ്.സി. മൂന്ന് വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. <u>സ്റ്റാർട്ടപ്പ് സപ്പോർട്ട് സ്കീം</u>

ടേം ലോണും പ്രവർത്തന മൂലധനവും ഉൾപ്പെടെ 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. 18-നും 35-നും ഇടയ്ക്ക് പ്രായമുള്ള ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.ടി.ഐ., ഡിപ്ലോമ പാസ്സായ ആദ്യ വരി സംരംഭകർക്ക് അപേക്ഷിക്കാം. എന്നിരുന്നാലും എഞ്ചിനീയറിംഗ് പാസ്സായവർക്കും വിദ്യാർത്ഥി കൾക്കും മുൻഗണന ലഭിക്കും. പദ്ധതിച്ചെലവിന്റെ 90% വരെ വായ്പ ലഭിക്കും. 5 വർഷം വരെ വായ്പാ തിരിച്ചടവ് കാലാവധിയുണ്ട്.

2. <u>സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾ പൂർത്തീകരിക്കാനായി വർക്കിംഗ് ക്യാപിറ്റൽ സഹായം</u>

100 ലക്ഷം രൂപവരെ ഐ.ടി ഹാർഡ്‌വെയർ/ബയോടെക്നോളജി ഉൽപ്പന്ന നിർമ്മാതാക്കൾക്ക് വായ്പ ലഭിക്കും. അർഹതയുള്ളവർക്ക് 10% വരെ പലിശനിരക്കിൽ വായ്പ ലഭിക്കും. ചെറുകിട സംരംഭക രായി സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൈവറ്റ് ലിമിറ്റഡ് കമ്പനി/ലിമിറ്റഡ് ലയബിലിറ്റി പാർട്നർഷിപ്പ് സ്ഥാപനങ്ങൾക്കാണ് വായ്പയ്ക്ക് അർഹതയുള്ളത്.

3. <u>ഐ.ടി. ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾക്ക് വെഞ്ച്വർ ഡെബ്റ്റ്</u>

500 ലക്ഷം രൂപവരെ ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾക്ക് വായ്പ ലഭിക്കാൻ അർഹതയുണ്ട്. പദ്ധതി ച്ചെലവിന്റെ 80% വരെ വായ്പ ലഭിക്കും. ചെറുകിട സംരംഭകരായി സർക്കാരിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് ലിമിറ്റഡ് കമ്പനി/ ലിമിറ്റഡ് ലയബിലിറ്റി പാർട്നർഷിപ്പ് സ്ഥാപനങ്ങൾക്കാണ് വായ്പയ്ക്ക് അർഹതയുള്ളത്.

അതാത് സ്ഥാപനങ്ങളുടെ നിക്ഷേപം SEBI അംഗീകാരമുള്ള വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് അംഗീകരിച്ചിരിക്കണം.

## വിനോദസഞ്ചാരികളുടെ എണ്ണം ഉയർത്തുന്നതിന് പുതിയ പദ്ധതി

28 (*628) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണം ഇരുപതു ലക്ഷമായി ഉയർത്തുന്നതിന് പുതിയ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം പട്ടണങ്ങളിൽ ബിസിനസ്സ് മീറ്റ് നടത്തി; ഏതെല്ലാം സ്ഥലങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2021-ഓടെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 100 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 50 ശതമാനവും വർദ്ധനവാണ് സർക്കാരിന്റെ പുതിയ ടൂറിസം നയം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ആഗോളതലത്തിലുള്ള മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ബ്രാൻഡ് അംബാസഡറെ തെരഞ്ഞെടുക്കുന്നതിനും നവമാധ്യമങ്ങളിലെ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അന്താരാഷ്ട്ര ടൂറിസം മേഖലകളിൽ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും വിദേശ രാജ്യങ്ങളിൽ ടൂറിസം മീറ്റുകൾ സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ തുടർന്നുവരികയാണ്.

(ബി&സി) 2017-18 സാമ്പത്തിക വർഷത്തിൽ മോസ്കോ, വാർസ, ക്വാലാലംപൂർ, ചെങ്ട്ടു, മെൽബൺ, സിഡ്നി, ലണ്ടൻ, ഗാഡ്‌വിക്ക്, ബർമിംഗ്ഹാം, മാഞ്ചസ്റ്റർ, ഡസൽഡോർഫ്, ഹാംബർഗ്, സാൻഫ്രാൻസിസ്കോ, മസ്കറ്റ്, ദോഹ, അബുദാബി, മാർസേ, മിലാൻ എന്നീ വിദേശ നഗരങ്ങളിൽ ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു. കൂടാതെ കോയമ്പത്തൂർ, മൈസൂരു, ഗുർഗാൺ, അമൃതസർ, ലക്നൗ, ഭോപ്പാൽ, വഡോദര, രാജ്കോട്ട്, അഹമ്മദാബാദ്, നാഗ്പൂർ, മുംബൈ, പൂനെ, ജയ്പൂർ, ഛണ്ഡീഗഡ്, ബാംഗളൂരു, ഹൈദരബാദ്, വിശാഖപട്ടണം, ചെന്നൈ, കൽക്കട്ട, പാറ്റ്ന, ന്യൂഡൽഹി എന്നീ ഇന്ത്യൻ നഗരങ്ങളിലും ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു. ഇതിനുപുറമേ 12 വിദേശ ടൂറിസം ഫെയറുകളിലും 22 നാഷണൽ

ടൂറിസം ഫെയറുകളിലും കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. വരും വർഷങ്ങളിലും ഇത്തരം മീറ്റുകളിലും ഫെയറുകളിലും പങ്കെടുത്ത് വിദേശ വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി തുടരുന്നതാണ്. വിദേശ രാജ്യങ്ങളിലെ കേരള ടൂറിസത്തിന്റെ സാദ്ധ്യതകളെ സംബന്ധിച്ച് ടൂറിസം അഡ്വൈസറി കമ്മിറ്റിയുടെയും ഫോക്കസ് ഗ്രൂപ്പിന്റെയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടാണ് ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിക്കേണ്ട നഗരങ്ങളെ തെരഞ്ഞെടുക്കുന്നത്.

**കയർ വികാസ് യോജന**

29 (*629) ശ്രീ. കെ. ദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായ പുനരുദ്ധാരണം, നവീകരണം, നൂതന സാങ്കേതികവിദ്യകൾ വികസിപ്പിക്കൽ എന്നിവയിലൂടെ കയർ മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി കേന്ദ്രാവിഷ്കൃത പദ്ധതിയായ കയർ ഉദ്യമി യോജന നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗ്രാമീണ മേഖലയിലുള്ള വനിതകൾക്ക് ചകിരി ഉല്പാദന മേഖലയിലും അനുബന്ധ മേഖലകളിലും സ്വയം തൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുന്നതിനായി മഹിളാ കയർ യോജന ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻപ്രകാരം എവിടെയെല്ലാമാണ് സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) രാജ്യത്തിനകത്തും പുറത്തും കയർ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച കയർ വികാസ് യോജന പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേരളം ഉൾപ്പെടെയുള്ള നാളികേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർ ബോർഡ് കയർ ഉദ്യമി യോജന നടപ്പാക്കിവരുന്നു. ഇത് മുമ്പ് റിമോട്ട് സ്കീം (REMOT- Rejuvenation, Modernisation and Technology Upgradation Scheme) എന്നാണ് അറിയപ്പെട്ടിരുന്നത്. 2015-16 വർഷത്തിലാണ് കയർ ഉദ്യമി യോജന എന്ന പേരിൽ ഭേദഗതി ചെയ്ത് അവതരിപ്പിച്ചത്. കയർ ഉദ്യമി യോജനപ്രകാരം സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് ആകെ പദ്ധതി തുകയുടെ 25 ശതമാനത്തിൽ അധികരിക്കാതെ 10 ലക്ഷം രൂപയും പ്രവർത്തന മൂലധനവും അനുവദിക്കും.

ധനസഹായ ക്രമം നിശ്ചയിച്ചിരിക്കുന്നത്, ആകെ പദ്ധതി അടങ്കൽ തുകയുടെ 40% സർക്കാർ ഗ്രാന്റ്/സബ്സിഡിയായും 55% ബാങ്ക് ക്രെഡിറ്റായും 5% ഗുണഭോക്തൃ വിഹിതമായും ലഭിക്കത്തക്ക രീതിയിലാണ്. 18 വയസ്സിന് മുകളിൽ പ്രായമുള്ള ഏതൊരു ഇന്ത്യൻ പൗരനും ഈ പദ്ധതി പ്രകാരം കയർ ഫൈബർ/യാൺ/ ഉൽപ്പന്ന യൂണിറ്റ് തുടങ്ങാവുന്നതാണ്. ഇതിന് പ്രത്യേകിച്ച് സാമ്പത്തിക പരിധി നിശ്ചയിച്ചിട്ടില്ല. വ്യക്തികൾ, കമ്പനികൾ, സ്വയം സഹായ സംഘങ്ങൾ, സർക്കാരിതര സംഘടനകൾ, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, ഉൽപ്പാദന സഹകരണ സംഘങ്ങൾ, കൂട്ടുത്തരവാദിത്ത സംഘങ്ങൾ, എൻ.ജി.ഒ. എന്നിവയ്ക്കെല്ലാം ഈ പദ്ധതിക്കുകീഴിൽ സാമ്പത്തിക സഹായം ലഭ്യമാണ്. 2007-08 കാലഘട്ടത്തിൽ, റിമോട്ട് പദ്ധതി ആരംഭിച്ചത് മുതൽ 4127 യൂണിറ്റുകൾക്കായി ആകെ 3707.90 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കേരളത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ മേഖലയിലുള്ള വനിതകൾക്ക് ചകിരി ഉൽപ്പാദന മേഖലയിലും അനുബന്ധ മേഖലകളിലും സ്വയം തൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുന്നതിന് കയർ ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് " മഹിളാ കയർ യോജന" . വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പരിശീലനം പൂർത്തിയാക്കുന്ന വനിതകൾക്ക് സ്വയം പ്രവർത്തിപ്പിക്കാവുന്ന മോട്ടോറൈസ്ഡ് റാട്ടുകൾ/പരമ്പരാഗത മോട്ടോറൈസ്ഡ് റാട്ടുകൾ, മറ്റ് കയർ ഉൽപ്പാദന ഉപകരണങ്ങൾ എന്നിവ നൽകലാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 2 മാസം നീളുന്ന പരിശീലന പരിപാടിക്ക് 1,000 രൂപ പ്രതിമാസം സ്റ്റൈപന്റ് നൽകുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടിവരുന്ന ഉപകരണങ്ങളുടെ വിലയുടെ 75% പരമാവധി 7,500 രൂപ സാമ്പത്തിക സഹായമായി നൽകുന്നു. കേരളം ഉൾപ്പടെയുള്ള നാളികേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർ ബോർഡ് ഈ പദ്ധതി നടപ്പാക്കി വരുന്നതായി കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) രാജ്യത്തിനകത്തും പുറത്തും കയർ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കയർ വികാസ് യോജന. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ആഭ്യന്തര വിപണിയുടെ വികസനത്തിനുള്ള പ്രോത്സാഹനവും കയറ്റുമതി വിപണിക്കുള്ള പ്രോത്സാഹനവുമാണ്. കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കയർ ബോർഡ് ഷോറൂമുകളും ഡിപ്പോകളും സ്ഥാപിച്ചിട്ടുണ്ട്. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വികസനം ലക്ഷ്യമിട്ട് കയർ ബോർഡ് പ്രസ്തുത ഷോറൂമുകളും ഡിപ്പോകളുംവഴി രാജ്യത്തുടനീളം ആഭ്യന്തര പ്രദർശനങ്ങൾ നടത്തുന്നു.

ഇതുമായി ബന്ധപ്പെട്ട് വിപുലമായ പ്രചരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. വിദേശ രാജ്യങ്ങളിലെ പ്രദർശനങ്ങളിൽ കയറ്റുമതിക്കാരെ പങ്കെടുപ്പിക്കുക, സെമിനാറുകളിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുക, മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസുകൾക്കും കയറ്റുമതിക്കാർക്കും സാമ്പത്തിക സഹായം നൽകുക, കയർ വ്യവസായ അവാർഡുകൾ നൽകുക തുടങ്ങിയവയാണ് കയറ്റുമതി വിപണിക്കുള്ള പ്രോത്സാഹനംകൊണ്ട് ലക്ഷ്യമിടുന്നതെന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം

30 (*630) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് ഉള്ള ഒരു വ്യാവസായിക അന്തരീക്ഷം നിലവിലില്ലായെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ. ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത അവസ്ഥ മാറ്റുന്നതിനും കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കഴിഞ്ഞ രണ്ട് വർഷം കൊണ്ട് ഇതുമൂലം സംസ്ഥാനത്ത് തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിലവിലുള്ള കൂടുതൽ നിയമങ്ങളിൽ മാറ്റം വരുത്തണമെന്ന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ-സി) സംസ്ഥാനത്തെ വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കാനായി അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഇതുസംബന്ധിച്ച് നടത്തിയ പഠനങ്ങളിലും ചർച്ചകളിലും വ്യക്തമായി. തുടർന്ന് ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഏഴ് (7) നിയമങ്ങളിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത നിയമ ഭേദഗതികൾ

"The Kerala Investment Promotion & Facilitation Bill, 2018" എന്ന പേരിൽ ഒരു ഏകീകൃത ബില്ലായി നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായ അനുമതി ലഭിക്കേണ്ടതുണ്ട്. അതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി അനുമതി നൽകുന്നത്, self certification deemed approval എന്നിവയുള്ള വ്യവസ്ഥകളും ചേർത്തിട്ടുണ്ട്. സംസ്ഥാനത്ത് വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടപ്പാക്കുവാൻ വിവിധ വകുപ്പുകളുടെ അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം രൂപകൽപ്പന ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായി സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിന് 12-10-2017-ലെ G.O.(Ms)No.100/17/ID പ്രകാരം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

വ്യവസായങ്ങൾ തുടങ്ങാൻ അനുമതികൾ നൽകേണ്ടതായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ അടങ്ങുന്നതാണ് ഈ സെൽ. ഇപ്രകാരം നടപടിക്രമങ്ങൾ സരളമാക്കി അതിവേഗം അനുമതികൾ ലഭ്യമാക്കുക വഴി സംസ്ഥാനത്ത് ഒരു നവ വ്യവസായ കേരളം സൃഷ്ടിക്കുവാനും അതുവഴി കേരളത്തെ വ്യാവസായികമായി മുന്നിലേയ്ക്ക് കൊണ്ടുവരുന്നതിനും ഉതകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പണം അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം

1 (5986) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ സേവനങ്ങൾക്ക് പണം അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഏത് പോർട്ടൽ വഴിയാണ് പണം അടയ്ക്കേണ്ടതെന്നും ഏത് ബാങ്കുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ട്രഷറി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ ഇ-ട്രഷറി (e-treasury.kerala.gov.in) വഴിയാണ് പണം അടയ്ക്കേണ്ടത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഇന്ത്യൻ ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, ഐ.ഡി.ബി.ഐ. ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, പഞ്ചാബ് നാഷണൽ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളെ ഇ-ട്രഷറിയുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

**ഓഡിറ്റ് മാനുവൽ തയ്യാറാക്കാനായി കരാർ നൽകിയ കമ്പനി**

2 (5987) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഓഡിറ്റ് കമ്മിഷൻ നിലവിൽ വരുമെന്നറിഞ്ഞിട്ടും ഓഡിറ്റ് മാനുവൽ തയ്യാറാക്കാനായി ഏതെങ്കിലും കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏത് കമ്പനിയുമായി ; എപ്പോഴാണ് ഇത് സംബന്ധിച്ച കരാറിൽ ഒപ്പുവെച്ചിട്ടുള്ളത് ;വ്യക്തമാക്കാമോ;

(സി) എത്ര രൂപയുടെ കരാറാണെന്നും ഏത് ഫണ്ടാണ് ഇതിനായി ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ വിളിച്ചാണോ കരാർ നൽകിയതെന്നും എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ;

(ഇ) ടെണ്ടർ വിളിക്കാതെ ഒരു പ്രത്യേക കമ്പനിക്കാണ് കരാർ നൽകിയതെങ്കിൽ അതിനുള്ള കാരണവും മാനദണ്ഡവും എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിലാണ് ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത്. അതിനുമുമ്പ് 16-7-2014-ലെ 86307/എസ്റ്റാ.ഡി.1/13/ധന നമ്പർ കത്തുപ്രകാരം ലോകബാങ്ക് സഹായത്തോടെ ഓഡിറ്റ് മാനുവൽ തയ്യാറാക്കുന്നതിനായുള്ള അനുമതി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകുകയും 5-12-2015-ലെ സ.ഉ. (സാധാ) 10579/2015/ധന നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഓഡിറ്റ് മാനുവൽ തയ്യാറാക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിന് (TOR) അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത TOR പ്രകാരം M/s. Price Water house Coopers Ltd (PWC) എന്ന കമ്പനിയെ മാനുവൽ തയ്യാറാക്കുന്നതിനായി Kerala Local Government Service Delivery Project (KLGSDP) ചുമതലപ്പെടുത്തുകയുണ്ടായി.

(ബി) ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള കരാർ PWC (M/s. Price Water house Coopers Ltd)-ഉം KLGSDP-യുമായി 5-1-2017-നാണ് ഒപ്പുവച്ചിട്ടുള്ളത്.

(സി) നികുതി ഒഴികെ 76,44,000 രൂപയ്ക്കാണ് PWC (M/s. Price Water house Coopers Ltd) KLGSDP-യുമായി കരാർ വച്ചത്. ലോകബാങ്ക് ഫണ്ടാണ് ഉപയോഗിച്ചിട്ടുള്ളത്.

(ഡി) ലോകബാങ്കിന്റെ പദ്ധതി നിർവ്വഹണ രീതി അവലംബിച്ച് ഓഡിറ്റ് മാന്വൽ നിർമ്മാണം സുതാര്യമായ പ്രൊക്യൂർമെന്റ് രീതിയിലൂടെ സർക്കാർ അംഗീകരിച്ച ടേംസ് ഓഫ് റഫറൻസ് പ്രകാരം താൽപ്പര്യപത്രം ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിയെയാണ് KLGSDP തെരഞ്ഞെടുത്തത്. 5 കമ്പനികൾ പങ്കെടുത്തു.

(ഇ) ബാധകമല്ല.

## കാരുണ്യ ബെനവലന്റ് പദ്ധതിയിലുൾപ്പെട്ട സ്വകാര്യ ആശുപത്രികൾ

3 (5988) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ സ്വകാര്യ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ സ്വകാര്യ ആശുപത്രികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ

4 (5989) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറേയും ഓഡിറ്റ് ഓഫീസറേയും 23-2-2018-ന് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നുവോ;

(ബി) ഏതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലാണോ ഈ സസ്പെൻഷൻ നടപ്പിൽ വരുത്തിയത്; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സസ്പെൻഷന് മുമ്പായി അന്വേഷണം നടത്തിയിരുന്നുവോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിരുന്നുവോ; ലഭിച്ചെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 23-2-2018-ലെ സ.ഉ.(സാധാ) നമ്പർ 1451/2018/ധന നമ്പർ ഉത്തരവു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. കെ. പി. മാത്യു റോയ്, ഓഡിറ്റ് ഓഫീസർ ശ്രീ. പി. സാബു എന്നിവരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) ആലപ്പുഴ നഗരസഭ കൗൺസിലർ ശ്രീ. വി. എൻ. വിജയകുമാർ 6-11-2017-ലും കേരള മുനിസിപ്പൽ & കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻ ആലപ്പുഴ യൂണിറ്റ് കമ്മിറ്റി 28-10-2017-ലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകിയ പരാതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ സസ്പെൻഷൻ നടപ്പിൽ വരുത്തിയത് (പകർപ്പ് ഉള്ളടക്കംചെയ്യുന്നു).*

(സി) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. കെ. രാജുവിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും 21-11-2017-ലെ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്(റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു).

**വകുപ്പുകൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും**

5 (5990) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 വർഷത്തിൽ ഓരോ വകുപ്പിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമാണ്; ഇവയിൽ ഏതെല്ലാം നടപ്പിലാക്കിയെന്നും ഇനിയും ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണെന്നുമുള്ളതിന്റെ വ്യക്തമായ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥന യിലൂടെ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ), ചെലവ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു. 2017-18 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ), ട്രഷറി വകുപ്പിൽനിന്ന് ലഭ്യമായ കണക്കുപ്രകാരം 2018 ഫെബ്രുവരി 28 വരെയുള്ള ചെലവ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിദേശ സഹായത്തോടെയുള്ള പദ്ധതികൾ**

6 (5991) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17 കാലയളവിൽ വിദേശ സഹായത്തോടെ നടപ്പാക്കിയ പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാതെ വന്നത് ഏതൊക്കെ ആയിരുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**മങ്കട നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

7 (5992) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ മങ്കട നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നറിയിക്കുമോ;

(സി) പ്രസ്തുത ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ കിഫ്ബി ബോർഡ് തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കിഫ്ബി ബോർഡ് അംഗീകാരം നൽകുന്നതിന് ഉണ്ടായ കാലതാമസം ഓരോ പ്രവൃത്തി തിരിച്ച് വിശദീകരിച്ച് നൽകാമോ?

ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ മങ്കട നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) കിഫ്ബി മുഖേന നടപ്പിലാക്കേണ്ട പദ്ധതികളുടെ ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. ഭരണാനുമതി ലഭിച്ചതിനുശേഷം പദ്ധതി നിർവ്വഹിക്കാൻ നിയോഗിക്കപ്പെട്ട എസ്.പി.വി. പദ്ധതിയുടെ വിശദമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ വിശദമായ വിശകലനത്തിനുശേഷം കിഫ്ബി ബോർഡ് പദ്ധതി തുകയ്ക്ക് അംഗീകാരം നൽകുകയും ചെയ്യുന്നതാണ്. അംഗീകാരം നൽകിയ കിഫ്ബി ബോർഡ് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ* ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കാലതാമസമുണ്ടായിട്ടില്ല.

**ഗ്രീൻബുക്ക് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കൽ**

8 (5993) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ബജറ്റിനൊപ്പം സമർപ്പിക്കപ്പെട്ട ഗ്രീൻ ബുക്കിൽ എത്ര പദ്ധതികൾക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചിരുന്നതെന്നും ഇതിൽ പത്തനംതിട്ട ജില്ലയിലെ പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കാമോ;

(ബി) 2017-18-ലെ ഗ്രീൻ ബുക്കിലുൾപ്പെട്ടിരുന്ന പത്തനംതിട്ട ജില്ലയിലെ എത്ര പ്രവൃത്തികളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കാമോ; ബാക്കിയുള്ളവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മുന്തിയ പരിഗണന അർഹിക്കുന്നതും ഉടൻ നടപ്പിലാക്കാവുന്നതുമായ പദ്ധതികൾ എന്ന നിലയിൽ ഗ്രീൻ ബുക്കിലുൾപ്പെടുത്തപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഭരണ വകുപ്പുകളിൽ ഏകോപനം നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിനും സമയബന്ധിതമായി പദ്ധതികൾ അതാത് സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പ്രത്യേകം ടൈം ഷെഡ്യൂൾ തയ്യാറാക്കി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) 2018-19 ബജറ്റിൽ ഗ്രീൻ ബുക്കിൽ 106 സ്കീമുകൾക്കായി 1565.96 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടില്ല. ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചുമതല അതത് ഭരണ വകുപ്പുകളാണ് നിർവ്വഹിച്ചുവരുന്നത്. ആയതിനാൽ പ്രവൃത്തികളുടെ നിർമ്മാണവും പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളിലാണ് ലഭ്യമായിട്ടുള്ളത്.

(സി&ഡി) വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ പദ്ധതികളും ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിതലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി അവലോകനം ചെയ്യാറുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി അവലോകനം ചെയ്യുന്നുണ്ട്. സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ യോഗം വേണ്ട നിർദ്ദേശങ്ങൾ പദ്ധതി നടപ്പിലാക്കുന്ന വകുപ്പുകൾക്ക് നൽകി വരുന്നു.

## കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ, സഹകരണ ആശുപത്രികൾ

9 (5994) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ, സഹകരണ ആശുപത്രികൾ ഏതൊക്കെ എന്ന് ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള പല സ്വകാര്യ ആശുപത്രികളും ഇപ്പോൾ രോഗികൾക്ക് ഈ പദ്ധതിപ്രകാരമുള്ള ചികിത്സ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു;

(സി) ഈ സ്കീമിലെ സ്വകാര്യ ആശുപത്രികൾക്ക് ചികിത്സ നൽകിയ ഇനത്തിൽ തുക കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ കുടിശ്ശികയുണ്ട്; എത്ര തുക; ഏതൊക്കെ ആശുപത്രികൾ; ഈ കുടിശ്ശിക തീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ;

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരം ഇപ്പോൾ അനുവദിക്കുന്ന പരമാവധി തുക എത്രയാണ്; ഈ പരിധി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കാരുണ്യ പദ്ധതി അനുവദിക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാനപരിധി എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) സംസ്ഥാനത്തെ ഇനിയും അംഗമാകാത്ത സ്വകാര്യ ആശുപത്രികളെ പുതുതായി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ, സഹകരണ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. 2018 ജനുവരി മുതൽ. 2018 ജനുവരി മുതൽ ലഭിച്ചിട്ടുള്ള ക്ലെയിമുകളിൽ സ്വകാര്യ ആശുപത്രികൾക്ക് ചികിത്സാ ധനസഹായ ഇനത്തിൽ നൽകാനുള്ള തുകയുടെയും സ്വകാര്യ ആശുപത്രികളുടെയും വിശദവിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* 2018 ജനുവരി മുതൽ ലഭിച്ച ക്ലെയിമുകളിലെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രികൾക്ക് തുക വിതരണം ചെയ്തുവരുന്നു.

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരം വൃക്ക രോഗികൾക്ക് 3 ലക്ഷം രൂപ വരെയും ഹീമോഫീലിയ രോഗികൾക്ക് ആജീവനാന്തം പരിധിയി ല്ലാതെയും പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് രോഗങ്ങൾക്ക് 2 ലക്ഷം രൂപ വരെയും ധനസഹായം നൽകുന്നു. ഈ പരിധി വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) വരുമാനപരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) അക്രെഡിറ്റേഷനുവേണ്ടിയുള്ള സ്വകാര്യ ആശുപത്രികളുടെ പുതിയ അപേക്ഷകൾ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

## നെന്മാറ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

10 (5995) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്നും പ്രസ്തുത പദ്ധതികൾ എന്ന് മുതൽ തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കു ന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയോടു കൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികളുടെയും കിഫ് ബോർഡ് അംഗീകാരം നൽകിയ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ**

11 (5996) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡിന്റെ ധനസഹായത്തോടു കൂടി ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ, നിയോജക മണ്ഡലാടിസ്ഥാനത്തിൽ നബാർഡ് വഴി നടപ്പാക്കാൻ നൽകിയ പദ്ധതികളുടെ പേര് വിവരങ്ങൾ നൽകുമോ;

(സി) മങ്കട നിയോജകമണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികളാണ് നബാർഡിലേയ്ക്ക് ശിപാർശ ചെയ്യുന്നത്. പദ്ധതികൾ ശിപാർശ ചെയ്യുന്നതും അംഗീകരിക്കുന്നതും നടപ്പാക്കുന്നതും മണ്ഡലാടിസ്ഥാനത്തിലല്ല.

(സി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

**വാർഷിക പദ്ധതികളുടെ നിർവ്വഹണം**

12 (5997) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെയുള്ള കണക്കുകൾ പ്രകാരം വിവിധ വാർഷിക പദ്ധതികളുടെ പദ്ധതി നിർവ്വഹണം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇതേ കാലയളവിൽ ഈ പദ്ധതികളുടെ പദ്ധതി നിർവ്വഹണം എത്ര ശതമാനമായിരുന്നു;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കേന്ദ്രം അംഗീകരിച്ചതും കേന്ദ്ര സഹായം ലഭ്യമായതുമായ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 2018 ജനുവരി 31 വരെയുള്ള പദ്ധതി നിർവ്വഹണം എത്ര ശതമാനമാണ്;

(ഡി) കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ നടത്തിപ്പ് ഈ സാമ്പത്തിക വർഷത്തിൽ ശരാശരി എത്ര ശതമാനമായിരിക്കുമെന്നാണ് വിലയിരുത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തികവർഷം ജനുവരി 31 വരെ സംസ്ഥാന പദ്ധതിയിനത്തിൽനിന്ന് 63 ശതമാനം (താൽക്കാലിക കണക്കുകൾ) ചെലവഴിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽനിന്ന് ഇക്കാലയളവിൽ 46 ശതമാനം (താൽക്കാലിക കണക്കുകൾ) ചെലവഴിക്കുകയും ചെയ്തു.

(ബി) 2016-17 സാമ്പത്തിക വർഷം ജനുവരി 31 വരെ സംസ്ഥാന പദ്ധതിയിനത്തിൽനിന്ന് 46 ശതമാനം ചെലവഴിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽനിന്ന് ഇക്കാലയളവിൽ 22 ശതമാനം ചെലവഴിക്കുകയും ചെയ്തു.

(സി) 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതമായി 8038.95 കോടി രൂപ വകയിരുത്തുകയും അതിൽനിന്നും 2018 ജനുവരി 31 വരെ 3978.9 കോടി രൂപ (താൽക്കാലിക കണക്കുകൾ) ചെലവഴിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണം 49 ശതമാനമാണ്.

(ഡി) മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസിനത്തിൽ സർക്കാരിന് ലഭിച്ച തുക

13 (5998) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തികവർഷം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾക്കുള്ള (സർക്കാർ സേവനങ്ങൾ) ഫീസിനത്തിൽ ലഭ്യമായ തുക എത്ര കോടി രൂപയാണ്;

(ബി) ഇത്തരം സർക്കാർ സേവനങ്ങൾക്ക് ഫീസ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് ഉദ്ദേശിക്കുന്നത്; ഇതു വഴി എത്ര കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) വിവിധ സർക്കാർ വകുപ്പുകൾ മുഖേന പൊതുജനങ്ങൾക്ക് നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് ഒരു പൊതു ഹെഡ്ഡിലല്ല ഒടുക്കപ്പെടുന്നത്. ആയതിനാൽ ഈയിനത്തിൽ ലഭിച്ച തുക പ്രത്യേകമായി കണക്കാക്കാനാകില്ല. കഴിഞ്ഞ സാമ്പത്തിക വർഷം 9699.98 കോടി രൂപ നികുതിയിതര വരുമാനമായി ലഭിച്ചിട്ടുണ്ട്. ഇതിൽ സർട്ടിഫിക്കറ്റുകളുടെ ഫീസും ഉൾപ്പെടും.

(ബി) എല്ലാത്തരം സർക്കാർ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവയിൽ 1-4-2018 മുതൽ 5% വർദ്ധനവ് വരുത്തി 17-3-2018-ലെ സ.ഉ. (അച്ചടി) നമ്പർ 44/2018/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) 17-3-2018-ലെ സ.ഉ. (അച്ചടി) നമ്പർ 44/2018 ധന ഉത്തരവുപ്രകാരം നിലവിലുള്ള നിരക്കുകളിൽ 5% വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ നികുതിയേതര വരുമാനം സംബന്ധിച്ച് 2018 ജനവരി വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നടപ്പ് സാമ്പത്തികവർഷം 16.64% വർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും നികുതിയേതര വരുമാനത്തിലുണ്ടാകുന്ന ശരാശരി വർദ്ധനവിന് പുറമേ 5% വർദ്ധനവിന് ആനുപാതികമായ വർദ്ധനവുകൂടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പ്രതീക്ഷിത റവന്യൂ വരുമാനം**

14 (5999) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത റവന്യൂ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ തനതു നികുതി വരുമാനം എത്രയാണെന്നും നികുതിയേതര വരുമാനം എത്രയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 2017-18 സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം 93584.74 കോടി രൂപയാണ്. ഇതിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 53411.49 കോടി രൂപയും നികുതിയേതര വരുമാനം 12037.79 കോടി രൂപയുമാണ്.

## ഓവർഡ്രാഫ്റ്റിനത്തിൽ എടുത്ത തുക

15 (6000) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓവർഡ്രാഫ്റ്റിനത്തിൽ എത്ര തുക കടമെടുത്തു എന്ന് അറിയിക്കാമോ;

(ബി) മുൻസർക്കാരിന്റെ ഭരണകാലത്ത് 2011-16 കാലയളവിൽ ഓവർഡ്രാഫ്റ്റിനത്തിൽ കടമെടുത്തിരുന്നോ; വിശദാംശം നൽകുമോ;

(സി) റവന്യൂ ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക പിരിച്ചെടുത്തു എന്ന് അറിയിക്കാമോ;

(ഡി) നികുതി/നികുതിയേതര ഇനത്തിൽ എത്ര കോടി രൂപ നിലവിൽ പിരിച്ചെടുക്കുവാനുണ്ടെന്ന് അറിയിക്കാമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓവർഡ്രാഫ്റ്റ് എടുത്തിട്ടില്ല.

(ബി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ 2014-15 സാമ്പത്തിക വർഷം 7 ദിവസങ്ങളിലായി 724.78 കോടി രൂപ സംസ്ഥാനം ഓവർഡ്രാഫ്റ്റ് ഇനത്തിൽ എടുത്തിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 75611.72 കോടി രൂപയായിരുന്നു. 2017-18-ൽ ജനുവരി 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുപ്രകാരം ഇത് 61,331.91 കോടി രൂപയാണ്.

(ഡി) സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയിതര വരുമാനത്തിൽ 2017-18-ലെ ബജറ്റിൽ പ്രതീക്ഷിച്ചത് യഥാക്രമം 53411.49 കോടി രൂപയും 12037.79 കോടി രൂപയുമാണ്. എന്നാൽ 2018 ജനുവരി 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം തനത് നികുതിയായി 36122.18 കോടി രൂപയും നികുതിയിതര വരുമാനമായി 6552.54 കോടി രൂപയും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

16 (6001) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം വായ്പ എടുത്തയാൾ എത്ര ശതമാനമാണ് ബാങ്കിൽ അടയ്ക്കേണ്ടിവരിക; പലിശയും പിഴ പലിശയുമുൾപ്പെടെ ആകെ വരുന്ന കുടിശ്ശിക തുകയുടെ നിശ്ചിത ശതമാനം തുകയാണോ, അതോ വായ്പ അനുവദിച്ച തുകയുടെയാണോ അടയ്ക്കേണ്ടിവരിക എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ശതമാനം തുകയാണ് സർക്കാർ അടയ്ക്കുക;

(ബി) ഇതേ സമയം ബാങ്കുകൾ സമാന്തരമായി വിദ്യാഭ്യാസ വായ്പ കുടിശ്ശിക വരുത്തിയവരിൽ നിന്നും സർക്കാർ പദ്ധതിയാണെന്ന് പറഞ്ഞ് പലിശയും പിഴപലിശയും വായ്പാത്തുകയുടെ ബാക്കിനിൽക്കുന്ന തുകയും കൂട്ടി അതിന്റെ 40% തുക അടപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധിക തുക ഈടാക്കിയിട്ടുള്ള ബാങ്കുകൾ ഉണ്ടെങ്കിൽ അധിക തുക വായ്പക്കാർക്ക് തിരിച്ചുനൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ക്രമക്കേട് നടത്തിയിട്ടുള്ള ബാങ്ക് അധികൃതർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് ബാങ്കുകൾ ഉപഭോക്താക്കൾക്ക് കൈപ്പറ്റ് രസീത് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അപേക്ഷ നൽകിയിട്ടുള്ള മുഴുവൻ പേർക്കും കൈപ്പറ്റ് രസീത് നൽകാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ ?

### ഉത്തരം

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം നോൺ എൻ.പി.എ./സ്റ്റാൻഡേർഡ് വിഭാഗത്തിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി നാല് വർഷത്തേയ്ക്ക് തിരിച്ചടവ് തുകയുടെ (മുതലും പലിശയും) 90:10, 75:25, 50:50, 25:75 എന്നീ അനുപാതത്തിൽ സർക്കാരും വായ്പക്കാരനും അടയ്ക്കുന്ന ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. നിഷ്ക്രിയ ആസ്തി വിഭാഗത്തിൽ നാല് ലക്ഷം രൂപവരെയുള്ള വിഭാഗത്തിൽ വിതരണം ചെയ്ത തുകയും നിയമപരമായ ചെലവുകളുണ്ടെങ്കിൽ അതും ഉൾപ്പെടെയുള്ള തുകയുടെ 40% തുക വായ്പക്കാരനും 60% തുക സർക്കാരും വഹിക്കും. പലിശ ബാങ്കുകൾ ഇളവ്

ചെയ്യുന്നതാണ്. നാല് മുതൽ ഒൻപത് ലക്ഷം വരെയുള്ള വിഭാഗത്തിൽ മുതലിന്റെ 50% തുക (പരമാവധി 2,40,000 രൂപ വരെ) ബാങ്കുകൾ പലിശ ഇളവ് നൽകുന്നപക്ഷം സർക്കാർ വഹിക്കുന്നതാണ്. ബാക്കി മുതൽ തുക വായ്പക്കാരൻ വഹിക്കണം. പലിശ ഒഴിവാക്കുന്നതിന് അതാത് ബാങ്കുകളിൽ നിലവിലുള്ള പാക്കേജുകൾപ്രകാരമുള്ള രീതിയാണ് അവലംബിക്കുന്നത്. വായ്പക്കാരന്റെ വിഹിതം ഈടാക്കേണ്ടത് സംബന്ധിച്ച നിബന്ധനകൾ 16-5-2017-ലെ സ.ഉ.(പി) നമ്പർ 65/2017/ധന., 20-11-2017-ലെ സർക്കുലർ നമ്പർ 81/2017/ധന. എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി & സി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള കിഴിവുകൾ അനുവദിക്കുന്നതിന് താൽപ്പര്യം അറിയിച്ചിട്ടുള്ള ബാങ്കുകളാണ് പ്രസ്തുത പദ്ധതിയിൽ പങ്കെടുക്കുന്നത്. പ്രസ്തുത ബാങ്കുകൾ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൻകീഴിൽ അപേക്ഷ നൽകിയിട്ടുള്ള യോഗ്യരായ അപേക്ഷകരിൽനിന്നും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് അന്വേഷിക്കാൻ സംസ്ഥാനതല ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെടുന്നതാണ്.

(ഡി) 16-5-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 65/2017/ധനത്തിന്റെ ഖണ്ഡിക 10(ഡി) പ്രകാരം വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിക്ക് കീഴിൽ സ്വീകരിക്കപ്പെടുന്ന അപേക്ഷകൾക്ക് ബാങ്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി**

17 (6002) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; പദ്ധതിയുടെ ലക്ഷ്യം എന്തൊക്കെയാണ്;

(ബി) ഏതൊക്കെ കോഴ്സ് പഠിച്ചവർക്കാണ് ആനുകൂല്യം ലഭിക്കുക; സംസ്ഥാനത്തിന് പുറത്ത് പഠിച്ചവർക്ക് ഈ ആനുകൂല്യം ലഭിക്കുമോ; ലഭിക്കുമെങ്കിൽ ഏതൊക്കെ കോഴ്സ് പഠിച്ചവർക്കാണ് ആനുകൂല്യം ലഭിക്കുക; അർഹരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; വാർഷിക വരുമാനം എത്രയാണ് നിശ്ചയിച്ചിരിക്കുന്നത്;

(സി) ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തവർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക;

(ഡി) സംസ്ഥാനത്തെ വിവിധ സമുദായങ്ങൾക്കായുള്ള വികസന കോർപ്പറേഷനുകൾ മുഖേന വായ്പയെടുത്തവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കോർപ്പറേഷൻ മുഖേന വിദ്യാഭ്യാസ വായ്പയെടുത്തിരിക്കുന്ന മുഴുവനാളുകൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബാങ്കുകളിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും എന്നാൽ തൊഴിലില്ലായ്മ, താഴ്ന്ന നിരക്കിലെ ശമ്പള വ്യവസ്ഥ തുടങ്ങിയ കാരണങ്ങളാൽ ലോൺ തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്ന, താഴ്ന്നതും മദ്ധ്യശ്രേണിയിലുള്ളതുമായ വരുമാന വിഭാഗക്കാരെ സഹായിക്കുക എന്നതാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ ഉദ്ദേശ്യം. ഈ പദ്ധതി 2016 ഏപ്രിൽ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകി നടപ്പിലാക്കിക്കഴിഞ്ഞു. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിൽ യോഗ്യമായവയ്ക്ക് പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി വായ്പാ തിരിച്ചടവ് ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ആദ്യഗഡു സർക്കാർ വിഹിതം അനുവദിച്ചുകഴിഞ്ഞു.

(ബി & സി) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. 16-5-2017-ലെ സ.ഉ.(പി) നമ്പർ 65/2017/ധന., 12-7-2017-ലെ സ.ഉ.(പി) നമ്പർ 89/2017/ധന. 30-10-2017-ലെ സ.ഉ.(പി) നമ്പർ 135/2017/ധന. എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന., സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും 20-11-2017-ലെ 81/2017/ധന. സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

(i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പ/സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA/Standard Account).

(ii) 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്.

ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

- സ്റ്റാൻഡേർഡ് അക്കൗണ്ടുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി, 1-4-2016-നുമുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥിക ൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള പരമാവധി നാല് വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

- കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽനിന്നും വിദ്യാഭ്യാസ വായ്പയെടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

- 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായിരിക്കുകയും ചെയ്തിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 60 ശതമാനവും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് ഒരു സ്പെഷ്യൽ പാക്കേജിലൂടെ ബാങ്കുകൾ വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കാൻ തയ്യാറാകുന്നപക്ഷം കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50 ശതമാനവും (പരമാവധി 2,40,000 രൂപ വരെ) സർക്കാർ സഹായം നൽകുന്നതാണ്.

- വായ്പയുടെമേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്നപക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80 ശതമാനമോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ മരണപ്പെട്ടുപോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ സർക്കാർ വഹിക്കുന്നതാണ്.

- മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല. എന്നാൽ മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.

- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഈ സ്കീം പ്രകാരം ഇന്ത്യയിലെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ഡിപ്ലോമ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

വാർഷിക കുടുംബവരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40 ശതമാനമോ അധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

(ഡി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിപ്രകാരം സർക്കാർ പ്രഖ്യാപിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (KSCARD), ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നെടുത്ത വിദ്യാഭ്യാസ വായ്പകൾക്കാണ് തിരിച്ചടവ് സഹായം ലഭിക്കുന്നത്. സംസ്ഥാനതല ബാങ്കിംഗ് സമിതിയിൽ ഉൾപ്പെട്ട ബാങ്കുകളെയാണ് ഇപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ വികസന കോർപ്പറേഷനുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുകയില്ല.

## സംസ്ഥാനത്തിന്റെ പൊതുകടം

18 (6003) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത മൂന്ന് വർഷത്തിനിടയിൽ പൊതുവിപണിയിൽ നിന്ന് എത്ര കോടി രൂപ കടമെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയാണ്; അടുത്ത മൂന്ന് വർഷത്തെ കടബാധ്യതകൾ കൂടി ചേരുമ്പോൾ 2020-21-ൽ പൊതുകടം ഏകദേശം മൂന്ന് ലക്ഷം കോടി രൂപയിലെത്തുവാൻ സാധ്യതയുണ്ടോ; വിശദമാക്കുമോ;

(സി) കടബാധ്യതകൾക്കുള്ള പലിശയായി കേരളം ഒരു വർഷം എത്ര കോടി രൂപയാണ് നൽകുന്നത്; ഇത് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ എത്ര രൂപയായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) വർദ്ധിച്ച തോതിലുള്ള കടം വാങ്ങൽ സംസ്ഥാനത്തിന് വലിയ ധനകമ്മി സൃഷ്ടിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന വായ്പാ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് ഓരോ വർഷവും സംസ്ഥാനം കടമെടുക്കുന്നത്. അതാത് വർഷങ്ങളിൽ മാത്രമേ കേന്ദ്ര സർക്കാർ കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകുകയുള്ളൂ. 2018-19-ലെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 22353 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 31-1-2018 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത 209286.06 കോടി രൂപയാണ്. ഇതിൽ പൊതുകടം 138426.83 കോടി രൂപയാണ്. 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ കടബാദ്ധ്യത 237265.78 കോടി രൂപയാണ്. ഇതിനുശേഷമുള്ള വർഷങ്ങളിലെ കടബാദ്ധ്യതകൾ എത്രയാകുമെന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം പലിശയായി നൽകിയത് 12116.50 കോടി രൂപയാണ്. 31-1-2018-ലെ കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ 9757.01 കോടി രൂപ നൽകിയിട്ടുണ്ട്. 2018-19 -ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ടി ഇനത്തിൽ 14937.71 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനുശേഷമുള്ള വർഷങ്ങളിലെ കടബാദ്ധ്യതകൾ എത്രയാകുമെന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്ന വായ്പാ പരിധിയിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാനങ്ങൾക്ക് കടമെടുക്കാൻ സാധിക്കുകയുള്ളൂ. മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ മൂന്ന് ശതമാനംവരെ മാത്രമാണ് ഒരു സാമ്പത്തിക വർഷത്തിൽ പരമാവധി വായ്പാ പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകിയിട്ടുള്ളത്.

**മൊത്തവിൽപ്പനക്കാർ നടത്തുന്ന അനധികൃത ചില്ലറ വ്യാപാരം**

19 (6004) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൊത്തവില്പനക്കാർ അനധികൃതമായി ചില്ലറ വ്യാപാരം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ മൊത്ത വ്യാപാരികൾ ചില്ലറ വ്യാപാരം ചെയ്യുമ്പോൾ നികുതി വെട്ടിപ്പ് നടത്തുമെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം മൊത്ത വ്യാപാരികൾ ചില്ലറ വ്യാപാരം നടത്തിയ എത്ര കേസ്സുകൾ ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും കണ്ടെത്തിയ സ്ഥാപനങ്ങളുടെ വിശദമായ വിവരങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ) വാറ്റ് നിയമത്തിലെയോ ജി.എസ്.ടി. നിയമത്തിലെയോ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ മൊത്ത വിതരണക്കാരായ രജിസ്റ്റേർഡ് വ്യാപാരികൾക്ക് ചില്ലറവിൽപ്പന നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളൊന്നും ഇല്ല. നികുതി ഈടാക്കിയാണ് അത്തരം വ്യാപാരം നടത്തുന്നതെങ്കിൽ അനധികൃതമാണെന്ന് പറയാൻ കഴിയില്ല.

(ബി) വ്യാപാരികൾ നികുതി വെട്ടിപ്പ് നടത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പിൽ കാര്യക്ഷമമായ സംവിധാനങ്ങളുണ്ട്. സംശയമുള്ള കേസ്സുകളിൽ കട പരിശോധന നടത്തി ക്രമക്കേട് കണ്ടെത്തിയാൽ പിഴ ഉടങ്ങിയ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മൊത്ത വ്യാപാരികൾ ചില്ലറ വിൽപ്പന നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളൊന്നുമില്ല. അതിനാൽ കേസ്സുകളൊന്നും കണ്ടെത്തിയിട്ടില്ല.

**നോട്ടുനിരോധനം: റവന്യൂ വരുമാനത്തിലെ കുറവ്**

20 (6005) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നോട്ടുനിരോധനം കേരളത്തിലെ വാണിജ്യ മേഖലയിൽ ഉണ്ടാക്കിയ കനത്ത ആഘാതംമൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ ഈ ഇനത്തിൽ കുറവുണ്ടായിട്ടുണ്ടെന്നാണ് വിലയിരുത്തുന്നത്; വിശദമാക്കാമോ?

ഉത്തരം

നോട്ട് നിരോധനത്തിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ എത്രത്തോളം നഷ്ടമുണ്ടായിട്ടുണ്ടെന്നത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നാൽ നോട്ട് നിരോധനം നടപ്പിലാക്കിയ 2016-17-ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 9005.13 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ ഓവർ ഡ്രാഫ്റ്റ്**

21 (6006) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ എത്ര ദിവസം വീതം ഓവർ ഡ്രാഫ്റ്റിലായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ദിവസം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ല.

(ബി) 2016-17-ൽ 25 ദിവസവും 2017-18 മാർച്ച് മാസം 27-ാം തീയതി വരെ 37 ദിവസവും വേയസ് ആൻഡ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട്.

**ബാങ്കുകളിൽ നിക്ഷേപിച്ച കിഫ്ബിയുടെ പണം**

22 (6007) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം പൊതുവിപണിയിൽ നിന്നും മറ്റ് പല ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പണം കടമെടുക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം നിരക്കിലാണ് പലിശ നൽകുന്നത്; ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) സംസ്ഥാന സർക്കാർ കിഫ്ബിക്ക് അനുവദിച്ച തുക എത്ര ശതമാനം പലിശ നിരക്കിലാണ് ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനം ഉയർന്ന പലിശ നിരക്കിൽ കടമെടുക്കുകയും കിഫ്ബിക്ക് അനുവദിക്കുന്ന തുകകൾ കുറഞ്ഞ പലിശനിരക്കിൽ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നത് കാരണം പലിശയിനത്തിൽ നഷ്ടമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 2016-17-ലും 2017-18-ലും ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ ബാങ്കിൽ നിക്ഷേപിച്ചത് കാരണം പലിശയിനത്തിലുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പണം ബജറ്റിനുപുറമേനിന്നും കണ്ടെത്തുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) നാളിതുവരെ നബാർഡിന്റെ NIDA സ്കീം മുഖേന 565 കോടി രൂപ 9.3 ശതമാനം പലിശ നിരക്കിൽ അനുവദിക്കുകയും അതിൽ 100.80 കോടി രൂപ ആദ്യ ഗഡുവായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ധനാഗമമാർഗ്ഗങ്ങളുപയോഗപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുന്നതേയുള്ളൂ.

(ബി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗപ്രകാരം കിഫ്ബി നിധിയിൽ നാളിതുവരെ ലഭ്യമായ തുകയിൽനിന്നും ഒരു ഭാഗം ഭേദഗതി ചെയ്ത കിഫ്ബി ആക്ടിനനുസൃതമായ വിവേകപൂർവ്വമായ നിക്ഷേപങ്ങളിൽ ഉയർന്ന പലിശ നിരക്കിൽ വിവിധ ബാങ്കുകളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. സെബി അംഗീകരിച്ച ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകിയ ഉയർന്ന റേറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ഉള്ളടക്കം* ചെയ്തിട്ടുണ്ട്.

(സി&ഡി) കിഫ് ആക്ടിലെ വ്യവസ്ഥപ്രകാരം സർക്കാർ നൽകാൻ ബാദ്ധ്യസ്ഥപ്പെട്ട തുകകളാണ് കിഫ്ബിക്ക് നൽകിയിട്ടുള്ളത്. ഈ തുക വിനിയോഗിക്കുന്നതിനുള്ള ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് ടി തുക വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്. വിവിധ ബാങ്കുകളിൽനിന്നും ക്വട്ടേഷൻ സ്വീകരിച്ച് ഉയർന്ന നിരക്ക്, സെബി അംഗീകരിച്ച റേറ്റിംഗ് ഏജൻസികൾ നൽകിയ ഉയർന്ന റേറ്റിംഗ്, നിലവിലുള്ള നിക്ഷേപം എന്നിവകൂടി കണക്കിലെടുത്താണ് നിക്ഷേപം നടത്തിയിട്ടുള്ളത്.

**ന്യൂ ജനറേഷൻ ബാങ്കുകളിൽ കിഫ്ബി ഫണ്ട് നിക്ഷേപം**

23 (6008) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 ജനുവരി 29-ന് കിഫ്ബിയുടെ ഫണ്ട് ഏതെങ്കിലും ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ വീതം ഏതൊക്കെ ബാങ്കുകളിൽ എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത നിക്ഷേപങ്ങൾക്ക് ഓരോന്നിനും ലഭിക്കുന്ന പലിശ നിരക്ക് എത്രയാണ്;

(സി) വിവിധ പലിശ നിരക്കുകളിൽ ഒരേ ദിവസം വിവിധ ബാങ്കുകളിൽ സ്ഥിര നിക്ഷേപം നടത്തുവാനുണ്ടായ സാഹചര്യമെന്താണ്;

(ഡി) പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ അതുമൂലം കിഫ്ബിക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2018 ജനുവരി 29-നുള്ള കിഫ്ബിയുടെ ബാങ്ക് നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

(സി&ഡി) കിഫ്ബി ആക്ടിലെ വ്യവസ്ഥയ്ക്ക് അനുസൃതമായും സെബി അംഗീകൃത ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകുന്ന ഉയർന്ന റേറ്റിംഗിന്റെ അടിസ്ഥാനത്തിലുമാണ് വിവിധ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നത്. എങ്കിലും ഒരേ ബാങ്കിൽ ഒരേ സമയം കൂടുതൽ തുകകൾ നിക്ഷേപിക്കുന്നതുമൂലം ഉണ്ടാകാവുന്ന സുരക്ഷിതത്വമില്ലായ്മ ഒഴിവാക്കാനാണ് തുക വിവിധ ബാങ്കുകളിലായി നിക്ഷേപിക്കുന്നത്. ഏതൊക്കെ ബാങ്കുകളിൽ നിക്ഷേപിക്കണമെന്നത് ഒരു സുതാര്യ നടപടി ക്രമം പാലിച്ചാണ് തീരുമാനിക്കുന്നത്. പലിശ നിരക്കും സുരക്ഷിതത്വവും പരിഗണിച്ചാണ് തീരുമാനം കൈക്കൊള്ളുന്നത്. ഈ കാരണത്താൽ നഷ്ടമുണ്ടായിട്ടില്ല.

**കിഫ്ബി ഫണ്ട് നിക്ഷേപിച്ചിട്ടുള്ള സ്വകാര്യ ബാങ്ക്**

24 (6009) <u>ശ്രീ.അടൂർ പ്രകാശ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി ഫണ്ട് ഏതെങ്കിലും സ്വകാര്യ ബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സ്വകാര്യ ബാങ്കിലെന്നും എന്ത് തുകയാണ് പ്രസ്തുത അക്കൗണ്ടിലുള്ളതെന്നും, പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക സർക്കാർ ട്രഷറികളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാതെ സ്വകാര്യ ബാങ്കിൽ നിക്ഷേപിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത തുക ഹ്രസ്വകാല സ്ഥിരനിക്ഷേപമായി നാഷണലൈസ്ഡ് ബാങ്ക്/സർക്കാർ ട്രഷറിയിൽ ഇടുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ 3-ാം വകുപ്പുപ്രകാരം കിഫ്ബി നിധിയിൽ ലഭ്യമായിട്ടുള്ള തുകയിൽനിന്നും 500 കോടി രൂപ കോട്ടക് മഹീന്ദ്ര ബാങ്കിൽ 5.7 ശതമാനം വാർഷിക പലിശ നിരക്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി നിധിയിൽ ലഭ്യമാകുന്ന തുക സംസ്ഥാന ട്രഷറിയിലല്ലാതെയുള്ള വിവേകപൂർവ്വമായ നിക്ഷേപങ്ങളിൽ നിക്ഷേപിക്കുകയോ മുതൽ മുടക്കുകയോ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സെബി അംഗീകരിച്ച ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകിയിട്ടുള്ള ഉയർന്ന റേറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് കോട്ടക് മഹീന്ദ്ര ബാങ്കിൽ നിക്ഷേപിച്ചത്. ഇതിന് മെച്ചപ്പെട്ട പലിശ നിരക്ക് ലഭിക്കുന്നുണ്ട്. അതോടൊപ്പം ടി ബാങ്കിന്റെ സുഗമമായ ഓൺലൈൻ സേവന സൗകര്യവും കിഫ്ബിക്ക് പ്രയോജനപ്പെടുത്താൻ സാധിക്കും.

(സി) കിഫ്ബി നിധിയിൽ നിലവിൽ ലഭ്യമായ ഭൂരിഭാഗം തുകയും ട്രഷറിയിലും ലാഭകരമായ ഹ്രസ്വകാല സ്ഥിരനിക്ഷേപങ്ങളിലുമായി നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നമുറയ്ക്ക് സമീപഭാവിയിൽ ആവശ്യമായി വരുന്ന തുക അനായാസം വിനിയോഗിക്കുന്നതിനായാണ് ആക്ടിലെ വ്യവസ്ഥ പ്രകാരം ബാക്കി തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്.

**കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ**

25 (6010) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മറ്റൊരു പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും എന്നാൽ അതേ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് പകരമായി അതേ തുകയിലുള്ള മറ്റൊരു പ്രവൃത്തി കിഫ്ബിയിലേക്ക് നിർദ്ദേശിക്കാൻ കഴിയുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന., 24-2-2018-ലെ സ.ഉ. (കൈ) നമ്പർ 69/2018/ധന. എന്നീ ഉത്തരവുകൾ പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം വാർഷിക ബജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികളുമാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ആയതിനാൽ ബജറ്റ് വിഹിതമുള്ളതോ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ പദ്ധതികളോ പകരമായി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് സാധാരണഗതിയിൽ നിർവ്വാഹമില്ല. എന്നാൽ അത്തരം പദ്ധതികൾ, ഭേദഗതി ചെയ്ത കിഫ് ആക്റ്റ് പ്രകാരം 100 കോടി രൂപയിൽക്കൂടുതൽ പദ്ധതി അടങ്കലുള്ളതാണെങ്കിൽ, അവ കിഫ്ബി മുഖേന നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ മന്ത്രിസഭായോഗം പരിഗണിക്കേണ്ടതും പദ്ധതി വിശദാംശങ്ങൾ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി കിഫ്ബിയുടെ ഓൺലൈൻ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള അഞ്ച് വർഷക്കാലയളവിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇതിനോടകം 54,000 കോടി രൂപയിൽക്കവിഞ്ഞ കിഫ്ബി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ സാഹചര്യത്തിൽ തൽക്കാലം പുതിയ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കേണ്ടതില്ല എന്നതാണ് സർക്കാരിന്റെ തീരുമാനം.

**ഇടുക്കി ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

26 (6011) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബി ബോർഡ് പ്രവർത്തനാനുമതി നൽകിയെന്നറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കിയെന്നും വ്യക്തമാക്കുമോ;

(സി) 2016-17, 2017-18 വർഷങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ച ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാതെയുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുള്ള ഇടുക്കി ജില്ലയിലെ പ്രവൃത്തികളും അവയ്ക്ക് അനുവദിച്ചിട്ടുള്ള തുകയും നിജസ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു. സർക്കാർ പ്രഖ്യാപിക്കുന്ന കിഫ്ബി പദ്ധതികൾക്കായി ബന്ധപ്പെട്ട എസ്.പി.വി. വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചതിനുശേഷമാണ് കിഫ്ബി അംഗീകാരം നൽകുന്നത്.

(സി) കിഫ്ബി മുഖേന നടപ്പിലാക്കേണ്ട പദ്ധതികളുടെ ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. 2016-17, 2017-18 വർഷങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെടാത്തതും കിഫ്ബിയുടെ അംഗീകാരം ലഭിക്കാത്തതുമായിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഇടുക്കി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ**

27 (6012) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെയും അവയിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതി ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടതിൽ കിഫ് ബോർഡ് അംഗീകാരം നൽകിയ പ്രവൃത്തികളുടെയും ഇവയുടെ പ്രവർത്തന പുരോഗതിയുടെയും വിശദവിവരം അനുബന്ധമയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വണ്ടൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി**

28 (6013) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വണ്ടൂർ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പദ്ധതികളുടെ നിജസ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കായംകുളം മുട്ടേൽ പാലത്തിന്റെ നിർമ്മാണം**

29 (6014) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മുട്ടേൽ പാലത്തിന്റെ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

2017-18 വർഷത്തെ ബജറ്റിൽ 15 കോടി രൂപ അടങ്കൽ തുക വകയിരുത്തി മുട്ടേൽ പാലം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 10-7-2017-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) 942/2017/പൊ.മ.വ. പ്രകാരം മുട്ടേൽ പാലത്തിന് പൊതുമരാമത്ത് വകുപ്പ് 15 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡിനെ മുട്ടേൽ പാലം പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) ചുമതലപ്പെടുത്തിയിരുന്നു. മുട്ടേൽ പാലം പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ട ചുമതല സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള റോഡ് ഫണ്ട് ബോർഡിനാണ്. മുട്ടേൽ പാലത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. ആയത് സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിച്ച് ന്യൂനതകളില്ലാത്തപക്ഷം കിഫ്ബി അംഗീകാരം നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോഴിക്കോട് ജില്ലയിലെ കിഫ്ബി പദ്ധതികൾ

30 (6015) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ അംഗീകാരം കൊടുത്തിട്ടുള്ള കോഴിക്കോട് ജില്ലയിലെ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് അംഗീകാരത്തിനായി ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള കോഴിക്കോട് ജില്ലയിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ കിഫ്ബിയുടെ അംഗീകാരത്തിനായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തിരുവനന്തപുരം നിയമസഭാ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

31 (6016) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എത്ര പ്രവൃത്തികൾക്കാണ് നിലവിൽ അനുവാദം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നാളിതുവരെ കിഫ്ബി മുഖേന എത്ര പദ്ധതികൾക്കാണ് അനുവാദം നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കിഫ്ബിയുടെ സഹായത്തോടെ വിവിധ മേഖലകളിലായി 300 ഉപപദ്ധതികൾക്കാണ് നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്.

(ബി) തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ നാളിതുവരെ രണ്ട് പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

32 (6017) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(സി) ഈ മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ കിഫ്ബി പരിഗണിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു.*

(സി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ഒന്നുംതന്നെ കിഫ്ബിയിൽ നാളിതുവരെ ലഭ്യമായിട്ടില്ല.

## താനൂർ നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ

33 (6018) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ടിലേക്ക് 2017-18-ൽ താനൂർ നിയോജക മണ്ഡലത്തിൽ ശിപാർശ ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണത്തിന് ഇതുവരെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ശിപാർശ നൽകുന്ന പദ്ധതികൾക്ക് പലതിനും ഭരണാനുമതി നൽകുന്നതിന് നിഷ്കർഷിച്ച കാലയളവിനേക്കാൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ആസ്തി വികസന ഫണ്ടിലെ പദ്ധതികൾക്ക് ശിപാർശ നൽകി കഴിഞ്ഞാൽ സമയബന്ധിതമായി ഭരണാനുമതിയും സാങ്കേതികാനുമതിയും ഉൾപ്പെടെയുള്ള തുടർ നടപടികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ആസ്തിവികസന ഫണ്ടിലെ പദ്ധതികൾ, നടപടിക്രമങ്ങൾ എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ബന്ധപ്പെട്ട നിർവ്വഹണ വകുപ്പുകളിൽനിന്ന് ഡി.പി.ആർ. സമയബന്ധിതമായി ലഭിക്കാത്തതുകൊണ്ടാണ് ഭരണാനുമതി നൽകാൻ വൈകുന്നത്.

(സി) മണ്ഡല ആസ്തി വികസന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട 4-7-2017-ലെ സ.ഉ. (അ.) നമ്പർ 86/2017/ധന. നമ്പർ ഉത്തരവിൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വാമനപുരം നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

34 (6019) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ടതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികളിൽ പൂർത്തിയാകാത്തത് ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പൂർത്തിയാകാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പ്രാദേശിക വികസന ഫണ്ടിൽനിന്നും സ്പോർട്സ് ഉപകരണങ്ങൾ**

35 (6020) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ നിയമങ്ങൾ അനുസരിച്ച് നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ അനുവദിക്കാൻ വ്യവസ്ഥയുണ്ടോ;

(ബി) സ്പോർട്സുമായി ബന്ധപ്പെട്ട് സർക്കാർ സ്കൂളുകളിൽ പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിന് പ്രാദേശിക ഫണ്ട് അനുവദിക്കാൻ സാധിക്കുമോ;

(സി) പ്രസ്തുത ഫണ്ട് അനുവദിക്കാൻ വ്യവസ്ഥ ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസ്ഥയില്ല.

(ബി) സ്പോർട്സുമായി ബന്ധപ്പെട്ട് സർക്കാർ സ്കൂളുകളിൽ പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിന് പ്രാദേശിക ഫണ്ട് അനുവദിക്കുന്നതിന് വ്യവസ്ഥയില്ല.

(സി) നിലവിൽ പരിഗണനയിലില്ല.

**അക്കൗണ്ട് ഹെഡ്ഡുകളും ആസ്തി വികസന ഫണ്ടും**

36 (6021) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ടുപയോഗിച്ച് വിവിധ വകുപ്പുകൾക്ക് കീഴിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് എം.എൽ.എ.-മാർ സമർപ്പിക്കുന്ന നിർദ്ദേശങ്ങളിൽ, പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിന് ചില 'അക്കൗണ്ട് ഹെഡ്ഡുകൾ' ഉൾപ്പെടാത്താതിനാൽ, ധനകാര്യ വകുപ്പിന്റെ അനുമതി ലഭിയ്ക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യൂണിവേഴ്സിറ്റികൾ അടക്കം പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുടെയും അക്കൗണ്ട് ഹെഡ്ഡുകൾ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിന് ഉൾപ്പെടുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ഉത്തരം

(എ) ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുവാൻ കഴിയുന്ന പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കുള്ളിൽ വരുന്ന പ്രവൃത്തികൾ നടപ്പിലാക്കേണ്ട വകുപ്പ് ശീർഷകങ്ങൾ എല്ലാംതന്നെ ഫണ്ട് വിനിയോഗത്തിനായി ഉൾപ്പെടുത്തി യിട്ടുണ്ട്.

(ബി) ആസ്തി വികസന ഫണ്ടിന്റെ ലക്ഷ്യം ഓരോ നിയോജക മണ്ഡലങ്ങളിലുമുള്ള 'ആസ്തി'യുടെ നിർവ്വചന പരിധിയിൽ വരുന്ന പ്രവൃത്തികൾക്കായുള്ള ധനവിനിയോഗമാണ്. ഇതിന്റെ പരിധിക്കുള്ളിൽ വരുന്ന വകുപ്പുകളുടെ അക്കൗണ്ട് ഹെഡ്ഡുകൾ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിന് ഉൾപ്പെടുത്തിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ**

37 (6022) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ 2012 മുതൽ 2017 വരെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം സമർപ്പിക്കപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയാണ്; അംഗീകാരം ലഭിച്ചവ ഏതൊക്കെയാണ്; ഏതൊക്കെ പ്രവൃത്തി കളാണ് പൂർത്തിയായത്; ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാമാണ് ; വിശദമാക്കാമോ;

(ബി) നിലമ്പൂർ - കരുളായി റോഡിനായി പി.ഡബ്ല്യൂ.ഡി. വകുപ്പ് മുഖേന സമർപ്പിച്ച File No. 704998 പ്രൊപ്പോസലിന് ഫിനാൻസ് അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) നിലമ്പൂർ-കരുളായി റോഡ് വർക്കിന് 784628/Ind&PW.B1/2018/ Fin., ഫയലിലെ തീരുമാനപ്രകാരം 7.5 കോടി രൂപയ്ക്ക് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായി ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

## കേന്ദ്രത്തിൽനിന്നും പ്രത്യേക സാമ്പത്തിക സഹായം

38 (6024) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം കാര്യങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ച് കിട്ടുന്നതിനാണ് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുള്ളത്; എത്ര തുക അനുവദിക്കണമെന്നാണ് അഭ്യർത്ഥിച്ചിരുന്നത്;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ 2016-17, 2017-18 വർഷങ്ങളിൽ എത്ര തുക വീതം അനുവദിച്ച് കിട്ടിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

39 (6025) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18 കാലയളവിൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നു വ്യക്തമാക്കുമോ?

ഉത്തരം

കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്.) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ ഈ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്ര പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്ര സർക്കാരിൽനിന്ന് കാലതാമസം കൂടാതെ ഫണ്ട് വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്ര സഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചു കൊടുക്കുന്നതിനുമുള്ള

നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 28-3-2017-ലെ സർക്കുലർ നമ്പർ 1053625/സി.സി.1/2016/പ്ലാനിംഗ് പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ (കോ-ഓർഡിനേഷൻ സെൽ) വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം നേടിയെടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലെ നോഡൽ ഓഫീസർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നിരന്തരം നടത്താറുള്ള അവലോകന യോഗങ്ങളിലെല്ലാം മുൻ വർഷങ്ങളിലെ വിനിയോഗ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചത് സംബന്ധിച്ചുള്ള നിജസ്ഥിതി പരിശോധിക്കുകയും കാലവിളംബം കൂടാതെ അവ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2017-18-ലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം പരമാവധി നേടിയെടുക്കുന്നതിലേയ്ക്കായി തയ്യാറാക്കിയ കർമ്മ പദ്ധതിയിലെ ഇനം നമ്പർ 5-ൽ ഓരോ വകുപ്പും 2017 സെപ്റ്റംബർ 30-ന് മുൻപായി കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു പൂർണ്ണമായും വിനിയോഗിച്ച് തീർക്കാനും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം കേന്ദ്ര മന്ത്രാലയത്തിൽ ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുവാനുള്ള കേന്ദ്ര വിഹിതം നേടിയെടുക്കുന്നത് സംബന്ധിച്ച് പ്രധാന വകുപ്പുകളായ പൊതു വിദ്യാഭ്യാസ വകുപ്പ്, ജല വിഭവ വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കോ-ഓർഡിനേഷൻ സെൽ, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ പ്രതിനിധികളുമായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അവലോകനയോഗം നടത്തുകയുണ്ടായിട്ടുണ്ട്. പ്രസ്തുത യോഗത്തിൽവച്ച് റീഇംബേഴ്സ്മെന്റായി ലഭിക്കുവാനുള്ള തുക നേടിയെടുക്കുന്നതിലേയ്ക്കുള്ള നിർദ്ദേശങ്ങൾ വകുപ്പ് പ്രതിനിധികൾക്ക് നൽകിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം നൽകുന്നതിലുമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു Revised Fund Flow Method 21-2-2017-ലെ 24/2017/ധന നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് ഭരണ വകുപ്പിനുതന്നെ നേരിട്ട് റിലീസ് ചെയ്ത് നൽകാവുന്നതാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ക്രെഡിറ്റ് മെമ്മോ പ്രകാരം

സംസ്ഥാനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കേന്ദ്ര ഫണ്ട് ക്രെഡിറ്റാകുന്നമുറയ്ക്ക് ആയത് ബന്ധപ്പെട്ട സെക്രട്ടറി/വകുപ്പുതലവന്മാരെ അറിയിക്കുന്നതോടൊപ്പം ആയത് നടപ്പാക്കുന്ന ബന്ധപ്പെട്ട ഏജൻസി/വകുപ്പിന് റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശവും ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽ നിന്നും നൽകിവരികയും ചെയ്യുന്നുണ്ട്. കൂടാതെ ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽ നിന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും സമയബന്ധിതമായി കേന്ദ്ര ഫണ്ട് വിനിയോഗത്തിനുമായി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ ഫണ്ട് വിനിയോഗം ത്വരിതപ്പെടുത്താൻ 12-1-2017-ൽ 02/2017/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

**സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ**

40 (6026) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ വായ്പാ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര പേർക്ക് ഭവന നിർമ്മാണ വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പ അനുവദിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജീവനക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ വായ്പാ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 3003 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് ഫണ്ട് അലോട്ട് ചെയ്തിട്ടുള്ളതാണ്. അതിൽ 53 അപേക്ഷകളിൽ വായ്പ വേണ്ടെന്ന് പറഞ്ഞ് വകുപ്പുകളിൽനിന്ന് തുക സറണ്ടർ ചെയ്തിട്ടുള്ളതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 2950 അപേക്ഷകർ ഭവന നിർമ്മാണ വായ്പ കൈപ്പറ്റിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് 50 കോടി രൂപ അലോട്ട് ചെയ്തുകഴിഞ്ഞു. അതിൽ 7 അപേക്ഷകളിൽ വായ്പ വേണ്ടെന്ന് വിവിധ വകുപ്പുകളിൽനിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാർക്ക് വീട് നിർമ്മിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 244-ലെ മാനദണ്ഡങ്ങൾ പ്രകാരമാണ് ഭവന നിർമ്മാണ വായ്പ നൽകിവരുന്നത്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു :

- 5 വർഷത്തെ മുഴുവൻ സർവ്വീസ് പൂർത്തിയാക്കിയതും 50 മാസം സർവീസ് അവശേഷിക്കുന്നതുമായ സർക്കാർ ജീവനക്കാരും അദ്ധ്യാപകരുമാണ് സർക്കാരിന്റെ ഭവന നിർമ്മാണ വായ്പയ്ക്ക് അർഹരായിട്ടുള്ളത്. ഭാഗിക സേവനമോ/എയ്ഡഡ് വിദ്യാലയ സേവനമോ പരിഗണിക്കുന്നതല്ല. സ്വന്തമായോ ഭാര്യ/ ഭർത്താവിന്റെയോ പ്രായപൂർത്തിയാകാത്ത മക്കളുടെയോ പേരിൽ താമസയോഗ്യമായ വീടുള്ളവർ ടി വായ്പയ്ക്ക് അർഹരല്ല.
- അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടി എന്നാൽ പരമാവധി 20 ലക്ഷം രൂപയാണ് വായ്പയായി അനുവദിക്കുന്നത്.
- 8% വാർഷിക സാധാരണ പലിശ നിരക്കിലാണ് വായ്പ അനുവദിക്കുന്നത്.
- ബാങ്കിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ ഉള്ള ഭവന വായ്പ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതിയിലേയ്ക്ക് ഏറ്റെടുക്കുന്നത് അനുവദനീയമല്ല.
- വിരമിക്കാൻ കുറഞ്ഞ സേവന കാലയളവുള്ളവരാണ് സംസ്ഥാനതല ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ ആദ്യമുണ്ടാകുക.
- തൊട്ടുമുമ്പുള്ള രണ്ട് സാമ്പത്തിക വർഷം ഭവന വായ്പ സറണ്ടർ ചെയ്തിട്ടുള്ളവർ തൻ വർഷത്തെ ഭവന നിർമ്മാണ വായ്പയ്ക്ക് അർഹരല്ല. ഒരിക്കൽ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പ എടുത്തിട്ടുള്ളവർ വീണ്ടും ടി വായ്പയ്ക്ക് അർഹരല്ല.
- ജീവനക്കാരന്/ജീവനക്കാരിക്ക് അല്ലെങ്കിൽ ടിയാളുടെ ഭാര്യയ്ക്ക്/ ഭർത്താവിന് പൂർണ്ണാവകാശമുള്ള ഭൂമിയിലായിരിക്കണം വീട് നിർമ്മിക്കേണ്ടത്. എന്നാൽ ജീവനക്കാരൻ ഉത്തമതാൽപ്പര്യത്തോടെ വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ

ഉടമസ്ഥാവകാശം ജീവനക്കാരന് പൂർണ്ണമായും ഇല്ലെങ്കിൽ പ്പോലും ആയത് സർക്കാരിന് സംതൃപ്തമാകുന്നപക്ഷം ഭവന നിർമ്മാണ വായ്പ നൽകുന്നതിന് ഈ നിയമം തടസ്സപ്പെടു ത്തുകയില്ല.

- സർക്കാരിൽനിന്ന് ഭവന നിർമ്മാണ വായ്പ ലഭിച്ചവർ വസ്തുവും അതിൽ നിർമ്മിക്കുന്ന വീടും/വീടും സ്ഥലവും വാങ്ങിക്കുന്ന താണെങ്കിൽ ആയതും സർക്കാരിൽ പണയപ്പെടുത്തേണ്ടതുണ്ട്.

## കുടുംബാരോഗ്യ ഇൻഷ്വറൻസ്

41 (6027) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കുന്ന കുടുംബാരോഗ്യ ഇൻഷ്വറൻസിൽ ഗുരുതരമായ രോഗമുള്ളവർക്കും അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നവർക്കും കൂടുതൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന രീതിയിൽ സർവ്വകലാശാല ജീവനക്കാരെയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെയും കൂടി ഉൾക്കൊള്ളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന സാഹചര്യത്തിൽ മാത്രമേ ഇത് സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

(ബി) തീരുമാനിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പാലഭ്യത ഉറപ്പുവരുത്താൻ നടപടി

42 (6028) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവിനായി ഈ സർക്കാർ പ്രഖ്യാപിച്ച സഹായപദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സഹായ പദ്ധതി വഴി എത്ര വിദ്യാർത്ഥികൾക്ക് ബാങ്കുകളും സർക്കാരും സഹായം നല്കി സഹായിച്ചു എന്നു വ്യക്തമാക്കുമോ;

(സി) 2016-17, 2017-18 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര കുട്ടികൾ വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷ നല്കി എന്ന വിവരം ബാങ്കുകൾ തിരിച്ച് ലഭ്യമാക്കുമോ ; ഓരോ ബാങ്കുകളും എത്ര വിദ്യാർത്ഥികൾക്ക് വായ്പ നല്കി ; എത്ര പേരുടെ അപേക്ഷ നിരസിച്ചു ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) എത്ര കുട്ടികളുടെ കാര്യത്തിൽ ഈ വായ്പ നല്കാത്തതിനുള്ള കാരണം ബാങ്കുകൾ അറിയിച്ചു ;

(ഇ) ഒരു കാരണവും പറയാതെയും സർക്കാർ നിർദ്ദേശം ലംഘിച്ചും വായ്പാപേക്ഷ തള്ളുന്ന പ്രവണത പല ബാങ്കുകളും നടത്തുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് വായ്പാലഭ്യത ഉറപ്പുവരുത്താൻ എന്ത് തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാകുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 16-5-2017-ലെ സ.ഉ.(പി) നമ്പർ 65/2017/ധന., 12-7-2017-ലെ സ.ഉ.(പി) നമ്പർ 89/2017/ധന., 30-10-2017-ലെ സ.ഉ.(പി) നമ്പർ 135/2017/ധന. എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന., സർക്കുലർപ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും 20-11-2017-ലെ 81/2017/ധന സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അപേക്ഷകളിന്മേൽ ബാങ്കുകൾ തീരുമാനമെടുത്ത് അറിയിക്കുന്ന കേസ്സുകൾക്ക് സർക്കാർ വിഹിതം അനുവദിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ 2018 മാർച്ച് മാസത്തിൽ 291 വിദ്യാർത്ഥികൾക്ക് ബാങ്കും സർക്കാരും വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി വഴി സഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരികയാണ്.

(സി&ഡി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2016-17, 2017-18 (സെപ്റ്റംബർ വരെ) വർഷങ്ങളിൽ സംസ്ഥാനത്ത് ബാങ്കുകൾ വിതരണം ചെയ്ത വിദ്യാഭ്യാസ വായ്പ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. വിദ്യാഭ്യാസ വായ്പ നിരസിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല.

(ഇ&എഫ്) കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിൽപ്പെടുന്ന വിഷയമല്ല. ബാങ്കുകൾ സ്വീകരിക്കുന്ന നടപടികളുടെ ഫലമായി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടികൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്. വിദ്യാലക്ഷ്മി പോർട്ടൽ എന്ന ഓൺലൈൻ പോർട്ടൽവഴി വിദ്യാഭ്യാസ വായ്പാ അപേക്ഷകൾ സമർപ്പിക്കണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം നടപ്പിലാകുന്നതോടെ വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളിൽ അർഹതയുള്ളവർക്ക് വായ്പ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വിദ്യാഭ്യാസ വായ്പക്കുള്ള അപേക്ഷ നിരസ്സിക്കുന്നതായ ആക്ഷേപം**

43 (T6029) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക ആനുകൂല്യം നൽകാതെ നിസ്സാര കാരണങ്ങളാൽ അപേക്ഷ നിരസ്സിക്കുന്നതായുള്ള രക്ഷിതാക്കളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; നിലവിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യം നൽകുന്നതിനായി നിലവിൽ എത്ര തുക സർക്കാർ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ പദ്ധതിയിൽ പങ്കെടുക്കുന്ന ബാങ്കുകൾക്ക് പദ്ധതിയിൻകീഴിൽ ലഭിച്ച അപേക്ഷകൾ നിരസിക്കാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

കഴിയുകയുള്ളൂ. അപേക്ഷകള്‍ നിരസിക്കുന്നത് സംബന്ധിച്ച അപേക്ഷകരുടെ പരാതികള്‍ അതാത് ബാങ്കുകള്‍ക്ക് മുമ്പാകെ സമര്‍പ്പിക്കാന്‍ കഴിയുന്നതാണ്. അതിന്മേലുള്ള അപ്പീലുകള്‍ സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ കണ്‍വീനര്‍ മുഖാന്തരം ധനകാര്യ (പ്ലാനിംഗ്) വകുപ്പ് അഡീഷണല്‍ സെക്രട്ടറി, എസ്.എല്‍.ബി.സി. കണ്‍വീനര്‍, ബാങ്ക് പ്രതിനിധികള്‍ എന്നിവര്‍ ഉള്‍പ്പെട്ട ഗ്രീവന്‍സ് റിഡ്രസല്‍ കമ്മിറ്റിക്ക് നല്‍കാവുന്നതാണ്. ഇതുവരെ ഇപ്രകാരമുള്ള അപ്പീലുകള്‍ ലഭിച്ചതായി ശ്രദ്ധയില്‍പ്പെട്ടിട്ടില്ല.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിക്ക് കീഴില്‍ ആദ്യ ഗഡു സര്‍ക്കാര്‍ വിഹിതമായി 2,91,77,579 രൂപ ബാങ്കുകള്‍ക്ക് കൈമാറിയിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

44 (6030) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയില്‍ അപേക്ഷ നല്‍കേണ്ട സമയപരിധി എന്നുവരെയായിരുന്നു; അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകളായിരുന്നു സമര്‍പ്പിക്കേണ്ടിയിരുന്നത്; പദ്ധതി എന്ന് മുതല്‍ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പാന്‍കാര്‍ഡ് ഇല്ലാത്തതിനാലും വായ്പ തുകയുടെ 40% മുന്‍കൂര്‍ അടയ്ക്കണമെന്ന് ചില ബാങ്കുകള്‍ നിര്‍ബന്ധം പിടിച്ചതുമൂലവും പലര്‍ക്കും വായ്പാ തിരിച്ചടവ് പദ്ധതിയില്‍ അപേക്ഷ നല്‍കാന്‍ കഴിയാതെ വന്നു എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇങ്ങനെ അപേക്ഷ സമയപരിധിക്കുള്ളില്‍ സമര്‍പ്പിക്കാന്‍ സാധിക്കാതിരുന്നവരുടെ പ്രശ്നങ്ങള്‍ പരിഹരിക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് ഓണ്‍ലൈന്‍ അപേക്ഷ നല്‍കുന്നതിനുള്ള അവസാന തീയതി 31-1-2018 ആയിരുന്നു. എസ്.എസ്.എല്‍.സി./തത്തുല്യ സര്‍ട്ടിഫിക്കറ്റ്, വരുമാന സര്‍ട്ടിഫിക്കറ്റ്, എലിജിബിലിറ്റി സര്‍ട്ടിഫിക്കറ്റ്, കോഴ്സ് കംപ്ലീഷന്‍ സര്‍ട്ടിഫിക്കറ്റ്, പാന്‍കാര്‍ഡ്, ആധാര്‍ കാര്‍ഡ്, പ്രത്യേക കേസ്സുകളില്‍ മരണ സര്‍ട്ടിഫിക്കറ്റ്, ഡിസെബിലിറ്റി സര്‍ട്ടിഫിക്കറ്റ് തുടങ്ങിയ വിവരങ്ങളാണ് സമര്‍പ്പിക്കേണ്ടിയിരുന്നത്. 2016 ഏപ്രില്‍ 1 മുതല്‍ മുന്‍കാല പ്രാബല്യത്തോടെ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. സര്‍ക്കാരില്‍ ലഭിക്കുന്ന അപേക്ഷകളില്‍ യോഗ്യമായവയ്ക്ക് പദ്ധതി മാനദണ്ഡങ്ങള്‍ക്കനുസൃതമായി വായ്പാ

തിരിച്ചടവ് ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ആദ്യഗഡു സർക്കാർ വിഹിതം അനുവദിച്ചു കഴിഞ്ഞു.

(ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31-10-2017 ആണ്. വിദ്യാർത്ഥികൾക്ക് പാൻകാർഡ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-12-2017 വരെയും തുടർന്ന് 31-1-2018 വരെയും രണ്ടു തവണ ദീർഘിപ്പിച്ചു നൽകിയിരുന്നു. ഓൺലൈൻ അപേക്ഷ സ്വീകരിക്കപ്പെട്ടശേഷം വായ്പക്കാരന്റെ വിഹിതം ബാങ്കുകളിൽ മുൻകൂറായി അടയ്ക്കണമെന്നാണ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വിവക്ഷിച്ചിരിക്കുന്നത്. ഇപ്രകാരം നിശ്ചിത ദിവസത്തിനുള്ളിൽ വായ്പക്കാരന്റെ വിഹിതം ഒടുക്കുന്നമുറയ്ക്കാണ് ബാങ്കുകൾ അപേക്ഷ സർക്കാരിലേയ്ക്ക് കൈമാറുന്നത്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് തുക ഒടുക്കാതിരിക്കുന്നത് ഒരു തടസ്സമായി വന്നിട്ടില്ല. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

## റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനും റോഡ് ഫണ്ട് ബോർഡിനും അനുവദിച്ച തുക

45 (6031) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും റോഡ് ഫണ്ട് ബോർഡിനും നീക്കിവച്ച തുകയുടെ വിശദാംശം നൽകുമോ;

(ബി) 2017 മാർച്ച് 31-നകം അതിൽ എത്ര തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) 2017-18-ലെ ബജറ്റിൽ മേല്പറഞ്ഞ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് നീക്കിവച്ചത് ; അതിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന് തുകയൊന്നും അനുവദിച്ചിരുന്നില്ല. 2016-17-ലെ പുതുക്കിയ ബജറ്റിൽ കേരള റോഡ് ഫണ്ട് ബോർഡിന് നീക്കിവച്ച തുക 197.29 കോടി രൂപയാണ്. അതിൽ 105 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മുൻ വർഷത്തെ നീക്കിയിരിപ്പ് തുകയും ചേർത്ത് 2017 മാർച്ച് 31-നകം 133.33 കോടി രൂപ കേരള റോഡ് ഫണ്ട് ബോർഡ് ചെലവഴിക്കുകയുണ്ടായി.

(സി) 2017-18-ലെ ബജറ്റിൽ കേരള റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന് തുകയൊന്നും നീക്കിവച്ചിട്ടില്ല. 2017-18-ലെ ബഡ്ജറ്റിൽ കേരള റോഡ് ഫണ്ട് ബോർഡിന് നീക്കിവച്ചത് 221.0764 കോടി രൂപയാണ്. അതിൽ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 90.01 കോടി രൂപ ഇതുവരെ ചെലവഴിക്കുകയുണ്ടായി.

**മങ്കട നിയോജക മണ്ഡലത്തിലുൾപ്പെട്ട പ്രവൃത്തികൾ**

46 (6032) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് പുസ്തകത്തിൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ, വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II)-ൽ മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഇതിൽ പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾക്ക് പുറമേ മറ്റ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പുസ്തകത്തിൽ 6708-ാം നമ്പറായി രേഖപ്പെടുത്തിയ പ്രവൃത്തി ഈ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണോ; അറിയിക്കുമോ;

(ഡി) ജില്ലാ പഞ്ചായത്ത് റോഡുകൾ അടക്കമുള്ള വില്ലേജ് റോഡുകൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ഇ) 6708 നമ്പറായി രേഖപ്പെടുത്തിയ പ്രവൃത്തികൾ ജില്ലാപഞ്ചായത്ത് പരിധിയിൽ വരുന്ന റോഡുകൾ ആണെങ്കിൽ ഇത്തരത്തിൽ മറ്റ് പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരാത്ത റോഡുകൾക്ക് ഫണ്ട് അനുവദിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി നൽകിയിരിക്കുന്നു*.

(ബി) എം.എൽ.എ.-മാരും മറ്റു വിശിഷ്ട വ്യക്തികളും സമർപ്പിക്കുന്ന ശിപാർശകളിൽനിന്നും തെരഞ്ഞെടുത്ത പ്രവൃത്തികളാണ് ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അല്ല.

(ഡി & ഇ) എം.എൽ.എ.-മാരും മറ്റു വിശിഷ്ട വ്യക്തികളും സമർപ്പിക്കുന്ന ശിപാർശകളിൽനിന്നും തെരഞ്ഞെടുത്ത പ്രവൃത്തികളാണ് ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ജില്ലാ പഞ്ചായത്ത് റോഡ്/വില്ലേജ് റോഡ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

**ബജറ്റിൽ ഓരോ വകുപ്പിനും വകയിരുത്തിയ തുക**

47 (6033) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബഡ്ജറ്റിൽ ഓരോ വകുപ്പിനും എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) വകയിരുത്തിയ തുകയിൽ 2018 ഫെബ്രുവരി 28 വരെ എത്ര തുക ചെലവഴിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ വകുപ്പിനും വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) 2017-18 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ), ട്രഷറി വകുപ്പിൽനിന്ന് ലഭ്യമായ കണക്കുപ്രകാരം 2018 ഫെബ്രുവരി 28 വരെയുള്ള ചെലവ്, ചെലവഴിച്ച തുകയുടെ ശതമാനത്തിലുള്ള കണക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സർക്കാരിന്റെ ആദ്യവർഷത്തെ പദ്ധതി പ്രവർത്തനം**

48 (6034) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ആദ്യ വർഷത്തെ പദ്ധതി പ്രവർത്തനം (2016-17) അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പദ്ധതി അടങ്കൽ എത്ര കോടി രൂപയായിരുന്നു; ചെലവഴിച്ചത് എത്ര കോടി രൂപയാണ്; ചെലവഴിക്കാൻ കഴിയാതെ പോയത് എത്ര കോടി രൂപയാണ്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓരോ മാസവും വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരുകയും യോഗത്തിൽ ഓരോ വകുപ്പിന്റെയും പദ്ധതി പ്രവർത്തനത്തിന്റെ അവലോകനം നടത്തുകയും ചെയ്യാറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓരോ മൂന്ന് മാസത്തിലൊരിക്കലും കൂടാതെ എല്ലാ വകുപ്പിലെയും പ്രധാനപ്പെട്ട പ്രോജക്ടുകൾ പ്രത്യേകമായും അവലോകനം നടത്തി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ 24000 കോടി രൂപയായിരുന്നു. ഈ സാമ്പത്തിക വർഷം എസ്.ഡി.ജി. മുഖേന അനുവദിച്ച ചെലവുകൾ ഉൾപ്പെടെ 24470.73 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

**എൺപത് വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നൽകുന്ന വാർദ്ധക്യകാല പെൻഷൻ**

49 (6035) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൺപത് വയസ്സിനും അതിനു മുകളിലും പ്രായമുള്ളവർക്ക് സർക്കാർ വാർദ്ധക്യകാല പെൻഷൻ ആയി നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ;'

(ബി) എൺപത് വയസ്സിനും അതിനു മുകളിലും പ്രായമുള്ളവർക്ക് പലർക്കും വാർദ്ധക്യകാല പെൻഷൻ എന്ന നിലയിൽ 600 രൂപയാണ് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവേചന രഹിതമായി എല്ലാവർക്കും ലഭിക്കുന്ന പെൻഷൻ ഇത്തരക്കാർക്ക് ലഭ്യമാക്കാനായി ചെയ്യാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എഴുപത്തിയഞ്ചും അതിനു മുകളിലും പ്രായമുള്ളവർക്ക് വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 1500 രൂപ നിരക്കിൽ നൽകിവരുന്നു.

(ബി) നിലവിലുള്ള ഉത്തരവുപ്രകാരം 6-2-2017-നുമുമ്പ് രണ്ട് പെൻഷൻ വാങ്ങി വന്നിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്. ഇത്തരത്തിൽ രണ്ട് പെൻഷൻ വാങ്ങിവരുന്നവർക്കാണ് രണ്ടാമത്തെ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നത്.

(സി) അർഹതാ മാനദണ്ഡങ്ങൾ പാലിച്ച് പ്രാദേശിക സർക്കാരുകൾ പെൻഷൻ അനുവദിക്കുന്ന വ്യക്തികൾക്കാണ് നിലവിൽ പെൻഷൻ നൽകിവരുന്നത്.

## ജി.എസ്.ടി. മുഖേനയുണ്ടായ പ്രതിസന്ധിക്ക് പരിഹാരം

50 (6036) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-വേ ബിൽ നടപ്പാക്കുമ്പോൾ നികുതി വെട്ടിപ്പിനുള്ള സാധ്യത കുറയുമെന്ന് കരുതുന്നുണ്ടോ; ആയതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത 25 ശതമാനം നികുതി വർദ്ധനവ് കൈവരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) 2018-19-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ നഷ്ടപരിഹാര തുക എത്രയാണെന്നാണ് നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ചെറുകിട വ്യാപാരികൾക്ക് ജി.എസ്.ടി. എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ അവരെ സഹായിക്കുന്നതിന് സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്താണ്;

(ഇ) കയറ്റുമതി മേഖലയിൽ ജി.എസ്.ടി. മുഖേനയുണ്ടായ പ്രതിസന്ധിക്ക് പരിഹാരമായിട്ടുണ്ടോ ; ഇൻപുട്ട് ക്രെഡിറ്റ് റീഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇ-വേ ബിൽ സമ്പ്രദായം നിർബന്ധമാകുന്നതോടെ നികുതി വെട്ടിപ്പുകൾ പരമാവധി ഇല്ലാതാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇ-വേ ബിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ചരക്ക വാഹനങ്ങളിലെ ഇ-വേ ബില്ലുകൾ പരിശോധിക്കുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനങ്ങൾ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനുണ്ട്. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്ക വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനായി ചെക്ക്പോസ്റ്റുകളിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി

പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണ ക്യാമറകളിൽനിന്ന് ലഭ്യമാകുന്ന ചരക്കു വാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി. നെറ്റ്‌വർക്ക് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ തത്സമയം മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്ര സർക്കാർ ആർ.എഫ്.ഐ.ഡി. സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയം പ്രവർത്തനക്ഷമമായി മാറുകയും ചെയ്യും. സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാകും. ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിലവിലെ സാഹചര്യത്തിൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത 25 ശതമാനം നികുതി വർദ്ധനവ് കൈവരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നില്ല. 1-7-2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും ജി.എസ്.ടി.എൻ. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു.

(സി) 2015-16-ലെ കളക്ഷൻ 14% വാർഷിക വർദ്ധനവ് കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. മേൽപ്പറഞ്ഞ മാനദണ്ഡമനുസരിച്ച് 2018-19-ൽ ദ്വൈമാസ അർഹതപ്പെട്ട തുക 4154 കോടി രൂപയാണ്. ഇതിൽനിന്നും എസ്.ജി.എസ്.ടി. കളക്ഷനും എസ്.ജി.എസ്.ടി. കളക്ഷനുവേണ്ടി ഉപയോഗിച്ച ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്.

(ഡി) ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പ് ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളെ എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ജി.എസ്.ടി.യിൽ 20 ലക്ഷത്തിനുമുകളിൽ വിറ്റുവരവുള്ള എല്ലാവർക്കും ചരക്ക് സേവന നികുതി ബാധകമാണ്. ഇത് വൻകിടക്കാരുമായി ഉള്ള മത്സരത്തിൽ ചെറുകിട വ്യവസായികളെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ചെറുകിട വ്യവസായികൾക്കും വ്യാപാരികൾക്കും കുറഞ്ഞ നിരക്കിൽ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിനുള്ള പരിധി രണ്ട് കോടി രൂപയായി ഉയർത്തണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ഒരു പരിധിവരെ ചെറുകിട വ്യവസായ വ്യാപാര മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) പൂർണ്ണമായ ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് പ്രവർത്തനക്ഷമമാകാത്തതിനെ തുടർന്ന് കയറ്റുമതിക്കാർക്ക് അധികരിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള റീഫണ്ട് ലഭ്യമാകുന്നതിന് കാലതാമസമുണ്ടായി. റീഫണ്ടിനുള്ള കാലതാമസം കയറ്റുമതിക്കാരുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കൂടുതൽ പരിശോധനയില്ലാതെ അവരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് നൽകുന്നതിന് കേന്ദ്രം സി.ബി.ഇ.സി. 17/2017 നമ്പർ സർക്കുലറും കേരള 01/2018, 02/2018 നമ്പർ സർക്കുലറുകളും പുറപ്പെടുവിക്കുകയുമുണ്ടായി. കൂടാതെ കയറ്റുമതിക്ക് ഐ.ജി.എസ്.ടി. അടയ്ക്കാതെ ലെറ്റർ ഓഫ് അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി ചെയ്യാനുള്ള ചട്ടഭേദഗതി കൊണ്ടുവന്നു. നിലവിൽ ട്രഷറിയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളെത്തുടർന്ന് റീഫണ്ട് സമയബന്ധിതമായി നൽകുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക**

51 (6037) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 ഫെബ്രുവരി 28 ാം തീയതിയിലെ കണക്കനുസരിച്ച് പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയിനത്തിൽ അവർക്ക് എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പ് | 341.03 |
| പൊതുമരാമത്ത് (കെട്ടിടം) വകുപ്പ് | 254.16 |
| ജലവിഭവം | 55.06 |
| ആകെ | 650.25 |

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പ് | 1509.59 |
| പൊതുമരാമത്ത് (കെട്ടിടം) വകുപ്പ് | 804.30 |
| ജലവിഭവം | 308.49 |
| ആകെ | 2622.38 |

## ഗ്രാമീണ റോഡുകൾ പരിഷ്കരിക്കാൻ നടപടി

52 (6038) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാന ഗ്രാമീണ റോഡുകൾ പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ; ജനങ്ങൾ വർഷങ്ങളായി ഉപയോഗിച്ചുവരുന്ന ഈ റോഡുകൾ ഒറ്റത്തവണയെങ്കിലും പരിഷ്കരിക്കാൻ ബജറ്റിൽ ഫണ്ട് അനുവദിച്ച് ഉത്തരവാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ നവീകരണത്തിന് നടപ്പ് സാമ്പത്തിക വർഷത്തിൽ 3054-04-196-39 ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഒറ്റത്തവണ സഹായം, 3054-04-198-39 ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഒറ്റത്തവണ സഹായം എന്നീ ശീർഷകങ്ങളിൽ ടോക്കൺ പ്രൊവിഷനാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ 15-5-2017-ലെ സ.ഉ. (സാധാ) നമ്പർ 4082/ 2017/ധന. ഉത്തരവുപ്രകാരം 3054-04-198-39 (NPV) എന്ന ശീർഷകത്തിൽ 225 കോടി രൂപയും 3054-04-196-39 (NPV) എന്ന ശീർഷകത്തിൽ 75 കോടി രൂപയും ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് അധിക ധനാനുമതി അനുവദിച്ചിട്ടുണ്ട്. ഇതിൽ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ബില്ല് സെറ്റിൽ ചെയ്യുന്നതിലേയ്ക്കായി 3054-04-198-39 (NPV) ശീർഷകത്തിൽനിന്ന് 223.98 കോടി രൂപയും 3054-04-196-39 (NPV) ശീർഷകത്തിൽനിന്ന് 74.73 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ നവീകരണവുമായി ബന്ധപ്പെട്ട് ഭരണ വകുപ്പ് ഫയലുകൾ ധനകാര്യ വകുപ്പിലില്ല.

## വില്ലേജ് ഓഫീസർമാരുടെ തസ്തിക

53 (6039) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസർമാരുടെ തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉയർത്തണമെന്ന ശമ്പള പരിഷ്കരണ കമ്മിഷന്റെ ശിപാർശ നടപ്പിലാക്കിയിട്ടില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഫയലിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസർ തസ്തികയുടെ ശമ്പള സ്കെയിലിൽ രണ്ട് ലെവൽ വർദ്ധനവ് വരുത്തുന്നപക്ഷം ഉണ്ടായേക്കാവുന്ന അധിക സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച് വിശദമായ റിപ്പോർട്ട്, ലാൻഡ് റവന്യൂ വകുപ്പിൽ നിലവിലുള്ള തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ, റവന്യൂ ഇൻസ്പെക്ടർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, സീനിയർ ക്ലാർക്ക് എന്നീ തസ്തികകളുടെ എണ്ണം, ഓരോ തസ്തികയിലേയ്ക്കും പ്രൊമോഷൻ ലഭിക്കുന്നതിനുള്ള ശരാശരി കാലയളവ് തുടങ്ങിയ വിവരങ്ങൾ സഹിതം ഫയൽ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല. ടി റിപ്പോർട്ട് ലഭിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ**

54 (6040) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി എൻ. എസ്. ഡി. എൽ. പ്രതിനിധികളുമായി സർക്കാർ 2017 ഡിസംബറിൽ കൂടിക്കാഴ്ച നടത്തിയിരുന്നോ;

(ബി) പ്രസ്തുത മീറ്റിംഗിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഉദ്യോഗസ്ഥർ ആരെല്ലാമെന്നും എൻ.എസ്.ഡി.എൽ.-നെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമെന്നും അറിയിക്കുമോ;

(സി) പ്രസ്തുത മീറ്റിംഗിന്റെ മിനിട്സ് എൻ. എസ്.ഡി.എൽ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി& സി) ബാധകമല്ല.

**പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതിയടങ്കൽ സംബന്ധിച്ച്**

55 (6041) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെ 2017-18-ലെ പദ്ധതിയടങ്കൽ എത്രയായിരുന്നുവെന്നും അതിൽ കേന്ദ്ര സഹായ പദ്ധതികളുടെ അടങ്കൽ തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുകയിൽനിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ 2017-18 വർഷത്തെ പദ്ധതിയടങ്കൽ 2597.69 (രണ്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയേഴ് കോടി അറുപത്തിയൊൻപത് ലക്ഷം) കോടി രൂപയാണ്. ഇതിൽ കേന്ദ്ര സഹായ പദ്ധതികളുടെ അടങ്കൽ തുക 622.66 കോടി രൂപയാണ്.

(ബി) പ്രസ്തുത പദ്ധതി അടങ്കൽ തുകയിൽനിന്നും നാളിതുവരെ 1950.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**പയ്യന്നൂർ സബ് ട്രഷറി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി**

56 (6042) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇൻകെൽ തയ്യാറാക്കിയ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഫയൽ ഇപ്പോൾ ഏത് വകുപ്പിൽ ഏത് സെക്ഷനിലാണ് ഉള്ളതെന്നും അതിന്റെ ഫയൽ നമ്പർ എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ഇൻകെൽ ഡി.പി.ആർ. തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ആയത് രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒന്നാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ കെട്ടിടങ്ങളുടെ സാങ്കേതികാനുമതി നൽകുന്നത് സംബന്ധിച്ച് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ. ഇൻകെൽ സമർപ്പിച്ചിട്ടില്ല (സബ്ട്രഷറി വടക്കാഞ്ചേരി, സബ്ട്രഷറി മാന്നാർ എന്നിവയ്ക്ക് ഒഴികെ). ആയതിനാൽ

ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് TS ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാംഘട്ടത്തിൽ പരിഗണിക്കുവാൻ സമർപ്പിച്ച പയ്യന്നൂർ സബ്ട്രഷറി കെട്ടിടത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത വിഷയം ഇപ്പോൾ ധനകാര്യ വകുപ്പിലെ ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ് (ബി) സെക്ഷനിലെ Ind & PW B2/20/2018-Fin (E 715626) നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ**

57 (6043) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് കാലാവധി കഴിഞ്ഞ് മെമ്പർ സ്ഥാനം നഷ്ടപ്പെട്ടതിന് ശേഷം ഏതെങ്കിലും തരത്തിലുള്ള പെൻഷൻ നൽകിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) അതാത് പ്രദേശത്തുള്ള ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും പലവിധത്തിലുള്ള ബുദ്ധിമുട്ട് അനുഭവിയ്ക്കുകയും അവരുടെ വിഷയങ്ങൾ സർക്കാരിനെയും മറ്റ് മന്ത്രിമാരെയും എം.എൽ.എ.-മാരേയും അറിയിക്കുകയും ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് അർഹമായ പെൻഷൻ നല്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇവരുടെ പെൻഷൻ സംബന്ധിച്ച് എന്തെങ്കിലും ഫയൽ നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇതിലേയ്ക്കായി ഓരോ വർഷവും എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് കാലാവധി കഴിഞ്ഞ് മെമ്പർ സ്ഥാനം നഷ്ടപ്പെട്ടതിനുശേഷം നിലവിൽ പെൻഷൻ നൽകുന്നില്ല.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ഫയൽ ഇല്ല.

(ഡി) ബാധകമല്ല.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ ഉത്തരവ്

58 (6044) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബജറ്റിൽ പദ്ധതി വിഹിതമായി അനുവദിക്കുന്ന പണം അതാത് വർഷം തന്നെ ചെലവഴിക്കണമെന്ന് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) സ്പിൽ ഓവർ അനുവദിക്കുമെന്ന് പ്രസ്താവിച്ച ധനകാര്യവകുപ്പുമന്ത്രിയുടെ നിലപാടിന് വിരുദ്ധമാണോ ഈ ഉത്തരവ്; എങ്കിൽ ഇത്തരം ഒരു ഉത്തരവ് ഇറങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 20-3-2018-ന് സ.ഉ.(അ) നമ്പർ 46/2018/ധന. നമ്പർ ഉത്തരവ് മുഖേന പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തു.

(ബി) ഉത്തരവ് പിൻവലിച്ച സാഹചര്യത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ഒരു സാമ്പത്തിക വർഷം ചെലവഴിക്കാത്ത തുക സ്പിൽ ഓവറായി പിന്നീട് ലഭിക്കുന്നതാണ്.

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

59 (6045) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്തിന്റെ കടബാധ്യത ഭീമമായി വർദ്ധിച്ചതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ച ഭൂരിപക്ഷം പദ്ധതികളും നടപ്പാക്കാത്ത സാഹചര്യത്തിൽ കടബാദ്ധ്യത വർദ്ധിച്ച് വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും അധിക വിഭവ സമാഹരണത്തിനും ഉപയോഗപ്രദമാകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ അനുവദിച്ച നൽകുന്ന പരിധിക്കുള്ളിൽ നിന്നുമാത്രമേ സംസ്ഥാന സർക്കാർ കടമെടുക്കാറുള്ളൂ. സാങ്കേതിക പ്രശ്നങ്ങൾമൂലം തുടങ്ങാൻ കഴിയാത്തതൊഴികെ ബജറ്റിൽ പ്രഖ്യാപിച്ച ഭൂരിപക്ഷം പദ്ധതികളും മുടക്കം കൂടാതെ നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പൊതു വിപണിയിൽനിന്നുള്ള കടമെടുക്കലും ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ജി.എസ്.ടി.-യുടെ വരവോടുകൂടി സംസ്ഥാനങ്ങളുടെ നികുതി ഭരണത്തിലുള്ള അവകാശം പരിമിതപ്പെട്ടിട്ടുള്ള സാഹചര്യത്തിലും നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും നികുതി ഇതര വരുമാനം വർദ്ധിപ്പിച്ചും അധിക വിഭവസമാഹരണം നടത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ജി.എസ്.ടി.**

60 (6046) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം വിൽപ്പന നികുതി വിഭാഗത്തിലെ അസ്സെസ്സ്മെന്റ്, ഇന്റലിജൻസ്, അപ്പീൽ വിംഗുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ വിംഗുകളിലെ ഉദ്യോഗസ്ഥർ ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം പ്രധാനമായും എന്ത് ജോലികളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഉദ്യോഗസ്ഥർക്ക് ഓൺലൈനിൽ ജോലിചെയ്യാനുള്ള സംവിധാനം നിലവിൽ വന്നിട്ടില്ലെന്നത് ശരിയാണോ ; വ്യക്തമാക്കാമോ;

(ഡി) ജി.എസ്.ടി. സൈറ്റിൽ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കാനുള്ള മേഖല ഉണ്ടാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പാക്കിയിയിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ഇ) വിൽപ്പന നികുതിയിൽ അപ്പീൽ കൊടുക്കാനുള്ള സംവിധാനം ഇല്ലാത്തതിനാലാണോ ഇപ്പോൾ പലരും ഹൈക്കോടതിയെ സമീപിക്കുന്നത് ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. <u>ഇന്റലിജൻസ് വിഭാഗം</u> : ജി.എസ്.ടി.യുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതും ജി.എസ്.ടി. നിയമപ്രകാരം ചെക്ക്പോസ്റ്റുകൾക്ക് നിയമപരമായ സാധുത ഇല്ലാത്തതിനാൽ അവ ഒഴിവാക്കപ്പെട്ടിട്ടുള്ളതും ഇതിനെത്തുടർന്ന് നിലവിൽ വരുമെന്ന് പറഞ്ഞിരുന്ന ഇ-വേ ബിൽ നിലവിൽ വരാത്തതിനാലും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന സാധനങ്ങളുടെ പരിശോധന കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാന അതിർത്തി മേഖലകളിൽ നികുതി വെട്ടിച്ച ചരക്ക നീക്കം തടയുന്നതിനായി കർശന നിരീക്ഷണത്തിനും പരിശോധനയ്ക്കുമായി കൂടുതൽ ഇന്റലിജൻസ് സ്ക്വാഡുകളെ 24 മണിക്കൂറും നിരീക്ഷണത്തിനായി നിയോഗിച്ച് വരുന്നു. കൂടാതെ ജി.എസ്.ടി. പൂർണ്ണമായി നടപ്പിലാക്കിക്കഴി ഞ്ഞിട്ടില്ലാത്തതും ജി.എസ്.ടി. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെടാത്തതുകൊണ്ടും പരിശോധനകൾ കൂടുതൽ കാര്യക്ഷമ മാക്കുന്നുണ്ട്. ഹോട്ടലുകളിൽനിന്ന് തുടർച്ചയായി ബില്ലുകൾ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്യുന്നു. നികുതി വെട്ടിപ്പ് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ, പാഴ്സൽ ഓഫീസുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിവരുന്നു. പുതിയ സേവന മേഖലകളിൽ ഉൾപ്പെടെ പരിശോധന നടത്തി ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമായ കേസ്സുകളിൽ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ജി.എസ്.ടി.യിൽ സർവ്വീസ് മേഖലകൂടി വരുന്നതിനാൽ ആയതുമായി ബന്ധപ്പെട്ട നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അന്വേഷണങ്ങളും തുടർനടപടികളും പുതിയതായി നടത്തുന്നുണ്ട്. മൈഗ്രേഷൻ ട്രാൻ-1, 3-ബി എന്നിവയുടെ ലിസ്റ്റുകൾ ലഭ്യമാക്കി ആവശ്യമായ അന്വേ ഷണങ്ങൾ നടത്തി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജി.എസ്.ടി.യിൽ രജിസ്ട്രേഷൻ പുതിയതായി എടുത്തവരുടെയും വാറ്റിൽ രജിസ്ട്രേഷൻ ഉണ്ടായിരുന്നിട്ട് ജി.എസ്.ടി.യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യാത്തവ രുടെയും വിവരങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. കൂടാതെ ഏപ്രിൽ 1 മുതൽ ഇ-വേ ബിൽ നിലവിൽ വരുന്നതിനാൽ GSTN-ൽ ഇത് പരിശോധിക്കേണ്ടതുണ്ട്.

2. <u>അസെസ്സ്മെന്റ് വിഭാഗം</u>: ജി.എസ്.ടി.യിൽ നിലവിൽ ഫയൽ ചെയ്യപ്പെടേണ്ട രണ്ട് തരം റിട്ടേണുകൾ, Form Tran-1-ന്റെ പരിശോധന, വീഴ്ച വരുത്തുന്നവർക്ക് നോട്ടീസ് നൽകി തുടർനടപടി സ്വീകരിക്കൽ, പുതിയ രജിസ്ട്രേഷൻ അനുവദിക്കൽ, അതുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ ഭേദഗതി, വിവിധതരം GST Refund-ന്റെ പരിശോധനയും വിതരണവും LoU അനുവദിക്കൽ, VAT, കെ.ജി.എസ്.ടി.യുമായി ബന്ധപ്പെട്ട സമയബന്ധിത ഫയലുകളുടെ തീർപ്പാക്കൽ എന്നിവയാണ് അസെസ്സ്മെന്റ് വിഭാഗം ചെയ്തുവരുന്നത്.

3. <u>അപ്പീൽ വിഭാഗം</u>: ജി.എസ്.ടി. നിലവിൽ വന്നതിൽ അപ്പീൽ വിഭാഗത്തിന്റെ പ്രവർത്തനത്തിൽ മാറ്റമില്ല.

(സി) ഉദ്യോഗസ്ഥർക്ക് ഓൺലൈനിൽ ജോലി ചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്. പുതിയ സംവിധാനങ്ങൾ GSTN-ൽ കൂട്ടിച്ചേർക്കുന്നതനുസരിച്ച് വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു.

(ഡി) ഉണ്ട്. ജി.എസ്.ടി. സൈറ്റിൽ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കാനുള്ള മേഖല നടപ്പിലാക്കിവരുന്നു. കൂടുതൽ സംവിധാനങ്ങൾ GSTN-ൽ കൂട്ടിച്ചേർക്കുന്നതനുസരിച്ച് ഉദ്യോഗസ്ഥർക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള മേഖല ലഭ്യമാകുന്നതാണ്.

(ഇ) പൊതു വിൽപ്പന നികുതി നിയമപ്രകാരം അപ്പീൽ സമർപ്പിക്കാനുള്ള സംവിധാനം ഇപ്പോഴും നിലവിലുണ്ട്.

**ജി.എസ്.ടി. റിട്ടേൺ ഫയലിംഗ്**

61 (6047) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന വ്യാപാരത്തിനുള്ള ഐ.ജി.എസ്.ടി നികുതി കേന്ദ്രം സംസ്ഥാനത്തിന് നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പങ്ക് വയ്ക്കാത്തത് എന്തു കൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് സങ്കീർണ്ണമായ പ്രക്രിയയാണോ; വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് ലളിതമാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ഉണ്ടായോ; വ്യക്തമാക്കുമോ;

(ഡി) കയറ്റുമതിക്കാർക്ക് ജി.എസ്.ടി. യിൽ നികുതി ആനുകൂല്യം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ജി.എസ്.ടി. സംവിധാനത്തിലെ സാങ്കേതിക തകരാറുകൾ പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അന്തർ സംസ്ഥാന വ്യാപാരത്തിനുള്ള ഐ.ജി.എസ്.ടി. നികുതി കേന്ദ്രം സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. ഇത് എല്ലാ മാസാന്ത്യത്തിലും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്.

(ബി) നിലവിൽ ജി.എസ്.ടി.യിലെ റിട്ടേൺ സംവിധാനത്തിൽ ഒരു സാധാരണ വ്യാപാരി മൂന്ന് തരത്തിലുള്ള റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതുണ്ട്. വിൽപ്പനയെ സംബന്ധിച്ച വിവരങ്ങൾ ജി.എസ്.ടി.ആർ.-1-ലും വാങ്ങലുകളെ സംബന്ധിച്ച വിവരങ്ങൾ വ്യാപാരിക്ക് ഓൺലൈനായി ലഭിക്കുന്ന ഡാറ്റകൾ പരിശോധിച്ച് ജി.എസ്.ടി.ആർ.-2 ആയും ഫയൽ ചെയ്യേണ്ടതുണ്ട്. ഇതിനുശേഷം നികുതി ബാദ്ധ്യത കാണിക്കുന്ന കൺസോളിഡേറ്റഡ് റിട്ടേൺ ജി.എസ്.ടി.ആർ.-3 ആയും ഫയൽ ചെയ്ത് നികുതി അടയ്ക്കേണ്ടതുണ്ട്. ഇതിനെല്ലാം വ്യക്തമായ സമയക്രമവും നിർദ്ദേശിക്കുന്നുണ്ട്. റിട്ടേണുകൾ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട ജി.എസ്.ടി.എൻ. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ ഇപ്പോൾ വ്യാപാരികൾ ജി.എസ്.ടി.ആർ.-3 ബി ഫയൽ ചെയ്ത് നികുതി അടയ്ക്കുന്നുണ്ട്.

(സി) ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് ലളിതമാക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഉണ്ടായിട്ടില്ല.

(ഡി) പൂർണ്ണമായ ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് പ്രവർത്തനക്ഷമമാകാത്തതിനെ തുടർന്ന് കയറ്റുമതിക്കാർക്ക് അധികരിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള റീഫണ്ട് ലഭ്യമാകുന്നതിന് കാലതാമസമുണ്ടായി. റീഫണ്ടിനുള്ള കാലതാമസം കയറ്റുമതിക്കാരുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കൂടുതൽ പരിശോധനയില്ലാതെ അവരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് നൽകുന്നതിന് കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് സി.ബി.ഇ.സി. സർക്കുലർ 17/2017 പുറപ്പെടുവിക്കുകയും കേരളം 01/2018, 02/2018 എന്നീ സർക്കുലറുകൾ

പുറപ്പെടുവിക്കുകയുമുണ്ടായി. കൂടാതെ കയറ്റുമതിക്ക് ഐ.ജി.എസ്.ടി. അടയ്ക്കാതെ ലെറ്റർ ഓഫ് അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി ചെയ്യാനുള്ള ചട്ടഭേദഗതി കൊണ്ടുവന്നു. നിലവിൽ ട്രഷറിയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളെ തുടർന്ന് റീഫണ്ട് സമയബന്ധിതമായി നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കുന്നതിന് ആദ്യഘട്ടത്തിൽ വേണ്ട രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതി അടവ് എന്നിവ ഫ്രണ്ട് എൻഡിലാണ്. ഇത് ജി.എസ്.ടി.എൻ. ആണ് തയ്യാറാക്കുന്നത്. മോഡൽ 1 സംസ്ഥാനമായ കേരളത്തിൽ ബാക്ക് എൻഡ് മൊഡ്യൂൾ തയ്യാറാക്കുന്നത് സംസ്ഥാനമാണ്. നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യുന്നതിനുള്ള സംവിധാനം ഇതുവരെയും സജ്ജമായിട്ടില്ല. സാങ്കേതിക പ്രശ്നങ്ങളാൽ ഫെബ്രുവരി 1 മുതൽ നിർബന്ധമാക്കാൻ ഉദ്ദേശിച്ചിരുന്ന ഇ-വേ ബിൽ സംവിധാനം നീട്ടിവയ്ക്കുകയുണ്ടായി. ഇത് ഏപ്രിൽ 1 മുതൽ നിർബന്ധമാക്കിക്കൊണ്ടുള്ള വിജ്ഞാപനം കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ജി.എസ്.ടി. കൗൺസിലിൽ നടത്തിയ ഇടപെടലുകൾ**

62 (6048) <u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി ഏർപ്പെടുത്തിയപ്പോൾ ജി.എസ്.ടി. കൗൺസിലിൽ ഇടപെട്ടുകൊണ്ട് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി തീരുമാനങ്ങൾ എടുപ്പിക്കുന്നതിന് സർക്കാരിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ജി.എസ്.ടി.യിൽ ലയിപ്പിച്ച എക്സൈസ്, സി.എസ്.ടി., വാറ്റ്, സർവ്വീസ് ടാക്സ് എന്നിവയെല്ലാമെടുത്താൽ, ജി.എസ്.ടി. ഏർപ്പെടുത്തുന്നതിന് മുമ്പ് ചരക്കിന്മേൽ ഉണ്ടായിരുന്ന ശരാശരി നികുതി നിരക്കിനേക്കാൾ എന്ത് കുറവാണ് ജി.എസ്.ടി. ഏർപ്പെടുത്തിയശേഷം ഉണ്ടാകേണ്ടതെന്നറിയിക്കാമോ;

(സി) അപ്രകാരമുള്ള കുറവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകംതന്നെ നടപ്പിലായതിനാൽ കേരളത്തിന് മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാദ്ധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി. കൗൺസിലിനെക്കൊണ്ട് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ പരമാവധി സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങളെടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി.ക്കുമുമ്പ് എക്സൈസ്, സി.എസ്.ടി., വാറ്റ്, സർവ്വീസ് ടാക്സ് എന്നിവയെല്ലാം ചേർത്ത് മിക്ക സാധനങ്ങൾക്കും ഏകദേശം 30 ശതമാനത്തോളം നികുതി ബാദ്ധ്യതയുണ്ടായിരുന്നു. എന്നാൽ ജി.എസ്.ടി.യിൽ ഏറ്റവും കൂടിയ നികുതി നിരക്ക് 28% ആണ്. ഏകദേശം 50-ൽ താഴെ സാധനങ്ങൾക്കുമാത്രമേ 28% നികുതി നിരക്ക് ബാധകമുള്ളൂ. റവന്യൂ ന്യൂട്രൽ നിരക്ക് 18% ആണ്. കൂടുതൽ സാധനങ്ങളുടെയും നികുതി നിരക്ക് 18%-ഉം അതിൽ താഴെയുമാണ്. ഇത് ജി.എസ്.ടി.-ക്ക് മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ കുറവാണ്.

(സി) നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉൽപ്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ലെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായ ആദ്യ മാസത്തിൽത്തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

**ജി.എസ്.ടി. നടപ്പാക്കിയശേഷമുള്ള നികുതി ചോർച്ച**

63 (6049) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പാക്കിയശേഷം പൊതുഗതാഗതം വഴിയുള്ള ചരക്കുനീക്കം പരിശോധിക്കാനും നികുതിചോർച്ച തടയുവാനുമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇ-വേ ബിൽ നടപ്പാക്കിയിട്ടുണ്ടോ; ഇ-വേ ബിൽ വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) റെയിൽ-വ്യോമ-ജലഗതാഗത മാർഗ്ഗങ്ങൾ മുഖേനയുള്ള ചരക്കു നീക്കത്തിലെ നികുതിചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുവാൻ ധനവകുപ്പ് എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കേരളം ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തശേഷം സ്വന്തമായി കേരള സംസ്ഥാന ചരക്ക്സേവന നികുതി ചട്ടം 138 പ്രകാരം അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് മൂന്ന് വിഭാഗങ്ങളിലായി KER 1, KER 2, KER 3 ഫോമുകൾ നിർബന്ധമാക്കി. ഇതിനെതിരായി പല കേസ്സുകളും ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. അന്തർ സംസ്ഥാന ചരക്കുനീക്കം ഐ.ജി.എസ്.ടി. നിയമപ്രകാരമായതിനാൽ സംസ്ഥാനത്തിന് പ്രത്യേകമായി ഇതിനായി ഫോമുകൾ നിഷ്കർഷിക്കാൻ അവകാശമില്ലെന്ന കാരണത്താൽ KER ഫോമുകൾ നിർബന്ധമാക്കുന്നതിനെതിരായി കോടതി വിധികളുണ്ടായി. ഈ വിഷയം കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും 1-2-2018 മുതൽ ഇന്ത്യയൊട്ടാകെ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വരികയും ചെയ്തു. എന്നാൽ ജി.എസ്.ടി.എൻ.-ലെ സോഫ്റ്റ്വെയറിന്റെ സാങ്കേതിക തകരാർമൂലം ഇതിന്റെ തീയതി 1-4-2018 മുതലായി പുതുക്കി നിശ്ചയിച്ചു. ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധിവരെ നികുതി ചോർച്ച ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. ചെക്ക്പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെത്തുടർന്ന് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധനയ്ക്കായി ചെക്ക്പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതി ചോർച്ചയും നികുതി വെട്ടിച്ചുള്ള ചരക്ക നീക്കവും ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട അതിർത്തികളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ എടുക്കുന്നതിനുള്ള അവസരം ഇപ്പോൾ നിലവിലുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കുനീക്കം തുടങ്ങുമ്പോൾത്തന്നെ ഇ-വേ ബിൽ എടുക്കേണ്ടതുണ്ട് എന്നതാണ്. ഇതിനാൽ ചരക്കുനീക്കം ആരംഭിക്കുമ്പോൾത്തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാകും. ചരക്ക നീക്കത്തിന് ഇന്ത്യയൊട്ടാകെ ഒരു ഇ-വേ ബിൽ മാത്രം മതിയാകും. ഇത് ചരക്കുനീക്കം സുഗമമാക്കുകയും നികുതി വെട്ടിപ്പ് കുറയ്ക്കുകയും ചെയ്യും. ഈ സമ്പ്രദായത്തിൽ അൻപതിനായിരം രൂപയ്ക്ക് മുകളിലുള്ള ചരക്കുകളുടെ കൈമാറ്റത്തിന് ഇ-വേ ബിൽ നിർബന്ധമാണ്. ഇ-വേ ബിൽ സമ്പ്രദായത്തിൽ ചരക്ക വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ ചരക്കുനീക്കം നടത്തുന്ന ആളിനോ ഇ-വേ ബിൽ എടുക്കാവുന്നതാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്ക നീക്കത്തിന് വാഹന നമ്പർ കൂടാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഇ-വേ ബില്ലിൽ വാഹനത്തിന്റെ നമ്പർ ഇ-വേ ബിൽ എടുക്കുന്നയാളിനോ ട്രാൻസ്പോർട്ടറിനോ ചേർക്കാവുന്നതാണ്. ചരക്കുകൾ വാഹനം മാറ്റി കയറ്റേണ്ടി വരുന്ന സാഹചര്യത്തിൽ ഇ-വേ ബില്ലിൽ വാഹനത്തിന്റെ നമ്പർ മാറ്റം വരുത്താൻ കഴിയുന്നതാണ്. ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്ര വിജ്ഞാപനം 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃതമല്ലാതെയുള്ള വാഹനങ്ങളുടെ ചരക്കുനീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ഒരു ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ അൻപതിനായിരം എന്ന പരിധി ബാധകമല്ല. ഒരു വാഹനത്തിൽ മൊത്തം അൻപതിനായിരം രൂപയ്ക്ക് മുകളിലുള്ള ചരക്കുകളുണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്. എടുത്ത ഇ-വേ ബിൽ 24 മണിക്കൂറിനകം ക്യാൻസൽ ചെയ്യാവുന്നതാണ്. ഇ-വേ ബില്ലിന്റെ കാലാവധി ഓരോ 100 കിലോമീറ്ററിനും ഒരു ദിവസം എന്നതാണ്. ചരക്ക സ്വീകരിക്കുന്നയാളിന് തെറ്റായ വിവരങ്ങൾ അടങ്ങിയതോ തന്റേതല്ലാത്തതോ ആയ ഇ-വേ ബിൽ എടുത്ത് 72 മണിക്കൂറിനകം ക്യാൻസൽ ചെയ്യാവുന്നതാണ്. ഒരു വാഹനത്തിൽ കൊണ്ടു വരുന്ന ചരക്കുകൾക്ക് ഒന്നിലധികം ഇ-വേ ബിൽ എടുക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഒരുമിച്ചുള്ള ഇ-വേ ബിൽ എടുക്കാവുന്നതാണ്.

(സി) റെയിൽ-വ്യോമ-ജല ഗതാഗത മാർഗ്ഗങ്ങൾ മുഖേനയുള്ള നികുതി ചോർച്ച തടയുന്നതിനുവേണ്ടി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

## ജി.എസ്.ടി.യെ അധികരിച്ച് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ്

64 (6050) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.-യെ അധികരിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കോഴ്സ് ആരംഭിക്കുന്നതെപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(സി) കോഴ്സ് നടത്തുന്നതിന് ഏതെങ്കിലും വ്യക്തി, സ്ഥാപനം, പ്രൊഫഷണൽ സംഘടനകൾ, ഏജൻസികൾ എന്നിവയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജി.എസ്.ടി.-യെ അധികരിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തുവാൻ തീരുമാനിച്ചിരുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ് ഇപ്പോൾ മരവിപ്പിച്ചിരിക്കുകയാണ്.

(ബി&സി) ബാധകമല്ല.

## വാണിജ്യ നികുതി വകുപ്പിൽ ഘടനാപരമായ മാറ്റം

65 (605) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് വാണിജ്യ/ വിൽപ്പന നികുതി വകുപ്പുകളിൽ ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

ജി.എസ്.ടി. നടപ്പാക്കിയതിനാൽ സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ നിർത്തലാക്കുകയും ടി ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ വകുപ്പിന്റെ മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

## ട്രഷറി വഴി ശമ്പള വിതരണം

66(6052) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ട്രഷറി വഴി വിതരണം നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാന ജീവനക്കാർ മുഴുവൻ ട്രഷറികളിൽ ഹാജരായി പണം പിൻവലിയ്ക്കുന്നതിനുള്ള അസൗകര്യവും ട്രഷറികളിൽ ഉണ്ടാകുന്ന തിരക്കും പരിഗണിച്ചിട്ടുണ്ടോ; ഇതൊഴിവാക്കാൻ എന്ത് നടപടികളാണ് കൈക്കൊള്ളുന്നത്;

(സി) ഓഫീസ് സമയത്തിനു ശേഷവും പണം സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പിൻവലിക്കുവാൻ എന്ത് സംവിധാനമാണ് ട്രഷറികളിൽ ഉള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയിൽ പണം പിൻവലിക്കുന്നതിന് എല്ലാ ജീവനക്കാരും ട്രഷറികളിൽ നേരിട്ട് എത്തേണ്ട ആവശ്യമില്ല. ഈ പദ്ധതി പ്രകാരം ശമ്പളം ആദ്യം ജീവനക്കാരന്റെ ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുകയും അവിടെ നിന്ന് ജീവനക്കാരുടെ ആവശ്യാനുസരണം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവുമുണ്ടായിരിക്കും. ആയതിനാൽ നിലവിൽ ബാങ്ക് അക്കൗണ്ടുകൾ വഴി ശമ്പളം പിൻവലിച്ചുകൊണ്ടിരിക്കുന്നവർക്ക് തുടർന്നും അതേ അക്കൗണ്ട് വഴി അതേ സംവിധാനത്തിലൂടെ പണം പിൻവലിക്കാവുന്നതാണ്.

(സി) നിലവിൽ ബാങ്ക് അക്കൗണ്ടുകൾ വഴി ശമ്പളം പിൻവലിക്കുന്ന ജീവനക്കാർക്ക് ഇതുവരെ പണം പിൻവലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അതേ മാർഗ്ഗങ്ങൾ തുടർന്നും ലഭ്യമാണ്. ട്രഷറി സേവിംഗ്സ് ബാങ്കിന് ATM ഏർപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബാങ്കുകളുമായി സഹകരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. ATM സ്ഥാപിക്കുന്നതോടുകൂടി പണം പിൻവലിക്കുന്നതിന് ട്രഷറിയിൽ വരേണ്ട ആവശ്യം വരുന്നില്ല.

**നൂറനാട് സബ്ട്രഷറിക്ക് ചുറ്റുമതിൽ കെട്ടുന്നതിനുള്ള തുക**

67 (6053) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് സബ്ട്രഷറിയിൽ ആവശ്യമായ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നൂറനാട് സബ്ട്രഷറിയുടെ പുതിയ കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള തുക അനുവദിച്ച് ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നൂറനാട് സബ്ട്രഷറിയിൽ നിലവിൽ 1 സബ് ട്രഷറി ഓഫീസർ, 1 ജൂനിയർ സൂപ്രണ്ട്, 5 അക്കൗണ്ടന്റ്, 1 ട്രഷറർ, 2 ഓഫീസ് അറ്റൻഡന്റ് എന്ന നിലയിലാണ് സ്റ്റാഫ് പാറ്റേൺ. പ്രസ്തുത ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് 28-2-2018-ൽ സർവ്വീസിൽ നിന്ന് വിരമിച്ചതുമൂലം ഈ തസ്തികയിൽ ഒഴിവ് വന്നിട്ടുണ്ട്. ഈ ഒഴിവിലേയ്ക്ക് പുതിയ ജൂനിയർ സൂപ്രണ്ടിനെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നൂറനാട് സബ്ട്രഷറിക്കുവേണ്ടി പണിത പുതിയ കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് ഡിവിഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വർക്ക് ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനും എസ്റ്റിമേറ്റ് തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്ക് പലിശ നിരക്ക്**

68 (6054) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറികളിൽ സ്ഥിര നിക്ഷേപങ്ങൾക്ക് നല്കിവരുന്ന പലിശ നിരക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി) ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് നല്കി വരുന്ന പരമാവധി പലിശ നിരക്ക് എത്രയാണ്; വ്യക്തമാക്കുമോ;

(സി) ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിൽ നല്കി വരുന്ന പലിശ നിരക്ക് ദേശസാത്കൃത ബാങ്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര ശതമാനം ഉയർന്നതാണ്; വ്യക്തമാക്കുമോ;

(ഡി) ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് ഇനത്തിൽ പ്രതിമാസം നല്കിവരുന്ന തുകയെത്രയാണ്?

ഉത്തരം

(എ) വാർഷിക പലിശ നിരക്ക്

സ്ഥിര നിക്ഷേപ കാലാവധി 180 ദിവസം മുതൽ ഒരു വർഷത്തിനുതാഴെ

| ജനറൽ | മുതിർന്ന പൗരൻമാർ |
|---|---|
| 7 % | 7.5 % |

ഒരു വർഷവും അതിനുമുകളിലും

| ജനറൽ | മുതിർന്ന പൗരൻമാർ |
|---|---|
| 8.5 % | 9 % |

(ബി) ജനറൽ: 8.5 %

മുതിർന്ന പൗരൻമാർ : 9 %

(സി) സ്ഥിരനിക്ഷേപങ്ങൾക്ക് ട്രഷറികൾ നൽകുന്ന പലിശനിരക്ക് ദേശസാൽകൃത ബാങ്കുകൾ നൽകുന്ന നിരക്കിനെക്കാൾ ഏകദേശം 2% കൂടുതലാണ്.

(ഡി) ഏകദേശം 120 കോടി രൂപ

**വിരമിച്ച സർക്കാർ ജീവനക്കാർക്ക് ഭാഗ്യക്കുറി വകുപ്പിൽ കരാർ നിയമനം**

69 (6055) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലും പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള അനുബന്ധ സ്ഥാപനങ്ങളിലും വിരമിച്ച സർക്കാർ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സർവ്വീസിൽ നിന്ന് വിരമിച്ചവരെ നിയമിക്കുന്നത് ഏത് മാനദണ്ഡം അനുസരിച്ചാണ്;

(സി) ഇപ്രകാരം നിയമനം ലഭിച്ചവരുടെ നിലവിലെ ഉദ്യോഗപ്പേര്, നൽകുന്ന വേതനം, ഇവർ ജോലി ചെയ്യുന്ന സ്ഥാപനം എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള സബ് ഓഫീസുകളിൽ സൈനിക ക്ഷേമ വകുപ്പിൽനിന്നും കരാർ അടിസ്ഥാനത്തിൽ 16-12-2016-ലെ സ.ഉ.(കൈ)നമ്പർ 106/2016/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിരമിച്ച സർക്കാർ ജീവനക്കാരെ

കാരുണ്യ ബെനവലന്റ് ഫണ്ടിൽ കരാർ അടിസ്ഥാനത്തിൽ മാനേജർ, കൺസൾട്ടന്റ് ഡോക്ടർ എന്നീ തസ്തികകളിലാണ് നിയമിച്ചിട്ടുള്ളത്. മാനേജർ തസ്തികയിൽ 20-8-2016-ലെ ജി.ഒ. (ആർറ്റി)നമ്പർ 648/2016/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും കൺസൾട്ടന്റ് ഡോക്ടർ തസ്തികയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല സമിതി തീരുമാനപ്രകാരവുമാണ് നിയമനം നടത്തിയിട്ടുള്ളത്. ഭാഗ്യക്കുറി വകുപ്പിൽനിന്നും അഡീഷണൽ ഡയറക്ടർ തസ്തികയിൽ വിരമിച്ച ജീവനക്കാരനെയാണ് മാനേജർ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. സർക്കാർ സർവീസിൽ നിന്നും വിരമിച്ച സർജറിയിൽ വൈദഗ്ദ്ധ്യമുള്ള ഡോക്ടറെയാണ് കൺസൾട്ടന്റ് ഡോക്ടറായി നിയമിച്ചിട്ടുള്ളത്. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ 31-5-2017-ലെ സ.ഉ. (സാധാ)നമ്പർ 435/2017/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനത്തുനിന്നും വിരമിച്ച ശ്രീ. എസ്. സഞ്ജയകുമാറിനെ 1-6-2017 മുതൽ രണ്ടുവർഷക്കാലത്തേയ്ക്ക് നോഡൽ ഓഫീസറായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തന പരിചയം ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇവരെ നിയമിച്ചിട്ടുള്ളത്.

(സി) ഇപ്രകാരം നിയമനം ലഭിച്ചവരുടെ നിലവിലെ ഉദ്യോഗപ്പേര്, നൽകുന്ന വേതനം ഇവർ ജോലി ചെയ്യുന്ന സ്ഥാപനം എന്നിവ ചുവടെ ചേർക്കുന്നു :

| ഉദ്യോഗപ്പേര് | വേതനം (പ്രതിമാസം) | സ്ഥാപനം |
|---|---|---|
| സെക്യൂരിറ്റി ഗാർഡ് | 19000 | 18 ഭാഗ്യക്കുറി സബ് ഓഫീസുകൾ |
| മാനേജർ | 40000 | കാരുണ്യ ബെനവലന്റ് ഫണ്ട് ഓഫീസ് |
| കൺസൾട്ടന്റ് ഡോക്ടർ | 41475 | ” |
| നോഡൽ ഓഫീസർ | 40000 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ആസ്ഥാന ഓഫീസ്, തിരുവനന്തപുരം |

## സംസ്ഥാന ലോട്ടറിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നവീന പദ്ധതികൾ

70 (6056) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ലോട്ടറി വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ലോട്ടറി ടിക്കറ്റുകളുടെ വില കുറച്ചും സമ്മാനഘടനയിൽ മാറ്റം വരുത്തിയും സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ ഫലമായി വിറ്റുവരവിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ലോട്ടറി ടിക്കറ്റുകളുടെ അച്ചടി സംബന്ധിച്ച സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) സംസ്ഥാന ലോട്ടറിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം നവീന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറുകളും അനുബന്ധ ഹാർഡ്‌വെയർ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. സെർവറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി രണ്ട് ഹൈസ്പീഡ് സെർവറുകൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന വാങ്ങി സ്റ്റേറ്റ് ഡാറ്റാ സെന്റർ (SDC)-1, 2 എന്നിവിടങ്ങളിലായി Co-host ചെയ്തിട്ടുണ്ട്. ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന പഴയ നെറ്റ്‌വർക്ക്/UPS wire എന്നിവ കെൽട്രോൺ മുഖാന്തരം നവീകരിക്കുന്ന ജോലികൾ പുരോഗമിക്കുന്നു. ലോട്ടറി വകുപ്പിനുവേണ്ടി പുതിയ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിന് NIC-യെ ചുമതലപ്പെടുത്തി; പ്രസ്തുത പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഓഫീസുകളിലെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി CCTV ക്യാമറകൾ ജില്ലാ ഓഫീസുകളിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. കാലഹരണപ്പെട്ട ഫിസിക്കൽ ഫയൽ സംവിധാനത്തിനുപകരമായി ഡയറക്ടറേറ്റിൽ E-Office സംവിധാനം നടപ്പിലാക്കി. വകുപ്പിന് കീഴിൽ പുതുതായി കോഴിക്കോട് കേന്ദ്രീകരിച്ച് ഒരു ഓഡിറ്റ് ഓഫീസും 18 സബ് ഓഫീസുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ടിക്കറ്റുകളുടെ വില കുറയ്ക്കുകയും സമ്മാനഘടനയിൽ മാറ്റം വരുത്തുകയും ചെയ്തതിന്റെ ഫലമായി വിറ്റുവരവിൽ പുരോഗതിയുണ്ടായിട്ടുണ്ട്. 2017 മേയ് മാസത്തിൽ 684.87 കോടി രൂപയായിരുന്ന ഭാഗ്യക്കുറി വിറ്റുവരവ് 2017 ജൂണിൽ നടപ്പിലാക്കിയ സമ്മാനഘടന പരിഷ്കരണം, ടിക്കറ്റുകളുടെ മുഖവില കുറച്ചുകൊണ്ടുള്ള വില ഏകീകരണം എന്നിവയെത്തുടർന്ന് 707.81 കോടി രൂപയായി വർദ്ധിച്ചിരുന്നു. കൂടാതെ ജൂലൈ മാസത്തിൽ 743.36 കോടി രൂപയായി വർദ്ധിക്കുകയും തുടർന്നുള്ള മാസങ്ങളിലെ വരുമാനത്തിൽ ആനുപാതികമായ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ഡി) ലോട്ടറി ടിക്കറ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Micro letters pattern, Guilloche pattern, Opaque text pattern, Relief pattern, Void pantograph pattern, Invert microline pattern എന്നീ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോട്ടറി അച്ചടിയിലെ സുരക്ഷാ മേൽനോട്ടങ്ങൾ നിർവ്വഹിക്കുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ചുവടെ പറയുന്ന നവീന പദ്ധതികളാണ് പരിഗണനയിലുള്ളത്.

(1) ഭാഗ്യക്കുറി ടിക്കറ്റുകൾ കൂടുതൽ സുരക്ഷിതവും വിശ്വസ്തവുമാക്കുന്നതിനായി ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള ഹൈ സെക്യൂരിറ്റി ലാബിന്റെ ഉദ്ഘാടനം

(2) ജിയോ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ

(3) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സാമൂഹ്യ ഉത്തരവാദിത്വ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ (KSWDC) സംസ്ഥാനത്തെ 57 ഷീ ടോയ്‌ലെറ്റുകളിൽ ഭാഗ്യക്കുറി പരസ്യം പതിച്ച് സാമ്പത്തിക സഹകരണം നൽകുന്നതിന്റെ ഭാഗമായി KSWDC-യുടെതന്നെ സംഘാടന ചുമതലയിൽ ടി പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം

(4) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഉത്ഭവം, വളർച്ച, നേട്ടം, പ്രസക്തി, ഭാവി തുടങ്ങിയവ ഉൾപ്പെടുത്തി ഒരു സുവർണ്ണ ജൂബിലി സ്മരണിക പ്രസിദ്ധീകരണം.

(5) ഭാഗ്യക്കുറി നറുക്കെടുപ്പുകളുടെ വിശ്വാസ്യതയും സുതാര്യതയും പൊതുജനങ്ങൾക്ക് ബോദ്ധ്യപ്പെടാനുതകുംവിധം എല്ലാ നറുക്കെടുപ്പുകളും തത്സമയം ടെലവിഷൻ ചാനലുകൾ വഴി സംപ്രേഷണം

**കാരുണ്യ ചികിത്സാ പദ്ധതി ലഭ്യമാകുന്ന എറണാകുളം ജില്ലയിലെ ആശുപത്രികൾ**

71 (6057) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോതമംഗലം നിയോജക മണ്ഡലത്തിൽ എത്ര രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതി വഴി ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാരുണ്യ ചികിത്സാ പദ്ധതി ലഭ്യമാകുന്ന എറണാകുളം ജില്ലയിലെ ആശുപത്രികൾ ഏതെല്ലാമെന്നും ഏതെല്ലാം അസുഖങ്ങൾക്കാണ് പ്രസ്തുത ആശുപത്രികളിൽ സഹായം ലഭ്യമാകുന്നതെന്നും വിശദീകരിക്കാമോ;

(സി) കാരുണ്യ ചികിത്സ പദ്ധതി കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

(ബി) എല്ലാ സർക്കാർ ആശുപത്രികളിലും ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയകൾ, ക്യാൻസർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വന്ന ഗുരുതുര ക്ഷതങ്ങൾ, വൃക്കരോഗങ്ങൾ, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്ക് കാരുണ്യ ചികിത്സാ പദ്ധതി പ്രകാരമുള്ള സഹായം ലഭ്യമാണ്. കൂടാതെ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികളിലും ചികിത്സാ ധനസഹായം ലഭ്യമാണ്. ആശുപത്രികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് അക്രെഡിറ്റേഷനു വേണ്ടിയുള്ള സ്വകാര്യ ആശുപത്രികളുടെ പുതിയ അപേക്ഷകൾ പരിഗണിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലോട്ടറി മേഖലയിലെ പരിഷ്കാരങ്ങൾ

72 (6058) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി മേഖലയിൽ കൂടുതൽ പരിഷ്കാരങ്ങൾ എന്തെങ്കിലും നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ; കാരുണ്യ ലോട്ടറിയുടെ ടിക്കറ്റ് ഘടനയിലും സമ്മാനത്തുകയിലും പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) ലോട്ടറി മേഖലയിൽ ഈ സർക്കാർ വരുത്തിയ പരിഷ്കാരങ്ങൾമൂലം സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനത്തിൽ എന്ത് വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നറിയിക്കാമോ; അതിന് അനുസൃതമായ ആനുകൂല്യങ്ങൾ ലോട്ടറി വിൽപ്പനക്കാർക്ക് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ലോട്ടറി അച്ചടിയിലെ സുരക്ഷയ്ക്ക് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി വ്യാജ ലോട്ടറിക്കാരെ ഒഴിവാക്കുന്നതിനും സഹായിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) 2017-18-ൽ വ്യാജലോട്ടറിയുമായി ബന്ധപ്പെട്ട കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) നിർമൽ ലോട്ടറിയിൽ നിന്നും 2017-18 വർഷം ലഭിച്ച വരുമാനം എത്രയാണ്; പ്രസ്തുത വരുമാനം എന്ത് കാര്യത്തിനായാണ് വിനിയോഗിക്കുന്നത് ; ശുചിത്വമിഷന് ഇതിൽ നിന്നുള്ള വരുമാനത്തിൽ നിന്നും എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ടിക്കറ്റുകളുടെ വില കുറച്ചതിന്റെയും സമ്മാനഘടനയിൽ മാറ്റം വരുത്തിയതിന്റെയും ഫലമായി വിറ്റുവരവിൽ പുരോഗതിയുണ്ടായിട്ടുണ്ട്. 2017 മേയ് മാസത്തിൽ 684.87 കോടി രൂപയായിരുന്ന ഭാഗ്യക്കുറി വിറ്റുവരവ് 2017 ജൂണിൽ നടപ്പിലാക്കിയ സമ്മാനഘടനാ പരിഷ്കരണം, ടിക്കറ്റുകളുടെ മുഖവില കുറച്ചു കൊണ്ടുള്ള വില ഏകീകരണം എന്നിവയെത്തുടർന്ന് 707.81 കോടി രൂപയായി വർദ്ധിച്ചിരുന്നു. കൂടാതെ ജൂലൈ മാസത്തിൽ 743.36 കോടി രൂപയായി വർദ്ധിക്കുകയും

തുടർന്നുള്ള മാസങ്ങളിലെ വരുമാനത്തിൽ ആനുപാതികമായ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്. നിലവിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളും 96 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. കൂടുതൽ ടിക്കറ്റുകൾ അച്ചടിക്കുന്നതുവഴി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും കൂടുതൽ ടിക്കറ്റുകൾ വിൽപ്പനയ്ക്കായി ലഭ്യമാക്കുകയും തൻമൂലം കൂടുതൽ വരുമാനം ലഭിക്കുകയും ചെയ്യുന്നുണ്ട്. വിറ്റുവരവിൽ ഉണ്ടായിട്ടുള്ള ഗണ്യമായ വർദ്ധനവുമൂലം ഡിസ്കൗണ്ട് ഇനത്തിൽ ലഭ്യമാകുന്ന തുക പലമടങ്ങ് ഉയരുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപ്പനയ്ക്ക് അനുസൃതമായ നേട്ടം ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ലഭിക്കുന്നുണ്ട്.

(സി) ലോട്ടറി അച്ചടിയിലെ സുരക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള 7 സുരക്ഷാ സംവിധാനങ്ങളായ മൈക്രോ ലെറ്റേഴ്സ് പാറ്റേൺ, ഗില്ലോച്ചി പാറ്റേൺ, ഒപാക്ക് ടെക്സ്റ്റ് പാറ്റേൺ, റിലീഫ് പാറ്റേൺ, വോയ്ഡ് പാന്റോഗ്രാഫ് പാറ്റേൺ, ഇൻവെർട്ട് മൈക്രോലൈൻ പാറ്റേൺ, ലീനിയർ ബാർകോഡ് എന്നിവ ഉൾപ്പെടുത്തിയതിനെ തുടർന്ന് വ്യാജ ലോട്ടറി പ്രചാരണം തടയാൻ സാധിച്ചിട്ടുണ്ട്. ടിക്കറ്റിന്റെ കളർ കോപ്പി എടുത്ത് കബളിപ്പിക്കാൻ ശ്രമിക്കുന്നവർക്ക് സെക്യൂരിറ്റി മാനദണ്ഡങ്ങളെ മറികടക്കാൻ സാധിക്കുന്നില്ല എന്ന കാരണത്താൽ അത്തരം കേസ്സുകൾ ഇപ്പോൾ റിപ്പോർട്ട് ചെയ്യുന്നില്ല. ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടിയിൽ സുരക്ഷാ സംവിധാനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിനും കാലോചിതമായ വ്യതിയാനങ്ങൾ വരുത്തി ഫീച്ചേഴ്സ് ശക്തിപ്പെടുത്തുന്നതിനുമായി ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2017-18 ൽ വ്യാജ ലോട്ടറിയുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലായി 116 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) നിർമ്മൽ ഭാഗ്യക്കുറിയിൽനിന്നും 2017-18 സാമ്പത്തിക വർഷം (ഫെബ്രുവരി 28 വരെ) ലഭിച്ച വരുമാനം (മൊത്തം വിറ്റുവരവ്) 1073.52 കോടി രൂപയാണ്. ലോട്ടറിയുടെ വിറ്റുവരവ് സംസ്ഥാന സഞ്ചിതനിധിയിലേയ്ക്ക് അടയ്ക്കുകയും ചെലവുകൾക്ക് അതിനായി പണം വകയിരുത്തിയിരിക്കുന്ന കണക്ക് ശീർഷകത്തിൽനിന്ന് പണം പിൻവലിച്ച് നൽകുകയുമാണ് ചെയ്യുന്നത്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് ലോട്ടറി വിറ്റുവരവ് പൂർണ്ണമായും ട്രഷറിയിൽ അടയ്ക്കുകയും ചെലവുകൾക്ക് പ്രത്യേക ബജറ്റ് കണക്കിൽനിന്ന് പണം കണ്ടെത്തുകയും ചെയ്യണം. ശുചിത്വ മിഷന് 2017-18 സാമ്പത്തിക വർഷം തുകയൊന്നും നൽകിയിട്ടില്ല.

## കാരുണ്യ ബെനവലന്റ് പദ്ധതി ആനുകൂല്യം ലഭിക്കാനുള്ള മാനദണ്ഡങ്ങൾ

73(6059) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) മാനദണ്ഡങ്ങൾ ഏതെങ്കിലും പാലിക്കാത്തതിന്റെ പേരിൽ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഇതുവരെ എത്ര പേർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സ്വന്തമായി വീടില്ലാത്തവർക്കും റേഷൻ കാർഡില്ലാത്തവർക്കും കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുമോ എന്നും ഇതിനകം ഇങ്ങനെയുള്ള എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട് എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് റീ ഇമ്പേഴ്സ്മെന്റ് ഉണ്ടാകുമെന്ന പ്രഖ്യാപനം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ പ്രാബല്യത്തിൽ വരാത്തതിന്റെ കാരണമെന്താണെന്നും എപ്പോൾ പ്രാബല്യത്തിൽ വരുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ., ബി.പി.എൽ, കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും നിശ്ചിത രോഗങ്ങൾക്ക് 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. വൃക്ക രോഗികൾക്ക് 3 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഹീമോഫീലിയ രോഗ ചികിത്സാ ധനസഹായത്തിന് വരുമാന പരിധിയില്ല.

(ബി) മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ കാരുണ്യ പദ്ധതിയിൽ നിന്നും ആനുകൂല്യങ്ങൾ നിഷേധിക്കാറുണ്ട്. ഇതിന്റെ കണക്ക് ലഭ്യമല്ല.

(സി) സ്വന്തമായി വീടില്ലാത്തവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കാറുണ്ട്. കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ചികിത്സാ ധനസഹായത്തിനുള്ള അടിസ്ഥാന രേഖ റേഷൻ കാർഡാണ്. എന്നാൽ റേഷൻ കാർഡില്ലാത്ത സർക്കാർ അംഗീകൃത അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. റേഷൻ കാർഡില്ലാതെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ഡി) പ്രാബല്യത്തിൽ വന്നിട്ടില്ല.

(ഇ) 25-ാം സംസ്ഥാനതല സമിതി തീരുമാനപ്രകാരം കർണാടകത്തിലെ മംഗലാപുരത്തുള്ള ഇൻഡ്യാന ഹോസ്പിറ്റൽ, യേനപ്പോയ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഫാദർ മുള്ളേഴ്സ് ആശുപത്രി, മണിപ്പാൽ കസ്തൂർബാ മെഡിക്കൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കോളേജ് കൂടാതെ മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി. ഹോസ്പിറ്റലുകളിലെയും ചികിത്സയ്ക്ക് പ്രത്യേകാനുമതി പ്രകാരം സഹായം നൽകുന്നതിന് അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലുള്ളതിനാൽ കാരുണ്യ ചികിത്സാ പദ്ധതിയുടെ നിലവിലെ വ്യവസ്ഥകളിൽ മാറ്റങ്ങളൊന്നും തന്നെ വരുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## ആലത്തൂരിൽ കാരുണ്യ ബെനവലന്റ് പദ്ധതിയിൽനിന്നും ധനസഹായം

74 (6060) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിലെ എത്ര രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സഹായം ലഭിച്ചവരുടെ മേൽവിലാസം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

### ഉത്തരം

(എ) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

(ബി) ധനസഹായം ലഭിച്ചവരുടെ മേൽവിലാസം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമല്ല.

## സംസ്ഥാന ലോട്ടറി നേരിടുന്ന പ്രതിസന്ധി

75 (6061) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറി പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ഓരോ നറുക്കിലും അച്ചടിക്കുന്ന ടിക്കറ്റിന്റെ എണ്ണം വർദ്ധിക്കുകയും സമ്മാനങ്ങളുടെ എണ്ണം കുറയുകയും ചെയ്തതിനാൽ സംസ്ഥാന ലോട്ടറിയിൽ ജനങ്ങൾക്കുള്ള താല്പര്യം കുറയുന്നതായ പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാന ലോട്ടറിയിലുള്ള താല്പര്യം കുറയുന്നതിനാൽ വിവിധ രൂപങ്ങളിലുള്ള ചൂതാട്ടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

## ഉത്തരം

(എ) സംസ്ഥാന ലോട്ടറി നിലവിൽ പ്രതിസന്ധികളൊന്നും നേരിടുന്നില്ല. പ്രതിവാര ഭാഗ്യക്കുറികൾ 96 ലക്ഷം വീതം അച്ചടിക്കുന്നതിൽ ഏകദേശം മുഴുവൻ ടിക്കറ്റുകളും വിൽക്കപ്പെടുന്നുണ്ട്.

(ബി) അച്ചടിക്കുന്ന ടിക്കറ്റിന്റെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായിട്ടാണ് സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുള്ളത്. സംസ്ഥാന ലോട്ടറിയിൽ ജനങ്ങൾക്കുള്ള താൽപ്പര്യം കുറയുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാന ലോട്ടറിയിലുള്ള താൽപ്പര്യം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വിറ്റുവരവും ലാഭവും സംബന്ധിച്ച കണക്കുകൾ ഇത് വ്യക്തമാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | വിറ്റുവരവ് (കോടിയിൽ ) | ലാഭം (കോടിയിൽ) |
|---|---|---|
| 2012-13 | 2778.63 | 681.77 |
| 2013-14 | 3793.72 | 788.43 |
| 2014-15 | 5445.43 | 1168.26 |
| 2015-16 | 6317.73 | 1461.16 |
| 2016-17 | 7394.91 | 1691.05 |
| 2017-18 (ഫെബ്രുവരി വരെ) | 8977.24(ജി. എസ്.ടി. ഉൾപ്പെടെ) | |

ചൂതാട്ട സ്വഭാവം പൂർണ്ണമായും ഒഴിവാക്കിയാണ് സംസ്ഥാന ഭാഗ്യക്കുറി സംഘടിപ്പിക്കപ്പെടുന്നത്. മനുഷ്യരിലെ ചൂതാട്ടവാസനയെ ചൂഷണം ചെയ്ത് അനധികൃതമായ ഭാഗ്യപരീക്ഷണങ്ങൾ സംഘടിപ്പിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽ വന്നതിനെ തുടർന്ന് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഓഡിറ്റ് വകുപ്പ് ജീവനക്കാരെ സസ്പെന്റ് ചെയ്ത നടപടി

76 (6062) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ പണിമുടക്കിൽ പങ്കെടുത്തശേഷം ഹാജരിൽ ഒപ്പുവച്ച ജീവനക്കാർക്ക് അനുമതിയില്ലാതെ ശമ്പളം നൽകിയെന്ന ചെയർമാന്റെ പരാതി അന്വേഷിക്കുന്നതിന് 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 8,8(2) എന്നിവ പ്രകാരം രേഖകൾ ആവശ്യപ്പെട്ട സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ജീവനക്കാരെ സസ്പെന്റ് ചെയ്യുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 അനുസരിച്ച് മുനിസിപ്പാലിറ്റിയുടെ ഭരണകാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ഓഡിറ്റർക്ക് അധികാരമുണ്ടെന്നിരിക്കെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ സസ്പെന്റ് ചെയ്തത് മേൽ ചട്ടങ്ങളുടെ ലംഘനമാണെന്നത് പരിശോധി ച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വിശദമാക്കുമോ;

(സി) 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 24 അനുസരിച്ച് പ്രസ്തുത നിയമത്തെ വിശ്വാസത്തിലെടുത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്ക് എല്ലാ നിയമ നടപടികളിൽ നിന്നും സംരക്ഷണം ഉറപ്പ് നൽകിയിട്ടുണ്ടെന്നിരിക്കെ ഈ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് മാത്രം ജോലി ചെയ്ത ഓഡിറ്റ് വകുപ്പ് ജീവനക്കാരെ സസ്പെന്റ് ചെയ്തത് നിയമം ഉറപ്പ് നൽകിയിട്ടുള്ള സംരക്ഷണത്തിന്റെ ലംഘനമാകില്ലേ എന്നത് പരിശോധിക്കുമോ?

ഉത്തരം

(എ) പണിമുടക്കിയ ജീവനക്കാരുടെ ശമ്പളം ചെയർമാന്റെ അംഗീകാരമില്ലാതെ സെക്രട്ടറി പിൻവലിച്ച് നൽകിയത് അന്വേഷിക്കാനാണ് ചെയർമാൻ ഓഡിറ്റ് വിഭാഗത്തോട് നേരിട്ട് ആവശ്യപ്പെട്ടത്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 15 (3 ഡി) പ്രകാരം എല്ലാ ചെലവുകളും ചെയർമാൻ അംഗീകരിക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി നിയമം 49(1)(എഫ്) പ്രകാരം ചെയർമാന്റെ അധികാര പ്പെടുത്തൽ ഇല്ലാതെ/വിരുദ്ധമായി ശമ്പളം നൽകിയ സെക്രട്ടറിയുടെ നടപടിയെ സംബന്ധിച്ചുള്ളതാണ് ചെയർമാന്റെ പരാതി എന്നതിനാൽ ആയത് ഭരണപരമായ പരിഹാരം ആവശ്യമായ കാര്യമാണ്. ചെയർമാൻ ടി വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുക എന്നതായിരുന്നു (Rule 14, Kerala Municipality Administrative Control over Employees Rule 2011) ചട്ടപ്രകാരം സാദ്ധ്യമായ നടപടി. ആയതിനാൽ ഇത് സംസ്ഥാന ഓഡിറ്റ് വകുപ്പ് തുടരന്വേഷണം നടത്തേണ്ട വിഷയം ആയിരുന്നില്ല. ഇതായിരുന്നു പരാതിക്കിടയാക്കിയത്.

(ബി) കേരള മുനിസിപ്പാലിറ്റി റൂൾ 1997 ചട്ടം 10, 13 പ്രകാരം സ്ഥാപനം സമർപ്പിച്ച വാർഷിക കണക്കിന്മേലാണ് ഓഡിറ്റ് നടത്തേണ്ടത്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 21(1)പ്രകാരം വാർഷിക കണക്കിൽ പരാമർശി ച്ചിട്ടില്ലാത്ത വിഷയത്തിന്മേലോ അല്ലെങ്കിൽ ഏതെങ്കിലും ഗുരുതരമായ ക്രമക്കേട് കാണുന്നപക്ഷം ആയത് ഓഡിറ്റ് ചെയ്യുന്നതിനോ വകുപ്പ് മേധാവിയുടെയോ സർക്കാരിന്റെയോ മുൻകൂർ അനുമതി വാങ്ങിയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി റൂൾ 1997 ചട്ടം 13-ൽ ഉൾപ്പെടാത്ത വിഷയത്തിന്മേൽ വകുപ്പ് മേധാവിയുടെ അനുമതിയില്ലാതെ ഓഡിറ്റ് നടപടി സ്വീകരിച്ചതുമൂലമാണ് അന്വേഷണ റിപ്പോർട്ട് പ്രകാരം 2 ജീവനക്കാരെ സർക്കാർ സസ്പെൻഡ് ചെയ്തത്.

(സി) കേരള മുനിസിപ്പാലിറ്റി റൂൾ 1997 ചട്ടം 10, 13 പ്രകാരം സ്ഥാപനം സമർപ്പിച്ച വാർഷിക കണക്കിന്മേലാണ് ഓഡിറ്റ് നടത്തേണ്ടത്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 21(1)പ്രകാരം വാർഷിക കണക്കിൽ പരാമർശി ച്ചിട്ടില്ലാത്ത വിഷയത്തിന്മേലോ അല്ലെങ്കിൽ ഏതെങ്കിലും ഗുരുതരമായ ക്രമക്കേട് കാണുന്നപക്ഷം ആയത് ഓഡിറ്റ് ചെയ്യുന്നതിനോ വകുപ്പ് മേധാവിയുടെയോ സർക്കാരിന്റെയോ മുൻകൂർ അനുമതി വാങ്ങിയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി റൂൾ 1997 ചട്ടം 13-ൽ ഉൾപ്പെടാത്ത വിഷയത്തിന്മേൽ വകുപ്പ് മേധാവിയുടെ അനുമതിയില്ലാതെ ഓഡിറ്റ് നടപടി സ്വീകരിച്ചതുമൂലമാണ് അന്വേഷണ റിപ്പോർട്ട് പ്രകാരം 2 ജീവനക്കാരെ സർക്കാർ സസ്പെൻഡ് ചെയ്തത്.

**ഓഡിറ്റ് വിഭാഗം ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ**

77 (6063) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മുനിസിപ്പാലിറ്റി ഓഡിറ്റ് വിഭാഗത്തിലെ ഡെപ്യൂട്ടി ഡയറക്ടർ കെ. പി. മാത്യു റോയി, ഓഡിറ്റ് ഓഫീസർ പി. സാബു എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തത് തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ ഓഡിറ്റ് എന്നിവയുമായി ബന്ധപ്പെട്ട ഏത് നിയമം/ ചട്ടം ലംഘിച്ചതിനാണെന്ന് വിശദമാക്കാമോ ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ അധികാരമുണ്ടെന്നിരിക്കെ ഓഡിറ്റ് ജീവനക്കാർ ഭരണപരമായ കാര്യങ്ങളിൽ ഇടപെട്ടുവെന്ന് സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള മുനിസിപ്പാലിറ്റി റൂൾ 1997 ചട്ടം 10, 13 പ്രകാരം സ്ഥാപനം സമർപ്പിച്ച വാർഷിക കണക്കിന്മേലാണ് ഓഡിറ്റ് നടത്തേണ്ടത്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 21(1)പ്രകാരം വാർഷിക കണക്കിൽ പരാമർശിച്ചിട്ടില്ലാത്ത വിഷയത്തിന്മേലോ അല്ലെങ്കിൽ ഏതെങ്കിലും ഗുരുതരമായ ക്രമക്കേട് കാണുന്നപക്ഷം ആയത് ഓഡിറ്റ് ചെയ്യുന്നതിനോ വകുപ്പ് മേധാവിയുടെയോ സർക്കാരിന്റെയോ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി റൂൾ 1997 ചട്ടം 13-ൽ ഉൾപ്പെടാത്ത വിഷയത്തിന്മേൽ വകുപ്പ് മേധാവിയുടെ സർക്കാരിന്റെ അനുമതിയില്ലാതെ ഓഡിറ്റ് നടപടി സ്വീകരിച്ചതുമൂലമാണ് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. കെ. രാജുവിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം 2 ജീവനക്കാരെ സർക്കാർ സസ്പെൻഡ് ചെയ്തത്.

**കെ.എഫ്.സി.യുടെ വായ്പാനയം**

78 (6064) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എഫ്.സി.-യുടെ വായ്പാനയം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വായ്പാനയം പരിഷ്കരിക്കുന്നതിനുള്ള തീരുമാനത്തിലൂടെ കിട്ടാക്കടങ്ങൾ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ;

(സി) കെ.എഫ്.സി.-യുടെ കിട്ടാക്കടം നിലവിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കെ.എഫ്.സി. ഏർപ്പെടുത്തുന്ന പരിഷ്കാരങ്ങൾമൂലം ലാഭത്തിൽ എന്ത് കുറവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;വിശദമാക്കാമോ;

(ഇ) കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതിന് വായ്പാ അദാലത്ത് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. കെ.എഫ്.സി.-യുടെ വായ്പാനയം പരിഷ്കരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

1. വായ്പകളുടെ പലിശനിരക്ക് പുതുക്കി നിശ്ചയിച്ചു.
2. അപേക്ഷകൾ സ്വീകരിക്കുന്നതിനും വായ്പ അനുവദിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കി പുതിയ നടപടിക്രമങ്ങൾ നിശ്ചയിച്ചു.

3. ലോൺ അപ്രൈസലിനുവേണ്ടി സോണൽ മാനേജരുടെ കീഴിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്നു. അങ്ങനെ വിദഗ്ദ്ധ ഓഫീസർമാരുടെ സേവനം എല്ലാ ഓഫീസുകൾക്കും ഒരുപോലെ ലഭ്യമാകും.

4. കോർപ്പറേഷന്റെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി പുതുക്കിയ പ്രവർത്തന രേഖ നടപ്പിലാക്കുന്നു.

(ബി) വായ്പാ നയം പരിഷ്കരിക്കുന്നതിനുള്ള തീരുമാനത്തിലൂടെ കൂടുതൽ നല്ല സംരംഭകരെ ആകർഷിക്കാനും കോർപ്പറേഷന്റെ ലോൺ Portfolio കൂട്ടുവാനുമാണ് ലക്ഷ്യമിടുന്നത്. കിട്ടാക്കടങ്ങൾ കുറയ്ക്കുന്നതിന് കോർപ്പറേഷൻ ലക്ഷ്യമിടുന്നുണ്ട്.

(സി) കെ.എഫ്.സി. നൽകിയ മറുപടി അനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2016-17) കിട്ടാക്കടം 8.51% ആയിരുന്നു. ഈ സാമ്പത്തിക വർഷത്തിലെ (2017-18) ക്രോഡീകരിച്ച കണക്കുപ്രകാരമുള്ള കിട്ടാക്കടം മാർച്ച് 31-നുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

(ഡി) വായ്പാ നയത്തിൽ കെ.എഫ്.സി. ഏർപ്പെടുത്തുന്ന പരിഷ്കാരങ്ങൾമൂലം പലിശ വരുമാനത്തിൽ താൽക്കാലികമായി കുറവ് വരുമെങ്കിലും നല്ല സംരംഭകരെ കണ്ടെത്തി മെച്ചപ്പെട്ട വായ്പകൾ അനുവദിക്കുന്നതിലൂടെയും കെ.എഫ്.സി.യുടെ വായ്പാ ആസ്തി വർദ്ധിക്കുന്നതിലൂടെയും കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതുവഴിയും പ്രസ്തുത കുറവ് നികത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതിന് വായ്പാ അദാലത്ത് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം (2018-19) പദ്ധതി മേയ് മാസത്തിൽ നടപ്പിൽ വരുത്താനാണ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് വിശദവിവരങ്ങൾ ബോർഡ് തീരുമാനിക്കും.

**കെ.എസ്.എഫ്.ഇ.യുടെ പുതിയ പദ്ധതികൾ**

79 (6065) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ. മുഖേന എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പല പുതിയ പദ്ധതികളും കെ.എസ്.എഫ്.ഇ. മുഖേന വിഭാവനം ചെയ്യുകയും അവതരിപ്പിക്കുകയും ചെയ്തു. പൊന്നോണ ചിട്ടികൾ എന്ന ജനപ്രിയ ബ്രാൻഡ് തിരികെ കൊണ്ടുവരാൻ കഴിഞ്ഞു. പുതുവർഷ ചിട്ടികൾ എന്ന പുതിയൊരു ബ്രാൻഡും 2016-17 സാമ്പത്തിക വർഷത്തിൽ അവതരിപ്പിച്ചു. ഇതിൽ പ്രധാന കാര്യം വളരെ സാദ്ധ്യതകളുള്ള നറുക്ക്-ലേലചിട്ടികൾ ആരംഭിച്ചതാണ്. കെ.എസ്.എഫ്.ഇ.-യുടെ പ്രധാനപ്പെട്ട പുതു പദ്ധതിയായ പ്രവാസി ചിട്ടികൾ ഉടൻ ആരംഭിക്കുന്നതാണ്. 'ഫെമ'യിൽ വന്ന ഭേദഗതിയെ ഭാവനാത്മകമായ ഇടപെടലിലൂടെ പ്രവാസി ചിട്ടികൾ എന്ന ഒരു പുതിയ പദ്ധതിയായി വികസിപ്പിക്കുകയും അതിനെ കിഫ്ബിയുമായി ബന്ധിപ്പിക്കുകയും ചെയ്തു. ഇതോടെ പ്രവാസികൾക്ക് തങ്ങൾ ജോലി ചെയ്യുന്ന പ്രവാസ രാജ്യത്ത് വസിച്ചുകൊണ്ടുതന്നെ ഈ ചിട്ടിയിൽ ചേരാനുള്ള സൗകര്യം ലഭിക്കുകയും നാട്ടിൽ വസിക്കുന്നപോലെ ചിട്ടിയുടെ മുഴുവൻ ആനുകൂല്യങ്ങൾ ആസ്വദിക്കാനും കഴിയുന്നു. അതിൽ കൂടുതലായി ഇൻഷ്വറൻസ് പരിരക്ഷയും മറ്റ് ആനുകൂല്യങ്ങളും പ്രവാസി ചിട്ടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചിട്ടിയിൽ ചേരൽ, മാസത്തവണ അടവ്, ലേലം തുടങ്ങി ചിട്ടിയിലെ പ്രധാനപ്പെട്ട ഘടകങ്ങളെല്ലാം ഓൺലൈൻ വഴിയാണ് എന്നതും ഈ ചിട്ടിയുടെ പ്രത്യേകതയാണ്. ഇതിനെല്ലാം അപ്പുറമാണ് കിഫ്ബിയുമായി ഈ ചിട്ടിയെ ബന്ധിപ്പിക്കുന്നതുവഴി കേരള വികസനത്തിൽ പങ്കുചേരാൻ പ്രവാസികൾക്ക് അവസരം ലഭിക്കുന്നത്. ചിട്ടി തവണ സംഖ്യ അടയ്ക്കുന്നതല്ലാതെ മറ്റൊരു കൂടുതൽ ചെലവും ഇതിനുവേണ്ടി പ്രവാസികൾ മുടക്കേണ്ട ആവശ്യമില്ല. 2018-19 ബജറ്റിൽ പറഞ്ഞിട്ടുള്ള "കുടുംബശ്രീ" ചിട്ടികൾ ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതാണ്. ഇതുവഴി കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദാരിദ്ര്യ നിർമ്മാർജ്ജന-സ്ത്രീ ശാക്തീകരണ സംഘവുമായി കെ.എസ്.എഫ്.ഇ. കണ്ണി ചേരുകയാണ്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി നടത്തിപ്പിനായി സോഫ്റ്റ്‌വെയർ

80 (6066) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി നടത്തിപ്പിനായി പ്രത്യേക സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത സോഫ്റ്റ്‌വെയർ വികസിപ്പിച്ചത്;

(ബി) എത്ര തുകയാണ് ഇതിനായി ചെലവഴിച്ചത്; പ്രസ്തുത ഏജൻസിയെ ടെൻഡർ നടപടികളിലൂടെയാണോ തെരഞ്ഞെടുത്തത്; വ്യക്തമാക്കുമോ;

(സി) എത്ര സ്ഥാപനങ്ങൾ ഇതിനായി ടെൻഡർ സമർപ്പിച്ചിരുന്നു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി നടത്തിപ്പിനായി പ്രത്യേക സോഫ്റ്റ്വെയർ വികസിപ്പിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെയാണ് (NIC) പ്രധാന സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനായി കിഫ്ബി ഏർപ്പെടുത്തിയിട്ടുള്ളത്. കസ്റ്റമർ മാനേജ്മെന്റ് സർവ്വീസ്, മൊബൈൽ ആപ്ലിക്കേഷൻ ഡിജിറ്റൽ വർക്ക് ഫ്ലോ, അക്കൗണ്ടിംഗ് എന്നിവയുടെ ഡെവലപ്മെന്റ് സർക്കാർ അംഗീകൃത സ്ഥാപനമായ സി-ഡിറ്റിനെ കെ.എസ്.എഫ്.ഇ. നേരിട്ട് ഏൽപ്പിച്ചിട്ടുണ്ട്.

(ബി&സി) എൻ.ഐ.സി. സോഫ്റ്റ്വെയർ ഡെവലപ്മെന്റ് ഇനത്തിൽ നാളിതുവരെ 16,56,140 (പതിനാറ് ലക്ഷത്തി അമ്പത്തിയാറായിരത്തി ഒരുന്നൂറ്റി നാല്പതു് രൂപ മാത്രം) കിഫ്ബിയിൽനിന്നും ചെലവായിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാ യതിനാൽ എൻ.ഐ.സി.-യെ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് നേരിട്ട് ഏൽപ്പിക്കു കയായിരുന്നു.

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ പ്രചാരണം**

81 (6067) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ പ്രചാരണത്തിനായി ഉദ്യോഗസ്ഥർ വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ രാജ്യങ്ങളിലാണ് സന്ദർശനം നടത്തിയത്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ; ഇവരുടെ യാത്രാച്ചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) ഗൾഫ് രാജ്യങ്ങളിൽ പ്രവാസി ചിട്ടിയുടെ പരസ്യത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പരസ്യങ്ങളുടെ ഭാഗമായി പ്രവാസി ചിട്ടിയിൽ എത്ര പേരെ ചേർക്കുന്നതിന് സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിയുടെ പ്രചാരണത്തിനും പ്രാരംഭ ചർച്ചകൾക്കുമായി കിഫ്ബിയുടെയും കെ.എസ്.എഫ്.ഇ.യുടെയും സി-ഡിറ്റിന്റെയും നോർക്കയുടെയും പ്രതിനിധികൾ യു.എ.ഇ.-യിൽ സന്ദർശനം നടത്തുകയുണ്ടായി. യു.എ.ഇ.യിലെ ദുബായ്, അബുദാബി തുടങ്ങിയ എമിറേറ്റുകളിലാണ് സംഘം പ്രവാസി ചിട്ടിയുടെ പ്രചരണത്തിനും പ്രാരംഭ ചർച്ചകൾക്കുമായി സന്ദർശനം നടത്തിയത്.

(ബി) വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയ സംഘത്തിന്റെ പട്ടിക ചുവടെ ചേർക്കുന്നു :

1. അഡ്വ. പീലിപ്പോസ് തോമസ്, ചെയർമാൻ, കെ.എസ്.എഫ്.ഇ.
2. ശ്രീ. പുരുഷോത്തമൻ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ.
3. അഡ്വ. വി. കെ. പ്രസാദ്, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ.
4. അഡ്വ. റജി സക്കറിയ, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ.
5. ഡോ. പി.വി. ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ, സി-ഡിറ്റ്
6. ശ്രീ. ജോർജ്ജ് തോമസ്. കെ, അഡീഷണൽ സെക്രട്ടറി, കിഫ്ബി
7. ശ്രീ. ബി. ഗോപാലകൃഷ്ണൻ നായർ, ജനറൽ മാനേജർ, നോർക്ക
8. ശ്രീ. സുബ്രഹ്മണ്യൻ, ജനറൽ മാനേജർ, കെ.എസ്.എഫ്.ഇ.
9. ശ്രീ. സനിൽ എസ്.കെ., ഡെപ്യൂട്ടി ജനറൽ മാനേജർ, കെ.എസ് .എഫ്.ഇ.
10. ശ്രീ. ദീപു ജേക്കബ് തോമസ്, അസിസ്റ്റന്റ് ജനറൽ മാനേജർ, കിഫ്ബി
11. ശ്രീ. ഹേമന്ദ് ആർ.എസ്., അസിസ്റ്റന്റ് , കിഫ്ബി
12. ശ്രീ. ശ്യാം കെ. ബി., കെ.എസ്.ഐ.ഇ. കൺസൾട്ടന്റ്, കിഫ്ബി
13. ശ്രീ. രതീഷ് വർഗ്ഗീസ്, സോഫ്റ്റ്‌വെയർ ഡെവലപ്പർ, സി-ഡിറ്റ്

പരിപാടി നടത്തിപ്പ്, യാത്ര, ഭക്ഷണം എന്നീ ഇനങ്ങളിലായി 59,71,987/- രൂപ (അമ്പത്തിയൊമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ് രൂപ മാത്രം) ചെലവായിട്ടുണ്ട്.

(സി) ഗൾഫ് രാജ്യങ്ങളിൽ പ്രവാസി ചിട്ടികളുടെ പ്രീ-ലോഞ്ചിംഗ് പരസ്യത്തിലേയ്ക്കായി കെ.എസ്.എഫ്.ഇ. ഇതുവരെ ചെലവഴിച്ച തുക 11.95 ലക്ഷം രൂപയും കിഫ്ബി ചെലവഴിച്ചത് 40,90,249 രൂപയുമാണ്.

(ഡി) പ്രവാസി ചിട്ടി ആരംഭിക്കാൻ പോകുന്നതേയുള്ളൂ.

## കെ.എസ്.എഫ്.ഇ. സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി അനുവദിച്ച തുക

82 (6068) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി തുക അനുവദിക്കുന്നതിന് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കെ.എസ്.എഫ്.ഇ.-ക്ക് ലഭ്യമായ അപേക്ഷകളുടെ എണ്ണം എത്ര; അതിൽ തുക അനുവദിച്ച അപേക്ഷകളുടെ എണ്ണം എത്ര; തിരസ്കരിച്ച അപേക്ഷകളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ;

(സി) ഇപ്രകാരം കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റിയുടെ ഭാഗമായി തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി* ചേർക്കുന്നു.

(ബി) 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ.-ക്ക് ലഭ്യമായ ആകെ അപേക്ഷകളുടെ എണ്ണം 29-ഉം തുക അനുവദിച്ച അപേക്ഷകളുടെ എണ്ണം 16-ഉം മാറ്റിവച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം 13-ഉം ആണ്.

(സി) തുക അനുവദിക്കുന്നത് കമ്പനി നിയമം 2013-ലെ സി.എസ്.ആർ. റൂൾസും കമ്പനിയുടെ സോഷ്യൽ റെസ്പോൺസിബിലിറ്റി പോളിസിയും അനുസരിച്ചാണ്.

## കരുനാഗപ്പള്ളിയിലെ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

83 (6069) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി താലൂക്കിൽ കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിലെ പുതിയകാവിൽ കെ.എസ്.എഫ്.ഇ.യുടെ പുതിയ ബ്രാഞ്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഇല്ല.

(ബി) കരുനാഗപ്പള്ളി താലൂക്കിൽ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുതിയകാവിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം ഹെഡ് ഓഫീസ് തലത്തിൽ പരിഗണനയിലാണ്.

**ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ പണം അടയ്ക്കാൻ പ്രത്യേക അനുമതി**

84 (T6070) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം വി.പി.എ.യു.പി സ്കൂളിലെ അറബിക് അദ്ധ്യാപകൻ അബൂബക്കർ 1994 മുതൽ 2002 വരെയുള്ള കാലയളവിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ പണം അടയ്ക്കാത്തതിനെ തുടർന്ന് പ്രത്യേക അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ എടുത്ത നടപടികൾ വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് മലപ്പുറം ജില്ല ഇൻഷ്വറൻസ് ഓഫീസർ 24-11-2017-ന് ധനകാര്യ വകുപ്പിന് അയച്ച കത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രൂപ്പ് ഇൻഷ്വറൻസ് അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷ 22-2-2018-ലെ സ.ഉ.(സാധാ)നമ്പർ 1342/2018/ധന. പ്രകാരം അനുവദിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

(ബി) 24-11-2017-ൽ ജി.ഇ.ഒ./എം.പി.എം./ഗ്രൂപ്പ്/എം2/080/17 പ്രകാരം ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ശിപാർശ ചെയ്ത് സമർപ്പിച്ച അപേക്ഷ പരിശോധിച്ചശേഷം ഗ്രൂപ്പ് ഇൻഷ്വറൻസ് അംഗത്വം പുതുക്കുന്നതിനുള്ള അനുമതി 22-2-2018-ലെ സ.ഉ. (സാധാ)നമ്പർ 1342/2018/ധന പ്രകാരം നൽകിയിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.*)

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എസ്.എൽ.ഐ, ജി.ഐ.എസ്. അപേക്ഷകർക്ക് പാസ്സ് ബുക്കുകൾ ലഭ്യമാകുന്നില്ലെന്ന പരാതി

85 (T6071) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൽ.ഐ., ജി.ഐ.എസ്. അപേക്ഷകൾ സമർപ്പിച്ച് വർഷങ്ങളായിട്ടും അപേക്ഷകർക്ക് പാസ്സ് ബുക്കുകൾ ലഭ്യമാകുന്നില്ലെന്ന വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) എസ്.എൽ.ഐ, ജി.ഐ.എസ്. പാസ് ബുക്കുകൾ ഓൺലൈൻ ആയി വിശ്വാസ് മുഖേന അപ്ഗ്രേഡ് ചെയ്യുന്നതിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) പുതിയ പോളിസികൾ എടുക്കുന്നവരുടെ എണ്ണത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവും കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള ജീവനക്കാരെ നിയോഗിക്കേണ്ടി വന്നതും എസ്.എൽ.ഐ., ജി.ഐ.എസ്. പോളിസി പാസ്സ് ബുക്ക് നൽകുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ട്. വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തി പാസ്സ് ബുക്ക് പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## മോട്ടോർ വാഹനങ്ങളുടെ ഇൻഷ്വറൻസ്

86 (6072) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെയും സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള മോട്ടോർ വാഹനങ്ങളുടെ ഇൻഷ്വറൻസുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം തന്നെ ഇൻഷ്വർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെയും സർക്കാരിന്റെ സാമ്പത്തിക സഹായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള മോട്ടോർ വാഹനങ്ങളുടെ ഇൻഷ്വറൻസുകൾ ഉൾപ്പെടെയുള്ള ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം ചെയ്യണമെന്ന് 18-4-2000-ലെ ജി.ഒ.(പി)നമ്പർ 819/2000/ഫിൻ., 1-10-2014-ലെ ജി.ഒ.(പി)നമ്പർ 428/2014/ഫിൻ. എന്നീ ഉത്തരവുകൾ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

## സർക്കാർ ഉടമസ്ഥതയിൽ ഇൻഷ്വറൻസ് കമ്പനി

87 (6073) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ ഇൻഷ്വറൻസ് കമ്പനി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകളും ഇൻഷ്വറൻസ് പോളിസി ഇടപാടുകളും സർക്കാർ തലത്തിൽ നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം, ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ ഇപ്പോൾ സർക്കാർ തലത്തിലാണ് നടത്തിവരുന്നത്. എന്നാൽ ആരോഗ്യ ഇൻഷ്വറൻസ് പോളിസി ഇടപാടുകൾ സർക്കാർ നിയന്ത്രണത്തിൽ ലഭ്യമാക്കുന്നില്ല.

## കയർ ഉൽപ്പാദന /വിപണന മേഖലകൾ

88 (6074) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയർ ഉത്പാദന/ വിപണന മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കയർ മേഖലയുടെ പ്രോത്സാഹനത്തിനും ഉന്നമനത്തിനുമായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കയർ ഭൂവസ്ത്ര വികസന പരിപാടി

ഹരിത കേരളം പരിപാടിയുടെ ഭാഗമായി കേരളത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ജലസംരക്ഷണം, മണ്ണ് സംരക്ഷണം, കൃഷി, റോഡ് നിർമ്മാണം, തോടുകളുടെയും കുളങ്ങളുടെയും ഭിത്തി സംരക്ഷണം എന്നിവ നടപ്പിലാക്കുന്നതിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന തിനുമായി 120 കോടി രൂപയുടെ ധാരണാപത്രം ആലപ്പുഴയിൽ നടന്ന കയർ കേരള 2017-ൽ വച്ച് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായി ഒപ്പുവയ്ക്കുകയുണ്ടായി. ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്ന പദ്ധതി കേരളത്തിലുടനീളം ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി കയർ യാണിന്റെ ഡിമാൻഡ് കൂടാനും കയർ പിരി തൊഴിലാളികൾക്ക് ജോലിയോടൊപ്പം മാന്യമായ വേതനം ഉറപ്പാക്കാനും കഴിയും.

2. കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം

കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും ധനകാര്യ സ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് ആധുനികവൽ ക്കരണം നടത്തുന്നതിനും കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം എന്ന പദ്ധതി നടപ്പിലാക്കി. 2017-18 സാമ്പത്തിക വർഷം 12 കോടി രൂപ ഇതിനായി വകയിരുത്തുകയും ടി തുകയിൽ 8.38 കോടി രൂപ 393 സംഘങ്ങൾക്ക് ഇതുവരെ പ്രവർത്തന മൂലധനമായി അനുവദിക്കുകയും ചെയ്തു.

3. <u>മാനേജീരിയൽ സബ്സിഡി</u>

കയർമേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതിയിൽ സംഘങ്ങളിൽ നടപ്പാക്കേണ്ട ചുമതലയുള്ള സംഘം സെക്രട്ടറിമാർക്ക് സംഘത്തിന്റെ സാമ്പത്തിക പരാധീനത കാരണം വളരെ തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ആയതിനാൽ കയർപിരി സംഘങ്ങളിലെയും കയർ മാറ്റ്സ് സംഘങ്ങളിലെയും സെക്രട്ടറി, ബിസിനസ്സ് മാനേജ്മെന്റ് തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗമെങ്കിലും ഒരു നിശ്ചിത കാലയളവിലേയ്ക്ക് സർക്കാർ മുഖാന്തരം നൽകി സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പിലാക്കുകയും അതിലൂടെ സംഘങ്ങളെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനുമായി മാനേജീരിയൽ സബ്സിഡി പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുകയും 3 കോടി രൂപ എസ്.ഡി.ജി. വഴി അനുവദിക്കുകയുമുണ്ടായി. 10 പ്രോജക്ടുകളിലായി ആകെ 412 ജീവനക്കാർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിലെ മാനേജീരിയൽ സബ്സിഡി നൽകുന്നതിനായി 2,07,15,000 രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കുകയുണ്ടായി.

4. <u>എൻ.സി.ഡി.സി. പദ്ധതി</u>

കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും ലഭ്യമാക്കുന്നതിന് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുകയും ആയത് എൻ.സി.ഡി.സി. അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1 കയർമേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം, ഡീഫൈബറിംഗ്, സ്പിന്നിംഗ് & വീവിംഗ് മെഷീനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കൂടാതെ വിപണി വികസനത്തിന് ധനസഹായം നൽകുക.

2. വിലസ്ഥിരതയ്ക്കും വരുമാന സ്ഥിരതയ്ക്കും പ്രാധാന്യം നൽകി സബ്സിഡി അനുവദിച്ച് കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അതിലൂടെ കയർ സഹകരണ സംഘങ്ങളുടെ പുരോഗതി ഉറപ്പാക്കുക.

ഇത് കൂടാതെ തുടർന്നുവരുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകി വരുന്നു. ടി പദ്ധതി പ്രകാരം 880 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. ഉൽപ്പാദനത്തിനും വിപണന പ്രചോദനത്തിനും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു. ടി പദ്ധതി പ്രകാരം 550 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ക്രയവില സ്ഥിരതാപദ്ധതി പ്രകാരം കയർഫെഡിനും കയർ കോർപ്പറേഷനും കയർ വിപണിയിൽ ഇടപെട്ട് യാൺ/ഉൽപ്പന്നങ്ങൾക്ക് ന്യായവില നൽകി സംഭരിക്കുന്നതിന് ഈ വർഷം 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

4. കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118-ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കി.

5. ഉത്സവകാലങ്ങളിൽ താൽക്കാലിക വിൽപ്പനശാലകൾ വഴിയുള്ള വിൽപ്പന നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

6. കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തിന് പുറത്ത് കയർഫെഡിനും കയർ കോർപ്പറേഷനും പരമ്പരാഗത വിപണന രീതിയിലുള്ള ഡിപ്പോകളും വിപണന കേന്ദ്രങ്ങളുമുണ്ട്. ഇവയ്ക്ക് പുറമേയാണ് നവീന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള ഇത്തരമൊരു കമ്പനി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

**തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് നടപടി**

89 (6075) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്റർ, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിന് രണ്ടാം പുനഃസംഘട നയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) 2017-18 സാമ്പത്തികവർഷം പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കയർ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ; ഇതിനായി എൻ.സി.ഡി.സി. സഹായം ലഭ്യമാക്കി യിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്റർ, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കയർ രംഗത്തെ ഉന്നത അധികാര സമിതിയായ അപ്പെക്സ് ബോഡി ഫോർ കയർ (എ.ബി.സി.)-ന്റെ ജില്ലാതല സമിതികൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതികൾ കയർ പ്രോജക്ട് ഓഫീസുകളുമായി ചേർന്ന് തൊണ്ട് സംഭരണം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തൊണ്ട് സംഭരണത്തിനും വിതരണത്തിനുമായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരു മൊബൈൽ ആപ്പ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരിച്ച് കയർ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുപകരം അതാത് നാളികേര മേഖലയിൽ മില്ലുകൾ സ്ഥാപിച്ച് ചകിരി കയർ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. 2017-18 സാമ്പത്തിക വർഷം തൊണ്ട് സംഭരണത്തിനുള്ള റിവോൾവിംഗ് ഫണ്ട്, ഇൻസെന്റീവ് എന്നിവയ്ക്കായി 10 കയർ പ്രോജക്ടുകളിലേയ്ക്ക് 1,73,50,000 രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലെ പദ്ധതി അനുസരിച്ച് തൊഴിലാളികൾക്കും സംഘങ്ങൾക്കും സ്വകാര്യ ഡി.എഫ്. മില്ലുകൾക്കും ഇൻസെന്റീവ്, സബ്സിഡി എന്നിവ നൽകുന്നുണ്ട്. കൂടാതെ സംഘങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകുന്നുണ്ട്. ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും.

(ബി) കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിന് രണ്ടാം പുനഃസംഘടനയിലൂടെ നിരവധി കാര്യങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2017-ലെ കയർ കേരളയിൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പദ്ധതി നടപ്പിലായിക്കഴിഞ്ഞു. ചകിരി വില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കി വരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പ്രവർത്തന മൂലധനം നൽകുന്നതിനായി 12 കോടി രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 254 കയർ സഹകരണ സംഘങ്ങൾക്ക് 6.66 കോടി രൂപ പ്രവർത്തന മൂലധനമായി നൽകിക്കഴിഞ്ഞിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 HP-യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. 15 HP-യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള

8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകളിൽ ഒരെണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കാൻ ശേഷിയുള്ള ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ ആഭിമുഖ്യത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചുക്കഴിഞ്ഞു. ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും.

ഈ സർക്കാർ നാളിതുവരെയായി സംഘങ്ങൾക്ക് താഴെപ്പറയുന്ന മെഷീനുകൾ നൽകിയിട്ടുണ്ട്.

1. ഡീഫൈബറിംഗ് മെഷീനുകൾ (15 HP) 3 പ്രോജക്ടുകളുടെ കീഴിൽ വരുന്ന 19 സംഘങ്ങൾക്കായി 19 എണ്ണം
2. വില്ലോയിംഗ് മെഷീനുകൾ 4 പ്രോജക്ടുകൾക്ക് കീഴിൽ വരുന്ന 38 സംഘങ്ങൾക്കായി 46 എണ്ണം

കയർ പിരി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 233 കയർ സഹകരണ സംഘങ്ങൾക്കായി 2525 ഇലക്ട്രോണിക് റാട്ടുകൾ നൽകിയിട്ടുണ്ട്. കയർ മേഖലയുടെ ഉന്നമനത്തിനായി താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ കേരള 2017-ൽ 120 കോടിയോളം രൂപയുടെ കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

2. കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 137-ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി നടപ്പിലാക്കി. 12.32 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്.

3. ഉത്സവകാലങ്ങളിൽ താൽക്കാലിക വില്പനശാലകൾ വഴിയുള്ള വിൽപ്പന നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

4. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കി വരുന്നു.

(സി) പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചുനൽകിയിട്ടുണ്ട്. വിവിധ ഏജൻസികളെ ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിൽ കൃഷി, മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തിവരുന്നു. കയർ കേരള 2017-ൽ 120 കോടിയോളം രൂപയുടെ കയർ ഭൂവസ്ത്രം ഇത്തരത്തിൽ വിനിയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കയർ പിരി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും ഇത്തരത്തിൽ ആഭ്യന്തര വിനിയോഗത്തിന് ഉപയോഗിക്കുക വഴി തൊഴിലാളികൾക്ക് കുറഞ്ഞത് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പാക്കുന്ന സാഹചര്യം സംജാതമായിട്ടുണ്ട്.

(ഡി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളു. കയർ മേഖലയുടെ ആധുനികവൽക്കരണം/ യന്ത്രവൽക്കരണം ലക്ഷ്യം വച്ച് കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും ലഭ്യമാക്കുന്നതിന് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും ആയത് എൻ.സി.ഡി.സി. അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കയർ മേഖലയുടെ ഉന്നമനത്തിനായി ചകിരി മില്ലുകൾ

90 (6076) ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ദാസൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ ഉന്നമനത്തിനായി നടത്തുന്ന പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(ബി) തൊണ്ട് സംസ്കരണവും കയറുപിരിയും ആധുനികവൽക്കരിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 100 ഡി.എഫ്. മില്ലുകളുടെ പ്രവർത്തനം കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിനായി 8.15 കോടി രൂപ നീക്കിവയ്ക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കയർ രംഗത്തെ ഉന്നത അധികാര സമിതിയായ അപ്പെക്സ് ബോഡി ഫോർ കയർ (എ.ബി.സി.)-ന്റെ ജില്ലാതല സമിതികൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതികൾ കയർ പ്രോജക്ട് ഓഫീസുകളുമായി ചേർന്ന് തൊണ്ട് സംഭരണം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തൊണ്ട് സംഭരണത്തിനും വിതരണത്തിനുമായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരു മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരിച്ച് കയർ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനു പകരം അതാത് നാളികേര മേഖലയിൽ മില്ലുകൾ സ്ഥാപിച്ച് ചകിരി കയർ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. 2017-18 സാമ്പത്തിക വർഷം തൊണ്ട് സംഭരണത്തിനുള്ള റിവോൾവിംഗ് ഫണ്ട്, ഇൻസെന്റീവ് എന്നിവയ്ക്കായി 10 കയർ പ്രോജക്ടുകളിലേയ്ക്ക് 1,73,50,000 രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലെ പദ്ധതി അനുസരിച്ച് തൊഴിലാളികൾക്കും സംഘങ്ങൾക്കും സ്വകാര്യ ഡി.എഫ്. മില്ലുകൾക്കും ഇൻസെന്റീവ്, സബ്സിഡി എന്നിവ നൽകുന്നുണ്ട്. കൂടാതെ സംഘങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകുന്നുണ്ട്. തൊണ്ട് സംഭരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു.

സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുന്നതോടുകൂടി ചകിരി ക്ഷാമം വലിയ അളവിൽ പരിഹരിക്കാൻ കഴിയും. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടായിരിക്കും ഇത് നടപ്പാക്കുക. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മിൽ സ്ഥാപിച്ചു കഴിഞ്ഞു. തൊണ്ട് സംസ്കരണം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം കയർ സഹകരണ സംഘങ്ങൾക്ക് ഡിഫൈബറിംഗ് മില്ലുകൾ, വില്ലോയിംഗ് മെഷീനുകൾ എന്നിവ നൽകിവരുന്നു. ഈ സർക്കാർ നാളിതുവരെയായി സംഘങ്ങൾക്ക് ചുവടെ പറയുന്ന മെഷീനുകൾ നൽകിയിട്ടുണ്ട് :

1. ഡീഫൈബറിംഗ് മെഷീനുകൾ (15 HP)-3 പ്രോജക്ടുകളുടെ കീഴിൽ വരുന്ന 19 സംഘങ്ങൾക്കായി 19 എണ്ണം
2. വില്ലോയിംഗ് മെഷീൻ - 4 പ്രോജക്ടുകൾക്ക് കീഴിൽ വരുന്ന 38 സംഘങ്ങൾക്കായി 46 എണ്ണം

കയർ പിരി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം കയർ സഹകരണ സംഘങ്ങൾക്ക് ഇലക്ട്രോണിക് റാട്ടുകൾ നൽകി വരുന്നു. ഈ സർക്കാർ നാളിതുവരെയായി സംഘങ്ങൾക്ക് ചുവടെ പറയുന്ന യന്ത്രങ്ങൾ നൽകിയിട്ടുണ്ട്.

1. ഇലക്ട്രോണിക് റാട്ട് - 10 പ്രോജക്ടുകളുടെ പരിധിയിൽ വരുന്ന 233 സംഘങ്ങൾക്കായി 2525 എണ്ണം
2. കൂടാതെ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## കയർ തൊഴിലാളി ക്ഷേമ പദ്ധതികൾ

91 (6077) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ കാലയളവിൽ കയർ തൊഴിലാളിക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി സർക്കാർ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12/2017 വരെ കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി അനുവദിച്ച തുകയുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കയർ തൊഴിലാളി പെൻഷൻ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിമാസം 600 രൂപയായിരുന്ന കയർ തൊഴിലാളി പെൻഷൻ 1-6-2016 പ്രാബല്യത്തിൽ 1000 രൂപയായും തുടർന്ന് 1-4-2017 പ്രാബല്യത്തിൽ 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 100 രൂപയായിരുന്ന പ്രതിമാസ കുടുംബ പെൻഷൻ 1-11-2016 പ്രാബല്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള 68000 പെൻഷൻകാർക്കും 11/2017 വരെയുള്ള കയർ തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി സർക്കാർ 129.83 കോടി രൂപ ഇക്കാലയളവിൽ ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്.

2. വിരമിക്കൽ ആനുകൂല്യം:

അസംഘടിത മേഖലയിലെ കയർ തൊഴിലാളികൾക്കും 20 വർഷത്തെ മുൻകാല പ്രാബല്യത്തോടെ വിരമിക്കൽ ആനുകൂല്യം അനുവദിച്ചു. 1-10-1997 മുതൽ ക്ഷേമനിധിയിൽനിന്നും വിരമിച്ച് 19400 തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിനായി സർക്കാർ 10 കോടി രൂപ ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്.

3. പ്രസവാനുകൂല്യം:

ക്ഷേമനിധി അംഗങ്ങളായ കയർ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി നൽകി വന്നിരുന്ന 1000 രൂപ 27-6-2017 പ്രാബല്യത്തിൽ 15,000 രൂപയായി വർദ്ധിപ്പിച്ചു.

4.മുൻ സർക്കാരിന്റെ ഭരണകാലത്ത് കയർ തൊഴിലാളികളുടെ തടഞ്ഞുവച്ച ആനുകൂല്യങ്ങൾ:

മുൻ സർക്കാരിന്റെ ഭരണകാലത്ത് തടഞ്ഞുവച്ചിരുന്ന കയർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു. 2013-14 മുതലുള്ള വിദ്യാഭ്യാസ ധനസഹായമായി 72 ലക്ഷം രൂപയും തൊഴിലാളികളുടെ 2015 മുതലുള്ള വിവാഹം, പ്രസവം, ചികിത്സ, അപകട മരണം, ശവസംസ്കാരച്ചെലവുകൾ തുടങ്ങിയ ആനുകൂല്യങ്ങൾക്കായി 52.85 ലക്ഷം രൂപയും വിതരണം ചെയ്തു. ഇതടക്കമുള്ള കയർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് ക്ഷേമനിധിയിലേയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റായി 4 കോടി രൂപ ഈ സർക്കാർ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്.

**വ്യവസായ വികസനത്തിനായി കേന്ദ്ര ഫണ്ടുകൾ**

92 (6078) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ ക്ലസ്റ്റർ വികസനത്തിനായി കേന്ദ്ര വിഹിതമായി 2014-15 മുതൽ 2017-18 വരെ എത്ര തുകയാണ് ലഭിച്ചത്;എത്ര ക്ലസ്റ്ററുകളാണ് ഇതിന്റെ ഭാഗമായി ആരംഭിച്ചത്; ആരംഭിച്ച ക്ലസ്റ്ററുകൾ എല്ലാം പൂർണമായി പ്രവർത്തന ക്ഷമമാണോ; വ്യക്തമാക്കാമോ;

(ബി) ദേശീയ കൈത്തറി വികസന പദ്ധതിക്കായി കേന്ദ്ര വിഹിതമായി 2014-15 മുതൽ 2017-18 വരെ എത്ര തുകയാണ് ലഭിച്ചത്; ലഭിച്ച വിഹിതത്തിൽ എത്ര തുക വിനിയോഗിച്ചു; വ്യക്തമാക്കാമോ;

(സി) ഇടത്തരവും വലുതും ആയ വ്യവസായങ്ങൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും 2014-15 മുതൽ 2017-18 വരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014 മുതൽ 2017-18 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നും താഴെപ്പറയുന്ന ക്ലസ്റ്റർ വികസന പദ്ധതികൾക്കായി 1771.51 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു :

| നമ്പർ | പദ്ധതി | ലഭിച്ച തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | റൈസ് മില്ലേഴ്സ് ക്ലസ്റ്റർ, കാലടി, എറണാകുളം | 10.78 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | ജനറൽ എഞ്ചിനീയറിംഗ് ക്ലസ്റ്റർ, മഞ്ചേരി, മലപ്പുറം | 98.04 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | വുഡ് ക്ലസ്റ്റർ, ചടയമംഗലം, കൊല്ലം | 162.24 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |
| 4 | ഫർണിച്ചർ ക്ലസ്റ്റർ, തളിപ്പറമ്പ്, കണ്ണൂർ | 730.5 | പദ്ധതി പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ് |
| 5 | ഓഫ്സെറ്റ് പ്രിന്റേഴ്സ് ക്ലസ്റ്റർ, കണ്ണൂർ | 769.95 | പദ്ധതി പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ് |
| | ആകെ | 1771.51 | |

(ബി) ദേശീയ കൈത്തറി വികസന പദ്ധതിക്കായി ലഭിച്ച കേന്ദ്ര വിഹിതം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ക്ലസ്റ്റർ | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 2014-15 | തുക അനുവദിച്ചിട്ടില്ല | | |
| 2015-16 | കാഞ്ഞിരോട്, കണ്ണൂർ | 61.915 | 57.000 |
| | കൂത്തുപറമ്പ്, കണ്ണൂർ | 63.055 | 58.550 |

| | | | |
|---|---|---|---|
| | പറവൂർ, എറണാകുളം | 52.245 | 49.000 |
| | കൊല്ലയിൽ, തിരുവനന്തപുരം | 64.690 | 57.375 |
| 2016-17 | ലോകനാഥ്, കണ്ണൂർ | 43.993 | 1000 |
| 2017-18 | തുക അനുവദിച്ചിട്ടില്ല | | |
| | ആകെ | 285.898 | 222.925 |

(സി) കെ.എസ്.ഐ.ഡി.സി.യുടെ ചേർത്തല പള്ളിപ്പുറത്തുള്ള മെഗാ ഫുഡ് പാർക്ക് പദ്ധതിക്കായും കിൻഫ്രയുടെ വിവിധ പദ്ധതികൾക്കായും (ASIDE/മെഗാ ഫുഡ് പാർക്ക്, പാലക്കാട്/ ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം)2014-15 മുതൽ 2017-18 കാലയളവുവരെയായി ചുവടെ ചേർത്തിരിക്കുംപ്രകാരം യഥാക്രമം 28.80 കോടി രൂപയും 50.94 കോടി രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.

| വർഷം | കെ.എസ്.ഐ.ഡി.സി. (തുക കോടിയിൽ ) | കിൻഫ്ര (തുക കോടിയിൽ ) |
|---|---|---|
| 2014-15 | തുക അനുവദിച്ചിട്ടില്ല | 20.94 |
| 2015-16 | തുക അനുവദിച്ചിട്ടില്ല | തുക അനുവദിച്ചിട്ടില്ല |
| 2016-17 | 15 | 15 |
| 2017-18 | 13.8 | 15 |
| ആകെ | 28.8 | 50.94 |

**മാർജിൻ മണി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

93 (6079) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് വ്യവസായ കേന്ദ്രം മുഖേന മാർജിൻമണി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ലോൺ എടുത്ത വ്യക്തി മരണപ്പെടുകയും ബാങ്കിൽ നിന്നെടുത്ത ലോൺ തുക തിരിച്ചടച്ച് ജാമ്യമായിവച്ച രേഖകൾ കൈപ്പറ്റുകയും ചെയ്തവർക്ക്, മാർജിൻ മണി ബാദ്ധ്യത ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടച്ചുതീർക്കുന്നതിന് പദ്ധതി നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് വ്യവസായ കേന്ദ്രം മുഖേന മാർജിൻ മണി വായ്പ നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി&സി) 24-3-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 459/2017/വ്യവ. പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം മാർജിൻ മണി വായ്പ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

**പുതിയ വ്യവസായ സ്ഥാപനങ്ങൾ**

94 (6080) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് കരട് വ്യവസായ നയത്തിൽ ഉള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ചുവടെ പറയുന്ന കാര്യങ്ങളാണ് കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് :

- വൈറ്റും ഗ്രീനും വിഭാഗങ്ങൾ തരംതിരിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തുന്ന വ്യവസ്ഥ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കും.
- സംസ്ഥാനത്ത് ഒരു തേർഡ് പാർട്ടി സർട്ടിഫിക്കേഷൻ സംവിധാനം തുടങ്ങുന്നത് പരിഗണിക്കും.
- ക്ലിയറൻസിന് ഏറ്റവും കൂടുതൽ 30 ദിവസം എന്ന ആശയം നടപ്പാക്കുന്നത് പരിഗണിക്കും.
- നിക്ഷേപകരുടെ അപേക്ഷയിന്മേൽ നടത്തേണ്ട നടപടിക്രമങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തും
- ആരംഭത്തിൽ അനുവദിക്കുന്ന ലൈസൻസ് കാലാവധി എല്ലാ വകുപ്പുകൾക്കും 5 വർഷം എന്ന് നിജപ്പെടുത്തുന്നതിലേയ്ക്കായി നടപടി കൈക്കൊള്ളും
- ഓരോ വകുപ്പിൽനിന്നും ലഭ്യമാകുന്ന ലൈസൻസുകൾ 'റൈറ്റ്-ടു-സർവ്വീസസ് ആക്ടിന് വിധേയമായിരിക്കണം.
- സർട്ടിഫിക്കറ്റ് വാലിഡേഷൻ, അപ്രൂവൽ തുടങ്ങിയ എല്ലാ വിവരങ്ങളും വെബ്പോർട്ടലിൽ നൽകും.
- കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ആക്ട് 1999 വിപുലീകരിച്ച് ഓൺലൈൻ ക്ലിയറൻസ് മെക്കാനിസം തുടങ്ങും.
- ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി നിയോഗിക്കും. കൂടാതെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്റർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്നിവ രൂപീകരിക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്.
- ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി വിവിധ വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു ജില്ലാ സമിതി രൂപീകരിക്കും.
- ക്ലിയറൻസിനായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും പൊതു വെബ് പോർട്ടൽ തുടങ്ങി ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി ബന്ധപ്പെടുത്തും.
- പൊതു വെബ്പോർട്ടലിൽ എല്ലാ അപേക്ഷകളും സിംഗിൾ പോയിന്റ് വഴി സ്വീകരിക്കും.

- സർക്കാർ ട്രഷറി, ദേശസാൽകൃത ബാങ്ക് എന്നിവിടങ്ങളിലെ പ്രവർത്തനം പോലെ വെബ്പോർട്ടൽ വഴി ഓൺലൈൻ പേമെന്റ് സിസ്റ്റം ആരംഭിക്കുന്നതിന് നടപടിയെടുക്കും.
- വ്യാവസായിക ആവശ്യത്തിന് സംസ്ഥാനത്തിന് ലഭ്യമായ സ്ഥല വിവരങ്ങൾ വെബ് പോർട്ടലിൽ ലഭ്യമാക്കുന്ന നടപടി സ്വീകരിക്കും.
- വിവിധ വകുപ്പുകളിൽ അപേക്ഷ സമർപ്പിക്കുന്നതിനായി പൊതുവായ സി.എ.എഫ്. (Composite Application Form ) നടപ്പാക്കും.

## സിക്ക് യൂണിറ്റുകളായി കണക്കാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

95 (6081) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സിക്ക് യൂണിറ്റുകളായി കണക്കാക്കിയിട്ടുള്ളവ ഏതൊക്കെയാണ്; സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും യഥാസമയം ലഭിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിക്ക് യൂണിറ്റുകളായി മാറിയ ഏതെങ്കിലും സ്ഥാപനങ്ങളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ പ്രവർത്തനം

96 (6082) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ പ്രവർത്തനം ലാഭത്തിലായിരുന്നോ നഷ്ടത്തിലായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിലായിരുന്നെങ്കിൽ ഇതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) കോർപ്പറേഷനെ ലാഭത്തിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2011-2016 കാലഘട്ടത്തിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ പ്രവർത്തനം നഷ്ടത്തിലായിരുന്നു.

(ബി) പരമ്പരാഗത മേഖലയിലുള്ള കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ പതിനായിരക്കണക്കിന് വരുന്ന ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി രൂപീകൃതമായ ഒരു സ്ഥാപനമാണ്. സർക്കാരിൽനിന്ന് 2011-12 വരെയുള്ള കാലയളവിൽ ഏകദേശം 42 കോടി രൂപയുടെ ധനസഹായം വായ്പയായി ലഭിക്കുകയും ഈ വായ്പയുടെ പലിശയിനത്തിൽ പ്രതിവർഷം ഏകദേശം 4.50 കോടി രൂപ വാർഷിക കണക്കിൽ പ്രൊവിഷൻ ആയി വകയിരുത്തിയിട്ടുമുണ്ട്. ഈ തുക നഷ്ടത്തിന്റെ ഒരു ഭാഗമാണ്. വനത്തിൽനിന്നും 14.66 രൂപയ്ക്ക് ശേഖരിക്കുന്ന ഒരു കോൽ ഈറ്റ ഡിപ്പോകളിൽ നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് 4.86 രൂപയ്ക്കാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഈറ്റ വിതരണത്തിൽ ഇപ്രകാരം കോർപ്പറേഷന് വന്നിട്ടുള്ള നഷ്ടം 1.50 കോടി രൂപയാണ്. കൂടാതെ ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേതനത്തിന്റെ ഭാഗമായുള്ള ഡി.എ. നൽകുന്നതിനും ഓണത്തിനോടനുബന്ധിച്ച് നൽകുന്ന സപ്ലൈ ഇൻസെന്റീവ് വിതരണം ചെയ്യുന്നതിനും വേണ്ടിവരുന്ന വലിയ തുക കോർപ്പറേഷന്റെ നഷ്ടത്തിന്റെ മറ്റൊരു പ്രധാന കാരണമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10 യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ച് 1000 വനിതകൾക്ക് തൊഴിലവസരം നൽകുന്നതിന് ലക്ഷ്യമിടുകയും അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 5 യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ മുണ്ടങ്ങാമറ്റം, തോട്ടകം, മഴവന്നൂർ, തേങ്കുറിശ്ശി, ഇരട്ടക്കുളം എന്നിവിടങ്ങളിൽ ആരംഭിക്കുകയും അതുവഴി 250 പേർക്ക് നേരിട്ടും 250 പേർക്ക് അല്ലാതെയും ജോലി നൽകുകയുമുണ്ടായി. ഇതിലൂടെ പനമ്പ് കൂടുതൽ ഉൽപ്പാദിപ്പിച്ച് ബാംബൂ പ്ലൈയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് കോർപ്പറേഷന് അധിക വരുമാനം നേടാൻ സാധിക്കുന്നതാണ്. സംസ്കരിച്ച മുള ഉപയോഗിച്ച് വനം വകുപ്പ്, കെ.ടി.ഡി.സി., ഫിഷറീസ് യൂണിവേഴ്സിറ്റി എന്നീ സ്ഥലങ്ങളിൽ ഇക്കോ ഹബ്, ഹട്ടുകൾ, ബാംബൂ ഫർണിച്ചറുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ബോട്ടുകളുടെ നിർമ്മാണം തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട് കോർപ്പറേഷന് ലഭിച്ച വർക്ക് ഓർഡറുകൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ പുതിയ പ്രോജക്ട് എന്ന നിലയ്ക്ക് ബാംബൂ ലോഗ്സ്, ബാംബൂ കൊറഗേറ്റഡ് ഷീറ്റ്, ചന്ദനത്തിരി സ്റ്റിക്ക് എന്നിവ

നിർമ്മിക്കുന്നതുവഴി ഏകദേശം 200 പേർക്ക് പുതുതായി തൊഴിൽ നൽകുന്നതിനുള്ള ഒരു പദ്ധതി കോർപ്പറേഷന്റെ പരിഗണനയിലാണ്. പരമ്പരാഗത ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളെ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ബാംബൂ കോർപ്പറേഷന് നടപ്പുവർഷം 3 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ബജറ്റിൽ 5 കോടി രൂപ ബാംബൂ കോർപ്പറേഷന് വകയിരുത്തിയിട്ടുണ്ട്.

**ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഡി.എ.**

97 (6083) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഡി.എ. ഇനത്തിൽ എത്ര രൂപ കൊടുക്കാനുണ്ട്;

(ബി) ഇത് എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഡി.എ. ഇനത്തിൽ 31-1-2018 വരെ 33 മാസത്തെ കുടിശ്ശികയായി 9 കോടി രൂപ നൽകാനുണ്ടായിരുന്നു. അതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 മാസത്തെ കുടിശ്ശികയായ 167 ലക്ഷം രൂപ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇനിയും ഡി.എ. കുടിശ്ശികയായി ഏകദേശം 7.33 കോടി രൂപ തൊഴിലാളികൾക്ക് നൽകാനുണ്ട്.

(ബി) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ്. ബാംബൂ കോർപ്പറേഷനെ വൈവിദ്ധ്യവൽക്കരണത്തിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. നടപ്പുവർഷം പ്രവർത്തന മൂലധനത്തിലുള്ള വായ്പാ ധനസഹായമായി മൂന്ന് കോടി രൂപ സർക്കാർ ബാംബൂ കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2018-19 വർഷത്തെ ധനമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാന ബാംബൂ കോർപ്പറേഷന് 10 കോടി രൂപ അനുവദിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്തുകാർ

98 (6084) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്തുകാർക്ക് പനമ്പ് നെയ്യുന്നതിന് ഈറ്റ വിതരണം ചെയ്യുന്നത് സബ്സിഡി നിരക്കിലാണോ;

(ബി) സബ്സിഡി നിരക്കിലാണെങ്കിൽ കോർപ്പറേഷന്റെ നഷ്ടം പരിഹരിക്കുന്നതിനായി പരമ്പരാഗത തൊഴിലാളികളായ ഇവരെ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അതെ.

(ബി) സബ്സിഡി നിരക്കിൽ ഈറ്റ വിതരണം ചെയ്യുന്നതുകൊണ്ട് കോർപ്പറേഷനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി പരമ്പരാഗത തൊഴിലാളികളായ ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളെ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

## ബാംബൂ കോർപ്പറേഷനിലെ താൽക്കാലിക തൊഴിലാളികൾ

99 (6085) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ ഹൈടെക് ബാംബൂ ഫ്ലോറിംഗ് തൊഴിലാളികളെ നിയമിച്ചിട്ട് എട്ട് വർഷം കഴിഞ്ഞിട്ടുള്ളതിനാൽ ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ നല്ലളം ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയിലേയ്ക്കായി സർക്കാർ 19-1-2010-ലെ GO (Rt)No. 93/2010/ID നമ്പർ ഉത്തരവുപ്രകാരം 30 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിൽ 27 പേരെ ബാംബൂ കോർപ്പറേഷൻ നേരിട്ട് നിയമിക്കുകയുണ്ടായി. പിന്നീട് പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുൻ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20-2-2012-ന് കൂടിയ യോഗത്തിൽ കൈക്കൊണ്ട

തീരുമാനങ്ങളിൽ നല്ലളം ബാംബൂ ടൈൽസ് ഫാക്ടറിയിൽ നേരിട്ട് നിയമനം നടത്തിയവരെ ഉടൻ പിരിച്ചുവിടാനും ഒഴിവുകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്താനുമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരുടെ പ്രൊബേഷൻ നിർണ്ണയിച്ച് സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ ബാംബൂ കോർപ്പറേഷൻ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല. 2011-ൽ നിയമനം ലഭിച്ചവരിൽ നിലവിൽ 18 പേർ മാത്രമാണ് ഫാക്ടറിയിൽ സേവനമനുഷ്ഠിക്കുന്നത്. നിയമനം സ്ഥിരപ്പെടുത്തി അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പ്രസ്തുത ജീവനക്കാർ സമർപ്പിച്ചിട്ടുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

## കുടിവെള്ള വ്യവസായ കമ്പനികൾ

100 (6086) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന് കുടിവെള്ള വ്യവസായം ആരംഭിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ എത്ര കുപ്പിവെള്ള വ്യവസായ കമ്പനികൾ നിലവിൽ ഉണ്ടെന്നും പ്രസ്തുത കമ്പനികളും അവയുടെ പ്ലാന്റുകളും എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കമ്പനികളിൽ വ്യവസായ വകുപ്പിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്താത്ത കുപ്പി വെള്ള കമ്പനികളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഏതൊക്കെയാണ് കമ്പനികൾ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്ത് 128 കുപ്പിവെള്ള കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി&ഡി) കുപ്പിവെള്ള കമ്പനികൾക്ക് നിയമപരമായി വ്യവസായ വകുപ്പിന്റെ ലൈസൻസ് ആവശ്യമില്ല.

(ഇ) ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്താത്ത കുപ്പിവെള്ള കമ്പനികളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി**

101 (6087) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വളർച്ച ലക്ഷ്യംവച്ചുകൊണ്ട് സംസ്ഥാന സർക്കാർ നൽകിയ ഭൂമിയിൽ സ്ഥാപിച്ച കേന്ദ്രപൊതുമേഖലാ വ്യവസായങ്ങൾ വിറ്റുതുലയ്ക്കുന്ന കേന്ദ്രസർക്കാർ നടപടി സംസ്ഥാനത്തെ വ്യവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത്തരം നീക്കത്തിൽ നിന്നും പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്ക് ബദലായി സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമായി മാറ്റുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എത്ര മാത്രം ഫലം കണ്ടുതുടങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ 'ഓഹരി വിറ്റഴിക്കൽ' നടപടികൾക്കെതിരെ അതാതു സന്ദർഭങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും അപേക്ഷയും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ട്, എച്ച്.ഒ.സി.എൽ., ബി.ഇ.എം.എൽ., എച്ച്.എൻ.എൽ., കൊച്ചിൻ കപ്പൽ നിർമ്മാണശാല തുടങ്ങിയ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പു വരുത്തുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ട് 2017 മാർച്ച് 13-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിന് കഴിയാവുന്ന എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നതാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് ഏറ്റെടുക്കാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നത സമിതി കേന്ദ്ര സർക്കാരുമായി നടത്തുന്ന ചർച്ച പൂർത്തിയായി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ചെലവ് കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണത്തിലൂടെയും വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെയുമുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമ മാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനാൽ അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കി വരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. മാരുടെ നിയമനം**

102 (6088) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി-മാരെ നിയമിച്ചിട്ടുള്ളത് 15-10-2016-ലെ സ.ഉ. (പി) നമ്പർ 45/2016/ ആ.സ.വ. എന്ന ഉത്തരവനുസരിച്ചാണോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവനുസരിച്ച് ഏതെല്ലാം സ്ഥാപനങ്ങളിലാണ് യോഗ്യതയുള്ള എം.ഡി.-മാരെ നിയമിച്ചിട്ടുള്ളത്;

(സി) ഈ ഉത്തരവ് ബാധകമാക്കാതെ ഏതെങ്കിലും സ്ഥാപനങ്ങളിൽ എം.ഡി. -മാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണെന്നുള്ള വിശദവിവരം നൽകുമോ;

(ഡി) വ്യവസായ വകുപ്പിന്റെ 2015 ജൂലൈ-ലെ എം.ഡി. മാരുടെ നിയമനം സംബന്ധിച്ച വിജ്ഞാപന പ്രകാരം അപേക്ഷിക്കുകയും നിയമന പ്രക്രിയയുടെ ഭാഗമായി ഒഴിവാക്കുകയും ചെയ്തവരെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.-മാരായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണെന്നുമുള്ള വിശദവിവരം നൽകുമോ;

(ഇ) എങ്കിൽ ഇവരെ നിയമിച്ചിട്ടുള്ളത് എന്ത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പ്രസ്തുത ഉത്തരവിനനുസരിച്ച് നിയമനങ്ങൾ നടത്തിയിട്ടില്ല. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്നുള്ള 15-10-2016-ലെ സ.ഉ.(പി)നമ്പർ 45/2016/ആ.സാ.വ. ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് ഏറ്റവും ഒടുവിൽ പത്രപ്പരസ്യം നൽകി മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നിയമന പ്രക്രിയ നടന്നത്. 30-6-2016-ലെ എച്ച്1/190/2016/വ്യവ. കത്തുപ്രകാരം നൽകിയ നിർദ്ദേശം അനുസരിച്ചാണ് റിയാബ് നിയമന നടപടികൾ സ്വീകരിച്ചത്. ഇതിൻപ്രകാരം വിദഗ്ദ്ധരടങ്ങിയ സെലക്ഷൻ കമ്മിറ്റിയാണ് മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുവാൻ യോഗ്യരായവരുടെ ലിസ്റ്റ് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തത്. മാനേജിംഗ് ഡയറക്ടർമാരെ വിജിലൻസിന്റെ ക്ലിയറൻസിന് വിധേയമായിട്ടാണ് നിയമിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ തെരഞ്ഞെടുപ്പ് പ്രക്രിയ കൂടാതെ മാനേജ്മെന്റ് രംഗത്തും സാങ്കേതിക രംഗത്തും വൈദഗ്ദ്ധ്യമുള്ളവരെ സർക്കാർ നേരിട്ടും മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കാറുണ്ട്. 2016-ലെ റിയാബ് നടത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയ മുഖേനയും അല്ലാതെയും നിയമിച്ചിട്ടുള്ള മാനേജിംഗ് ഡയറക്ടർമാരുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ഡി&ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനായി 2015 ജൂലൈ മാസം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി/സി.ഇ.ഒ. നിയമനം**

103 (6089) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിലേക്കുള്ള നിയമനത്തിന് മത്സരപരീക്ഷയും അഭിമുഖവും ഇനി മുതൽ ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനത്തിന് റിയാബ് തയ്യാറാക്കിയ സാധ്യതാ പട്ടിക സർക്കാർ റദ്ദാക്കുകയുണ്ടായോ എന്നറിയിക്കാമോ;

(സി) ഇതിനുശേഷം നാലു സ്ഥാപനങ്ങളിൽ സർക്കാർ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുകയുണ്ടായോ;

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇങ്ങനെ നിയമിച്ചവരിൽ രണ്ടുപേർ വിജിലൻസ് അന്വേഷണം നേരിടുന്നവരാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി./സി.ഇ.ഒ. നിയമനം ഇനി നടത്താനായുണ്ട്; അവിടങ്ങളിൽ എന്നത്തേക്ക് നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടില്ല.

(ബി) വിവിധ സ്ഥാപനങ്ങളിൽ നിയമനം നടത്തിയ ശേഷം പട്ടിക റദ്ദാക്കുകയുണ്ടായി.

(സി) നിയമിക്കുകയുണ്ടായി.

(ഡി) ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 6-1-2018 ലെ സ.ഉ. (സാധാ)നമ്പർ 53/18/വ്യവ. പ്രകാരം ശ്രീ. സജി ബഷീറിനെ കെൽപാം എം.ഡി.-യായി നിയമിക്കുകയുണ്ടായെങ്കിലും തുടർന്ന് 11-1-2018-ലെ സ.ഉ. (സാധാ) നമ്പർ 65/18/വ്യവ പ്രകാരം ടിയാനെ കെൽപാമിൽനിന്ന് 'Kept out of Office' ആയി ഉത്തരവിറക്കുകയും ആ ഒഴിവിലേയ്ക്ക് 27-1-2018-ലെ സ.ഉ. (സാധാ)നമ്പർ 98/18/വ്യവ. പ്രകാരം ശ്രീ. ആർ. അശോകിനെ കെൽപാം മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയുമുണ്ടായി. 7-12-2017-ലെ ബഹു. ഹൈക്കോടതി ഉത്തരവു പ്രകാരം റിയാബ് സെക്രട്ടറിയായിരിക്കെ സസ്പെൻഷനിലായ ശ്രീ. കെ. പത്മകുമാറിന് 28-12-2017-ലെ സ.ഉ. (സാധാ)നമ്പർ 1727/17/വ്യവ. പ്രകാരം കേരള ഓട്ടോമൊബൈൽസിൽ എം.ഡി.-യായി നിയമനം നൽകിയെങ്കിലും ടിയാൻ ചാർജെടുക്കാത്ത സാഹചര്യത്തിൽ 9-2-2018-ലെ സ.ഉ. (സാധാ)നമ്പർ 160/18/വ്യവ പ്രകാരം ശ്രീ. എ. ഷാജഹാന് കേരള ഓട്ടോമൊബൈൽസിൽ മാനേജിംഗ് ഡയറക്ടറായി നിയമനം നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ശ്രീ. സജി ബഷീറും ശ്രീ കെ. പത്മകുമാറും വിജിലൻസ് അന്വേഷണം നേരിടുന്നവരാണ്.

(ഇ) നിലവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും എം.ഡി.-മാരെ നിയമിക്കുകയോ അധിക ചുമതല നൽകുകയോ ചെയ്തിട്ടുണ്ട്.

**കെൽപാമിൽ പുതിയ പദ്ധതികൾ**

104 (6090) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപാമിന് 2017-18-ൽ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ നൽകുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; കെൽപാമിൽ നിന്നും ഒരു കോടി രൂപയുടെ ഡി.പി.ആർ. ലഭിച്ചതിന് ശേഷമുള്ള നടപടികൾ വിശദമാക്കുമോ;

(ബി) 2017-18-ൽ സംസ്ഥാന ബറ്റിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ കെൽപാമിന് നൽകുന്നതിന് നിലവിൽ ഉള്ള തടസ്സങ്ങൾ എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) കെൽപാമിൽ വ്യവസായ വകുപ്പ് നടപ്പിൽ വരുത്തുന്ന പുതിയ പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഡി) 2017-18-ലെ ബജറ്റിൽ അനുവദിച്ച തുക 2018 മേയ് മാസത്തിൽ നൽകാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ കെൽപാമിന് ഒരു കോടിരൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. ഇതുപ്രകാരം കെൽപാം തയ്യാറാക്കി സമർപ്പിച്ച "Setting up of Jaggery Manufacturing Unit" എന്ന പ്രോജക്ട് പ്രൊപ്പോസൽ വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശയോടുകൂടി സർക്കാരിൽ സമർപ്പിക്കുകയും ആയത് 22-11-2017-ൽ ചേർന്ന ഡിപ്പാർട്ടുമെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്കായി ഒരു കോടി രൂപ മുടക്കിയാൽ 1.85 ലക്ഷം മാത്രമേ മാർജിൻ ലഭിക്കുകയുള്ളൂവെന്നത് പദ്ധതിയുടെ ന്യൂനതയായി ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം നിരീക്ഷിക്കുകയും പദ്ധതി നിരാകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് കെൽപാം സമർപ്പിച്ച മറ്റൊരു പ്രോജക്ട് പ്രൊപ്പോസൽ വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശയോടുകൂടി സർക്കാരിൽ സമർപ്പിക്കുകയും ആയത് 7-3-2018-ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. കെൽപാമിന് ഒരു കോടി രൂപയുടെ ധനസഹായം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിനുള്ള ഫണ്ട് ബജറ്റിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനായുള്ള ഫണ്ട് റീ-അപ്രോപ്രിയേഷൻ വഴി കണ്ടെത്തിയശേഷം ഈ പദ്ധതി പരിശോധിക്കുവാൻ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം

തീരുമാനിക്കുകയും ആയതനുസരിച്ച് വ്യവസായ വാണിജ്യ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കെൽപാം സമർപ്പിച്ച പനവ്യവസായ മേഖലയിലെ ക്ലസ്റ്റർ വികസന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

(ബി) കെൽപാമിന് ഒരു കോടി രൂപയുടെ ധനസഹായം ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും ഇതിനുള്ള ഫണ്ട് ബജറ്റിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ റീ-അപ്രോപ്രിയേഷൻ വഴി ഫണ്ട് ഉറപ്പുവരുത്തിയ ശേഷം പ്രൊപ്പോസൽ വീണ്ടും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനാണ് 7-3-2018-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം നിർദ്ദേശിച്ചിരുന്നത്. സാമ്പത്തിക വർഷാവസാന മായതിനാൽ വീണ്ടും വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടാനുള്ള സാഹചര്യമില്ലാത്ത തിനാലും വിഭവ ലഭ്യതയുടെ പരിമിതിമൂലവും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) 2018-19 വർഷത്തെ ബജറ്റിൽ കരകൗശല മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം കെൽപാമിന് 25 ലക്ഷം രൂപ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് പന അനുബന്ധ വ്യവസായ മേഖലയിലെ ക്ലസ്റ്റർ വികസനം, കെൽപാമിന്റെ ഉടമസ്ഥതയിൽ പെറ്റ് ബോട്ടിൽ നിർമ്മാണ പ്ലാന്റ് എന്നിവ കെൽപാമിന് നടപ്പിൽ വരുത്താവുന്നതാണ്. കൂടാതെ പൊതുസേവന കേന്ദ്രം ആരംഭിക്കുന്നതിനായി 25 ലക്ഷം രൂപ കെൽപാമിന് ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(ഡി) 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷം വിനിയോഗിക്കുവാൻ അനുമതി നൽകാറില്ല. എന്നാൽ പ്രസ്തുത തുക e-LAMS-ൽ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ വിനിയോഗിക്കാനാകും.

**കെൽട്രോണിലെ കരാർ ജീവനക്കാരെ പിരിച്ചുവിടുന്ന നടപടി**

105 (6091) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ ജോലിക്കുറവുമൂലം കരാർ ജീവനക്കാരെ കരാർ കാലാവധി തീരുന്ന മുറയ്ക്ക് പിരിച്ചു വിടണമെന്ന് വേജ് റിവിഷൻ ഓർഡർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര കരാർ ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ജോലി കുറഞ്ഞതിന്റെ പേരിൽ വി.എസ്.എസ്.സി. വേളി യൂണിറ്റിൽ നിന്നും പന്ത്രണ്ട് കെൽട്രോൺ കരാർ ജീവനക്കാർക്ക് കരകുളം യൂണിറ്റിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിൽ എത്ര പേർ അവിടെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ജോലിയിൽ പ്രവേശിക്കാത്തവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പന്ത്രണ്ട് പേരിൽ കരകുളം യൂണിറ്റിൽ ജോലി ചെയ്യാത്തവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല

(സി) വി.എസ്.എസ്.സി. വേളി യൂണിറ്റിൽ കെൽട്രോൺ കൈകാര്യം ചെയ്തിരുന്ന റേറ്റ് കോൺട്രാക്ട് വർക്കിന്റെ കാലാവധി അവസാനിക്കാൻ പോകുന്നതിനാൽ 11 കരാർ ജീവനക്കാർക്ക് വർക്ക് അറേഞ്ച്മെന്റിൽ കരകുളം യൂണിറ്റിലേയ്ക്ക് മാറ്റം നൽകിയിരുന്നു. മാറ്റം നൽകിയ എല്ലാവരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ 11 ജീവനക്കാർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്.

**കേരള വ്യവസായ നിക്ഷേപ പ്രോത്സാഹന ബിൽ**

106 (6092) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സുഗമമാക്കുന്നതിനുള്ള കേരള വ്യവസായ നിക്ഷേപ പ്രോത്സാഹന ബിൽ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിലെ പ്രധാന അനുകൂല ഘടകങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(സി) ഏതൊരു തൊഴിൽ ഉടമയ്ക്കും സ്ഥാപനത്തിനും തങ്ങൾക്ക് ഇഷ്ടമുള്ള തൊഴിലാളികളെക്കൊണ്ട് സർക്കാർ തീരുമാനിക്കുന്ന മിനിമം വേതനത്തിൽ ജോലി ചെയ്യിക്കുന്നതിന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സുഗമമാക്കുന്നതിനും വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തിയും നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടും "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു." സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഇതു സംബന്ധിച്ച് നടത്തിയ പഠനങ്ങളിലും ചർച്ചകളിലും വ്യക്തമായി. തുടർന്ന് ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഏഴ് (7) നിയമങ്ങളിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത നിയമഭേദഗതികൾ "The Kerala Investment Promotion & Facilitation bill,2018" എന്ന പേരിൽ ഒരു ഏകീകൃത ബില്ലായി നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചർച്ച ചെയ്ത് പാസ്സാക്കുന്ന മുറയ്ക്ക് ഈ കാര്യങ്ങളിൽ വ്യക്തത വരുന്നതാണ്.

(ബി) വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും സമയബന്ധിതമായി അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ എളുപ്പത്തിൽ ലഭ്യമാക്കൽ എന്നിവയുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ ബില്ലിന്റെ പ്രധാന അനുകൂല ഘടകങ്ങൾ.

(സി) സംസ്ഥാനത്ത് നിലവിൽ വന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന ഓർഡിനൻസ് വഴി നിലവിലുള്ള ഏഴ് നിയമങ്ങളിൽ സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ നിയമത്തിൽ നടത്തിയ ഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് കയറ്റിറക്ക് ജോലിക്കായി സ്വന്തം തൊഴിലാളികളെയോ, മെഷിനറികളെയോ ഉപയോഗിക്കാം. ഹെഡ്‌ലോഡ് വർക്കേഴ്സിനെയും ഈ ജോലിക്ക് നിയമിക്കുന്നതിന് നിയമതടസ്സമില്ല. സർക്കാർ നിശ്ചയിക്കുന്ന മിനിമം കൂലി നൽകുകയും വേണം.

### പുതിയ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. ധനസഹായം

107 (6093) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവവ്യവസായ സംരംഭകരുടെ നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഇതിനായി കെ.എസ്.ഐ.ഡി.സി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്ക് ധനസഹായം നൽകിയെന്നും എന്ത് തുക ഇപ്രകാരം നൽകിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ യുവ സംരംഭങ്ങൾക്ക് പ്രാഥമിക മൂലധനസഹായം (സീഡ് ഫണ്ട് സഹായം) നൽകുന്നുണ്ട്. നൂതനമായ യുവസംരംഭങ്ങൾക്ക് ഇരുപത്തിയഞ്ച് ലക്ഷം രൂപ വരെ മൂലധന സഹായവും ഇൻകുബേഷൻ സൗകര്യങ്ങളും മറ്റു മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു. കൂടാതെ വിവര സാങ്കേതികവിദ്യാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തികം ഉൾപ്പെടെ സ്റ്റാർട്ടപ്പുകളെ സൃഷ്ടിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള യുവ സംരംഭകത്വ വികസന പദ്ധതിയിലൂടെ സഹായം നൽകിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 72-ഓളം കമ്പനികൾക്ക് 15.28 കോടി രൂപ മൂലധനസഹായം അനുവദിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൂതന ആശയങ്ങളുമായി വന്ന 41 യുവസംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. മൂലധനനിക്ഷേപമായി 9 കോടി 6 ലക്ഷം രൂപ വരെ അനുവദിക്കുകയുണ്ടായി നൂതനമായ ആശയങ്ങളെ ഉൽപ്പന്നമാക്കി മാറ്റുന്നതിനും അത് വിപണിയിലെത്തിക്കുന്നതിനുമായി സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ, ഇന്നൊവേറ്റർമാർ എന്നിവർക്ക് ധനസഹായം നൽകുന്ന പദ്ധതികളും നടത്തിവരുന്നു.

## വ്യവസായരംഗം മെച്ചപ്പെടുത്തുന്നതിനായി നടപടി

108 (6094) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായരംഗം മെച്ചപ്പെടുത്തുന്നതിനായി 2018 ഫെബ്രുവരി 28 വരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പുതിയതായി എത്ര വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുവാൻ സർക്കാർ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ട്; ഇതിന്റെ ഫലമായി കേരളത്തിലെ വ്യവസായരംഗത്ത് വന്നുചേർന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം മേജർ വ്യവസായ സംരംഭങ്ങളാണ് സർക്കാരിന് മുന്നിലുള്ളത്; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷത്തിൽ 11985.90 ലക്ഷം രൂപയും 2017-18 വർഷത്തിൽ ഇതുവരെ 7988.7 ലക്ഷം രൂപയും ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 2016-17-ൽ 122.64 കോടി രൂപയും 2017-18-ൽ അനുവദിച്ച 270 കോടി രൂപയിൽ 2018 ഫെബ്രുവരി 28 വരെ 114.64 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 114.92 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കിൻഫ്രയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2018 ഫെബ്രുവരി 28 വരെ 86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് മേഖല മെച്ചപ്പെടുത്തുന്നതിനായി 114.07 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 59.3241 കോടി രൂപ കൈത്തറി മേഖലയിലും 54.7491 കോടി രൂപ യന്ത്രത്തറി/സ്പിന്നിംഗ് മിൽ മേഖലയിലുമാണ് ചെലവഴിച്ചത്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ 15535 പുതിയ യൂണിറ്റുകൾ തുടങ്ങുകയുണ്ടായി. അതിലൂടെ ചെറുകിട വ്യവസായ രംഗത്ത് 1227 കോടി രൂപയുടെ നിക്ഷേപം ഉണ്ടായതിനൊപ്പം 57445 തൊഴിലവസരങ്ങളും പുതിയതായി ഉണ്ടായി. 2017-18 സാമ്പത്തിക വർഷം ഫെബ്രുവരി 28 വരെ 14009 പുതിയ യൂണിറ്റുകൾ തുടങ്ങുകയുണ്ടായി. അതിലൂടെ 1111 കോടി രൂപയുടെ നിക്ഷേപവും 45638 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മുഖേന പതിനഞ്ച് വ്യവസായ സ്ഥാപനങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ഏകദേശം 1400 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. ഏകദേശം 220 കോടി രൂപയുടെ നിക്ഷേപം ഇതിലൂടെ നടത്തിയിട്ടുണ്ട്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 122 സംരംഭകർക്ക് ഭൂമി അനുവദിച്ചുനൽകിയിട്ടുണ്ട്. അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 116.67 കോടി രൂപയുടെ നിക്ഷേപവും 1222 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. പരമ്പരാഗത കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിച്ച് മുന്നേറുന്നതിന് കൈത്തറി നെയ്ത്തുതൊഴിലാളി സഹകരണ സംഘങ്ങൾക്കും വ്യക്തിഗത നെയ്ത്തുകാർക്കും ഹാൻവീവ്, ഹാന്റെക്സ്

എന്നീ സ്ഥാപനങ്ങൾക്കും വിവിധ പദ്ധതികൾ വഴി സാമ്പത്തിക സഹായം നൽകിവരുന്നു. ഇതുവഴി കൈത്തറി മേഖല അഭിവൃദ്ധിപ്പെടുകയും തൊഴിലാളിക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ലഭ്യമാകുകയും ചെയ്യുന്നുണ്ട്. സ്വയം തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിയിലൂടെ ഈ രംഗത്ത് പുതിയതായി 12 സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

(സി) വർദ്ധിച്ചുവരുന്ന ആഭ്യന്തര ഉപയോഗം, കയറ്റുമതി സാദ്ധ്യതകൾ എന്നിവ കണക്കിലെടുത്തും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചും ടൈറ്റാനിയം ലോഹം, ലോഹസങ്കരങ്ങൾ, അലോയികൾ, രാസവസ്തുക്കൾ, ധാതുമണലിൽനിന്നും ലഭ്യമാകുന്ന മറ്റു ഘടകങ്ങൾ ഉപയോഗിച്ചുള്ള സംയുക്തങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ്" സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കെൽ, കേരള ഓട്ടോമൊബൈൽസ്, BHEL-EML Ltd. എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിന്റെ സാദ്ധ്യതയും പരിശോധിക്കുന്നുണ്ട്. കേരള ഹാർഡ്‌വെയർ മിഷന്റെ ഭാഗമായി ഇലക്ട്രോണിക് ഹാർഡ്‌വെയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി കെൽട്രോണിന്റെ നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്. പരമ്പരാഗത മേഖലകളിൽ കൈത്തറി തൊഴിലാളികളുടെ ഉന്നമനത്തിനായി പദ്ധതികളും അതോടൊപ്പം അവരുടെ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് നടത്തി വിപണന സാദ്ധ്യത ഉപയോഗപ്പെടുത്തുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി ചേർന്ന് ബ്രാൻഡിംഗിനായി ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കെ.എസ്.ഐ.ഡി.സി.യിൽ ധനസഹായം അഭ്യർത്ഥിച്ചിട്ടുള്ള പ്രധാനപ്പെട്ട വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ താഴെക്കൊടുക്കുന്നു.

- 258 കിടക്കകളുള്ള ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
- കാർണിവൽ ഗ്രൂപ്പിന്റെ ഐ.ടി. പാർക്ക്
- 104 കിടക്കകളുള്ള ബി.ആർ.എസ്. ലൈഫ് ഹോസ്പിറ്റൽ (എസ്.യു.ടി, പട്ടം)

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിക്കുക എന്നതാണ് കിൻഫ്രയുടെ ലക്ഷ്യം. ഇതുപ്രകാരം കിൻഫ്ര നടപ്പിലാക്കുന്ന വ്യവസായ പാർക്കുകൾ താഴെപ്പറയുന്നവയാണ്.

- മെഗാ ഫുഡ് പാർക്ക്, പാലക്കാട്
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം
- ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ്, കൊച്ചി
- പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി
- ഫാർമ പാർക്ക്, കൊച്ചി
- കിൻഫ്ര ഫിലിം വീഡിയോ പാർക്ക്, തിരുവനന്തപുരം
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര
- കാക്കഞ്ചേരി പാർക്കിന്റെ രണ്ടാംഘട്ടം
- കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം

**നൂതന സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായങ്ങളുടെ പ്രോത്സാഹനം**

109 (6095) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യതയും സ്ഥല ലഭ്യതയിലുള്ള പരിമിതിയും കണക്കിലെടുത്ത് ബയോടെക്നോളജി പോലെ നൂതന സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഗവേഷണവും വ്യവസായവും ഏകോപിപ്പിച്ചുകൊണ്ടുള്ള ലൈഫ് സയൻസ് പാർക്കിനെക്കുറിച്ച് വിശദമാക്കാമോ; പാർക്കിന്റെ നിർമ്മാണ പ്രവൃത്തി ഏതുഘട്ടത്തിലാണ്;

(സി) സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, മെഡ്സ് പാർക്ക് തുടങ്ങിയവ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ലോകത്തിലെ ജൈവവൈവിദ്ധ്യ മേഖലകളിൽ ഒന്നായ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സമ്പന്നതയെ കൂട്ടിയിണക്കി കേരള സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖാന്തരം തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ

വെയിലൂർ വില്ലേജിൽ ഒരു ജൈവശാസ്ത്ര പാർക്ക് വികസിപ്പിച്ചെടുക്കുകയാണ്. ഈ പാർക്കിൽ ബയോടെക്നോളജി, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത് കെയർ തുടങ്ങിയ മേഖലകളിലെ വ്യാവസായിക വികസനമാണ് ലക്ഷ്യമിടുന്നത്. ഈ മേഖലകളിൽ കേരളത്തിന്റെ പുരോഗതിക്ക് നാന്ദികുറിക്കുന്നതിന് ഈ ലൈഫ് സയൻസ് പാർക്ക് നിസ്തുലമായ പങ്ക് വഹിക്കുന്നതായിരിക്കും.

(ബി) ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിലൂടെ ജൈവശാസ്ത്രാധിഷ്ഠിതമായ വ്യവസായങ്ങൾക്കും ഗവേഷണ വികസന സ്ഥാപനങ്ങൾക്കും ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുവാനാകും. ജൈവശാസ്ത്ര വ്യവസായ ഗവേഷണ സ്ഥാപനങ്ങളുടെയും ശാസ്ത്ര സാങ്കേതിക അക്കാദമിയുടെയും വിജ്ഞാന കേന്ദ്രമായ ഈ പാർക്കിലൂടെ ബന്ധപ്പെട്ട മേഖലകളിൽനിന്നും ആഭ്യന്തര വിദേശ നിക്ഷേപം ആകർഷിക്കാനാകുമെന്ന് കരുതുന്നു. ലൈഫ് സയൻസ് പാർക്ക് പദ്ധതി രണ്ടുഘട്ടങ്ങളിലായി 235 ഏക്കറിൽ വികസിപ്പിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 160 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ഒന്നാം ഘട്ട പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഇതിൽ 20 മീറ്റർ റോഡ്, ഡ്രെയിനേജ് സംവിധാനം, മഴവെള്ള സംഭരണി എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി, ജലം എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 3 ലക്ഷം ചതുരശ്രയടി വിസ്തൃതിയിൽ സജ്ജമാക്കാൻ തയ്യാറെടുക്കുന്ന ഇന്നൊവേഷൻ-കം-ഇൻകുബേഷൻ സെന്ററിന്റെ നിർമ്മാണം ഈ വർഷം ആരംഭിക്കുന്നതാണ്. ഏകദേശം 80000 ചതുരശ്രയടി വരുന്ന ബയോടെക് ലാബ് ആൻഡ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി 2 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുന്ന ബയോമെഡിക്കൽ റിസർച്ച്-കം-ലേണിംഗ് സെന്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ 25 ഏക്കറിൽ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിലേയ്ക്കായി പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. പ്രീ-ഫാബ്രിക്കേഷൻ ഫെസിലിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മേയ് 2018-ൽ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള ആധുനിക ലബോറട്ടറികളിൽ പകർച്ചവ്യാധികളെയും സാംക്രമിക രോഗങ്ങളെയും തിരിച്ചറിയുന്നതിനും പ്രസ്തുത രോഗങ്ങളെ സംബന്ധിക്കുന്ന ഗവേഷണങ്ങൾ നടത്തുന്നതിനും സാധിക്കും. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് 2018-19-ഓടുകൂടി പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. കെ.എസ്.ഐ.ഡി.സി.യും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയും സംയുക്ത സംരംഭമായിട്ട്

തോന്നയ്ക്കൽ ജൈവ പാർക്കിൽ മെഡിക്കൽ ഡിവൈസസ് പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. സാങ്കേതിക വികസനത്തിനുള്ള വർദ്ധിച്ച അറിവും ശേഷിയും നൽകൽ, ബിസിനസ്സ് ഇൻകുബേഷൻ, മെഡിക്കൽ ഉപകരണങ്ങളുടെ നിലവാര പരിശോധന, ഉൽപ്പാദനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പദ്ധതിയുടെ മൊത്തം ചെലവ് 180 കോടി രൂപയാണ്. ഇതിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ M/s. HLL Infratech Services Ltd (HITES)-നെ ഏൽപ്പിക്കുകയും പ്രസ്തുത പദ്ധതിയുടെ പ്രാരംഭ മാസ്റ്റർ പ്ലാൻ അവർ സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ പ്രവർത്തനങ്ങൾ 2018-19-ഓടുകൂടി ആരംഭിക്കുന്നതാണ്.

**വ്യവസായങ്ങൾ ആരംഭിക്കാൻ സഹായപദ്ധതി**

110 (6096) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും ചെറുകിട വ്യവസായങ്ങളുൾപ്പെടെയുള്ള വ്യവസായങ്ങൾ ആരംഭിക്കാൻ പ്രത്യേക സഹായപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് പ്രത്യേക പദ്ധതികളൊന്നും വ്യവസായ വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ വ്യവസായ സംരംഭകർക്കായി നടപ്പിലാക്കുന്ന പൊതുവായ പദ്ധതികൾ പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ നോർക്ക- റൂട്ട്സ് വഴി തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് കാർഷികം, കച്ചവടം, ഉൽപ്പാദനം, സേവനം തുടങ്ങിയ വിവിധ മേഖലകളിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 20 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**മൺപാത്ര നിർമ്മാണത്തിന് കളിമണ്ണ്**

111 (6097) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതമായി മൺപാത്ര നിർമ്മാണം നടത്തി ഉപജീവനം നടത്തുന്നവർക്ക് അവരുടെ തൊഴിലിന് വേണ്ട അസംസ്കൃത വസ്തുവായ കളിമണ്ണ് ശേഖരിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) മൺപാത്ര നിർമ്മാണത്തിനായി കളിമണ്ണെടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണ്;

(സി) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ ആളൂർ കുംഭാര കോളനിയിൽ മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയവർക്ക് കളിമണ്ണ് ശേഖരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും മണ്ണ് കൊണ്ട് പോകുന്ന വാഹനങ്ങൾ തടഞ്ഞിടുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരം കാണാൻ നടപടി എടുക്കുമോ;

(ഡി) വ്യവസായ വകുപ്പിന്റെ കീഴിൽ ഈ കോളനിയിൽ നിലവിലുള്ള സ്ഥലത്ത് മൺപാത്ര നിർമ്മാണത്തിന്റെ വികസനത്തിനാവശ്യമായ വർക്ക് ഷെഡ് നിർമ്മിക്കുന്നതിനും ആവശ്യമായ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഇല്ല. 50 ടൺ കളിമണ്ണ് വരെ ഖനനം ചെയ്ത് ഉപയോഗിക്കുന്നതിന് കെ.എം.എം.സി. 2015-ചട്ടങ്ങളിലെ ചട്ടം 106(5) അനുസരിച്ച് നിയമത്തിൽ ഇളവുകൾ നൽകിയിട്ടുണ്ട്.

(ബി) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടത്തിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗതമായി മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെടുന്നവർക്കും ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഐഡന്റിറ്റി കാർഡുള്ളവർക്കും റോയൽറ്റി ഈടാക്കാതെ പ്രതിവർഷം 50 മെട്രിക് ടൺ വരെയുള്ള കളിമണ്ണ് കൊണ്ടുപോകുന്നതിന് അനുമതി നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് കൈവശാവകാശ സർട്ടിഫിക്കറ്റ്, സർവ്വേ മാപ്പ്, സ്ഥലമുടമയുടെ സമ്മതപത്രം എന്നിവയും ആർട്ടിസാൻസ് സർട്ടിഫിക്കറ്റും അപേക്ഷ സഹിതം സമർപ്പിക്കുന്നവർക്ക് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസിൽനിന്നും കളിമണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. ഇവർക്ക് മൈനിംഗ് പ്ലാനോ പാരിസ്ഥിതികാനുമതിയോ ആവശ്യമില്ലാത്തതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രദേശത്ത് ടി തൊഴിലുമായി ബന്ധപ്പെട്ടവർ തൃശ്ശൂർ മൈനിംഗ് & ജിയോളജി ജില്ലാ ഓഫീസിനെ സമീപിച്ച സന്ദർഭത്തിൽ കെ.എം.എം.സി. ചട്ടങ്ങൾ 106(5) പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെടുന്നവർക്കും ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഐഡന്റിറ്റി കാർഡുള്ളവർക്കും റോയൽറ്റി ഈടാക്കാതെ പ്രതിവർഷം 50 മെട്രിക് ടൺ വരെ കളിമണ്ണ് കൊണ്ടുപോകുന്നതിന് അനുമതി നൽകാവുന്നതാണെന്ന്

നിഷ്കർഷിച്ചിട്ടുള്ളതാണെന്നും അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കളിമണ്ണ് കൊണ്ടു പോകുന്നതിനുള്ള പാസ്സും അനുമതിയും നൽകുന്നതിനുള്ള നടപടികൾ ചട്ടപ്രകാരം കാലതാമസം കൂടാതെ അനുവദിക്കുന്നതാണെന്നും അവരെ അറിയിച്ചിട്ടുണ്ട്.

(ഡി) ഇവർക്ക് സർക്കാർ നൽകിവരുന്ന ആർട്ടിസാൻസ് കാർഡ് മുഖാന്തരം 'ആശ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ

112 (6098) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായം സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാകുന്നില്ല എന്നത് വ്യവസായ വികസനത്തിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വ്യവസായ വികസനത്തിനുള്ള ഭൂമി ലഭ്യതകുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഗ്രാമീണ മേഖലയിലുൾപ്പെടെ വ്യവസായ വികസനം ലക്ഷ്യമിട്ട് ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് ആർക്കൊക്കെയാണ് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവ തുടങ്ങുന്നതിനുള്ള നിബന്ധനകൾ അറിയിക്കുമോ;

(എഫ്) പ്രസ്തുത എസ്റ്റേറ്റുകളുടെ വികസനത്തിൽ സർക്കാരിന്റെ പങ്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാകുന്നില്ല എന്നത് വ്യവസായ വികസനത്തിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നില്ല. കാരണം സ്ഥലദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് വ്യവസായ സംരംഭകർക്ക് നൽകുന്നതിനുള്ള പദ്ധതി

ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എട്ട് ബഹുനില വ്യവസായ സമുച്ചയങ്ങളാണ് നിർമ്മിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ പുഴയ്ക്കൽപ്പാടത്ത് 1,00,000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ബഹുനില വ്യവസായ സമുച്ചയത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ 23,392 ചതുരശ്രയടി വിസ്തീർണ്ണമുള്ള സമുച്ചയത്തിന്റെ പണിയും നടക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ, തൃശ്ശൂർ ജില്ലയിലെ വരവൂർ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. കൊച്ചുവേളി-തിരുവനന്തപുരം, പുന്നപ്ര-ആലപ്പുഴ, പുതുശ്ശേരി, ഷൊർണ്ണൂർ-പാലക്കാട് എന്നിവിടങ്ങളിൽ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ ജോലികളും നടന്നുവരുന്നു. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതിയും നിലവിലുണ്ട്.

(ഡി-എഫ്) കുറഞ്ഞത് 50 ഏക്കർ ഭൂമി സ്വന്തമായുള്ള സംരംഭകർക്കാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. പ്രസ്തുത എസ്റ്റേറ്റുകൾ വ്യവസായ വികസന ഏരിയയായി പ്രഖ്യാപിച്ച് നിയമപരമായ ആനുകൂല്യങ്ങൾ നൽകുന്നതായിരിക്കും.

**പുതുതായി ആരംഭിച്ച വ്യവസായ പാർക്കുകൾ**

113 (6099) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി എത്ര വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ബി) കിൻഫ്രയുടെ കീഴിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി സർക്കാരിന് എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ;

(സി) കോങ്ങാട് നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ കിൻഫ്രയുടെ കീഴിൽ 12 വ്യവസായ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കാസർഗോഡ്, കരിന്തളം, ചീമേനി, കണ്ണൂർ, എരമം എന്നീ സ്ഥലങ്ങളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ കിൻഫ്രയ്ക്ക് പ്രൊപ്പോസലുകൾ നിലവിലുണ്ട്. 100 ഏക്കറിനുമുകളിൽ ഭൂമി നൽകാൻ താൽപ്പര്യമുള്ളവരിൽനിന്നും സമ്മതപത്രം ക്ഷണിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കോങ്ങാട് നിയോജക മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് കിൻഫ്രയ്ക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. പക്ഷേ ഇവിടെ വെള്ളത്തിന്റെ ലഭ്യതയും ഉറവിടവും ഉറപ്പുവരുത്താനാകത്തതിനാൽ പദ്ധതിയിന്മേൽ തീരുമാനം എടുത്തിട്ടില്ല.

**യു.എസ്.ടി. ഗ്ലോബലിന് കെൽട്രോണിന്റെ സ്ഥലം നൽകൽ**

114 (6100) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെൽട്രോണിന് കീഴിൽ മൺവിളയിലുള്ള 2.25 ഏക്കർ ഭൂമിയും പി. സി. ബി. ഉത്പാദന കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കെട്ടിടവുമുൾപ്പെടെ യു.എസ്.ടി. ഗ്ലോബൽ എന്ന കമ്പനിക്ക് കൈമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥ പ്രകാരം എന്ത് കാര്യത്തിന് വേണ്ടി എത്ര നാളത്തേക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; യു.എസ്.ടി. ഗ്ലോബലുമായി ഉണ്ടാക്കിയ കരാർ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കൈമാറ്റത്തിലൂടെ സർക്കാരിനും കെൽട്രോണിനും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നും ഇതിൽ കെൽട്രോൺ, യു.എസ്.ടി. ഗ്ലോബൽ ഇവയുടെ വിഹിതം എത്ര ശതമാനം വീതമാണെന്നും വിശദമാക്കുമോ;

(സി) ഈ കമ്പനിക്ക് എത്ര തുകയ്ക്ക് എത്ര വർഷത്തേക്കാണ് വസ്തുവും അനുബന്ധ കെട്ടിടങ്ങളും കൈമാറുന്നത്; വ്യക്തമാക്കുമോ;

(ഡി) നിലവിൽ കൈമാറുന്ന വസ്തുവകകൾക്ക് പ്രദേശത്തെ മതിപ്പ് വില എത്ര രൂപയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

**ഓട്, ഇഷ്ടിക നിർമ്മാതാക്കൾ നേരിടുന്ന പ്രതിസന്ധി**

115 (6101) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും സർക്കാർ നിയന്ത്രണങ്ങളുംമൂലം ഓട്, ഇഷ്ടിക നിർമ്മാതാക്കൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രകൃതിക്ക് ദോഷകരമാകാത്തവിധത്തിൽ ഈ മേഖലയ്ക്കാവശ്യമായ വസ്തുക്കൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജലസംഭരണികളിലടിയുന്ന ചെളിയും മണലും പ്രകൃതിക്ക് ദോഷകരമാകാത്ത രീതിയിൽ ശേഖരിച്ച് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ കാര്യക്ഷമമായി ഇടപെടുകയും ഭരണപരമായ വിവിധ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇഷ്ടികച്ചെളിയുടെ ഖനനത്തിന് ജില്ലാ കളക്ടറുടെ നിരാക്ഷേപ പത്രം ഒഴിവാക്കുകയും 2 മീറ്റർ വരെയുള്ള ഖനനത്തിന് മൈനിംഗ് പ്ലാൻ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഡാമുകളിൽ നിന്നും മണൽ, ചെളി എന്നിവ നീക്കം ചെയ്ത് ഇഷ്ടിക, ഓട് എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ പ്രാരംഭ നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഡാമിൽ നിന്ന് മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള പ്രാരംഭ ചർച്ചകൾ ഔദ്യോഗിക തലത്തിൽ നടത്തിയിട്ടുണ്ട്.

**ബാംബൂ കോർപ്പറേഷൻ ഉൽപ്പന്നങ്ങൾ**

116 (6102) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷൻ ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ബാംബൂ കോർപ്പറേഷൻ ഉൽപ്പന്നങ്ങളെ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഇക്കാര്യത്തിൽ ബാംബൂ കോർപ്പറേഷൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ നികുതി വകുപ്പിന് കൈമാറിയിട്ടുണ്ട്.

**മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമി**

117 (6103) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) കോഴിക്കോട് കോംട്രസ്റ്റ് ഭൂമി ഏറ്റെടുത്ത മാതൃകയിൽ മാവൂരിലെ ഭൂമിയും ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്താൻ സർക്കാർ സന്നദ്ധമാവുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമി തിരിച്ചെടുക്കുന്നതിനായി പുറപ്പെടുവിച്ച 10-10-2017-ലെ GO (MS)97/2017/ID ഉത്തരവിനെതിരെ മെ. ഗ്രാസിം ലിമിറ്റഡ് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) നമ്പർ 33103/2017-ൽ ബഹു. കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലായതിനാൽ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**അൽബറാക് ഫൈനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് കമ്പനി**

118 (6104) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഓഹരി പങ്കാളിത്തത്തോടെ അൽബറാക് ഫൈനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഈ സ്ഥാപനം വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 9-2-2011 മുതൽ.

(സി) അൽബറാക്ക് ഫിനാൻഷ്യൽ സർവ്വീസ് ഫിനാൻഷ്യൽ സ്ഥാപനമായി പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. റിസർവ് ബാങ്കിന്റെ അനുമതി നേടി എൻ.ബി.എഫ്.സി. ആയും സെബി അനുമതി നേടിയിട്ട് വെൻച്വർ ക്യാപിറ്റൽ/ പി.ഇ. ഫണ്ട് മുതലായ മേഖലകളിലും പ്രവർത്തിക്കാനാണ് സ്ഥാപനം ലക്ഷ്യമിടുന്നത്.

(ഡി) കേരളത്തിലെ വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രോജക്ടുകളിൽ നിക്ഷേപം നടത്തുക വഴി പ്രസ്തുത സ്ഥാപനം കേരളത്തിന്റെ വ്യവസായ വികസനത്തിന് വളരെയധികം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകൾ**

119 (6105) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകളെ പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത വ്യവസായത്തിന്റെ നിലനിൽപ്പിനായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഡി) ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) എഞ്ചിനീയറിംഗ്, ഫാബ്രിക്കേഷൻ തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകൾക്ക് സബ്സിഡിക്ക് അർഹതയുണ്ട്. കൂടാതെ വ്യവസായ ക്ലസ്റ്റർ വികസന പദ്ധതിയിലുൾപ്പെടുത്തി ഒരേ സ്ഥലത്തു പ്രവർത്തിച്ചു വരുന്ന എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകൾക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനും പൊതു സൗകര്യകേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു.

(ഡി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ഒളവണ്ണ കള്ളിക്കുന്നിലെ ബെൽ മെറ്റൽ സർവ്വീസ് സെന്റർ**

120 (6106) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കള്ളിക്കുന്നിൽ വ്യവസായ വകുപ്പിന് കീഴിലുള്ള ബെൽ മെറ്റൽ സർവ്വീസ് സെന്റർ ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ കേന്ദ്രം തുടങ്ങുന്നതിനുവേണ്ടി പ്രസ്തുത ഭൂമി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന് ലീസിന് നൽകുന്നതിനുള്ള അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ബെൽ മെറ്റൽ സർവ്വീസ് സെന്ററിന്റെ കൈവശം ഉണ്ടായിരുന്ന 48 സെന്റ് ഭൂമി സർക്കാർ നിർദ്ദേശപ്രകാരം മെ. ബേസ്‌ലാൻഡ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

(ബി & സി) ഉണ്ട്. ഇക്കാര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പുനലൂർ പേപ്പർ മില്ലിന്റെ നവീകരണം**

121 (6107) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർ മില്ലിന്റെ നവീകരണം ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) പേപ്പർ മില്ലിലേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് മില്ലിലേക്ക് വൈദ്യുതി എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പേപ്പർ മില്ലിൽ ഉൽപ്പാദന പ്രക്രിയ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 11-9-2015-ൽ കമ്പനി പുനഃപ്രവർത്തനം ആരംഭിക്കുകയും ഏകദേശം ഒരു വർഷത്തോളം പ്രവർത്തനം നടത്തുകയും ചെയ്തിരുന്നു. ഈ കാലയളവിൽ ഏകദേശം 200 ടൺ പേപ്പർ നിർമ്മിക്കുകയും 50-ഓളം തൊഴിലാളികൾ ജോലി ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് 2016 സെപ്റ്റംബർ മാസം മുതൽ കമ്പനി പ്രവർത്തനരഹിതമാകുകയാണ് ചെയ്തിട്ടുള്ളത്. കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി കമ്പനി മാനേജ്മെന്റ് പല ബാങ്കുകളെയും സമീപിച്ചെങ്കിലും വായ്പ ലഭിച്ചിരുന്നില്ല. കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ മെഷിനറികളും പ്രവർത്തനമൂലധനവും ആവശ്യമാണ്. കമ്പനി പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് അംഗീകരിക്കപ്പെട്ട റിവൈവൽ പ്രോജക്ട് റിപ്പോർട്ടിലെ വ്യവസ്ഥകൾ പ്രകാരം യൂണിറ്റ് പുനരുദ്ധാരണം കമ്പനിയുടെ ചുമതലയാണ്.

(ബി&സി) പുനലൂർ പേപ്പർ മിൽ അധികാരികൾ ആവശ്യപ്പെട്ടത് അനുസരിച്ച് പേപ്പർ മില്ലിലേയ്ക്കുള്ള EHT സർവ്വീസ് കണക്ഷൻ 27-2-2017-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നിർത്തിവയ്ക്കുകയും മീറ്റർ പേപ്പർമിൽ അധികാരികളെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. പേപ്പർ മില്ലിനുവേണ്ടിയുള്ള 110 KV വൈദ്യുതി ലൈൻ നിലനിർത്തിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക അടയ്ക്കുകയും റീ കണക്ഷനുള്ള രേഖകൾ സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് പേപ്പർ മില്ലിന് ആവശ്യമായ വൈദ്യുതി കണക്ഷൻ വീണ്ടും ലഭിക്കുന്നതാണ്.

(ഡി) പേപ്പർ മില്ലിന്റെ പുനരുദ്ധാരണം സംബന്ധിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട വനം, മൃഗസംരക്ഷണ വകുപ്പുമന്ത്രിയും കൂടി പങ്കെടുത്ത ഒരു യോഗം 7-3-2018-ൽ ചേരുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. പുനലൂർ പേപ്പർ മില്ലിന്റെ പുനരുജ്ജീവനത്തിനായി കെ.എസ്. ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് പ്രോജക്ട് പ്രൊപ്പോസൽ കമ്പനി സമർപ്പിക്കേണ്ടതും കമ്പനിയുടെ കൈവശമുള്ള ബാക്കിയുള്ള സ്ഥലത്ത് അനുയോജ്യമായ മറ്റ് പ്രോജക്ടുകൾ തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ കമ്പനി പരിശോധിക്കേണ്ടതുമാണ്.

2. നിലവിലുള്ള മെഷീൻ ഉപയോഗിച്ച് നിർമ്മാണച്ചെലവ് കുറച്ചു കൊണ്ട് വിപണനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ കമ്പനി പരിശോധിക്കണം.

3. കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള മൂലധനം സ്വരൂപിക്കുന്നതിലേയ്ക്കായി കമ്പനിയുടെ കൈവശമുള്ള സ്ഥലം ഈടു നൽകി ബാങ്കിൽ നിന്നും ലോൺ ലഭിക്കുന്നതിനായി ബാങ്കുകളുമായി ചർച്ച നടത്തുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. കെ.എസ്.ഇ.ബി.എൽ.-ഉമായി ബന്ധപ്പെട്ട് വൈദ്യുതി കുടിശ്ശികയുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി കമ്പനി കൈക്കൊള്ളണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്ന മുറയ്ക്ക് കമ്പനിക്ക് പുനഃപ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**കാക്കഞ്ചേരി കിൻഫ്രയിലേയ്ക്ക് കൊണ്ടുവരുന്ന വെള്ളം**

122 (6108) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരി കിൻഫ്രയിലേക്ക് ഊർക്കടവിൽ നിന്നും കൊണ്ടുവരുന്ന വെള്ളം ശുദ്ധീകരിക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ശുദ്ധീകരണ പ്ലാന്റിൽ ഗാർഹികാവശ്യത്തിന് ഉപയോഗിക്കാനായി ജലശുദ്ധീകരണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശുദ്ധീകരണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരി കിൻഫ്ര പാർക്കിലേയ്ക്ക് ഊർക്കടവിൽ നിന്നും കൊണ്ടുവരുന്ന വെള്ളം ശുദ്ധീകരിക്കാൻ 3.5 MLD-യുടെ Rapid Sand Filter സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ Aeriation, Coagulation, Flocculation, Sedimentation, Filteration and Chlorination തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല. വ്യാവസായിക ആവശ്യത്തിന് വേണ്ടിവരുന്ന ജലശുദ്ധീകരണം മാത്രമെ ഈ പ്ലാന്റിൽ നടത്തുന്നുള്ളൂ.

## പാറ ഉൽപ്പന്നങ്ങളുടെ അമിതമായ വില

123 (6109) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറ ഉല്പന്നങ്ങളുടെ അമിത വില തടയുന്നതിനായി പാറ ക്വാറികൾ സർക്കാർ ഏറ്റെടുത്ത് മിതമായ വിലയ്ക്ക് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പാറ ഉൽപ്പന്നങ്ങളുടെ അമിത വില തടയുന്നതിനായി പാറ ക്വാറികൾ സർക്കാർ ഏറ്റെടുത്ത് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നത് പരിഗണനയിലില്ല. എന്നാൽ ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധന നിയന്ത്രിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

1. 5-ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടെയും ജില്ലാതല അപഗ്രഥന സമിതി (DEAC)-യുടെയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി)25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തി.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

5. ജില്ലാ കളക്ടർമാർക്ക് ബന്ധപ്പെട്ട ക്വാറി, ക്രഷർ ഉടമകളുടെ യോഗം വിളിച്ച് വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ഇപ്രകാരം വില കുറയ്ക്കാൻ തീരുമാനിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**പാറ ഖനനം**

124 (6110) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പലയിടത്തും അനുമതിയില്ലാതെ അനധികൃതമായ പാറ ഖനനം നടത്തുന്നതിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത പാറഖനന ഭീഷണിക്കെതിരെ സംസ്ഥാനത്ത് എവിടെയൊക്കെയാണ് ജനകീയ സമരങ്ങൾ നടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അനധികൃത പാറ ഖനനം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരങ്ങൾ അറിയിക്കാമോ;

(ഡി) ചരിത്രപ്രാധാന്യമുള്ള ഇടങ്ങളിലെ പാറഖനനം നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഖനനത്തിന് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ വളരെ കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) വിഴിഞ്ഞം പദ്ധതിയുടെ പേരിൽ അനധികൃത ഖനനത്തിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ചിലയിടങ്ങളിൽ അനുമതിയില്ലാതെ അനധികൃതമായ പാറ ഖനനം നടത്തുന്നതിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ഖനനം കണ്ടെത്തുമ്പോൾത്തന്നെ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിർത്തിവയ്പിക്കുകയും അനധികൃത ഖനനത്തിനെതിരെ നടപടി സ്വീകരിക്കുന്നുമുണ്ട്. ജില്ലാ ജിയോളജി ഓഫീസിനുപുറമെ കേരള മിനറൽ സ്ക്വാഡുകളും അനധികൃത ഖനനം തടയുന്നതിന് സ്ഥലപരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ മൂക്കുന്നിമല കേന്ദ്രീകരിച്ച് പുറമ്പോക്ക്-പട്ടയ ഭൂമിയിലെ ക്വാറികൾക്കെതിരെ ജനകീയസമരം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ഖനനത്തിനെതിരെ സർക്കാർ കർശന നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ ജനകീയ സമരങ്ങൾ ശക്തമായി ഇപ്പോൾ ഉയർന്നു വരാറില്ല. പ്രദേശത്തെ അനധികൃത ഖനനം തടയുന്നതിന്റെ ഭാഗമായി വിജിലൻസ് ഡിപ്പാർട്ട്മെന്റും മൈനിംഗ് & ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും റവന്യൂ, പഞ്ചായത്ത് അധികാരികളുടെ സാന്നിദ്ധ്യത്തിലും മൂക്കുന്നിമല അളന്ന് തിട്ടപ്പെടുത്തി നടപടി സ്വീകരിച്ചുവരികയാണ്. നിയമപ്രകാരം പ്രവർത്തിക്കാൻ കഴിയുന്ന ക്വാറികൾ മാത്രമേ ടി സ്ഥലത്ത് നിലവിൽ പ്രവർത്തിക്കുന്നുള്ളൂ.

(സി) അനധികൃത ക്വാറി പ്രവർത്തനം നടക്കുന്നതായി റിപ്പോർട്ട് ചെയ്യുകയും ശ്രദ്ധയിൽപ്പെടുകയും ചെയ്യുന്ന സ്ഥലങ്ങളിൽ പരിശോധന നടത്തുകയും സ്റ്റോപ് മെമ്മോ നൽകി ഖനനം നിർത്തി വയ്പിക്കുകയും കെ.എം.എം.സി. ചട്ടപ്രകാരമുള്ള തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. കൂടാതെ അനധികൃത ഖനനം നടത്തുന്നവരിൽ നിന്നും റോയൽറ്റി, വില, പിഴ എന്നിവ ഈടാക്കുകയും ഡിമാന്റ് നോട്ടീസ് പ്രകാരം റോയൽറ്റി, വില, പിഴ എന്നിവ ഒടുക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. അനധികൃത ഖനനവും കടത്തും തടയുന്നതിന് മിനറൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും ആയത് കാര്യക്ഷമമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഡി) ചരിത്ര പ്രാധാന്യമുള്ള ഇടങ്ങളിൽ നിലവിൽ പാറഖനനം നടക്കുന്നില്ല. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമവിധേയമായി നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഖനനാനുമതി നൽകുന്നതിനുള്ള നടപടികൾ വളരെ കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായാണ് നിലവിൽ ഖനനാനുമതി നൽകുന്നത്. കൂടാതെ തദ്ദേശഭരണ സ്ഥാപനം അനുവദിക്കുന്ന ഡി.&ഒ. ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുവദിക്കുന്ന കൺസന്റ്, എക്സ്പ്ളോസീവ് ലൈസൻസ്, പരിസ്ഥിതി ക്ലിയറൻസ്, അംഗീകരിച്ച മൈനിംഗ് പ്ലാൻ എന്നിവയും ഖനനാനുമതി ലഭിക്കുന്നതിന് നിർബന്ധമാണ്.

(എഫ്) വിഴിഞ്ഞം പദ്ധതിയുടെ പേരിൽ അനധികൃത ഖനനത്തിനുള്ള ശ്രമം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടില്ല.

## മലപ്പുറം ജില്ലയിലെ ക്വാറികൾ

125 (6111) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എത്ര ക്വാറികൾ പാരിസ്ഥിതിക അനുമതിയോടു കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) കരിങ്കൽ ക്വാറി ലീസിന് വേണ്ടി 2017 ജനുവരി മുതൽ 2018 മാർച്ച് വരെ എത്ര അപേക്ഷകൾ ലഭിച്ചു; എത്ര അപേക്ഷകൾ പരിശോധിച്ച് ലെറ്റർ ഓഫ് ഇന്റൻഡ്-നുവേണ്ടി ഡയറക്ടർക്ക് നൽകി; എത്ര അപേക്ഷകളാണ് ഇനി തീർപ്പ് കൽപ്പിക്കാനുള്ളത്;

(സി) ജില്ലയിൽ ക്വാറി ലീസിന് അപേക്ഷിച്ചവരിൽ നിന്ന് 2017-18 മാർച്ച് വരെ റോയൽറ്റി ഇനത്തിലുള്ള ഫൈൻ ആയി എത്ര രൂപ ഈടാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ ജിയോളജി വിഭാഗത്തിന് പുതുതായി സബ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) ജില്ലാ ജിയോളജി ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ?

### ഉത്തരം

(എ) മലപ്പുറം ജില്ലയിൽ 69 ക്വാറികൾ പാരിസ്ഥിതിക അനുമതിയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 49 ക്വാറികൾ ലീസ് അടിസ്ഥാനത്തിലും 20 ക്വാറികൾ ക്വാറിയിംഗ് പെർമിറ്റോടുകൂടിയുമാണ് പ്രവർത്തിക്കുന്നത്.

(ബി) കരിങ്കൽ ക്വാറി ലീസിന് വേണ്ടി 80 അപേക്ഷകൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ ലഭിച്ചു. ഇതിൽ 49 അപേക്ഷകൾ മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. 35 അപേക്ഷകൾക്ക് ലെറ്റർ ഓഫ് ഇന്റൻഡ് നൽകി. മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് ലഭിച്ച അപേക്ഷകളിൽ 14 എണ്ണത്തിനാണ് ഇനി തീർപ്പ് കല്പിക്കാനുള്ളത്.

(സി) മലപ്പുറം ജില്ലയിൽ ഇതുവരെ ലീസ് അപേക്ഷകരിൽ നിന്നും 1,20,01,284 (ഒരു കോടി ഇരുപതുലക്ഷത്തി ആയിരത്തി ഇരുന്നൂറ്റി എൺപത്തിനാല് രൂപ) പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

(ഡി & ഇ) മലപ്പുറം ജില്ലയിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ സബ് ഓഫീസുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. മൈനിംഗ് & ജിയോളജി വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**വിദേശത്ത് നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് നടപടി**

126 (T6112) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ മണൽ ക്ഷാമം നേരിടുന്നതിന് വിദേശത്ത് നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കാനുള്ളത്; വ്യക്തമാക്കുമോ;

(ബി) മണൽ ഇറക്കുമതി ചെയ്യുന്ന പദ്ധതിയിൽ നിന്നും അയൽ സംസ്ഥാനങ്ങളോ നിർമ്മാണ കമ്പനികളോ പിന്മാറാനിടയായ സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) വിദേശ മണലിന്റെ ഗുണനിലവാരം സംബന്ധിച്ചും സംസ്ഥാനത്തിന് ഇത് സാമ്പത്തികമായി എത്രമാത്രം ഗുണകരമാണെന്നത് സംബന്ധിച്ചും നടത്തിയ പഠനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശത്ത് നിന്നും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്ന വ്യക്തികളെ ഉൽപ്പാദകരായി പരിഗണിക്കണമെന്ന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 107-ൽ വ്യക്തമാക്കിയിട്ടുണ്ട്. ടി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ ആർക്കും അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശത്ത് നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. വിദേശ രാജ്യങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള മണൽ ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്നതിനായും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായും 20-2-2018-ലെ നമ്പർ 57/എ 3/2018/വ്യവ. സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു രാജ്യങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നത് 7-11-2014-ലെ Directorate General of Foreign Trade's Notification No. 97-ന് വിധേയമായും Plant Quarantine (Regulation of Import to India) Order 2003-ന് വിധേയമായിരിക്കണമെന്നും ഇത്തരത്തിൽ P.Q. Order 2003 പ്രകാരം അംഗീകൃതമാണ് Cochin Port എന്നും കൊച്ചിൻ പോർട്ടിലെ Plant Quarantine

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

Station മുഖേന ക്ലിയറൻസോടെ മണൽ ഇറക്കുമതി ചെയ്യാമെന്നും മേൽ സർക്കുലറിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മണൽ ഇറക്കുമതി ചെയ്യുന്ന വ്യക്തി ആയതു സംഭരിക്കുന്ന സ്ഥലത്തിന് 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ് & സ്റ്റോറേജ്) റൂൾസ് പ്രകാരം ഡിപ്പോ രജിസ്ട്രേഷനും ഡീലേഴ്സ് ലൈസൻസും സമ്പാദിക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് രജിസ്ട്രേഷന് 1000 രൂപയും ഡീലേഴ്സ് ലൈസൻസിന് 500 രൂപയും അപേക്ഷാഫീസ് ഒടുക്കേണ്ടതും അപേക്ഷകന്റെ തിരിച്ചറിയൽ രേഖ മണൽ സംഭരിക്കുന്ന സ്ഥലത്തിന്റെ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഹാജരാക്കേണ്ടതുമാണ്. രജിസ്ട്രേഷൻ 5 വർഷം വരെയും ഡീലേഴ്സ് ലൈസൻസ് അനുവദിക്കുന്ന തീയതി മുതൽ പരമാവധി ഒരു വർഷത്തേയ്ക്കുമാണ് അനുവദിക്കുന്നത്. ഡീലേഴ്സ് ലൈസൻസിന് അപേക്ഷാ ഫീസിന് പുറമെ 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ് സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടത്തിലെ ഷെഡ്യൂൾ 1 പ്രകാരം 500 ടണ്ണിൽ കൂടുതൽ സ്റ്റോക്ക് ചെയ്ത് വിൽക്കുന്നതിന് ഒരു ടണ്ണിന് 4 രൂപ നിരക്കിലും അതിൽ കുറവാണെങ്കിൽ 6 രൂപ നിരക്കിലും ഈടാക്കുന്നതാണ്. അപേക്ഷയും ഉള്ളടക്കവും പൂർണ്ണവും ക്രമപ്രകാരവും ആണെങ്കിൽ അപേക്ഷ ലഭിച്ച് 3 ദിവസങ്ങൾക്കകം രജിസ്ട്രേഷനും ഡീലേഴ്സ് ലൈസൻസും അനുവദിക്കാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വിദേശത്ത് നിന്നും കേരളത്തിലേയ്ക്ക് മണൽ ഇറക്കുമതി ചെയ്തതിനുശേഷം മണൽ ഇറക്കിയ സ്ഥലത്തുനിന്നും ആയത് സംഭരണ കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന് മൂവ്മെന്റ് പെർമിറ്റ് അനുവദിക്കാൻ ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നതിനായി മണൽ ഇറക്കിവച്ചിരിക്കുന്ന സ്ഥലത്ത് ആയത് നിയമാനുസൃതമായി കൊണ്ടുവന്നു എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളാണ് ആവശ്യമായി വരുന്നത്. കപ്പൽ മാർഗ്ഗം മണൽ കൊണ്ടുവന്നതാണെങ്കിൽ അപ്രകാരം കൊണ്ടുവന്ന് പോർട്ടിൽ എത്തിച്ചതായുള്ള രേഖ, വിദേശത്ത് നിന്നും മണൽ വില കൊടുത്തു വാങ്ങുമ്പോൾ ലഭിക്കുന്ന ബിൽ തുടങ്ങിയവ ഹാജരാക്കുന്ന വ്യക്തിക്ക് ആയത് ഇറക്കി വച്ചിരിക്കുന്ന സ്ഥലത്തു നിന്നുതന്നെ വിൽപ്പന നടത്താൻ അനുവാദം നൽകണമെങ്കിൽ സംഭരണ കേന്ദ്രത്തെ സംബന്ധിച്ച കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവ ആവശ്യമാണ്. തുടർന്ന് മണൽ കടത്തുന്നതിന് മൂവ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവയും അനുവദിക്കുന്നതാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും റോഡ്/കടൽ മാർഗ്ഗം മണൽ എത്തിക്കുമ്പോൾ, ടി സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ നിയമാനുസൃത മിനറൽ ട്രാൻസിറ്റ് പാസ്സ് ഇറക്കുമതി ചെയ്യുന്ന വ്യക്തി ഹാജരാക്കണം.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത് സംബന്ധിച്ച പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

**കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക**

127 (6113) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് റിബേറ്റ് കുടിശ്ശികയായി വൻ തുക കൊടുത്ത് തീർക്കുവാനുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റിബേറ്റ് അപേക്ഷകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള കമ്മിറ്റി 5-12-2017-ൽ നടത്തിയ പരിശോധനയിൽ താഴെ ചേർക്കും വിധം കുടിശ്ശികയുണ്ട്.

| | | |
|---|---|---|
| 1 | കൈത്തറി സഹകരണ സംഘങ്ങൾ | 8,52,90,687 |
| 2 | ഹാന്റക്സ് | 7,79,92,523 |
| 3 | ഹാൻവീവ് | 4,14,85,616 |
| | ആകെ | 20,47,68,826 |

(ബി) സർക്കാർ ധനസ്ഥിതിക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കൈത്തറി സ്കൂൾ യൂണിഫോം**

128 (6114) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോം കൈത്തറി ഉല്പന്നമാക്കുന്നതിന് കഴിഞ്ഞ വർഷം (2017-18) തീരുമാനിച്ചതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) എന്തുമാത്രം തുണി കൈത്തറി മേഖലയിൽ ഉല്പാദിപ്പിച്ച് സ്കൂൾ യൂണിഫോമിനായി വിതരണം ചെയ്തു എന്നറിയിക്കാമോ;

(സി) സ്കൂൾ യൂണിഫോമിനായി എന്തുമാത്രം തുണി ആവശ്യമായിരുന്നുവെന്ന് അറിയിക്കാമോ?

## <u>ഉത്തരം</u>

(എ) കൈത്തറി മേഖലയെ പുനർജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കഴിഞ്ഞ അദ്ധ്യയന വർഷം 2017-18-ൽ സംസ്ഥാനത്തെ ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് 2 ജോഡി വീതം കൈത്തറി യൂണിഫോം വിതരണം ചെയ്യാൻ സാധിച്ചു. പ്രസ്തുത പദ്ധതിയിലേയ്ക്ക് സംസ്ഥാനത്തെ വിവിധ സംഘങ്ങൾക്ക് എൻ.എച്ച്.ഡി.സി. വഴി നൂൽ വിതരണം ചെയ്യുകയും വിതരണം ചെയ്ത പ്രസ്തുത നൂലിന്റെ ഗുണനിലവാരം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിൽ പരിശോധിക്കുകയും ചെയ്യുന്നു. പരിശോധനാ റിപ്പോർട്ട് പ്രകാരമാണ് നൂൽ നെയ്യുന്നതിനായി ഉപയോഗിക്കുന്നത്. നെയ്ത തുണികൾ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാർ പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തി തുണി ചായം മുക്കുന്നതിനും മറ്റുമായി അയയ്ക്കുകയും ചെയ്യുന്നു. പ്രസ്തുത തുണിയും പരിശോധനയ്ക്കായി കണ്ണൂരിലെ ടെക്സ്റ്റൈൽസ് കമ്മിറ്റിയിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. ഈറോഡിലുള്ള തമിഴ്നാട് സഹകരണ ടെക്സ്റ്റൈൽസ് പ്രോസസിംഗ് മില്ലു മുഖാന്തരം വിവിധ നിറങ്ങളിൽ ചായം മുക്കി ലഭ്യമായ തുണി ഹാന്റക്സ്, ഹാൻവീവ് വഴി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കഴിഞ്ഞ വർഷം ഏകദേശം 9.4 ലക്ഷം മീറ്റർ തുണി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2017-18 അദ്ധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള 2718 സർക്കാർ സ്കൂളുകളിലെ 2,20,148 കുട്ടികൾക്ക് 2 ജോഡി വീതം 9.4 ലക്ഷം മീറ്റർ തുണി യൂണിഫോമായി വിതരണം ചെയ്തിട്ടുണ്ട്.

(സി) 2017-18 അദ്ധ്യയന വർഷത്തിൽ 9.4 ലക്ഷം മീറ്റർ തുണി വിതരണം ചെയ്യുകയും 2018-19 അദ്ധ്യയന വർഷത്തേയ്ക്ക് 23 ലക്ഷം മീറ്റർ തുണി വിതരണത്തിനായി ആവശ്യമായി വരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

## കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർ

129 (6115) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പരമ്പരാഗത നെയ്ത്ത് തൊഴിലാളികൾക്ക് മൂല്യവർദ്ധിതവും വൈവിദ്ധ്യമേറിയതുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ അംഗമായിട്ടുള്ള നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ വേതനവും തൊഴിൽ ദിനങ്ങളും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിമൂലം കൂടുതൽ ആളുകളെ കൈത്തറി മേഖലയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 200-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത നെയ്ത്ത് തൊഴിലാളികൾക്ക് മൂല്യവർദ്ധിതവും വൈവിദ്ധ്യമേറിയതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനം, സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാമിലൂടെ നൽകുന്നുണ്ട്. പ്രസ്തുത പരിശീലന പരിപാടിയിൽ താഴെപ്പറയുന്ന വിഭാഗങ്ങളിൽ പരിശീലനം നൽകിവരുന്നുണ്ട്.

1. <u>റ്റൈ ആൻഡ് ഡൈ ട്രെയിനിംഗ് പദ്ധതി</u>

   നൂലിലും തുണിയിലും റ്റൈ ആൻഡ് ഡൈ ഉപയോഗിച്ച് മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് നെയ്ത്തുകാരെ പ്രാപ്തരാക്കുന്ന ഒരു പരിശീലന പരിപാടിയാണിത്.

2. <u>ഓർഗാനിക് കോട്ടൺ വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പരിശീലനം</u>

   പ്രകൃതിദത്ത ഡൈകൾ ഉപയോഗിച്ച് ഓർഗാനിക് കൈത്തറി ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് ഈ പരിശീലനം ഉതകുന്നു.

3. <u>ബ്ലോക്ക് പ്രിന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ബാത്തിക് പ്രിന്റിംഗ് എന്നിവയിലുള്ള പരിശീലനം</u>

   ബ്ലോക്ക് പ്രിന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ബാത്തിക് പ്രിന്റിംഗ് എന്നിവ കൈത്തറി വസ്ത്രങ്ങൾ കൂടുതൽ വശ്യതയുള്ളവയാക്കാൻ സഹായിക്കുന്നു.

4. <u>കൈത്തറി വസ്ത്രങ്ങളിൽ സർഫസ് ഓർണമെന്റേഷനിലുള്ള പരിശീലനം</u>

   കൈത്തറി വസ്ത്രങ്ങൾ കാഴ്ചയ്ക്ക് കൂടുതൽ മികവുറ്റതാക്കാനും അതുവഴി മൂല്യവർദ്ധനയ്ക്ക് ഉതകുംവിധം സർഫസ് ഓർണമെന്റേഷനിൽ പരിശീലനം നൽകുന്നു.

ഇതുകൂടാതെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ/ ഹാന്റക്സ്/ഹാൻവീവ് എന്നിവയിലെ ജീവനക്കാർക്കും മറ്റും പരിശീലനം നൽകുന്നുണ്ട്. എല്ലാ പരിശീലനങ്ങളുടെയും സാങ്കേതിക സഹായവും മേൽനോട്ടവും വഹിക്കുന്നത് കണ്ണൂരിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയാണ്.

## കൈത്തറി എന്ന പേരിൽ വ്യാജ തുണിത്തരങ്ങൾ

130 (6116) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൈത്തറി മേഖലയുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കൈത്തറി എന്ന പേരിൽ വ്യാജ തുണിത്തരങ്ങൾ വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കൈത്തറി മേഖലയെ പുനർജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനപ്പെട്ടതാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഇതിലൂടെ 3600-ൽ അധിക നെയ്ത്തുകാർക്കും അതിൽ ഇരട്ടിയോളം അനുബന്ധ തൊഴിലാളികൾക്കും തൊഴിൽ സ്ഥിരതയും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ പണിയെടുക്കുന്നവർക്ക് ആവിഷ്കരിച്ച പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്.

തറി അനുബന്ധ ഉപകരണങ്ങൾക്കുള്ള ധനസഹായ പദ്ധതി

നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങളായ അച്ച്, വിഴുത്, ഷട്ടിൽ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകിവരുന്നു.

ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി

ഈ പദ്ധതി പ്രകാരം നെയ്ത്തുകാരുടെ കഠിനാദ്ധ്വാനം കുറയ്ക്കുക, പുതിയ ഡിസൈനുകൾ തയ്യാറാക്കുക, കൂടുതൽ ഉൽപ്പന്നങ്ങൾ വിപണിയിൽ കൊണ്ടുവരിക എന്നിവയ്ക്കായി വിവിധ ഉപകരണങ്ങൾ നൽകി വരുന്നു.

<u>ഒരു വീട്ടിൽ ഒരു തറി പദ്ധതി</u>

നെയ്ത്ത് അറിയുന്നവരും എന്നാൽ സ്വന്തമായി തറി ഇല്ലാത്തവർക്കും തറി വാങ്ങി സ്ഥാപിക്കുന്നതിനായി ആകെ തുകയുടെ 75% ഗ്രാന്റായി നൽകി വരുന്നു.

<u>പ്രൊഡക്ഷൻ ഇൻസെന്റീവ്</u>

അംഗീകൃത നിബന്ധകളനുസരിച്ച് ശാസ്ത്രീയമായ വർക്ക് അസ്സെസ്സ്മെന്റ് നടത്തി ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായ ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്ന പദ്ധതിയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലും പ്രൊഡക്ഷൻ ഇൻസെന്റീവ് അർഹതയ്ക്കനുസരിച്ച് നൽകുന്നതാണ്. ഇത് തൊഴിലാളികൾക്ക് പ്രചോദനവും കൂടുതൽ തൊഴിലാളികളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാൻ സഹായകരവും ആയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18 വർഷങ്ങളിലായി ആകെ 12.62 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. വിവിധ സംഘങ്ങളിലെ ഉപഭോക്താക്കൾക്കായി ജില്ലാ വ്യവസായകേന്ദ്രം വഴി ടി തുക വിതരണം ചെയ്തു വരുന്നു.

<u>ഇൻകം സപ്പോർട്ട് സ്കീം</u>

കൈത്തറി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയായ ഇൻകം സപ്പോർട്ട് സ്കീം അവശത അനുഭവിക്കുന്ന കൈത്തറി തൊഴിലാളികൾക്ക് സഹായകരമായ ഒന്നാണ്. 150 രൂപ ദിവസ വരുമാനം ഉറപ്പാക്കുന്ന ഒരു പദ്ധതിയാണിത്. ദിവസം 75 രൂപ നിരക്കിൽ പരമാവധി 100 ദിവസത്തേയ്ക്കാണ് തുക നൽകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1,85,50,000 രൂപ 2726 ഉപഭോക്താക്കൾക്ക് ഈ പദ്ധതിപ്രകാരം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളെ ഉപഭോക്താക്കൾക്ക് തിരിച്ചറിയുന്നതിനും അതുവഴി കൈത്തറി എന്ന വ്യാജേന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനും വേണ്ടി ഹാന്റ്ലൂം മാർക്ക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## കൈത്തറി വ്യവസായത്തിന് ബഡ്ജറ്റ് വിഹിതം

131 (6117) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം കൈത്തറി വ്യവസായത്തിന്റെ ബജറ്റ് വിഹിതം എത്രയാണ്; ബജറ്റ് വിഹിതം മുഴുവൻ ചെലവഴിച്ചോ; ഇല്ലെങ്കിൽ എത്ര രൂപ തിരികെ അടച്ചു; തിരിച്ചടവിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ കൈത്തറി വ്യവസായത്തിന് അനുവദിച്ച തുക, ചെലവാക്കിയ തുക എന്നിവ എത്രയാണെന്ന് അറിയിക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് അനുവദിച്ച തുക ടെക്സ്റ്റയിൽ മില്ലുകൾക്ക് വക മാറ്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ബജറ്റിൽ കൈത്തറി വ്യവസായത്തിന് അനുവദിച്ച തുക യഥാസമയം പദ്ധതിയ്ക്ക് വിനിയോഗിയ്ക്കാതെ വക മാറ്റി ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സ്ഥിരമായി വീഴ്ച വരുത്തുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം കൈത്തറി വ്യവസായത്തിന്റെ ബജറ്റ് വിഹിതം 4019.77 ലക്ഷം രൂപയാണ്. ഇതിൽ 1898.13 ലക്ഷം രൂപ ചെലവഴിച്ചു. 2121.64 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. സംഘം/നെയ്ത്തുകാർ എന്നിവരിൽ നിന്നും ആവശ്യത്തിനുള്ള അപേക്ഷ ലഭിക്കാതിരുന്നതിനാലാണ് പദ്ധതി വിഹിതം ചെലവഴിക്കുവാൻ സാധിക്കാതെ പോയത്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് 4008 ലക്ഷം രൂപ ബജറ്റ് വിഹിതമായും 5200 ലക്ഷം രൂപ എസ്.ഡി.ജി. ആയും ആകെ 9208 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിൽ നാളിതുവരെ 6124.69 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് അനുവദിച്ച തുക ടെക്സ്റ്റൈൽ മില്ലുകൾക്ക് വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഡി) വകമാറ്റി ചെലവഴിച്ചിട്ടില്ല.

## വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകൾ

132 (6118) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളുടെ നഷ്ടം വർദ്ധിക്കുവാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം സഹകരണ സ്പിന്നിംഗ് മില്ലുകളാണ് അസംസ്കൃത പദാർത്ഥങ്ങളുടെ കുറവുമൂലം അടച്ചുപൂട്ടേണ്ടി വന്നിട്ടുള്ളത്;

(സി) അസംസ്കൃത പദാർത്ഥങ്ങളുടെ കുറവുമൂലം ഭാഗികമായി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾ ഏതെല്ലാം; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. മില്ലുകൾ ലാഭത്തിലാക്കുന്നതിനായി ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായുള്ള 57.39 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 15 കോടി രൂപ മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായുള്ള 29.97 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 15 കോടി രൂപ മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനശേഷി പന്ത്രണ്ടായിരം സ്പിന്റിലിൽ നിന്നും ഇരുപത്തിഅയ്യായിരം സ്പിന്റിലായി ഉയർത്തുന്നതിനായി മില്ലിന്റെ പുതുക്കിയ 33.94 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ടിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 22.89 കോടി രൂപ മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്കായി ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി അടിയന്തരമായി 8-2-2017-ൽ 7.10 കോടി രൂപ

അനുവദിച്ചിട്ടുണ്ട്. കൂടാതെ കൈത്തറി മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേയ്ക്കായി റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിനായി 13-12-2017-ൽ സ്റ്റേറ്റ് യാൺ ബാങ്ക് രൂപീകരിക്കുകയും ഇതിലേയ്ക്ക് 11 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക മില്ലുകൾക്ക് നൂലുൽപ്പാദനത്തിന് സാമ്പത്തിക സഹായമായി നൽകിവരികയും ചെയ്യുന്നുണ്ട്.

(ബി) ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽപ്പെട്ട കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ 2016 നവംബർ 15 മുതൽ 2017 ഫെബ്രുവരി 20 വരെയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ 2016 ഒക്ടോബർ മാസം 1 മുതൽ 16 വരെയും 2016 നവംബർ 1 മുതൽ 12 വരെയും ഡിസംബർ 1 മുതൽ 6 വരെയും 2017 ജനുവരി 1 മുതൽ 14 വരെയും 2017 ഫെബ്രുവരി 1 മുതൽ 17 വരെയും ആവശ്യമായ പ്രവർത്തന മൂലധന അഭാവത്താലും വൈദ്യുതി കുടിശ്ശികമൂലം വൈദ്യുതി വിച്ഛേദിച്ചതിനാലും മാസങ്ങളായി കോട്ടൺ ലഭ്യമല്ലാത്തതിനാലും പ്രവർത്തിച്ചിരുന്നില്ല. എന്നാൽ ഈ മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേയ്ക്കായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റിക്ക് 8-2-2017-ൽ 7.10 കോടി രൂപ അനുവദിക്കുകയും ആയതിന്റെ ഫലമായി ഈ മില്ലുകൾ തുറന്നു പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ 2017 ഒക്ടോബർ 16 മുതൽ പ്രവർത്തനമൂലധനത്തിന്റെ അഭാവത്തിൽ ലേ ഓഫിലാണ്.

(സി) ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളായ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നീ മില്ലുകൾ അസംസ്കൃത വസ്തുക്കളുടെ കുറവുമൂലം ഭാഗികമായി പ്രവർത്തിക്കുന്നു. പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ 2017 ഒക്ടോബർ 16 മുതൽ ഇതുവരെയും അസംസ്കൃത വസ്തുക്കളുടെ കുറവുമൂലം ലേ ഓഫിലാണ്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ അസംസ്കൃതവസ്തുക്കളുടെ കുറവുമൂലം ഭാഗികമായി പ്രവർത്തിക്കുന്ന മില്ലുകൾ ഇല്ല.

**സ്പിന്നിംഗ് മിൽ ജീവനക്കാർക്ക് സഹകരണ നിയമത്തിലെ ആനുകൂല്യങ്ങൾ**

133 (6119) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ വകുപ്പിന് കീഴിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരെ സഹകരണ നിയമത്തിലെ സെക്ഷൻ 80-ൽ ഉൾപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് നടപ്പാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരെ സെക്ഷൻ 80-ൽ ഉൾപ്പെടുത്തി അത് പ്രകാരമുള്ള ക്ലാസിഫിക്കേഷൻ, ഫീഡർ കാറ്റഗറി, ശമ്പള സ്കെയിൽ എന്നിവ കൃത്യമായി നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 29-2-2016-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 226/2016/വ്യവ പ്രകാരം സെക്ഷൻ 80 മില്ലുകളിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി&സി) കേരളത്തിൽ വ്യവസായ വകുപ്പിന് കീഴിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരുന്നു.

**ടെക്സ്റ്റൈൽ മിൽ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം**

134 (6120) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈയിൽ മില്ലുകളിലെ തൊഴിലാളികളുടെ മുടങ്ങിക്കിടക്കുന്ന ശമ്പള പരിഷ്കരണം അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മില്ലുകളിലെ ബദലി കാഷ്വൽ തൊഴിലാളികൾക്ക് തുല്യ ജോലിക്ക് തുല്യ വേതനം നടപ്പാക്കുന്നതിനും മിനിമം വേതനം നിശ്ചയിക്കുന്നതിനുമുള്ള നിലപാട് വ്യക്തമാക്കാമോ;

(സി) ടെക്സ്റ്റൈയിൽ മില്ലുകളിലെ ഒഴിവുകളിലേക്ക് ബദലി കരാർ തൊഴിലാളികളെ പരിഗണിക്കുന്നതിനും, ഇ.എസ്.ഐ. ചികിത്സാ നിബന്ധനകൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) മില്ലുകളിലെ തൊഴിലാളികളുടെ ശമ്പളം, ഗ്രാറ്റുവിറ്റി, പി.എഫ്. കുടിശ്ശിക എന്നിവ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടെക്സ്റ്റൈൽ മില്ലുകളിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് അതാത് സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികളുമായുള്ള ദീർഘകാല ഉടമ്പടി പുതുക്കുന്നത് പ്രകാരമാണ്. ദീർഘകാല കരാർ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബദലി തൊഴിലാളികൾക്ക് മിനിമം കാറ്റഗറി കൂലി നൽകുന്നുണ്ട്. കാഷ്വൽ ജീവനക്കാർക്കുകൂടി തുല്യ വേതനം നൽകുന്നത് മില്ലുകളുടെ ദീർഘകാല കരാർ പുതുക്കുന്ന മുറയ്ക്ക് തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്ത് പരിഗണിക്കുന്നതാണ്.

(സി) ടെക്സ്റ്റൈൽ മില്ലുകളിലെ ഒഴിവുകളിലേയ്ക്ക് ബദലി തൊഴിലാളികളെ നിയമിക്കുന്നുണ്ട്. ഇ.എസ്.ഐ. ചികിത്സാ നിബന്ധനകളിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്.

(ഡി) മില്ലുകളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കുടിശ്ശിക തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഖാദി മേഖലയുടെ ആധുനികവൽക്കരണം**

135 (6121) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഖാദി മേഖലയെ നിലനിർത്തുന്നതിനും, ആധുനികവത്കരിച്ച് മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

ഖാദി മേഖലയെ നിലനിർത്തുന്നതിനും ആധുനികവൽക്കരിച്ച് മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഖാദി മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുക, ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കി വർദ്ധിപ്പിക്കുക, തൊഴിലാളികൾക്ക് ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നിവയെല്ലാം ഈ മേഖലയിൽ കൈക്കൊണ്ടിട്ടുള്ള നടപടികളാണ്. കൂടാതെ അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായ

ത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി ഗ്രാമം പദ്ധതി, സംസ്ഥാന സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തുപകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയ പദ്ധതികളും ഖാദി മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ ആരംഭിക്കുന്ന ഗ്രാമവ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭങ്ങൾക്ക് ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുകയും മൊത്തം പദ്ധതിച്ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡിയായി അനുവദിക്കുകയും ചെയ്യുന്നുണ്ട്.

**ഖാദി, കൈത്തറി സെന്ററുകളിലെ വർക്ക് ഷെഡ് നവീകരണം**

136 (6122) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖാദി, കൈത്തറി സെന്ററുകളിലെ അടിസ്ഥാന സൗകര്യത്തിന്റെ അഭാവം കണക്കിലെടുത്ത് അവിടങ്ങളിലെ വർക്ക് ഷെഡ് നവീകരിക്കുന്നതിനായി ആവശ്യമായ ഫണ്ട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ?

ഉത്തരം

ഖാദി സെന്ററുകളിലെ അടിസ്ഥാന സൗകര്യത്തിന്റെ അഭാവം കണക്കിലെടുത്ത് അവിടങ്ങളിലെ വർക്ക് ഷെഡ് നവീകരിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി 2015-16 വർഷത്തിൽ 159 ലക്ഷം രൂപയും 2016-17 വർഷത്തിൽ 100 ലക്ഷം രൂപയും സർക്കാർ ഖാദി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഖാദി ബോർഡിന് കീഴിലുള്ള എല്ലാ ഉൽപ്പാദന കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, ശൗചാലയങ്ങൾ, വൈദ്യുതീകരണം, റൂഫ് സീലിംഗ്, കെട്ടിടങ്ങളുടെ നവീകരണം എന്നിവ പൂർത്തിയാക്കി വരുന്നു. കൈത്തറി സഹകരണ സംഘങ്ങളുടെയും നെയ്ത്തുകാരായ അംഗങ്ങളുടെയും വീടിനോടനുബന്ധിച്ചുള്ളതുമായ വർക്ക് ഷെഡ് നവീകരണത്തിനായി 140 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതിൽ അർഹമായ അപേക്ഷകർക്ക് ഫണ്ട് അനുവദിച്ച് നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽനിന്നും ഇതുവരെ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഏകദേശം 60 ലക്ഷം രൂപ ഇതുവരെയായി അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് നെയ്ത്തുകാരുടെയും പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങളുടെയും പണിശാല നവീകരണത്തിനായി ആകെ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## നിലമ്പൂർ നിയോജക മണ്ഡലത്തിലെ തേൻ മ്യൂസിയം

137 (6123) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ നിയോജകമണ്ഡലത്തിലെ തേൻ മ്യൂസിയത്തിന്റെ (ഹണി പാർക്ക്) നിലവിലെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

നിലമ്പൂർ നിയോജക മണ്ഡലത്തിൽ തേൻ മ്യൂസിയം (ഹണി പാർക്ക്) ആരംഭിക്കുന്നതിനുവേണ്ടി ഖാദി ബോർഡിന് 2016-17 വർഷം സർക്കാരിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 31-3-2017-ലെ സ.ഉ. (സാധാ) 585/2017/വ്യവ. നമ്പർ ഉത്തരവ് പ്രകാരം 2851-00-105-67 എന്ന ശീർഷകത്തിൽ നിന്നും 50 ലക്ഷം രൂപ ഖാദി ബോർഡിന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകുകയുമുണ്ടായി. എന്നാൽ ട്രഷറി ക്യൂവിൽ ആയിരുന്ന മേൽ തുക പ്രസ്തുത ശീർഷകത്തിൽ നടപ്പ് വർഷം തുക വകയിരുത്തിയിട്ടില്ല എന്ന കാരണത്താൽ നാളിതുവരെ ഖാദി ബോർഡിന് റിലീസ് ചെയ്ത് ലഭിച്ചിട്ടില്ല.

## സ്കൂൾ, കോളേജ് ഗ്രൗണ്ടുകളുടെ നവീകരണം

138 (6124) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂൾ, കോളേജുകൾ എന്നിവയിലെ ഗ്രൗണ്ടുകൾ നവീകരിക്കുന്നതിനും സിന്തറ്റിക് ട്രാക്കുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ കായിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ കായിക രംഗത്തിന് ഉണർവേകുന്ന തരത്തിൽ സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിലെ ഗ്രൗണ്ടുകൾ, സ്റ്റേഡിയങ്ങൾ എന്നിവ നവീകരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിലുള്ള സ്പൈമൽ പദ്ധതി പ്രകാരം സ്കൂൾ, കോളേജ്, വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ 4 ലൈൻ സിന്തറ്റിക് ട്രാക്ക്, മൾട്ടിപർപ്പസ് കോർട്ട് മുതലായവ നിർമ്മിച്ചു നൽകി വരുന്നുണ്ട്. എന്നാൽ ഗ്രൗണ്ടുകളുടെ നവീകരണം സംബന്ധിച്ച പദ്ധതി നിലവിലില്ല. " ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം" എന്ന പദ്ധതി പ്രകാരം സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ മിനി സ്റ്റേഡിയം/ഇൻഡോർ സ്റ്റേഡിയം മുതലായവ സർക്കാർ തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽ നിർമ്മിച്ചു നൽകുന്ന പദ്ധതി നിലവിലുണ്ട്.

**ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്ക് പ്രോത്സാഹന പദ്ധതികൾ**

139 (6125) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ കായിക മികവ് വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്ക് നൽകി വരുന്ന പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഭിന്നശേഷിക്കാരിൽ നിന്നും കായിക താരങ്ങളെ വാർത്തെടുക്കുന്നതിന് സ്പെഷ്യൽ സ്കൂൾ ആരംഭിക്കുന്നത് സർക്കാർ പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച വിജയം നേടുന്ന കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിയിൽ ഉൾപ്പെട്ട വർഷംതോറുമുള്ള 50 ഒഴിവുകളിൽ 2 എണ്ണം ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

**കായിക വികസനം**

140 (6126) ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) കിഫ്ബി വഴി നടപ്പിലാക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെയും മിനി സ്റ്റേഡിയങ്ങളുടെയും നിർമ്മാണത്തിന്റെ ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത സ്ഥാപനത്തിന് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വൈദഗ്ദ്ധ്യമുണ്ടോ എന്നറിയിക്കാമോ?

## ഉത്തരം

(എ) കായിക മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

1. പ്ലേ ഫോർ ഹെൽത്ത്

   1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് പ്ലേ ഫോർ ഹെൽത്ത് പദ്ധതി. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

2. ഫുട്ബോൾ പരിശീലന പദ്ധതി

   നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

3. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

   2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചതാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". ഈ കായിക ഇനങ്ങളിലായി ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

കൂടാതെ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ക്യാഷ് അവാർഡ് സ്കീം, ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം എന്നീ പദ്ധതികളും

കായിക മേഖലയുടെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 9 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 6 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. 3 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം" എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. 2016-17 ബജറ്റ് പ്രഖ്യാപനത്തിന്റെ മറുപടി പ്രസംഗത്തിൽ 6 സ്റ്റേഡിയങ്ങളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 29 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 20 പ്രോജക്ടുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 11 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയ്യൂർ, ഫറോഖ് ഗണപതി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗരസഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി. രാജാ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കിഫ്ബി വഴി നടപ്പിലാക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടില്ല. 7 മിനി സ്റ്റേഡിയങ്ങളുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയായ സ്റ്റേഡിയങ്ങൾ ചുവടെ ചേർക്കുന്നു :

1. കൊടുമൺ സ്റ്റേഡിയം, പത്തനംതിട്ട
2. ചാത്തന്നൂർ എച്ച്.എസ്.എസ്. തിരുമിറ്റക്കോട്, പാലക്കാട്
3. എടപ്പാൾ ഗവ. എച്ച്.എസ്.എസ്., മലപ്പുറം
4. വയനാട് ജില്ലാ സ്റ്റേഡിയം (മിനി സ്റ്റേഡിയം)
5. നിലമ്പൂർ സ്റ്റേഡിയം
6. ഇ.എം.എസ്. സ്റ്റേഡിയം, നീലേശ്വരം, കാസർഗോഡ്
7. വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം, തലശ്ശേരി

(സി) കിഫ്ബിയുടെ നിയന്ത്രണത്തിൽ കായിക വകുപ്പുമായി ബന്ധപ്പെട്ട ജോലികൾ ഏറ്റെടുക്കാൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ വികസന മേഖലയിൽ മികവ് തെളിയിച്ചിട്ടുള്ള കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡ് (കിറ്റ്കോ)നെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി തെരഞ്ഞെടുത്തിട്ടുള്ളത്.

## ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

141 (6127) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ച ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 9 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 3 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ തിരുവനന്തപുരം (ഇടവ), തൃശ്ശൂർ (ലാലൂർ) സ്റ്റേഡിയങ്ങൾക്ക് സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ 15 ദിവസത്തിനകം പൂർത്തിയാകും. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റേഡിയങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി) നിലവിൽ സാങ്കേതിക സമിതിയുടെ അംഗീകാരം ലഭ്യമായ ജില്ലാ സ്റ്റേഡിയങ്ങളിൽ പ്രധാനമായി വിഭാവനം ചെയ്തിട്ടുള്ള കളിസ്ഥലങ്ങൾ/ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം :

ഗ്യാലറിയോടും അക്വാസ്റ്റിക് സംവിധാനങ്ങളോടുകൂടിയതും മേപ്പിൾ തടി പ്രതലത്തോടുകൂടിയതുമായ വിവിധ കായിക ഇനങ്ങൾ നടത്താൻ സൗകര്യങ്ങളുള്ള ഇൻഡോർ സ്റ്റേഡിയം, പ്രകൃതിദത്ത പുൽ മൈതാനത്തോടുകൂടിയ മിനി ഫുട്ബോൾ സ്റ്റേഡിയം, ജിം സൗകര്യങ്ങൾ, ഫിൽട്രേഷൻ പ്ലാന്റ് - ചെയ്ഞ്ച് റൂമുകളോടുകൂടിയ സ്വിമ്മിംഗ്പൂൾ, അനുബന്ധ ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ്, ജല വിതരണ സംവിധാനങ്ങൾ, സോളാർ പാനലുകൾ, റോഡ് - ചുറ്റുമതിൽ.

തൃശ്ശൂർ :

ഗ്യാലറിയോടും അക്വാസ്റ്റിക് സംവിധാനങ്ങളോടും മേപ്പിൾ തടി പ്രതലത്തോടുംകൂടിയ ശീതീകരിച്ച ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് ടെന്നീസ് കോർട്ട്, ജിം സൗകര്യങ്ങൾ, വിവിധ സൗകര്യങ്ങളോടുകൂടിയ 13000 സ്ക്വയർ ഫീറ്റ് പവലിയൻ മന്ദിരം, ഓഫീസ് മന്ദിരം, ഫുട്ബോളിനായി പ്രകൃതിദത്ത പുൽമൈതാനം, ഫിൽട്രേഷൻ പ്ലാന്റ് - ചെയ്ഞ്ച് റൂമുകളോടുകൂടിയ സ്വിമ്മിംഗ് പൂൾ, ശുചി മുറികൾ, സോളാർ പാനലുകൾ, റോഡ്, ചുറ്റുമതിൽ മുതലായവ.

**വോളിബോൾ താരത്തിന് സർക്കാർ ജോലി നൽകുന്നതിന് നടപടി**

142 (6128) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോളിബോളിൽ കേരള പുരുഷ ടീം 2018 ഫെബ്രുവരി 18 മുതൽ 28 വരെ കോഴിക്കോട് വച്ചു നടന്ന നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പിൽ ചാമ്പ്യൻ പട്ടം നേടിയതിന് പുറമെ ഇക്കഴിഞ്ഞ മാർച്ച് 11 മുതൽ 20 വരെ ആന്ധ്രാപ്രദേശിൽ വച്ച് നടന്ന ഫെഡറേഷൻ കപ്പ് നാഷണൽ മത്സരത്തിലും ചാമ്പ്യൻമാരായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിന് രണ്ട് ദേശീയ കിരീടം നേടിക്കൊടുത്ത പ്രസ്തുത വോളിബോൾ ടീമിനും അസോസിയേഷൻ ഭാരവാഹികൾക്കും ക്യാഷ് അവാർഡ് നൽകുന്നതിനും അനുമോദനചടങ്ങ് സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഈ രണ്ട് ചാമ്പ്യൻഷിപ്പിലും വിജയികളായ കേരള ടീമിൽ കഴിഞ്ഞ 8 വർഷമായി കളിക്കുന്നതും ഈ ഫെഡറേഷൻ നാഷണൽ മത്സരത്തിൽ ഇന്ത്യയിലെ ഒന്നാം നമ്പർ ലിബ്റോ കളിക്കാരനായി തെരഞ്ഞെടുത്ത കോഴിക്കോട്ടുകാരനുമായ ശ്രീ. സി. കെ. രതീഷ് എന്ന കളിക്കാരൻ കായിക വകുപ്പ് മന്ത്രിക്ക് ജോലിക്കായി അപേക്ഷ നൽകിയതിൻ പ്രകാരം ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) സ്പോർട്സിൽ ഉജ്ജ്വല നേട്ടങ്ങൾ കൈവരിച്ച ശ്രീ. സി. കെ. രതീഷിന് ജോലി നൽകുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫെഡറേഷൻ കപ്പ് മത്സരങ്ങളിൽ വിജയിച്ച കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(സി & ഡി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്.

## സിവിൽ സർവ്വീസസ് ടൂർണമെന്റിൽ നേട്ടം കൈവരിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ

143 (6129) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസസ് ടൂർണമെന്റിൽ നേട്ടം കൈവരിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് മത്സരങ്ങളിൽ നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് യാതൊരു അംഗീകാരമോ ആനുകൂല്യമോ നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സ്വന്തം ചെലവിലാണ് പ്രസ്തുത മത്സരങ്ങളിൽ പങ്കെടുക്കുന്നതെന്നത് പരിഗണിച്ച്, സ്പെയിനിൽ നടക്കുന്ന ലോക മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് മീറ്റിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ചെലവുൾപ്പെടെയുള്ള സാമ്പത്തികാനുകൂല്യം നൽകുമോ;

(ഡി) സംസ്ഥാന-ദേശീയ മത്സരങ്ങളിൽ നേട്ടം കൈവരിച്ച് ലോക മത്സരങ്ങളിൽ യോഗ്യത നേടി ഇന്ത്യയെ പ്രതിനിധീകരിക്കുന്ന ജീവനക്കാർക്ക് സർവ്വീസാനുകൂല്യങ്ങളുൾപ്പെടെയുള്ള അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ലോക പഞ്ചഗുസ്തി മത്സരത്തിൽ പങ്കെടുത്ത് നേട്ടം കൈവരിച്ച ജീവനക്കാർക്ക് എന്തെങ്കിലും സർവ്വീസ് ആനുകൂല്യങ്ങൾ(പ്രമോഷൻ, ഇൻക്രിമെന്റ് ഉൾപ്പെടെയുള്ളവ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നല്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സിവിൽ സർവീസസ് ടൂർണമെന്റിൽ 1, 2, 3 സ്ഥാനങ്ങളിൽ നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്യാഷ് അവാർഡ് നൽകിവരുന്നു. കൂടാതെ സിവിൽ സർവ്വീസസ് ടൂർണമെന്റിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് കിറ്റ് അലവൻസിനായി 750 രൂപയും ഡയറ്റ് അലവൻസിനായി ദിവസേന 250 രൂപ വീതവും അനുവദിക്കുന്നുണ്ട്.

(ബി-ഡി) മാസ്റ്റേഴ്സ് അത്‍ലറ്റിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) നിലവിൽ പരിഗണനയിലില്ല.

**മാസ്റ്റേഴ്സ് അത്‍ലറ്റിക്സ് മീറ്റിൽ മികച്ച നേട്ടം കൈവരിക്കുന്നവർക്ക് ആനുകൂല്യങ്ങൾ**

144 (6130) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് ടൂർണമെന്റിൽ നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്പോർട്സ് ക്വാട്ടയിലല്ലാതെ, സർവ്വീസിൽ വന്നശേഷം സ്പോർട്സ് രംഗത്ത് നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങളെന്തെങ്കിലും നല്കി വരുന്നുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ നല്കുന്ന കാര്യം പരിഗണിക്കുമോ;

(സി) മാസ്റ്റേഴ്സ് അത്‍ലറ്റിക്സ് മീറ്റിൽ സംസ്ഥാന ദേശീയ മത്സരങ്ങളിൽ മികച്ച നേട്ടം കൈവരിച്ച് അന്തർദേശീയ തലത്തിൽ യോഗ്യത നേടുന്നവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നല്കാറുണ്ടോ; ഇല്ലെങ്കിൽ നല്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വന്തം ചെലവിലാണ് മത്സരങ്ങളിൽ പങ്കെടുക്കേണ്ടതെന്നത് പരിഗണിച്ച്, സംസ്ഥാന-ദേശീയ മത്സരങ്ങളിൽ വ്യക്തിഗത നേട്ടം കൈവരിച്ച് സ്പെയിനിൽ വച്ച് നടക്കുന്ന ലോക മാസ്റ്റേഴ്സ് അത്‌ലറ്റിക്സിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന സംസ്ഥാന ജീവനക്കാർക്ക് അംഗീകാരമെന്ന നിലയിൽ യാത്രാ ചെലവുൾപ്പെടെയുള്ള ചെലവുകൾ സർക്കാർ നല്കുമോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) അപ്രകാരം ലോക മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് മീറ്റിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അംഗീകാരമെന്ന നിലയിലും പ്രോത്സാഹനമെന്ന നിലയിലും ഇൻക്രിമെന്റ്, സേവനകാലം ദീർഘിപ്പിക്കൽ ഉൾപ്പെടെയുള്ള സർവ്വീസാനുകൂല്യങ്ങൾ നല്കുമോ; ഇല്ലെങ്കിൽ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സിവിൽ സർവ്വീസസ് ടൂർണമെന്റിൽ 1, 2, 3 സ്ഥാനങ്ങളിൽ നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്യാഷ് അവാർഡ് നൽകിവരുന്നു. കൂടാതെ സിവിൽ സർവ്വീസസ് ടൂർണമെന്റിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് കിറ്റ് അലവൻസിനായി 750 രൂപയും ഡയറ്റ് അലവൻസിനായി ദിവസേന 250 രൂപ വീതവും അനുവദിക്കുന്നുണ്ട്.

(ബി) ദേശീയ ഗെയിംസിൽ മെഡൽ നേടിയ സർക്കാർ ജീവനക്കാർക്ക് സ്വർണ്ണം, വെള്ളി, വെങ്കലം എന്നിവയ്ക്ക് മൂന്ന്, രണ്ട്, ഒന്ന് എന്ന നിരക്കിൽ അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. മറ്റ് ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയം നേടുന്ന ജീവനക്കാർക്ക് അവരുടെ നേട്ടങ്ങൾക്ക് അനുസൃതമായ നിരക്കിൽ അർഹമായ അഡ്വാൻസ് ഇൻക്രിമെന്റ് നൽകിവരുന്നു.

(സി&ഡി) മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) നിലവിൽ പരിഗണനയിലില്ല.

**യുവജനക്ഷേമ വകുപ്പ് / ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ**

145 (6131) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പ്/ബോർഡ് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം നിയോജക മണ്ഡലത്തിൽ യുവജനക്ഷേമ വകുപ്പ്/ബോർഡിന്റെ കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കോതമംഗലം നിയോജക മണ്ഡലത്തിൽ യുവജനക്ഷേമ വകുപ്പ്/ ബോർഡ് പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) യുവജനക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന യുവജനകമ്മീഷൻ/ യുവജനക്ഷേമ ബോർഡ് എന്നിവ മുഖാന്തരം താഴെപ്പറയുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേരളോത്സവം, യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം, ക്ലബ്ബുകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് യൂത്ത് കേരള എക്സ്പ്രസ്സ് എന്ന റിയാലിറ്റി ഷോ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവ സാഹിത്യ ക്യാമ്പ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപ്പശാല, പി.എസ്.സി. പരീക്ഷാ പരിശീലനം, യുവജന ദിനാചരണങ്ങൾ, സംരംഭകത്വ വികസന പരിപാടികൾ, യുവപ്രതിഭകളെ കണ്ടെത്തി യൂത്ത് അവാർഡ് നൽകൽ, നാടൻ കലാമേള, ബോധവൽക്കരണ ക്യാമ്പയിനുകൾ, കലാ-കായിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ ബോർഡ് നടപ്പിലാക്കി വരുന്നു. കേരള സംസ്ഥാന യുവജന കമ്മീഷൻ 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. കോളേജുകളിലും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങളിലും മദ്യം-മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെയും സൈബർ കുറ്റകൃത്യങ്ങൾ, ട്രാഫിക് ബോധവൽക്കരണം എന്നിവ സംബന്ധിച്ച് നടത്തിവരുന്ന ബോധവൽക്കരണ പരിപാടികൾ.

2. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ മദ്യം-മയക്കുമരുന്ന് ദുരുപയോഗം എന്നിവയ്ക്കെതിരെ നടത്തി വരുന്ന ബോധവൽക്കരണ പരിപാടികൾ.

3. ജില്ലാതല സെമിനാറുകൾ

4. ദേശീയ സെമിനാറുകൾ

5. ജോബ് ഫെസ്റ്റ്

6. ദേശീയ യുവജന ദിനാഘോഷം

7. വിവിധ മേഖലകളിൽ മികവ് പുലർത്തിയ യുവാക്കളെ ആദരിക്കുന്നതിനായി നൽകിവരുന്ന യൂത്ത് ഐക്കൺ അവാർഡ്

8. ജില്ലാതല അദാലത്തുകൾ

9. ശ്രീനാരായണഗുരുവിന്റെ "നമുക്ക് ജാതിയില്ലാ" പ്രഖ്യാപനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് "വർഗ്ഗീയതയ്ക്കെതിരെ നവോത്ഥാന സദസ്സുകൾ."

(ബി) കോതമംഗലം നിയോജക മണ്ഡലം കേന്ദ്രീകരിച്ച് യുവജനക്ഷേമ വകുപ്പ്/ബോർഡ് പരിപാടികളൊന്നും സംഘടിപ്പിച്ചിട്ടില്ല.

(സി) കുട്ടമ്പുഴയിലെ ആദിവാസി ഊരുകളിലെ യുവജനക്കൂട്ടായ്മയെ ഉൾപ്പെടുത്തി ബോർഡ് നേതൃത്വം നൽകി യുവാ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഉദ്ഘാടനം 2018 മാർച്ച് 29-ന് കുട്ടമ്പുഴ ട്രൈബൽ ഷെൽട്ടറിൽ നടന്നു. പ്രസ്തുത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യാനും ക്ലബ്ബുകളുടെ പ്രവർത്തനത്തിനും പരിപാടികൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകുന്നതിനുമായി ആകെ 1,24,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ആലത്തൂരിൽ യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ**

146 (6132) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡിന്റെ കീഴിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും, അതിനായി ചെലവായ തുക എത്രയാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി ബോർഡ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. കേരളോത്സവം, യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം, ക്ലബ്ബുകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് യൂത്ത് കേരള എക്സ്പ്രസ്സ് എന്ന റിയാലിറ്റി ഷോ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവ സാഹിത്യ ക്യാമ്പ്, യുവമാധ്യമ

പ്രവർത്തക ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപ്പശാല, പി.എസ്.സി. പരീക്ഷാ പരിശീലനം, യുവജന ദിനാചരണങ്ങൾ, സംരംഭകത്വ വികസന പരിപാടികൾ, യുവപ്രതിഭകളെ കണ്ടെത്തി യൂത്ത് അവാർഡ് നൽകൽ, നാടൻ കലാമേള, ബോധവൽക്കരണ ക്യാമ്പയിനുകൾ, കലാ കായിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ ബോർഡ് നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡ് ആലത്തൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കുഴൽമന്ദം ബ്ലോക്കിൽ വച്ച് ജില്ലാ കേരളോത്സവം 2017 നവംബർ 11 മുതൽ 14 വരെ നടത്തുകയുണ്ടായി. കോട്ടായി ഹയർ സെക്കണ്ടറി സ്കൂളിലും പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.ലും കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ചുമാണ് മത്സരങ്ങൾ നടത്തിയത്. ജില്ലാ കേരളോത്സവത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2,50,000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുവദിക്കുകയുണ്ടായി.

**കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതിയുടെ അളവ്**

147 (6133) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് 2017 ഏപ്രിൽ മുതൽ ഓരോ മാസവും ലഭിക്കുന്ന വൈദ്യുതിയുടെ കണക്ക് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതിയുടെ അളവിൽ കുറവ് വരുത്തിയിട്ടുണ്ടോ; അതിനുള്ള സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പരീക്ഷാകാലത്ത് കൂടുതൽ വൈദ്യുതി കേന്ദ്ര പൂളിൽ നിന്ന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പ്രകാരം ലഭ്യമാകുന്ന അധിക വൈദ്യുതിയുടെ അളവ് എത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് 2017 ഏപ്രിൽ മുതൽ ഓരോ മാസവും ലഭിച്ച വൈദ്യുതിയുടെ കണക്ക് ചുവടെ ചേർത്തിരിക്കുന്നു :

| Month | Energy at Kerala periphery in Mu. |
|---|---|
| (1) | (2) |
| April 2017 | 849.347 |

| (1) | (2) |
|---|---|
| May 2017 | 823.818 |
| June 2017 | 784.221 |
| July 2017 | 884.752 |
| August 2017 | 800.62 |
| September 2017 | 767.217 |
| October 2017 | 802.860 |
| November 2017 | 865.095 |
| December 2017 | 886.658 |
| January 2018 | 884.352 |
| February 2018 | 903.123 |
| March 2018 | 823.14 |

(ബി) കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതിയുടെ വിഹിതത്തിൽ കുറവുണ്ടായിട്ടില്ല.

(സി) പരീക്ഷാകാലത്ത് കേന്ദ്ര പൂളിൽ നിന്ന് അധിക വൈദ്യുതി ആവശ്യപ്പെട്ടിട്ടില്ല.

**എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം**

148 (6134) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എനർജി മാനേജ്മെന്റ് സെന്റർ മുഖാന്തരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) ഇതിനായി 2017-18 സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എനർജി മാനേജ്മെന്റ് സെന്റർ മുഖാന്തരം നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

വ്യവസായ ശാലകളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ

വൻകിട വ്യവസായ ശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിർബന്ധിത ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള ചെലവിന്റെ 50% സബ്സിഡിയായി നൽകുന്നു. ചെറുകിട വ്യവസായ ശാലകളിൽ സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന നീരാവിയിൽ നിന്ന് 25 കിലോവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരത്തുള്ള ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേരളത്തിൽ ഉപയോഗിക്കുന്ന ഡീസൽ ജനറേറ്റർ സെറ്റുകൾ, ബോയിലറുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവയുടെ കാര്യക്ഷമത മനസ്സിലാക്കുന്നതിനുള്ള വിശദപഠനങ്ങൾ നടത്തുകയും കാര്യക്ഷമത കുറഞ്ഞ ട്രാൻസ്ഫോർമറുകൾ മാറ്റി കാര്യക്ഷമത കൂടിയവ സ്ഥാപിച്ചാൽ ഉണ്ടാകുന്ന ലാഭം മനസ്സിലാക്കുന്നതിനുള്ള പഠനവും നടത്തിവരുന്നു. ഈ സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.യുടെ 10 വൈദ്യുത വിതരണ ട്രാൻസ്ഫോർമറുകളിൽ ഊർജ്ജ കാര്യക്ഷമതാ പഠനം നടത്തുന്നതിനും അതിൽ 5 എണ്ണം ഊർജ്ജകാര്യക്ഷമതകൂടിയ സ്റ്റാർ റേറ്റിംഗ് കൂടിയ ട്രാൻസ്ഫോർമറായി മാറ്റി സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ

സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 5 മെഡിക്കൽ കോളേജുകളിലും 5 സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഊർജ്ജ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽ നിന്നും 1 കോടി രൂപ ചെലവഴിക്കുന്നതിന് ഊർജ്ജ സംരക്ഷണ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട്.

<u>വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

100 കിലോവാട്ടിൽ കൂടുതൽ കണക്ടഡ് ലോഡോ 120 KVA-യിൽ കൂടുതൽ കോൺട്രാക്റ്റ് ഡിമാന്റോ ഉള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിർബന്ധമാക്കിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണ നിയമ നടത്തിപ്പിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പുറത്തിറക്കിയ എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിനനുസൃതമായാണ് കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് തയ്യാറാക്കിയത്. കോഡിൽ സംസ്ഥാനത്തെ PWD, LSGD എന്നിവയിലെയും സ്വകാര്യ സ്ഥാപനങ്ങളിലെയും എഞ്ചിനീയർമാർക്കും ആർക്കിടെക്ടർമാർക്കും വേണ്ടി 30-ൽ അധികം പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

<u>ഇ.സി.ബി.സി. സെൽ</u>

ബിൽഡിംഗ് കോഡിൽ പരിശീലനം നൽകുന്നതിനുപുറമേ കോഡ് സംബന്ധമായ പ്രവർത്തനങ്ങൾക്കായി ഇ.സി.ബി.സി. സെൽ ഇ.എം.സി.യിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഇ.സി.ബി.സി. അനുസരിച്ചുള്ള ഡിസൈൻ തയ്യാറാക്കുന്നതിന് സെൽ സഹായിക്കുന്നുണ്ട്.

<u>പീലിക്കോട് ഗ്രാമപഞ്ചായത്തിലെ ഊർജ്ജയാനം പദ്ധതി</u>

ഊർജ്ജസംരക്ഷണ മാതൃകാ ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിനുള്ള കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിലെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ഊർജ്ജ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സർവ്വേ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനായി 16500 എൽ.ഇ.ഡി. ബൾബുകൾ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് സൗജന്യമായി എൽ.ഇ.ഡി. ട്യൂബ് ലൈറ്റ്, ഊർജ്ജ കാര്യക്ഷമത കൂടിയ ഫൈവ് സ്റ്റാർ ഫാനും എൽ.ഇ.ഡി. തെരുവ് വിളക്കും നൽകുന്ന തിനുവേണ്ടിയുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ കാര്യക്ഷമത കുറഞ്ഞ സാധാരണ ബൾബ് രഹിത പഞ്ചായ ത്തായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും ആയിട്ടുണ്ട്.

മാതൃകാ ഊർജ്ജ കാര്യക്ഷമ പഞ്ചായത്ത് പദ്ധതി

മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമപഞ്ചായത്ത് പദ്ധതിയിൻകീഴിൽ നടത്തുന്ന പരിപാടികൾ

- പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ ഊർജ്ജകാര്യക്ഷമതാ ബോധവൽക്കരണ ക്ലാസ്സുകളിലൂടെ ബോധവൽക്കരണം നടത്തുക വഴി വീടുകളിൽ 10 മുതൽ 20 ശതമാനം വരെ വൈദ്യുതി ലാഭിക്കാം എന്ന് തെളിഞ്ഞിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾക്ക് ആവശ്യമായ ലഘുലേഖകൾ ഇ.എം.സി.യിൽ നിന്നും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.
- പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നു. ഒരു ബൾബിന് 50 രൂപ എന്ന നിരക്കിലായിരിക്കും വിതരണം ചെയ്യുക.
- ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്താൻ ലക്ഷ്യമിടുന്നു. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിലെയും സ്കൂളുകളിലെയും ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ബൾബുകൾക്കും ഫാനുകൾക്കും പകരം ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബ്, എൽ.ഇ.ഡി. ട്യൂബ്, ഫൈവ് സ്റ്റാർ ഫാൻ എന്നിവ സൗജന്യമായി നൽകുന്നതാണ്.
- തെരുവുവിളക്കുകളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള തെരുവു വിളക്കുകൾക്ക് പകരമായി 18 വാട്ട്സിന്റെയും 35 വാട്ട്സിന്റെയും 100 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സൗജന്യമായി നൽകുന്നതാണ്.

ഈ സാമ്പത്തിക വർഷം 9 പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

സ്മാർട്ട് എനർജി പ്രോഗ്രാം

സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഊർജ്ജ സംരക്ഷണ പരിപാടികളിലൂടെ വിദ്യാർത്ഥികളിലെ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. അതിലൂടെ വിദ്യാർത്ഥികൾ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ വീടുകളിലും പ്രാവർത്തി

കമാക്കുന്നുണ്ട്. 4800 സ്കൂളുകളിലും ഐ.ടി.ഐ. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങി 200-ഓളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്മാർട്ട് എനർജി പ്രോഗ്രാം നടത്തുന്നുണ്ട്. ഈ പരിപാടിയുടെ ഭാഗമായി 570 സ്കൂളുകളിൽ ഊർജ്ജകാര്യക്ഷമതയുള്ള എൽ.ഇ.ഡി. ലൈറ്റുകൾ, സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ നൽകിയിട്ടുണ്ട്. ഇതുകൂടാതെ അനെർട്ടുമായി സഹകരിച്ച് 19 സ്കൂളുകളിൽ 2 കിലോ വാട്ട് സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എനർജി ക്ലിനിക്ക്

ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക്ക് നടത്തിവരുന്നു. ഇ.എം.സി.-യിൽ നിന്നും പരിശീലനം ലഭിച്ച വനിതാ വോളണ്ടിയർമാരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഇപ്പോൾ 750 വോളണ്ടിയർമാർ പ്രവർത്തിക്കുന്നുണ്ട്. ഈ വോളണ്ടിയർമാർ മുഖേന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. 2017-18-ൽ 2500 ഊർജ്ജ ക്ലിനിക്ക് പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

ഊർജ്ജകിരൺ

പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.-കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു. 2017-ൽ കേരളത്തിലുടനീളം 340 പരിപാടികൾ എൻ.ജി.ഒ.-കൾ മുഖേനയും 2278 പരിപാടികൾ ലൈബ്രറികൾ വഴിയും നടത്തുകയുണ്ടായി.

സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ്

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജ സംരക്ഷണ അവാർഡ് എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്. 2017-18-ൽ 6 വിഭാഗങ്ങളിലായി അവാർഡ് നൽകുകയുണ്ടായി. അവാർഡ് അപേക്ഷകർക്ക് ലാഭിക്കാനായത് 464 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 5347 ടൺ ഇന്ധന എണ്ണയുമാണ്.

തെരുവ് വിളക്കുകളിലെ ഊർജ്ജ കാര്യക്ഷമത

ഈ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ മുനിസിപ്പാലിറ്റികളിലെ തെരുവ് വിളക്കുകളുടെ ഊർജ്ജകാര്യക്ഷമത സംബന്ധിച്ച പഠനം നടത്തുന്നതിനും അവ എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റുന്നതിനുംവേണ്ട വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു.

ചെറുകിടജലവൈദ്യുത പദ്ധതി വികസനം

- MNRE-യുടെ സബ്സിഡിയോടുകൂടി 2016-17-ൽ 100-ഓളം പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി.
- നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷനിൽ ഹൈഡ്രോ പൊട്ടൻഷ്യൽ സ്റ്റഡിക്കുവേണ്ടി കൺസൾട്ടൻസി സേവനം നൽകുകയും അവിടത്തെ 1470 MW തെർമൽ പവർ പ്ലാന്റിന്റെ കൂളിംഗ് വാട്ടർ ചാനലിന്റെ ജലവേഗം ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 5 KW-ന്റെ 4 ടർബൈനുകൾ വിജയകരമായി കമ്മീഷൻ ചെയ്യുകയുമുണ്ടായി. ഒരു തെർമൽ പവർ പ്ലാന്റിൽ ലോകത്തിൽ തന്നെ ആദ്യ സംരംഭമായ ഇത് മറ്റു തെർമൽ പ്ലാന്റുകൾക്ക് മാതൃകയായിരിക്കും.
- 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി നൽകി. കൂടാതെ മുമ്പ് കൊടുത്ത പദ്ധതികളിൽ 5 MW-ന്റെ കാരിക്കയം ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടവും 8 MW ശേഷിയുള്ള പതങ്കയം പദ്ധതിയുടെയും നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് നൽകി. 4.5 MW-ന്റെ അരിപ്പാറ, 8 MW-ന്റെ ആനക്കാംപൊയിൽ എന്നീ പദ്ധതികളുടെ നിർമ്മാണം 2018 മേയ് മാസത്തോടെ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു.
- ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ മൈക്രോ ഹൈഡ്രോ ജലവൈദ്യുതി ഉപയോഗിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു.
- തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് കൃത്രിമ ചുഴി സൃഷ്ടിച്ച് ടർബൈൻ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതിയുടെ പണികൾ ആരംഭിച്ചു. ഈ പദ്ധതി പൂർത്തിയായാൽ തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറുന്നതാണ്. ഇത് ഇത്തരത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പദ്ധതിയായിരിക്കും.

- കേരളത്തിലെ വിവിധ നദികളിൽ നിന്നുമുള്ള വൈദ്യുത (ചെറുകിട) ഉൽപ്പാദന ശേഷി നിശ്ചയിക്കാനുതകുന്ന പഠനം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ രണ്ട് വീതം നദികളുടെ ജലവൈദ്യുത ഉൽപ്പാദനശേഷി നിർണ്ണയം നടത്തിവരുന്നു.

(ബി) പദ്ധതി പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം 614 ലക്ഷം രൂപ വകയിരുത്തിയതിൽ 2018 ഫെബ്രുവരി 28 വരെ 505.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചല്ല ഇ.എം.സി.യുടെ പരിപാടികൾ. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(സി) ഉണ്ട്. വാണിജ്യ മേഖലയിലും കാർഷിക മേഖലയിലും ഊർജ്ജ കാര്യക്ഷമത ഉയർത്തുന്നതിനുള്ള പദ്ധതികൾ ലക്ഷ്യമിടുന്നുണ്ട്. വാണിജ്യ മേഖലയിൽ കെട്ടിടങ്ങൾക്ക് ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും കാർഷിക മേഖലയിൽ കാർഷിക പമ്പുകളുടെ ഊർജ്ജ കാര്യക്ഷമത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് നടത്തുന്നത്.

## വൈദ്യുതി ആവശ്യകത

149 (6135) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പവർ സർവ്വേ പ്രകാരം 2017-18-ൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത എത്രയായിരുന്നു;

(ബി) ഈ ആവശ്യകത പൂർണ്ണമായും സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതികളിലൂടെ നിറവേറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 19-ാം ഇലക്ട്രിക് പവർ സർവ്വേ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ വൈദ്യുത ആവശ്യകത 25480 ദശലക്ഷം യൂണിറ്റ് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) 2017-18 വർഷത്തിൽ എന്നല്ല മുൻകാലങ്ങളിലും അതുപോലെ സമീപ ഭാവിയിലും സംസ്ഥാനത്തിനുള്ളിൽ മാത്രം നടപ്പാക്കുന്ന പദ്ധതികളെ മാത്രം ആശ്രയിച്ച് വൈദ്യുത ആവശ്യകത നിറവേറ്റാനാകില്ല. നിലവിൽ ആവശ്യകതയുടെ കുറഞ്ഞത് 70% എങ്കിലും അന്യസംസ്ഥാന നിലയങ്ങളിൽ നിന്ന് ലഭ്യമാക്കുന്നു. വലിയ ശേഷിയുള്ള പദ്ധതി ആഭ്യന്തരമായി നടപ്പാക്കാനായില്ലെങ്കിൽ തൽസ്ഥിതിയിൽ വലിയ മാറ്റമില്ലാതെ തുടരും.

## വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് പിരിഞ്ഞ് കിട്ടുവാനുള്ള കുടിശ്ശിക

150 (6136) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ്ജിനത്തിൽ 2018 ജനുവരി വരെ ബോർഡിന് പിരിഞ്ഞ് കിട്ടുവാനുള്ള കുടിശ്ശിക തുക എത്രയാണ്;

(ബി) സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക തുക എത്രയാണ്;

(സി) ഏറ്റവും കൂടുതൽ കുടിശ്ശികവരുത്തിയിട്ടുള്ളത് ഏത് സ്ഥാപനമാണ്;

(ഡി) കുടിശ്ശിക കൃത്യമായി പിരിച്ചെടുത്താൽ ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സാധിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 31-12-2017 വരെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 2441.22 കോടി രൂപയാണ്.

(ബി) 31-12-2017 വരെയുള്ള കണക്കനുസരിച്ച് കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. സംസ്ഥാന സർക്കാർ വകുപ്പുകൾ | - | 109.09 കോടി രൂപ |
| 2. പൊതുമേഖലാ സ്ഥാപനങ്ങൾ | - | 1424.91 കോടി രൂപ |
| 3. സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ | - | 550.28 കോടി രൂപ |

(സി) കേരള വാട്ടർ അതോറിറ്റി - 1219.33 കോടി രൂപ.

(ഡി) KSEBL-ന്റെ റവന്യൂ വിടവ് കണ്ടെത്തുന്നതിൽ പിരിച്ചെടുക്കാനുള്ള കറണ്ട് ചാർജ്ജ് കുടിശ്ശിക ഉൾപ്പെടുന്നില്ല. അതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിലൂടെ മാത്രം ബോർഡിന് സാമ്പത്തിക ഭദ്രത കൈവരിക്കാൻ കഴിയില്ല. കുടിശ്ശിക പിരിച്ചെടുക്കുകയും വരവും ചെലവും തമ്മിലുള്ള വിടവ് പരിഹരിക്കുന്നതിനുള്ള താരിഫ് ക്രമപ്പെടുത്തൽ, സാമ്പത്തിക കാര്യക്ഷമത കൈവരിക്കൽ അടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുകൊണ്ട് മാത്രമേ ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ.

## വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള കുടിശ്ശിക

151 (6137) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങി ഓരോ വിഭാഗത്തിൽ നിന്നും പിരിഞ്ഞ് കിട്ടാനുള്ള തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ ഫലമായി എത്ര തുക വീതം ഏതെല്ലാം വിഭാഗങ്ങളിലെ ഉപഭോക്താക്കളിൽ നിന്ന് പിരിഞ്ഞ് കിട്ടി; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) 31-12-2017 വരെയുള്ള വൈദ്യുതി കുടിശ്ശിക 2441.22 കോടി രൂപയാണ്. കുടിശ്ശികയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | സംസ്ഥാന സർക്കാർ വകുപ്പുകൾ | - | 109.09 കോടി രൂപ |
| 2. | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | - | 1424.91 കോടി രൂപ |
| 3. | മറ്റു പൊതു സ്ഥാപനങ്ങൾ | - | 116.91 കോടി രൂപ |
| 4. | തദ്ദേശഭരണ സ്ഥാപനങ്ങൾ | - | 1.02 കോടി രൂപ |
| 5. | കേന്ദ്ര സർക്കാർ വകുപ്പുകൾ | - | 2.65 കോടി രൂപ |
| 6. | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | - | 15.7 കോടി രൂപ |
| 7. | സ്വകാര്യ വ്യക്തികൾ | - | 320.62 കോടി രൂപ |
| 8. | സ്വകാര്യ വൻകിട / ചെറുകിട സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിടസമുച്ചയങ്ങൾ എന്നിവ | - | 550.28 കോടി രൂപ |
| | ആകെ | | 2441.22 കോടി രൂപ |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ ഫലമായി പിരിഞ്ഞുകിട്ടിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു :

| | | | |
|---|---|---|---|
| 1. | സെൻട്രൽ ഡിപ്പാർട്ട്മെന്റ് | - | 6,81,985 രൂപ |
| 2. | ലൈസൻസി | - | 5.13 കോടി രൂപ |
| 3. | മൈനർ ഇറിഗേഷൻ | - | 3.16 കോടി രൂപ |
| 4. | കോ-ഓപ്പറേറ്റീവ് സെക്ടർ | - | 3.48 കോടി രൂപ |
| 5. | ക്യാപ്റ്റീവ് പവർ | - | 20,62,408 രൂപ |
| 6. | ലോക്കൽ ബോഡി | - | 1,52,317 രൂപ |
| 7. | സെൻട്രൽ പബ്ലിക്ക് സെക്ടർ | - | 11,44,53,663 രൂപ |
| 8. | സ്വയംഭരണ സ്ഥാപനങ്ങൾ | - | 1.19 കോടി രൂപ |
| 9. | വാട്ടർ അതോറിറ്റി | - | 1.67 കോടി രൂപ |
| 10. | സ്വകാര്യ സ്ഥാപനങ്ങൾ | - | 82.09 കോടി രൂപ |
| 11. | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | - | 38.10 കോടി രൂപ |
| 12. | സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് | - | 4.93 കോടി രൂപ |
| | ആകെ | | 151.52 കോടി രൂപ |

**ജോലിക്കിടെ അപകടങ്ങളിൽപ്പെട്ട് മരണമടഞ്ഞ കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ**

152 (6138) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജോലിക്കിടെയുണ്ടായ അപകടങ്ങളിൽ എത്ര കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ മരണമടഞ്ഞു;

(ബി) അപകടത്തിൽപെട്ട് മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് എന്തൊക്കെ ധനസഹായങ്ങളാണ് കെ.എസ്.ഇ.ബി. നൽകുന്നത്;

(സി) ഇപ്രകാരം ജോലിക്കിടയിൽ മരണമടയുന്ന കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്ത് ധനസഹായമാണ് അനുവദിക്കുന്നത്?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജോലിക്കിടയിലുണ്ടായ അപകടങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരായ 10 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകടമരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകി വരുന്നു. ഇപ്രകാരം താഴെപ്പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട് :

<u>മരണാനന്തര നഷ്ടപരിഹാരം</u>

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ)

2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാനും അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 7,500 രൂപയ്ക്ക് അർഹതയുണ്ട്.

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസ

ധനസഹായവും (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു. ഇതിനുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

(സി) കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം. മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട് :

<u>മരണാനന്തര നഷ്ടപരിഹാരം</u>

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. ശവസംസ്കാര ചെലവിനായി 5,000 രൂപയ്ക്ക് അർഹതയുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ട പരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും കരാറുകാരൻകൂടി പ്രസ്തുത ജോലിയിൽ ഏർപ്പെടുവാൻ താൽപ്പര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാന് ഉൾപ്പെടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്ന തിനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാരത്തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ഓഫീസുകൾ

153 (6139) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് 2017 ജനുവരി മുതൽ പുതുതായി ആരംഭിച്ച സെക്ഷൻ ആഫീസുകൾ ഏതെല്ലാം; ഈ ഓഫീസുകളിലെ ഉപഭോക്താക്കളുടെ എണ്ണമെത്രയാണ്;

(സി) സെക്ഷൻ ഓഫീസുകളുടെ വിവരങ്ങളും ഉപഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഏറ്റവും കുറവ് ഉപഭോക്താക്കൾ ഉള്ള സെക്ഷൻ ഓഫീസും ഏറ്റവും കൂടുതൽ ഉപഭോക്താക്കളുള്ള സെക്ഷൻ ഓഫീസും ഏതൊക്കെയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാകുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നതിനാൽ നിലവിൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ് ചെയ്യുന്നത്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാദ്ധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്.

(ബി) കെ.എസ്.ഇ.ബി.എൽ. അവസാനമായി പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചത് 24-2-2016-ൽ ആണ്. അന്ന് അനുവദിച്ച 31 സെക്ഷൻ ഓഫീസുകളിൽ താഴെപ്പറയുന്ന സെക്ഷൻ ഓഫീസുകൾ 2017 ജനുവരിയിലും അതിനു ശേഷമുള്ള മാസങ്ങളിലുമായാണ് പ്രവർത്തനം ആരംഭിച്ചത്.

| സെക്ഷൻ ഓഫീസ് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|
| ഉടുമ്പൻചോല | 7464 |
| സീതാംഗോളി | 13884 |
| വെൺമണി | 10122 |
| വാളയാർ | 7193 |
| കാച്ചാണി | 13571 |
| പുഴക്കാട്ടിരി | 15165 |

(സി) ജില്ല തിരിച്ചുള്ള സെക്ഷൻ ഓഫീസുകളുടെ വിവരവും ഉപഭോക്താക്കളുടെ എണ്ണവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) സംസ്ഥാനത്ത് ഏറ്റവും കുറവ് ഉപഭോക്താക്കൾ ഉള്ളത് പാലക്കാട് സർക്കിളിൽ ചിറ്റൂർ ഡിവിഷൻ കീഴിലുള്ള നെല്ലിയാമ്പതി സെക്ഷൻ ഓഫീസിലും കൂടുതൽ ഉപഭോക്താക്കൾ ഉള്ളത് കൊല്ലം സർക്കിളിൽ കൊല്ലം ഡിവിഷനു കീഴിലുള്ള ശക്തികുളങ്ങര സെക്ഷൻ ഓഫീസിലുമാണ്.

**ആധുനിക വൈദ്യുതി സേവന കേന്ദ്രങ്ങൾ**

154 (6140) <u>ശ്രീ.കെ.സി.ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.എൽ. നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച ആധുനിക വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ. വിശദമാക്കുമോ;

(സി) ഈ കേന്ദ്രങ്ങളിലൂടെ എന്തൊക്കെ സേവനങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്;

(ഡി) വൈദ്യുതി മേഖലയിലെ സ്ഥാപനങ്ങളായ അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങളും ഈ കേന്ദ്രങ്ങളിൽ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവമാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിനായി വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നൂതന സേവനങ്ങൾ നടപ്പിലാക്കി. വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവരസാങ്കേതികവിദ്യാടിസ്ഥാനത്തിലുള്ള താഴെപ്പറയുന്ന പദ്ധതികൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് ആരംഭം കുറിച്ചിട്ടുണ്ട് :

1. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം.

2. ഉപഭോക്താക്കൾക്ക് ഏതു സെക്ഷനാഫീസിലും വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

3. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

4. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക് എന്നിവ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

5. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾ ഫ്രീ സംവിധാനം.

6. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്-ദൂത്' പദ്ധതി.

7. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

8. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്ന് ഓൺ-ലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

9. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി.' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ.

10. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാന മൊട്ടാകെ വ്യാപിപ്പിച്ചു.

11. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി. ആർ.പി. പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്‌വർക്കിംഗ് വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

12. മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

13. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമുള്ള സ്കാഡ പദ്ധതി നടപ്പിലാക്കിവരുന്നു.

14. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.

15. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.എൽ.-ലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി (കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പിലാക്കിയ നാഷണൽ ഓട്ടോ മേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.)

16. പേ.ടി.എം. (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

17. അപ്നാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കു വാനുള്ള സൗകര്യം.

18. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാ ത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിന് വേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

19. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

20. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം. റിപ്പോർട്ടിംഗ് ടൂൾ എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

21. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവരസാങ്കേതികവിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.:

1. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനത്തിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ തുടർച്ചയായി വിതരണമേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജവികസന) പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവരസാങ്കേതികവിദ്യാ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതിക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

2. കേന്ദ്ര ഗവൺമെന്റിന്റെ വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽ വരുത്തുന്നത് വഴി കെ.എസ്.ഇ.ബി.എൽ.-ന്റെ കാര്യനിർവ്വഹണത്തിൽ ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

3. ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം 63 ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 200 യൂണിറ്റിന് മുകളിൽ പ്രതിമാസ ഉപഭോഗം ഉള്ള 5 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകൊണ്ട് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി ആരംഭിക്കുന്നു.

(ബി-ഡി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആദ്യഘട്ടത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ ഇത്തരം സേവന കേന്ദ്രങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് ബോർഡിലെ അംഗീകൃത യൂണിയനുകളുമായി ചർച്ചകൾ നടന്നുവരികയാണ്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വൈദ്യുതി ബോർഡിൽ നിന്നും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങളായ പുതിയ കണക്ഷനുകൾ, മീറ്റർ മാറ്റി വയ്ക്കൽ, ഉടമസ്ഥാവകാശ മാറ്റം, താരിഫ് മാറ്റം, ഫേസ് കൺവേർഷൻ, വൈദ്യുതി വിച്ഛേദിക്കൽ, വൈദ്യുതി ലൈൻ അഴിച്ചു മാറ്റൽ തുടങ്ങിയ എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ബില്ലിംഗിനെ സംബന്ധിച്ചും സർവ്വീസ് ക്വാളിറ്റിയെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾക്കായും പരാതികൾ സമർപ്പിക്കുന്നതിനായും പ്രസ്തുത സേവനകേന്ദ്രങ്ങളെ സമീപിക്കാനാകും. എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യവും ടി കേന്ദ്രങ്ങളിൽ ഉണ്ടാകും. ഇതിനു പുറമെ ഗ്രിഡ് കണക്റ്റഡ് സോളാർ കണക്ഷൻ സംബന്ധമായ സേവനങ്ങളും ഈ കേന്ദ്രങ്ങൾ വഴി നൽകുവാൻ ആലോചിക്കുന്നു. ഉപഭോക്താക്കൾക്ക് പ്രദേശ വ്യത്യാസമില്ലാതെ ഏതു വൈദ്യുതി സേവനകേന്ദ്രങ്ങളെയും സമീപിക്കാ

നാകുന്നതാണ്. ഭാവിയിൽ, ഊർജ്ജ വകുപ്പിന്റെ കീഴിൽ വരുന്ന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് EMC, ANERT തുടങ്ങിയ മറ്റു സ്ഥാപനങ്ങൾ നൽകിവരുന്ന സേവനങ്ങളും ഈ സംവിധാനത്തിന്റെ അധീനതയിൽ കൊണ്ടുവരാവുന്നതാണ്.

## വൈദ്യുതി നിയമ ഭേദഗതി ബിൽ

155 (6141) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ കൊണ്ടുവരാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി വിതരണ മേഖലയെ തകർച്ചയിലേക്ക് നയിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയ ബില്ലാണിതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബില്ലിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും എന്തെന്ന് വിവരിക്കുമോ;

(ഡി) ഈ നിയമം എന്ന് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വൈദ്യുതി നിയമം 2003 ഒരു കേന്ദ്ര നിയമം ആണ്. ഇതിന് ഭേദഗതി വരുത്തുന്ന ബിൽ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി വിതരണ മേഖല വിഭജിച്ച് വിതരണ ലൈനുകളുടെ നിർമ്മാണ-പരിപാലന ചുമതലയുള്ള ഒരു വിതരണ കമ്പനിയായും വൈദ്യുതി വാങ്ങി പ്രസ്തുത ലൈനുകൾ ഉപയോഗിച്ച് വൈദ്യുതി വിൽപ്പന നടത്തുന്ന സപ്ലൈ ലൈസൻസിയും രൂപം കൊള്ളണമെന്ന് ടി കരട് ബിൽ നിർദ്ദേശിക്കുന്നു. പ്രത്യേക വിഭാഗമായി സപ്ലൈ ലൈസൻസി വരുന്നതിലൂടെ ക്രോസ് സബ്സിഡി ഇല്ലാതായി പാവപ്പെട്ട ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ഉളവാകും. മൂലധന മുടക്കില്ലാത്ത സ്വകാര്യ മേഖലയ്ക്ക് വൈദ്യുതി വിതരണ മേഖലയിൽ അവസരം ഒരുക്കുന്നതിലൂടെ മത്സരക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് നിർദ്ദേശിക്കപ്പെടുന്ന ഭേദഗതികളുടെ അന്തഃസത്ത. വൈദ്യുതി വിതരണത്തെയും വിതരണ ശൃംഖലയുടെ നടത്തിപ്പിനെയും വെവ്വേറെയാക്കുന്നതിനുള്ള അനുകൂല സാഹചര്യം രാജ്യത്തുണ്ടെന്ന് കരുതാനാവില്ല. ഇത് സാധാരണക്കാരന്റെ വൈദ്യുതിയുടെ നിരക്ക് വർദ്ധിപ്പിക്കുകയും വിതരണ കമ്പനികളെ കൂടുതൽ നഷ്ടത്തിലേയ്ക്ക് തള്ളിവിടുകയും ചെയ്യും. മറ്റനേകം അപാകതകൾക്കു പുറമേ വിതരണ മേഖലയിൽ രണ്ട് അധികാര കേന്ദ്രങ്ങളെ സൃഷ്ടിക്കുന്നത് ഉപഭോക്തൃ സേവന കാര്യത്തിൽ ഉത്തരവാദിത്വമില്ലായ്മയ്ക്ക് വഴിവയ്ക്കും.

(സി) ഗ്രിഡ് സെക്യൂരിറ്റി, നവീകരണീയ ഊർജ്ജം, ഓപ്പൺ ആക്സസ്, താരിഫിന്റെ പുനർ നിർണ്ണയം, റെഗുലേറ്ററി കമ്മീഷനുകളുടെ ശാക്തീകരണം, വിതരണ മേഖല വിഭജിച്ച് വിതരണ ശൃംഖലയും ശൃംഖല വഴി വൈദ്യുതി വിൽപ്പന നടത്തുന്ന വിഭാഗങ്ങളും വേർതിരിക്കുക എന്നിവ പ്രധാന ഉദ്ദേശ്യങ്ങളിൽപ്പെടുന്നു.

(ഡി) ടി കരട് ബിൽ അംഗീകരിച്ച് നിയമം ആകുന്ന മുറയ്ക്കാണ് പ്രാബല്യത്തിൽ വരുന്നത്. ഇത് കേന്ദ്ര പാർലമെന്റിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാൽ എന്നു മുതൽ നിയമം പ്രാബല്യത്തിൽ വരുമെന്ന് പറയാൻ നിർവ്വാഹമില്ല.

**വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

156 (6142) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വോൾട്ടേജ് ക്ഷാമം നിലവിലുണ്ടോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വോൾട്ടേജ് കുറഞ്ഞ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിതരണ മേഖലയിൽ ചില പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പുതുതായി 11 കെ. വി. ലൈൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുക, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുക, റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ ഗുണമേന്മയുള്ളതും തടസ്സരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി പ്രത്യേക പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് 2021-22 കാലയളവു വരെയുള്ള വിതരണ മേഖലയിലെ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു വരികയാണ്.

(ബി) ഏതെങ്കിലും പ്രദേശത്തെ വോൾട്ടേജ് നിയമാനുസൃതം നിഷ്കർഷിച്ചിട്ടുള്ള പരിധിയിൽ കുറവാണെങ്കിൽ പരിസര പ്രദേശത്തെ മറ്റു ട്രാൻസ്ഫോർമറുകളിൽ നിന്നും പുനഃക്രമീകരണം നടത്തുക, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുക, റീ കണ്ടക്ടറിംഗ് നടത്തുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയാലും ആവശ്യമായ വോൾട്ടേജ് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്.

## അനെർട്ടിന്റെ പ്രവർത്തനം

157 (6143) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി റൂറൽ ടെക്നോളജി (അനെർട്ട്)യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സൂര്യപ്രകാശത്തിൽ നിന്നും കാറ്റിൽ നിന്നും ഒരുമിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഹൈബ്രിഡ് പവർ പ്ലാന്റ് പദ്ധതി അനെർട്ട് നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി തദ്ദേശീയ സാങ്കേതികവിദ്യയും ഉപകരണങ്ങളും ഉപയോഗപ്പെടുത്തിയുള്ളതാണോ; വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പൊതുജനങ്ങൾക്ക് അനെർട്ടുമായി ബന്ധപ്പെട്ട് സൗരോർജ്ജ പദ്ധതിയിൽ അംഗങ്ങളാകുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് പാലിക്കേണ്ടത് എന്ന വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കാലാകാലങ്ങളിൽ അനെർട്ട് നടത്തുന്ന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ വിലയിരുത്താറുണ്ട്.

(ബി) ഉണ്ട്. 2017-18 മുതലുള്ള പദ്ധതിയിലാണ് അനെർട്ട് ഇത്തരമൊരു പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. 2017-18-ൽ സൗരോർജ്ജ പവർ പ്ലാന്റും തുടർന്നുള്ള വർഷങ്ങളിൽ സ്റ്റോറേജും കാറ്റിൽ നിന്നുള്ള വൈദ്യുതോൽപ്പാദനവും കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്നു. ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിലാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു ഗവേഷണ, ഡെമോൺസ്ട്രേഷൻ പ്രോജക്ടായാണ് നടപ്പാക്കുന്നത്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്, കെൽട്രോൺ എന്നിവരുമായി ചേർന്നാണ് നടപ്പാക്കുന്നത്.

(ഇ) ഓരോ പദ്ധതികളും തുടങ്ങുന്ന മുറയ്ക്ക് ഓരോന്നിനും ആവശ്യമായ വിശദമായ നടപടിക്രമങ്ങൾ പരസ്യപ്പെടുത്തുകയും അനുപ്രകാരം സമീപിക്കുന്ന ഉപഭോക്താക്കൾക്ക് പ്രസ്തുത സേവനങ്ങൾ നൽകുകയുമാണ് ചെയ്യുന്നത്.

**അതിരപ്പിള്ളി പദ്ധതി**

158 (6144) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി പദ്ധതി നടപ്പാക്കാനാവില്ലെന്നുള്ളതിന് വൈദ്യുതി വകുപ്പ് പത്രക്കുറിപ്പ് എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവില്ലെന്ന് തീരുമാനിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്നതുമൂലം വൈദ്യുതി വകുപ്പിന് ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പിലാക്കുവാനാണ് വൈദ്യുതി വകുപ്പ് ലക്ഷ്യമിടുന്നത്. ടി പദ്ധതി നടപ്പാക്കാനാവില്ലെന്നുള്ളതിന് വൈദ്യുതി വകുപ്പ് പത്രക്കുറിപ്പ് ഒന്നുംതന്നെ ഇറക്കിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. ഉപേക്ഷിക്കുകയാണെങ്കിൽ പ്രതിവർഷം 233 ദശലക്ഷം യൂണിറ്റ് ഉൽപ്പാദന നഷ്ടം പ്രതീക്ഷിക്കുന്നു.

**കെ.എസ്.ഇ.ബി.എൽ. പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

159 (6145) ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി നിർമ്മാണത്തിലിരിക്കുന്ന വിവിധ പദ്ധതികൾ പൂർത്തീകരിച്ച് ഉല്പാദനരംഗം ശാക്തീകരിക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾക്ക് പ്രതിബന്ധം സൃഷ്ടിക്കുന്നുണ്ടോ;

(ബി) പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം, ചാത്തൻ കോട്ടുനട II, തോട്ടിയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്ത് തുക ആവശ്യമായി വരും; ഇതിന് എന്തെങ്കിലും കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ;

(ഡി) പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും തടസ്സങ്ങൾ പരിഹരിക്കുന്നതിനുമുള്ള കെ.എസ്.ഇ.ബി.എൽ. പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) 2014-ൽ സ്വകാര്യ ഇ.എം.സി.-കൾക്ക് ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(എഫ്) 2017-ൽ എത്ര ചെറുകിട വൈദ്യുത പദ്ധതികൾക്കാണ് അനുമതി നൽകിയത്; ആയതിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടണൽ, ഇൻടേക്ക് എന്നിവ ഒഴികെയുള്ള സിവിൽ ജോലികൾ 11-4-2017-ൽ പുനരാരംഭിച്ചു. ബാക്കി ടണൽ, ഇൻടേക്ക് എന്നീ ജോലികൾക്ക് പുതിയ ടെണ്ടർ ക്ഷണിക്കുകയും 5-1-2018-ൽ വർക്ക് ഓർഡർ നൽകുകയും ഉണ്ടായി. പ്രാരംഭ പണികൾ 22-1-2018-ൽ ആരംഭിക്കുകയും ടണൽ നിർമ്മാണം 19-3-2018-ൽ തുടങ്ങുകയും ചെയ്തു. ചാത്തൻകോട്ടുനട II-ന്റെ ബാക്കി സിവിൽ ജോലികൾക്കുള്ള ടെണ്ടർ ക്ഷണിക്കുകയും പുതിയ കരാർ നൽകുകയും ചെയ്തു. 9-11-2017-ൽ പണി ആരംഭിച്ചു. തോട്ടിയാർ പദ്ധതിയുടെ ബാക്കി സിവിൽ ജോലികൾക്കായി പുതിയ ടെണ്ടർ ക്ഷണിക്കുകയും വർക്ക് ഓർഡർ 5-1-2018-ൽ നൽകുകയും ചെയ്തു. പണി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതികളുടെ ബാക്കി ഇലക്ട്രോമെക്കാനിക്കൽ ജോലികൾ നടത്തുന്നതിന് യന്ത്രനിർമ്മാതാക്കളായ ചൈനീസ് കമ്പനികളുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഈ കമ്പനികളുടെ നിലപാട് അറിഞ്ഞശേഷം അവരുമായി കരാറുണ്ടാക്കി പ്രവൃത്തികളുമായി മുന്നോട്ട് പോകാൻ വൈദ്യുതി ബോർഡ് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

(സി)

| പദ്ധതി | പദ്ധതി പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന ഏകദേശ ചെലവ് |
|---|---|
| പള്ളിവാസൽ എക്സ്റ്റൻഷൻ | 294 കോടി രൂപ |
| തോട്ടിയാർ | 213 കോടി രൂപ |
| ചാത്തൻകോട്ടുനട II | 61 കോടി രൂപ |

25 MW-ൽ താഴെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് MNRE-യുടെ CFA (Central Financial Assistance) ലഭ്യമാണ്. അതിൽ 6 MW ശേഷിയുള്ള ചാത്തൻകോട്ടുനട II-ന് 4.5 കോടി MNRE അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ 25% തുകയായ 1.125 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. ചാത്തൻകോട്ടുനട II-ന്റെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ നടത്തിപ്പിനായി 16 കോടി രൂപ അടങ്കൽ തുകയുള്ള പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. തോട്ടിയാർ, പള്ളിവാസൽ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമല്ല.

(ഡി) ഉണ്ട്.

(ഇ) കാലതാമസമില്ലാതെ വിശദമായ പദ്ധതി രൂപരേഖകൾ പരിശോധിച്ച് തീർപ്പുകൽപ്പിച്ചു. പതിവായുള്ള പദ്ധതി അവലോകനം, വിവിധ വകുപ്പുകളെ ഏകോപിപ്പിക്കൽ, ട്രാൻസ്മിഷൻ ലൈനുകൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള സഹായങ്ങൾ എന്നിവ നൽകി. വിവിധ വകുപ്പുകളിലെ വിഷയങ്ങൾ തീർപ്പാക്കാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതി നടത്തിപ്പുകാരെ ഉൾക്കൊള്ളിച്ച് യോഗങ്ങൾ നടത്തി.

(എഫ്) 20 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ ലഭിച്ച സംരംഭകർ പദ്ധതികളുടെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) സർക്കാരിന്റെ ടെക്നിക്കൽ കമ്മിറ്റിക്ക് നൽകേണ്ടതും അനുമതി ലഭിച്ചശേഷം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി മറ്റ് വകുപ്പുകളിൽ നിന്നും അതായത് വനം വകുപ്പ്, പഞ്ചായത്ത്, ഇറിഗേഷൻ എന്നിവയിൽ നിന്നുമുള്ള അനുമതിക്ക് വിധേയമായി പദ്ധതി തുടങ്ങേണ്ടതുമാണ്. ഇതിനായി 18 മാസമാണ് സമയപരിധി നൽകിയിട്ടുള്ളത്.

## ഇടുക്കി ജലവൈദ്യുത പദ്ധതി

160 (6146) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജലവൈദ്യുത പദ്ധതിയിൽ നിന്നും 2017-18 സാമ്പത്തിക വർഷം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതിയിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എത്ര തുക ചെലവാകും;

(സി) പ്രസ്തുത ജലവൈദ്യുത പദ്ധതിയുടെ അറ്റകുറ്റപ്പണിക്കായി 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇടുക്കി ജലവൈദ്യുത പദ്ധതിയിൽ നിന്നും 2017-18 സാമ്പത്തിക വർഷം മാർച്ച് 25-ാം തീയതി വരെ ഏകദേശം 1560.94 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഇടുക്കി ജലവൈദ്യുത പദ്ധതിയിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് 0.24 രൂപ ചെലവാകും.

(സി) ഇടുക്കി പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ.

| സാമ്പത്തിക വർഷം | യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾക്ക് മാത്രം ചെലവഴിച്ച തുക |
|---|---|
| 2016-17 | 2,15,40,084.00 രൂപ |
| 2017-18 | 2,90,12,376.00 രൂപ |

**കൂടംകുളം പദ്ധതിയും ആശങ്കകളും**

161 (6147) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം പദ്ധതിയുടെ പവർ ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിൽ സ്ഥലമേറ്റെടുക്കേണ്ടി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ; ടവർ സ്ഥാപിക്കുന്ന സ്ഥലങ്ങൾ മാത്രമാണോ ഏറ്റെടുക്കുന്നത്; അങ്ങനെയെങ്കിൽ ഒരു ടവർ സ്ഥാപിക്കുന്നതിന് എത്ര വീതം സ്ഥലം ആവശ്യമുണ്ട്;

(ബി) ഏതു നിയമപ്രകാരമാണ് സ്ഥലം ഏറ്റെടുക്കുന്നത്; ഏതു തരത്തിലുള്ള നഷ്ടപരിഹാരമാണ് നൽകുന്നത് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് നഷ്ടപരിഹാരം നൽകുന്നതിന് പാക്കേജ് തയാറാക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; നഷ്ടപരിഹാരം നൽകുന്നതിനുള്ള വിലനിർണയം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ് വ്യക്തമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് നഷ്ടപരിഹാരത്തുക നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ വ്യവസ്ഥ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതുവരെ ഏതൊക്കെ പ്രദേശങ്ങളിൽ ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ; ഏതെങ്കിലും ഭൂവുടമസ്ഥർക്ക് നഷ്ടപരിഹാരം ഇതുവരെ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നില്ല. ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തുക മാത്രമാണ് നൽകുന്നത്. ടവറിന്റെ വലിപ്പം അനുസരിച്ച് 4.44 സെന്റ് മുതൽ 24.25 സെന്റ് വരെയാണ് സ്ഥലം ആവശ്യമായി വരുന്നത്.

(ബി & സി) സ്ഥലം ഏറ്റെടുക്കുന്നില്ല. ഈ പദ്ധതിക്ക് 30-7-2015-ലെ G.O.(Ms) No.29/2015/PD, 31-8-2016-ലെ G.O.(Ms) No.19/2016/POWER, 5-12-2016-ലെ G.O.(Ms) No.25/2016/POWER, 17-3-2018-ലെ G.O.(Ms) No.6/2018 എന്നീ ഗവൺമെന്റ് ഉത്തരവുകൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ലൈൻ കടന്നുപോകുന്ന നാലു ജില്ലകളിലും സ്പെഷ്യൽ തഹസിൽദാർ (LA)-യുടെ നേതൃത്വത്തിൽ ഉള്ള പ്രത്യേക കാര്യാലയം വഴിയാണ് നഷ്ടപരിഹാരം നൽകിക്കൊണ്ടിരിക്കുന്നത്.

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ടവർ നിർമ്മാണത്തിനുശേഷം സ്ഥലം അളന്നു തിട്ടപ്പെടുത്തിയ ശേഷമാണ് ബന്ധപ്പെട്ട കക്ഷികൾക്ക് നഷ്ടപരിഹാരം നൽകുന്നത്.

(ഇ) ഭൂമി ഏറ്റെടുക്കുന്നില്ല. ലൈൻ കടന്നു പോകുന്ന നാല് ജില്ലകളായ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിലേയ്ക്ക് നഷ്ടപരിഹാരം നൽകി തുടങ്ങിയിട്ടുണ്ട്. ഇതുവരെ 260 സ്ഥലം ഉടമകൾക്ക് 1511 ലക്ഷം രൂപ ഭൂമിയുടെ നഷ്ടപരിഹാരത്തുകയായി നൽകിയിട്ടുണ്ട്.

**ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണം**

162 (6148) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലേറിയ ശേഷം ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണ പ്രക്രിയ നടന്നിട്ടുണ്ടോ;എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി പുതിയതായി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;വിശദവിവരം നൽകുമോ;

(സി) പ്രസ്തുത പുനരുദ്ധാരണ നടപടികൾ കൂടാതെ മറ്റെന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണ പ്രക്രിയകൾ നടന്നുവരുന്നു :

1. പെരിങ്ങൽക്കുത്ത് (4 x 9 MW) ജലവൈദ്യുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണ ശേഷി വർദ്ധിപ്പിക്കൽ പ്രക്രിയയുടെ ഭാഗമായ പെൻസ്റ്റോക്കിന്റെ അറ്റകുറ്റപ്പണിയും ബലപ്പെടുത്തലും നടന്നുവരുന്നു.
2. ഷോളയാർ (3x18 MW) ജലവൈദ്യുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണ പ്രക്രിയയുടെ ഭാഗമായി യന്ത്രങ്ങളുടെ നവീകരണവും പെൻസ്റ്റോക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.
3. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ (3x130 MW) യന്ത്രസാമഗ്രികളുടെ ആധുനികവൽക്കരണം പുരോഗമിച്ചുവരുന്നു.
4. കുറ്റ്യാടി (3 x 2.5 MW) ജലവൈദ്യുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണ ശേഷി വർദ്ധിപ്പിക്കൽ പ്രക്രിയയുടെ ഭാഗമായി ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ നിർവ്വഹണത്തിനായുള്ള ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

(ബി) കുറ്റ്യാടി (3 x 2.5 MW) ജലവൈദ്യുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണ ശേഷി വർദ്ധിപ്പിക്കൽ പ്രക്രിയയുടെ ഭാഗമായി 3 x 2.5 MW= 7.5 MW അധികമായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(സി) ഇടുക്കി ജലവൈദ്യുത പദ്ധതിയിൽ ചുവടെ ചേർത്തിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

1. പവർ ഹൗസിലെയും വാൽവ് ഹൗസിലെയും പഴയ വയറിംഗുകൾ മാറ്റുക.
2. നമ്പർ 1 യൂണിറ്റിന്റെ സ്പറിക്കൽ വാൽവ് മാറ്റുക.

- പെരിങ്ങൽകുത്ത്, ഷോളയാർ പദ്ധതികളുടെ സ്വിച്ച് യാർഡുകളുടെ നവീകരണം.
- ലോവർ പെരിയാർ പദ്ധതിയിലെ രണ്ട് യൂണിറ്റ് (#2&#3) കളുടെ എക്സൈറ്റേഷൻ സിസ്റ്റം മാറ്റിവയ്ക്കുക.
- മൂഴിയാർ, PLBE, നേര്യമംഗലം തുടങ്ങിയ പദ്ധതികളുടെ SCADA സിസ്റ്റത്തിന്റെ നവീകരണം.

കൂടാതെ ജലവൈദ്യുത പദ്ധതികളിലെ ടെയിൽ റെയിസിൽ (ഊർജ്ജോൽപ്പാദനം കഴിഞ്ഞ് തിരിച്ച് പുഴയിലോട്ട് വീണ്ടും പോകുന്ന ജലപാത) നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനായി കൈനറ്റിക്ക് ടർബയിനുകൾ ഉപയോഗപ്പെടുത്തുവാനുള്ള ഒരു ഗവേഷണ പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ കക്കാട് പവർ പ്ലാന്റിൽ എനർജി മാനേജ്മെന്റ് സെന്റർ തുടങ്ങുവാൻ പോകുന്നു. ആറ് മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഊർജ്ജ സംരക്ഷണ ഗവേഷണ പരിശീലന പരിപാടികൾ**

163 (6149) <u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം ഉറപ്പാക്കുന്നതിനുമായി 'എനർജി മാനേജ്മെന്റ് സെന്റർ'എന്തെല്ലാം ഗവേഷണ പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി ഇ.എം.സി. 'സ്മാർട്ട് എനർജി പ്രോഗ്രാം' എന്ന പരിപാടി നടത്തി വരുന്നുണ്ടോ;

(സി) പ്രസ്തുത പ്രോഗ്രാം കൂടുതൽ സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും, ബോധവൽക്കരണ പരിപാടികൾ, മത്സരങ്ങൾ എന്നിവയ്ക്കു പുറമേ, ഗവേഷണ വികസന പ്രവർത്തനങ്ങൾക്കുള്ള സഹായം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ ഇ.എം.സി.-യുടെ ആഭിമുഖ്യത്തിൽ പൈക്കോ ജലവൈദ്യുത പദ്ധതി, സൗരോർജ്ജ പദ്ധതി, കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതി എന്നിവ മൈക്രോ ഗ്രിഡ് വഴി ബന്ധിപ്പിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എനർജി മാനേജിമെന്റ് സെന്റർ എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ഗവേഷണ-വികസന പ്രവർത്തനങ്ങളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ഇ.എം.സി. സ്വന്തം നിലയിൽ പ്രവർത്തനങ്ങൾ നടത്തുകയും വിദ്യാർത്ഥികൾ, സ്ഥാപനങ്ങൾ എന്നിവരുടെ ഗവേഷണ പദ്ധതികൾക്ക് സഹായങ്ങളും നൽകി വരുന്നുണ്ട്.

<u>ഗവേഷണ പ്രവർത്തനങ്ങൾ</u>

C-DAC-മായി ചേർന്ന് സൗരോർജ്ജം ഉപയോഗപ്പെടുത്തി ആധുനിക ആശയമായ നെറ്റ് സീറോ ബിൽഡിംഗ് (Net Zero Building)മായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനം നടന്നുവരുന്നു. C-DAC-മായി ചേർന്ന് സ്മാർട്ട് മീറ്റർ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇ.എം.സി.-യുടെ ഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി ഇ.എം.സി.യും ലക്ഷ്മി ഇലക്ട്രോണിക് ഡിസൈൻ എന്ന സ്ഥാപനവും ചേർന്ന് തെരുവു വിളക്കുകളിൽ സൂര്യോദയ-അസ്തമയ സമയക്രമമനുസരിച്ച് പ്രവർത്തിക്കുന്ന ഒരു കൺട്രോൾ സംവിധാനം വികസിപ്പിച്ചെടുക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ചെറു വെള്ളച്ചാട്ടങ്ങളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുപകരിക്കുന്ന ഒരു ടർബൈൻ ഇ.എം.സി. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ചെറു വെള്ളച്ചാട്ടങ്ങളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ (കൈനറ്റിക് ടർബൈൻ, വോർട്ടെക്സ് ടർബൈൻ) പരീക്ഷണാടിസ്ഥാനത്തിൽ

നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വിദ്യാർത്ഥികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ഗവേഷണ പദ്ധതികൾക്ക് സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നുണ്ട്. 2017-18-ൽ 30 ലക്ഷം രൂപ ഗവേഷണ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

പരിശീലന പരിപാടികൾ

- എനർജി ക്ലീനിക്ക് വോളണ്ടിയർമാർക്കുള്ള പരിശീലന പരിപാടി
- ഊർജ്ജ കിരൺ പരിശീലകർക്കുള്ള പരിശീലനം
- സ്മാർട്ട് എനർജി പരിപാടി കോ-ഓർഡിനേറ്റർമാർക്കുള്ള പരിശീലന പരിപാടി
- സർട്ടിഫൈഡ് എനർജി മാനേജർമാർക്കും സർട്ടിഫൈഡ് എനർജി ഓഡിറ്റർമാർക്കുമുള്ള പരിശീലന പരിപാടി
- ഊർജ്ജ സംരക്ഷണ നിയമപ്രകാരം ഡെസിഗ്നേറ്റ് ചെയ്ത ഉപഭോക്താക്കൾക്കുള്ള പരിശീലന പരിപാടി
- പൊതുമേഖലാ സ്ഥാപനങ്ങളിലെ എനർജി മാനേജർമാർക്കുള്ള പരിശീലന പരിപാടി
- ലൈസൻസ്ഡ് എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, നഗരാസൂത്രണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്കായി എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിൽ പരിശീലന പരിപാടി
- കോളേജ് അദ്ധ്യാപകർ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾ എന്നിവർക്ക് ഊർജ്ജ ഓഡിറ്റിംഗിലും എനർജി മാനേജ്മെന്റിലും പരിശീലന പരിപാടി
- നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ നടത്തുന്ന എനർജി ഓഡിറ്റർ/ എനർജി മാനേജർ പരീക്ഷയിൽ പങ്കെടുക്കുന്നവർക്കായുള്ള പരിശീലനം
- ഗ്രീൻ ജോബ് സ്കിൽ കൗൺസിലുമായി ചേർന്ന് നൂതന അടുപ്പ് നിർമ്മാതാക്കൾക്കായി സർട്ടിഫിക്കറ്റ് കോഴ്സുകൾ
- ഊർജ്ജ കാര്യക്ഷമ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്തവർക്കായുള്ള പരിശീലന പരിപാടി.

(ബി) ഉണ്ട്.

(സി) കേരളത്തിലെ എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഐ.ടി.ഐ. മുതലായ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഊർജ്ജസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി കണ്ടുപിടിത്തങ്ങൾ നടത്തുവാനായി സാമ്പത്തികവും സാങ്കേതികവുമായ സഹായം ഇ.എം.സി. നൽകിവരുന്നു. ഇതിനോടൊപ്പം വിദ്യാർത്ഥികൾക്ക് പുതിയ ആശയങ്ങൾ ഉള്ളപക്ഷം അവ വികസിപ്പിച്ച് എടുക്കുവാൻ സാങ്കേതിക സഹായവും നൽകിവരുന്നു. ഊർജ്ജസംരക്ഷണ രംഗത്തെ നൂതന ആശയങ്ങൾക്കും ഗവേഷണ ങ്ങൾക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇ.എം.സി.യിൽ നിന്നും സാമ്പത്തിക സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കീമിൽ പരിഗണിക്കപ്പെടുന്ന വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യത ഒരു മാനദണ്ഡമായി കണക്കാക്കപ്പെടുന്നില്ല.

(ഡി) ഇ.എം.സി. ഇതിനോടകം രണ്ട് മൈക്രോ ജലവൈദ്യുത പദ്ധതികൾ വഴി രണ്ട് മൈക്രോ ഗ്രിഡുകൾ - (1) തായന്നംകുടി ട്രൈബൽ കോളനി (ചിന്നാർ വന്യമൃഗസംരക്ഷണ കേന്ദ്രത്തിനകത്തുള്ളത്) (2) ഈച്ചാംപെട്ടി ട്രൈബൽ കോളനി (മറയൂരിനടുത്ത്) - നടപ്പിലാക്കിക്കഴിഞ്ഞു. ഈ കോളനികളിലെ എല്ലാ വീടുകളും കമ്മ്യൂണിറ്റി സെന്റർ, അങ്കണവാടി മുതലായവയും വൈദ്യുതീകരിക്കുകയും തെരുവുവിളക്കുകളും ഉള്ളതാണ് ഈ ശൃംഖല. സൗരോർജ്ജവും കാറ്റിൽ നിന്നുള്ള വൈദ്യുതിയും സംയോജിപ്പിച്ചുകൊണ്ടുള്ള ഹൈബ്രിഡ് മൈക്രോഗ്രിഡ് ശൃംഖല മറയൂരിനടുത്തുള്ള വനംമേഖലയായ വെള്ളക്കൽക്കുടി ട്രൈബൽ കോളനിയിൽ നടപ്പിലാക്കാനുള്ള സാദ്ധ്യത വനംവകുപ്പുമായി ചേർന്ന് ഇ.എം.സി. പരിശോധിച്ചു വരുന്നു.

**കോൾ പാടങ്ങളുടെ കനാൽ ബണ്ടുകളിൽ സോളാർ പാനലുകൾ**

164 (6150) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കോൾപാടങ്ങളുടെ കനാൽ ബണ്ടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ ജില്ലയിലെ പുള്ള് എന്ന സ്ഥലത്തെ കോൾപ്പാടത്ത് നിലവിൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 50 Hp പമ്പ് സെറ്റ് സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് പ്രവർത്തി ക്കുവാനുള്ള ഒരു പൈലറ്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അനെർട്ടും റെഡ്കോയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**അണക്കെട്ടുകളുടെ നവീകരണത്തിന് ആവിഷ്കരിച്ച പദ്ധതികൾ**

165 (6151) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി അണക്കെട്ടുകളുടെ നവീകരണത്തിന് ലോക ബാങ്കിന്റെ സഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വായ്പാ തിരിച്ചടവ് കാലയളവ് എത്രയാണ്;

(സി) ലോക ബാങ്ക് വ്യവസ്ഥ പ്രകാരം പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി എന്നാണ്; പ്രസ്തുത കാലാവധിക്കുള്ളിൽ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളുടെ നവീകരണത്തിന് ലോക ബാങ്ക് ധനസഹായത്തോടെ ഡാം റിഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 12 ജലവൈദ്യുത പദ്ധതികളുടെ ഭാഗമായ 37 ഡാമുകളെ പ്രത്യേകം പരിഗണിച്ച് അറ്റകുറ്റപ്പണികൾ, സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തൽ, അടിസ്ഥാന സൗകര്യ വികസനം, ഡാം സുരക്ഷയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനം മുതലായവ നടപ്പിലാക്കി വരുന്നു. പ്രധാനപ്പെട്ടതും താരതമ്യേന കാലപ്പഴക്കമുള്ളതുമായ 37 ഡാമുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതികൾക്ക് 153.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 80% തുക ലോക ബാങ്ക് സാമ്പത്തിക സഹായവും (40% ഐ.ബി.ആർ.ഡി ലോൺ & 40% ഐ.ഡി.എ. ക്രെഡിറ്റ്) ബാക്കി 20% തുക സംസ്ഥാന സർക്കാർ വിഹിതവുമാണ്. ദുരന്തങ്ങൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കാനുതകുന്ന എമർജൻസി ആക്ഷൻ പ്ലാനുകളുടെ തയ്യാറാക്കൽ, ഒ &എം മാനുവൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ചില പ്രവർത്തനങ്ങളാണ്.

(ബി) ഈ പദ്ധതിയുടെ വായ്പാതിരിച്ചടവ് കാലാവധി 30 വർഷമാണ്.

(സി) ലോകബാങ്ക് വ്യവസ്ഥ പ്രകാരം ഈ പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി ജൂൺ 2020 ആണ്. ഇതുവരെയായി ഈ പദ്ധതിയിലുൾപ്പെടുത്തി 120 കോടിയോളം രൂപയുടെ വിവിധ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുകയും 83 കോടിയോളം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ബാക്കി ജോലികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി. സമയബന്ധിതമായി മുഴുവൻ ജോലിയും പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കുരിയാർകുറ്റി -കാരപ്പാറ മിനി ജലവൈദ്യുത പദ്ധതി

166 (6152) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരിയാർകുറ്റി-കാരപ്പാറ മിനി ജലവൈദ്യുത പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടിയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി തുടരുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗനയിലില്ല.

## പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദനം

167 (6153) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട ജലവൈദ്യുത പദ്ധതികളായ പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലെ എല്ലാ ജനറേറ്ററുകളും പ്രവർത്തനക്ഷമമാണോ യെന്നറിയിക്കാമോ;

(സി) ചാലക്കുടിപ്പുഴയുടെ നീരൊഴുക്ക് കുറയാത്ത തരത്തിൽ പകലും രാത്രിയുമായി ഉത്പാദനം ക്രമീകരിച്ച് വെള്ളം തുറന്നുവിടുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) (1) പെരിങ്ങൽകുത്ത് പവർ ഹൗസിലെ ആകെ 4 മെഷീനുകളിൽ നമ്പർ 2 മെഷീൻ ഒഴികെ എല്ലാ മെഷീനുകളും പ്രവർത്തന സജ്ജമാണ്. നമ്പർ 2 മെഷീന്റെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പെൻസ്റ്റോക്ക് നവീകരണ പ്രവർത്തനങ്ങൾ 2018 മാർച്ച് 31-ാം തീയതിക്കകം തീരുന്നതാണ്. കൂടാതെ പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷന്റെ 16 മെഗാവാട്ടിന്റെ ഒരു ജനറേറ്റർകൂടി പ്രവർത്തനസജ്ജമാണ്.

(2) ഷോളയാർ പവർ ഹൗസിലെ ആകെ 3 മെഷീനുകളിൽ നമ്പർ 3 മെഷീൻ ഒഴികെ ബാക്കിയെല്ലാം പ്രവർത്തനക്ഷമമാണ്. നമ്പർ 3 മെഷീൻ റെനോവേഷൻ ആൻഡ് മോഡണൈസേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിസ്മാന്റിൽ ചെയ്തിരിക്കുകയാണ്. വർക്ക് പുരോഗതിയുടെ പാതയിലാണ്

(ബി) (1) പെരിങ്ങൽകുത്ത് പവർ ഹൗസിലെ ആകെ 4 മെഷീനുകളിൽ ഒരു മെഷീൻ ഒഴികെ എല്ലാ മെഷീനുകളും പ്രവർത്തനക്ഷമമാണ്. കൂടാതെ പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷന്റെ 16 മെഗാവാട്ടിന്റെ ഒരു ജനറേറ്റർ കൂടി പ്രവർത്തന സജ്ജമാണ്.

(2) ഷോളയാർ പവർ ഹൗസിലെ ആകെ 3 മെഷീനുകളിൽ ഒരു മെഷീൻ ഒഴികെ ബാക്കിയെല്ലാം പ്രവർത്തനക്ഷമമാണ്.

(സി) പെരിങ്ങൽകുത്ത് ജനറേറ്റിംഗ് സ്റ്റേഷനിൽ നിന്നും ഉൽപ്പാദനശേഷം ലഭ്യമാകുന്ന ജലം ചാലക്കുടിപ്പുഴയിലേയ്ക്ക് തുമ്പൂർമുഴി തടയണയിൽ നിന്നും ആവശ്യാനുസരണം ജലസേചന വകുപ്പാണ് ക്രമീകരിക്കുന്നത്. ജലസേചന വകുപ്പിന്റെ ആവശ്യകത അനുസരിച്ച് വേനൽക്കാലത്ത് കൂടുതൽ ജലം ലഭ്യമാകുന്ന രീതിയിൽ ഷോളയാറിൽ നിന്നും പെരിങ്ങൽകുത്തിൽ നിന്നും ഉള്ള ഉൽപ്പാദനം പറമ്പിക്കുളം-ആളിയാർ പദ്ധതി ഉടമ്പടിക്കനുസൃതമായി ക്രമീകരിക്കുന്നുണ്ട്.

**പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ**

168 (6154) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതുകാരണം പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വൈദ്യുതി കണക്ഷൻ ആരുടെ പേരിലായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി മാവൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ മാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കൺസ്യൂമർ നമ്പർ 16449 ആയി കാർഷികാവശ്യത്തിന് നൽകിയിട്ടുള്ളതാണ്. 21-12-2014-ന് കെ.എസ്.ഇ.ബി.എൽ.-ന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രസ്തുത സ്ഥലം പരിശോധന നടത്തുകയും ഗാർഹിക ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതായി കണ്ടെത്തുകയും താരിഫ് ദുരുപയോഗം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 7-1-2015-ന് 99,178 രൂപയുടെ ബില്ല് നൽകുകയും ചെയ്തു. പ്രസ്തുത കണക്ഷന് നിലവിൽ 2,17,608 രൂപ മുതലും 1,21,527 രൂപ പലിശയും ഉൾപ്പെടെ 3,39,145 രൂപയുടെ കുടിശ്ശികയുണ്ട്. ടി ബിൽ തുകയ്ക്ക് തവണകൾ അനുവദിക്കുകയോ കുറഞ്ഞ പലിശ നിരക്കിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുവദിക്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതും തുക അടയ്ക്കുന്ന മുറയ്ക്ക് കാർഷികാവശ്യത്തിന് കണക്ഷൻ പുനഃസ്ഥാപിച്ച് നൽകാവുന്നതും ആണ്. പദ്ധതി കുടിവെള്ള ആവശ്യത്തിനായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നവെങ്കിൽ താരിഫ് മാറ്റി ഉപയോഗിക്കുന്നതിനുള്ള അപേക്ഷ നൽകി നടപടി സ്വീകരിക്കേണ്ടതാണ്.

## വൈദ്യുത വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന നടപടികൾ

169 (6155) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന് പുറത്ത് നിന്നും കൂടുതൽ വൈദ്യുതി കൊണ്ടുവന്ന് കേരളത്തിലെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്നും കൂടുതൽ വൈദ്യുതി കൊണ്ടുവന്നും കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ചും കേരളത്തിനാവശ്യമായ മുഴുവൻ വൈദ്യുതിയും വിതരണം ചെയ്യുന്നതിന് പ്രസരണ രംഗത്ത് വൻതോതിലുള്ള ശേഷി വർദ്ധനവും ആധുനികവൽക്കരണവും ലക്ഷ്യമിട്ട് ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. പ്രസരണ രംഗത്ത് വരുന്ന പുരോഗതി ജനങ്ങൾക്ക് അനുഭവവേദ്യമാകണമെങ്കിൽ അനുബന്ധ വികസനവും ശേഷി വർദ്ധനവും വിതരണ രംഗത്തും ആവശ്യമാണ്. അതിനായി വിതരണ ശൃംഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് അടുത്ത നാല് വർഷത്തേയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു കഴിഞ്ഞു. സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള വൈദ്യുതിയുടെ വിതരണം കാര്യക്ഷമമാക്കുന്നതിന് പുതിയ 11 കെ.വി.

ലൈനുകൾ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക, നിലവിലുള്ള കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പികൾ പകരമായി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കാനായി മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ, കവചിത ചാലകങ്ങൾ എന്നിവ ഉപയോഗിച്ച് മാറ്റുക, പ്രതിഷ്ഠാപനങ്ങൾ (Instalations) നിശ്ചിത നിലവാരം (standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നതെന്ന് ഉറപ്പ് വരുത്തുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു. 2021– ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് ദ്രുതഗതിയിൽ പ്രവർത്തനം നടന്നുവരുന്നു. വിതരണശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം തയ്യാറാക്കിക്കഴിഞ്ഞു. വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികളുടെ DPR തയ്യാറാക്കിവരുന്നു. DPR തയ്യാറാക്കിക്കഴിഞ്ഞാൽ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി 18-19 മുതൽ 21-22 വരെ വിതരണമേഖലാ പ്രവൃത്തികൾ ചെയ്യുന്നതാണ്.

## പുരയിടങ്ങളിലൂടെയും വീടിനു സമീപത്തുകൂടിയും വൈദ്യുതി ലൈനുകൾ വലിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

170 (6156) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള പുരയിടങ്ങളിലൂടെയും വീടിന് സമീപത്തു കൂടിയും വൈദ്യുതി ലൈനുകൾ വലിക്കുന്നതുമൂലം ടി വ്യക്തികൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വൈദ്യുതി ലൈനുകൾ ഉള്ളതു കാരണം ഈ വ്യക്തികൾക്ക് പലപ്പോഴും ഇത്തരം പുരയിടങ്ങളിൽ വീടോ മറ്റ് നിർമ്മാണമോ നടത്തുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ വ്യക്തികളുടെ അനുമതിയോടുകൂടി ടി വ്യക്തികളുടെ പുരയിടത്തിലൂടെ വൈദ്യുതി ലൈനുകൾ വലിച്ചതിനുശേഷം പുതിയതായി പൊതുവഴി രൂപം കൊള്ളുന്ന പക്ഷം വൈദ്യുത പോസ്റ്റും വൈദ്യുതലൈനും ഇത്തരം വഴിയിലേക്ക് മാറ്റുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇതു സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വകാര്യ വ്യക്തികളുടെ അനുമതിയോടുകൂടി ടി വ്യക്തികളുടെ പുരയിടത്തിലൂടെ വൈദ്യുതി ലൈനുകൾ വലിച്ചതിനുശേഷം പുതിയതായി പൊതുവഴി രൂപം കൊള്ളുന്നപക്ഷം വൈദ്യുത പോസ്റ്റും വൈദ്യുത ലൈനും ഇത്തരം വഴിയിലേയ്ക്ക് മാറ്റുന്നതിന്, മറ്റ് സാങ്കേതിക തടസ്സങ്ങൾ ഒന്നും ഇല്ലാത്ത സാഹചര്യങ്ങളിൽ, ഷിഫ്റ്റിംഗിന് ആവശ്യമായ ചെലവ് വഹിക്കുകയാണെങ്കിൽ, ഡെപ്പോസിറ്റ് വർക്കിൽ മാറ്റി സ്ഥാപിക്കാറുണ്ട്. വ്യക്തികളുടെ പുരയിടത്തിലൂടെ വലിച്ച ലൈനുകൾ വീടോ മറ്റ് നിർമ്മാണമോ നടത്തുവാനായി അതേ പുരയിടത്തിലെ തന്നെ മറ്റൊരു ഭാഗത്തേയ്ക്ക് മാറ്റുവാനായി അധിക സാധന സാമഗ്രികൾ ആവശ്യമില്ലെങ്കിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാത്ത പക്ഷം ലേബർ ചാർജ് മാത്രം ഈടാക്കി മാറ്റി നൽകാറുണ്ട്.

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

171 (6157) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ മങ്കട നിയോജക മണ്ഡലത്തിലെ ഓരോ തദ്ദേശഭരണ സ്ഥാപന പരിധിയിലും എത്ര വീടുകളാണ് വൈദ്യുതീകരിച്ചതെന്ന് വിശദമാക്കാമോ; ഇതിനായി ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും എത്ര തുക വീതമാണ് പദ്ധതിക്ക് നൽകിയതെന്ന് വിശദീകരിക്കാമോ;

(ബി) പദ്ധതി പ്രഖ്യാപനത്തിന് ശേഷവും വൈദ്യുതി ലഭിക്കാത്ത വീടുകളുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ മങ്കട നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങളിലെ വൈദ്യുതീകരിച്ച വീടുകളും പദ്ധതിക്ക് സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ വിഹിതവും താഴെ പ്രതിപാദിക്കുന്നു.

| ക്രമ നമ്പർ | സ്വയംഭരണ സ്ഥാപനങ്ങൾ | വൈദ്യുതീകരിച്ച വീടുകൾ (എണ്ണം) | സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ വിഹിതം (തുക) |
|---|---|---|---|
| 1 | മങ്കട | 292 | |
| 2 | അങ്ങാടിപ്പുറം | 229 | 4,71,400 രൂപ |
| 3 | പുഴക്കാട്ടിരി | 182 | 4,00,000 രൂപ |
| 4 | കുറുവ | 357 | |
| 5 | മൂർക്കനാട് | 348 | 5,00,000 രൂപ |
| 6 | കൂട്ടിലങ്ങാടി | 194 | |
| 7 | മക്കരപ്പറമ്പ് | 87 | |
| | ആകെ | 1689 | 13,71,400 രൂപ |

(ബി) പദ്ധതി പ്രഖ്യാപന സമയത്ത് വൈദ്യുതി ലഭിക്കാത്ത വീടുകൾ ഇല്ല. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് മറ്റ് പദ്ധതികളിലുൾപ്പെടുത്തി വീടുകൾ വൈദ്യുതീ കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതി**

172 (6158) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ ചാവടിപ്പാറ, വരാൾപ്പതി എന്നീ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയ വൈദ്യുതീകരിച്ചിട്ടില്ലാത്ത ആദിവാസി കോളനികളിലേയ്ക്ക് ലൈൻ എത്തിക്കുന്നതിന് തടസ്സങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ നീട്ടിയോ അല്ലെങ്കിൽ

പാരമ്പര്യേതര സ്രോതസ്സുകൾ വഴിയോ വൈദ്യുതി എത്തിച്ചിരുന്നു. ഇനിയും വൈദ്യുതീകരിക്കാനുള്ള കോളനികൾ പുതുതായി ശ്രദ്ധയിൽപ്പെട്ടാൽ പട്ടിക വർഗ്ഗ വകുപ്പിന്റെ സഹായത്തോടുകൂടി അവ വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. വൈദ്യുതി എത്തിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുള്ള ഉൾനാടൻ പ്രദേശങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ആദിവാസി കോളനികളിൽ സൗരനിലയം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് നൽകുന്നതിനുള്ള ചുമതല വൈദ്യുതി ബോർഡിനും മറ്റ് ജില്ലകളിലേത് അനെർട്ടിനുമാണ് ഉണ്ടായിരുന്നത്. എന്നാൽ വൈദ്യുതി ബോർഡ് കരാർ നൽകിയ കമ്പനിയുടെ അനാസ്ഥകാരണം പണിപൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനോടകം കരാർ റദ്ദ് ചെയ്തിട്ടുണ്ട്. പുനർ ദർഘാസ് ക്ഷണിച്ച് ജോലികൾ പുനരാരംഭിക്കുന്നതാണ്.

കെ.എസ്.ഇ.ബി.എൽ. മുഖേന പ്രസരണ വൈദ്യുതി എത്തിക്കാൻ കഴിയാത്തതും വനാന്തർഭാഗത്തുള്ളതുമായ ഒറ്റപ്പെട്ട ആദിവാസി കോളനികളിൽ അനെർട്ട് 2016-17-ൽ സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിരുന്നു. ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലായി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി 2000 വീടുകളാണ് ഇപ്രകാരം വൈദ്യുതീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്. ഇതിനകം ഇടുക്കി ജില്ലയിൽ 1625 വീടുകളും പാലക്കാട് ജില്ലയിൽ 681 വീടുകളും വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിച്ചുകഴിഞ്ഞു.

(ബി) പാലക്കാട് ജില്ലയിലെ ചാവടിപ്പാറ, വരാൾപ്പതി എന്നീ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനായി പാലക്കാട് ജില്ലാ പഞ്ചായത്തും പട്ടികവർഗ്ഗ വകുപ്പും ചേർന്ന് 3,70,680 രൂപ അടയ്ക്കുകയും പ്രസ്തുത തുക തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. അങ്ങനെ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന്റെ സപ്ലൈ എക്സ്റ്റെന്റ് ചെയ്ത് ചാവടിപ്പാറ കോളനിയിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവ് മാത്രമുള്ള വരാൾപ്പതി കോളനിയിൽ പ്രോപ്പർട്ടി ക്രോസ്സിംഗ് ഒബ്ജക്ഷൻ ഉണ്ടായതിനെത്തുടർന്ന് വൈദ്യുതി എത്തിക്കുവാൻ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് സാധിച്ചിട്ടില്ല.

**എനർജി മാനേജ്മെന്റ് സെന്റർ**

173 (6159) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എനർജി മാനേജ്മെന്റ് സെന്ററിന് നിലവിൽ സർക്കാരിൽ നിന്നും ഏതൊക്കെ ഫണ്ട് ആണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ.എം.സി.-ക്ക് സർക്കാരിൽ നിന്നല്ലാതെ ഫണ്ട് ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ട് വർഷമായി ഇത്തരത്തിൽ ലഭിച്ച ഫണ്ടിന്റെ ഇനം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) നിലവിൽ സാങ്ഷൻഡ് പോസ്റ്റുകൾക്ക് തുല്യമോ അതിനു മുകളിലോ പ്രോജക്ട് എഞ്ചിനീയർമാരെ എനർജി മാനേജ്മെന്റ് സെന്ററിൽ നിയമിച്ചിട്ടുണ്ടോ; ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്ത കാര്യം ഇ.എം.സി. സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എനർജി മാനേജ്മെന്റ് സെന്ററിന് സർക്കാരിൽനിന്ന് ഗ്രാന്റ് ഇൻ എയ്ഡ് ആയി പദ്ധതി ഇനത്തിലും പദ്ധതിയേതര ഇനത്തിലും തുക വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്ന സംസ്ഥാന നിയുക്ത ഏജൻസി എന്ന നിലയിൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയിൽ നിന്നും എനർജി മാനേജ്മെന്റ് സെന്റർ നൽകുന്ന പദ്ധതികൾ അനുസരിച്ച് വിവിധ പദ്ധതികൾക്ക് 2016-17-ൽ 77 ലക്ഷം രൂപയും 2017 -18-ൽ 189.1 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

**വൈദ്യുതി സംരക്ഷണ പ്രവർത്തനങ്ങൾ**

174 (6160) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി സംരക്ഷണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഉപയോഗിക്കുന്ന സമയത്തിന് അനുസരിച്ച് വൈദ്യുതിക്ക് വില നിശ്ചയിക്കണമെന്ന് റെഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; പ്രസ്തുത ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇതുമൂലം പീക്ക് അവറിൽ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിന് സാധിക്കുമോ?

ഉത്തരം

(എ) (1) ഡെൽപ്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളിയായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.31 കോടി ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്വകാര്യ സ്ഥാപനങ്ങളിലും അവരുടെ അപേക്ഷ അനുസരിച്ച് എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

(3) വൈദ്യുതി ബോർഡിന്റെ കെട്ടിടത്തിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 1000 ഫാനുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി സർക്കാർ സ്ഥാപനങ്ങളിലും നടപ്പിലാക്കാവുന്നതാണ്.

(4) സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ജലം ചൂടാക്കുന്നതിന് വൈദ്യുതി, ഫോസിൽ ഇന്ധനങ്ങൾ മുതലായവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദപരമായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുമാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി 24 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനാണ്

ലക്ഷ്യമിടുന്നത്. ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് വേണ്ടി 15.2 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ദർഘാസ് മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(5) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങളിൽ 10 കോടിയോളം രൂപ ജില്ലാ പഞ്ചായത്തുകൾ അടച്ചുകഴിഞ്ഞു. ഏകദേശം 1.29 മെഗാവാട്ട് ഉൽപ്പാദനശേഷിയാണ് ഇതിൽനിന്നും പ്രതീക്ഷിക്കുന്നത്. കളക്ടറേറ്റ് കെട്ടിടങ്ങളിൽ 1.9 മെഗാവാട്ട് സ്ഥാപിതശേഷിയാണ് പ്രതീക്ഷിക്കുന്നത്.

(6) സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ./സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ, സംസ്ഥാനത്തെ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.,) ഗവൺമെന്റിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.

(7) എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തു ന്നതിലേയ്ക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ബോർഡിൽ ലഭിച്ചിട്ടുണ്ട്.

(8) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സബ് ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജസംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥിക ൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളന്റിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

(9) വിതരണ മേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ അടിമാലി ഡിവിഷന്റെ കീഴിൽ രാജാക്കാട്, അടിമാലി, രാജകുമാരി എന്നീ സെക്ഷനുകളുടെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകൾ നവീകരിച്ചു. ഒല്ലൂർ സെക്ഷന്റെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകളുടെ നവീകരണം നടത്തിവരുന്നു.

(10) സബ്സ്റ്റേഷൻ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220 കെ.വി. സബ്സ്റ്റേഷൻ വർക്കുകൾ പൂർത്തീകരിച്ചു.

(11) പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് (എച്ച്.വി.ഡി.എസ്.) പദ്ധതി മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തി. ഈ പദ്ധതിയുടെ ഭാഗമായി പാലക്കാട് ഡിവിഷനിൽ സുൽത്താൻപേട്ട് സെക്ഷനുകളുടെ പരിധിയിലുള്ള വർക്കുകൾ പുരോഗമിക്കുന്നു.

(ബി) റെയിൽ ഗതാഗതത്തിനുള്ള വൈദ്യുതി ഒഴികെ എല്ലാ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്കും വിഭാഗങ്ങൾക്കും സിനിമാ തിയേറ്റർ, വാട്ടർ അതോറിറ്റി, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവയുടെ കുടിവെള്ള പമ്പിംഗ് സ്റ്റേഷൻ ഒഴികെയുള്ള ഹൈടെൻഷൻ ഉപഭോക്താക്കൾക്കും വിഭാഗങ്ങൾക്കും പുറമേ ശരാശരി മാസഉപഭോഗം 500 യൂണിറ്റിന് മുകളിൽ വരുന്ന ത്രീ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്കും 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള എൽ.ടി. വ്യാവസായിക ഉപഭോക്താക്കൾക്കും റെഗുലേറ്ററി കമ്മീഷന്റെ 25-7-2012-ലെ ഉത്തരവുപ്രകാരം ഉപയോഗിക്കുന്ന സമയത്തിനനുസരിച്ച് വൈദ്യുതി വില നിശ്ചയിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിന് 1-1-2013 മുതൽ പ്രാബല്യമുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്.

(സി) സാധിക്കും.

## മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദനം

175 (6161) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാലിന്യനിർമ്മാർജ്ജനം വലിയ പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യത്തിൽ, മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മനുഷ്യവിസർജ്ജ്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനെപ്പറ്റി ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മനുഷ്യവിസർജ്ജ്യമുൾപ്പെടെയുള്ള മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചാൽ അതു നമ്മുടെ നിലനിൽപ്പിനും, ഭൂമിയുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സഹായകമാകുമെന്ന തിനാൽ ആയത് ഗൗരവത്തോടെ പരിശോധിക്കുമോ;

(ഡി) ശബരിമലയിലും, പമ്പയിലും, ഗുരുവായൂരിലും മറ്റ് തീർത്ഥാടന കേന്ദ്രങ്ങളിലും മനുഷ്യവിസർജ്ജ്യത്തെ ഫലപ്രദമായി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമൂലം മാലിന്യനിർമ്മാർജ്ജനവും, പാരിസ്ഥിതിക സുസ്ഥിതിയും, കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും സാധിക്കുമെന്നതിനാൽ ആയത് പരിഗണിക്കുമോ;

(ഇ) കെ.എസ്.ഇ.ബി. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഇത്തരത്തിൽ പദ്ധതി നടപ്പാക്കുമോ?

ഉത്തരം

(എ) മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന മാർഗ്ഗങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനുള്ള വിവിധതരം സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്.

(ബി) മനുഷ്യ വിസർജ്ജ്യത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെ പറ്റി പ്രത്യേകമായി ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല.

(സി) മനുഷ്യ വിസർജ്ജ്യം ഉൾപ്പെടെയുള്ള മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യകൾ ലഭ്യമാണ്. ജൈവ മാലിന്യവും മനുഷ്യ വിസർജ്ജ്യവും സംസ്കരിച്ച് ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ അനെർട്ട് സ്ഥാപിച്ചുവരുന്നു. ഇത്തരം പ്ലാന്റുകൾ വ്യാപകമാക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

(ഡി & ഇ) ഇപ്പോൾ പരിഗണനയിലില്ല. പാരമ്പര്യരീതിയിലും അക്ഷയ ഊർജ്ജ സ്രോതസ്സുകളിലൂടെയും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് താരതമ്യം ചെയ്യുമ്പോൾ മാലിന്യത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് നിരക്ക് കൂടുതലായിരിക്കും.

**വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെ അപകടം**

176 (6162) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെ അപകടത്തിൽ പെടുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപകടങ്ങളുടെ കാരണമെന്താണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; നിഷ്പക്ഷമായ അന്വേഷണം നടത്തുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം അപകടത്തിൽപ്പെട്ട് മരിച്ചവരുടെ കുടുംബങ്ങൾക്കും ഗുരുതരമായി പരിക്കേറ്റവർക്കും നഷ്ടപരിഹാരമായി എന്ത് തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടെ വൈദ്യുതാഘാതമേറ്റുള്ള അത്യാഹിതങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഉണ്ടായിട്ടുള്ള ആകെ വൈദ്യുത അപകടങ്ങളുടെ എണ്ണം 2017 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഉള്ളതിനേക്കാൾ കുറഞ്ഞതായാണ് കാണുന്നത്. പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന വൈദ്യുതാഘാതമേറ്റുള്ള അത്യാഹിതങ്ങൾ പൊതുവെ വർദ്ധിച്ചുവരുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) ആവശ്യമായ സുരക്ഷാ നടപടികൾ പാലിക്കാതിരിക്കുക, സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുക, അശ്രദ്ധ, അലംഭാവം, അറിവില്ലായ്മ, അമിതമായ ആത്മവിശ്വാസം എന്നിവമൂലമാണ് വൈദ്യുതി ലൈനിൽ പണിയെടു ക്കുമ്പോൾ മിക്കവാറും അപകടങ്ങൾ ഉണ്ടാകുന്നത്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ

പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ അവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും അവയുടെ ഉപയോഗം പരിശീലിപ്പിക്കുകയും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷ പരിപാലിക്കുന്നുണ്ടെന്ന ഉറപ്പുവരുത്താനായി surprise inspection-നുകൾ നടത്തുന്നതിന് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥർ ജോലി സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ചവരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മാരകമായ അപകടങ്ങൾ ഉണ്ടായാൽ ചീഫ് സേഫ്റ്റി കമ്മീഷണർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രാഥമിക അന്വേഷണം നടത്തി നിഷ്പക്ഷമായ റിപ്പോർട്ട് കെ.എസ്.ഇ. ബോർഡിന് സമർപ്പിക്കുന്നുണ്ട്. കൂടാതെ പ്രസരണ-വിതരണ വിഭാഗം അധികാരികൾ എല്ലാ അപകടങ്ങളിലും മേൽനോട്ട ചുമതലയുള്ളവർക്ക് മെമ്മോ നൽകുകയും വിശദമായ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ജോലിക്കിടയിൽ ഉണ്ടായ അപകടങ്ങളിൽപ്പെട്ട് മരിച്ചവരുടെ കുടുംബങ്ങൾക്കും ഗുരുതരമായി പരിക്കേറ്റവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരത്തിന്റെയും ചികിത്സാച്ചെലവിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയ നഷ്ടപരിഹാരം | - | 91,89,591 രൂപ |
| 2. | അംഗവൈകല്യം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം | - | 28,737 രൂപ |
| 3. | പരിക്കേറ്റവർക്കുള്ള അർദ്ധമാനസിക നഷ്ടപരിഹാരം | - | 32,400 രൂപ |
| 4. | പരിക്കേറ്റവർക്കുള്ള ചികിത്സാ സഹായം | - | 66,54,256 രൂപ |

**വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കുള്ള സർക്കാർ സഹായങ്ങൾ**

177 (6163) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ ഭരണ കാലയളവിൽ സംസ്ഥാനത്ത് വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട ആൾക്കാർ, വൈദ്യുതി ബോർഡ് സ്ഥിരം ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർ എത്ര വീതമെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; ഇപ്രകാരം മരണപ്പെട്ട കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകി; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ ഭരണ കാലയളവിൽ ഇത്തരത്തിൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടു; തരംതിരിച്ച് വ്യക്തമാക്കുമോ; ഈ സർക്കാർ എന്തൊക്കെ സഹായങ്ങളാണ് പ്രസ്തുത കുടുംബങ്ങൾക്ക് നല്കിയത്; വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ ഭരണ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും വീടുകളിൽ വച്ച് വൈദ്യുതാഘാതമേറ്റ് എത്ര പേർ മരണപ്പെട്ടുവെന്നും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വൈദ്യുതി ബോർഡ് എന്തൊക്കെ സഹായങ്ങൾ നൽകിയെന്നും തരം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം വീടുകളിൽ വച്ച് വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നതിന്റെ കാരണം എന്തെന്ന് വൈദ്യുതി ബോർഡ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ബോധവത്കരണം ഉൾപ്പെടെയുള്ള നടപടികൾ നൽകാൻ വൈദ്യുതി ബോർഡ് തയ്യാറാകുമോ; വ്യക്തമാക്കുമോ;

(ഇ) ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്കും അപകടം സംഭവിക്കുന്ന തൊഴിലാളികൾക്കും നിലവിൽ എന്തെല്ലാം സഹായങ്ങളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) വൈദ്യുതാഘാതമേറ്റ് മരണമടയുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം ആശ്രിത നിയമനത്തിന് അർഹതയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാലഹരണപ്പെട്ട പ്രസ്തുത നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ ഭരണകാലയളവിൽ സംസ്ഥാനത്തുണ്ടായ വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ട പൊതുജനങ്ങൾ, സ്ഥിരം ജീവനക്കാർ, കരാർ ജീവനക്കാർ എന്നിവരുടെ എണ്ണവും നൽകിയ നഷ്ടപരിഹാരം/ആശ്വാസ ധനസഹായത്തിന്റെ വിവരങ്ങളും ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. പൊതുജനങ്ങൾ | 801 പേർ | 3,92,98,012 രൂപ |
| 2. സ്ഥിരം ജീവനക്കാർ | 65 പേർ | 4,50,39,409 രൂപ |
| 3. കരാർ ജീവനക്കാർ | 78 പേർ | 4,18,75,797 രൂപ |

(ബി) ഈ സർക്കാരിന്റെ ഭരണ കാലയളവിൽ സംസ്ഥാനത്തുണ്ടായ വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ട പൊതുജനങ്ങൾ, സ്ഥിരം ജീവനക്കാർ, കരാർ ജീവനക്കാർ എന്നിവരുടെ എണ്ണവും നൽകിയ നഷ്ടപരിഹാര/ആശ്വാസ ധനസഹായത്തിന്റെ വിവരങ്ങളും ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. പൊതുജനങ്ങൾ | 213 പേർ | 1,53,32,845 രൂപ |
| 2. സ്ഥിരം ജീവനക്കാർ | 10 പേർ | 91,89,591 രൂപ |
| 3. കരാർ ജീവനക്കാർ | 17 പേർ | 34,04,001 രൂപ |

(സി) മുൻ സർക്കാരിന്റെ ഭരണകാലയളവിൽ 341 പേരും ഈ സർക്കാരിന്റെ ഭരണകാലയളവിൽ 100 പേരും വീടുകളിൽ വച്ച് വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഉപഭോക്താവിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊതുജന ങ്ങൾക്ക് സംഭവിക്കുന്ന മാരകമായ അപകടങ്ങൾക്ക് ധനസഹായം അനുവദിക്കുവാൻ നിലവിലുള്ള നിയമപ്രകാരം വ്യവസ്ഥയില്ല.

(ഡി) അശ്രദ്ധ, അലംഭാവം, അറിവില്ലായ്മ, അമിതമായ ആത്മവിശ്വാസം എന്നിവമൂലമാണ് വൈദ്യുതാപകടങ്ങൾ മിക്കവാറും ഉണ്ടാകുന്നത്. വയറിംഗ് നടത്തുമ്പോൾ ഗുണമേന്മയുള്ള സാധന സാമഗ്രികൾ ഉപയോഗിക്കാത്തതും ലൈസൻസ് ഇല്ലാത്തവരെ വയറിംഗും മറ്റു അറ്റകുറ്റപ്പണികളും ഏൽപ്പിക്കുന്നതും ഇ.എൽ.സി.ബി. ഉപയോഗി ക്കാത്തതും ഉപഭോക്താവിന്റെ പ്രതിഷ്ഠാപനങ്ങൾ ശരിയായ രീതിയിൽ എർത്ത് ചെയ്യാത്തതും ത്രീ പിൻ പ്ലഗ്ഗുകൾ ഉപയോഗിക്കാത്തതും നനവുള്ള കൈകൾകൊണ്ട് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതും ഉപഭോക്താവിന്റെ പ്രതിഷ്ഠാപനങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ മെയിൻ സ്വിച്ച് ഓഫാക്കാത്തതും താൽക്കാലികമായ ഉപയോഗത്തിനായി ജോയിന്റുകൾ ഉള്ള വയറുകൾ ഉപയോഗിക്കുന്നതുമെല്ലാം അപകടത്തെ ക്ഷണിച്ചുവരുത്തുന്നു. ഇതുകൂടാതെ, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങൾക്ക് സമീപം അലക്ഷ്യമായി ഇരുമ്പു കൊണ്ടുള്ള കമ്പികൾ, തോട്ടി, ഏണി എന്നിവ ഉപയോഗിക്കുക, അലക്ഷ്യമായി പട്ടം പറത്തുക, വൈദ്യുത തൂണുകളിൽ അയ, ബാനറുകൾ മുതലായവ കെട്ടുക, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ലൈനുകളിൽ നിന്നും നേരിട്ട് വൈദ്യുതി മോഷണം നടത്തുക, അറിഞ്ഞോ അറിയാതെയോ വൈദ്യുതി പ്രവഹിക്കുന്ന ഭാഗങ്ങളിൽ സ്പർശിക്കുക എന്നിവയും വൈദ്യുതാഘാതംമൂലമുള്ള മരണത്തിന് കാരണമാകുന്നു.

പൊതുജനങ്ങളുടെയും കുട്ടികളുടെയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ

വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാദ്ധ്യതയുള്ള അലുമിനീയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതു ജനസമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൽ.ടി., എച്ച്.ടി. വിതരണ ലൈനുകളിൽ ഇപ്പോൾത്തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്. കമ്പി പൊട്ടിവീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496 061 061" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഏതു പരാതിയും നേരിട്ട് അറിയിക്കുന്നതിന് "1912" എന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റു പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ ടി പ്രതിഷ്ഠാപനം അംഗീകൃത ലൈസൻസുള്ള സൂപ്പർവൈസർ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കി പ്രസ്തുത രേഖ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ സമർപ്പിച്ചതിന് ശേഷമാണ് നിലവിൽ വൈദ്യുതി കണക്ഷൻ നൽകുന്നത്. കൂടാതെ, സർവ്വീസ് കണക്ഷൻ നൽകുന്നതിന് മുമ്പ് ഓവർസിയറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനും ടി പ്രതിഷ്ഠാപനം പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ എല്ലാ വർഷവും മേയ് ആദ്യവാരം വൈദ്യുതി സുരക്ഷാ വാരം ആചരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി സുരക്ഷയെ മുൻനിർത്തി താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു :

- എഫ്.എം. റേഡിയോ ചാനലുകളിലൂടെ വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുക.
- വൈദ്യുതി സുരക്ഷാ റോഡ് ഷോകൾ സംഘടിപ്പിക്കുക.
- പൊതുസ്ഥലങ്ങളിൽ സുരക്ഷാ ബ്രോഷറുകളും കാർട്ടൂണുകളും വിതരണം ചെയ്യുക.
- സെക്ഷൻ ഓഫീസുകളിലും ക്യാഷ് കൗണ്ടറുകൾക്ക് മുന്നിലും സുരക്ഷാ സന്ദേശങ്ങൾ പ്രദർശിപ്പിക്കുക, പൊതുജനങ്ങൾക്കും വിശിഷ്യാ ഫാബ്രിക്കേഷൻ, വെൽഡിംഗ് ജോലിക്കാർക്കും എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കറുകളെക്കുറിച്ച് അവബോധം നൽകുക.

(ഇ) മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന നഷ്ട പരിഹാരം

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

മരണാനന്തര നഷ്ടപരിഹാരം

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.
2. ശവസംസ്കാര ചെലവിനായി 5,000 രൂപയ്ക്ക് അർഹതയുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ട പരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും കരാറുകാരൻ കൂടി പ്രസ്തുത ജോലിയിൽ ഏർപ്പെടുവാൻ താൽപ്പര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാന് ഉൾപ്പെടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. ഇതിനു പുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവു പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാരത്തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(എഫ്) വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനം നൽകുന്നതിന് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിൽ വ്യവസ്ഥയില്ല. പ്രസ്തുത നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്.

**വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് എൽ.ഇ.ഡി. തെരുവുവിളക്കുകൾ**

178 (6164) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനായി മുഴുവൻ തെരുവുവിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ വൈദ്യുതി ഉപഭോഗം വരുന്ന ഏപ്രിൽ, മേയ് മാസങ്ങളിൽ, മുൻ മാസങ്ങളിലെ വൈദ്യുതി ഉപയോഗവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവ് വൈദ്യുതി ഉപയോഗിച്ച ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബ് കുറഞ്ഞ വിലയ്ക്ക് നൽകുന്ന ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് MLA LAD സ്കീം മുഖാന്തരവും തദ്ദേശഭരണ സ്ഥാപനങ്ങളുമായി നേരിട്ട് സഹകരിച്ചും കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ പൊതു നിരത്തുകളിലെ ബൾബുകൾ എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മുഴുവനായും വല്ലച്ചിറ ഗ്രാമ പഞ്ചായത്തിൽ ഒന്നാം ഘട്ട പദ്ധതിയും ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമ പഞ്ചായത്ത് രണ്ടാം ഘട്ടം, തിരുവനന്തപുരം കോർപ്പറേഷൻ, വടക്കാഞ്ചേരി നിയോജക മണ്ഡലം, നെന്മാണിക്കര ഗ്രാമപഞ്ചായത്ത്, മട്ടന്നൂർ ഗ്രാമപഞ്ചായത്ത്, കോതമംഗലം നിയോജക മണ്ഡലം തുടങ്ങിയ സ്ഥലങ്ങളിൽ എൽ.ഇ.ഡി. തെരുവുവിളക്ക് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റുന്നതിനുള്ള ഏകദേശം 538 കോടിയോളം മുതൽമുടക്ക് പ്രതീക്ഷിക്കുന്ന പദ്ധതി പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

**കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസ്**

179 (6165) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേമ്പ്ര കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കുമോ;

(സി) ചേലേമ്പ്ര പഞ്ചായത്തിലെ കെ.എസ്.ഇ.ബി. ഉപഭോക്താക്കൾ ഏതെല്ലാം സെക്ഷൻ ഓഫീസുകളെയാണ് വിവിധ സേവനങ്ങൾക്കായി സമീപിക്കുന്നത്; ഓരോ സെക്ഷനിലും എത്ര ഉപഭോക്താക്കൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ഡി) പെരുവള്ളൂർ പറമ്പിൽ പീടികയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് വേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ& ബി) ഉണ്ട്. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ നിലവിൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ് ചെയ്യുന്നത്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാദ്ധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ആയതിനാൽ ചേലേമ്പ്ര കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

(സി) ചേലേമ്പ്ര പഞ്ചായത്തിലെ ഉപഭോക്താക്കൾ ചേളാരി, രാമനാട്ടുകര, കടലുണ്ടി എന്നീ സെക്ഷൻ ഓഫീസുകളെയാണ് വിവിധ സേവനങ്ങൾക്കായി സമീപിക്കുന്നത്. പ്രസ്തുത സെക്ഷൻ ഓഫീസുകളിലെ ചേലേമ്പ്ര പഞ്ചായത്ത് പരിധിയിൽ വരുന്ന ഉപഭോക്താക്കളുടെ എണ്ണവും ആകെ ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു :

| സെക്ഷൻ | ചേലേമ്പ്ര പഞ്ചായത്ത് പരിധിയിൽ വരുന്ന ഉപഭോക്താക്കളുടെ എണ്ണം | ആകെ ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| ചേളാരി | 3,360 | 27,914 |
| രാമനാട്ടുകര | 7,000 | 26,053 |
| കടലുണ്ടി | 4,565 | 18,858 |

(ഡി) ഉണ്ട്. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ നിലവിൽ ആധുനിക സാങ്കേതിക വിദ്യകൾക്കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരികയാണ് ചെയ്യുന്നത്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാദ്ധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ആയതിനാൽ പെരുവള്ളൂർ പറമ്പിൽ പീടികയിൽ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

**കോതമംഗലം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ ഓഫീസുകൾ**

180 (6166) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാം ഓഫീസുകളാണെന്നും വിശദമാക്കാമോ;

(ബി) ഇതിൽ എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം നിയോജക മണ്ഡലത്തിൽ മദ്ധ്യമേഖലാ വിതരണ വിഭാഗത്തിനുകീഴിൽ 5 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

1. ഇലക്ട്രിക്കൽ സെക്ഷൻ നമ്പർ 1 കോതമംഗലം
2. ഇലക്ട്രിക്കൽ സെക്ഷൻ നമ്പർ 2, കോതമംഗലം
3. ഇലക്ട്രിക്കൽ സെക്ഷൻ, കീരംപാറ
4. ഇലക്ട്രിക്കൽ സെക്ഷൻ, നെല്ലിക്കുഴി
5. ഓവർസിയർ ഓഫീസ്, ഊന്നുകൽ

കോതമംഗലം നിയോജക മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൻകീഴിൽ പ്രവർത്തിക്കുന്ന വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ:

1. ട്രാൻസ്മിഷൻ ഡിവിഷൻ, കോതമംഗലം
2. സബ്സ്റ്റേഷൻ സബ്ഡിവിഷൻ, കോതമംഗലം
3. ലൈൻ മെയിന്റൻസ് സബ്ഡിവിഷൻ, കോതമംഗലം
4. 66 കെ.വി. സബ്സ്റ്റേഷൻ, കോതമംഗലം
5. ലൈൻ മെയിന്റനൻസ് സെക്ഷൻ, കോതമംഗലം
6. ടി.സി. സെക്ഷൻ, കോതമംഗലം

കോതമംഗലം നിയോജക മണ്ഡലത്തിൽ ജനറേഷൻ (സിവിൽ & എച്ച്.ആർ.എം.)-ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ:

1. സിവിൽ സർക്കിൾ, കോതമംഗലം
2. ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പ്രോജക്ട് മാനേജരുടെ കാര്യാലയം
3. ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ, കോതമംഗലം
4. ഇൻവെസ്റ്റിഗേഷൻ സെക്ഷൻ, ഭൂതത്താൻകെട്ട്.
5. റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ, ഇടമലയാർ
6. റിസർച്ച് &ഡാം സേഫ്റ്റി സബ്ഡിവിഷൻ, ഇടമലയാർ

ഉൽപ്പാദന വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ:

1. ജനറേഷൻ സർക്കിൾ ഓഫീസ്, സബ്സ്റ്റേഷൻ കോമ്പൗണ്ട്, കോതമംഗലം.
2. ജനറേഷൻ ഡിവിഷൻ, ഇടമലയാർ.

(ബി) ഇലക്ട്രിക്കൽ സെക്ഷൻ നമ്പർ 2, കോതമംഗലം, ഇലക്ട്രിക്കൽ സെക്ഷൻ, കീരംപാറ, ഓവർസിയർ ഓഫീസ്, ഊന്നുകൽ എന്നിവ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇലക്ട്രിക്കൽ സെക്ഷൻ, നെല്ലിക്കുഴി പ്രൈവറ്റ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് (നിലവിൽ വാടക കൊടുക്കുന്നില്ല.)

(സി) സ്ഥലം ലഭ്യമായിട്ടുള്ള പ്രദേശങ്ങളിൽ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്. പുതിയ കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തോ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളോ സൗജന്യമായി നൽകുന്ന പക്ഷം കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കുന്നതാണ്.

## അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്കുള്ള പി.എസ്.സി. നിയമനം

181 (6167) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010-ൽ അനുശാസിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ നടപ്പിലാക്കാനുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നൽകിയ നിർദ്ദേശം നടപ്പിലാക്കി തുടങ്ങിയോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനം 40 ശതമാനത്തിൽ നിന്നും 60 ശതമാനമായി ഉയർത്തുവാനുള്ള നിർദ്ദേശം സി.ഇ.എ. റെഗുലേഷൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റി ബോർഡിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളത് എപ്പോൾ നടപ്പിലാക്കും എന്ന് വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ. എം. സമർപ്പിച്ച പഠന റിപ്പോർട്ടിൽ പ്രസ്തുത തസ്തികയുടെ പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനം 40 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തുവാനുള്ള നിർദ്ദേശം നടപ്പിലാക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ബോർഡ് ഇതുവരെ എടുത്തത്; അതിന്റെ പുരോഗതിയും അത് എപ്പോൾ നടപ്പിലാക്കും എന്നുള്ള വിവരവും നൽകാമോ?

### ഉത്തരം

(എ) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010-ൽ അനുശാസിച്ചിട്ടുള്ള വ്യവസ്ഥകൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനുമായി ബോർഡ് ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി വിശദമായ പഠനത്തിനുശേഷം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷനുകൾക്ക് അനുസൃതമായിട്ടുള്ള പുതിയ നിയമന-സ്ഥാനക്കയറ്റ പരിശീലന പദ്ധതികൾ ബോർഡിന് സമർപ്പിക്കുകയുണ്ടായി. ആയത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

(ബി) ബോർഡിന്റെ പരിഗണനയിലാണ്.

(സി) ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശിപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിലാണ്.

## കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ തസ്തിക

182 (6168) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ. സബ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ നിയമന നിരോധനം ഉണ്ടോ; ഇല്ലായെങ്കിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് നിലവിൽ എത്ര ഒഴിവുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ പരിഗണിക്കുന്നതിന് ഐ.റ്റി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് എന്നീ വിഭാഗത്തിൽ നിന്നും പ്രത്യേക ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിലേയ്ക്ക് പ്രമോഷൻ നൽകുന്നതിന് പ്രത്യേക കോടതി വിധി നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രൊമോഷന്റെ അനുപാതം എത്ര എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സബ് എഞ്ചിനീയർ തസ്തികയിൽ യാതൊരു നിയമന നിരോധനവുമില്ല. നിലവിൽ നേരിട്ടുള്ള നിയമനങ്ങൾ നടത്തുന്ന ക്വാട്ടയിൽ ഒഴിവുകളില്ല.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പ്രൊമോഷൻ വഴി നികത്തേണ്ട ആകെ 238 ഒഴിവുകളുണ്ട്. പ്രൊമോഷനുവേണ്ടി ഐ.ടി.ഐ.& ഡിപ്ലോമ എന്നീ ക്വാട്ടകളാണ് നിലവിലുള്ളത്. ഐ.ടി.ഐ. ക്വാട്ടയിൽ 180-ഉം ഡിപ്ലോമ ക്വാട്ടയിൽ 58 ഒഴിവുകളുമാണ്. (ഐ.ടി.ഐ. ക്വാട്ടയിൽ 20 ശതമാനവും ഡിപ്ലോമ ക്വാട്ടയിൽ 30 ശതമാനവും)

(സി) സ്ഥാനക്കയറ്റം നൽകണമെന്ന് നിഷ്കർഷിക്കുന്ന വിധികൾ നിലവിലില്ല. സ്ഥാനക്കയറ്റം നൽകുമ്പോൾ അനുപാതം നിശ്ചയിക്കേണ്ടത് നിലവിലുള്ള ഒഴിവുകളെ അടിസ്ഥാനമാക്കിയെന്ന സിംഗിൾ ബെഞ്ചിന്റെ വിധിക്കെതിരെ ബോർഡ് 2788/ 2015 എന്ന റിട്ട് അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്. ഈ റിട്ട് അപ്പീൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**കെ.എസ്.ഇ.ബി.എൽ.-ലെ ഒഴിവുകൾ**

183(6169) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ.-ൽ മസ്ദൂർ, ലൈൻമാൻ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ വീതമുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ഈ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മസ്ദൂർ, സബ് എഞ്ചിനീയർ(ഇലക്ട്രിക്കൽ) തസ്തികകളിൽ ഒഴിവുകളില്ല. ലൈൻമാർ തസ്തികയിൽ 45 ഒഴിവുകളുണ്ട്. പ്രസ്തുത തസ്തികയിൽ നേരിട്ട് നിയമനമില്ല. ടി ഒഴിവുകൾ പ്രൊമോഷൻ നൽകി നികത്തേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 40% ക്വാട്ടയിൽ 26 ഒഴിവുകളും 10% ക്വാട്ടയിൽ 4 ഒഴിവുകളുമുണ്ട്. പ്രസ്തുത ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മേൽ പരാമർശിച്ചുപ്രകാരം ടി തസ്തികകളിലെ ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കെ.എസ്.ഇ.ബി.എൽ.-ലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക**

184 (6170) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ഐ.റ്റി.ഐ. പ്രൊമോഷൻ ക്വാട്ടയിൽ നിലിവിൽ ജോലി ചെയ്യുന്നവരിൽ എത്ര പേർക്ക് ഐ.റ്റി.ഐ., ഡിപ്ലോമ എന്നീ രണ്ട് വിദ്യാഭ്യാസ യോഗ്യതകളുണ്ട്; ഇതു സംബന്ധിച്ച കണക്കുകൾ ഏത് തീയതി പ്രകാരമാണു ള്ളതെന്നു അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ 20% ഐ.റ്റി.ഐ. പ്രൊമോഷൻ ക്വാട്ടയിലെ നിലിവിൽ ജോലി ചെയ്യുന്നവരിൽ ഐ.റ്റി.ഐ. വിദ്യാഭ്യാസ യോഗ്യത മാത്രം ഉള്ളവരിൽ എത്ര പേരാണ് 2018, 2019, 2020 എന്നീ വർഷങ്ങളിൽ സർവ്വീസിൽ നിന്നും റിട്ടയർ ആകുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ തസ്തികയിലെ 20% ഐ.റ്റി.ഐ പ്രൊമോഷൻ ക്വാട്ടയിൽ നിലിവിൽ ജോലി ചെയ്യുന്നവരിൽ ഐ.റ്റി.ഐ., ഡിപ്ലോമ എന്നീ രണ്ട് വിദ്യാഭ്യാസ യോഗ്യതകളും ഉള്ളവരിൽ എത്ര പേരാണ് 2018, 2019, 2020 എന്നീ വർഷങ്ങളിൽ സർവ്വീസിൽ നിന്നും റിട്ടയർ ആകുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010-ൽ റെഗുലേഷൻ ആറിലും ഏഴിലും നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്തവർ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ വിഭാഗങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഇരുന്നുകൊണ്ട് ഓപ്പറേഷൻ ജോലികൾ ചെയ്യുന്നതും മെയിന്റനൻസ് ജോലികൾ സൂപ്പർവൈസ് ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ടി വിദ്യാഭ്യാസ യോഗ്യത ഇല്ലാത്ത എത്ര പേരാണ് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഇരുന്നുകൊണ്ട് ഇപ്രകാരം ടി വിഭാഗങ്ങളിൽ നിലവിൽ ജോലി ചെയ്യുന്നത് എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 28-3-2018-ലെ കണക്കുകൾപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ഐ.ടി.ഐ. പ്രൊമോഷൻ ക്വാട്ടയിൽ നിലവിൽ ജോലി ചെയ്യുന്നവരിൽ 33 പേർക്ക് ഐ.ടി.ഐ., ഡിപ്ലോമ എന്നീ രണ്ട് വിദ്യാഭ്യാസ യോഗ്യതകളുണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 20% ഐ.ടി.ഐ. പ്രൊമോഷൻ ക്വാട്ടയിലെ നിലവിൽ ജോലി ചെയ്യുന്നവരിൽ ഐ.ടി.ഐ. വിദ്യാഭ്യാസ യോഗ്യത മാത്രം ഉള്ളവരിൽ 2018-ൽ 50 പേരും 2019-ൽ 28 പേരും 2020-ൽ 32 പേരും സർവ്വീസിൽ നിന്നും റിട്ടയർ ആകും.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ഐ.ടി.ഐ. പ്രൊമോഷൻ ക്വാട്ടയിൽ നിലവിൽ ജോലി ചെയ്യുന്നവരിൽ ഐ.ടി.ഐ., ഡിപ്ലോമ എന്നീ രണ്ട് വിദ്യാഭ്യാസ യോഗ്യതകളും ഉള്ളവരിൽ 2018-ൽ 5 പേരും 2019-ൽ 5 പേരും 2020-ൽ 3 പേരും സർവ്വീസിൽ നിന്നും റിട്ടയറാകും.

(ഡി) ഉണ്ട്. നിലവിൽ ഇവർക്ക് മതിയായ അനുഭവ പരിചയവും കൂടാതെ ആവശ്യമായ ട്രെയിനിംഗുകളും നൽകിവരുന്നുണ്ട്.

(ഇ) ശേഖരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.എൽ. മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ

185 (6171) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ലെ മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നിലവിൽ റാങ്ക് ലിസ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് നിലവിൽ ഉള്ളത്; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ എന്താണ് കാരണം; വിശദാംശം അറിയിക്കാമോ;

(ബി) നിലവിൽ കെ.എസ്.ഇ.ബി.യിൽ അവസാനമായി എന്നാണ് മീറ്റർ റീഡർ തസ്തികയിലേയ്ക്ക് നിയമനം നടന്നത്; നിലവിൽ മീറ്റർ റീഡർ തസ്തികയിലേയ്ക്ക് എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പി.എസ്.സി. തസ്തികയ്ക്ക് വേണ്ടി കാറ്റഗറി നമ്പർ 557/14 പ്രകാരം പരീക്ഷ നടത്തിയതിൽ, കെ.എസ്.ഇ.ബി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയില്ലായെന്ന നിലപാട് എടുത്തിരുന്നോ എന്നറിയിക്കാമോ; ഈ കാര്യത്തിൽ ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിധിന്യായം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ തസ്തികയിലെ 799 ഒഴിവുകൾ വെട്ടിക്കുറച്ചുകൊണ്ട് തീരുമാനം എന്നാണ് കൈക്കൊണ്ടത്; ഈ തീരുമാനത്തിന് മുന്നേയാണോ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ.

(ഇ) നിലവിൽ മീറ്റർ റീഡർ തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോയെന്നറിയിക്കാമോ; ഉണ്ടെങ്കിൽ കെ.എസ്.ഇ.ബി. 799 തസ്തികകൾ വെട്ടിക്കുറച്ചത് യുവജനങ്ങൾക്ക് തൊഴിൽ അവസരം നിഷേധിച്ചത് അല്ലേയെന്നും, ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി. ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ കേസ് നൽകിയിട്ടുണ്ടോ എന്നും വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ബി 2015 ഡിസംബർ മാസത്തിലാണ് (എസ്.ടി. വിഭാഗത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ്) കെ.എസ്.ഇ.ബി.എൽ.-ൽ അവസാനമായി മീറ്റർ റീഡർ തസ്തികയിലേയ്ക്ക് നിയമനം നടന്നത്. മീറ്റർ റീഡർ തസ്തികയിലെ അംഗീകൃത എണ്ണം 1721 ആയിരുന്നത്

799 എണ്ണം കുറച്ച് (ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No.30039/2016 അന്തിമവിധിക്ക വിധേയമായി) 922 ആയി നിജപ്പെടുത്തി യിട്ടുണ്ട്. ഇപ്രകാരം നിജപ്പെടുത്തിയതിന്റെ ഫലമായി ജനറൽ കാറ്റഗറിയിൽ 97 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി -ഇ) WP(C) No. 30039/2016 D, 21919/2017 L എന്നിവയിന്മേൽ 4-1-2018-ലെ വിധിയിൽ കെ.എസ്.ഇ.ബി.എൽ.-ലെ 799 മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായി. എന്നാൽ പുതുതായി 799 മീറ്റർ റീഡർമാരുടെ ആവശ്യകത ഇല്ലാത്ത തിനാൽ സിംഗിൾ ബഞ്ചിന്റെ ഈ വിധിക്കെതിരെ കെ.എസ്.ഇ.ബി.എൽ. ഡിവിഷൻ ബഞ്ച് മുമ്പാകെ WA 173/2018 സമർപ്പിക്കുകയും മേൽ ഉത്തരവിന്മേൽ സ്റ്റേ സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി കാറ്റഗറി നമ്പർ 557/14 ആയ മീറ്റർ റീഡർ തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. 23-2-2018-ലെ B.O.(DB) No.494/2018 (Estt.II/ 6718/2016) പ്രകാരമാണ് സംസ്ഥാന വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ തസ്തികയിലെ 799 ഒഴിവുകൾ വെട്ടിക്കുറച്ചുകൊണ്ട് തീരുമാനം കൈക്കൊണ്ടത്.

**അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം**

186 (6172) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് വേണ്ടി എത്ര ശതമാനം ക്വാട്ടയാണ് വൈദ്യുതി ബോർഡ് പരിഗണിച്ച് വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇപ്രകാരം സ്ഥാനക്കയറ്റം നൽകുന്ന നടപടി ബോർഡിൽ ഇപ്പോഴും നിലവിലുണ്ടോ; അവസാനമായി എത് വർഷമാണ് പ്രൊമോഷൻ നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് നിർദ്ദേശിച്ച് 2015-ൽ കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പ്രകാരം എത്ര പേർക്ക് പ്രൊമോഷൻ നൽകി എന്ന് വിശദമാക്കാമോ;

(ഡി) കോടതി ഉത്തരവ് പ്രകാരം നിയമനം നൽകിയ ഉദ്യോഗാർത്ഥിയുടെ റാങ്ക് നമ്പർ എത്രയാണെന്നും ടിയാളുടെ റാങ്ക് നമ്പരിന് താഴെ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടായിരുന്നു എന്നും ഇവർക്ക് നിയമനം നൽകാതിരുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നിലവിൽ കേഡർ സ്ട്രെംഗ്തിന്റെ 50 ശതമാനമാണ്. (ITI ക്വാട്ടയിൽ 20 ശതമാനവും ഡിപ്ലോമാ ക്വാട്ടയിൽ 30 ശതമാനവുമാണ്)

(ബി ഉണ്ട്. ITI ക്വാട്ടയിൽ 1-3-2014-ലും ഡിപ്ലോമാ ക്വാട്ടയിൽ 24-2-2014-ലുമാണ് അവസാനമായി പ്രൊമോഷൻ നൽകിയിട്ടുള്ളത്.

(സി) സ്ഥാനക്കയറ്റം നൽകണമെന്ന് നിർദ്ദേശിച്ച് കോടതി വിധി പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സ്ഥാനക്കയറ്റത്തിനുവേണ്ടി ക്വാട്ടയിലെ അനുപാതം പരിഗണിക്കുമ്പോൾ അത് ആകെയുള്ള ഒഴിവുകളെ അടിസ്ഥാനപ്പെടുത്തി നിശ്ചയിക്കണം എന്നാണ് WP(c)7964/2012-ൽ ബഹുമാനപ്പെട്ട കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ടി കേസ്സിലെ ആദ്യ പെറ്റീഷണറായ വ്യക്തി ശ്രീ. സന്ദീപ് എസ്. എന്ന സബ് എഞ്ചിനീയർക്ക് കോടതി നിർദ്ദേശ പ്രകാരം, ബോർഡ് മുകളിൽ പരാമർശിച്ച വിധിക്കെതിരെ സമർപ്പിച്ചിരിക്കുന്ന റിട്ട് അപ്പീലിന്റെ (WA No.2788/2015) തീർപ്പിന് വിധേയമായി താൽക്കാലികമായി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി സ്ഥാനക്കയറ്റം നൽകുകയുണ്ടായി.

(ഡി) സ്ഥാനക്കയറ്റം നൽകിയ വ്യക്തിയുടെ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ലെ സീനിയോറിറ്റി, ഡിപ്ലോമ ക്വാട്ടയിൽ 197 ആണ്. ടിയാളെക്കാൾ സീനിയറായ 196 പേർ ഈ പട്ടികയിലുണ്ട്. 197-ാം നമ്പർകാരന് സ്ഥാനക്കയറ്റം താൽക്കാലികമായാണ് കോടതി വിധിപ്രകാരം നൽകിയത്. റിട്ട് പെറ്റീഷൻ 7964/2012 എന്ന കേസ്സിലെ ആദ്യ പെറ്റീഷണറാണ് സ്ഥാനക്കയറ്റം കിട്ടിയ വ്യക്തി. ഈ കേസ്സിലെ വിധിക്ക് എതിരെ ബോർഡ് റിട്ട് അപ്പീൽ 2788/2015 സമർപ്പിച്ചിരിക്കുകയാണ്. 2788/2015-ന്റെ തീർപ്പിന് വിധേയമായി ഒഴിവുകളെ അടിസ്ഥാനപ്പെടുത്തി സ്ഥാനക്കയറ്റം നൽകുന്നതായിരിക്കും.

**കെ.എസ്.ഇ.ബി.എൽ.-ൽ നിയമനം നിർത്തിവച്ചതായുള്ള നിർദ്ദേശം**

187 (6173) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ഇ.ബി.എൽ.-ലെ പി.എസ്.സി. വഴിയുള്ള എല്ലാ നിയമനങ്ങളും നിർത്തിവച്ച കൊണ്ട് എന്തെങ്കിലും ബോർഡ് ഓർഡറുകളോ സർക്കുലറുകളോ ഇറക്കിയിട്ടുണ്ടോ എന്ന വെളിപ്പെടുത്തുമോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നല്കുമോ?

(ബി) കെ.എസ്.ഇ.ബി.-യിലെ ഏതൊക്കെ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ നിർത്തിവയ്ക്കുവാൻ ആണ് കേരള പി.എസ്.സി-ക്ക് നിർദ്ദേശം നൽകിയത് എന്ന് വെളിപ്പെടുത്തുമോ;

(സി) നിയമന നടപടികൾ നിർത്തിവച്ചത് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ടിന്റെയോ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010 കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലോ ആണോ എന്നു വെളിപ്പെടുത്തുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നല്കുമോ?

<u>ഉത്തരം</u>

(എ-സി) KSEBL-ലെ PSC വഴിയുള്ള എല്ലാ നിയമനങ്ങളും നിർത്തിവച്ചു കൊണ്ട് ബോർഡ് ഉത്തരവുകളോ സർക്കുലറുകളോ ഇല്ല. എന്നാൽ KSEBL-ൽ 33000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27,175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക KSERC അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നൂതന സാങ്കേതികവിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട KSERC കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം. കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ പുനഃസംഘടനയ്ക്കുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബോർഡ് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുകയാണ്. ഇവയ്ക്കു പുറമെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടെക്നീഷ്യൻമാർ എന്നിവർക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) (Measures Relating to Safety & Electric Supply) Regulation, 2010 പ്രകാരം നിശ്ചിത യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള യോഗ്യതകൾ ഉള്ളവരെ മാത്രമേ പ്രസ്തുത മേഖലകളിൽ നിയമിക്കാൻ പാടുള്ളൂ. ആയതിനാൽ CEA റെഗുലേഷൻ പ്രകാരം ജീവനക്കാരുടെ യോഗ്യതകൾ, പരിശീലന പരിപാടികൾ എന്നിവ

പരിഷ്കരിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. ഈ കമ്മിറ്റി ആവശ്യമായ ജീവക്കാരുടെ എണ്ണവും യോഗ്യതകളും സംബന്ധിച്ച് പരിശോധിച്ച് വരികയാണ്. ബോർഡിന്റെ ജീവനക്കാരുടെ പുനർവിന്യാസം പൂർത്തിയാക്കുന്നതിനും അതുവഴി ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുംവരെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള എല്ലാ നിയമനങ്ങളും താൽക്കാലികമായി മാറ്റിവയ്ക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് വൈദ്യുതി ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തുടങ്ങി നിലവിൽ റാങ്ക് ലിസ്റ്റുള്ള തസ്തികകളിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തുവരുന്നുണ്ട്. നിയമന നിരോധനം സർക്കാർ നയമല്ലെന്നും ബോർഡിൽ ആവശ്യാനുസരണം ഒഴിവുകൾ തിട്ടപ്പെടുത്തി നിയമന നടപടികൾ മുന്നോട്ട് കൊണ്ടുപോകണമെന്നും ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിയമന നിരോധനം

188 (6174) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ഏതെങ്കിലും തസ്തികയിൽ നിയമന നിരോധനം ഉണ്ടോ; വിശദമാക്കുമോ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും, നിയമനം നൽകുന്നതിലും, തൊഴിലാളി വിരുദ്ധപ്രവർത്തനങ്ങളാണ് ബോർഡ് ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുന്നതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാറ്റഗറി നമ്പർ- 557/2014 പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും 799 പേരെ നിയമിക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ ഉത്തരവ് ഉണ്ടായതിന് പിറകെ ബോർഡ് ഈ തസ്തികകൾ മുഴുവൻ റദ്ദാക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇങ്ങനെ ഉത്തരവിറക്കിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിവരിക്കുമോ;

(ഡി) പി.എസ്.സി. വഴിയുള്ള സ്ഥിരം നിയമനം തടയാനും, പിൻവാതിലിലൂടെ താൽക്കാലിക നിയമനം നടത്താനുമാണ് തസ്തിക റദ്ദാക്കിയതെന്ന പൊതുവായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ തസ്തികയിൽ നിലവിലുള്ള 799 ഒഴിവുകൾ ഏത് തീയതിയ്ക്കകം പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്തിരിയ്ക്കണമെന്നായിരുന്നു ബഹു. ഹൈക്കോടതിയുടെ നിർദ്ദേശമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഇല്ല.

(സി) ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു*. മീറ്റർ റീഡർ തസ്തികയിലെ അംഗീകൃത എണ്ണം 1721 ആയിരുന്നത് 799 എണ്ണം കുറച്ച് (ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No.30039/2016-ന്റെ അന്തിമ വിധിക്ക് വിധേയമായി) 922 ആയി നിജപ്പെടുത്തിയിട്ടുണ്ട്. 31-10-2012-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മീറ്റർ റീഡർമാരുടെ ഒരു NJD ഒഴിവ് കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കെ.പി.എസ്.സി. പരീക്ഷ നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നില്ല. പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു. WP(C) No.30039/2016 D, 21919/2017 എന്നിവയിന്മേൽ 4-1-2018-ലെ വിധിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ 799 മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായി. എന്നാൽ പുതുതായി 799 മീറ്റർ റീഡർമാരുടെ ആവശ്യകത ഇല്ലാത്തതിനാൽ സിംഗിൾ ബഞ്ചിന്റെ ഈ വിധിക്കെതിരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡിവിഷൻ ബഞ്ച് മുമ്പാകെ WA No.173/2018 സമർപ്പിക്കുകയും മേൽ ഉത്തരവിന്മേൽ സ്റ്റേ സമ്പാദിക്കുകയും ചെയ്തു.

കേന്ദ്ര ഊർജ്ജ വകുപ്പും കേരള ഗവൺമെന്റും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം സ്മാർട്ട് മീറ്റർ ഉപയോഗത്തിൽ കൊണ്ടുവരുവാൻ നിശ്ചയിച്ചിരിക്കുന്നു. പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (പി.ഡി.എ.)-ന്റെ ഉപയോഗത്തിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ജോലി ചെയ്യുന്ന ഏത് ഉദ്യോഗസ്ഥനും ചെയ്യാവുന്നതാണ്. സാങ്കേതികവിദ്യയുടെ ഏറ്റവും ആധുനികമായ വിനിയോഗത്തിലൂടെ വൈദ്യുതി ഉപഭോഗം വിലയിരുത്തുവാൻ സ്മാർട്ട് മീറ്റർ സഹായിക്കുന്നതുകൊണ്ടും നിലവിൽ മറ്റ് തസ്തികകളിലുള്ള അധികമായ ജീവനക്കാരെക്കൊണ്ട് മീറ്റർ റീഡിംഗ് ജോലികൾ നടത്തുവാൻ നിലവിൽ സാഹചര്യം ഉള്ളതുകൊണ്ടും 799 മീറ്റർ റീഡർ തസ്തികകൾ WP(C) No.30039/2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അന്തിമ വിധിക്കു വിധേയമായി നിർത്തലാക്കുവാൻ കമ്പനി 23-2-2018-ലെ B.O.(DB) No.494/2018 (Estt.II/6718/2016), Thiruvananthapuram പ്രകാരം തീരുമാനിച്ച് ഉത്തരവായി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവൽക്കരണത്തിലൂടെ നൂതന സാങ്കേതികവിദ്യകളുടെ ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (കെ.എസ്.ഇ.ആർ.സി.) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് ഐ.ഐ.എം. കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേയും അവശ്യം വേണ്ട ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികാരമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റു തസ്തികയിലേയ്ക്ക് പുനർവിന്യസിക്കേണ്ടിയും വരും. സ്പോട്ട് ബില്ലിംഗ് മെഷീൻ ഏർപ്പെടുത്തിയതിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലികൾ ലഘൂകരിക്കപ്പെട്ടിട്ടുണ്ട്. പുറമെ സ്മാർട്ട് മീറ്റർ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് എടുത്തുവരികയാണ്. ഇതിന്റെയെല്ലാം ഭാഗമായി ബില്ലിംഗ്, മീറ്റർ റീഡിംഗ് എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവരെ പുനർവിന്യസിക്കേണ്ടി വരും. ആയതിനാൽ നിലവിലുള്ള മീറ്റർ റീഡർമാരുടെ എണ്ണം പുനർനിർണ്ണയിക്കേണ്ടി വരും. ഇക്കാരണങ്ങളാലാണ് 799 മീറ്റർ റീഡർ തസ്തികകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ റദ്ദാക്കിയത്.

(ഇ) 17-1-2018-ന് മുൻപ് റിപ്പോർട്ട് ചെയ്യിരിക്കണം എന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നത്. ഈ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്.

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

189 (6175) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ അപ്പീൽ 7600/12 നമ്പർ കേസ്സിൽ 19-10-2012-ലെ ബഹു. സുപ്രീംകോടതിയുടെ വിധിയെ തുടർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മെമ്പർമാരായി തുടരാൻ നിയമപരമായ യാതൊരു അവകാശങ്ങളും ഇല്ലാത്ത വേണുഗോപാൽ, വിക്രമൻനായർ എന്നിവരെ പുറത്താക്കാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിധിപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ ജോലി ചെയ്യാൻ സാധിക്കില്ല എന്നിരിക്കെ എന്തടിസ്ഥാനത്തിലാണ് ബോർഡ് ജീവനക്കാരായ പി. ശിവപ്രസാദ്, കെ. പ്രസീതുകുമാർ, കെ.എസ്. സവിത എന്നിവർക്ക് ഡെപ്യൂട്ടേഷൻ കാലാവധി നീട്ടികൊടുത്ത് 26-2-2018-ൽ കെ.എസ്.ഇ.ബി. ഉത്തരവിറക്കിയത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 5-12-2014-ലെ സ.ഉ.(കൈ)41/14/പി.ഡി. പ്രകാരം ശ്രീ. വിക്രമൻ നായരെയും 4-4-2015-ലെ സ.ഉ. (കൈ)11 /15/പി.ഡി. പ്രകാരം ശ്രീ. എസ്. വേണുഗോപാലിനെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ അംഗങ്ങളായി നിയമിച്ചിട്ടുണ്ട്. നിയമാനുസൃതം രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റികളുടെ പരിശോധനയുടെയും ശിപാർശയുടെയും അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(ബി) ബോർഡ് ജീവനക്കാരായ ശ്രീ. ശിവപ്രസാദ്, ശ്രീ. കെ. പ്രസീതു കുമാർ, ശ്രീമതി കെ. എസ്. സവിത എന്നിവരുടെ നിയമനം അന്യത്ര സേവന വ്യവസ്ഥയിലാണ്. പ്രസ്തുത കോടതി ഉത്തരവ് സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ ചെയർമാന്റെ നിയമനവുമായി ബന്ധപ്പെട്ടതാണ്. ടി. വിധി മേൽപ്പറഞ്ഞ ജീവനക്കാർക്ക് ബാധകമല്ല.

## ഹൈഡൽ ടൂറിസം സെന്റർ

190 (6176) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈഡൽ ടൂറിസം സെന്റർ എന്ന സ്ഥാപനത്തെ കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന്റെ ഉപകമ്പനിയാക്കിക്കൊണ്ടുള്ള ഉത്തരവ് സർക്കാരോ, കെ.എസ്. ഇ.ബി.-യോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹൈഡൽ ടൂറിസം സെന്റർ എന്ന ഉപ കമ്പനിക്ക് കെ.എസ്.ഇ.ബി.-ക്ക് ബാധകമായ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ(അഡീഷണൽ-ഫങ്ഷൻസ്) ആക്ട്, 1963 ബാധകമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഹൈഡൽ ടൂറിസം സെന്റർ എന്ന സ്ഥാപനത്തിൽ 5/2016 മുതൽ എത്ര പേരെ, ഏതൊക്കെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ, ഏതൊക്കെ തസ്തികകളിൽ, എത്ര രൂപ ശമ്പളത്തിൽ, ഏതൊക്കെ സ്ഥലങ്ങളിൽ നിയമിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; ഇവരുടെ പേരുകളും വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(സി) ഹൈഡൽ ടൂറിസം സെന്ററിൽ 5/2016 മുതൽ ജോലിക്ക് നിയമിക്കപ്പെട്ടവരെ നോട്ടിഫിക്കേഷനിലൂടെ അപേക്ഷ ക്ഷണിച്ചിട്ടാണോ നിയമിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഡാമുകളുടെ സൗന്ദര്യവൽക്കരണത്തിന് അനുവദിച്ച സംഖ്യ വകമാറ്റി ഹൈഡൽ ടൂറിസം സെന്ററിന് വേണ്ടി വാഹനങ്ങൾ വാങ്ങിച്ച എന്ന വിഷയത്തിൽ അക്കൗണ്ടന്റ് ജനറലിനെകൊണ്ട് ഓഡിറ്റ് നടത്തിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 14-2-2017 തീയതിയിൽ KSEB-ക്ക് അയച്ച കത്തിന്മേൽ ബോർഡ് എന്ത് നടപടിയാണ് എടുത്തതെന്ന് അറിയിക്കാമോ;

(ഇ) ഡാമുകളുടെ സൗന്ദര്യവൽക്കരണത്തിന് അനുവദിച്ചതിൽ നിന്ന് എത്ര തുകയാണ് വകമാറ്റി ഹൈഡൽ ടൂറിസം സെന്ററിന് വാഹനങ്ങൾ വാങ്ങിക്കാൻ ഉപയോഗിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇപ്രകാരം ഏതൊക്കെ കമ്പനികളുടെ എത്ര വാഹനങ്ങൾ വാങ്ങിയെന്ന് വണ്ടിയുടെ മോഡൽ, വണ്ടി നമ്പർ എന്നിവ സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഹൈഡൽ ടൂറിസം സെന്ററിനെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉപകമ്പനിയാക്കി തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ബോർഡ് ഉത്തരവിറക്കിയിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആക്ട് ബാധകമല്ല.

(ബി) കേരള ഹൈഡൽ ടൂറിസത്തിൽ 05/2016 മുതൽ 179 ദിവസത്തേയ്ക്ക് 33 പേരെ നിയമിച്ചിട്ടുണ്ട്. ഇവരുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ബോട്ടിംഗ് സെന്ററുകളുടെ അടിയന്തര ആവശ്യകത അനുസരിച്ച് പ്രദേശവാസികളെ ഉടനടി നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്.

(ഡി) ഓഡിറ്റിംഗിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ &എഫ്) ഡാമുകളുടെ സൗന്ദര്യവൽക്കരണവുമായി ബന്ധപ്പെട്ട് കേരള ഹൈഡൽ ടൂറിസം സെന്ററിന് ഫണ്ട് അനുവദിച്ചിട്ടില്ല.

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി**

191 (6177) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ വൈദ്യുതി വിതരണം നടത്തിക്കൊണ്ടിരിക്കുന്ന ഇ. എച്ച്. ടി. സബ് സ്റ്റേഷനുകളിൽ ഷിഫ്റ്റ് ഓപ്പറേറ്റിംഗ് ഡ്യൂട്ടിയിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരുടെ ഒരു ദിവസത്തെ (24 മണിക്കൂർ) ഡ്യൂട്ടി എത്ര ഷിഫ്റ്റുകൾ ആയിട്ടാണ് വേർതിരിച്ചിരിക്കുന്നത്; ഒരു ഷിഫ്റ്റിന്റെ സമയദൈർഘ്യം എത്രയാണ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇപ്രകാരം ഷിഫ്റ്റ് ഓപ്പറേറ്റിംഗ് ഡ്യൂട്ടിയിലുള്ള ഒരു അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)ക്ക് 28, 30, 31 ദിവസങ്ങൾ ഉള്ള മാസങ്ങളിൽ ഓരോ മാസവും എത്ര വീതം ഷിഫ്റ്റ് ഡ്യൂട്ടികൾ ആണ് ചെയ്യേണ്ടതെന്ന വിവരം തരംതിരിച്ച് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ക്ക് ഒരു മാസം ആകെ അനുവദിച്ചിട്ടുള്ള ഷിഫ്റ്റ് ഡ്യൂട്ടികളുടെ എണ്ണം ഒരു പോലെയാണോ എന്ന് 400KV മേജർ, 220KV മൈനർ, 220KV, 110KV, 66KV സബ് സ്റ്റേഷനുകൾ തരം തിരിച്ച് വിശദമാക്കാമോ;

(ഡി) ടി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഷിഫ്റ്റ് ഡ്യൂട്ടി ക്രമീകരിക്കുന്നത് ഏതെങ്കിലും തൊഴിൽ നിയമത്തിന്റെയോ ബോർഡ് ഉത്തരവിന്റെയോ അടിസ്ഥാനത്തിലാണോ എന്നും; ആണെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു ദിവസം മൂന്ന് ഷിഫ്റ്റുകളാണ് ക്രമീകരിച്ചിട്ടുള്ളത്. ഒരു ഷിഫ്റ്റിന്റെ ദൈർഘ്യം എട്ട് മണിക്കൂറാണ്. എന്നാൽ പ്രാദേശികമായി ഷിഫ്റ്റിന്റെ സമയ ക്രമത്തിൽ നേരിയ വ്യത്യാസങ്ങൾ ഉണ്ടായേക്കാം.

(ബി&സി) ഓരോ മാസത്തേയും ഷിഫ്റ്റ് ക്രമീകരണം മുൻമാസത്തേതിന്റെ തുടർച്ചയായതിനാൽ ഒരു പ്രത്യേക മാസത്തിൽ എത്ര ഷിഫ്റ്റ് ഡ്യൂട്ടി ചെയ്യണമെന്ന് കൃത്യമായി പറയാനാവില്ല. എന്നാൽ ഓരോ മാസത്തിലും കുറഞ്ഞത് 21 (ഇരുപത്തി ഒന്ന് ) ഡ്യൂട്ടികൾ ചെയ്യേണ്ടതാണ്.

(ഡി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് 1996-ൽ പുറത്തിറക്കിയ തൊഴിലാളികൾക്കുള്ള സ്റ്റാൻഡിംഗ് ഓർഡറുകളുടെ വെളിച്ചത്തിൽ അതാത് പ്രദേശത്തിന്റെ സവിശേഷതകൾ പരിഗണിച്ചും താമസ സൗകര്യം, യാത്രാ സൗകര്യം എന്നിവ കണക്കിലെടുത്തുമാണ് പ്രാദേശികമായി ഷിഫ്റ്റ് ഡ്യൂട്ടി ക്രമീകരിക്കുന്നത്.

**കെ.എസ്.ഇ.ബി. വാങ്ങിയ കേടുപാടുകളുള്ള ഇൻസുലേറ്ററുകൾ**

192 (6178) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നുമാണ് കെ.എസ്.ഇ.ബി. ഇൻസുലേറ്റർ വാങ്ങിയിരുന്നതെന്ന് വിശദമാക്കുമോ;

(ബി) വ്യാപകമായ കേടുപാടുകൾ ഉള്ള ഇൻസുലേറ്ററുകൾ ഇതര സംസ്ഥാനത്ത് നിന്നും കെ. എസ്. ഇ. ബി. വാങ്ങാൻ ഇടയായ സാഹചര്യം വിശദമാക്കുമോ;

(സി) കേടുപാടുകൾ ഉള്ള ഇൻസുലേറ്ററുകൾ കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാക്കിയ സ്ഥാപനം ഏതാണ്; അവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്ഥാപനങ്ങളിൽ നിന്ന് ഇൻസുലേറ്ററുകൾ വാങ്ങിയിട്ടില്ല.

(ബി) ഇന്ത്യൻ സ്റ്റാന്റേർഡ് (ഐ.എസ്.)-ഉം ഇന്റർനാഷണൽ ഇലക്ട്രോ ടെക്നിക്കൽ കമ്മീഷൻ (ഐ.ഇ.സി.)-യും നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പു വരുത്തുന്ന സാധനസാമഗ്രികൾക്ക് മാത്രമേ ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. കേരള സർക്കാരിന്റെ വെബ്സൈറ്റിൽ ഇ-ടെണ്ടർ മുഖേന മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചാണ് പർച്ചേസ് നടത്തുന്നത്. ടെണ്ടർ സാമ്പത്തികയമായും സാങ്കേതികമായും വിലയിരുത്തി സാധന സാമഗ്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത ആളിന് കരാർ ഉറപ്പിക്കുന്നു. സാധന സാമഗ്രികൾ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് അവയുടെ ഗുണനിലവാരം ഉറപ്പു വരുത്താൻ ബോർഡ് സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്. സാധന സാമഗ്രികൾ കെ.എസ്.ഇ.ബി.എൽ.-ന്റെ ബന്ധപ്പെട്ട സ്റ്റോറുകളിൽ എത്തിയാൽ ഗുണമേന്മ ഒന്നുകൂടി ഉറപ്പുവരുത്തിയതിന് ശേഷമാണ് ഉപയോഗയോഗ്യമാക്കുന്നത്. പരിശോധനയിൽ മോശമായ സാധനങ്ങൾ നിരസിക്കുകയും ചെയ്യുന്നു.

(സി) 2016-17, 2017-18 കാലയളവിൽ താഴെപ്പറയുന്ന കമ്പനികളിൽ നിന്നു വാങ്ങിയ ഇൻസുലേറ്ററുകൾക്ക് കേടുപാടുകൾ ഉണ്ടായിട്ടുണ്ട് :

1. സൂരജ് സെറാമിക്സ്, ബിക്കാനീർ.
2. അഗർവാൾ പോഴ്സലൈൻ, ബിക്കാനീർ.
3. എ.കെ.ഇന്ത്യ, സെറാമിക്സ്, ബിക്കാനീർ
4. ഗോൾഡ് സ്റ്റോൺ ഇൻഫ്രാടെക് ലിമിറ്റഡ്, സെക്കന്തരാബാദ്

ഈ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള ഇൻസുലേറ്ററുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിലവാരം ഇല്ലാത്ത സാധനങ്ങൾ നിരസിച്ചിട്ടുണ്ട്. കരാർ പ്രകാരം നിരസിച്ച ഉൽപ്പന്നങ്ങൾ മാറ്റി ഗുണനിലവാരമുള്ളവ സൗജന്യമായി നൽകേണ്ടതാണ്. അല്ലാത്തപക്ഷം കരാർ പ്രകാരമുള്ള തുടർ നടപടികൾ (സെക്യൂരിറ്റി തുക തടഞ്ഞു വയ്ക്കുക, കരിമ്പട്ടികയിൽപ്പെടുത്തുക) സ്വീകരിക്കുന്നതാണ്.

**ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ**

193 (6179) ശ്രീമതി വീണാ ജോർജ്ജ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത അവാർഡ് പരിഗണനയ്ക്കുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും അവാർഡ് നൽകുന്നത് ഏതെല്ലാം വിഭാഗങ്ങളിലാണെന്നും വ്യക്തമാക്കാമോ;

(ഡി) അവാർഡിന് അർഹരാകുന്നവർ നടത്തുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അവർ എത്ര യൂണിറ്റ് വൈദ്യുതിയാണ് ലാഭിച്ചതെന്നുമുള്ള വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത അവാർഡ് ചടങ്ങിലേയ്ക്ക് കൂടുതൽ സ്ഥാപനങ്ങളെ ആകർഷിക്കുന്നതിനും, അതുവഴി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിലാണ് അവാർഡ് പ്രവർത്തനം ഏകോപിപ്പിക്കുന്നത്. 2017-ൽ വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നീ 6 വിഭാഗങ്ങളിലായാണ് അവാർഡ് നൽകിയത്. കൂടാതെ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ പ്രാഥമിക എനർജി ഓഡിറ്റിന് 10,000 രൂപ സബ്സിഡി നൽകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള ചെലവിന്റെ പകുതിയോ 50,000 രൂപയോ ഏതാണ് കുറവ് ആ തുക സബ്സിഡിയായി നൽകുന്നു. സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമതാ പഠനങ്ങൾ നടത്തി മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തുകൾ മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്തുകൾ ആക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ കുറഞ്ഞ നിരക്കുകളിൽ എൽ.ഇ.ഡി. ബൾബുകളും അവിടെയുള്ള സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമതയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. കുട്ടികളുടെ ഇടയിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിന് സ്മാർട്ട് എനർജി പരിപാടികളും 550 സ്കൂളുകളിൽ ഊർജ്ജകാര്യക്ഷമതയുള്ള ഉപകരണങ്ങൾ നൽകുന്നതിനുള്ള പരിപാടിയും 41 സ്കൂളുകളിൽ അനെർട്ടുമായി സഹകരിച്ച് സൗരോർജ്ജ പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഗാർഹിക മേഖലയിൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക് നടത്തിവരുന്നു. പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.-കൾ., സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു.

വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജോപയോഗം കൂടിയ വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഓഡിറ്റ് ഫലപ്രദമായി നടത്തുന്നതിന് ഇ.എം.സി.യുടെ നേതൃത്വത്തിൽ ഓഡിറ്റ് നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെ എംപാനൽ ചെയ്ത് ലിസ്റ്റ് ഇ.എം.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ ഊർജ്ജകാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയും ഊർജ്ജസംരക്ഷണ നിയമ വകുപ്പനുസരിച്ചും സംസ്ഥാന ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്തു വകുപ്പുമായി ചേർന്ന് ഊർജ്ജ കാര്യക്ഷേമ കെട്ടിടങ്ങൾ പണിയുന്നതിനായി ബിൽഡിംഗ് കോഡനുസരിച്ചുള്ള ഡിസൈനുകൾ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആയിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങൾ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിന് സിവിൽ സ്റ്റേഷനുകൾ, ഹോസ്പിറ്റലുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) മുൻവർഷങ്ങളിൽ വ്യവസായ ശാലകൾ, സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, വ്യക്തികൾ മുതലായ വിഭാഗങ്ങൾ ഊർജ്ജ സംരക്ഷണത്തിൽ കൈകൊണ്ടിട്ടുള്ള ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനങ്ങളും അവർക്ക് ലാഭിക്കാൻ സാധിച്ച വൈദ്യുതിയുടെയും ഇന്ധനത്തിന്റെയും അളവും ഊർജ്ജ സംരക്ഷണ രംഗത്ത് അവർക്ക് കൊണ്ടുവരാൻ കഴിഞ്ഞ നൂതന ആശയങ്ങളും മാനദണ്ഡമാക്കിയാണ് പ്രസ്തുത അവാർഡിലേയ്ക്കായി അപേക്ഷകരെ പരിഗണിക്കുന്നത്. പ്രധാനമായും ചെറുകിട വ്യവസായ ശാലകൾ, ഇടത്തരം വ്യവസായ സംരംഭങ്ങൾ, വൻകിട വ്യവസായ ശാലകൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നീ വിഭാഗങ്ങളിലായാണ് ഊർജ്ജ സംരക്ഷണ അവാർഡുകൾ നൽകിവരുന്നത്.

(ഡി) 2017-18-ൽ ലഭ്യമായ കണക്ക പ്രകാരം 464 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 5347 മെട്രിക് ടൺ ഓയിലും ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അവാർഡിന് അർഹരായവർ ലാഭിച്ച വൈദ്യുതിയുടെയും ഇന്ധനങ്ങളുടെയും കൃത്യമായ വിവരങ്ങൾ ഇതിനോടനുബന്ധിച്ച പുറത്തിറക്കുന്ന കൈപ്പുസ്തകങ്ങളിൽ കൃത്യമായി രേഖപ്പെടുത്താറുണ്ട്. ഇവ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) കൂടുതൽ സ്ഥാപനങ്ങളെ അവാർഡ് ചടങ്ങിലേയ്ക്ക് ആകർഷിക്കുന്നതിനായി സെൻസിറ്റൈസേഷൻ ക്യാമ്പ് എല്ലാ വർഷവും സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത ക്യാമ്പിൽ മുൻ വർഷ അവാർഡ് ജേതാക്കൾ ഊർജ്ജ സംരക്ഷണത്തിനായി അവർ കൈക്കൊണ്ട ആശയങ്ങളും പ്രവർത്തനങ്ങളും പങ്കുവയ്ക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അവാർഡ് അപേക്ഷകൾക്കായി പരിശീലന പരിപാടികളും നടത്തിവരുന്നു.

**അനെർട്ട് ദൃശ്യ, മാധ്യമ പരസ്യം നൽകുന്ന ഏജൻസികൾ**

194 (6180) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിന്റെ 2018-2019 വർഷത്തെ പദ്ധതികൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയുടെയും തുക, സബ്സിഡി ഇവ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദൃശ്യ, മാധ്യമ പരസ്യങ്ങൾക്കായി അനെർട്ട് എന്ത് തുക ചെലവാക്കി എന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ; ഏത് ഏജൻസി മുഖേനയാണ് പരസ്യം നടത്തുന്നത്;

(സി) പരസ്യം നൽകുന്ന ഏജൻസിക്കെതിരെ എത്ര തുകയുടെ വിജിലൻസ് അന്വേഷണമാണ് നടക്കുന്നത്; വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ ടി കമ്പനിയെ എങ്ങനെയാണ് എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് എന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ ഉത്തരവ് പ്രകാരം ഏതൊക്കെ ഏജൻസികൾ വഴിയാണ് പരസ്യം ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2018-19 വർഷത്തെ അനെർട്ടിന്റെ സംസ്ഥാന പദ്ധതി വിഹിതം 5300 ലക്ഷം രൂപയാണ്. 'അക്ഷയ ഊർജ്ജ പദ്ധതികൾ' നടപ്പിലാക്കുന്നതിന് 3830 ലക്ഷം രൂപയും 'അക്ഷയ ഊർജ്ജം-പൊതുജന പങ്കാളിത്തം, ലഭ്യത, പഠനങ്ങൾ, വികസന പരിപാടികൾ' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 1470 ലക്ഷം രൂപയുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അക്ഷയ ഊർജ്ജ പദ്ധതികൾക്കായുള്ള 3830 ലക്ഷം രൂപ ഉപയോഗിച്ച് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് :

1. സർക്കാർ ഉടമസ്ഥതയിലുള്ള പൊതുകെട്ടിടങ്ങളിൽ അക്ഷയ ഊർജ്ജ പദ്ധതികൾ നടപ്പിലാക്കുക. (പദ്ധതി അടങ്കൽ:1455 ലക്ഷം രൂപ)
2. പുതിയ സാങ്കേതികവിദ്യ അടിസ്ഥാനമായുള്ള പൈലറ്റ് പദ്ധതികൾ (പദ്ധതി അടങ്കൽ: 1800 ലക്ഷം രൂപ)
3. ഇന്നൊവേറ്റീവ് അക്ഷയ ഊർജ്ജ പ്രോജക്ടുകൾ (പദ്ധതി അടങ്കൽ:575 ലക്ഷം രൂപ)

അക്ഷയ ഊർജ്ജം-പൊതുജന പങ്കാളിത്തം, ലഭ്യത, പഠനങ്ങൾ, വികസന പരിപാടികൾ എന്ന പദ്ധതിക്കായുള്ള 1470 ലക്ഷം രൂപ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കാനായി വിനിയോഗിക്കാൻ ലക്ഷ്യമിടുന്നു :

1. 140 അക്ഷയ ഊർജ്ജ സർവ്വീസ് സെന്ററുകൾക്ക് സാങ്കേതിക സഹായം (പദ്ധതി തുക:115 ലക്ഷം രൂപ)
2. വിവരസാങ്കേതികവിദ്യാ മുന്നേറ്റം (പദ്ധതി തുക:10 ലക്ഷം രൂപ)
3. ഇന്റഗ്രേറ്റഡ് അക്ഷയ ഊർജ്ജ കോംപ്ലക്സുകളുടെ വികസനം (പദ്ധതി തുക:20 ലക്ഷം രൂപ)
4. അക്ഷയ ഊർജ്ജ അവാർഡ്, പബ്ലിക് റിലേഷൻസ്, പരസ്യം, ബ്രാൻഡിംഗ് (പദ്ധതി തുക:285 ലക്ഷം രൂപ)
5. ജനകീയ ബോധവൽക്കരണം, വിഭവശേഷി വർദ്ധിപ്പിക്കൽ, പദ്ധതികളുടെ വ്യാപനം (പദ്ധതി വിഹിതം:235 ലക്ഷം രൂപ)
6. അക്ഷയ ഊർജ്ജ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കൽ (പദ്ധതി വിഹിതം:50 ലക്ഷം രൂപ)
7. ഗവേഷണ വികസന സഹായം, അക്ഷയ ഊർജ്ജ മേഖലയിലെ കണ്ടെത്തലുകൾ (പദ്ധതി തുക:80 ലക്ഷം രൂപ)
8. എംപാനൽമെന്റ്, സർട്ടിഫിക്കേഷൻ, കൺസൾട്ടൻസി, പരിശോധന (പദ്ധതി തുക:155 ലക്ഷം രൂപ)
9. നിർവ്വഹണ-പ്രോത്സാഹന-ഇൻഷ്വറൻസ് സഹായങ്ങൾ (പദ്ധതി തുക:350 ലക്ഷം രൂപ)
10. അക്ഷയ ഊർജ്ജ മേഖലയിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുക (പദ്ധതി തുക:170 ലക്ഷം രൂപ)

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള മാർഗ്ഗ രേഖ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദൃശ്യ മാധ്യമങ്ങളിൽ അനെർട്ട് പരസ്യങ്ങളൊന്നും നൽകിയിട്ടില്ല. പത്ര മാധ്യമങ്ങളിലൂടെയും ആകാശവാണി, എഫ്.എം. റേഡിയോ എന്നീ മാധ്യമങ്ങളിലൂടെയും മാത്രമേ പരസ്യങ്ങൾ നൽകിയിട്ടുള്ളൂ. പത്ര മാധ്യമങ്ങൾ വഴി പരസ്യം നൽകിയതിന് 1,10,04,162 രൂപയും റേഡിയോ വഴി 3,45,415 രൂപയും ചെലവാക്കിയിട്ടുണ്ട്. പത്ര മാധ്യമങ്ങൾക്കുള്ള പരസ്യങ്ങൾ M/s ചക്ര കമ്മ്യൂണിക്കേഷൻസ് വഴിയും റേഡിയോകൾക്ക് നേരിട്ടുമാണ് പരസ്യങ്ങൾ നൽകിയിട്ടുള്ളത്.

(സി) പരസ്യം നൽകുന്ന ഏജൻസിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നില്ല. പത്രമാധ്യമങ്ങൾ വഴി പരസ്യങ്ങൾ നൽകുന്നതിന് M/s ചക്ര കമ്മ്യൂണിക്കേഷൻസിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം പരസ്യ ജോലികൾക്കായി I & PRD-യുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ പരസ്യവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്തുവരുന്നതുമാണ്. പത്ര മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിന് ഏജൻസിയെ നിശ്ചയിക്കുന്നതിനായി അനെർട്ട് വെബ്സൈറ്റ് വഴി ദർഘാസ് ക്ഷണിച്ചിരുന്നു. INS അക്രെഡിറ്റേഷനുള്ളതും കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ തുടർച്ചയായി 20 കോടി രൂപയിലധികം ടേൺ ഓവറുമുള്ള ഏജൻസികൾക്കാണ് ദർഘാസ് സമർപ്പിക്കുവാൻ യോഗ്യത നിശ്ചയിച്ചിരുന്നത്. അതിൻപ്രകാരം 3 ഏജൻസികൾ അപേക്ഷ സമർപ്പിച്ചിരുന്നു. കാർഡ് റേറ്റിൽ നിന്നും ഏറ്റവും കൂടുതൽ ഡിസ്കൗണ്ട് (12.45%) ഓഫർ ചെയ്ത M/s ചക്ര കമ്മ്യൂണിക്കേഷൻസിനെ അനെർട്ട് പത്ര മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിന് ചുമതലപ്പെടുത്തുകയുണ്ടായി.

(ഡി) ഇപ്രകാരമുള്ള ജോലികൾക്ക് സർക്കാർ പ്രത്യേക ഏജൻസികളെ നിശ്ചയിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി കണക്ഷനുകൾ**

195 (6181) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര വൈദ്യുതി കണക്ഷനുകൾ ഉണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തരത്തിലുള്ള താരിഫ് പ്രകാരമാണ് ഈ കണക്ഷനുകളെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കാസർഗോഡ് ജില്ലയിൽ എത്ര പേർ ഇപ്പോൾ കണക്ഷന് വേണ്ടി കാത്തിരിക്കുന്നു എന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം തരത്തിലുള്ള താരിഫ് പ്രകാരമാണ് ഇവർ കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ളതെന്നും എത്ര കാലമായി കാത്തിരിപ്പ് തുടരുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) ഇവർക്ക് ഇതുവരെ കണക്ഷൻ നൽകാൻ കഴിയാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) സിംഗിൾ ഫേസ്, ത്രീഫേസ് മീറ്ററുകളും മറ്റു സാമഗ്രികളും ഇല്ലാത്തത് കാരണം എത്ര പേർക്കാണ് കണക്ഷൻ നൽകാൻ കഴിയാത്തതെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി-എഫ്) കാസർഗോഡ് ജില്ലയിൽ കണക്ഷൻ നൽകാനുള്ള അപേക്ഷകരുടെ എണ്ണവും അപേക്ഷിച്ച തീയതിയും സെക്ഷൻ തിരിച്ച് ചുവടെ ചേർക്കുന്നു :

| സെക്ഷൻ | അപേക്ഷകരുടെ എണ്ണം | ഏതു തീയതി മുതൽ |
|---|---|---|
| (1) | (2) | (3) |
| കാസർഗോഡ് | 4 | 16-2-2018 |
| കുമ്പള | 24 | 6-3-2018 |
| വോർക്കാടി | 6 | 20-3-2018 |
| പൈവളിഗെ | 3 | 26-3-2018 |
| ചെർക്കള | 35 | 19-3-2018 |
| ബദിയഡുക്ക | 3 | 22-3-2018 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) |
|---|---|---|
| പെർള | 10 | 30-1-2018 |
| ഉദുമ | 17 | 17-2-2018 |
| കുറ്റിക്കോൽ | 3 | 16-3-2018 |
| ചട്ടഞ്ചാൽ | 1 | 23-3-2018 |
| സീതാംഗോളി | 24 | 22-1-2018 |
| ഭീമനടി | 3 | 13-3-2018 |
| ചോയ്യങ്കോട് | 1 | 16-3-2018 |
| തൃക്കരിപ്പൂർ | 3 | 21-3-2018 |
| മാവുങ്കാൽ | 5 | 5-3-2018 |
| രാജപുരം | 10 | 27-2-2018 |
| കയ്യൂർ | 3 | 15-3-2018 |
| പെരിയബസാർ | 11 | 2-3-2018 |
| പടന്നക്കാട് | 1 | 24-3-2018 |
| ചിത്താരി | 3 | 15-1-2018 |

ഗാർഹികം, നിർമ്മാണം, കാർഷികം, വാണിജ്യം, വ്യവസായം എന്നീ ആവശ്യങ്ങൾക്കാണ് മേൽ അപേക്ഷകൾ ലഭിച്ചിട്ടുള്ളത്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് പ്രകാരം വിതരണ ശൃംഖല വിപുലീകരിക്കേണ്ട ആവശ്യമില്ലെങ്കിൽ അപേക്ഷകൻ പണമടച്ച് 30 ദിവസവും വിതരണ ശൃംഖല വിപുലീകരിക്കേണ്ട സാഹചര്യങ്ങളിൽ ആദ്യത്തെ ഒരു കിലോ മീറ്ററിനോ അതിന്റെ ഭാഗത്തിനോ 45 ദിവസവും തുടർന്ന് ഓരോ അധിക കിലോമീറ്ററിനോ അതിന്റെ ഭാഗത്തിനോ

15 ദിവസവും കണക്ഷൻ ലഭ്യമാക്കാനായി സമയപരിധി അനുവദിച്ചിട്ടുണ്ട്. മീറ്ററുകളുടെയും മറ്റു സാധന സാമഗ്രികളുടെയും ക്ഷാമം അനുഭവപ്പെട്ടതു കാരണമാണ് കണക്ഷനുകൾ നൽകാൻ നേരിയ കാലതാമസം നേരിട്ടത്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ കസ്റ്റമർ കെയർ സെന്റർ**

196 (6182) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ കസ്റ്റമർ കെയർ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് തിരൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടർ കൂടാതെ ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡ് ഒരുക്കിയിട്ടുണ്ട്. ഇതിനാൽ സെക്ഷൻ ഓഫീസിൽ നേരിട്ട് പോകാതെ ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ സാധിക്കും. ഇതുകൂടാതെ അക്ഷയ കേന്ദ്രങ്ങൾ, NACH സംവിധാനം എന്നിവ വഴിയും വൈദ്യുതി ചാർജ് അടിയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ട്. മാത്രമല്ല ബോർഡ് നടപ്പിലാക്കിയ 'ഒരുമ' നെറ്റ് വഴി ഏത് സെക്ഷൻ ഓഫീസിലും ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ സാധിക്കും. വാളാഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് ഇരിമ്പിളിയം സെക്ഷൻ രൂപീകരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചിരുന്നു. എന്നാൽ കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## അനെർട്ടിലെ നിയമനങ്ങൾ

197 (6183) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിൽ സി.എം.ഡി. എന്ന സ്ഥാപനം മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇതിനായി എത്ര തുക സി.എം.ഡി.-യ്ക്ക് നൽകി; പ്രസ്തുത സ്ഥാപനം സർക്കാർ നിയമനങ്ങൾ നടത്തുന്ന ഏജൻസിയാണോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സി.എം.ഡി. മുഖേന നിയമനം ലഭിച്ചവരുടെ പേര്, യോഗ്യത, തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; ഓരോ തസ്തികയ്ക്കും അനെർട്ട് നിഷ്കർഷിച്ച യോഗ്യതകൾ എന്തൊക്കെയാണ്;

(സി) മറ്റ് ഏതെല്ലാം ജോലികൾ ആണ് അനെർട്ട് സി.എം.ഡി.-യ്ക്ക് നൽകിയതെന്നും ഇതിനായി നൽകിയ തുക എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) സി.എം.ഡി. യുമായി ബന്ധപ്പെട്ട് അനെർട്ടിൽ ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ഏത് പരിപാടിയുമായി ബന്ധപ്പെട്ടെന്നും എത്ര തുകയെക്കുറിച്ചുള്ള അന്വേഷണമാണ് നടക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരമാണ് മേൽ ജോലികൾ ഏൽപ്പിച്ചതെങ്കിൽ വിജിലൻസ് അന്വേഷണം നടക്കുന്ന വിവരം എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ധരിപ്പിച്ചതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) അനെർട്ടിന്റെ വിവിധ പ്രോജക്ടുകളിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ 11 പേരെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന നിയോഗിച്ചിട്ടുണ്ട്. ഇതിനായി 5,25,000 രൂപ സി.എം.ഡി.-ക്ക് നൽകിയിട്ടുണ്ട്. വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയോഗിക്കുന്നതിന് സെന്റർ ഫോർ മാനേജുമെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) എന്ന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ചാണ് അനെർട്ടിന്റെ പ്രോജക്ടുകളിലേയ്ക്ക് ആവശ്യമായവരെ നിയോഗിക്കുന്നതിനുള്ള ചുമതല സി.എം.ഡി.-യെ ഏൽപ്പിച്ചത്.

(ബി) സി.എം.ഡി. മുഖേന ഒരു വർഷത്തേയ്ക്ക് നിയോഗിച്ചവരുടെ പേര്, യോഗ്യത, തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച വിവരവും ഓരോ തസ്തികയ്ക്കും അനെർട്ട് നിഷ്കർഷിച്ച യോഗ്യതകളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) 1. അനെർട്ടിന്റെ ഭാവി പ്രവർത്തനങ്ങൾ, പുനഃസംഘടന എന്നിവയെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് സി.എം.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 7,37,500 രൂപ നൽകിയിട്ടുണ്ട്.

2. സംസ്ഥാനത്ത് 140 അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനും അവരുടെ മൂന്ന് വർഷത്തെ പ്രവർത്തനം വിലയിരുത്തുന്നതിനും ആവശ്യമായ പരിശീലനം സംഘടിപ്പിക്കുന്നതിനും സി.എം.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായി സംരംഭം നടത്തുന്നവർക്ക് അർഹമായ സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി 1,40,00,000 രൂപ സി.എം.ഡി.-ക്ക് കൈമാറിയിട്ടുണ്ട്.

(ഡി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വി.ഇ.05/16/എസ്.ഐ.യു -2 എന്ന വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ കോർപ്പറേറ്റ് മാനേജ്മെന്റ് സർവീസ് ലഭ്യമാക്കുന്നതിനായി സി.എം.ഡി.-യുമായുണ്ടാക്കിയ കരാറും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സി.എം.ഡി.-ക്ക് എതിരായി യാതൊരു അന്വേഷണവും നടക്കുന്നില്ല.

(ഇ) സി.എം.ഡി.-ക്ക് എതിരായി വിജിലൻസ് അന്വേഷണം ഇല്ലാത്തതിനാൽ ജോലികൾ സി.എം.ഡി.-യെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിജിലൻസ് അന്വേഷണം ഇല്ല.

**സഹകരണ സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഷെയർ**

198 (6184) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, റെയ്ഡ്കോ, റെബ്കോ എന്നീ സഹകരണ സ്ഥാപനങ്ങളിൽ ഓരോന്നിലും സംസ്ഥാന സർക്കാരിന്റെ എത്ര ശതമാനം ഷെയറാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, റെയ്ഡ്കോ, റെബ്കോ എന്നീ സഹകരണ സ്ഥാപനങ്ങളിൽ ഏതെല്ലാം വർഷത്തിലാണ് ഷെയർ വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 75% കൂടുതൽ സർക്കാർ ഷെയർ ഉള്ള സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; അതിന്റെ പേരുവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിൽ 43.34 ശതമാനവും റബ്കോയിൽ 85.7 ശതമാനവും റെയ്ഡ്കോയിൽ 98.74 ശതമാനവും ഓഹരിയാണ് സംസ്ഥാന സർക്കാരിനുള്ളത്.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്കിൽ 2011-12 വർഷത്തിലും റബ്കോയിൽ 1998, 1999, 2000, 2002, 2008, 2010 എന്നീ വർഷങ്ങളിലും റെയ്ഡ്കോയിൽ 2011-12 വർഷങ്ങളിലുമാണ് സർക്കാർ ഓഹരി വർദ്ധിപ്പിച്ചത്.

(സി) 75 ശതമാനത്തിൽ കൂടുതൽ സർക്കാർ ഓഹരിയുള്ള സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന 9 സഹകരണ സ്ഥാപനങ്ങളുണ്ട്. അവയുടെ പേരു വിവരം ചുവടെ ചേർക്കുന്നു :

1. കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്)
2. കേരള സംസ്ഥാന സഹകരണ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ (എസ്.സി./എസ്.ടി. ഫെഡറേഷൻ)
3. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ (കൺസ്യൂമർഫെഡ്)
4. കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷൻ (വനിതാ ഫെഡ്)
5. കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്)
6. കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്)
7. കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് (റബ്കോ)
8. റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള (റെയ്ഡ്കോ)
9. കേരള ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4418-ഇടുക്കി.

**പ്രാഥമിക സഹകരണ സംഘങ്ങളുടെ ഡാറ്റ**

199 (6185) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ ഡാറ്റ സൂക്ഷിക്കുന്നത് സ്വന്തം സെർവറിൽ ആണോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ ഡാറ്റ സൂക്ഷിക്കുന്നത് ക്ലൗഡിലേക്കു മാറ്റാൻ ഉദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ ഭൂരിഭാഗവും ഡാറ്റ സൂക്ഷിക്കുന്നത് സ്വന്തം സെർവറിലാണ്. എന്നാൽ ക്ലൗഡിൽ ഡാറ്റ സൂക്ഷിക്കുന്ന സംഘങ്ങളും സംസ്ഥാനത്തുണ്ട്.

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിൽ ഡാറ്റ സൂക്ഷിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

**കേരള ബാങ്ക് രൂപീകരണം**

200 (6186) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് രൂപീകരിക്കുന്നതിനായി ആർ.ബി.ഐ., നബാർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ സർക്കാർ അപേക്ഷ നൽകിയിരുന്നോ?

ഉത്തരം

പ്രാഥമിക അനുമതിക്കായി ആർ.ബി.ഐ.-ക്കും നബാർഡിനും അപേക്ഷ നൽകിയിട്ടുണ്ട്.

**ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കൽ നടപടി**

201 (6187) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാൻ നിലവിലെ സഹകരണ നിയമത്തിലെ ചില വ്യവസ്ഥകൾ തടസ്സമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ലയനത്തിന് റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി വാങ്ങണം എന്ന വ്യവസ്ഥയുണ്ടോ;

(ഡി) ജില്ലാ ബാങ്കുകൾ ലയിപ്പിക്കുന്നതിനെതിരെ ഹൈക്കോടതിയിൽ നിലവിൽ എത്ര ഹർജികൾ ഉണ്ട്; ഇതിലുണ്ടാകുന്ന തീർപ്പ് ബാങ്ക് ലയന കാര്യത്തിൽ നിർണ്ണായകമാവുമോ ; എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) കേരള സഹകരണ നിയമത്തിലെ വകുപ്പ് 74 എ പ്രകാരം ലയനത്തിന് റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

(ഡി) ഹൈക്കോടതിയിൽ രണ്ട് ഹർജികൾ നിലവിലുണ്ട്. ഈ ഹർജികളിലെ അന്തിമവിധിന്യായം തുടർ കാര്യങ്ങളിൽ പ്രസക്തമാണ്.

## ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്ന നടപടി

202(6188) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം.ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി ആവശ്യമാണോ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് നിലവിൽ നിയമതടസ്സമില്ല.

(ബി) ഇക്കാര്യത്തിൽ റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള പ്രാഥമികാനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്.

**സഹകരണ ബാങ്ക് ജീവനക്കാർ നടത്തിയ ക്രമക്കേടുകൾ**

203 (6189) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പണാപഹരണവും ക്രമക്കേടുകളും നടത്തിയതുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളിലെ എത്ര ജീവനക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരമാക്കി തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പണാപഹരണവും ക്രമക്കേടുകളും നടത്തിയതുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളിലെ 118 ജീവനക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്. അതിൽ 64 പേരെ സസ്പെന്റ് ചെയ്യുകയും 11 പേരെ ഡിസ്മിസ് ചെയ്യുകയും 19 പേർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും 3 പേരെ തരംതാഴ്ത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് ജനങ്ങൾക്കും സംസ്ഥാനത്തിനും ഏറെ പ്രയോജന കരമായ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുകയും 6 ഘട്ടങ്ങളിലായി പെൻഷൻ വിതരണം നടത്തുകയും ചെയ്തു. അപ്രകാരം ആറ് ഘട്ടങ്ങളിലായി ആകെ 4640.16 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കേരള സർക്കാർ നടപ്പിലാക്കുന്ന 'ഹരിത കേരളം' പദ്ധതിക്കു പിന്തുണ നൽകി 'ഹരിതം സഹകരണം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി. വൃക്ഷത്തൈ നടൽ, ജൈവകൃഷി, മഴക്കുഴി നിർമ്മാണം തുടങ്ങി പാരിസ്ഥിതിക പ്രാധാന്യമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് അനുഭവപ്പെട്ട അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതു വിപണിയിലെ വിൽപ്പനവില പിടിച്ചു നിർത്തുന്നതിനുമായി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിനും ഇതുവഴി 680

അരിക്കടകൾ ആരംഭിച്ച് " സുവർണ്ണ മസൂരി" അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതു വിപണിയിൽ വിൽപ്പന നടത്തി കൺസ്യൂമർഫെഡിന്റെ നിരന്തരമായ വിപണി ഇടപെടലുകൾ നടന്നുവരുന്നുമുണ്ട്. വായ്പ എടുത്ത് വിവിധ കാരണങ്ങളാൽ കാലങ്ങളായി മുടങ്ങിക്കിടക്കുന്ന വായ്പയിൽ ആനുകൂല്യങ്ങളോടെ തിരിച്ചടയ്ക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം 2018 എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നു. ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും/കൺസ്യൂമർഫെഡിനെയും നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുവഴി നിത്യോപയോഗ സാധനങ്ങളും മരുന്നുകളും ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കിവരുന്നു.

സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കു വേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കൃഷി വ്യാപനത്തിനായി മണ്ണ്, ജലപരിശോധനാ ലാബുകൾ സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. റെയ്ഡ്കോ മുഖേന ഏറെ ഗുണകരമാകുംവിധം മിനി അഗ്രോ ബസാറുകൾ, അഗ്രി ബസാറുകൾ, അഗ്രി ക്ലിനിക്കുകൾ, അഗ്രി ബിസിനസ്സ് സെന്ററുകൾ എന്നിവ തുടങ്ങുന്നതിനായി റെയ്ഡ്കോയ്ക്ക് 15 കോടി രൂപ എൻ.സി.ഡി.സി. സഹായം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം

വ്യാപിപ്പിക്കുന്നതിന് ANERT-മായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താവിന്റെ വിഹിതം വായ്പയായി നൽകുന്നതിന് പ്രാഥമിക ബാങ്കുകളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ് പൊതു വിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉൽപ്പന്നമായ മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുന്നതിനും സഹകരണ സംഘങ്ങളെ മലബാർ സിമന്റ്സിന്റെ ഡീലർമാരായും സ്റ്റോക്കിസ്റ്റുകളായും ഏർപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സഹകരണ വകുപ്പിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്. കൺസ്യൂമർഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിന്റെയും സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിക്കുന്നതിനും ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ത്രിവേണികൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനും നടപടികൾ ആരംഭിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി ഔട്ട്ലെറ്റുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കാൻ തീരുമാനിച്ച് നടപടികൾ നടന്നുവരുന്നു. സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പ്രാഥമിക സഹകരണസംഘങ്ങൾ മുഖേന പെൻഷൻ വിതരണം നടത്തിവരുന്നു. എട്ടാമത് സഹകരണ കോൺഗ്രസിന്റെ ഭാഗമായി കരട് സഹകരണ നയം അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും സാധാരണ ജനങ്ങൾക്ക് ഗുണകരമായ നിലയിലും വിവിധ പ്രവർത്തനങ്ങൾ സഹകരണ സംഘങ്ങളും ബാങ്കുകളും നടപ്പിലാക്കിവരുന്നു.

## സഹകരണ വകുപ്പിന്റെ കുടിശ്ശിക നിവാരണ പദ്ധതി

204 (6190) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പ് കുടിശ്ശിക നിവാരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) തിരിച്ചടവ് മുടങ്ങിയവർക്ക് കുടിശ്ശിക തീർക്കാൻ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(സി) ലോൺ എടുത്ത വ്യക്തി മരണപ്പെടുന്നപക്ഷം റിസ്ക് ഫണ്ടിൽ നിന്ന് സഹായം ലഭിക്കുന്നതിന് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) ലോൺ എടുത്ത വ്യക്തി മരണപ്പെട്ട തീയതിക്കുശേഷം ലോണിന്മേൽ പലിശ ഈടാക്കുന്നുണ്ടോ;

(ഇ) റിസ്ക് ഫണ്ടിൽ നിന്നും ധനസഹായത്തിന് അപേക്ഷ നൽകിയാൽ ആയതിന്മേൽ തീരുമാനമുണ്ടാവുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; റിസ്ക് ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കാൻ കാലതാമസം വരുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) "നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-2018" 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(ബി) വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് കുടിശ്ശിക തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം 2018 പദ്ധതി പ്രകാരം വിവിധങ്ങളായ ഇളവുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. അതനുസരിച്ച് നവകേരളീയം കുടിശ്ശിക നിവാരണം 2018 പ്രകാരം 2017 ഡിസംബർ 31 വരെ പൂർണ്ണമായോ ഭാഗികമായോ കുടിശ്ശികയായിട്ടുള്ള എല്ലാ വായ്പകളുടെയും പിഴപ്പലിശ, നോട്ടീസ് ചെലവുകൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 10,000 രൂപ വരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ മുതൽ തുക മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. 5 വർഷത്തിൽ താഴെ കുടിശ്ശികയായ ഇത്തരം വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ പലിശയിൽ പരമാവധി 50 ശതമാനം ഇളവ് നൽകുന്നു.

ഒരു വർഷം കുടിശ്ശികയായതിന് 10% ഇളവ്

രണ്ട് വർഷം കുടിശ്ശികയായതിന് 20% ഇളവ്

മൂന്ന് വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായതിന് 30% മുതൽ 50% വരെ ഇളവ്.

മരണപ്പെട്ടവരുടെയും മാരകരോഗം ബാധിച്ചവരുടെയും ഒരു ലക്ഷം രൂപ വരെയുള്ള കുടിശ്ശിക വായ്പകളിൽ പലിശയുടെ 50 ശതമാനം വരെ സംഘംതല കമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ഇളവ് ഒരു ലക്ഷം രൂപയിൽ കൂടുതൽ നൽകേണ്ടി വന്നാൽ ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല കമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതാണ്. രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ ടി വായ്പ എടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശയോ ഇപ്പോഴത്തെ പലിശയോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ ഈടാക്കിയും പലിശ മുതലിനെ അധികരിക്കാത്ത കേസ്സുകളിൽ 25 ശതമാനംവരെ ഇളവ് നൽകി സംഘംതല കമ്മിറ്റിക്ക് തീർപ്പ് കൽപ്പിക്കാവുന്നതാണ്. പലിശ മുതലിനെക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ തീർപ്പാക്കാവുന്നതാണ്. രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ ഒരുവർഷം കുടിശ്ശികയായവയുടെ പിഴപ്പലിശ ഒഴിവാക്കി പഴയ പലിശ നിരക്കോ പുതിയ പലിശ നിരക്കോ ഏതാണ് കുറവ് എന്ന് നോക്കി കുറഞ്ഞ നിരക്കിൽ വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായതിന് 10% പലിശ ഇളവ്.

3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായതിന് 15% പലിശ ഇളവ്.

5 വർഷം മുതൽ 10 വർഷം വരെ കുടിശ്ശികയായതിന് 20% പലിശ ഇളവ്.

10 വർഷത്തിനു മുകളിൽ കുടിശ്ശികയായതിന് 25% പലിശ ഇളവ്.

ഈ പദ്ധതി സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 6/2018-ലും 9/2018-ലും സർക്കുലറുകൾ പുറപ്പെടുവിക്കുകയും ആയത് എല്ലാ സംഘങ്ങൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി അദാലത്തുകൾ നടത്തി പരമാവധി ഇളവുകൾ നൽകി വായ്പ തീർപ്പാക്കുന്നതിന് സർക്കുലറിൽ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വായ്പാക്കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് ആറ് മാസത്തിൽ അധികരിച്ച് കുടിശ്ശിക ഉണ്ടാകുവാൻ പാടില്ല. മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം ലഭിക്കുക. വായ്പ എടുക്കുന്ന വ്യക്തികളിൽ നിന്നും 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം വായ്പക്കാരിൽ നിന്നും ഈടാക്കി സ്കീം നടപ്പിലാക്കുന്ന ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതാണ്. വായ്പ എടുത്ത ശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുന്ന കേസ്സുകളിലാണ് ചികിത്സാ ധനസഹായം ലഭിക്കുന്നത്. മരണപ്പെട്ട കേസ്സുകളിൽ വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ് അനന്തരാവകാശി ഹാജരാക്കേണ്ടതുണ്ട്. ചികിത്സാ ധനസഹായത്തിന് ബന്ധപ്പെട്ട ഡോക്ടറുടെ ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സമർപ്പിക്കേണ്ടതാണ്.

(ഡി) ഈടാക്കുന്നുണ്ട്. എന്നാൽ വായ്പക്കാരൻ മരണമടഞ്ഞ് ഒരു വർഷത്തിനകം അവകാശികൾ വായ്പാ കണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരണപ്പെട്ട ദിവസംമുതൽ വായ്പാ കണക്ക് അവസാനിപ്പിക്കുന്ന തീയതിവരെയുള്ള പലിശ ഒഴിവാക്കി നൽകാവുന്നതാണ്.

(ഇ) റിസ്ക് ഫണ്ടിൽ നിന്നും ധനസഹായത്തിന് അപേക്ഷ നൽകിയാൽ ആയതിന്മേൽ തീരുമാനമുണ്ടാകുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ല. റിസ്ക് ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കാൻ കാലതാമസം വരുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സഹകരണ ബാങ്കുകളിൽ സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നതിന് ഇഫ്റ്റാസ് കമ്പനി

205 (6191) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നതിന് സർക്കാരിനെ സമീപിച്ചിട്ടുള്ള ഇഫ്റ്റാസ് കമ്പനി ഏത് ഫ്രണ്ട്എൻഡ്/ബാക്ക് എൻഡ് സോഫ്റ്റ്‌വെയറുകൾ ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്;

(ബി) ഇഫ്റ്റാസ് കമ്പനി ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്ന സോഫ്റ്റ്‌വെയർ, ഫ്രീ സോഫ്റ്റ്‌വെയർ ആണോയെന്ന് വെളിപ്പെടുത്താമോ;

(സി) അല്ലെങ്കിൽ സോഫ്റ്റ്‌വെയർ ലൈസൻസ് ഫീസ് സർക്കാർ വഹിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) സഹകരണ ബാങ്കിംഗ് മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്ന വിഷയത്തിൽ ഇഫ്റ്റാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സെക്രട്ടറിതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. മേൽ സെക്രട്ടറിതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇഫ്റ്റാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതിനും ആയത് നടപ്പാക്കുന്നത് സംബന്ധിച്ച ഇഫ്റ്റാസ് സോഫ്റ്റ്‌വെയറിന്റെ സാങ്കേതികത, സോഫ്റ്റ്‌വെയർ കോസ്റ്റ്, ആവർത്തന ചെലവ് എന്നിവ സംബന്ധിച്ച് ഈ സ്ഥാപനവുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിന് 19-3-2018-ലെ സ.ഉ.(സാധാ)നമ്പർ 167/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇഫ്റ്റാസ് സമർപ്പിച്ച പ്രൊപ്പോസലിൽ അന്തിമ തീരുമാനം ആയിട്ടില്ല.

**പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ**
**കോർ ബാങ്കിംഗ് സിസ്റ്റം**

206 (6192) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ കീഴിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാൻ IFTAS (ഇൻഡ്യൻ ഫിനാൻഷ്യൽ ടെക്നോളജി & അലൈഡ് സർവ്വീസ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥാപനം റിസർവ് ബാങ്കിന്റെ സബ്സിഡിയറി സ്ഥാപനമാണോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം സ്വന്തമായി ഈ ആവശ്യത്തിലേയ്ക്കായി സോഫ്റ്റ് വെയർ രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പേര് വെളിപ്പെടുത്തുമോ;

(ഡി) ഇതിന് മുമ്പ് ഈ സ്ഥാപനം സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളിൽ പ്രസ്തുത സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടോയെന്നറിയിക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ ഇൻസ്റ്റാൾ ചെയ്ത സോഫ്റ്റ്‌വെയറിന്റെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള IDRBT-യുടെ സോഫ്റ്റ്‌വെയർ റിക്വയർമെന്റ് കൈകാര്യം ചെയ്യുന്നതിനാണ് ഇഫ്ത്താസ് എന്ന non profit organisation Section 8 Company Act പ്രകാരം രൂപീകരിച്ചിട്ടുള്ളത്. ഇഫ്ത്താസിന്റെ ചെയർമാൻ IDRBT- യുടെ മെമ്പർ സെക്രട്ടറിയാണ്.

(സി) ഇക്കാര്യങ്ങളടക്കം പരിശോധിക്കാൻ ഉദ്യോഗസ്ഥതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ബാധകമല്ല.

**കേരള ബാങ്ക് രൂപീകരണം**

207 (6193) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കാനുള്ള അപേക്ഷ ആർ.ബി.ഐ. മുമ്പാകെ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അപേക്ഷയിൽ പുതിയ കേരള ബാങ്ക് രൂപീകരണ ത്തിനായുള്ള നിർദ്ദേശവും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്കിന്റെ പ്രാഥമികാനുമതിക്കായി സർക്കാർ അപേക്ഷിച്ചിട്ടുണ്ട്. അപേക്ഷ റിസർവ് ബാങ്കിന്റെ പരിശോധനയിലും പരിഗണനയിലുമാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പകർപ്പ് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ജില്ലാ സഹകരണ ബാങ്കുകളിലെ ഭവന വായ്പയുടെ പലിശ നിരക്ക്**

208 (6194) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ ഭവന വായ്പയുടെ പലിശ നിരക്ക് വളരെ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉയർന്ന പലിശ നിരക്ക് സാധാരണക്കാരായ സഹകാരികൾക്ക് വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) ജില്ലാ സഹകരണ ബാങ്കുകളിലെ പലിശ നിരക്കുകൾ സഹകാരികൾക്ക് ആകർഷകമാകുന്ന തരത്തിലും സാധാരണക്കാർക്ക് താങ്ങാനാവുന്ന തരത്തിലും മാറ്റം വരുത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ജില്ലാ സഹകരണ ബാങ്കുകളിലെ പലിശ നിരക്കുകൾ നിശ്ചയിക്കുന്നത് പലിശ നിർണ്ണയ ഉപസമിതിയാണ്. പലിശ നിർണ്ണയ ഉപസമിതി യോഗം ചേർന്ന് സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ അംഗീകാരത്തോടുകൂടിയാണ് ജില്ലാ സഹകരണ ബാങ്കുകളിലെ പലിശ നിരക്ക് നിശ്ചയിച്ച് നൽകുന്നത്. കാലാകാലങ്ങളിൽ പലിശ നിർണ്ണയ ഉപസമിതിയും സെൻട്രൽ ബാങ്ക് കോൺഫറൻസും യോഗം ചേർന്ന് പലിശ നിരക്കിൽ വ്യതിയാനം വരുത്താറുണ്ട്.

**കോർ ബാങ്കിംഗ് നടപ്പാക്കാനായി തെരഞ്ഞെടുത്ത കമ്പനി**

209 (6195) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ കമ്പനികളാണ് ടെൻഡർ നടപടികളിൽ പങ്കെടുത്തത് എന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത കമ്പനിയെ ടെൻഡർ നടപടികളിലൂടെയാണോ തെരഞ്ഞെടുത്തതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നത് സ്വന്തം നിലയ്ക്കാണ്. സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് നടപടി സ്വീകരിച്ചിരുന്നില്ല.

(ബി) ബാധകമല്ല

(സി) കോർ ബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ ആരെയും അന്തിമമായി തെരഞ്ഞെടുത്തിട്ടില്ല.

**സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്ന കമ്പനി**

210 (6195) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് ഇഫ്ക്കാസ് കമ്പനിയുമായി ബന്ധപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകളിൽ കോർ ബാങ്കിങ് ഏർപ്പെടുത്താനുള്ള സോഫ്റ്റ് വെയർ ഇഫ്ക്കാസ് കമ്പനി വികസിപ്പിച്ചെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത കമ്പനി ഏതൊക്കെ കമ്പനികളിൽ നിന്നാണ് സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നത് എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ-സി) സഹകരണ ബാങ്കിംഗ് മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്ന വിഷയത്തിൽ ഇഫ്ക്കാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സെക്രട്ടറിതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. മേൽ സെക്രട്ടറിതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇഫ്ക്കാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതിനും ആയത് നടപ്പാക്കുന്നത് സംബന്ധിച്ച ഇഫ്ക്കാസ് സോഫ്റ്റ്‌വെയറിന്റെ സാങ്കേതികത, സോഫ്റ്റ്‌വെയർ കോസ്റ്റ്, ആവർത്തനച്ചെലവ് എന്നിവ സംബന്ധിച്ച് ഈ സ്ഥാപനവുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിന് 19-3-2018-ലെ സ.ഉ.(സാധാ) നമ്പർ 167/2018/സഹ. നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇഫ്ക്കാസ് സമർപ്പിച്ച പ്രൊപ്പോസൽ മേൽ കമ്മിറ്റി പരിശോധിച്ചുവരികയാണ്.

## സഹകരണ ബാങ്ക് രജിസ്റ്റർ നടപടികൾ

211 (6197) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്ക് രജിസ്ട്രേഷൻ നടപടികൾ വിശദമാക്കാമോ; പ്രസ്തുത ബാങ്കുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4, 5, 6, 7, ചട്ടം 3, 4 എന്നിവ പ്രകാരമാണ് സഹകരണ സംഘം രജിസ്ട്രേഷൻ നൽകിവരുന്നത്.

വകുപ്പ് 4:

സഹകരണ തത്വങ്ങൾ പ്രകാരം പൊതുതാൽപ്പര്യത്തോടെയോ അംഗങ്ങളുടെ സാമ്പത്തിക താൽപ്പര്യങ്ങളോ ലക്ഷ്യമാക്കിയുള്ള ഒരു സംഘമോ അപ്രകാരം സ്ഥാപിച്ചിട്ടുള്ള ഒരു സംഘത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ള സംഘവും ഈ നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടാം. എന്നാൽ സാമ്പത്തിക നിലനിൽപ്പ് ഇല്ലാത്തതോ, സഹകരണ പ്രസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സം വരുത്തുന്ന സംഘങ്ങളോ രജിസ്റ്റർ ചെയ്യപ്പെടാവുന്നതല്ല.

വകുപ്പ് 5(1):

ക്ലിപ്ത ബാദ്ധ്യതയോടുകൂടിയ സംഘം മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.

വകുപ്പ് 5(2) :

ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിപ്ത ബാദ്ധ്യത സംഘങ്ങളുടെ പേരിന്റെ അവസാനഭാഗത്ത് ക്ലിപ്തം അല്ലെങ്കിൽ അതേ അർത്ഥമുള്ള മറ്റു ഭാരതീയ ഭാഷകളിലെ വാക്കോ ആയിരിക്കണം.

വകുപ്പ് 6(1):

ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഒരു നിശ്ചിത ഫോറത്തിൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും സംഘത്തെ സംബന്ധിച്ച് അദ്ദേഹം ആവശ്യപ്പെടുന്ന മറ്റു വിവരങ്ങൾ അപേക്ഷകൻ നൽകേണ്ടതുമാണ്.

<u>വകുപ്പ് 6(2) :</u>

ഓരോ അപേക്ഷയിലും താഴെപ്പറയുന്നവ ഉള്ളടക്കം ചെയ്തിരിക്കണം.

(എ) നിർദ്ദിഷ്ട സംഘത്തിന്റെ ഉപനിബന്ധനകളുടെ 3 പകർപ്പുകൾ.

(ബി) വ്യക്തികളാണ് അപേക്ഷകരെങ്കിൽ അവർ വ്യത്യസ്ത കുടംബത്തിൽ പ്പെട്ടവരും 25 പേരിൽ കുറയാൻ പാടില്ലാത്തതുമാണ്.

(സി) അപേക്ഷയിൽ വ്യക്തികളാണെങ്കിൽ എല്ലാപേരും സാക്ഷ്യപ്പെടുത്തി യിരിക്കണം.

<u>വകുപ്പ് 7(1):</u>

താഴെപ്പറയുന്ന നിബന്ധനകൾ രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസങ്ങൾക്കകം രജിസ്റ്റർ ചെയ്യാവുന്നതാണ്.

(എ) അപേക്ഷ, നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കണം.

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ ഉദ്ദേശ്യങ്ങൾ വകുപ്പ് 4-ന് വിധേയമായി രിക്കണം.

(സി) നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന പരിധി അതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തന പരിധിയിലേയ്ക്ക് അതിലംഘിച്ച് കടക്കുന്നില്ലായെങ്കിൽ;

(ഡി) നിർദ്ദിഷ്ട ഉപനിബന്ധന നിമത്തിനും ചട്ടത്തിനും വിരുദ്ധമല്ലെങ്കിൽ;

(ഇ) നിർദ്ദിഷ്ട സംഘം നല്ല വ്യാപാര പ്രവർത്തനങ്ങൾക്ക് ആവശ്യമായ കാര്യങ്ങൾ നിറവേറ്റപ്പെടുമെങ്കിൽ രജിസ്ട്രാർക്ക് സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം.

<u>വകുപ്പ് 7(2):</u>

രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ നിരസിക്കുന്നപക്ഷം അതിന്റെ കാരണങ്ങൾ കാണിച്ച് ബന്ധപ്പെട്ട കക്ഷികളെ 7 ദിവസത്തിനകം അറിയിച്ചിരിക്കണം.

<u>വകുപ്പ് 7(3):</u>

സംഘം രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചാൽ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്ട്രാർ അപേക്ഷ തീർപ്പാക്കിയിരിക്കണം.

<u>വകുപ്പ് 7(4):</u>

ഉപവകുപ്പ് (3)-ൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഒരു സംഘത്തിന്റെ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷ തീർപ്പാക്കിയില്ലായെങ്കിൽ അപേക്ഷകന്;

(എ) വകുപ്പ് 3 ഉപവകുപ്പ് (2) പ്രകാരം രജിസ്ട്രാറുടെ അധികാരം നൽകപ്പെട്ട വ്യക്തിക്കാണ് രജിസ്ട്രേഷനുള്ള അപേക്ഷ നൽകിയതെങ്കിൽ രജിസ്ട്രാർ മുമ്പാകെയും;

(ബി) രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർ മുമ്പാകെയാണ് നൽകിയിട്ടുള്ള തെങ്കിൽ സർക്കാർ മുമ്പാകെയും നിവേദനം സമർപ്പിക്കാവുന്നതും രജിസ്ട്രാറോ/സർക്കാരോ അത്തരം നിവേദനം ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരിക്ക് രജിസ്ട്രേഷനുള്ള അപേക്ഷയിൽ യുക്തമായ തീരുമാനം എടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും ബന്ധപ്പെട്ട അധികാരി ആ നിർദ്ദേശം പാലിക്കേണ്ട തുമാണ്.

<u>ചട്ടം 3(1):</u>

വകുപ്പ് 6(1) പ്രകാരമുള്ള ഒരു സംഘത്തിന്റെ രജിസ്ട്രേഷനു വേണ്ടിയുള്ള ഏതൊരു അപേക്ഷയും ഒന്നാം നമ്പർ ഫാറത്തിൽ രണ്ട് പകർപ്പോടെ തയ്യാറാക്കി താഴെപ്പറയുന്നവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

(എ) സംഘത്തിന്റെ നിർദ്ദിഷ്ട ഉപനിബന്ധനയുടെ 3 പ്രതികൾ.

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവ് വെച്ചിട്ടുള്ള തുക വിശദമാക്കുന്ന ബാങ്കിൽ നിന്നുള്ള നിക്ഷേപ ബാക്കി കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ്.

(സി) ഓഹരി മൂലധനത്തിലേയ്ക്ക് സംഭാവന ചെയ്തിട്ടുള്ള വ്യക്തികളുടെയും അവർ ഓരോരുത്തരും നൽകിയ തുകയും നൽകിയ പ്രവേശന ഫീസും ഉൾപ്പെടെയുള്ള പട്ടികയുടെ രണ്ട് പകർപ്പ് സഹിതം.

(ഡി) നിർദ്ദിഷ്ട സംഘത്തിന്റെ സാമ്പത്തിക ഭദ്രത സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെട്ട ഉദ്ദേശിക്കുന്ന സംഘത്തിന്റെ വ്യാപാര പദ്ധതി.

(ഇ) രജിസ്ട്രാർ ആവശ്യപ്പെടുന്ന തരത്തിലുള്ള വിവരങ്ങളും ഇതര രേഖകളും.

<u>ചട്ടം 3(2):</u>

അപേക്ഷകർ വ്യക്തികളാണെങ്കിൽ 25-ൽ കുറയാതെ വ്യത്യസ്ത കുടുംബങ്ങളിൽ പ്പെട്ടവർ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.

<u>ചട്ടം 3(3):</u>

രജിസ്റ്റർ ചെയ്യപ്പെടേണ്ടതായ സംഘത്തിലെ ഏതെങ്കിലും അംഗം ഒരു രജിസ്റ്റർ ചെയ്ത സംഘമാണെങ്കിൽ, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിലെ കമ്മിറ്റിയിലെ ഒരംഗത്തെ, ആ സംഘത്തിന്റെ കമ്മിറ്റി ഒരു തീരുമാനംമൂലം അതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷയും ഉപനിബന്ധനകളും സാക്ഷ്യപ്പെടുത്തുന്നതിന് അധികാരപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഒരു തീരുമാനത്തിന്റെ ഒരു പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

<u>ചട്ടം 3(4):</u>

രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു സംഘത്തിലെ ഏതെങ്കിലും അംഗം നിയമാധിഷ്ഠിതമോ അല്ലാത്തതോ ആയ ഒരു സമിതിയോ കോർപ്പറേഷനോ ആണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലും ഉപനിബന്ധനകളിലും സാക്ഷ്യപ്പെടുത്തുന്നതിന് ആ സ്ഥാപനം ഏതെങ്കിലും വ്യക്തിയെ അധികാര പ്പെടുത്തേണ്ടതും അധികാരപ്പെടുത്തിക്കൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

<u>ചട്ടം 3(5):</u>

അപേക്ഷ രജിസ്റ്റർ ചെയ്ത തപാലായി രജിസ്ട്രാർക്ക് അയച്ചു കൊടുക്കാവു ന്നതോ അല്ലെങ്കിൽ ആഫീസിൽ നേരിട്ട് കൊടുക്കുകയോ ചെയ്യാവുന്നതാണ്.

<u>ചട്ടം 3(6):</u>

ഓരോ അപേക്ഷയോടൊപ്പവും നിശ്ചിത നിരക്കിലുള്ള തുക രജിസ്ട്രേഷൻ ഫീസായി അടച്ച ചെലാൻ രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്.

<u>ചട്ടം (4):</u>

ചട്ടം 3-ന് വിധേയമായി ഒരു അപേക്ഷ ലഭിച്ചാൽ.

(i) രജിസ്ട്രാർ ഫോറം നമ്പറിൽ 2-ൽ സൂക്ഷിക്കപ്പെടേണ്ട അപേക്ഷാ രജിസ്റ്ററിൽ അപേക്ഷയുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും അപേക്ഷയ്ക്ക് ക്രമ നമ്പർ നൽകുകയും അപേക്ഷ ലഭിച്ചുവെന്നതിന് തെളിവായി രസീത് നൽകുകയും ചെയ്യണം.

(ii) ചട്ടം 3-ലും വകുപ്പിൽ 7-ൽ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡികകളിലും വ്യക്തമാക്കുന്ന വ്യവസ്ഥകൾ ബോദ്ധ്യപ്പെടുന്നതിനായി രജിസ്ട്രാർ അപേക്ഷയും ഉപനിബന്ധനകളും പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

(iii) രജിസ്ട്രാർക്ക് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുകയോ ആവശ്യമെന്ന് തോന്നുന്നപക്ഷം അന്വേഷണം നടത്തുകയോ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് പ്രധാന സംഘാടകനോട് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. രജിസ്ട്രാർ അനുവദിച്ച കാലയളവിനുള്ളിൽ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹം നിർദ്ദേശിച്ച മാറ്റങ്ങൾ അപേക്ഷകരുടെ സമ്മതത്തോടെ ഭേദഗതി വരുത്തുകയോ ആവശ്യപ്പെട്ട വിവരങ്ങൾ പ്രധാന സംഘാടകൻ നൽകുകയോ ചെയ്യണം.

(iv) നിർദ്ദിഷ്ട സംഘം മേൽ വിവരിച്ച ആവശ്യങ്ങൾ നിറവേറ്റിയിട്ടുണ്ടന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം സംഘവും അതിന്റെ ഉപനിബന്ധനകളും രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത് അംഗീകരിച്ച ഉപനിബന്ധനകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോടു കൂടി ഫോറം നമ്പർ 3 -ൽ രജിസ്ട്രാർ ഒപ്പ് രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘത്തിന് സൗജന്യമായി കൊടുക്കേണ്ടതാണ്. ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ ആ സംഘത്തിന്റെ നിലവിലുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഉപനിബന്ധനയെന്ന് പറയുന്നത് രജിസ്റ്റർ ചെയ്ത് രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനകളാണ്.

(v) രജിസ്ട്രാർക്ക് നിർദ്ദേശിക്കപ്പെട്ട സംഘം നിയമത്തിലെ പട്ടിക 2-ൽ സൂചിപ്പിച്ചിട്ടുള്ള സഹകരണ തത്വങ്ങൾ പാലിക്കപ്പെട്ടുകൊണ്ട് പൊതുവായിട്ടുള്ള സാമ്പത്തിക താൽപ്പര്യം നിറവേറ്റുകപ്പെടുകയില്ലെന്ന് ബോദ്ധ്യപ്പെട്ടാലോ അല്ലെങ്കിൽ സംഘത്തിന്റെ രജിസ്ട്രേഷൻമൂലം സഹകരണ പ്രസ്ഥാനത്തിന് കോട്ടം സംഭവിക്കാമെന്നോ അല്ലെങ്കിൽ നിയമത്തിന്റെ പീഠികയിലെ ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾക്ക് എതിരാണെന്ന് ബോദ്ധ്യപ്പെട്ടാലോ രജിസ്ട്രാർ കാരണം കാണിച്ച് നിരസിച്ചുകൊണ്ടുള്ള ഉത്തരവ് ആകേണ്ടതും അത് രജിസ്റ്റർ ചെയ്ത തപാലിലോ അല്ലെങ്കിൽ ബഹു. ഹൈക്കോടതിയോ കേരള സർക്കാരോ അംഗീകരിച്ച പ്രകാരമുള്ള കൊറിയർ സർവ്വീസ് മുഖാന്തരമോ മുഖ്യ സംഘാടകന് ഉത്തരവായതിന്റെ പതിനഞ്ച് ദിവസത്തിനകം അറിയിക്കേണ്ടതാണ്.

(vi) ഉപചട്ടം (iv)-ന് വിധേയമായി സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതെങ്കിലും തീരുമാനമോ ഉപചട്ടം (v)-ന് വിധേയമായി ഒരു സംഘത്തിന്റെ അപേക്ഷയുടെ തിരസ്കരണമോ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

(vii) ഉപനിബന്ധനയുടെ പകർപ്പോടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ധനസഹായ ബാങ്കിനും ബന്ധപ്പെട്ട സഹകരണ യൂണിയനും നൽകേണ്ടതാണ്.

പ്രസ്തുത ബാങ്കുകൾ അനുവദിക്കുന്നതിന് പ്രത്യേകിച്ച് നിയന്ത്രണങ്ങളൊന്നും നിലവിലില്ല.

## സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട്

212(6198) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് ആനുകൂല്യം വളരെ കുറവാണെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റിസ്ക് ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ വായ്പ കുടിശ്ശികയുള്ളവർക്ക് വായ്പ തിരിച്ചടവിൽ എന്തെല്ലാം ഇളവുകൾ അനുവദിക്കാൻ വ്യവസ്ഥയുണ്ട് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. റിസ്ക് ഫണ്ട് ആനുകൂല്യവും ബോർഡിന്റെ വരുമാനവും കാലോചിതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത് കുടിശ്ശികയായി ജപ്തി നടപടികളും മറ്റും നേരിടുന്ന ദരിദ്രരായ ജനങ്ങളെയും സഹകാരികളെയും സഹായിക്കുന്നതിനും സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും സഹകാരികളെ അവരുടെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് അവസരം ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് സഹകരണമേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പദ്ധതി "നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2018" ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിവിധ ഇളവുകളോടെ വായ്പ കുടിശ്ശികയായവർക്കും ജപ്തി നടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങൾക്കും കുറഞ്ഞ നിരക്കിലും സാധാരണ പലിശയിലും പലിശ കണക്കാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാൻ അവസരം നൽകുന്ന ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെയാണ്.

**കാർഷിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സിസ്റ്റം**

213(6199) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ നേതൃത്വത്തിൽ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു തീരുമാനം എടുത്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) 7-10-2016-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ സഹകരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളെയും കോർ ബാങ്കിംഗ് സംവിധാനത്തിലുൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്.

**പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് പദ്ധതി**

214 (6200) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് പദ്ധതിയെക്കുറിച്ച് പഠിക്കാൻ ഐ.ടി. വിദഗ്ദ്ധനെ സർക്കാർ നിയോഗിച്ചിരുന്നോ;

(ബി) പ്രസ്തുത വിദഗ്ദ്ധൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ്**

215 (6201) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിരുന്നോ;

(ബി) ഏത് കമ്പനിയെയാണ് ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കാമോ;

(സി) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ കോർ ബാങ്കിംഗ് സോഫ്റ്റ് വെയർ പരാജയമായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാർ നേതൃത്വത്തിൽ കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടില്ല.

(ബി) ഇതിലേയ്ക്കായി സർക്കാർ നിലവിൽ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.

(സി) ബാധകമല്ല.

**സഹകരണ സംഘങ്ങളിലെ ബാങ്കിംഗ് സോഫ്റ്റ്‌വെയർ**

216 (6202) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ IFTAS - ൽ (ഇന്ത്യൻ ഫിനാൻഷ്യൽ ടെക്നോളജി ആൻഡ് അലൈഡ് സർവ്വീസസ്) നിന്നും നേരിട്ട് ബാങ്കിങ് സോഫ്റ്റ്‌വെയർ സേവനം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനി ബാങ്കിംഗ് സോഫ്റ്റ്‌വെയർ സോഴ്സ്കോഡ് നിർമ്മിക്കാറുണ്ടോ എന്ന് അറിയാമോ;

(സി) പ്രസ്തുത കമ്പനിയെ കുറിച്ച് പരാതികൾ ഉയർന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇടുക്കി വയനാട് ജില്ലകളിൽ IFTAS-ന്റെ നേതൃത്വത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കി വരുന്നുണ്ട്. ഇക്കാര്യങ്ങൾ ഉൾപ്പെടെയുള്ളവ പരിശോധിക്കുന്നതിന് ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർ ബാങ്കിംഗ് നടപ്പാക്കുന്നതിന് IFTAS-ന് മുൻപരിചയമോ വൈദഗ്ദ്ധ്യമോ സാമ്പത്തിക ഭദ്രതയോ ഇല്ല എന്ന് ചൂണ്ടിക്കാട്ടി ഇരിട്ടി സ്വദേശി ശ്രീ. എ. കെ. ഷാജി എന്ന സാമൂഹിക പ്രവർത്തകൻ പരാതിപ്പെട്ടിട്ടുണ്ട്.

**പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ സോഫ്റ്റ്‌വെയർ**

217(6203) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെവലപ്മെന്റ് ആൻഡ് റിസർച്ച് ഇൻ ബാങ്ക് ടെക്നോളജി വഴി ഏതെങ്കിലും ഐ.ടി. കമ്പനിയുടെ സോഫ്റ്റ്‌വെയർ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതു കമ്പനിയിൽ നിന്ന് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നതിൽ ഇഫ്റ്റാസിന്റെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.)യുടെ ഭാഗമായി ഇടുക്കി ജില്ലയിൽ IDRBT/IFTAS-യുടെ ആഭിമുഖ്യത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന് അവർ നെലിറ്റോ കമ്പനിയുടെ സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ചിട്ടുള്ളത്.

(ബി) IFTAS കമ്പനിയുമായാണ് പ്രസ്തുത കരാർ ഉണ്ടാക്കിയിട്ടുള്ളത്.

## കാർഷിക സഹകരണ സംഘങ്ങൾക്ക് നബാർഡിന്റെ സഹായം

218 (6204) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നബാഡിന്റെ സഹായം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയാണ് വിവിധ പദ്ധതികളിലായി ലഭിച്ചിട്ടുള്ളത്; അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന കാർഷിക വികസന ബാങ്ക് എത്ര കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്; എത്ര ശതമാനം പലിശയ്ക്കാണ് വിവിധ വായ്പകൾ നൽകിവരുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ നബാർഡിന്റെ സഹായം ലഭിക്കുന്നില്ല. അപ്പെക്സ് സ്ഥാപനങ്ങൾ മുഖേനയാണ് നബാർഡ് പുനർവായ്പയും സഹായവും നൽകുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേന ക്ഷീര വികസന സംരംഭകത്വ സബ്സിഡി ഇനത്തിൽ 1.78 കോടി രൂപയും കോഴി വളർത്തൽ സബ്സിഡി ഇനത്തിൽ 1.74 കോടി രൂപയും മൃഗസംരക്ഷണ സബ്സിഡി ഇനത്തിൽ ആട് വളർത്തലിനായി 6.19 ലക്ഷം രൂപയും പന്നിവളർത്തൽ ഇനത്തിൽ 30.77 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3,88,96,000 രൂപ വിവിധ പദ്ധതികൾക്കായി ലഭിച്ചത് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ (പി.സി.എ.ആർ.ഡി.ബി.) മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) 2016-17 വർഷം 600 കോടി രൂപയും 2017-18-ൽ 480 കോടി രൂപയും ഉൾപ്പെടെ 1080 കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്. ഇതിൽ 5 വർഷക്കാലാവധിയുള്ള [ദീർഘകാല ഗ്രാമീണ വായ്പ ഫണ്ട് (LTRCF)] വായ്പകൾ 8.5% പലിശ നിരക്കിലും മറ്റ് കാർഷിക വായ്പകൾ 11% പലിശ നിരക്കിലുമാണ് നൽകുന്നത്.

## കൺസ്യൂമർഫെഡിലെ ഭരണ സമിതിയുടെ കാലാവധി

219 (6205) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിലെ നിലവിലെ ഭരണ സമിതിയുടെ കാലാവധി എത്ര തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്;

(ബി) കൺസ്യൂമർ ഫെഡിൽ സർക്കാർ സസ്പെൻസ് ചെയ്ത ഭരണസമിതിയ്ക്ക് ചുമതല തിരികെ നൽകുന്നതിന് എന്താണ് നിയമതടസ്സമെന്ന് വ്യക്തമാക്കാമോ;

(സി) ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് കോടതി വിധികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡറേഷനിൽ നിലവിൽ 25-7-2016-ൽ നിയമിച്ച 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഭരണ നിർവ്വഹണം നടത്തുന്നത്. ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി 4 തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) കൺസ്യൂമർഫെഡിൽ സസ്പെൻഡ് ചെയ്ത ഭരണ സമിതിയിൽ 15 അംഗങ്ങൾ ഉണ്ടായിരുന്നു. ഇതിൽ 5 പേർ സർക്കാർ നോമിനികളായിരുന്നു. ബാക്കിയുള്ള 10 പേരിൽ പ്രസിഡന്റ് ഉൾപ്പെടെയുള്ള 9 പേർ രാജിവച്ചതുമൂലം ഭരണസമിതിയുടെ ക്വാറം നഷ്ടപ്പെടുകയും തന്മൂലം ഭരണസമിതി നിലവിലില്ലാതാവുകയും ചെയ്തു. ഭരണസമിതി അംഗത്വത്തിൽ നിന്ന് രാജിവച്ച് ഒഴിഞ്ഞ ഭരണസമിതി അംഗങ്ങൾക്ക് ഭരണച്ചുമതല തിരികെ നൽകുന്നതിന് നിയമ വ്യവസ്ഥയില്ല.

(സി) ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് കോടതി വിധികളൊന്നും നിലിവിലില്ല.

## കൺസ്യൂമർഫെഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

220 (6206) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് നിയമിച്ച കമ്മീഷന്റെ കാലാവധി കഴിഞ്ഞോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ പ്രതിനിധികളുമായി കമ്മീഷൻ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തവണ;

(സി) ശമ്പള പരിഷ്കരണം എന്നത്തേയ്ക്ക് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കൺസോളിഡേറ്റഡ്/ദിവസവേതന/താൽക്കാലിക ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ഈ കമ്മീഷന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 15-7-2017-ലെ സ.ഉ. (സാധാ) നമ്പർ 360/2017/സഹ., 1-8-2017-ലെ സ.ഉ. (സാധാ) നമ്പർ 408/2017/സഹ. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം യഥാക്രമം കൺസ്യൂമർഫെഡിലെ ശമ്പളപരിഷ്കരണത്തിന് കമ്മീഷനെ വയ്ക്കുകയും കമ്മീഷന്റെ ചെയർമാനെയും കൺവീനറെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. 25-9-2017-ലെ സ.ഉ. (സാധാ) നമ്പർ 517/2017/സഹ നമ്പർ ഉത്തരവ് പ്രകാരം കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ജീവനക്കാരുടെ പ്രതിനിധികളുമായി കമ്മീഷൻ ഒരു തവണ ചർച്ച നടത്തിയിട്ടുണ്ട്.

(സി) തീരുമാനമായിട്ടില്ല.

(ഡി) കൺസ്യൂമർഫെഡിൽ ദീർഘകാലമായി കൺസോളിഡേറ്റഡ് പേയിലും കോൺട്രാക്ട് അടിസ്ഥാനത്തിലും (ഫാർമസിസ്റ്റ്) സ്ഥിരം ജീവനക്കാർ എന്ന നിലയിലും പ്രവർത്തിക്കുന്നവരുടെ കേഡർ പ്രൊമോഷൻ, കരിയർ അഡ്വാൻസ്മെന്റ് എന്നിവ സംബന്ധിച്ചും കൺസോളിഡേറ്റഡ് പേയിൽ ശമ്പളം വാങ്ങി ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് സ്കെയിൽ ഓഫ് പേ നിശ്ചയിക്കുന്നത് സംബന്ധിച്ചും ദിവസ വേതന ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ചും ശിപാർശ നൽകുന്നതിന് ടേംസ് ഓഫ് റഫറൻസിൽ വ്യവസ്ഥയുണ്ട്.

**കൺസ്യൂമർഫെഡിന്റെ ശാക്തീകരണം**

221 (6207) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർഫെഡിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഏതൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വിശദമാക്കുമോ?

(സി) ത്രിവേണി സ്റ്റോറുകൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മുൻ സർക്കാരിന്റെകാലത്ത് കൺസ്യൂമർഫെഡിൽ നടന്ന അഴിമതി കേസുകളിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) കൺസ്യൂമർ ഫെഡിന്റെ ശാക്തീകരണത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(എഫ്) പ്രാഥമിക സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ നീതി സ്റ്റോറുകൾ ആരംഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ജി) നന്മ സ്റ്റോറുകൾ നിർത്തലാക്കിയ സാഹചര്യം അറിയിക്കുമോ; പ്രസ്തുത സ്റ്റോറുകളിലെ ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി പ്രതിമാസം ഭരണച്ചെലവ് 7.52%-ത്തിൽ നിന്നും 6.75% ആയും പ്രതിമാസം പലിശ ചെലവ് 6.50 കോടിയിൽ നിന്നും 3.45 കോടിയായും കുറയ്ക്കാനായിട്ടുണ്ട്. വിറ്റുവരവ് വർദ്ധിപ്പിക്കാനായി ലാഭവും ലാഭക്ഷമതയും വർദ്ധിപ്പിച്ചും കൃത്യമായ നടപടി ക്രമങ്ങളിലൂടെ സപ്ലയർമാർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക നൽകിയും പ്രതിദിന വിറ്റുവരവ് 4 കോടിയിൽ നിന്നും 6 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനും പ്രതിമാസം 2.25 കോടി രൂപ നഷ്ടത്തിൽ നിന്നും 6 കോടി രൂപ ലാഭം നേടുന്നതിനും 2012-13 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിലെ ആഡിറ്റ് പൂർത്തീകരിക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റ് ഫേമിനെ ചുമതലപ്പെടുത്തി ആഡിറ്റിംഗ് പൂർത്തീകരിച്ച് വരുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭ്യമാക്കുന്നതിന് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയും മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങുന്നതിലൂടെ വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്ന കാലയളവിൽ കുട്ടികൾക്കാവശ്യമായ നോട്ട്ബുക്കുകളും എല്ലാ പഠനസാമഗ്രികളും സ്കൂൾ മാർക്കറ്റുകൾ വഴി വിതരണം ചെയ്തും ഓൺലൈൻ വ്യാപാരം ശക്തിപ്പെടുത്തിയും കൺസ്യൂമർഫെഡിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) ത്രിവേണി സ്റ്റോറുകൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിച്ചിട്ടില്ല.

(ഡി) കൺസ്യൂമർ ഫെഡറേഷനിൽ 2005-06 വർഷം മുതൽ 2014-15 വർഷം വരെയുള്ള പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി അന്വേഷണ റിപ്പോർട്ടിൽ 595.52 കോടി രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കി മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ജനങ്ങളുടെ ആവശ്യം കണക്കിലെടുത്തുകൊണ്ട് ത്രിവേണി സ്റ്റോറുകളുടെ സൗകര്യം വർദ്ധിപ്പിക്കുക, അവശ്യവസ്തുക്കളുടെ ലഭ്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കുക, വില നിയന്ത്രണ സാദ്ധ്യമായ തരത്തിലുള്ള ഇടപെടൽ നടത്തുക, വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓൺലൈൻ വ്യാപാരം ശക്തിപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ വഴിയും പ്രിവിലേജ് കാർഡ് മുഖേന വ്യാപാരം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാവിധ പഠന സാമഗ്രികളും ലഭ്യമാക്കുന്ന തരത്തിൽ സ്കൂൾ മാർക്കറ്റുകൾ വലിയതോതിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും കൺസ്യൂമർഫെഡിന്റെ ശാക്തീകരണത്തിന് സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നീതി സ്റ്റോറുകൾ ആരംഭിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 231 നീതി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

(ജി) നന്മ സ്റ്റോറുകളിൽ വിൽപ്പന കുറയുകയും എല്ലാ നന്മ സ്റ്റോറുകളും തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുകയും ചെയ്തു. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ പ്രവർത്തനം വിലയിരുത്തിയതിൽ ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലഫോൺ, യാത്രാപ്പടി എന്നീ ഇനങ്ങളിൽ ശരാശരി 18,000 മുതൽ 20,000 രൂപ വരെ പ്രതിമാസം ഒരു സ്റ്റോറിന് ചെലവാകുന്ന തുക മുഴുവനായും കൺസ്യൂമർ ഫെഡറേഷന് ബാദ്ധ്യതയായി മാറിയ സാഹചര്യത്തിലാണ് നന്മ സ്റ്റോറുകൾ നിർത്തലാക്കിയത്. നന്മ സ്റ്റോറുകളിൽ ജോലി ചെയ്തുവരുന്ന സ്ഥിരം കൺസോളിഡേറ്റഡ് വിഭാഗത്തിലെ ജീവനക്കാരെ പുനർവിന്യസിക്കുകയും താൽക്കാലിക ജീവനക്കാരുടെ സേവനം നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്.

## കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നടപടികൾ

222 (6208) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പന വില പിടിച്ച് നിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പന വില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും ഇതുവഴി 678 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്തിട്ടുണ്ട്. അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമബംഗാളിൽ നിന്നും അരി കൊണ്ടുവന്ന് സംസ്ഥാനത്ത് വിതരണം ചെയ്ത് വില കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

## കൺസ്യൂമർഫെഡിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്യുന്ന ജീവനക്കാർ

223 (6209) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനോ, ശമ്പള സ്കെയിൽ അനുവദിക്കുന്നതിനോ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; ഇതുസംബന്ധമായി ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഹൈക്കോടതിയിലെ കേസ്സുകൾക്ക് വിധേയമായിട്ടാണോ ഇത് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ബി) കൺസ്യൂമർഫെഡിൽ 2011-ൽ എത്ര പേർക്കാണ് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളത്; മാനദണ്ഡം വിശദമാക്കുമോ; പ്രൊമോഷൻ ലഭിക്കാത്ത ജീവനക്കാർ എത്രപേരാണ്; പ്രൊമോഷൻ നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രൊമോഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്; ഇപ്പോൾ ആർക്കെങ്കിലും പ്രൊമോഷൻ നൽകാൻ ആലോചനയുണ്ടോ; എങ്കിൽ എത്ര പേർക്ക്; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദിവസവേതന ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; പകരം ദിവസവേതന അടിസ്ഥാനത്തിൽ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഹൈക്കോടതിവിധിയനുസരിച്ച് കൺസ്യൂമർഫെഡിൽ പുതിയ ഭരണസമിതി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർ ഫെഡറേഷനിൽ വർഷങ്ങളായി കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് സ്കെയിൽ ഓഫ് പേ നിശ്ചയിക്കുന്നത് സംബന്ധിച്ച ശിപാർശ ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ നിയമനങ്ങൾ 2009-ൽ പബ്ലിക് സർവീസ് കമ്മീഷന് വിട്ടിട്ടുണ്ട്. ആയതിനാൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം കൺസ്യൂമർഫെഡ് പരിഗണിച്ചിട്ടില്ല. നിലവിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്തുവരുന്ന 752 ജീവനക്കാരുണ്ട്. ശമ്പള സ്കെയിൽ അനുവദിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 3 കേസ്സുകൾ നിലവിലുണ്ട്. ടി കേസ്സുകളിലെ ഉത്തരവിന് വിധേയമായി മാത്രമേ ആയത് നടപ്പിലാക്കുകയുള്ളൂ.

(ബി) കൺസ്യൂമർഫെഡിൽ 2011-ൽ 36 പേർക്ക് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് I, 79 പേർക്ക് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. 2006-ൽ സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച് നൽകിയ ഫീഡർ കാറ്റഗറി റൂൾസ് പ്രകാരമാണ് 2009 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 2011-ൽ പ്രൊമോഷൻ നടപ്പിലാക്കിയത്. പ്രൊമോഷൻ ലഭിക്കാത്ത ജീവനക്കാർ 350 പേരാണ്. പ്രൊമോഷൻ നൽകുന്നതിനാവശ്യമായ തസ്തിക ഫെഡറേഷനിൽ ഇല്ലാത്തതിനാലാണ് ഇവർക്ക് പ്രൊമോഷൻ നൽകാൻ സാധിക്കാത്തത്. കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രൊമോഷൻ നടപ്പിലാക്കുന്നതിന് സ്റ്റാറ്റസ്കോ നിർദ്ദേശമുണ്ട്.

(സി) പ്രൊമോഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് 3 കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. കൺസ്യൂമർഫെഡിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന ജീവനക്കാരുടെ കേഡർ പ്രൊമോഷൻ, കരിയർ അഡ്വാൻസ്മെന്റ്

എന്നിവ സംബന്ധിച്ച ശിപാർശ ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്. ഫെഡറേഷനിലെ ബിസിനസ്സിന്റെ അടിസ്ഥാനത്തിലാണ് തസ്തികകളുടെ എണ്ണം ക്രമീകരിക്കുന്നത്. ആയതിനാൽ എത്ര പേർക്കാണ് പ്രൊമോഷന്റെ ആനുകൂല്യം ലഭിക്കുന്നതെന്ന് ഇപ്പോൾ തിട്ടപ്പെടുത്താൻ സാധിക്കുകയില്ല.

(ഡി) കൺസ്യൂമർ ഫെഡറേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 2272 ജീവനക്കാരെ ആവശ്യമില്ലെന്നുകണ്ട് ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ പുതുതായി ദിവസവേതനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല.

(ഇ) പുതിയ ഭരണ സമിതി രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടില്ല.

## കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)-ന്റെ സ്ഥാപനങ്ങൾ

224 (6210) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ജോയി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിലുള്ളതും നിയന്ത്രണത്തിലുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരോഗ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)-ന്റെ സ്ഥാപനങ്ങളെ കാലാനുസൃതമായി നവീകരിക്കുന്നതിനും, മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുന്നപ്ര-സാഗര സഹകരണ ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. CAPE-ന് കീഴിലുള്ള വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ സഹകരണ വകുപ്പുമന്ത്രി ചെയർമാനും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ രജിസ്ട്രാർ അടക്കമുള്ള ഉദ്യോഗസ്ഥർ

അംഗങ്ങളുമായ എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. ഓരോ മൂന്ന് മാസത്തിലൊരിക്കലും പ്രിൻസിപ്പൽമാരുടെ യോഗം വിളിച്ചുചേർത്ത് വിശദമായ വിലയിരുത്തൽ നടത്തുന്നുണ്ട്. പ്രാദേശിക എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ നിലവിൽ വന്നിട്ടുള്ള കോളേജ് വികസന സമിതികളും ആശുപത്രി വികസന സമിതികളും ചേർന്ന് അതാത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നുണ്ട്.

(ബി) CAPE-ന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ അദ്ധ്യാപകർക്ക് ഉന്നത നിലവാരമുള്ള പരിശീലനം, വിദ്യാർത്ഥികളുടെ പ്രായോഗിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് Industry Institute Interaction പോലെയുള്ള മികച്ച പദ്ധതികൾ വിവിധ ഏജൻസികളുടെ Accreditation/ Certification ലഭിക്കുന്നതിനുള്ള പരിപാടികൾ, ലാബുകൾ, ലൈബ്രറികൾ തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ, ലോക ബാങ്ക് സഹായത്തോടെ ആധുനികവൽക്കരിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും KIIFB-യിൽ അതിനുവേണ്ട സമഗ്ര പദ്ധതികൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സാഗര ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി അടക്കം എല്ലാ വിഭാഗങ്ങളും പ്രവർത്തനസജ്ജമാക്കുകയും അതിനാവശ്യമായ ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. കാത്ത് ലാബ് പ്രവർത്തനസജ്ജമാക്കിയതിനെ തുടർന്ന് ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി തുടങ്ങിയവ ആരംഭിക്കുകയും ഓപ്പൺ ഹാർട്ട് സർജറി കാലതാമസം കൂടാതെ തുടങ്ങാൻ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. RSBY പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കി കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി. ഡയാലിസിസ് ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സ് ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന വികസനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. മേൽനോട്ടത്തിനായി സ്ഥലം എം.എൽ.എ. ചെയർമാനായ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## CAPE-ന് കീഴിലുള്ള കോളേജുകൾ

225 (6211) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) CAPE-ന് കീഴിലുള്ള കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) CAPE-ന് കീഴിലുള്ള കോളേജുകൾക്ക് NAAC അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; ഇതിനകം എത്ര സ്ഥാപനങ്ങൾക്ക് NAAC അക്രെഡിറ്റേഷൻ ലഭിച്ചു;

(സി) CAPE-ന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമായിട്ടുണ്ടോ; ചെലവ് ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത്;

(ഡി) CAPE-ന് സർക്കാർ നൽകുന്ന ഫണ്ട് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 1. അദ്ധ്യാപക തസ്തികയിലെ ഒഴിവുകളെല്ലാം പൂർണ്ണമായി നികത്തി.

2. പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കും ജീവനക്കാർക്കും IIT/NIT/IIM തുടങ്ങിയ സ്ഥാപനങ്ങളിൽ പരിശീലനം നൽകി.

3. ലാബുകളുടെയും ലൈബ്രറികളുടെയും പ്രവർത്തനം ലോക ബാങ്ക് ഫണ്ട് 30 കോടി വിനിയോഗിച്ച് മെച്ചപ്പെടുത്തി.

4. വിദ്യാർത്ഥികളുടെ പ്രായോഗിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്യാമ്പസുകളിൽ Industry Institute Interaction പദ്ധതി നടപ്പിലാക്കി.

5. എം.എൽ.എ./എം.പി. ഫണ്ട് അടിസ്ഥാന വികസനത്തിനായി വിനിയോഗിച്ചു.

6. വിവിധ ഏജൻസികളുടെ അക്രെഡിറ്റേഷൻ/സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. CAPE-ന്റെ എല്ലാ സ്ഥാപനങ്ങളെയും Centre of Excellence ആക്കുന്നതിന്റെ ഭാഗമായി 213 കോടി രൂപയുടെ വിശദമായ പദ്ധതി നിർദ്ദേശം ഭരണാനുമതിക്കായി KIIFB-ക്ക് സമർപ്പിച്ചു.

(ബി) വടകര/തൃക്കരിപ്പൂർ കോളേജുകളിൽ NAAC അക്രെഡിറ്റേഷൻ (B+) ഇതിനകം ലഭിച്ചു. അതിനുമുന്നോടിയായി കോളേജുകൾക്ക് ISO സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പെരുമൺ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ കോളേജുകൾ ISO സർട്ടിഫിക്കേഷൻ കരസ്ഥമാക്കി. പെരുമൺ, തലശ്ശേരി കോളേജുകൾക്ക് NBA അക്രെഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) CAPE-ന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

- സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും 2017-18-ൽ 10 കോടി രൂപ അനുവദിച്ചു. 2016-17-ൽ 18.6 കോടി രൂപയും അനുവദിച്ചു.
- 5 കോടി രൂപ ബാങ്കുകളിൽ നിന്നും ഓവർ ഡ്രാഫ്റ്റ് എടുക്കാനും തീരുമാനിച്ചു.
- ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി അനാകർഷകമായതും കുട്ടികളെ കിട്ടാൻ പ്രയാസം നേരിടുന്നതുമായ ബ്രാഞ്ചുകളിലെ 315 സീറ്റുകൾ വെട്ടിക്കുറച്ചു.

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ വിഹിതമായി 10 കോടി രൂപയും നോൺ പ്ലാൻ വിഹിതമായി 4.0348 കോടി രൂപയും പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും 2017-18-ൽ 10 കോടി രൂപയും അനുവദിച്ചു. 2016-17-ൽ 18.6 കോടി രൂപയും അനുവദിച്ചു. പ്ലാൻ വിഹിതം വർദ്ധിച്ചിട്ടില്ല. നോൺ പ്ലാൻ വിഹിതത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

### തലപ്പിള്ളി സഹകരണ കാർഷിക വികസന ബാങ്ക്

226 (6212) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി സഹകരണ കാർഷിക വികസന ബാങ്കിൽ നിലവിൽ എത്ര പേർക്ക് വായ്പാ കുടിശ്ശികയുണ്ടെന്നറിയിക്കാമോ;

(ബി) ആകെ വായ്പാകുടിശ്ശിക എത്ര കോടി രൂപ വരുമെന്ന് വ്യക്തമാക്കുമോ;

(സി) വായ്പാ കുടിശ്ശികയുടെ ഭാഗമായി നിലവിൽ എത്ര പേരുടെ പുരയിടം ഉൾപ്പെടെയുള്ള പണയവസ്തു ലേല പരസ്യം ചെയ്തിട്ടുണ്ട്;

(ഡി) എത്ര വായ്പാ കുടിശ്ശികക്കാരുടെ പുരയിടം ഉൾപ്പെടുന്ന സ്ഥലം ബാങ്ക് ലേലത്തിലൂടെ സ്വന്തമാക്കിയിട്ടുണ്ട്;

(ഇ) വായ്പാ കുടിശ്ശിക അടച്ചു തീർക്കുന്നതിന് നൽകുന്ന ഇളവുകൾ എന്തൊക്കെയാണെന്നുള്ള വിശദാംശം വ്യക്തമാക്കുമോ;

(എഫ്) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഒറ്റതവണ തീർപ്പാക്കലിലൂടെ ഇളവുകൾ നൽകിയത് എത്ര പേർക്കാണെന്നറിയിക്കാമോ;

(ജി) ഓരോരുത്തരുടെയും കുടിശ്ശിക തുകയും, നൽകിയ ഇളവുകളും പ്രത്യേകം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 26-3-2018 വരെ 3679 പേർക്ക് വായ്പാ കുടിശ്ശികയുണ്ട്.

(ബി) നിലവിൽ 23,87,11,776/- (ഇരുപത്തിമൂന്ന് കോടി എൺപത്തി ഏഴ് ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറ്റി എഴുപത്തി ആറ് രൂപ) രൂപയുടെ വായ്പാ കുടിശ്ശികയുണ്ട്.

(സി) നിലവിൽ ഇല്ല.

(ഡി) 21 വായ്പാ കുടിശ്ശികക്കാരുടെ പുരയിടം ഉൾപ്പെടുന്ന സ്ഥലം ബാങ്ക് ലേലത്തിലൂടെ സ്വന്തമാക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാന സർക്കാരും സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇളവുകൾ/ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. നിലവിൽ നവകേരളീയം കുടിശ്ശിക നിവാരണം 2018 പ്രകാരം 2017 ഡിസംബർ 31 വരെ പൂർണ്ണമായോ ഭാഗികമായോ കുടിശ്ശികയായിട്ടുള്ള എല്ലാ വായ്പകളുടെയും പിഴപ്പലിശ, നോട്ടീസ് ചെലവുകൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 10,000 രൂപ വരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ മുതൽ തുക മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പി ക്കാവുന്നതും 5 വർഷത്തിൽ താഴെ കുടിശ്ശികയായ ഇത്തരം വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ 50 ശതമാനം ഇളവും നൽകാവുന്നതുമാണ്. മരണപ്പെട്ടവരുടെയും മാരകരോഗം ബാധിച്ചവരുടെയും ലക്ഷം രൂപ വരെയുള്ള കുടിശ്ശിക വായ്പകളിൽ പലിശയുടെ 50% വരെ സംഘംതല കമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതും ഇത്തരത്തിലുള്ള ഇളവ് 1 ലക്ഷം രൂപയിൽ കൂടുതൽ നൽകേണ്ടി വന്നാൽ ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതുമാണ്. രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ ടി വായ്പ എടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശയോ ഇപ്പോഴത്തെ പലിശയോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ ഈടാക്കിയും പലിശ മുതലിനെ അധികരിക്കാത്ത കേസ്സുകളിൽ 25% വരെ ഇളവ് നൽകി സംഘംതല കമ്മിറ്റിക്ക് തീർപ്പ് കൽപ്പിക്കാവുന്നതുമാണ്. രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ ഒരു വർഷം കുടിശ്ശികയായവയുടെ പിഴപ്പലിശ ഒഴിവാക്കി പഴയ പലിശ നിരക്കോ പുതിയ പലിശ നിരക്കോ ഏതാണ് കുറവെന്ന് നോക്കി കുറഞ്ഞ നിരക്കിൽ വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(എഫ്) 2016-17 സാമ്പത്തിക വർഷത്തിൽ 390 പേർക്കും 2017-18 വർഷം ഇതുവരെ 205 പേർക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇളവുകൾ നൽകിയിട്ടുണ്ട്.

(ജി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

**സഹകരണ സംഘം ജീവനക്കാർക്കുള്ള ചികിത്സാ ധനസഹായവും പെൻഷനും**

227 (6213) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സഹകരണ സംഘം ജീവനക്കാർക്കുള്ള ചികിത്സാ ധന സഹായവും സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷനും വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചികിത്സാ ധനസഹായം ഏതൊക്കെ രോഗങ്ങൾക്കാണ് ലഭ്യമാകുകയെന്നും ധന സഹായത്തിന്റെ നിരക്കും വ്യക്തമാക്കുമോ;

(സി) ഡെങ്കിപ്പനി, എച്ച്1 എൻ1, എലിപ്പനി എന്നീ ചികിത്സകൾക്കും വെരിക്കോസ് വെയിൻ ശസ്ത്രക്രിയക്കും ചികിത്സാ ആനുകൂല്യം ലഭ്യമാണോ;

(ഡി) ജീവനക്കാരുടെ ആശ്രിതർക്ക് നല്കി വരുന്ന ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) പെൻഷണർ മരിച്ചാൽ ആശ്രിതർക്ക് മുഴുവൻ പെൻഷനും നൽകുന്നതിന്റെ വ്യവസ്ഥകൾ അറിയിക്കുമോ;

(എഫ്) പെൻഷൻ നിർണ്ണയത്തിനുള്ള സേവന കാലാവധി കണക്കാക്കുമ്പോൾ പ്രൊബേഷൻ കാലയളവ് സേവന കാലയളവായി പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ജി) കായിക രംഗത്ത് മികച്ച വിജയം നേടുന്ന സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകി വരുന്നത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) ഈ സർക്കാർ സഹകരണ സംഘം ജീവനക്കാർക്കുള്ള ചികിത്സാ ധനസഹായവും സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷനും വർദ്ധിപ്പിച്ചിട്ടുണ്ട്. 4-8-2017-ലെ സ.ഉ. (കൈ) 28/17/സഹ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്ന ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. 4-8-2017-ലെ സ.ഉ. (സാധാ) 416/2017/സഹ. നമ്പർ ഉത്തരവ് പ്രകാരം മിനിമം പെൻഷൻ 1500 രൂപയിൽ നിന്നും 3000 രൂപയായും ഫാമിലി പെൻഷൻ 1000 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ നൽകി വരുന്ന 5% ഡി.എ. 7% ആയിട്ടും ആശ്വാസ് പെൻഷൻ 1000 രൂപയിൽ നിന്നും 1250 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, വൃക്ക നീക്കം ചെയ്യൽ, കരൾ മാറ്റിവയ്ക്കൽ, കരൾ ശസ്ത്രക്രിയ (കരൾ ദാനം ചെയ്യുന്നതിന് നടത്തുന്ന ശസ്ത്രക്രിയ ഉൾപ്പെടെ), മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കണ്ണ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്ക് നൽകുന്ന ധനസഹായം 75,000 രൂപയിൽ നിന്നും 1,25,000 രൂപയായി വർദ്ധിപ്പിച്ചു. കാഴ്ച ശക്തിക്ക് ഉണ്ടാകുന്ന വൈകല്യം, തളർവാതം ബാധിച്ച് ജോലിക്ക് ഹാജരാകാൻ കഴിയാത്ത അവസ്ഥ, അപകടംമൂലമോ മറ്റ് കാരണങ്ങളാലോ ഉണ്ടാകുന്ന അംഗവൈകല്യം, ബ്രയിൻ ട്യൂമർ, എപ്പിലപ്സി, മാരകമായ ഹെഡ് ഇൻഞ്ച്വറി, മെനിഞ്ചൈറ്റിസ്, എൻസഫലൈറ്റിസ്, തലച്ചോറിനെയും സ്പൈനൽ കോഡിനെയും ബാധിക്കുന്ന ഡീ-ജനറേറ്റീവ് രോഗങ്ങൾ എന്നിവയ്ക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം 50,000 രൂപയിൽ നിന്നും 75,000 രൂപയാക്കി വർദ്ധിപ്പിക്കുകയും ഈ വിഭാഗത്തിൽ ജോയിന്റ് റീപ്ലെയിസ്മെന്റ് ശസ്ത്രക്രിയകൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യൂട്രസ് റിമൂവൽ, ഹൃദയ സംബന്ധമായ അസുഖം (ഹൃദയ ശസ്ത്രക്രിയ ഒഴികെ), വൃക്ക സംബന്ധമായ അസുഖം (വൃക്ക മാറ്റിവയ്ക്കൽ ഒഴികെ), ലിവർ സിറോസിസ്, തൈറോയിഡ് ഓപ്പറേഷൻ, ഹെർണിയ ഓപ്പറേഷൻ എന്നിവയ്ക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം 15,000 രൂപയിൽ നിന്നും 25,000 രൂപയാക്കി വർദ്ധിപ്പിച്ചു. ആസ്ത്മാ, ക്ഷയരോഗം, ചിക്കൻഗുനിയ എന്നിവയ്ക്ക് നൽകിവരുന്ന 10,000 രൂപ ധനസഹായം 15,000 രൂപയായി വർദ്ധിപ്പിക്കുകയും ഇതിൽ എച്ച്-1 എൻ-1, ഡെങ്കിപ്പനി, എലിപ്പനി, വെരിക്കോസ് വെയിൻ ഓപ്പറേഷൻ എന്നിവകൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഡെങ്കിപ്പനി, എച്ച്-1 എൻ-1, എലിപ്പനി എന്നീ ചികിത്സകൾക്കും വെരിക്കോസ് വെയിൻ ശസ്ത്രക്രിയയ്ക്കും 4-8-2017-ലെ സ.ഉ. (കൈ) 28/2017/ സഹ. ഉത്തരവ് പ്രകാരം ടി തീയതി പ്രാബല്യത്തിൽ ചികിത്സാ ആനുകൂല്യം ലഭ്യമാണ്.

(ഡി) ജീവനക്കാരുടെ ആശ്രിതർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം 4-8-2017-ലെ സ.ഉ. (കൈ) 28/2017/സഹ. ഉത്തരവ് പ്രകാരം 25,000 രൂപയിൽ നിന്നും 40,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) പെൻഷണർ മരിച്ചാൽ ആശ്രിതർക്ക് 7 വർഷമോ 65 വയസ്സ് വരെയോ മുഴുവൻ പെൻഷൻ അനുവദിക്കുന്നതിന് 4-8-2017-ലെ സ.ഉ. (കൈ) 28/2017/ സഹ. ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ്) 4-8-2017-ലെ സ. ഉ. (സാധാ) 416/2017/സഹ. നമ്പർ ഉത്തരവ് പ്രകാരം പ്രൊബേഷൻ കാലയളവ് പെൻഷൻ നിർണ്ണയത്തിനുള്ള സേവനകാലമായി പരിഗണിക്കുന്നുണ്ട്.

(ജി) കായികരംഗത്ത് (സ്പോർട്സ് & ഗെയിംസ്) സ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാന തലത്തിലും ദേശീയ തലത്തിലും കോളേജ് വിദ്യാർത്ഥികൾക്കായി ഇന്റർ യൂണിവേഴ്സിറ്റി തലത്തിലും മികവ് പുലർത്തുന്നവർക്ക് 5,000 രൂപയുടെ ക്യാഷ് അവാർഡ് 4-8-2017-ലെ സ.ഉ. (കൈ) 28/2017/സഹ നമ്പർ ഉത്തരവ് പ്രകാരം നൽകുന്നുണ്ട്.

**സഹകരണ ബാങ്കുകളിലെ ക്ലറിക്കൽ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം**

228 (6214) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ക്ലറിക്കൽ തസ്തികയിലേക്ക് നിലവിലുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നിലവിലുള്ള നിയമനവ്യവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) സ്ഥാനക്കയറ്റത്തിന് 4:1 എന്ന അനുപാതം നടപ്പിൽ വരുത്തിയോ; എങ്കിൽ എന്ന് മുതലാണ് ഈ അനുപാതം നിലവിൽ വന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിലെ ക്ലാർക്ക് തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേനയും നേരിട്ടുള്ള നിയമനം മുഖേനയും 1:4 എന്ന അനുപാതത്തിൽ നികത്തണമെന്ന് 1969-ലെ കേരള സഹകരണ നിയമം, ചട്ടം 185 (10) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് 25-11-2017 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

## ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക് നിയമനം

229 (6215) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക് നിയമനത്തിനായി പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി 20 /2014, 21/2014) എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) 2018 ചിങ്ങം ഒന്നിന് ആരംഭിക്കുന്ന കേരള ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിക്കുന്നതുമൂലം പ്രസ്തുത പട്ടികയിൽ നിന്നുമുള്ള നിയമനം തടസ്സമാകുമോ;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പരിഷ്കരിച്ച് പ്രസ്തുത ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക് നിയമനത്തിനായി പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും കാറ്റഗറി 20/2014, 21/2014 എന്നിവ പ്രകാരം ആകെ 190 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| ജില്ല | നിയമനം നടത്തിയവരുടെ എണ്ണം കാറ്റഗറി നമ്പർ | |
|---|---|---|
| | 20/2014 | 21/2014 |
| (1) | (2) | (3) |
| തിരുവനന്തപുരം | -- | -- |
| കൊല്ലം | -- | 1 |
| ആലപ്പുഴ | 4 | -- |
| പത്തനംതിട്ട | 6 | 6 |

| (1) | (2) | (3) |
|---|---|---|
| കോട്ടയം | 6 | 6 |
| ഇടുക്കി | 4 | 2 |
| എറണാകുളം | 8 | 6 |
| മലപ്പുറം | 20 | 19 |
| വയനാട് | 9 | 7 |
| തൃശ്ശൂർ | ---- | -- |
| കോഴിക്കോട് | 16 | 6 |
| പാലക്കാട് | 17 | 15 |
| കണ്ണൂർ | 8 | 7 |
| കാസർഗോഡ് | 11 | 6 |
| ആകെ | 109 | 81 |

(ബി) കേരള ബാങ്ക് രൂപീകൃതമാകുന്ന സമയത്ത് പ്രസ്തുത പട്ടികയിൽ നിന്ന് നിയമനം നടത്തുന്നത് പരിശോധിക്കുന്നതാണ്.

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പരിഷ്കരിക്കുന്ന കാര്യം ഉചിതമായ സമയത്ത് പരിഗണിക്കുന്നതാണ്.

**സഹകരണ ബാങ്കുകൾ വഴി കെ.എസ്.ആർ.ടി.സി.**
**പെൻഷൻ വിതരണം**

230 (6217) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം ചെയ്യുന്നതിനായി ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സഹകരണ ബാങ്കുകളെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഓരോ ബാങ്കും എത്ര പെൻഷൻകാർക്ക് പെൻഷൻ നൽകുകയുണ്ടായി എന്നും എത്ര തുക നൽകി എന്നുമുള്ള വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ വിതരണം ചെയ്യുന്നതിനായി ആലത്തൂർ നിയോജക മണ്ഡലത്തിൽ ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, എരിമയൂർ സർവീസ് സഹകരണ ബാങ്ക്, കുഴൽമന്ദം സർവ്വീസ് സഹകരണ ബാങ്ക് എന്നീ ബാങ്കുകളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**സഹകരണ ബാങ്കുകളിലെ സ്വർണ്ണപ്പണയ വായ്പാ തട്ടിപ്പുകൾ**

231 (6218) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം എത്ര സഹകരണ ബാങ്കുകളിൽ സ്വർണ്ണപണയ വായ്പ തട്ടിപ്പുകളും, ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട് ; സ്വർണ്ണ പണയ വായ്പാ ക്രമക്കേടുകൾ കണ്ടെത്തിയ സഹകരണ ബാങ്കുകളുടെ പേരുവിവരം വ്യക്തമാക്കുമോ;

(ബി) ബാങ്കുകളിൽ പണയവസ്തുവായി സൂക്ഷിച്ചിട്ടുള്ള സ്വർണ്ണ ഉരുപ്പടികൾ യഥാർത്ഥ സ്വർണ്ണമാണെന്ന് ഉറപ്പ് വരുത്തുന്നതിനായി പരിശോധനകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാളിതുവരെ താഴെപ്പറയുന്ന 35 പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ സ്വർണ്ണപ്പണയ വായ്പാ തട്ടിപ്പ് നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

1. അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
2. മാധവ വിലാസം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
3. സിറ്റി സർവ്വീസ് സഹകരണ സംഘം
4. മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 707
5. രാമപുരം വടക്ക് ഐശ്വര്യ പ്രദായിനി എസ്.സി.ബി (ക്ലിപ്തം) നമ്പർ 1493
6. കണിച്ചുകുളങ്ങര എസ്.സി.ബി. (ക്ലിപ്തം) നമ്പർ 1179

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

7. വളമംഗലം എസ്.സി.ബി. (ക്ലിപ്തം) നമ്പർ 1444
8. ശ്രീകണ്ഠമംഗലം എസ്.സി.ബി. (ക്ലിപ്തം) നമ്പർ 974
9. നീലൂർ എസ്.സി.ബി.
10. കിഴത്തടിയൂർ എസ്.സി.ബി. 1995
11. പൊൻകുന്നം എസ്.സി.ബി. 527
12. ഏറ്റുമാന്നൂർ എസ്.സി.ബി. 4069
13. ചെങ്ങളം എസ്.സി.ബി
14. കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1348
15. മുണ്ടൂർ എസ്.സി.ബി.
16. ആറാട്ടുപുഴ എസ്.സി.ബി.
17. തൈക്കാട് സർവ്വീസ് സഹകരണ ബാങ്ക് എഫ് 7084
18. കുന്നംകുളം ടൗൺ മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1178
19. പുന്നപ്പാല സർവ്വീസ് സഹകരണ ബാങ്ക്
20. തിരുവാലി സർവ്വീസ് സഹകരണ ബാങ്ക്
21. താനാളൂർ സർവ്വീസ് സഹകരണ ബാങ്ക്
22. ആനക്കയം സർവ്വീസ് സഹകരണ ബാങ്ക്
23. ചെക്യാട് എസ്.സി.ബി.
24. ആയഞ്ചേരി AICOS
25. കുരാച്ചുണ്ട് അർബൻ സഹകരണ സംഘം
26. കരിവെള്ളൂർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1924
27. അഴീക്കോട് സൗത്ത് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1348
28. പീലിക്കോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

29. ഉദുമ പനയാൽ അർബൻ സി.എസ്.

30. തൃക്കരിപ്പൂർ അർബൻ സി.എസ്.

31. മുട്ടത്തൊടി എസ്.സി.ബി.

32. പെർഡാല എസ്.സി.ബി.

33. മജ്ബയിൽ എസ്.സി.ബി.

34. പെരുമ്പള എസ്.സി.ബി.

35. ചെമ്മനാട് എസ്.സി.ബി.

(ബി) ബാങ്കുകളിൽ പണയ വസ്തുവായി സൂക്ഷിച്ചിട്ടുള്ള സ്വർണ്ണ ഉരുപ്പടികൾ യഥാർത്ഥ സ്വർണ്ണമാണെന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 22/2016 സർക്കുലർ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനുപുറമേ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക നിർദ്ദേശ പ്രകാരം വായ്പേതര സഹകരണ സംഘങ്ങളിലെ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും വായ്പാ സംഘങ്ങളുടെ സ്വർണ്ണപ്പണയ പരിശോധന നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. എന്നാൽ വീണ്ടും സഹകരണ ബാങ്കുകളിൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നുവരുന്നതായി ആക്ഷേപമുയർന്ന സാഹചര്യത്തിൽ ആയത് തടയാൻ സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റിയെ രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്വം ടി കമ്മറ്റിക്കും സംഘത്തിലെ ഭരണസമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സിസ്റ്റം**

232 (6219) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സിസ്റ്റം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോർ ബാങ്കിംഗ് സംവിധാനം ആരംഭിച്ചത്എന്നാണെന്നും, നിലവിൽ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലാണ് ഇത് നടപ്പിലാക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) ഈ ആവശ്യത്തിലേക്കായി മുഖ്യമന്ത്രിയോ സഹകരണമന്ത്രിയോ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്തിട്ടുണ്ടോ;

(ഡി) കോർ ബാങ്കിംഗ് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികൾ സർക്കാരിന് പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയിൽ നിന്ന് സമർപ്പിച്ച പദ്ധതിപ്രകാരമാണ് നടപ്പാക്കുന്നതെന്നും ആകെ എത്ര കോടി രൂപ ചെലവ് വരുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സിസ്റ്റം നിലവിൽ വന്നിട്ടുണ്ട്. ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും 45 അർബൻ സഹകരണ സംഘങ്ങളിലും ബാങ്കുകൾക്കുള്ളിലെ കോർ ബാങ്കിംഗ് സൗകര്യം നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ സഹകരണ മേഖലയിൽ ആദ്യമായി കോർ ബാങ്കിംഗ് സംവിധാനം ആരംഭിച്ചത് 2004-ലാണ്. നിലവിൽ സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം നിലവിലുണ്ട്. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രാഥമിക സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ നടപ്പാക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

**സോഫ്റ്റ്‌വെയർ സുരക്ഷാ മാനദണ്ഡങ്ങൾ**

233 (6220) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നതിനായി സർക്കാരിനെ സമീപിച്ചിട്ടുള്ള IFTAS കമ്പനി സോഫ്റ്റ്‌വെയർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതായി ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്ട്‌വെയർ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് IFTAS-മായിട്ടുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. IFTAS സോഫ്റ്റ്‌വെയറിന്റെ സാങ്കേതികത സോഫ്റ്റ്‌വെയർ കോസ്റ്റ്, ആവർത്തനച്ചെലവ് തുടങ്ങിയവ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥതല കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി IFTAS കമ്പനി സോഫ്റ്റ്‌വെയർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നുകൂടി പരിശോധിക്കുന്നതാണ്.

**കാരമുക്ക് സർവീസ് സഹകരണ ബാങ്കിന് ധനസഹായം**

234 (6221) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിനും വികസനത്തിനുമുള്ള ധനസഹായ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 16-ന്റെ ധനസഹായത്തിനായി അപേക്ഷ ലഭിച്ചിരുന്നോ; പ്രസ്തുത അപേക്ഷ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്;

(സി) ഇവ പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിരുന്നു. കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 16-ന് സംഘത്തിന്റെ അപേക്ഷ പ്രകാരം ധനസഹായം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ബാങ്കിന്റെ കീഴിൽ ബയോഗ്യാസ് പ്ലാന്റും ജൈവ പച്ചക്കറി നഴ്സറിയും അടങ്ങുന്ന സംരംഭം 500 അംഗങ്ങളുടെ കുടുംബങ്ങളിൽ നടപ്പിലാക്കുന്നതിനായി ഒരു കോടി രൂപയുടെ പ്രോജക്ടാണ് സംഘം സമർപ്പിച്ചിട്ടുള്ളത്.

(സി) വികസനവും പുനരുദ്ധാരണവും പദ്ധതിയുടെ റൂൾ പ്രകാരം അനുവദിക്കുന്ന ധനസഹായവും സംഘം കൈപ്പറ്റി 2 വർഷത്തിനുള്ളിൽ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ.

## ടൂറിസം കോഴ്സുകൾ

235 (6222) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ളതും സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങൾ നടത്തുന്നതുമായ ടൂറിസം കോഴ്സുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോഴ്സുകൾ ഏറ്റെടുത്ത് നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ ബാധകമാണെന്ന് അറിയിക്കുമോ;

(സി) ഇത്തരം കോഴ്സുകൾ നടത്തുന്ന സ്വകാര്യ സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായമാണ് നല്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (FCI), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM) കോഴിക്കോട് എന്നീ മൂന്ന് സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലെ ഹോട്ടൽ വ്യവസായവുമായി ബന്ധപ്പെട്ട് കോഴ്സുകൾ നടത്തുന്നത്. കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (IHMCT) എന്ന സ്ഥാപനം കേന്ദ്ര സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള കോഴ്സുകൾ ഒന്നും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS)-ലും, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലും (FCI) നടത്തിവരുന്നില്ല. കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (IHMCT) എന്നിവ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ്

ടെക്നോളജിയുടെയും (NCHMCT) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സി റ്റിയുടെയും (IGNOU) അംഗീകാരത്തോടെ മൂന്ന് വർഷത്തെ ബി.എസ്.സി. ഹോസ്പിറ്റാലിറ്റി &ഹോട്ടൽ അഡ്മിനിസ്ട്രേഷൻ, കാറ്ററിംഗ് ഡിപ്ലോമ എന്നീ കോഴ്സുകൾ നടത്തിവരുന്നു.

(ബി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെയും (NCHMCT)-യുടെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് കോഴ്സുകൾ നടത്തുന്നത്.

(സി) ടൂറിസം വകുപ്പിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല. കോഴ്സുകളുടെ സിലബസ്, പരീക്ഷ എന്നിവ തീരുമാനിക്കുന്നത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പായതിനാൽ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് ലഭിക്കുന്ന നിവേദനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്.

## ടൂറിസം റെഗുലേറ്ററി അതോറിറ്റി

236 (6223) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണത്തിലൂടെ ടൂറിസം രംഗത്ത് എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണ രഹിതവുമാക്കുക എന്നതാണ് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണം വഴി വിഭാവനം ചെയ്യുന്നത്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവി ധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകും. വിനോദസഞ്ചാരികൾക്കുണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാദ്ധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകും.

## സുസ്ഥിര ടൂറിസം വികസനം

237 (6224) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുസ്ഥിര ടൂറിസം വികസനത്തിന് എന്തൊക്കെ കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സുസ്ഥിര ടൂറിസം വികസനത്തിലൂടെ നാടിന്റെ സുസ്ഥിര വികസനം കൈവരിക്കുന്നതിൽ ഉത്തരവാദിത്വ ടൂറിസത്തിന്റെ പങ്ക് കണക്കിലെടുത്ത് സംസ്ഥാനത്താകമാനം ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഗ്രാമീണ മേഖലയിലടക്കമുള്ള തദ്ദേശീയ ജനതയുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ടൂറിസം വകുപ്പിന്റെ ചുമതലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുന്നത്. ഭിന്നശേഷി സൗഹൃദമായി ടൂറിസം കേന്ദ്രങ്ങളെ മാറ്റുക, ഹോംസ്റ്റേ, ഫാംസ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക, പ്രാദേശിക ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം ചെയ്യാൻ സൗകര്യം ഒരുക്കുക, ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട യാത്രാനുഭവങ്ങൾ സമ്മാനിക്കാൻ കഴിയുംവിധം നൂതനമായി ടൂർ പാക്കേജുകൾ തയ്യാറാക്കി വിപണനം നടത്തുക, ഗ്രാമീണ ടൂറിസം പ്രോൽസാഹിപ്പിക്കുക, കല, സംസ്കാരം, പൈതൃകം, നാടൻ കളികൾ എന്നിവയെ ടൂറിസത്തിലൂടെ പ്രചരിപ്പിച്ച് സംരക്ഷിക്കുക, പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ്.

(ബി) ഇല്ല.

## മാലിന്യരഹിതമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ

238 (6225) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ മാലിന്യ രഹിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) വിവിധ ടൂറിസം സംരംഭകരുമായി ചേർന്ന് മാലിന്യ സംസ്കരണത്തിനായി സംയുക്ത പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ടൂറിസം മേഖലയിൽ പ്രകൃതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ ഉത്തരവാദിത്വ ടൂറിസം മിഷൻ ഒരു ടൂറിസം കേന്ദ്രത്തെയും മാലിന്യരഹിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഉണ്ട്. സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണത്തിനും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ എൻ.ജി.ഒ.കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടത്തിവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിലെ കായൽ പ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തനം നടത്തുന്ന ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള ദ്രവമാലിന്യ സംസ്കരണത്തിനായി ഓരോ "സ്വീവേജ്

ട്രീറ്റ്മെന്റ് പ്ലാന്റുകൾ (എസ്.റ്റി.പി)" സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ വിവിധ ഏജൻസിക ളുമായി ചേർന്ന് മാലിന്യ നിയന്ത്രണത്തിന് ബോധവൽക്കരണവും പദ്ധതികളും ആവിഷ്കരിച്ചു വരുന്നു. നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് സൗകര്യമൊരു ക്കുന്നതിന്റെ ഭാഗമായി ദേവികുളം ഗ്രാമ പഞ്ചായത്തിന് മാലിന്യ നിർമ്മാർജ്ജ നത്തിന് 45 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള വികസന പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്. നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെല്ലാം ഇത്തര ത്തിലുള്ളവയാണ്. ഗ്രീൻ പ്രോട്ടോക്കോൾ അടിസ്ഥാനമാക്കിയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് വൻകിട പദ്ധതികളടക്കം മുൻഗണന നൽകുന്നത്. പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന തരത്തിലുള്ള നിർമ്മാണം ഒഴിവാക്കുക, നിർമ്മാണ വസ്തുക്കൾ പരിസ്ഥിതി സൗഹൃദമാക്കുക എന്നിവയിലൂന്നിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഹൗസ് ബോട്ട് ക്ലാസ്സിഫിക്കേഷൻ, റെസ്റ്റോറന്റ്, ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ എന്നിവയും പരിസ്ഥിതി സൗഹാർദ്ദത്തിലൂന്നിയുള്ളതാണ്. ഇക്കോ ടൂറിസം, അഡ്വഞ്ചർ ടൂറിസം എന്നീ പദ്ധതികൾ പ്രകൃതി സൗഹൃദ നിർമ്മാണത്തിലൂന്നി യുള്ളവയാണ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെയും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെയും പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ കോർത്തിണക്കി "നോർത്ത് മലബാർ ടൂറിസം ഡെവലപ്മെന്റ് ഇൻഷ്യേറ്റീവ്" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഉത്തര മലബാറിലെ നദികളെ കേന്ദ്രീകരിച്ചുകൊണ്ട് പരിസ്ഥിതി സൗഹാർദ്ദമായ ഒരു റിവർ ക്രൂയിസ് സർക്യൂട്ട് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

## ആഭ്യന്തര/വിദേശ വിനോദസഞ്ചാരികൾ

239 (6226) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലാ വളർച്ചയ്ക്കായി ടൂറിസം വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും ആയതിനായി 2016-17, 2017-18 വർഷങ്ങളിൽ എത്ര തുകയുടെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കേരളത്തിലെത്തിയ ആഭ്യന്തര സഞ്ചാരികൾ എത്ര എന്നും വിനോദസഞ്ചാരികൾ എത്ര എന്നും വ്യക്തമാക്കുമോ;

(സി) ആഭ്യന്തര/വിദേശ സഞ്ചാരികളെ ആകർഷിക്കാനും അവരുടെ എണ്ണം വർദ്ധിപ്പിക്കാനും അതിലൂടെ സംസ്ഥാന ടൂറിസം മേഖലാ വളർച്ചയ്ക്കായി വകുപ്പ് നടത്താനുദ്ദേശിക്കുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

(ഡി) 2016-17, 2017-18 വർഷങ്ങളിൽ കേരളത്തിലെത്തിയ ആഭ്യന്തര/ വിദേശസഞ്ചാരികളിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച തുക എത്ര എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യം വികസനത്തിനും വിപണനത്തിനും പ്രാധാന്യം നൽകിയുള്ള വികസന പ്രവർത്തനങ്ങളാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

- ടൂറിസം വിപണനം ലക്ഷ്യമിട്ട് വിവിധ രാജ്യങ്ങളിൽ ടൂറിസം വകുപ്പ് വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു.
- കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ്‌ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി.
- നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കേരള ബ്ലോഗ് എക്സ്പ്രസ്സ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി.
- വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്ന തിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണ ത്തോടെ സംഘടിപ്പിച്ചു.
- ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനു കളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി.
- ടൂറിസം സെന്ററുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
- ഭിന്നശേഷി സൗഹൃദസൗകര്യങ്ങൾ
- ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കൽ

- ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകൾ, ടൂറിസം പോലീസ്, പോലീസ് എന്നിവരുടെ സേവനം
- ടൂറിസം സെന്ററുകളിൽ മുന്നറിയിപ്പ് ബോർഡുകൾ, സഞ്ചാരികൾക്കുള്ള അവബോധന ബോർഡുകൾ എന്നിവ സ്ഥാപിക്കൽ.
- ടൂറിസം സെന്ററുകളിൽ മാലിന്യ നിയന്ത്രണം, ശുചീകരണം എന്നിവയ്ക്കുള്ള പ്രത്യേകം പദ്ധതികൾ
- ബാരിയർ ഫ്രീ ടൂറിസം പദ്ധതി.
- വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം, പൊതു സ്വകാര്യ സംരംഭങ്ങൾ എന്നിവയുടെ പരിപോഷണവും പ്രോത്സാഹനവും
- വകുപ്പിന്റെ കീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഗ്രാമീണ ടൂറിസം വികസനവും തൊഴിൽ സാദ്ധ്യതയും ഉറപ്പാക്കൽ
- നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ഗോ കേരള ആപ്പ്, ലോവസ്റ്റ് യൂണിക് ബിഡ് എന്നീ വിപണന പരിപാടികൾ
- ഉത്തരവാദിത്വ ടൂറിസം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾക്ക് ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ
- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസ്സിഫിക്കേഷൻ സിസ്റ്റം.
- ഹൗസ് ബോട്ടുകളിൽ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തൽ.

ഇതിനായി 2016-17-ൽ 4,11,08,02,705 രൂപയുടെയും 2017-18-ൽ 3,71,37,09,287 രൂപയുടെയും പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) 2016, 2017 വർഷങ്ങളിൽ കേരളം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | വിനോദസഞ്ചാരികളുടെ എണ്ണം | |
|---|---|---|
| | ആഭ്യന്തരം | വിദേശം |
| 2016 | 13172535 | 1038419 |
| 2017 | 14673520 | 1091870 |

(സി) ആഭ്യന്തര/വിദേശസഞ്ചാരികളെ ടൂറിസം രംഗത്തേയ്ക്ക് ആകർഷിക്കാൻ ചുവടെ ചേർക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്:

- ആഗോളതലത്തിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- രാജ്യാന്തര പ്രസക്തിയുള്ള വ്യക്തിയെ ബ്രാൻഡ് അംബാസഡറാക്കി രാജ്യത്തിനകത്തും പുറത്തും പ്രചരണ പരിപാടികൾ സംഘടിപ്പിക്കും.
- നിലവിലുള്ള വിപണന തന്ത്രങ്ങൾ അവലോകനത്തിന് വിധേയമായി കാലോചിതമായി പരിഷ്കരിച്ച് പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കും.
- നിലവിലുള്ള പ്രധാന സ്രോതസ്സായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ ടൂറിസം വിപണി ശക്തിപ്പെടുത്തുന്നതിനോടൊപ്പം സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വടക്കേ അമേരിക്ക, പശ്ചിമേഷ്യ, കിഴക്കനേഷ്യ മേഖലകളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- ഇന്റർനെറ്റ് വഴിയുള്ള വിപണന തന്ത്രങ്ങൾ ശക്തിപ്പെടുത്തും.
- അന്താരാഷ്ട്ര ടൂറിസം മേളകളിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനോടൊപ്പം സ്വകാര്യ മേഖലയ്ക്ക് ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിനുള്ള ഉചിതമായ പ്രോത്സാഹനം നൽകും
- കേരള ടൂറിസം വെബ്സൈറ്റും കേരള ടൂറിസം മൊബൈൽ ആപ്പും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തും.

(ഡി) 2016 കലണ്ടർ വർഷം 29658.56 കോടി രൂപയും 2017 വർഷം 33383.68 കോടി രൂപയും ടൂറിസം മേഖലയിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചതായാണ് കണക്കുകൂട്ടിയിട്ടുള്ളത്. ഇതിൽ 2016 വർഷത്തെ വിദേശനാണ്യ വരുമാനം 7749.51 കോടി രൂപയും 2017 വർഷത്തെ വിദേശനാണ്യ വരുമാനം 8392.11 കോടി രൂപയുമാണ്.

## ടൂറിസം കേന്ദ്രങ്ങൾ കച്ചവട ലോബിയുടെ പിടിയിൽപ്പെടുന്ന സാഹചര്യം

240 (6227) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ കച്ചവട ലോബിയുടെ പിടിയിൽപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം കേന്ദ്രങ്ങളിൽ ഭക്ഷണത്തിന്റെയും മറ്റ് കച്ചവട സാധനങ്ങളുടെയും വിൽപ്പനയിൽ സഞ്ചാരികളെ ചൂഷണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ;

(സി) ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളെ അലോസരപ്പെടുത്തുന്ന തരത്തിലുള്ള കച്ചവട രീതികൾ അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടൂറിസം കേന്ദ്രങ്ങളിൽ ഭക്ഷണത്തിന്റെയും മറ്റ് കച്ചവട സാധനങ്ങളുടെയും വിൽപ്പനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിൽ വരുന്നതല്ല. ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതാണ് വിനോദസഞ്ചാര വകുപ്പ് ചെയ്യുന്നത്.

(സി) ടൂറിസം കേന്ദ്രങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണ്. ബന്ധപ്പെട്ട ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിയും തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിന്മേൽ ജാഗ്രത പുലർത്തുന്നുണ്ട്.

## തീർത്ഥാടന ടൂറിസം പദ്ധതി

241 (6228) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ മതസ്ഥരുടെ തീർത്ഥാടന കേന്ദ്രങ്ങളെയും സമീപമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തി തീർത്ഥാടന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കുമോ;

(ബി) ഇതര സംസ്ഥാനക്കാരെ ആകർഷിക്കുന്നതിനുവേണ്ടി ഇപ്രകാരമുള്ള ടൂറിസ്റ്റ് പാക്കേജുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഓരോ ജില്ലയിലെയും ഇത്തരം പാക്കേജുകൾ രാജ്യാന്തര ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് മുൻകയ്യെ ടുക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തീർത്ഥാടന കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന തിനുള്ള പദ്ധതി ഇപ്പോൾത്തന്നെ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തീർത്ഥാടന കേന്ദ്രങ്ങളെയും സമീപ വിനോദസഞ്ചാര കേന്ദ്രങ്ങളെയും ബന്ധപ്പെട്ടു ത്തിയുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ബി) വിനോദസഞ്ചാര വകുപ്പ് നേരിട്ട് ടൂറിസ്റ്റ് പാക്കേജുകൾ നടപ്പിലാക്കുന്നില്ല. വിനോദസഞ്ചാര വകുപ്പ് അക്രെഡിറ്റേഷൻ നൽകിയിട്ടുള്ള ടൂർ ഓപ്പറേറ്റർമാരുടെ വിശദാംശം ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഈ ടൂർ ഓപ്പറേറ്റർമാർ ടൂറിസ്റ്റ് പാക്കേജുകൾ ലഭ്യമാക്കുന്നുണ്ട്.

(സി) ടൂറിസം വകുപ്പ് പങ്കെടുക്കുന്ന രാജ്യാന്തര ടൂറിസം മേളകളിൽ ടൂർ ഓപ്പറേറ്റർമാർ ഇത്തരം പാക്കേജുകൾ അവതരിപ്പിക്കാറുണ്ട്.

**ഉത്തരവാദിത്വ ടൂറിസം മിഷൻ**

242 (6229) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഗ്രാമീണ മേഖലയിലടക്കമുള്ള തദ്ദേശീയ ജനതയുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ടൂറിസം വകുപ്പിന്റെ ചുമതലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുന്നത്.

ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി മാറ്റുക, ഹോംസ്റ്റേ, ഫാംസ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക, പ്രാദേശിക ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം ചെയ്യാൻ സൗകര്യം ഒരുക്കുക, ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട യാത്രാനുഭവങ്ങൾ സമ്മാനിക്കാൻ കഴിയുംവിധം നൂതനമായ ടൂർ പാക്കേജുകൾ തയ്യാറാക്കി വിപണനം നടത്തുക, ഗ്രാമീണ ടൂറിസം പ്രോൽസാഹിപ്പിക്കുക, കല, സംസ്കാരം, പൈതൃകം, നാടൻ കളികൾ എന്നിവയെ ടൂറിസത്തിലൂടെ പ്രചരിപ്പിച്ച് സംരക്ഷിക്കുക, പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ്.

(ബി) 2017 ആഗസ്റ്റ് മാസത്തിലാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾക്കായി 4.45 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**ഉത്തരവാദിത്വ ടൂറിസം മേഖലയിൽ വിദഗ്ദ്ധ തൊഴിൽ പരിശീലനം**

243 (6230) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തരവാദിത്ത ടൂറിസം മേഖലയിൽ വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകുന്നതിന് ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

നിലവിൽ പരിഗണനയിലില്ല. എന്നാൽ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഗ്രാമീണ മേഖലയിലെ ടൂറിസം കേന്ദ്രങ്ങളോടനുബന്ധിച്ച് 50,000 പേർക്ക് ഈ മേഖലയ്ക്ക് വരുമാനം ലഭ്യമാക്കുന്ന രീതിയിൽ പരിശീലനം നൽകാൻ പദ്ധതിയുണ്ട്. ഹോംസ്റ്റേ, ഫാംസ്റ്റേ, ടെന്റ് അക്കോമഡേഷൻ, ടൂർ ഗൈഡിംഗ്, ആർ.ടി.ഷോപ്പർ, വിവിധ കരകൗശല വസ്തു നിർമ്മാണം, ടൂർ പാക്കേജിംഗ്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നാടൻ കലകളുടെ പ്രോൽസാഹനം എന്നീ തലങ്ങളിൽ പരിശീലനം നൽകിവരുന്നു.

## ടൂറിസം സാദ്ധ്യതകളെക്കുറിച്ച് പഠിക്കുന്നതിന് നടത്തിയ സന്ദർശനങ്ങൾ

244 (6231) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ടൂറിസം സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനും നിലവിലുള്ള ടൂറിസം വികസിപ്പിക്കുന്നതിനുമായി ഏതെല്ലാം ഉദ്യോഗസ്ഥർ, ഏതെല്ലാം ജില്ലകളിൽ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സന്ദർശനങ്ങൾമൂലം ഉണ്ടായ മാറ്റങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സന്ദർശനങ്ങൾക്കായി എത്ര തുക ചെലവായി ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സന്ദർശനങ്ങളെത്തുടർന്ന് നടപ്പാക്കാൻ പോകുന്ന പുതിയ ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം സാദ്ധ്യതകളെക്കുറിച്ച് പഠിക്കുന്നതിനും നിലവിലുള്ള ടൂറിസം വികസിപ്പിക്കുന്നതിനുമായി വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ സന്ദർശനം നടത്തിയിട്ടില്ല.

## ആരോഗ്യ വിനോദസഞ്ചാര മേഖലയിൽ പദ്ധതികൾ

245 (6232) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വിനോദസഞ്ചാര മേഖലയിൽ കേരളത്തെ മുൻ നിരയിലെത്തിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതിന് മാത്രമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ കേരളത്തിനകത്ത് പ്രവർത്തിക്കുന്ന ആയുർവേദ കേന്ദ്രങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി വിനോദസഞ്ചാര വകുപ്പ് ആയുർവേദ ക്ലാസ്സിഫിക്കേഷൻ പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ ആയുർവേദത്തിന്റെ സാദ്ധ്യതകൾ വിദേശീയരിൽ എത്തിക്കുന്നതിനും അതുവഴി കേരളത്തിലേയ്ക്കുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

## മലബാർ മേഖലയിലെ ടൂറിസം വ്യവസായം

246 (6233) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ടൂറിസം വ്യവസായം ശക്തിപ്പെടുത്തുവാനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാനും നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) ബേക്കലിന്റെയും സമീപപ്രദേശങ്ങളിലേയും വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുവാൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തി മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് എന്ന ഒരു പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഈ പദ്ധതി പ്രദേശത്തെ ജനപ്രതിനിധികൾ, ടൂറിസം സംരംഭകർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരിൽ നിന്നുള്ളതടക്കം അഭിപ്രായങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ 325 കോടി രൂപയുടെ പദ്ധതി രൂപരേഖയുടെ ആദ്യഘട്ടമെന്ന നിലയിൽ 100 കോടി രൂപ അനുവദിക്കാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ വികസനത്തിനായി കേരള സർക്കാർ 37.21 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന താഴെ വിവരിച്ചിട്ടുള്ള പ്രദേശങ്ങളിലെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

1. പദ്ധതിയിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ

(a) കണ്ണൂർ ജില്ല.

മാഹിപ്പുഴ, അഞ്ചരക്കണ്ടി

വളപട്ടണം, പഴയങ്ങാടി, കുപ്പം നദി

പറശ്ശനിക്കടവ്, കരിയാട്

പെരിങ്ങത്തൂർ മൊന്താൽ, ചമ്പാട്

ധർമ്മടം, പാറപ്രം, പിണറായി കമ്പനിമെട്ട

(b) കാസർഗോഡ് ജില്ല.

മാവിലാ കടപ്പുറം, മാടക്കൻ, കോട്ടപ്പുറം

2. കേരള സർക്കാർ അംഗീകരിച്ച് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ച പദ്ധതികൾ

1. ബോട്ട് ടെർമിനൽ പറശ്ശിനിക്കടവ് ₹ 4,88,80,000
2. ബോട്ട് ടെർമിനൽ പഴയങ്ങാടി ₹ 3,00,00,000
3. ബോട്ട് ടെർമിനൽ കരിയാട് ₹ 3,47,82,682
4. ബോട്ട് ടെർമിനൽ പെരിങ്ങത്തൂർ ₹ 1,11,43,432
5. ബോട്ട് ജെട്ടി, മൊന്താൽ ₹ 1,11,43,432
6. ബോട്ട് ജെട്ടി, ചമ്പാട് ₹ 94,55,700
7. ബോട്ട് ടെർമിനൽ ധർമ്മടം ₹ 3,20,33,932
8. ബോട്ട് ടെർമിനൽ പാറപ്പുറം ₹ 3,47,82,682
9. ബോട്ട് ടെർമിനൽ പിണറായി കമ്പനിമെട്ട ₹ 3,47,82,682
10. ബോട്ട് ടെർമിനൽ മാവില കടപ്പുറം ₹ 3,27,65,100
11. ബോട്ട് ടെർമിനൽ കോട്ടപ്പുറം ₹ 8,25,00,000
12. ബോട്ട് ജെട്ടി മാടക്കൽ ₹ 98,40,525

ഇതിൽ പറശ്ശിനിക്കടവ്, പഴയങ്ങാടി പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉത്തര മലബാർ മേഖലയിലെ ടൂറിസം വ്യവസായം ശക്തിപ്പെടുത്തുവാനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാനും ബി.ആർ.ഡി.സി.യും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി (SMILE-Small And Medium Industries Leveraging Experiential Tourism)

2. അടിസ്ഥാന സൗകര്യ വികസനം-ടീ-ബ്രേക്ക് പദ്ധതി (പ്രധാന പാതയോരങ്ങളിലും ടൂറിസം കേന്ദ്രങ്ങളിലും ടോയ്‌ലെറ്റ്, ടീ ഷോപ്പ്, ക്യൂരിയോഷോപ്പ് എന്നിവയടങ്ങുന്ന യൂണിറ്റുകൾ)

3. ഉത്തര മലബാറിന്റെ വിശിഷ്ടമായ പ്രത്യേകതകളെക്കുറിച്ചുള്ള 10 വീഡിയോ ബ്രോഷറുകളുടെ നിർമ്മാണം.

4. വെർച്വൽ ടൂർ ഗൈഡ് പദ്ധതി (വിനോദസഞ്ചാരികൾക്ക് ഉത്തര മലബാറിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ചരിത്രവും മറ്റ് പ്രത്യേകതകളും മൊബൈലിലും കമ്പ്യൂട്ടർ ഉപകരണങ്ങളിലും ലഭ്യമാകുന്ന പദ്ധതി)

(ബി) പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

## ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ

247 (6234) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ടൂറിസം ഡെസ്റ്റിനേഷനുകളാണ് ഉള്ളതെന്നും ഒരു പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ടൂറിസം ഡെസ്റ്റിനേഷനുകളുടെ മേൽനോട്ടത്തിനും നടത്തിപ്പിനുമായി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിവാരണത്തിനും ശുചിത്വത്തിനുമായി ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;വിശദാംശം നൽകുമോ?

### ഉത്തരം

(എ) 4-2-2011-ലെ 874/2011/ ടി.എസ്.എം. നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകൾ അനുസരിച്ചാണ് ഒരു പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നത്. നിലവിൽ 68 ടൂറിസം ഡെസ്റ്റിനേഷനുകളാണുള്ളത്.

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉണ്ട്. ഡെസ്റ്റിനേഷനുകളുടെ നടത്തിപ്പും മേൽനോട്ടവുമാണ് പ്രധാനമായും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന്റെ ചുമതലയിലുള്ളത്. 15-8-2008-ലെ ജി.ഒ. (എംഎസ്.) 232/2008/ടി.എസ്.എം. നമ്പരായുള്ള സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഇവ രൂപീകരിക്കുന്നത്.

(സി) ഉണ്ട്. സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ എൻ.ജി.ഒ.കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടത്തിവരുന്നു. നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ദേവികുളം ഗ്രാമപഞ്ചായത്തിന് മാലിന്യ നിർമ്മാർജ്ജനത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിലെ കായൽ പ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തനം നടത്തുന്ന ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള ദ്രവമാലിന്യ സംസ്കരണത്തിനായി ഓരോ "സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (എസ്.റ്റി.പി.)" സ്ഥാപിച്ചിട്ടുണ്ട്.

**ഇക്കോ ടൂറിസം പദ്ധതികൾ**

248(T6235) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ ഇക്കോ ടൂറിസം പദ്ധതികൾക്കായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതി വിദ്യാഭ്യാസത്തിനും, സന്ദർശകരുടെ സുരക്ഷയ്ക്കും പ്രത്യേക ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ;

---
T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) വനാശ്രിത സമുദായങ്ങളെ പ്രത്യേകിച്ച് ആദിവാസി യുവാക്കളെ ഇക്കോ ടൂറിസം ഗൈഡുകളായി പരിശീലിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ;

(ഡി) ഇക്കോ ടൂറിസത്തിന്റെ ഭാഗമായി വനമേഖലയിലെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൊണ്ട് പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതത്തെ കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചുവടെപ്പറയുന്നവയാണ് വനമേഖലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ :

a. Light and sound show at Thenmala

b. Improvement of Muttara Maruthimala Eco Tourism Projects in Veliyam Panchayath

c. Carrying Capacity Studies in Eco tourism Areas

d. Improvement of facilities for visitors-Construction of Cafeteria cum Amenity center at boat landing, Thekkady

e. Expansion of the Eco tourism activities at silent Valley, Rhodovalley and Meesappulimala in Munnar

f. Promotional Tools for the Eco Adventure Tourism (ICT Tools)

g. Development of Tourism Amenities in Eravikulam National Park-In Anticipation of 2018 Kurinji Flowering Phase I

(ബി) പരിസ്ഥിതി വിദ്യാഭ്യാസം, സുരക്ഷ എന്നിവയിൽ പരിശീലനം ലഭിച്ചിട്ടുള്ള ടൂറിസം ഗൈഡുകളുടെ സേവനം, ഇന്റർപ്രട്ടേഷൻ സെന്ററുകൾ എന്നിവയിലൂടെ പരിസ്ഥിതി വിദ്യാഭ്യാസത്തിനും സുരക്ഷയ്ക്കും ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) പഠന പരിശീലന പരിപാടികൾ കിറ്റ്സ് വഴി നടത്തി വരുന്നുണ്ട്. നിലവിൽ ഗൈഡായി ജോലി ചെയ്യുന്നവർക്ക് ഇതിനകംതന്നെ പരിശീലനം ലഭിച്ചിട്ടുണ്ട്.

(ഡി) അത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല. വന നിയമങ്ങൾക്കനുസൃതമായി മാത്രമാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. നിലവിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം പരിസ്ഥിതിക്ക് ആഘാതങ്ങളില്ല. വനം വകുപ്പുമായിച്ചേർന്ന് Carrying Capacity Studies in Eco Tourism Areas എന്ന പഠനം നടത്തുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.

## അതിരപ്പിള്ളി-വാഴച്ചാൽ ഇക്കോ ടൂറിസം ഗൈഡുകളുടെ വേതന വർദ്ധനവ്

249 (T6236)ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി-വാഴച്ചാൽ ഇക്കോ ടൂറിസം ഗൈഡുകളുടെ വേതന വർദ്ധനവിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വർദ്ധിപ്പിച്ച വേതനം എത്രയാണെന്നും വർദ്ധനവ് എന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും അറിയിക്കുമോ;

(സി) ഇക്കോ ടൂറിസം ഗൈഡുകളുടെ വേതന വർദ്ധനവ് സംബന്ധിച്ച കൃത്യമായ മാർഗ്ഗനിർദ്ദേശം സംസ്ഥാനതലത്തിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത മേഖലയിൽ ജി.എസ്.ടി. നടപ്പിലാക്കുന്നതിന് കേന്ദ്രീകൃത നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## കെ.ടി.ഡി.സി ഹോട്ടലുകളിൽ നിന്ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക

250 (6237) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി. ഹോട്ടലുകൾക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മസ്കറ്റ് ഹോട്ടലിന് ലഭിക്കാനുള്ള കുടിശ്ശികയായ 1,96,37,623 രൂപ പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ; ഇതിൽ പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) മാനദണ്ഡവിരുദ്ധമായ ഇടപെടലുകളിലൂടെ കെ.ടി.ഡി.സി.യുടെ കുടിശ്ശിക തുക വർദ്ധിക്കുന്നതിന് കാരണക്കാരാകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ വകുപ്പ് തയ്യാറാകുമോ?

(ഡി) കെ.ടി.ഡി.സി.-യുടെ കുടിശ്ശിക തുക വർദ്ധിക്കുന്നത് തടയുവാൻ പ്രത്യേകം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കെ.ടി.ഡി.സി. ഹോട്ടലുകൾക്ക് പിരിഞ്ഞുകിട്ടാനുള്ള ആകെ തുക 448 ലക്ഷം രൂപയാണ്.

(ബി) ഉണ്ട്. മസ്കറ്റ് ഹോട്ടലിന് ലഭിക്കാനുള്ള തുകയിൽ ഏറെയും സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നാണ്. ഇത് പിരിച്ചെടുക്കുന്നതിന് മസ്കറ്റ് ഹോട്ടലിൽ ഉള്ള ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ കടം പിരിച്ചെടുക്കുന്നതിന് ബില്ലിന്റെ കോപ്പി സഹിതം സ്റ്റേറ്റ്മെന്റ് എടുത്ത് വിശദീകരണമുൾപ്പെടെ ഡിപ്പാർട്ട്മെന്റ് തലത്തിലും ഇൻസ്റ്റിറ്റ്യൂഷൻ തലത്തിലും അയച്ചുകൊടുത്തിട്ടുണ്ട്. പല ഡിപ്പാർട്ട്മെന്റും ഈ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ കടം തീർക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. 1,96,37,623 രൂപ കിട്ടാനുണ്ടായിരുന്നതിൽ 32 ലക്ഷം രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ മന:പൂർവ്വം ഉദ്ദേശ്യശുദ്ധിയില്ലാതെ ഉദ്യോഗസ്ഥർ കടം നൽകിയിട്ടുണ്ടെങ്കിൽ പരിശോധിച്ച് അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 1. സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്ക് കടം കൊടുക്കുന്നത് നിർത്തലാക്കിയിട്ടുണ്ട്.

2. സ്വകാര്യ സ്ഥാപനങ്ങൾക്ക് കടം കൊടുത്തിട്ടുള്ള മാനേജർമാർ അത് നിശ്ചിത സമയത്തിനുള്ളിൽ പിരിച്ചെടുത്തില്ലെങ്കിൽ അതിനുള്ള ബാദ്ധ്യത അവരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. അവരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിനുള്ള വ്യവസ്ഥയും ഉണ്ടാക്കിയിട്ടുണ്ട്.

**വയനാട് ജില്ലയ്ക്ക് മാത്രമായി വിനോദസഞ്ചാര മാസ്റ്റർപ്ലാൻ**

251(6238) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയ്ക്ക് മാത്രമായി വിനോദസഞ്ചാര മാസ്റ്റർപ്ലാൻ തയ്യാറാക്കുമോയെന്നറിയിക്കാമോ;

(ബി) ആദിവാസികൾ പൈതൃകമായി ആരാധിച്ചുവരുന്ന കാവുകൾ, പൈതൃക ഭവനങ്ങൾ എന്നിവ ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് സംരക്ഷിക്കാൻ തയ്യാറാകുമോ;

(സി) ഡി.റ്റി.പി.സി-യുടെ നേതൃത്വത്തിൽ പത്ത് വർഷത്തിൽ കൂടുതൽ ദിവസക്കൂലിയടിസ്ഥാനത്തിൽ ടൂറിസം സെന്ററുകളിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കാവുന്നതാണ്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ഡി.ടി.പി.സി.യിൽ സ്ഥിരം തസ്തികകൾ നിലവിൽ ഇല്ലാത്തതിനാലും നിലവിലെ ചട്ടപ്രകാരവും ഇവരെ സ്ഥിരപ്പെടുത്താൻ സാധിക്കുകയില്ല.

**നെന്മാറ നിയോജക മണ്ഡലത്തിൽ ഇക്കോ ടൂറിസം പദ്ധതി**

252 (6239) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഇക്കോ ടൂറിസം പ്രോഗ്രാംസ് ഇൻ നെല്ലിയാമ്പതി ഹിൽസ് എന്ന പദ്ധതിക്കായി 28,60,000 രൂപയുടെ ഭരണാനുമതി 2012-ൽ നൽകിയിരുന്നു. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

1. സെറ്റിംഗ് അപ് ഓഫ് ഇൻഫർമേഷൻ സെന്റർ കം ക്ലോക്ക് റൂം
2. റെനവേഷൻ ഓഫ് എക്സിസ്റ്റിംഗ് അക്കോമഡേഷൻ ഫെസിലിറ്റി

3. ട്രീ സൈനേജസ് & ഇന്റർപ്രിട്ടേഷൻസ്
4. ഇൻഫർമേഷൻ ബോർഡ്സ്
5. സൈൻ ബോർഡ്സ്
6. റാഫ്റ്റിംഗ് ഇൻ തുത്താൻപാറ ലേക്ക്
7. ടെലസ്കോപ്പ് സ്റ്റേഷൻ അറ്റ് വാച്ച് ടവർ
8. ടെൻഡഡ് ക്യാമ്പിംഗ് പ്ലാറ്റ്ഫോം
9. ലൈറ്റിംഗ് എക്യുപ്മെന്റ്സ്
10. ക്യാംപിംഗ് എക്യുപ്മെന്റ്സ്
11. ടോയ്‌ലെറ്റ് ബ്ലോക്ക്സ് ഫോർ ക്യാമ്പിംഗ്
12. ഡൈനിംഗ് ഫെസിലിറ്റി അറ്റ് പൊതുമല
13. പവർ ഫെൻസിംഗ് ഫോർ ക്യാമ്പിംഗ്
14. ബൈനോക്കുലേഴ്സ്, ക്യാമറ തുടങ്ങിയവ
15. സഫർ വെഹിക്കിൾ ഫോർ വെഹിക്കിൾ ട്രെക്ക്

ഇതിൽ സെറ്റിംഗ് അപ് ഓഫ് ഇൻഫർമേഷൻ സെന്റർ കം ക്ലോക്ക് റൂം, റെനവേഷൻ ഓഫ് എക്സിസ്റ്റിംഗ് അക്കോമഡേഷൻ ഫെസിലിറ്റി, സൈൻ ബോർഡ്സ്, ടോയ്‌ലെറ്റ് ബ്ലോക്ക്സ് ഫോർ ക്യാമ്പിംഗ്, ബൈനോക്കുലേഴ്സ്, ക്യാമറ തുടങ്ങിയവ, സഫർ വെഹിക്കിൾ ഫോർ വെഹിക്കിൾ ട്രെക്ക് എന്നീ ഘടകങ്ങൾ നടപ്പിലാക്കി യിട്ടുണ്ട്.

**ആലപ്പുഴ കനാൽക്കരകളിലെ ഹട്ടുകളും കടമുറികളും**

253 (6240) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി.-യുടെ നിയന്ത്രണത്തിലുള്ളതും ആലപ്പുഴ കനാൽക്കരകളിൽ നിർമ്മിച്ചിട്ടുള്ളതുമായ ഹട്ടുകളുടെയും കടമുറികളുടെയും നിലവിലുള്ള കരാർ കാലാവധി എന്ന് അവസാനിക്കുമെന്നും ഓരോ സ്ഥാപനത്തിന്റെ നിലവിലെ വാടകയും അഡ്വാൻസ് തുകയും എത്ര വീതമെന്നും പ്രത്യേകം ലഭ്യമാക്കുമോ;

(ബി) ജില്ലയിലെ ടൂറിസം സംഘങ്ങൾക്ക് പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്നതിന് എന്തെല്ലാം ഇളവുകളാണ് അനുവദിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിർമ്മാണം പൂർത്തീകരിച്ചതും വർഷങ്ങളായി അടച്ചിട്ടിരിക്കുന്നതുമായ മുറി ആവശ്യപ്പെട്ട് ടൂറിസം സഹകരണ സംഘം നൽകിയ അപേക്ഷയിൽ [08-VIP (Co-op TSM & DEV) 2016] എന്തു തീരുമാനം കൈക്കൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഡി.ടി.പി.സി-യുടെ സ്ഥാപനങ്ങൾ സുതാര്യമായ നിലയിൽ ഇളവുകളോടുകൂടി നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ആലപ്പുഴ കൊമേഴ്സ്യൽ കനാൽ, വാടക്കനാൽ കനാൽ കരകളിലെ കടമുറികൾ സംസ്ഥാന ടൂറിസം മന്ത്രി ചെയർമാനായ ആലപ്പുഴ കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ്. ടി കടമുറികളിൽ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി വാടകയ്ക്ക് നൽകിയിട്ടുള്ള 62 കടമുറികളും ടെണ്ടർ ചെയ്ത് നൽകിയിട്ടുള്ള 27 കടമുറികളും ഉണ്ട്. പുനരധിവാസ പദ്ധതിയിൽപ്പെടുത്തി വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടക എന്നിവ താഴെപ്പറയും പ്രകാരമാണ്.

വാടക്കനാൽ

| | | |
|---|---|---|
| കടമുറികളുടെ എണ്ണം | - | 24 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | - | 10,000 രൂപ |
| വാടക | - | 625 രൂപ |

കൊമേഴ്സ്യൽ കനാൽ

| | | |
|---|---|---|
| കടമുറികളുടെ എണ്ണം | - | 38 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | - | 10,000 രൂപ |
| വാടക | - | 500 രൂപ |

ടെണ്ടർ ചെയ്ത് നൽകിയ കടമുറികളുടെ വിവരങ്ങൾ

കൊമേഴ്സ്യൽ കനാൽ

| | | |
|---|---|---|
| കടമുറികളുടെ എണ്ണം | - | 22 |

വാടക്കനാൽ

| | | |
|---|---|---|
| കടമുറികളുടെ എണ്ണം | - | 5 |

കരാർ കാലാവധി 2018 മാർച്ച് 31-ന് അവസാനിക്കും. ടെണ്ടർ ചെയ്ത വാടകയും അഡ്വാൻസ് തുകയും സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ടൂറിസം സംഘങ്ങൾക്ക് പ്രത്യേക ഇളവുകൾ നിലവിൽ നൽകുന്നില്ല.

(സി) അപേക്ഷയിൽ പറയുന്ന കടമുറി മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ളതാണെന്നതിനാലും നിലവിലെ നടപടി ക്രമപ്രകാരം ഒഴിവു വരുന്ന കടമുറികൾ ടെണ്ടർ നടപടിക്രമം പാലിച്ചും മാത്രമാണ് വാടകയ്ക്ക് നൽകുന്നതെന്നതിനാലും കടമുറിയുമായി ബന്ധപ്പെട്ട് (നമ്പർ WP(C).No. 31270 of 2015 (G) കടമുറി ടെണ്ടർ ചെയ്ത് നൽകണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലനിൽക്കുന്നതിനാലും അപേക്ഷ പരിഗണിക്കാൻ കഴിയുന്നതല്ല.

(ഡി) നിലവിൽ പരിഗണനയിലില്ല.

**വളന്തകാട് ദ്വീപിന്റെ പരിസ്ഥിതി സൗഹൃദ**
**വിനോദസഞ്ചാര സാദ്ധ്യതകൾ**

254 (6241) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ വളന്തകാട് ദ്വീപിന്റെ പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര സാധ്യതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ദ്വീപിനെ ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

**ആറാട്ടുപുഴ പഞ്ചായത്തിലെ നാലുമണിക്കാറ്റ് പ്രോജക്ട്**

255 (6242) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നാലുമണിക്കാറ്റ് എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും ശിപാർശ/പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം പദ്ധതി രൂപരേഖ ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**അതിരപ്പിള്ളി-വാഴച്ചാൽ-തുമ്പൂർമൂഴി ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി**

256 (6243) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജക മണ്ഡലത്തിലെ അതിരപ്പിള്ളി-വാഴച്ചാൽ-തുമ്പൂർമൂഴി ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മറ്റി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിന് അനുമതി നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 10-10-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 288/11/ടി.എസ്.എം. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള അതിരപ്പിള്ളി-വാഴച്ചാൽ-തുമ്പൂർമൂഴി ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിയാണ് നിലവിലുള്ളത്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

**കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

257 (6244) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന് കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ക്ഷേത്ര കുളങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി 2017 ജനവരി മുതൽ ചെലവഴിച്ച ഫണ്ടുകൾ ജില്ലതിരിച്ച് വിശദീകരിക്കാമോ;

(സി) ഒരു ക്ഷേത്രക്കുളം സംരക്ഷിക്കുന്നതിന് പരമാവധി എത്ര രൂപ ചെലവഴിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഒരു കുളത്തിന്റെ നവീകരണത്തിന് പരമാവധി 30 ലക്ഷം രൂപയിൽ കവിയാൻ പാടില്ല എന്നാണ് വ്യവസ്ഥ.

**കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് ദേവസ്വം വകുപ്പ് മുഖേന പദ്ധതി**

258 (6245) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന് കീഴിൽ വരുന്ന അമ്പലങ്ങളിലെ കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ദേവസ്വം വകുപ്പ് മുഖേന എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. പദ്ധതിയുടെ നിബന്ധനകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകുന്ന സാമ്പത്തിക സഹായം**

259 (6246) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തികസഹായം വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മറ്റ് ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇവർക്കുള്ള സാമ്പത്തികസഹായവും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആചാര പ്രകാരം മറ്റ് തൊഴിലുകൾക്ക് പോകാൻ സാധിക്കാത്ത ഈ വിഭാഗത്തിലുള്ളവർക്ക് നൽകി വരുന്ന സാമ്പത്തിക സഹായം മറ്റ് ക്ഷേമ പെൻഷനുകളെപ്പോലെ വർദ്ധിപ്പിച്ചുനൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകി വരുന്ന പ്രതിമാസ ധനസഹായ പദ്ധതി പ്രകാരം കോലധാരികൾക്ക് 700 രൂപയും ആചാരസ്ഥാനികർക്ക് 800 രൂപയുമാണ്.

(ബി&സി) പ്രസ്തുത ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിനും പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കി ലഭ്യമായ അപേക്ഷകളടക്കം പുനഃപരിശോധന നടത്തി 2018 മാർച്ച് 31-ന് മുമ്പ് പട്ടിക സർക്കാരിന് സമർപ്പിക്കാൻ മലബാർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കാൻ നടപടി**

260 (6247) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തായിരുന്നു;

(ബി) ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചാൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ശബരിമലയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) വർഷം തോറും സംസ്ഥാനത്തിന് പുറത്ത് നിന്നും ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്ന മണ്ഡല-മകരവിളക്ക് കാലത്ത് അവർക്ക് ആവശ്യമായ സഹായം നൽകുന്നതിന് സംസ്ഥാനാതിർത്തിയിൽ ഇൻഫർമേഷൻ കം ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് മുൻ സർക്കാരിന്റെ ഭരണ കാലത്ത് 14-5-2015-ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന് കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. 2017-18-ലെ ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനോടനുബന്ധിച്ച് ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ യോഗത്തിലെടുത്ത തീരുമാനമനുസരിച്ച് 22-1-2018-ന് ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിച്ച് കത്ത് നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സഹായത്തോടെ തീർത്ഥാടകർക്ക് അന്തർദ്ദേശീയ നിലവാര ത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ഡി) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് നടത്തിയിട്ടുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ യോഗങ്ങളിൽ കൺട്രോൾ റൂമുകൾ പ്രവർത്തിപ്പിക്കാൻ സംസ്ഥാനങ്ങൾ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടകർക്ക് മതിയായ സൗകര്യങ്ങളൊരുക്കുന്നതിനായി ഇടത്താവള സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടി തുടർന്നുവരികയാണ്.

## മേജർ പിരപ്പൻകോട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ക്ഷേത്രകലാപീഠത്തിന്റെ സബ്സെന്റർ

261 (6248) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലെ മേജർ പിരപ്പൻകോട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ക്ഷേത്രകലാപീഠത്തിന്റെ സബ് സെന്റർ പ്രവർത്തി ച്ചിരുന്നുവോയെന്നറിയിക്കുമോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) നിലവിൽ ഈ സബ് സെന്റർ ക്ഷേത്രത്തിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം വിശദീകരിക്കാമോ;

(സി) ഈ സബ് സെന്റർ ക്ഷേത്രത്തിൽ പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 1993 മുതൽ 2006 വരെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ മേജർ പിരപ്പൻകോട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ പ്രവർത്തിച്ചിരുന്ന ക്ഷേത്രകലാപീഠം സ്ഥലസൗകര്യം കുറവായതിനാൽ മാറ്റിയിരുന്നു.

(സി) വൈക്കത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ നിലവിൽ ക്ഷേത്രകലാപീഠം പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ മേജർ പിരപ്പൻകോട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ക്ഷേത്രകലാപീഠത്തിന്റെ സബ് സെന്റർ പുനഃസ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം

262 (6249) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) മണലൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് 2017-18 വർഷം ഇതുവരെ എത്ര ധനസഹായം നൽകി; ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുക എത്രയെന്ന് ക്ഷേത്രങ്ങളുടെ പേര് സഹിതം അറിയിക്കാമോ;

(സി) പ്രസ്തുത ക്ഷേത്രങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ചുമതലക്കാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ദേവസ്വം ബജറ്റിനനുസരിച്ചും ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് ക്ഷേത്ര പുനരുദ്ധാരണം, അറ്റകുറ്റപ്പണികൾ എന്നിവ നടത്തിവരുന്നത്.

(ബി) ഗുരുവായൂർ ദേവസ്വത്തിൽ നിന്നും തൃശ്ശൂർ ജില്ലയിലെ 135 ക്ഷേത്രങ്ങൾക്കായി 2017-18 വർഷം മൊത്തം 79,85,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ഗുരുവായൂർ ദേവസ്വത്തിൽ ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം

263(6250) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ബോർഡ് രൂപീകരിച്ചതിനുശേഷം ദേവസ്വം ബോർഡിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത റിക്രൂട്ട്മെന്റ് ബോർഡിനെ അഴിമതി മുക്തമാക്കുന്നതിന് എന്തെങ്കിലും മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയിലേയ്ക്ക് എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തി റാങ്ക് പട്ടിക തയ്യാറാക്കി അതിൽ നിന്നും 140 പേരെയും ആനശേവുകം തസ്തികയിലേയ്ക്ക് പ്രാക്ടിക്കൽ പരീക്ഷയും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി 14 പേരെയും സംവരണക്രമം പാലിച്ച് നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഓവർസിയർ ഗ്രേഡ് - 3 (സിവിൽ) എന്നീ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും യഥാക്രമം 25-2-2018, 4-3-2018 തീയതികളിൽ OMR പരീക്ഷ നടത്തുകയും ചെയ്തു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ്-4 തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 14-2-2018-ൽ പുറപ്പെടുവിച്ച് തുടർ നടപടി കൈക്കൊണ്ടുവരികയാണ്. കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി, കഴകം, വിവിധ ക്ഷേത്ര വാദ്യക്കാർ അടക്കം ഒൻപത് തസ്തികകളിലേയ്ക്കുള്ള വിജ്ഞാപനങ്ങൾ ഉടൻ പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മാതൃകയിൽ പ്രവർത്തിച്ചു വരുന്ന കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ സംബന്ധിച്ച് പരാതികളോ അഴിമതി ആരോപണങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൂജാരിമാരായ അബ്രാഹ്മണർ**

264 (6251) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ എത്ര അബ്രാഹ്മണർ പൂജാരിമാരായി സേവനം അനുഷ്ഠിക്കുന്നുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ 218 അബ്രാഹ്മണർ പൂജാരിമാരായി സേവനം അനുഷ്ഠിക്കുന്നുണ്ട്.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം**

265(6252) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് ദേവസ്വം ബോർഡ് മുഖേന ഈ സർക്കാർ ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. ജീർണ്ണോദ്ധാരണ ധനസഹായം അനുവദിച്ച ആലത്തൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കാപ്പിൽ ക്ഷേത്രത്തിന്റെ നീരാട്ടുകടവ്**

266 (6253) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വത്തിന് കീഴിൽ വർക്കല ഗ്രൂപ്പിൽപ്പെട്ട കാപ്പിൽ ശിവക്ഷേത്രത്തിന്റെയും ഭഗവതി ക്ഷേത്രത്തിന്റെയും നീരാട്ടുകടവ് ഇടിഞ്ഞ് കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കടവിന്റെ പടികൾ കെട്ടി സുരക്ഷിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ശിവക്ഷേത്രത്തിന്റെ പടിഞ്ഞാറും വടക്കും യഥാക്രമം 40, 41 മീറ്റർ നീളത്തിലും വീതിയിലും ചുമര് നിർമ്മിക്കുവാൻ 9-11-2006-ൽ റ്റി.173/06-07 പ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(സി) ദേവസ്വം കുളവും കാവും സംരക്ഷിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കാപ്പിൽ ക്ഷേത്രക്കുളവും കാവും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ക്ഷേത്രത്തിന്റെ വടക്കുഭാഗം തുറസ്സായതിനാൽ മതിൽ നിർമ്മിക്കുന്നതിന് എന്തെങ്കിലും കോടതി നിർദ്ദേശം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 14-6-2011-ലെ ROC 2526/01/എം നമ്പർ പ്രകാരം സെക്രട്ടറി ചീഫ് എഞ്ചിനീയർക്ക് നല്കിയ കത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത കടവിന്റെ പടികൾ കെട്ടി സുരക്ഷിതമാക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ്സ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറുകാർ മുന്നോട്ടു വരാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കോടതിയിൽ നിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

(ഇ) പ്രസ്തുത ഉത്തരവ് പ്രകാരം Kappil sivan nada devaswom closing leakages to sivan nada, Krishnan nada and repairs to nalambalam എന്ന വർക്കിന് 4,71,000 രൂപയുടെ എസ്റ്റിമേറ്റ് അനുവദിച്ച് 30-3-2016-ൽ പണി പൂർത്തീകരിച്ചുവെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

### ക്ഷേത്രങ്ങളിലെ ആനകളുടെ ക്ഷേമത്തിനും പരിപാലനത്തിനും നടപടി

267 (6254) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് എന്നിവയ്ക്ക് കീഴിൽ ഉള്ള ക്ഷേത്രങ്ങളിൽ ആകെ എത്ര ആനകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഗുരുവായൂർ ദേവസ്വം ബോർഡിന് കീഴിൽ എത്ര ആനകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേത്രങ്ങളിലെ ആനകളുടെ ക്ഷേമത്തിനും പരിപാലനത്തിനും മതിയായ സൗകര്യങ്ങൾ ലഭ്യമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ; അതിന് എന്തെല്ലാം സൗകര്യങ്ങളാണ് ദേവസ്വം വകുപ്പിലുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 26 കൊമ്പനാനകളും 4 പിടിയാനകളും ഉൾപ്പെടെ നിലവിൽ 30 ആനകളുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ 1 പിടിയാനയടക്കം നിലവിൽ 10 ആനകളുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ നിലവിൽ അഞ്ച് ആനകൾ ഉണ്ട്.

(ബി)50 ആനകൾ

(സി) നാട്ടാനകളുടെ ക്ഷേമത്തിനും പരിപാലനത്തിനും ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള നാട്ടാന പരിപാലന നിയമത്തിലെ മാർഗ്ഗ നിർദ്ദേശങ്ങളും കാലാകാലങ്ങളിൽ വനം വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളും പാലിച്ചുകൊണ്ടാണ് ആനകളെ സംരക്ഷിച്ചുവരുന്നത്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശാന്തിക്കാർ**

268 (6255) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് എന്നിവക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശാന്തിക്കാർ ആകെ എത്രപേരുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേത്രങ്ങളുടെ പേരും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശാന്തിക്കാരുടെ പേരും പ്രത്യേകം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആകെ പതിനൊന്ന് ശാന്തിക്കാർ ജോലി നോക്കുന്നു. മലബാർ ദേവസ്വം ബോർഡിൽ ശാന്തി തസ്തിക അടക്കമുള്ള എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിക്കുന്നതിനുള്ള അംഗീകാരം നിയമത്തിലെ സെക്ഷൻ 48 പ്രകാരം അതാത് ക്ഷേത്ര ഭരണാധികാരികൾക്കാണ്. അതിനാൽ ക്ഷേത്ര ജീവനക്കാരുടെ പട്ടികയോ ജാതി തിരിച്ചുള്ള പട്ടികയോ മലബാർ ദേവസ്വം ബോർഡിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൊച്ചിൻ ദേവസ്വം ബോർഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ശാന്തിക്കാരനാണ് ജോലി ചെയ്തുവരുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശാന്തിക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

| | ശാന്തിക്കാരുടെ പേര് | ജോലി നോക്കി വരുന്ന ക്ഷേത്രങ്ങളുടെ പേരുവിവരം |
|---|---|---|
| 1 | ശ്രീ. പി. ആർ. യദുകൃഷ്ണൻ | മണപ്പുറം ദേവസ്വം |
| 2 | ശ്രീ. പി. എസ്. സുമേഷ് | നെല്ലിവിള ദേവസ്വം |
| 3 | ശ്രീ. എം. കെ. പ്രദീപ് കുമാർ | നാരായണമംഗലം ദേവസ്വം |
| 4 | ശ്രീ. പി. സി. മനോജ് | പിറക്കോട് ദേവസ്വം |
| 5 | ശ്രീ. ജി. ജീവൻ | തേവർമാനം ദേവസ്വം |
| 6 | ശ്രീ. എസ്. വിഷ്ണുദാസ് | കണ്ണമ്പള്ളിക്കാവ് ദേവസ്വം |
| 7 | ശ്രീ. എം. സുരേഷ് | കോവൂർ ഭരണിക്കാവ് ദേവസ്വം |
| 8 | ശ്രീ. എസ്. ശ്യാംകുമാർ | മാത്രൂർ ദേവസ്വം |
| 9 | ശ്രീ. ഡി. എസ്. വിഷ്ണു | കഴക്കൂട്ടം ദേവസ്വം |
| 10 | ശ്രീ. എം. എൽ. മഹേഷ് | പുതുകുന്ന് ദേവസ്വം |
| 11 | ശ്രീ. കെ. അജിൻ | അരുവിത്തറ ദേവസ്വം |

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ശ്രീ. ഉമേഷ്. കെ. യു. പൊഞ്ഞനം ദേവസ്വം കീഴേടം ഞാലിക്കുളം ക്ഷേത്രത്തിൽ ജോലി നോക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത 6023, 6216 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)